# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

തിരുവനന്തപുരം
ചിങ്ങം 1, 1173

ആഗസ്റ്റ് 17, 1997

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

### വാമനപുരം ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

## വാല്യം 13

### ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

## വാല്യം 14

### കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

## വാല്യം 15

### ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

## വാല്യം 16

### വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

## വാല്യം 17

### പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

## വാല്യം 18

### അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

## വാല്യം 19

### കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

## വാല്യം 20

### ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

## വാല്യം 21

### ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

## വാല്യം 22

### അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

## വാല്യം 23

### മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

## വാല്യം 24

### ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

## വാല്യം 25

### ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

## വാല്യം 26

### മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

## വാല്യം 27

### പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

| വാല്യം 57 |
|---|

**കാഞ്ഞിരപ്പള്ളി ബ്ലോക്ക്**

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

| വാല്യം 58 |
|---|

**അടിമാലി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

| വാല്യം 59 |
|---|

**ദേവികുളം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

| വാല്യം 60 |
|---|

**നെടുംകണ്ടം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

| വാല്യം 61 |
|---|

**ഇളംദേശം ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

| വാല്യം 62 |
|---|

**ഇടുക്കി ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

| വാല്യം 63 |
|---|

**കട്ടപ്പന ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

| വാല്യം 64 |
|---|

**തൊടുപുഴ ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

| വാല്യം 65 |
|---|

**അഴുത ബ്ലോക്ക്**

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

| വാല്യം 66 |
|---|

**പറവൂർ ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

| വാല്യം 67 |
|---|

**ആലങ്ങാട് ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

| വാല്യം 68 |
|---|

**അങ്കമാലി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

| വാല്യം 69 |
|---|

**കൂവപ്പടി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

| വാല്യം 70 |
|---|

**വാഴക്കുളം ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

| വാല്യം 71 |
|---|

**ഇടപ്പള്ളി ബ്ലോക്ക്**

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

## വാല്യം 72

### വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

## വാല്യം 73

### പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

## വാല്യം 74

### വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

## വാല്യം 75

### മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

## വാല്യം 76

### വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

## വാല്യം 77

### കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

## വാല്യം 78

### പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

## വാല്യം 79

### പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

## വാല്യം 80

### മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

## വാല്യം 81

### ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

## വാല്യം 82

### ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

## വാല്യം 83

### വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

## വാല്യം 84

### പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

### വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

### വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കില്ലന്നൂർ)
7. തോളൂർ

### വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

### വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

### വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

### വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

### വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മററത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

### വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

### വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

### വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

### വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

### വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

### വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

### വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

### വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്.

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊണ്ടൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക് .

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മൂട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

| വാല്യം 141 |
|---|

## തളിപ്പറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

| വാല്യം 142 |
|---|

## ഇരിക്കൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

| വാല്യം 143 |
|---|

## കണ്ണൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

| വാല്യം 144 |
|---|

## എടക്കാട് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

| വാല്യം 145 |
|---|

## തലശ്ശേരി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

| വാല്യം 146 |
|---|

## കൂത്തുപറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

| വാല്യം 147 |
|---|

## ഇരിട്ടി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

| വാല്യം 148 |
|---|

## പേരാവൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

| വാല്യം 149 |
|---|

## മഞ്ചേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എൻമകജേ
11. ബദിയടുക്ക

| വാല്യം 150 |
|---|

## കാസർഗോഡ് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

| വാല്യം 151 |
|---|

## കാഞ്ഞങ്ങാട് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

| വാല്യം 152 |
|---|

## നീലേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

### വാല്യം 153

**തിരുവനന്തപുരം ജില്ല**

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

### വാല്യം 154

**കൊല്ലം ജില്ല**

1. കൊല്ലം
2. പുനലൂർ
3. പരവൂർ

### വാല്യം 155

**പത്തനതിട്ട ജില്ല**

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

### വാല്യം 156

**ആലപ്പുഴ ജില്ല**

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

### വാല്യം 157

**കോട്ടയം ജില്ല**

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

### വാല്യം 158

**ഇടുക്കി ജില്ല**

1. തൊടുപുഴ

### വാല്യം 159

**എറണാകുളം ജില്ല**

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

### വാല്യം 160

**തൃശ്ശൂർ ജില്ല**

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

### വാല്യം 161

**പാലക്കാട് ജില്ല**

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

### വാല്യം 162

**മലപ്പുറം ജില്ല**

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

### വാല്യം 163

**കോഴിക്കോട് ജില്ല**

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

### വാല്യം 164

**വയനാട് ജില്ല**

1. കൽപ്പറ്റ

### വാല്യം 165

**കണ്ണൂർ ജില്ല**


1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

### വാല്യം 166

**കാസർഗോഡ് ജില്ല**

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ആവോലി ഗ്രാമ പഞ്ചായത്ത്




## വികസന റിപ്പോർട്ട്

# ഉള്ളടക്കം

## ഭാഗം 1

അദ്ധ്യായം I ആമുഖം

അദ്ധ്യായം II ചരിത്ര സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലം

അദ്ധ്യായം III ഭൂ പ്രകൃതിയും വിഭവങ്ങളും

## ഭാഗം 2

## വികസന മേഖലകൾ

അദ്ധ്യായം IV പ്രാഥമിക മേഖല

1) കൃഷിയും ജലസേചനവും
2) മൃഗസംരക്ഷണവും മത്സ്യം വളർത്തലും

അദ്ധ്യായം V ദ്വിതീയ മേഖല

3) വ്യവസായം
4) ഊർജവും ഗതാഗതവും

അദ്ധ്യായം VI തൃതീയ മേഖല

സേവനതുറകളും സേവന പ്രവർത്തനങ്ങളും

5) പാർപ്പിടവും സാമൂഹ്യക്ഷേമവും
6) കുടിവെള്ളവും പൊതുജനാരോഗ്യവും
7) വിദ്യാഭ്യാസം
8) സംസ്ക്കാരം
9) വനിത
10) സഹകരണ മേഖല
11) പട്ടികജാതി–പട്ടിക വർഗ്ഗക്ഷേമം
12) വിഭവ സമാഹരണം

# അനുബന്ധം

## പട്ടികകൾ

1 —ഭൂമി സംബന്ധിച്ച വിവരങ്ങൾ
2 —കൈവശ ഭൂമിയുടെ വിസ്തീർണ്ണം
3 —തെങ്ങ് കൃഷി സംബന്ധിച്ച വിവരം
4 —വിള വിസ്തീർണ്ണവും ഉൽപ്പാദനവും
5 —രാസവള-കീടനാശിനി വിപണനം
6 —നടപ്പു പദ്ധതികളുടെ അവലോകനം
7 —വളർത്തു മൃഗ സംഖ്യ
8 —വളർത്തു പക്ഷി സംഖ്യ
9 —കൃത്രിമ ബീജസങ്കലന വിവരങ്ങൾ
10 —വിവിധ സ്ഥാപനങ്ങളുടെ പേരും ഉൽപ്പന്നങ്ങളും
11 —P.W.D. റോഡുകൾ
12 —പഞ്ചായത്ത് ടാർ റോഡുകൾ
13 —പഞ്ചായത്ത് മൺ വഴികൾ
14 —പഞ്ചായത്തിൽ നിലവിലുള്ള കടത്തുകൾ
15 —ഭവനങ്ങളെ സംബന്ധിച്ച വിവരം
16 —വിവിധ പെൻഷനുകൾ
17 —I.R.D.P. (1992) സർവെ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ
18 —C.ss for SF/MF പരിപാടി അനുസരിച്ച് ആസ്തികളുടെ വിവരം (1985–95)
19 —ഗർഭിണികളുടെ പ്രായ അടിസ്ഥാനത്തിലുള്ള വിവരം
20 —രോഗ ബാധിതരുടെ സ്ഥിതി വിവര കണക്കുകൾ
21 —വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം
22 —സ്ക്കൂളിന്റെ പൊതു വിവരം
23 —കുട്ടികളെ സംബന്ധിക്കുന്ന വിവരം
24 —സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വിവരം
25 —ചെലവ് സംബന്ധിച്ച വിവരങ്ങൾ
26 —പഞ്ചായത്തിലെ ഗ്രന്ഥശാലകളും വായനശാലകളും
27 —കുട്ടികളുടെ ആൺ-പെൺ തിരിച്ചുള്ള പഠന നിലവാരം
28 —വിവിധ മേഖലകളിൽ ജോലി എടുക്കുന്ന സ്ത്രീയും പുരുഷനും
29 —പട്ടിക ജാതി പട്ടിക വർഗ്ഗ കോളനി
30 —വിദ്യാഭ്യാസ നിലവാരം

# ആവോലി ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



ശ്രീ. ജോർഡി പൈലി
പ്രസിഡൻറ്



ശ്രീ. സാജു ജോസഫ്
വൈസ് പ്രസിഡൻറ്



ശ്രീ. എ. കെ. സോമന
സ്റ്റാൻറിംഗ് കമ്മററി ചെയർമാ



ശ്രീ. കെ. പി. പരീത്
വാർഡ് II



ശ്രീ. കെ. എം. പരീത്
വാർഡ് IV



ശ്രീ. പി. എസ്. സെയ്നുദീന
വാർഡ് III



ശ്രീമതി. മേരി ബേബി




ശ്രീമതി. തങ്കമ്മ ജോസഫ്




ശ്രീമതി [illegible]



ശ്രീ. എൻ. ജെ. ജോർജ്ജ്
ജില്ലാ പഞ്ചായത്ത് മെമ്പർ




ശ്രീ. ഒ. എം. ജോർജ്ജ്
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ



പഞ്ചായത്തിലെ വോട്ടർമാരെ ഇൻഷ്വറൻസ് ചെയ്തുകൊണ്ടുള്ള ചെക്ക് പ്രസിഡൻറ് ശ്രീ. ജോർഡി പൈലി കൈമാറുന്നു. വൈസ് പ്രസിഡൻറ് ശ്രീ. സാജു ജോസഫ് സ്റ്റാൻറിംഗ് കമ്മററി ചെയർമാൻ ശ്രീ. എ. കെ. സോമൻ മെമ്പർമാരായ ശ്രീ. കെ. പി. പരീത്, കെ. എം. പരീത്, പി. എസ്. സെയ്നുദീൻ, ശ്രീമതി. ഏലിക്കുട്ടി ജോസഫ്, മേരി ബേബി തുടങ്ങിയവർ സമീപം.

## ആവോലി ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ.

| | | |
|---|---|---|
| 1. | ശ്രീമതി. കെ. കെ. ശോഭനാകുമാരി | : സെക്രട്ടറി |
| 2. | ശ്രീ. പി. സി. ജോർജ്ജ് | : ഹെഡ് ക്ലാർക്ക് |
| 3. | ശ്രീ. കെ. എം. സലിം | : യു. ഡി. ക്ലാർക്ക് |
| 4. | ശ്രീ. പി. പി. രാജൻ | : എൽ. ഡി. ക്ലാർക്ക് |
| 5. | ശ്രീമതി. പി. പുഷ്പ | : എൽ. ഡി. ക്ലാർക്ക് |
| 6. | ,, സാറാമ്മ ജോയി | : പ്യൂൺ |
| 7. | ,, അനീസ് മാത്യു | : പാർട്ട്ടൈം ലൈബ്രേറിയൻ |
| 8. | ,, എം. കെ. സോണി | : പാർട്ട്ടൈം സ്വീപ്പർ |


ആവോലി ഗ്രാമ പഞ്ചായത്ത് ഭൂപടം
വിസ്തീർണ്ണം 18.6 ച.കി.മീ.
മൂവാറ്റുപുഴ
രണ്ടാർ - അടുപ്പറമ്പ്
കിഴക്കേക്കര II
മൂവാറ്റുപുഴ I
ആനിക്കാട് നോർത്ത് IV
ആനിക്കാട് സൗത്ത് V
ആയവന
ആവോലി VI
മഞ്ഞള്ളൂർ
കാവന വെസ്റ്റ് VIII
കാവന ഈസ്റ്റ് IX
നടുക്കര
ആരക്കുഴ

# ആവോലി ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട്

## ആമുഖം

ഒരു രാഷ്ട്രത്തിന്റെ ആത്മാവ് കുടിയിരിക്കുന്നത് ഗ്രാമങ്ങളിലാണ് എന്ന നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ വാക്കുകൾ കേരളത്തിന്റെ 9-ാം പദ്ധതി ജനകീയ പങ്കാളിത്വത്തോടുകൂടി രൂപപ്പെടുത്തുന്നതിലൂടെ സാർത്ഥകമാവുകയാണ്. ഒരു പ്രദേശത്തിന്റെ വികസനം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരത്തിലുള്ള ഉയർച്ചയാണ്. അത് അവരുടെ സാമൂഹ്യ സാമ്പത്തിക – സാംസ്കാരിക വളർച്ചയിൽ അധിഷ്ഠിതവുമാണ്. കാർഷിക വ്യാവസായിക സേവന തുറകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായാൽ മാത്രമേ സാമ്പത്തികമായിട്ടുള്ള ഉയർച്ചയും സമ്പത്തിന്റെ നീതി പൂർവ്വകമായിട്ടുള്ള വിതരണവും സാദ്ധ്യമാക്കുവാൻ കഴിയൂ. ഈ അവസരത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തിയേറുന്നത്.

ഇന്ന് ആഗോള തലത്തിൽ തന്നെ അനുഭവപ്പെട്ടു വരുന്ന വിഭവദാരിദ്ര്യത്തെ മറികടക്കുവാനും ലഭ്യമായിട്ടുള്ള വിഭവങ്ങൾ ഏററവും കൂടുതൽ ജനങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്കരീതിയിൽ കാര്യക്ഷമതയോടെ വിനിയോഗിക്കുവാനും, അതിന്റെ ലഭ്യതയെക്കുറിച്ച് മനസ്സിലാക്കുവാനും, എപ്പോൾ, എവിടെ എങ്ങിനെ ലഭിക്കുമെന്ന് കണക്കാക്കുവാനും നീതി പൂർവ്വകമായി അവ വിതരണം ചെയ്യുവാനും ജനകീയാസൂത്രണത്തിനേ കഴിയൂ. പ്രാദേശികാവശ്യങ്ങൾ നിരവധിയാണ്. ഈ ആവശ്യങ്ങൾ നിറവേററണമെങ്കിൽ പ്രാദേശികമായി ലഭ്യമായിട്ടുള്ള വിഭവങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും ആവശ്യങ്ങൾക്ക് മുൻഗണന നിശ്ചയിക്കുകയും പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യേണ്ടതാണ്. ഇവിടെയാണ് അധികാര വികേന്ദ്രീകരണത്തിന്റെ പ്രസക്തി നിലകൊള്ളുന്നത്.

ഇന്ന് നമ്മുടെ നാട്ടിൽ വികസന പ്രവർത്തനങ്ങൾ കേന്ദ്രീകൃത ആസൂത്രണ പദ്ധതികളിൽക്കൂടിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ കേന്ദ്രീകൃത ആസൂത്രണത്തിനും പ്രാദേശികമായ സ്വഭാവങ്ങളോ, വിഭവങ്ങളുടെ ലഭ്യതയോ, ആവശ്യങ്ങളുടെ പ്രാധാന്യമോ, പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പോ അതിന്റെ വിലയിരുത്തലോ ഒന്നും തന്നെ വേണ്ടും വണ്ണം നടക്കുന്നതായി കാണുന്നില്ല. പദ്ധതികളുടെ ലക്ഷ്യ പ്രാപ്തിയില്ലായ്മയും മുൻഗണന ക്രമമില്ലാത്ത നടപ്പാക്കലും കാലതാമസവും ദുർവ്യയവും ഉത്തരവാദിത്വമില്ലായ്മയും വളരെയേറെ ഉള്ളതായി മനസ്സിലാക്കുന്നു. ഈ കേന്ദ്രീകരണ സ്വഭാവത്തിൽ പദ്ധതികൾ തയ്യാറാക്കുന്നവരും അതിന്റെ ഗുണഭോക്താക്കളും തമ്മിൽ യാതൊരും ബന്ധവും ഇല്ല. ഇന്ന് നിലവിലുള്ള പഞ്ചവത്സര പദ്ധതികൾകൊണ്ട് പ്രയോജനം ലഭിച്ചിട്ടുണ്ടെങ്കിലും ജനങ്ങൾ തന്നെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി അതിന്റെ പ്രവർത്തനം വിലയിരുത്തിയിരുന്നുവെങ്കിൽ ഇപ്പോൾ ഉള്ളതിന്റെ എത്രയോ ഇരട്ടി പുരോഗതി ഉണ്ടാക്കുവാനും അനുഭവിക്കുവാനും കഴിയുമായിരുന്നു! ഇന്ന് ഒരു രൂപ കേന്ദ്ര ഗവൺമെൻറ് ചെലവഴിക്കുമ്പോൾ അതിൽ 15 പൈസയും, സംസ്ഥാന ഗവൺമെൻറ് ചെലവഴിക്കുമ്പോൾ 35 പൈസയുടെയും പ്രയോജനം മാത്രമേ സാധാരണ ജനങ്ങളിലേക്ക് എത്തുന്നുള്ളൂ. ജനപങ്കാളിത്തം ഇല്ലാത്തതാണ് ഇതിനു മുഖ്യകാരണം. വിവിധ വകുപ്പുകൾ തമ്മിലുള്ള പരസ്പര ബന്ധമില്ലാത്ത പ്രവർത്തനവും വിഭവ ലഭ്യത മനസ്സിലാക്കാതെയുള്ള പദ്ധതി രൂപീകരണവും അഴിമതിയും, ഔപചാരികതയും എല്ലാം പൂർത്തീകരിക്കാത്ത പദ്ധതികളുടെ എണ്ണം നാൾക്കുനാൾ കൂടുവാൻ ഇടയാക്കി. ഈ പ്രശ്നങ്ങളുടെയെല്ലാം പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. അതിന് വികേന്ദ്രീകരണ

ആസൂത്രണം ആവശ്യമാണ്. ഈ വികേന്ദ്രീകരണ ആസൂത്രണം ജനകീയാസൂത്രണ പ്രസ്ഥാനമായി സംസ്ഥാന സർക്കാരും ആസൂത്രണബോർഡും തീരുമാനിച്ചതിൻെറ ഫലമായിട്ടാണ് 'ഒൻപതാം പദ്ധതി ജനകീയ പദ്ധതി' എന്ന മുദ്രാവാക്യമുദിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തെ ആസൂത്രണ പ്രക്രിയയിൽ പുത്തൻ യുഗമാണ് ജനകീയാസൂത്രണത്തിലൂടെ കൈവന്നിരിക്കുന്നത്. 1997 ഏപ്രിൽ 1 ന് ആരംഭിക്കുന്ന 9-ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ ത്രിതലതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി 35-40% തുക ലഭിക്കുമെന്നതായറിയുന്നു. ഇത് ഏകദേശം 5000 കോടി രൂപയോള വരും എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതുവരെ ലഭിക്കാതെയിരുന്ന ഇത്രയും വലിയ തുക ഫലപ്രദമായി ജനനന്മക്കായി വിനിയോഗിക്കണമെങ്കിൽ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണത്തിലൂടെ മാത്രമേ കഴിയൂ ! ജനകീയാസൂത്രണത്തിൽ താഴെത്തട്ടിലെ ഗ്രാമപ്രദേശങ്ങളിലുള്ള ജനങ്ങൾ തന്നെ യോഗങ്ങൾ ചേർന്ന് അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി മുൻഗനണ നിശ്ചയിച്ച് പദ്ധതികൾ തയ്യാറാക്കി, നടപ്പാക്കി അതിന് മേൽനോട്ടം വഹിച്ച് നേട്ടകോട്ടങ്ങൾ വിലയിരുത്തി ഫലപ്രാപ്തിയിൽ എത്തിക്കുന്ന മഹത്തായ ജനകീയ പ്രസ്ഥാനമാണ് ജനകീയാസൂത്രണം.

ഇങ്ങനെ ജനകീയ പങ്കാളിത്തവും സഹകരണവും സംഘടിപ്പിക്കുന്നതിലൂടെ നമ്മുടെ ചിരകാല സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെട്ടവാൻ പോവുകയാണ്. ഈ സംരംഭത്തിൽ ആവോലി പഞ്ചായത്തിലെ ജനങ്ങളാകമാനവും ആഹ്ലാദചിത്തരും ആവേശഭരിതരുമാണ്.

## ജനകീയാസൂത്രണം-പഞ്ചായത്തു തല പ്രവർത്തനങ്ങൾ:

ജനകീയാസൂത്രണ പ്രവത്തനങ്ങളുടെ ജില്ലാതലപരിശീലനത്തിൽ ഈ ഗ്രാമ പഞ്ചായത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 7 പേർ പങ്കെടുത്തിരുന്നു. അവർ യഥാക്രമം ശ്രീ. സാജു ജോസഫ്, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസി., ശ്രീ. സി. എസ്സ്. നാരായണൻ നായർ ചൂരക്കാട്ട്, ശ്രീ. എം. കെ. മോഹനൻ മുതുകാട്ട്, ശ്രീ. എം. ജെ. ഫ്രാൻസീസ് മണ്ഡപത്തിൽ, ശ്രീ. തോമസ് വർഗ്ഗീസ് പുൽപ്പറമ്പിൽ ശ്രീ. എം. സി. രാജീവ്മാടപുറത്ത്, ശ്രീ ജോസഫ് പൊരുന്നേടത്ത് എന്നിവരാണ്. തുടർന്ന് ഗ്രാമ പഞ്ചായത്തു തലത്തിൽ 9 വാർഡുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 45 പേരെ പങ്കെടുപ്പിച്ചുകൊണ്ട് സെപ്ററംബർ 15-ാം തീയതി ഗ്രാമ പഞ്ചായത്തു തലത്തിൽ ഏകദിന പരിശീലന ക്യാമ്പ് നടത്തി. സെപ്ററംബർ മാസം 21 മുതൽ ഒക്ടോബർ മാസം 2 വരെ 9 വാർഡുകളിലും വിശേഷാൽ ഗ്രാമസഭാ യോഗങ്ങൾ നടന്നു.

## ഗ്രാമ സഭായോഗങ്ങളിലെ പങ്കാളിത്തം:

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| I | 63 | 30 | 93 |
| II | 82 | 12 | 94 |
| III | 55 | 9 | 64 |
| IV | 73 | 3 | 76 |
| V | 70 | 27 | 97 |
| VI | 75 | 7 | 82 |
| VII | 120 | 26 | 146 |
| VIII | 70 | 21 | 91 |
| IX | 72 | 44 | 116 |
| ആകെ | 680 | 179 | 859 |

രണ്ടാംഘട്ട ഗ്രാമ പഞ്ചായത്തുതല പരിശീലനം നവംബർ 2–ാം തീയതി ആവോലി സർവ്വീസ് സഹകരണ ബാങ്ക് ഓഡിറേറാറിയത്തിൽവച്ച് നടന്നു. പ്രസ്തുത പരിശീലനത്തിൽ 90 പേർ പങ്കെടുത്തു. വിവിധ സ്ഥാപനങ്ങളിൽ നിന്നും ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ഓരോ വിഭാഗത്തിനുംവേണ്ടി പ്രത്യേക സംഘങ്ങളെ ചുമതലപ്പെടുത്തി. നവംബർ 7–ാം തീയതി വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ യോഗം ചേർന്ന് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പദ്ധതി പ്രവർത്തനങ്ങളെപ്പററി ചർച്ച നടത്തി 13–ാംനു പഠനപര്യടനം നടത്തി. തുടർന്ന് നവംബർ 15–ാം തീയതി ഗ്രാമസഭ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടന്നു. നവംബർ മാസം 18–ാം തീയതി മുതൽ ഡിസംബർ 3–ാം തീയതി വരെ തെരഞ്ഞെടുക്കപ്പെട്ട ഒരു വിദഗ്ധ സമിതി തുടർച്ചയായി ദിവസവും സമ്മേളിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തു തലത്തിൽ ക്രോഡീകരിച്ച ഗ്രാമസഭ റിപ്പോർട്ട് സമഗ്രമായി ചർച്ച് ചെയ്ത് വികസന സെമിനാറിലേയ്ക്കുള്ള റിപ്പോർട്ട് തയ്യാറാക്കി.


## പൊതുവിവരണവും ഭരണപരമായ ചരിത്രവും:

| | | |
|---|---|---|
| ഗ്രാമ പഞ്ചായത്തിൻെറ പേര് | — | ആവോലി ഗ്രാമ പഞ്ചായത്ത് |
| മേൽവിലാസം | — | ആവോലി പി. ഒ.<br>എറണാകുളം ജില്ല<br>പിൻ - 686 677<br>ഫോൺ 0485 - 260243 |
| റവന്യൂ വില്ലേജിൻെറ പേര് | — | മൂവാററുപുഴ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | മൂവാററുപുഴ ബ്ലോക്ക്<br>പഞ്ചായത്ത് ആവോലി ഡിവിഷൻ |
| താലൂക്ക് | — | മൂവാററുപുഴ |
| ജില്ല | — | എറണാകുളം |
| അസംബ്ലിമണ്ഡലം | — | മൂവാററപുഴ |
| വിസ്തീർണ്ണം | — | 18.6 ച. കി. മീ |
| ജനസംഖ്യ | — | 15566 (1991 സെൻസസ്) |
| വാർഡുകളുടെ എണ്ണം | — | 9 |
| പ്രസിഡൻറ് | — | ശ്രീ. ജോർഡി പൈലി<br>ചക്കാലക്കുടിയിൽ<br>ആവോലി |
| വൈസ് പ്രസിഡൻറ് | — | സാജു ജോസഫ്<br>നടുത്തോട്ടത്തിൽ<br>മൂവാററുപുഴ |

### ഈ ഗ്രാമ പഞ്ചായത്തിൻെറ അതിരുകൾ

**വടക്ക്** കോതമംഗലം കാളിയാർ നദികൾ സംഗമിച്ചൊഴുകുന്നതിനു പുറമെ ആയവന പഞ്ചായത്തും, **തെക്ക്** തൊടുപുഴയാറും, **കിഴക്ക്** മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്തും, **പടിഞ്ഞാറ്** മൂവാററുപുഴ മുനിസിപ്പാലിററിയുമാണ്.

# ആവോലി ഗ്രാമ പഞ്ചായത്തിൻെറ ഭൂപടം



## ഈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഓഫീസുകൾ

1. മൂവാററുപുഴ വില്ലേജ് ആഫീസ്, ആവോലി
2. ആവോലി കൃഷിഭവൻ, ആനിക്കാട്
3. ആവോലി പ്രാഥമികാരോഗ്യകേന്ദ്രം, ആനിക്കാട്
4. ഹോമിയോ ഡിസ്പെൻസറി, ആവോലി
5. ആയുർവ്വേദ ഡിസ്പെൻസറി, കാവന
6. പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ സബ്ബ് സെൻററുകൾ
   (1) ആവോലി (2) കാവന
7. സർക്കാർ മൃഗാശുപത്രി, ആനിക്കാട്
8. ഐ. സി. ഡി. പി. സബ്ബ് സെൻറർ, ആനിക്കാട്
9. തപാലാപ്പീസ്
   (1) ആവോലി (2) രണ്ടാർ (3) നിർമ്മല പി. ഒ.
10. ധനകാര്യസ്ഥാപനങ്ങൾ
    (1) ഭാരതീയ സ്റേററ് ബാങ്ക്, ആവോലി
    (2) ഭാരതീയ സ്റേററ് ബാങ്ക് എക്സ്ററൻഷൻ കൗണ്ടർ നിർമ്മല കോളേജ് മൂവാററുപുഴ
11. സഹകരണ സംഘങ്ങൾ
    (1) ആനിക്കാട് സർവീസ് സഹകരണ ബാങ്ക് ലി. ന. 1550, ആനിക്കാട്
    (2) ആവോലി സർവീസ് സഹകരണ ബാങ്ക് ലി. നമ്പർ 2950, ആവോലി
    (3) ആവോലി ക്ഷീരോല്പാദക സഹകരണ സംഘം ലി. നമ്പർ. ഇ. 198D
    (4) രണ്ടാർ ക്ഷീരോല്പാദക സഹകരണസംഘം ലി. നമ്പർ
    (5) മൂവാററുപുഴ താലൂക്ക് ഇൻഡസ്ട്രിയൽ പ്രിൻറിംഗ് കോ–ഓപ്പറേററീവ് സൊസൈററി ലി. നമ്പർ 1883, അടൂപ്പറമ്പ്

### ഭരണചരിത്രം:

1953 ലാണ് ഈ പഞ്ചായത്ത് രൂപം കൊണ്ടത്. അന്ന് മൂവാററുപുഴ വില്ലേജ് മുഴുവൻ ഈ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നു. 1958 – ൽ മൂവാററുപുഴ മുനിസിപ്പാലിററി രൂപീകൃതമായപ്പോൾ പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽപ്പെട്ട രണ്ട് വാർഡുകൾ മുനിസിപ്പാലിററിയുടെ ഭാഗമായിത്തീൻ. 1953 ഓഗസ്റ്റ് മാസം 15–ാം തീയതി പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള ആദ്യത്തെ യോഗം നടന്നു. ശ്രീ. കെ. വി. ഇമ്മാനുവൽ കറുപ്പാമഠം ഈ പഞ്ചായത്തിൻെറ ആദ്യ പ്രസിഡൻറായി. പഞ്ചായത്തു രൂപീകൃതമാകുന്നതിനുമുമ്പ് ആവോലി ഗ്രാമോദ്ധാരണ സമിതി എന്ന പേരിൽ ഇവിടെ ഒരു ഭരണസമ്പ്രദായം നിലവിലുണ്ടായിരുന്നു. ബഹുമാന്യനായ ശ്രീ. ജോസഫ് എം. ഓലിയ്ക്കലായിരുന്നു ഈ സമിതിയുടെ പ്രസിഡൻറ്. മൂവാററുപുഴ പകുതി പൂർണ്ണമായും ഈ സമിതിയുടെ പ്രവർത്തന പരിധിയിലായിരുന്നു. ഈ പഞ്ചായത്ത് ഭരണ സമിതിയിലെ ആദ്യ അംഗങ്ങൾ താഴെപ്പറയുന്നവരാണ്

ശ്രീ. കെ. വി. ഇമ്മാനുവൽ പ്രസിഡൻറ് വൈസ് പ്രസിഡൻറ് ശ്രീ. കെ. വി. എബ്രാഹം കല്ലറക്കൽ, ശ്രീ. മാണി വർഗ്ഗീസ് കറുപ്പാമഠം, ശ്രീ. കുര്യാക്കോസ് മത്തായി കറുപ്പാമഠം, ശ്രീ. വി. ജെ. ജോൺ വട്ടപ്പറമ്പിൽ. ശ്രീ. ടി. എം. ബാവ തോട്ടത്തി കടിയിൽ, ശ്രീ. പി. എ. കേളൻ മേട്ടാംകുന്നേൽ. ഈ ഭരണസമിതി 1958 വരെ അധികാരത്തിലിരുന്നു. 1958 മുതൽ 63 വരെയും, പിന്നീട് 17 വർഷവും പഞ്ചായത്തിൻെറ പ്രസിഡൻറായിരുന്നത് ശ്രീ. കെ. വി. എബ്രാഹം കല്ലറയ്ക്കൽ ആണ്. 1980 മുതൽ 87 വരെ ശ്രീ. കെ പി. വക്കി കണിമററവും 1987 മുതൽ 95 സെപ്തംബർ 30 വരെ ശ്രീ. കെ. എം. പരീതുമായിരുന്നു മുൻകാല ഭരണസമിതിയുടെ പ്രസിഡൻറുമാർ.

അദ്ധ്യായം-2

# സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ഏതു പ്രദേശത്തിൻെറയും ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം നദീതീരങ്ങളിലാണ് കുടികൊള്ളുന്നത്. നമ്മുടെ പഞ്ചായത്തും അതിൽ നിന്നും ഭിന്നമല്ല. തൊടുപുഴയാറും കോതമംഗലം നദിയും കാളിയാർ പുഴയും സംഗമിച്ചൊഴുകുന്ന പ്രദേശമാണ് മൂവാററുപുഴ. മൂവാററുപുഴ വില്ലേജിൻെറ 90% ഭൂപ്രദേശവും ഈ പഞ്ചായത്തിലാണ്. ഇരുവശവും നദികളാൽ ചുററപ്പെട്ട ഇവിടം ചരിത്രപരമായും സാംസ്ക്കാരികപരമായും ഉന്നതനിലവാരം പുലർത്തുന്നു. ഹിന്ദു ക്രിസ്ത്യൻ–മുസ്ലീം മതത്തിൽ പെട്ടവർ ഇവിടെ ഏകോദര സഹോദരങ്ങളായി കഴിഞ്ഞുപോരുന്നു. ക്ഷേത്രങ്ങളിൽ നിന്നുയരുന്ന മണിനാദവും, ദേവാലയങ്ങളിൽ നിന്നുയരുന്ന ഭക്തിഗീതങ്ങളും പള്ളികളിൽനിന്നുയരുന്ന ബാങ്ക്വിളികളും കേട്ടുണരുന്നവരാണിവിടുത്തെ ജനങ്ങൾ.

## സ്ഥലനാമം:

ആവോലി പഞ്ചായത്ത് 6 കരകൾ ചേർന്ന ഒരു ഭൂപ്രദേശമാണ്. ഇവ യഥാക്രമം മൂവാററുപുഴ, രണ്ടാർകര, ആനിക്കാട്, ആവോലി, നടുക്കര, കാവന എന്നിവയാണ്. മൂന്ന് ആറുകളുടെ സംഗമസ്ഥാനം എന്നതാണ് മുവാററുപുഴ എന്ന സ്ഥലനാമത്തിന് ആധാരം. രണ്ട് ആറുകളുടെ കരപ്രദേശമായതിനാൽ രണ്ടാർകര എന്ന കരനാമമുണ്ടായി. ആനിക്കാട് ആനി (ആഞ്ഞിലി) വൃക്ഷങ്ങളുടെ നാട്. ഓലി അഥവാ നീരൊഴുക്ക് എന്ന പദത്തിൽ നിന്നാണ് ആവോലി എന്ന കരനാമം ഉത്ഭവിച്ചത്. മൂന്നുവശവും തൊടുപുഴയാറിനാൽ ചുററപ്പെട്ട കര നടുക്കര. കാവും അതോടനുബന്ധിച്ച് മനയേയും ബന്ധപ്പെടുത്തിയാണ് കാവനയെന്ന സ്ഥലനാമം ഉണ്ടായതെന്ന് പറയപ്പെടുന്നു.

## ദേശീയപ്രസ്ഥാനം:

ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട് പുകയിലവിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ വിദേശ വസ്ത്ര ബഹിഷ്ക്കരണം രാജവാഴ്ചയ്ക്കെതിരായ ഏതാനും ഒററപ്പെട്ട പ്രക്ഷോഭങ്ങൾ, അയിത്തോച്ചാടന പ്രസ്ഥാനം, ഹിന്ദിപ്രചാരണപ്രസ്ഥാനം എന്നിവ നടന്നിട്ടുണ്ട്. കൂടാതെ ക്ഷേത്രങ്ങളിൽ അക്കാലത്ത് നിലനിന്നിരുന്ന മൃഗബലി തുടങ്ങിയ ദുരാചാരങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇവിടെ നടന്നിട്ടുണ്ട്.

## ട്രേഡ് യൂണിയനുകളുടേയും, കർഷകസംഘങ്ങളുടേയും രൂപീകരണം:

ജന്മിത്വത്തിനും, പാട്ടത്തിനും, വാരത്തിനുമെതിരായ പ്രക്ഷോഭങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. കേരള കർഷക സംഘത്തിൻെറ നേതൃത്വത്തിൽ നടന്നിട്ടുള്ള ഈ പ്രക്ഷോഭ സമരങ്ങളിൽ പാട്ടക്കാരും, വാരക്കാരും, കുടികിടപ്പുകാരുമായ കർഷകരും, കർഷകത്തൊഴിലാളികളും പങ്കെടുത്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ ഭൂരിപക്ഷ ഭൂപ്രദേശങ്ങൾ ജന്മിമാരുടേയും, ദേവസ്വങ്ങളുടേയും വകയായിരുന്നു. കരിങ്ങമ്പിള്ളി സ്വരൂപം, കോന്നശ്ശേരിമന, തിരുവംപ്ലാവിൽദേവസ്വം, മടപ്പുറം ദേവസ്വം എന്നിവയായിരുന്നു മേല്പറഞ്ഞ ഭൂവുടമകൾ. ഇന്ന് ഈ ഭൂമികളെല്ലാം തന്നെ കൈവശക്കാരുടേയും കൃഷിക്കാരുടേയും, പാട്ടക്കാരുടേയും ഉടമസ്ഥതയിലായിട്ടുണ്ട്.

## വിദ്യാഭ്യാസം:

ആദ്യകാലത്ത് ഈ പഞ്ചായത്തിൽ രണ്ട് എൽ. പി. സ്ക്കൂരം മാത്രമാണ് ഉണ്ടായിരുന്നത്. വിദ്യാഭ്യാസ രംഗത്ത് ഈ പഞ്ചായത്തിന് പ്രശസ്തമായ വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 1952_ൽ സ്ഥാപിക്കപ്പെട്ട നിർമ്മലകോളേജ് സ്ഥിതിചെയ്യുന്നത് ഈ പഞ്ചായത്തിലാണ്. ബിരുദവും ബിരുദാനന്തര കോഴ്സുകളും ഇവിടെ നടത്തപ്പെടുന്നു. കൂടാതെ 4 എൽ. പി. സ്ക്കൂളുകളും, 3 യു. പി. സ്ക്കൂളുകളും, 2 ഹൈസ്ക്കൂളുകളും 2 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഒരു B. Ed. കോളേജും ഉരംപ്പെടെ ഇപ്പോരം ഈ പഞ്ചായത്തിൽ ഉണ്ട്. ബുദ്ധി വൈകല്യം സംഭവിച്ച കുട്ടികളുടെ പരിശീലന സ്ക്കൂളും നടത്തുന്നുണ്ട്.

## ആരോഗ്യം:

നാട്ടുവൈദ്യൻമാരിൽ തുടങ്ങിയ ചികിൽസാ സമ്പ്രദായം ഇന്ന് വിവിധ ചികിത്സാസമ്പ്രദായങ്ങളായ അലോപ്പതി, ആയൂർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. പ്രസവം ഉരംപ്പെടെയുള്ള ചികിത്സാ സമ്പ്രദായം ആദ്യകാലത്ത് നാട്ടുചികിത്സാ രീതി അനുസരിച്ചാണ് ഇവിടെ നടന്നിരുന്നത്. ഇന്ന് എല്ലാ ചികിത്സയും ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാകുന്നുണ്ട് എങ്കിൽപ്പോലും അത് ഫലപ്രദമല്ല.

## വസ്ത്രം:

ഒററ മുണ്ടിലും തോർത്തിലും തുടങ്ങി വസ്ത്രധാരണം ഇന്ന് ആധുനിക പാശ്ചാത്യ രീതിയിലെത്തിയിരിക്കുന്നു. പുരുഷൻമാരിൽ ഈ രീതി ഇപ്പോരം പാൻറ്സ്, ഷർട്ട് ജീൻസ്_ഷർട്ട് എന്നിവയിലേയ്ക്കും സ്ത്രീകളിൽ ചുരിദാറും, സൽവാറും, കമ്മീസും എന്നിവയിലേയ്ക്കും മാറിയിട്ടുണ്ട്. മുൻപ് വസ്ത്രധാരണ രീതിയിൽ നിന്ന് ജാതിയും ജീവിത രീതിയും ജീവിത സാഹചര്യങ്ങളും വെളിപ്പെടുമായിരുന്നെങ്കിൽ ഇന്ന് സ്ത്രീ പുരുഷ വ്യത്യാസംപോലും തിരിച്ചറിയാൻ വയ്യാത്ത അവസ്ഥയിലേയ്ക്ക് മാറിയിരിക്കുന്നു. പാശ്ചാത്യ ശൈലിയുടെ അനുകരണം മൂലം കേരളീയ വസ്ത്രധാരണ ശൈലി ഗ്രാമപ്രദേശങ്ങളിൽ പോലും അപ്രത്യക്ഷമായിട്ടുണ്ട്. നമ്മുടെ അഴകാർന്ന ഷർട്ടും മുണ്ടും സ്ത്രീകരം ഉപയോഗിച്ചിരുന്ന മുണ്ടും നേരിയതുമെല്ലാം ഓണനാളുകളിലും കേരളപ്പിറവി ദിനത്തിലും മാത്രം കാണപ്പെടുന്ന സ്ഥിതിയിലേയ്ക്ക് മാറിയിട്ടുണ്ട്. കുറഞ്ഞൊരിടക്കാലത്ത് ആളുകളിൽ ഉണ്ടായിരുന്ന പോളിയസ്ററർ ഭ്രമം ഏതാണ്ട് അവസാനിച്ച് കുറച്ച് ആളുകളെങ്കിലും കൈത്തറി വസ്ത്രത്തെ ആകർഷിച്ചുതുടങ്ങിയിട്ടുള്ളതായി കാണാം. നമ്മുടെ ഒരു പരമ്പരാഗത വ്യവസായമായ കൈത്തറിയുടെ ഭാവിയിൽ ഒരു നേരിയ പ്രതീക്ഷയ്ക്ക്വക ഇതിലൂടെ നൽകുന്നുണ്ട്. ഇതെല്ലാം പരിശോധിക്കുമ്പോരം നമ്മുടെ വസ്ത്രത്തിൻെറ ഉപഭോഗം ഇൻഡ്യൻ ശരാശരിക്ക് മുകളിലാണെന്ന് കാണാൻ കഴിയും. വസ്ത്രത്തിൻെറ മാത്രമല്ല ശുചിത്വത്തിൻെറ കാര്യത്തിലും ഇന്ന് ഗ്രാമീണജനത വളരെ മുന്നിലാണ്. ഗ്രാമീണ വാണിജ്യ സ്ഥാപനങ്ങളിൽ വിററഴിയുന്ന അലക്കുസോപ്പുകളുടേയും, കുളിസോപ്പുകളുടേയും ഉയർന്ന ഡിമാൻറ് അതാണ് സൂചിപ്പിക്കുന്നത്. ഒരുകാലത്ത് പല്ല് തേയ്ക്കാൻ ഉപയോഗിച്ചിരുന്നത് ഉമിക്കരിയും മാവിലയും മാത്രമായിരുന്നെങ്കിൽ ഇന്ന് പേസ്ററ് ഉപയോഗിക്കാത്ത കുടുംബങ്ങരം വളരെ അപൂർവ്വമായിരിക്കുന്നു. മാവിലയും ഉമിക്കരിയും നാട്ടിൽ കിട്ടാതില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ ഉമിക്കരി പായ്ക്കററുകളിലായി കടകളിൽ വില്പനയ്ക്കെത്തുന്നതായും കണ്ടുവരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് ഗ്രാമീണ ജനതയുടെ ജീവിതത്തിൽ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന പ്രതിഭാസങ്ങളെയാണ്.

## പാർപ്പിടം:

ഓലക്കുടിലുകളിലും പുൽമാടങ്ങളിലും ഒതുങ്ങിയിരുന്ന പഞ്ചായത്തിലെ പാർപ്പിടസൗകര്യങ്ങൾ ഇന്ന് കോൺക്രീററ് ബഹുനില സൗധങ്ങളിലേക്ക് ഉയർന്നിരിക്കുന്നു. ചാണകം മെഴുകിയ തറകളും, ഓലകൊണ്ട് തിരിച്ചിരുന്ന ഭിത്തികളും അപ്രത്യക്ഷമായി ആ സ്ഥാനത്ത് മാർബിൾ തറകളും, കൽഭിത്തികളും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഭവന സങ്കല്പത്തെപ്പററിയുള്ള അർത്ഥ വ്യാഖ്യാനം മാറിപോയിട്ടുണ്ട്. ഇങ്ങനെ കാണപ്പെടുന്ന മനോഹര രമ്യഹർമ്മ്യങ്ങളുടെ മതിൽകെട്ടുകളാകട്ടെ അതിമനോഹരമാക്കുന്നതിനുള്ളവെമ്പലിൽ വർണ്ണശിലകൾ പതിപ്പിച്ച് ലക്ഷങ്ങൾ പിന്നെയും ചെലവിടുന്നു. വീടിന്റെ പഴയ വേലിക്കെട്ടുകളോ മനോഹരമായ പച്ചിലച്ചെടികളോ ഇന്ന് കാണുവാനില്ല. ഇത് സമ്പന്നരിൽ കാണുന്ന ഒരു പ്രത്യേകതയാണെങ്കിൽ തല ചായ്ക്കാൻ സ്വന്തമായൊരിടം പോലുമില്ലാത്തവരും പ്രാഥമിക സൗകര്യങ്ങളോടുകൂടിയ വാസയോഗ്യമായ വീടില്ലാത്തവരും നിരവധിയാണ്.

## ഗതാഗതം:

ജലഗതാഗതമായിരുന്ന ഈ പഞ്ചായത്തിൽ മുൻപ് ഉണ്ടായിരുന്നത് പുഴയോരങ്ങളിൽ ആളുകൾ ധാരാളമായി പാർക്കുന്നതിന് ഇടയാക്കിയ കാരണവും ഇതായിരുന്നു. കരവഴി കാളവണ്ടിയിലായിരുന്നു ഗതാഗതം. വഞ്ചിയിലൂടെ ജലമാർഗ്ഗവും ആളുകൾ സഞ്ചരിച്ചിരുന്നു. ഇന്ന് ആധുനിക മോട്ടോർ വാഹനങ്ങളാണ് മുഖ്യമായും സഞ്ചാരത്തിന് ഉപയോഗിക്കുന്നത്. സ്വകാര്യ കാറുകളും ഇരുചക്രവാഹനങ്ങളും ധാരാളമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒരുകാലത്ത് ധാരാളമായി ഉപയോഗിച്ചിരുന്ന സൈക്കിൾ ഇന്ന് വളരെ അപൂർവ്വമായിക്കൊണ്ടിരിക്കുന്നതായി കാണുന്നു.

ഇങ്ങനെ പരിശോധിക്കുമ്പോൾ വർത്തമാനകാല ജീവിതത്തിൽ ഏറെ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഭൂതകാലത്തെ വിലപ്പെട്ട പലതും നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട് എന്ന യാഥാർത്ഥ്യം മനസിലാകുന്നതാണ്. കൃഷിരീതിയിൽ വന്നിട്ടുള്ള മാററം ഉൽപാദനരംഗത്ത് പ്രതികൂലമായ അവസ്ഥയും ജീവിതരീതിയിൽ വന്നിട്ടുള്ള മാററം സാമ്പത്തികമായ പ്രയാസങ്ങൾക്കും കാരണമായിട്ടുണ്ട്. ഉത്പാദനരംഗത്ത് മുരടിപ്പും മാന്ദ്യവും അനുഭവപ്പെടുന്നു. ആകെക്കൂടി പരിശോധിക്കുമ്പോൾ സാമ്പത്തിക പുരോഗതിയുടെ ഒരു ചിത്രമല്ല. മറിച്ച് സാമ്പത്തിക മാന്ദ്യത്തിന്റെ അനുഭവമാണ് കാണപ്പെടുന്നത്. ജീവിത രീതിയിൽ അച്ചടക്കവും ഉല്പാദനരംഗത്ത് കാര്യക്ഷമതയും കൈവിട്ടുപോയ ഭൂതകാലത്തെ നൻമകൾ വീണ്ടെടുത്തുകൊണ്ടും പുരോഗതിയുടെ പാതയിലേക്ക് നമുക്ക് മുന്നേറാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

# അദ്ധ്യായം 3

# ഭൂപ്രകൃതിയും വിഭവങ്ങളും

ഈ പഞ്ചായത്തിന്റെ കിടപ്പ് കിഴക്കുനിന്ന് പടിഞ്ഞാറോട്ടാണ്. കുന്നുകളും, സമനിലങ്ങളും, ചരിവുകളും ഇടകലർന്ന് കിടക്കുന്നു. 30% കുന്നിൻപ്രദേശങ്ങളും ബാക്കി പ്രദേശം ചരിവുകളും സമതലങ്ങളും കിടക്കുന്നു. പാണ്ടൻ പാറക്കുന്ന്, ആശ്രമക്കുന്ന് (നിർമ്മലക്കുന്ന്), കാപ്പിൽ തണ്ട്കുന്ന്, തുമ്പേലിതണ്ടുകുന്ന്, കക്കാട്ട് തണ്ട്കുന്ന്, ലത്തുതണ്ട്, ആരയ്ക്കാപ്പിള്ളിക്കുന്ന്, പ്രക്കാട്ട്മല, കണ്ണപ്പുഴക്കുന്ന്, പുളിയാമ്പിള്ളിതണ്ട്, തിരുമല, മുള്ളത്തുതണ്ട്കുന്ന്, ചെമ്പനാനിമല, ഓലിക്കുന്നേൽകുന്ന്, തെക്കുംമല, തണ്ടിൻപുറം, പുളിങ്കുന്ന് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന കുന്നിൻ പ്രദേശങ്ങൾ. ഈ കുന്നിൻ പ്രദേശങ്ങളെല്ലാം ഒരുകാലത്ത് വൃക്ഷ നിബിഡമായിരുന്നു. എന്നാൽ ഇന്ന് ദേഹണ്ഡങ്ങൾ കൊണ്ടും ആൾപ്പാർപ്പുകൊണ്ടും ഭൂപ്രകൃതിയിൽ വമ്പിച്ചമാററം സംഭവിച്ചിട്ടുണ്ട്. കൂടാതെ ഇപ്പോൾ മരങ്ങൾ വെട്ടിമാററിയും പാറകൾ

വ്യാപകമായി പൊട്ടിച്ചു നീക്കിയും മണ്ണ് നീക്കം ചെയ്തും ജലസ്രോതസുകരം നഷ്ടപ്പെടുത്തിയും പരിസ്ഥിതിപ്രശ്നങ്ങരം സൃഷ്ടിക്കുന്നു. വർദ്ധിച്ചുവരുന്ന റബ്ബർകൃഷിയും, പൈനാപ്പിരം കൃഷിയും മൂലം മണ്ണിലെ ജലാംശം വളരെയധികം അഗീരണം ചെയ്യപ്പെടുന്നതുകൊണ്ട് ജലസമ്പത്ത് വളരെ സങ്കോചിക്കപ്പെടുന്നു. കുന്നിൻ പ്രദേശങ്ങളാകട്ടെ ഇപ്പോരം കടുത്ത ജലക്ഷാമത്തെനേരിട്ടുകൊണ്ടിരിക്കുകയാണ്. കഠിനമായ വരംച്ച കൃഷി നാശത്തിനും കുടിവെള്ളക്ഷാമത്തിനും ഇടവരുത്തുന്നു. ഇപ്പോരം മഴയെ മാത്രം ആശ്രയിച്ചാണ് ഈ പ്രദേശങ്ങളിലെ ജല ലഭ്യത.

കുന്നിനോടനുബന്ധമായിട്ടാണ് മുഖ്യമായും ചരിവ് പ്രദേശങ്ങരം. ഇവിടെ തെങ്ങ്, റബ്ബർ, കൊക്കൊ, കാപ്പി, കുരുമുളക്, കവുങ്ങ്, ജാതി തുടങ്ങിയ നാണ്യവിളകളാണ് മുഖ്യമായും കൃഷി ചെയ്തുവരുന്നത്. ഈചരിവ് പ്രദേശങ്ങളിലാണ് ജനവാസം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. മണ്ണൊലിപ്പ് മുഖ്യമായും ഈ പ്രദേശങ്ങളെയാണ് ബാധിച്ചിട്ടുള്ളത്. ഭൂമിയുടെ ഫലഭൂയിഷ്ടി നഷ്ടപ്പെടുന്നതിനും ഉല്പാദനം കുറയുന്നതിനും ഇത് കാരണമാകുന്നു. ഇവിടെയും പാരിസ്ഥിതിക പ്രശ്നങ്ങരം ഉത്ഭവിക്കുന്നുണ്ട്. ഈ ചരിഞ്ഞ പ്രദേശങ്ങളിലാകട്ടെ ചെങ്കല്ല് കലർന്ന ചെമ്മണ്ണാണ്.

ഇവിടെ മുഖ്യമായും നെല്ലാണ് സമതല പ്രദേശങ്ങളിൽ കൃഷിചെയ്തിരുന്നത്. ഒരുപ്പൂവും, ഇരുപ്പൂവും കൃഷിചെയ്യുന്നുണ്ട്. സമതലപ്രദേശങ്ങളിലെകരഭൂമികളിൽ ഇഞ്ചി മഞ്ഞരം, ചേന, ചേമ്പ്, മരച്ചീനി തുടങ്ങിയ നിരവധി തന്നാണ്ട് വിത്തുകളും കൃഷി ചെയ്തുവരുന്നു. എന്നാൽ നെൽകൃഷി പ്രദേശങ്ങരം നെൽകൃഷി ലാഭകരമല്ലെന്നുള്ളതുകൊണ്ടും, കർഷക തൊഴിലാളികളുടെ അഭാവം കൊണ്ടും താങ്ങാനാവാത്ത കൂലിച്ചെലവുകൊണ്ടും, വളം കീടനാശികളുടെ അമിതമായ വിലവർദ്ധനകൊണ്ടും നെൽകൃഷി ഉപേക്ഷിച്ച് പാടങ്ങരം മണ്ണിട്ടുനികത്തി കോൺക്രീററ് കെട്ടിടങ്ങരം ഉയർത്തുന്നതിനും മററുമായി ഇപ്പോരം വ്യാപകമായി ഉപയോഗിച്ചുവരുന്നു. കൂടാതെ, നെൽകൃഷിക്കു പകരം പൈനാപ്പിളും, നാണ്യവിളകളും ആദായകരമായി കൃഷി ചെയ്യാൻ കഴിയുമെന്നുള്ളതുകൊണ്ട് ഇത്തരം കൃഷികളിലേയ്ക്കും നെൽകൃഷികരം മാറിക്കൊണ്ടിരിക്കുന്നു. നെല്പാടങ്ങരം നികത്തപ്പെടുന്നതിൻെറ ഭാഗമായി ഈ പാടശേഖരങ്ങളിലൂടെ ഒഴുകികൊണ്ടിരുന്ന തോടുകളും നീർച്ചാലുകളും നശിച്ചുപോകുന്നത് നമ്മുടെ ജലസമ്പത്ത് സാരമായി നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്. ഒരുകാലത്ത് വ്യാപകമായി കൃഷി ചെയ്തിരുന്ന മരച്ചീനി ഇന്ന് ഒരപൂർവ്വ കൃഷിയായി മാറിയിരിക്കുന്നു. ജൂൺ മുതൽ ഡിസംബർമാസം വരെ തോട്, പുഴ, കിണർ, കുളങ്ങരം മുതലായവയിൽ ജലം ലഭ്യമാണ്. മൂവാററുപുഴ വാലി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള ഇടതുകര കനാലിൻെറ, ഒരു സബ്കനാലിൻെറ സാമീപ്യം സമീപഭാവിയിൽ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രധാന ശേഖരങ്ങരം താഴെ പറയുന്നവയാണ്.

1 തോയൽപ്പാടം
2 തറയിക്കണ്ടം
3 കൊടുന്തലകൈതപ്പാടം
4. മുണ്ടകൻപാടം
5 വെട്ടിക്കുളംപാടം
6 പെട്ടച്ചിറപ്പാടം
7 പുതുവപ്പാടം
8 മാങ്കുളംപാടം
9 തെക്കുംമററംപാടം
10 കൊച്ചുവാരിക്കപ്പാടം
11 മോരുകണ്ടംപാടം
12 കട്ടച്ചിറപ്പാടശേഖരം
13 പാത്തിക്കൽപാടശേഖരം
14 കക്കോറംപ്പാടം
15 മനയ്ക്കൽപ്പാടം
16 അമ്പുകണ്ടം
17 പരുന്തുംകണ്ടം
18 വള്ളിക്കടപ്പാടം
19 കാവനപാടശേഖരം
20 മൂഴിപ്പാടം
21 കൈനികണ്ടംപാടം
22 കദളിമററംപാടം
23 അച്ചളാംകുഴിപ്പാടം
24 രണ്ടാർപാടം

കേരളത്തെ 13 കാർഷിക മേഖലകളായി തരംതിരിച്ചിരിക്കുന്നതിൽ ഈ പഞ്ചായത്ത് ഹൈലാൻറ് മേഖലയിൽപ്പെടുന്നു.

## കാലാവസ്ഥ:

ശരാശരി 772 മി. മി. മഴ ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. കൂടിയ താപനില 30.6 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 22.9 ഡിഗ്രി സെൽഷ്യസും ആണ്. ഹുമിഡിററി 64–75%

## മഴക്കാലം:

ഇടവപ്പാതി മഴയാണ് കൂടുതൽ ലഭ്യമാകുന്നത്. ജൂൺമാസം മുതൽ ഓഗസ്ററ് മാസം വരെയാണ് ഈ കാലയളവ്. മിതമഴ ലഭ്യമാകുന്നത് സെപ്ററംബർ മുതൽ നവംബർ വരെയാണ്. ഇങ്ങനെ ആറ് മാസത്തോളം മഴലഭ്യമാകുന്നുണ്ട്. മിതമായ ഇടമഴകളും ചിലപ്പോഠം ലഭ്യമാണ്. ഡിസംബർ, ജനുവരി മാസങ്ങളിലാണ് ഇങ്ങനെ മഴ ലഭ്യമാകുന്നത്. ഇത് ഉഷ്ണചൂടിൽ നിന്നും രക്ഷനേടുന്നതിന് സഹായകമാണ്. മാർച്ച്മാസം മുതൽ മെയ്മാസംവരെ നല്ല വേനൽകാലമാണ്. നവംബർ, ജനുവരി മാസങ്ങളിൽ നല്ല തണുപ്പ് അനുഭവപ്പെടുന്നു.

## ജലലഭ്യത:

പുഴകഠം, തോടുകഠം, കിണറുകഠം, കുളങ്ങഠം ഇവയിൽ നിന്നാണ് ഈ പഞ്ചായത്തിൽ മുഖ്യമായും ജലം ലഭ്യമാകുന്നത്. പഞ്ചായത്തിൻെറ തെക്കരികിലൂടെ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഏകദേശം 15 കി. മീ. ദൈർഘ്യത്തിൽ തൊടുപുഴയാറ് ഒഴുകുന്നു. ഈ പഞ്ചായത്തിലെ 1, 2, 5, 7, 8, 9 എന്നീ വാർഡുകഠം ഈ പുഴയോട് ചേർന്ന് കിടക്കുന്നു. കാവന, നടുക്കര, ആനിക്കാട്, മൂവാററുപുഴ എന്നീ കരകളെ തഴുകി ഈ പുഴ ഒഴുകുന്നു. കോതമംഗലം, കാളിയാർ എന്നീ രണ്ടു പുഴകളും ചേർന്ന് പഞ്ചായത്തിലെ 3–ാം വാർഡ് ഉഠംപ്പെടുന്ന രണ്ടാർകരയെ തൊട്ടുരുമ്മി പോകുന്നു.

ഈ പഞ്ചായത്തിൽ താഴെ പറയുന്ന തോടുകഠം ഉണ്ട്.

1 തോയൽപ്പാടം തോട് 400 മീ. നീളത്തിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നു.

2 കാനാപ്പിള്ളി കൊടുന്തലതോട് 600 മീ. നീളത്തിൽ വടക്കുനിന്ന്തെക്കോട്ടൊഴുകുന്നു

3 പെരുംതോട് 400 മീ. നീളത്തിൽ കിഴക്കുനിന്ന് തെക്കോട്ട് ഒഴുകുന്നു.

4 മുണ്ടകൻപാടം തൊട്ട് 1 കി. മീ. ദൈർഘ്യത്തിൽ തെക്ക് നിന്ന് വടക്കോട്ടൊഴുകുന്നു

5 രണ്ടാർ പെരുംതോട് 700 മീ. നീളത്തിൽ വടക്ക് നിന്ന് തെക്കോട്ടൊഴുകുന്നു.

6 കാവുംപുറംതോട് 2 കി. മീ. നീളത്തിൽ കിഴക്ക്നിന്ന് പടിഞ്ഞാറോട്ടൊഴുകുന്നു.

7 അരീച്ചിറതോട് 1.5 കി. മീ. നീളത്തിൽ വടക്ക്നിന്ന് തെക്കോട്ടൊഴുകുന്നു.(കണ്ണാപ്പുഴ തോട് ഉഠംപ്പെട്ടത്)

8 നമ്പൂരിമററം തോട് 600 മീ. നീളത്തിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നു.

9 കുഴികണ്ണിത്തോട് 500 മീ. നീളത്തിൽ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ഒഴുകുന്നു.

10 പുഞ്ചക്കാലത്തോട് 600 മീ. നീളത്തിൽ പടിഞ്ഞാറു നിന്ന് കിഴക്കോട്ട് ഒഴുകി കണ്ണപ്പുഴത്തോട്ടിൽ ലയിക്കുന്നു.

11 കണ്ണപ്പുഴ തോട് 3 കി. മീ. നീളത്തിൽ വടക്ക് നിന്ന് തെക്കോട്ട് ഒഴുകുന്നു.

12 വള്ളിക്കടത്തോട് 4 കി. മീ. നീളത്തിൽ വടക്കുനിന്ന് തെക്കോട്ട് ഒഴുകുന്നു.

13 കാവന കൊച്ചുതോട് 1.2 കി. മീ. നീളത്തിൽ വടക്കുനിന്ന് തെക്കോട്ട് ഒഴുകുന്നു.

14 കാവന വലിയ തോട് 3 കി. മീ. നീളത്തിൽ വടക്കുനിന്ന് കിഴക്കോട്ട് ഒഴുകുന്നു.

15 മുള്ളഞ്ചുകണ്ടം തോട് 2 കി. മീ. നീളത്തിൽ വടക്കുനിന്ന് കിഴക്കോട്ടൊഴുകി കണ്ണപ്പുഴത്തോട്ടിൽ ലയിക്കുന്നു.

ജൂൺമാസം മുതൽ നവംബർ മാസം വരെയുള്ള കാലയളവിലാണ് ഈ തോടുകളിൽ വെള്ളം ലഭ്യമാകുന്നത്. ടി തോടുകളിൽ കണ്ണപ്പുഴത്തോടിൻെറ പൊട്ടമററം ഭാഗത്തും പെരും തോട്ടിൽ കുഴിമാനി ഭാഗത്തും ചക്കപ്പാൻ ഭാഗത്തും കാവുംപുറം ഭാഗത്തും കാട്ടുകണ്ടം നിലത്തിൽ ഭാഗത്തും ക്രോസ് ബാർ നിർമ്മിച്ചിട്ടുണ്ട്.

## ചിറകൾ:

ആനിക്കാട് തിരുവുംപ്ലായിൽ ചിറ, വാച്ച്സ്റേറഷൻ റോഡരികിൽ നെല്ലിപ്പിള്ളിച്ചിറ എന്നീ രണ്ട് ചിറകളാണ് ഈ പഞ്ചായത്തിൽ ഉള്ളത്.

**കുളങ്ങൾ:**

| പേര് | വാർഡ് നമ്പർ |
|---|---|
| 1 കാവുങ്കോടികുളം ഇരട്ടക്കുളം | I |
| 2 പൂതക്കുഴിക്കുളം | IV |
| 3 നീലം കുളം | VI |
| 4 ചക്കാലക്കുടി കുളം | VI |
| 5 തൊഴാല കുളം | VI |
| 6 കരിമ്പനിക്കൽ കുളം | VII |
| 7 ആവോലി വെട്ടിക്കുളം | VII |
| 8 താണിക്കൽകുളം | VIII |
| 9 പുള്ളോലിക്കൽ കുളം | VIII |
| 10 കാഞ്ഞിരം കുന്നേൽകുളം | VIII |
| 11 അരീക്കൽ കോളനികുളം | VIII |
| 12 താഴത്തേൽകുളം | IX |
| 13 എലിച്ചിറകുളം | IX |
| 14 കല്ലറയ്ക്കൽകുളം | IX |
| 15 തണ്ടുംകുളത്ത്കുളം | IX |

എന്നീ പൊതു കുളങ്ങളും 250-ഉം സ്വകാര്യകുളങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ കുളങ്ങളിൽ പലതും കാലാകാലങ്ങളിൽ അററകുററപ്പണികൾ നടത്താതെ ജീർണ്ണത ബാധിച്ചിതിന്റെ ഫലമായി ജലലഭ്യത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെയെല്ലാം അററകുററപ്പണികൾ തീർത്ത് ജലലഭ്യത വർദ്ധിപ്പിച്ചാൽ ഈ പ്രദേശത്തെ ജലസേചനസൗകര്യം വളരെ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

**കിണറുകൾ:**

2000-ത്തോളം സ്വകാര്യ കിണറുകളും ഒരു ഡസൻ പൊതു കിണറുകളും പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിൽ പൊതുകിണറുകൾ മിക്കവാറും എല്ലാം തന്നെ ഉപയോഗശൂന്യമായികിടക്കുന്നു. സ്വകാര്യ കിണറുകളിലാവട്ടെ 30% വരുന്ന കണറുകളിൽ വർഷം മുഴുവൻ ജലം ലഭിക്കുന്നവയുമല്ല. ആറോ ഏഴോ മാസം മാത്രമാണ് ഇവകളിൽ ജല ലഭ്യത. ബാക്കി കാലങ്ങളിൽ ഈ കിണറുടമസ്ഥർക്ക് ദീർഘദൂരം സഞ്ചരിച്ച് അന്യകിണറുകളെ ആശ്രയിക്കേണ്ടിവരുന്നു.

**ഭൂഗർഭജലസമ്പത്ത്:**

പഞ്ചായത്തിൽ 4 പൊതു കിണറുകളും 6 സ്വകാര്യ കുഴൽ കിണറുകളും ഉണ്ടെന്നറിയുന്നു. ഈ പൊതു കുഴൽ കിണറുകളിൽ പഞ്ചായത്തിലെ 6-ാം വാർഡിലും 7-ാം വാർഡിലും സ്ഥാപിച്ചിട്ടുള്ള കിണറുകളിലെ വെള്ളം കുടിക്കുവാൻ യോഗ്യമല്ലാത്തതും ആകുന്നു. ഈ കുഴൽ കിണറുകളുടെ സമീപത്തുള്ള സ്വകാര്യ കിണറുകളിൽ മുൻപ് സുലഭമായി കിട്ടിക്കൊണ്ടിരുന്ന ജലം കുഴൽ കിണറുകളുടെ പ്രവർത്തനം മൂലം വററിപോകുന്നതായും കാണുന്നു.

സാധാരണ കിണറുകളിലെ വെള്ളത്തിലുള്ള ലവണങ്ങൾ പൊതു കുഴൽ കിണറുകളിലില്ലാത്തതിനാലും കുഴൽ കിണറുകളിലെ വെള്ളം കുടിക്കാൻ അതിപ്രയോജനപ്രദമല്ലെന്നും പറയപ്പെടുന്നു.

ഈ പഞ്ചായത്തിലെ ആറു കരകളെ തൊട്ടുരുമ്മി പോകുന്ന, ആറുകളിലെ വെള്ളം പ്രയോജനപ്പെടുത്തുന്നതിന് ഇതുവരെ സാധിച്ചിട്ടില്ല. അതുപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജല ദൗർലഭ്യം ഒരളവുവരെ പരിഹരിക്കാൻ കഴിയുന്നതാണ്.

**കുളിക്കടവുകൾ:**

പഞ്ചായത്തിൽ നിലവിലുള്ള കുളിക്കടവുകൾ താഴെപറയുന്നവയാണ്.

1 കുഴികരും കടവ്
2 പല്ലനകടവ്
3 വർങ്ങലകുടിക്കടവ്
4 വെജറമ്യാലിക്കടവ്
5 നെല്ലിപ്പള്ളിക്കടവ്
6 കണ്ണാക്കടവ്
7 മറക്കക്കടവ്
8 വട്ടക്കുടിക്കടവ്
9 കേവുള്ളിക്കടവ്
10 വള്ളിക്കടക്കടവ്
11 കാവനമാത്തിൽ കടവ്
12 പുളിക്കായത്ത്കടവ്
13 പള്ളിക്കാപ്പറമ്പ് ശിവക്ഷേത്രക്കടവ്
14 ചെന്തട്ടേൽക്കടവ്
15 പോത്തനാംമുഴിക്കടവ്
16 മൂഴിക്കടവ്
17 തൈക്കടവ്
18 മരുതമലയിൽക്കടവ്
19 പാറക്കടവ്
20 കാക്കനാട്ട്കടവ്

21 പള്ളിക്കാമാത്തിക്കടവ്
22 രണ്ടാർ മുസ്ലീംപള്ളിക്കടവ്
23 കോക്കണ്ടത്തിൽകടവ്
24 ചെറുപറമ്പിൽ കടവ്
25 ചൊള്ളാപ്പടിക്കൽക്കടവ്
26 പള്ളിയ്ക്കാക്കടവ് .

എന്നാൽ ഇവയിൽ ബഹുഭൂരിപക്ഷം കുളിക്കടവുകളിലേക്കും വേണ്ടത്ര വഴി സൗ

## ഭൂവിനിയോഗം:

ഈ പഞ്ചായത്തിലെ 18.6 sg KM വിസ്തീർണ്ണമുള്ള ഭൂമി താഴെപ്പറയും പ്രകാരം തരംതിരിക്കാവുന്നതാണ്.

| | | |
|---|---|---|
| നിലം | 140 | ഹെക്ടർ |
| പുരയിടം | 1480 | ,, |
| പുറമ്പോക്ക് | 42 | ,, |
| തരിശുഭൂമി | 60 | ,, |
| ആകെ | 1722 | ഹെക്ടർ |

ബാക്കിയുള്ളത് തോടുകരം, കുളങ്ങരം, കുളിസ്ഥലങ്ങരം, റോഡുകരം മുതലായവയിൽ

## ജൈവസമ്പത്ത്:

നാല് ശതകങ്ങരംക്ക് മുമ്പ് കുന്നിൻ പ്രദേശങ്ങളും ചരിവ് പ്രദേശങ്ങളിൽ ഏറിയ ഭാഗവും വൻ വൃക്ഷലതാദികളും, കുററിച്ചെടികളും നിറഞ്ഞ് നിന്നിരുന്ന, ഈ പ്രകൃതി ജൈവ സമ്പത്തിൻെറ ഉറവിടമായിരുന്നു. പല ഇനങ്ങളിൽപ്പെട്ട പക്ഷി മൃഗാദികളും ഔഷധച്ചെടികളും ഇക്കാലത്ത് സുലഭമായിരുന്നു. എന്നാൽ ഇന്ന് ഇവയ്ക്കൊക്കെയും വംശനാശം സംഭവിച്ചിരിക്കുന്നുഎന്ന യാഥാർത്ഥ്യം മനസിലാക്കേണ്ടതുണ്ട്. പുരാതന കൂട്ടുകുടുംബങ്ങളിൽ ഏക്കർ കണക്കിന് ഭൂമി സർപ്പക്കാവുകളായി മാററിയിട്ടിരുന്നു. ഇവ പക്ഷി മൃഗാദികളുടെ വാസകേന്ദ്രങ്ങളും, ഔഷധ സസ്യങ്ങളുടെ വിള നിലവുമായിരുന്നു. പക്ഷേ ഇന്ന്ഇവയെല്ലാം വെട്ടിമാററിതോട്ടവിളകരംആ സ്ഥാനം കൈയ്യടക്കിയിരിക്കുന്നു. ഇത് പല വിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങരംക്കും ജൈവസമ്പത്തുകളുടെ നാശത്തിനും ഇടയാക്കിയിട്ടുണ്ട്. എന്നിരുന്നാലും പഞ്ചായത്തിൽ വളരെ അപൂർവ്വ ഇനം സസ്യങ്ങളെയും പക്ഷി മൃഗാദികളെയും വിരളമായി കാണപ്പെടുന്നുണ്ട്.

ചെത്തി, ചെമ്പരത്തി, മുക്കുററി, മുല്ല, തുമ്പ തുടങ്ങിയ പുഷ്പസസ്യങ്ങളും തുളസി ആടലോടകം കൂവളം നറുതീണ്ടി, ആര്യവേപ്പ് കറുവ മുത്തങ്ങ, തഴുതാമ, സർപ്പഗന്ധി തുടങ്ങിയ ഔഷധ സസ്യങ്ങളും

കര്യമോറോഡുസൗകര്യങ്ങളോ, വൈദ്യുതിവെളിച്ചമോ, ഇറങ്ങിക്കുളിക്കുന്നതിനുപോലുമുള്ള വ്യക്തമായ സൗകര്യങ്ങളോ, വസ്ത്രങ്ങരം അലക്കുന്നതിനും മററുമുള്ള സൗകര്യങ്ങളോ, സംരക്ഷണ ഭിത്തികളോ ഇല്ലാത്തതുമാകുന്നു. വേണ്ടത്ര സൗകര്യങ്ങളില്ലാതെ അപകടം നിറഞ്ഞ അവസ്ഥയിലാണിവയിൽ പലതും എന്നെടുത്തു പറയേണ്ടിയിരിക്കുന്നു.

പെടുന്നതായും കാണുന്നു. പരമ്പരാഗത തന്നാണ്ട് വിളകളായ കിഴങ്ങ് വർഗ്ഗങ്ങളുടേയും, ഇഞ്ചി, മഞ്ഞരം, കച്ചോലം, എന്നിവയുടേയും കൃഷിയിടങ്ങരം കുറഞ്ഞുവരികയാണ്. ഈ സ്ഥലങ്ങളെല്ലാം ഇപ്പോരം പൈനാപ്പിരം തോട്ടങ്ങളായി മാറിയിട്ടുണ്ട്. പച്ചക്കറി കൃഷിയും കുറഞ്ഞ് വരികയാണ്. നെൽകൃഷിയിൽ വൻതോതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വൻതോതിൽ പാടശേഖരങ്ങരം നികത്തിക്കൊണ്ടിരിക്കുന്നതും മേൽ പറഞ്ഞ നെൽകൃഷികളെ ബാധിച്ചിട്ടുണ്ട്.

കുരുമുളക്, കറുക, കച്ചുവല്ലം, ഇഞ്ചി മഞ്ഞരം, തുടങ്ങിയ സുഗന്ധ വിളയും കാട്ടുതാള് തകര പൂമരരിൻ കുരുന്ന്കാട്ടുകാച്ചിൽ മാറാഞ്ചേമ്പ്, മുള്ളൻചീര, കാട്ടുചുണ്ട, പുളിയില തുടങ്ങിയ വന്യഭക്ഷ്യ സസ്യങ്ങളും കണ്ടുവരുന്നു. മുള, ഈററ, ചൂരൽ. അമ, തഴ ഇവയും ചുരുക്കമായി മാത്രംകാണപ്പെടുന്നു.

പശ, കറ, വർണ്ണവസ്തുക്കരം ഉല്പാദിപ്പിക്കുന്ന സസ്യങ്ങളായ കുളമാവ്, പനച്ചിക, ചേർക്കുരു, കമ്മട്ടി, കുന്നി, മഞ്ചാടി, ചപ്പങ്ങം, മയിലാഞ്ചി തുടങ്ങിയവയും സുഗന്ധവിള സസ്യങ്ങളായ ഗ്രാമ്പു, ജാതി, വാനിലയും കാണപ്പെടുന്നു.

കോഴി, താറാവ്, കിനി, ഖരംഗം, മൂങ്ങ, തത്ത, കുരുവി, കൊക്ക്, മൈന, മരംകൊത്തി, പ്രാവ്, വവ്വാൽ തുടങ്ങിയ പക്ഷി വർഗ്ഗങ്ങളും, അണ്ണാൻ, വെരുക് കീരി, ഉടുമ്പ്, കാട്ടുമുയൽ, കാട്ടുപൂച്ച, പാക്കാൻ, മരപ്പട്ടി, തുടങ്ങിയ മൃഗങ്ങളും അനേകം ചിത്രശലഭങ്ങളും വിവിധതരം ഉരകങ്ങളും കാണുന്നുണ്ട്. കൂടാതെ ഞണ്ട്, ഞവിണി, കക്ക തുടങ്ങിയവയും പഞ്ചായത്തിൻെറ പാടശേഖരങ്ങളിൽ കണ്ടുവരുന്നുണ്ട്. ഇവയ്ക്കെല്ലാം ഇന്ന് വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന നിലയാണുള്ളത്. ഇവയെ സംരക്ഷിക്കപ്പെടേണ്ടത് പ്രകൃതിയുടെ സഞ്ചലിതാവസ്ഥ തന്നെ നിലനിർത്തുന്നതിനാവശ്യമാണ്.

## മനുഷ്യവിഭവം:

പൊതുവെ ജനസംഖ്യാ വർദ്ധനവ് ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കേരളത്തിൻെറ ശരാശരി (2.5) യിൽ താഴെ യാണ്. എന്നാൽ മൂവാററുപുഴ പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഒരു പ്രദേശം എന്ന നില യ്ക്കും പട്ടണത്തിലെ ജനത്തിരക്ക് ഏറിയ തിനാലും പാർപ്പിട പ്രശ്നത്തിൻെറ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതിനാലും പഞ്ചായത്തിലെ യാത്രാ സൗകര്യവും വിദ്യാഭ്യാസ സൗകര്യവും വർദ്ധിച്ചതുകൊണ്ടും ഈ പ്രദേശം വൻതോതിൽ കുടിയേററക്കാരെ ആകർഷിച്ചു. ആധുനിക വൈദ്യശാസ്ത്ര പുരോഗതിയുടെ ഫലമായി മനുഷ്യരിൽ ആയുർ ദൈർഘ്യം വർദ്ധിക്കുകയും അകാല മരണ നിരക്ക് വളരെ കുറയുകയും ചെയ്തിട്ടുണ്ട്. തൽഫലമായി ജനസംഖ്യാവർദ്ധനവ് അസാധാരണമായി അനുഭവപ്പെടുന്നുണ്ട്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും ഉണ്ടായ അഭിവൃദ്ധി മനുഷ്യ വിഭവ ശേഷിയിൽ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എങ്കിലും ഇതു പഞ്ചായത്തിൻെറ വികസന രംഗത്തും പൊതുവായ സാമ്പത്തിക പുരോഗതിയുടെ കാര്യത്തിലും ഫലപ്രദമായ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. അഭ്യസ്ത വിദ്യരായ യുവതീ യുവാക്കളുടെ എണ്ണം വർദ്ധിക്കുകയും അവരുടെ ബുദ്ധിയും അദ്ധ്വാനശേഷിയും നാടിൻെറ പുരോഗതിക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കാത്തതാണ് ഇതിൻെറ കാരണം.

## പൊതുവിദ്യാഭ്യാസം:

വിദ്യാഭ്യാസ കാര്യത്തിൽ വളരെ പിന്നോക്കം നിന്നിരുന്ന അവസ്ഥയിൽനിന്നും വളരെയധികം മുന്നേറുവാൻ നമുക്ക് സാദ്ധ്യമായിട്ടുണ്ട്. എങ്കിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ രംഗത്ത് നാമിനിയും വളരെ പിന്നോക്കമാണ്.

## തൊഴിൽ:

മൊത്തം ജനസംഖ്യ 15566 (91-അവലംബം)

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ തൊഴിൽ പരമായിട്ടുളള വിഭജനം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| കർഷകർ | 40% |
| കർഷകത്തൊഴിലാളികൾ | 10% |
| വ്യവസായതൊഴിലാളികൾ | 4% |
| അദ്ധ്യാപകർ | 2% |
| മററു Profersional രംഗത്തുളളവർ | 3% |
| കെട്ടിട നിർമ്മാണ തൊഴിലാളികൾ | 10% |
| മോട്ടോർ വാഹന തൊഴിലാളികൾ | 2% |
| സർക്കാരുദ്യോഗസ്ഥൻമാർ | 1% |
| കച്ചവടക്കാർ | 5% |
| വിദേശജോലിക്കാർ | 1% |
| Pensioners | 1% |
| തയ്യൽ തൊഴിലാളികൾ | 1% |
| കല്ലുവെട്ടുതെഴിലാളികൾ, കരിങ്കൽതൊഴിലാളികൾ | 1% |
| റബ്ബർവെട്ടുതൊഴിലാളികൾ | ½% |
| മദ്യരംഗത്തെതെഴിലാളികൾ | ½% |
| തെങ്ങ്കയററതൊഴിലാളിൾ | ¼% |
| പുരോഗിതജോലിയിലുളളവർ | ¼% |
| മററുളള തൊഴിലുളളവർ | 20% |
| തൊഴിൽരഹിതർ | 6½% |

അഭ്യസ്ത വിദ്യരുടെയിടയിലുളള തൊഴിലില്ലായ്മ തന്നെയാണ് ഈ പഞ്ചായത്തിലേയും മുഖ്യ പ്രശ്നമായി കാണുന്നത്.

ഭാഗം 2

# വികസന മേഖലകൾ

## അദ്ധ്യായം 4

## പ്രാഥമിക മേഖല

## —കൃഷിയും ജലസേചനവും

അര നൂററാണ്ടിനു മുമ്പ് ഇവിടുത്തെ കാർഷികമേഖലയിൽ നിലനിന്നിരുന്ന ഭൂവുടമാബന്ധങ്ങളിൽ സമൂലമായ മാററം സംഭവിക്കുകയും ജന്മിത്വവും പാട്ടവും വരവും കുടികിടപ്പും അവസാനിച്ചതിനെ തുടർന്ന് കൃഷിക്കാരും കർഷകത്തൊഴിലാളികളും ഭൂമിക്കുടമകളായിത്തീർന്നിട്ടുണ്ട്. പരമ്പരാഗത കൃഷി സമ്പ്രദായത്തിൽ ഭക്ഷ്യവിളകൾക്ക് പ്രാമുഖ്യം നൽകിയിരുന്നു. ഉപ്പും മണ്ണെണ്ണയും വസ്ത്രവും വിലയ്ക്കു വാങ്ങിയാൽ ജീവിതം ഒരുവിധം സുഭിക്ഷമായിരുന്നു. ഗ്രാമീണ ജീവിതം ഒരു വിധം സ്വാശ്രയത്വത്തിൽ അധിഷ്ഠിതമായിരുന്നു. എന്നാൽ ഈ രീതി പാടെ മാറിയിട്ടുണ്ട്. ഭക്ഷ്യവിളകളുടെ സ്ഥാനത്ത് നാണ്യവിളകളായ റബ്ബർ, തെങ്ങ്, അടയ്ക്കാമരം, കൊക്കോ, ജാതി, പൈനാപ്പിൾ തുടങ്ങിയവ സ്ഥാനം പിടിച്ചു. ഒരു കാലത്ത് സുലഭമായി കൃഷി ചെയ്തിരുന്ന കിഴങ്ങുവർഗ്ഗങ്ങൾ ഏതാണ്ട് അപ്രത്യക്ഷമായ നിലയിലാണ്. കൃഷിഭൂമിയെയും കാർഷിക വിളകളെയും ആശ്രയിച്ച് അന്ന് കുടുംബ ബന്ധങ്ങൾ വരെ നിലനിന്നിരുന്നു. നമ്മുടെ ജനങ്ങൾ വിവാഹബന്ധങ്ങൾ വരെ സ്ഥാപിച്ചിരുന്നത് ഇപ്പോൾ ഉള്ള പണത്തിന്റെ സ്ഥാനത്ത് കൃഷിയിടങ്ങളെയും അതിലൂടെയുള്ള ഉല്പന്നങ്ങളെയും ആശ്രയിച്ചായിരുന്നു. എന്നാൽ, ഇന്ന് കൃഷിപണിയുള്ള കുടുംബങ്ങളിലേക്ക് പെൺകുട്ടികളെ വിവാഹം ചെയ്തയക്കുവാൻ വൈമുഖ്യം കാണിക്കുന്ന സ്ഥിതി സംജാതമായിരിക്കുന്നു. കാർഷിക മേഖലകളിലെ പരമ്പരാഗത കൃഷി രീതികൾക്കു പകരമായി ആധുനിക കൃഷി രീതികൾ നിലവിൽ വന്നു. പരമ്പരാഗതമായ കാളയും കലപ്പയും, വെള്ളംതേകലും, ചക്രം ചവിട്ടലും എല്ലാം പുതിയ തലമുറയ്ക്ക് കൗതുകമായി മാറി. കാർഷികമേഖലയിലേയ്ക്ക് യന്ത്രവല്ക്കരണം കടന്നുവന്നതോടെ 'കന്ന്' പൂട്ടുന്ന സമ്പ്രദായം വരെ അപ്രത്യക്ഷമായി.

### പട്ടിക I

ഭൂമി സംബന്ധിച്ച വിവരങ്ങൾ
(Ref: അടിസ്ഥാന വിവര രജിസ്ററർ)

| ഇനം | വിസ്തീർണ്ണം Ha |
|---|---|
| നിലം | 260 |
| പുരയിടം | 1706 |
| പുറമ്പോക്ക് | 120 |
| കൃഷിയോഗ്യ തരിശ് | 12 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 24 |
| ആകെ | 1722 |

ജന്മിത്വം ഇവിടെ നിന്നിരുന്ന കാലത്ത് അതിന്റേതായ പീഠനങ്ങളോ, മററു ബുദ്ധിമുട്ടുകളോ ഒന്നും തന്നെയും ഈ പ്രദേശങ്ങളിലുള്ള കർഷകർക്കുണ്ടായിട്ടില്ല.

ആധുനിക കൃഷി രീതികളെ കാർഷിക മേഖല അമിതമായി ആശ്രയിച്ചതിന്റെ ദോഷഫലങ്ങൾ ഇപ്പോൾ നമ്മുടെ കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അമിതമായ രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ചതിനാലും ജൈവവളങ്ങൾ ഉപേക്ഷിക്കപ്പെട്ടതിനാലും നമ്മുടെ ഭൂമിയുടെ ഘടനയിലും, വിളവിന്റെ ഉൽപാദനത്തിനും

ഭൂമിയുടെ ഉൽപാദനക്ഷമതയ്ക്കും കുറവു വരുത്തിയിട്ടുണ്ട്. നെൽകൃഷിയിൽ പരമ്പരാഗത വിത്തിനങ്ങളായ ചെമ്പാവ്, ഇട്ടികണ്ടപ്പൻ, അഴിക്കിരാഴി, കമത്താദ്യൻ മുതലായ രോഗപ്രതിരോധശേഷിയും ഗുണമേന്മയുമുള്ള വിത്തിനങ്ങൾക്ക് പകരം ആധുനിക വിത്തിനങ്ങൾക്ക് ആവർത്തന കൃഷിയിലൂടെ ഉൽപാദനവും രോഗപ്രതിരോധ ശക്തിയും ഉണ്ടാക്കുവാൻ സാധ്യമല്ല എന്ന് മനസിലാവുന്നു.

ഇതിനോടൊപ്പം തന്നെ ഗ്രാമീണ മേഖലയിൽ ഭക്ഷണ രീതിയിലും വമ്പിച്ച മാററങ്ങളുണ്ടായിട്ടുണ്ട്, നാലു ദശകങ്ങൾക്കു മുമ്പ് കപ്പയും, കഞ്ഞിയും, പുഴുക്കും, കിഴങ്ങുവർഗ്ഗങ്ങളും, പഴവർഗ്ഗങ്ങളും എല്ലാം കഴിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ബ്രെഡും ന്യൂഡിൽസും, സമോസയും മുതലായ പാശ്ചാത്യ രീതിയിലുള്ള ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഈ രീതി നമ്മുടെ കിഴങ്ങു വർഗ്ഗയിന കൃഷി ഇല്ലാതെയാക്കാൻ ഇടയാക്കി. ഇതിൽ നമ്മുടെ ആധുനിക ദൃശ്യ–ശ്രാവ്യ മാധ്യമങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും കാണുന്നു. ഇതെല്ലാം മനുഷ്യന്റെ സ്വഭാവത്തിലും മനോഭാവത്തിലും വരെ മാററം വരുത്തിയിരിക്കുന്നു.

## പട്ടിക 2

### കൈവശഭൂമി വിസ്തീർണ്ണം

| വാർഡ് നമ്പർ | നാമമാത്രകർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1–2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിയു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| I | 220 | 105 | 15 |
| II | 230 | 124 | 16 |
| III | 231 | 126 | 18 |
| IV | 222 | 136 | 20 |
| V | 218 | 152 | 12 |
| VI | 223 | 134 | 21 |
| VII | 250 | 122 | 24 |
| VIII | 217 | 146 | 19 |
| IX | 220 | 154 | 12 |
| ആകെ | 2031 | 1199 | 157 |

## പട്ടിക 3

### തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം Ha | തെങ്ങ് എണ്ണം കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ച തെങ്ങ് റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്ററം ബ്ലീഡിംഗ് | മാററുള്ളവ | ആകെ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | 35 | 6399 | 713 | 7112 | 2100 | 1160 | 618 | 12 | 310 | 4200 |
| 2 | 36 | 6516 | 727 | 7240 | 3102 | 1130 | 342 | 4 | 430 | 5008 |
| 3 | 36 | 6999 | 725 | 7224 | 3100 | 394 | 364 | 13 | 684 | 4560 |
| 4 | 36 | 6089 | 114 | 7210 | 2800 | 384 | 886 | 8 | 732 | 4810 |
| 5 | 33 | 5940 | 790 | 6730 | 2060 | 1107 | 732 | | 100 | 3994 |
| 6 | 36 | 6570 | 1230 | 7800 | 3006 | 854 | 692 | 112 | 438 | 5100 |
| 7 | 35 | 6302 | 706 | 7008 | 2640 | 1093 | 719 | 69 | 109 | 4630 |
| 8 | 38 | 6880 | 652 | 7532 | 3660 | 157 | 628 | 1 | 138 | 4210 |
| 9 | 35 | 6500 | 640 | 7140 | 2190 | 1423 | 919 | | 108 | 4100 |

## കാർഷികവിളക്രമം:

ഞാററു വേലയും പക്കവും മററും നോക്കിയായിരുന്നു പുരാതനകൃഷി. 'കന്നിക്കൊയ്ത്തും' 'മകരക്കൊയ്ത്തും' ഇന്ന് മററ് മാസങ്ങളിലായിരിക്കുന്നു. തേക്കുപാട്ടും, കൊയ്ത്തുപാട്ടും, ഞാററുപാട്ടും ഇന്ന് മറന്നിരിക്കുന്നു. കുളങ്ങളിൽ നിന്ന് തേക്കുകൊട്ട ഉപയോഗിച്ച് വെള്ളം തേകിയിരുന്നു. ഇന്ന് ഈ സമ്പ്രദായം കാണ്മാനേ ഇല്ല. കുരുമുളകുവള്ളിയും മററും നട്ടിരുന്നത് പണ്ട് ഞാററുവേലക്കാലത്തായിരുന്നു. ഇന്ന് ഈ കൃഷി തന്നെ ഇല്ലാതായിരിക്കുന്നു എന്നു പറയാം. 'പുത്തരി ഊണും' മററും ജനം മറന്നിരിക്കുന്നു. ആധുനിക കൃഷി രീതിയും മററും ഇതിനെ മാററിമറിച്ചു.

## ഉല്പാദനവും ഉല്പാദനക്ഷമതയും:

ജനസംഖ്യാ വർദ്ധനവിനനുസരിച്ച് കൃഷിയിടങ്ങളെ തുണ്ടം തുണ്ടമായി മുറിക്കേണ്ടിവന്നു. ഇത് ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാന ശരാശരി വച്ച് നോക്കുമ്പോൾ തെങ്ങ്, നെല്ല്, കമുക് ഇവയുടെ ഉല്പാദനം ഇവിടെ കുറഞ്ഞു വരുന്നു. റബ്ബർ, കന്നാര എന്നിവ കൂടിയും വരുന്നു. തോട്ടവിളകളുടെ ചോലയും ജലദൗർലഭ്യവും നെൽകൃഷിയെ ബാധിച്ചിട്ടുണ്ട്. കന്നാര, റബ്ബർ തുടങ്ങിയ കൃഷികൾ ജലനിരപ്പ് താഴുന്നതിനും ഇടയാക്കിയിട്ടുണ്ട്. യഥാസമയം നല്ലയിനം വിത്തുകളും വളവും ലഭ്യമാകാത്തതും ഉല്പാദനം കുറയുവാൻ കാരണമായി.. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും, കൃഷിയോട് യുവാക്കൾക്കിടയിലുള്ള വൈമുഖ്യവും ഉല്പാദനച്ചെലവ് കൂടിയതും ഉല്പാദനത്തെ ദോഷകരമായി ബാധിച്ചു. അമിത രാസവസ്തു പ്രയോഗവും, ആവർത്തനകൃഷിയും മണ്ണൊലിപ്പും ഉല്പാദനക്ഷമത കുറയുവാൻ കാരണമായിട്ടുണ്ട്. ഇന്ന് മണ്ണിനെ ചൂഷണം ചെയ്യുന്നൊരവസ്ഥയാണുള്ളത്.

### പട്ടിക 4

വിള വിസ്തീർണ്ണവും ഉത്പാദനവും (Ref: അടിസ്ഥാന വിവര രജിസ്ററർ)

| വിള | വിസ്തീർണ്ണം (Ha) | മൊത്തം ഉത്പാദനം (M.T.) | ഉത്പാദന ക്ഷമത (ഹെക്ടറിൽ) (M.T.) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 240 | 528 | 2.2 |
| നെല്ല് (രണ്ടാം വിള) | 228 | 506 | 2.3 |
| നെല്ല് (മൂന്നാം വിള) | | | |
| പയർ | 20 | 15.62 | 781 kg. |
| എള്ള് | 4 | 1024 kg. | 256 kg. |
| പച്ചക്കറികൾ | 8 | 25.6 mt | 3.2 ton |
| തെങ്ങ് | 320 | 16.6 lakh | 5200 nuts |
| വാഴ | 80 | 54 | 7.0 mt |
| മരച്ചീനി | 35 | 350 | 10 |
| കുരുമുളക് | 90 | 20.280 | 225 kg. |
| പ്ലാവ് | 4 | 40 mt | 10 mt |
| കശുമാവ് | 1 | 908 kg. | 908 kg. |
| മാവ് | 5.2 | 20.8 | 4 |
| റബ്ബർ | 710 | 461.5 mt | 650 kg. |
| കവുങ്ങ് | 24 | 39.7 millon | 165 kg |
| ഇഞ്ചി | 30 Ha | 94 | 3.2 |
| കന്നാരച്ചക്ക | 508 | 8179 | 16.1 |
| മഞ്ഞൾ | 19 | 38 mt | 2 |

## ജലസേചന സൗകര്യങ്ങൾ:

കാർഷിക മേഖലയിൽ ജലസേചന സൗകര്യങ്ങൾ ഇന്ന് തീർത്തും അപര്യാപ്തമാണ്. ജലസേചനത്തിന് പ്രകൃത്യാ ഉള്ള സൗകര്യങ്ങൾ അഞ്ചോ ആറോ മാസങ്ങളിലേക്ക മാത്രമേ ലഭ്യമാകുന്നുള്ളൂ. വേനൽക്കാലത്ത് കുടിവെള്ളം പോലും ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുമ്പോൾ വിളകൾ നനസ്സതിനുള്ള വെള്ളത്തെപ്പററി ചിന്തിക്കുവാൻ പോലും സാദ്ധ്യമല്ലല്ലോ! ജലചേനസൗകര്യങ്ങളുടെ അഭാവം നിമിത്തം നെൽകൃഷിയിടങ്ങളുടെ വിസ്തീർണ്ണം കറയുവാൻ കാരണമായിട്ടുണ്ട്. റബ്ബർകൃഷിയും കന്നാര കൃഷിയും കൂടുതൽ ജലം ആഗിരണം ചെയ്യുന്നതും ഈ പ്രദേശത്തെ ജല സ്രോതസ്സുകൾ വററുന്നതിന് ഇടയാക്കിട്ടുണ്ട്. ഏകദേശം 15 കി. മീ. നീളത്തോളം നമ്മുടെ പഞ്ചായത്തിനെ ചേർന്നുകിടക്കുന്ന നദികളിൽനിന്നും ജലം സംഭരിച്ച് ഉപയോഗിക്കുന്നതിനുള്ള യാതൊരു പദ്ധതികളും പഞ്ചായത്തിലില്ല. കാവന അമ്പലകടവ്, രണ്ടാർകക്കാട്ട്താഴ്, കാവന മത്തിൽക്കടവ് എന്നീ മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പൂർത്തികരിച്ച് ജലമെത്തിക്കുന്നതിന് ആവശ്യമായ സാഹചര്യം ഇനിയും സംജാതമായിട്ടില്ല.

## ഉൽപ്പന്നവിലയും വിപണനവും:

പഞ്ചായത്തിൽ കാർഷിക ഉൽപന്നങ്ങൾ വിററഴിക്കുന്നതിന് പൊതുചന്തകൾ ഒന്നും തന്നെ നിലവിലില്ലെന്ന് പറയാം. സ്വകാര്യ കച്ചവടക്കാരെ ആശ്രയിച്ച് മാത്രമാണ് കൃഷിക്കാർ അവരുടെ ഉൽപന്നങ്ങൾ വിററഴിക്കുന്നത്. ഭൂരിപക്ഷം ഉൽപന്നങ്ങളുടെയും വില നിർണ്ണയിക്കുന്നത് അമിതലാഭമോഹികളായ കച്ചവടക്കാരാണ്. ഏകദേശം പകുതിയോളം വില മാത്രമാണ് കർഷകന് ലഭ്യമാകുന്നത്. 'മൂവാററുപുഴ റബ്ബർ മാർക്കററിംഗ് സൊസൈററി' മൂവാററുപുഴ കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ സൊസൈററിയുടെ പ്രവർത്തനപരിധിയിലുള്ള സംഭരണ കേന്ദ്രങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നിലവിലില്ല. പൊതുവായ വിപണി സൗകര്യം ഉണ്ടാകുന്നതിലൂടെ മാത്രമേ കർഷകർക്ക് കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാകുകയുള്ളൂ. റബ്ബർ ഇറക്കുമതിയുടെ ഭീക്ഷണി എന്നും നമ്മുടെ റബ്ബർ കൃഷിക്കാരുടെ ഉൽപ്പന്ന വിലയിൽ വമ്പിച്ച ഇടിവുണ്ടാക്കിയിട്ടുള്ള ഒരു ഘടകമാണ്. ഈ പ്രദേശത്തെ കൃഷിക്കാരുടെ മുഖ്യ വരുമാനം ഇപ്പോൾ പൈനാപ്പിൾ കൃഷിയിൽ നിന്നാണ്. പൈനാപ്പിളിന്റെ വിലയും കുത്തക വ്യാപാരികളുടെ നിയന്ത്രണത്തിലാണ്. കൃഷിക്കാരുടെ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിന്റെ സഹായത്തോടെ ഈ പഞ്ചായത്തിലെ നടുക്കരയിലാരംഭിക്കുവാൻ പോകുന്ന പഴ സംസ്ക്കരണകേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ഇതിന്റെ പൂർത്തീകരണം ഇവിടുത്തെ പൈനാപ്പിൾ കർഷകരുടെ വിപണനരംഗത്തെ അനിശ്ചിതാവസ്ഥക്ക് പരിഹാരം കാണുന്നതിനും ഒരു പരിധിവരെ സഹായകമാകുമെന്ന് പ്രത്യാശിക്കാം.

## കാർഷികബന്ധങ്ങൾ

ഇവിടുത്തെ കാർഷികമേഖലയിൽ സ്വയം പണിയെടുക്കുന്ന ആളുകളുടെ എണ്ണം തുലോം പരിമിതമാണ്. കർഷകകുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ മണ്ണിൽ പണിയുന്നതിനിപ്പോൾ വിമുഖത കാണിക്കുന്നു. കൃഷിഭൂമികളിൽ കർഷക തൊഴിലാളികളെ മാത്രം ആശ്രയിച്ച് കൃഷി നടത്തേണ്ട അവസ്ഥ കാർഷികപുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. ഇവിടെയുള്ള 40% കൃഷിക്കാരിൽ കേവലം 10% കർഷകർ മാത്രമെ നേരിട്ടു കൃഷിയിൽ പണിയെടുക്കുന്നുള്ളൂ. ബാക്കിയുള്ള 30% കർഷകരും കർഷകത്തൊഴിലാളികളെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. സ്വകാര്യ വ്യാപാരികളുടെ ചൂഷണവും, കർഷകത്തൊഴിലാളികളുടെ അമിത കൂലിയും ചേരുമ്പോൾ കൃഷിക്കാരൻ ലാഭനഷ്ടചിന്തക്ക് വിധേയനാവുകയും ലാഭമില്ലാത്ത കൃഷി ഉപേക്ഷിക്കാൻ നിർബ്ബന്ധിക്കാൻ ഇടയാവുകയും ചെയ്യുന്നു. ഇത് കാർഷികമേഖലയുടെ ഉൽപാദന മുരടിപ്പിന് കാരണമായിട്ടുണ്ട്.

## കൂലിസേവനവ്യവസ്ഥകൾ

ഈ പ്രദേശത്ത് കൃഷിമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം ഏറെ കാണുന്നു. കൂലിനിരക്കുകളും മററു പല പ്രദേശങ്ങളെ അപേക്ഷിച്ചു കൂടുതലാണെന്നും മനസിലാക്കുന്നു. ശരാശരി പഞ്ചായത്തി

ലെ കൂലിനിരക്ക്:
പുരുഷന് 100 രൂപയും
ആകുന്നു.
സ്ത്രീക്ക് 75 രൂപയും
കൊയ്ത്തുമെതി തുടങ്ങിയ ജോലികളിപ്പോൾ 'പതമ്പ്' അടിസ്ഥാനത്തിലാണ് ചെയ്തു വരുന്നത്. നല്ല വിളവുള്ള നെല്ലുകൾക്ക് ഇപ്പോൾ 5:1 പതമ്പ് കൊടുക്കേണ്ടി വരുന്നതാണ്. വിളവ് അല്പം മോശമെന്നു കണ്ടാൽ കൊയ്തു തരാൻ വിസമ്മതിക്കുന്ന അവസ്ഥയും ആണുള്ളത്. നെൽകൃഷി ഉപേക്ഷിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. നെൽകൃഷിയുടെ കുറവിന് ഇത് മുഖ്യ കാരണമായി കാണുന്നു.

തെങ്ങ് കയററതൊഴിലാളിക്ക് ഇപ്പോൾ തെങ്ങിന് ശരാശരി 4 രൂ. നിരക്കും കള പറിച്ച് കുല കെട്ടുന്നതിന് 6 രൂപ നിരക്കുമാണെന്നു കാണുന്നു. ഇതും കേരകർഷകരെ വളരെ നിരാശപ്പെടുത്തുന്നു. പ്രത്യേകിച്ചു തെങ്ങിൻെറ രോഗം മൂലം വിളവു ശോഷണം സംഭവിച്ചിരിക്കുന്നു. കാർഷികമേഖലയിലെ മറെറാരു മുഖ്യമായ ഒരു തൊഴിലവസരം റബ്ബർ ടാപ്പിംഗ് ആണ്. ഈരംഗത്തുള്ള തൊഴിലാളികൾക്ക് സ്ത്രീപുരുഷഭേദമെന്യേ 100 മരത്തിന് 25 രൂപ നിരക്കിൽ കൂലി കൊടുത്തു വരുന്നു. ഇപ്പോൾ റബ്ബറിന് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലയിടിവു റബ്ബർ കർഷകരെ ബുദ്ധിമുട്ടിലാക്കുന്നു.

പുതിയ തലമുറയിൽപ്പെട്ട ചെറുപ്പക്കാർ ഈ തൊഴിൽ പരിശീലിക്കുന്നതിനോ ഈ തൊഴിൽ രംഗത്തേക്ക് കടന്നുവരുന്നതിനോ താത്പര്യം കാണിക്കുന്നില്ല. ഈ അവസ്ഥ തുടർന്നാൽ റബ്ബർ കർഷകരുടെ മേഖലയിലും തൊഴിലാളികൾ ഉണ്ടാവാത്ത അവസ്ഥ നിലവിൽ വരും.

## രാസവള–കീടനാശിനി–പ്രയോഗം

മുഖ്യമായി രാസവളമാണ് ഇവിടെയുള്ള കർഷകർ ഉപയോഗിച്ചുപോരുന്നത്. കമ്പോസ്ററ വളനിർമ്മാണങ്ങളോ, കാലിവളങ്ങളോ, പച്ചിലവളങ്ങളോ പഞ്ചായത്തിൽ വേണ്ടത്ര ലഭ്യമല്ല. കുറച്ച് ഉണ്ടെങ്കിൽപോലും അതു നെൽകൃഷിക്കോ മററു കൃഷികൾക്കോ ഉപയോഗിക്കുന്നതിന് വലിയ കൂലിച്ചിലവ് വേണ്ടിവരുമെന്നതിനാൽ കർഷകർ കൂടുതലും രാസവളങ്ങളേയും മററുമാണ് ആശ്രയിക്കുന്നത്. ഈ അനാസ്ഥ നമ്മുടെ മണ്ണിൻെറ ഘടനയേയും, ഉല്പാദനക്ഷമതയേയും പരിസ്ഥിതിയേയും വളരെ കാര്യമായി ബാധിക്കുന്നുണ്ട്. കുറേശ്ശെ ആണെങ്കിലും കർഷകർ ഇപ്പോൾ ജൈവവളപ്രയോഗത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നതായി കാണുന്നു. പുരയിടങ്ങളിൽ പാഴായിപ്പോകുന്ന കരിയിലയും, അടുക്കളയിൽനിന്നും മററുമുള്ള അവശിഷ്ടങ്ങളും, ചാണകവും എല്ലാം അവരവരുടെ കുടുംബത്തിൽതന്നെ ഒരു കുഴിയിലിട്ടു കമ്പോസ്ററ് വളം ഉണ്ടാക്കാൻ കഴിഞ്ഞാൽ ആയിരക്കണക്കിന് ടൺ ജൈവവളം ഉണ്ടാക്കാൻ കഴിയുമെന്നും ഒരു പരിധിവരെ ഈ വളപ്രയോഗം നമ്മുടെ പരിസ്ഥിതിക്ക് ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുന്ന ദോഷഫലങ്ങൾക്ക് അറുതി വരുത്തുവാനും മണ്ണിൻെറ ഘടനയിൽ ഉല്പാദനക്ഷമത പുഷ്ടിപ്പെടുത്തുവാനും ഉതകുന്നതാണ്.

### പട്ടിക 5

3.3 രാസവള–കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993–94 രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | ഖരം | 1994–95 രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | ഖരം | 1995–96 രാസവളം കി. ഗ്രാം | കീടനാശിനി ദ്രവം | ഖരം |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം (സർവ്വീസ് സഹകരണ സംഘം ആനിക്കാട് ആവോലി) സ്വകാര്യം | 202 | 450 | 18 | 204 | 890 | 32 | 218 | 780 | 160 |

## നടപ്പുപദ്ധതികളുടെ അവലോകനം:

| വർഷം | തുക |
|---|---|
| 1992–93 | 364521 |
| 1993–94 | 163752 |
| 1994–95 | 472331 |
| 1995–96 | 397891 |
| 1996–97 | 252000 |

(അവലംബം : കൃഷി ഭവനം, ആനിക്കാട്)

| Sl. No. | പദ്ധതിയുടെ പേര് | എണ്ണം | തുക | Remarks. |
|---|---|---|---|---|
| | **92—93** | | | |
| 1 | ബയോഗ്യാസ് | 5 | 30100 | |
| 2 | പ്രാദേശിക വിള വികസനം (ചെറുകിട, പരിമിത കർഷകൻ) | 62 | 50579 | |
| 3 | നെൽകൃഷി രാസവള സബ്സിഡി | 113 | 9461 | |
| 4 | പ്രകൃതിക്ഷോഭം | 116 | 100552 | |
| 5 | രാസവള വില വർദ്ധന സഹായം | 473 | 36817 | |
| 6 | കുരുമുളക് മിനിക്കിറ്റ് | 225 | 15000 | |
| 7 | പട്ടികജാതി ക്ഷേമം | 148 | 16527 | |
| 8 | ഊർജിത നെൽകൃഷി വികസനം | 24 | 15209 | |
| 9 | പ്രാദേശിക കാർഷിക വികസനം | 77 | 60000 | |
| 10 | സമഗ്ര നാളികേര വികസന പദ്ധതി | 9 | 17126 | |
| 11 | ജൈവ വള വികസനം | 239 | 5950 | |
| 12 | പച്ചക്കറി വികസനം | 110 | 550 | |
| 13 | പയർകൃഷി വികസനം | 55 | 6650 | |
| | | | | 364521 |
| | **93—94** | | | |
| 1 | കിണർ പമ്പ് സെററ് | 2 | 6400 | |
| 2 | പ്രകൃതിക്ഷോഭം | 70 | 10020 | |
| 3 | ഊർജിത നെൽകൃഷി വികസനം | 153 | 6642 | |
| 4 | പട്ടിക ജാതി ക്ഷേമം | 148 | 34420 | |
| 5 | ബയോഗ്യാസ് | 3 | 7800 | |
| 6 | കൊക്കോ വികസനം | 10 | 3999 | |
| 7 | പ്രാദേശിക വിള വികസനം | 122 | 50000 | |
| 8. | സുഗന്ധവിള വികസനം | 6 | 2700 | |
| 9. | പച്ചക്കറി വികസനം | 939 | 9975 | |
| 10. | പയർ കൃഷി വികസനം | 89 | 4060 | |
| 11. | ജൈവവള വികസനം | 125 | 3825 | |
| 12. | നെൽകൃഷി രാസവള സബ്സിഡി | 214 | 22371 | |
| | | | | 163752 |
| 13. | | | | |
| | **94—95** | | | |
| 1. | പ്രകൃതിക്ഷോഭം | 123 | 297301 | |
| 2. | നെൽകൃഷി ഉൽപാദന ബോണസ് | 474 | 50000 | |
| 3. | സമഗ്ര നാളികേര വികസന പദ്ധതി | 86 | 17500 | |
| 4. | ബയോഗ്യാസ് | 7 | 17600 | |
| 5. | പട്ടികജാതി വികസനം | 148 | 5280 | |
| 6. | എണ്ണക്കുരു വികസനം | 26 | 4680 | |
| 7. | പട്ടികജാതി വികസനം. കിണർ / കയ്യാല | 5 | 30000 | |

| | | | |
|---|---|---|---|
| 8. | പയർകൃഷി വികസനം | 54 | 5220 |
| 9. | കൊക്കൊ കൃഷി വികസനം | 10 | 2000 |
| 10. | കണിക ജലസേചനപദ്ധതി | 2 | 30000 |
| 11. | കുരുമുളക് വികസനം | 58 | 12750 |
| | | | 47233 |

## 1995—96

| | | | |
|---|---|---|---|
| 1. | പ്രകൃതിക്ഷോഭം | 101 | 68695 |
| 2. | കണിക ജലസേചനം | 1 | 15000 |
| 3. | നെൽകൃഷി ഉൽപാദന ബോണസ് | 420 | 50000 |
| 4. | ജൈവ വള വികസനം | 160 | 4000 |
| 5. | പട്ടികജാതി വികസനം | 148 | 29427 |
| 6. | ബയോഗ്യാസ് | 3 | 7800 |
| 7. | കൊക്കൊ കൃഷി വികസനം | 10 | 2000 |
| 8. | അംഗീകൃത നേഴ്സറി | 1 | 2000 |
| 9. | സുഗന്ധവിള വികസനം | 110 | 14390 |
| 10. | പച്ചക്കറി വികസനം (സ്കൂൾ തലത്തിൽ) | 3 | 450 |
| 11. | എണ്ണക്കുരു വികസനം | 46 | 1500 |
| 12. | ഗ്രീൻ ഹൗസ് | 2 | 37500 |
| 13. | സമഗ്രനാളികേര വികസന പദ്ധതി | 86 | 88500 |
| 14. | പയർ കൃഷിവികസനം | 214 | 3480 |
| | | | 397891 |

## 1996–97

| | | | |
|---|---|---|---|
| 1. | സമഗ്ര നാളികേര വികസന പദ്ധതി | | 212000 |
| 2. | ബയോ ഗ്യാസ് | 5 | 10500 |
| 3. | സുഗന്ധ വിള വികസനം | 58 | 6500 |
| 4. | നെൽകൃഷി ഉത്പാദന ബോണസ് | | 20000 |
| | | | 252000 |

## പ്രശ്നങ്ങൾ

### പ്രശ്നങ്ങൾ

1. കാർഷിക മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം
2. ഉല്പാദനച്ചെലവ് ഉല്പന്നത്തിന്റെ വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ നഷ്ടത്തിൽ കലാശിക്കുന്ന അവസ്ഥ.
3. ഉല്പന്നങ്ങൾ ന്യായമായ വിലക്ക് വിററഴിക്കാനുള്ള പൊതുവിപണിയുടെ അഭാവം.
4. കാർഷിക ഉല്പന്നങ്ങളുടെ സംസ്കരണ സൗകര്യമില്ലായ്മ.
5. ജലസേചന സൗകര്യം വേണ്ടത്ര ലഭ്യമല്ല
6. വൈദ്യുതി രംഗത്തെ പ്രതിസന്ധി
7. മണ്ണൊലിപ്പു തടയുന്നതിനുള്ള നടപടിയുടെ അപര്യാപ്തത.
8. മണ്ണിന്റെ ഫലഭൂയിഷ്ടി ഇല്ലായ്മയും മണ്ണു പരിശോധന കേന്ദ്രങ്ങളുടെ അഭാവവും.
9. രാസവളങ്ങളുടെയും കീടനാശിനികളുടെയും അടിക്കടിയുള്ള വിലക്കയററം
10. തെങ്ങുകളെ ബാധിച്ചിരിക്കുന്ന രോഗ, കീടബാധകൾ
11. നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം
12. തൊടുപുഴയാറിന്റെ ഓരങ്ങളിൽ മണ്ണിടിച്ചിൽ മൂലം മണ്ണ് ഒലിച്ചുപോകുന്നു.

13. വ്യാപകമായി പാടങ്ങൾ നികത്തപ്പെട്ടു കൊണ്ടിരിക്കുന്നു. ഇത് ജലസ്രോതസി നെ നശിപ്പിക്കുന്നു.

14. ജൈവവളങ്ങൾ കിട്ടാനില്ല.

15. കൃഷി ഭവനിൽനിന്നും വേണ്ടത്ര സഹാ യങ്ങൾ കർഷകർക്ക് ലഭിക്കുന്നില്ല.

16. വായ്പാ സൗകര്യങ്ങൾ കുറേക്കൂടി ലളി തമാക്കി സബ്സിഡി സൗകര്യങ്ങൾ ഉയർത്തണം.

17. മഴവെള്ളം സംഭരിച്ച് ഉപയോഗപ്പെടു ത്തുവാൻ സാഹചര്യങ്ങൾ ഇല്ല.

81. വായ്പകളുടെ പലിശനിരക്ക് കൂടുത ലാണ്.

19. ഉല്പാദന-ഉല്പാദനേതര ആവശ്യങ്ങൾ വിവേചിച്ചറിയാതെയുള്ള വായ്പാ വി തരണം.

20. ഉല്പാദന ക്ഷമത കുറഞ്ഞുവരുന്നു.

21. ആവശ്യമായ യന്ത്രോപകരണങ്ങൾ കിട്ടാ നില്ല.

22. വിള ഇൻഷുറൻസ് പദ്ധതികൾ കാര്യ ക്ഷമമല്ല.

## സാദ്ധ്യതകൾ

1. പുതിയ തലമുറയിലെ യുവതീയുവാക്ക ളിൽ കാർഷിക പ്രവൃത്തിയോടുള്ള താൽ പര്യം വർദ്ധിപ്പിക്കുക.

2. പൊതുവിപണി സൗകര്യംവഴി കാർഷി ഉൽപന്നങ്ങൾ ന്യായവിലക്ക് വിററഴിക്കാ ൻ കഴിയണം.

3. കാർഷിക വിളകൾ സംസ്കരിക്കുന്നതി നും ദീർഘനാൾ ശേഖരിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

4. തൊടുപുഴയാറിൽ നിന്നും 'ലിഫ്ററ് ഇറിഗേഷൻ പദ്ധതി'കൾ വഴി പഞ്ചാ യത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ വെ ള്ളമെത്തിക്കുക.

5. ആനിക്കാടു ചിറയുടേയും പൂതക്കുഴി ചിറയുടേയും മുണ്ടങ്ങാടിൽ ചിറയു ടെയും അനേകം പൊതുകുളങ്ങളു ടേയും അററകുററപ്പണികൾ നടത്തി പ മ്പിംഗ് സൗകര്യം ഏർപ്പെടുത്തണം.

6. വോൾട്ടേജ് ക്ഷാമം പരിഹരിച്ച്കൊണ്ടും കാർഷികരംഗത്തെ വൈദ്യുതി ചാർജ് ഒഴി വാക്കിക്കൊണ്ടും ജലസേചന സാദ്ധ്യത വർദ്ധിപ്പിക്കണം.

7. മണ്ണൊലിപ്പു തടയുന്നതിനുള്ള ഇടക്കാല കയ്യാലകൾ, പുറം കയ്യാലകൾ നിർമ്മി ക്കുന്നതിന് സാമ്പത്തികസഹായം നൽ കണം. ഇതുവഴി മേൽമണ്ണ് ഒലിച്ചു പോകുന്നത് തടയുന്നതിനും മണ്ണിന്റെ ഫലഭൂയിഷ്ഠി നഷ്ടമാകാതിരിക്കുന്ന തിനും സാധിക്കുന്നു.

8. ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന തോടു കളുടെ ഇരുകരകളും കെട്ടി ജലസ്രോത സുകൾ നഷ്ടപ്പെടാതെ ജലസേചനസൗ കര്യം വർദ്ധിപ്പിക്കാൻ ശ്രമിക്കണം.

9. രാസവളങ്ങളുടെ സബ്സിഡി 50% എങ്കിലും ആയി നിജപ്പെടുത്തണം.

10. രോഗബാധിത തെങ്ങുകൾ വെട്ടിമാററി പകരം അത്യുല്പാദന ശേഷിയുള്ള തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നതിന് തെങ്ങൊന്നിന് 500 രൂപ വീതം സഹായ ധനം അനുവദിക്കണം.

11. പ്രകൃതി ക്ഷോഭങ്ങളിൽ കർഷകർക്കുണ്ടാ വുന്ന നാശനഷ്ടങ്ങൾക്ക് അന്നന്നത്തെ നിരക്കനുസരിച്ച് സഹായധനം നൽക ണം.

12. കാർഷിക വിളകൾക്ക് ഇന്ന് ഏർപ്പെടു ത്തിയിരിക്കുന്ന വിള ഇൻഷ്വറൻസ് അ ശാസ്ത്രീയവും അപ്രായോഗികവും ആ ണെന്നു കാണുന്നു. വിളനാശം ഒരു ദേ ശീയ നഷ്ടമായി പരിഗണിച്ച് കൃഷി ക്കാർക്ക് നഷ്ടപരിഹാരം കിട്ടുവാനുള്ള നടപടി സ്വീകരണം എല്ലാ നെൽകൃഷി കൾക്കും.

18. എല്ലായിനം കൃഷിക്കാർക്കും ജലസേചന സൗകര്യത്തിന് കിണറുകൾ കുഴിക്കുന്ന തിനും പമ്പ് സെററുകൾ വാങ്ങുന്നതി നും 50% സബ്സിഡി കൊടുക്കേണ്ടതും ആകുന്നു.

14. നാളീകേരത്തിന് ന്യായമായ വില ഉറ പ്പാക്കണം.

15. നെല്ലുല്പാദകർക്ക് നൽകുന്ന ആനുകൂ ല്യങ്ങൾക്കെല്ലാം 50% സബ്സിഡി.

16. രണ്ടാർ ഉപ്പുകുഴി പാടശേഖരങ്ങൾ.

17. വെള്ളം കെട്ടിക്കിടക്കുന്നത് കനാൽ നിർമ്മിച്ച് പുഴയിലേക്കൊഴുക്കി ഈ പാടങ്ങ ൾ കൃഷിയോഗ്യമാക്കണം.

18. ഈ പഞ്ചായത്തിലെ പൊതുകുളങ്ങൾ നാശപ്പെട്ടുകൊണ്ടിരിക്കുകയാണ്. അത് അററകുററപണിയാൽ പൂർത്തീകരിച്ച് ജലം ഒഴുകിപ്പോകുന്നത് തടഞ്ഞുനിർത്തി ജലസേചന യോഗ്യമാക്കിത്തീർക്കണം.

19. റബ്ബറിന് തറവില നിശ്ചയിക്കണം.

20. പച്ചക്കറികൃഷി ഓരോ കർഷക കുടുംബങ്ങളിലും വ്യാപകമാകുന്നതിനും അതിലൂടെ പച്ചക്കറിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും സാധിക്കണം. ഇതിനായിട്ടുള്ള നല്ലയിനം പച്ചക്കറി വിത്തുകളും, വളവും കുറഞ്ഞ വിലക്ക് ലഭ്യമാക്കാനുള്ള പദ്ധതി ഉണ്ടാകണം.

21. നെൽകൃഷിക്കാർക്ക് ഇന്നു നൽകികൊണ്ടിരിക്കുന്ന സബ്സിഡി സംവിധാനം ഈ കൃഷിയെ ഒരു തരത്തിലും പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ളതല്ല. നിലവിൽ സെൻെറാന്നിൽ Rs. 1/– ക്രമത്തിലുള്ള Rs. 10/– ആകയോ, അല്ലെങ്കിൽ 50% സബ്സിഡി നിരക്കിൽ രാസവളവും കീടനാശിനിയും, വിത്തുകളും നൽകേണ്ടതാണ്. അത്യുല്പാദനശേഷിയുള്ള നല്ലയിനം വിത്തുകൾ കാലാകാലങ്ങളിൽ ലഭിക്കുന്നില്ല എന്നുള്ളത് നെല്ലിൻെറ വിള ഉല്പാദനത്തെ ഇപ്പോൾ സാരമായി ബാധിക്കുന്നു.

22. നല്ലയിനം കൃഷിക്കാവശ്യമായ എല്ലാ തരം വിത്തിനങ്ങളും, തൈകളും ഉള്ള ഒരു നേഴ്സറി ഇവിടുത്തെ കൃഷി ഭവൻെറ കീഴിൽ ഉണ്ടാകേണ്ടതാണ്.

23. കൃഷി ഭവൻ ഉദ്യോഗസ്ഥരുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും കർഷകർക്ക് യഥാസമയം ലഭ്യമാക്കണം.

24 തരിശുഭൂമി കൃഷിയോഗ്യമാക്കുക

25 ദീർഘകാല വിളകൾക്കിടയിൽ അഥവാ തോട്ട വിളകൾക്കിടയിൽ ഇടവിളകൾ കൃഷി ചെയ്യുക

## രോഗങ്ങൾ

പഞ്ചായത്തിലെ വിവിധ കാർഷിക വിളകൾക്ക് കണ്ടുവരുന്ന രോഗങ്ങൾ നിരവധിയാണ്. ചീക്ക്, പട്ടമരപ്പ്, പുള്ളിക്കുത്ത് തുടങ്ങിയവ റബ്ബർ കൃഷിയിലും; കൂമ്പുചീയൽ, പ്ലേഗ്, കാററുവീഴ്ച എന്നീ രോഗങ്ങൾ തെങ്ങിനും; കമുകിന് മഹാളി രോഗവും ബാധിച്ചിട്ടുണ്ട്. കുരുമുളകിന് മഹാളി, വേരുചീയൽ, ദ്രുതവാട്ടം എന്നിവയും; വാഴക്ക് പ്ലേഗും, കൂമ്പു ചീയലും; നെല്ലിന് നിരവധി കീടങ്ങളുടെ ഉപദ്രവം മൂലമുള്ള രോഗങ്ങളും; പൈനാപ്പിളിന് വേരുചീയൽ, പോളവാട്ടം എന്നിവയും കാണുന്നു. ജാതി കൃഷിക്ക് കായ്പൊഴിയൽ, വാട്ടം എന്നീ രോഗങ്ങളും കണ്ടുവരുന്നു.

## വായ്പാ സൗകര്യങ്ങൾ

ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് ലഭിക്കുന്ന വായ്പകളിലും മററും വ്യവസ്ഥാപിതമായ മാററം വരുത്തേണ്ടതുണ്ട്. വായ്പ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും നടപടിക്രമങ്ങൾ കൂടുതൽ ലളിമാക്കുകയും ചെയ്യണം.

## കർഷക സംരംഭങ്ങൾ

പഞ്ചായത്തിൽ കേരവികസന സമിതികളും, പാടശേഖര സമിതികളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കര സംരക്ഷണ സമിതിയും, കുരുമുളകു സംരക്ഷണ സമിതിയും, റബ്ബർ ഉല്പാദക സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കർഷകസംരംഭങ്ങൾ എന്ന നിലയിൽ സ്ഥാപിതമായിട്ടുള്ള ഈ സമിതികളൊന്നും തന്നെ ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ പ്രവർത്തിക്കുന്നവയല്ല.

## വിള വൈജാത്യം

ഒരേ സ്ഥലത്ത് മാറിമാറിയുള്ള കൃഷിയിനങ്ങൾ ഉല്പാദിപ്പിക്കുന്ന നടപടിക്ക് പ്രചോദനം കൊടുക്കണം. മണ്ണിൻെറ വളക്കൂറ് വർദ്ധിപ്പിക്കുവാൻ ഇത് ഇടയാക്കും.

## പുഷ്പ കൃഷി

വരും കാലങ്ങളിൽ വളരെയധികം കയററുമതി സാദ്ധ്യതകളുള്ള പുഷ്പങ്ങാം കൃഷി ചെയ്യുന്നതിനുള്ള സാദ്ധ്യതകാം പഞ്ചായത്തിൽ കാണുന്നുണ്ട്. മനുഷ്യന്റെ മനോഭാവത്തിൽ വരെ മാററം വരുത്തുന്ന ഈ കൃഷി തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിനും, വനിതകാംക്ക് മുൻകൈയ്യെടുത്ത് നടത്തുവാനാകുന്നതുമാകയാൽ ഈ മേഖലയിൽ വേണ്ടത്ര അറിവും മററും പകർന്നു കൊടുത്ത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'നിർമ്മല സദനിൽ' വാണിജ്യാടിസ്ഥാനത്തിൽ ചെയ്തു വരുന്ന ഷുഷ്പകൃഷി ഇതിനൊരു മാതൃകയാണ്.

കൂൺകൃഷി നടത്തുന്നതിനു വേണ്ട അറിവുകാം നല്കി സ്വയം തൊഴിലവസരങ്ങാം സൃഷ്ടിക്കപ്പെടുന്ന ഈ കൃഷിയേയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇതിനുള്ള സാദ്ധ്യതകളും കണ്ടുവരുന്ന നമ്മുടെ പഞ്ചായത്തിൽ ഔഷധസസ്യ കൃഷിയും പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ പുരോഗതി നമ്മുടെ കാർഷിക മേഖലയുടെ വികസനത്തിലധിഷ്ഠിതമാണ്.

# മൃഗസംരക്ഷണവും മത്സ്യം വളർത്തലും

## മൃഗസംരക്ഷണം

കന്നുകാലികളുടെ ഗുണമേന്മയിൽ കഴിഞ്ഞ നാലു ശതാബ്ദങ്ങൾക്കുള്ളിൽ പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നാൽ എണ്ണത്തിൽ ഏതാണ്ട് 50%ത്തോളം കുറവ് വന്നിട്ടുണ്ട്. സങ്കരയിനം കന്നുകാലികളിൽ പഴയ നാടൻ കന്നുകാലികളെ അപേക്ഷിച്ച് രോഗബാധ കൂടുതലായി കണ്ടുവരുന്നുണ്ട്. പാലുല്പാദനത്തെ മാത്രം ലക്ഷ്യമാക്കിയാണ് ഇപ്പോൾ കന്നുകാലികളെ വളർത്തിവരുന്നത്. ആട്, പോത്ത് എന്നിവകൾ ചുരുക്കമായി മാത്രമെ ഇപ്പോൾ വളർത്തുന്നുള്ളൂ. മേച്ചിൽ സ്ഥലങ്ങളുടെ അപര്യാപ്തതയാണ് ഇതിനു കാരണം. കന്നുകാലിത്തീററകളുടെ വിലവർദ്ധനവ് കാലിവളർത്തൽ പ്രയാസകരമായി തീർന്നിട്ടുണ്ട്. കാലിപുൽകൃഷി നടത്തുന്നതിനുള്ള സ്ഥലപരിമിതിയും കാലികൃഷിക്ക് അനുകൂലമല്ല. ക്ഷീരവ്യവസായം ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരിമിതമായ തോതിൽ മാത്രമേ ഇന്നുള്ളൂ. ഉല്പാദന ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ പാലിനു കൃഷിക്കാർക്കിന്ന് ലഭിക്കുന്ന വില പര്യാപ്തമല്ല. എന്നാൽ ഉപഭോക്താവിന് വലിയ വില കൊടുക്കേണ്ടതായി വരുന്നു. ഈ പഞ്ചായത്തിൽ രണ്ട് ക്ഷീരോത്പാദക സംഘങ്ങളാണ് പ്രവൃത്തിക്കുന്നത്. പഞ്ചായത്തിൻെറ പടിഞ്ഞാറെൻ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പാൽ സഹകരണസംഘവും പഞ്ചായത്തിൻെറ മദ്ധ്യമേഖലയിൽ പ്രവർത്തിക്കുന്ന മറെറാരു സഹകരണ സംഘവും മാത്രമാണുള്ളത്. കൂടുതൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിച്ചുകൊണ്ടും കാലിത്തീററയുടെയും തീററപുല്ലിൻെറയും ലഭ്യത വ്യാപിപ്പിച്ചുകൊണ്ടും ഇന്നത്തെ കാലിത്തീററ വിലയിൽ ഗണ്യമായ കുറവുണ്ടാക്കുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിച്ചുകൊണ്ടും മാത്രമെ ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തിലൊട്ടാകെയുള്ള ഉല്പാദനത്തിൻെറ അളവു പരിശോധിക്കുമ്പോൾ ആവശ്യത്തിന് മതിയാകുന്ന തരത്തിലല്ല. ഈ പഞ്ചായത്തിൽ പുതുതായി ഒരു മൃഗാശുപത്രിയും, മുൻപ് പ്രവർത്തിച്ചിരുന്ന I. C. D. P. സബ്സെൻററും ഇപ്പോൾ നിലവിലുണ്ടെങ്കിലും മൃഗസംരക്ഷണരംഗത്ത് ഇത് പര്യാപ്തമല്ല. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖല കേന്ദ്രീകരിച്ചാണ് I. C. D. P. സബ്സെൻറർ ഇന്നു പ്രവർത്തിക്കുന്നത്. ഒരു ചുരുങ്ങിയ പ്രദേശത്തുള്ള ആളുകൾക്കു മാത്രമെ ഇതിൻെറ പ്രയോജനം ലഭിക്കുന്നുള്ളൂ. അടുത്ത നാളിൽ മാത്രമാണ് മൃഗാശുപത്രി ഇവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ അതിൻെറ പ്രവർത്തനം ക്രമമായി നടക്കുന്നു എന്നു പറയാവുന്ന തരത്തിൽ ആയിട്ടില്ല. ഇപ്പോൾ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ പുതിയൊരു I.C. D. P. സെൻറർ കൂടി സ്ഥാപിക്കുകയും ചെയ്യുമ്പോൾ മാത്രമെ മൃഗസംരക്ഷണരംഗത്ത് ഇന്നത്തെ പ്രയാസങ്ങൾ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂ.

## പട്ടിക 1

## വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ വംശവർദ്ധനവ് | കാള നാടൻ മററു ഉളവ | കാള സങ്കരം വംശവർദ്ധനവ് | കാള സങ്കരം മററു ഉളവ | പശു നാടൻ കറവ ഉള്ളത് | പശു നാടൻ കറവ ഇല്ലാത്തത് | പശു സങ്കരം കറവ ഉള്ളത് | പശു സങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ളത് | എരുമ കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| I | | | | | 5 | 1 | 127 | 18 | 3 | 1 | | 30 | 97 | |
| II | | | | | 5 | | 180 | 14 | 4 | | | 28 | 98 | |
| III | | | | | 8 | | 141 | 20 | 4 | 2 | | 18 | 101 | |
| IV | | | | | 9 | 2 | 171 | 14 | 4 | | 1 | 24 | 114 | |
| V | | | | | 2 | | 161 | 13 | 3 | | | 31 | 90 | |
| VI | | | | | 4 | | 140 | 18 | 6 | 2 | | 38 | 70 | |
| VII | | | | | 2 | | 118 | 20 | 6 | | | 33 | 95 | |
| VIII | | | | | 10 | 2 | 124 | 20 | 1 | | | 28 | 114 | |
| IX | | | | | 15 | | 140 | 20 | 2 | | | 24 | 112 | |

### പന്നിവളർത്തൽ

ഈ പഞ്ചായത്തിൽ പന്നിവളർത്തൽ ഒട്ടും വ്യാപകമല്ല. വളരെ ചുരുങ്ങിയതോതിൽ മാത്രമാണ് ഈ കൃഷി ഇന്ന് നടന്നുവരുന്നത്. നാടൻ, ശീമ, ബംഗാള എന്നീ ഇനം പന്നികളെ ഇവിടെ കണ്ടുവരുന്നുണ്ട്. ഈ കൃഷി നമ്മുടെ കൊച്ചുകൊച്ചു കുടുംബങ്ങൾക്ക് വളരെ ലാഭകരമായി നടത്താൻ കഴിയുന്നതാണ്. അതിനാവശ്യമായ ഉപാധികൾ ഒരുക്കികൊടുക്കുകയും നല്ലയിനം പന്നികുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം നടത്താൻ കഴിയുകയും ചെയ്താൽ നമ്മുടെ ദരിദ്ര കുടുംബങ്ങളുടെ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സഹായിക്കുമെന്ന് കരുതുന്നു. ഒരു കുടുംബത്തിൽ ഒന്നോ, രണ്ടോ പന്നികുഞ്ഞുങ്ങളെ വളർത്തുന്നതിന് ആ കുടുംബങ്ങളിലെ ആഹാരാവശിഷ്ടങ്ങൾ മാത്രം മതിയാവുന്നതുമാണ്.

### ആട്:

ഇപ്പോൾ ഈ പ്രദേശത്ത് പഴയഇനത്തിൽ പ്പെട്ട നാടൻ ആടുകളെ മാത്രമാണ് ചുരുക്കത്തിൽ കാണപ്പെടുന്നത്. ഈ വിഭാഗത്തിനാവട്ടെ ശരീരവളർച്ചയിലും പാലുല്പാദനശേഷിയിലും വളരെ കുറവായിട്ടാണ് കണ്ടുവരുന്നത്. ആട്ടിൻമാംസത്തിന്റെ വില അതിഭയങ്കരമായി വർദ്ധിച്ചിട്ടുണ്ട്. സാധാരണക്കാർക്ക്ആട്ടിൻമാംസം അപ്രാപ്യമായ നിലയിൽ കിലോയിക്ക് നൂറ് രൂപയിൽ വരെ എത്തി നില്ക്കുന്നു. ആടുകൃഷിയുടെ അപൂർവ്വതയാണ് ഇതു സൂചിപ്പിക്കുന്നത്. ഈ കൃഷി വ്യാപകമാക്കുന്നതിനും സഹായകരമായ നടപടികൾ സ്വീകരിച്ചാൽ സാധാരണ കൃഷിക്കാരുടെ വരുമാനത്തിൽ പുരോഗതി ഉണ്ടാക്കുവാൻ സഹായിക്കും.

### നായ്ക്കൾ:

നായ്ക്കൾ പൊതുവെ ഈ പഞ്ചായത്തിൽ കുറഞ്ഞുവരുന്നതായി കണ്ടുവരുന്നു. സാധാരണ, ദരിദ്ര, കുടുംബങ്ങളിൽ ധാരാളമായി വളർത്തിക്കൊണ്ടിരുന്ന നാടൻനായ്ക്കളെ നിയന്ത്രിക്കുന്നതിനോ, സംരക്ഷിക്കുന്നതിനോ

കഴിയാതെ അവ നാട്ടിൽ അലഞ്ഞുതിരിയുന്ന അവസ്ഥയും അവയ്ക്ക് പേ വിഷബാധ മൂലം നാട്ടിൽ ശല്യങ്ങളും ഉണ്ടായിക്കൊണ്ടി രുന്നു. എന്നാൽ അവയെ നിയന്ത്രിക്കുന്നതി നും നശിപ്പിക്കുന്നതിനും നടപടി ഉണ്ടായതി ന്റെ പേരിൽ അത്തരം നായ്ക്കളുടെ ശല്യ ത്തിനും എണ്ണത്തിനും ഇപ്പോഠം സാരമായ മാററം വന്നിട്ടുണ്ട്. എന്നാൽ ഈ പഞ്ചായ ത്തിലെ ധനികകുടുംബങ്ങളിൽ വിലകൂടിയ സങ്കരയിനം നായ്ക്കളെ അമിതമായ വാത്സ ല്യത്തിൽ വളർത്തിവരുന്നതായി കാണുന്നു. അവയുടെ വാസസൗകര്യത്തിന് ആയിരക്ക ണക്കിന് രൂപമുടക്കിയിട്ടുമുണ്ട്. ദിവസേന ഇറച്ചി, പാൽ, മുട്ട തുടങ്ങിയ വിലകൂടിയ ഭക്ഷണം നൽകുന്നതും കണ്ടുവരുന്നു.

### പട്ടിക 8

## വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി: മുട്ട ഇടുന്നത് | പിടക്കോഴി: മുട്ട ഇടാത്തത് | താറാവ്: ആൺ | താറാവ്: പെൺ | മററുള്ളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 110 | 740 | 745 | | | |
| II | 108 | 780 | 800 | | | |
| III | 90 | 640 | 645 | | | 40 |
| IV | 120 | 850 | 890 | 28 | 30 | |
| V | 80 | 640 | 670 | | | |
| VI | 90 | 780 | 750 | | | 20 |
| VII | 110 | 690 | 650 | | | |
| VIII | 130 | 880 | 880 | | | |
| IX | 162 | 640 | 820 | 15 | 60 | 10 |

**പക്ഷികൾ:**

കോഴി വളർത്തൽ ചുരുങ്ങിയ തോതിൽ മാത്രമാണ് ഈ പഞ്ചായത്തിൽ നിലവിൽ നടക്കുന്നത്. താറാവ്, ഗിനി, ഖഗം തുടങ്ങിയ പക്ഷികളേയും അപൂർവ്വമായി വളർത്തുന്നുണ്ട്. കൂടാതെ വിനോദത്തിനാ യി തത്ത, മൈന, പ്രാവ്, എന്നിവയേയും വളർത്തുന്നുണ്ട്. പഞ്ചായത്തിലെ മുട്ടയു ടെ ആവശ്യം പരിഗണിക്കുമ്പോഠം കേവലം 10% ത്തിൽ താഴെ മാത്രമാണ് മുട്ടയുടെ ഉ ല്പാദനം. ഗുണമേന്മയുള്ള മുട്ടകോഴിക ളെ നമ്മുടെ ബഹുഭൂരിപക്ഷം ഭവനങ്ങളു ടേയും മുററത്തു വളർത്തുന്നതിനുള്ള സൗക ര്യം നിലവിലുണ്ട്. ഈ സൗകര്യം വേണ്ട വണ്ണം വിനിയോഗിച്ചാൽ മുട്ടയുടെ കാര്യ ത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയും. ഇറച്ചി കോഴിയുടെ ഉല്പാദനത്തിലും ഈ പ്രദേശം വളരെ പി ന്നിലാണ്. ഒന്നു രണ്ടു വാണിജ്യാടിസ്ഥാ നത്തിൽ പ്രവൃത്തിക്കുന്ന സ്ഥാപനങ്ങളൊ ഴിച്ചാൽ ഇറച്ചികോഴിയുടെ ഉല്പാദനം നട ക്കുന്നില്ല എന്നു തന്നെ പറയാം. പഞ്ചായ ത്തിലെ മാംസാവശ്യം പരിഗണിക്കുമ്പോഠം ഈ രംഗത്ത് ശ്രദ്ധിക്കേണ്ടതാണെന്നുള്ള സംഗതി വ്യക്തമാകും. പ്രതിമാസം 10000 കിലോയോളം മാംസം ഇന്നീ പഞ്ചാ യത്തിൽ ഉപയോഗിക്കപ്പെടുന്നു എന്നു

കണക്കാക്കുന്ന ഇന്നത്തെ മാർക്കററു വില വച്ചു നോക്കുമ്പോഠം ഏകദേശം 500000 രൂപയോളം വിലവരും. ഈ മാംസം അത്രയും പുറം നാടുകളിൽനിന്ന് ഇവിടെ വന്നെത്തുന്ന മാടുകളിൽനിന്നാണ് ലഭ്യമാകുന്നത്. ഇവിടെ വന്നെത്തുന്ന ഈ ഇറച്ചിമാടുകളുടെ മാംസം ഭക്ഷ്യയോഗ്യമാണോ എന്ന് പരിശോധിക്കുന്നതിനോ ശാസ്ത്രീയമായി മാംസം സംസ്ക്കരിച്ച് വില്പന നടത്തുന്നതിനോ ഉള്ള സംവിധാനം നിലവിലില്ല. ഇറച്ചിക്കടകഠം (സ്ലോട്ടർഹൗസ്) ധാരാളം ഈ പഞ്ചായത്ത് പ്രദേശത്തിൻെറ മുക്കിലും മൂലയിലും പ്രവർത്തിക്കുന്നുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്ന ഈ ഇറച്ചി കടകഠംക്ക് വേണ്ടത്ര ശുചിത്വമോ മനുഷ്യർക്കസഹ്യത ഉണ്ടാക്കുന്ന അവസ്ഥ ഒഴിവാക്കുന്നതിനോ കഴിയുന്നില്ല. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളുടെ സേവനം ഇന്ന് വേണ്ടത്ര തൃപ്തികരമല്ല. ഇവിടെ പ്രവർത്തിക്കുന്ന സർക്കാർ മൃഗാശുപത്രി ഡോക്ടറെ നിയമിക്കുകയോ ഫാർമസിസ്ററ്, മററുജോലിക്കാർ തുടങ്ങിയവരെ സ്ഥിരമായി നിയമിച്ച് അതിൻെറ പ്രവത്തനം കാര്യക്ഷമമായി നടത്തുന്നില്ല. ഈ സ്ഥാപനങ്ങഠം വഴി നമ്മുടെ കാലിസമ്പത്തിൻെറ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനോ അവയുടെ ഗുണമേന്മ ഉയർത്തുന്നതിനോ, രോഗപ്രതിരോധ നടപടികഠം യഥാസമയം നടത്തുന്നതിനോ അങ്ങനെ മൊത്തത്തിൽ കാലിസമ്പത്തിൻെറ വളർച്ചയ്ക്കോ, പുരോഗതിയ്ക്കോ ഉതകുന്ന നടപടികഠം നടക്കുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. ഈ രംഗത്ത് സ്ഥായിയായ മാററവും പുരോഗതിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കാലിത്തീററയുടെ വിലവർദ്ധനവും മേച്ചിൽ സ്ഥലങ്ങളുടെ ഇല്ലായ്മയും നെൽകൃഷി ചുരുങ്ങി വരുന്നതിൻെറ ഫലമായി കാലിത്തീററക്ഷാമം അതിരൂക്ഷമായിക്കൊണ്ടിരിക്കുകയാണ്.

### പട്ടിക – 9

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1375 | 480 | 10 |
| കിടാരി | 503 | 254 | 17 |
| എരുമ | 38 | 23 | 01 |

മൃഗസംരക്ഷണ രംഗത്ത് 1993–94 ൽ 50% വിലക്ക് കോഴികുഞ്ഞുങ്ങളെ വിതരണം നടത്തുകയും, 1994 ൽ ഒരു വന്ധ്യതാ നിവാരണ ക്യാമ്പും നടത്തിയിട്ടുള്ളതായിക്കാണുന്നു. ആനിക്കാട് പ്രവർത്തിക്കുന്ന I.C.D.P. സബ് സെൻറർ 1–4–1990 ൽ പ്രവർത്തനമാരംഭിച്ചു.

ഇവിടെ ആരംഭിക്കുവാൻ പോകുന്ന പൈനാപ്പിഠം ഫാക്ടറിയിലെ പുറംതള്ളുന്ന പൈനാപ്പിളിൻെറ വേസ്റ്റും ഉപയോഗിച്ച് ഒരു കാലിത്തീററ ഉല്പാദന ഫാക്ടറിക്ക് നല്ല സാധ്യത ഉള്ളതാണ്. ഇത് ഈ പഞ്ചായത്തിലെ കാലികൃഷിയുടെ പുരോഗതിയെ സഹായിക്കുന്നതാണ്.

### ജനസ്സുകൾ

നല്ലയിനം പശുക്കുട്ടികളെയും മുട്ടക്കോഴികളേയും ആട്, മുയൽ തുടങ്ങിയ വളർത്തു ജന്തുക്കളെയും വേണ്ടത്ര ഉല്പാദിപ്പിക്കുന്നതിന് കഴിയുന്ന തരത്തിലുള്ള നടപടികളൊന്നും ഇവിടെയില്ല. നല്ലയിനം തീററ

പുൽകൃഷി ജലസേചന സൗകര്യം ലഭ്യമാക്കിയാൽ നമ്മുടെ കൃഷിക്കാർക്ക് കുറെയൊക്കെ ചെയ്യുവാൻ കഴിയുന്നതാണ്. ഇതിനാവശ്യമായ വിത്തും ജലസേചനം നടത്തുന്നതിനുള്ള സാമ്പത്തിക സഹായവും ചെയ്യാൻ കഴിഞ്ഞാൽ കാലിത്തീററ ക്ഷാമത്തിന്റെ രൂക്ഷതകുറെയെങ്കിലും പരിഹരിക്കാൻ കഴിയുന്നതാണ്. സംസ്ഥാനതലത്തിൽ ഒന്നോ രണ്ടോ വൻകിട കാലിത്തീററ ഫക്ടറികൾ പൊതുമേഖലയിൽ ആരംഭിച്ചുകൊണ്ട് നമ്മുടെ സഹകണസംഘങ്ങൾ വഴി കാലിത്തീററ വിതരണം നടത്തിയാൻ ഇതിന്റെ വിലവർദ്ധനവ് ഒരു പരിധിവരെ തടയുന്നതിനും കാലിവളർത്തലിനെ സഹായിക്കുന്നതിനും കഴിയുന്നതാണ്. ഈ വിഷയത്തിൽ കൃഷിക്കാർക്കിടയിൽ നല്ല പ്രചാരണം സംഘടിപ്പിച്ചുകൊണ്ട് കാലിക്കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

## കാലിരോഗങ്ങൾ:

കുളമ്പുരോഗം, അകിടുരോഗം, ത്വക്കുരോഗങ്ങൾ ദഹനവും ശ്വാസകോശസംബന്ധമായ രോഗങ്ങൾ, ആമാശയ രോഗങ്ങൾ, സന്ധിരോഗങ്ങൾ, വന്ധ്യത എന്നിവ ഈ പഞ്ചായത്തിലെ 15%ത്തോളം വരുന്ന മൃഗങ്ങളിൽ കണ്ടുവരുന്നു. ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് സത്വരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പാലുൽപ്പാദന രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാനുള്ള സാഹചര്യം ഇന്നു നിലവിലുണ്ട്. ഇപ്പോഴുള്ളതിനേക്കാൾ 2000/-ത്തോളം കറവപ്പശുക്കളെ പുതിയതായി വളർത്തുവാൻ കഴിയും. ചെറുകിട കർഷക കുടുംബങ്ങൾക്ക് നല്ലയിനം പശുക്കളെ വളർത്തുന്നതിനുള്ള സാഹചര്യം ഉണ്ടായാൽ പാലുൽപ്പാദന രംഗത്തും നമുക്കു സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.

## മത്സ്യ കൃഷി

പഞ്ചായത്തിൽ മത്സ്യകൃഷി വളരെ അപൂർവ്വമാണ്. തോടുകളിലും, പുഴകളിലും കുളങ്ങളിലും എല്ലാം മുമ്പ് സുലഭമായിരുന്ന നാടൻ മത്സ്യയിനങ്ങളെല്ലാം രോഗം ബാധിച്ച് വംശനാശം ഏതാണ്ട് പൂർണ്ണമായിക്കുന്നു. ഈ രോഗകാരണങ്ങളെകുറിച്ച് വിദഗ്ദ പഠനം നടത്തുന്നതിന്റെ കാരണം കണ്ടുപിടിക്കുന്നതിനോ കഴിഞ്ഞിട്ടില്ല. ഇക്കാരണത്താൽ മത്സ്യ കൃഷിയെ സംബന്ധിച്ച് ആളുകൾക്ക് സംശയങ്ങൾ ധാരാളമുണ്ട്. ഈ മത്സ്യ രോഗങ്ങൾക്ക് കാരണമെന്താണെന്ന് മനസ്സിലാക്കുകയും രോഗനിവാരണം സാധിക്കുകയും ചെയ്തു കഴിഞ്ഞാൽ മത്സ്യകൃഷി ഇവിടെ കുറച്ചെങ്കിലും നടത്തുവാൻ കഴിയുന്നതാണ്. വ്യാപകമായ കൃഷി സൗകര്യങ്ങൾ ഇല്ലെങ്കിൽപോലും നമ്മുടെ കൃഷിക്കാരുടെ കുളങ്ങളിൽ അവരുടെ തനതായ ആവശ്യത്തിനു വേണ്ടിയെങ്കിലും മത്സ്യകൃഷിനടത്തുവാനും ഒരു ഗണ്യമായ അളവിൽ മത്സ്യം ഉല്പാദിപ്പിക്കുവാനും കഴിയും ഇതിന് മത്സ്യ രോഗത്തിന്റെ കണ്ടുപിടുത്തവും നിവാരണവും സാധിക്കേണ്ടതുണ്ട് ശുദ്ധജല മത്സ്യകൃഷിയിൽ വേണ്ടത്ര പരിശീലനവും ബോധവത്ക്കരണവും ഈ പഞ്ചായത്തിൽ ആവശ്യമാണ്. സംസ്ഥാനഫിഷറീസ് വകുപ്പ് ഇക്കാര്യത്തിൽ മുൻകൈ എടുത്ത് മത്സ്യകൃഷിയുടെ സാങ്കേതികവശങ്ങൾ സെമിനാറുകളിലൂടെയും ചർച്ചകളിലൂടെയും പ്രചരിപ്പിച്ചുകൊണ്ട് നല്ലയിനം മത്സ്യക്കുഞ്ഞുങ്ങള വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് മത്സ്യാഹാരം ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിത്തീർത്തും ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. സങ്കരയിനം കന്നുകാലികൾക്ക് രോഗബാധ കൂടുതലായി കാണുന്നു
2. മേച്ചിൽ സ്ഥലങ്ങൾ കുറയുന്നു
3. കന്നുകാലിത്തീററ ക്ഷാമം രൂക്ഷമാണ്
4. പാലിന് ന്യായമായ വില ലഭിക്കുന്നില്ല
5. തീററ പുൽകൃഷി ചെയ്യുന്നില്ല
6. കന്നുകാലി ഇൻഷ്വറൻസ് വ്യാപകമല്ല
7. ആദായകരമാണെങ്കിലും പന്നി കൃഷി കുറവാണ്
8. നല്ലയിനത്തിലുള്ള ആടുകൾ വളർത്തുന്നില്ല

9 സൗകര്യമുണ്ടായിട്ടും കോഴികളെ വളർത്തുന്നില്ല

10 നല്ലയിനം പശുകുട്ടികളെയും കോഴിക്കുഞ്ഞുങ്ങളെയും ആട്ടിൻ കുട്ടികളെയും മുയൽ കുഞ്ഞുങ്ങളെയും വളർത്തു മൃഗങ്ങളെയും ലഭിക്കുന്നില്ല

11 മത്സ്യരോഗങ്ങൾ കൂടുതലായി കാണപ്പെടുന്നു

12 ശുദ്ധജല മത്സ്യങ്ങളായ ബ്രാൽ, മുഴി, കാരി മുതലായവ വിരളമാണ്.

13 മത്സ്യ കൃഷി നടത്തുവാൻ സംരംഭകർ മുന്നോട്ട് വരുന്നില്ല.

14 പാൽ ശീതീകരണ സൗകര്യങ്ങളില്ല. വിപണി സൗകര്യങ്ങളും വേണ്ടത്രയില്ല

15 കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും തന്നെ മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭിക്കുന്നില്ല.

16 കാലിത്തീററയുടെ അമിതമായ വിലവർദ്ധനവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

17 മൃഗാശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങളില്ല.

18 കാലി രോഗനിർമ്മാർജ്ജന നടപടികൾ പര്യാപ്തമല്ല.

19 മത്സ്യകൃഷി പരിപോഷിപ്പിക്കുവാൻ ധനകാര്യ ഏജൻസികളും സർക്കാർ വകുപ്പുകളും ഉണ്ടെങ്കിലും ജനങ്ങൾക്ക് അതിനെക്കുറിച്ചറിയുവാൻ മാർഗ്ഗങ്ങളില്ല.

## സാദ്ധ്യതകൾ

1 മേൽത്തരം കന്നുകാലികളെ വാങ്ങിക്കുവാൻ പലിശ കുറഞ്ഞ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

2 തീററപുൽകൃഷി വ്യാപകമാക്കണം.

3 കാലിത്തീററ നിർമ്മിക്കുവാനുള്ള ഫാക്ടറിക്ക് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

4 പാലും പാലുല്പന്നങ്ങളും വിററഴിക്കുവാൻ പാൽ സൊസൈററികൾ ആരംഭിക്കണം.

5 കന്നുകാലി ഇൻഷ്വറൻസ് വ്യാപകമാക്കണം.

6 മൃഗാശുപത്രിയിൽ ആവശ്യത്തിന് മരുന്നും ഉപകരണങ്ങളും ലഭ്യമാക്കണം.

7 മൃഗാശുപത്രിയോട് അനുബന്ധിച്ച് ബീജസങ്കലനത്തിനുള്ള സൗകര്യം ലഭ്യമാക്കണം.

8 രോഗ പ്രതിരോധ നടപടികൾ വാർഡ് കേന്ദ്രീകരിച്ച് നടപ്പാക്കണം,

9 മൃഗാശുപത്രിയുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണം.

10 നല്ലയിനം കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കണം.

11 കോഴികൾക്കുള്ള കുത്തി വയ്പ് വാർഡ് അടിസ്ഥാനത്തിൽ നടത്തണം.

12 തൊഴുത്തിനും കോഴികൂടിനും വേണ്ട സാമ്പത്തിക സഹായം നൽകണം.

13 നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കണം.

14 മത്സ്യം വളർത്തുവാനുള്ള കുളങ്ങളുടെയും ചിറകളുടെയും നിർമ്മാണത്തിന് വായ്പാ സൗകര്യം ലഭ്യമാക്കണം.

15 വർദ്ധിച്ചു വരുന്ന കന്നുകാലിരോഗങ്ങൾക്കുള്ള നിർമ്മാർജ്ജന പരിപാടികൾ ഫലപ്രദമാക്കണം.

16 കാലിരോഗനിവാരണത്തിനുതകിയിരുന്ന നാട്ടു ചികിത്സാ സമ്പ്രദായങ്ങൾ പരിപോഷിപ്പിക്കണം.

17 പഞ്ചായത്തിലെ പ്രധാനപ്പെട്ട മൂന്ന് ചിറകളിലും ജനപങ്കാളിത്തത്തോടു കൂടി മത്സ്യകൃഷി നടത്തുവാൻ സാദ്ധ്യതകളും ഉണ്ട്.

ജനകീയമായ മുന്നേററവും ഉല്പാദക സംഘടനകളുടെയും തദ്ദേശസ്വയം ഭരണാധികാരികളുടെയും സമയോചിത സഹകരണവും ബന്ധപ്പെട്ട വകുപ്പുകളുടെ സേവനവും പ്രയോജനപ്പെടുത്തിക്കൊണ്ട് ഏകദേശം രണ്ടായിരത്തോളം കന്നുകാലികളെയും പതിനായിരത്തോളം കോഴികളെയും ഒരു ലക്ഷത്തോളം മത്സ്യകുഞ്ഞുങ്ങളെയും വളർത്തുവാനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയാൽ ഈ മേഖലയിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കുവാനാകും.

# ★ ദ്വിതീയ മേഖല ★

## വ്യവസായം:-

നമ്മുടെ പഞ്ചായത്തിൽ ഒരു കാലത്ത് നിലനിന്നിരുന്ന പരമ്പരാഗത വ്യവസായങ്ങളിൽ പലതും ഇന്ന് ഇല്ലാതായിത്തീർന്നിട്ടുണ്ട്. ഉദാഹരണത്തിന്, കുട്ട, വട്ടി, പനമ്പ് എന്നിവ നിർമ്മിച്ച് വില്പന നടത്തി ഒരു വിഭാഗം ജനങ്ങൾ ഉപജീവനം നടത്തി പോന്നിരുന്നു. എന്നാൽ ഇന്ന് ഇതിനാവശ്യമായ ഈററ, മുള, അമ, ചൂരൽ എന്നിവ നാട്ടിൽ വംശനാശം സംഭവിച്ച നിലയിലാണ്. മനുഷ്യരുടെ ജീവിതരീതിയിലും കൃഷിയിലും ഉണ്ടായ മാററങ്ങൾ ഈ വസ്തുക്കളുടെ ഉപയോഗം തന്നെ ഇല്ലാതാക്കിത്തീർത്തിട്ടുണ്ട്. എന്നാൽ കള്ളു ചെത്തു വ്യവസായം ഒരു പീഠിത വ്യവസായമെന്ന നിലയിൽ ഇന്നു തുടരുന്നു. പരമ്പരാഗതമായി ചില കുടുംബങ്ങൾ പപ്പട നിർമ്മാണ വ്യവസായവും നിലനിർത്തിപ്പോരുന്നു. ഈ പഞ്ചായത്തിലെ രണ്ടാർകര പ്രദേശത്ത് നിരവധി കുടുംബങ്ങളിൽ ഉത്സവ സ്ഥലങ്ങളിലെ വ്യാപാരത്തിനായി പലതരത്തിലുള്ള പലഹാര നിർമ്മാണവും കുടിൽ വ്യവസായം എന്ന നിലയിൽ നടത്തിപ്പോരുന്നുണ്ട്, ആദായകരമായ ഒരു പരമ്പരാഗത വ്യവസായമെന്ന നിലയിൽ 6 കൊപ്ര അട്ടികൾ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. സ്വകാര്യമായി തേനീച്ച വളർത്തൽ വ്യവസായവും ഗ്രാമീണർ നടത്തിവരുന്നതായി കാണുന്നു. ഈ മേഖലയിലെ അദ്ധ്വാനം ആദായകരം എന്നു പറയുകയും വയ്യ.

ആധുനിക വ്യവസായ ശാലകളും അടുത്തകാലത്തായി നമ്മുടെ പഞ്ചായത്തിൽ പുരോഗതി പ്രാപിച്ചുവരുന്നുണ്ട്. ഇത്തരുണത്തിൽ ഇവിടെ സ്ഥാപിതമായിട്ടുള്ള പല വ്യവസായ ശാലകളും ബാലാരിഷ്ടതകൾ നേരിടുന്നവയാണെങ്കിലും ചിലതെല്ലാം ആദായകരമായി പ്രവർത്തിച്ചു വരുന്നവയാണ്. ചെരുപ്പ്നിർമ്മാണം, റബ്ബർ ക്രീപ്പ്മിൽ ഭക്ഷ്യഎണ്ണയുടെ സംസ്ക്കരണം, പെൻസിലിനാവശ്യമായ 'സ്ലാട്ട്' നിർമ്മാണം, സോപ്പ് നിർമ്മാണം, തടി വ്യവസായം തീപ്പെട്ടി നിർമ്മാണം, ഫർണീച്ചർ നിർമ്മാണം പൈനാപ്പിൾ ജാം, ജ്യൂസ് നിർമ്മാണം, ബേക്കറി സാധനങ്ങൾ നിർമ്മിക്കൽ എന്നീ വ്യവസായ സംരംഭങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വൻകിട വ്യവസായ സംരംഭങ്ങൾ ഒന്നും ഇവിടെ പ്രവർത്തിക്കുന്നില്ല. പക്ഷേ, 'യൂറോപ്പ്യൻ സാമ്പത്തിക സമൂഹ'ത്തിന്റെ സഹായത്തോടുക്കൂടി ഈ പഞ്ചായത്തിലെ നടുക്കരയിൽ ഒരു പഴസംസ്ക്കരണ ശാലയുടെ നിർമ്മാണ പ്രവർത്തനം ദ്രുതഗതിയിൽ നടന്നു വരുന്നുണ്ട്. ഇതിന്റെ പ്രവർത്തനവും താമസംവിനാ ആരംഭിക്കും എന്ന ശുഭ പ്രതീക്ഷയിലാണ് ഇവിടുത്തെ ജനങ്ങൾ. കറിപൗഡർ നിർമ്മാണ വ്യവസായം, സോഡാ നിർമ്മാണ വ്യവസായം ഇവയും പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്,

# ഈ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | വ്യവസായ സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം | ഉല്പ്പന്നം | കുടിൽ വ്യവസായം / ചെറുകിട വ്യവസായം / ഫാക്ടറി | സ്ഥിതി ചെയ്യുന്ന വാർഡ് |
|---|---|---|---|---|---|
| 1 | കോപ്പർ ഫീൽഡ് പൈപ്പ്സ് & കെമിക്കൽസ് കമ്പനി | 7 | പ്ലാസ്റ്റിക് പൈപ്പുകൾ, അനുബന്ധ ഉല്പ്പന്നങ്ങൾ | ചെറുകിടം | I |
| 2 | നിർമ്മല പ്ലാസ്റ്റിക് കമ്പനി | 5 | പ്ലാസ്റ്റിക് ട്യൂബുകൾ (ബ്ലാക്ക് കളർ) | ,, | I |
| 3 | ജോയി മാച്ച് വർക്സ് | 10 | തീപ്പെട്ടിക്കമ്പ്. പെട്ടിക്കാവശ്യമായ വസ്തുക്കൾ | ,, | I |
| 4 | പാസ് പ്രിൻറിംഗ് വർക്സ് | 5 | അച്ചടി | ,, | I |
| 5 | എസ്. ജെ. സ്ക്രീൻ പ്രിൻറിംഗ് | 1 | സ്ക്രീൻ പ്രിൻറിംഗ് | ,, | I |
| 6 | ടോണി ഫോം വർക്സ് | 2 | ഫോം ഫർണിച്ചർ & സോഫാ കവറുകൾ | ,, | I |
| 7 | മരിയ ചുരിദാർ ഹൗസ് | 5 | റെഡിമെയ്ഡ് വസ്ത്രങ്ങൾ [ചുരിദാർ] | ,, | I |
| 8 | വിനു കോൺക്രീററ് ഹോളോ ബ്ലോക്ക് ഇൻഡസ്ട്രീസ് | 5 | കോൺക്രീററ് ഇഷ്ടികകൾ | ,, | II |
| 9 | കെ. ഐ. ബാവ & സൺസ് | 20 | വേസ്റ്റ് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളാക്കി മാററുന്നു. | ,, | II |
| 10 | മഹ്റൂം റിഫൈനറീസ് | 18 | എണ്ണ ശുദ്ധീകരണം(പാചക എണ്ണ) | ഫാക്ടറി | II |
| 11 | മമത പോളിമേഴ്സ് | 5 | റബ്ബർ ഉൽപ്പന്നങ്ങൾ | ചെറുകിടം | II |
| 12 | അലക്സ് മാച്ച് ഫാക്ടറി | 20 | തീപ്പെട്ടിക്കമ്പ്, പെട്ടി നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ | ചെറുകിടം | II |
| 13 | സെൻറ് പോൾസ് മാച്ച് ഫാക്ടറി | 20 | ,, | ,, | II |
| 14 | മജാക്സ് മാച്ച് ഫാക്ടറി | 20 | ,, | ,, | II |
| 15 | ആനിക്കാട് സ്ററീൽ ഫൗണ്ടറീസ് | 2 | സ്ററീൽ ഫർണിച്ചർ | ,, | II |
| 16 | അനിത ബോഡി ബിൽഡിംഗ് | 8 | ലോറി ബോഡി | ,, | II |
| 17 | എം. എം. സോമിൽ | 5 | തടി അറക്കൽ | ,, | II |
| 18 | ഷമീർ എൻജിനീയറിംഗ് വർക്സ് | 2 | സ്ററീൽ ഫർണിച്ചർ | ,, | II |
| 19 | എ. ജെ. എൻജിനീയറിംഗ് വർക്സ് | 2 | ,, | ,, | II |
| 20 | വിളക്കപ്പാടി ലെതർ വർക്സ് | 1 | ലെതർ ചെരുപ്പുകൾ | കുടിൽ വ്യവസായം | II |
| 21 | മൂവ്വാററുപുഴ താലൂക്ക് കോ-ഓപ്പറേററീവ് പ്രിൻേറഴ്സ് | 9 | അച്ചടി | ചെറുകിടം [സഹകരണാടിസ്ഥാനം] | II |

| | | | | | |
|---|---|---|---|---|---|
| 22 | വർങ്ങലക്കുടി ഫ്ളവർമിൽസ് | 1 | ധാന്യപ്പൊടി | ചെറുകിടം | II |
| 23 | മേരിമാതാ ബ്രേസിയേഴ്സ് | 11 | ബ്രേസിയേഴ്സ് | ,, | II |
| 24 | മന്ന ഫുഡ് പ്രൊഡക്ട്സ് | 11 | പൈനാപ്പിൾ ജാം, ജൂസ് etc | ചെറുകിടം | III |
| 25 | കാഞ്ഞിരക്കാട്ട് റൈസ് & ഫ്ളവർമിൽ | 1 | അരി, ധാന്യപ്പൊടി, എണ്ണ | ,, | III |
| 26 | മുഹമ്മദ് ഫ്ളവർ മിൽ | 1 | ധാന്യപ്പൊടി | ,, | III |
| 27 | ജിയോ ഫുഡ് പ്രൊഡക്ട്സ് | 11 | പൈനാപ്പിൾ ജൂസ്, ജാം, പിക്കിൾസ് | ,, | IV |
| 28 | അനൂപ് സ്ററീൽ ഇൻഡസ്ട്രീസ് | 2 | സ്ററീൽ ഫർണിച്ചർ | ,, | IV |
| 29 | മാതാ ഇൻഡസ്ട്രീസ് | 4 | പ്ലാസ്ററിക് ജാർ, കപ്പ്സ് | ,, | IV |
| 30 | മരങ്ങാട്ട് സോമിൽ | 7 | തടി ഉരുപ്പടി | ,, | IV |
| 31 | ശ്രീധർ പെയിൻറിംഗ് വർക്സ് | 4 | മോട്ടോർ വെഹിക്കിൾ പെയിൻറിംഗ് | ,, | IV |
| 32 | അജന്ത പ്ലാസ്ററിക്സ് സ്ക്രീൻ പ്രിൻറിംഗ് | 3 | സ്ക്രീൻ പ്രിൻറിംഗ് & പ്ലാസ്ററിക്കവറുകൾ | ,, | IV |
| 33 | അബൂബക്കർ മിററൽ ക്രഷർ | 7 | മിററൽ | ,, | IV |
| 34 | മരങ്ങാട്ട് ഫ്ളവർമിൽ | 1 | ധാന്യപ്പൊടി | ,, | IV |
| 35 | ചാലക്കര സോമിൽ | 7 | തടി ഉരുപ്പടി | ചെറുകിടം | V |
| 36 | ദർശന പ്രിൻറിംഗ്സ് | 3 | പ്രിൻറിംഗ് | ,, | V |
| 37 | മാത്യു കാക്കനാട്ട് & ബ്രദേഴ്സ് | 5 | ചെയർ സീററ് & ബാക്ക്, കണ്ണാടി റെഡ് ഓക്സൈഡ് | ,, | V |
| 38 | കട്ടി ഓയിൽ & ഫ്ളവർ മിൽസ് | 1 | ധാന്യപ്പൊടി, കറിപ്പൊടി, എണ്ണ | ,, | V |
| 39 | തൊങ്ങനാൽ ഓയിൽ & ഫ്ളവർ മിൽസ് | 1 | എണ്ണ, ധാന്യപ്പൊടി | ,, | V |
| 40 | കാരമേൽ ഫ്ളവർ & ഓയിൽ എക്സ്പെല്ലർ | 1 | ധാന്യപ്പൊടി, എണ്ണ, കറിപ്പൊടി | ,, | V |
| 41 | പ്രിൻസ് ബേക്കറി | 2 | ബേക്കറി സാധനങ്ങൾ | ,, | V |
| 42 | കിംഗ്സ് ബേക്കറി | 2 | ,, | ,, | V |
| 43 | ചെറുപറമ്പിൽ റൈസ് & ഫ്ളവർ മിൽസ് | 1 | ധാന്യപ്പൊടി, അരി | ,, | VI |
| 44 | സെൻറ് ജൂസ് ഇൻഡസ്ട്രീസ് | 6 | സ്ററീൽ ഷട്ടർ | ,, | VI |
| 45 | ഓലിക്കൽ മട്ടി പെയിൻറ്സ് | 4 | മട്ടിപെയിൻറ് | ,, | VI |
| 46 | പുത്തേടത്ത് ഫർണിച്ചർ മാർട്ട് | 3 | ഫർണിച്ചർ | ,, | VI |
| 47 | മൈത്രി റബ്ബർ പ്രൊഡക്ട്സ് | 13 | ചെരുപ്പിനുള്ള റബ്ബർ സോൾ | ,, | VI |
| 48 | മിത്ര റബ്ബർ പ്രൊഡക്ട്സ് | 13 | ചെരുപ്പിനുള്ള റബർ സോൾ | ,, | VI |
| 49 | മടേയ്ക്കൽ ഇൻഡസ്ട്രീസ് & റബർ പ്രൊഡക്ട്സ് | 13 | ,, | ,, | VI |
| 50 | കുക്കു റബ്ബർ പ്രൊഡക്ട്സ് | 13 | ,, | ,, | VI |
| 51 | കിരൺ ഇൻഡസ്ട്രീസ് | 4 | സ്ററീൽ ഫർണിച്ചർ | ,, | VI |
| 52 | പീററർ & സൺസ് ഫ്ളവർമിൽ | 1 | ധാന്യപ്പൊടി | ,, | VI |
| 53 | ലക്ഷ്മി ഫ്ളവർമിൽ | 1 | ,, | ,, | VI |

| | | |
|---|---|---|
| 54 | നിർമ്മല ബേക്കേഴ്സ് | 1 |
| 55 | അടിമാറിൽ റൈസ് & ഓയിൽ മിൽസ് | 1 |
| 56 | ഈസ്റേറൺ റീട്രെഡ്സ് പ്രൈ. ലി. | 16 |
| 57 | ഡിനോറ ഫുട്ട്വർക്സ് | 4 |
| 58 | ക്യൂൻസ് ഫർണിച്ചർ | 3 |
| 59 | മയൂര ബാഗ്സ് | 5 |
| 60 | അനുഗ്രഹ വുഡ്സ് | 30 |
| 61 | എം. കെ. ജോൺ & കമ്പനി | 15 |
| 62 | അർജുന കറി പൗഡർ | 5 |
| 63 | ഉദയം ക്വാറീസ് | 12 |
| 64 | പുല്ലാശ്ശേരിൽ ക്വാറീസ് | 12 |
| 65 | സുരഭി സോപ്പ് വർക്സ് | 5 |
| 66 | മെറി ഫുഡ് പ്രൊഡക്ട്സ് | 8 |

| | | |
|---|---|---|
| ബേക്കറി സാധനങ്ങൾ | ,, | VI |
| അരി, എണ്ണ | ,, | VII |
| ടയർ റീട്രെഡ്സ് | ഫാക്ടറി | VIII |
| ചെരുപ്പുകട്ട | ചെറുകിടം | VIII |
| വുഡൻ ഫർണിച്ചർ | ,, | VIII |
| ലെതർ, റക്സിൻ ബാഹുകൾ | വനിതായൂണിററ് | VIII |
| പെൻസിൽ സ്ലാട്ട് | ചെറുകിടം | IX |
| റബർ ക്രീപ്പ് | ,, | IX |
| കറിപൗഡർ | ,, | IX |
| കരിങ്കൽ, മിററൽ | ,, | IX |
| കരിങ്കൽ, മിററൽ | ,, | IX |
| കുളിസോപ്പ് (ആയുർവ്വേദ) | ,, | IX |
| പൈനാപ്പിൾ ജാം, ജൂസ് | ,, | IX |

മേൽ സൂചിപ്പിച്ച പട്ടിക ശ്രദ്ധിച്ചല്ലോ? ഇവയിലെ തീപ്പെട്ടി നിർമ്മാണ യൂണിററുകളിൽ തീപ്പെട്ടിക്കമ്പുകളും, പെട്ടിനിർമ്മാണത്തിനാവശ്യമായ വസ്തുക്കളും മാത്രമേ നിർമ്മിക്കുന്നുള്ളൂ. 'തീപ്പെട്ടി' എന്ന ഫിനിഷ്ഡ് ഗുഡ്സിൻെറ നിർമ്മാണം ഇവിടെ നടക്കുന്നില്ല. പ്രിൻറിംഗ് സഹകരണ സംഘത്തിൻെറ കീഴിലുള്ള ഒരു സ്ഥാപനമൊഴികെ മററ് വ്യവസായ സ്ഥാപനങ്ങളെല്ലാം സ്വകാര്യസംരംഭങ്ങളാണ്. ഇവയിൽ ചിലതെല്ലാം വനിതാ വ്യവസായ യൂണിററുകളായി രജിസ്ററർ ചെയ്യപ്പെട്ടവയാണ്. പരമ്പരാഗത വ്യവസായങ്ങൾ ആദായകരമായി നടത്തികൊണ്ടു പോകുന്നതിന് സാദ്ധ്യമല്ലാത്തസ്ഥിതി സംജാതമായിരിക്കുന്നതിനാൽ ഈ മേഖലയിൽ പല സംരംഭങ്ങളും ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

സ്ഥലസൗകര്യത്തിൻെറ അഭാവം, മൂലധന വായ്പാസൗകര്യങ്ങളുടെ കുറവ്, സാങ്കേതിക ജ്ഞാനത്തിൻെറ അപര്യാപ്തത, വൈദ്യുതി ക്ഷാമവും വൈദ്യുതകണക്ഷൻ ലഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങളും, വിവിധ ലൈസൻസുകൾ ലഭിക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ എന്നിവ പുതിയ വ്യവസായ സംരംഭകരെ കുഴയ്ക്കുന്ന പ്രശ്നങ്ങളിൽ ചിലതു മാത്രമാണ്. പഞ്ചായത്തിൽ പുത്തൻ വ്യവസായ സംരംഭങ്ങളുമായി കടന്നുവരുവാനുള്ള പ്രവണതയെ ഇത് വികലപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും വിപണി സൗകര്യങ്ങളും വേണ്ടത്രയുണ്ട് എന്ന് തന്നെ പറയാം. പക്ഷേ, ഇവ കാര്യക്ഷമമായി വിനിയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു!

## വ്യവസായ സംരംഭകരുടെ പ്രശ്നങ്ങൾ

1 വ്യവസായങ്ങൾ സ്ഥാപിക്കുവാൻ സൗകര്യപ്രദമായ സ്ഥലം പഞ്ചായത്തിൽ കുറവാണ്.

2 വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഏറെ കാലതാമസം നേരിടുന്നു.

3 വ്യവസായ സംരംഭകർക്ക് ആവശ്യമായ വിവിധ ലൈസൻസുകളും അനുമതികളും കിട്ടുന്നതിന് ഇൻഡസ്ട്രിയൽ ഓഫീസുകളിലും മററ് ബന്ധപ്പെട്ട വകുപ്പ് ഓപ്പീസുകളിലും വളരെ കാലതാമസം നേരിടുന്നു.

4 വേണ്ടത്ര സാങ്കേതിക പരിജ്ഞാനം യുവാക്കൾക്കും വനിതാ വ്യവസായ സംരംഭകർക്കും ലഭിക്കുന്നില്ല. ഇത് പുതിയ വ്യവസായ സംരംഭകരെ ആ ഉദ്യമത്തിൽ നിന്നും പിന്തിരിപ്പിക്കുന്നു.

5 സാങ്കേതിക പരിശീലനം നല്കുന്നതിനുള്ള സ്ഥാപനങ്ങളും ഇവിടെയില്ല.

6 വിദഗ്ധ തൊഴിലാളികൾ കുറവാണ്.

7 നിലവിലുള്ള വ്യവസായ സംരംഭങ്ങളിൽ പലതിനും അതിനാവശ്യമായ അസംസ്കൃത വസ്തുക്കൾക്ക് അന്യദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

8 യഥാസമയം വ്യവസായ സബ്സിഡികളും മററ് സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളും ലഭ്യമാകുന്നില്ല.

9 മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവുകുറഞ്ഞ സംവിധാനങ്ങളും, സൗകര്യങ്ങളും, സാങ്കേതിക വിദ്യകളും ലഭിക്കുന്നില്ല.

10 പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടത്ര അസംസ്കൃത വസ്തുക്കളും, തൊഴിലാളികളും ഇല്ല. തൊഴിലാളികൾക്ക് അർഹമായ കൂലിവർദ്ധനയും നൽകുവാൻ കഴിയുന്നില്ല.

11 പരമ്പരാഗത വ്യവസായ ഉല്പ്പന്നങ്ങൾക്ക് അർഹമായ വില ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണവും ഈ രംഗത്ത് കൂടുതലായി കാണുന്നു.

12 വ്യവസായശാലകളിൽ തൊഴിലെടുക്കുന്നവരിൽ പലരും അന്യദേശക്കാരാണ്.

13 ഉല്പ്പന്നങ്ങൾ വിററഴിക്കുവാൻ വേണ്ടത്ര വിപണിസൗകര്യങ്ങളുടെ അഭാവംമൂലം ഇവ വിററഴിക്കുവാൻ അന്യസംസ്ഥാനങ്ങളെയോ ദേശങ്ങളെയോ ആശ്രയിക്കേണ്ടതായി വരുന്നു.

14 വ്യവസായ സംരംഭകർക്ക് വിവിധതലത്തിലും തരത്തിലും ഉള്ള അറിവ് ലഭ്യമാക്കുന്നതിനുതകുന്ന മാദ്ധ്യമങ്ങൾ ഇല്ല.

15 നമ്മുടെ പഞ്ചായത്തിൽ വ്യാവസായികാവശ്യങ്ങൾക്ക് വേണ്ട ജലം യഥേഷ്ടം വർഷം മുഴുവൻ ലഭ്യമല്ല.

16 സാങ്കേതിക വിദ്യയിലെ മാററങ്ങൾ യഥാവിധി ഉൾക്കൊള്ളുവാൻ കഴിയുന്നില്ല.

17 വനിതാ സംരംഭങ്ങൾ വളരെ കുറവായി കാണുന്നു.

18 നമ്മുടെ പഞ്ചായത്തിലെ മുഖ്യമായ കാർഷികോല്പന്നങ്ങളെ കേന്ദ്രീകരിച്ചുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നില്ല.

## സാദ്ധ്യതകൾ:

1 പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കണം.

2 പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക. ആയതിന്റെ വികസനത്തിന് ഒരു മാസ്ററർ പ്ലാൻ തന്നെ തയ്യാറാക്കുക.

3 പ്രാദേശികമായി ലഭിക്കുന്ന തെങ്ങിൻ തടി, ഓല, ചിരട്ട, ചകിരി മുതലായ വസ്തുക്കൾ ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ഗൃഹോപകരണങ്ങൾ, കരകൗശല വസ്തുക്കൾ, കയറുല്പ്പന്നങ്ങൾ എന്നീ വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. വെളിച്ചെണ്ണ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് സാദ്ധ്യതകളേറെയുണ്ട്.

4 റബർ എന്ന 'സോഫ്റ്റ് വുഡ്' രാസ പ്രക്രിയകൾക്ക് വിധേയമാക്കി 'ഹാർഡ്വുഡ്' ആക്കി മാററിയശേഷം ഫർണീച്ചർ നിർമ്മിക്കുന്നതിനും ഗൃഹനിർമ്മാണത്തിനും ഉപയോഗിക്കുവാൻ സാധിക്കും. ഈ നിലയ്ക്കുള്ള വ്യവസായങ്ങളാരംഭിക്കുവാനും ഈ പഞ്ചായത്തിൽ സാദ്ധ്യതകൾ കാണുന്നു.

5 ചെരുപ്പ് നിർമ്മാണം, റബർബാൻഡ് നിർമ്മാണം, റബർ കൈയ്യുറകൾ, ബലൂൺ നിർമ്മാണം മുതലായവയ്ക്കും സാദ്ധ്യതകൾ കാണുന്നു.

6 അടുത്തകാലത്തായി പുരോഗതി പ്രാപിച്ചു വന്ന നമ്മുടെ പഞ്ചായത്തിലെ പൈനാപ്പിൾ കൃഷിയിൽനിന്നും ലഭിക്കുന്ന ഉല്പ്പന്നങ്ങളുപയോഗിച്ചും അതിൻെറ പോളയും മററും ഉപയോഗപ്പെടുത്തിയും ആരംഭിക്കാവുന്ന വ്യവസായ സംരംഭങ്ങൾ ഏറെയാണ്. കന്നാരയുടെ പോള ഉപയോഗിച്ച് അതിൽനിന്നും നാര് ഉല്പാദിപ്പിച്ച് വസ്ത്രനിർമ്മാണം നടത്തുന്ന സംരംഭങ്ങൾ തുടങ്ങേണ്ടതാണ് അതിനുള്ള സാദ്ധ്യതകളും ഏറെയാണ്.

7 പൈനാപ്പിൾ അഥവാ കന്നാരച്ചക്കയുടെ വേസ്ററ് ഉപയോഗിച്ച് കാലിത്തീററ നിർമ്മിക്കുവാൻ തക്ക സംരംഭത്തിനും സാദ്ധ്യതകളുണ്ട്.

8 പൈനാപ്പിൾ വേസ്ററ് ഉപയോഗിച്ച് കമ്പോസ്ററ് വളം നിർമ്മിക്കുന്നതിനും സാദ്ധ്യതകളുണ്ട്.

9 പൈനാപ്പിൾ ഉപയോഗിച്ച് വിവിധ ഇനത്തിലുള്ള ആഹാര പാനീയങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനും സാദ്ധ്യമാകും. പൈനാപ്പിൾ സംസ്കരണ ഫാക്ടറികൾ പഞ്ചായത്തിൽ ചെറുകിടമായി ചിലതെല്ലാം പ്രവത്തിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ വികസന സാദ്ധ്യതകൾ ഇനിയും ഏറെയുണ്ട്.

10 വാഴനാരുപയോഗിച്ചുള്ള ബാഗുകൾ, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കുന്ന വ്യവസായ സംരംഭങ്ങൾക്കും സാദ്ധ്യതകളുണ്ട്.

11 വ്യവസായ സംരംഭകരുടെ സൗകര്യാത്ഥം വ്യവസായ എസ്റേററുകൾ സ്ഥാപിക്കണം.

12 വനിതാസംരംഭകർക്ക് അച്ചാറുകൾ, സ്ക്വാഷുകൾ, കറിപൗഡറുകൾ, റെഡിമേയ്ഡ് വസ്ത്രങ്ങൾ, വാനിററി ബാഗുകൾ, സ്കൂൾ ബാഗുകൾ എന്നിവ നിർമ്മിക്കുന്ന വ്യവസായങ്ങളും ആരംഭിക്കാവുന്നതാണ്. ബുക്ക് ബയൻറിംഗ്, കവർ നിർമ്മാണം ഇവയ്ക്കും സാദ്ധ്യതകളുണ്ട്.

13 സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് സാദ്ധ്യതകൾ വളരെയുണ്ട്. ഈ നിലയിൽ ക്ഷീരവ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. 'ക്ഷീരോല്പാദക വ്യവസായ സഹകരണ സംഘങ്ങൾ' സ്ഥാപിച്ച് ഈ മേഖലയെ പുഷ്ടിപ്പെടുത്തുവാൻ സാധിക്കും. പാലും പാലുല്പന്നങ്ങളും ഉണ്ടാക്കുവാൻ പര്യാപ്തമാകും. വ്യവസായ സംരംഭങ്ങൾ സഹകരണ മേഖലയിലും പൊതുമേഖലയിലും ആരംഭിക്കുവാൻ നമ്മുടെ പഞ്ചായത്തിൽ സാദ്ധ്യതകളേറെയാണ്.

14 സംരംഭകത്വ പരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം

15 തടിമില്ലുകളിൽ നിന്നും ലഭിക്കുന്ന അറക്കപ്പൊടിയും മററു വെയ്സ്ററുകളും ഉപയോഗിച്ച് ഒരു ചിപ്പ് ബോർഡ് പ്ലാൻറ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്

16 ഇറച്ചി കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, മുയൽ വളർത്തൽ, പന്നി വളർത്തൽ, തേനീച്ച വളർത്തൽ ഇവ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള സാദ്ധ്യതകളും ഉണ്ട്.

17 കൂൺ, വാനില, ഔഷധ സസ്യങ്ങൾ, പുഷ്പ–ഫലങ്ങൾ എന്നിവ വ്യവസായികാടിസ്ഥാനത്തിൽ ഉല്പ്പാദിപ്പിക്കാവുന്നതാണ്

18 വ്യവസായ സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക

19 മൂലധന – വായ്പാസൗകര്യങ്ങൾ സഹകരണ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, മററ് സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ഉദാരമായ വ്യവസ്ഥയിൽ നല്കണം.

20 കമ്പ്യൂട്ടർ– ഇലക്ട്രോണിക്സ് മേഖലകളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ പഞ്ചായത്തിലുണ്ട്. ആയത് പ്രയോജനപ്പെടുത്തണം.

21 റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് ഊന്നൽ നല്കണം.

22 ഓട്ടോമോ ബൈൽ വർക്ക്ഷോപ്പുകൾ, സ്പെയർ പാർട്സ് നിർമ്മാണം ഇവയ്ക്കും പഞ്ചായത്തിൽ സാദ്ധ്യതകൾ കാണുന്നുണ്ട്.

23 പ്രിൻറിംഗ് മേഖലയിലെ ഓഫ്സെററ് പ്രിൻറിംഗ് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും സാദ്ധ്യതകളുണ്ട്.

പഞ്ചായത്തിൽ നിലനില്ക്കുന്ന തൊഴിലില്ലായ്മ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും, ഗ്രാമത്തിൻെറ സർവ്വതോന്മുഖമായ പുരോഗതിക്കും വ്യവസായിക രംഗത്തെ വളർച്ച അനിവാര്യമാണ്. ഈ മേഖലയിലുള്ള പുരോഗതി കൈവരിച്ച് നമ്മുടെ ഗ്രാമത്തെ സമ്പൽ സമൃദ്ധമാക്കി, ചൈതന്യവത്താക്കി മാററുവാൻ നമുക്കു സാദ്ധ്യമാകണം.

# 4 ഗതാഗതവും ഊർജ്ജവും

## ഊർജ്ജം

അരനൂററാണ്ടുകൾക്ക് മുൻപ് പ്രകൃതിദത്തമായ ഊജ്ജ ഉപയോഗമാണ് ഇവിടെ ഉണ്ടായിരുന്നത്. ആഹാരം പാകം ചെയ്യുന്നതിന് വിറകും, ഭക്ഷ്യവസ്തുക്കൾ ഉണങ്ങി സൂക്ഷിക്കുന്നതിന് സൗരോർജ്ജവും ഉപയോഗിച്ചിരുന്നു. കാർഷിക മേഖലയിൽ കന്നുകാലികളും മനുഷ്യാദ്ധ്വാനവും ഊർജ്ജാവശ്യത്തിനും ഉപയോഗപ്പെടുത്തിയിരുന്നു. വെളിച്ചം കാണുന്നതിനുമാത്രം മണ്ണെണ്ണ ഉപയോഗിക്കുമായിരുന്നു. പഞ്ചായത്തിലെ ഏതാണ്ട് 80% വീടുകൾ വൈദ്യുതീകരിക്കപ്പെട്ടുകഴിഞ്ഞു. സാമാന്യം ധനിക കുടുംബങ്ങളിൽ ആഹാരം പാകം ചെയ്യുന്നത് വൈദ്യുതി, ഗ്യാസ്, മണ്ണെണ്ണ എന്നിവ ഉപയോഗിച്ചാണ്. വിറകിന്റെ ക്ഷാമം വളരെ രൂക്ഷമായിട്ടുണ്ട്. പഞ്ചായത്തിലെ 60%ത്തോളം കുടുംബങ്ങൾ വിറക് വില കൊടുത്തു വാങ്ങിഉപയോഗിക്കേണ്ടിവരുന്നു. രണ്ടും, നാലും, അഞ്ചും, പത്തും സെന്റുകളിൽ വീടുവെച്ചു പാർക്കുന്ന ആളുകൾക്ക് അതല്ലാതെ മററു മാർഗ്ഗമൊന്നുമില്ല ഇത് പാവപ്പെട്ട ആളുകളെ സാമ്പത്തികമായി വലയ്ക്കുന്നുണ്ട്. പാചകാവശ്യത്തിന് മണ്ണെണ്ണയോ വിറകോ അല്ലാതെ മറേറതെങ്കിലും ഇന്ധനത്തിന്റെ ലഭ്യതയോ സാമ്പത്തിക ശേഷിയൊ ഇല്ല. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് തടിമില്ലുകളുടെ പരിസരങ്ങളിൽ വസിക്കുന്നവർക്ക് വളരെ ഉയർന്ന വില കൊടുത്താൽ മാത്രം പരിമിതമായ തോതിൽ വിറകും അറക്കപ്പൊടിയും ലഭിക്കുന്നുണ്ട്. ഒരേക്കറും അതിലധികവും ഭൂമിയുള്ള ആളുകൾക്ക് അവരുടെ പുരയിടങ്ങളിലെ തെങ്ങും മററ് വൃക്ഷങ്ങളിൽ നിന്നും ലഭിക്കുന്ന വിറകുകൾ പാചകാവശ്യത്തിന് കഷ്ടിച്ച് ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്. ഇത്തരം കുടുംബങ്ങളാകട്ടെ പഞ്ചായത്തിന്റെ ആകെ വീടുകളുടെ 25%ത്തിലധികം വരുകയുമില്ല വൈദ്യുതി മേഖലയിൽ പ്രതിസന്ധി രൂക്ഷമാണ്. ഇന്ധന ഉപയോഗത്തെ ഗാർഹികം, കാർഷികം, വാണിജ്യം, വ്യവസായം എന്നിങ്ങനെ നാലായി തരംതിരിക്കാം. പഞ്ചായത്തിൽ പതിനെട്ടോളം പവർ ട്രാൻസ്ഫോർമറുകൾ സ്ഥാപിതമായിട്ടുണ്ടെങ്കിലും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ലോഡ്ഷെഡ്ഡിങ്ങും, പവർകട്ടും ഈ രംഗത്തെ സ്ഥിതി കൂടുതൽ രൂക്ഷമാക്കുന്നു. ഗാർഹിക മേഖലയിൽ ഏതാണ്ട് 40%വും കാർഷിക മേഖലയിലും വാണിജ്യ മേഖലയിലും 5% വീതവും വ്യവസായ മേഖലകൾ 50%വും ഉപയോഗിക്കുന്നു ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകതയെന്നോണം സുഖഭോഗവസ്തുക്കളും ആഡംബര വസ്ത്തുക്കളും മിക്കവീടുകളും ഉപയോഗിച്ചു വരുന്നതിനാൽ ഏതാണ്ട് 10% ഊജ്ജവും ഈ നിലയ്ക്ക് ഉപയോഗിച്ചു വരുന്നു ഇവിടത്തെ ഇലക്ട്രിക് ലൈനുകളെല്ലാം വൃക്ഷാദികൾ തിങ്ങി നിറഞ്ഞ പ്രദേശത്തു കൂടെ ആയതിനാൽ വൃക്ഷ ശിഖരങ്ങളുടെ സ്പർശനം മൂലം വൈദ്യുത പ്രസരണ നഷ്ടം വലിയ തോതിൽ സംഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ 20% വീടുകളിലും വൈദ്യുതി ഇനിയും എത്തിയിട്ടില്ല. ഇതിനുള്ള സൗകര്യം ലഭ്യമാക്കേണ്ടിയിരിക്കുന്നു. ഇത് ഗ്രാമീണരെ മൊത്തത്തിലും വിശിഷ്യ കർഷകരെയും ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്, ധാരാളം കുടുംബങ്ങളിൽ ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, ഫാൻ, വാഷിംഗ് മെഷീൻ, തേപ്പ്പെട്ടി എന്നീ ഇലക്ട്രിക് ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏഴ് റേഷൻകടകളിലൂടെ പ്രതിമാസം 15000 ലിററർ മണ്ണെണ്ണ ലഭിക്കുന്നു എന്നാണ് കണക്ക്. എന്നാൽ പലപ്പോഴും റേഷൻകടകളിൽ നിന്നും വളരെ കുറഞ്ഞ തോതിൽ മാത്രമേ കാർഡുടമകൾക്കു മണ്ണെണ്ണ ലഭിക്കുന്നുള്ളു. ഇതും ഊജ്ജ പ്രതിസന്ധിക്ക് മറെറാരു കാരണമാണ്. പഞ്ചായത്തിൽ പെട്രോളിന്റെയും ഡീസലിന്റെയും ഉപയോഗം വർദ്ധിച്ചു വരുന്നു. ധാരാളം ആളുകൾ ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ട്. കാർ, ലോറി, ജീപ്പ്, വാൻ തുടങ്ങിയ വാഹനങ്ങൾ ഉണ്ട്. തൊഴി

ലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിൽ സൗകര്യം എന്ന നിലയ്ക്ക് പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിലെല്ലാം പത്തും, പതിനഞ്ചും ഓട്ടോറിക്ഷകൾ ഓടിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പെട്രോളിന്റെയും, ഡീസലിന്റെയും ഉപയോഗം വർദ്ധിക്കുന്നതിന് കാരണമാകുന്നു. മനുഷ്യരുടെ ജീവിതനിലവാരത്തിനനുസരിച്ചായിരുന്നു മുൻകാലങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് ആഡംബരത്തിനും പദവിക്കുംവേണ്ടി വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. ഈ ആവശ്യങ്ങൾക്കെല്ലാംകൂടി പ്രതിവർഷം ഏകദേശം പതിനഞ്ച് ലക്ഷം ലിററർ ഡീസലും പത്തു ലക്ഷം ലിററർ പെട്രോളും ഉപയോഗിക്കുന്നുണ്ട് എന്ന് അനുമാനിക്കുന്നു

ആവോലി ഗ്രാമ പഞ്ചായത്തിൽ പാചക വാതകം ഉപയോഗിക്കുവാൻ തുടങ്ങിയിട്ട് ഏതാണ്ട് പത്തു വർഷത്തിൽ താഴെ മാത്രമെ ആയിട്ടുള്ളു. കൂടുതൽ ലാഭവും സൗകര്യവും എന്ന നിലയ്ക്കാണ് ഗ്യാസിന്റെ ഉപയോഗം വർദ്ധിക്കുവാൻ ഇടയായത്. നാനൂറോളം കുടുംബങ്ങളിൽ LPG ഗ്യാസും അൻപതോളം കുടുംബങ്ങളിൽ ഗോബർ ഗ്യാസും ഉപയോഗിച്ചു വരുന്നു. പക്ഷെ ഇവർ മററു ഇന്ധനങ്ങളും ഉപയോഗിച്ചു വരുന്നു

## പ്രശ്നങ്ങൾ:

1. വിറകിന്റെ ദൗർലഭ്യം
2. റേഷൻ കടകൾ വഴി അനുവദിക്കപ്പെടുന്ന മുഴുവൻ മണ്ണെണ്ണയും ലഭ്യമല്ല.
3. വോൾട്ടേജ് ക്ഷാമം
4. വൈദ്യുതി തകരാറിലായാൽ പുനഃസ്ഥാപിച്ചു കിട്ടുന്നതിനുള്ള കാലതാമസം.
5. പ്രസരണ നഷ്ടവും വൈദ്യുതി ദുർവിനിയോഗവും
6. L. P. G ഗ്യാസ് കണക്ഷനുകളുടെ ലഭ്യതയില്ലായ്മ
7. BIO-GAS ഉല്പാദനത്തിനു് ആവശ്യമായ കാലി സമ്പത്തില്ലായ്മ
8. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗക്കുറവ്.
9. തുടരെത്തുടരെയുള്ള പവർകട്ടുകൾ.
10. വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ.
11. പഞ്ചായത്തിൽ മുന്നൂററി മുപ്പതോളം തെരുവു വിളക്കുകൾ ഉണ്ട്. എങ്കിലും ഇതിൽ ഭൂരിഭാഗവും പ്രകാശിക്കുന്നില്ല. ഇതിനുവേണ്ടി പഞ്ചായത്തു് അൻപത്തോരായിരത്തി എൺപത്തിരണ്ട് രൂപ പ്രതിവർഷം ചിലവഴിക്കുന്നുണ്ട്.

## സാദ്ധ്യതകൾ:

1. പഞ്ചായത്തിൽ ഏററവും കൂടുതൽ വിറക് ക്ഷാമം അനുഭവിക്കുന്ന ഒന്നു മുതൽ അഞ്ചുവരെയുള്ള വാർഡുകളെ കേന്ദ്രീകരിച്ചു നിയന്ത്രിത വിലയ്ക്ക് വിറക് ലഭ്യമാക്കുവാനുള്ള വിറക് ഡിപ്പോ സ്ഥാപിക്കുക.
2. റേഷൻകട വഴി അനുവദിക്കുന്ന മണ്ണെണ്ണ പൂർണ്ണമായും കൂടുതലായും കാർഡുടമകൾക്ക് ലഭ്യമാക്കുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു് പുതിയ ട്രാൻസ്ഫോർമറുകൾ അനുവദിക്കുകയും നിലവിലുള്ളവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. മരച്ചില്ലകളുടെ വൈദ്യുതി ലൈനുകളിലെ സ്പർശനം കർശനമായും ഒഴിവാക്കുക.
4. ഇനിയും വൈദ്യുതീകരിക്കാത്ത പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും വൈദ്യുതി ലഭ്യമാക്കുക.
5. L. P. G. ഗ്യാസ് കണക്ഷനുകളുടെ ലഭ്യത വർദ്ധിപ്പിക്കുക.

6. കൂടതൽ BIO-GAS ഉല്പാദിപ്പിക്കുന്ന തിന് കാലി സമ്പത്ത് വർദ്ധിപ്പിക്കുവാൻ സഹായിക്കുക. ഇത്തരം യൂണിററുകൾക്ക് സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക

7. പുകയില്ലാത്ത അടുപ്പുകൾ, പ്രഷർ കക്കർ, കച്ചിപ്പെട്ടി, ഊർജ്ജ ലാഭമുള്ള വൈദ്യുത ക്രമങ്ങൾ പ്രചരിപ്പിക്കണം.

8. സർക്കാർ വക തരിശു ഭൂമികളിൽ സാമൂഹിക വനവൽക്കരണ പരിപാടി ഊർജ്ജിതമായി നടപ്പിലാക്കുക.

9 ഗുണമേന്മയുള്ള വൈദ്യുത ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുക.

10. Anert ന്റെ ഒരു ശാഖ പഞ്ചായത്തിൽ സ്ഥാപിക്കുക.

11. സൗരോർജ്ജം ഈ പഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിലെങ്കിലും ഉല്പാദിപ്പിക്കുക.

12 സൗരോർജ്ജ വിളക്കുകളും, പമ്പു സെററുകളും പ്രചരിപ്പിക്കുക

13. കാററിൽ നിന്നു വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്, കാവന, ചക്കിപ്പാറ, നെടുമലത്തണ്ട്, നടുക്കരപ്പാറ, പാണ്ടൻപാറ, വടക്കുമാല, ആശ്രമക്കുന്ന് എന്നിവിടങ്ങളിൽ ഇതിനു പരിഗണിക്കാവുന്നതാണ്.

## ഗതാഗതം

അര നൂററാണ്ടുകൾക്ക് മുൻപ് വാഹന ഗതാഗതം വളരെ വിരളമായിരുന്നു. തൊടുപുഴ മൂവാററുപുഴ റോഡിന്റെ ആറര കിലോമീററർ മാത്രമേ ഈ പഞ്ചായത്തിൽ ഉള്ളു. തൊണ്ടുകളും, ഇടവഴികളും പാടശേഖരങ്ങളുടെ വരമ്പുകളും ആയിരുന്നു ജനങ്ങളുടെ സഞ്ചാര മാർഗ്ഗം. ചരക്കു ഗതാഗതത്തിനും കാളവണ്ടി ഉപയോഗിച്ചിരുന്നു. പതിനഞ്ച് കിലോമീററർ നീളമുള്ള തൊടുപുഴയാറും ഗതാഗത ആവശ്യത്തിനു് ഉപയോഗിച്ചിരുന്നു. എന്നാൽ ഗതാഗത രംഗത്ത് വലിയ മാററം സംഭവിച്ചിട്ടുണ്ട്. പ്രത്യേകിച്ച് റോഡു ഗതാഗതത്തിൽ. പതിമൂന്നു PWD റോഡുകളും പതിനേഴ് പഞ്ചായത്ത് ടാർ റോഡുകളും ഇന്നു് നിലവിലുണ്ട്. ഇതിൽ PWD റോഡ് 28 കിലോമീററർ ദൈർഘ്യത്തിലും പഞ്ചായത്ത് ടാർ റോഡുകൾ 14 കിലോമീററർ ദൈർഘ്യത്തിലും ഉള്ളവയാണ്. എന്നാൽ ഇവയിൽ പലതും വീതി വർദ്ധിപ്പിച്ചും വളവുകൾ നിവർത്തിയും വേണ്ടത്ര സഞ്ചാരയോഗ്യമാക്കിയിട്ടുള്ളതല്ല, ഈ പഞ്ചായത്തിലൂടെയുള്ള PM റോഡിന്റെ ഭാഗം കഴിച്ചാൽ വേണ്ടത്ര സഞ്ചാരസൗകര്യം മററ് റോഡുകൾക്കൊന്നുമില്ല. ആവോലി പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പട്ടിക താഴെ ചേർക്കുന്നു:

പട്ടിക II

### P W D റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ദൈർഘ്യം |
|---|---|---|
| 1. | ചുണ്ടങ്ങാ വളവ്–വാച്ച് സ്റ്റേഷൻ റോഡ് | 1500 m |
| 2. | അടൂപ്പറമ്പ്—ആയവന റോഡ് | 1500 m |
| 3. | കോട്ട റോഡ് | 2000 m |
| 4. | ആനിക്കാട്—ഏനാനല്ലൂർ റോഡ് | 1000 m |
| 5. | ആവോലി—ഏനാനല്ലൂർ റോഡ് | 500 m |
| 6. | ആനിക്കാട് ചർച്ച് റോഡ് | 1500 m |
| 7. | വാഴക്കുളം—വഴിത്തല റോഡ് | 3000 m |
| 8. | കാവന—കടളിക്കാട് റോഡ് | 1000 m |
| 9 | വാഴക്കുളം—ആരക്കുഴ മൂഴി റോഡ് | 3000 m |
| 10. | വാഴക്കുളം—6-ാം മൈൽ പാറക്കടവ് റോഡ് | 2500 m |
| 11. | പരീക്ക പീടിക—വള്ളിക്കട റോഡ് | 2000 m |
| 12. | ആവോലി— കേവുള്ളി കടവ് | 1500 m |
| 13. | P. M. റോഡ് | 6500 m |

പട്ടിക 12 **പഞ്ചായത്ത് ടാർ റോഡുകൾ**

| ക്രമ നമ്പർ | റോഡിൻെറ പേരു് | ദൈർഘ്യം |
|---|---|---|
| 1. | കാവന തെക്കുംമല റോഡ് | 1500 m |
| 2. | വാഴക്കുളം—ചർച്ച്—മോണസ്ട്രി റോഡ് | 500 m |
| 3 | കാവന ആയുർവേദ ആശുപത്രി—കാവന LPS റോഡ് | 1000 m |
| 4. | വേലൻ കടവ് മത്തികടവ് റോഡ് | 1000 m |
| 5. | നടുക്കര ചർച്ച് റോഡ് | 250 m |
| 6. | ആനിക്കാട് ആരക്കുഴ മൂഴി റോഡ് | 3000 m |
| 7. | ആനിക്കാട് വട്ടക്കുടി കടവ് റോഡ് | 750 m |
| 8 | കമ്പനിപടി കണ്ണാകടവ് റോഡ് | 1000 m |
| 9. | ആവോലി മുള്ളത്തുതണ്ട് റോഡ് | 500 m |
| 10. | കോട്ടപ്പുറം രണ്ടാർ പള്ളി റോഡ് | 1000 m |
| 11. | വടക്കുംമല റോഡ് | 1000 m |
| 12. | മാവിൻചുവട് മനസ്സുക്കടവ് റോഡ് | 1500 m |
| 13. | ഹോസ്റ്റൽ ജംഗ്ഷൻ — യോഹന്നാൻ കടവ് റോഡ് | 250 m |
| 14. | M. T. റോഡ് Ist മൈൽ റിവർസൈഡ് റോഡ് | 250 m |
| 15. | ഹോസ്റ്റൽ ജംഗ്ഷൻ ചുണ്ടങ്ങാ വളവ് റോഡ് | 300 m |
| 16. | വാച്ച് സ്റ്റേഷൻ കോട്ടപ്പുറം റോഡ് | 600 m |
| 17. | ആവോലി പുതുശ്ശേരി റോഡ് | 250 m |

പട്ടിക 13 **മൺറോഡുകൾ**

| ക്രമ നമ്പർ | പഞ്ചായത്തിലെ മൺറോഡുകളുടെ പേരു് | ദൈർഘ്യം |
|---|---|---|
| 1. | ഒന്നാം മൈൽ റിവർ സൈഡ് റോഡ് (നടുത്തോട്ടത്തിൽ റോഡ്) | 700 m |
| 2. | വാക്കേക്കുടി ഹരിജൻ കോളനി റോഡ് | 300 m |
| 3. | ഹോസ്ററൽ ജംഗ്ഷൻ വങ്ങലക്കുടി കടവ് റോഡ് | 250 m |
| 4. | ഹോസ്ററൽ ജംഗ്ഷൻ യോഹന്നാൻ കടവ് റോഡ് | 200 m |
| 5. | മാവിൻചുവട് നിർമ്മലാ സദൻ റോഡ് | 200 m |
| 6. | കിഴക്കേക്കര K M. ജോർജ് I T. C റോഡ് | 300 m |
| 7. | പഞ്ചായത്ത് ടാങ്ക് I. T C. റോഡ് | 300 m |
| 8. | തോയൽ പാടം റോഡ് | 200 m |
| 9. | പയ്യനക്കടവ് റോഡ് | 200 m |
| 10. | അമലാ ഭവൻ റോഡ് | 400 m |
| 11. | കോട്ടപ്പുറം വാച്ച് സ്റേറഷൻ റോഡ് | 350 m |
| 12. | മൂവാററുപുഴ ലക്ഷംവീട് റോഡ് | 500 m |
| 13. | മുതുകാട്ടുശ്ശേരി റോഡ് | 250 m |
| 14. | പഴേക്കുടി റോഡ് | 750 m |
| 15. | ആഞ്ഞിലി ചുവട് കദളിമററം റോഡ് | 500 m |
| 16. | AKG കോളനി റോഡ് | 250 m |
| 17. | കക്കാട്ട് തണ്ട് റോഡ് | 900 m |

പട്ടിക 13

## മൺറോഡുകൾ (തുടർച്ച)

| ക്രമ നമ്പർ | പഞ്ചായത്തിലെ മൺറോഡുകളുടെ പേരു് | ദൈർഘ്യം |
|---|---|---|
| 18. | ഉളുമ്പേലി തണ്ട് ഹരിജൻ കോളനി റോഡ് | 1500 m |
| 19. | കാഞ്ഞിരക്കാട് യത്തീംഖാന റോഡ് | 500 m |
| 20 | രാജീവ് കോളനി റോഡ് | 100 m |
| 21. | അരീച്ചിറ കോട്ടപ്പുറം റോഡ് | 250 m |
| 22 | ആഞ്ഞിലി ചുവട് അടൂപ്പറമ്പ് കോളനി റോഡ് | 200 m |
| 23. | പ്രാവിഡകുന്ന് മുപ്രക്കാട്ട് റോഡ് | 850 m |
| 24. | ആനിക്കാട്ട് മുപ്രക്കാട്ട് ലിങ്ക് റോഡ് | 150 m |
| 25. | ആനിക്കാട്ട് കട്ടച്ചിറ റോഡ് | 850 m |
| 26. | ആനിക്കാട്ട് ഹൈസ്കൂൾ ഏനാനല്ലൂർ റോഡ് | 650 m |
| 27. | മൂവാററുപുഴ ഇല്ലത്തുതണ്ട് റോഡ് | 750 m |
| 28 | പൂതക്കുഴി പുളിയാമ്പുള്ളി തണ്ട് റോഡ് | 500 m |
| 29. | ആരിക്കാപിള്ളി കോളനി റോഡ് | 250 m |
| 30. | ആരിക്കാപ്പിള്ളി പുഴക്കടവ് റോഡ് | 500 m |
| 31. | പുളശേരി പാലക്കാട്ട് റോഡ് | 750 m |
| 32. | ദണ്ഡിപ്പാറ റോഡ് | 400 m |
| 33. | പരീക്കപ്പീടിക കാക്കനൊട്ട് കടവ് റോഡ് | 2500 m |
| 34. | താണികുന്നേൽ താഴം റോഡ് | 700 m |
| 35. | അറയ്ക്കപ്പീടിക നടക്കര ഹരിജൻ കോളനി റോഡ് | 1000 m |
| 36. | കാവന കരിശുപള്ളി നടക്കരപ്പള്ളി റോഡ് | 500 m |
| 37. | നാലുസെൻറ് കോളനി റോഡ് | 200 m |
| 38. | കാവന പള്ളിക്കാപറമ്പ് ശിവക്ഷേത്രം റോഡ് | 250 m |
| 39. | താണിച്ചുവട് കാക്കനൊട്ട് കടവ് റോഡ് | 2000 m |
| 40. | താണിച്ചുവട് മഠത്തിൽത്താഴം റോഡ് | 1000 m |
| 41. | വാഴാട്ട് വളവ് മുള്ളത്തുതണ്ടം റോഡ് | 750 m |
| 42 | ആവോലി സൊസൈററി പടി മുള്ളത്തേൽ റോഡ് | 500 m |
| 43. | ആവോലി സൊസൈററിപ്പടി കോളനി റോഡ് | 300 m |
| 44 | ചരമേൽ മാരിമഞ്ചേരിത്താഴം റോഡ് | 700 m |
| 45. | വേലൻകടവ് മറത്തിക്കടവ് റോഡ് | 1000 m |
| 46 | പാറക്കടവ് കാവന ലിങ്ക് റോഡ് | 1000 m |
| 47. | പാതാളം ചർച്ച് റോഡ് | 500 m |
| 48 | ശൌര്യമ്മാക്കൽ റോഡ് | 250 m |
| 49. | കാവന ലക്ഷം വീട് റോഡ് | 500 m |
| 50. | തെക്കുംമല K. R. V. C. റോഡ് | 250 m |
| 51. | കാവന നെടുമല റോഡ് | 650 m |
| 52. | തെക്കുംമുറി പള്ളിക്കടവ് റോഡ് | 750 m |
| 53. | താന്നിച്ചുവട് ആവോലി കാക്കനൊട്ട് കടവ് റോഡ് | 900 m |
| 54. | ഏലുവീച്ചിറകുന്നു് വാഴക്കുളം ചർച്ച് റോഡ് | 500 m |

ഈ റോഡുകളിൽ പലതും പൂർത്തീകരിക്കപ്പെടാത്തവയാണ്.

## പുനരർപ്പണദിനം

ജനകീയ പങ്കാളിത്തത്തോടെ റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഓടകൾ നിർമ്മിക്കുന്നതിനും ടാർ ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഇക്കഴിഞ്ഞ നവംബർ 1-ാം തീയതി അനുവദിക്കുന്ന തുകയുടെ 25% ജനപങ്കാളിത്തത്തോടെ താഴെ പറയുന്ന റോഡുകളുടെ പണികൾ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

1. ഒന്നാം വാർഡിൽ കിഴക്കേക്കര K. M. ജോർജ് റോഡും, I. T. C ടാങ്ക് റോഡും
2. രണ്ടാം വാർഡിൽ മൂവാററുപുഴ ലക്ഷംവീട് കോളനി റോഡ്
3. മൂന്നാം വാർഡിൽ കക്കാട്ടുതണ്ട് റോഡ്
4. നാലാം വാർഡിൽ അടൂപ്പറമ്പ് കോളനി റോഡ്
5. അഞ്ചാം വാർഡിൽ ഹൈസ്കൂൾ ഏനാനല്ലൂർ റോഡ്
6. ആറാം വാർഡിൽ ദണ്ഡിപ്പാറ റോഡ്
7. ഏഴാം വാർഡിൽ താണികുന്നേൽ റോഡ്
8. എട്ടാം വാർഡിൽ താണിച്ചുവട് കാക്കനൊട്ടു കടവ് റോഡ്
9. ഒമ്പതാം വാർഡിൽ പുളിസ്ഥാനത്തു് കടവ് നെട്ടുമല കദളിക്കാട് റോഡ്

## പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ.

1. മൂവാററുപുഴ പുഷ്പമേള പാർക്കിൽനിന്നും ആരംഭിച്ച് പുഴയോരം വഴി ഒന്നും, രണ്ടും, അഞ്ചും വാർഡുകളിലൂടെ കടന്ന് ആനിക്കാട്-നട്ടുക്കര ഹരിജൻ കോളനി റോഡിലെ ആരിക്കാപ്പിള്ളി ഭാഗത്തേയ്ക്ക് മുറിയുന്ന റോഡ്
2. കിഴക്കേക്കര വാച്ച് സ്റേറഷൻ റോഡിൽ നിന്ന് P. M റോഡിലേയ്ക്ക് കോളേജ് ജംഗ്ഷനിലെത്തുന്ന റോഡ്.
3. കാഞ്ഞിരക്കാട്ട് റോഡിൽ നിന്നും രണ്ടാർ കരയിലേയ്ക്ക് ഉള്ള റോഡ്
4. വേലൻകടവ് മത്തിക്കടവ് റോഡ്
5. ചാരമേൽ മാരിമഞ്ചേരിത്താഴം റോഡ്
6. പൂതക്കുഴി പുളിയാമ്പുള്ളിത്തണ്ട് റോഡ്
7. ഏനാനല്ലൂർ ഹൈസ്കൂൾ റോഡ്
8. ഏലുവിച്ചിറക്കുന്ന് വാഴക്കുളം ചർച്ച് റോഡ്
9. ആവോലി, ആയവന, മഞ്ഞള്ളൂർ എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന വാഴക്കുളം ബാലഭവൻ റോഡ്,

### ജലഗതാഗതം

അരനൂററാണ്ടുകൾക്ക് മുൻപ് ആവോലി കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ വിററഴിക്കുന്നതിനും, യാത്ര ചെയ്യുന്നതിനും ജല ഗതാഗതം ഒരു മുഖ്യമാർഗമായിരുന്നു. എന്നാൽ ഇന്ന് ഇതാരും ഉപയോഗിക്കുന്നില്ല. ആളുകളുടേയും ചരക്കുകളുടേയും

ഗതാഗതം റോഡ് വഴിയാക്കി ഇന്ന് വളരെ എളുപ്പമാക്കിത്തീർത്തിട്ടുണ്ട്. ഇന്നീ പഞ്ചായത്തിൽ അയൽ പ്രദേശങ്ങളിൽ നിന്ന് പ്രവേശിക്കുന്നതിന് നിരവധി കടത്തുകടവുകളെ ആശ്രയിക്കേണ്ടി വരുന്നു. ഇതൊരു പരിധിവരെ നാടിന്റെ വികസനത്തിനു തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ദീർഘകാലങ്ങളായി ഈ പ്രദേശത്തെ ജനങ്ങൾ ആഗ്രഹിച്ച് പോരുന്ന ഒന്നു രണ്ടു പാലങ്ങൾ സ്ഥാപിച്ചു കിട്ടുന്നതിന് ഇതുവരെയും സാധിച്ചിട്ടില്ല. ആരക്കുഴ പഞ്ചായത്തും ആവോലി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ആരക്കുഴമൂഴി പാലം ഉടനെ തീർക്കുമെന്ന് മാറി മാറി വരുന്ന സർക്കാരുകൾ പ്രഖ്യാപിക്കാറുണ്ടെങ്കിലും അതിനുള്ള നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടുള്ളതായി അറിയുന്നില്ല. നടുക്കരയിൽ പുതുതായി നിർമ്മാണമാരംഭിച്ചിട്ടുള്ള പൈനാപ്പിൾ ഫാക്ടറിയുടെ സുഗമമായ പ്രവർത്തനങ്ങളെ സഹായിക്കുന്നതുമാണ് പ്രസ്തുത പാലം. ആരക്കുഴ, മാറാടി, പാലക്കുഴ, മണക്കാട് തുടങ്ങിയ പഞ്ചായത്തുകളിൽ പൈനാപ്പിൾ കൃഷി ഇപ്പോൾ വ്യാപകമായി നടക്കുന്നുണ്ട്. ഈ പൈനാപ്പിളുകളെല്ലാം ഫാക്ടറിയിൽ വന്നെത്തുന്നതിന് ഏററവും സഹായകരമായിരിക്കും ഈ പാലം. മൂവാററുപുഴ ചാലിക്കടവ് ഭാഗത്ത് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പാലത്തിന്റെ പണി പൂർത്തീകരിക്കുന്ന പക്ഷം ഈ പഞ്ചായത്തിന്റെ വികസനത്തെയും ഇത് സഹായിക്കുന്നതാണ്. വള്ളം കടത്തിനു ചിലവിട്ടുകൊണ്ടിരിക്കുന്ന ഭാരിച്ച സംഖ്യ നാടിന്റെ വികസനത്തിനു ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്തിൽ ഇന്ന് വള്ളം കടത്തിക്കൊണ്ടിരിക്കുന്ന താഴെ പറയുന്ന കടത്തുകളിൽ തൂക്കുപാലം വളരെ ആവശ്യമാണ്.

പട്ടിക 14 **പഞ്ചായത്തിൽ നിലവിലുള്ള കടത്തു കടവുകൾ**

1. രണ്ടാർ മുസ്ലീം പള്ളികടവ്
2 നിർമ്മലാ കോളേജ് കഴിക്കണ്ടം കടവ്
3. ആനിക്കാട് വട്ടക്കടി കടവ്
4 കേവുള്ളി കടവ്
5, വള്ളിക്കട കടവ്
6. ആരക്കുഴമൂഴി കടവ്
7. പള്ളിക്കടവ് കടത്തുകടവ്

## ഗതാഗതപ്രശ്നങ്ങൾ

1 പഞ്ചായത്തു റോഡുകൾക്ക് വേണ്ടത്ര വീതിയില്ലാത്തവയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള കലുങ്കുകളോ പാർശ്വഭിത്തികളോ ഇല്ലാത്തവയുമാകുന്നു.

2. സമയാസമയങ്ങളിൽ റോഡുകളുടെ അററകുററപ്പണികൾ നടക്കുന്നില്ല.

3. പല പ്രധാന റോഡുകളിലും, നാൽക്കവലകളിലും വൈദ്യുതി വിളക്കുകളുടെ അഭാവം യാത്രാക്ലേശം ഉളവാക്കുകയും സാമൂഹ്യ വിരുദ്ധരുടെ ശല്യം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

4. നിരവധി റോഡുകളിൽ യാത്ര ദുഷ്കരമാണ്.

5. പഞ്ചായത്ത് മണ്ണ് റോഡുകളിൽ മിക്കതും പൂർത്തീകരിക്കപ്പെടാത്തതാണ്.

6 പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ അടൂപ്പറമ്പ്, ആനിക്കാട്, ആവോലി എന്നിവിടങ്ങളിൽ നിരവധി വാഹനങ്ങൾ പാർക്ക് ചെയ്യും ഗതാഗത തടസ്സം സൃഷ്ടിക്കുന്നുണ്ട്.

7. പഞ്ചായത്തിലെ പ്രധാനബസ്സ്റ്റോപ്പുകളിൽ വെയിററിംഗ് ഷെഡ്ഡുകളില്ല.

8. ഈ പഞ്ചായത്തിലുള്ള വാഹനങ്ങളുടെ എണ്ണം വളരെയേറെ വർദ്ധിച്ച സാഹചര്യത്തിൽ, അവയ്ക്ക് ഇന്ധനം നിറക്കുവാൻ വാഴക്കുളത്തോ, മൂവാററുപുഴയിലോ പോകേണ്ടി വരുന്നതും വളരെ ബുദ്ധിമുട്ടുളവാക്കുന്നുണ്ട്.

64

## സാദ്ധ്യതകൾ

1. നിലവിലുള്ള പഞ്ചായത്തു റോഡുകൾ വീതി കൂട്ടിയും കലുങ്കുകൾ തീർത്തും സൈഡുഭിത്തി കെട്ടിയും, ടാർചെയ്തും പൂർത്തീകരിക്കാത്തവ പൂർത്തീകരിച്ചും സഞ്ചാരയോഗ്യമാക്കുക.

2 PWD റോഡുകളുടെയും പഞ്ചായത്തു റോഡുകളുടെയും അററകുററപ്പണികൾ സമയാസമയങ്ങളിൽ നടത്തുന്നതിനുള്ള സ്ഥിരമായ നടപടികൾ കൈക്കൊള്ളണം.

3. ഇനു വൈദ്യുതി വിളക്കുകൾ സ്ഥാപിക്കാത്ത റോഡുകളിലെല്ലാം വിളക്കുകൾ സ്ഥാപിക്കുക.

4 മൂവാററുപുഴയിൽ നിന്നു തുടങ്ങി ആനിക്കാട് കാവന റോഡിലൂടെ കടളിക്കാട് കൂടി തൊടുപുഴയ്ക്ക് രണ്ടു ബസ്സെങ്കിലും സർവ്വീസ് ആരംഭിക്കുക.

5. മൂവാററുപുഴ-പാല ഇന്നത്തെ ദൂരം പകുതികണ്ട് കുറയ്ക്കുന്നതിനു ആനിക്കാട്, നടുക്കര, കാവന, മേമടങ്ങ്, തോട്ടക്കര, മാറിക, രാമപുരം വഴി പോകുന്ന റോഡ് സ്റ്റേററ് ഹൈവേയാക്കി പ്രഖ്യാപിച്ചുകൊണ്ട് മൂവാററുപുഴ നിന്നും പാലായിലേക്കും അപ്പുറത്തേക്കും ഇന്നു സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ ആവഴി തിരിച്ചുവിടാവുന്നതും P. M. റോഡിൽ നിന്നുള്ള വാഹനതിരക്ക് ഒഴിവാക്കുന്നതിനും, വാഹനകരുക്ക് ഒഴിവാക്കുന്നതിനും, ഓവർ സ്പീഡ് നിയന്ത്രിക്കുന്നതിനും സഹായിക്കും.

6 നിലവിലുള്ള പഞ്ചായത്തു റോഡുകൾ ടാർ ചെയ്യാത്തവയെല്ലാം ടാറിംഗ് നടത്തി സഞ്ചാരയോഗ്യമാക്കുക. ആവോലിയിൽ നിന്നു് ആരംഭിച്ച് ആയവന പഞ്ചായത്തിലൂടെ മഞ്ഞള്ളൂർ പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന റോഡിലൂടെ ബസ്സ് സർവ്വീസ് ആരംഭിച്ചുകൊണ്ട് ആ ഉൾനാടൻ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും കൃഷിക്കാക്കും മൂവാററുപുഴ പട്ടണവും വാഴക്കുളം ടൗണുമായി ബന്ധപ്പെടുവാനുള്ള സൗകര്യം ഉണ്ടാക്കുക.

7. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ അടൂപ്പറമ്പ്, ആനിക്കാട്, ആവോലി എന്നിവിടങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനു് സൗകര്യമുണ്ടാക്കുക.

8 പഞ്ചായത്തിലെ ജനത്തിരക്കുള്ള അടൂപ്പറമ്പ്, ആനിക്കാട്, ആവോലി മാവിൻചുവട്, പുളിക്കായത്തുകടവ് എന്നീ ബസ്സ്സ്റ്റോപ്പുകളിൽ വെയിററിംഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

9. ഈ പഞ്ചായത്തുകളിൽ നിരവധി ഓട്ടോറിക്ഷകളും കാറുകളും ലോറികളും ഇരുചക്രവാഹനങ്ങളും ഉള്ളതുകൊണ്ട് അവക്ക് സൗകര്യപ്രദമായി ഇന്ധനം നിറയ്ക്കുവാൻ ആനിക്കാട് ഒരു പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക

10 വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനു് പഞ്ചിങ്ങ് സമ്പ്രദായം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

11. ഇന്നു് വൈദ്യുതി വിളക്കുകൾ സ്ഥാപിക്കാത്ത റോഡുകളിലെല്ലാം ജനപങ്കാളിത്തത്തോടെ വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുക.

12 മൂവാററുപുഴയിൽനിന്നും ചാലിക്കടവു വഴി ആവോലി, ആയവന തുടങ്ങിയ നിരവധി പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കോട്ട റോഡ് ഒരു സ്റ്റേററ് ഹൈവേ ആക്കുക.

# തൃതീയ മേഖല

## സേവന തുറകളും ക്ഷേമപ്രവർത്തനങ്ങളും

### 5 പാർപ്പിടവും സാമൂഹ്യക്ഷേമവും

#### പാർപ്പിടം

നമ്മുടെ ഈ പഞ്ചായത്തിൽ കഴിഞ്ഞ സെൻസസ് അനുസരിച്ച് ഏകദേശം 3874 കുടുംബങ്ങളുണ്ടെന്നു സൂചിപ്പിക്കുന്നു. ഈ കുടുംബങ്ങൾക്കെല്ലാം മിനിമം സൗകര്യങ്ങളുള്ള വീടുകൾ ഉണ്ടെന്നു് കാണുന്നില്ല. ആയതിനാൽ എല്ലാ കുടുംബങ്ങൾക്കും പാർപ്പിട സൗകര്യം എന്ന ലക്ഷ്യം മുൻനിർത്തി ഈ രംഗത്തുവരേണ്ട പുരോഗതിയെപ്പററിയാണ് പഠിക്കാൻ ശ്രമിക്കേണ്ടതു്.

#### നിലവിലുള്ള വീടുകളുടെ നില

മുൻകാലങ്ങളിൽ ജനങ്ങൾ വസിച്ചിരുന്നതു് ഓലക്കുടിലുകളിലും പുൽക്കുടിലുകളിലും ആയിരുന്നു. ഈ സ്ഥാനത്തു് ഇന്നു് ഓട് മേഞ്ഞ വീടുകളും കോൺക്രീററ് വീടുകളും പണിതിരിക്കുന്നു ജനങ്ങളുടെ ജീവിത രീതിയും പണത്തിന്റെ ലഭ്യതയും വിദ്യാഭ്യാസ പുരോഗതിയും ഈ രംഗത്തു് വളരെയധികം മാററം വരുത്തി. എങ്കിലും ഓലപ്പുരകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കണ്ടുവരുന്നു. ആധുനിക വീടുനിർമ്മാണത്തിനുവേണ്ട ധന സഹായം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായതിനാൽ ഇതിന് പ്രോത്സാഹനം ലഭിക്കുന്നു ഒരുനില കെട്ടിടങ്ങളും ഇരുനില കെട്ടിടങ്ങളും ആധുനികരീതിയിൽ പണികഴിപ്പിച്ചിട്ടുള്ളവർ പഞ്ചായത്തിൽ ഉണ്ടു്. വീടുകളുടെ ചുററുമതിലും ചെലവേറിയ രീതിയിൽ കെട്ടിപ്പൊക്കുന്ന പ്രവണതയും ജനങ്ങളിൽ വർദ്ധിച്ചുവരുന്നു പഞ്ചായത്തിൽ ആകെയുള്ള 3524 വീടുകളിൽ ഓടു് മേഞ്ഞതു് 1635 ആണ്. പഞ്ചായത്തിലെ വീടുകളുടെ സ്ഥിതി വിവരക്കണക്കുകൾ പരിശോധിക്കുമ്പോൾ താഴെ ചേർക്കുന്ന രീതിയിലാണ് കാണുവാൻ കഴിയുന്നതു്.

പട്ടിക 15 ഭവനങ്ങളെ സംബന്ധിച്ച വിവരം

| കോൺക്രീററ് | ഓടിട്ടതു് | ഓലമേഞ്ഞതു് |
|---|---|---|
| ഇരുനില_135 | ഇരുനില_6 | 237 |
| ഒരുനില_527 | സാധാരണ ഓടിട്ടതു്_1459 | |
| അർദ്ധ കോൺക്രീററ്_1160 | | |

ആകെയുള്ള കുടുംബങ്ങളിൽ ഭവന രഹിതർ 350 ആണ്. ഇതു് പഞ്ചായത്തിലെ ജനസംഖ്യയുടെ 10% വരും. സാധാരണ വീടുകളിൽ ഏകദേശം 400 വീടുകളോളം വേണ്ടത്ര സുരക്ഷിതവും വാസയോഗ്യവുമല്ല. പാർപ്പിട പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭവന രഹിതർക്ക് വീടുകൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം ദേശീയ നഷ്ടം ഉണ്ടാക്കുന്ന തരത്തിലുള്ള അത്യാധുനിക വാസ്തു ശിൽപ മാതൃകയിലുള്ള വീടുകൾ നിർമ്മിക്കുന്നതു് നിയന്ത്രിക്കപ്പെടേണ്ടതാണ്. വളരെ വിലയേറിയ നിർമ്മാണവസ്തുക്കളായ മൊസൈക്കും മാർബിളും മററു സാമഗ്രികളും ഉപയോഗിച്ച് കോൺക്രീററ് ഭവനങ്ങളും അവയ്ക്കുള്ള ചുററുമതിലും പണിയുന്നതായി കാണുന്നു. ഈ പ്രവണത വളരുമ്പോൾതന്നെ ഭവനരഹിതരുടെയും വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവരുടെയും പ്രശ്നങ്ങളെപ്പററി നാം പഠിക്കേണ്ടതുണ്ടു്.

ഈ പഞ്ചായത്തിലെ കോളനികളുടെയും ലക്ഷംവീടുകോളനികളുടെയും അവസ്ഥ ശോചനീയമാണ്. ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു ഏകദേശം പത്തു് കോളനികളും നാല് ലക്ഷംവീടുകോളനികളും ഇപ്പോൾ ഈ പഞ്ചായത്തിൽ ഉണ്ടു്. 1967_ൽ ആണ് ലക്ഷംവീട കോളനികൾ സ്ഥാപിതമായതു്. മൂവാററുപുഴ, ആനിക്കാട്, ആവോലി, കാവന എന്നീ കരകളിലാണവ. ഒരു കൂരയ്ക്കു കീഴെ രണ്ടു് കുടുംബങ്ങൾ എന്ന കണക്കിലാണ് സർക്കാർ ലക്ഷംവീട കോളനികൾ നിർമ്മിച്ച് നൽകിയതു് ശുചിത്വം, സുരക്ഷിതത്വം എന്നിവയുടെ കാര്യത്തിൽ ഇവ പിന്നോക്കമാണ് നിർമ്മാണത്തിനുശേഷം ഇതിന്റെ അററകുററപ്പണികൾ ഒന്നുംതന്നെ ചെയ്തിട്ടില്ലാത്തതിനാൽ. ഈ വീടുകളെല്ലാം ശോച്യാവസ്ഥയിലാണ്. 95_ഓളം കുടുംബങ്ങൾ ഇന്നു് പുറംമ്പോക്കിലും ചേരിപ്രദേശങ്ങളിലുമായി കുടിൽ തീർത്തു താമസിക്കുന്നു. ഇവർക്ക് സ്ഥലവും വീടും അടിയന്തിരമായി ലഭ്യമാക്കണം.

ഏകദേശം പതിനഞ്ചോളം കുടുംബങ്ങൾ അന്യ സംസ്ഥാനങ്ങളിൽനിന്നും ഈ പഞ്ചായത്തിൽ വന്ന് താമസിക്കുന്നു. ചിലവുകുറഞ്ഞ

വീടുകൾ നിർമ്മിക്കുന്ന പദ്ധതികൾ ഒന്നും തന്നെ പഞ്ചായത്തിൽ ലഭ്യമല്ല. കേരളീയ വാസ്തുശില്പകലയുടെ സ്ഥാനത്ത് പശ്ചിമേഷ്യൻ-യൂറോപ്പ്യൻ വാസ്തുശില്പ കലകൾ കടന്നു ഇത് വിലയിരുത്തേണ്ടതാണ്. പദവിക്കും ആഡംബരത്തിനുംവേണ്ടി അയൽ സംസ്ഥാനങ്ങളിൽനിന്നും വി ദേ ശ ത്തു നി ന്നു പോ ലും കെട്ടിട നിർമ്മതിക്കാവശ്യമായ സാമഗ്രികൾ കൊണ്ടുവന്ന് വീടുകൾ നിർമ്മിക്കുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാകുന്നതിൽ ചില പ്രശ്നങ്ങൾ ഈ പ്രദേശത്ത് കാണുന്നു തടി, വെട്ടുകല്ല്, മണൽ, സിമൻറ് ഇവയുടെ ദൗർല്ലഭ്യം ഉണ്ട്. വൈദഗ്ധ്യമുള്ള തൊഴിലാളികളെ കിട്ടുവാനില്ല, കെട്ടിടനിർമ്മാണ കരാർ സമ്പ്രദായമാണ് ഇന്ന് നിലവിലുള്ളത്. മൈത്രി ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് പത്തു കുടുംബങ്ങൾക്ക് വായ്പ ലഭ്യമാക്കുവാൻ സാധ്യമായിട്ടുണ്ട്.

### *പ്രശ്നങ്ങൾ*

* ഭവന നിർമ്മാണ വായ്പ ലഭ്യമാകുന്നതിന് ജ ന ങ്ങ ൾ ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നോ ധ ന കാ ര്യ സ്ഥാ പ ന ങ്ങ ളിൽ നിന്നോ വേണ്ടത്ര സഹായം ലഭിക്കുന്നില്ല.
* ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
* ബന്ധപ്പെട്ടരേഖകൾ യഥാവിധി സമർപ്പിക്കുവാൻ വേണ്ടി വി ല്ലേ ജ് ഓ ഫീ സ് താലൂക്ക് ഓഫീസ് രജിസ്ട്രാഫീസ് എന്നിവിടങ്ങളിൽ നിന്നും വളരെയേറെ പ്രയാസങ്ങൾ നേരിടേണ്ടി വരുന്നു.
* ഹൗസിംഗ് സ ഹ ക ര ണ സംഘങ്ങൾ വേണ്ടത്ര ഇല്ലാത്തതും, ഓഫീസ് നടപടികളെക്കുറിച്ച് അറിവില്ലായ്മയും ഉദ്യോഗസ്ഥൻ മാരുടെ അലംഭാവവും പ്രശ്നമാകുന്നുണ്ട്
* കരിങ്കൽ, കോൺക്രീററ് മുതലായവ കൊണ്ടുള്ള കെട്ടിടങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
* 30 വർഷം പഴക്കമുള്ള ലക്ഷംവീട് കോളനികൾ വാസയോഗ്യമല്ല.
* ഇലുവിച്ചിറ കോളനിയിൽ 6 കുടുംബങ്ങൾക്ക് തീരെ വാസയോഗ്യമല്ലാത്ത വീടുകളിലാണ് താമസിക്കുന്നത്. അവിടെ പ്രാഥമിക സൗകര്യങ്ങളോ വൈദ്യുതിയോ ഇല്ല.
* 350 കുടുംബങ്ങൾ ഭവനരഹിതവും 400 കുടുംബങ്ങൾ വാസയോഗമല്ലാത്ത സ്ഥലത്തും താമസിക്കുന്നു.
* വൈദഗ്ധ്യമുള്ള തൊഴിലാളികളെ കിട്ടാനില്ല.
* കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യാനുസരണം ലഭ്യമല്ല.
* ഭവനനിർമ്മാണ രംഗത്ത് പണം ധൂർത്തടിക്കപ്പെടുന്നു.
* കെട്ടിട നികുതി നിരക്കിൽ അപാകതകളും അഴിമതിയും നിലനില്ക്കുന്നു.

### *സാദ്ധ്യതകൾ*

* നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതികളെക്കുറിച്ച് ഗ്രാമീണരെ ബോധവൽക്കരിക്കണം.
* ചെലവു കുറഞ്ഞ നിർമ്മാണ രീതികൾ അവലംബിക്കണം.
* വൻകിട കെട്ടിടങ്ങൾക്കുള്ള നികുതി സംവിധാനം മാററുകയും പുതിയ മാനദണ്ഡങ്ങൾ ആവിഷ്കരിക്കുകയും വേണം.
* നികുതി നിർണ്ണയത്തിന് സംവിധാനം ഏർപ്പെടുത്തണം.
* ജൈവവേലി പ്രചരിപ്പിക്കണം.
* കേരളീയ വസ്തു ശില്പ മാതൃകയിലുള്ള വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം.
* റബർതടി Hard wood ആക്കി മാററി കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്തണം.
* ഹൗസിംങ് ബോർഡിന്റെ ഒരു ശാഖ മൂവാററുപുഴയിൽ സ്ഥാപിക്കണം.
* പഞ്ചായത്തിൽ ഒരു ഹൗസിംങ് സഹകരണ സംഘം സ്ഥാപിക്കുക.
* അററകുററപ്പണികൾ നടത്തുവാനുള്ള സാമ്പത്തിക സഹായം, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കണം.
* പട്ടയം ഇല്ലാത്തവർക്ക് പട്ടയം നല്കുക. പുറമ്പോക്ക് നിവാസികൾക്ക് സ്ഥലം വീതിച്ച് നൽകുക.
* മിച്ചഭൂമി ഏറെറടുത്തു നൽകുക.
* ഉദാരവ്യവസ്ഥയിൽ കെട്ടിടം പണിയുന്നതിനുള്ള സാമ്പത്തിക സഹായം ലളിതമായ നടപടികളിലൂടെ ലഭ്യമാക്കുക.
* ക്രെഡിററ് യൂണിയൻ സംവിധാനം
* തൊഴിലാളികൾക്ക് പരിശീലനം നൽകണം.
* കോളനികൾക്ക് പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളം, വൈദ്യുതി അടിയന്തിരമായി നൽകുക.
* എലുവിച്ചിറ കോളനി നിവാസികൾക്ക് ഭവന നിർമ്മാണ സൗകര്യം ഉണ്ടാക്കിക്കൊടുക്കുക.

# സാമൂഹ്യക്ഷേമം

## അവലോകനം

ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതികളും വിവിധ ഭാഗങ്ങളുടെ പെൻഷൻ സംവിധാനങ്ങളുമാണ് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ സുപ്രധാന മായിട്ടുള്ളത്. ദരിദ്ര ജനവിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക സവിശേഷതകൾ വിശകലനം ചെയ്യപ്പെടുമ്പോഴാണ് ഈ മേഖലയെക്കുറിച്ച് നമുക്കവബോധമുണ്ടാകുക.

1992-ലെ Integrated rural develop-ment programe (സംയോജിത ഗ്രാമ വികസന പദ്ധതി I R D P) സർവ്വേപ്രകാരം 1076 ദാരിദ്ര്യ രേഖക്കുതാഴെയുള്ള കുടുംബങ്ങളാണുള്ളത്. ഇതിൽ 44 പട്ടികജാതി പട്ടിക വർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നും കാണുന്നു.

നാളിതുവരെ I R D P ധനസഹായം ലഭിച്ച 160 കുടുംബങ്ങളാണുള്ളത്. ഇതിൽ 64 കുടുംബങ്ങൾ പട്ടികജാതി പട്ടിക വർഗ്ഗത്തിലുള്ളവരാണ്. രണ്ടാം വാർഡിലാണ് സാമ്പത്തികസഹായം ലഭിച്ചവർ കൂടുതലായിട്ടുള്ളത് ദാരിദ്ര നിർമ്മാർജ്ജന പദ്ധതിപ്രകാരം IRDP സാമ്പത്തിക സഹായം ലഭിച്ചത്‌വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിൽ ആയവർ ഏകദേശം എട്ട് ആണെന്നു കാണുന്നു.

വേണ്ടവിധത്തിൽ വേണ്ട സമയത്ത് ഈ I R D P പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ ഒരു പരിധിവരെ സാമ്പത്തിക പ്രശ്നം പരിഹരിക്കപ്പെടുമായിരുന്നു. എന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥ, അനുദ്യോഗസ്ഥന്മാരുടെ കാര്യക്ഷമതക്കുറവും അനാസ്ഥയും മൂലം ഈ പദ്ധതി കൊണ്ട് ഫലം ലഭിക്കാത്തവരാണധികവും. ഈ പദ്ധതിയനുസരിച്ചുള്ള സാമ്പത്തികസഹായം യഥാസമയം യഥാവിധി ഉപയോഗപ്പെടുത്തുവാൻ സാധിച്ചാൽ മാത്രമേ ഈ പഞ്ചായത്തിൻെറ സാമൂഹിക സാമ്പത്തിക രംഗം മെച്ചപ്പെടുകയുള്ളൂ. "TRYSEM" (Training for Rural Youth for Self Employment) പദ്ധതിയനുസരിച്ച് 35 അംഗങ്ങൾക്ക് തൊഴിൽ പരിശീലനം നൽകിയെങ്കിലും 25 അംഗങ്ങൾ മാത്രമാണ് അതിൽ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുള്ളത്.

" DWCRA " ( Development of Women & Children in Rural Area) ഗ്രാമീണ വനിതാ ശിശു ക്ഷേമ പദ്ധതി പ്രകാരം രണ്ട് തൊഴിൽ സംരംഭങ്ങളാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. കാവന ഡയറി പിക്രി യൂണിററും, മയൂരി ബാഗ് യൂണിററും. ഇവ പ്രവർത്തനം നടത്തിവരുന്നുണ്ട്.

RAP ഗ്രാമീണ തൊഴിൽ സഹായ പദ്ധതിപ്രകാരം 6 പേർക്ക് ഉപകരണങ്ങൾ നൽകിയതായി കാണുന്നുണ്ട്.

### *സഹായ പദ്ധതി*

വിവിധ പെൻഷൻ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നവരുടെ പട്ടിക താഴെ കൊടുക്കുന്നു

| | |
|---|---|
| അഗതി പെൻഷൻ | -63 പേർക്ക് |
| വിധവാ പെൻഷൻ | -25 പേർക്ക് |
| വികലാംഗ പെൻഷൻ | -45 പേർക്ക് |
| വാർദ്ധക്യകാല പെൻഷൻ | - 9 പേർക്ക് |
| അവശകലാകാരന്മാർക്കുള്ള പെൻഷൻ | - 1 |
| ക്ഷയരോഗികൾക്കുള്ള പെൻഷൻ | -86 പേർക്ക് |
| തൊഴിലില്ലായ്മ വേതനം | -102 പേക്ക് |

ഈ ധനസഹായ പദ്ധതികളൊന്നും ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ വിതരണം നടത്തുന്നതിനുള്ള സംവിധാനം ഇന്നില്ല. 7-ഉം 8-ഉം മാസത്തെ കുടിശിക വരുത്തിക്കൊണ്ട് ഒന്നോ രണ്ടോ മാസത്തേതു മാത്രം കൊടുക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. ഇതങ്ങേയററം ദുഃഖകരവും പരിഹാസ്യവുമായ ഒരു നടപടിയായി ജനങ്ങൾ കണക്കാക്കുന്നു. ഈ പദ്ധതികളുടെ എല്ലാം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും വിതരണം കൃത്യമായി നടത്തുന്നതും പഞ്ചായത്തിൻെറ ചുമതലയിൽപ്പെടുത്തണം. നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന ആളുകളുടെ അർഹതയെപ്പററി പഞ്ചായത്ത് പുനഃപരിശോധിക്കേണ്ടതാണ്. വികലാംഗർക്കുള്ള യാത്രാ സൗജന്യം ലഭിക്കുന്നതിന് നിരവധി തടസങ്ങൾ ഇന്നനുഭവപ്പെടുന്നുണ്ട്. ഈ വികലാംഗരുടെ അർഹത തിട്ടപ്പെടുത്തുന്ന ഇന്നത്തെ മെഡിക്കൽ ബോർഡ് സമ്പ്രദായം അർഹതയുള്ളവർക്ക് ഈ ആനുകൂല്യങ്ങൾ അപ്രാപ്യമാക്കുന്ന വിധത്തിലാണ്. ഇതും ഗ്രാമപഞ്ചായത്തിൻെറ ഭരണസമിതിയ്ക്ക് വിട്ടുകൊടുക്കേണ്ടതാണ്. ഈ ആനുകൂല്യം ലഭ്യമാക്കുന്നതിന് ഈ പഞ്ചായ

ത്തിൽ മൂന്ന് വികലാംഗ മന്ദബുദ്ധി ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1) നിർമ്മല സദൻ ഹോസ്റ്റൽപടി
2) നവജ്യോതി, കാവന
3) വിമലാ ഭവൻ എന്ന വികലാംഗഭവൻ ആനിക്കാട്

മിശ്രവിവാഹിതർക്ക് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി, വിധവകളുടെ പെൺമക്കളെ വിവാഹം കഴിച്ചയയ്ക്കുന്നതിനുള്ള ധനസഹായം, പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് വിവാഹത്തിനുള്ള സാമ്പത്തിക സഹായം, ചികിത്സാ സഹായം, യാത്രാനുകൂല്യം ഇവയൊക്കെ സാമൂഹ്യ ക്ഷേമ പദ്ധതിയുടെ ഭാഗമായി കൊടുത്തുവരുന്നുണ്ട്.

### *മഹിള സമാജങ്ങളും ബാലവാടികളും*

ആവോലി ഗ്രാമപഞ്ചായത്തിൽ 5 മഹിളാസമാജങ്ങളും 4 ബാലവാടികളും പ്രവർത്തിക്കുന്നുണ്ട്. 5, 3, 8, 2, എന്നീ വാർഡുകളിലാണിത് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണെന്ന് പറയുവാൻ നിവൃത്തിയില്ല ആവശ്യമായ സൗകര്യങ്ങളുടെ അഭാവം, നിർദ്ദേശങ്ങളുടെകുറവ്, അജ്ഞത സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത എന്നിവ ഇവയുടെ പ്രവർത്തനങ്ങളെ വികലപ്പെടുത്തുന്നു. ഈ സംവിധാനങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുവാൻ ഗ്രാമീണർക്ക് ആകുന്നില്ല.

പട്ടിക 17

I R D P സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം (As per Survey 1992)

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 67 | 4 | 8 | 5 | 4 | 63 |
| II | 256 | 11 | 30 | 14 | 4 | 252 |
| III | 198 | 5 | 12 | 6 | 3 | 195 |
| IV | 144 | 8 | 34 | 10 | 4 | 140 |
| V | 48 | 1 | 4 | 1 | 2 | 46 |
| VI | 102 | 3 | 15 | 7 | 2 | 100 |
| VII | 89 | 1 | 18 | 1 | 2 | 87 |
| VIII | 172 | 11 | 39 | 20 | 8 | 164 |
| | 1076 | 44 | 160 | 64 | 29 | 1047 |

## പട്ടിക 18

### CSS for SF/MF പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം (1985—95)

| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | വാർഡ് ആസ്തികളുടെ എണ്ണം അളവ് I | II | III | IV | V | VI | VII | VIII | IX | X | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കിണറുകൾ | 1 | 1 | | 2 | 5 | 4 | 3 | 2 | | | 18 |
| 2 | കളങ്ങൾ | + | + | | 3 | — | — | 2 | — | | | 5 |
| 3 | വാട്ടർ ടാങ്കുകൾ | | | | | | | | | | | |
| 4 | പമ്പ്ഹൗസുകൾ | 7 | 2 | | 8 | 6 | 6 | 3 | 3 | | | 35 |
| 5 | പമ്പ്സെററുകൾ | 15 | 11 | | 20 | 23 | 10 | 20 | 19 | | | 118 |
| | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | 10–70 | 8–91 | | 16–52 | 20–44 | 10–76 | 20-36 | 12–12 | | | 99.81 |

### പ്രശ്നങ്ങൾ

* IRDP സർവെ കാര്യക്ഷമമല്ല. ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് ഇന്നത്തെ സമ്പ്രദായം മാററി ഒരു പഞ്ചായത്തു കമ്മററിയെ ഏല്പിക്കേണ്ടതാണ്.
* IRDP പദ്ധതിപ്രകാരം കൊടുക്കേണ്ട സഹായങ്ങളെല്ലാം ദുരുപയോഗപ്പെടുത്തി വരുന്നതായി കാണുന്നുണ്ട്.
* പെൻഷൻ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ വേണ്ടവർക്ക് യഥാസമയം കിട്ടുന്നില്ല.
* DWCRA മുഖേനയുള്ള പരിശീലനം കാര്യക്ഷമമല്ല.
* മഹിളാസമാജങ്ങൾ വേണ്ടത്ര നിലവിലില്ല വനിതകൾക്ക് തൊഴിൽ പരിശീലന സൗകര്യങ്ങൾ വേണ്ടുവോളം ഇല്ല.
* അഗതിമന്ദിരങ്ങളും വൃദ്ധമന്ദിരങ്ങളും ഇന്ന് നിലവിലില്ല.

### സാദ്ധ്യതകൾ

* IRDP പദ്ധതിയുടെ ഉപഭോക്താക്കളെ ഗ്രാമപഞ്ചായത്ത് കമ്മിററിതന്നെ തിരഞ്ഞെടുക്കണം.
* IRDP വായ്പകളും സഹായധനങ്ങളും ദുരുപയോഗപ്പെടുത്തുന്നത് കർശനമായി തടയുന്നതിനുള്ള അധികാരം പഞ്ചായത്തു കമ്മിററിയിൽ നിക്ഷിപ്തമാക്കണം.
* ഇന്ന് വിതരണം ചെയ്യുന്ന ക്ഷേമപദ്ധതി പ്രകാരമുള്ള പെൻഷൻ തുകകൾ പഞ്ചായത്തുവഴി വിതരണം ചെയ്യണം.
* പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിക്കുകയും അവർക്കാവശ്യമായ തൊഴിൽ പരിശീലനങ്ങളും സാമ്പത്തിക സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്.
* ഈ പഞ്ചായത്തിൽ ഒരു അഗതി വൃദ്ധമന്ദിരമെങ്കിലും സ്ഥാപിക്കേണ്ടത് ഈ കാലഘട്ടത്തിൽ അത്യാവശ്യമാണ്.
* DWCRA യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
* അഗതി മന്ദിരവും വൃദ്ധ മന്ദിരവും പഞ്ചായത്തിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് സാദ്ധ്യതകളുണ്ട്.
* നിലവിലുള്ള നിർമ്മലാസദൻ ബുദ്ധിവൈകല്യം സംഭവിച്ച കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളിനോട് അനുബന്ധിച്ച് അവർക്ക് തൊഴിൽ പരിശീലനം നൽകി വരുന്നു.
* വിമല ഭവൻ എന്ന വികലാംഗ സ്ഥാപനവും തൊഴിൽ പരിശീലനം നല്കുന്നു.

# 6 പൊതുജനാരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

ആധുനിക കാലഘട്ടത്തിൽ വൈദ്യശാസ്ത്രരംഗത്തെ അഭൂതപൂർവ്വമായ നേട്ടങ്ങൾ മനുഷ്യന്റെ ആരോഗ്യ സംരക്ഷണത്തിൽ പുരോഗതി ഉണ്ടാക്കിയിട്ടുണ്ട്. മരണനിരക്കും ശിശുമരണനിരക്കും അകാലമൃത്യുവിന്റെ നിരക്കും അടിക്കടി കുറഞ്ഞുവരുന്നു. ജനസംഖ്യാവർദ്ധനവിന്റെ ഒരു കാരണവും ഇതുതന്നെ. നമ്മുടെ പഞ്ചായത്തിലും ഇതു കാണുവാൻ സാധിക്കും.

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ആരോഗ്യ രംഗത്ത് പുരാതന സമ്പ്രദായങ്ങളാണ് ഇവിടെ നിലനിന്നിരുന്നത്. നിരവധി നാട്ടുവൈദ്യന്മാർ ഇവിടെ ജീവിച്ചിരുന്നു. അമൂല്യങ്ങളായ ഔഷധ സസ്യങ്ങൾ സുലഭവുമായിരുന്നു. സംതൃപ്തമായ ഒരു ആരോഗ്യ രക്ഷാസമ്പ്രദായം നിലനിന്നിരുന്നതായി കാണുന്നുവെങ്കിലും മരണനിരക്ക് വളരെ കൂടിയിരുന്നു. ചില രോഗങ്ങളോടുള്ള ഭീതിയും അജ്ഞതയുമായിരുന്നു ഇതിനുള്ള കാരണം. ഗർഭിണികൾക്ക് നാടൻ വയററാട്ടികളുടെ സേവനമാണ് ലഭിച്ചിരുന്നത്. ശിശുമരണനിരക്കും വളരെ കൂടുതലായിരുന്നു മുൻകാലങ്ങളിൽ. മൂവാററുപുഴ പട്ടണത്തിൽ ഒരു സർക്കാർ അലോപ്പതി ആശുപത്രി അന്നുണ്ടായിരുന്നുവെങ്കിലും കുത്തിവയ്പ്, ഓപ്പറേഷൻ മുതലായ ചികിൽസാ സമ്പ്രദായങ്ങളെ ഇവിടെയുള്ള ജനങ്ങൾ ഭയപ്പെട്ടിരുന്നതുകൊണ്ട് അത്തരം ചികിൽസാ രീതികൾ അവർ കൂടുതലും സ്വീകരിച്ചിരുന്നില്ല. എന്നാൽ ഇന്ന് ജനങ്ങൾ വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഉയർന്നതിന്റെ ഫലമായി സ്ഥിതിഗതികൾ ആകെ മാറുകയും അവർ ഗവർമെന്റ് ആശുപത്രികളെ ആശ്രയിക്കുവാനും തുടങ്ങി. ഇത് ഈ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിലും വളരെ മാററം വരുത്തിയിട്ടുണ്ട്. ഇന്ന് ജനങ്ങൾ ആരോഗ്യപരിപാലനത്തിനായി അത്യന്താധുനിക സൗകര്യങ്ങളുള്ള സൂപ്പർ സ്പെഷ്യാലിററി സ്വകാര്യാശുപത്രികളെ ആശ്രയിക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഈ പ്രവണത നമ്മുടെ സർക്കാർ ആശുപത്രികളെയും സമീപപ്രദേശത്തുള്ള മററ് ചെറുകിട ആശുപത്രികളെയും ആശ്രയിക്കുന്നതിൽ നിന്നും അവരെ പിന്തിരിപ്പിച്ചു വരുന്നതായി കാണുന്നു.

ആവോലി പഞ്ചായത്തിലെ മരണനിരക്ക് ആയിരത്തിന് നാല് എന്ന് കണക്കാക്കുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്. ഒരു സ്ഥലത്തെ പൊതുജനാരോഗ്യ നിലവാരത്തിന്റെ ഏററവും നല്ല അളവുകോലാണ് അവിടുത്തെ ശിശുമരണനിരക്ക്. ശിശുമരണനിരക്ക് വളരെ കുറവാണിവിടെ. മാതൃമരണനിരക്ക്- ശതമാനക്കണക്കിനൊന്നും പറയുന്നതിന് ഈ പഞ്ചായത്തിലില്ല.

ജനനനിരക്ക് നമ്മുടെ പഞ്ചായത്തിലും കൂടിവരുന്നു. കേരളത്തിലെ ശരാശരി ജനനനിരക്ക് 17 ആണ്. അതിനെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ ജനന നിരക്ക് കുറവാണ്. പഞ്ചായത്തിൽ 3000-ത്തോളം ദമ്പതികൾ ഉണ്ട് എന്ന് കണക്കാക്കുന്നു. ഗർഭിണികളുടെ എണ്ണം 86 എന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇവരുടെ പ്രായാടിസ്ഥാനത്തിലുള്ള കണക്ക് താഴെ കൊടുക്കുന്നു:

പട്ടിക—19

| | | |
|---|---|---|
| 19 — 25 | : | 45 |
| 26 — 29 | : | 20 |
| 30 — 34 | : | 15 |
| 35 — 39 | : | 5 |
| 40 — 44 | : | 1 |

### പ്രായഘടന

| | |
|---|---|
| 1 വയസ്സിനു താഴെയുള്ള കുട്ടികൾ | — 84 |
| 1 വയസ്സുമുതൽ 5 വയസുവരെ ,, | — 420 |
| 6 ,, 12 ,, | — 840 |

വൃദ്ധ ജനങ്ങളുടെ എണ്ണം ഈ പഞ്ചായത്തിൽ 2100- ആണ്. അതായത്, 60 വയസിനു മുകളിലുള്ളവരുടെ അനുപാതം 14% ആണെന്നുസാരം.

**വൈകല്യനിരക്ക്:-** പഞ്ചായത്തിൽ

അംഗവൈകല്യം ബാധിച്ചവർ 90 പേരുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

**രോഗാതുരത:**

ഈ പഞ്ചായത്തിലെ രോഗബാധിതരുടെ സ്ഥിതി വിവരകണക്ക് താഴെ ചേർക്കുന്നു:

**പട്ടിക—20**

| | | | |
|---|---|---|---|
| ക്ഷയരോഗം ബാധിച്ചവർ | | — | 36 |
| കുഷ്ഠരോഗം | ,, | — | 1 |
| തിമിരം | ,, | — | 80 |
| വലിവ്/ആസ്ത്മ (ശ്വാസകോശ രോഗം) | ,, | — | 500 |
| വായുജന്യരോഗം | ,, | — | 4 |
| പ്രമേഹം | ,, | — | 240 |
| പ്രഷർ | ,, | — | 400 |
| പ്രാണിജന്യരോഗം | ,, | — | 3 |
| ക്യാൻസർ | ,, | — | 38 |
| ഹൃദ്രോഗം | ,, | — | 75 |
| മാനസികം | ,, | — | 20 |
| ജലജന്യരോഗം | ,, | — | 22 |

ഈ നൂററാണ്ടിലെ ഏററവും വലിയ മാരകരോഗമായ **എയ്ഡ്സ്** (AIDS) പഞ്ചായത്തിൽ ഉള്ളതായറിയുന്നില്ല. കേരളത്തിൽ 200-ൽ ഒന്ന് എന്ന കണക്കിൽ **എയ്ഡ്സ്** രോഗികൾ ഉണ്ട് എന്ന് അനൗദ്യോഗിക കണക്കുകൾ കാണിക്കുന്നുണ്ടെങ്കിലും ഔദ്യോഗികമായി ഇത് സ്ഥിരീകരിക്കപ്പെട്ടിട്ടില്ല.

ഹൃദ്രോഗബാധിതരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നു. പ്രകൃതിയുടെ മാററത്തിനനുസൃതമായി പലവ ധത്തിലുള്ള രോഗങ്ങൾ വ്യാപകമായി പഞ്ചായത്തിൽ കണ്ടുവരുന്നുണ്ട്. പോഷകാഹാരക്കുറവുമൂലം ശിശുക്കൾ പലവിധത്തിലുള്ള രോഗങ്ങൾക്കും അടിമയാകുന്നുണ്ട്.

**ആരോഗ്യപരിപാലനകേന്ദ്രങ്ങൾ:**

ഇവിടെ 1961-ൽ കാവനയിലെ ആയുർവ്വേദ ഡിസ്പെൻസറി സ്ഥാപിതമായി. ഒരു ഡോക്ടർ ഉൾപ്പെടെ 4 ജീവനക്കാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു. ഇത് വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. മാറിമാറി വരുന്ന ഡോക്ടർമാരുടെ സേവനതല്പരതയ്ക്കു വിധേയമായി ഇവിടുത്തെ സേവനം മെച്ചപ്പെടുകയും മോശപ്പെടുകയും ചെയ്തുവരുന്നതായിക്കാണുന്നു. ഇപ്പോൾ സേവനം വളരെ മെച്ചപ്പെട്ടിട്ടുണ്ട്. ഇവിടുത്തെ ജീവനക്കാരുടെ ശമ്പളം, മരുന്ന്, വാടക തുടങ്ങിയവക്കായി സർക്കാർ പ്രതിവർഷം 4 ലക്ഷം ക.യോളം ചെലവാക്കുന്നു. സ്വന്തമായി സൗകര്യങ്ങളുള്ള കെട്ടിടവും മരുന്നുകളുടെ ലഭ്യതയും കാര്യമാത്രമായുണ്ടായാൽ ഇവിടുത്തെ സേവനം വളരെ മെച്ചപ്പെട്ടുവരുമെന്നഭിപ്രായമുണ്ട്.

1970-ൽ സ്ഥാപിതമായ സർക്കാർ ഹോമിയോ ഡിസ്പെൻസറി ആയോലിയിൽ പ്രവർത്തിച്ചുവരുന്നു. ഒരു ഡോക്ടർ ഉൾപ്പെടെ 3 ജീവനക്കാരാണ് ഇവിടെയുള്ളത്. സ്വന്തമായ കെട്ടിടമുണ്ട്. ഏകദേശം 4 ലക്ഷത്തോളം രൂപ സർക്കാർ ഇതിനുവേണ്ടി ചെലവഴിക്കുന്നു.

ആനിക്കാട് പ്രവർത്തിക്കുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം 1988-ൽ സ്ഥാപിതമായി. ഫാദർ ജേക്കബ് കുന്നപ്പിള്ളി അവർകളുടെ സന്മനസ്സും സഹായവുമാണ് ഈ സ്ഥാപനത്തിന്നാധാരം. എന്നാൽ, ജനങ്ങളുടെ ആഗ്രഹത്തിനും പ്രതീക്ഷകൾക്കുമൊത്ത് ഇതിന്റെ പ്രവർത്തനം നടക്കുന്നു എന്നു പറയുവാൻ സാദ്ധ്യമല്ല. ഇവിടെ ഉള്ള സൗകര്യങ്ങൾ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നുമില്ല എന്നും മനസ്സിലാക്കപ്പെടുന്നു. രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെയില്ല. മരുന്നുകളും ചികിൽസാ ഉപദേശങ്ങളും വരെ വളരെക്കുറച്ചുമാത്രമേ ഇവിടെ നിന്നും ലഭ്യമാകുന്നുള്ളു. ഈ ആരോഗ്യകേന്ദ്രത്തിൽ 25 കിടക്കകളെങ്കിലുമുള്ള ഇൻപേഷ്യൻറ് വിഭാഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകത കാണുന്നു. ഇവിടെ ഇപ്പോൾ രാവിലെ മാത്രമേ രോഗികളെ പരിശോധിച്ചു വരുന്നുള്ളു.

ഇവിടെ നിന്നും യഥാവിധി ചികിത്സാ സൗകര്യങ്ങളും, മരുന്നുകളും, സേവനങ്ങളും ലഭ്യമാകാത്തതിനാൽ രോഗികൾ സമീപപ്രദേശങ്ങളിലെ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. ഈ ആശുപത്രിയുടെ കീഴിലുള്ള 2 സബ്ബ്സെൻററുകളുടേയും പ്രവർത്തനം ഒട്ടും തൃപ്തികരമായി ഇവിടെയുള്ള ജനങ്ങൾക്കനുഭവപ്പെടുന്നില്ല. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വീടുകളിൽച്ചെന്ന് നിർദ്ദേശാനുപദേശങ്ങൾ നൽകുന്ന കാര്യത്തിൽ ഈ സെൻററുകൾ വളരെ കുററകരമായ വീഴ്ചയാണ് വരുത്തുന്നത്. ഇവർക്ക് വേണ്ടമാർഗ നിർദ്ദേശം നൽകുന്നതിനോ, അവരുടെ സേവനം പരിശോധിക്കുന്നതിനോ P. H. C - ക്ക് കഴിയുന്നുമില്ല. ഈ P. H. C – ക്കു വേണ്ടി പ്രതിവർഷം ഏകദേശം 16 ലക്ഷത്തോളം രൂപ സർക്കാർ ചെലവഴിയ്ക്കുന്നതായി കണക്കാക്കപ്പെടുന്നു. സബ്ബ്സെൻററുകളുടെ പ്രവർത്തനച്ചെലവും ഇതിലുൾപ്പെടുന്നു. ഈ ആരോഗ്യ കേന്ദ്രങ്ങളിൽ 13 പേർ പ്രവർത്തിക്കുന്നുണ്ട്.

ഇങ്ങനെ പ്രതിവർഷം ഏകദേശം 25 ലക്ഷത്തോളം രൂപ അലോപ്പതി, ആയുർവ്വേദ-ഹോമിയോ ആതുരാലയങ്ങൾക്കു വേണ്ടി ഈ പഞ്ചായത്തിൽ ചെലവഴിക്കുന്നുണ്ട്. എന്നാൽ ഈ സൗകര്യം പഞ്ചായത്തിലെ ഏകദേശം 5% ജനങ്ങൾ മാത്രമാണ് ഉപയോഗപ്പെടുത്തുന്നുള്ളൂ എന്നത് ദൗർഭാഗ്യകരമാണ്.

## വിവിധ ചികിത്സാരീതികൾ:

ഇരുപത് ജീവനക്കാർ പ്രവർത്തി എടുക്കുന്ന പഞ്ചായത്തിലെ അലോപ്പതി-ആയുർവ്വേദ-ഹോമിയോ ചികിത്സാ കേന്ദ്രങ്ങളിൽ പ്രതിദിനം യഥാക്രമം 16, 100, 20 എന്നിങ്ങനെ രോഗികൾ ചികിത്സയ്ക്കായെത്തുന്നു. ബി. എ. എം. എന്ന പേരിൽ ഒരു സ്വകാര്യ അലോപ്പതിയാശുപത്രി ആനിക്കാട് കേന്ദ്രമായും, രണ്ട് സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാരുടെ സൗമ്യമായ പെരുമാററരീതികളും മികച്ച പരിചരണവും ആശുപത്രിയിലെ രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുന്നു.

പുരാതന ചികിത്സാ സമ്പ്രദായങ്ങൾ ഇന്ന് അസ്തമിച്ചുവരുന്നു. മർമ്മാണി, സിദ്ധചികിത്സ, നാട്ടുചികിത്സ, ബാലചികിത്സ, തുടങ്ങിയ ചികിത്സാരീതികളും, നാട്ടുവൈദ്യൻമാരും മർമ്മാണിവൈദ്യൻമാരും, സിദ്ധവൈദ്യൻമാരും, വിഷവൈദ്യൻമാരും ഇന്ന് അപ്രത്യക്ഷമായിത്തുടങ്ങിയിട്ടുണ്ട്. പരമ്പരാഗതമായി വിഷചികിത്സ നടത്തിവരുന്ന ഒരു കുടുംബം നമ്മുടെ പഞ്ചായത്തിലുണ്ട് ഔഷധസസ്യങ്ങളും അതുപയോഗിക്കുവാനറിയാവുന്ന നാട്ടുവൈദ്യൻമാരും ഇന്ന് വിരളമായിക്കാണുന്നു. ചില **ഒററമൂലി** സമ്പ്രദായങ്ങളും ചിലയിടങ്ങളിൽ ഇപ്പോഴും കണ്ടുവരുന്നുണ്ട്. മഞ്ഞപ്പിത്തം, കൊടിഞ്ഞി, അർശസ്, മൂത്രാശയ രോഗങ്ങൾ, തൊണ്ടമുള്ള്, മുണ്ടിനീര്, ഉളുക്ക്, മന്നൽ തുടങ്ങിയ രോഗങ്ങൽക്ക് ഫലപ്രദമായ ഒററമൂലി ചികിത്സാ സമ്പ്രദായം ഇവിടെ നിലനിന്നുവരുന്നു. തീപ്പൊള്ളലിനും, കണ്ണ്രോഗങ്ങൾക്കും വിദഗ്ദ്ധമായ രീതിയിലുള്ള നാട്ടുചികിത്സാ സമ്പ്രദായങ്ങളും ഇന്നും നമ്മുടെ പഞ്ചായത്തിൽ നിലനിന്നുവരുന്നുണ്ട്.

## ആരോഗ്യരംഗത്തെ സന്നദ്ധ പ്രവർത്തനങ്ങൾ:

അനേകം സാമൂഹ്യ സാംസ്കാരിക സംഘടനകളും, മഹിളാസമാജങ്ങളും, ക്ലബ്ബുകളും പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ അവരുടെ സേവനം ആരോഗ്യരംഗത്ത് പ്രയോജനപ്പെടുത്തുവാൻ മുതിർന്നിട്ടില്ല. ഇവയുടെ നേതൃത്വത്തിൽ രക്തപരിശോധനാക്യാമ്പുകളും നേത്രബാങ്കുകളും രക്തബാങ്കുകളും വൈദ്യപരിശോധനാ ക്യാമ്പുകളും സംഘടിപ്പിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൽ ജനങ്ങളുടെ ആവശ്യത്തിനായി ഒരു ആംബുലൻസ് സർവ്വീസ് അനിവാര്യമാണ്.

## പരിസരശുചിത്വം:

ഒരു സമൂഹത്തിൻെറ പൊതുജനാരോഗ്യം നിലനിർത്തുവാൻ ആവശ്യം വേണ്ട ഘടകങ്ങൾ പോഷകാഹാരം, ശുദ്ധ ജലം, വൃത്തിയായ പരിസരം, രോഗപ്രതിരോധ പ്രവർത്തനങ്ങളും രോഗചികിത്സാ സൗകര്യങ്ങളുമാണ്. ഇവയിൽ വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ് പരിസരശുചിത്വം. നമ്മുടെ ചുററുപാടിനെ ശുചിയായി സൂക്ഷിക്കുന്ന കാര്യത്തിൽ ആർക്കും താല്പര്യം പലപ്പോഴും തെളിഞ്ഞുകാണുന്നില്ല. ശുചിത്വബോധമുള്ളവരാണ് നാമെല്ലാം എന്നാണ് നമ്മുടെ ധാരണ. വ്യക്തിപരമായും വീടിനകത്തും ഇത് കുറെയൊക്കെ ശരിയാണ്. മുററവും പുരയിടവും, റോഡും പരിസ

രവും മററു പൊതുസ്ഥലങ്ങളും വൃത്തി യായി സൂക്ഷിക്കണം എന്നധാരണ മിക്ക ആളുകരംക്കുമില്ല. മാലിന്യങ്ങരം അടിഞ്ഞു കൂടി ദുർഗന്ധം വമിക്കുന്നത് സ്ഥിരം കാഴ്ചയാണ്. മലിനജലം കെട്ടിനില്ക്കുന്നത് കൊതുകിൻെറയും മററ് പ്രാണികളുടെയും എണ്ണംപെരുകുവാൻ കാരണമാകുന്നു. പൊതുസ്ഥലങ്ങളിലും റോഡുവക്കിലും മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും ചെറുതല്ല. മൊത്തം രോഗാതുരതയിൽ 70% പരിസരജന്യരോഗങ്ങളാണ്. വിവിധതരം മാലിന്യങ്ങളുടെ ശരിയായ നിർമ്മാർജ്ജനം, ശുദ്ധമായ കുടിവെള്ളം, ശരിയായ കക്കൂസ് സംവിധാനങ്ങരം ഇവ നടപ്പിലാക്കിയാലേ ആരോഗ്യപ്രശ്നങ്ങരംക്ക് പരിഹാരം കണ്ടെത്താനാകൂ. ജനപങ്കാളിത്തത്തോടെയല്ലാതെ മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങരം ഒരിക്കലും വിജയിപ്പിക്കുവാൻ സാധിക്കുകയില്ല. മാലിന്യങ്ങളുടെ ഉറവിടം അവയുടെ തരംതിരിച്ചുള്ള ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം തന്നെ അതാത് പ്രദേശങ്ങളുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്. ശുചിത്വം കാത്തുസൂക്ഷിക്കുന്നതിനാവശ്യമായ ബോധവല്ക്കരണം ജനങ്ങളിൽ വളർത്തിയെടുക്കുന്നതിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങരംക്ക് വലിയൊരു പങ്കുവഹിക്കുവാനുണ്ട്. അതോടൊപ്പം അത്തരം കാര്യങ്ങളെ അവഗണിക്കുകയും നിയമം ലംഘിക്കുകയും ചെയ്യുന്നവർക്കെതിരെ കർശന നടപടികരം സ്വീകരിക്കുവാനുള്ള അധികാരവും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങരംക്ക് നൽകണം. പ്രൈമറി തലംതൊട്ട് കുട്ടികരംക്ക് പരിസരശുചിത്വത്തിൻെറ ബാലപാഠങ്ങരം പഠിപ്പിക്കുവാനുള്ള നിർദ്ദേശം സർക്കാരിൻെറ ഭാഗത്തുനിന്നുമുണ്ടാകണം. സമഗ്ര പരിസരശുചിത്വ പരിപാടിക്ക് വിവിധ ഡിപ്പാർട്ടുമെൻറുകളിലൂടെ നല്ലൊരു തുക ചെലവഴിച്ചുവരുന്നുണ്ട്. അതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ചെലവഴിക്കണം. ശുചിത്വപരിപാടികരംക്കായി പ്രത്യേകം പണം സമാഹരിച്ചുകൊണ്ടും സന്നദ്ധ പ്രവർത്തകരുടെ അദ്ധ്വാനം കൊണ്ടും പരിസരശുചിത്വം നടത്തുവാനാകും.

പരിസര ശുചിത്വത്തെ സാമൂഹ്യആരോഗ്യവുമായി ബന്ധപ്പെടുത്തി അൻപത് വീടുകളടങ്ങുന്ന കുടുംബങ്ങളെ ഒരു യൂണിററാക്കി കണക്കാക്കിക്കൊണ്ട് മലിനജലം ഒഴുകുന്നതിനും, സംസ്ക്കരണത്തിനും, കുളം, കിപദ്ധതികരം നടത്തുകയും അനാരോഗ്യകരമായ പ്രദേശങ്ങളെ ഉദ്ധരിക്കുകയും പരിസര ശുചിത്വം പാലിക്കുന്നതിനു വേണ്ടി ബോധവല്ക്കരണം നടത്തുകയും ചെയ്യേണ്ടതുമാണ്. നമ്മുടെ പഞ്ചായത്തിൽ 30% പേർക്കും സാമ്പത്തിക ശേഷിയില്ലാത്തതു കൊണ്ട് കക്കൂസുകരം നിർമ്മിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിലെ ഹോസ്ററൽ ജംഗ്ഷൻ, അടൂപ്പറമ്പ്, ആനിക്കാട്, ആവോലി എന്നീ കേന്ദ്രങ്ങളിൽ പൊതുകക്കൂസുകരം സ്ഥാപിക്കണം. കൂടാതെ നാലു കോളനികരംക്കും അടിയന്തിരമായി പൊതുകക്കൂസുകരം ആവശ്യമാണ്. പൊതുസ്ഥലങ്ങരം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള കാര്യക്ഷമമായ സംവിധാനങ്ങരം ഇന്നില്ല. മലിനീകരണം തൊഴിലുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നുണ്ട്. റബർകൃഷി, പൈനാപ്പിരംകൃഷി എന്നിവ പെരുകിയതുകൊണ്ട് ഈച്ച, കൊതുക് മററു ഷഡ്പദങ്ങരം എന്നിവ പെരുകിവരുന്നു. ഈ നിലയ്ക്കെല്ലാം ആരോഗ്യസംബന്ധമായ പ്രശ്നങ്ങരംക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി ജനങ്ങളുടെ ആരോഗ്യസ്ഥിതിയിലും അതുവഴി നമ്മുടെ സാമൂഹ്യപുരോഗതിക്കും വഴിതെളിയ്ക്കേണ്ടതാണ്.

### പ്രശ്നങ്ങൾ:

— വിസർജ്ജ്യ വസ്തുക്കളുടെ നശീകരണത്തിനായി ഒരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

— പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങളും ഓടകളിൽ കെട്ടിനിൽക്കുന്ന അഴുക്കുജലവും ആരോഗ്യരംഗത്ത് ഹാനി ഉണ്ടാക്കുന്നു.

— പഞ്ചായത്തിലെ 30% കുടുംബങ്ങളിൽ സുരക്ഷിത കക്കൂസുകരം ഇല്ലാത്തതുകാരണം രോഗങ്ങരംക്കും പകർച്ചാവ്യാധികരംക്കും കാരണമാക്കുന്നു.

— ഈ കുടുംബങ്ങരംക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ശേഷി ഇല്ല.

— കോളനി പ്രദേശങ്ങളിൽ ശുചീകരണ സൗകര്യങ്ങളില്ലാത്തത് ഈച്ച, കൊതുക്, എലി എന്നീ ജീവികരം രോഗം പരത്തുന്നതിന് ഇടയാക്കുന്നു.

— വർഷകാലങ്ങളിൽ റബർതോട്ടങ്ങളിൽ ചിരട്ടകളിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ കൊതുകു വർദ്ധനവിന് ഇത് ഇടയാ

— വാഹനങ്ങളിൽ നിന്നുള്ള വായുമലിനീകരണവും ശബ്ദമലിനീകരണവും ഉണ്ടാകുന്നു.

— ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇവിടെങ്ങളിൽ വേണ്ടത്ര ഭൗതിക സൗകര്യങ്ങൾ ഇല്ല.

— പോഷകാഹാരകുറവിനാൽ അനേകതരത്തിലുള്ള രോഗങ്ങൾ കുട്ടികളിൽ കണ്ടു വരുന്നു.

— ശുദ്ധജലത്തിന്റെ അഭാവം നിമിത്തം ജലജന്യരോഗങ്ങൾ പെരുകുന്നു.

— രോഗപ്രതിരോധ നടപടികൾ ഉപയോഗപ്പെടുത്തുന്നില്ല.

— എയ്ഡ്സ് രോഗനിർണ്ണയ സംവിധാനം പഞ്ചായത്തിലില്ല.

— നാട്ടു ചികിത്സയിലെ **ഒററമൂലികൾ** ക്ഷയിച്ചുവരുന്നു

## സാദ്ധ്യതകൾ

— പി. എച്ച്. ഡി. യിൽ 25 കിടക്കകളോടുകൂടിയ ബ്ലോക്ക് നിർമ്മിച്ച് ആശുപത്രി ജീവനക്കാരുടെ മുഴുവൻ സമയ പ്രവർത്തനം ഉറപ്പാക്കണം.

— ഇവിടെ ഒരു ഇ. എൻ. ടി. ഡോക്ടറുടെ സേവനം ആഴ്ചയിൽ രണ്ടുദിവസമെങ്കിലും ലഭ്യമാക്കണം. ശിശുരോഗ വിദഗ്ദ്ധനും ആവശ്യമാണ്.

— സബ്ബ്സെൻററുകളിൽ പ്രവർത്തിക്കുന്ന മിഡ്-വൈഫ്മാർ ഏരിയാതിരിച്ച് വീട്ടു സന്ദർശനം നടത്തണം. ഇവരുടെ എണ്ണം വർദ്ധിപ്പിക്കണം.

— വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ആശുപത്രിക്ക് സകല സൗകര്യങ്ങളോടും കൂടിയ കെട്ടിടം പണിത് ചികിത്സാ സൗകര്യം വർദ്ധിപ്പിക്കണം.

— പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലുള്ള ചപ്പുചവറുകൾ ശേഖരിച്ച് കമ്പോസ്ററ് വളക്കുഴിയിൽ നിക്ഷേപിക്കുന്നതാകയാൽ അതുവഴി മലനീകരണം തടയുവാനും കമ്പോസ്ററ്വളം ലഭ്യമാകുവാനും സാധിക്കും

— അടൂപ്പറമ്പ്, ഹോസ്ററൽ ജംഗ്ഷൻ, ആനിക്കാട്, ആവോലി എന്നിവിടങ്ങളിൽ പൊതു കക്കൂസുകളും മൂത്രപ്പുരകളും സ്ഥാപിക്കണം.

— ആശുപത്രിയുടെ പ്രവർത്തനം മുഴുവൻ സമയമാക്കുന്നതോടൊപ്പം ജനങ്ങൾക്കിടയിൽ ബോധവത്ക്കരണവും നടത്തണം.

— ആനിക്കാട് കവലയിൽ പി. എച്ച്. സി.യുടെ ചൂണ്ടുപലക സ്ഥാപിക്കണം.

— പരിസര ശുചിത്വത്തെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കണം.

— നാട്ടുചികിൽസാ സൗകര്യം പരിപോഷിപ്പിക്കണം.

— ഔഷധസസ്യങ്ങളും, പൂന്തോട്ടങ്ങളും നിർമ്മിച്ച് ശുദ്ധവായു ലഭ്യമാക്കണം.

— ആനിക്കാട്, ആവോലി, അടൂപ്പറമ്പ്, കോളേജ്ജംഗ്ഷൻ എന്നിവിടങ്ങളിലെ ഓടകൾ കവറിംഗ് നടത്തണം.

# കുടിവെള്ളം

ആരോഗ്യ നിലവാരത്തിന്റെ മുഖ്യ പുരോഗതിയുടെ ഒരു സുപ്രധാനഘടകമാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. മുൻകാലങ്ങളിലും ഇന്നും കുടിവെള്ളത്തിന്റെ മുഖ്യ സ്രോതസ്സ് കിണറുകളാണ്. ശുദ്ധ ജലത്തിന് പഞ്ചായത്തിലെ 60% കുടുംബങ്ങളും കിണറുകളെ ആശ്രയിക്കുന്നു. 15% കുടുംബങ്ങളോളം അയൽവാസികളുടെ കിണറുകളെ കുടിനീരിനുവേണ്ടി ആശ്രയിക്കുന്നു. സ്വന്തമായി കിണറുകളില്ലാത്തവരുടെ സ്ഥിതി പരിശോധിക്കണം. 12 പൊതുകിണറുകൾ പഞ്ചായത്തിൽ ഉണ്ടെങ്കിലും ആയത് പ്രയോജനകരമല്ലാത്ത ദുഃസ്ഥിതിയിലാണ്. 20% ജനങ്ങൾ കുടിനീരിനായി പൊതുവിതരണസമ്പ്രദായത്തെ ആശ്രയിക്കുന്നു. 5% – ഓളം കുടുംബങ്ങൾ പുഴ, തോട്, ഓലി, കുളം ഇവയിലെ ശുദ്ധമല്ലാത്ത ജലം ഉപയോഗിക്കുന്നുണ്ട്. കിണറുകളിൽ പലതും 12 മാസവും വെള്ളം ലഭ്യമാകുന്നവയല്ല- മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കിണറുകൾ വററി വരളുമ്പോൾ കുടിനീരിനുവേണ്ടി നെട്ടോട്ടമോടുന്നവരെയും ഇവിടെ കാണാം.

നിരവധി വർഷങ്ങളായി കഠിനമായി ജലക്ഷാമമുള്ള പ്രദേശങ്ങളിൽ സർക്കാർ ഭാരിച്ച പണച്ചെലവ് ചെയ്ത് ലോറികളിൽ വരെ കുടിവെള്ളം എത്തിച്ചു കൊടുക്കുന്ന പതിവുണ്ട്. ഇത് വളരെ പരിമിതമായ തോതിൽ മാത്രമേ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്നുള്ളു.

സർക്കാരിന്റെ പൈപ്പുവഴിയുള്ള കുടിനീർ ലഭ്യമാക്കുന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ 3 പദ്ധതികൾ ഇന്ന് നിലവിലുണ്ട്.

### 1 രണ്ടാർ ട്യൂബ് വെൽ വാട്ടർ സപ്ലൈ സ്കീം:

മൂവാററുപുഴ കരയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കുഴൽക്കിണറാണ് ഇതിന്റെ സ്രോതസ്സ്. പഞ്ചായത്തിന്റെ ഒന്നു മുതൽ അഞ്ച് വരെയുള്ള വാർഡുകളിൽ ഈ പദ്ധതിയനുസരിച്ച് ജലം ലഭ്യമാകുന്നു. ഓരോ വാർഡിലും 20വീതം 100 പൊതു ടാപ്പുകൾ ജനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. 1000-ഓളം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നുണ്ടെങ്കിലും ചിലർ ഭാഗികമായി മാത്രമേ ഇതിനെ ആശ്രയിക്കുന്നുള്ളു. ദിവസവും 4 മണിക്കൂർ സമയം മാത്രം കുടിനീർ ലഭിക്കുന്ന ഈ പദ്ധതിയിൽ നിന്നും 12 മാസവും ജലം ലഭ്യമാകുന്നില്ലെന്നതും ശ്രദ്ധേയമാണ്. ചെളികലർന്ന വെള്ളമാണ് ഈ ട്യൂബ് വെല്ലിൽ നിന്നും പലപ്പോഴും അടിച്ചെത്തുന്നത്. ഈ കുഴൽക്കിണറിലെ ജലനിരപ്പ് വർഷം തോറും കുറഞ്ഞുവരുന്നതായും മനസ്സിലാക്കപ്പെടുന്നു. മൂവാററുപുഴ കെ. എം. ജോർജ് ഐ. ററി. സി. ഗ്രൗണ്ടിൽ നിർമ്മിച്ചിരിക്കുന്ന 10000 ലിററർ മാത്രം കപ്പാസിററിയുള്ള ടാങ്കിൽ ദിവസത്തിൽ 8 മണിക്കൂർ സമയം പമ്പ്സെററ് പ്രവർത്തിപ്പിച്ച് സംഭരിച്ച ജലമാണ് ജനങ്ങൾക്ക് 4 മണിക്കൂർ സമയം ദിവസേന ടാപ്പു വഴി ലഭ്യമാക്കുന്നത്.

### 2 ആവോലി ട്യൂബ്‌വെൽ വാട്ടർ സപ്ലൈ സ്കീം:

ഈ പദ്ധതിയനുസരിച്ച് ഇവിടെ നിന്നും വെള്ളം ലഭ്യമാക്കുവാൻ ജനങ്ങൾക്കാകുന്നില്ല. ഇതിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്ന നിലയിലാണ്.

### 3 കാവന പുളിയ്ക്കായത്ത് കടവ് വാട്ടർ സപ്ലൈ സ്കീം:

ഇത് തൊടുപുഴയാററിൽ കാവന പുളിയ്ക്കായത്ത് കടവിൽ സ്ഥാപിച്ചിരിക്കുന്നു ഈ സംവിധാനമനുസരിച്ച് ജനങ്ങൾക്ക് ലഭ്യമാകുന്ന വെള്ളം മാലിന്യം കലർന്നതാണ് കൂടെക്കൂടെയുള്ള പൈപ്പ് പൊട്ടലും മററു തകരാറുകളും പദ്ധതിയനുസരിച്ചുള്ള ജലലഭ്യതയെ തടസ്സപ്പെടുത്തുന്നു. ഉയർന്നമർദ്ദം, ഗുണനിലവാരം കുറഞ്ഞ പൈപ്പ് ഇവയാണിതിനു കാരണം. പമ്പ് സ്ഥാപിച്ചിരിക്കുന്ന പുഴയിലെ കിണർ ഭിത്തി പൊട്ടി കിണറിൽ അഴുക്കുജലം കലർന്നിരിക്കുന്നു. ഈ അഴുക്കുജലമാണ് ഇപ്പോൾ ജനങ്ങൾക്ക് കുടിക്കുവാൻ അടിച്ചെത്തിക്കുന്നത്. ഇനിയും ഇതിനുള്ള പരിഹാരം കണ്ടിട്ടില്ല. 6 മുതൽ 9 വരെയുള്ള നാല് വാർഡുകളിൽ ഈ പദ്ധതി വഴി ജലമെത്തിക്കുന്നുമുണ്ട്. 150-ഓളം പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 1500-ഓളം കുടുംബങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. ഭാഗികമായി പ്രയോജനപ്പെടുത്തുന്നവരുമിതിലുൾപ്പെടും :

### 1 രണ്ടാർ ട്യൂബ് വെൽ വാട്ടർ സപ്ലൈ സ്കീം:

മൂവാററുപുഴ കരയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. കുഴൽക്കിണറാണ് ഇതിന്റെ സ്രോതസ്സ്. പഞ്ചായത്തിന്റെ ഒന്നു മുതൽ അഞ്ച് വരെയുള്ള വാർഡുകളിൽ ഈ പദ്ധതിയനുസരിച്ച് ജലം ലഭ്യമാകുന്നു. ഓരോ വാർഡിലും പ്രവർത്തനം പൂർണ്ണമായും നിലച്ചിരിക്കുന്ന നിലയിലാണ്.

### 2 കാവന പുളിയ്ക്കായത്ത് കടവ് വാട്ടർ സപ്ലൈ സ്കീം:

ഇത് തൊടുപുഴയാററിൽ കാവന പുളിയ്ക്കായത്ത് കടവിൽ സ്ഥാപിച്ചിരിക്കുന്നു. ഈ സംവിധാനമനുസരിച്ച് ജനങ്ങൾക്ക് ലഭ്യമാകുന്ന വെള്ളം മാലിന്യം കലർന്നതാണ് കൂടെക്കൂടെയുള്ള പൈപ്പ് പൊട്ടലും മററു തകരാറുകളും പദ്ധതിയനുസരിച്ചുള്ള ജലലഭ്യതയെ തടസ്സപ്പെടുത്തുന്നു. ഉയർന്നമർദ്ദം, ഗുണനിലവാരം കുറഞ്ഞ പൈപ്പ് ഇവയാണിതിനു കാരണം. പമ്പ് സ്ഥാപിച്ചിരിക്കുന്ന പുഴയിലെ കിണർ ഭിത്തി പൊട്ടി കിണറിൽ അഴുക്കുജലം കലർന്നിരിക്കുന്നു. ഈ അഴുക്കുജലമാണ് ഇപ്പോൾ ജനങ്ങൾക്ക് കുടിക്കുവാൻ അടിച്ചെത്തിക്കുന്നത്. ഇനിയും ഇതിനുള്ള പരിഹാരം കണ്ടിട്ടില്ല. 6 മുതൽ 9 വരെയുള്ള നാല് വാർഡുകളിൽ ഈ പദ്ധതി വഴി ജലമെത്തിക്കുന്നുമുണ്ട്. 150-ഓളം പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. 1500-ഓളം കുടുംബങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്. ഭാഗികമായി പ്രയോജനപ്പെടുത്തുന്നവരുമിതിലുൾപ്പെടും: 20 വീതം 100 പൊതു ടാപ്പുകൾ ജനങ്ങൾ ഉപയോഗപ്പെടുത്തി വരുന്നു. 1000-ഓളം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകുന്നുണ്ടെങ്കിലും ചിലർ ഭാഗികമായി മാത്രമേ ഇതിനെ ആശ്രയിക്കുന്നുള്ളു. ദിവസവും 4 മണിക്കൂർ സമയം മാത്രം കുടിനീർ ലഭിക്കുന്ന ഈ പദ്ധതിയിൽ നിന്നും 12 മാസവും ജലം ലഭ്യമാകുന്നില്ലെന്നതും ശ്രദ്ധേയമാണ്. ചെളികലർന്ന വെള്ളമാണ് ഈ ട്യൂബ് വെല്ലിൽ നിന്നും പലപ്പോഴും അടിച്ചെത്തുന്നത്. ഈ കുഴൽക്കിണറിലെ ജലനിരപ്പ് വർഷം തോറും കുറഞ്ഞുവരുന്നതായും മനസ്സിലാക്കപ്പെടുന്നു. മൂവാററുപുഴ കെ. എം. ജോർജ് ഐ. ററി. സി. ഗ്രൗണ്ടിൽ നിർമ്മിച്ചിരിക്കുന്ന 10000 ലിററർ മാത്രം കപ്പാസിററിയുള്ള ടാങ്കിൽ ദിവസത്തിൽ 8 മണിക്കൂർ സമയം പമ്പ്സെററ് പ്രവർത്തിപ്പിച്ച് സംഭരിച്ച ജലമാണ് ജനങ്ങൾക്ക് 4 മണിക്കൂർ സമയം ദിവസേന ടാപ്പു വഴി ലഭ്യമാക്കുന്നത്.

### 3 ആവോലി ട്യൂബ്‌വെൽ വാട്ടർ സപ്ലൈ സ്കീം:

ഈ പദ്ധതിയനുസരിച്ച് ഇവിടെ നിന്നും വെള്ളം ലഭ്യമാക്കുവാൻ ജനങ്ങൾക്കാകുന്നില്ല. ഇതിന്റെ 8 മണിക്കൂർ പമ്പ് പ്രവർത്തിക്കുന്ന ഇവിടെയും ദിവസം മുഴുവൻ ജലം ലഭ്യമല്ല. കാവന പുളിയ്ക്കായത്ത് കടവിൽ തൊടുപുഴയാററിൽ കിണർ താഴ്ത്തി അതിൽ നിന്നും പമ്പ്സെററ് ഉപയോഗിച്ച് ജലം അടിച്ചെത്തിക്കുന്ന ഈ പദ്ധതി നിലവിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല എന്ന് സാരം.

പഞ്ചായത്തിൽ രണ്ട് കുഴൽ കിണറാണുള്ളത്. ഇതിൽ കാവനയിലേതിൽ നിന്നും ലഭിക്കുന്ന വെള്ളത്തിൽ എണ്ണമയം കാണുന്നതിനാൽ അത് കുടിക്കുന്നതിന് യോഗ്യമല്ല. ആവോലിയിലേതിൽ നിന്നും ആവശ്യത്തിന് വെള്ളം ലഭ്യമല്ല.

പൊതുകിണറുകളിൽ പലതും സ്വകാര്യവ്യക്തികൾ കയ്യടക്കിയിരിക്കുന്നതായി കാണുന്നു. നീരുറവകളിൽ നിന്നും വളരെ വിരളമായി ജലം എടുക്കുന്നവരുമുണ്ട്.

### പ്രശ്നങ്ങൾ:

രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങൾ — ഒന്നാം വാർഡ് പാണ്ഡൻ പാറയും സമീപപ്രദേശങ്ങളും; രണ്ടാം വാർഡ് എ. കെ. ജി. കോളനി; മൂന്നാം വാർഡ് വെട്ടിക്കുളം കോളനി-കക്കാട്ടുതണ്ട് പ്രദേശം; നാലാം വാർഡ് കോട്ടപ്പുറം ഇല്ലത്തുതണ്ട് പ്രദേശം; അഞ്ചാം വാർഡ് മുപ്രക്കാട്ട് പ്രദേശം-ആരയ്ക്കാപ്പിള്ളി കോളനി; ഏഴാം വാർഡ് ഇലവുംകുന്നുപുറം ഭാഗം; എട്ടാം വാർഡിൽ മുണ്ടയ്ക്കപ്പാറ കോ

ളനി, ആവിയ്ക്കത്താഴം, മുള്ളത്തുതണ്ടം, പുതിയടത്തു താഴം; ഒൻപതാം വാർഡ് എലുവിച്ചിറ കോളനി, നെടുമലത്തണ്ട് എന്നിവയാണ്.

ജലം ദുർവിനിയോഗം ചെയ്യുന്നു.

— പൈപ്പുവെള്ളം വാഹനങ്ങൾ കഴുകുവാനുപയോഗിച്ചും, കെട്ടിടം പണിക്കുപയോഗിച്ചും, കൃഷിയാവശ്യങ്ങൾക്കെടുത്തും ദുരുപയോഗപ്പെടുത്തുന്നുണ്ട്.

— നീരുറവകൾ വററിപ്പോകുന്നു.

— കുഴൽക്കിണർ നിർമ്മിക്കുന്നതു മൂലം സമീപത്തുള്ള കിണറുകളിൽ ജലനിരപ്പ് താഴ്ന്നു പോകുന്നതിനിടയാക്കുന്നു.

— കിണറുകൾക്ക് ചുററുമതിലുകൾ ഇല്ലാത്തതുമൂലം ജലം അശുദ്ധമാകുന്നു.

— പൊതുകിണറുകൾ ഉപയോഗ ശൂന്യമായിക്കിടക്കുന്നു.

— ഗുണനിലവാരം കുറഞ്ഞ പൈപ്പുകൾ, വാട്ടർ ടാങ്കിൻെറ അപര്യാപ്തത, കപ്പാസിററിക്കുറവ്, പമ്പ് ഓപ്പറേററർമാരുടെ അനാസ്ഥ ഇതെല്ലാം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്

— പൊതു ടാപ്പുകളിൽ ജലം ലഭ്യമല്ല.

— കാവന ക്രീപ്പ് മില്ലിൽ (എം.കെ. ജോൺ & കമ്പനി) നിന്നുമുള്ള മാലിന്യങ്ങൾ പുഴയിലേക്കൊഴുകുന്നതിനാൽ സമീപ സ്ഥലമായ കാവന പുളിയ്ക്കായത്തുകടവിലെ തൊടുപുഴയാറിൽ കിണർ കുഴിച്ച് സ്ഥാപിച്ചിട്ടുള്ള കുടിവെള്ള ലഭ്യതയ്ക്കുവേണ്ട പദ്ധതിയിൽ നിന്നുമുള്ള ജലത്തിൽ അഴുക്കുകൾ കലരുന്നു.

— വിവിധ വകുപ്പുകളുടെ പരസ്പര ധാരണയില്ലാത്ത പദ്ധതിനിർവ്വഹണം മൂലം റോഡുകളും മററുനിരത്തുകളും വെട്ടിപ്പൊളിച്ച് പൈപ്പുകളും കേബിളുകളും മററും സ്ഥാപിക്കുന്നതുവഴി ജനങ്ങൾക്കസൌകര്യമുണ്ടാക്കിവയ്ക്കുന്നു.

## സാദ്ധ്യതകൾ:

— ഗുണനിലവാരമുള്ള പൈപ്പുകൾ ഉപയോഗിക്കുകയും, പമ്പ് ഓപ്പറേററർമാരുടെ അലംഭാവം അവസാനിപ്പിക്കുകയും, അവരുടെ പ്രവർത്തിസമയം ദീർഘിപ്പിക്കുകയും മററും ചെയ്താൽ കുടിവെള്ള ലഭ്യതയിലെ തടസ്സങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാനാകും.

— ജലം സംഭരിച്ച് വിതരണം ചെയ്യുന്നതിനാവശ്യമായ ടാങ്കറുകളുടെ സംഭരണശേഷി ഉയർത്തണം

— ടാങ്കറുകളിൽ വെള്ളമടിച്ചു കയററിയ ശേഷം ട്രീററ് ചെയ്ത് ഗുണഭോക്താക്കൾക്കെത്തിച്ച് ശുദ്ധജലവിതരണം ഉറപ്പുവരുത്തണം.

— കാവന പുളിയ്ക്കായത്ത് കടവ് ശുദ്ധജലവിതരണ പദ്ധതിക്കാവശ്യമായ കടവ് ഭാഗത്തുള്ള മലമുകളിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിനു സമീപം കുറച്ചുകൂടി ഉയരത്തിൽ മറെറാരു ടാങ്ക് നിർമ്മിച്ച് അതിൽനിന്നും വെള്ളം ട്രീററ് ചെയ്ത് ഗുണഭോക്താക്കൾക്കെത്തിക്കുന്ന രീതിയിൽ പദ്ധതിയുടെ പ്രവർത്തനം മാററണം.

— നിലവിൽ കുഴിച്ചിട്ടിരിക്കുന്ന പൈപ്പുകളിൽക്കൂടി വെള്ളമെത്തിക്കണം. വേണ്ടത്ര ടാപ്പുകൾ സ്ഥാപിക്കണം.

— രൂക്ഷമായകുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പാക്കണം. തൊടുപുഴയാറിലൂടെ സുലഭമായൊഴുകുന്ന വെള്ളം വേണ്ടരീതിയിലുപയുക്തമാക്കിയാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കപ്പെടാവുന്നതാണ്.

— പഞ്ചായത്തിലെ ഉപയോഗ ശൂന്യമായിക്കിടക്കുന്ന പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കണം.

# 7. വിദ്യാഭ്യാസം

20-ാം നൂററാണ്ടിന്റെ ആരംഭത്തോടെയാണ് ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന പ്രദേശങ്ങളിൽ വിദ്യാലയങ്ങൾക്ക് തുടക്കം കുറിച്ചത്. അതിനുമുമ്പ് വിദ്യാഭ്യാസം കളരികളിൽ ഒതുങ്ങിനിന്നിരുന്നു. പ്രധാനമായും രണ്ടുതരം കളരികളാണുണ്ടായിരുന്നത്. അക്ഷരാഭ്യാസത്തിനുള്ളതും ആയോധനകല അഭ്യസിപ്പിക്കുന്നതിനുള്ളതും. ആദ്യത്തേത് ആശാൻ കളരി എന്നറിയപ്പെട്ടിരുന്നു. മണലിൽ കൈവിരൽ കൊണ്ട് എഴുതിച്ചാണ് അക്ഷരങ്ങൾ പഠിപ്പിച്ചിരുന്നത്. അക്ഷരാഭ്യാസം പൂർത്തിയാവുമ്പോൾ കുട്ടികളും ആശാനും രക്ഷകർത്താക്കളും ചേർന്ന് ഒരു ഉത്സവം തന്നെ നടത്തിയിരുന്നു. പിന്നീട് കണക്ക് പഠനം ആരംഭിക്കുന്നു. ഇതിന് ചിത്തം പിടിയ്ക്കൽ എന്നുപറഞ്ഞിരുന്നു. അന്ന് അക്ഷരങ്ങൾ ഓലയിൽ നാരായം കൊണ്ടെഴുതി ഓരോ സെററ് കുട്ടികൾക്ക് നൽകിയിരുന്നു. ആശാന് കസവുമുണ്ട്, നേരിയത്, സദ്യയ്ക്കുള്ള അരിസാധനങ്ങൾ എന്നിവ രക്ഷിതാക്കൾ നൽകിയിരുന്നു. കണക്കും അക്ഷരവും പഠിച്ച് കുട്ടിവായിക്കാറാവുമ്പോൾ കുട്ടികൾ പഠനം നിറുത്തിയിരുന്നു. ചുരുക്കം ചിലർ സിദ്ധരൂപവും അമരകോശവും മനപ്പാഠമാക്കുന്നതുവരെ വിദ്യാഭ്യാസം തുടർന്നിരുന്നു.

ആശാന്മാർ പൊതുവെ കർക്കശസ്വഭാവക്കാരായിരുന്നു. അക്ഷരാഭ്യാസം കൂടാതെ യുവാക്കളെ ആയോധനകലയും പഠിപ്പിച്ചിരുന്നു. വടക്കുംകൂർ, തെക്കുംകൂർ എന്നീ രാജ്യങ്ങൾ ഉൾപ്പെട്ട പ്രദേശമായിരുന്നു ഈ പഞ്ചായത്ത്. അക്കാലത്ത് യുദ്ധങ്ങൾ സർവ്വസാധാരണമായിരുന്നു. സ്വയം രക്ഷയ്ക്ക് ആയോധനകല ഒരു ആവശ്യമായിരുന്നു. അങ്ങനെ യുവാക്കളെ അഭ്യസിപ്പിച്ചിരുന്ന കേന്ദ്രങ്ങളായ പുതുശ്ശേരിക്കളരിയും വള്ളിക്കടകളരിയും ഇന്നും ആ പേരിൽ തന്നെ നിലനിൽക്കുന്നു. അന്ന് അനേകം കളരികൾ ഉണ്ടായിരുന്നു. അവിടെയും അഭ്യാസവും ആയുധപൂജയും നടന്നുപോന്നിരുന്നു.

20-ാം നൂററാണ്ടിന്റെ ആരംഭത്തോടെയാണ് ഈ പ്രദേശത്ത് ക്രിസ്ത്യൻ പള്ളിയും അവയോടനുബന്ധിച്ച് വിദ്യാലയങ്ങളും ആരംഭിച്ചത്. ഇങ്ങനെ തുടങ്ങിയ രണ്ട് സ്ക്കൂളുകളാണ് പെരിങ്ങഴ പള്ളിവക ആനിക്കാട് സെൻറ് ആൻറണീസ് L. P. സ്ക്കൂളും വാഴക്കുളം സെൻറ് ജോർജ്ജ് L. P. സ്കൂളും. (ഇന്നത്തെ ററി. ററി. ഐ) ഇന്നത്തെ മുതിർന്ന തലമുറയിൽപ്പെട്ടർ എല്ലാം ഈ വിദ്യാലയങ്ങളിലായിരുന്നു പഠനം നടത്തിയത്. വിദ്യാഭ്യാസത്തിന്റെ ആവശ്യബോധം ഇല്ലാതിരുന്നതുകൊണ്ട് വിദ്യാഭ്യാസം ചുരുക്കം ചില വീടുകളിൽ മാത്രം ഒതുങ്ങി നിന്നിരുന്നു. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രോത്സാഹനംകൊണ്ട് മതപഠനത്തോടൊപ്പം ആധുനിക വിദ്യാഭ്യാസത്തിനും ഊന്നൽ നല്കിയിരുന്നു. മൂവാററുപുഴ പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഭാഗത്തുള്ളവർ അവിടെ തങ്ങളുടെ മക്കളെ പഠിപ്പിക്കുന്നതിനയച്ചിരുന്നു. എന്നാൽ പെൺകുട്ടികളെ വളരെ ചുരുക്കമായി മാത്രമേ ആശാൻ കളരിയിലും മററും വിട്ടിരുന്നുള്ളു. ഹൈന്ദവരും ക്രൈസ്തവരുടെ മാതൃക സ്വീകരിച്ച് വിദ്യാഭ്യാസത്തിൽ ശ്രദ്ധിച്ചിരുന്നു. ഈ രണ്ടു സമൂഹങ്ങൾക്കും എല്ലാ മേഖലകള്
മുന്നേറാൻ കഴിഞ്ഞിരുന്നു.

എന്നാൽ രണ്ടാർ തുടങ്ങിയ പ്രദേശങ്ങ
താമസിച്ചിരുന്ന മുസ്ലീം സമുദായം സാമൂഹികമ
വിദ്യാഭ്യാസപരമായും പിന്നിൽ തന്നെ നിന്നിരു
അവർ ഖുറാൻ പഠനത്തിലും കച്ചവടത്തിലും മാ
ശ്രദ്ധകേന്ദ്രീകരിച്ചിരുന്നു. അതുകൊണ്ട് സാമൂഹ
സാംസ്കാരിക മേഖലകളിൽ പിന്തള്ളപ്പെട്ടിരുന്നു.
ന്നാൽ പിന്നിലായിരുന്ന മുസ്ലീം സമുദായത്തിന്
ദ്യാഭ്യാസ തല്പരരായ ഏതാനും വ്യക്തികളുടെ ശ്രമ
മായി വിദ്യാഭ്യാസത്തോട് ആഭിമുഖ്യം ഉണ്ടാവുകയും
B. Ed കോളേജടക്കം പ്രൈമറി, ഹൈസ്കൂൾ വിദ്യാ
ങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. ഇന്ന് ഈ പ
യത്ത് പ്രദേശത്തെ ഹൈന്ദവ, ക്രൈസ്തവ, ഇസ്ലാ
സമുദായാംഗങ്ങൾ വിദ്യാഭ്യാസ സാമൂഹിക, സാംസ്
രിക കാര്യങ്ങളിൽ ഒപ്പത്തിനൊപ്പം നിൽക്കുന്നു. ഇ
നാം വിദ്യാഭ്യാസകാര്യത്തിൽ സാമാന്യം മുന്നിലാ
നാല് എൽ. പി. സ്കൂളുകളും, രണ്ട് യു. പി. സ്കൂളു
രണ്ട് ഹൈസ്കൂളുകളും ഒരു ടീച്ചേഴ്സ് ട്രെയ്നി
ഇൻസ്റ്റിസ്റ്റ്യൂട്ടും ഒരു ഫസ്റ്റ് ഗ്രേഡ് കോളേജും ര
ടെക്നിക്കൽഇൻസ്റ്റിററ്യൂട്ടുകളും നമ്മുടെ കുട്ടികളുടെ വി
ഭ്യാസാവശ്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് വിരാചിക്ക

നമ്മുടെ പഞ്ചായത്തിന്റെ മൊത്തം ജനസം
യിൽ ഉദ്ദേശം മൂവായിരത്തോളം കുട്ടികൾ സ്ക്കൂളിൽ
കുന്നവരാണ്. എന്നാൽ രണ്ടായിരത്തി മുന്നൂററി പ
നൊന്ന് കുട്ടികൾ മാത്രമാണ് നമ്മുടെ പഞ്ചായത്തി
സ്ക്കൂളുകളിൽ പഠിക്കുന്നത്. ഇവരിൽ ഭൂരിഭാഗം
കളും ആനിക്കാട് സെൻറ് ആൻറണീസ് എൽ
സ്ക്കൂളിലും, ആനിക്കാട് സെൻറ് സെബാസ്ററ്യൻ
ഹൈസ്ക്കൂളിലും ആണ് പഠിക്കുന്നത്. ഹൈസ്ക്കൂളു
രണ്ടും ഉയർന്ന വിജയശതമാനം തുടർച്ചയായി
ക്കൊണ്ടിരുന്നു. ആനിക്കാട് സ്ഥിതി ചെയ്യുന്ന
സ്ക്കൂളുകളിലും ഒഴിച്ച് ബാക്കി എല്ലാ സ്ക്കൂളുകളി
വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാ
ജനന നിരക്കിലെ കുറവ്. ഇംഗ്ലീഷ് മീഡിയ
മെച്ചപ്പെട്ട വിദ്യാലയങ്ങളുടെ ആകർഷണം ഇവയൊ
ഇതിന് കാരണങ്ങളാണ്. വിദ്യാർത്ഥികളുടെ എ
ഏററവും കുറഞ്ഞിരിക്കുന്നത് എഴ് ക്ലാസുമുറികളിലാ
എൺപത്തിനാല് കുട്ടികൾ മാത്രം പഠിക്കുന്ന സെ
ജോർജ്ജ് ടി ടി ഐയും മുപ്പത്തിയൊൻപതു കുട്ടി
മാത്രം പഠിക്കുന്ന സെൻറ് തോമസ് എൽ. പി. എ
നടുക്കരയും, ഇരുപത്തിയാറ് കുട്ടികൾമാത്രം പഠിക്
ഗവൺമെൻറ് എൽ. പി. എസ്. കാവനയുമാണ്
ഇവിടെയെല്ലാം കളിസ്ഥലം, മുറികൾ, ലൈബ്ര
കുടിവെള്ളം എന്നിവയുണ്ടെങ്കിലും സ്വയംപര്യാപ്
കൈവന്നിട്ടില്ല. അദ്ധ്യാപകരിൽ സ്ത്രീകളാണ് കൂടുത
വിദ്യാലയങ്ങളിലെ ഭൗതിക സൗകര്യങ്ങളെ സംബന

ഫലം മൂത്രപ്പുരകൾ, കക്കൂസുകൾ എന്നിവ ഇല്ല. ദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ പ്രവർത്തനം തൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. എല്ലാ സ്കൂളുകളിലും തൃ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ചില ്കൂളുകളിൽ മാത്രമേ സജീവമായിട്ടുള്ളു. ആനിക്കാട് സൻറ് ആൻറണീസ് എൽ. പി. സ്കൂൾ, എസ്. സ്. എൽ. പി. എസ്, എച്ച്. എം. എച്ച്. എസ്. ന്നാർ, സെൻറ് ജോർജ്ജ് ററി. ററി. ഐ തുടങ്ങിയ യാണവ. പഞ്ചായത്തിലെ ഒരു സ്കൂളിലും ശ്യ-ശ്രാവ്യ ഉപകരണങ്ങളില്ല. കാവന എൽ. പി. ്കൂളിലെ പി.ററി എ യുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ തൃകാപരമായി കൃഷി നടത്തിവരുന്നു.

പഞ്ചായത്തിലെ സ്കൂളുകളിലെ പാഠ്യേതര വർത്തനങ്ങളിൽ ഏററവും മികച്ചു നിൽക്കുന്നത് നിക്കാട് എസ്. എസ്. എച്ച്. സ്കൂൾ ആണ്. സ്കൂളിൽ നിന്നും വർക്ക് എക്സ്പീരിയൻസ്, യികമത്സരങ്ങൾ, യുവജനോത്സവം, ശാസ്ത്ര പ്രദർ നം തുടങ്ങിയവയിലായി ഏകദേശം 85-ഓളം കുട്ടി ക്ക് ജില്ലാതലത്തിലും രണ്ടുപേർക്ക് സംസ്ഥാനതല ിലും അവാർഡുകൾ ലഭിച്ചിട്ടുണ്ട്. സ്കൂളുകളിലെ ന നിലവാരത്തിൻെറ കാര്യത്തിൽ പഞ്ചായത്തിലെ സ്. എസ്. എൽ. സി. വിജയശതമാനം കഴിഞ്ഞ ഞ്ചു വർഷങ്ങളിൽ 90% ത്തിൽ അധികമാണ്. 60% ിൽ അധികം മാർക്ക വാങ്ങുന്നവർ പകുതിയിലധിക ണ്ട്. എന്നിരുന്നാലും 47-ഓളം കുട്ടികൾ ഓരോ വർഷവും നം നിർത്തുന്നു. മാതാപിതാക്കൾക്ക് വിദ്യാഭ്യാസ ത കുറിച്ചുള്ള ബോധ്യമില്ലായ്മയും സാമ്പത്തിക രാധീനകളുമാണ് ഇതിനു കാരണം. പഞ്ചായത്തിലെ ളുകളിലെ വിദ്യാർത്ഥികളിൽ 46 പേർക്ക് മെറിററ് ്കോളർഷിപ്പും 226 പേർക്ക് ലംപ്സംഗ്രാൻറും. 73 ർക്ക് മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പും പേർക്ക് വികലാംഗ സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

## ാങ്കേതിക വിദ്യാഭ്യാസം:-

പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ുമാത്രമാണുള്ളത്. കെ. എം. ജോർജ്ജ് മെമ്മോറി ൽ ഐ. ററി. സി. മൂവാററുപുഴയും, നിർമ്മല കമ്പ്യൂട്ടർ ക്കാഡമി മൂവാററുപുഴ എന്നിവയാണവ. ഐ. ററി. ി. യിൽ പ്ലംബർ, ഫിററർ, വെൽഡർ, സിവിൽ ന്നീ ട്രെയ്ഡുകളിൽ പരിശീലനം നൽകി വരുന്നു. ' 'ഒ' ലെവൽ അംഗീകാരം ലഭിച്ച സ്ഥാപനമാണ് ർമ്മല കമ്പ്യൂട്ടർ അക്കാഡമി. ഇനിയും പഞ്ചായത്തിൽ രവധി തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപന ൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇവിടെ നിന്നും ധാരാളം ികൾ മററു സ്ഥലങ്ങളിലെ സാങ്കേതിക വിദ്യാലയ ളെ ആശ്രയിക്കുന്നു. കുട്ടികൾ കുറഞ്ഞുവരുന്ന സ്കൂള ിൽ തൊഴിലധിഷ്ഠിത വിഷയങ്ങൾ ആരംഭിക്കുവാ ള സാധ്യതകൾ ഉണ്ട്.

## നേഴ്സറികൾ:-

പഞ്ചായത്തിൽ പന്ത്രണ്ട് ശിശുവിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും വേണ്ട രീതിയിൽ ജനങ്ങൾ പ്രയോജനപ്പെടുത്തില്ല. തൊട്ടടുത്ത പ്രദേശങ്ങളിലുള്ള എൽ. കെ. ജി., യു. കെ. ജി. സ്ഥാപനങ്ങളിലേയ്ക്കാണ് കുട്ടികളെ അയയ്ക്കുന്നത്. പഞ്ചായത്തിലെ ഈ ശിശു വിദ്യാലയങ്ങളിൽ വേണ്ടത്ര അക്കാഡമിക്-ഭൗതിക സൗകര്യങ്ങൾ കുറവാണ്. ഒന്ന് വാർഡിൽ ശിശുവിദ്യാലയങ്ങൾ ഇല്ല.

## സമാന്തര വിദ്യാഭ്യാസം:-

പഞ്ചായത്തിൽ സമാന്തര വിദ്യാലയങ്ങളായി രണ്ട് കോളേജുകളും പതിനഞ്ചോളം ട്യൂഷൻ സെൻററുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ പാരലൽ കോളേജ കൾ കുറവാണെങ്കിലും ഇവിടെ നിന്നും ധാരാളം കുട്ടികൾ സമീപ പട്ടണങ്ങളിലുള്ള കോളേജുകളിൽ പഠനം നടത്തുന്നു.

അനൗപചാരിക വിദ്യാഭ്യാസത്തിൽ 100% സാക്ഷരത കൈവരിച്ച പഞ്ചായത്താണ് ആവോലി. സാക്ഷരത പ്രസ്ഥാനത്തിൻെറ പ്രവർത്തനം ഈ പഞ്ചായത്തിൽ നടന്നിരുന്നു. തുടർ വിദ്യാഭ്യാസ പരിപാടിയുടെ കാര്യക്ഷമമല്ലാത്ത പ്രവർത്തനങ്ങളാണ് ഇപ്പോഴുള്ളത്. പഞ്ചായത്തിലെ ജനങ്ങളിൽ വായനാശീലം വളരെ കുറഞ്ഞുവരുന്നുണ്ട്. പത്രപാരായണത്തിൽ മാത്രം ഒതുങ്ങുന്ന വായനാശീലം എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പത്രം സ്വന്തമായി വരുത്തി വായിക്കുന്നവർ 1200-ഓളം വരും. ഇത് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 40% ആണ്. ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളെ വിദ്യാഭ്യാസ ആവശ്യത്തിനു ഉപയോഗപ്പെടുത്തുന്നില്ല

## പ്രശ്നങ്ങൾ:-

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. സമ്പന്നർ മാത്രമല്ല സാധാരണക്കാരും തൊഴിലാളികളും തങ്ങളുടെ കുട്ടികളെ ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്നു.

നിലവിലുള്ള പാഠ്യപദ്ധതിയുടെ വൈകല്യം മൂലം വിദ്യാഭ്യാസത്തിൻെറ പൊതുനിലവാരം കുറയുന്നതിനിടയാക്കി.

പാഠ്യപദ്ധതി വിപുലവും പഠന നിലവാരം സങ്കുചിതവുമാണ്.

മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനു കുറവു വന്നിരിക്കുന്നു.

സാമ്പത്തികമായ പരാധീനതകൾ മൂലം വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിറുത്തേണ്ടി വരുന്നു.

ജൂനിയർ ടെക്നിക്കൽ സ്കൂളും മററു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും പഞ്ചായത്തിൽ കുറവായതിനാൽ മററു സ്ഥലങ്ങളിലുള്ള ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു.

ശിശു വിദ്യാലയങ്ങളിൽ വേണ്ടത്ര സൗകര്യങ്ങളില്ല.

കലാപരമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ സംവിധാനങ്ങളില്ല.

കായിക പരിശീലനത്തിന് ആവശ്യമായ സ്ഥല സൗകര്യങ്ങളോ ഉപകരണങ്ങളോ ഇല്ല.

സ്കൂളുകളിൽ വായനാമുറികളോ ഗ്രന്ഥശാലകളോ ദൃശ്യ-ശ്രാവ്യ സൗകര്യങ്ങളോ ഇല്ല.

അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

കാവന, നടക്കര എൽ. പി. സ്കൂളുകളിലെ കുട്ടികൾ കുറഞ്ഞുവരുന്നു.

ആനിക്കാട് L. P. സ്കൂളിൽ കുട്ടികൾ വർദ്ധിച്ചുവരുന്നു.

പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് മററു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇങ്ങനെയുള്ള വിദ്യാർത്ഥികളെ ഇട നിലക്കാർ സാമ്പത്തികമായി ചൂഷണം ചെയ്യുന്നു.

## സാദ്ധ്യതകൾ

സർക്കാരും രക്ഷകർത്താക്കളും ഒരു പോലെ പണം ചിലവഴിക്കുന്ന ഒരു മേഖലയാണ് വിദ്യാഭ്യാസ മേഖല സർക്കാർ ശമ്പളം കൊടുത്ത് അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നിടത്ത് വേണ്ടത്ര കുട്ടികൾ ഇല്ല. രക്ഷകർത്താക്കൾ പണം ചിലവു ചെയ്ത് കുട്ടികളെ പഠിപ്പിക്കുന്നിട കുട്ടികൾ ധാരാളം ഉണ്ട്.

സാധാരണ സ്കൂളുകൾ മാററി തൊഴിലധിഷ്ഠിത ദ്യാലയങ്ങൾ ആരംഭിക്കണം.

സെൻറ് ജോർജ് ററി. ററി. ഐ. ഒരു പോളിടെ നിക് ആയി മാററണം.

കാവന ഗവ: എൽ. പി. എസ്. ജൂനിയർ ടെ നിക്കൽ സ്കൂളായി ഉയർത്തണം.

സെൻറ് ആൻറണീസ് എൽ. പി. എസ്. സ്ഥലസൗകര്യങ്ങൾ കുറവാണ്. കൂടുതൽ സ്ഥ ആവശ്യമാണ്.

സ്ഥല സൗകര്യമുള്ള എല്ലാ എൽ. പി., യു. സ്കൂളുകളിലും പഞ്ചായത്തിൻെറ മേൽനോട്ടത ബാലവാടികൾ ആരംഭിക്കണം

ബാലവാടികൾ ഇല്ലാത്ത വാർഡുകളിൽ അ ആരംഭിക്കണം.

എല്ലാ വാർഡുകളിലും വായനശാലയും ഗ്ര ശാലയും പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ സ്ഥ ച്ച് പ്രവർത്തിക്കണം.

പട്ടിക 21

### വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | മാനേജ്മെൻറ് |
|---|---|---|
| 1 | സെൻറ് ആൻറണീസ് L. P. S., ആനിക്കാട് | എയ്ഡഡ് |
| 2 | ഗവ: എൽ. പി. എസ്. കാവന | ഗവ: |
| 3 | സെൻറ് തോമസ് L. P. S. നടക്കര | എയ്ഡഡ് |
| 4 | സെൻറ് മൈക്കിൾസ് യു പി. എസ്. രണ്ടാർ | എയ്ഡഡ് |
| 5 | സെൻറ് ജോർജ് T. T. I. U. P. S. വാഴക്കുളം | എയ്ഡഡ് |
| 6 | S A. B. T. M. എൽ. പി. എസ്. രണ്ടാർ | എയ്ഡഡ് |
| 7 | സെൻറ് സെബാസ്റ്റ്യൻസ് H. S. ആനിക്കാട് | എയ്ഡഡ് |
| 8 | എച്ച്. എം., എച്ച്. എസ്. രണ്ടാർ | അൺ എയ്ഡഡ് |
| 9 | ബി. എഡ്. കോളേജ് | അൺ എയ്ഡഡ് |
| 10 | നിർമ്മല കോളേജ് | എയ്ഡഡ് |
| 11 | കെ. എം. ജോർജ് ഐ. ററി. സി. | അൺ എയ്ഡഡ് |
| 12 | നിർമ്മല കംപ്യൂട്ടർ | അൺ എയ്ഡഡ് |
| 13 | നിർമ്മല സദൻ (മന്ദബുദ്ധികുട്ടികൾക്ക്) | അൺ എയ്ഡഡ് |
| 14 | വിമല ഭവൻ ആനിക്കാട് (വികലാംഗകുട്ടികൾക്ക്) | അൺ എയ്ഡഡ് |
| 15 | നവജ്യോതി, കാവന (മന്ദബുദ്ധി കുട്ടികൾക്ക്) | അൺ എയ്ഡഡ് |

# പട്ടിക - 22

## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈ സ്കൂൾ യു.പി./ എൽ.പി./ പ്രീ പ്രൈമറി | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണം | കളിസ്ഥലത്തിന്റെ വിസ്തീർണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം | മറ്റു കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപകർ | സ്ഥിരമായുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല അവധിയിലുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| സെന്റ്. ആന്റണീസ് എൽ.പി.എസ്സ് ആനിക്കാട് | എൽ.പി | — | ✓ | — | — | 304 | 275 | 579 | 16 | 16 | — | — | 51 Cent | — | — | കളിസ്ഥലം ഇല്ല. |
| എസ്സ്.എ.ബി.ടി.എം എൽ.പി.എസ്സ് രണ്ടാർ | എൽ.പി | | ✓ | — | — | 70 | 66 | 136 | 5 | 5 | — | — | 1 Acre 52 cents | 1 Acre | — | ചുറ്റുമതിൽ ഇല്ല. |
| ഗവ. എൽ.പി.എസ്സ് കാവന | എൽ.പി | ✓ | | — | — | 13 | 13 | 26 | 4 | 4 | — | — | 1 Acre | 1/2 Acre | — | ഒരു വശം മതിൽ ഇല്ല. |
| സെന്റ് തോമസ് എൽ.പി.എസ്സ്. നടുക്കര | എൽ.പി | | ✓ | | | 25 | 14 | 39 | 4 | 4 | — | — | 62 cents | 20 cents | — | മതിൽ, ഉപകരണം എല്ലാം ഉണ്ട്. |
| സെന്റ് മൈക്കിൾസ് യു.പി.എസ്സ്. രണ്ടാർ | യു.പി | | ✓ | — | — | 107 | 64 | 171 | 9 | 9 | — | — | 1.5 Acre | 1 Acre | — | എല്ലാ സൗകര്യങ്ങളും ഉണ്ട്. കെട്ടിടം തെയ്പ് നടന്നിട്ടില്ല |
| സെന്റ് ജോർജ്ജ് ടി.ടി.ഐ. വാഴക്കുളം | ട്രെയിനിംഗ് യു.പി | | ✓ | — | — | 42 | 40 | 82 | 13 | 13 | — | — | 3 Acre 84 cents | 1.5 Acre | 1 Acre | എല്ലാ സൗകര്യങ്ങളും ഉണ്ട്. |
| എച്ച്.എം. എച്ച്.എസ്സ്. രണ്ടാർ | എച്ച്. എസ്സ്. | — | — | ✓ | — | 27 | 28 | 55 | 7 | 7 | — | — | 2 Acre | 1.5 Acre | — | മതിൽ, ഫർണിച്ചർ എല്ലാം ധാരാളം |
| സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്സ്. ആനിക്കാട് | എച്ച്. എസ്സ്. | — | ✓ | — | — | 770 | 509 | 1279 | 36 | 36 | — | — | 2.5 Hectre | 75M X 60 M | ഇല്ല | ചുറ്റുമതിൽ, ഫർണിച്ചർ എല്ലാം ഉണ്ട് |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |

# പട്ടിക - 24

## സ്കൂളിന്റെ പൊതുവിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളവയുടെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല - കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| സെന്റ്. ആന്റണീസ് എൽ.പി.എസ്സ് ആനിക്കാട് | 15 | | 4 | | 3 | — | — | — | ഭൂമി യില്ല | 4 | 20 | 2 | 2 | — | പൈപ്പ് വെള്ളം | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി യാകും | — | — | — | — | — |
| എസ്സ്.എ.ബി.ടി.എം എൽ.പി.എസ്സ് രണ്ടാർ | 4 | 1 | — | | 5 | — | — | — | | 2 | 12 | — | 1 | — | പൈപ്പ് വെള്ളം | ഇല്ല | ഉണ്ട് | ഇല്ല | മതി യാകും | — | — | — | — | — |
| ഗവ. എൽ.പി.എസ്സ് കാവന | 4 | 1 | — | | 4 | — | — | — | — | 2 | 12 | — | 1 | 1 | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | മതി യാകും | — | — | — | — | — |
| സെന്റ് തോമസ് എൽ.പി.എസ്സ്. നടുക്കര | 4 | 1 | — | — | 1 hall | — | — | — | — | | 1 | 1 | 1 | — | തെരുവു ടാപ്പ് | ഇല്ല | ഇല്ല | ഉണ്ട് | മതി യാകും | — | — | — | — | — |
| സെന്റ് മൈക്കിൾസ് യു.പി.എസ്സ്. രണ്ടാർ | 6 | 1 | — | — | 4 | — | — | — | — | — | 1 | 1 | 2 | — | കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി യാകും | — | — | — | — | — |
| ന്റ് ജോർജ്ജ് ടി.ടി.ഐ. വാഴക്കുളം | 7 | 4 | — | — | 10 | — | — | — | ഉണ്ട് | 7 | — | | 5 | — | പൈപ്പ് വെള്ളം | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി യാകും | Nil | Nil | Nil | Nil | Nil |
| ച്ച്.എം. എച്ച്.എസ്സ്. രണ്ടാർ | 3 | 1 | — | — | 4 | — | — | ഇല്ല | — | 4 | 4 | 2 | 4 | 1 | പൈപ്പ് വെള്ളം | ഉണ്ട് | — | ഉണ്ട് | മതി യാകും | Nil | Nil | Nil | Nil | Nil |
| ന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്സ്. ആനിക്കാട് | 25 | 3 | — | — | 32 | — | — | — | — | 2 | 200 | — | 7 | — | കിണർ പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | — | — | — | | — |

# പട്ടിക - 25

## ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റപ്പണികൾക്ക് | ഉപകരണങ്ങൾ, രാസവസ്തുക്കൾ, ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ - വിനോദങ്ങൾക്ക് | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗങ്ങളിലൂടെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| | Rs. | Rs. | | Rs. | Rs. | | Rs. | | | | | | | Rs. | Rs. |
| സെന്റ്. ആന്റണീസ് എൽ.പി.എസ്സ് ആനിക്കാട് | 1800 | 500 | 667 | 1500 | 4000 | — | 11714 | — | 3186 | — | 3184 | — | — | 11995 | 5000 |
| എസ്സ്.എ.ബി.ടി.എം എൽ.പി.എസ്സ് രണ്ടാർ | 1090 | 400 | 1240 | 100 | 2000 | — | 2970 | 400 | 1655 | | 1655 | — | — | 5500 | 1045 |
| ഗവ. എൽ.പി.എസ്സ് കാവന | — | — | — | 100 | 100 | — | 1685 | 1500 | — | — | — | — | 3385 | 3385 | — |
| സെന്റ് തോമസ് എൽ.പി.എസ്സ്. നടുക്കര | 500 | — | 588 | — | — | — | 805 | — | 697 | | 697 | — | | 575 | 621 |
| സെന്റ് മൈക്കിൾസ് യു.പി.എസ്സ്. രണ്ടാർ | 556 | 175 | 114 | 100 | 250 | — | — | — | 430 | | 430 | — | — | 765 | — |
| സെന്റ് ജോർജ്ജ് ടി.ടി.ഐ. വാഴക്കുളം | 2590 | 940 | — | 1500 | 4000 | — | 1759 | 949 | 80 | — | 80 | — | — | | 6408 മാനേജ്മെന്റ് |
| എച്ച്.എം. എച്ച്.എസ്സ്. രണ്ടാർ | — | — | 10000 | 5000 | 2500 | 2400 | — | — | — | — | — | — | — | | 19900 |
| സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്സ്. ആനിക്കാട് | 11850 | 5000 | 490 | 4748 | 8000 | 1085 | 8000 | — | 5283 | — | 5283 | 8107 | 3000 | 5000 | — |
| | | | | | | | | | | | | | | | |
| | | | | | | | | | | | | | | | |

# സംസ്ക്കാരം

മനുഷ്യൻെറ ശാരീരികവും മാനസികവുമായ ജീവിതമുറകളുടെ ആകെത്തുകയാണല്ലോ സംസ്ക്കാരം. നമ്മുടെ പഞ്ചായത്തിൻെറ സാംസ്ക്കാരിക പൈതൃകം വിലയിരുത്തേണ്ടതാണ്. സാംസ്ക്കാരികമായ മുന്നേററം ഒരു പ്രദേശത്തിൻെറ മനുഷ്യജീവിതത്തിന് അനിവാര്യമാണ്. സാമൂഹ്യ ജീവിയായ മനുഷ്യന് സമൂഹത്തിൽനിന്നും അകന്നു നില്ക്കുവാൻ ഒരിക്കലും സാദ്ധ്യമല്ല. പൗരാണികമായ നമുക്കു സിദ്ധിച്ചിട്ടുള്ള സംസ്ക്കാരത്തിൻെറ ഉൽകൃഷ്ടമായ അംഗത്തെ സ്വീകരിക്കുകയും അല്ലാത്തവയെ തിരസ്ക്കരിക്കുകയും ചെയ്യുക എന്നത് നമ്മുടെ പ്രധാനപ്പെട്ട ഒരു കർത്തവ്യമാകേണ്ടിയിരിക്കുന്നു. നൂററാണ്ടുകൾക്കപ്പുറവും ഇന്നത്തെപ്പോലെ ഉൽകൃഷ്ടമായൊരു ജനസമൂഹത്തിൻെറ അധിവാസകേന്ദ്രമായിരുന്നു ഈ പ്രദേശം. നദീതടങ്ങളായിരുന്നു ഈ പഞ്ചായത്തിലെ സാംസ്ക്കാരിക ജീവിതത്തിൻെറ പ്രധാന ഇടം. 15 കിലോമീററോളം ഈ പഞ്ചായത്തിലൂടെ നീണ്ടൊഴുകുന്ന നദിയുടെ തീരങ്ങളിലായിരുന്നു കൂടുതൽ ജനങ്ങളും അധിവസിച്ചിരുന്നത്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം എന്നീ മൂന്ന് പ്രധാന മതങ്ങളിൽപ്പെട്ടവർ ഐക്യത്തോടെ വസിക്കുന്ന ഈ പഞ്ചായത്തിൽ വ്യത്യസ്ത ആരാധനാരീതികളും, സമ്പ്രദായങ്ങളും, അനുഷ്ടാനങ്ങളും അനുകരിച്ചുപോന്ന ഇവിടുത്തെ ജനങ്ങൾ മതസൗഹാർദ്ദം നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. അവരുടെ മതാത്മക ജീവിതത്തിൻെറ കേന്ദ്ര ബിന്ദുവായ ആരാധനാലയത്തെയും അതിൽ നിന്നുരവെടുത്ത സാംസ്ക്കാരിക വിദ്യാഭ്യാസ പുരോഗതിയേയും നവീകരണ ശൈലിയേയും ആസ്പദമാക്കിയാണ് നമ്മുടെ സംസ്ക്കാരം രൂപംകൊള്ളുന്നത്. ഹിന്ദുക്ഷേത്രങ്ങളിൽനിന്നും, ക്രിസ്ത്യൻദേവാലയങ്ങളിൽ നിന്നും, മുസ്ലീം പള്ളികളിൽനിന്നും ഉയർന്നു വരുന്ന മണിനാദവും, കീർത്തനങ്ങളും, ബാങ്കുവിളികളും കേട്ടാണ് ജനങ്ങൾ ഇവിടെ ഐക്യത്തോടെ ജീവിച്ചുവരുന്നത്.

**ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളും ദേവാലയങ്ങളും പള്ളികളും അവിടുത്തെ പ്രധാനപ്പെട്ട ഉത്സവങ്ങളും, തിരുനാളുകളും, പെരുനാളുകളും:**

## ക്ഷേത്രങ്ങൾ:

ആനിക്കാട് തിരുവംപ്പാവിൽ മഹാദേവക്ഷേത്രം–ശിവരാത്രി ഉത്സവം
ആവോലി ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം–തൈപ്പൂയ മഹോത്സവം.
വള്ളിക്കട പരദേവതാക്ഷേത്രം (കളരി) –താലപ്പൊലി മഹോത്സവം.
ആവോലി പുതുശേരിക്കളരി –താലപ്പൊലി മഹോത്സവം.
കാവനപള്ളിയ്ക്കാപ്പറമ്പ് ദേവസ്വം ശിവക്ഷേത്രം–ശിവരാത്രി ഉത്സവം.

ഇതുകൂടാതെ മററനവധി കാവുകളും പതികളും ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. ഇവിടെയും ചില ഉത്സവങ്ങൾ ആഘോഷിച്ചുവരുന്നുണ്ട്.

## ദേവാലയങ്ങൾ:

ആനിക്കാട് സെൻറ്സെബാസ്ററ്യൻസ് ചർച്ച്, രണ്ടാർക്കര സെൻറ്മൈക്കിൾസ് ചർച്ച്, വാഴക്കുളം സെൻറജോർജജസ് ചർച്ച് കാവന, നടുക്കര സെൻറ്മാത്യൂസ് ചർച്ച് എന്നീ 4 പ്രധാന പള്ളികളും കൂടാതെ നിരവധി കുരിശുപള്ളികളും ഇവിടെ സ്ഥിതി ചെയ്യുന്നുണ്ട്. ഈ പഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശത്തുള്ളവർ മൂവാററുപുഴ ഹോളിമാഗി ചർച്ചിലാണ് ആരാധന നടത്തുവാൻ പോകുന്നത്. ഈ പള്ളികളിലെല്ലാം ക്രിസ്തുമസും ഈസ്ററും ആചരിക്കുന്നതോടൊപ്പം നിരവധി വിശുദ്ധൻമാരുടെ തിരുനാളുകളും ആഘോഷിച്ചുവരുന്നു.

## മുസ്ളീംപള്ളികൾ:

രണ്ടാർ, ആനിക്കാട്, അട്ടപ്പറമ്പ് കോളേജ്പടി എന്നീ കേന്ദ്രങ്ങളിലായി അഞ്ചു പള്ളികൾ ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇതു കൂടാതെ മൂന്ന് തൈക്കാവുകളും സ്ഥിതി ചെയ്യുന്നുണ്ട്. മുസ്ലീം പള്ളികളിൽ നബിദിനാഘോഷവും റംസാൻ, ബക്രീദ്, തുടങ്ങിയ പെരുനാളുകളും ആചരിച്ചുവരുന്നു. കൂടാതെആനിക്കാട്പള്ളിയിൽ പ്രത്യേക നേർച്ചപെരുനാളും ആഘോഷിച്ചു വരുന്നുണ്ട്.

ഈ ഉത്സവങ്ങളിലും തിരുനാളുകളിലും പെരുനാളുകളിലും എല്ലാം ഇവിടുത്തെ ജനങ്ങൾ ജാതിമത ഭേദമന്യേ ഭക്ത്യാദരപൂർവ്വം പങ്കെടുത്തുവരുന്നു.

**ജാതിഘടന:**

മുസ്ലീം മതവിഭാഗത്തിൽ 2 വിഭാഗങ്ങളാണ് മുഖ്യമായുള്ളത്. 'ഷാഫി', 'അനഫി' എന്നിവയാണിത്.

ക്രിസ്ത്യൻ മതവിഭാഗത്തിൽ രണ്ട് വിഭാഗങ്ങളാണ് മുഖ്യം. 'റോമൻകത്തോലിക്' യാക്കോബിററ്–എന്നിവയാണത്.

ഹിന്ദുമതത്തിൽ 6 മുഖ്യ വിഭാഗങ്ങളാണുള്ളതിവിടെ. നായർ, നമ്പൂതിരി, ഇളയത് ഈഴവർ, പട്ടികജാതി–പട്ടികവർഗ്ഗം വിശ്വകർമ്മജർ എന്നിവരാണവർ.

**സാമ്പത്തികഘടന:**

സാമ്പത്തികമായി വളരെ മുന്നോക്കം നിന്നിരുന്നവർ ഇന്ന് പിന്നോക്കവും പിന്നോക്കംനിന്നിരുന്നവർ മുന്നോക്കവുമെത്തിയിട്ടുണ്ട്. സാമ്പത്തിക അസന്തുലിതാവസ്ഥ നമ്മുടെ പഞ്ചായത്തിലും നിലനില്ക്കുന്നു. സാമ്പത്തിക വ്യവസ്ഥിതിയുടെ ആസൂത്രണത്തിൽ വന്ന പിഴവാണിതിനു കാരണം എന്ന് മനസിലാക്കാം. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരുടെയും പിന്നോക്കം നില്ക്കുന്നവരുടെയും സാംസ്ക്കാരിക ജീവിതരീതിയിൽ വ്യത്യാസം കാണുന്നുണ്ട്. സാമൂഹ്യ ചേരിതിരിവുകളോ സാമ്പത്തിക ചേരിതിരിവുകളോ ഇവിടെ ഉള്ളതായി കാണുന്നില്ല ജാതിക്കും മതത്തിനും അതീതമായി ഉയർന്നുവന്ന പ്രസ്ഥാനങ്ങളും, രാഷ്ട്രീയ–സാമുദായിക–ബഹുജന മുന്നേററ പ്രസ്ഥാനങ്ങളും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്. സാംസ്ക്കാരികമായി നമ്മുടെ പഞ്ചായത്തിന് വളരെ പിന്നോക്കമാണ്. സംസ്ക്കാരമല്ല പരിഷ്ക്കാരം മാത്രമാണ് യഥാർത്ഥത്തിൽ ഇവിടെ വളർന്നത്. സാംസ്ക്കാരികോന്നമനത്തിനുതകുന്ന ഗ്രന്ഥശാലകളോ, വായനശാലകളോ ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. നിലവിലുള്ളൊരു സാംസ്ക്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമവുമല്ല.

**പട്ടിക 26**

**പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും കണക്ക്:**

| Sl. No. | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വരുമാനം | ആനുകാലികങ്ങളുടെ എണ്ണം | മററ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ആവോലി സാംസ്ക്കാരിക നിലയം | 1991 | C | 150 | ഇല്ല. | 5 ദിനപത്രം | ഇല്ല. |
| 2 | ഗ്രന്ഥശാല | | | | | | |
| 3 | വായനശാല | | | | | | |

നമ്മുടെ പഞ്ചായത്തിലെ സാംസ്ക്കാരികമായ ച്യുതിയുടെ മൂലകാരണങ്ങളിൽ ഒന്നാണ് മേൽ സൂചിപ്പിച്ച ഗ്രന്ഥശാലകളുടെയും വായനശാലകളുടെയും അഭാവം മൂല്യബോധമുള്ള ജനതയെ സൃഷ്ടിക്കുവാൻ ഇതുമൂലം നമുക്ക് ആവുന്നില്ല. നിലവാരം പുലർത്തുന്ന ഗ്രന്ഥങ്ങളോ മററ് പ്രസിദ്ധീകരണങ്ങളോ വായിക്കുന്നതിൽ നാം പിന്നോക്കം പോയിരിക്കുന്നു. വനിതകൾക്ക് വായനാശീലം കൂടിവരുന്നുണ്ടെങ്കിലും മാസികകളാണ് കൂടുതൽപേരും വായിക്കുന്നത്. പഞ്ചായത്തിലെ 40% കുടുംബങ്ങളും സ്വന്തമായി പത്രം വരുത്തി വായിക്കുന്നവരാണ്.

ക്ലബ്ബുകൾ 12 എണ്ണം ഈ പഞ്ചായത്തിലുണ്ട് ഇവ താഴെ കൊടുക്കുന്നു.

തരംഗിണി ആർട്സ് & സ്പോർട്സ് ക്ലബ്ബ് ഹോസ്ററൽപ്പടി, യാസ്ക്ക്, അടൂപ്പറമ്പ്, ഇസ്ക്ര, അടൂപ്പറമ്പ് ദേശാഭിമാനി, കിഴക്കേക്കര, പ്രിയദർശിനി, രണ്ടാർക്കര, യംഗ് ചലഞ്ചേഴ്സ്, ആനിക്കാട്, യുവതാരം, ആനി

ക്കാട് പള്ളിത്താഴം, സെൻറ് സെബാസ്ററ്യൻസ് ക്ലബ്ബ്, കാവന; സ്വരാജ് ക്ലബ്ബ്, നടുക്കര; കെ. ആർ വി. സി. കാവന എന്നിവയാണിവയിൽ പ്രധാനം. ആനിക്കാട് ഇല്ലത്തുതാഴ് കേന്ദ്രമായി ഒരു രക്തദാന ക്ലബ്ബും പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം 2 ക്ലബ്ബുകൾക്കുമാത്രമേയുള്ളു. ഓണാഘോഷമൊഴിച്ചുള്ള മററ് കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും തന്നെ ഈ ക്ലബ്ബുകളിലില്ല. 'പൂജ' എന്ന പേരിൽ ഒരു നാടകസമിതിയും ആവോലി കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്.

## നാടൻകലാരൂപങ്ങൾ:

കാളകളി, കോലുകളി, പുലികളി, സർപ്പപ്പാട്ട്, വിൽപ്പാട്ട്, തുടികൊട്ട്, ചിന്ത്, കാവടി, ഉടുക്കുപാട്ട്, പുള്ളുവൻപാട്ട്, ഇടയ്ക്ക, നാദസ്വരം എന്നീ നാടൻ കലകൾ നാമമാത്രമായി പഞ്ചായത്തിലിന്നും കാണുന്നുണ്ട്. കരകൗശല വിദഗ്ധൻമാരെയും കുറെയൊക്കെ കണ്ടുവരുന്നുണ്ട്. ഈ നാടൻ കലാരൂപങ്ങൾ ഇന്ന് അസ്തമിച്ചുവരികയാണ്. കലാകാരൻമാർക്ക് വേണ്ടത്ര പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകണം. റേഡിയോ, T. V. എന്നീ വാർത്താമാദ്ധ്യമങ്ങൾ പഞ്ചായത്തിൽ ഉപയോഗിക്കുന്നവർ ധാരാളമാണ്. റേഡിയോ 90% വും T.V. 40% വും കേബിൾ T. V. 3% വും വീടുകളിൽ ഉപയോഗിക്കുന്നുണ്ട്.

ആനിക്കാട് കേന്ദ്രമാക്കി മിനിസ്റേറഡിയം എന്ന ഒരു പൊതു കളിസ്ഥലമുണ്ട്. ഇത് സംരക്ഷിക്കപ്പെടണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിരവധി കളിസ്ഥലങ്ങളുണ്ട്. കായിക പരിശീലന സംവിധാനങ്ങൾ ഒന്നും തന്നെ നിലവിലില്ല. പഞ്ചായത്തിൽ ഓണാഘോഷങ്ങളോടനുബന്ധിച്ച് കായിക_കലാ മൽസരങ്ങൾ വിവിധ സാമൂഹ്യ_സാംസ്ക്കാരിക സംഘടനകൾ നടത്തിവരുന്നുണ്ട്. നാടൻ കായിക വിനോദങ്ങളായ ചുട്ടിയും കോലും വട്ടുകളി, കോട്ടകളി നാടൻ പന്തുകളി, പകിട കളി, കല്ലും കോലും കളി കൊള്ള പന്ത് കളി എന്നിവ അസ്തമിച്ചുവരുന്നു.

## പ്രശ്നങ്ങൾ:

ഗ്രന്ഥശാലകൾ, വായനശാലകൾ ഇവയുടെ അഭാവം സാംസ്ക്കാരിക മുന്നേററത്തിന് തടസം നില്ക്കുന്ന ഒരു മുഖ്യപ്രശ്നമാണ്.

നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങൾ വായിക്കുന്നതിൽ ആസക്തി കൂടി വരുന്നു.

ആധുനിക ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസാരം സാംസ്ക്കാരികാധഃപതനത്തിലേക്ക് നയിച്ചിട്ടുണ്ട്.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നാമമാത്രമായി നിലനില്ക്കുന്നു.

വിവാഹാദി ചടങ്ങുകൾക്ക് ക്രമാതീതമായി പണം ചെലവഴിച്ച് നടത്തുന്ന സദ്യകളും മററ് പരിപാടികളും ഇന്ന് പഞ്ചായത്തിൽ വളർന്നുവരുന്നുണ്ട്. ഈ പ്രവണത നിയമ സംവിധാനം വഴി നിയന്ത്രിക്കണം ഒരു ദേശീയ നഷ്ടമാണിത്.

സ്ത്രീധനം എന്ന വിപത്തും പ്രശ്നങ്ങളുളവാക്കുന്നു.

ആർഭാടത്തിമിരം ഗ്രാമീണരിൽ വളർന്നുവരുന്നു ഇത് നിയന്ത്രിക്കപ്പെടണം.

ഫണ്ടില്ലായ്മ, യഥാവിധി മാനേജ്മെൻറിൻെറ അഭാവം സൗകര്യങ്ങളുടെ കുറവ് അജ്ഞത ഇവ കലാ സാംസ്ക്കാരിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ തടസം സൃഷ്ടിക്കുന്നുണ്ട്.

സ്ത്രീകളെ കൂടുതൽ മോശമായി ചിത്രീകരിക്കുന്ന പോസ്ററുകൾ പഞ്ചായത്തിൽ പതിച്ചു വരുന്നു ഇത് തടയണം.

## സാദ്ധ്യതകൾ:

ലൈബ്രറികളും ഗ്രന്ഥശാലകളും സ്ഥാപിക്കണം അതിനുള്ള സാദ്ധ്യത ഏറെയാണ്.

സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കണം.

കലാ_കായിക വിനോദ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

നീന്തൽക്കുളം സ്ഥാപിച്ച് കുട്ടികൾക്ക് നീന്തലിന് പരിശീലനം നൽകണം.

വീഡിയോ ക്ലബുകൾ വേണം. അതിന് സാദ്ധ്യതയുണ്ട്.

കലാ_കായിക മത്സരങ്ങൾ വിവിധ ക്ലബുകളുടെ നേതൃത്വത്തിൽ നടത്തുവാൻ വേണ്ട സൗകര്യങ്ങൾ വേണം.

നാടൻ കലാരംഗത്തെ പ്രോൽസാഹിപ്പിക്കണം.

ജനസഹകരണത്തിൽക്കൂടി വായനശാലകൾക്കാവശ്യമായ പുസ്തകങ്ങൾ സംഘടിപ്പിക്കുവാൻ കഴിയണം.

# 9. വനിത

കേരള വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകരം അവഗണിക്കപ്പെടുന്നു എന്നതാണ്. സ്ത്രീകളുടെ സംഖ്യ പുരുഷൻമാരേക്കാരം കൂടുതലാണ് ഈ പഞ്ചായത്തിലും. ഇവിടുത്തെ ജനസംഖ്യയിലെ സ്ത്രീ പുരുഷ അനുപാതം 56 : 44 ആണ്. ജനസംഖ്യയിൽ സ്ത്രീകരം കൂടുതലാണെങ്കിലും വേണ്ടുവോളം പ്രാധിനിധ്യം ഒരു രംഗത്തും കാണുന്നില്ല. സ്ത്രീകളുടെ പദവി അർഹിക്കുന്ന ആദരവോടും പരിഗണനയോടുംകൂടി അംഗീകരിക്കാൻ തയ്യാറായാൽ മാത്രമേ ഗുണപരമായിട്ടുള്ള സാമൂഹ്യ സാംസ്കാരിക പരിതഃസ്ഥിതി ഉറപ്പാക്കി വരുംതലമുറയെ നല്ല രീതിയിൽ വളർത്തിക്കൊണ്ടുവരുവാൻ കഴിയുകയുള്ളൂ. ഈ ആശയത്തിൻെറ അടിസ്ഥാനത്തിലാണ് '9-ാം പദ്ധതി ജനകീയപദ്ധതി'യിൽ വനിതകരംക്ക് പ്രാധാന്യം കൊടുത്തിട്ടുള്ളത്.

ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ സ്ത്രീപുരുഷ അന്തരം വളരെയൊന്നും കാണുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളെ അപേക്ഷിച്ച് കുറവാണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ സംഖ്യ കൂടുതലായിക്കാണുന്നു. മുസ്ലീം സ്ത്രീകളിൽ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവർ കുറവാണ്.

പട്ടിക 27
**കുട്ടികളുടെ ആൺ പെൺ തിരിച്ചുള്ള പഠനനിലവാരം**

| സ്ററാൻഡേർഡ് | ആൺകുട്ടികരം | പെൺകുട്ടികരം | ആകെ കുട്ടികരം |
|---|---|---|---|
| I | 88 | 91 | 179 |
| II | 120 | 82 | 202 |
| III | 110 | 89 | 199 |
| IV | 94 | 106 | 200 |
| V | 152 | 126 | 278 |
| VI | 170 | 110 | 280 |
| VII | 184 | 122 | 306 |
| VIII | 147 | 97 | 244 |
| IX | 169 | 85 | 254 |
| X | 105 | 84 | 189 |
| ആകെ | 1339 | 992 | 2331 |

ആശുപത്രികളിൽ സ്ത്രീ രോഗികളാണ് കൂടുതൽ. വിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകളിൽ കൂടുതൽ പേർക്കും അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭിക്കുന്നില്ല. അതുകൊണ്ട് സ്ത്രീകരം ചില ജോലികളിൽ മാത്രം കേന്ദ്രീകരിക്കുകയാണ്. ഉദാ: നേഴ്സറി ടീച്ചിംഗ്, നേഴ്സിംഗ്, അദ്ധ്യാപന ജോലി തുടങ്ങിയവ. കുട്ടികളുടെ എണ്ണം കുറഞ്ഞുവന്നിട്ടും വിദ്യാഭ്യാസമുണ്ടായിട്ടും വരുമാനമുണ്ടാകുന്ന പണികളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷൻമാരുടേതുമായി താരതമ്യപ്പെടുത്തുമ്പോരം കുറഞ്ഞുവരുന്നതായി കാണുന്നു.

## പട്ടിക 28

### കാർഷിക-വിദ്യാഭ്യാസ-വ്യാവസായിക മേഖലകളിൽ ജോലി എടുക്കുന്ന പുരുഷൻമാരും സ്ത്രീകളും

| മേഖലകൾ | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| കാർഷികം | 700 | 800 | 1500 |
| വിദ്യാഭ്യാസം | 200 | 100 | 300 |
| വ്യവസായം | 200 | 250 | 450 |

തൊഴിലിൻെറ വിതരണത്തിൽ സ്ത്രീ പുരുഷ അന്തരം അധികം കാണുന്നില്ല. കൃഷിപ്പണികൾ, വ്യവസായ ജോലികൾ എന്നിവയിൽ സ്ത്രീകളുടെ എണ്ണം തീർത്തും കുറഞ്ഞിട്ടില്ല. തൊഴിൽ എടുക്കുന്ന സ്ത്രീകൾക്ക് തൊഴിലിനനുസൃതമായ കൂലി ലഭിക്കുന്നില്ല. അതുപോലെ തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതകളും കുറഞ്ഞുവരികയാണ്. ഇന്നാട്ടിലെ സ്ത്രീകളിൽ അധികവും ഗൃഹജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. അവർ ആടുമാടുകളെ വളർത്തൽ, പുരയിടത്തിൽ കൃഷിപ്പണിയിൽ സഹായിക്കൽ, വിറക് ശേഖരിക്കൽ, ഭക്ഷണത്തിനാവശ്യമായ ഫലമൂലാദികൾ ശേഖരിക്കുകയും അടുക്കളത്തോട്ട നിർമ്മാണം, പൂന്തോട്ട പരിചരണം തുടങ്ങിയ ജോലികൾ ചെയ്യുന്നുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങൾ 950 എന്നാണ് കണക്കാക്കിയിരിക്കുന്നത്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ ഭൂരിപക്ഷവും സ്ത്രീകളാണ് കുടുംബനാഥകൾ. വിധവപെൻഷൻ ലഭിക്കാൻ അർഹരായ അപേക്ഷകരുടെ എണ്ണം 57 ആണെങ്കിലും 25 പേർക്കേ അത് ലഭിക്കുന്നുള്ളു.

ഇവിടുത്തെ അംഗനവാടികളിൽ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. സ്ത്രീ അംഗൻവാടികളുമായി ബന്ധപ്പെട്ട ഗർഭിണികൾ 81 പേരും മുലയൂട്ടുന്ന അമ്മമാർ 35 പേരും വരും. പോഷകാഹാരം ഇവർക്ക് ആവശ്യാനുസരണം കിട്ടുന്നില്ല. വനിതാവ്യവസായസംരംഭകരുടെ എണ്ണം കുറവാണ്. രണ്ട് D. W. C. R. A. യൂണിററുകൾ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. വനിതാ നേതൃത്വം ഒരു സംഘടനയിലും കാണുന്നില്ല. സ്ത്രീധനത്തിൻെറ പേരിൽ പീഡനമനുഭവിക്കുന്ന സ്ത്രീകൾ പഞ്ചായത്തിൽ കുറവാണ്. സ്ത്രീകൾ അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവതികളല്ലാത്തതാണ് പൊതുരംഗത്ത് വരാതിരിക്കുവാൻ കാരണം. മദ്യപാനികളായ പുരുഷൻമാർ വീടുകളിൽ സ്ത്രീകളെ ആക്രമിക്കുന്നുണ്ട്. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പോസ്ററുകളും മററും പ്രചാരത്തിലുണ്ട്. പൊതുവെ സ്ത്രീകളോടുള്ള സമീപനത്തിൽ നല്ല നിലവാരം പുലർത്തുന്നതായി കാണുന്നില്ല.

### പ്രശ്നങ്ങൾ

സ്ത്രീകൾക്ക് വിവിധ തരത്തിലുള്ള പരിമിതികൾ ഉള്ളതിനാൽ വളരെയേറെ ജോലി സാദ്ധ്യതകളുള്ള വ്യവസായ വാണിജ്യരംഗത്ത് തൊഴിൽ നിഷേധിക്കപ്പെടുന്നു.

തൊഴിൽരംഗത്ത് സ്ത്രീകൾക്ക് പുരുഷൻമാർക്കൊപ്പം പ്രാതിനിധ്യം ഇല്ല എന്നു മാത്രമല്ല അവർക്കു ലഭിക്കുന്ന വേതനവും കുറവാണ്.

സ്ത്രീകളോടുള്ള സാമൂഹിക കാഴ്ചപ്പാട് മോശമായതിനാൽ കൂടുതൽപേർ സ്വയം തൊഴിലെടുത്ത് വരുമാനമുണ്ടാക്കുന്നതിനായി മുന്നോട്ടു വരുന്നില്ല.

അന്ധവിശ്വാസങ്ങൾ കൂടുതൽ കാണുന്നത് സ്ത്രീകളിലാണ്.

സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പോസ്ററുകളും മററും കാണപ്പെടുന്നു.

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ സ്ത്രീകൾ ഗൃഹനാഥകളായതിനാൽ അവരുടെ ക്ലേശങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

വിധവാ പെൻഷൻ അർഹരായിട്ടുള്ള എല്ലാവർക്കും ലഭിയ്ക്കുന്നില്ല.

അംഗനവാടി കാര്യക്ഷമമല്ല.

മഹിളാസമാജങ്ങളും ബാലവാടികളും എല്ലാ വാർഡുകളിലും ഇല്ല. ഉള്ളതിന്റെ പ്രവർത്തനം തൃപ്തികരമല്ല.

വനിതകളുടെ ക്ഷേമത്തിന വേണ്ടിയുള്ള D. W. C. R. മുതലായ യൂണിററുകളുടെ പ്രവർത്തനം തൃപ്തികരമല്ല.

വനിത വ്യവസായ സംരംഭകരുടെ എണ്ണം വളരെ കുറവാണ്.

തൊഴിലില്ലായ്മ പ്രത്യേകിച്ച് അഭ്യസ്തവിദ്യരായിട്ടുള്ള സ്ത്രീകളിൽ കൂടുതൽ കാണുന്നു.

പൊതുരംഗത്ത് വനിതാ നേതൃത്വം കുറവാണ്.

ബഹുജനസംഘടനകളിലെ വനിതാ പങ്കാളിത്തം കുറവായി കാണുന്നു.

വനിതാ സംരംഭകർക്ക് ആനുകൂല്യങ്ങൾ ഏറെയുണ്ടെങ്കിലും അതിനെക്കുറിച്ചുള്ള അറിവില്ലായ്മ വലിയ പോരായ്മയായി കാണപ്പെടുന്നു.

പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മയുണ്ട്.

## സാദ്ധ്യതകൾ

വ്യാവസായിക വാണിജ്യരംഗങ്ങളിൽ തൊഴിൽ നിഷേധം ഒഴിവാക്കുക.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് തുല്യ പ്രാതിനിധ്യവും അർഹിക്കുന്ന വേതനവും ഉറപ്പാക്കുക.

സാമൂഹ്യ ബോധവൽക്കരണത്തിൽക്കൂടി സ്ത്രീകളോടുള്ള കാഴ്ചപ്പാടും അതുവഴി അവരുടെ പദവിയും മെച്ചപ്പെടുത്തുക.

സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന പോസ്ററുകളും മററും നിരോധിക്കുക.

അംഗൻവാടികളും മഹിളാ സമാജങ്ങളും എല്ലാ വാർഡുകളിലും ഏർപ്പാടാക്കുകയും ഉള്ളതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക.

D. W. C R. A.യുടെ യൂണിററുകൾ കൂടുതൽ അനുവദിയ്ക്കുക.

വനിതാ സംരംഭകരെ കൂടുതൽ കണ്ടെത്തുവാൻ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

സ്ത്രീകൾക്ക് വിവിധ മേഖലകളിൽ നേതൃത്വ പരിശീലനങ്ങൾ സംഘടിപ്പിക്കുക.

സഹകരണ മേഖലയിലും തദ്ദേശ സ്വയംഭരണമേഖലയിലേപ്പോലെ പ്രാതിനിധ്യം കൂട്ടുക.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളവർക്ക് വിവിധ മേഖലകളിലും സർക്കാർ ആഫീസുകളിലും പ്രത്യേക പരിഗണനയും മുൻഗണനയും നൽകുക.

വനിതാ സഹകരണ സംഘങ്ങൾ തുടങ്ങുവാൻ സാദ്ധ്യതയുണ്ട്.

ചെറുകിട വ്യവസായ മേഖലയിൽ സ്ത്രീകൾക്ക് സംരംഭങ്ങൾ തുടങ്ങുവാൻ കഴിയും.

സ്ത്രീകൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മാററുവാൻ ബോധവൽക്കരണം ആവശ്യമാണ്.

പൊതുവിതരണ കേന്ദ്രങ്ങളില്ലാത്ത വാർഡുകളിൽ റേഷൻകടകൾ അനുവദിച്ച് വനിതകൾക്ക് കൂടുതൽ സൗകര്യങ്ങളുണ്ടാക്കണം.

പൊതുസ്ഥലങ്ങളിൽ (ആനിക്കാട്, അടൂപ്പറമ്പ്, ആവോലി, ഹോസ്ററൽ ജംഗ്ഷൻ) പ്രാഥമിക സൗകര്യങ്ങൾ ഏർപ്പാടാക്കുക.

# സഹകരണമേഖല

20–ാം നൂററാണ്ടിൻെറ ആദ്യപകുതിയിൽ തന്നെ ഈ പഞ്ചായത്തിൽ സഹകരണപ്രസ്ഥാനത്തിന് ആരംഭം കുറിച്ചു. 1922 – ൽ പ്രവർത്തനമാരംഭിച്ച ആനിക്കാട് സർവീസ് സഹകരണബാങ്കും 1950 – ൽ പ്രവർത്തനമാരംഭിച്ച ആവോലി സർവീസ് സഹകരണബാങ്കും ഉൾപ്പെടെ പത്ത് സഹകരണസംഘങ്ങൾ ഇന്നിവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ടെണ്ണം ക്രെഡിററ്മേഖലയിലും രണ്ടെണ്ണംക്ഷീരോല്പാദനമേഖലയിലും ഒരെണ്ണം ഭൂവികസനരംഗത്തും രണ്ടെണ്ണം മാർക്കററിഗ് രംഗത്തും ഒരെണ്ണം പ്രിൻറിഗിലും മറെറാരണ്ണം ഭവനനിർമ്മാണരംഗത്തും ഒരെണ്ണം വനിതാരംഗത്തും പ്രവർത്തിക്കുന്നു. ഇതിൽ ക്രെഡിററിമേഖയിലും ഭവനനിർമ്മാണരംഗത്തും വിപനണരംഗത്തും ഭൂവികസനരംഗത്തും പ്രവർത്തിക്കുന്ന സംഘങ്ങൾ നല്ല നിലവാരം പുലർത്തുന്നതാണ്. ഭവനനിർമ്മാണവിപണന, പ്രിററിംഗ്, വനിത, ഭൂവികസനരംഗത്തുള്ള സംഘങ്ങൾ താലൂക്ക്തലത്തിലുള്ളവയാണ് ക്രെഡിററ്മേഖയിൽ പ്രവർത്തിക്കുന്ന രണ്ടു സംഘങ്ങളിലുംകൂടി 6000 ത്തോളം ആളുകൾ അംഗങ്ങളായിട്ടുണ്ട്.

## വായ്പാസംഘങ്ങൾ

ഇവിടെയുള്ള 2 ക്രെഡിററ് സംഘങ്ങളിലും കൂടി 12 കോടിയോളം രൂപ പ്രവർത്തന മൂലധനം ഉണ്ട്. ഈ പ്രദേശത്തെ കാർഷിക, വാണിജ്യമേഖലയ്ക്ക് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുന്നതിന് ഇന്നീ സ്ഥാപനങ്ങൾക്ക് വേണ്ടത്ര ശേഷിയുമുണ്ട്. കഴിഞ്ഞനിരവധി വർഷങ്ങളായി ഭവന നിർമ്മാണ രംഗത്തും സാമൂഹ്യക്ഷേമ രംഗത്തും ഈ സ്ഥാപനങ്ങൾ വായ്പകൾ നൽകിവന്നിരുന്നു. എന്നാൽ അതേ കാലത്തായി ഭവനനിർമ്മാണ രംഗത്തെ വായ്പാ സൗകര്യങ്ങൾ ഈ ബാങ്കുകളിൽ നിന്നും ലഭ്യമല്ല. സർക്കാരിൻെറ നയപരമായ ചില തീരുമാനങ്ങളാണ് ഇതിന് കാരണമെന്നറിയുന്നു വായ്പാകുടിശിഖയുടെ കാര്യങ്ങളിൽ സംസ്ഥാന ശരാശരിയിൽ നിന്നും ഈ സംഘങ്ങൾ വളരെ താഴെയാണ്. ഇപ്പോഴീസംഘങ്ങൾ രണ്ടും ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിൽ കൂടിയും കുടിശിഖ നിലവാരം വളരെ താഴോട്ടു കൊണ്ടുവരേണ്ടത് അവശ്യമാണ്.

വായ്പാതുകകൾ യഥാർത്ഥ ആവശ്യങ്ങൾക്കുവേണ്ടിതന്നെ ഉപയോഗിക്കപ്പെടുന്നില്ല. എന്നതാണ് കുടിശിഖ നിലവാരം ഉയരുന്നതിന് കാരണമായി തോന്നുന്നത്. ഉദാഹരണമായി I. R. D. P. സ്വയം തൊഴിൽ എന്നീ വായ്പകളിൽ നിന്നുമാണ് കുടിശിഖ കൂടുതലായി കാണപ്പെടുന്നത് വായ്പാ ഉപയോഗം പരിശോധിക്കുകയും ആവശ്യത്തിനുവേണ്ടിതന്നെയാണ് ഉപയോഗിച്ചതും എന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. ഉദാഹരണത്തിന് ഈ രണ്ട് ക്രെഡിററ് സംഘങ്ങളും കൂടി ഏകദേശം രണ്ട്കോടിയോളം രൂപ കാർഷികമേഖലയിൽ വായ്പാ നൽകിയിട്ടുള്ളതായി കാണുന്നു ഈ തുക വേണ്ട വിധം ഉപയോഗിച്ചാൽ ഈ മേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കാവുന്നതാണ്. ചിട്ടി, സ്വർണ്ണവായ്പാ, സാധാരണലോണുകൾ ഇവ ലാഭകരമാണ്. ഈ ബാങ്കുകൾക്ക് കാര്യക്ഷമമായ മാനേജ്മെൻറും കുടിശ്ശിക പിരിവും ഈ ബാങ്കുകളെ ലാഭകരമാക്കുന്നുണ്ട്.

## ക്ഷീരം

രണ്ട് ക്ഷീരോല്പാദക സംഘങ്ങളാണ് ഇവിടെയുള്ളത്. ഇതിൽ രണ്ടാർകരയിൽ പ്രവർത്തിക്കുന്ന സംഘം 'മിൽമയുടെ' കീഴിലും, ആവോലിയിൽ പ്രവത്തിക്കുന്ന സംഘം സ്വതന്ത്രനിലയിലുമാണ് പ്രവർത്തിക്കുന്നത്. ഈ രണ്ട് സംഘങ്ങളുടേയും ചുററുപാടുകളിൽ താമസക്കാരായിട്ടുള്ള ഏതാനും കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനം ലഭിക്കുന്നുള്ളു. ഒരുവർഷം 95,500 ലിററർ പാൽ മാത്രമാണ് ഈ സംഘങ്ങളിൽക്കൂടി ശേഖരിച്ച് വിപണനം നടത്തുന്നത്. (മൊത്തം ആവശ്യം 15, ലക്ഷം ലിററർ എന്ന് കണക്കാക്കുന്നു) ഇതിലൂടെ ഈ മേഖലയുടെ പ്രവർത്തനം വളരെ പരിമിതമാണെന്ന് മനസ്സിലാ

ക്കാവുന്നതാണ്. ഇതിൻെറ കാരണം ക്ഷീരോല്പാദനരംഗത്ത് ഇന്ന് ഈ പ്രദേശം വളരെ പിന്നിലാണന്നാണ്. ഈ വ്യവസായം കൂടുതൽ അഭിവൃദ്ധി പെടുത്തുന്നതിനും ഉല്പാദന രംഗത്ത് നാം ഇനിയും വളരെ മുന്നോട്ട് പോകേണ്ടതുണ്ട് എന്നുമാണ് സൂചിപ്പിക്കുന്നത്.

താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പ്രിൻറിംഗ് സഹകരണസംഘത്തിൻെറ ആസ്ഥാനം ഈ പഞ്ചായത്തിലാണ് ലാഭകരമായും കാര്യക്ഷമമായും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ഈ സ്ഥാപനം കൂടുതൽ വിപുലവും ശക്തവുമാക്കാനുള്ള സാദ്ധ്യതകളേറെയാണ്.

മൂവാററുപുഴ ആസ്ഥാനമായി പ്രവർത്തിക്കുന്ന റബർമാർക്കററിംഗ് സൊസൈററിയിൽ ഈ പ്രദേശത്തുള്ള ധാരാളം റബർ കഷ്കർ അംഗങ്ങളാണ്. എന്നാൽ ഈ സംഘത്തിൻെറ സംഭരണകേന്ദ്രം ഇവിടെയില്ല എന്നുള്ളത് അതിലെ അംഗങ്ങളായ ഈ പ്രദേശത്തെ റബർ കർഷകർക്ക് അവരുടെ ഉൽപ്പന്നം വിററഴിക്കുന്നതിനുള്ള അസൗകര്യം നേരിടുന്നുണ്ട്. ഈ സംഘവും നല്ല നില വാരം പുലർത്തുകയും ലാഭകരമായി പ്രവർത്തിക്കുന്നതുമാണ്.

മൂവാററുപുഴ താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഭൂവികസന ബാങ്കിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നതാണ് ഈ ഗ്രാമപഞ്ചായത്ത്. ഈ സംഘത്തിൻെറ വായ്പാ സൗകര്യങ്ങളും പരിമിതമായ തോതിൽ ഇവിടെ ലഭ്യമാണ്.

മൂവാററുപുഴ താലൂക്ക് ഭവനനിർമ്മാണസംഘത്തിൻെറ പ്രവർത്തന മേഖലയിലും ഈ പ്രദേശം വരുന്നതാണ്. ഇടത്തരം കുടുംബങ്ങൾക്ക് ഈ സംഘം വഴി വായ്പാ സൗകര്യം ലഭിക്കുന്നുണ്ട്. എന്നാൽ ഭവന വായ്പയുടെ പലിശ നിരക്കും, വായ്പ ലഭിക്കുന്നതിനുള്ള നിയമ വ്യവസ്ഥകളും സാധാരണക്കാർക്ക് ബുദ്ധിമുട്ടുളവാക്കുന്നുണ്ട്.

മററു സംഘങ്ങൾ ബാല്യദശയിലുള്ളതാകയാൽ അതിൻെറ പ്രയോജനങ്ങൾ ഈ പ്രദേശത്തിന് ലഭ്യമാക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടാകാവുന്നതാണ്.

മുകളിൽ പ്രസ്താവിച്ച സംഘങ്ങൾക്ക് പുറമെ ഈ പഞ്ചായത്തിൽ ആനിക്കാട് സെൻറ് സെബാസ്ററ്യൻസ് ഹൈസ്കൂളിൽ ഒരു സ്കൂൾ സഹകരണ സംഘം പ്രവർത്തിക്കുന്നതാണ് അറിയുവാൻ കഴിയുന്നത്. ഈ സംഘവും നല്ല നിലയിൽ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ സഹകരണ സംഘങ്ങളിലും കൂടി 50 ഓളം ജീവനാക്കാരാണുള്ളത്.

## പ്രശ്നങ്ങൾ

1 ക്ഷീരോല്പാദന രംഗത്തെ ശോച്യാവസ്ഥ.

2 വായ്പാ രംഗത്തെ ദുർവിനിയോഗം.

3 കുടിശിഖ ക്രമാതീതമായ വർദ്ധനവ്.

4 വിപണന രംഗത്തെ പോരായ്മ.

5 ഭവന വായ്പാ രംഗത്തെ ബുദ്ധിമുട്ടുകൾ.

6 പലിശ നിരക്കിലുള്ള വർദ്ധനവ്.

7 നിക്ഷേപരംഗത്തെ നിസ്സഹകരണം.

8 പുതിയ മേഖലകളിലേയ്ക്ക് കടന്നു കയറാനുള്ള ഭയം.

9 സഹകരണ വിദ്യാഭ്യാസം സഹകാരികൾക്കില്ല.

10 അംഗങ്ങൾക്ക് അനുസരിച്ചുള്ള ക്രഡിററ് സ്കീമുകൾ നടപ്പാക്കുവാൻ കഴിയുന്നില്ല.

## സാദ്ധ്യതകൾ

1 ക്ഷീരോപ്ദന രംഗത്തും 4 പുതിയ സഹകരണ സംഘങ്ങൾ ഉണ്ടാകണം. (ആനിക്കാട്, കാവന, നടുക്കര, ഹോസററൽപടി.)

2 വായ്പ എടുക്കുന്ന ആവശ്യങ്ങൾക്കു തന്നെ ഉപയോഗിക്കുന്നു എന്ന് ഉറപ്പ് വരുത്തുക.

3 കുടിശിഖ വർദ്ധനവ് കുറച്ചു കൊണ്ടുവരുവാൻ സമയ ബന്ധിതമായ നടപടികൾ സ്വീകരിക്കണം.

4 റബ്ബർ മാർക്കററിംഗ് സൊസൈററിയുടെ ഒരു സംഭരണ കേന്ദ്രം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.

5 വായ്പാ നവീകരണ സംഘങ്ങൾ ചെറുകിട ഭവന നിർമ്മാണ ആവശ്യങ്ങൾക്ക്, വായ്പ ലഭ്യമാക്കണം.

6 കാർഷിക വായ്പകൾക്കും, സ്വയം തൊഴിൽ വായ്പാകൾക്കും പലിശ നിരക്കുകൾ കുറയ്ക്കണം. ചെറുകിട വ്യവസായ സംരംഭകർക്ക് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

7 സഹകരണ സംഘങ്ങളിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അവരുടെ ഫണ്ടുകളും, നിക്ഷേപങ്ങളും സഹകരണ സംഘങ്ങൾക്ക് നൽകണം.

8 കാർഷിക വായ്പയുടെ ഇന്നത്തെ ത്രിടയർ സംവിധാനത്തിന് പകരം ടൂടയർ സംവിധാനം നടപ്പാക്കുക.

9 വനിത വ്യവസായ സംരഭകർക്കായി സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

10 കാർഷിക വിളകളുടെ വിപണന സംഘങ്ങൾ പഞ്ചായത്ത് തലത്തിൽ രൂപീകരിക്കണം.

# 11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഒരു പ്രദേശത്തുള്ള ജനവിഭാഗങ്ങളിൽ പട്ടികജാതി പട്ടിക വർഗത്തിലുള്ളവർ പ്രത്യേക പരിഗണന അർഹിക്കുന്നവരാണ്. വികസനരംഗത്ത് പട്ടിക ജാതി/പട്ടിക വർഗത്തിന്റെ ഉയർച്ച അത്യന്താപേക്ഷിതമായിട്ടുള്ളതുകൊണ്ട് ഇവരെ സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും ഉയർത്തിക്കൊണ്ടു വരേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 805 പേർ ഈ വിഭാഗത്തിൽ പെടുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങളുടെ എണ്ണം 200 ആണ്. (1991-ലെ സ്ഥിതി വിവര കണക്ക്)

## പട്ടിക 29
## പട്ടികജാതി-പട്ടിക വർഗ്ഗ കോളനികൾ

| ക്രമനമ്പർ | കോളനിയുടെ പേര് | വാർഡ് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1. | വടക്കേക്കുടി കോളനി | I | 7 |
| 2. | തോയാൻപാടം കോളനി | I | 7 |
| 3. | കുറുപ്പംത്തടം കോളനി | II | 7 |
| 4. | ഉതുമ്പോലിത്തണ്ട് കോളനി | III | 8 |
| 5. | വെട്ടിക്കുളം കോളനി | III | 5 |
| 6. | ഇല്ലത്ത് തണ്ട് കോളനി | IV | 8 |
| 7. | മംഗലത്തു കോളനി | V | 7 |
| 8. | നടുക്കര കോളനി | VII | 7 |
| 9. | എലുവിച്ചിറ കോളനി | IX | 25 |

ഈ കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ പോലും ഇല്ല എന്നുള്ളതും എടുത്തു പറയേണ്ടതായിട്ടുണ്ട്. സാമ്പത്തികമായും സാമൂഹ്യമായും വിദ്യാസപരമായും ഇവിടെയുള്ളവർ പിന്നിലാണ്. വിദ്യാഭ്യാസം തുടർന്നുകൊണ്ടുപോകുവാൻ ഈ കോളനികളിലുള്ള മിക്ക വിദ്യാർത്ഥികൾക്കും കഴിഞ്ഞിട്ടില്ല.

## പട്ടിക 30
### വിദ്യാഭ്യാസ നിലവാരം

| സ്റ്റാൻഡേർഡ് | ആകെ കുട്ടികൾ | SC/ST കുട്ടികൾ | തോററു പഠിക്കുന്നവർ | | പഠനം നിർത്തിയവർ | |
|---|---|---|---|---|---|---|
| | | | SC / ST | മററുള്ളവർ | SC/ ST | മററുള്ള വർ |
| 1 മുതൽ 10 വരെ | 2331 | 141 | 29 | 159 | 28 | 47 |

കാർഷിക നിർമ്മാണ ജോലികളിലാണ് ഈവിഭാഗത്തിലുളളവർ ഏർപ്പെട്ടിരിക്കുന്നത്. വിവിധ ബഹുജന സംഘടനകളിൽ നേതൃത്വം വഹിക്കുന്നവരിൽ ഏകദേശം 30 പേർ ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. ഇവിടെ താമസിക്കുന്ന ജനവിഭാഗങ്ങളിൽ ജാതീയമായ ഉച്ചനീചത്വങ്ങൾ ഉളളതായി കാണുന്നില്ല. വടക്കേക്കുടി വെട്ടിക്കുളം ഹരിജൻകോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല

## സാമൂഹ്യക്ഷേമ പദ്ധതികൾ

പട്ടികജാതി. പട്ടികവർഗ്ഗ വിഭാഗത്തിന് വളരെയേറെ ക്ഷേമപദ്ധതികൾ നിലവിലുണ്ടെങ്കിലും, അത് അവർക്ക് വേണ്ട പ്രകാരം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. വീട് വയ്ക്കുന്നതിനും, വിദ്യാഭ്യാസത്തിനും, ചികിൽസയ്ക്കും, വിവാഹാവശ്യത്തിനും, ജോലിയ്ക്കും, ഇൻെറർവ്യൂവിന് പോകുന്നതിനുള്ള യാത്രാനുകൂല്യവും ഉൾപ്പെടെ വളരെയേറെ ആനുകൂല്യങ്ങൾ ലഭിക്കുവാൻ നിലവിൽ പദ്ധതികളുണ്ട്. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതായി കാണുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട 235 കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് ലഭിക്കുന്നുണ്ട് IRDP ലോണിൻമേലുള്ള സബ്സിഡി നിരക്ക് ഇവർക്ക് കൂടുതലായി ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. ഈ വിഭാഗത്തിൽ ദാരിദ്രാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു
2. ഗതാഗത സൗകര്യങ്ങൾ അപര്യാപ്തമാണ്.
3. പ്രാഥമിക സൗകര്യങ്ങൾ ഇല്ല.
4. അന്ധവിശ്വാസം ഇപ്പോഴും ഈ വിഭാഗത്തിൽ കൂടുതലായി കാണുന്നു
5. തൊഴിൽപരമായ പിന്നോക്കാവസ്ഥ നിലനിൽക്കുന്നു.
6. വിദ്യാഭ്യാസ നിലവാരത്തിൽ വളരെ പിക്കമാണ്
7. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെക്കുറിച്ച് മനസിലാക്കുവാൻ തടസ്സമായി നിലനിൽക്കുന്നു.
8. ഈ വിഭാഗത്തിൻെ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുകഅപര്യാപ്തമാണ്.
9. നിലവിൽ വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അപര്യാപ്തമാണ്.
10. വായ്പകൾ ഉപയോഗിച്ചു തുടങ്ങുന്ന സംരംഭങ്ങൾ ഉല്പാദനപരമായി കാണുന്നില്ല.
11. സമ്പാദ്യ ശീലം ഇവരിൽ തീരെ ഇല്ല.
12. സാമൂഹ്യപരമായിട്ടുളള പിന്നോക്കാവസ്ഥ വളരെ കൂടുതലാണ്.
13. കുട്ടികളുടെ വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് മാതാപിതാക്കൾബോധവാൻമാരല്ല.
14. സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി കരസ്ഥമാക്കുന്ന വായ്പകൾ ദുരുപയോഗപ്പെടുത്തുന്നതായി കാണുന്നു.

## സാദ്ധ്യതകൾ

1. കുടുംബാസൂത്രണ അവബോധം ഉളവാകണം
2. ദാരിദ്ര നിർമ്മാർജനത്തിന് പദ്ധതികൾ ഉണ്ടാക്കണം.
3. പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
4. കോളനികളിലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കണം.
5. വിദ്യാഭ്യാസത്തിനുള്ള അവബോധം ഉളവാക്കണം.
6. ലഭ്യമായിട്ടുളള ആനുകൂല്യങ്ങളെക്കുറിച്ചും, അത് ഉല്പാദനപരമായി ഉപയോഗിക്കുന്നതിനെക്കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്.
7. കൂടുതൽ തുക ഈ വിഭാഗത്തിൻെറ ക്ഷേമ പ്രവർത്തനങ്ങൾക്ക് വക കൊളളിക്കുക.
8. സമ്പാദ്യശീലം ഉളവാക്കുക.
9. തൊഴിലെടുക്കുന്നതിന് ലഭിക്കുന്ന വായ്പകൾ ദുരുപയോഗപ്പെടുത്താതിരിക്കുവാൻ ബോധവൽക്കരണം ആവശ്യമാണ്.
10. വൈദ്യുതി എത്താത്ത കോളനിളിൽ അതും ഏർപ്പാടാക്കുക.
11. ഒരുപൊതുശ്മശാനം അത്യാവശ്യമായി കാണുന്നു.
12. കൂട്ടായ്മയോടെ തൊഴിലെടുക്കുന്നതിന് ഒരു പട്ടികജാതി, പട്ടികവർഗ സഹകരണ സൊസൈററി രൂപീകരിക്കുക.

# വിഭവ സമാഹരണം

## പഞ്ചായത്തിന്റെ ധനസ്ഥിതി:

### വരവ് സംബന്ധിച്ച വിവരങ്ങൾ:

ആവോലി ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരുമാനത്തിൽ തനതു് നികുതി വരുമാനം ഇപ്രകാരമാണെന്നു് കാണുന്നു.

കെട്ടിട നികുതി — 216581/–രൂപയാണ്.

ഇതിന്റെ 30% ഓളം തുകയും ഒന്നാം വാർഡിൽ നിന്നുമാണ് ലഭിക്കുന്നതു്.

തൊഴിൽ നികുതി — 174830/– രൂപയാണ്.

ഇതിന്റെ ഏകദേശം 70% ഓളം തുകയും മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ നിന്നുമാണ് ലഭിക്കുന്നത്.

മററ് വിഭാഗത്തിൽപെട്ട വരവിനങ്ങൾ ഇപ്രകാരമാണ്:

ചന്തവരവ് — 13000/– രൂപ

ആനിക്കാട് കേന്ദ്രമായുള്ള പൊതുമാർക്കററ് ലേലം ചെയ്തു നൽകിയ ഇനത്തിൽ ലഭ്യമായ തുകയാണിതു്.

ലൈസൻസ് ഫീസ് — 3065/– രൂപമാത്രം,

സംസ്ഥാന സർക്കാരിൽ നിന്നുമുള്ള നികുതി വിഹിതവും വിവിധ ഗ്രാൻറുകളും താഴെ ചേർക്കുന്നു:

| | | |
|---|---|---|
| വസ്തു കൈമാററ നികുതി— | 75% | — 36592/– രൂ. |
| വസ്തു കൈമാററ നികുതി— | 25% | —200000/– രൂ. |
| V R M. ഗ്രാൻറ് | | — 19100/– രൂ. |
| M. I. ഗ്രാൻറ് | | — 3280/– രൂ. |
| V. T. C. ഗ്രാൻറ് | | —193412/– രൂ. |
| S. P. ഗ്രാൻറ് | | — 39292/– രൂ. |
| J. R. Y. ഗ്രാൻറ് | | —196961/– രൂ. |
| അൺടൈഡ് ഫണ്ട് | | —211950/– രൂ. |
| ഡെപ്പോസിററ് | | — 71293/– രൂ. |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള മററു വരവുകൾ (ഷോപ്പിംഗ് കോംപ്ലക്സ്, മണൽ, ഫലവൃക്ഷങ്ങൾ) | | —450136/– രൂ. |
| മററുള്ളവ | | — 36214/– രൂ. |

ഇപ്രകാരം 1995–96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിന് ആകെ 1865706/– രൂപ വരവുള്ളതായി കണക്കാക്കപ്പെടുന്നു.

മൊത്തം വരുമാനത്തിന്റെ തനതു വരുമാനം കൂടിക്കൊണ്ടിരിക്കുന്നു. കെട്ടിടനികുതിയിനത്തിൽ ഉള്ള വരുമാനം കഴിഞ്ഞ 5 വർഷം മുമ്പുള്ളതിന്റെ ഇരട്ടി തുകയായതായി കണക്കാക്കപ്പെടുന്നു. അതുപോലെ തൊഴിൽ നികുതിയിലും വർദ്ധനവുണ്ടായിട്ടുണ്ട്. നികുതിസാദ്ധ്യതകൾക്കനുസരിച്ച് വരുമാനം ഉയർന്നിട്ടില്ല. നികുതിയേതര വരുമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇനിയും മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതയും ഏറിയിട്ടുണ്ട്. ലൈസൻസ് ഫീസുകളെ സംബന്ധിച്ചുള്ള ബൈലാ ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. 1960–കളിലെ ബൈലായാണ് ഇതുസംബന്ധിച്ച് നിലവിലിരിക്കുന്നത്. പുതുതായി സർക്കാരിൽ നിന്നും ലഭിക്കുന്ന അൺടൈഡ് ഫണ്ട് (1996–97) ഉപയോഗിച്ച് പഞ്ചായത്തിലെ 9 റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏറെറടുക്കുകയും ഈ ഫണ്ടിൽ നിന്നും പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിന് മാററിവച്ചിരിക്കുന്ന തുക ഭവന നിർമ്മാണത്തിന് വിനിയോഗിക്കുന്നതുമാണ്. ഇത് ഏകദേശം 8 ലക്ഷം രൂപയോളം വരുന്നു. കൂടാതെ ഇതിന്റെ 25% ത്തോളം തുക ജനങ്ങൾ ഇതിനായി പൊതുജനപങ്കാളിത്തത്തോടു കൂടി സംഘടിപ്പിക്കുന്നതുമായിരിക്കും. പഞ്ചായത്തിന്റെ J R Y ഫണ്ട് 1,96,961/–രൂപയാണ്. ഈ തുക ഉപയോഗിച്ച് ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി കുളുസ് നിർമ്മിച്ചുകൊടുക്കുവാനും ആക്ഷൻപ്ലാൻ തയ്യാറാക്കിയിട്ടുണ്ട് കൂടാതെ പ്രത്യേകാവശ്യങ്ങൾക്കുവേണ്ടിയുള്ള ഫണ്ടുകൾ 4,90,666/–രൂപ എന്നു് കണക്കാക്കുന്നു.

പുതിയ പഞ്ചായത്ത്രാജ് നിയമപ്രകാരം 1995–96 വർഷത്തിൽ ആരോഗ്യ രംഗത്ത് 2562/– രൂപയും. കൃഷിയിൽ 5,17,612/– രൂപയും പി. ഡബ്ല്യൂ. ഡി. യിൽ 8,720/–രൂപയുമായി ആകെ 5,28,894/–രൂപ ലഭിച്ചിട്ടുണ്ട്.

### ചെലവ് സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിൽ എസ്റാബ്ലിഷ്മെൻറ് ചെലവ് ഒരു വർഷം 3,69,191/–രൂപയാണ്. ചെലവിന്റെ തോത് കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ ക്രമാനുഗതമായി വർദ്ധിച്ചു വരികയാണ്. പൊതുമരാമത്താണ് മറെറാരു പ്രധാന ചെലവിനം. പൊതുമരാമത്തിൽ ചെലവിനം വർഷംതോറും കൂടിവരുന്നു. പ്രധാനമായി കോൺട്രാക്ട് വ്യവസ്ഥയിലും, നോമിനിവർക്കായിട്ടും, പഞ്ചായത്ത് നേരിട്ടും, ഇങ്ങനെ 3 വിധത്തിലാണ് റോഡ് പോലുള്ള മരാമത്ത് പണികൾ ഇവിടെ നടത്തിവരുന്നത്. ഇന്നത്തെവ്യവസ്ഥ

യിൽ നടക്കുന്ന ഇത്തരം മരാമത്ത് പണികളിൽ ജനകീയ പങ്കാളിത്തമില്ല എന്നുള്ളത് ഗൗരവതരമായി കാണേണ്ട ഒരു ന്യൂനതയാണ്. പഞ്ചായത്തിലെ മരാമത്ത് പണികളിൽ ജനകീയ സമിതി രൂപീകരിച്ച് അവരെ പങ്കാളികളാക്കുകയും ഈ പണികൾക്കായി ചെലവഴിക്കുന്ന തുകയുടേയും, പണിയാനുപയോഗിക്കുന്ന സാമഗ്രികളുടേയും, പണിയുടെ പുരോഗതിയുടേയും, മററും കൃത്യമായ വിവരങ്ങളടങ്ങിയ ഒരു പട്ടികതന്നെ ജനങ്ങൾക്കുമുമ്പിൽ അവതരിപ്പിക്കേണ്ടതാണ്.

കടം തിരിച്ചടവിനുവേണ്ടി ചെലവിൻെറ 5% ത്തോളം വേണ്ടിവരുന്നുണ്ട്. ആനിക്കാട് കേന്ദ്രമായുള്ള ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിനുവേണ്ടി വായ്പയെടുത്തിട്ടുണ്ട്. വായ്പാമുതലും പലിശയും തിരിച്ചടക്കുന്നതിന് ഈ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം പര്യാപ്തമല്ല.

ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം എന്നിവയ്ക്കാണ് ഇനികൂടുതൽ തുക ചിലവഴിക്കുന്നത് ഈ മേഖലയിൽ 19,291/–രൂപ ചെലവഴിച്ചതായി കാണുന്നു. തെരുവു വിളക്കുകൾ കത്തിക്കുന്നതിന് 51,982/–രൂപയും ചെലവഴിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന് 3230/–രൂപയും ചെലവഴിച്ചിട്ടുണ്ട്. പൊതുമരാമത്തിനും മററുള്ളവയുമായി 4,85,989/–രൂപയും ചെലവഴിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇത്തരുണത്തിൽ നമ്മുടെ പഞ്ചായത്തിൽ 1995 96 വർഷത്തിൽ ചെലവഴിക്കപ്പെട്ട ആകെ തുക 9,29,632/– ആണ്.

പഞ്ചായത്തിന് ഇതുവരെയുണ്ടായിരുന്ന ധനകാര്യ അവകാശങ്ങൾ വളരെ പരിമിതമാണ്. ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയിലുള്ള അന്തരത്തിൽ നിലവിലുള്ള വരുമാനങ്ങളിലൂടെ താരതമ്യേന വികസനത്തിനുള്ള അസന്തുലിതാവസ്ഥ പരിഹരിക്കേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെതനത് വരുമാനമാർഗ്ഗമായ കെട്ടിടനികുതി നിർണ്ണയത്തിലെ അപാകതകളും അഴിമതിയും പരിഹരിക്കേണ്ടിയിരിക്കുന്നു. ഇതിനായി ഇപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ മാററി കെട്ടിടങ്ങളെ അതിൻെറ സ്വഭാവമനുസരിച്ച് പലതായി തിരിച്ച് ഓരോതരത്തിലും ചതുരശ്രമീററർ അടിസ്ഥാനത്തിൽ നിശ്ചിത നികുതി നിർണ്ണയിക്കേണ്ടതാണ്. ഗ്രാമങ്ങളുടെ അടിസ്ഥാന ചുമതലകൾ നിർവ്വഹിക്കേണ്ടത് പഞ്ചായത്തുകളായതിനാൽ വസ്തുകൈമാററനികുതിയും നികുതിയിന്മേലുള്ള സർച്ചാർജ്ജ്, വെഹിക്കിൾ ടാക്സ്, കോംപൻസേഷൻെറയും മുഴവൻതുകയും പഞ്ചായത്തുകൾക്ക് ലഭ്യമാക്കണം. വൈദ്യുതിച്ചാർജ്ജ് ഒടുക്കുന്നതിന് പഞ്ചായത്തുകൾ ഭീമമായ തുക ചെലവു ചെയ്യുന്നുണ്ടെങ്കിലും വൈദ്യുതി ബോർഡ് അധികൃതരുടെ കൃത്യനിർവ്വഹണം പ്രതീക്ഷക്കൊത്തുയരുന്നില്ല. ഇതിനുള്ള നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തിനു നൽകേണ്ടതാണ്.

ശുദ്ധജലവിതരണത്തിന് വാട്ടർ അതോറിററിക്ക് സ്ഥലവും മററും ലഭ്യമാക്കുന്ന കേസ്സുകളിൽ മെയിൻറനൻസ് ചാർജ്ജ് വാട്ടർ അതോറിട്ടി തന്നെ വഹിക്കേണ്ടതാണ്. ഭൂനികുതി നിർണ്ണയവും പഞ്ചായത്തുകളെ ഏല്പിക്കണം. ലൈബ്രറിസെസ്സ് പിരിക്കുന്നത് ഉചിതമായ ഒരു കീഴ്‌വഴക്കമല്ല. വിദ്യാഭ്യാസ ആരോഗ്യരംഗങ്ങളിൽ ബഡ്ജററിൽ പഞ്ചായത്തുകൾക്ക് കൂടുതൽ തുക അനുവദിക്കണം. പഞ്ചായത്തിൽ പൊതുജന പങ്കാളിത്തത്തോടെ പലവിധ പ്രവർത്തനങ്ങളും പരിപാടികളും നടത്തേണ്ടതുണ്ട്.

## ധനകാര്യ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ 2 സർവ്വീസ് സഹകരണ ബാങ്കുകളും, സ്റ്റേററ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു ശാഖയും, അതിൻെറ ഒരു എക്സ്ററൻഷൻ കൗണ്ടറും പ്രവർത്തിക്കുന്നുണ്ട്. ബാങ്കേതര ധനകാര്യസ്ഥാപനങ്ങളൊന്നും ഇവിടെയില്ല. സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും വിവിധ കാർഷിക ആവശ്യങ്ങൾക്കുംമററും വായ്പനൽകി വരുന്നുണ്ട്. വിവിധ തരത്തിലുള്ള സാമ്പത്തിക സഹായങ്ങൾ ഇവിടെ നിന്നും സഹകാരികൾക്ക് നല്കി വരുന്നുണ്ട്. ഹ്രസ്വകാല വായ്പകളാണ് കൂടുതലും ഇവിടെ നിന്നും നൽകുന്നത് കന്നാരകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിക്കാർക്ക് ഈ സഹകരണ ബാങ്കുകളിൽ നിന്നും ഹ്രസ്വകാലവായ്പകൾ നൽകിവരുന്നുണ്ട്. ഭവന നിർമ്മാണാവശ്യങ്ങൾക്കും കക്കൂസ് നിർമ്മിക്കുന്നതിനും മററും ഇവിടെനിന്നും വായ്പകൾ നൽകുന്നു. സ്വർണ്ണപ്പണയത്തിന്മേലുള്ള വായ്പകളും ലഭ്യമാക്കുന്നുണ്ട്. നിക്ഷേപ സമാഹരണത്തിൻെറ കാര്യത്തിലും ഈ സഹകരണബാങ്കുകൾ പിന്നോക്കമല്ല.

കാർഷികാവശ്യങ്ങൾക്കും മററ് ഉൽപാദന–ഉൽപാദേതനതര ആവശ്യങ്ങൾക്കും വായ്പകൾ ലഭ്യമാക്കുന്ന പഞ്ചായത്തിലെ മറെറാരു ധനകാര്യ സ്ഥാപനമാണ് സ്റ്റേററ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ആവോലിയിൽ പ്രവർത്തിക്കുന്ന ശാഖ. ബാങ്കിംഗ് ഇടപാടുകളെല്ലാം തന്നെ ഇവിടെ നടക്കുന്നുണ്ട്. ഉൽപാദന ഉൽപാദനേതരാവശ്യങ്ങളെ വിവേചിച്ചറിയാതെ വായ്പകൾ നൽകുന്ന മേൽപ്പറഞ്ഞ ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥിതി പുനഃപരിശോധിക്കേണ്ടതാണ്.

കൂടാതെ, അനൗദ്യോഗികമായി ചിട്ടികൾ നടത്തുന്നവരും പണം വായ്പനൽകുന്നവരും ഇവിടെ ഉള്ളതായിക്കാണുന്നു. ഇവരുടെ പലിശനിരക്ക് താ

ങ്ങാനാവാത്തതാണെന്ന് മനസ്സിലാക്കപ്പെടുന്നു. പണത്തിന്റെ ആവശ്യത്തിനായി ഇത്തരുണക്കാരെ ആശ്രയിക്കുന്നവരും പഞ്ചായത്തിൽ കുറവല്ല.

ഇവിടെ നിന്നും വിദേശ് രാജ്യങ്ങളിലും ഗൾഫ് രാജ്യങ്ങളിലും പോയി തൊഴിലെടുക്കുന്നവരുടെ എണ്ണം കഴിഞ്ഞ 10 വർഷങ്ങളായി വളരെയധികം കൂടിയിട്ടുണ്ട്. ഇവർ 2% എന്ന് കണക്കാക്കപ്പെടുന്നു. വിദേശ രാജ്യങ്ങളിലും ഗൾഫ്രാജ്യങ്ങളിലും ലഭ്യമാകുന്ന വരുമാനത്തിന്റെ ആകർഷണീയതയാണ് യുവതീ–യുവാക്കളെ ഇതിനായി പ്രേരിപ്പിക്കുന്ന മുഖ്യ ഘടകം. നമ്മുടെ നാടിന് അവരിൽ നിന്നും ലഭിക്കേണ്ട വിലപ്പെട്ട സേവനവും മനുഷ്യ വിഭവശേഷിയുടെ കാര്യക്ഷമതയും വിദ്യാസമ്പന്നർ വിദേശ രാജ്യങ്ങളിൽ ജോലിക്ക് ചേക്കേറുന്നതു മൂലം നഷ്ടമാകുന്നുണ്ട്. ഇവിടെ ലഭിക്കുന്നതിന്റെ പതിന്മടങ്ങ് പ്രതിഫലം ഇവിടെ ചെയ്യുന്നതിന് തുല്യമായ സേവനത്തിന് വിദേശത്ത് ലഭിക്കും. ഇതുമൂലം സാമ്പത്തികമായി ഈയുള്ളവർ മെച്ചപ്പെട്ടിട്ടുമുണ്ട് കുടുംബപരിതഃസ്ഥിതികളിലും മാറ്റം വന്നതായി കണ്ടുവരുന്നു.

ഗൾഫ് വരുമാനത്തിന്റെ പ്രതിഫലനങ്ങൾ വസ്തു കൈമാറ്റത്തിലും, കെട്ടിട നിർമ്മാണത്തിലും, വാണിജ്യ മേഖലയിലും മറ്റും ദൃശ്യമാവുന്നു. ഭൗതിക സുഖഭോഗസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ഇത് ദൃശ്യമാവുന്നുണ്ട്.

വിദേശ മലയാളികളുടെ സമ്പത്തും ബുദ്ധിയും ഇവിടെ വിനിയോഗിക്കപ്പെടുന്നതാകയാൽ മെച്ചപ്പെട്ട സാമൂഹ്യ–സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങളുടെ സൃഷ്ടിക്ക് ഉതകുന്ന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ സാധിക്കും. ഗൾഫിൽ പണിയെടുക്കുന്നവരുടെ സമ്പാദ്യങ്ങൾ വ്യവസായ കാർഷിക മേഖലകളിലേക്ക് തിരിച്ചു വിടുന്നതിനുള്ള സാധ്യതകളും ഏറെയാണിവിടെ. ആയതിനുള്ള മനോഭാവം ഉണ്ടാക്കേണ്ടിയിരിക്കുന്നു എന്നുള്ളതും ഉണ്ടാവേണ്ടിയിരിക്കുന്നു എന്നതും പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

സംഭാവനകളുടെ അടിസ്ഥാനത്തിലും സന്നദ്ധ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലും പഞ്ചായത്തിൽ നടത്തപ്പെടാവുന്ന വികസന പ്രവർത്തനങ്ങളുടെ സാധ്യതയും തള്ളിക്കളയാവുന്നതല്ല. വിദ്യാഭ്യാസം പൊതുമരാമത്ത് ആരോഗ്യം പാർപ്പിടം എന്നീ മേഖലകളിൽ ചില സന്നദ്ധ പ്രവർത്തനങ്ങളെല്ലാം നടത്തുന്നതിന് ഈ പഞ്ചായത്തിലെ ജനങ്ങൾ പലപ്പോഴും മുന്നോട്ട് വന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ:

— പഞ്ചായത്തിന്റെ തനതായ നികുതി വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല.

— എസ്റ്റാബ്ലിഷ്മെൻറ് ചെലവേറുന്നു.

— ധനകാര്യ സ്ഥാപനങ്ങളിലെ വായ്പയുടെ പലിശ നിരക്കേറുന്നു. സാമ്പത്തീക സഹായം ലഭ്യമാകുന്നതിനുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ

— സ്വകാര്യ പണമിടപാടുകാരുടെ ചൂഷണം

— വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം

— സന്നദ്ധ പ്രവർത്തനങ്ങളിലെ താത്പര്യക്കുറവ്

— വികസനപ്രവർത്തനങ്ങൾക്കിടയിലെയും കൃത്യനിർവ്വഹണത്തിലെയും സുതാര്യതക്കുറവ്.

## സാദ്ധ്യതകൾ:

— അഴിമതിയും വെട്ടിപ്പും തടഞ്ഞ് നികുതി പിരിവ് കാര്യക്ഷമമാക്കണം

— ഭരണ ചെലവ് കുറയ്ക്കണം.

— പരസ്യനികുതി ചുമത്തണം

— പൊതുടാപ്പുകളിലെ കുടിവെള്ളച്ചാർജ്ജും മെയിൻറനൻസ് ചാർജ്ജും ഒഴിവാക്കണം

— പഞ്ചായത്ത് ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈവശം വെയ്ക്കുകയും അതിൽ നിന്നുള്ള ആദായം പഞ്ചായത്തിന് മുതൽ കൂട്ടുകയും വേണം.

— വൈദ്യുതതെരുവുവിളക്കുകളുടെ കറണ്ട് ചാർജ്ജ് ഒഴിവാക്കുക.

— പഞ്ചായത്ത് രാജ് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക,

— വൈദ്യുത മേഖലയിൽ 25% ഉം പൊതുമരാമത്ത് മേഖലയിൽ 15% ഉം പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തണം.

— സാമൂഹ്യ–സാംസ്കാരിക മതസംഘടനകളുടെ സേവനം കുടിവെള്ളം, ആരോഗ്യം, പാർപ്പിടം മുതലായ മേഖലകളിൽ ലഭ്യമാക്കണം.

— വിദ്യാഭ്യാസ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കണം.

— ധനകാര്യസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കുവാൻ പ്രത്യേക സംവിധാനം വേണം.

— ഉല്പാദനപരമായ മേഖലകളിലേക്ക് വിനിയോഗിക്കുവാൻ പണം കണ്ടെത്തുന്നതിന് പഞ്ചായത്തിന് ഒരു ക്രെഡിററ് പ്ലാൻ തയ്യാറാക്കുക.

— പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കുവാൻ നടപടികൾ വേണം. ഉദാ: കണക്കുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കുക ഗ്രാമസഭയിൽ അവതരിപ്പിക്കുക.

— രജിസ്റ്റർചെയ്ത വികസനസമിതികൾക്കും സന്നദ്ധ സംഘടനകൾക്കും ആവശ്യമുള്ള സഹായധന പദ്ധതികൾ ഫലപ്രദമായുപയോഗപ്പെടുത്തുവാനുള്ള ...

# ഉപസംഹാരം

ഒരു ജനാധിപത്യ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ പ്രക്രിയയാണ് തിരഞ്ഞെടുപ്പ്. നൂററാണ്ടുകളുടെ വികാസപരിണാമങ്ങളിലൂടെയാണ് ഇന്നത്തെ തിരഞ്ഞെടുപ്പു നടപടികൾ രൂപം പ്രാപിച്ചത്. 95 സെപ്ററംബറിൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പ് ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു വഴിത്തിരിവായിരിക്കുന്നു. 1994 ലെ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ചുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുകയായിരുന്നു ഈ തിരഞ്ഞെടുപ്പിന്റെ ലക്ഷ്യം. അധികാരം ജനങ്ങളിലേയ്ക്ക് കൈമാറുന്ന അസുലഭവും ധന്യവുമായ ഒരു ചരിത്ര മുഹൂർത്തത്തിന് സാക്ഷികളാകുവാൻ അങ്ങനെ നമുക്ക് ഭാഗ്യം സിദ്ധിച്ചു. മഹാത്മാ ഗാന്ധി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' അധികാര വികേന്ദ്രീകരണം യാഥാർത്ഥ്യമാക്കിക്കൊണ്ട് ഗ്രാമ, ബ്ലോക്ക്, ജില്ല എന്നീ മൂന്നു തലങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട സമിതികൾ ഇദംപ്രഥമമായി ഗാന്ധിജയന്തി ദിനമായ 1995 ഒക്ടോബർ 2 ന് നിലവിൽ വന്നു. ത്രിതല പഞ്ചായത്ത് നിയമമനുസരിച്ച് നിലവിൽ വന്ന ഈ നൂതന സമിതിയുടെ പ്രവർത്തനങ്ങൾ കുററമററതാക്കുന്നതിനും, ഗ്രാമപഞ്ചായത്തിലെ ജനങ്ങളെയാകമാനം വികസനത്തിന്റെ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവന്ന് കർമ്മോൻമുഖരാക്കുന്നതിനും വേണ്ടിയിട്ടാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിനു രൂപം കൊടുത്തിരിക്കുന്നത്. കേരളത്തിന്റെ 9-ാം പദ്ധതി ജനകീയ പദ്ധതിയായി ആവിഷ്ക്കരിച്ച് അധികാരം ജനങ്ങളിലെത്തിക്കുകയാണ്. പദ്ധതി നിർവ്വഹണത്തിന് ജനങ്ങളെ പ്രാപ്തമാക്കുവാൻ ഈ സംവിധാനത്തിന് കഴിയും എന്ന് പ്രത്യാശിക്കാം.

പോരായ്മകളുള്ളിടത്തുനിന്നാണല്ലോ വികസനം ആരംഭിക്കേണ്ടത്? പോരായ്മകളുടെ കഥ പറയുന്ന നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും പ്രശ്നപരിഹാരത്തിനാവശ്യമായ സാദ്ധ്യതകളും നിർദ്ദേശങ്ങളും എല്ലാം ഒരു പുത്തൻ വികസനത്തിന്റെ മുന്നോടിയായി മാറേണ്ട ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നപ്പോൾ അതെല്ലാം കോർത്തിണക്കി ചിന്തിക്കുകയും വിലയിരുത്തുകയും പഞ്ചായത്തിലെ ഒരു വിദഗ്ദ്ധസമിതി ചർച്ചചെയ്ത് രൂപപ്പെടുത്തുകയും തയ്യാറാക്കുകയും ചെയ്ത 'ആവോലി ഗ്രാമപഞ്ചായത്ത് വികസനറിപ്പോർട്ട്' എല്ലാ ഗ്രാമസഭാംഗങ്ങളുടെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ഇൻഡ്യൻ പ്ലാനിംഗ് കമ്മീഷന്റെയും അംഗീകാരത്തിനായി ആവോലി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ സമക്ഷം സവിനയം സമർപ്പിക്കുന്നു.

ജോർഡി പൈലി
പ്രസിഡന്റ്

ശ്രീ. എസ്. നാരായണൻ നായർ
കോ - ഓർഡിനേറ്റർ

# അധികാരം ജനങ്ങൾക്ക്


## ആറൻമുള
## ഗ്രാമ പഞ്ചായത്ത്

# വികസന റിപ്പോർട്ട്

**ഒമ്പതാം പഞ്ചവത്സര പദ്ധതി**
**( ഏപ്രിൽ 97 മുതൽ)**

**03- 12- 1996**

Reduce to ½ Size



# ഉള്ളടക്കം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രപശ്ചാത്തലം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. കൃഷി, ജലസേചനം
6. മൃഗസംരക്ഷണം, മത്സ്യം വളർത്തൽ
7. വ്യവസായം, മാർക്കറ്റ്
8. ഗതാഗതം, ഊർജ്ജം, വാർത്താവിനിമയം
9. ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം
10. ആരോഗ്യം, കുടിവെള്ളം
11. വിദ്യാഭ്യാസം
12. സംസ്ക്കാരം
13. വനിതാക്ഷേമം
14. സഹകരണം
15. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം
16. വിഭവസമാഹരണം

# ആരക്കുഴ ഗ്രാമപഞ്ചായത്ത്
# ഒമ്പതാം പദ്ധതി വികസന റിപ്പോർട്ട്

## ആമുഖം

ദാരിദ്ര്യവും തൊഴിലില്ലായ്മയും തുടച്ചുമാറ്റാനുള്ള പ്രതിജ്ഞ ആവർത്തിച്ചുകൊണ്ട് ഉന്നതങ്ങളിൽ നിന്നു തീരുമാനിച്ചിരുന്ന എട്ടു പദ്ധതികൾ കഴിഞ്ഞിട്ടും സാമൂഹ്യസാമ്പത്തിക രംഗങ്ങളിലെ അസന്തുലിതാവസ്ഥ നിലനിറുത്തിക്കൊണ്ട് പല മേഖലകളിലും നേട്ടം കൈവരിച്ച നമ്മുടെ നാട്ടിൽ പൊതുമുടക്കിൻെറ ഗുണം സാധുക്കൾക്കും സാധാരണക്കാർക്കും ഇത്തിരികൂടി അനുഭവിക്കാൻ കഴിയുമെന്ന പ്രത്യാശയിൽ ഒരു പരീക്ഷണം തുടങ്ങുകയാണ്. നാടിൻെ വികസനം നാട്ടാർ ആലോചിച്ചും അറിഞ്ഞും പറഞ്ഞും പ്രവർത്തിച്ചും നേടിയെടുക്കാൻഅവർ അവരുടെ അധികാരം ഉപയോഗിക്കുന്ന ഒരു ശ്രമം. ഇതാണ് ജനകീയാസൂത്രണത്തിൻെറ കാതൽ. ഇത്രയും നാൾ മാറി നിന്നിരുന്ന ജനം മുന്നോട്ടു വരുന്നു. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കുറേക്കൂടി സേവന മനോഭാവം സ്വീകരിച്ചു സാക്ഷാൽ അധികാരികളായ ജനങ്ങളോടു വിധേയത്വവും സഹകരണവും പ്രകടിപ്പിക്കുന്നു. നേട്ടം തീർച്ചയായും വലുതായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നർ ഏറെയുണ്ട്.

9 -ാം പദ്ധതിയിൽ അടുത്ത അഞ്ചുവർഷത്തേയ്ക്കു നമ്മുടെ നാട്ടിൽ എന്തൊക്കെ ചെയ്യാമെന്നും ചെയ്യണമെന്നും നാം ആലോചിച്ചു തീരുമാനിക്കയാണ്.

1996 സെപ്റ്റംബർ 15- ന് ജനപ്രതിനിധികളും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യസേവകരും ഒക്കെയായി സന്മനസ്സുള്ളവർ പെരുമ്പല്ലൂർ സ്ക്കൂളിൽ ഒത്തുകൂടി. ജനകീയാസൂത്രണ നടപടികൾ ചർച്ച ചെയ്യപ്പെട്ടു. സെപ്റ്റംബർ 21 -ന് സന്നദ്ധർക്ക് പഞ്ചായത്തു തലത്തിൽ ഒരു പരിശീലനം നൽകി. ബ്ലോക്കു തലത്തിൽ ഇക്കാര്യത്തിൽ പരിശീലനം നേടിയവർ പഞ്ചായത്തിൻെറ ചുമതലയിൽ നടത്തിയ പരിപാടികൾ നയിച്ചു. 45പേർ പങ്കെടുത്തു. 12പേർ സ്ത്രീകൾ.

പരിശീലനം നേടിയവരുടെ സഹകരണത്തോടെ വിശേഷാൽ ഗ്രാമസഭകൾ നടത്തി. 13 - 10 - '96 ൽ ഒമ്പതു ഗ്രാമസഭകളും തീർന്നു. ശരാശരി ഹാജർ 95. ഏറ്റവും കൂടിയത് 164. സ്ത്രീകളുടെ പങ്കാളിത്തം അതിൽ പത്തുശതമാനം. വികസന സെമിനാറിൽ പങ്കെടുക്കാനുള്ളവരെ ഗ്രാമസഭകൾ നിശ്ചയിച്ചു.

ജനപ്രതിനിധികളും വികസന റിപ്പോർട്ടിനുള്ള മുന്നൊരുക്കം നടത്താൻ ചുമതലപ്പെട്ടവരും ഒരുമിച്ചു നടത്താൻ നിർദ്ദേശിക്കപ്പെട്ട സമ്മേളനങ്ങളിൽ ഹാജർ കുറവായിരുന്നു. ദ്വിതീയ സ്ഥിതിവിവരക്കണക്കുകളുടെ ശേഖരണവും പ്രായമായവരുമായുള്ള അഭിമുഖവും നടത്തുന്നതിനിടയിൽ രണ്ടാം ഘട്ട പരിശീലനം നടത്തി. 9-11-'96 ൽ നടത്തിയ രണ്ടാം ഘട്ട പരിശീലനത്തിൽ പ്രതീക്ഷിച്ചത്ര വിദഗ്ദ്ധർ പങ്കെടുത്തില്ല. 72പേർ പങ്കെടുത്ത പരിശീലനത്തിൽ 19 ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. സ്ത്രീകൾ ആകെ 19. തുടർന്നു നടത്തിയ പഠനപര്യടനത്തിന് മൂന്നു ദിവസമെടുത്തു. തെക്കും വടക്കും, കിഴക്കും പടിഞ്ഞാറും നടന്നു.ആറുപേർ ഉണ്ടായിരുന്ന ആദ്യദിവസത്തെ സംഘത്തിൽ ഒരു മുൻ അദ്ധ്യാപികയും കൂടി. രണ്ടാം ദിവസം മൂന്നുപേർ. മൂന്നാം ദിവസം ഉണ്ടായിരുന്ന ആറുപേരിൽ ഒരാൾ പഞ്ചായത്തു മെമ്പർ. 20-11-'96 ൽ പര്യടനം തീർന്നു. തുടർന്നു ചിത്രങ്ങളും രേഖകളും ആവുന്നത്ര സജ്ജീകരിച്ചുകൊണ്ട് ഞങ്ങൾ വികസന റിപ്പോർട്ടു തയ്യാറാക്കിയിരിക്കുകയാണ്. ആഗ്രഹമുണ്ടായിരുന്നെങ്കിലും രേഖകളും ഒത്തുചേരലുകളും വേണ്ടത്ര ഉണ്ടായില്ല.

ഗ്രാമസഭകൾവഴി ലഭിച്ചചിത്രത്തേ ആഫീസുകളിൽ നിന്നു ശേഖരിച്ച കണക്കുകളും സമൂഹത്തിലെ മൂപ്പന്മാരിൽ നിന്നു കിട്ടിയ അറിവും പഠനപര്യടനത്തിൽ കണ്ടെത്തിയ വസ്തുതകളും ചേർത്ത് സ്ഫുടം ചെയ്ത് ഇവിടെ അവതരിപ്പിക്കുകയാണ്. അത്ര കൃത്യമല്ലെങ്കിലും പഞ്ചായത്തിൻെറ അതിർത്തികളും വാർഡുകളും കാണിക്കുന്ന രേഖാചിത്രം വച്ചിരിക്കുന്നത് ഒന്നുനോക്കിക്കൊണ്ട് ഉള്ളിലേയ്ക്കു കടന്ന് നമ്മുടെ പഞ്ചായത്തിനെ അടുത്തറിയാം.

# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

## പൊതുവിവരണം

| | |
|---|---|
| ഗ്രാമപഞ്ചായത്തിൻെറ പേര് | ആരക്കുഴ |
| പഞ്ചായത്തുൾപ്പെടുന്ന റവന്യൂവില്ലേജുകൾ | ആരക്കുഴ, മാറാടി |
| ബ്ലോക്കു പഞ്ചായത്തു ഡിവിഷൻ | കല്ലൂർക്കാട് |
| ബ്ലോക്കു പഞ്ചായത്ത് | മൂവാറ്റുപുഴ |
| താലൂക്ക് | മൂവാറ്റുപുഴ |
| ജില്ല | എറണാകുളം |
| അസംബ്ളി മണ്ഡലം | മൂവാറ്റുപുഴ |
| വിസ്തീർണ്ണം | 2936 ഹെക്ടർ |
| ജനസംഖ്യ | 15490 |
| വാർഡുകളുടെ എണ്ണം | ഒമ്പത് |
| പ്രസിഡൻറിൻേറയും | മറിയാമ്മ ഐപ്പ് ആനിക്കുടിയിൽ |
| വൈസ് പ്രസിഡൻറിൻേറയും പേര് | ടോമി വള്ളമറ്റം |

പഞ്ചായത്ത് രൂപംകൊണ്ടപ്പോൾ ഉണ്ടായിരുന്നതിൽ നിന്നും അതിർത്തിയും വിസ്തീർണ്ണവും മാറിയിട്ടുണ്ട്. മൂവാറ്റുപുഴ പഞ്ചായത്തിലെ ഒന്നാം വാർഡ് ആരക്കുഴ പഞ്ചായത്തിൻെറ ഒന്നാം വാർഡായി മാറുകയും ആരക്കുഴ പഞ്ചായത്തിൻെറ വടക്കുപടിഞ്ഞാറ് അതിർത്തി മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയാവുകയും ചെയ്തു. ആദ്യം ഏഴു വാർഡുണ്ടായിരുന്ന പഞ്ചായത്ത് അങ്ങനെ എട്ടു വാർഡുള്ളതായി. പിന്നീട് 88 മുതൽ ഒമ്പതുവാർഡായി.

## ഇപ്പോഴത്തെ അതിർത്തികൾ

മൂവാറ്റുപുഴ മുൻസിപ്പാലിറ്റി, ആവോലി ഗ്രാമപഞ്ചായത്ത്, മണക്കാട് ഗ്രാമപഞ്ചായത്ത്, പാലക്കുഴ ഗ്രാമ പഞ്ചായത്ത്, മാറാടി, തിരുമാറാടി ഗ്രാമപഞ്ചായത്തുകൾ.

## ആദ്യത്തെ പഞ്ചായത്തു കമ്മറ്റി

ശ്രീ കെ.വി. ജോസഫ് കൊച്ചിക്കുന്നേൽ (പ്രസിഡൻറ്)
,, പി.ടി. മത്തായി പുന്നമറ്റം
,, ഫ്രാൻസീസ് മാത്യൂ കൊച്ചുപറമ്പിൽ
,, സി. എം. തോമസ് ചേർക്കോട്ട്
,, മാത്യൂ മത്തായി കുരുവിത്തടം
,, പത്രോസ് ചാക്കോ മാതേക്കൽ
,, കോട്ടൂർ ഔസേപ്പ് മത്തായി

## തുടർന്നുണ്ടായിട്ടുള്ള പ്രസിഡൻറുമാർ

| | |
|---|---|
| ശ്രീ.നെല്ലൂർ മാത്യൂ | 1964 മുതൽ '79 വരെ |
| ശ്രീ.ജയിംസ് മാനുവൽ കുരുവിത്തടം | 1979 മുതൽ '84 വരെ |
| ശ്രീ.കെ. വി. ജോസഫ് കൊച്ചിക്കുന്നേൽ | 1988 മുതൽ '95 വരെ |
| ശ്രീമതി. മറിയാമ്മ ഐപ്പ് ആനിക്കുടിയിൽ | |

## ആരക്കുഴ ഗ്രാമ പഞ്ചായത്ത് ഇന്നത്തേ ഭരണസമിതി

| | | | |
|---|---|---|---|
| പ്രസിഡൻറ് | - | ശ്രീമതി മറിയാമ്മ ഐപ്പ് ആനിക്കുടിയിൽ | |
| വൈസ് പ്രസിഡൻറ് | - | ശ്രീ. ടോമി വള്ളമറ്റം | |
| ചെയർമാൻ സ്റ്റാൻഡിംഗ് കമ്മിറ്റി | - | ശ്രീ. ജോസ് മാത്യു പൊതൂർ | |
| മെംബർ | | ശ്രീ. ബാബു രാമൻ കോച്ചാംകുടി | വാർഡ് 1 |
| " | | ശ്രീ.പി.കെ. ഗോപി പാറപ്പുറത്ത് | വാർഡ് 3 |
| " | | ശ്രീ.ജോണി മത്തായി കച്ചിറ | വാർഡ് 4 |
| " | | ശ്രീ. സി.എം മത്തായിക്കുഞ്ഞ് ചിറ്റേത്ത് | വാർഡ് 6 |
| " | | ശ്രീമതി മേഴ്സി ജോൺ പുളിക്കത്തടത്തിൽ | വാർഡ് 8 |
| " | | ശ്രീമതി റൂബി ബെന്നി കാഞ്ഞിരത്തിങ്കൽ | വാർഡ് 9 |

## പഞ്ചായത്ത് അതിർത്തിയിലുള്ള വിവിധ ആഫീസുകൾ

1. വില്ലേജ് ആഫീസ്
2. കൃഷിഭവൻ
3. ഹോമിയോ ഡിസ്പെൻസറി
4. മൃഗാശുപത്രി
5. പബ്ലിക് ഹെൽത്ത് സെൻറർ
6. ആയുർവേദ ഡിസ്പെൻസറി
7. വില്ലേജ് എക്സ്റ്റെൻഷൻ ആഫീസ്
8. വൈദ്യുതി സബ് എഞ്ചിനീയർ ആഫീസ്
9. ടെലിഫോൺ എക്സ്ചേഞ്ച്
10. സാറ്റലൈറ്റ് എർത്ത് സ്റ്റേഷൻ
11. സബ് പോസ്റ്റാഫീസ് ആരക്കുഴ
12. ബ്രാഞ്ച് പോസ്റ്റാഫീസുകൾ, പണ്ടപ്പിള്ളി, മേമടങ്ങ്, പെരുമ്പല്ലൂർ, മീങ്കുന്നം

**ബാങ്കുകൾ**

യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ ബ്രാഞ്ച് ആരക്കുഴ
ബാങ്ക് ഓഫ് ഇൻഡ്യാ ബ്രാഞ്ച് പണ്ടപ്പിള്ളി

## (ii) ചരിത്ര പശ്ചാത്തലം

നാട്ടുരാജ്യമായിരുന്ന തിരുവിതാംകൂറിലെ കോട്ടയം ജില്ലയിൽ ഉൾപ്പെട്ടിരുന്ന ആരക്കുഴ, വടക്കുംക്കൂർ രാജ്യത്തിൻെറ ഭാഗമായിരുന്നു. നാട്ടുരാജ്യങ്ങൾ സംയോജിപ്പിക്കപ്പെട്ടപ്പോൾ തിരുക്കൊച്ചിയുടേയും ഭാഷാസംസ്ഥാനങ്ങൾ വന്നപ്പോൾ കേരളത്തിൻേറയും ഭരണസീമയിൽ വന്നു ഈ പ്രദേശം.

റോഡുഗതാഗതം വികസിക്കുന്നതിനു മുമ്പ് , ആരക്കുഴയിലെ മുഖ്യനാണ്യവിളയായിരുന്ന കുരുമുളകു വിപണനം നടത്തിയിരുന്നത് കെട്ടുവള്ളങ്ങളിൽ കയറ്റി തൊടുപുഴയാറു വഴി കൊണ്ടുപോയായിരുന്നു. അന്ന് ഹാരപ്പുഴ മുളകെന്ന് പേരുകേട്ട കുരുമുളകിൻെറ നാടിന് ഹാരപ്പുഴയെന്നു പേരുണ്ടായെന്നും അതുലോപിച്ച് ആരക്കുഴയായെന്നും ഐതിഹ്യം.

പണ്ടുകാലം മുതൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും ഇടകലർന്നു ജീവിക്കുന്ന ഇവിടെ മതസൗഹാർദ്ദം എന്നുമുണ്ട്. പുരാതനമായ ആരക്കുഴ പള്ളിയും എടമനക്കുരിശും ഹൈന്ദവ ക്രൈസ്തവ ഐക്യത്തിൻെറ ചരിത്രം വിളിച്ചോതുന്നതാണ്. ഭൂരിപക്ഷം ക്രിസ്ത്യാനികളാണ്.

കൃഷിക്കാർ തന്നേയായിരുന്ന ഇന്നാട്ടിൽ കഴിഞ്ഞ അരനൂറ്റാണ്ടായി ജീവിതശൈലിയിൽ മാറ്റം വന്നിട്ടുണ്ട്. പഠിപ്പുള്ളവർ കൂടി. സർക്കാർ ഉദ്യോഗമോ മറേറതെങ്കിലും തൊഴിലോ അഭികാമ്യമായി തോന്നിയതോടെ

കൃഷിയിടങ്ങളിൽ പണിചെയ്യാൻ താത്പര്യം കുറഞ്ഞു. സാക്ഷരത നൂറുശതമാനമെങ്കിലും, തൊഴിൽ വൈദഗ്ദ്ധ്യം നേടിയവർ വിരളം. തിരുവിതാംകൂറിൽ സ്വാതന്ത്ര്യസമരം ആരംഭിക്കുമ്പോൾ ആരക്കുഴക്കാരും അതിൽ പങ്കാളികളായി. അന്നേ മദ്യവും പുകയിലയും വർജ്ജിക്കുന്ന പ്രസ്ഥാനങ്ങൾക്ക് ഇവിടെ വളരാൻ കഴിഞ്ഞു. സ്ത്രീകൾക്ക് മാന്യമായ പദവി നൽകപ്പെട്ടിരുന്ന ഇവിടുത്തേ ഒരു സ്ത്രീയും കൂടിയാണ്, മേരി റോയ് കേസിൽ പിതൃ സ്വത്തിനു ക്രിസ്ത്യൻ പെൺമക്കൾക്കും ആൺമക്കളോടൊപ്പം അവകാശമുണ്ടെന്ന സുപ്രീം കോടതിയുടെ തീർപ്പു നേടിയെടുത്തത്.

1953-ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പ് വളരെ വാശിയോടെ നടന്നു. തുടർന്നു നടന്ന തെരഞ്ഞെടുപ്പുകളിൽ വോട്ടുശതമാനം കുറയുകയാണുണ്ടായത്.

കൃഷിപ്പണികളും, ആഘോഷങ്ങളും, റോഡുനിർമ്മാണം തുടങ്ങിയ പൊതുനിർമ്മാണ പ്രവർത്തനങ്ങളും, കൂട്ടുചേർന്ന് ഒരുമയിൽനടത്തിയിരുന്ന ഒരു പാരമ്പര്യം ഇന്നാടിനുണ്ട്. അടുത്തകാലത്ത് എല്ലാം കരാറുകാരുടെ കാര്യമായി വരുന്നെങ്കിലും പഴയകൂട്ടായ്മ വീണ്ടും തളിരിടുമെന്ന പ്രത്യാശ പലർക്കുമുണ്ട്. രാജ്യത്തുണ്ടായ പല പുതിയ മാറ്റങ്ങളിലും ഇവിടെ ചെറിയ പ്രതിഫലനമേ ഉണ്ടായുള്ളു.

കിതയ്ക്കുന്ന കാർഷികരംഗത്തേയും കുതിക്കാൻ ശക്തി ലഭിക്കാതെ ഞെരുങ്ങുന്ന വ്യവസായ രംഗത്തേയും ഉണർവ്വ് നേടേണ്ട സേവനരംഗത്തേയും ഇവിടെ വിലയിരുത്തുന്നു. പ്രശ്നങ്ങൾ ധാരാളമുണ്ട്. പരിഹാരം കാണാൻ നാമാണ് മുന്നോട്ടു വരേണ്ടത്. കൂടുതൽ സമചിത്തതയോടും പക്വതയോടും നമുക്ക് അതിനു കഴിയണം. നമ്മുടെ പൈതൃകം അതിനു വേണ്ടത്ര ഉറപ്പുള്ളതാണല്ലോ.

## (iii) ഭൂപ്രകൃതിയും വിഭവങ്ങളും

1. ഭൂപ്രകൃതി പഞ്ചായത്തിലെ ഭൂമിയെ ഉയർന്ന നിരപ്പ് എന്നും ചരിഞ്ഞ പ്രദേശമെന്നും താഴ്വരകളെന്നും മൂന്നായി തിരിക്കാം. ഉയർന്ന നിരപ്പും ചരിവു ഭാഗവും വേർതിരിയാത്ത അവസ്ഥയിൽ അവ പാറമ്പെന്നാണു വ്യവഹരിക്കുന്നത്. താഴ്വരകളെല്ലാം തന്നെ പാടങ്ങളെന്നു പറയാം.

(a) ഉയർന്ന നിരപ്പുഭൂമി: പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പെട്ടതാണ് ഈ ഇനം. സംരക്ഷണം കൂടാതെയുള്ള കൃഷിരീതികളും കനത്ത മഴയും മൂലം മണ്ണിൻെറ ഫലപുഷ്ടി കുറഞ്ഞിട്ടുണ്ട്. പലതരം കുറ്റിക്കാടുകളും പുല്ലുകളുമായി കിടന്നിരുന്ന ഈ സ്ഥലങ്ങളെല്ലാം തന്നെ ഇന്ന് റബ്ബർ കൃഷിയായിക്കഴിഞ്ഞു.

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ:-

ഊളക്കുന്ന്, മൈലാടുംപാറ, ആറൂർമല, പൊട്ടൻമല, നെടുമ്പാറമല, ചേലപ്പുഴ മല, കുരിശുമല, കോപ്രാമല, ചാത്താകോട്ടുമല, പ്ലാക്കിത്തടം, പാലമല, കോഴിമല, കുഴിങ്ങരത്തണ്ട്, നെടുമല, കുമ്പളത്തലമല, കരിമല, കക്കൂത്തിനാംമല, പ്രീങ്ങാട്ടിമല, തരിശുകുന്ന്, ചിറക്കുന്ന്.

(b) താഴ്വരകൾ:-

• ഉയർന്ന പ്രദേശങ്ങൾ കഴിഞ്ഞ് ചരിവുഭൂമികളുമിറങ്ങി എത്തുന്ന പാടങ്ങളാണ് ഇവിടുത്തെ താഴ്വരകൾ. പഞ്ചായത്തിലെ പ്രധാന പാടങ്ങൾ:- മീങ്കുന്നം പാടം, വരകപ്പിള്ളിപാടം, ആറൂർപുഞ്ച, ളാക്കോടുപാടം, ആരക്കുഴ പാടം, തോട്ടക്കര പാടം, ചാന്ത്യംപാടം, മേമടങ്ങ് പാടം, എടമന പാടം, ഉച്ചേലിപാടം, പെരിങ്ങഴ പാടം, പഞ്ഞാപ്പാടം.

(c). ചെരുവുഭൂമികൾ:-

ഉയർന്ന പ്രദേശങ്ങൾക്കും പാടങ്ങൾക്കുമിടയിലുള്ള സ്ഥലങ്ങളാണ് ചെരുവുഭൂമികൾ. എല്ലാ വാർഡുകളിലും ഇവയുണ്ട്. തെങ്ങും കമുകും കുരുമുളകും ഇഞ്ചി, കച്ചോലം, കപ്പ, ചേന, കാച്ചിൽ തുടങ്ങിയവയും കൃഷി ചെയ്തിരുന്ന ഈ സ്ഥലങ്ങൾ ഇന്നു മിക്കവാറും റബ്ബർതോട്ടങ്ങളായി മാറിയിരിക്കുകയാണ്. ഇടയ്ക്കു നിൽക്കുന്ന തെങ്ങുകൾ ഇല്ലായ്മയാകുന്നു. കമുകും കുരുമുളകും ആദ്യമുണ്ടായിരുന്നത് പോയിക്കഴിഞ്ഞു. നനയ്ക്കാൻ സൗകര്യമുള്ള ചില സ്ഥലങ്ങളിൽ കമുകു കൃഷി ആരംഭിച്ചിട്ടുണ്ട്. വളരെക്കുറച്ചു സ്ഥലത്തു മാത്രം ജാതി, കൊക്കോ തുടങ്ങിയ കൃഷികൾ. അധികവും ചരൽമണ്ണും വെട്ടുകല്ലും ഉള്ള സ്ഥലങ്ങളാണ്. ചെരിവു കൂടുതലുള്ള സ്ഥലങ്ങളിൽ ഉരുളൻപാറയും കരിമണ്ണും കാണാം. അധികപ്രദേശവും ഫലപുഷ്ടിയുള്ള ചെമ്മണ്ണ്.

ഇവയിലൊക്കെ പലയിടത്തായി കുറെ പുറമ്പോക്കു ഭൂമികളും പാറകളും കാണാം.

നിരപ്പും ചെരിവും കൂടിയ പറമ്പുകൾ 2318 ഹെക്ടറും, നിലം 428 ഹെക്ടറും, തരിശുംപാറയും 190 ഹെക്ടറും ഉൾപ്പെടെ 2936 ഹെക്ടർ വരും മൊത്തം ഭൂമി.

2.നീരൊഴുക്ക്:- പഞ്ചായത്തിലെ ഭൂമി അധികവും വടക്കോട്ടും കിഴക്കോട്ടും ചരിവായവയാണ്. മൂന്നാം വാർഡിലും 6-ാം വാർഡിലും 7-ാം വാർഡിലും 8-ാം വാർഡിലും കുറെ സ്ഥലങ്ങളിലെ നീരൊഴുക്ക് പടിഞ്ഞാറോട്ടാണ്. തോടുകൾ എല്ലാം തൊടുപുഴയാറിലേയ്ക്ക്.

3. കാലാവസ്ഥ:- തെക്കുപടിഞ്ഞാറൻ മൺസൂൺ ധാരാളമായി ലഭിക്കുന്ന സ്ഥലമാണ് ആരക്കുഴ. ജൂൺ മുതൽ നവംബർ വരെ ഇടക്കിടെ മഴയുണ്ടാകും. ജൂൺജൂലൈ മാസങ്ങളിൽ ഏറ്റവും കൂടുതൽ. ഡിസംബർ മുതൽ മെയ് വരെ മഴ വളരെ വിരളം. പഞ്ചായത്തിൻെറ വടക്കും കിഴക്കും അരികു പിടിച്ചൊഴുകുന്ന തൊടുപുഴയാറിൽ വേനൽക്കാലം ഇടുക്കി ജലവൈദ്യുത കേന്ദ്രത്തിൽ നിന്നും വെള്ളമെത്തുമെങ്കിലും പുഴയോരം അടുത്തുപോലും കഠിന വരൾച്ച.

4.ജലലഭ്യത:-

പാലക്കുഴ ഗ്രാമപഞ്ചായത്തിനും തെക്ക് കുറിഞ്ഞി കുമ്പൻമലയിൽ നിന്നും ആരംഭിച്ച് വടക്കോട്ടൊഴുകി തൊടുപുഴയാറിൽ ചേരുന്ന മാറികത്തോട് ആരക്കുഴ ഗ്രാമപഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയിലാണ്. ഇതിൽ 10 മാസം വെള്ളമുണ്ട്.

മൂങ്ങാങ്കുന്നു ഭാഗത്തു നിന്ന് ആരംഭിച്ചു ചാന്ത്യം വഴി ഏഴും അഞ്ചും നാലും വാർഡുകളിൽ കൂടി വടക്കോട്ടൊഴുകി ഓടക്കൽ കടവിൽ തൊടുപുഴയാറ്റിൽ ചേരുന്ന മാറ്റാപ്പിള്ളി (പള്ളി) ത്തോട് ആണ്ടിൽ 9 മാസം വെള്ളമുള്ളതാണ്.

പാലമല തെക്കുംമല ഭാഗങ്ങളിൽ നിന്നു തുടങ്ങി മാളികപ്പീടികക്കടുത്ത് ഒന്നു ചേർന്ന് ആരക്കുഴ മൂഴിയിൽ ചേരുന്ന പെരുകല്ലിങ്ങൽ തോടും, പെരുമ്പല്ലൂർ പോസ്റ്റാഫീസിനടുത്ത് പെരുന്താറ്റിൽ നിന്നാരംഭിച്ച് കിഴക്കോട്ടൊഴുകി മുടക്കിക്കടവിൽ ചേരുന്ന പെരുന്തോടും 6 മാസക്കാലം വെള്ളമുള്ളവയാണ്.

ഊളക്കുന്ന് വരകപ്പിള്ളിത്തടം ഭാഗങ്ങളിൽ നിന്നും തുടങ്ങി എരപ്പു വഴി കിഴക്കോട്ടു വന്ന് ളാക്കോടുകൂടി പടിഞ്ഞാറോട്ടു പോകുന്ന മീങ്കുന്നം നടുത്തോട്ടിലും 6 മാസത്തിൽ കുറയാത്ത കാലം വെള്ളമുണ്ട്. ബാക്കി ചെറുതോടുകളിലൊന്നും മഴക്കാലം കഴിഞ്ഞ് വെള്ളമുണ്ടാകില്ല.

അഞ്ചാം വാർഡിലെ കരടിക്കുളവും എട്ടാം വാർഡിലെ തോട്ടക്കരച്ചിറയുമാണ് ആണ്ടുവട്ടം വെള്ളമുള്ളവ. ഒന്നാം വാർഡിലെ പൂക്കോട്ടുകുളവും, അഞ്ചാം വാർഡിലെ ചിറകണ്ടക്കുളവും എട്ടാം വാർഡിലെ കുതികൊമ്പൻ കുളവും ഫെബ്രുവരിയോടെ വെള്ളം വറ്റുന്നതാണ്. മാറികത്തോടിൻേറയും പള്ളിത്തോടിൻെറയും പുഴയടുത്ത ഭാഗങ്ങളിലും പുഴയോരത്തും മാത്രമെ കിണറുകളിൽ വേനൽക്ക് വെള്ളമുള്ളു.

മാറികത്തോട്ടിലും പള്ളിത്തോട്ടിലും ചിർപ്പുകൾ ഉള്ളവ സംരക്ഷിക്കുന്നുണ്ട്.

5. മണ്ണ് :- പഞ്ചായത്തിലെ മണ്ണ് അധികവും ഫലപുഷ്ടിയുള്ളവയാണ്. വെള്ളക്കെട്ടിൻെറ പ്രശ്നം വിരളം. മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ ഒന്നും ഇവിടെ ഇല്ല.

6. ഭൂവിനിയോഗം:- പഞ്ചായത്തിലെ ഭൂമി ഇങ്ങനെ വിനിയോഗിക്കുന്നു.

നിലം - 345 ഹെക്ടർ

പുരയിടം - 2345 ഹെക്ടർ

പൊതുമൈതാനങ്ങൾ ഒന്നും ഇല്ല.

കാടുപിടിച്ച സ്ഥലം കണക്കാക്കാൻ മാത്രം എങ്ങുമില്ല.

7. ജൈവസമ്പത്ത് :- ഒരു കാലത്ത് ഈ പ്രദേശത്തെല്ലാം തഴച്ചു വളർന്നിരുന്ന കമുകുകൾ എല്ലാം പോയി. തെങ്ങ് റബ്ബറിന് വഴിമാറുന്നു. പുരയിടത്തിൽ എല്ലായിടത്തും റബ്ബർ വന്നതുകൊണ്ട് കപ്പ, ചേന, ഇഞ്ചി ഇവയുമൊക്കെ കുറഞ്ഞു വരുന്നു. കിഴങ്ങുവർഗ്ഗങ്ങൾക്കു എലി ശല്യവും കൂടുതൽ. എല്ലാ വീടുകളിലും ഉണ്ടായിരുന്ന ഉഴവു കാളയും പോത്തും ഇന്നില്ല. കൃഷി യന്ത്രവൽക്കരിച്ചപ്പോൾ കാളകളെ വളർത്താതായി. പശുവും എരുമയും വളർത്തുന്നവരുണ്ട്.

പ്രധാന വളർത്തു മൃഗങ്ങൾ

| പശു നാടൻ | | പശു സങ്കരം | | ആട്. | പട്ടി |
|---|---|---|---|---|---|
| കറവ ഉള്ളവ | കറവ ഇല്ലാത്തവ | കറവ ഉള്ളവ | കറവ ഇല്ലാത്തവ | | |
| 97 | 55 | 637 | 263 | 826 | 325 |

8. മനുഷ്യവിഭവം:- പഞ്ചായത്തിൽ ആകെ 7215 പുരുഷൻമാരും 8275 സ്ത്രീകളുമടക്കം 15490 പേർ ഉള്ളതായി കണക്കാക്കുന്നു. എല്ലാവരും തന്നെ സാക്ഷരർ. മൂന്നിലൊന്നോളം ഹൈസ്ക്കൂൾ വിദ്യാഭ്യാസം ഉള്ളവരാണ്. പൊതുവെ ആരോഗ്യമുള്ളവർ. അധികംപേരും കാർഷിക രംഗത്ത് ജോലി ചെയ്യുന്നു.

ലഭിച്ച കണക്കുകൾ താഴെ ചേർക്കുന്നു.


| തൊഴിൽ | പുരു | സ്ത്രീ | ആകെ |
|---|---|---|---|
| കൃഷിക്കാർ | 2342 | 1881 | 4223 |
| കർഷകതൊഴിലാളികൾ | 182 | 213 | 395 |
| മൃഗപരിപാലനം | .48 | 18 | 66 |
| പാറപൊട്ടിക്കൽ | 12 | - | 12 |
| കെട്ടിടറോഡുനിർമ്മാണം | 203 | 140 | 343 |
| വാണിജ്യം | 126 | - | 126 |
| ഗതാഗതം | 85 | - | 85 |
| വാർത്താവിനിമയം | 18 | 5 | 23 |
| വിദ്യാഭ്യാസം | 36 | 62 | 98 |
| മറ്റുസേവനം | 18 | 3 | 21 |
| ആകെ | 3070 | 2322 | 5392 |





# ആരക്കുഴ ഗ്രാമപഞ്ചാ:

## ചരണപഠനം

നവംബർ 1996.




ആരക്കുഴ ഗ്രാമ പഞ്ചായത്ത്
ഭൂപ്രകൃതി, ജൈവസമ്പത്ത്, ജലസമ്പത്ത്.
എം.വി.ഐ.പി. കനാൽ
കുളങ്ങൾ.
N
W
E
S
പാലക്കുഴ പഞ്ചായത്ത്

# കാർഷിക മേഖല

# കൃഷി

ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ തിരുവിതാംകൂറിലെ ആരക്കുഴ പകുതിയിൽ ആയിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ഇവിടുത്തെ നിവാസികൾ എല്ലാവരും തന്നെ കൃഷിതൊഴിലിൽ ഏർപ്പെട്ടിരുന്നു. അക്കാലത്ത് പ്രധാനമായും നെല്ലും ഇഞ്ചിപ്പുല്ലും കപ്പയും കൃഷി ചെയ്തിരുന്നു. ക്രമേണ വിളക്രമത്തിൽ മാറ്റം വന്നു. തെങ്ങ് കമുക്, കുരുമുളക്, കശുമാവ്, കച്ചോലം, ഇഞ്ചി എന്ന നാണ്യ വിളകളും നെല്ല്, വാഴ, കപ്പ, ചേന തുടങ്ങിയ ഭക്ഷ്യ വിളകളും വ്യാപകമായി കൃഷി ചെയ്തുവന്നിരുന്നു. 1920- കളിൽ തന്നെ റബ്ബർ കൃഷി നാമമാത്രമായി ആരംഭിച്ചെങ്കിലും 1950- കൾ വരെ മേൽപ്പറഞ്ഞവ തന്നെയായിരുന്നു വിളക്രമം. തെങ്ങിൻെറ ഇടവിളയായി ജാതിയും കൊക്കോയും കൃഷി ചെയ്തുവരുന്നു. 1940- കളിൽ തൊടുപുഴ ആറ്റുതീരപാടങ്ങളിൽ കരിമ്പു കൃഷിയും ഉണ്ടായിരുന്നു. അടുത്തകാലത്തായി പുരയിടങ്ങളിൽ റബ്ബറും പാടങ്ങളിൽ കന്നാരയും വ്യാപകമായി കൃഷി ചെയ്യുന്നു. അതോടുകൂടി തെങ്ങും നെല്ലും പിന്നോക്കം പോയി. പാടങ്ങളിൽ പൈനാപ്പിൾ ആണ് മുഖ്യ കൃഷി. പയറും, പച്ചക്കറിയും എള്ളും ഇടയ്ക്ക് കൃഷി ചെയ്യാറുണ്ട്.

ഉയർന്നസ്ഥലങ്ങളിലെ പാറക്കൂട്ടങ്ങളും മൂവാറ്റുപുഴ നദീതട പദ്ധതിയ്ക്ക് എടുത്തു കിടക്കുന്ന സ്ഥലങ്ങളുമാണ് പ്രധാനമായും തരിശായി ഉള്ളത്. ( പട്ടിക 1 കാണുക)

പട്ടിക - 1 ഭൂവിനിയോഗം

| വിനിയോഗം | വിസ്തീർണ്ണം(ഹെ) | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് ഒന്നാംവിള | 100 | 280000 | 2800 കി. |
| നെല്ല് രണ്ടാം വിള | 150 | 314400 | 2500 കി. |
| തെങ്ങ് | 350 | 20,61,500 | 6000 എണ്ണം |
| റബ്ബർ | 1550 | 14,72,500 | 1000 കി. |
| പയർ, എള്ള്, പച്ചക്കറി | 70 | 10,000 | 250 കി. |
| വാഴ | 40 | 3,18,040 | 8000 കി. |
| മരച്ചീനി | 20 | 3,22,980 | 11,000 കി. |
| കുരുമുളക് | 40 | 10,800 | 300 കി. |
| കമുക് | 10 | 16,00430 | 160,000 എണ്ണം |
| പൈനാപ്പിൾ | 300 | 300000 | 10,000 കി. |
| തരിശ്പാറ | 70 | - | - |
| ജലാശയങ്ങൾ | 6 | - | - |
| മിശ്രിതവൃക്ഷങ്ങൾ | 300 | - | - |

ജനസംഖ്യയിൽ മുഴുവൻ കൃഷിക്കാരും കർഷകത്തൊഴിലാളികളുമായിരുന്ന കാലത്ത് ആരക്കുഴയിൽ വിദ്യാഭ്യാസ നിലവാരം പ്രൈമറി തലം വരെയായിരുന്നു. ക്രമേണ വിദ്യാഭ്യാസ നിലവാരം ഉയർന്നതോടെ ഉദ്യോഗത്തിൽ ലക്ഷ്യം വച്ച കർഷകമക്കൾ കൃഷിയുമായുള്ള ബന്ധം വിട്ടു. മുഴുവൻസമയം കൃഷിപ്പണികളിൽ ഏർപ്പെടുന്നവർ വളരെ കുറവാണ്. അതുകൊണ്ട് മുമ്പ് തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയ തോട്ടവിളകളും ഇഞ്ചി, മഞ്ഞൾ, കച്ചോലം, ഇഞ്ചിപ്പുല്ല് തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളും, കപ്പ, കാച്ചിൽ, ചേന, നെല്ല്, കരിമ്പ് തുടങ്ങിയ ഭക്ഷ്യവിളകളും കൃഷി ചെയ്തിരുന്ന ആരക്കുഴയുടെ കാർഷിക ചിത്രം ആകെ മാറിപ്പോയി.

തെങ്ങുകൃഷിയും നെല്ലുകൃഷിയും പിന്നോക്കം പോയതായി സൂചിപ്പിച്ചല്ലോ. ഇപ്പോൾ തെങ്ങ് ഒന്നിന് പത്ത് മുതൽ ഇരുപത്തിയഞ്ചുവരെ തേങ്ങയുണ്ടാകാറുണ്ട്. മുപ്പതിനുമേൽ തേങ്ങ കിട്ടുന്ന തെങ്ങുകൾ വിരളം. പഞ്ചായത്തിൽ 875 ഏക്കറിൽ ഉള്ള 56,840 തെങ്ങുകളിൽ 55875 എണ്ണവും രോഗബാധിതമാണ്. തെങ്ങിൻെറ കാറ്റുവീഴ്ചയും മഞ്ഞളിപ്പും രോഗങ്ങൾ പ്രതിരോധിക്കാൻ കഴിയാതെ വന്നതിനാൽ പുരയിടങ്ങളിൽ റബ്ബർ കൃഷി

കൂടിവരുന്നു. റബ്ബറിന് ചിക്കും പട്ടമരവിപ്പും കുമിൾരോഗവും കുറേശ്ശെയായി എല്ലാഭാഗത്തും കണ്ടുവരുന്നു.

പഞ്ചായത്തിൽ എല്ലായിടത്തും തന്നെയുള്ള വാഴകൃഷിയും അത്ര മെച്ചമല്ല. കുമ്പടപ്പും വണ്ടിൻെറ ആക്രമണവും കരിക്കും വാഴകളെ ആക്രമിക്കുന്ന രോഗങ്ങളാണ്. ഇവിടെ കർഷകർ രാസവളങ്ങളും രാസ കീടനാശിനികളുമാണ് ഉപയോഗിക്കുന്നത്. ഇപ്പോൾ ജൈവവളങ്ങളും ജൈവകീടനാശിനികളും പരിമിതമായി ഉപയോഗിച്ചുവരുന്നുണ്ട്.

നെൽകൃഷിയ്ക്ക് കീടശല്യവും കുലവാട്ടവും പാടങ്ങളിൽ അവിടവിടെയായി ഉണ്ടാകാറുണ്ട്. രോഗത്തെക്കാൾ വിലക്കുറവ്, വളത്തിൻെറ വിലക്കൂടുതൽ എന്നീ കാരണങ്ങൾകൊണ്ട് നെൽകൃഷി ലാഭകരമല്ല. കൊയ്ത്തുമെതിയ്ക്കുവേണ്ട കർഷകത്തൊഴിലാളികളെ മിതമായ കൂലിയ്ക്ക് ലഭിക്കുന്നില്ല. വരമ്പുപണി, കണ്ടമടിക്കൽ, ഞാറുപറി, നടീൽ, കൊയ്ത്ത് എന്നീ പണിയ്ക്ക് പരിചയസമ്പന്നർ ഇല്ലാതെയായി. യുവതലമുറ കാർഷിക രംഗത്തേയ്ക്ക് പ്രവേശിക്കാൻ മടിക്കുന്നു. സർക്കാർ പ്രോത്സാഹനം കാര്യമായി ഒന്നും ലഭിക്കുന്നില്ല. ഇക്കാരണങ്ങളാൽ കഴിഞ്ഞ പത്തു വർഷം കൊണ്ട് നെൽകൃഷി മൂന്നിലൊന്നായി കുറഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ജലദൗർലഭ്യം രൂക്ഷമാണ്. കൃഷിഭവനിൽ നിന്നും കർഷകർക്കു ലഭിക്കുന്ന സഹായം വളരെ പരിമിതമാണ്.

ഇവിടെ ജനങ്ങളിൽ 90 ശതമാനവും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നതെങ്കിലും കൃഷിത്തൊഴിലാളികളുടെ ദൗർലഭ്യം രൂക്ഷമാണ്. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിൻമുറക്കാർ മറ്റ് മേഖലകളിലേയ്ക്ക് മാറിത്തുടങ്ങിയതാണ് ഒരു കാരണം. ഇതിൻെറ ഫലമായി കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. പുരുഷൻമാർക്ക് 75 മുതൽ 100 രൂപാ വരെയും സ്ത്രീ തൊഴിലാളികൾക്ക് 50 മുതൽ 75 വരെയുമാണ് ഇപ്പോഴത്തെ കൂലി നിരക്ക് തൊഴിലാളികളുടെ ലഭ്യത സുഗമമാക്കുന്നതിന് ഈ മേഖലയിൽ താൽപര്യമുള്ള തൊഴിലാളികളെ വാർഡ് അടിസ്ഥാനത്തിൽ രജിസ്ററർ ചെയ്ത് കൂലി നിജപ്പെടുത്തി ലഭ്യമാക്കാൻ ഏർപ്പാടാക്കാവുന്നതാണ്. അവർക്ക് ന്യായമായ വേതനവും ക്ഷേമനിധിയും ഇൻഷുറൻസും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നിയമവ്യവസ്ഥ ചെയ്യണം. ഉപയോഗിക്കുന്ന നടീൽ വസ്തുക്കൾ ഗുണനിലവാരംകുറഞ്ഞതാണ്. കാലാവസ്ഥയെ ചെറുത്തു നിൽക്കുന്നതും കൂടുതൽ കാലം വിളവു നൽകുന്നതുമായ മെച്ചപ്പെട്ട വിത്തുകളും തൈകളും ലഭിക്കുന്നതിനുള്ള ഒരു സംവിധാനവും പഞ്ചായത്തിൽ നിലവിലില്ല.

പഞ്ചായത്തിൽ ഒൻപത് രാസവിള വിൽപ്പന കേന്ദ്രങ്ങളാണുള്ളത്. മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നതിനുള്ള സൗകര്യം വളരെ പരിമിതമാണ്. കാലിസമ്പത്ത് കുറഞ്ഞതും റബ്ബർ കൃഷി വ്യാപകമായതും ജൈവവളങ്ങളുടെ ലഭ്യതയെ ദോഷകരമായി ബാധിച്ചു.

വിദഗ്ദ്ധ കർഷകത്തൊഴിലാളികളെ കിട്ടാനില്ലാത്ത അവസ്ഥ ഉണ്ടെങ്കിലും ഈ രംഗത്ത് യന്ത്രോപകരണങ്ങളുടെ ഉപയോഗം അതനുസരിച്ച് വർദ്ധിച്ചിട്ടില്ല. ലഭ്യമായ കാർഷികോപകരണങ്ങൾ ഇവയാണ്. പവർടില്ലർ-3, റോക്ക് സ്പ്രെയർ- 56, നാപ് സാക്ക് സ്പ്രെയർ -101, തെങ്ങുകയറ്റിയന്ത്രം-1

വായ്പാ സൗകര്യം പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും പൊതുമേഖലാ ബാങ്കുകളുടെ രണ്ട് ശാഖകളുമാണ് കാർഷിക വായ്പ ലഭിക്കാനുള്ള സ്ഥാപനങ്ങൾ.

പഞ്ചായത്തിൻെറ I, II, IX വാർഡുകളിൽ വായ്പാസൗകര്യം കുറവാണ്. ദീഘകാല കാഷികവായ്പാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സഹകരണസ്ഥാപനമായ മൂവാറ്റുപുഴ, കോതമംഗലം കാർഷിക സഹകരണബാങ്കിൻെറ പ്രവർത്തന പരിധിയിൽപ്പെട്ടതാണ് ഈ പഞ്ചായത്ത്.

ഇപ്പോൾ പഞ്ചായത്തിന് പുറത്തുള്ള മൂവാറ്റുപുഴ, കൂത്താട്ടുകുളം, വാഴക്കുളം എന്നി സ്ഥലങ്ങളിലുള്ള മാർക്കറ്റുകളും പഞ്ചായത്തിൻെറ തെക്കുഭാഗത്ത് പണ്ടപ്പിള്ളിയിലുള്ള ചെറിയ മർക്കറ്റുമാണ് ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ ഇവിടെയുള്ളവർ ഉപയോഗിക്കുന്നത്. കൂടാതെ മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘത്തിൻെറ ആഭിമുഖ്യത്തിൽ റബ്ബർ പാൽ ശേഖരിക്കുന്നതിന് റബ്ബർ ഉൽപ്പാദകസംഘവും പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ താഴെപ്പറയുന്നവയാണ്.

1. പഞ്ചായത്തിൽ അധികവും ചെറുകിട കർഷകരാണ്. തുണ്ടു ഭൂമികളിൽ ലാഭകരമായി കൃഷി ചെയ്യാൻ പറ്റുന്നില്ല.
2. നെൽകൃഷി പ്രായേണ നഷ്ടമാണ്.
3. കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

4. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
5. കർഷകത്തൊഴിലാളികൾ വേണ്ടത്ര കിട്ടാനില്ല.
6 കർഷകത്തൊഴിലാളികളുടെ കൂലി നിരക്ക് ചെറുകിട കർഷകർക്ക് താങ്ങാവുന്നതല്ല.ജോലിക്ഷമത കുറവുമാണ്.
7. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം.
8. ജൈവവളങ്ങളുടെ ലഭ്യതയും ഉപയോഗവും നാമമാത്രമാണ്.
9. കാർഷികയന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
10. ജലസേചനസൗകര്യങ്ങൾ വളരെ പരിമിതമാണ്. കൃഷി മിക്കവാറും മഴയെ ആശ്രയിച്ചാണ് നടക്കുന്നത്.
11. കൃഷി മുഖ്യതൊഴിലായവരുടെ എണ്ണം വളരെ കുറവാണ്. അതിനാൽ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിൽ പൊതുവെ താൽപര്യക്കുറവാണ്.
12. ചില രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു.തെങ്ങിന് കാറ്റുവീഴ്ചയും മഞ്ഞളിപ്പും, റബ്ബറിന് ചീക്കും പട്ട മരവിപ്പും, നെൽകൃഷിയ്ക്ക് കുലവാട്ടവുമാണ് പ്രധാന രോഗങ്ങൾ.
13. കൃഷിഭവൻെറ പ്രവർത്തനം തൃപ്തികരമല്ല.

## സാദ്ധ്യതകൾ.

1. ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
2. വിളകൾക്ക് ഉൽപ്പാദനച്ചെലവിൻെറ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് സംഭരണം, വിപണനം സംസ്കരണം ഇവയ്ക്ക് ഏർപ്പാടാക്കണം.
3. റബ്ബർ, പൈനാപ്പിൾ, നാളികേരം ഇവയുടെ സംസ്കരണ യൂണിറ്റുകൾ ചെറുകിട മേഖലയിൽ ഏർപ്പെടുത്താവുന്നതാണ്
4. ബാങ്കിംഗ് മാർക്കറ്റിംഗ് സൗകര്യം തീരെയില്ലാത്ത വടക്കൻ ഭാഗമായ കണ്ണങ്ങാടിയിൽ ഒരു പൊതു മാക്കറ്റും പൊതുമേഖലാ ബാങ്കിൻെറ ശാഖയും തുടങ്ങണം.
5. കൃഷിഭവൻെറ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതും സബ് ആഫീസുകളും വളംഡിപ്പോയും എല്ലാ വാർഡിലും ആരംഭിക്കുകയും ചെയ്യേണ്ടതാണ്.
6. പച്ചക്കറികളും ഔഷധച്ചെടികളും പുഷ്പകൃഷിയും ചെയ്യാൻ താൽപര്യമുള്ളവർക്ക്ആവശ്യമായ സാങ്കേതിക ഉപദേശങ്ങളും സാമ്പത്തിക സഹായവും സംഭരണവിപണന സൗകര്യങ്ങളും ഏർപ്പാടാക്കി കൊടുക്കണം.
7. കൃഷിയ്ക്ക് വൈദ്യുതി ലഭിക്കാൻ കാലതാമസം ഒഴിവാക്കണം.
8. ഫാം ക്ലബ്ബുകൾ ആരംഭിച്ച് പുതിയ നേഴ്സറികൾ വിത്തുസംഭരണ യൂണിറ്റ് എന്നിവയിലൂടെ മുന്തിയ തൈകളും വിത്തുകളും കൃഷിക്കാർക്ക് വിതരണം ചെയ്യണം.
9. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായ വിധത്തിൽ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
10. മീങ്കുന്നം പാടത്ത് ഗ്രൂപ്പ് ഫാമിംഗിനുള്ള സാദ്ധ്യതയുണ്ട്.
11. എം.വി.ഐ.പി.യ്ക്കുള്ള തരിശു ഭൂമിയിൽ കുറുമ്പുല്ലു കൃഷികൾ നടത്താം.
12. കർഷകർക്ക് ഭൂമി കൈമാറ്റ പോക്കു വരവ് നടത്താൻ തടസ്സങ്ങൾ നീക്കിക്കൊടുക്കണം.

## ജലസേചനം

നിലവിലുള്ള ജലസ്രോതസ്സുകളെപ്പറ്റി ജലവിഭവങ്ങൾ എന്ന വിഷയത്തിൽ പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ മിക്കവാറും എല്ലാ പ്രദേശങ്ങളിലും ജലദൗർലഭ്യം രൂക്ഷമാണ്.

## നടപ്പു പദ്ധതികൾ

1.Side protection works to Pallithazham in Arakuzha
2. " " " " Kallokkarapadi field in Arakuzha
3. " " " " മാറികത്തോട് കാക്കനാട്ട് കടവ് - ആരക്കുഴ
4. " " " " കിഴക്കേത്തോട് - 3 - ൧൦ വാർഡ്
5.Rectification works to കോലുകുടിയിൽ Cross bar in Arakuzha

114

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജലസേചനപദ്ധതികൾ

1. വാർഡ് VII മാറ്റാപ്പിള്ളിതോട് സൈഡ് കെട്ട് - 2ലക്ഷം.
2. വാർഡ VII പണ്ടപ്പിള്ളി തോട് സൈഡ് കെട്ട് - ,,
3. വാർഡ് IV കണ്ണാത്തുകുഴി പാടം സൈഡ് കെട്ട് - ,,
4. മഞ്ചടി നടവത്തി പാടശേഖരം ,, - 2ലക്ഷം
5. നാരിക്കാമറ്റം പാടശേഖരം - 4ലക്ഷം
6. കരടിക്കുളം പുനർനിർമ്മാണം - 1 ലക്ഷം
7. മാറിക തോട് സൈഡ് കെട്ട് - 4 ലക്ഷം
8. കല്ലൂർക്കര പാടശേഖരം സൈഡ് കെട്ട് - 1.48 ,,

## സാദ്ധ്യതകൾ

1. ഇപ്പോൾ ആണ്ടുവട്ടം കുറേ മാസങ്ങൾ മാത്രം വെള്ളം കിട്ടുന്ന 8 - ാം വാർഡിലെ കുറ്റിക്കൊമ്പൻകുളം, ആഴം കൂട്ടി കേടുപാടു തീർത്താൽ ജല ലഭ്യത കൂടും. പ്ലാക്കിത്തടം, ചെറുകല്ലികൾ, പാലമല, ഉാക്കോട്, കൊളംമ്പ എന്നീ സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ താഴ്ത്തിയാൽ ജലസേചനസൗകര്യം വർദ്ധിപ്പിക്കാം.
2. പഞ്ചായത്തിൽ ഒരു ഭൂഗർഭജല സർവ്വെ നടത്തി പുതിയ സ്രോതസ്സുകൾ കണ്ടെത്താവുന്നതാണ്.
3. പഞ്ചായത്തിൻെറ ദക്ഷിണ പശ്ചിമ ഭാഗങ്ങളിൽ കൂടി കടന്നു പോകുന്ന എം. വി.ഐ.പി കനാലുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുകയും പഞ്ചായത്ത് അതിർത്തിയിൽ സാധ്യമായ എല്ലാ സ്ഥല ങ്ങളിലും വേണ്ട സബ് കനാലുകൾ തീർത്ത് പദ്ധതി കമ്മിഷൻ ചെയ്യുകയും വേണം.
4. ഏഴാം വാർഡിൽ ചേലപ്പുഴമല, പൊട്ടൻമല, ചാന്തിയംമല, ആറൂർ കോളനി എന്നീ സ്ഥലങ്ങളിലേയ്ക്ക് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.
5. കനാൽ ജലം എത്താൻ സാദ്ധ്യത കുറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് തൊടുപുഴയാറിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻപദ്ധതികൾ തുടങ്ങണം.
   ആരക്കുഴ മൂഴിഭാഗത്ത് തടയണ നിർമ്മിച്ച് മൂന്നാം വാർഡിലും രണ്ടാം വാർഡിൽ പൊന്നോത്തുകടവിലും ചെന്തട്ടുകടവിലും ഒന്നാം വാർഡിൽ പെരിങ്ങഴ കിഴക്കു ഭാഗത്തും 9- ാം വാർഡിൽ പ്ലാത്തോട്ടം കടവിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കണം.
6. അരിക്കുഴ മുതൽ പെരിങ്ങഴ വള്ളിക്കുന്നുവരെ 15 കിലോ മീറ്ററോളം നീണ്ടുകിടക്കുന്ന പഞ്ചായത്തിൻെറ കിഴക്കും വടക്കും അതിർത്തിയിലുള്ള തൊടുപുഴയാറിൻെറ ഇടതു തീരം പല സ്ഥലത്തും ഇടിയാറുണ്ട്. ആറ്റു തീരത്തിൻെറ ഏകദേശം മുന്നിൽ രണ്ടു നീളവും തോട്ടക്കര വലിയ തോടിൻെറയും ആരക്കുഴ പള്ളിത്താഴം റോഡിൻെറയും ഇരുകരകളിലുമായി പതിനഞ്ചോളം കിലോമീറ്റർ തോട്ടിറമ്പും സംരക്ഷ ണഭിത്തി കെട്ടണം.
7. ആറാം വാർഡിൽ ഉാക്കോടു തോട്ടിലും മീങ്കുന്നം നടുതോട്ടിലും ആറൂർ തോട്ടിലുംചീപ്പുകൾ നിർമ്മിക്കണം.
8. എട്ടാം വാർഡിൽ കോട്ടേത്താഴം പാടശേഖരം സൈഡ് കെട്ടാം.

## മൃഗസംരക്ഷണം.

പഞ്ചായത്തിൻെറ 3-ാംവാർഡിലെ കിഴക്കുഭാഗമൊഴികെ എല്ലാവർക്കും കാലിവളർത്തൽ സാധാരണയാണ്. കൃഷിപ്രധാനമായ ആരക്കുഴ പഞ്ചായത്തിലും കാലിവളർത്തൽ കൃഷിതുടെ ഭാഗമായിരുന്നു. നൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ കൃഷിപണിക്കാവശ്യമായ ഉഴവുകാളകളെയും പോത്തുകളെയും വളർത്തിയിരുന്നു. നെൽകൃഷി കുറയുകയും കൃഷികാര്യങ്ങൾക്ക് യന്ത്രങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങുകയും ചെയ്തപ്പോൾ ഉഴവുമാടുകളുടെ എണ്ണത്തിൽ കുറവു വന്നു. നാടൻ ഇനങ്ങൾ സങ്കരയിനങ്ങളായി മാറി. 1996 കാലി സെൻസസ് പ്രകാരം പഞ്ചായത്തിലുള്ള വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും കണക്ക് താഴെ ചേർക്കുന്നു.

പട്ടിക

വളർത്തുമൃഗങ്ങളും പക്ഷികളും

| | | |
|---|---|---|
| കാള | 205 | ടില്ലർ3 |
| പശു | 1172 | |
| എരുമ | 40 | |
| പോത്ത് | 33 | |
| ആട് | 826 | |
| പട്ടി | 325 | |

| | |
|---|---|
| ആന | 3 |
| കന്നുകുട്ടികൾ | 293 |
| കോഴി | 8208 |
| താറാവ് | 31 |
| കാളവണ്ടി | ഇല്ല |
| കലപ്പ | 47 |
| ടില്ലർ | 3 |

മിക്കവാറും എല്ലാ വീടുകളിലും നാടൻകോഴിയും പന്നിയും ഉണ്ട്. വളരെ ചുരുക്കം വീടുകളിൽ ശീമപന്നികൾ, ഇറച്ചികോഴികൾ, മുയൽ എന്നിവയും ഉണ്ട്. പശു, ആട്, എരുമ എന്നിവയാണ് മിക്ക വീടുകളിലും വളർത്തുന്ന മൃഗങ്ങൾ. പശുക്കളിൽ അധികവും സങ്കര ഇനത്തിൽ പെട്ടവയാണ്. അത്യുല്പാദനശേഷിയുള്ളവ കൂടുതൽ 8-ാം വാർഡിൽ. പാൽ ചായക്കടകളിലും മിൽക്ക് സൊസൈറ്റികളിലും വിൽക്കുന്നു. സൊസൈറ്റികൾ അടുത്ത് ഇല്ലാത്തവർ പാൽ വിൽപനയ്ക്ക് ബുദ്ധിമുട്ടുന്നു. മൂന്നാം വാർഡിൽ മുഴിയിലും 6-ാം വാർഡിൽ പണ്ടപ്പിള്ളിയിലും 8-ാം വാർഡിൽ തോട്ടക്കരയിലും മാത്രമെ സൊസൈറ്റികൾ ഉള്ളു. ഒന്നാം വാർഡിനടുത്ത് മാറാടിയിലുള്ള സംഘത്തിൽ ചിലർ പാൽ വിൽക്കുന്നു. ചിലർ മൂവാറ്റുപുഴയിലും വിൽപന നടത്തുന്നുണ്ട്.

കാലിത്തീറ്റ വിലയ്ക്കു വാങ്ങുന്നവരാണ് അധികവും. സ്വന്തമായി വൈക്കോലും പുല്ലും ഉള്ളവർ ചിലർ മാത്രം. 1,2,7,8 വാർഡുകളിൽ ചിലർ തീറ്റിപുല്ലു കൃഷി ചെയ്യുന്നുണ്ട്. വളരെ കുറച്ചുപേർ മാത്രമെ ഗോബർ ഗ്യാസ് ഉപയോഗിക്കുന്നുള്ളു. ആകെ 100 -ന് അടുത്ത് ഒരു വാർഡിൽ ശരാശരി 10 വരുന്നില്ല. 8-ാം വാർഡിൽ 30 എണ്ണമുള്ളപ്പോൾ 6-ാം വാർഡിൽ ഒന്നുപോലുമില്ല്.

കാലി വളർത്തൽ പൊതുവെ നഷ്ടത്തിലാണ്. കാരണങ്ങൾ, കാലിതീറ്റയുടെ വർദ്ധിച്ച വില, പാലിൻെറ വിലക്കുറവ്, തൊഴുത്തു നിർമ്മിക്കാനുള്ള അധികച്ചെലവ്, പ്രതിരോധ നടപടികൾക്കും ചികിൽസക്കുമുള്ള സൗകര്യക്കുറവ്. കറവപശുക്കൾക്ക് സാധാരണയായി അകിടുവീക്കം കാണുന്നു. കുളമ്പുരോഗം ഇടയ്ക്കിടയ്ക്ക് ചില സ്ഥലങ്ങളിൽ ഉണ്ടാകാറുണ്ട്. മൃഗങ്ങൾക്ക് ഇപ്പോൾ ചികിൽസാ സൗകര്യം ആരക്കുഴയുള്ള മൃഗാശുപത്രിയാണ്. എന്നാൽ മൃഗാശുപത്രി ഇല്ലായ്മകളുടെ ഒരു സ്ഥാപനമാണ്. മൂവാറ്റുപുഴയും വാഴക്കുളത്തും ചികിൽസതേടി പോകുന്നവരുണ്ട്. ചില വാർഡുകളിൽ ഇടയ്ക്കിടയ്ക്ക് പേപ്പട്ടിശല്യവും ഉണ്ടാകാറുണ്ട്.

## പ്രശ്നങ്ങൾ

1. കന്നുകാലികൾക്ക് വേണ്ട വൈക്കോൽ, പുല്ല് എന്നിവ വളരെ പരിമിതമാണ്.
2. വ്യവസായ ഉൽപന്ന കാലിതീറ്റകൾക്ക് അമിത വിലയാണ്.
3. മൃഗ സംരക്ഷണത്തിനുള്ള സാങ്കേതിക സഹായവും ചികിൽസാ സൗകര്യവും പഞ്ചായത്ത് മുഴുവൻ ലഭ്യമല്ല.
4. കോഴിതീറ്റയുടെ അമിതമായ വിലയും ചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തതയും കോഴി വളർത്ത ലിനെ പ്രതികൂലമായി ബാധിക്കുന്നു.

## സാദ്ധ്യതകൾ

(1) മൃഗാശുപത്രിയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുക. താഴ്ന്നതും ഉറവയുള്ളതുമായ പ്രദേശത്തുനിന്നു മാറ്റി സ്ഥാപിക്കുകയോ കെട്ടിടത്തിൻെറ തറനിരപ്പ് ഉയർത്തി കെട്ടിടം പുതുക്കി പണിയുകയോ ചെയ്യുക.

(2) മൃഗാശുപത്രിയിൽ ആവശ്യമായ ഉപകരണങ്ങളും മരുന്നും ലഭ്യമാക്കുക.

(3) മിനി ഡയറി യൂണിറ്റുകൾ - 3 പശു അടങ്ങുന്നുത് തുടങ്ങുന്നതിന് ബാങ്കുവായ്പയും സബ്സിഡിയും ലഭ്യമാക്കുക.

(4) വനിതാ സാരംഭകർക്കു 15 വനിതകൾ അടങ്ങുന്ന ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് DWCRA ധനസഹായം ലഭ്യമാക്കുക.

അടുക്കളമുറ്റത്തെ കോഴി വളർത്തൽ പദ്ധതി നടപ്പാക്കുക.

സ്ക്കൂൾ പൗൾട്രി ക്ലബ് - കുട്ടികളിൽ പഠനത്തോടൊപ്പം സമ്പാദ്യശീലം വളർത്തുന്നതിന് സഹായിക്കും വിധത്തിൽ രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സൗജന്യമായി മൂന്നു മുട്ടകോഴികളെ വീതം വിതരണം ചെയ്യുക.

(7) മുട്ടകോഴികളെയും ഇറച്ചികോഴികളെയും വളർത്തുന്നതിന് സഹകരണ സംഘങ്ങൾ രൂപീകരിക്കുക. ( സഹകരണ മേഖല കാണുക)

(8) ആട്, പന്നി എന്നിവ വളർത്തുന്നതിന് യൂണിറ്റുകൾ ആരംഭിക്കുക.

(9) പണ്ടപ്പിള്ളിയിൽ ICDP -യിൽ പെടുത്തി അനുവദിച്ചിട്ടുള്ള സബ്സെൻറർ ആരംഭിക്കുക.

## മൽസ്യബന്ധനം

ആരക്കുഴ, കൃഷി പ്രധാനമായിരുന്ന കാലഘട്ടത്തിൽ സമ്പന്നമായി മൽസ്യം വളർത്തിയിരുന്നു. പഞ്ചായത്തതിർത്തിയിൽ കൂടി ഒഴുകുന്ന തൊടുപുഴയാറിൻെറ ഉദ്ദേശം 15 കിലോമീറ്റർ നീളത്തിലും നെൽകൃഷി പാടങ്ങളിലും കുളങ്ങളിലും ധാരാളം ശുദ്ധജല മൽസ്യം പ്രത്യേക പരിചരണമൊന്നുമില്ലാതെ വളർന്നിരുന്നു. പാടങ്ങളിൽ നെൽകൃഷി കുറഞ്ഞുവരികയും കൃഷിക്ക് വ്യാപകമായ തോതിൽ കീടനാശിനികൾ ഉപയോഗിക്കുകയും കൃഷിക്ക് ഉപയോഗിച്ചുവന്നിരുന്ന കുളങ്ങൾ നികന്നുപോകുകയും ഇടുക്കി പദ്ധതിയ്ക്ക് മുമ്പ് തൊടുപുഴയാറ് വറ്റിവരളുകയും ചെയ്തതോടുകൂടി മൽസ്യങ്ങൾ ഇല്ലാതെയായി.

മൽസ്യകൃഷി തൊഴിലായി സ്വീകരിച്ചവർ ഈ പഞ്ചായത്തിൽ ഇല്ല. പ്രദേശത്തെ ജനങ്ങൾ സൈക്കിളിലും സ്ക്കൂട്ടറിലും കൊണ്ടുവരുന്ന മൽസ്യമാണ് ഉപയോഗിക്കുന്നത്.

ഇടുക്കി പദ്ധതി വന്നതിനുശേഷം തൊടുപുഴയാറ്റിൽ എപ്പോഴും ആവശ്യത്തിന് വെള്ളമുണ്ട്. സാമാന്യം മൽസ്യവും ഉണ്ട്. പഞ്ചായത്തിലെ നാലു കുളങ്ങൾ സാമാന്യം വിസ്തീർണ്ണമുള്ളവയാണ്.IV-ാം വാർഡിലെ തൃക്കേക്കുളം V-ാംവാർഡിലെ ചിറകണ്ടക്കുളം കാരടിക്കുളം VIII -ാംവാർഡിലെ തോട്ടക്കരച്ചിറ (ഒരേക്കറിലധികം വിസ്തൃതി) എന്നിവ നന്നാക്കി മൽസ്യം വളർത്താൻ ഉപയുക്തമാക്കാം. IX-ാം വാർഡിൽ ഒരു ഭാഗത്ത് നാടൻ മീൻ വളർത്തൽ ഉണ്ട്. VII-ാം വാർഡിൽ ഒരു വീട്ടിൽ മൽസ്യകൃഷി ഉണ്ട്.

### സാദ്ധ്യതകൾ

1) എം.വി. ഐ. പി. കാനാലിൽ വെള്ളം വരുന്നതോടുകൂടി ചതുപ്പുനിലങ്ങളായി മാറുന്ന പാടങ്ങളിൽ മൽസ്യ കൃഷി നടത്താവുന്നതാണ്.

2) നിലവിലുള്ള കുളങ്ങൾ ആഴം കൂട്ടി ജലസേചനത്തിനും മൽസ്യം വളർത്തുന്നതിനും ഉപയുക്തമാക്കാവുന്നതാണ്.

3) മൽസ്യക്കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.



# വ്യവസായ മേഖല

## വ്യവസായം

നൂറ്റാണ്ടുകളായി കാർഷികമേഖല മാത്രമായിരുന്ന ആരക്കുഴയിൽ ഒരറുപതു വർഷം മുമ്പ് ഉണ്ടായിരുന്ന വ്യവസായങ്ങൾ തെരുവ വാറ്റും പാക്കുവെട്ടുമായിരുന്നു. കൃഷിക്കാർ അവരവരുടെ തെരുവമലയ്ക്കടുത്ത് സ്ഥാപിക്കുന്ന വാറ്റുപുര ഷെഡിൽ ചെമ്പും വിപ്പയും സ്ഥാപിച്ച് പുല്ലുവാറ്റി തൈലമെടുത്തിരുന്നു. നാട്ടിൽ സുലഭമായിരുന്ന പാക്കു വാങ്ങിക്കൂട്ടി പാക്കാലകളിൽ അവ വെട്ടിപുഴുങ്ങി ഉണക്കി വിൽക്കുന്ന വ്യാപാരികൾ പാക്കുവെട്ടു നടത്തിയിരുന്നു. തേങ്ങാവാങ്ങി വിൽപ്പനയോടൊപ്പം വെട്ടിയുണക്കി കൊപ്രായുണ്ടാക്കുന്ന പ്രക്രിയയും നാട്ടിൽ പ്രചരിച്ചു. പാക്കാലകൾപോയെങ്കിലും കൊപ്രാ അട്ടികൾ ഇന്നും പ്രവർത്തിക്കുന്നു. എള്ളാട്ടുന്നതിനും കരിമ്പാട്ടുന്നതിനും ചക്കുകൾ സ്ഥാപിച്ചു നടത്തിയിരുന്നവ കാളകളെക്കൊണ്ടായിരുന്നു നടത്തിയിരുന്നത്.

നെല്ലുകുത്തുന്നതിനു ഒരു എൻജിൻ ആദ്യം സ്ഥാപിച്ചത് പഞ്ചായത്താഫീസിനടുത്തുള്ള മാളികപ്പീടികയിൽ അമ്പത്തിയാറോളം വർഷം മുമ്പായിരുന്നു. എൻജിൻ വച്ചു നടത്തുന്ന റൈസ് മില്ലുകൾ അധികം ആകുന്നതിനുമുമ്പേ ഇലക്ട്രിക്മോട്ടോറുകൾ ധാരാളം സ്ഥാപിതമായി.

ഈ പഞ്ചായത്തിൽ പരാമ്പരാഗത വ്യവസായമൊന്നുമില്ല. റബ്ബർ, ഇരുമ്പ്, ചെറുനാരങ്ങ, അരി, ഗോതമ്പ് തുടങ്ങിയവ അസംസ്കൃത സാധനങ്ങളായ ഏതാനും വ്യവസായങ്ങൾ മാത്രമേ ആരക്കുഴ പഞ്ചായത്തിലുള്ളൂ.

റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ - ഒന്നാം വാർഡിലെ സൂപ്പർസോണിക്സ് ഇൻഡസ്ട്രിയൽ കോംപ്ലക്സും സൂപ്പർ ലയൺ ഫ്ലാപ്സും ഏഴാം വാർഡിലെ എം. എം. റബ്ബേഴ്സും രണ്ടാം വാർഡിലെ ഒരു ചെരിപ്പു നിർമ്മാണ സ്ഥാപനവുമാണ് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ. സൂപ്പർസോണിക്സിൽ റബ്ബർകറ ഉറയാതെ സൂക്ഷിക്കാനുള്ള ഒരു പ്രക്രിയയേ ഉള്ളൂ. മറ്റുപല പ്രക്രിയകളും സാദ്ധ്യതയുണ്ടെങ്കിലും ആരംഭിച്ചിട്ടില്ല. തൊഴിലാളികൾ 20.

സൂപ്പർലയൺ ടയർഫ്ലാപ് ഉണ്ടാക്കുന്ന ഒരു ചെറിയ സ്ഥാപനം.

എം. എം. റബ്ബേഴ്സിൽ ടയർസോളുകൾ നിർമ്മിക്കുന്നു.

ചെറുനാരങ്ങ അച്ചാറുണ്ടാക്കുന്ന ഒരു ചെറുകിട വ്യവസായമാണ് ഗ്രാൻമാസ് പിക്കിൾസ്.

മദേഴ്സ് ഫുഡ് പ്രോഡക്ട്സ് എന്ന പേരിൽ നടത്തുന്ന ചെറുകിട വ്യവസായം റാഗിമിക്സ് നിർമ്മിക്കുന്നു.

ഓയിൽമിൽ ഫ്ളവർമിൽ നാലെണ്ണവും റൈസ്മിൽ 15 എണ്ണവും പത്തുബേക്കറിയും ഇവിടുത്തെ കൊച്ചുകൊച്ചു വ്യവസായങ്ങൾ.

ഷട്ടർ ഉണ്ടാക്കുന്ന ഒരു എൻജിനിയറിംഗ് സ്ഥാപനമാണ് വിമൽ റോളിംഗ് ഷട്ടേഴ്സ്.

ഗ്രിൽ ഉണ്ടാക്കുന്നവയും ട്രക്കുബോഡി നിർമ്മിക്കുന്നവയുമായ ആറു സ്ഥാപനങ്ങൾകൂടി ഈ പഞ്ചായത്തിലുണ്ട്. ഒരു ഫർണിച്ചർ ഷോപ്പും കട്ടിളജനാല നിർമ്മാണ സ്ഥാപനവും വ്യവസായത്തിൽപെടുത്താം. ആകെ വ്യവസായ സ്ഥാപനങ്ങൾ 44.

പഞ്ചായത്തതിർത്തിയിൽ വ്യാപാരസ്ഥാപനങ്ങൾ ആകെ 72.

നാളികേരം, റബ്ബർ, ചെറുനാരങ്ങ ഇവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾക്കു അസംസ്കൃതസാധനങ്ങൾ നാട്ടിൽ നിന്നു തന്നെയാണെങ്കിലും പഞ്ചായത്തിനു പുറത്തു നിന്നാണ്. മറ്റുള്ള വ്യവസായങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിനു പുറമെ നിന്നാണ്. ഗ്രാൻമാസ് സ്പിക്കിൾസിലും മദേഴ്സ് ഫുഡ്സിലും സ്ത്രീ തൊഴിലാളികളാണ് കൂടുതൽ.

വ്യവസായ രംഗത്ത് നേരിയ വർദ്ധനവേ ഈ പഞ്ചായത്തു പ്രദേശത്ത് കഴിഞ്ഞ 5 വർഷംകൊണ്ട് ഉണ്ടായിട്ടുള്ളൂ. ഏതാണ്ട് 5% - ൽ താഴെ ഉള്ള വ്യവസായങ്ങൾക്ക് വിപണന പ്രശ്നങ്ങൾ കാര്യമായി ഉള്ളതായി അറിവില്ല.

### പ്രശ്നങ്ങൾ

- വ്യവസായ കാര്യങ്ങളിലുള്ള സംരംഭകരുടെ അജ്ഞത.
- വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ ലഭ്യതക്കുറവ്.
- വൈദ്യുതിക്കുള്ള പ്രയാസം.
- സാമ്പത്തിക സ്ഥാപനങ്ങളുടേയും ഭരണസ്ഥാപനങ്ങളുടേയും സഹകരണക്കുറവ്.
- മലിനീകരണ പ്രശ്നങ്ങൾ.
- അസംസ്കൃത വസ്തുക്കളുടെ വിലക്കൂടുതൽ.

### വ്യവസായ സാദ്ധ്യതകൾ

- റബ്ബർകറയും തടിയും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ, പാലും പഴങ്ങളും അടിസ്ഥാനമാക്കി

യുള്ള സംസ്ക്കരണയൂണിറ്റുകൾ, പലഹാരം, മസാലപൊടി നിർമ്മാണ സ്ഥാപനങ്ങൾ, പ്ലാസ്റ്റിക ഇലക്ട്രോണിക് വ്യവസായ യൂണിറ്റുകൾ, കാലിത്തീറ്റ നിർമ്മാണം, ഉടുപ്പ് നിർമ്മാണം ഇവയും പ്രിൻറിങ്ങ് പ്രസ്സും സാദ്ധ്യതയുള്ള വ്യവസായങ്ങളാണ്. മെറ്റൽ ക്രഷറുകൾ സ്ഥാപിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിലും ഒന്നും ഒമ്പതും വാർഡുകളിൽ ജനങ്ങൾക്ക് ശക്തമായ എതിർപ്പുണ്ട്.

## മാർക്കറ്റ്.

കാർഷികവിളകളുടെ നാടായ ആരക്കുഴയിലെ ആളുകൾ അവരുടെ വ്യാപാരാവശ്യങ്ങൾക്കായി മൂവാറ്റുപുഴ, കൂത്താട്ടുകുളം, മാമലശ്ശേരി ചന്തകളിൽ പോയി വരുന്ന കാലമായിരുന്നു പണ്ട്. ആരക്കുഴ പള്ളിയിലെ കുംഭം 8-ാം തീയതി നടന്നിരുന്ന വ്യാപാരമേള ഏതാണ്ട് മൂന്നു മാസത്തോളം നീണ്ടു നിന്നിരുന്നുവെന്ന് ആളുകൾ പറയുന്നു. അടുത്തകാലത്തായി പണ്ടപ്പിള്ളിയിൽ ഒരു മാർക്കറ്റ് വന്നതോടെ വ്യവപാരസൗകര്യങ്ങൾ കുറെ മെച്ചപ്പെട്ടെങ്കിലും ഇന്ന് പ്രവർത്തനം മന്ദഗതിയിലാണ്. മൂവാറ്റുപുഴ നദീതട പദ്ധതിയുടെ കനാൽ മാർക്കറ്റ് റോഡ് അടച്ചുകളഞ്ഞു. ശനിയാഴ്ച ചന്തദിവസമായ പണ്ടപ്പിള്ളി മാർക്കറ്റ് ഇപ്പോഴും നടക്കുന്നുണ്ട് എങ്കിലും ഈ പഞ്ചായത്തിലെ ആളുകളുടെ ആവശ്യത്തിന് അത് പര്യാപ്തമല്ല.വാഴക്കുളവും മൂവാറ്റുപുഴയുമൊക്കെ പോകേണ്ടിവരുന്ന ആളുകൾക്ക് മാർക്കറ്റ് സൗകര്യം വർദ്ധിപ്പിക്കുക ആവശ്യമാണ്.

### പ്രശ്നങ്ങൾ

❊ പണ്ടപ്പിള്ളി മാർക്കറ്റിൽ സൗകര്യങ്ങൾ കുറവ്. ജനങ്ങൾക്ക് വ്യാപാരാവശ്യങ്ങൾക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടതിൻെറ പ്രയാസം.

### സാദ്ധ്യതകൾ

❊ പണ്ടപ്പിള്ളി മാർക്കറ്റ് കാലോചിതം പരിഷ്ക്കരിക്കുക

❊ കണ്ണങ്ങാടിയിൽ പുതിയ ഒരു മാർക്കറ്റും ബാങ്ക് സൗകര്യങ്ങളും ഏർപ്പെടുത്തുക

❊ മീങ്കുന്നത്ത് ഒരു മിനി മാർക്കറ്റ് തുടങ്ങുക.

## ഗതാഗതം

അരനൂറ്റാണ്ട്മുമ്പ് ആരക്കുഴയ്ക്ക് ഗതാഗതക്ഷമമായ റോഡുകൾ ഉണ്ടായിരുന്നില്ല.ആളുകൾ സാധാരണയായി കാൽനടയായി സഞ്ചരിച്ചിരുന്നു. വർഷകാലത്ത് ചെളിയായി നടക്കാൻ പോലും വിഷമമായിരുന്ന റോഡായിരുന്നു അൻപതു വർഷം മുമ്പ്. മഴയില്ലാത്തപ്പോൾ കാളവണ്ടികൾ ആരക്കുഴ വരെ വന്നിരുന്നു.വർഷകാലത്ത് വെള്ളപ്പൊക്കമില്ലാത്തപ്പോൾ വള്ളങ്ങളായിരുന്നു, പ്രധാന യാത്രോപാധികൾ. ആരക്കുഴയിൽ അരി, മണ്ണെണ്ണ, ഉണക്കമീൻ, പയറ്, തുടങ്ങിയവ ഇറക്കുകയും കുരുമുളക് , പാക്ക്, നാളികേരം , ഉണക്കകപ്പ തുടങ്ങിയവ കയറ്റുകയും ചെയ്യാൻ കെട്ടുവള്ളങ്ങൾ വർഷകാലത്ത് സാധാരണയായിരുന്നു. ഇപ്പോൾ 4 കടവിൽ കടത്തുവള്ളം മാത്രം.

ഇന്നു കാണുന്ന ആരക്കുഴ, മേമടങ്ങ്, മീങ്കുന്നം, തോട്ടക്കര, പെരിങ്ങഴ എന്നിവിടങ്ങളിലെ റോഡുകൾ രണ്ടാം ലോകമഹായുദ്ധത്തിനു മുമ്പുള്ള കാലങ്ങളിൽ ക്രിസ്ത്യൻ പള്ളികളുടെ പരിശ്രമത്തിൽ ശ്രമദാനമായി വെട്ടിയവയാണ്. റെയിൽവെ അടുത്തെങ്ങുമില്ല.

പഞ്ചായത്തിലെ പ്രധാന റോഡുകൾ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തുകൂടി പോകുന്ന എം.സി. റോഡും ഏതാണ്ടു നടുവിൽക്കൂടി പോകുന്ന മൂവാറ്റുപുഴ കൂത്താട്ടുകുളം റോഡുമാണ്. പി.ഡബ്ല്യു.ഡി. റോഡ് ടാറിട്ടതു 39 കി.മീറ്ററും ടാറിടാത്തത് 7 കി.മീറ്ററുമാണ്. പഞ്ചായത്തു സംരക്ഷിക്കുന്ന റോഡുകളിൽ 3 കി.മീറ്റർ ടാറിട്ടതാണ് . മണ്ണ് റോഡുകൾ 78 കി.മീറ്റർ.

ഗതാഗത സൗകര്യമില്ലാത്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഒന്നാം വാർഡ്. | പണ്ടിരിമല, തരിശുകുന്ന് ചിറക്കുന്ന് |
| രണ്ടാം വാർഡ്. | വടക്കു (ടവ്വർ ലൈൻ) കിഴക്കു (പുഴയോരം) ഭാഗങ്ങൾ |
| മൂന്നാം വാർഡ്. | കുമ്പളത്തലമല, കുഴിങ്ങരത്തണ്ട് പ്രദേശങ്ങൾ |
| നാലാം വാർഡ്. | പാലമല, കോഴിമല, പ്ലാക്കിത്തടം ഭാഗങ്ങളും മദ്ധ്യഭാഗം തൃക്കഭാഗത്തേയ്ക്കും |
| അഞ്ചാം വാർഡ്. | മദ്ധ്യഭാഗം, മുല്ലപ്പടി മുതൽ കിഴക്കോട്ട്, കുരിശുമല ഭാഗം. |
| ഏഴാം വാർഡ്. | പൊട്ടൻമല, ആറൂർ കോളനിക്കുന്ന്, ചേലപ്പുഴ, ആശുപത്രിക്കുന്ന്,നെടുംമ്പാറഭാഗങ്ങൾ |
| എട്ടാം വാർഡ്. | നടുക്കുന്ന്, മുത്തിയാരുകുന്ന്, ആടുകുഴി പ്രദേശങ്ങൾ |

ടാർ റോഡുകളിൽ തീരെ വീതി കുറഞ്ഞവ

1. ഒന്നും രണ്ടും വാർഡുകളിൽ - വട്ടക്കുടിക്കടവു റോഡ്
2. ഒമ്പത്, അഞ്ച്, എട്ട് വാർഡുകളിൽ - ആരക്കുഴ തോട്ടക്കര മാറിക റോഡ്
3. എട്ടാം വാർഡിൽ - തോട്ടക്കരക്ലബ് റോഡ്.

വീതികുറഞ്ഞ പ്രധാന ചെമ്മൺ റോഡുകൾ

1. മാറാടി പെരിങ്ങഴ റോഡ്
2. കണ്ണങ്ങാടി പൊന്നോത്ത് കടവ് റോഡ്
3. കണ്ണങ്ങാടി ഉപ്പുകണ്ടം റോഡ്
4. ആരക്കുഴ ഇടയാറ്റിൻകര റോഡ്
5. പണ്ടപ്പിള്ളി - കുടിയിട -കോട്ടേത്താഴം റോഡ്

പണിയാരംഭിച്ചിട്ട് വർഷങ്ങളായെങ്കിലും ഇനിയും പൂർത്തിയാകാത്ത ആരക്കുഴ മുഴി മാറാടി റോഡും, ബ്ലോക്കു റോഡും, പ്ലാക്കിത്തടം റോഡും ജനജീവിതത്തെ വളരെ ഞെരുക്കുന്നുണ്ട്.

പഞ്ചായത്തിൻെറ സാമ്പത്തിക നില ഭദ്രമല്ലെങ്കിലും പൊതുജനപങ്കാളിത്തത്തോടെ റോഡ് നിർമ്മാണവും സംരക്ഷണവും കാര്യമായ പങ്കു തിർക്കാൻ കഴിയും.

## പ്രശ്നങ്ങൾ

- ✧ അധികചെരുവു ഭാഗങ്ങളിൽ റോഡുകളിൽ മണ്ണൊലിപ്പ് കൂടുതലുണ്ടാകുന്നു.
- ✧ ടാറിട്ട റോഡുകൾക്കുപോലും കാനകൾ ഇല്ലാത്തതിനാൽ റോഡു വേഗം ചെളിക്കുഴികളാകുന്നു.
- ✧ പണ്ടപ്പിള്ളിയിൽ ടാക്സിക്കു സ്ഥലമില്ല.
- ✧ എന്നും വെള്ളമുള്ള തൊടുപുഴയാറിൻെറ മറുകരയ്ക്ക് പലർക്കും പല ആവശ്യങ്ങൾക്കും പോകാൻ ചില കടവുകളിലെ കടത്തുവള്ളങ്ങൾ മാത്രമാണ് ആശ്രയം.

## സാദ്ധ്യതകൾ

- ✧ പണ്ടപ്പിള്ളിയിൽ ഒരു ടാക്സി സ്റ്റാൻഡ് നിർമ്മിക്കാം
- ✧ ഗതാഗതം കൂടുതലുള്ള റോഡുകൾക്കു വീതി കൂട്ടി കാനതീർക്കുകയും സംരക്ഷണഭിത്തി കെട്ടുകയും ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കാനും കൂടുതൽ യാത്രാക്ഷമമാക്കാനും കഴിയും.
- ✧ റോഡു വീതി കൂട്ടുന്നതിനും കാനതീർക്കുന്നതിനും ജനപങ്കാളിത്തം തേടിയാൽ, വീതികുറഞ്ഞ റോഡുകൾ ടാറിടാനുള്ള നടപടികൾ ആരംഭിക്കാം.
- ✧ ഗതാഗതസൗകര്യമില്ലാത്ത പ്രദേശങ്ങളിലേയ്ക്ക് ദുർബലവിഭാഗങ്ങൾക്കും കൂടുതൽ ആളുകൾക്ക് സൗകര്യം കിട്ടുന്ന വിധം മുൻഗണനാക്രമത്തിൽ ജനപങ്കാളിത്തമനുസരിച്ച് പുതിയ റോഡുകൾ നിർമ്മിക്കാം.
- ✧ വാഴക്കുളത്തുനിന്ന് പെരുമ്പല്ലൂർ മാറാടി വഴി കടമറ്റത്തേയ്ക്കു പോകാൻ സൗകര്യപ്പെടുംവിധം തൊടുപുഴയാറിനു കുറുകെ വള്ളിക്കടക്കടവിൽ റോഡുപാലം നിർമ്മിക്കാം.
- ✧ വട്ടക്കുടിക്കടവിലും (ഒന്നാംവാർഡിൽ) പ്ലാത്തോട്ടത്തിൽക്കടവിലും (ഒമ്പതാം വാർഡിൽ) ഓരോ നടപ്പാലം തൂക്കുപാലം നിർമ്മിക്കണം.
- ✧ മുഴിയിൽ പമ്പുഹൗസിനു താഴെ ജലം സംഭരിക്കാൻ ബ്രിഡ്ജ് കം റഗുലേറ്റർ ആയി പണിതാൽ പാലത്തിൻേറയും ജലസംഭരണത്തിൻേറയും സൗകര്യങ്ങൾ നേടാം.

# ഊർജ്ജം

ആയിരത്തിതൊള്ളായിരത്തി മുപ്പതുകളുടെ അവസാനം തിരുവിതാംകൂറിലെ പള്ളിവാസൽ ജലവൈദ്യുതിപദ്ധതി വന്നതുമുതൽ ഈ പഞ്ചായത്തു പ്രദേശത്തിൻെറ പടിഞ്ഞാറുഭാഗത്തുകൂടി പള്ളം 66 കെ.വി. ലൈൻ ഉണ്ട്. ഇവിടങ്ങളിൽ വൈദ്യുതി വിതരണം ആരംഭിച്ചത് തിരുക്കൊച്ചിയായ ശേഷം 1955 നോടടുത്തായിരുന്നു. അന്ന് കൂത്താട്ടുകുളത്തിനുള്ള 11 കെ.വി. ലൈൻ നിർമ്മിച്ചത് പഞ്ചായത്തിൻെറ ഏതാണ്ട് മദ്ധ്യത്തിൽകൂടിയാണ്.

ഇപ്പോൾ പേഴയ്ക്കാപ്പിള്ളി 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും പഞ്ചായത്തിൻെറ ഉത്തരപൂർവ മദ്ധ്യഭാഗങ്ങളിലേയ്ക്കും കൂത്താട്ടുകുളം സബ്സ്റ്റേഷനിൽ നിന്നും ദക്ഷിണപശ്ചിമ ഭാഗങ്ങളിലേയ്ക്കും വൈദ്യുതി എത്തുന്നു.

മൊത്തം 19 ട്രാൻസ്ഫോർമറുകൾ പഞ്ചായത്തു പ്രദേശത്തു സ്ഥാപിച്ചിട്ടുണ്ടെങ്കിലും അധിക ഭാഗങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷം. ചുരുക്കം സ്ഥലങ്ങളിൽ ഇനിയും വൈദ്യുതി എത്താനുമുണ്ട്.

ഒന്നും ഒമ്പതും വാർഡുകളുടെ മദ്ധ്യഭാഗങ്ങളിലും, രണ്ടാം വാർഡിൻെറ തെക്കുകിഴക്കു ഭാഗങ്ങളിലും, മൂന്നാം വാർഡിൻെറ വടക്കുപടിഞ്ഞാറു ഭാഗങ്ങളിലും, നാല്, അഞ്ച്, ഏഴ് വാർഡുകളുടെ പടിഞ്ഞാറുഭാഗങ്ങളിലും, എട്ടാം വാർഡിൻെറ വടക്കുഭാഗവും വോൾട്ടേജ്ക്ഷാമ മേഖലകളാണ്.

പെരിങ്ങഴ - വടക്കേക്കര, ചിറകുന്ന്, പെരുമ്പല്ലൂർ - കുഴിങ്ങര, തോന്നോലി, കക്കൂത്തിനാമല, ആരക്കുഴ-കുരിശുമല, പണ്ടപ്പിള്ളി-കല്ലോലിക്കൽത്താഴം മാളിയേക്കത്താഴം, തോട്ടക്കര-മുത്തിയാർകുന്ന്, മിനിമാല, ഉടുമ്പൻചിറ, മീങ്കുന്ന്-ഊളക്കുന്ന് മൈലാടുമ്പാറ എന്നീസ്ഥലങ്ങളാണ് ഇനിയും വൈദ്യുതി എത്താത്തവ.

ഇപ്പോൾ പഞ്ചായത്തിൽ 2025 വീടുകളിലും, 79 വ്യാപാരസ്ഥാപനങ്ങളിലും, 47 വ്യവസായ സ്ഥാപനങ്ങളിലും 256 കൃഷിയിടങ്ങളിലും വൈദ്യുതിയുണ്ട്. തെരുവു വിളക്കുകൾ ആകെ 340. മൂവാറ്റുപുഴ കൂത്താട്ടുകുളം റോഡ്, എം.സി.റോഡ്, പെരിങ്ങഴ ആവോലി റോഡ്, പെരുമ്പല്ലൂർ വള്ളിക്കടവ് റോഡ്, ആരക്കുഴ മേമടങ്ങ് റോഡ്, ആരക്കുഴ മീങ്കുന്നം റോഡ്, പണ്ടപ്പിള്ളി തൊടുപുഴ റോഡ്, ആരക്കുഴ മാറിക റോഡ് ഈ റോഡുകളിലാണ് സ്ട്രീറ്റ് ലൈറ്റ്കൾ ബഹുഭൂരിപക്ഷവും. വള്ളിക്കട റോഡിലും മീങ്കുന്നം റോഡിലും, തോട്ടക്കര പാറക്കടവ് റോഡിലും, തോട്ടക്കര മേമടങ്ങ് റോഡിലും, ആരക്കുഴ തോട്ടക്കര( മാറിക) റോഡിൽ ഉള്ള ലൈനിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക സൗകര്യമാണ്.

ഊർജ്ജോപയോഗം ഇവിടെ പ്രധാനമായും വെളിച്ചത്തിനാണ്.വ്യവസായാവശ്യത്തിനും കൃഷിയാവശ്യത്തിനും ഇന്ന് ഇവിടെ ഉപയോഗിക്കുന്നതിൽ കൂടുതൽ ഊർജ്ജം പാചകാവശ്യത്തിന് വേണ്ടി വരുന്നു. പാചകഗ്യാസും ഗോബർഗ്യാസും ഉപയോഗം വളരെ പരിമിതമാണ്. വിറകാണ് പാചകത്തിന് ഉപയോഗിക്കുക. ഇതിൽ അഞ്ചിൽ ഒരു ഭാഗം ഊർജ്ജമേ ഉപകരിക്കുന്നുള്ളു.

### പ്രശ്നങ്ങൾ

- വൈദ്യുതി ഉള്ള സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം.
- എത്താത്ത സ്ഥലങ്ങളിൽ എത്തിക്കാൻ ബോർഡിൻെറ നിസ്സഹകരണം.
- വൈദ്യുതി ലൈനുകൾ കൃത്യമായി സംരക്ഷിക്കായ്കമൂലം അപകടസാദ്ധ്യതകൾ.
- നിരന്തരമായ ലോഡ് ഷെഡ്ഡിംഗും ദുസ്സഹമായ പവർക്കട്ടും.

### സാദ്ധ്യതകൾ

- മെച്ചപ്പെട്ട ട്യൂബ് ലൈറ്റുകളും, ചോക്കുകളും പ്രചരിപ്പിക്കാം
- കൂടുതൽ സോളാർ ലൈനുകൾ നിർമ്മാണവും സംരക്ഷണവും ജനപങ്കാളിത്തത്തോടെയാക്കാം.
- പുകയില്ലാത്ത അടുപ്പുകളും ബയോഗ്യാസ് പ്ലാൻറുകളും വ്യാപകമാക്കാം.
- പണ്ടപ്പിള്ളിയിൽ വൈദ്യുതി ആഫീസ് തുടങ്ങുക.

## വാർത്താവിനിമയം

അറുപതുവർഷം മുമ്പ് ആരക്കുഴയുള്ളവർ വാർത്താവിനിമയ സൗകര്യങ്ങൾക്ക് മൂവാറ്റുപുഴയിൽ പോകേണ്ടിയിരുന്നു. അവിടെ തപാൽ, കമ്പി, അഞ്ചൽ സൗകര്യങ്ങൾ ലഭ്യമായിരുന്നു. ഇന്ന് പഞ്ചായത്തിലുള്ള പോസ്റ്റാഫീസുകളിൽ ആദ്യത്തേത് അന്ന് അഞ്ചൽ ആഫീസായി ആരക്കുഴയിൽ ആരംഭിച്ചു. കാലക്രമത്തിൽ അഞ്ചൽ ആഫീസുകൾ തപാൽ വകുപ്പിൽ ലയിച്ച് ഹോരതപാലാഫീസായി. ഇപ്പോൾ പെരുമ്പല്ലൂർ,ആരക്കുഴ, പണ്ടപ്പിള്ളി,മേമടങ്ങ് തപാലാഫീസുകൾ പഞ്ചായത്തിലുള്ളവയാണ്. മീങ്കുന്നം തപാലാഫീസ് മാറാടി പഞ്ചായത്തിലാണെങ്കിലും ഈ പഞ്ചായത്തിലെ നല്ലൊരു ഭാഗത്ത് സേവനം നടത്തുന്നു. തപാലാഫീസുകൾ ആരക്കുഴ ഒഴികെയുള്ളവ പഴയ സ്വകാര്യകെട്ടിടങ്ങളിലാണു പ്രവർത്തിക്കുക. പുതിയ സ്വന്തംകെട്ടിടങ്ങൾ അവയ്ക്കാവശ്യമാണ്. മേമടങ്ങ് തപാലാഫീസ് കെട്ടിടം പണിനടക്കുന്നു.

പണ്ടപ്പിള്ളിയിലെ ടെലഫോൺ എക്സ്ചേഞ്ച് 18 വർഷം മുമ്പ് ആരംഭിച്ചു. 70 -ഓളം ഫോണുകൾ ആദ്യമുണ്ടായിരുന്നു. പരിഷ്ക്കരിച്ച് ആയിരം ലൈൻ ആയത് 1993 -ൽ. ഇപ്പോൾ പഞ്ചായത്തതിർത്തിയിൽ പണ്ടപ്പിള്ളി മൂവാറ്റുപുഴ എക്സ്ചേഞ്ചുകളിലായി 900 ടെലഫോണുകൾ ഉണ്ട്. കോഡ് 0485.

രാജ്യത്തെ അത്യന്താധുനിക വാർത്താവിനിമയ സംവിധാനമായ സാറ്റലൈറ്റ് എർത്ത് സ്റ്റേഷൻ കേരളത്തിലേത് ഈ പഞ്ചായത്തിലെ മീങ്കുന്നത്തിലാണ്. ഇൻസാറ്റ് ഉപഗ്രഹം ഉപയോഗിച്ച് കേരളത്തിലും പരിസരപ്രദേശങ്ങളിലും നിന്ന് വിദേശത്തേയ്ക്കും തിരിച്ചും ഫോൺസേവനം അതുവഴി നടക്കുന്നു. അവിടുത്തെ ജീവനക്കാർക്ക് അത്യാവശ്യ സൗകര്യങ്ങൾ ചെയ്യാൻ പഞ്ചായത്തിന് കഴിഞ്ഞില്ലെന്നു പരാതിയുമുണ്ട്.

### പ്രശ്നങ്ങൾ

- ❋ പഴയസൗകര്യം കുറഞ്ഞ തപാലാഫീസുകൾ
- ❋ കൂടെക്കൂടെ കേടുവരുന്ന ടെലിഫോൺ സംവിധാനം
- ❋ ടെലിഫോൺ ബിൽ അടയ്ക്കാൻ സൗകര്യക്കുറവ്.

### സാദ്ധ്യതകൾ

- ❋ പെരുമ്പല്ലൂർ, പണ്ടപ്പിള്ളി തപാലാഫീസുകൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കണം.
- ❋ ടെലിഫോൺ സേവനം മെച്ചപ്പെടുത്തണം. പണ്ടപ്പിള്ളിയിൽ ടെലികോം സെൻറർ തുടങ്ങണം.

## ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും

ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ ആരക്കുഴ പ്രദേശത്ത് നിലവിലിരുന്ന കെട്ടിടനിർമ്മാണശൈലി ഏതാണ്ട് ഇപ്രകാരമാണ്. ധനികർ കല്ലും, മരവും, കുമ്മായവും, ഓടും ഉപയോഗിച്ച് വീടുകൾ നിർമ്മിച്ചിരുന്നപ്പോൾ ഇടത്തരക്കാർ വെട്ടുകല്ലും ചെളിയും മരവും ഓലയും / വൈക്കോലും ഉപയോഗിച്ച് വീടുകൾ നിർമ്മിച്ചിരുന്നു. നിർദ്ധനരുടെ ഭവനനിർമ്മാണവസ്തുക്കൾ കാട്ടുകല്ല്, ചെളിമണ്ണ്, മുള, വൈക്കോൽ, പനമ്പ്, ഓല തുടങ്ങിയവയായിരുന്നു. നൂറ്റാണ്ടിൻെറ മദ്ധ്യത്തോടെ ഓടുമേഞ്ഞ വീടുകൾ സർവ്വസാധാരണമായപ്പോൾ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണവും ആരംഭിച്ചു. മരത്തിൻെറ ലഭ്യത കുറഞ്ഞതോടെ കമ്പിയും സിമൻറും കരിങ്കല്ലും കൂടുതലായി ഉപയോഗിക്കാൻ തുടങ്ങി. പാർപ്പിടനിർമ്മാണം വർദ്ധിച്ചതോടെ കുടിലുകൾ ഗണ്യമായി കുറഞ്ഞു.

പഞ്ചായത്തിൽ നിലവിലുള്ള കെട്ടിടങ്ങൾ (പട്ടിക കാണുക )

| ആകെ | രണ്ടുനില | ഓടു മേഞ്ഞത് | കോൺക്രീറ്റ് | ഓല | മറ്റിനം |
|---|---|---|---|---|---|
| 4031 | 145 | 2665 | 1137 | 224 | 5 |

അഞ്ചുവർഷം മുമ്പ് 3742 കെട്ടിടങ്ങളാണ് ഉണ്ടായിരുന്നത്. വർദ്ധനവ് 8% ആണ്. 4031 കെട്ടിടങ്ങളിൽ 3340 പാർപ്പിടങ്ങളാണുള്ളത്. ഇവയിൽ കുടിലുകൾ 7%വരും. അടുത്തകാലത്ത് യാത്രാസൗകര്യമുള്ള റോഡുകളോടു ചേർന്ന് കെട്ടിടനിർമ്മാണം വർദ്ധിച്ചു വരുന്നുണ്ട്. 10 വർഷം മുമ്പ് 1 ഉം 2 ഉം വാർഡുകളിൽ കുടിലുകളും പൂർത്തിയാകാത്ത വീടുകളും, ഉപഭോക്താക്കളും, നാട്ടുകാരും സഹകരിച്ച് സൗകര്യമുള്ള വീടുകളാക്കിയിട്ടുണ്ട്. ഇത് 50 -ഓളം വീടുകൾ വരും. ഇപ്പോൾ വീടുവയ്ക്കുന്നതിനായി സർക്കാർ സഹായപദ്ധതികൾ ലഭ്യമാക്കിയിട്ടുണ്ട്. IRDP പദ്ധതിയിൽ 36 വീടും JRY പദ്ധതിയിൽ 8 വീടും കഴിഞ്ഞ വർഷം തീർത്തിട്ടുണ്ട്. ഇപ്പോൾ അനുവാദമായത് 10 എണ്ണമുണ്ട്.

പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾ മൂന്ന് എണ്ണമുണ്ട്. 3-ാം വാർഡിൽ മുതകല്ല്, 5-ാം വാർഡിൽ കടുക്കാസിറ്റി, 9-ാം വാർഡിൽ മേമടങ്ങ് എന്നിവയാണ് അവ. 6-ാം വാർഡിലെ ആറൂർ, മൈലാടുംപാറ, 5-ാം വാർഡിൽ കുരിശുമല, 2-ാം വാർഡിൽ തോർന്നോലി, 1-ാം വാർഡിൽ തരിശുകുന്ന് എന്നി കോളനികളിൽ കുടിലുകൾ മാറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ 6,7 വാർഡുകളിൽ കോളനി സ്ഥാപിക്കുന്നതിന് സ്ഥലം കിട്ടുവാൻ സാദ്ധ്യതയുണ്ട്. പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്തവർ ഉണ്ട്. ഇവർ എല്ലാ വിഭാഗങ്ങളിലും പെട്ടവരാണ്. ഭവനനിർമ്മാണ സൊസൈറ്റികൾ പഞ്ചായത്തിൽ ഇല്ല.

സിമെൻറ്കട്ടിള, ജനാല, ഇഷ്ടിക എന്നിവ നിർമ്മിക്കുന്ന ഒന്നു രണ്ട് ചെറുകിട സ്ഥാപനങ്ങളുണ്ട്. കെട്ടിട നിർമ്മാണരംഗത്ത് പുരുഷൻമാർക്ക് 125 മുതൽ 150 രൂപ വരെയും സ്ത്രീകൾക്ക് 100 രൂപ വരെയുമാണ് കൂലി.

### പാർപ്പിട രംഗത്തെ പ്രശ്നങ്ങൾ.

- ❖ നിർമ്മാണവസ്തുക്കളുടെ ദൗർലഭ്യം
- ❖ വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം
- ❖ വളരെ ഉയർന്ന വേതനനിരക്ക്

- വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
- ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണവിദ്യ അറിവില്ലായ്മ.

### സാദ്ധ്യതകൾ

- നിർമ്മാണ സാമഗ്രികൾ കുറഞ്ഞവിലയ്ക്കു ലഭ്യമാക്കുക
- ചെലവു കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം
- തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം.
- ഭവന നിർമ്മാണ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക
- കെട്ടിട നികുതി ചിലവിനെ അടിസ്ഥാനപ്പെടുത്തി പുനഃസംവിധാനം ചെയ്യുക.
- കെട്ടിട സംരക്ഷണ പ്രവർത്തനങ്ങൾക്കു സഹകരണസംഘം രൂപപ്പെടുത്തുക.

## സാമൂഹ്യക്ഷേമം

സാമൂഹ്യസേവനരംഗത്ത് സഹായം ലഭിക്കേണ്ടുന്ന പലരും ഉണ്ടെങ്കിലും, സഹായം ലഭിക്കുന്നവർ വളരെ കുറവാണ്. കാരണമായി കാണുന്നത് പദ്ധതികളെക്കുറിച്ച് സാമാന്യജനത്തിനുള്ള അറിവില്ലായ്മ, അധികൃതരുടെ അനാസ്ഥ, സർക്കാരിൻെറ സാമ്പത്തിക പരാധീനത എന്നിവയാണ്. 58 പുരുഷൻമാരും 25 സ്ത്രീകളും വികലാംഗരുള്ളതിൽ 27 പുരുഷൻമാരും 16 സ്ത്രീകളും 25-നും 45- നും മദ്ധ്യേ പ്രായമുള്ളവരാണ്. ഇതിൽ 8 പേർക്കാണ് നിലവിൽ വികലാംഗ പെൻഷൻ ലഭിക്കുന്നത്. അതുപോലെ അഗതി പെൻഷൻ 16 പേരും വിധവാ പെൻഷൻ 8 പേരും വാർദ്ധക്യപെൻഷൻ 20 പേരും കർഷകത്തൊഴിലാളി പെൻഷൻ 22 പേരും തൊഴിലില്ലായ്മ വേതനം 30 പേരും വാങ്ങുന്നതായി രേഖകളിൽ കാണുന്നു. അർഹതയുള്ള അനവധിപേർ ഇനിയും അപേക്ഷിച്ചിട്ടില്ല.

പെൻഷൻ അനുവദിക്കുന്നത് ജില്ലാ പഞ്ചായത്ത് ആയതിനു ശേഷം കുറെ പുരോഗതി ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ വൃദ്ധമന്ദിരം വേണമെന്ന് ജനങ്ങൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ മാനസിക രോഗികളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക കേന്ദ്രം തീർച്ചയായും ഉണ്ടാവണം.ഇപ്പോൾ അഗതികളായ സ്ത്രീകൾക്കുവേണ്ടി പെരിങ്ങഴ S.D മഠത്തിനോടനുബന്ധിച്ചും ആരക്കുഴ കർമ്മലീത്തമഠത്തിനോടനുബന്ധിച്ചും ഓരോ അഗതി മന്ദിരങ്ങളുണ്ട്. അവിടുത്തെ അന്തേവാസികൾ 31- ഉം 14- ഉം വീതം.


പഞ്ചായത്തതിർത്തിയിലുള്ള കത്തോലിക്കാ പള്ളികളോടനുബന്ധിച്ച് വിൻസെൻറ് ഡി.പോൾ സൊസൈറ്റികൾ സാധു കുടുംബങ്ങൾക്ക് അത്യാവശ്യ സഹായങ്ങൾ നൽകുന്നുണ്ട്. കഴിഞ്ഞവർഷം 2500 രൂപയുടെ ധനസഹായം നടന്നിട്ടുണ്ട്.


### പ്രശ്നങ്ങൾ

- ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ അർഹരായവരെ ഒഴിച്ചുനിർത്തി ഇടത്തട്ടുകാർക്കും അനർഹരായവർക്കും ഗുണമെടുക്കാൻ സഹായിക്കുന്ന വിധത്തിൽ നടപ്പാക്കുന്നു.
- സഹായ പദ്ധതികൾ പരസ്യപ്പെടുത്താതിരിക്കുന്നു
- ആനുകൂല്യങ്ങൾ ലഭിക്കാൻ താമസവും തടസ്സങ്ങളും

### സാദ്ധ്യതകൾ

- സർക്കാർ ആനുകൂല്യം ലഭിക്കാനുള്ളവ വഴിമാറിപ്പോകാതെ പദ്ധതികൾ അർഹരായവരെ തെരഞ്ഞെടുക്കുന്നതിൽ സുതാര്യത ഉറപ്പാക്കാം
- ലിസ്റ്റ് ഗ്രാമ സഭയിൽ കൊണ്ടുവരാം.
- ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നവരെ കണ്ടെത്തുക





ആരക്കുഴ ഗ്രാമ പഞ്ചായത്ത്
Ⓐ കൃഷിഭവൻ
Ⓑ ബാങ്കുകൾ
Ⓓ അഗതിമന്ദിരങ്ങൾ
Ⓔ വൈദ്യുതി ആഫീസ്
Ⓗ ആശുപത്രികൾ
Ⓛ ലൈബ്രറികൾ
Ⓜ മാർക്കററ്
Ⓟ പോസ്റ്റാഫീസുകൾ
പഞ്ചായത്താഫീസ്
Ⓡ റേഷൻകടകൾ
Ⓢ സ്കൂളുകൾ
Ⓣ ട്രാൻസ്ഫോർമറുകൾ
Ⓥ വില്ലേജാഫീസ്
VH മൃഗാശുപത്രി
പള്ളികൾ
ക്ഷേത്രങ്ങൾ
ടെലിഫോൺ എക്സ്ചേഞ്ച്
220 കെ.വി. ലൈൻ
I
II
III
IV
V
VI
VII
VIII
മാറാടി പഞ്ചായത്ത്
ആരക്കുഴ
പാലക്കുഴ പഞ്ചായത്ത്
N
W
E
S

# സേവന മേഖല

# പൊതുജനാരോഗ്യം

വികസന പ്രവർത്തനത്തിൻെറ പ്രധാനപ്പെട്ട ഇനമാണ് ആ പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യം. ആരക്കുഴ പഞ്ചായത്തിൽ പണ്ടപ്പിള്ളിയിലുള്ള പബ്ലിക് ഹെൽത്ത് സെൻറർ V-ാം വാർഡിലുള്ള ഹോമിയോ ഡിസ്പെൻസറി പഞ്ചായത്തോഫീസിനോടനുബന്ധിച്ച് ആരംഭിച്ചിട്ടുള്ള ആയുർവേദ ഡിസ്പെൻസറി, III-ാം വാർഡിലും V-ാം വാർഡിലുമുള്ള ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങളും അടങ്ങിയതാണ് സർക്കാർ പൊതുജനാരോഗ്യ സംവിധാനം. ഇവ കൂടാതെ സ്വകാര്യ മേഖലയിൽ V-ാം വാർഡിൽ ഒരു ഡിസ്പെൻസറിയും പണ്ടപ്പിള്ളിയിൽ ഒരു ഹോമിയോ ക്ലിനിക്കും I-ാം വാർഡിൽ പെരിങ്ങഴ S.D.കോൺവെൻറിനോട് അനുബന്ധിച്ച് ഒരു ഡിസ്പെൻസറിയും പ്രവർത്തിക്കുന്നുണ്ട്. I, VI, IX വാർഡുകളിൽ പെട്ടവർക്ക് ആരോഗ്യശുശ്രൂഷ ലഭിക്കുവാൻ കൂടുതൽ ദൂരം യാത്ര ചെയ്യണം. പത്തുകിലോ മീറ്റർ യാത്ര ചെയ്ത് മൂവാറ്റുപുഴ എത്തിയാണ് പലരും വൈദ്യശുശ്രൂഷ നേടുന്നത്.

നിലവിലുള്ള സ്ഥാപനവിവരം പ്രത്യേകം പട്ടികയായി ചേർത്തിട്ടുണ്ട്.

അഞ്ചാംപനി, ചെങ്കണ്ണ്, അതിസാരം, മഞ്ഞപ്പിത്തം ഇവ സാധാരണയായും എലിപ്പനി മുണ്ടിനീര് ഇവ വിരളമായും കാണപ്പെടുന്ന പകർച്ചവ്യാധികളാണ്.

പഞ്ചായത്തിൽ പകുതിയോളം വീടുകൾക്ക് കക്കൂസുകൾ നിലവിലുണ്ട്. പഞ്ചായത്തിലെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

## സ്ഥാപന വിവരങ്ങൾ

| സ്ഥാപനത്തിൻെറ പേര് | | കെട്ടിടം സ്വന്തം/വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സന്ദർശിച്ച ഔട്ട് പേഷ്യൻറ് | രോഗികളുടെ എണ്ണം ഇൻപേഷ്യൻറ് |
|---|---|---|---|---|---|---|
| ക്രമ നമ്പർ | 1 | 2 | 3 | 4 | 5 | 6 |
| 1 | പബ്ലിക്ക് ഹെൽത്ത് സെൻറർ( സർക്കാർ) സബ് സെൻററുകളും | സ്വന്തം | 28 | 1961 | 14,939 | 138 |
| 2 | സർക്കാർ ഹോമിയോ ഡിസ്പെൻസറി | സ്വന്തം | 3 | 1984 | 15,639 | - |
| 3 | സർക്കാർ ആയുർവ്വേദ ആശുപത്രി | പഞ്ചായത്ത് വക | 3 | 1996 | ലഭ്യമല്ല | - |
| 4 | എസ്. എച്ച്. ഹോസ്പിറ്റൽ | സ്വന്തം | - | - | 8078 | 480 |

## പ്രശ്നങ്ങൾ

1. പണ്ടപ്പിള്ളി ഹെൽത്ത് സെൻററിൽ ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും ഡോക്ടേഴ്സ് താമസിക്കുന്നില്ല.
2. സ്ഥിരമായി ഡോക്ടർമാർ ഇല്ല.
3. വാർഡുകളിലെ സൗകര്യങ്ങൾ അപര്യാപ്തമാണ്. ഡോക്ടർമാർ ക്വാർട്ടേഴ്സിൽ താമസിക്കാത്തതുകൊണ്ട് രോഗികളെ കിടത്തി ചികിത്സിക്കുന്നില്ല.
4. മരുന്നുകൾ വേണ്ടവിധം ലഭിക്കുന്നില്ല.
5. ലാബ്രട്ടറിയുടെ പ്രവർത്തനം തൃപ്തികരമല്ല.
6. ആശുപത്രി കെട്ടിടത്തിൻെറ അറ്റകുറ്റ പണികൾ ചെയ്യുന്നില്ല.

## സാദ്ധ്യതകൾ

1. പബ്ലിക്ക് ഹെൽത്ത് സെൻററിൽ സ്ഥിരമായി ഡോക്ടർമാരെ നിയമിക്കുകയും ക്വർട്ടേഴ്സിൽ താമസം ഉറപ്പുവരുത്തുകയും ചെയ്യുക.
2. ഹോമിയോ ഡിസ്പെൻസറി വികസിപ്പിച്ച് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ടാക്കുക. കെട്ടിടത്തിനു ചുറ്റും മതിൽ കെട്ടുക.
3. പബ്ലിക്ക് ഹെൽത്ത് സെൻററിലും ഹോമിയോ ആയുർവ്വേദ ഡിസ്പെൻസറികളിലും ആവശ്യമായ മരുന്ന് ലഭ്യമാക്കുക.
4. സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കുക.
5. എല്ലാ വിടുകൾക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള പരിപാടി തയ്യാറാക്കുക.
6. ആയുർവ്വേദ ആശുപത്രി കെട്ടിടം പണിപൂർത്തിയാക്കണം.
7. സ്റ്റാഫ് പാറ്റേൺ ഏകീകരിച്ച് ഒരു ഫാർമസിസ്റ്റിനെക്കൂടി അനുവദിക്കുക.

# കുടിവെള്ളം

കുടിവെള്ളമായി കിണറുകളിൽ നിന്നുമാത്രം വെള്ളം ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു പാരമ്പര്യമാണ് ഈ പ്രദേശത്തുള്ളത്.അടുത്ത കാലങ്ങളിലായി കിണറുകളിലെ വെള്ളം നേരത്തെ വറ്റുന്ന പ്രതിഭാസം പഞ്ചായത്തിലെ എല്ലാ സ്ഥലത്തും വന്നു കഴിഞ്ഞു.ആരക്കുഴ മുഴിയിലെ ശുദ്ധജല പദ്ധതി തുടങ്ങിയതോടുകൂടി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്ക് പൈപ്പ് ലൈനും നീട്ടാൻ തുടങ്ങി. എങ്കിലും ഇന്ന് പൈപ്പ് വഴിയോ കിണറു മുഖേനയോ വേനൽക്കാലത്ത് വണ്ടിയിലെത്തിക്കുന്ന സംവിധാനം വഴിയോ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും രൂക്ഷമായ ജലദൗർലഭ്യത്തെ അഭിമുഖീകരിക്കാൻ കഴിയുന്നില്ല.വേനൽക്കാലത്തും വെള്ളമുള്ളത് മാറികത്തോടിൻേറയും മറ്റാപ്പിള്ളി (പള്ളി) ത്തോടിൻേറയും പുഴയോടടുത്ത ഒരു കിലോമീറ്റർ ഭാഗങ്ങളിലും, തൊടുപുഴയാറിൻെറ തീരത്തും, മീങ്കുന്നം ആറൂർ നിലങ്ങളുടെ പരിസരങ്ങളിലും ആണ്. ആറൂർ കോളനിയുടെ പരിസരത്തും മറ്റ് ചില അപൂർവ്വ സ്ഥലങ്ങളിലും കിണറുകളിൽ ഏതാണ്ട് കുടിവെള്ളം തികയും.രണ്ട് ഓലികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

1. മേക്കുഴിക്കാട്ട് മലയുടെ അടിവാരം
2. ആരക്കുഴ മീങ്കുന്നം റോഡിൻെറ വടക്കുഭാഗത്ത്- മാറാടി ബ്രാഞ്ച് കനാലിൻെറ അരികിൽ .

ഇവയിൽ എന്നും വെള്ളമുള്ളതായി കാണുന്നു.

മഴക്കാലം മാറിയാൽ രൂക്ഷമായ ജലദൗർലഭ്യം നേരിടുന്ന സ്ഥലങ്ങൾ.

കണ്ണങ്ങാടിയ്ക്കു കിഴക്കുവശമുള്ള ഭാഗങ്ങൾ, ഉപ്പുകണ്ടം ഭാഗങ്ങൾ, പ്ലാക്കിത്തടം, കോഴിമല, പാലമല, കുരിശുമല, കടുക്കാസിറ്റി ഭാഗം, കൊന്നാനിക്കാട്, കൊറ്റമല, ആറൂർ, വാകപ്പിള്ളി, ചേലപ്പുഴ, മുല്ലപ്പടി മുകൾഭാഗം, പൊട്ടൻമല മഞ്ഞമാക്കിത്തടം, ആശുപത്രിക്കുന്ന്,നെടുമ്പാറ, ഇല്ലിക്കുന്ന്, കോപ്രം മല, പുതമ്പാറ കോളനി മറവൻകുന്ന്, മടുക്കുന്ന് ചിറപ്പടി, മൂഴകൊമ്പ്.

ഈ സ്ഥലങ്ങളിലുള്ള ആളുകൾ ഒന്നു മുതൽ രണ്ടുവരെ കിലോമീറ്റർ ദൂരം തലച്ചുമടായി വെള്ളം കൊണ്ടുവരുന്നു. ഈ സ്ഥലങ്ങളിൽ പലയിടത്തും പൈപ്പുണ്ടെങ്കിലും വെള്ളം എത്തുക വിരളം.

## പ്രശ്നങ്ങൾ

- ആണ്ടുവട്ടത്തിൽ 3 മുതൽ 6 വരെ മാസങ്ങൾ കുടിവെള്ളം ലഭിക്കാത്ത വളരെയേറെ സ്ഥലങ്ങൾ .
- ജലം സംഭരിക്കാൻ നടന്നുപോകാൻ നല്ല വഴിപോലുമില്ലാത്ത അവസ്ഥ.
- ലോറിവെള്ളത്തിൻെറ അപര്യാപ്തത.

## സാദ്ധ്യതകൾ

- ആരക്കുഴ മുഴിയിൽ വേനൽക്കാലത്തും കുടിവെള്ളം സംഭരിക്കാൻ ചെക്ക് ഡാം നിർമ്മിക്കാം.
- ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും പ്രയോജനപ്പെടും വിധം വിപുലപ്പെടുത്തി നടപ്പിലാക്കുക.

# വിദ്യാഭ്യാസം

ദേശീയ പ്രസ്ഥാനവും അതിൻെറ ഭാഗമായ സാമൂഹിക പരിഷ്ക്കരണ പ്രവർത്തനങ്ങളും ആരക്കുഴയിലെ വിദ്യാഭ്യാസ രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തുകയുണ്ടായി. കത്തോലിക്ക സമുഹവും അവർ ആരംഭിച്ച വിദ്യാലയങ്ങളും ആരക്കുഴ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് സംഭാവനകൾ നൽകിയിട്ടുണ്ട്-നൽകുന്നുണ്ട്. 1915-ൽ ആരംഭിച്ച കർമ്മലീത്താ മഠത്തോടനുബന്ധിച്ചുള്ള സെൻറ്. ജോസഫ്സ് എൽ.പി. സ്ക്കൂളാണ് ആരക്കുഴയിലെ ആദ്യത്തെ സ്ക്കൂൾ. ഈ സ്ക്കൂളാണ് സെൻറ്. ജോസഫ്സ് ജി.എച്ച്.എസ് ആയി മാറിയത്.

1953-ന് മുമ്പ് ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി മൂവാറ്റുപുഴയിലോ വാഴക്കുളത്തോ എട്ട് പത്ത് കിലോമീറ്റർ നടന്നാണ് ആരക്കുഴ നിവാസികൾ പൊയ്ക്കൊണ്ടിരുന്നത്. 1953-ലാണ് സെൻറ്. മേരീസ് ബോയിസ് സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തിയത്. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങളുടെ വിവരങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. ( പട്ടിക 1 കാണുക)

1968-ൽ ആരംഭിച്ച പഞ്ചായത്ത് എൽ.പി.സ്ക്കൂൾ ഒഴികെ ആരക്കുഴയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രിസ്ത്യൻ മാനേജ്മെൻറ് വകയാണ്. പണ്ടപ്പിള്ളി ഗവ. യു.പി. സ്ക്കൂൾ ക്രിസ്ത്യൻ മാനേജ്മെൻറ് വിട്ടുകൊടുത്തതാണ്.

1947-ൽ ആരംഭിച്ച പണ്ടപ്പിള്ളി നാഷണൽ ലൈബ്രറി അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ഗണ്യമായ സംഭാവന ചെയ്തുകൊണ്ടിരിക്കുന്നു. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു പുറമെ മൂന്നാം വാർഡിലും ഏഴാം വാർഡിലും ഓരോ ട്യൂഷൻ സെൻററുകൾ പ്രവർത്തിക്കുന്നു. 1,2,4,7,8 വാർഡുകളിൽ നേഴ്സറി സ്ക്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി മൂവാറ്റുപുഴ, കുത്താട്ടുകുളം, കോതമംഗലം, കോലഞ്ചേരി എന്നി പ്രദേശങ്ങളിലെ കോളേജുകളെയാണ് ആശ്രയിക്കുന്നത്. സമീപപ്രദേശങ്ങളിൽ കോളേജുകൾ ഇല്ലാതിരുന്ന കാലത്ത് ആലുവ, തൃശ്ശിനാപ്പള്ളി തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടിയ പൂർവ്വികരും ഈ പഞ്ചായത്തിലുണ്ടായിരുന്നു- പരേതരായ റിട്ട.ജഡ്ജി തോമസ് മാതേയ്ക്കലും ഐ. എബ്രാഹം കൊച്ചിക്കുന്നേലുമായിരുന്നു ആരക്കുഴ പഞ്ചായത്തിലെ ആദ്യകാല ബിരുദധാരികൾ-

ഈ പഞ്ചായത്തിനുള്ളിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുമില്ല. മൂവാറ്റുപുഴയിൽ പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് ഏറ്റവും അടുത്തുള്ളത്. ഏറ്റവും അടുത്ത എഞ്ചിനിയറിംഗ് കോളേജ് കോതമംഗലത്താണ്.

പഞ്ചായത്തിനകത്തുള്ള വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു. ഇതിനു പുറമെ അഞ്ഞൂറോളം കുട്ടികൾ സമീപപ്രദേശമായ മൂവാറ്റുപുഴയിലെ നിർമ്മല ഹൈസ്ക്കൂൾ, നിർമ്മല ജൂണിയർ സ്ക്കൂൾ, സെൻറ്. അഗസ്റ്റ്യൻസ് ഹൈസ്ക്കൂൾ പാലക്കുഴ പഞ്ചായത്തിലെ ഗവ.ജി.എച്ച്. എസ് എന്നിവിടങ്ങളിൽ പഠിക്കുന്നുണ്ട്.

കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കനുസരിച്ച് എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവ്, ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനോടുള്ള അധിക താത്പര്യം, മെച്ചപ്പെട്ട വിദ്യാലയങ്ങളോടുള്ള ആകർഷണം, യാത്രാ സൗകര്യക്കുറവ് എന്നിവയാണ് ഇതിനുള്ള കാരണങ്ങൾ.

നിലവിലുള്ള മൂന്നുഹൈസ്ക്കൂളുകളിൽ രണ്ടെണ്ണം പഞ്ചായത്തിൻെറ നാലാം വാർഡിലും ഒരെണ്ണം ഒമ്പതാം വാർഡിൻെറ കിഴക്കേ അതിർത്തിയിലുമാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനായി മിക്ക വിദ്യാർത്ഥികൾക്കും മൂന്നു കിലോ മീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിക്കണം. മറ്റു സ്ക്കൂളുകളിലേയ്ക്ക് കൂടുതൽ ദൂരം നടക്കേണ്ടി വരുന്നു.യാത്രാദൂരം പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്നു. 3,6 വാർഡുകളിൽ സ്ക്കൂളുകൾ ഇല്ല. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം. ( പട്ടിക 2 കാണുക)

S.S.L.C വിജയശതമാനം പൊതുവെ തൃപ്തികരമാണ്. മേമടങ്ങ് ഹൈസ്ക്കൂളും സെൻറ്. ജോസഫ്സ് ഹൈസ്ക്കൂളും ഉന്നതനിലവാരം പുലർത്തി വരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരക്കുഴ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് ഏഴാം വാർഡിലെ Govt. U.P.S ടെക്നിക്കൽ ഹൈസ്ക്കൂളാക്കി മാറ്റണം. ഒമ്പതാം വാർഡിൽ നിലവിലുള്ള L.P. സ്ക്കൂൾ U.P. സ്ക്കൂൾ ആക്കണം. 1,2 വാർഡുകളിലെ സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം. മൂന്നാം വാർഡിൽ ടെക്നിക്കൽ

# പട്ടിക – 1

## ആരക്കുഴ ഗ്രാമ പഞ്ചായത്ത്

### സ്ക്കൂളുകളുടെ പൊതു വിവരം

| സ്ക്കൂളിന്റെ പേര് | ഹൈ സ്ക്കൂൾ യു.പി./ എൽ.പി. പ്രീ. പ്രൈമറി | സ്ക്കൂളിന്റെ ഉടമസ്ഥത: സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം: ആകെ അദ്ധ്യാപക പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | തോട്ടം ഉണ്ടാക്കാവുന്ന കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ പഠനത്തി... അറ്റകുറ്റപണി... ഫർണിച്ചർ റിപ്പയർ തുടങ്ങിയ... സംബന്ധി... |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| സെൻറ്. ജോസഫ്സ് ഗേൾസ് ആരക്കുഴ | ഹൈ സ്ക്കൂൾ | | ✓ | | | - | 532 | 532 | 23 | 23 | - | 1 | 3 ഏക്കർ | 2025 SQM | | |
| സെൻറ്. മേരീസ് ബോയിസ് ആരക്കുഴ | -do- | | ✓ | | | 340 | - | 340 | 16 | 16 | - | - | 3 ഏക്കർ | 8240 SQM | | |
| സെൻറ്. സെബാസ്റ്റ്യൻസ് മേമടങ്ങ് | -do- | | ✓ | | | 141 | 133 | 274 | 13 | 13 | - | - | 2 1/2 ഏക്കർ | ഒരേക്കർ | | |
| സെൻറ്. ജോർജ്ജസ് യു.പി.തോട്ടക്കര | യു.പി. എൽ.പി. | | ✓ | | | 93 | 85 | 178 | 8 | 8 | - | - | 1 1/2 ഏക്കർ | 1/2 ഏക്കർ | | |
| ഗവ.യു.പി. പണ്ടപ്പിള്ളി | -do- | ✓ | ✓ | | | 116 | 96 | 212 | 8 | 8 | - | - | 1 ¾ ഏക്കർ | 1/2 ഏക്കർ | | |
| സെൻറ്. ജോസഫ്സ് യു.പി. പെരിങ്ങഴ | -do- | | ✓ | | | 142 | 136 | 278 | 12 | 12 | - | - | 1 1/2 ഏക്കർ | - | | |
| സെൻറ്. ജോസഫ്സ് എൽ.പി. ആരക്കുഴ | എൽ.പി. | | ✓ | | | 147 | 113 | 260 | 8 | 8 | - | - | 1/2 ഏക്കർ | 30 സെന്റ് | | |
| എസ്.എച്ച്.എൽ.പി. പെരുമ്പല്ലൂർ | എൽ.പി. | | ✓ | | | 69 | 84 | 153 | 5 | 6 | - | - | 1 1/2 ഏക്കർ | 200 മീറ്റർ | | |
| സെൻറ്. സെബാസ്റ്റ്യൻസ് എൽ.പി.അരിക്കുഴ | എൽ.പി. | | ✓ | | | 82 | 82 | 164 | 5 | 5 | - | - | 1/2 ഏക്കർ | 1/2 ഏക്കർ | | |
| പഞ്ചായത്ത് എൽ.പി.ആരക്കുഴ | എൽ.പി. | [illegible] | ✓ | | | 29 | 32 | 61 | 4 | 4 | - | - | 1 ഏക്കർ 6 സെന്റ് | ...2 ഏക്കർ | | ...ച്ചു ... |

## പട്ടിക – 2

# ആരക്കുഴ ഗ്രാമ പഞ്ചായത്ത്

സ്ക്കുളിലേയ്ക്കുള്ള യാത്രാ ദൂരം

| വിഭാഗം | ശരാശരി ദൂരം (കിലോമീറ്റർ) | പരമാവധി ദൂരം (കിലോമീറ്റർ) |
|---|---|---|
| എൽ.പി.സ്ക്കൂൾ | 1 | 2 |
| യു .പി . സ്ക്കൂൾ | 1 | 2 |
| ഹൈസ്ക്കൂൾ | 2 | 5 |

# പട്ടിക – 3

## ആരക്കുഴ ഗ്രാമ പഞ്ചായത്ത്

### സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള സ്ഥലമുണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | ഒരു മൂത്രപ്പുര ശരാശരി എത്ര കുട്ടികൾ ഉപയോഗിക്കുന്നു | ഇനി ആവശ്യമുള്ള മൂത്രപ്പുരയുടെ എണ്ണം | നിലവിലുള്ള കക്കൂസുകളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ ഇല്ല – കിണർ/ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ ഇല്ല | പാചകപ്പുര | ഗ്രൗണ്ട് | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ/ ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ഷെൽഫ്/ അലമാര |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| സെന്റ്. ജോസഫ്സ് GHS ആരക്കുഴ | 14 | 1 | - | - | 5 | 14 | - | 3 | ഉണ്ട് | - | - | - | 10 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 20 | 20 | 5 | 5 | 1 |
| സെന്റ്. മേരിസ് GHS ആരക്കുഴ | 11 | 1 | - | - | 7 | 1 | - | 2 | ഉണ്ട് | 1 | 10 | - | 4 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 15 | 15 | 2 | 4 | 1 |
| സെന്റ്. സെബാസ്റ്റ്യൻ HS മേമടങ്ങ് | 7 | 2 | 1 | - | 6 | 2 | - | - | ഉണ്ട് | 2 | 20 | - | 3 | - | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | മതി | - | - | - | - | - |
| സെന്റ്. ജോർജ്ജ്സ് UPS തോട്ടക്കര | 7 | 1 | 1 | - | 13 | 1 | - | - | ഇല്ല | 3 | 10 | - | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | - | - |
| ഗവ.യു. പി. പണ്ടപ്പിള്ളി | 7 | 2 | 1 | - | 8 | 3 | - | - | ഉണ്ട് | 2 | 10 | - | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 4 | 5 | 3 |
| സെന്റ്. ജോസഫ്സ് UPS പെരിങ്ങഴ | 9 | 3 | - | - | 12 | - | - | - | ഉണ്ട് | 2 | 3 | 1 | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | 2 | 6 | 1 |
| സെന്റ്. ജോസഫ്സ് എൽ. പി.എസ്. ആരക്കുഴ | 8 | 3 | - | - | - | - | - | - | ഇല്ല | 2 | 5 | - | 2 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - | 10 | 2 | 2 | - |
| എസ്.എച്ച്.എൽ. പി.എസ്. പെരുമ്പല്ലൂർ | 5 | 1 | 1 | - | 4 | 2 | 1 | - | ഇല്ല | 2 | 20 | - | 4 | 4 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 25 | 48 | 7 | 7 | - |
| സെന്റ്. സെബാസ്റ്റ്യൻ LPS അരിക്കുഴ | 5 | 1 | - | - | 6 | - | - | 2 | ഉണ്ട് | 2 | 10 | - | 2 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | മതി | - | - | - | - | - |
| പഞ്ചായത്ത്. എൽ. പി.എസ്. ആരക്കുഴ | 4 | 1 | - | - | 3 | - | - | 2 | ഉണ്ട് | 2 | 4 | - | 1 | - | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - | - | 1 | 4 | - |

സ്കൂൾ ആരംഭിക്കണം. സെൻറ്. മേരീസ് എച്ച്. എസിൽ കായികാദ്ധ്യാപകനെ നിയമിക്കണം. പ്രൈമറി സ്ക്കൂളുകളിൽ മുഴുവൻ സമയ മിനിയലോ പ്യൂണോ നിയമിക്കേണ്ടത് വളരെ ആവശ്യമാണ്. ഉച്ചക്കഞ്ഞിയുടെ ചുമതല P.T.A.യെ ചുമതലപ്പെടുത്തുന്നത് ഉചിതമായിരിക്കും. പഞ്ചായത്ത് എൽ. പി. സ്ക്കൂളിൻെറ ഭൗതിക സൗകര്യങ്ങളുടെ കുറവ് പരിഹരിക്കണം.

അക്ഷരജ്ഞാനം ഇല്ലാത്തവർ ആരക്കുഴ പഞ്ചായത്തിൽ വിരളമാണ്. അങ്ങനെയുള്ളവർ തന്നെ പ്രത്യേക വിഭാഗത്തിൽ പെടുന്നവരല്ല. സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവരാണവർ. സാക്ഷരതാ പ്രവർത്തനം വഴി അക്ഷരജ്ഞാനം ലഭിച്ചവർക്ക് അവ മറന്നുപോകാതെ തുടർ സാക്ഷരതാപ്രവർത്തനം സജീവമാക്കണം.

വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന പരിപാടികൾ T.V.യിൽ ഉൾപ്പെടുത്തുകയും സംപ്രേഷണം ചെയ്യുകയും വേണം. കുട്ടികളുടെ പഠന സമയമായ 6 p.m മുതൽ 9 p.m വരെയും രാവിലെ 7 a.m മുതൽ 8.30 a.m വരെയും പഠനസഹായമല്ലാത്ത പരിപാടികൾ T.V.യിൽ സംപ്രേഷണം ചെയ്യാതിരിക്കുന്നത് നന്ന്.

### പ്രശ്നങ്ങൾ

1. പഞ്ചായത്ത് എൽ.പി.എസിലും അംഗൻവാടികളിലും ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയുവാനുള്ള സാദ്ധ്യത പല സ്ക്കൂളുകളിലും നിലനിൽക്കുന്നു. (പട്ടിക 3 കാണുക)
3. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു.
4. കായിക പരിശീലന സൗകര്യക്കുറവ്.
5. പഞ്ചായത്തിനകത്ത് സാങ്കേതിക വിദ്യാലയങ്ങൾ ഇല്ല.
6. അദ്ധ്യാപകരിൽ കൂടുതലും വനിതകൾ ആയതുകൊണ്ട് പാഠ്യേതര വിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നില്ല.
7. സ്ക്കൂളുകളിൽ സമയത്തിന് എത്തിച്ചേരുവാൻ യാത്രാ സൗകര്യങ്ങൾ കുറവാണ്.

### സാദ്ധ്യതകൾ

1. പ്രൈമറി സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യണം.
2. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കണം.
3. ഹൈസ്ക്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം.

## സംസ്ക്കാരം

ഏകദേശം 12.7 ച. മൈലോളം വിസ്തീർണ്ണത്തിൽ 9 വാർഡുകളിലായി ഒതുങ്ങി മലനാടും ഇടനാടും തീരപ്രദേശവും ആയി വിരിഞ്ഞുകിടക്കുന്ന ആരക്കുഴ പഞ്ചായത്തിന് വളരെ പഴക്കവും പാരമ്പര്യവുമുള്ള ഒരു സാംസ്ക്കാരിക പൈതൃകം ഉണ്ട് എന്നുള്ളതിന് പ്രത്യക്ഷതെളിവാണ് പഞ്ചായത്തിൻെറ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന അതിപുരാതനമായ ക്രിസ്തീയ ദേവാലയം. പ്രസ്തുത ആരാധനാലയത്തിൻെറ സഹസ്രാബ്ധി ആഘോഷപരിപാടികൾ ആരംഭിച്ചിരിക്കുകയാണ്. പള്ളിയോടും, അമ്പലങ്ങളോടും ബന്ധപ്പെടുത്തി വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഉണ്ടായിരുന്നതായി പറഞ്ഞു കേൾവിയുണ്ട്. ആരക്കുഴ ഉണ്ണിയാതിരിയുടേയും, ചേറ്റൂർ കർത്താക്കൻമാരുടേയും കാലത്ത് കളരിപ്പയറ്റ്, യോഗാഭ്യാസം തുടങ്ങിയ സാംസ്ക്കാരിക കലകൾ പരിപോഷിപ്പിച്ചിരുന്നതായി കാണുന്നു. പള്ളിയോടനുബന്ധിച്ച് വിദ്യാഭ്യാസം, സഹകരണം തുടങ്ങിയ സാംസ്ക്കാരിക പ്രവർത്തനങ്ങളും അമ്പലങ്ങളോടും കാവുകളോടും അനുബന്ധിച്ച് കൂത്ത്, കൂടിയാട്ടം തുടങ്ങിയ കലകളും പ്രചരിപ്പിച്ചിരുന്നതായി കാണുന്നു.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം വളരെ വ്യത്യസ്തമായ ഒരു സാംസ്ക്കാരിക ഉണർവ് ആളുകളിൽ ഉണ്ടായി. അതിൻെറ ഫലമായി വായനാശീലം വളർത്തുന്നതിന് പ്രാദേശികമായി വായനശാലകളും കലാകായിക അഭ്യസനത്തിനുവേണ്ടി ക്ലബ്ബുകളും നാടിൻെറ നാനാ ഭാഗത്തും ഉണ്ടായി. കുട്ടികളേയും സ്ത്രീകളേയും ആകർഷിക്കുന്നതിനുവേണ്ടി ദേശീയ ഉത്സവമായ ഓണത്തോടും ക്രിസ്തുമസ്സിനോടും മറ്റു ഉത്സവങ്ങളോടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചിരുന്നതായും അവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ കൊടുത്തിരുന്നതായും കാണുന്നു.

പഞ്ചായത്തിൻെറ ഇന്നത്തെ സാംസ്ക്കാരിക നിലവാരം വേണ്ടത്ര ഉയർന്നതായിട്ട് കാണാൻ കഴിയുന്നില്ല. ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ഗ്രാൻറ് ലഭിക്കുന്ന അംഗീകൃത ലൈബ്രറികൾ IX-ാം വാർഡിലും VII- ാം

വാർഡിലും III- ാം വാർഡിലും I-ാം വാർഡില്ലും ഉള്ളതായി കാണുന്നു. ഈ വായനശാലയിൽ നിന്നും ആബാലവൃദ്ധം ജനങ്ങളും പുസ്തകങ്ങൾ എടുത്ത് വീട്ടിൽ കൊണ്ടുപോയി വായിക്കുകയും തിരിച്ചു കൊടുക്കുകയും ചെയ്യുന്നതായി ലൈബ്രറിയുടെ ഇഷ്യു രജിസ്റ്ററിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. മറ്റുള്ള വാർഡുകളിൽ കലാകായിക പരിശീലനം പ്രദാനം ചെയ്യുന്നതിനുതകത്തക്ക വിധത്തിൽ ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ട്. ഹിന്ദു ആരാധനാ സ്ഥലത്ത് ചെണ്ടമേളം, പാദക പൂജ, മുടിയേറ്റ്, തൂക്കം, കളമെഴുത്ത്, അമ്മൻക്കുടം, ശാസ്താംപാട്ട് , തുടി, ഉടുക്ക്, പുല്ലാംകുഴൽ മുതലായ കലാപരിപാടികൾ ഇന്നും നിലവിലുണ്ട്. ക്രിസ്തീയ ദേവാലയ പെരുന്നാളിനോടനുബന്ധിച്ച് ബാൻറുമേളം, ചെണ്ട, നാടകം തുടങ്ങിയ കലകളും ഇന്നും കണ്ടുവരുന്നു. അതിപുരാതനമായ ആരക്കുഴപള്ളിയിൽ നിന്നും പിരിഞ്ഞ് മേമടങ്ങ്, തോട്ടക്കര, മീങ്കുന്നം, പെരുമ്പല്ലൂർ, പെരിങ്ങഴ എന്നി സ്ഥലങ്ങളിൽ ഒരോ ചെറിയപള്ളികൾ സ്ഥാപിച്ച് ആരാധനാ സൗകര്യം ഏർപ്പെടുത്തിയിട്ട് 100- ൽ പരം വർഷങ്ങളായിട്ടുണ്ട്. ആരക്കുഴ ഫൊറോനാ പള്ളിയുടെ തൊട്ടടുത്ത് തീർത്ഥാടന കേന്ദ്രമായ കുരിശുമലയിൽ സെൻറ്. തോമസിൻെറ നാമത്തിൽ ഒരു ദേവാലയം സ്ഥിതി ചെയ്യുന്നുണ്ട്. ആണ്ടിൽ ഒരു പ്രാവശ്യം പുതുഞായറാഴ്ച ദിവസം നാനാജാതി മതസ്ഥരായ ദേശീയരും വിദേശിയരുമായ അനേകായിരം വിശ്വാസികൾ ഈ തീർത്ഥാടനകേന്ദ്രം സന്ദർശിച്ച് സായൂജ്യം അടയുന്നു. പെരിങ്ങഴ ഭഗവതിക്ഷേത്രവും 2-ാം വാർഡിലെ കൈപ്പുള്ളിക്കാവും മഴുവഞ്ചേരി ഇല്ലം വക ക്ഷേത്രവും 4ാം വാർഡിൽ അതിപുരാതനമായ ഞള്ളൂർക്കാവും 5-ാം വാർഡിൽ പുതക്കാവ് ഭഗവതി ക്ഷേത്രവും മുല്ലപ്പടി പരദേവതാ ക്ഷേത്രവും 8-ാം വാർഡിൽ 1400 കൊല്ലം പഴക്കമുള്ള തോട്ടക്കരക്കാവും 9-ാം വാർഡിലെ പുരാതനമായ പെരുമാക്കാവ് ക്ഷേത്രവും സജീവമായി ആരാധനാ സ്ഥലങ്ങളും സാംസ്ക്കാരിക കേന്ദ്രങ്ങളുമാണ്.

### പ്രശ്നങ്ങൾ

ആരാധാനാലയങ്ങളും സാംസ്ക്കാരിക കേന്ദ്രങ്ങളും വേണ്ടത്ര സൗകര്യപ്രദമായ രീതിയിൽ സൂക്ഷിക്കുന്നില്ല. ഭക്തജനങ്ങൾക്ക് സന്ദർശിക്കുവാനും ആരാധിക്കുവാനും കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നത് അഭികാമ്യമാണ്. വിശ്രമിക്കുതിനും മലമൂത്രവിസർജ്ജനത്തിനും കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ മുൻകൈ എടുക്കണം. തീർത്ഥാടകരെ ആകർഷിക്കുന്നതിന് ഉതകത്തക്കവിധത്തിൽ രൂപ ഭംഗി, പരിഃസ്ഥിതി സംരക്ഷണം തുടങ്ങിയവ തരപ്പെടുത്തി കൊടുക്കണം. ക്ലബുകളുടേയും വായനശാലകളുടേയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. എല്ലാ ക്ലബുകളോടും അനുബന്ധിച്ച് ഒരു വായനശാല തുടങ്ങാൻ സാധിക്കണം. ഓരോ വാർഡിലും കലാകായിക മേളകൾ സംഘടിപ്പിക്കുന്നതിനുള്ള വേദിയുണ്ടാക്കണം. എല്ലാസാംസ്ക്കാരിക സ്ഥാപനങ്ങൾക്കും നാട്ടുകാരുടെ സഹായത്തോടുകൂടി സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിനിള്ള നടപടികൾ ഉണ്ടാകണം. വായന ശാലകൾ ഉള്ള സ്ഥലങ്ങ്ളിൽ ടി.വി., വി.സി.ആർ സെറ്റുകൾ സ്ഥാപിച്ച് ആളുകളുടെ അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. ക്ലബുകളിൽ നാടകട്രൂപ്പുകൾ സംഘടിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമം ഉണ്ടാകണം. വോളി,ഫുട്ബോൾ, ഹോക്കി തുടങ്ങിയ അന്തർദ്ദേശിയ മൽസരങ്ങളിൽ പങ്കുകൊള്ളുന്നതിനുള്ള ടീമുകൾക്ക് പരിശീലനം കൊടുക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

## വനിതാക്ഷേമം

ബാല്യകാലത്ത് മാതാപിതാക്കളും യൗവനകാലത്ത് ഭർത്താവും വാർദ്ധ്യക്യകാലത്ത് മക്കളും സംരക്ഷിച്ചുപോരുന്ന സ്ത്രീകളെ സംബന്ധിച്ച്, '' ന സ്ത്രീ സ്വാതന്ത്ര്യമർഹതി'' എന്നാണ് പറയുന്നത്. എങ്കിലും അതെല്ലാം കാലഹരണപ്പെട്ട ആശയമാണ് എന്ന് പറഞ്ഞ് പുച്ഛിച്ചു തള്ളുന്ന ഒരു സംസ്ക്കാരമാണ് ഇന്ന് സ്ത്രീകളുടെ ഇടയിൽ കാണുന്നതും. ഇന്ന് ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ. പുരുഷൻമാരോട് തുല്യമായ സ്വാതന്ത്ര്യം വേണം എന്ന മുറവിളിയാണ് ഇന്ന് നാം ശ്രവിക്കുന്നത്. ആയതുകൊണ്ടാവാം നിയമംമൂലം $^1/_3$ സ്ഥാനങ്ങൾ ജനപ്രതിനിധി സഭകളിലെല്ലാം സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നത്. ഉദ്യോഗ കാര്യത്തിലും അവർ ആ അനുപാതം നിലനിർത്തിക്കൊണ്ടു പോകുന്നതിന് ശ്രമിക്കുന്നു.

സ്ത്രീ ജനിക്കുമ്പോൾ തന്നെ ഒരു അവഗണനാ മനോഭാവം അവളോടു കാണിക്കുന്നു എന്നതാണ് പരമാർത്ഥം. '' ആദ്യത്തെ കൺമണി ആണായിരിക്കണം, അച്ഛനെപ്പോലെയിരിക്കണം '' എന്നു തുടങ്ങുന്ന ഗാനങ്ങൾപോലും ഈ ആശയത്തെ സ്ഥിരീകരിക്കുന്നതാണ്. സ്വത്തിലും തുല്യത കോടതി വഴി അവർ ഇപ്പോൾ നേടിക്കഴിഞ്ഞിരിക്കുകയാണ്. സ്ത്രീ പീഡനകഥകൾ പത്രദ്വാരാ എന്നും കേട്ടുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള ഒരു പശ്ചാത്തലത്തിലാണ് ആരക്കുഴ പഞ്ചായത്തിലെ വനിതാക്ഷേമത്തെപ്പറ്റി നാം ചിന്തിക്കുന്നത്. ഇത് കാലോചിതമാണ് എന്ന് കരുതട്ടെ.

പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ ഏതാണ്ട് 10% സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. സ്ഥാപനങ്ങളിൽ വനിതാനേതൃത്വം പൊതുവിൽ കുറവാണ്. ഒന്നു രണ്ടു വ്യവസായ സ്ഥാപനങ്ങളിലും ആരോഗ്യവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഞ്ചായത്തിലും സ്ത്രീ ജീവനക്കാരാണ് കൂടുതൽ.

പഞ്ചായത്തിൽ സെൻറ്. ജോസഫ്സ് ഹൈസ്ക്കൂൾ പെൺകുട്ടികളുടെ മാത്രമായിട്ടുള്ള സ്ക്കൂളാണ്. സമീപത്തുള്ള കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷം പെൺകുട്ടികളാണ്. പഞ്ചായത്തിലെ സ്ത്രീകളുടെ പ്രധാന തൊഴിൽ കൃഷിപരമാണ്. നെൽക്കൃഷി ആദായകരമല്ലാത്ത പരിതഃസ്ഥിതിയിൽ ആ രംഗത്ത് ജോലി ചെയ്തിരുന്ന സ്ത്രീ തൊഴിലാളികൾ പട്ടണങ്ങളിലുള്ള നിർമ്മാണരംഗങ്ങളിലേയ്ക്ക് മാറിയിട്ടുണ്ട്. കർഷകതൊഴിലാളി സ്ത്രീകളുടെ കൂലി 45 രൂപ മുതൽ 75 രൂപ വരെ ആയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിൽ പ്രസ്തുതകൂലി 100 രൂപ വരെ വർദ്ധിച്ചിട്ടുണ്ട്. സ്ത്രീ പുരുഷ സമത്വം ആവശ്യപ്പെടുന്നു എങ്കിലും തൊഴിലിലും വേതനത്തിലും കാര്യമായ അന്തരമുണ്ട്.

പഞ്ചായത്തിൽ വനിതാക്ഷേമപ്രവർത്തനങ്ങൾ നിരവധി ചെയ്യേണ്ടതുണ്ട് .

തൊഴിൽശാലകളിൽ സ്ത്രീകൾക്ക് പ്രത്യേക സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. രാഷ്ട്രീയ സാമൂഹ്യ മേഖലകളിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തണം. പുരുഷൻമാരുടെ പ്രോത്സാഹനവും സമാനചിന്താഗതിയും സ്ത്രീകളുടെ മാനസിക വികാസത്തിന് ഉതകുന്നതായിരിക്കണം. വനിതാ സമാജങ്ങൾ വാർഡ്തോറും സംഘടിപ്പിച്ച് രജിസ്റ്റർ ചെയ്യണം . സമാജാംഗങ്ങൾക്ക് വേണ്ടത്ര അറിവും സന്നദ്ധതയും ഉണ്ടാകത്തക്ക വിധത്തിലുള്ള സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ച് അവരെ ബോധവതികളാക്കണം. കുഞ്ഞുങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയിൽ ശ്രദ്ധിക്കുന്നതിന് സമയവും സന്നദ്ധതയും ഉണ്ടാകത്തക്ക വിധത്തിലുള്ള പരിശീലനം വനിതാ സംഘടനകൾ മുഖാന്തരം കൊടുക്കണം.

ആരോഗ്യകാര്യത്തിലും സ്ത്രീകൾ കൂടുതൽ ശ്രദ്ധിക്കണം. കുട്ടിയുടെ ആരോഗ്യം അമ്മയുടെ ആരോഗ്യത്തിൽ അധിഷ്ഠിതമാണ്. മദ്യപാനത്തിൻെറ ദുരന്തഫലം അനുഭവിക്കുന്നതും സ്ത്രീപീഡനത്തിന് വിധേയരാകുന്നതും കൂടുതൽ സ്ത്രീകളാണ്. ആയതിനാൽ സമ്പൂർണ്ണ മദ്യനിരോധനം സർക്കാർതലത്തിൽ നടപ്പാക്കണം.

സ്ത്രീധന പീഡനം അനുഭവിക്കുന്ന സ്ത്രീകളെ രക്ഷിക്കുന്നതിന് സമ്പൂർണ്ണ മദ്യ നിരോധനം ഒരു ദേശീയാവശ്യമാണ്.സമൂഹത്തിലെ ഉയർന്ന വീടുകളിലൊഴികെ കടകളിൽ പോകുന്നത് അധികവും സ്ത്രീകളാണ്. സ്ത്രീകളുടെ സ്വയം തൊഴിൽ പദ്ധതികളൊന്നും പഞ്ചായത്തിലില്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്ന മഹിളാ സംഘങ്ങൾ വിരളം. ആശുപത്രികളിൽ കിടന്ന് ചികിത്സിക്കുന്നവരിൽ അധികവും സ്ത്രീകളാണ്. അശ്ലീല പോസ്റ്ററുകൾ ഇവിടെ കാണാനില്ല.

### പ്രശ്നങ്ങൾ

- സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾ ദുർബലം
- സ്ത്രീകൾ പണിയെടുക്കുന്ന സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ അവർക്ക് പങ്കാളിത്തമില്ല.
- പൊതുരംഗത്ത് സ്ത്രീകൾ ചുമതലയെടുക്കാറില്ല.
- സാമ്പത്തിക കാര്യങ്ങളിൽ സ്ത്രീകളുടെ പരാധീനത

### സാദ്ധ്യതകൾ

- സ്ത്രീകൾ നാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം
- ജോലി സ്ഥാപനങ്ങളിൽ ഭരണത്തിൻെറ പങ്കാളിത്തം സ്ത്രീകൾക്ക് ഉറപ്പാക്കാം.
- അനാചാരങ്ങൾക്കെതിരെ ബോധവത്ക്കരണം
- അങ്കൻവാടികൾ മെച്ചപ്പെടുത്തണം
- സ്ത്രീകൾക്കായുള്ള നേതൃത്വ പരിശീലന പരിപാടികൾ
- വനിത സഹകരണസംഘങ്ങൾ
- കുടുംബങ്ങളിലെ സാമ്പത്തിക കാര്യങ്ങൾ അംഗങ്ങൾ ഒരുമിച്ച് ചർച്ച ചെയ്യൽ.

# സഹകരണ മേഖല

സഹകരണപ്രസ്ഥാനത്തിന് ആരക്കുഴയിൽ മുക്കാൽ ശതാബ്ദം പഴക്കമുണ്ടെങ്കിലും സഹകരണ മേഖലയ്ക്ക് വേരോട്ടം കുറവാണ് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### 1. ആരക്കുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 495

a) പ്രവർത്തന പരിധി - ആരക്കുഴ വില്ലേജ്
b) ഇനം - ക്രെഡിറ്റ്
c) പ്രവർത്തനം ആരംഭിച്ച വർഷം - 01-01-1099 (M.E) (1923)
d) ആകെ അംഗങ്ങൾ - 4216
e) ഓഹരി മൂലധനം - 13,47,859/-
f) നിക്ഷേപം അംഗങ്ങൾ - 101,23,932/-
g) നൽകിയിട്ടുള്ള വായ്പകൾ
1 കാർഷിക വായ്പ - 54,66,363/-
2 മറ്റിനം - 48,33,983/-
3 ഭവനവായ്പ - 1,57,990/-
h) ആകെ 104,58,336/-
i) സ്ഥാപനങ്ങളിൽനിന്നും ലഭിച്ച
വായ്പകൾ - ജില്ലാ ബാങ്ക് - 59,37,985/- .
j) ജീവനക്കാർ - 4
k) മറ്റു പ്രവർത്തനങ്ങൾ - വളം കീടനാശിനി മാവേലി സ്റ്റോർ

### 2. ആരക്കുഴ ക്ഷീരോല്പാദക സഹകരണസംഘം

a) സ്ഥാപിച്ച വർഷം - 1980
b) അംഗങ്ങൾ - 390
c) പ്രതിദിനം ശരാശരി
ശേഖരിക്കുന്ന പാൽ - 350 ലിറ്റർ
d) വിൽക്കുന്ന പാൽ
(a) ലോക്കൽ - 10ലി.
(b) മിൽമ - 340ലി.

### 3. പണ്ടപ്പിള്ളി ക്ഷീരോല്പാദക സഹകരണസംഘം

a) ആരംഭിച്ച തീയതി - 23-10-1992
b) ഇപ്പോഴത്തെ അംഗങ്ങൾ - 386
c) ഓഹരി മൂലധനം - 3860 ക.
d) പ്രതിദിന ശരാശരി പാൽ ശേഖരണം- 348 ലി.
e) വിൽപ്പന പ്രതിദിനം
ലോക്കൽ - 20 ലി.
മിൽമ - 328 ലി.

കൂടാതെ ദീർഘകാല കാർഷിക വായ്പാ രംഗത്ത് മൂവാറ്റുപുഴ, കോതമംഗലം കാർഷിക ഭൂവികസനബാങ്കും, വിപണന രംഗത്ത് മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘവും, ഭവന നിർമ്മാണ വായ്പാ രംഗത്ത് മൂവാറ്റുപുഴ ഭവനനിർമ്മാണ സഹകരണസംഘവും പ്രവർത്തിക്കുന്നു.

കാർഷിക വായ്പാരംഗത്ത് പ്രവർത്തിക്കുന്ന ആരക്കുഴ സർവ്വീസ് സഹകരണ ബാങ്ക് തിരു-കൊച്ചി സഹകരണ നിയമത്തിൻ കീഴിൽ 495-ാം നമ്പറായി കൊല്ല വർഷം 1099-ാം ആണ്ട് ചിങ്ങ മാസം ഒന്നാം തീയതി ആരക്കുഴ ക്രിസ്ത്യൻ പരസ്പര സഹായ സഹകരണസംഘമായി ആരക്കുഴ പള്ളിവക കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചതാണ്. ആദ്യ കാലഘട്ടത്തിൽ വളരെ പരിമിതമായി മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. കഴിഞ്ഞ ഒരു വ്യാഴ വട്ടക്കാലമായി സാമാന്യം നന്നായി പ്രവർത്തിച്ചു വരുന്നു എന്നാലും പ്രവർത്തനം നഷ്ടത്തിലാണ്. പഞ്ചായത്തിന്റെ സാമ്പത്തിക സിരാ കേന്ദ്രമായി പ്രവർത്തിക്കേണ്ട സർവ്വീസ് സഹകരണ ബാങ്കിന് അവകാശപ്പെടാൻ നേട്ടങ്ങൾ അധികം.

വായ്പേതര രംഗത്ത് നാമമാത്രമായ രണ്ടു ക്ഷീരോല്പാദക സംഘങ്ങൾ മാത്രമാണുള്ളത്. മേൽ വിവരിച്ചതിൽ നിന്ന് സഹകരണ മേഖല നമ്മുടെ പഞ്ചായത്തിൽ വളരെ ദുർബലമാണെന്ന് കാണാം.

### പ്രശ്നങ്ങൾ

1. ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരേ ഒരു സർവ്വീസ് സഹകരണ ബാങ്ക് കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കി നടപ്പാക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.
2. പഞ്ചായത്തിൻെറ പൊതു വികസനപദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്ക് നിർണ്ണായകമായ പങ്കില്ല.
3. ക്ഷീരോല്പാദന രംഗത്തുള്ള സാദ്ധ്യതകൾ ഉപയോഗിക്കുവാൻ കഴിയു ന്നില്ല. ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം എല്ലാ വാർഡുകളിലേയ്ക്കും വ്യാപിച്ചിട്ടില്ല.
4. രാഷ്ട്രീയാതിപ്രസരം പ്രസ്ഥാനത്തിൻെറ വളർച്ചയ്ക്ക് ഒരു തടസ്സമാണ്.

### സാദ്ധ്യതകൾ

1. ക്രെഡിറ്റ് മേഖലയിൽ ഭേദപ്പെട്ട സേവനം കാഴ്ച വയ്ക്കുന്നതിന് പഞ്ചായത്തിൻെറ II, VI,VIII വാർഡുകളിൽ സർവ്വീസ് സഹകരണ ബാങ്കിൻെറ ബ്രാഞ്ചുകൾ ആരംഭിക്കാവുന്നതും പ്രവർത്തനം വൈവിധ്യവൽക്കരി ക്കാവുന്നതുമാണ്.
2. ചെറുകിട വ്യവസായം പച്ചക്കറി പൂകൃഷി എന്നിവയ്ക്ക് വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കാവുന്നതാണ്.
3. കോഴി വളർത്തലിനുവേണ്ടി മിൽമ മോഡലിൽ വാർഡുകൾ തോറും സഹകരണസംഘങ്ങൾ സ്ഥാപിക്കാവുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾ കൂട്ടമായി താമസിക്കുന്ന കോളനികൾ ഇല്ല. അഞ്ഞൂറോളം വരുന്ന ഇവർ ഒറ്റപ്പെട്ട് എല്ലാ വാർഡിലുമായി താമസിക്കുന്നു.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും കൂട്ടമായി താമസിക്കുന്ന ലക്ഷം വീടു കോളനികൾ ഈ പഞ്ചായത്തിലെ III, V, IX എന്നി വാർഡുകളിൽ ഉണ്ട്. ദുർബലവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ആറൂർ കോളനി, ലക്ഷം വീട് കോളനികൾ, കുരിശുമല, കണ്ണങ്ങാടി അടുത്തുള്ള തോന്നോലി, പണ്ടപ്പിള്ളി നെടുംപാറ കോളനി എന്നിവിടങ്ങളിലെ ജനങ്ങളുടെ ജീവിതസൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. അടിസ്ഥാനാവശ്യങ്ങളായ റോഡ്, ജലം,വൈദ്യുതി എന്നിവ അപര്യാപ്തമാണ് . എല്ലായിടത്തും ഭൂരിഭാഗം വീടുകൾക്കും കക്കൂസില്ല. ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക ഉന്നമനത്തിന് സഹായിക്കുന്ന വായനശാലകളോ ക്ലബ്ബുകളോ ബാലവാടികളോ ഈ കോളനികളിൽ ഇല്ല.

ഇവരുടെ കുട്ടികൾ സ്ഥിരമായി സ്കൂളിൽ പോകുന്നില്ല. പോകുന്നവർതന്നെ താഴ്ന്ന ക്ലാസ്സുകളിൽ വച്ചു പഠനം നിറുത്തുന്നു. സാമ്പത്തിക പരാധീനതയാണ് ഇതിനു കാരണമായി പറയുന്നത്. കോളനികളിലെ ജനങ്ങളിൽ കൂടുതലും കർഷകത്തൊഴിലാളികളാണ്. പരമ്പരാഗത തൊഴിൽ ചെയ്യുന്നവരും ചുരുക്കമായിട്ടുണ്ട്. സാമൂഹ്യചടങ്ങുകളിൽ ജാതി മത ഭേദമെന്യേ പങ്കെടുക്കുന്നു.

ഇവരുടെ സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക പുരോഗതിയ്ക്കുവേണ്ടി ഈ കോളനികൾ പഞ്ചായത്തിൻെറ പൊതുഭരണത്തിൽ കൊണ്ടുവരേണ്ടതാണ്.

### പ്രശ്നങ്ങൾ

- കോളനികളിൽ പൊതു വിളക്കുകൾ ഇല്ല
- കക്കൂസുകളില്ലാത്ത പല വീടുകളുണ്ട്.
- കുടിവെള്ളക്ഷാമം രൂക്ഷമാണ്.
- റോഡുകൾ ടാർ ചെയ്യാത്തതാണ്.
- സാമൂഹ്യ സാംസ്ക്കാരിക വളർച്ച തൃപ്തികരമല്ല.

137

### സാദ്ധ്യതകൾ

- കോളനികളിൽ പൊതുവഴിയിൽ വഴിവിളക്കുകൾ സ്ഥാപിക്കണം
- കക്കൂസുകൾ പണിയുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തുകൊടുക്കണം.
- ജല വിതരണ പദ്ധതി കാര്യക്ഷമമാക്കണം.
- ആറൂർ കോളനിയിലേയ്ക്കുള്ള റോഡും, ലക്ഷം വീട് കോളനിയോടനുബന്ധിച്ചുള്ള റോഡും പഞ്ചായത്തിൻെറ പൊതുവായി കണക്കാക്കി ടാർ ചെയ്തു കൊടുക്കേണ്ടതാണ്.
- കോളനികളിൽ ഓരോ വായനശാലയും അതിലേയ്ക്കാവശ്യമായ പുസ്തകങ്ങളും T.V സെറ്റും നൽകി കോളനി നിവാസികളുടെ സാമൂഹ്യവും സാംസ്ക്കാരികവുമായ വളർച്ചയെ സഹായിക്കേണ്ടതാണ്.

## വിഭവ സമാഹരണം

നാല് ദശാബ്ദക്കാലം മുമ്പ് 3-ാം ഗ്രേഡ് പഞ്ചായത്തായിരുന്ന ആരക്കുഴ പഞ്ചായത്ത് വികസന കാര്യങ്ങളിൽ കുറെയൊക്കെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും സാമ്പത്തികമായി ഇപ്പോഴും ഞെരുങ്ങുന്ന ഒരു സ്ഥാപനമാണ്. പഞ്ചായത്തിൻെറ തനതു വരുമാനം 1995-1996 സാമ്പത്തിക വർഷത്തിൽ 485878.00 രൂപയാണ്. ഇതേ കാലയളവിൽ സംസ്ഥാന സർക്കാരിൻെറ നികുതി വിഹിതമായി 278825.00 രൂപയും ഗ്രാൻറായി 211740 രൂപയും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം കൂടിച്ചേരുമ്പോഴും വാർഷിക വരുമാനം 10 ലക്ഷം രൂപയോളം നിൽക്കുന്ന പഞ്ചായത്താണ് ആരക്കുഴ ഗ്രാമപഞ്ചായത്ത്.

കഴിഞ്ഞ ഏതാനും സാമ്പത്തിക വർഷങ്ങളിലെ പഞ്ചായത്തിൻെറ വരുമാന കണക്ക് താഴെ പട്ടികയായി ചേർത്തിരിക്കുന്നു.

| സാമ്പത്തിക വർഷം | പഞ്ചായത്തിൻെറ വരുമാനം | | |
|---|---|---|---|
| | തനത് | സർക്കാർ ഗ്രാൻറ് | മൊത്ത വരുമാനം |
| 1991-'92 | 258172/ 00 | 289268/ 00 | 547440/ 00 |
| 1992-'93 | 399640/ 80 | 440552/ 00 | 834192/ 80 |
| 1995-'96 | 485878/ 00 | 605952/ 00 | 1091830/ 00 |

മുകളിൽ കൊടുത്തിരിക്കുന്ന കണക്കുകൾ പ്രകാരം പഞ്ചായത്തിൻെറ തനതുവരുമാനത്തിൽ കഴിഞ്ഞ 5 വർഷ ക്കാലത്ത് കാര്യമായ വർദ്ധന ഉണ്ടായിട്ടില്ല എന്നു കാണാം. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാൻറിലും കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. പഞ്ചായത്തിൻെറ ഭരണ ചിലവ് 95-96 വർഷത്തിൽ 3.5 ലക്ഷം രൂപ കവിയുമ്പോൾ 28137/- രൂപ മാത്രമാണ് സർക്കാർ ടി ആവശ്യത്തിലേയ്ക്ക് ഗ്രാൻറ് തന്നിട്ടുള്ളത്. പുതിയ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം 1139538/-രൂപ പദ്ധതി വിഹിതമായി വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് നടപ്പു സാമ്പത്തികവർഷത്തിൽ ലഭിച്ചിട്ടുണ്ട്.

ആരക്കുഴ പഞ്ചായത്തിൻെറ വാർഷിക ചിലവ് 1995-96 വർഷത്തിൽ 622155 രൂപ 35 പൈസയായിരുന്നു. ഇതിൽ 368677 രൂപ 35 പൈസ ഭരണ ചിലവാണ്. ഇത് പഞ്ചായത്തിൻെറ വാർഷിക ചിലവിൻെറ ഏതാണ്ട് 59% വരും. ഭരണ ചിലവുകഴിഞ്ഞാൽ പൊതുമരാമത്ത് ജോലികൾക്കും, തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും മറ്റുമാണ് പഞ്ചായത്ത് തുക ചിലവഴിച്ചിട്ടുള്ളത്. ഇത് മൊത്തം ചിലവിൻെറ യഥാക്രമം 21 -20, 11 -ഉം ശതമാനം വീതം വരും.

91-92 സാമ്പത്തികവർഷം മുതലുള്ള മൊത്തം ചിലവിൻെറയും,
എസ്റ്റാബ്ലിഷ്മെൻറ് ചിലവുകളുടെയും പട്ടിക:-

| സാമ്പത്തിക വർഷം | മൊത്തം ചിലവ് | ഭരണ ചിലവ് | ശതമാന കണക്ക് |
|---|---|---|---|
| 1991-'92 | 460033/ 40 | 225136/ 40 | 49% |
| 1992-'93 | 632035/ 52 | 232295/ 47 | 39% |
| 1993-'94 | 800622/ 00 | 302451/ 00 | 38% |
| 1994-'95 | 1085134/ 65 | 328528/ 65 | 30% |
| 1995-'96 | 622155/ 35 | 368677/ 35 | 59% |

പഞ്ചായത്തിൻെറ കണക്കനുസരിച്ച് 1991-92 സാമ്പത്തിക വർഷം മുതൽ 1994-95 സാമ്പത്തികവർഷം വരെ ഭരണചിലവ് ഓരോ വർഷവും മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടിവരികയാണെങ്കിലും മൊത്തം ചിലവുമായി തട്ടിച്ചു നോക്കുമ്പോൾ ആനുപാതികമായി കുറഞ്ഞു വരികയാണെന്നു കാണാം. എന്നാൽ 1995-96 സാമ്പത്തിക വർഷത്തെ ഭരണചിലവ് ആനുപാതികമായി വളരെ കൂടുതൽ ആണ്.

1995-96 സാമ്പത്തിക വർഷത്തിലെ വിവിധ ചിലവുകൾ താഴെ പറയും പ്രകാരമാണ് :-

| | |
|---|---|
| ഭരണചിലവ് | 368677 -35 |
| മരാമത്ത് ചിലവ് | 133386 -00 |
| വിദ്യാഭ്യാസം | 7180 -00 |
| ജലവിതരണം,ഓടകൾ, പൊതുജനാരോഗ്യം | 37190 -00 |
| തെരുവ് വിളക്ക് | 69332 -00 |
| മറ്റുള്ളവ | 6390 -00 |
| ആകെ | 622155-35 |

പഞ്ചായത്ത് രേഖകൾ പരിശോധിച്ചതിൽ പൊതുമരാമത്ത് വേലകൾക്കുള്ള ചിലവുകൾ വർഷം തോറും കുറഞ്ഞുവരുന്നതായികാണുന്നു. ഉൽപ്പാദന മേഖലകളിൽ പഞ്ചായത്ത് പണം മുടക്കിയിട്ടില്ല.

## ധനകാര്യ സ്ഥാപനങ്ങൾ

1. **ആരക്കുഴ സർവ്വീസ് സഹകരണ ബാങ്ക്**

ഈ പഞ്ചായത്തിൻെറ 1-ാം വാർഡ് ഒഴികെയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. ടി ബാങ്കിന് തൻ വർഷം ഓഹരിമൂലധനമായി 1347859 രൂപയുണ്ട്. ബാങ്കിന് 10123932/- രൂപ നിക്ഷേപവും, 10458336/- രൂപയുടെ വായ്പയുമുണ്ട്.

2. **വാണിജ്യബാങ്ക്**

ബാങ്ക് ഓഫ് ഇൻഡ്യ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ എന്നി ബാങ്കുകളുടെ ശാഖകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ നടപ്പു സാമ്പത്തിക വർഷത്തിലെ (95-96) നിക്ഷേപ വായ്പാ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബാങ്ക് | നിക്ഷേപം | വായ്പ |
|---|---|---|
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 152 ലക്ഷം | 101 ലക്ഷം |
| ബാങ്ക് ഓഫ് ഇന്ത്യ | 227.73 ലക്ഷം | 96 ലക്ഷം |

### 3. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ കൃത്യമായ സ്ഥിതി വിവരങ്ങൾ ലഭ്യമല്ല. സാധാരണയായി താഴ്ന്ന വരുമാനക്കാരും ബിസിനസുകാരുമാണ് ഇവകളുടെ ഇടപാടുകാർ.

വിദേശത്ത് ജോലി ചെയ്യുന്നവർ എത്ര എന്ന് കൃത്യമായ കണക്ക് ലഭ്യമല്ല. 200 ഓളം ആളുകൾ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നു എന്നാണ് ഏകദേശ കണക്ക്. വിദേശ ജോലിക്കാരുടെ മുതൽ മുടക്കുള്ള വ്യവസായ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. വികസന വ്യവസായ മേഖലകളിൽ കുറെപ്പേരെ സഹകരിപ്പിക്കാൻ കഴിയും. സന്നദ്ധപ്രവർത്തനങ്ങൾക്ക് കുറെ ആളുകളെ പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും സംഘടിപ്പിക്കാൻ കഴിയും.

## പ്രശ്നങ്ങൾ

- പഞ്ചായത്തിൻെറ വരുമാനം ഇപ്പോൾ പരിമിതമാണ്.
- ഭരണച്ചിലവിൻെറ വർദ്ധനവ്
- പ്രാദേശിക ആവശ്യങ്ങൾക്ക് ഉപകരിക്കുന്ന സ്കീമുകളുടെ അഭാവം
- വായ്പ ലഭിക്കുന്നതിനുള്ള പ്രതിബന്ധങ്ങൾ
- വായ്പ തുകയുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
- പൊതു ഫണ്ടുകളുടെ ദുർവിനിയോഗം
- സന്നദ്ധപ്രവർത്തകരെ നിരുൽസാഹപ്പെടുത്തുന്ന അധികൃതരുടെ മനോഭാവം
- നീതി പൂർവ്വകമായ നികുതി പിരിവ് ഇല്ലായ്മ
- കാര്യങ്ങളുടെ സുതാര്യത കുറവ്.
- പഞ്ചായത്താഫീസിൻെറ സൗകര്യക്കുറവ്.

## സാദ്ധ്യതകൾ

- നികുതികൾ കൂടുതൽ യുക്തിസഹമാക്കി കാര്യക്ഷമമായി പിരിക്കുക
- നികുതിവെട്ടിപ്പ് തടയുക
- ഭരണ ചിലവ് കുറയ്ക്കുക
- നികുതി വർദ്ധനാ സാദ്ധ്യതകൾ ആലോചിച്ച് നടപ്പാക്കുക
- സന്നദ്ധ പ്രവർത്തനങ്ങൾ കൂടുതൽ പ്രോൽസാഹിപ്പിക്കുക
- പ്രവർത്തനങ്ങളും കണക്കുകളും കൂടുതൽ സുതാര്യമാക്കുക
- പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കാൻ ഷോപ്പിംഗ് കോംപ്ലക്സ് നടത്താം
- സർക്കാർ വിഹിതം വർദ്ധിപ്പിക്കാൻ ശ്രമിക്കാം
- പഞ്ചായത്ത് ആഫീസ് കെട്ടിടം പുതുക്കി സൗകര്യം വർദ്ധിപ്പിക്കുക





Offset Printers & DTP Centre Kothamangalam Ph: 523529

141



VALAKOM GRAMA PANCHAYAT OFFICE
MEKKADAMPU
I. O.
682 316

"അധികാരം ജനങ്ങളിലേക്ക്"

# 9-ാം പദ്ധതി
# ജനകീയ പദ്ധതി

## വാളകം ഗ്രാമപഞ്ചായത്ത്
## വികസന റിപ്പോർട്ട്

142

# വാളകം ഗ്രാമ പഞ്ചായത്ത്

മേക്കടമ്പ് പി.ഒ., മൂവാറ്റുപുഴ 682 316

ഫോൺ : 0485 - 207303

## ഭരണ സമിതി

| | | | |
|---|---|---|---|
| 1. | പി.വി. അബ്രഹാം | : | പ്രസിഡന്റ് |
| 2. | നീലകണ്ഠൻ ഇളയത് | : | വൈസ് പ്രസിഡന്റ് |
| 3. | സാബു പി. വാഴയിൽ | : | സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ |
| 4. | ടി.എസ്. ബാലൻ | : | വാർഡ് മെമ്പർ |
| 5. | ഷീല മത്തായി | : | " |
| 6. | ശാന്ത ബാബു | : | " |
| 7. | പി.എസ്. പൗലോസ് | : | " |
| 8. | ബിന്ദു ജോർജ്ജ് | : | " |
| 9. | തങ്കപ്പൻ കുഞ്ഞ് | : | " |


| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | : | എ.സി. എൽദോസ് |
| ജില്ലാ പഞ്ചായത്ത് മെമ്പർ | : | ബാബു പോൾ |

# വാളകം ഗ്രാമ പഞ്ചായത്തു്

# വികസന റിപ്പോർട്ട്

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. | ആമുഖം | 3 |
| 2. | കൃഷിയും ജലസേചനവും | 8 |
| 3. | മൃഗസംരക്ഷണം | 10 |
| 4. | വ്യവസായം | 13 |
| 5. | ഗതാഗതം | 15 |
| 6. | ഊർജ്ജം | 16 |
| 7. | പാർപ്പിടം | 17 |
| 8. | ആരോഗ്യം | 19 |
| 9. | കുടിവെള്ളം | 20 |
| 10. | വിദ്യാഭ്യാസം | 22 |
| 11. | സംസ്കാരം | 26 |
| 12. | പട്ടികജാതി–പട്ടികവർഗ്ഗം | 27 |
| 13. | വനിതാ ക്ഷേമം | 28 |
| 14. | സാമൂഹ്യക്ഷേമം | 28 |
| 15. | സഹകരണ മേഖല | 30 |
| 16. | വിഭവ സമാഹരണം | 31 |
| 17. | ഉപസംഹാരം | 32 |




## വാളകം ഗ്രാമ പഞ്ചായത്ത്

# ആമുഖം

## പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | — | വാളകം |
| 2 | പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | } | വാളകം വില്ലേജ് മുഴുവൻ – 5212 ഏക്കർ<br>വെള്ളൂർക്കുന്നം വില്ലേജ് ഭാഗികമായി – 750 ഏക്കർ |
| 3. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | — | വാളകം |
| 4. | ബ്ലോക്ക് പഞ്ചായത്ത് | — | മൂവാററുപുഴ |
| 5. | താലൂക്ക് | — | മൂവാററുപുഴ |
| 6. | ജില്ല | — | എറണാകുളം |
| 7. | അസംബ്ലി മണ്ഡലം | — | മൂവാററുപുഴ |
| 8. | പാർലമെൻറ് മണ്ഡലം | — | മൂവാററുപുഴ |
| 9. | ജില്ലാ പഞ്ചായത്ത് ഡിവിഷൻ | — | പായിപ്ര |
| 10. | വിസ്തീർണ്ണം | — | 23.7259 Sq. K. M. |
| 11. | ജനസംഖ്യ | — | 16085 |
| 12. | വാർഡുകളുടെ എണ്ണം | — | 9 |

1993-ൽ നടപ്പിലായ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപദവി ലഭിക്കുകയുണ്ടായി. കേരള നിയമസഭ പാസാക്കിയതും ഇപ്പോൾ നിലവിലുള്ളതുമായ 1994-ലെ പഞ്ചായത്ത്രാജ് നിയമത്തിൽ ഇന്നുള്ള പോരായ്മകൾ പരിഹരിക്കുന്നതോടൊപ്പം ലഭ്യമായ അധികാരങ്ങൾ ഉപയോഗിച്ച് അധികാര വികേന്ദ്രീകരണം കൂടുതൽ സാദ്ധ്യമാക്കുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് 9-ാം പദ്ധതി ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡും സംസ്ഥാന സർക്കാരും തയ്യാറായിട്ടുള്ളത്. എട്ട് പദ്ധതികളിലും നാം തുടർന്നുപോന്ന കേന്ദ്രീകൃത ആസൂത്രണത്തിൻെറ വൈകല്യങ്ങൾ ഒഴിവാക്കുകയാണ് ജനകീയ ആസൂത്രണത്തിൻെറ ലക്ഷ്യം. ഇതിൻപ്രകാരം സംസ്ഥാന ആസൂത്രണ ബോർഡിൻെറ പ്രവർത്തനങ്ങളുമായി സഹകരിച്ച് പഞ്ചായത്ത് ഭരണസമിതിയും സന്നദ്ധ പ്രവർത്തകരും നമ്മുടെ പഞ്ചായത്തിൽ ഫലപ്രദമായി പ്രവർത്തിച്ചിട്ടുണ്ട്. ഇതിനുവേണ്ടി ജില്ലാതല ട്രെയിനിംഗിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും അതിനുശേഷം പഞ്ചായത്തുതല ട്രെയിനിംഗ് നടത്തുകയുണ്ടായി. പിന്നീട് നടന്ന ചില ഗ്രാമസഭകളിൽ പ്രതീക്ഷക്കനുസരിച്ച് ബഹുജനപങ്കാളിത്തം ഉണ്ടായില്ല. സ്ത്രീകളുടെ പങ്കാളിത്തം കുറവായിരുന്നു. എല്ലാ വാർഡിലും ഗ്രാമസഭകൾ നിശ്ചിത തീയതിക്കകം പൂർത്തീകരിക്കുകയുണ്ടായി. ഗ്രാമസഭകളിൽ ഏററവും കൂടുതൽ പങ്കാളിത്തം 150 പേരും ഏററവും കുറവ് 60 പേരും ആയിരുന്നു. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ ഭാഗമായി ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ ശേഖരണം, പഠന പര്യടനം, സോഷ്യൽ മാപ്പിംഗ് എന്നിവ നടത്തുകയുണ്ടായി.

## സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

പഴയ കോട്ടയം ജില്ലയിൽ ആദ്യമായി രൂപീകരിച്ച പഞ്ചായത്തുകളിൽ ഒന്നാണ് വാളകം പഞ്ചായത്ത്. 1952-ൽ നമ്മുടെ പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം ഭരണപരമായി അതിർത്തിയിൽ മാററം വന്നിട്ടില്ല. പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിൽ മഴുവന്നൂർ, പായിപ്ര പഞ്ചായത്തുകളും കിഴക്കതിർത്തിയിൽ കടാതി തോടും അപ്പുറം മൂവാററുപുഴ മുൻസിപ്പാലിററിയും തെക്ക് മൂവാററുപുഴ ആറും അപ്പുറം മാറാടി, രാമമംഗലം പഞ്ചായത്തുകളും പടിഞ്ഞാറ് അതിർത്തിയിൽ പെരുവംമൂഴി തോടും അപ്പുറം ഐക്കരനാട്, മഴുവന്നൂർ പഞ്ചായത്തുകളും സ്ഥിതിചെയ്യുന്നു. 1953-ൽ ആദ്യത്തെ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീ. എം. പി. യൗനാച്ചനായിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറ്. വീണ്ടും 1964-ൽ ശ്രീ. എം. പി. യൗനാച്ചൻെറ നേതൃത്വത്തിൽ നിലവിൽ വന്ന പഞ്ചായത്ത് സമിതി 1980 വരെ നിലനിന്നു. 1980-ൽ നിലവിൽ വന്ന


ശ്രീ കെ. സി. മത്തായിയുടെ നേതൃത്വത്തിലുള്ള സമിതി 1985 വരെ നിലനിന്നു. 1985 മുതൽ 1988 വരെ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു. 1988-ൽ നിലവിൽ വന്ന സമിതിയിൽ ശ്രീ. പി. പി. മത്തായി 1991 വരെയും 1991 മുതൽ 95 വരെ ശ്രീ. സി. വി. യോഹന്നാനും പ്രസിഡൻറായിരുന്നു. 1995 ഒക്ടോബർ 2 ന് അധികാരത്തിൽ വന്ന ശ്രീ. പി. വി. അബ്രാഹാമിൻെറ നേതൃത്വത്തിലുള്ള പഞ്ചായത്ത് സമിതിയാണ് ഇപ്പോൾ ഭരണം നടത്തിവരുന്നത്. പഞ്ചായത്തിൻെറ മദ്ധ്യഭാഗത്ത് മേക്കടമ്പിൽ പഞ്ചായത്താഫീസും, വാളകം വില്ലേജ് ആഫീസും മൃഗാശുപത്രി, പബ്ലിക്ക് ഹെൽത്ത് സെൻറർ (അലോപ്പതി), വില്ലേജ് എക്സ്റ്റൻഷൻ ആഫീസ് എന്നിവ സ്ഥിതിചെയ്യുന്നു. വാളകത്ത് ICDP സബ് സെൻററും ആയുർവേദ ആശുപത്രിയും സ്ഥിതിചെയ്യുന്നു. കൂടാതെ പി. എച്ച്. സി.യുടെ കീഴിൽ വാളകത്തും മേക്കടമ്പിലുമായി രണ്ട് സബ് സെൻററുകളും ഉണ്ട്. ഹോമിയോ ആശുപത്രി പഞ്ചായത്തിൽ ഇല്ല. ഒരു എയ്ഡഡ് ഹൈസ്കൂളും 3 സർക്കാർ യു. പി. സ്കൂളും 4 സർക്കാർ എൽ. പി. സ്കൂളും ഒരു എയ്ഡഡ് എൽ. പി. സ്കൂളും രണ്ട് ബാലവാടികളും ഒരു പഞ്ചായത്ത് നേഴ്സറി സ്കൂളും വിദ്യാഭ്യാസ സ്ഥാപനങ്ങളായി നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ട് സഹകരണ ബാങ്കുകളും, രണ്ട് ദേശസാൽകൃത ബാങ്കുകളും രണ്ട് കൈത്തറി സഹകരണ സംഘങ്ങളും, രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങളും കൂടാതെ ചാരിററബിൾ സൊസൈററീസ് ആക്ട് പ്രകാരം രജിസ്ററർ ചെയ്ത P. D. D. P, യുടെ നാല് ക്ഷീരോല്പാദക സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൻെറ V, VI വാർഡുകളുടെ ഏതാനും ഭാഗങ്ങൾ വെള്ളൂർക്കുന്നം വില്ലേജിലും ബാക്കി ഭാഗം വാളകം വില്ലേജിലും സ്ഥിതിചെയ്യുന്നു.

തികച്ചും കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ നെൽകൃഷി പൊതുവെ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഭൂരിപക്ഷം പ്രദേശത്തും റബർ കൃഷി ചെയ്യുന്നു. കാർഷിക രംഗത്തെ മുരടിപ്പും ചെറുതും വലുതുമായ യാതൊരു വ്യവസായ സ്ഥാപനങ്ങളും ഇല്ലാത്തതുമൂലം തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. കാർഷിക വ്യവസായിക മേഖലയിൽ ഭാവിയിൻ ഉണ്ടാകുവാൻ കഴിയുന്ന മുന്നേററം നമ്മുടെ പഞ്ചാ പഞ്ചായത്തിനെ പുരോഗതിയിലേക്ക് നയിക്കും എന്ന് പ്രതീക്ഷിക്കാം

# ഭൂപ്രകൃതിയും വിഭവങ്ങളും

## 1. ഭൂപ്രകൃതി

വടക്ക്നിന്ന് തെക്കോട്ട് ചരിഞ്ഞ് തെക്കും, പടിഞ്ഞാറും, കിഴക്കും പ്രദേശങ്ങൾ തീരസമതലങ്ങളായി സ്ഥിതി ചെയ്യുന്നു. മദ്ധ്യഭാഗത്ത് ഏററവും ഉയർന്ന സ്ഥലമായ പൊട്ടമുകൾ മല സ്ഥിതിചെയ്യുന്നു. VI-ാം വാർഡിലെ തീണ്ടാച്ചിറ, V-ാം വാർഡിലെ കോഴിപ്പിള്ളി നിരപ്പ്, II-ാം വാർഡിലെ പാറക്കൽ തുരുത്ത്, III-ാം വാർഡിലെ പൂവാലൻകുന്ന്, മണീരിക്കൽ മല എന്നിവ ഉയർന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിലെ പഠന സംഘം തെക്ക്നിന്ന് വടക്കോട്ട് മൂന്ന് ട്രാൻസ്സെക്ടറും പടിഞ്ഞാറുനിന്ന് കിഴക്കോട്ട് ഒരു ട്രാൻസെക്ടറും നടന്നതിലൂടെ ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.



## ട്രാൻസെക്ട് 1

IX–ാം വാർഡിൻെറ പുതുശേരികടവിൽ നിന്നാരംഭിച്ച് വടക്കോട്ട് II, I വാർഡുകളുടെ മദ്ധ്യത്തിലൂടെ സഞ്ചരിച്ച് ഒന്നാം വാർഡിൻെറ വടക്കേ അററത്ത് സമാപിച്ചു.

| വാർഡ് | IX | IX | IX | IX II | II | II I | I | I |
|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചെരിവ് | സമതലം | ചെരിവ് കുത്തനെ കയററം | താഴ്‌വര | ചെറിയ ചെരിവ് | താഴ്‌വര | കുത്തനെ കയററം കുന്നിൻ |
| മൺതരം | എക്കൽ മണ്ണ് | ചെമ്മണ്ണ് വെട്ടുകല്ല് | അലുവിയൻ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് | അലുവിയൻ സോയിൽ കളിമൺ | ചെമ്മണ്ണ് വെട്ടുകല്ല് | അലുവിയൻ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് |
| സസ്യാവരണം | തെങ്ങ് ജാതി കമുക് റബർ | റബർ | നെല്ല് | റബർ കന്നാര | നെല്ല് | റബർ തെങ്ങ് | നെല്ല് | റബർ |
| ജലലഭ്യത | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഭാഗികമായി | ഉണ്ട് | ഇല്ല |
| പരിസ്ഥിതി പ്രശ്നങ്ങൾ | വർഷത്തിൽ വെള്ളപ്പൊക്കം | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | — | വെള്ളക്കെട്ട് | മണ്ണൊലിപ്പ് |

## ട്രാൻസെക്ട് 2

VIII–ാം വാർഡിൻെറ ഓലിക്കകടവിൽ നിന്നാരംഭിച്ച് വടക്കോട്ട് സഞ്ചരിച്ച് IV, III വാർഡുകളിലൂടെ III–ാം വാർഡിൻെറ വടക്കേ അററത്ത് കന്നേപ്പീടികയിൽ സമാപിച്ചു.

| വാർഡ് | VIII | VIII | VIII | IV | III | III | III |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | തീര സമതലം | താഴ്‌വര | ചെറിയ ചെരിവ് | കുത്തനെ ചെരിവ് കുന്നിൻ മണ്ട | താഴ്‌വര | ചെറിയ ചെരിവ് | കുത്തനെ കയററം ഉയർന്ന പ്രദേശം |
| മൺതരം | എക്കൽ മണ്ണ് | അലുവിയൻ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് | ചെമ്മണ്ണ് വെട്ടുകല്ല് പാറ | അലുവിയൻ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് | ചെമ്മണ്ണ് വെട്ടുകല്ല് |
| സസ്യാവരണം | തെങ്ങ് ജാതി | നെല്ല് | റബർ തെങ്ങ് കന്നാര | റബർ | നെല്ല് | റബർ തെങ്ങ് കമുക് | റബർ |
| ജലലഭ്യത | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല |
| പരിസ്ഥിതി പ്രശ്നങ്ങൾ | വർഷകാലം വെള്ളപ്പൊക്കം | വെള്ളക്കെട്ട് | — | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | — | മണ്ണൊലിപ്പ് |

VII-ാം വാർഡിലെ ചാക്കിച്ചേരിക്കടവിൽ നിന്നാരംഭിച്ച് VI, V വാർഡുകളിലൂടെ V-ാംവാർഡിൻെറ വടക്കേ അറ്റം എരുമകുന്നത്തുപാടത്ത് സമാപിച്ചു.



| വാർഡ് | VII | VII | VII | VI | VI | V | V |
|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | തീര സമതലം | താഴ്വര | ചെറിയ ചെരിവ് | കുന്നിൻ മണ്ട | താഴ്വര | കുത്തനെ ചെരിവ് | തീര സമതലം |
| മണ്ണിനം | എക്കൽ മണ്ണ് | അലൂവിയൽ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് | അലൂവിയൽ സോയിൽ | ചെമ്മണ്ണ് | ചെമ്മണ്ണ് വെട്ടുകല്ല് | അലൂവി യൻ സോ യിൽ |
| സസ്യാ വരണം | തെങ്ങ് ജാതി കന്നാര വാഴ | നെല്ല് കപ്പ | റബർ തെങ്ങ് | റബർ | നെല്ല് തെങ്ങ് | റബർ | നെല്ല് |
| ജലലഭ്യത | ഉണ്ട് | ഉണ്ട് | ഭാഗികമായി | ഇല്ല | ഉണ്ട് | ഇല്ല | പ്രകൃതി ദത്തമായ ജലസേ ചനം |
| പരിസ്ഥിതി പ്രശ്നങ്ങൾ | വർഷകാലം വെള്ള പ്പൊക്കം | വെള്ള ക്കെട്ട് | | മണ്ണൊലിപ്പ് | | മണ്ണൊ ലിപ്പ് | വെള്ള ക്കെട്ട് |

ട്രാൻസെക്ട് 4

II-ാം വാർഡിൻെറ പടിഞ്ഞാറെ അററത്ത് നിന്നാരംഭിച്ച് കിഴക്കോട്ട് IV, V വാർഡുകളിലൂടെ V-ാം വാർഡിൻെറ കടാതി ഭാഗത്ത് അവസാനിച്ചു.



| വാർഡ് | II | II | IV | IV V | V | V |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചെറിയ ചെരിവ് | കുത്തനെ ചെരിവ് ഉയർന്ന പ്രദേശം | സമതലം | കുത്തനെ ചെ രിവ് ഉയർന്ന പ്രദേശം | താഴ്വര |
| മണ്ണിനം | അലൂവിയൽ സോയിൽ | ചെമ്മണ്ണ് വെട്ടുകല്ല് | ചെമ്മണ്ണ് വെട്ടുകല്ല് | ചെമ്മണ്ണ് | ചെമ്മണ്ണ് വെട്ടുകല്ല് | അലൂവി യൻ സോ യിൽ |
| സസ്യാ വരണം | നെൽപ്പാടം ഇപ്പോൾ ഇഷ്ടി കക്കളം | റബർ തെങ്ങ് | റബർ | റബർ തെങ്ങ് | റബർ | നെല്ല് |
| ജലലഭ്യത | ഉണ്ട് | ഇല്ല | ഇല്ല | ഭാഗിക മായി | ഇല്ല | ഉണ്ട് |
| പരിസ്ഥിതി പ്രശ്നങ്ങൾ | നെൽപ്പാടം താഴ്ത്തുന്നു | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | |

## 2. കാലാവസ്ഥ

മഴക്കാലത്ത് ഇടവപ്പാതി വർഷമാണ് കൂടുതൽ ലഭിക്കുന്നത്. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഇടവപ്പാതി സുലഭമായി ലഭിക്കുന്നു. ഈ കാലയളവിൽ മൂവാററുപുഴ ആറു കവിഞ്ഞ് പഞ്ചായത്തിൻെറ 1/5 ഭാഗം വെള്ളം കയറി മൂടാറുണ്ട്. തുലാവർഷം ഭാഗികമായി ലഭിക്കാറുണ്ട്. സെപ്ററംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷം ലഭിക്കാറുള്ളത്. ഡിസംബർ, ജനവരി മാസങ്ങളിൽ ഭാഗികമായി തണുപ്പ് അനുഭവപ്പെടാറുണ്ട്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങൾ അത്യുഷ്ണമാണ്. ചില വർഷങ്ങളിൽ വേനൽമഴയും ലഭിക്കാറുണ്ട്.

## 3. ജലലഭ്യത

ജല ലഭ്യത പഞ്ചായത്തിൽ സുലഭമാണ്. പഞ്ചായത്തിൻെറ തെക്കരികിൽ കൂടി മൂവാററുപുഴ ആറും, പടിഞ്ഞാറ് പെരുവംമൂഴി തോടും, കിഴക്ക് കടാതി തോടും ഒഴുകുന്നു. പക്ഷെ ഉയർന്ന പ്രദേശങ്ങളിൽ വേനൽക്കാലത്ത് അതി രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്. താഴ്വാരപ്രദേശങ്ങളിലെ കുളങ്ങളും ചിറകളും സംരക്ഷിക്കാത്തതിനാൽ വെള്ളം ലഭ്യമല്ല. തീരപ്രദേശ ഭാഗങ്ങൾ പഞ്ചായത്തിൻെറ മൊത്തം വിസ്തൃതിയിൽ 1/3 ഭാഗം പുഴയിൽ നിന്നും തോടുകളിൽനിന്നും ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താം. ബാക്കി വരുന്ന ഉയർന്ന പ്രദേശങ്ങളിൽ വളരെ കുറച്ച് ഭാഗം മാത്രം PVIP കനാൽവഴി വെള്ളം ലഭ്യമാകുന്നു.

## 4. മണ്ണ്

പുഴയോരപ്രദേശത്ത് എക്കൽമണ്ണും കൃഷിപ്പാടത്ത് അലുവിയൻ മണ്ണും ഉയർന്ന സമതല പ്രദേശങ്ങളിൽ ചെമ്മണ്ണും വെട്ടുകല്ലും ആണ് ഉള്ളത്. ഏററവും ഉയർന്ന പ്രദേശങ്ങളിൽ പാറക്കല്ലും ഉണ്ട്.

## 5. ഭൂവിനിയോഗം

എഴുപതുകളിൽ മുഖ്യവിള നെൽകൃഷി ആയിരുന്നെങ്കിൽ ഇപ്പോൾ റബ്ബറാണ് മുഖ്യ കൃഷി. നെൽകൃഷി ഇപ്പോൾ ഏകദേശം 800 ഏക്കർ സ്ഥലത്തുണ്ട്. റബ്ബർ കൃഷി ചെയ്യുന്ന സ്ഥലങ്ങൾ 2000 ഏക്കറോളം വരും. 500 ഏക്കർ സ്ഥലത്ത് തെങ്ങ്കൃഷി ഉണ്ട്. 2600 ഓളം പേർ 50 സെൻറ് ഭൂമിയിൽ താഴെ കൈവശം വെച്ചിട്ടുള്ളവരാണ്.

## 6. മനുഷ്യവിഭവം

പഞ്ചായത്തിൻെറ മൊത്തം ജനസംഖ്യ 16085 വരും. പുരുഷന്മാർ 8167-ഉം സ്ത്രീകൾ 7918-ഉം. ഇതിൽ ആറുവയസ്സിൽ താഴെയുള്ള കുട്ടികൾ 1664 വരും. കൃഷിക്കാർ 1496-ഉം കർഷകതൊഴിലാളികൾ 1392-ഉം നിർമ്മാണരംഗത്ത് പണിയെടുക്കുന്നവർ 213-ഉം വ്യാപാര-വ്യവസായ രംഗത്ത് തൊഴിലെടുക്കുന്നവർ 481-ഉം കരിങ്കൽ തൊഴിലാളികൾ 29-ഉം കുടിൽ വ്യവസായരംഗത്ത് പണിയെടുക്കുന്നവർ 87-ഉം വരും. ബഹുഭൂരിപക്ഷംപേരും തൊഴിലില്ലാത്തവരാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച പഞ്ചായത്താണ് (90.8%) എന്നിരുന്നാലും ഉന്നത വിദ്യാഭ്യാസം നേടിയവരുടെ എണ്ണം കുറവാണ്.

# വികസന മേഖലകൾ

## പ്രാഥമിക മേഖല

## കൃഷിയും ജലസേചനവും

**ആമുഖം**

1950 കളിലെ പ്രധാന കൃഷികൾ തെക്കൻ മേഖലകളിൽ നെല്ല്, കരിമ്പ്, വാഴ, തെങ്ങ്, കപ്പ, കമുക് ഉടങ്ങിയവ ആയിരുന്നു. വടക്കൻ മേഖലകളിൽ റബ്ബർ, കശുവിൻമാവ്, ഇഞ്ചിപ്പുൽ തുടങ്ങിയ കൃഷികളും ചെ ല്ലിരുന്നു. നെൽകൃഷിക്കാവശ്യമായ വെള്ളം കാളത്തേക്ക്, കൈത്തേക്ക്, ചക്രംചവിട്ട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ യാണ് സംഭരിച്ചിരുന്നത് നെൽകൃഷിക്ക് കൃഷിയിടങ്ങൾ ഒരുക്കിയിരുന്നത് മുഖ്യമായും കന്നുകാലികളെ പൂട്ടി യായിരുന്നു. താഴ്ന്ന പാടങ്ങളിൽ കിളച്ചു ചവിട്ടിയും കൃഷിയിടങ്ങൾ ഒരുക്കിയിരുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ ഭാഗ്യമെന്നോണം 1956-58 കാലഘട്ടത്തിൽ കടാതി, മേക്കടമ്പ്, കര്യാ- തോട് എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിൽ വരികയും 1972-80 കാലഘട്ടങ്ങളിലായി പെരിയാർ വാലി പദ്ധതി വരികയും ചെയ്യതോടെ ജലസേചന സൗകര്യമുള്ള ഭാഗത്ത് നെൽകൃഷി വ്യാപകമാവുകയും അന ബന്ധ കൃഷിയിടങ്ങളിലായി തെങ്ങ്, ജാതി, കമുക്, കൊക്കൊ, ഗ്രാമ്പു എന്നിവയും കൃഷിചെയ്തിരുന്നു.

നെൽകൃഷിയിടങ്ങളിൽ പഴയ കാലത്തെ കന്നുപൂട്ടുന്ന രീതിയിൽ നിന്നും മാററം വരുത്തിക്കൊണ്ട് പവർ ടില്ലറുകൾ, ട്രാക്ടറുകൾ തുടങ്ങിയ ആധുനിക യന്ത്രോപകരണങ്ങൾകൊണ്ട് നിലം ഉഴുത് പാകപ്പെടുത്തുകയും പമ്പു സെററുകൾ ഉപയോഗിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തു. 2000 ഏക്കർ സ്ഥലത്ത് നെൽകൃ ഷിയുണ്ടായിരുന്നത് ഇപ്പോൾ ഏകദേശം 700 ഏക്കർ സ്ഥലത്തായി ചുരുങ്ങുകയും ചെയ്തു. ടി സ്ഥലങ്ങളിൽ റബർ, തെങ്ങ്, കപ്പ, പൈനാപ്പിൾ എന്നിവ കൃഷി ചെയ്തുവരുന്നു.

റബ്ബർബോർഡിന്റെ സേവനം ലഭിച്ചു തുടങ്ങിയതോടെ റബ്ബർകൃഷി വ്യാപകമാവുകയും ഏകദേശ 2000 ഏക്കർ സ്ഥലത്ത് ഇപ്പോൾ റബ്ബർകൃഷി ചെയ്തുവരുന്നു.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചപ്പോൾ ലക്ഷ്യമിട്ടിരുന്നത് 465 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുവാനായിരുന്നു. അതിനായി 16 കിലോമീററർ ദൈർഘ്യത്തിൽ കനാൽ നിർമ്മിച്ചിരുന്നു. പെരിയാർവാലി പദ്ധതി 921 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ ലക്ഷ്യമിട്ടിരുന്നു. അതിനായി 22 കി. മീ. നീളത്തിൽ കനാലും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഈ രണ്ട് പദ്ധതിയിലും കൂടി ആകെ 420 ഹെക്ടർ സ്ഥലത്ത് മാത്രമാണ് വെള്ളം എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. പക്ഷെ പെരിയാർവാ ലി കനാലുകളിൽ കൃഷിക്കുപയുക്തമാകുന്ന രീതിയിൽ എല്ലാ പ്രദേശത്തും വെള്ളം എത്തിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

എന്നാൽ 1993-96 കാലഘട്ടങ്ങളിൽ കമാൻറ് ഏരിയ ഡവലപ്മെൻറ് അതോറിററി പെരിയാർവാലി പദ്ധതി ഏറെറടുത്ത് സ്ലൂയീസുകളിൽ നിന്നും കോൺക്രീററ് ചാനലുകൾ നിർമ്മിക്കുകയും കൃഷിയിടങ്ങളിലേ ക്കുള്ള ഫാം റോഡുകൾ നിർമ്മിക്കുകയും ചെയ്തു.

500 ഏക്കറോളം സ്ഥലത്ത് തെങ്ങ് കൃഷി ചെയ്തിട്ടുണ്ട്. തെങ്ങിന് രോഗം വരുന്നതുമൂലം തെങ്ങ കൃഷി പഞ്ചായത്തിൽ കുറഞ്ഞുവരുന്നു. രോഗപ്രതിരോധത്തിന് ഫലപ്രദമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞി ട്ടില്ല. കേരസമിതികൾ മുഖേനെ സബ്സിഡി നിരക്കിൽ ലഭിക്കുന്ന വളം കേര കർഷകർക്ക് ആശ്വാസമാക ന്നുണ്ട്. എന്നാൽ സബ്സിഡി നിരക്കിൽ വളം കുറഞ്ഞ തോതിലാണ് ലഭിക്കുന്നത്. അതുകൊണ്ട്തന്നെ മുഴുവൻ കർഷകർക്കും ഇത് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. പമ്പ്സെററ് വാങ്ങുന്നതിനും കുളങ്ങൾ കുഴി ക്കുന്നതിനുള്ള സബ്സിഡികൾ എല്ലാ കർഷകർക്കും പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. കൃഷിഭവന്റെ പ്രവർത്തനം എല്ലാ മേഖലയിലും വേണ്ടവിധം എത്തുന്നില്ല. കൃഷിഭവനിലെ ജീവനക്കാരുടെ കുറവും സഹായ ധനത്തിന്റെ ലഭ്യതക്കുറവും ആണ് കാരണം.

ജലസേചന സൗകര്യത്തിനായി മുകളിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളെ കൂടാതെ കമ്മ്യൂണിററി ഡവ ലപ്മെൻറ് പ്രോഗ്രാംവഴി ലഭ്യമായ സഹായം കൊണ്ട് സ്ഥാപിച്ച പ്രവർത്തിപ്പിക്കുന്ന മൂന്ന് പമ്പുസെററും സ്വകാര്യവ്യക്തികൾ സ്ഥാപിച്ചിട്ടുള്ള 359 ചെറിയ പമ്പ്സെററുകളും ഉണ്ട്.

## പ്രശ്നങ്ങൾ

1. പെരിയാർവാലി കനാലുകളിൽ വെള്ളം എത്തുന്നില്ല.
2. ലിഫ്ട് ഇറിഗേഷൻ കനാലുകളിൽ യഥാസമയം വെള്ളം എത്തുന്നില്ല.
3. സ്ഥിരമായി നെൽകൃഷി ചെയ്തുവരുന്ന പാടശേഖരങ്ങൾ തരിശിടുന്നു. നെൽപാടങ്ങൾ ഇഷ്ടികകളങ്ങളാക്കി താഴ്ത്തുന്നു. നെൽപാടങ്ങളിൽ കപ്പയും മററു കൃഷികളും കൂടി ചെയ്തുവരുന്നു.
4. കർഷകതൊഴിലാളികളെ കിട്ടാനില്ല.
5. നെൽപാടങ്ങളിലെ നീർചാലുകൾ ഇടിഞ്ഞ് വെള്ളം കെട്ടിക്കിടക്കുന്നു.
6. ചില മേഖലകളിൽ മണ്ണൊലിപ്പ് കൂടുന്നു.
7. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. പെരിയാർവാലി വാളകം ബ്രാഞ്ച് കനാലും പഞ്ചായത്തിലെ റാക്കാട്, ചെറിയ ഊരയം, കുന്നയ്ക്കാൽ വെസ്റ്റ് എന്നീ മൈനർ ഡിസ്ട്രിബ്യൂട്ടറികളും ലൈനിംഗ് നടത്തുക. സ്ലൂയീസുകളുടെ കേടുപാടുകൾ തീർക്കുക. വെനെല്ലാട് വാഴപ്പിള്ളി ബ്രാഞ്ചുകളുടെ ഷട്ടർ കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കുക. വേനൽക്കാലത്ത് എല്ലാ ദിവസവും കനാലിൽ വെള്ളം തുറന്നുവിടുക. കനാലിന്റെ സ്ലൂയീസുകളിൽനിന്നുമുള്ള ഫീൽഡ് ചാനലുകൾ നിർമ്മിച്ച് പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കുക. വാർഷിക അററകുററപണികൾ സമയാസമയങ്ങളിൽ നടത്തുകയും ടി പണികൾ പഞ്ചായത്തിനെ ഏൽപിക്കുകയും ചെയ്യുക. സ്ഥിരമായി വാച്ചറുടെ സേവനം പ്രയോജനപ്പെടുത്തുക.
2. ലിഫ്ട് ഇറിഗേഷൻ കനാലുകൾ ലൈനിംഗ് നടത്തുക. വാർഷിക അററകുററപ്പണികൾ സമയാസമയങ്ങളിൽ നടത്തുകയും അവ പഞ്ചായത്തിനെ ഏൽപ്പിക്കുകയും ചെയ്യുക. മോട്ടോറുകളുടെ അററകുററപ്പണികൾ യഥാസമയംതന്നെ നടത്തുക. കടാതി ലിഫ്ട് ഇറിഗേഷൻ സ്കീമിന്റെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുക, മേക്കടമ്പ് ഗണപതിയിൽ 100HP-യുടേയും 40HP-യുടേയും മോട്ടോറുകൾ ഒാരേസമയം പമ്പ് ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക, കര്യാതോട്ട് ലിഫ്ട് ഇറിഗേഷന്റെ പൈപ്പ് മാററി സ്ഥാപിക്കുക, ചാക്കിച്ചേരി കടവിലെ പഞ്ചായത്ത് L I സ്കീമിലെ മോട്ടോർ പുരയും കനാലും നന്നാക്കുക.
3. കമ്മ്യൂണിററി ഡവലപ്മെന്റ് പമ്പ്സെററുകൾ സ്ഥാപിക്കുക, വാർഡ് I 10 HP, 5 HP വീതമുള്ള 2 പദ്ധതികൾ, വാർഡ് II 10 HP വീതമുള്ള 3 പദ്ധതികൾ, വാർഡ് III 40 HP, 20 HP, 10 HP യുടെ 3 പദ്ധതികൾ, വാർഡ് IV 40 HP, 10 HP 2 പദ്ധതികൾ. വാർഡ് V 60 HP, 15 HP യുടെ 3 പദ്ധതികൾ. വാർഡ് VI 10 HP, 5 HPയുടെ 2 പദ്ധതികൾ. വാർഡ് VII 40 HP യുടെ 2 പദ്ധതികൾ. വാർഡ് VIII 5 HP യുടേയും 10 HP യുടേയും ഓരോ പദ്ധതികൾ. വാർഡ് IX 20 HP യുടെ ഒരു പദ്ധതി.
4. ചിറകളുടെ സംരക്ഷണം

| | |
|---|---|
| വാർഡ് III | കന്നേച്ചിറ, ഉറചിറ, കോലോത്തുകുളം |
| വാർഡ് IV | മണിയാററുചിറ, കൈനികുളം, വാഴക്കുഴിക്കുളം |
| വാർഡ് V | നാടികുളം, വാഴ്വേലിച്ചിറ, ആനിച്ചേരിയിൽചിറ |
| വാർഡ് VI | തീണ്ടാച്ചിറ, കരിപ്പാച്ചിറ |
| വാർഡ് VII | ഓലിക്കച്ചിറ, തുടിലിൽകുളം |
| വാർഡ് VIII | ഓടാലിച്ചിറ, ചാണ്ടിക്കുളം, പൈറേറലിക്കുളം |
| വാർഡ് IX | കാവുംകുളം, പുന്നിലംകുളം, നാരായണത്തിൻപാടത്ത്കുളം. |

II-ാം വാർഡിലുള്ള ചോലക്കാപ്പാടത്തുള്ള കുന്നമ്പടംകുളം കുന്നയ്ക്കാൽ പാടം, നീതക്കുഴിപാടം എന്നിവയിലുള്ള മൂന്ന് കുളങ്ങൾ. I-ാം വാർഡിൽ CD പമ്പ് സെററുകൾ സ്ഥാപിക്കുന്ന സ്ഥലത്തുള്ള രണ്ട് കുളങ്ങൾ, പഞ്ചായത്തിൽ നിന്നും പണിതിട്ടുള്ള ചിറകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം.

5. നീർചാലുകളുടെ സംരക്ഷണം: പഞ്ചായത്തിലെ 31 പാടശേഖരങ്ങളിലായി 20 കി മീ. നീർചാലുകൾ കെട്ടി സംരക്ഷിക്കുക.

6. ക്രോസ് ബാറുകൾ സ്ഥാപിക്കുക.
വാർഡ് I ചേലപ്പാടം. 2 സ്ഥലങ്ങളിൽ
വാർഡ് II നടുതൊണ്ട്തോട്, പുതുമനഡാം
വാർഡ് V മാത്തൻകടിത്താഴം,
വാർഡ് VI തിരുവാങ്കുളം പാടം. വാളാതോട്
വാർഡ് VIII ചെറുമ്പിള്ളിത്തോട്
വാർഡ് IX മീമ്പിളിതോട്. കറുകപാടം തോട്

7. പാടശേഖരങ്ങളിലേക്കുള്ള ഫാം റോഡുകൾ നിർമ്മിക്കുക

8. മണ്ണൊലിപ്പ് തടയുന്നതിനുള്ള പണികൾ നടത്തുക

9. പാടശേഖരങ്ങൾ നികത്തുന്നതും ഇഷ്ടികക്കള നിർമ്മാണത്തിന് ഉപയോഗിക്കുന്നതും നിയന്ത്രിക്കുക

10. എല്ലാവിധ കാർഷിക യന്ത്രോപകരണങ്ങളും ലഭ്യമാകുന്ന രീതിയിൽ ആഗ്രോക്ലിനിക്കുകൾ പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക.

11. പുതിയ നഴ്സറികൾ സ്ഥാപിക്കുക.

12. കാർഷിക വിപണനങ്ങൾ ലഭ്യമാക്കുവാൻ അമ്പലംപടിയിലും, വാളകത്തും മാർക്കററ് സ്ഥാപിക്കുക.

13. പാടശേഖരങ്ങളിൽ ഗ്രൂപ്പ്ഫാമിംഗ് രീതി നടപ്പിലാക്കൽ. ഉത്പാദനക്ഷമതയുള്ള വിത്തുകളുടെ വിതരണം, വളം കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, മണ്ണ്പരിശോധന നടത്തുക, നെല്ലുൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ജൈവവളത്തിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് കംപോസ്റ്റ് വളങ്ങൾ ഉണ്ടാക്കുക. എല്ലായിനം കൃഷികളും സൗജന്യമായി ഇൻഷ്വറൻസ് ചെയ്യുക.

14. പഞ്ചായത്തിലെ എല്ലാ വീടുകളിലും അടുക്കളതോട്ടം എന്ന ലക്ഷ്യം കൈവരിക്കണം. അതിനായി വിത്ത് വളം, കീടനാശിനി എന്നിവ കൃഷിഭവന്റെ നേതൃത്വത്തിൽ എത്തിച്ചു കൊടുക്കുക താലൂക്കടിസ്ഥാനത്തിൽ പൈനാപ്പിൾ ഫാക്ടറി സ്ഥാപിക്കുക.

15. പഞ്ചായത്ത് തലത്തിൽ റബ്ബർ മാർക്കററിംഗ് സഹകരണസംഘം സ്ഥാപിക്കുക. റബ്ബർഉൽപാദക സംഘങ്ങളുടെ മേൽനോട്ടത്തിൽ ആധുനിക യന്ത്രസാമഗ്രികളോടെ മരുന്ന തളിക്കുവാനുള്ള സൗകര്യം ഏർപ്പെടുത്തുക. റബ്ബർപാൽ കൊണ്ട് ഗുണനിലവാരമുള്ള ഷീററുകൾ, മററുൽപ്പന്നങ്ങൾ എന്നിവ നിർമ്മിക്കുക.

16. അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക, വളം, കീടനാശിനി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. തെങ്ങ് കയററയന്ത്രം കേരവികസന സമിതി മുഖേന ലഭ്യമാക്കുക, ചിരട്ട ഉപയോഗിച്ച് കരകൗശല യൂണിററും ചകിരി ഉപയോഗിച്ച് കയറുൽപ്പന്ന യൂണിററും തുടങ്ങുക. കേടുവന്ന തെങ്ങുകൾ വെട്ടിമാററുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക. കേരസമിതിയുടെ സഹായം മുഴവൻ കൃഷിക്കാർക്കും പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

17. കുരുമുളക്വള്ളി, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

18. കൃഷിക്കാർക്ക് കാർഷിക വായ്പകൾ കുറഞ്ഞ പലിശനിരക്കിൽ ലഭ്യമാക്കുക.

## മൃഗസംരക്ഷണം

കഴിഞ്ഞ മൂന്ന ദശാബ്ദകാലത്തിനുള്ളിൽ വാളകം പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഗുണപരവും പ്രകടവുമായ മാററങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഇതിൽ ഏററവും പ്രധാനപ്പെട്ടത് ഉൽപ്പാദനശേഷി കുറഞ്ഞ നാടൻ കന്നുകാലികൾ ഉണ്ടായിരുന്ന സ്ഥാനത്ത് അത്യുല്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികൾ വളരെയധികം ഉണ്ടായി എന്നതാണ്. 1960 കളിൽ കേരളത്തിൽ നടപ്പിലാക്കിയ 'ധവളവിപ്ളവത്തി'ന്റെ അനുബന്ധമെന്നോണം ഈ പഞ്ചായത്തിലും വിദേശ ജനുസ്സുകളിൽപെട്ട ജേഴ്സി, സ്വിസ്ബ്രൗൺ, ഹോൾസ്റ്റീൻ ഫ്രീഷ്യൻ തുടങ്ങിയവയുടെ ബീജം കുത്തിവച്ച് ഉല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വാർത്തെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പാലിനും ജൈവവളത്തിനുമായി കാർഷികവൃത്തിയിലേർപ്പെട്ടിട്ടുള്ള കർഷകർ കൂടുതലായി പശുപരിപാലനത്തിൽ ശ്രദ്ധകാണിച്ചതോടെ പാലിന്റെ പ്രതിശീർഷക ഉപയോഗത്തിൽ ഗണ്യമായ മാററം വന്നിട്ടുണ്ടെന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

1987ൽ നടന്ന കനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ മൃഗസമ്പത്ത് 2394 സങ്കരയിനം കന്നുകാലികൾ, 1422 നാടൻ കന്നുകാലികൾ, 133 എരുമകൾ, 1290 ആടുകൾ, 141 പന്നികൾ, 730 പട്ടികൾ, 13468 കോഴികൾ, 120 താറാവുകൾ എന്നിങ്ങനെയാണ്. 1996-ൽ നടന്ന സെൻസസിന്റെ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും സങ്കരയിനം കന്നുകാലികളുടെ എണ്ണത്തിൽ വളരെയധികം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇപ്പോഴുള്ള കന്നുകാലികളിൽ ഏകദേശം 80% സങ്കരയിനത്തിൽപെട്ടതാണ് എന്നുള്ളത് ഒരു വസ്തുതയാണ്. ഇതുപോലെതന്നെ കറുത്ത നാടൻ പന്നികൾ കുറഞ്ഞ് വെളുത്ത ശീമപന്നികൾ പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട് കൂടാതെ നാടൻ കോഴികൾ കുറഞ്ഞ് അത്യുല്പാദനശേഷിയുള്ള റൊഡോവൈറ്റ്, കലിംഗബ്രൗൺ, ഓസ്ട്രോവൈറ്റ്, ഗിരിരാജ തുടങ്ങിയയിനം കോഴികളെ കൂടുതൽ വീടുകളിൽ വളർത്തുന്നുണ്ട്.

എന്നാൽ ഈ മാറ്റത്തിന്റെ കൂടെതന്നെ കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പഞ്ചായത്തിലെ മറ്റു വികസന പ്രവർത്തനങ്ങളും റബ്ബർ കൃഷിയിൽ വന്ന വ്യാപനവും പാടശേഖരങ്ങളുടെ ശോഷിപ്പും പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യത്തിലേക്ക് വഴിതെളിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം പ്രശ്നമെന്നോണം കാലിതീറ്റയുടെ വിലയിൽ വന്ന ക്രമാതീതമായ വർദ്ധനയും ഉല്പന്നത്തിനു മതിയായ വിലയില്ലാത്തതുമായ അവസ്ഥ ഈ മേഖലയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്.

പശുപരിപാലനം ഒരു മുഖ്യ തൊഴിലായും ഉപതൊഴിലായും മുൻപോട്ടു കൊണ്ടുപോകുന്ന വളരെയധികം കർഷകരുള്ള ഈ പഞ്ചായത്തിൽ പാലിന്റെ സംഭരണത്തിനായി രണ്ടു ക്ഷീരോല്പാദക സംഘങ്ങൾ ആണുള്ളത് - മേക്കടമ്പ് APCOS and വാളകം APCOS കൂടാതെ ഈയിടെയായി PDDP യുടെ കീഴിൽ വാളകത്തും, കുന്നയ്ക്കാലും, പാലനാട്ടിപടിയിലും, അമ്പലംപടിയിലും ഓരോ പാൽസംഭരണ കേന്ദ്രം തുറന്നിട്ടുണ്ട്. പ്രാദേശിക വിപണനം വഴി കുറെയേറെ കർഷകർ പാലിന് മാർക്കറ്റ് കണ്ടെത്തുന്നുണ്ട്. പാലിന്റെ സംഭരണത്തിനും വിതരണത്തിനും പ്രാദേശിക ആവശ്യങ്ങൾ പരിഗണിച്ച് പഞ്ചായത്തിൽ കൂടുതൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ തുടങ്ങാവുന്നതാണ്.

കാലിതീറ്റ, പിണ്ണാക്ക് തുടങ്ങിയവ കടകളിൽ നിന്നും പുല്ല് - പറമ്പ്, തൊടി, പാടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സംഭരിച്ചാണ് പശുക്കളെ പരിപാലിക്കുന്നത്. ചെറുകിട കർഷകർ വൈക്കോലും വിലകൊടുത്തുവാങ്ങുന്ന അവസ്ഥയാണ്. തീറ്റപുല്ല് മുഖ്യമായോ ഇടവിളയായോ കൃഷിചെയ്യുന്ന കർഷകർ അപൂർവ്വമാണ്. ഇതിനു കാരണം പുൽ വിത്തുകളുടെ ദൗർലഭ്യവും വിജ്ഞാന വ്യാപനത്തിൽ വന്ന തകരാറുമാണ്. വരുംകാലങ്ങളിൽ ഇപ്പോഴുള്ള കാലിസമ്പത്തിൽ വലിയ വർദ്ധനവ് ഉണ്ടാകാതെ നിലവിലുള്ള പശുക്കളുടെ ഉൽപ്പാദനക്ഷമത കൂട്ടുവാൻ വേണ്ട നടപടികളാണെടുക്കേണ്ടത്

''അടുക്കളമുറ്റത്തെ കോഴിവളർത്തൽ'' എന്ന സമ്പ്രദായം ഈ പഞ്ചായത്തിൽ വളരെ വ്യാപിച്ചിട്ടുണ്ട്. രോഗപ്രതിരോധശേഷിയുള്ള നല്ലയിനം മുട്ടക്കോഴികുഞ്ഞുങ്ങൾക്ക് ഈ പഞ്ചായത്തിൽ ആവശ്യക്കാർ ഏറെയുണ്ട്. ഈ മേഖലയിൽ നാം സ്വയംപര്യാപ്തത കൈവരിച്ചിട്ടില്ല അതുപോലെതന്നെ പന്നിവളർത്തലിൽ താൽപര്യം കാണിക്കുന്ന കർഷകരുമുണ്ട്. ആവശ്യാനുസരണം നല്ലയിനം പന്നിക്കുഞ്ഞുങ്ങളുടെയും, മുട്ടകോഴികുഞ്ഞുങ്ങളുടെയും ദൗർലഭ്യം ഈ പഞ്ചായത്തിൽ നിലവിലുണ്ട്.

ഇറച്ചിക്കോഴി വളർത്തൽ സമീപ പഞ്ചായത്തുകളിൽ വളരെയധികം വ്യാപിച്ചിട്ടുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ഇതിനു് അത്രതന്നെ പ്രാധാന്യം കൊടുത്തിട്ടില്ല. തൊഴിൽ സാദ്ധ്യതയും ലാഭകരവുമായ ഇറച്ചികോഴി വളർത്തൽ കൂടുതൽ വ്യാപിപ്പിക്കേണ്ട ആവശ്യമുണ്ട്. ഈ മേഖലയിലെ കർഷകർ എല്ലാം തികച്ചും അസംഘടിതരാണ്. ഇറച്ചി ഉത്പാദക സഹകരണസംഘം പഞ്ചായത്തുതലത്തിലോ ബ്ലോക്കുതലത്തിലോ വന്നാൽ മാത്രമേ മദ്ധ്യവർത്തികളുടെ ചൂഷണത്തിൽ നിന്നും ഈ വിഭാഗത്തിൽപെട്ട കർഷകരെ രക്ഷിക്കാനാവൂ.

ഈ പഞ്ചായത്തിൽ ചിതറികിടക്കുന്ന അനേകം പ്രാദേശിക അറവുശാലകൾ നിലവിലുണ്ട്. ആഴ്ചതോറും വളരെയധികം കന്നുകാലികളെ ഇതിലൂടെ കശാപ്പുചെയ്യുന്നു. പൊതുജനാരോഗ്യം അപകടപ്പെടുത്തുന്ന രീതിയിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ഈ അറവുശാലകളെ ഏകോപിപ്പിച്ചു, ശാസ്ത്രീയമായി നിർമ്മിച്ച ഒരു അറവുശാല ഈ പഞ്ചായത്തിൽ വരേണ്ടത് അത്യാവശ്യമാണ്. റോഡരുകിൽ കെട്ടിതൂക്കിയുള്ള മാംസ വിൽപ്പന നിരോധിച്ച് 'മാതൃകാ മീറ്റ് സ്റ്റാള്'കൾ വഴി ഇറച്ചി വിതരണം ചെയ്യേണ്ടതാണ്. അറവുശാലകളും മീറ്റ് സ്റ്റാളിനും വേണ്ടിവരുന്ന ചിലവിനുള്ള ധനസഹായം സർക്കാരിന്റെ ഭാഗത്തു് നിന്നും ഉണ്ടാകണം.

മൃഗപരിപാലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ വൈദ്യസഹായത്തിനും മറ്റും വാളകം (മേക്കടമ്പ്) മൃഗശുപത്രിയെയാണ് ആശ്രയിക്കുന്നത്. കഴിഞ്ഞ വർഷം മുതൽ സർക്കാർ ഉത്തരവിലൂടെ മാറ്റിയ സമയമാറ്റം പൊതുജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. ഈ തീരുമാനം പുന:പരിശോധിക്കേണ്ടതാ

ണ്   പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഈ സ്ഥാപനത്തിലേക്ക് ഒരു ടെലിഫോൺ കണക്ഷനും ലബോറട്ടറി സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.

154

## നടപ്പു പദ്ധതികൾ

ഈ സ്ഥാപനം (മൃഗാശുപത്രി, വാളകം) വഴി മൃഗസംരക്ഷണ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കികൊണ്ടിരിക്കുന്നു.

1. പേവിഷബാധ നിയന്ത്രണ പദ്ധതി
2. പന്നിവളർത്തൽ പദ്ധതി
3 കോഴിവളർത്തൽ പദ്ധതി
4. കുളമ്പുരോഗ പ്രതിരോധ പദ്ധതി
5. കൃത്രിമ ബീജസങ്കലനം
6. രോഗ ഗവേഷണം

## പൊതു നിർദ്ദേശങ്ങൾ

പേവിഷബാധ നിയന്ത്രണത്തിനായി പ്രതിരോധ വാക്സിൻ ആവശ്യാനുസരണം മൃഗാശുപത്രിയിൽ ലഭിക്കാറില്ല. അതുപോലെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൂം ഈ പഞ്ചായത്തിൽ ഏറെയുണ്ട്. ആയതിനാൽ വേണ്ടത്ര പേവിഷ പ്രതിരോധ കുത്തിവയ്പ് ലഭ്യമാക്കാനും അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാനും വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കാനും വേണ്ടത്ര നടപടികൾ വരുംകാലങ്ങളിൽ പഞ്ചായത്തിൽ ശക്തിപ്പെടുത്തേണ്ടതാണ്.

പന്നിവളർത്തലിൽ താല്പര്യക്കാർ ഏറെയുണ്ടെങ്കിലും ആവശ്യമായ പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുവാൻ കഴിയുന്നില്ല. ഇതിനുവേണ്ടി 'പിഗ് ബ്രീഡിംഗ്' യൂണിററുകൾ പഞ്ചായത്തിൽ കൂടുതൽ ആരംഭിക്കുക,

കോഴിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി 1 ദിവസം പ്രായമുള്ള കോഴികുഞ്ഞുങ്ങളെ രണ്ടു മാസം വരെ വളർത്തി പൊതുജനങ്ങൾക്ക് വിതരണം ചെയ്യുവാൻ കഴിയുംവിധം 'എഗ്ഗർ നഴ്സറികൾ' പഞ്ചായത്തിൽ തുടങ്ങുക.

ആദായകരമായ പാലുല്പാദനത്തിനു് ഏററവും വലിയ വെല്ലുവിളി വർദ്ധിച്ചുവരുന്ന കാലിതീററയുടെ വിലയാണ്. സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിതീററ നിർമ്മാണ യൂണിററുകൾ സ്ഥാപിച്ച് സൊസൈററികൾ മുഖേന വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ പാലുൽപ്പാദനം കൂട്ടുന്നതിനും തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കുന്നതിനും 2–3 പശുക്കൾ അടങ്ങുന്ന 'മിനി ഡയറി യൂണിററ്' വാർഡ് തോറും സർക്കാർ ധനസഹായത്തോടെ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. 15 വനിതകൾ അടങ്ങുന്ന വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ യൂണിററുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്,

പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളേയും ഘട്ടംഘട്ടമായി കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ രജിസ്റ്റർചെയ്ത് ആനുകൂല്യം നൽകേണ്ടതാണ്. അത്യുൽപ്പാദനശേഷിയുള്ള പഞ്ചായത്തിലെ എല്ലാ പശുക്കളെയും ഇൻഷ്വർ ചെയ്യാൻ വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

പ്രാദേശിക ക്ഷീര വിപണനസംഘങ്ങൾ വഴി മുൻകൈയെടുത്ത് തീററപ്പുൽകൃഷി വ്യാപകമാക്കണം. കർഷകന്റെ പറമ്പിൽ തന്നെ പോഷകഗുണമുള്ള നേപ്പിയർ, ഗിനി, ചോളം തുടങ്ങിയവ ഇടവിളയായോ കയ്യാലയിലോ കൃഷി ചെയ്യുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വീട്ടുമുററത്തെ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനായി 45 മുതൽ 60 ദിവസംവരെ പ്രായമായ കോഴികുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്യണം,

ഇറച്ചികോഴി വളർത്തൽ വ്യാപകമാക്കുന്നതിനായി കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവു സമയം പ്രയോജനപ്പെടുത്തി രണ്ടാഴ്ചയിലൊരിക്കൽ 250 ഇറച്ചിക്കോഴികളെ വീതം വിൽപ്പനയ്ക്ക് സജ്ജമാക്കുന്ന സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കേണ്ടതാണ്.

നമ്മുടെ സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങളുടെയും ഇടത്തര കഷകരുടെയും സാമ്പത്തിക പരിമിതികൾക്കനുയോജ്യമായ 'ആടുവളർത്തൽ പദ്ധതി' പഞ്ചായത്തിൽ നടപ്പാക്കുവാൻ വേണ്ട നടപടികളെടുക്കാവുന്നതാണ്.

2000 ആണ്ടോടെ ലോകത്ത് മററ് മാംസങ്ങളുടെ (ബീഫ്) ദൗർലഭ്യം ജനശ്രദ്ധ 'മുയലിറച്ചി'യിലേക്ക് തിരിച്ചുവിടും എന്നാണ് WHO അവകാശപ്പെടുന്നത്. ആയതിനാൽ മുയൽ വളർത്തൽ പ്രോൽസാഹിപ്പിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കേണ്ടതാണ്.

വരുംകാല പദ്ധതിയിൽ വേണ്ടത്ര പ്രോത്സാഹനവും പദ്ധതി വിഹിതവും ശ്രദ്ധയും കൊടുത്താൽ പ്രതിശീർഷ ഭൂമിയുടെ ലഭ്യതയിലും ആളോഹരി വരുമാനത്തിലും വളരെ പിന്നോക്കം നിൽക്കുന്നതുമായ കേരളം സാക്ഷരതയിലും തൊഴിലില്ലായ്മയിലും ജീവിതനിലവാരത്തിലും മുൻപന്തിയിൽ നിൽക്കുന്നതുമായ കേരളം പോലുള്ള സംസ്ഥാനത്ത് അനന്യസാദ്ധ്യതകളുള്ള ഒരു രംഗമാണ് മൃഗസംരക്ഷണ മേഖല എന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്.

# ക്ഷീരവികസനവകുപ്പ്-ക്ഷീരവികസനപദ്ധതികളെസംബന്ധിച്ച പ്രൊജക്ട്റിപ്പോർട്ട്

## A. ആമുഖം

നമ്മുടെ സംസ്ഥാനത്ത് ജനസംഖ്യയുടെ ഏതാണ്ട് 70% -ൽ അധികം ക്രിഷിയും അനുബന്ധതൊഴിലുകളുമായി ഉപജീവനം കഴിക്കുന്നവരാണെന്ന് സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. കൃ,ഷിയുടെഏറ്റവും പ്രധാനപ്പെട്ടഅനുബന്ധതൊഴിലായ ക്ഷീരോല്പാദനം ജനങ്ങളുടെ സുപ്രധാനമായ വരുമാന സ്രോതസ്സായി മാറിക്കഴിഞ്ഞു .ക്ഷീരവികസന --മൃഗസംരക്ഷണമേഖലയുടെ പരിപോഷണത്തിനായി ക്ഷീരവികസനവകുപ്പ്, മൃഗസംരക്ഷണവകുപ്പ്,KLD ബോർഡ്, മിൽമ, ക്ഷീരസഹകരണ സംഘംങ്ങൾ ,ചാരിറ്റബിൾസൊസൈറ്റികൾ തുടങ്ങി സർക്കാർവകുപ്പുകളുംഅല്ലാത്തവയുമായവിവിധഏജൻസികൾകാര്യക്ഷമമായിപ്രവർത്തിച്ചു വരുന്നു.

കേരളത്തിൽ ഒന്നാം പഞ്ചവത്സരപത്ധതിയിലൂടെ പ്രിവില്ലേജു സ്കീം പ്രകാരം ആരംഭിച്ച കൃത്രിമബീജദാന പരിപാടി നാലാം പദ്ദതിയിലൂടെ നടപ്പാക്കിവരുന്ന ഊർജിത കന്നുകാലി വികസനപരിപാടി, പ്രത്യേകതൊഴിൽദാനപദ്ധതി, ഇൻഡോ - സ്വിസ് പ്രൊജക്ട് തുടങ്ങിയപദ്ദതികൾപ്രകാരം ഉൽപാദനക്ഷമതകുറഞ്ഞ പശുക്കളിൽ നിന്നും ഉൽപാദനക്ഷമതയുള്ളസങ്കരവർഗ്ഗ പശുക്കളിലേക്കുള്ള ശാസ്ത്രീയമായ മാറ്റംമൂലം ഈമേഘലക്ക് ഗണ്യമായപുരോഗതി കൈവരിക്കാൻകഴിഞ്ഞട്ടുണ്ട് ,ഓപ്പറേഷൻ ഫ്ളഡ് , പദ്ധതികൾ മുഖേനപാലിന് സുസ്ഥിരമായ വിപണിയുണ്ടാക്കുവാനും കഴിഞ്ഞു. തത്ഫലമായി 1965 ൽ സംസ്ഥാനത്തെ ക്ഷീരോല്പാദനം 2 ലക്ഷം ടണ്ണായിരുന്നത് 1995 ആയപ്പോഴെക്കും 22ലക്ഷം ടണ്ണായി ഉയർന്നു എന്നുകാണാം.

കൃഷിയെ മാത്രം ഉപജീവനം നടത്തിവരുന്നവരുടെ ഉപതൊഴിലായ കാലിവളർത്തൽ പാലുല്പാദനത്തിനുപുറമേ കാർഷിക മേഘലയിലേക്ക് വേണ്ടത്ര ജൈവവളം ലഭ്യമാക്കുവാനും സഹായിക്കുന്നു.

വാളകം പഞ്ചായത്തിലെ കൃഷിയെ ആശ്രയിച്ച് കഴിയുനനവരാണ് . ഈപ്രദേശങ്ങളിൽ 2 ക്ഷീരസഹകരണസംഘങ്ങളും മറ്റ് സ്വകാര്യ ഏജൻസികളും പാൽസംഭരണം നടത്തുന്നുണ്ട്. ഈപഞ്ചായത്തിലും സമീപപട്ടണമായ മുവാറ്റുപുഴയിലും പാലിൻറെ ഉപഭോഗം നാൾക്കുനാൾ വർധിച്ചുവരുന്നതിനാൽ പാലുൽപാദനമേഘലയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## B. നിലവിലുള്ള ക്ഷീരവികസന പദ്ധതികൾ

ക്ഷീരവികസനവകുപ്പിൻറെ ആഭിമുഖ്യത്തിൽ തീറ്റപ്പുൽ കൃഷി മാതൃകാ കന്നാലിത്തൊഴുത്തുനിർമാണം .നാടൻ ക്ഷീരോല്പന്ന നിർമാണയൂണിറ്റ് ,പട്ടികജാതി പട്ടികവർഗക്കാർക്കുള്ള ക്ഷീരവികസന പദ്ധതികൾ, കർഷകസമ്പർക്ക പരിപാടികൾ, പാൽ ഉൽപ്പന്ന

നിർമ്മാണ പരിശീലന ക്ളസുകൾ , തീറ്റപ്പുൽസംസ്കരണം, വൈക്കോലിൽ യൂറിയ ചേർത്ത് സംപുഷ്ടമാക്കൽ , കന്നുകാലി പ്രദർശനം ധാതു ലവണം / വൈറ്റമിൻ എ എന്നിവ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക ധനസഹായം നൽകിവരുന്നു.

മൃഗസംരക്ഷണവകുപ്പിൻറെ ആഭിമുഖ്യത്തിൽ കന്നുകുട്ടികൾക്കുള്ള കാലിത്തീറ്റ ധനസഹായ മൃഗചികിത്സ , രോഗപ്രധിരോദകുത്തിവെപ്പ് , തുടങ്ങിയ വികസനപ്രവർത്തനങ്ങൾ നടത്തിവരുന്നു

എന്നാൽ പഞ്ചായത്തിലെ ക്ഷീരവികസന പദ്ധതികൾക്ക് ആക്കംകൂട്ടാൻ ഇപ്പോൾ ലഭ്യമാകുന്ന നാമമാത്രമായ സബ്സിഡികളും വികസനപദ്ധതികളും മാത്രം പോരാ. ആകയാൽ താഴെ വിവരിക്കുന്ന പദ്ധതികൾ നടപ്പാക്കേണ്ടിയിരിക്കുന്നു.

C. നടപ്പിലാക്കേണ്ട പദ്ധതികൾ

1 തീറ്റപ്പുൽകൃഷി വികസനപദ്ധതി

100 ഏക്കർ സ്ഥലത്ത് തീറ്റപ്പുൽ കൃഷിനടപ്പാക്കുന്ന തിന് ലക്ഷ്യമിട്ടിരിക്കുന്നു. ആദ്യ വർഷം ഏക്കർ ഒന്നിന് 4000 രൂപയും രണ്ടാം വർഷവും മൂന്നാംവർഷവും 1000 രൂപവീതവും ജൈവ / രാസവളം , ഇടയിളക്കൽ, കളനീക്കൽ അനുബന്ധചിലവുകൾ എന്നിവക്കായി ധനസഹായം നൽകുന്നതിന് ലക്ഷം രൂപ വകയിരുത്തേണ്ടതാണ് .50% സബ്സിഡിയാണ്

2 കാലിത്തീറ്റ ധനസഹായപദ്ധതി

കാലിവളർത്തലിൽ ഏറ്റവും കൂടുതൽ ചെലവ് വരുന്നത് കാലിത്തീറ്റക്കാണ് . കാലിത്തീറ്റക്ക സബ്സിഡി നൽകുന്നപക്ഷം കൂടുതൽ ആദായകരമാക്കി ഈ തൊഴിലിലേക്ക് ധാരാളം പേരെ ആകർഷിക്കാവുന്നതാണ് പ്രതിവർഷം ഏകദേശം 500 ടൺ കാലിത്തീറ്റ ഈപ്രദേശത്ത ആവശ്യമായിവരുന്നുണ്ട് കിലോഗ്രാമിന് ഒരു രൂപ വീതം സബ്സിഡി അനുവദിക്കുകയാണെങ്കിൽ പ്രതിവർഷം അഞ്ചുലക്ഷം രൂപ വീതം അഞ്ചുവർഷക്കേക്ക് 25 ലക്ഷം രൂപ ഈഇനത്തിൽ ചിലവുവരും

3 മാതൃക കാലിത്തൊഴുത്തു നിർമ്മാണം

പഞ്ചായത്തിൽ ഏതാണ്ട് മിക്കകുടുംബങ്ങളിലും കന്നുകാലികളെ വളർത്തുന്നു എങ്കിലും സ്ഥിരമായ ഉപയോഗയോഗ്യമായ കന്നുകാലിത്തൊഴുത്തുകൾ കുറവാണ് . കന്നുകാലികളുടെ അകിടുവീക്കം പോലുള്ള രോഗങ്ങൾ തടയുന്നതിന് വൃത്തിയുള്ള വായുവും വെളിച്ചവും കടക്കുന്നതും ഉറച്ചതറയുള്ളതുമായതൊഴുത്ത് അത്യന്താപേക്ഷിതമാണ്. 2 പശുക്കളേയും അതിൻറെ കിടാക്കളേയും പാർപ്പിക്കാവുന്ന സ്ഥിരമായകാലിത്തൊഴുത്ത് (180 ച.അടി) നിർമ്മിക്കുന്നതിന് ചുരുങ്ങിയത് പതിനായിരം രൂപയെങ്കിലും ചെലവുണ്ട് അതിൻറെ 35 % അധവ പരമാവധി 3500 രൂപ സാമ്പത്തികസഹായം അനുവദിക്കാവുന്നതാണ്. ബാക്കിത്തുക ഗുണഭോക്താവ് സ്വന്തമായി സ്വരൂപിക്കേണ്ടതാണ്. 100 തൊഴുത്തുകൾ പണിയാനും അതിൽ 10% പട്ടികജാതി പട്ടികവർഗക്കാർക്ക് സംവരണം ചെയ്യാനും വിഭാവനം ചെയ്യുന്നു. പ്രതിവർഷം 3.5 ലക്ഷം രൂപാ വെച്ച് 5 വർഷത്തേക്ക് 17.5 ലക്ഷം രൂപാ വകയിരുത്തേണ്ടതാണ്

4 മത്സ്യകാഡയറി ഫാം യൂനിറ്റ്

പ്രതിവർഷം 7000 ലിറ്റർ പാലെങ്കിലും ക്ഷീരസംഘത്തിൽ നൽകുന്ന കർഷകന് തൻരെ ഡയറിയൂനിറ്റ് വിപുലപ്പെടുത്തുന്നതിന് 3 സംങ്കരയിനം കറവപ്പശു + തൊഴുത്ത് + കുറ്ഞ്ഞ 50 സെൻറ് പുൽകൃഷി + ജലസേചനസൗകര്യം പരമാവധി 10000 രൂപ ധനസഹായം നൽകാവുന്നതാണ് . വർഷംതോറും 5 പേക്ക് ധനസ്ഹായം നൽകുന്നതിന് 50 000 രൂപയും 5 വർഷത്തേക്ക് 2.5 ലക്ഷം രൂപയും ഈ ഇനത്തിൽ അനുവദിക്കേണ്ടതാണ്

5 പശുക്കളുടെ ഗർഭകാല പോഷകാഹാര പദ്ധതി

പഞ്ചായത്തിലെ ചെറുകിട .. നാമമാത്ര കർഷകർക്കും , കർഷകതൊഴിലാളികൾക്കും പട്ടിക ജാതി .. വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്കും അവർ വളർത്തുന്നപശുക്കളുടെ ഗർഭകാലത്ത് അവസാനത്തെ 70 ദിവസത്തേക്ക് ആവശ്യമായ സമീഹൃതാഹാരം ലഭ്യമാക്കിയാൽ ഉത്പാദനക്ഷമത പൂർണമായും പ്രയോജനപ്പെടുത്തുവാൻ കഴിയും . ഈ 70 ദിവസത്തേക്ക് പശു ഒന്നിന് 175 കി.ഗ്രാം സാന്ദ്രീകൃത കാലിത്തീറ്റ നൽകേണ്ടതാണ് . പ്രതിദിനം 2.5 കി . ഗ്രാം എന്നതോതിൽ 2 ഘട്ടമായി പഞ്ചായത്തിലെ ക്ഷിരസഹകരണ സംഘംവഴി കാലിത്തീറ്റവിതരണം ചെയ്യേണ്ടതാണ്. കാലിത്തീറ്റയുടെ സബ്സിഡി കഴിച്ചുള്ളതുക സംഘങ്ങളിൽ ഗുണഭോക്താക്കൾ ലൽകേണ്ടതാണ് . കാലിത്തീറ്റനൽകുന്ന ഫാക്ടറിക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകനൽകേണ്ടതാണ് . ഗുണഭോക്താക്കളിൽ നിനന് ക്ഷീരസംഘങ്ങൾ പിരിച്ചെടുത്ത തുക പഞ്ചായത്തിൽ അടക്കേണ്ടതാണ് . ഗുണഭോക്താക്കൾക്ക് കാലിത്തീറ്റയുടെ 33.33 % ധനസഹായം പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ് . ഒന്നാം വർഷം 50 , രണ്ടാം വർഷ്, മൂന്നാം വർഷം 70 വീതവും അടുത്ത 2 വർഷങ്ങൾ 100 വീതവും പശുക്കളെ പ്രസ്തുത പദ്ധതിയിൽ ചേർക്കാവുന്നതാണ്

6 കന്നുകാലി പ്രദർശനം

പഞ്ചായത്തിലുള്ള പൊതുജനങ്ങൾക്ക് നല്ല കന്നുകാലി ജനുസ്സുകളെ കാണുന്നതിന്നും കവയുടെ ഗുണഗണങ്ങൾ മനസ്സിലാക്കുന്നതിനും വർഷം തോറും ഒരുകന്നുകാലി പ്രദർശനം നടത്തണം. 6000 രൂപ ചിലവു പ്രതീക്ഷിക്കുന്ന പ്രസ്ഥിത പദ്ധതിയിൽ 4000 രൂപ. സാദനങ്ങളുടെ വിഹിതവും 2000 രൂപ ധനസഹായവും നല്കേണ്ടതാണ് .

7 ക്ഷീരസംഘങ്ങളുടെ നവീകരണം

പാലുൽപാദനമേഖലയിലെ ക്ഷീരസഹകരണസംഘങ്ങൾ ഇന്നൊരുവികസനഘട്ടത്തിലാണ്. നല്ലരീതിയിലുള്ളസഹകരണസംഘങ്ങൾ ഉണ്ടെങ്കിൽ മാത്രമേ ജനങ്ങൾക്ക് പാലുല്പാദനവും വിപണനവും സുഗമമായി നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ക്ഷിരസംഘങ്ങളുടെ വികസനത്തിന് വർഷം തോറും 1 ലക്ഷം രൂപ വച്ച് വകയിരുത്തേണ്ടതാണ് . ( മിൽക്ക് ക്യാൻ, ടെസ്ടിംഗ് ഉപകരണങ്ങൾ , ബിൽഡിം ഫണ്ട് , ഫർണീച്ചർ ഗ്രാൻറ് മുതലായവ )

8 ക്ഷീരസംഘങ്ങളുടെ രൂപീകരണ

ഈ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ പെടാത്തതും കുറഞ്ഞത് 500 കറവമാടുകൾ ഉള്ളതും പാലിന്റെ ഉത്പാദന വിപണന സാദ്ധ്യതകൾ

ഉള്ളതുമായ പ്രദേശങ്ങളിൽആനന്ദമാതൃകാക്ഷീരസംഘങ്ങൾരൂപീകരിക്കേണ്ടനടപടികൾ സ്വീകരിക്കാവുന്നതാണ്.

9. ശുദ്ധമായ പാലുല്പാദന കിറ്റ്

കാലികൾക്ക് അകിടുവീക്കം പോലുള്ള രോഗങ്ങൾ വന്നാൽ കറവതാരെ ഇല്ലാതാവുകയു ക്ഷീരകർഷകർക്ക് വളരെയധികം സാമ്പത്തിക സാദ്ധ്യതയുണ്ടാകുന്നതുമാണ് . മേൽപറഞ്ഞ രോഗ തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ് . ആയതിലേയ്ക്കുള്ള രാസവസ്തുക്കൽ , ബ്രഷ്ലോഷൻ മുതലായവ വാങ്ങുന്നതിന് കർഷകൻ 430 രൂപ വച്ച് ധനസഹായവും 50 രൂപ സ്വന്തം വിഹിതവും ഉൾപ്പെടെ 500 രൂപ ചെലവു പ്രതീക്ഷിക്കാവുന്ന്താണ് . വർഷത്തിൽ 500 പേർക്ക് എന്ന കണക്കിൽ ..2 .25 ലക്ഷം രൂപ .. 5 വർഷം കൊണ്ട് 11.25 ലക്ഷം രൂപ ഈഇനത്തിൽ അനുവദിക്കേണ്ടതാണ് .

10 വിജ്ഞാനവ്യാപന പ്രവർനങ്ങൾ

ക്ഷീരവികസന മേഖലയിൽ ശാസ്ത്രീയ അവബോദമുള്ള കർഷകർക്ക് പുതിയസാംങ്കേതി വിദ്യകൾ മനസിലാക്കാനും പ്രയോഗത്തിൽകൊണ്ടുവരാനും ഈ പരിപാടി വഴി സാദ്ധ്യമാകുന്നു ക്ഷീരോൽപാദനമേഖലയിലെ അനന്ത സാദ്ധ്യതകൾ മനസ്സിലാക്കി ചെറുപ്പക്കാരെയും വനിതകളെയും ഈമേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ് .

a) കർഷകസമ്പർക്കപരിപാടി

ക്ഷീരസഹകരണസംഘം, വായനശാല , മഹിളാസമാജം തുടങ്ങിയസ്ഥാപനങ്ങളിൽ വച്ച് 50 കുറയാത്ത കർഷകർക്കായി അർദ്ധദിന പരിപാടിയായി സംഘടിപ്പിക്കുന്നു. ക്ഷീരവികസനം കൃഷി, മൃഗസംരക്ഷണം മേഖലയിലെ ഉദ്യോഗസ്ഥൻമാർ ചർച്ചകൾക്ക് നേതൃത്തം നൽകുന്നു. ല ഭക്ഷണ ചെലവുകൾക്കായി ആളൊന്നിന് ഉദ്യേശം 5 രൂപ വച്ച് 250 രൂപയിൽ അധികരിക്കാത്തസംഘ്യയും നോട്ടീസ് , പ്രചാരണം , തുടങ്ങിയവക്കായി 100 രൂപയും അടക്കം ആകെ 350 രൂപ ഗ്രാമ പഞ്ചായത്തിൽനിന്നും ഒരു കർകസമ്പർക്കപരിപാടിക്ക് ചെലവാക്കാവുന്ന ണ് .

b) ക്ഷീരോല്പ്പന്നനിർമ്മാണ പ്രദർശന ക്ളാസ്

25 ലധികം പേർ വരാത്ത വനിതകൾക്ക് ക്ഷീരോല്പ്പന്ന നിർമ്മാണത്തിൽ താത്പര്യം ജനി ക്കുന്നതിനായി നടത്തുന്ന ഈ അർദ്ധ ദിന പരിശീലന പരിപാടി ക്ഷീരവികസന വകുപ്പിലെ ഉദ്യോ സ്ഥൻമാർ എസംസ്കൃതസാധനങ്ങൾ വാങ്ങുന്നതിനും ലഘുഭക്ഷണചെലവുകൾക്കുമായി 250 രൂപ ഗ്രാമ പഞ്ചായത്ത് ധനസഹായം നൽകും . ഉപകരണങ്ങൾ തദ്ദേശീയ ജനങ്ങളുടെ പങ്കാളി ത്തത്തോടെ ക്ഷീരവികസനവകുപ്പ് ഉദ്യോഗസ്ഥൻമാർ ഒരുക്കുന്നതാണ്.

c) ക്ഷീരകർഷക പരിശീലനപരിപാടി

ഈപഞ്ചായത്തിലെ തെരഞ്ഞെടുത്ത 25 ക്ഷീരകർഷകരെ ഈ വകുപ്പിന്റെകീഴിൽപ്രവത്തിക

ക്കുന്ന ക്ഷീരപരിശീലനകേന്ദ്രത്തിൽ അയച്ച് ശാസ്ത്രീയമായ പശു വളർത്തൽ, പുൽകൃഷി, സഹകരണ സംഘങ്ങളെ സംബന്ധിച്ച കാര്യങ്ങൾ, ക്ഷീരോല്പ്പന്ന്നിർമ്മാണം എന്നിവയിൽ പരിശീലിപ്പിക്കേണ്ടതാണ് . പരിശീലനം നേടിയവർ കർഷകർക്ക് ഉപദേശം നൽകുന്നത് ഉൾപ്പെടെ ഒരു മാതൃകാ ഡയറിയൂണിററ് നടത്തുന്നതിന് പ്രാപ്തരാകും . പരിശീലനത്തിന് യാത്രാ ചെലവ് ഗ്രാമ പഞ്ചായത്ത് നൽകും ഈ പഞ്ചായത്തിന് കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

## 11 വൈക്കോൽ ബെയിലിങ്ങ് യൂണിററ്

വേനൽക്കാലങ്ങളിൽ പച്ചപ്പുല്ലിന്റെ ലഭ്യത കുറയുമ്പോൾ പ്രധാനപരുഷാഹാരമായി വൈക്കോൽ ഉപയോഗിക്കുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്ന് അധിക വിലനൽകി വൈക്കോൽ വാങ്ങി ഉപയോഗിക്കുന്നതാണ് പതിവ് വൈക്കോൽ .യൂറിയചേർത്ത് ശാസ്ത്രീയമായി സംപുഷ്ടമാക്കുന്ന്പക്ഷം ഗുണം 3 ഇരട്ടിയായി ഏവർദ്ധിക്കുന്നു . നാടൻ വൈക്കോൽ ,ചോളത്തണ്ട് ,ഉണക്കിസൂക്ഷിച്ച പച്ചപ്പുല്ല് ഇവശേഖരിച്ച് യൂറിയചേ ർത്ത് സംപുഷ്ടമാക്കി ബെയിലിങ്ങ് പ്രസ് ഉപയോഗിച്ച് കെട്ടുകളാക്കി വിതരണം ചെയ്യേണ്ടതാണ് . വേനൽക്കാലത്ത് ക്ഷീരോല്പ്പാദനം കുറയാതിരിക്കാൻ ഇത് സഹായകമാണ് .

ഷെഡ് നിർമ്മിക്കന്നതിനും ബെയിലിങ്ങ് പ്രസ്സ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രവർത്തനമൂലധനത്തിനുമായ 10 ലക്ഷം രൂപ ആവശ്യമാണ് . ഇതിൽ 3 ലക്ഷം രൂപ ധനസഹായമായും ബാക്കി തുക ബാങ്കുലോണായും സ്വരൂപിക്കാവുന്നതാണ് . ഈ പദ്ധതി ക്ഷീരസംഘങ്ങൾ വഴിയോ ഏതെങ്കിലും അംഗീകൃത രാഷ്ട്രീയേതര സംഗടനകൾ വഴിയോ നടപ്പിലാക്കാവുന്നതാണ്.

## ഉപസംഹാരം

പശുവളർത്തൽ ശാസ്ത്രീയമായും സാമൂഹ്യപ്രാധാന്യമുള്ള തൊഴിലായി വികസിക്കണമെങ്കിൽ ബോധവൽക്കരണ പരിപാടികളും പരിശീലനപരിപാടികളും നടത്തേണ്ടതാണ് .ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സെമിനാറുകൾ ,ക്ളാസ്സുകൾ, പഠനയാത്രകൾ എന്നിവ നടത്താൻ പ്രായോഗികമായ ആസൂത്രണപരിപാടികൾ നടത്തേണ്ടതാണ് .ഇതിനായി മൊത്തം ഒരു ലക്ഷം രൂപ വകയിരുത്തേണ്ടതാണ്. ക്ഷീരവികസനവകുപ്പിന്റെ ഈ പഞ്ചായത്തിലെ പദ്ധതികൾ ശരിയായ രീതിയിൽ മോണിട്ടർ ചെയ്യുന്നതിന് ഒരു ഡയറി ഫാം ഇൻസ്ട്രക്ടറുടെ ഓഫീസ് ഈ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ് .

വിഭവസമാഹരണം



മേൽ വിവരിച്ച പദ്ധതികൾ നടപ്പാക്കുന്നതിന് വിഭവസമാഹരണം ഭാഗീകമായി നടത്തുവാ ഈ പഞ്ചായത്തിൽ .കന്നുകാലി സെസ്സ് ഏർപ്പെടുത്തിയാൽ മതിയാകുന്നതാണ്.

(1) കന്നുകാലി സെസ്സ്

| | രൂപ |
|---|---|
| 1 പശു ഓരോ പ്രസവത്തിനും | 20 |
| 2 എരുമ // | 25 |
| 3 പന്നി // | 10 |
| 4 ആട് | 5 |
| 5 പട്ടി | 100 |

(2) അറവുമാട് സെസ്സ്

| | |
|---|---|
| 1 മാടുകൾ | 100 |
| 2 ആട് | 25 |
| 3 പന്നി | 100 |

പിരിച്ചെടുക്കാവുന്ന സെസ്സ് ന്റെ വിവരങ്ങൾ

| | |
|---|---|
| 1 കന്നുകാലി സെസ്സ് | |
| 1 പശു ...എരുമ | 20. 4000=80,000/- |
| 2 പന്നി | 10. 100=10,000 /- |
| 3 ആട് | 5. 100=500/- |
| 4 പട്ടി | 100. 100=10,000/- |
| 2 അറവുമാട് സെസ്സ് | |
| മാടുകൾ | 100. 600=60,000/- |
| ആടുകൾ | 25. 1000=25,000/- |
| പന്നി | 100. 100=10,000/- |
| ആകെ തുക ഒരു വർഷം | 1,86,500/5- |

5 വർഷത്തേക്ക് സമാഹരിക്കാവുന്ന തുക രൂപ 9,32500/-
ആകെ പദ്ധതി ചെലവിനത്തിൽ മുകളിൽ പറഞ്ഞ 9.325 ലക്ഷം കിഴിച്ച് ബാക്കിയുള്ള 66,3 ലക രൂപ സർക്കാർ വിഹിതമായി ധനസഹായം നൽകണം.

12 മീനെണ്ണ , കാത്സയം പൊടി, വിര മരുന്ന് വിതരണം.

പച്ചപ്പുല്ല് ലഭ്യത കുറഞ്ഞ കാലയളവിൽ പശുക്കളുടെ ആരോഗ്യ സ്ഥിതി നിലനിർത്തുന്ന തിന്ന് പശുക്കളുടെ പ്രസവശേഷമുള്ള പാൽപ്പനി പോലുള്ള അസുഖങ്ങൾ ഇല്ലായ്മ ചെയ്യുന്ന തി ന്നും മീനെണ്ണ , കാത്സ്യം പൊടി ഇവ നൽകെണ്ടതാണ് .കിടാക്കളുടെ ആരോഗ്യം മെച്ചപ്പെടുത് ന്നതിന് വിരമരുന്ന് നൽകുന്നതും ആവശ്യമാണ്. ആയതിലെക്ക് ഒരു കർഷകന് 150 രൂപ ദനസഹ യവും 150രൂപ സ്വന്തം സ്വരൂപിക്കലും എന്ന കണക്കിൽ 500 കർഷകർഷകർക്ക് 5 വർഷം

# ക്ഷീരവികസന വകുപ്പ് — ക്ഷീരവികസന പദ്ധതികൾ

## 9 -ാം പഞ്ചവത്സര പദ്ധതി ഒറ്റനോട്ടത്തിൽ

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ധനസഹായ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം | 1ാം വർഷം | | 2-ാം വർഷം | | 3 ാം വർഷം | | 4ാം വർഷം | | 5 ാം വർഷം | | ആകെ ലക്ഷം | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ചെലവ് | ധനസഹായം ലക്ഷം | ചെലവ് | ധനസഹായം ലക്ഷം | ചെലവ് | ധനസഹായം ലക്ഷം | ചെലവ് | ധനസഹായം ലക്ഷം | ചെലവ് | ധനസഹായം ലക്ഷം | ചെലവ് | ധന[illegible] |
| 1 | തീറ്റപ്പുൽ കൃഷി വികസനം ഒന്നാംവർഷം 2 ാം വർഷം 3 ാംവർഷോ | ആകെ100ഏക്കർ 4000 ഏക്കർ 1000 ഏക്കർ 1000 ഏക്കർ | 25 സെന്റ ഗുണിതങ്ങൾ | 2.4 | 1.2 | 2.4 | 1.2 | 2.4 | 1.2 | 2.4 | 1.2 | 2.4 | 1.2 | 12.0 | [illegible] |
| 2 | കാലിത്തീറ്റ ധനസഹായം | Rs.1/kg | 25000 | 23.75 | 5.0 | 23.75 | 5.0 | 23.75 | 5.0 | 23.75 | 5.0 | 23.75 | 5.0 | 118.75 | [illegible] |
| 3 | മാതൃകാ കാലിത്തൊഴുത്ത് | 3500/shed | 500 | 10.0 | 3.5 | 10.0 | 3.5 | 10.0 | 3.5 | 10.0 | 3.5 | 10.0 | 3.5 | 50.0 | 1[illegible] |
| 4 | മാതൃകാ ഡയറി ഫാം യൂണിറ്റ് | 10000 ഒന്നിന് | 25(5x5) | 1.0 | 0.5 | 1.0 | 0.5 | 1.0 | 0.5 | 1.0 | 0.5 | 1.0, | 0.5 | 5.0 | 2[illegible] |
| 5 | പശുക്കളുടെഗർഭകലപോഷകാഹാരപദ്ധതി | 3 58 /പശു | 390 | 0.54 | 0.18 | 0.75 | 0.25 | 0.75 | 0.25 | 1.08 | 0.36 | 1.08 | 0.36 | 4.2 | 1.[illegible] |
| 6 | കന്നുകാലിപ്രദർശനം | 2000/ shed | 5 | 0.06 | 0.02 | 0.06 | 0.02 | 0.06 | 0.02 | 0.06 | 0.02 | 0.06 | 0.02 | 3.0 | 0.[illegible] |
| 7 | ക്ഷീരസംഘങ്ങളുടെനവീകരണം | 1ലക്ഷം | | 2.0 | 1.0 | 2.0 | 1.0 | 2.0 | 1.0 | 2.0 | 1.0 | 2.0 | 1.0 | 10.0 | 5.[illegible] |
| 8 | പാലുത്പാദക കിററ് | 450/kit | 2500 | 2.5 | 2.25 | 2.5 | 2.25 | 2.5 | 2.25 | 2.5 | 2.25 | 2.5 | 2.25 | 12.5 | 11[illegible] |
| 9 | വിജ്ഞാനവ്യാപന പരിപാടികൾ | 2450/year | | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.025 | 0.125 | 0.[illegible] |
| 10 | വൈക്കോൽഈഎയ്യാലിങ്ങ് യൂണിറ്റ് | 3 ലക്ഷംരൂപ | 1 | | | 10.0 | 3.0 | | | | | | | 10.0 | 3.0 |
| 11 | മീനെണ്ണ,കാത്സ്യംപൊടി ,വിരമരുന്ന് | 150/each | 2500 | 1.5 | 0.75 | 1.5 | 0.75 | 1.5 | 0.75 | 1.5 | 0.75 | 1.5 | 0.75 | 7.5 | 3.7[illegible] |
| | | | | | | | | | | | | | | 233.07 | 75[illegible] |

# ദ്വിതീയ മേഖല

## വ്യവസായം

### പരമ്പരാഗത വ്യവസായങ്ങളിലേക്ക് ഒരെത്തിനോട്ടം

1920 കാലഘട്ടം മുതൽ കൈത്തറി നെയ്ത്ത് ഈ പഞ്ചായത്തിൽ വ്യാപകമായി നിലനിന്നിരുന്നു. ഉടമകളിൽ നിന്നും സംഘങ്ങളിൽ നിന്നും കഴി കണക്കിന് നൂൽ വാങ്ങി വീടുകളിൽ കൊണ്ടുപോയി താരുചിററി അതു ഉടമയെ ഏൽപ്പിച്ച് അടുത്തതു കൊണ്ടുപോയി താരുചിററുന്ന രീതിയായിരുന്നു. വീടുകളിൽ കൊണ്ടുവരുന്ന നൂല് സ്ത്രീകളും മക്കളും വീട്ടിലെ മററു കാര്യങ്ങൾ ഒതുക്കി, ചെയ്തുവന്നിരുന്നതുകൊണ്ട് ചെറുതാണെങ്കിലും ഒരു നിശ്ചിത വരുമാനം ലഭിച്ചുകൊണ്ടിരുന്നു. വീടുകളിലും കൈത്തറി ഇട്ട് വസ്ത്രങ്ങൾ നിർമ്മിച്ച് വിററഴിച്ച് ഉപജീവനം നടത്തിക്കൊണ്ടിരുന്നവരും ഉണ്ടായിരുന്നു. കൈത്തറിയിൽ ഉണ്ടാക്കിയിരുന്ന കൈലിമുണ്ടുകൾ, തുവർത്തുമുണ്ടുകൾ, ബാലാമണിയൻ മുണ്ടുകൾ എന്നിവ വീടുകളിൽ കൊണ്ടുപോയി വിററഴിച്ചിരുന്നു

കളിമൺ കരകൗശല പാത്രനിർമ്മാണം പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ വരുന്ന പെരുവംമുഴി, പാറയ്ക്കൽ തുരുത്ത്, കോളാതുരുത്ത്, ആവുണ്ട എന്നീ ഭാഗങ്ങളിൽ നിലനിന്നിരുന്നു. മൺപാത്രങ്ങൾ ഉണ്ടാക്കവാൻ പററിയ കളിമൺ ഈ പ്രദേശത്തു് സുലഭമായി ലഭിച്ചിരുന്നു. കളിമൺ പാത്രനിർമ്മാണം കലത്തൊഴിലാക്കിയിട്ടുള്ള വേളാർ സമുദായത്തിൽപ്പെട്ടവരാണ് ഈ വേല നടത്തിയിരുന്നത്. കളിമൺ ശേഖരിച്ച് കായികശേഷി ഉപയോഗിച്ച് മണ്ണ് കൂടുതൽ പശിമയുള്ളതാക്കി ചക്രത്തിൽ വെച്ച് കറക്കി കൈയുടെ കലാവിരുതുകൊണ്ട് വിവിധതരം മൺപാത്രങ്ങൾ നിർമ്മിച്ച് ദൂരെ സ്ഥലങ്ങളിൽ തലച്ചുമട്ടാലെ കൊണ്ടുനടന്ന് വിററഴിച്ച് പോന്നു.

1949 മുതൽ എറണാകുളം ജില്ലയുടെ കിഴക്ക്ഭാഗത്തുള്ള മൂവാററുപുഴ പട്ടണത്തിലുള്ള മലംചരക്ക്, വളം, പാത്രകച്ചവടം എന്നിവ നടത്തിയിരുന്നവരിൽ പ്രമുഖർ ഈ പഞ്ചായത്തിൽപ്പെട്ടവരായിരുന്നു. 1930 മുതൽ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ കരിമ്പാട്ടി ശർക്കര ഉത്പാദിപ്പിച്ച് വിററഴിച്ചിരുന്നു. ചക്കം, കാളയും ഉപയോഗിച്ചാണ് കരിമ്പാട്ടി നീരെടുത്തിരുന്നത്. 1955 കാലഘട്ടം മുതൽ സർക്കാരിൻെറയും മററു പൊതുമേഖലാ സ്ഥാപനങ്ങളുടേയും നിർമ്മാണ ജോലികൾ കരാർ അടിസ്ഥാനത്തിൽ ഏറെറടുത്തു് നടത്തിവന്നിരുന്ന കോൺട്രാക്ടർമാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. പുരാതനകാലം മുതലെ ഈററ, അമ, തഴ എന്നിവ ഉപയോഗിച്ച് പനമ്പ്, കൊട്ട, വട്ടി, പായ് എന്നിവ പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ഉണ്ടാക്കിയിരുന്നു. വീടുകളിൽ ഇരുന്ന് ഇരുമ്പ് ഉൽപന്നങ്ങൾ നിർമ്മിക്കുന്ന നിരവധിപ്പേർ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു.

1960 കാലഘട്ടങ്ങളിൽ പഞ്ചായത്തിൻെറ ഹൃദയഭാഗത്തു് യന്ത്രത്തിൻെറ സഹായത്തോടെ ആദ്യത്തെ തടിമിൽ നിലവിൽ വന്നു. 1970 കാലഘട്ടം മുതൽ നമ്മുടെ പരമ്പരാഗത വ്യവസായ യൂണിററുകൾ ക്ഷയിച്ചു തുടങ്ങി. ഇപ്പോൾ ഇത്തരം യൂണിററുകൾ ഏകദേശം നിശ്ചലമായിരിക്കുകയാണ്.

### പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സംരംഭങ്ങൾ

ചെറുകിട, വൻകിട ഫാക്ടറികളൊന്നും പഞ്ചായത്തിലില്ല. അമ്പലംപടിയിലും കടാതിയിലും തടിമിൽ വ്യവസായ യൂണിററുകൾ ഉണ്ട്. വെളിച്ചെണ്ണ ആട്ടിയെടുക്കുന്ന യൂണിററുകൾ അമ്പലംപടി, കടാതി, വാളകം പ്രദേശങ്ങളിൽ ഉണ്ട്. എഞ്ചിനീയറിംഗ് വർക്ക്ഷോപ്പുകൾ, ബോഡി ബിൽഡിംഗ് യൂണിററുകൾ ചില മേഖലകളിലുണ്ട്. ഹോളോബ്രിക്സ് നിർമ്മാണം, സിമൻറിഷ്ടിക നിർമ്മാണം, ബുക്ക്ബയൻറിംഗ്, കക്കനീററൽ, റബർബാൻറ് യൂണിററ്, പ്രിൻറിംഗ് പ്രസ്സ്, ടൈൽസ് നിർമ്മാണം, ലോഹപാത്ര നിർമ്മാണം, മെററൽ ക്രഷർ, ഇഷ്ടിക നിർമ്മാണം, വാർണിഷ് നിർമ്മാണ യൂണിററ്, റെഡിമെയ്ഡ് ഡ്രസ് നിർമ്മാണം, കൈത്തറി യൂണിററുകൾ, ഇരുമ്പുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറിയ യൂണിററുകൾ, സോപ്പ് നിർമ്മാണ യൂണിററ് എന്നിവ ചുരുക്കമായി പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ ഉണ്ട്. ഈ ചെറുകിട യൂണിററുകളിൽ പലതും തകർച്ചയിലാണ്. വിദഗ്ദ തൊഴിലാളികളെ കൂടുതലായി ലഭിക്കുന്ന സ്ഥിതിയില്ല.

### പ്രശ്നങ്ങൾ

1. പരമ്പരാഗത വ്യവസായം നിശ്ചലമായിക്കൊണ്ടിരിക്കുന്നു. ചെറുകിട യൂണിററുകൾ പലതും നഷ്ടത്തിലാണ്. തൊഴിലാളികൾക്ക് അർഹമായ കൂലി വർദ്ധനവ് നൽകുവാൻ കഴിയുന്നില്ല. ഉൽപ്പന്നങ്ങൾ വിററഴിക്കുന്ന കാര്യത്തിലും അടിസ്ഥാനപരമായ പ്രയാസങ്ങൾ നേരിടുന്നു.

2 പദ്ധതികളും അനുയോജ്യമായ സ്കീമുകളും തിരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം.

3. എല്ലാ സർക്കാർ സംവിധാനങ്ങളുടേയും ബാങ്കുകളുടേയും ഇതര ഏജൻസികളുടെ നിയന്ത്രണ മനോഭാവം, പ്രോത്സാഹനപരമായ സമീപനത്തിന്റെ അഭാവം.

4. സാങ്കേതിക പരിശീലനം ലഭിച്ചവരുടെ ലഭ്യതകുറവ്.

5. വിപണിക്കനുസരിച്ച് ഉല്പന്നങ്ങളുടെ ഗുണമേന്മ, രൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ കാലാനുസരണമായ മാററങ്ങൾ വരുത്താനുള്ള കെല്പ് ഇല്ലായ്മ.

6. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചെലവ് കുറഞ്ഞ സാങ്കേതികവിദ്യ എളുപ്പത്തിൽ ലഭിക്കുന്നില്ല അസംസ്കൃത പദാർത്ഥങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ് വരാവുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ചുള്ള സാങ്കേതിക വിദ്യയുടെ അഭാവം.

7. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം, ലൈസൻസുകൾ ലഭിക്കുന്നതിനുള്ള താമസം, വേണ്ടത്ര സ്ഥലസൗകര്യമില്ലായ്മ എന്നിവ വ്യവസായിക പുരോഗതിക്കുള്ള തടസങ്ങളാണ്.

## സാദ്ധ്യതകൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങുക. റബ്ബർതടി സംസ്കരിച്ച് ഹാർഡ്വുഡ്, പ്ളൈവുഡ്, പാക്കിംഗ് കേസ്, ഫർണീച്ചർ എന്നിവ ഉണ്ടാക്കുക. ക്രംബ് ഫാക്ടറി തുടങ്ങുക. പ്ളാസ്റ്റിക് ബാഗ്, ചെരുപ്പ്, വാട്ടർ ബോട്ടിലുകൾ, കളിപ്പാട്ടങ്ങൾ, ഡ്രം, പ്ളാസ്റ്റിക് ചിരട്ട ഇവ നിർമ്മിക്കുന്ന ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുക.

2. പഞ്ചായത്ത് തലത്തിൽ ഒരു ഗ്യാസ് ഏജൻസിയും പെട്രോൾപമ്പും അടിയന്തിരമായി അനുവദിച്ചു കിട്ടേണ്ടതിന് നടപടികൾ സ്വീകരിക്കുക

3. മേക്കടമ്പ് റബേർസിന്റെ പ്രവർത്തനം തുടങ്ങുക.

4. പാഴായിപോകുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് പഞ്ചായത്ത്തലത്തിൽ റൂഫ് മെററീരിയൽ ഫാക്ടറി സ്ഥാപിക്കുക.

5. പഞ്ചായത്ത് അടിസ്ഥാനത്തിൽ മെഴുകുതിരി നിർമ്മാണ യൂണിററ്, നാളികേരത്തിൽ നിന്നും വിഭവങ്ങൾ ഉൾപ്പെടെയുള്ള വിഭവങ്ങൾ ഉണ്ടാക്കുന്ന യൂണിററ് എന്നിവ സ്ഥാപിക്കുക.

6. മേക്കടമ്പിൽ പ്രവർത്തിക്കുന്ന കൈത്തറി നെയ്ത്ത്ശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കി, പവർലൂം ഉൾപ്പെടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുക.

7. പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കുന്നയ്ക്കാൽ ജീൻസ് ബിസ്ക്കററ് ഫാക്ടറി ഏറെറടുത്ത് ലാഭകരമായി നടത്തുക,

8. കളിമൺ കരകൗശല വ്യവസായം എന്നിവ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുക.

9. ഇരുമ്പുൽപ്പന്ന ചെറുകിട യൂണിററുകൾ കൂടുതൽ ആരംഭിക്കുക.

10. പായ്നെയ്ത്ത്, കുട്ട, വട്ടി, പനമ്പ് എന്നീ യൂണിററുകൾ സ്ഥാപിക്കുക.

11. VII-ാം വാർഡിലെ കളിർമ സോപ്പുനിർമ്മാണ യൂണിററിന് സബ്സിഡി നിരക്കിൽ മിക്സിംഗ് മെഷീൻ വാങ്ങിക്കൊടുക്കുക.

12. കുടിൽവ്യവസായത്തിൽപ്പെടുത്തി പപ്പട നിർമ്മാണം, ചിപ്സ്, ശർക്കരവരട്ടി, മിക്ചർ, നുറുക്ക് എന്നിവ നിർമ്മിക്കുന്ന യൂണിററുകൾ തുടങ്ങുക.

13. വ്യവസായ സംരംഭകർക്ക് തൊഴിൽ പരിശീലനത്തിന് കൂടുതൽ സാദ്ധ്യതകൾ ഉണ്ടാക്കുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

# ഗതാഗതം

1940 കാലഘട്ടങ്ങളിൽ റോഡുമാർഗ്ഗമുള്ള ഗതാഗതം പരിമിതമായിരുന്നു. പഞ്ചായത്ത് അതിർത്തിയിൽ കൂടി ഒഴുകുന്ന മൂവാററുപുഴ ആറിൽകൂടി വലിയ പത്തേമാരിയിൽ തടിയും മററു സാധനങ്ങളും കയററി ആലപ്പുഴയിലും മററും വിററഴിച്ചിരുന്നു. വലിയ കെട്ടുവള്ളത്തിൽ കാർഷീക ഉൽപ്പന്നങ്ങൾ കയററി ചേർത്തല, കത്തിയതോട്, പൂച്ചാക്ക്, എറണാകുളം മാർക്കററുകളിൽ കൊണ്ടുപോയി വിററഴിച്ച കാലഘട്ടമുണ്ടായിരുന്നു. തുടർന്നു് കാളവണ്ടികളുടെ യുഗവും യന്ത്രവൽകൃത വാഹനങ്ങളുടെ വരവോടെ യാത്രാസൗകര്യങ്ങളും വർദ്ധിച്ചു. 1946 കാലഘട്ടം മുതൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പോകുന്ന മൂവാററുപുഴ എറണാകുളം റൂട്ടിൽ ബസ് സർവ്വീസ് നടത്തി തുടങ്ങിയിട്ടുള്ളതാണ്. 1960 കളിൽ വാളകം-മണ്ണൂർ റോഡും. 1970 കളിൽ അമ്പലംപടി-കടാതി മേക്കടമ്പ് മഴുവന്നൂർ റോഡുകളും 1990 കടാതി-കടയ്ക്കനാട് റോഡും പൊതുമരാമത്ത് വകുപ്പ് ഏറെറടുക്കുകയുണ്ടായി. 1990 കളിൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പോകുന്ന കോതമംഗലം-തൃപ്പൂണിത്തുറ റോഡ് ഭാരത സർക്കാർ മധുര-കൊച്ചി (NH 49) നാഷണൽ ഹൈവെ ആയി പ്രഖ്യാപിച്ചു. പഞ്ചായത്തിൽകൂടി 7 Km ദേശീയ പാതയും 22 Km പൊതുമരാമത്ത് വകുപ്പ് വക റോഡും ഉണ്ട്.

1970 ന് ശേഷം N.R.E.P., R.L.E.G.P., J.R.Y. വരാഞ്ചു. വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികൾ, ഗ്രാമീണ റോഡ് പുനരുദ്ധാരണ പദ്ധതികൾ, അൺടൈഡ് പദ്ധതി, പെരിയാർവാലി പദ്ധതിയുടെ കനാൽ ഇൻസ്പെക്ഷൻ റോഡുകൾ, ഫാം റോഡുകൾ, മൈനർ ഇറിഗേഷന്റെ ജലധാര എന്നീ പദ്ധതികളിൽ പെടുത്തി നിരവധി റോഡുകൾ നിർമ്മിക്കുകയും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽപ്പെടുത്തി ടാർ ചെയ്ത റോഡുകൾ 8 മീററിൽ കുറയാത്ത വീതിയുള്ളവയാണ്. ഈ റോഡുകൾ ഗതാഗതയോഗ്യമാക്കി കൊണ്ടുപോകുന്നതിന് സ്ഥിരമായ ഫണ്ടുകൾ ഇല്ലാത്തതു് ഭാവിയിൽ അതിഗൗരവമായ ഒരു പ്രശ്നമാണ്.

മുകളിൽ പരാമർശിച്ചിട്ടുള്ള പദ്ധതികളിൽപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതും നാഷണൽ ഹൈവേക്ക് സമാന്തരമായി മൂവാററുപുഴ മുൻസിപ്പൽ അതിർത്തിയിൽ നിന്നു് ആരംഭിച്ച് പഞ്ചായത്തിന്റെ VI, VII, VIII, IX എന്നീ വാർഡുകളിലൂടെ പോകുന്ന കടാതി-റാക്കാട്, മേക്കടമ്പ്-വാളകം റോഡും ബസ് സർവ്വീസ് നടത്തിവരുന്ന ചലിക്കോട്ടുചിറപ്പടി-വൈദ്യശാലപ്പടി റോഡും പൊതുമരാമത്തോ ജില്ലാ പഞ്ചായത്തോ ഏറെറടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ ഗ്രാമീണ റോഡുകളിൽ 16.5 KM ടാറിംഗ് നടത്തിയ റോഡുകളും 209.5 KM മണ്ണും റോഡുകളും ഉണ്ട്. ഇവ സംരക്ഷിക്കുന്നതിനും പുതിയവ ഉണ്ടാക്കുന്നതിനും ആവശ്യമായ ഫണ്ടുകൾ പഞ്ചായത്തിനില്ലാത്തതു് പ്രശ്നമായി നിൽക്കുന്നു. റോഡുകളുടെ അരികിലൂടെ വാട്ടർസപ്ളെ പൈപ്പുകളും, ടെലിഫോൺ കേബിളുകളും സ്ഥാപിക്കുന്നതിന് കാനകൾ താഴ്ത്തുകയും എന്നാൽ യഥാസമയം ശരിയായി മൂടാത്തതിനാൽ റോഡുകൾക്ക് നാശമോശം സംഭവിക്കുന്നുണ്ട്.

മൂവാററുപുഴ ആറിലൂടെ പഞ്ചായത്തിലെ ആളുകൾക്ക് അക്കരെ ഇക്കരെ കടത്തുന്നതിന് പഞ്ചായത്തുവക 5 കടത്തും പൊതുമരാമത്തു് വക മൂന്നു് കടത്തുകളും ഉണ്ട്. പെരുവംമുഴി തോടിൽ വർഷക്കാലത്തു് 6 മാസക്കാലം കടത്തിറക്കുന്നതിന് വെള്ളപ്പേലിയിൽ ഒരു പഞ്ചായത്തു് കടത്തുണ്ട്. ടി കടവുകൾ ഫലപ്രദമായി സംരക്ഷിക്കപ്പെട്ടവയല്ല. കടത്തുവഞ്ചികൾക്ക് അരികിൽ അടുക്കുവാൻ ഫലപ്രദമായ കടവുകളുടെ അഭാവമുണ്ട്.

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി പോകുന്ന മൂവാററുപുഴ-എറണാകുളം റൂട്ട് ദേശസാൽകൃത റൂട്ടായതിനാൽ K S R T C ബസുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളു. ആവശ്യത്തിനു് ബസുകളുടെ അഭാവം പഞ്ചായത്തിലെ ജനങ്ങൾക്ക് വമ്പിച്ച യാത്രാക്ലേശം അനുഭവപ്പെടുന്നുണ്ട്. മൂവാററുപുഴ തൃപ്പൂണിത്തുറ റോഡിനു് സമാന്തരമായി വടക്ക്ഭാഗം കടാതി-CTC കടക്കനാട് റോഡിലൂടെ കൂടുതൽ ബസ് സർവ്വീസ് നടത്തുകയും തെക്ക് ഭാഗം കടാതി, റാക്കാട്, മേക്കടമ്പ്, വാളകം റോഡിലൂടെയും പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുകയും ചെയ്താൽ പഞ്ചായത്തിലെ ജനങ്ങളുടെ യാത്രാക്ലേശം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിയും.

## പ്രശ്നങ്ങൾ

1. എല്ലാ വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യങ്ങൾ ഇല്ല. ഉള്ളവ സംരക്ഷിക്കപ്പെടുന്നില്ല. റോഡുകൾക്ക് ഓടകളില്ല. വീതി കുറവുണ്ട്. വാർഷീക അററകുററപണികൾ കൃത്യമായി നടത്താറില്ല.
2. യാത്രാസൗകര്യത്തിനു് ബസുകൾ വേണ്ടത്രയില്ല. ഉള്ള സർവ്വീസുകൾ പലപ്പോഴും നിർത്തിവെയ്ക്കുന്നു.

3. വെയിററിംഗ് ഷെഡുകളുടെ അഭാവം.

4. കടത്തുകളുടെ സംരക്ഷണക്കുറവ്.

5. ടാക്സി സ്റ്റാൻറുകൾ പഞ്ചായത്തിൽ നിലവിലില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള ടാർ റോഡുകളുടെ സംരക്ഷണ പ്രവർത്തനം നടത്തുക. നിലവിലുള്ള മണ്ണ് റോഡുകൾ ടാറ് ചെയ്യുവാനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കുക.

2. മൂവാററുപുഴ-തൃപ്പൂണിത്തുറ റൂട്ടിൽ 10 മിനിട്ട് ഇടവിട്ട് ഓർഡിനറി ബസ് സർവ്വീസുകൾ ആരംഭിക്കുക. കടാതി CTC, കടയ്ക്കനാട്ട് റൂട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക. കടാതി-റാക്കാട്, മേക്കടമ്പ് വാളകം റൂട്ടിൽ പുതിയ ബസ് സർവ്വീസുകൾ ആരംഭിക്കുക മൂവാററുപുഴയിൽ നിന്നും കന്നയ്ക്കാൽ C T C വഴിയും റാക്കാട്-മേക്കടമ്പ് വഴിയും പെരുമ്പാവൂർക്കും കോലഞ്ചേരിക്കും ബസ് സർവ്വീസുകൾ ആരംഭിക്കുക മൂവാററുപുഴയിൽ നിന്നും കന്നയ്ക്കാൽ CTC വഴി വെള്ളപ്പേലികടവിലേക്ക് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുക.

3. നിലവിലുള്ള കടത്തുകൾക്ക് വലിയ വള്ളം ലഭ്യമാക്കുക കടത്തുകടവുകൾ സംരക്ഷിക്കുക.

4. വെയിററിംഗ്ഷെഡുകൾ കടാതി, റാക്കാട്, കന്നയ്ക്കാൽ, CTC, പാലൻനാട്ടികവല, മേക്കടമ്പ്, കരോട്ടെ വാളകം, വൈദ്യശാലപ്പടി എന്നീ സ്റ്റോപ്പുകളിൽ നിർമ്മിക്കുക.

5. അമ്പലംപടിയിലും, വാളകത്തും ടാക്സി സ്റ്റാൻറുകൾ സ്ഥാപിക്കുക.

6. റോഡുകളുടെ സംരക്ഷണത്തിനായി പ്രാദേശികമായി ജനകീയ സംരക്ഷണ സമിതികൾ രൂപീകരിക്കുക.

# ഊർജ്ജം

പഞ്ചായത്തിലെ വീടുകളിൽ ഏറിയ പങ്കും പാചകത്തിനു് വിറക് ഉപയോഗിക്കുന്നു. ചുരുക്കം ചില വീടുകളിൽ പാചക വാതകവും ഉപയോഗിക്കുന്നുണ്ട്. ഗോബർഗ്യാസ് പ്ലാൻറുകൾ ചുരുക്കമായി ചില വീടുകളിൽ ഉണ്ട്. പഞ്ചായത്തിലെ ആകെയുള്ള 3332 വീടുകളിൽ 2367 വീടുകളേ വൈദ്യുതീകരിച്ചിട്ടുള്ളു. 176 വ്യാപാര ഉപഭോക്താക്കളും 92 വ്യാവസായിക ഉപഭോക്താക്കളും 466 കാർഷിക ഉപഭോക്താക്കളും ഉണ്ട്. ഇതിനായി പഞ്ചായത്തിൻെറ വിവിധ മേഖലകളിലായി 24 LT ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി സ്ട്രീററ് ലൈററിനത്തിൽ 211 സാധാരണ ബൾബും 35 ട്യൂബ് ലൈററുകളും സ്ഥാപിച്ചിട്ടുണ്ട്. ഈയിനത്തിൽ പഞ്ചായത്ത് പ്രതിവർഷം 43011/-രൂ അടയ്ക്കുന്നുണ്ട്. എന്നാൽ പകുതിയിൽ താഴെ വഴി വിളക്കുകൾ കത്തുന്നില്ല. മിക്ക പ്രദേശങ്ങളിലും അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ശുദ്ധജലവിതരണ പദ്ധതിയുടെയും ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെയും പമ്പിംഗിനെ വോൾട്ടേജ് കുറവ് ബാധിക്കാറുണ്ട്. ഗ്രാമപ്രദേശങ്ങളിൽകൂടി പോകുന്ന വൈദ്യുതി ലൈനോട് ചേർന്ന് റബ്ബറും മററു വൃക്ഷാദികളും വെച്ച് പിടിപ്പിച്ചതുകാരണം പ്രസരണനഷ്ടം കൂടുതലായി ഉണ്ടാകുന്നു. വർഷകാലങ്ങളിൽ മഴയോ കാററോ ഉണ്ടായാൽ മിക്ക പ്രദേശങ്ങളും ദിവസങ്ങളോളം ഇരുട്ടിലാകാറുണ്ട്.

പഞ്ചായത്തിലെ വൈദ്യുതി വിതരണം പടിഞ്ഞാറൻമേഖലകളിൽ കോലഞ്ചേരി ഇലക്ട്രിക്കൽ മേജർ സെക്ഷൻെറ കീഴിലും കിഴക്ക്ഭാഗം വെള്ളൂർക്കുന്നം ഇലക്ട്രിക്കൽ മേജർ സെക്ഷൻെറ കീഴിലുമാണ്. പഞ്ചായത്തിലെ ജനങ്ങൾ ദൈനംദിനാവശ്യങ്ങൾക്ക് താലൂക്കാസ്ഥാനമായ മൂവാററുപുഴയിലാണ് ബന്ധപ്പെടാറുള്ളത്. ആയതുകൊണ്ട് ഈ പഞ്ചായത്തിലെ വൈദ്യുതി വിതരണം ഒരു മേജർ സെക്ഷൻെറ കീഴിലാക്കി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഗാർഹീക കാർഷീക ആവശ്യത്തിനുള്ള പുതിയ വൈദ്യുതി കണക്ഷനുകൾ ലഭിക്കുവാൻ വളരെ കാലതാമസം വരുന്നുണ്ട്. കോളനികളിൽ കാവികുന്നേൽ പട്ടികജാതി കോളനിയിൽ മാത്രമെ വൈദ്യുതി ലഭിച്ചിട്ടുള്ളു. മററു കോളനികളും ലക്ഷംവീടുകോളനികളിലെ മിക്കവീടുകളും വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്, വൈദ്യുതി ലൈനിൻെറ തകരാറുകൾ മൂലം ദിവസങ്ങളോളം വൈദ്യുതി വിതരണം മുടങ്ങിപ്പോകുന്നതു്, പ്രസരണ നഷ്ടം കൂടുതലായി ഉണ്ടാകുന്നു.

2. ഏകദേശം 30% വീടുകളും പട്ടികജാതി സെററിൽമെൻറ് കോളനികളും വൈദ്യുതീകരിച്ചിട്ടില്ല.

3. പ്രധാനപ്പെട്ട റോഡുകളിലും കവലകളിലും വഴിവിളക്കുകൾ ഇല്ല. ഉള്ളവ പകുതിപോലും കത്തുന്നില്ല.

4. വൈദ്യുതി വിതരണം രണ്ട് സെക്ഷന്റെ കീഴിലായതുകൊണ്ടുള്ള ഭരണപരമായ പ്രശ്നങ്ങൾ.

5. പാചകത്തിനായി വിറകിന്റെ ലഭ്യത കുറവ്, വില കൂടുതൽ. പാചക വാതക കണക്ഷന് പഞ്ചായത്തില ുള്ളവർക്ക് അപേക്ഷ നൽകുവാനുള്ള സംവിധാനമില്ലായ്മ.

6. പുതിയ കാർഷിക ഗാർഹിക കണക്ഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം.

## സാദ്ധ്യതകൾ

1. വോൾട്ടേജ് ഇല്ലാത്ത മേഖലകളിൽ പുതിയ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ആവിഷ്ക്കരിച്ച് വോൾട്ടേജ് ക്ഷാമം അടിയന്തിരമായി പരിഹരിക്കുക. നിലവിലുള്ള ലൈനുകൾ ബലപ്പെടുത്തുകയും ലൈനിലേക്ക് മുട്ടിനിൽക്കുന്ന വൃക്ഷക്കമ്പുകൾ പൂർണ്ണമായി വെട്ടിമാറ്റുക, അതിനായി ജീവനക്കാരുടെ നേതൃത്വത്തിൽ ജനകീയ സമതികൾ രൂപീകരിക്കുക. ശുദ്ധജല വിതരണ പദ്ധതിക്കും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്കും പ്രത്യേകം കപ്പാസിററി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

2. വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുക. തച്ചുകുന്നുമല, വെളിയത്തുതാഴം, സുഗന്ധഗിരി, കുന്നയ്ക്കാൽ, പൂവാലൻകുന്ന്, ശക്തിപുരം, മനക്കൽതാഴം, പോത്തനാച്ചിറ, കുന്നേപ്പീടിക, കരോട്ടേ വാളകം, പൊട്ടുമുകൾ എന്നീ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക. പട്ടികജാതി വിഭാഗങ്ങൾ, ലക്ഷംവീട് കോളനി നിവാസികൾ, ദാരിദ്ര രേഖക്ക് താഴെയുള്ളവർ എന്നിവർക്ക് വൈദ്യുതീകരിക്കുന്നതിനുള്ള ധനസഹായം നൽകുക.

3. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉള്ള റോഡുകളിലും കവലകളിലും വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടത്തുക. കത്താത്ത തെരുവുവിളക്കുകൾ പൂർണ്ണമായി കത്തിക്കുക.

4. പഞ്ചായത്തിലെ വൈദ്യുതി വിതരണത്തിന്റെ ചുമതല വെള്ളൂർക്കുന്നം മേജർ സെക്ഷന്റെ കീഴിലാക്കുക. അതിനായി വാളകത്തുള്ള സബ് എഞ്ചിനീയർ ആഫീസിന്റെ പരിധി വാളകം പഞ്ചായത്തിൽ മാത്രം ആക്കുക.

5. വൈദ്യുതി വിതരണ ചുമതലയുള്ള ജീവനക്കാരുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന് കൈമാറുക.

6. കാർഷിക വ്യാവസായിക, ഗാർഹിക ആവശ്യങ്ങൾക്കുള്ള പുതിയ കണക്ഷനുകൾ കാലതാമസം കൂടാതെ കൊടുക്കുക.

7. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരണം വർദ്ധിപ്പിക്കുക. അതിനായി ധനസഹായം അനുവദിക്കുക. പാരമ്പര്യ ഊർജ്ജസ്രോതസുകൾ പൂർണ്ണമായി ഉപയോഗിക്കുക. അവ സംരക്ഷിക്കുക. കന്നുകാലി വളർത്തുന്ന എല്ലാ വീടുകളിലും ഗോബർ ഗ്യാസ് പ്ലാന്റ് പ്രചരിപ്പിക്കുക.

8. സോളാർ എനർജികൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുക.

9. ഗ്രാമീണ ടെലഫോൺ എക്സ്ചേഞ്ചിന് ലഭ്യമാകേണ്ട മുഴുവൻ ആനുകൂല്യങ്ങളും മേക്കടമ്പ് ടെലഫോൺ എക്സ്ചേഞ്ചിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

# പാർപ്പിടം

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കുവാൻ കഴിയാത്ത ഒന്നായി നിലനിൽക്കുന്നു. ആകെയുള്ള 3332 വീടുകളിൽ രണ്ട് നിലയുള്ള 72 വീടുകളും ഒരു നിലയുള്ള 1073 കോൺക്രീററ് കെട്ടിടങ്ങളും 353 കുടിലുകളും ബാക്കിയുള്ളവ വാസയോഗ്യമായ ഓടുമേഞ്ഞ കെട്ടിടങ്ങളും ആണ്.

ഭവന നിർമ്മാണ രംഗത്ത് കൂടുതൽ സഹായങ്ങൾ നൽകുന്നതിന് ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. മൂവാററുപുഴയിലെ ഭവനനിർമ്മാണ സഹകരണ സംഘത്തിന്റെയും പഞ്ചായത്തിലെ രണ്ട് സഹകരണ ബാങ്കുകളുടേയും വായ്പകൾ മാത്രമാണ് പഞ്ചായത്തിലെ ജനങ്ങൾക്ക് ആശ്രയമായിട്ടുള്ളത്.

പഞ്ചായത്തിൽ നിന്നും വിവിധ ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി 200 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ലക്ഷം വീടുകളുടെ പശ്ചാത്തല സൗകര്യങ്ങൾ കുറവാണ്. അററകുററപണികൾ നടത്താത്തതു കാരണം മിക്ക വീടുകളും അപകടാവസ്ഥയിലാണ്. ലക്ഷംവീട് കോളനികളിൽ ഇനിയും വീടുകൾ നിർമ്മിച്ചു കൊടുക്കേണ്ടവയുണ്ട്. കൂടാതെ പുറമ്പോക്കുകളിൽ താമസിക്കുന്നവരും സ്വന്തമായി സ്ഥലമില്ലാത്തവരുമായ 50 കുടുംബങ്ങൾ വരും.

കെട്ടിട നിർമ്മാണ സാമിഗ്രികളായ വെട്ടുകല്ല്, ഇഷ്ടിക തടി എന്നിവ പഞ്ചായത്തിൽ ലഭ്യമാണ്. ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്ന മൂന്ന് യൂണിററുകൾ പഞ്ചായത്തിലുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ലഭ്യതകുറവ് ഉണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടെയും അമിതമായ വിലക്കയററം.
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പ ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ട് എല്ലാവർക്കും ഭവന നിർമ്മാണ പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് വായ്പ ലഭ്യമാകാൻ വളരെ താമസം നേരിടുന്നു.
4. കോളനികളുടെ പശ്ചാത്തലകുറവ്.

## സാദ്ധ്യതകൾ

1. കുറഞ്ഞ വിലയ്ക്ക് കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള കൂടുതൽ നിർമ്മാണ യൂണിററുകൾ ആരംഭിക്കുക.
2. കെട്ടിട നിർമ്മാണ തൊഴിലാളികളെ ലഭ്യമാക്കുന്നതിനുള്ള പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
3. പുറമ്പോക്കുകളിൽ താമസിക്കുന്നവരും ഭൂരഹിതരുമായ 50-ഉം കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പുനരധിവാസ പദ്ധതി നടപ്പിലാക്കുക.
4. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം ആരംഭിക്കുക.
5. കുടിലുകളിൽ താമസിക്കുന്നവർക്ക് വീട് നിർമ്മിച്ചു കൊടുക്കുന്നതിനുള്ള ധനസഹായം അനുവദിക്കുക.
6. ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.
7. ലക്ഷംവീട് കോളനിയിലെ പശ്ചാത്തല സൗകര്യങ്ങൾ നടപ്പിലാക്കുക. കേട്വന്ന വീടുകൾ അററകുററ പണികൾ നടത്തുക.

# സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും

## ആരോഗ്യം

പഞ്ചായത്തിലെ ജനന നിരക്ക് 12.4 ആണ്. ഇത് കേരളത്തിലെ ശരാശരി ജനന നിരക്കായ 17-ൽ താഴെയാണ്. മരണ നിരക്ക് 4.9 ആണ്. കേരളത്തിലെ ശരാശരി നിരക്കായ 5.9-ൽ കുറവാണ്. വികലാംഗർ മൊത്തം 106 പേർ ആണ്. ഇത് 0.6 ശതമാനമാണ്. പഞ്ചായത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം കൂടിവരുന്നുണ്ട്. പ്രത്യേക കാലാവസ്ഥയിൽ എലിപ്പനി കണ്ടുവരുന്നുണ്ട്. 1വയസിൽ താഴെയുള്ള കുട്ടികൾ 132 ആണ്. പ്രതിരോധ കുത്തിവയ്പുകൾ കൃത്യമായി എടുക്കാറുണ്ട്. കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാരക്കുറവ് ഉള്ളതായി കണ്ടിട്ടുണ്ട്. രണ്ടു ബാലവാടികളിലൂടെ പോഷകാഹാരം ഭാഗികമായി നൽകിവരുന്നു. എൽ. പി. സ്കൂളുകളിൽ ഉച്ചക്കഞ്ഞി വിതരണ പരിപാടിയുണ്ട്.

### ആരോഗ്യ രംഗത്തെ സ്ഥാപനങ്ങൾ

#### 1) പ്രൈമറി ഹെൽത്ത് സെൻറർ

പഞ്ചായത്തിൻെറ ഹൃദയഭാഗത്ത്-മേക്കടമ്പിൽ 1974-ൽ പ്രവർത്തനം ആരംഭിച്ചു. ഇതിൻെറ കീഴിൽ വാളകത്തും മേക്കടമ്പിലുമായി രണ്ട് സബ് സെൻററുകളും ഉണ്ട്. ഒരു ഡോക്ടറടക്കം ഈ സ്ഥാപനങ്ങളിൽ മൊത്തം 15 ജീവനക്കാർ ജോലി ചെയ്യുന്നു. ആശുപത്രിയോടനുബന്ധിച്ച് 10 കിടക്കകളുള്ള വാർഡ് നിർമ്മിച്ചെങ്കിലും ആവശ്യത്തിനു ജീവനക്കാർ ഇല്ലാത്തതിനാൽ ഇതേവരെ തുറന്നു പ്രവർത്തിച്ചിട്ടില്ല ചികിത്സക്കാവശ്യമായ മരുന്നുകളും സെൻററിൽ ലഭ്യമല്ല. ഈ സ്ഥാപനത്തിൻെറ ദുരവസ്ഥകാരണം പഞ്ചായത്തിലെ ജനങ്ങൾ മൂവാററുപുഴയിലുള്ള സർക്കാർ ആശുപത്രിയിലും, മൂവാററുപുഴയിലും, കോലഞ്ചേരിയിലുമുള്ള സ്വകാര്യ ആശുപത്രികളിലും അഭയം തേടുന്നു.

#### 2) ആയുർവേദ ആശുപത്രി

പഞ്ചായത്തിലെ ആയുർവ്വേദാശുപത്രി വാളകത്തുള്ള ഒരു വാടകക്കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം പണി പൂർത്തിയാക്കിയിട്ടുണ്ട്. താമസിയാതെ സ്വന്തം കെട്ടിടത്തിലേക്ക് മാററുന്നതിനുള്ള ശ്രമമാരംഭിച്ചിട്ടുണ്ട്. ഒരു ഡോക്ടറടക്കം അഞ്ചു ജീവനക്കാർ ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. ഇപ്പോൾ ഇത് കേവലം ഒരു ഡിസ്പെൻസറി മാത്രമാണ്. രോഗികളെ കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. സ്വകാര്യരംഗത്ത്-പ്രത്യേകിച്ച് വിഷചികിത്സയിൽ പ്രവർത്തിച്ചു വരുന്ന ഒരു വൈദ്യ സ്ഥാപനവും ഉണ്ട്.

#### 3) ഹോമിയോ ആശുപത്രി

പഞ്ചായത്തിൽ സർക്കാർവക ഹോമിയോ ആശുപത്രി ഇല്ല. എന്നാൽ വാളകത്തും, അമ്പലംപടിയിലും, മേക്കടമ്പിലും ഓരോ സ്വകാര്യ ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്.

## ജലലഭ്യത

പൊതുജനാരോഗ്യത്തിൻെറ മുഖ്യ ഘടകമാണ് ശുദ്ധജല ലഭ്യത. കിണറുകളിൽ നിന്നുള്ള വെള്ളമാണ് മുഖ്യമായും ഉപയോഗിക്കുന്നത്. കിണറുകൾ ക്ലോറിനേററു ചെയ്യുക, അഴുക്കുജലം വീഴാതെ കെട്ടി സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾ നടപ്പിലാക്കാറില്ല. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ജലവിതരണ പദ്ധതിയിലും പൊതു ടാപ്പുകളിലൂടെയും ലഭിക്കുന്ന വെള്ളം ശരിയായ രീതിതിൽ ശുദ്ധീകരിച്ചതല്ല. പഞ്ചായത്തിൻെറ തെക്കും, കിഴക്കും, പടിഞ്ഞാറും അതിർത്തികളിലൂടെ പുഴയും, തോടുകളും ഉണ്ടെങ്കിലും കുളിക്കടവുകൾ കെട്ടി സംരക്ഷിച്ചവ വിരളമായേ ഉള്ളു. ലിഫ്ട് ഇറിഗേഷൻ കനാലുകളിലൂടെ വിസർജ്ജ വസ്തുക്കളും മാലിന്യങ്ങളും ഒഴുക്കിവിടാറുണ്ട്. പഞ്ചായത്തിലെ 15% വീടുകളിലും കക്കൂസുകൾ ഇല്ല. വാളകത്ത് ഓടകളിൽ വെള്ളം കെട്ടിക്കിടക്കുന്നു. ഓടകളിൽ വന്നുചേരുന്ന വെള്ളം ഒഴുക്കിവിടുന്നതിനുള്ള സൗകര്യമില്ലാത്തതിനാലാണ് ഇത്. കൊതുകുശല്യം വർദ്ധിക്കുന്നു. പ്രധാന കച്ചവട കേന്ദ്രങ്ങളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങളും, ചപ്പുചവറുകളും നീക്കം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല.

## ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ

1) പ്രൈമറി ഹെൽത്തുസെൻററിൽ ആവശ്യത്തിനു ജീവനക്കാരും മരുന്നുകളും ഇല്ല.
2) കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണത്തിനുള്ള സംവിധാനം ഇല്ല.
3) 15 ശതമാനം വീടുകളിൽ കക്കൂസുകൾ ഇല്ല.
4) ശുദ്ധജല സ്രോതസ്സുകൾ ഏറെയുണ്ടെങ്കിലും ആവശ്യമായിത്ര ലഭ്യമല്ല.
5) ക്യാൻസർ പോലുള്ള മാരക രോഗങ്ങൾ വർദ്ധിച്ചുവരുന്നു
6) ഹോമിയോ രംഗത്തു് സർക്കാർ വക ചികിത്സാ സൗകര്യങ്ങൾ ഇല്ല.
7) മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനം ഇല്ല.
8) ചില പ്രത്യേക കാലാവസ്ഥകളിൽ എലിപ്പനി വ്യാപിക്കുന്നു.
9) പഞ്ചായത്തിലെ പടിഞ്ഞാറൻ മേഖലയിൽ ഇഷ്ടിക നിർമ്മാണത്തിനായി നെൽപ്പാടങ്ങൾ ആഴത്തിൽ താഴ്ത്തുന്നതുകൊണ്ട് ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.

## നിർദ്ദേശങ്ങൾ

പ്രൈമറി ഹെൽത്തു സെൻററുകളിൽ ആവശ്യത്തിനു ജീവനക്കാരെ നിയമിക്കുക. ആവശ്യത്തിനു മരുന്നുകൾ ലഭ്യമാക്കുക. സെൻററുകളോടനുബന്ധിച്ചുള്ള വാർഡ് തുറന്നു് പ്രവർത്തനം ആരംഭിക്കുക. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ആരംഭിക്കുക. റാക്കാട് കേന്ദ്രമാക്കി ഒരു ആരോഗ്യകേന്ദ്രം സ്ഥാപിക്കുക.

കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര വിതരണ പദ്ധതി നടപ്പിലാക്കുക.

കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ അവ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.

എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക. കിണറുകൾ ആരോഗ്യപ്രവർത്തകരുടെ സഹായത്തോടെ ക്ലോറിനേററ് ചെയ്യുക, പൈപ്പുകളിൽകൂടി ലഭ്യമാക്കുന്ന വെള്ളം ശുദ്ധീകരിച്ചിട്ടുണ്ടെന്നു ഉറപ്പു വരുത്തുക. കിണറുകൾ ചുററുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക.

അമ്പലംപടിയിൽ ഒരു സർക്കാർ ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

ക്യാൻസർ, എലിപ്പനി തുടങ്ങിയ മാരകരോഗങ്ങൾ വ്യാപിക്കുന്നതിൻെറ കാരണങ്ങൾ കണ്ടുപിടിക്കുകയും പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

കോളനികൾ, കച്ചവടകേന്ദ്രങ്ങൾ, പ്രധാന കവലകൾ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കിക്കളയുവാനുള്ള സംവിധാനം ഉണ്ടാക്കുക. വാളകത്തു് ഓടകൾ വൃത്തിയാക്കുക, ഓടകളിലെ അഴുക്കുജലം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

ആരോഗ്യരംഗത്തു് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, ആരോഗ്യപ്രവർത്തകരും സന്നദ്ധസംഘടനകളും പ്രവർത്തകരും ഒരുമിച്ചു വർത്തിക്കുന്ന ഒരു പൊതുവേദി ഉണ്ടാക്കുക.

# കുടിവെള്ളം

പഞ്ചായത്തിലെ മൊത്തം 3332 വീടുകളിൽ 2500 വീടുകളിൽ സ്വന്തമായി കിണറുകൾ ഉണ്ട്. ഇതിൽ 750 കിണറുകളും വേനൽക്കാലത്തു് കുടിവെള്ളം ലഭിക്കാത്തവയാണ്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലൂടെയും കടന്നുപോകുന്ന പെരിയാർവാലി കനാലുകളിൽ വേനൽക്കാലത്തു് വെള്ളം ലഭിച്ചാൽ കുടിവെള്ളക്ഷാമം ഏതാനും പ്രദേശങ്ങളിൽ പരിഹരിക്കുവാൻ കഴിയും. താഴെ പറയുന്ന പ്രദേശങ്ങൾ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളാണ്.

1-ാം വാർഡ്: ആവണംകോട്, ഇണ്ടിക്കമോളേൽ ഭാഗം, കീഴോർക്കടി ഭാഗം, തച്ചുകുന്നേൽമല, ചുരക്കാക്കടി മേഖല. ആവുണ്ട, കാഞ്ഞിരത്തിങ്കൽ ഭാഗം, ചാലിമല, മണിയിരിക്കുമുകൾ, കീരിമല, കരിയാപ്പുമുകൾ.

II-ാം വാർഡ്: പാറസ്സൽതുരുത്ത്, കോളാത്തുരുത്ത്, കാരിക്കഴി, പെരുന്താറ മോളേൽ ഭാഗം, ബഥനിപ്പട നേഴ്സറിപ്പടി ഭാഗം.

III-ാം വാർഡ്: പൂവാലംകന്ന്, കന്നേപ്പീടിക, കാവികുന്നേൽ പട്ടികജാതി കോളനി, ലക്ഷംവീട് കോളനി മണ്ണിരിക്കകോളനി, ഓലികോളനി, വാളാംകഴി,

IV-ാം വാർഡ്: ലക്ഷംവീട് കോളനി, പൊട്ടമുകറാമല കിഴക്കഭാഗം.

V-ാം വാർഡ്: വടക്കേക്കരമല, വാടാചിറ, കാക്കത്തടത്തിൽ പ്രദേശം, കടാതി പള്ളിത്താഴം, ലക്ഷംവീട്കോ ളനി, പാംകളങ്ങര പട്ടികജാതി കോളനി.

VI-ാം വാർഡ്: കരിപ്പാച്ചിറ, തീണ്ടാച്ചിറ, വാത്യാട്ടപടി, കഴിയേലി കന്നുംപുറം.

VII-ാം വാർഡ്: അഞ്ചുംകവല

VIII-ാം വാർഡ്: പല്ലുകത്തിമല, നങ്ങാപറമ്പേൽ കോളനി, ലക്ഷംവീട് കോളനി,

IX-ാം വാർഡ്: അറയംകന്നത്തുമല, പുന്നിലം പ്രദേശം, പട്ടേരിപ്പ്മുക്ക്.

# ശുദ്ധജല വിതരണ പദ്ധതി

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനായി വാളകം-മഴവന്നൂർ വില്ലേജ് ശുദ്ധജലവിതരണപദ്ധതി 1984 ൽ പ്രവർത്തനം ആരംഭിച്ച് 1993 ൽ കമ്മീഷൻ ചെയ്യുകയുണ്ടായി. കേന്ദ്ര സർക്കാരിന്റെ A.R.W.S.S, പദ്ധതിയിൽപെടുത്തിയാണ് നമ്മുടെ പദ്ധതി ഏറ്റെടുത്ത് നടത്തിയത്. വാളകം മഴവന്നൂർ വില്ലേജുകളെ ലക്ഷ്യമാക്കിയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. അതുകൊണ്ടുതന്നെ ഈ പഞ്ചായത്തിലെ വെള്ളൂർക്കുന്നം വില്ലേജിന്റെ ഭാഗത്ത് വരുന്ന പ്രദേശങ്ങളിൽ ഈ പദ്ധതിയുടെ പ്രവർത്തനം എത്തിയിട്ടില്ല. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പ്രായോഗികമാകുന്ന ഈ പദ്ധതി നമ്മുടെ പ്രദേശത്ത് പ്രയോജനം ചെയ്യുകയില്ല. 300 മീററർ നീളം വരുന്ന പൈപ്പിന് ഒരു പൊതുടാപ്പ് എന്ന അടിസ്ഥാനത്തിലാണ് ഈ പദ്ധതിയുടെ പൈപ്പ് ഡിസൈൻ ചെയ്തിട്ടുള്ളത്. അതിനാൽ പൊതു ടാപ്പുകളിൽ ആവശ്യത്തിന് വെള്ളം ലഭിക്കയില്ല. ഈ പദ്ധതിപ്രകാരം വീടുകറാക്കുള്ള വ്യക്തിഗത കണക്ഷനുകറാക്ക് ലക്ഷ്യമിട്ടിരുന്നില്ല. ഈ പദ്ധതിയുടെ പണി പൂർത്തീകരിച്ചപ്പോറം ഏകദേശം ഒന്നേകാൽ കോടി രൂപയോളം ചെലവ് വന്നിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും നമ്മുടെ പഞ്ചായത്തിൽ 57402 മീററർ പൈപ്പുലൈനുകളിലായി 190 പൊതു ടാപ്പുകളും, 76 വീടുകറാക്ക് കണക്ഷനുകളുമുണ്ട്. വാട്ടർടാങ്കിന്റെ കപ്പാസിററി 6.5 ലക്ഷം ലിററാണ്. ദിനംപ്രതി നമ്മുടെ പഞ്ചായത്തിൽ 9.3 ലക്ഷം ലിററർ വെള്ളം വിതരണം ചെയ്യുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്.

ഇത്രയും ഭീമമായ തുക ചെലവാക്കി ഈ സ്കീമിന്റെ പ്രവർത്തനം നടക്കമ്പോറംതന്നെ കഴിഞ്ഞ വേനൽക്കാലത്ത് ലോറിയിൽ ജലം എത്തിക്കേണ്ട ഗതികേടുണ്ടായി.

## നടപ്പ് ശുദ്ധജല വിതരണ പദ്ധതിയുടെ പ്രശ്നങ്ങൾ

1. കേടുവന്ന പൈപ്പലൈനുകളുടേയും, ടാപ്പുകളുടേയും അററകുററപ്പണികറാ സമയാസമയങ്ങളിൽ നടക്കാറില്ല.
2. 16 മണിക്കൂർ പമ്പിംഗ് നടത്തുന്നുണ്ടെന്ന് രേഖയിൽ ഉണ്ടെങ്കിലും വോറാട്ടേജ് പ്രശ്നവും മററും കാരണം ദിവസേന 8 മണിക്കൂർ പോലും പമ്പിംഗ് നടത്താറില്ല.
3. സ്റ്റോറേജ് ടാങ്കിൽ ഒരിക്കൽപ്പോലും നാലിലൊന്നു ഭാഗം വെള്ളം പോലും ശേഖരിക്കപ്പെടുന്നില്ല. പമ്പിംഗ് മോട്ടോറിന്റെ കപ്പാസിററി കറവാണ് കാരണം
4. ഈ പദ്ധതിയിൽ നിന്നും രണ്ടു പഞ്ചായത്തുകറാക്ക് ആവശ്യമായ വെള്ളം ഒരിക്കലും ലഭിക്കയില്ല.
5. വീടുകറാക്ക് കണക്ഷൻ നൽകുവാൻ ഉതകുന്ന വിധത്തിൽ വ്യാസമുള്ള പൈപ്പുലൈനല്ല സ്ഥാപിച്ചിട്ടുള്ളത്.

## പരിഹാര നിർദ്ദേശങ്ങൾ

അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങറാ -

1. കേടുവന്ന പൈപ്പുലൈനുകളുടേയും ടാപ്പുകളുടേയും അററകുററപ്പണികറാ കാലതാമസം കൂടാതെ പൂർത്തീകരിക്കുക.
2. പമ്പിംഗ് സമയം 24 മണിക്കൂർ ആക്കുക.

3. മോട്ടോറിൻെറ കപ്പാസിററി വർദ്ധിപ്പിക്കുക.

4. ഓരോ പ്രദേശത്തേക്കും വാൽവ് ക്രമീകരണം മുഖേന എല്ലാ ഭാഗത്തും വെള്ളം എത്തിക്കുന്ന വിധത്തിൽ നിശ്ചിത സമയങ്ങളിൽ വിടുക.

5 പൊതു കിണറുകൾ ഉപയോഗയോഗ്യമാക്കുക.

6. പഞ്ചായത്തിലെ മുഴുവൻ കിണറുകളും ക്ലോറിനേററുചെയ്യുക.

7. നിലവിലുള്ള കിണറുകൾ താഴ്ത്തുവാനും പുതിയതു് കുഴിക്കുവാനും ധനസഹായം അനുവദിക്കുക.

**സമയബന്ധിതമായി ചെയ്യേണ്ടത്**

1. ജലവിതരണത്തിൻെറയും അററകുററപ്പണികളുടെയും ചുമതല ഗ്രാമപഞ്ചായത്തിനു് പൂർണ്ണമായി നൽകുക.

2 ഒരു അഡീഷണൽ മോട്ടോറും പമ്പിംഗ് ലൈനും സ്ഥാപിച്ച് കൂടുതൽ വെള്ളം പമ്പുചെയ്യുക

3. നിലവിലുള്ള സ്കീമിൽ നിന്നും ഉയരത്തിലുള്ള പ്രദേശങ്ങളിൽ മിനി വാട്ടർസപ്ളൈ പദ്ധതി ആരംഭിക്കുക. (പൂവാലംകുന്നു്, പാറയ്ക്കൽ തുരുത്തു്)

4. വ്യാസംകുറഞ്ഞ പൈപ്പുലൈനുകൾ മാററി സ്ഥാപിക്കുക

5. പൈപ്പുലൈൻ എത്താത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ എല്ലാ വാർഡുകളിലുമായി 30 കിലോമീററർ ദൈർഘ്യത്തിൽ സ്ഥാപിക്കുക.

6. പൊട്ടുമുകൾ മലയുടെ വാട്ടർടാങ്കിൻെറ ഉയർന്നപ്രദേശത്തു് നിലവിലുള്ള പദ്ധതിയിൽ നിന്നും റീ-ലിഫ്ററ് ചെയ്ത് പൈപ്പുലൈൻ സ്ഥാപിക്കുക.

7. വാട്ടർസപ്ളൈ സ്കീം മഴുവന്നൂർ വില്ലേജിനെ ഒഴിവാക്കി വാളകം പഞ്ചായത്തിനു് മാത്രമാക്കി മാററുക.

# വിദ്യാഭ്യാസം

പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ വാളകം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വിദ്യാലയങ്ങൾ ഉണ്ട്, വിദ്യാഭ്യാസ രംഗത്തു് ക്രിസ്ത്യൻ മിഷ്യനറി പ്രവർത്തകരുടെ മഹത്തായ സംഭാവനകളാണ് വാളകം മാർ സ്റ്റീഫൻ ഹൈസ്കൂളും, വാളകം എം. ററി. എൽ. പി. സ്കൂളും.

ഒരു പുതിയ വിദ്യാഭ്യാസ സംസ്കാരം വളർന്നുവന്നു് പഞ്ചായത്തിലെ നല്ലൊരു ഭാഗം കുട്ടികളും പഞ്ചായത്തിനു വെളിയിലുള്ള അൺ-എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നതു്. ഈ പ്രവണത വിദ്യാഭ്യാസ രംഗത്തു് ഗുരുതരമായ ഭീഷണിയാണ് ഉയർത്തിയിട്ടുള്ളതു്. സമീപഭാവിയിൽ നമ്മുടെ പഞ്ചായത്തിലുള്ള സർക്കാർ-എയിഡഡ് സ്കൂളുകൾ പൂട്ടേണ്ട സ്ഥിതിയുണ്ടാകും. ഇതുമൂലം ഇവിടത്തെ സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും കുട്ടികൾക്ക് പഠിക്കുവാൻ കഴിയാത്ത സ്ഥിതിയുണ്ടാകും.

വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ വിവരങ്ങൾ

1. ഹൈസ്കൂൾ : മാർ സ്റ്റീഫൻ ഹൈസ്കൂൾ (എയിഡഡ്) വാളകം

2. യു. പി. സ്കൂളുകൾ (3 എണ്ണം)
   1. ഗവ: യു. പി. എസ്. കുന്നയ്ക്കാൽ (ഈസ്റ്റ്)
   2. ഗവ: യു. പി. എസ്. കടാതി
   3. ഗവ: യു. പി. എസ്. റാക്കാട്

3. എൽ. പി. സ്കൂൾ (5 എണ്ണം)
   1. ഗവ: എൽ, പി. എസ്. വാളകം
   2. എം. ററി. എൽ. പി. എസ് വാളകം (എയിഡഡ്)
   3. ഗവ: എൽ. പി. എസ്. കുന്നയ്ക്കാൽ (വെസ്റ്റ്)
   4. ഗവ: എൽ. പി. എസ്. കടാതി
   5, ഗവ: എൽ. പി. എസ്. മേക്കടമ്പ്

4. പ്രീ പ്രൈമറി
   1. ബാലവാടി – വിഷ വൈദ്യശാലപ്പടി
   2. ബാലവാടി – കോളാതുരുത്തേൽ
   3. ബാലവാടി – കരട്ടെ വാളകം
   4. നേഴ്സറി സ്കൂൾ (പഞ്ചായത്തു വക) റാക്കാട്
5. സ്വകാര്യ നേഴ്സറി സ്കൂൾ
   1. സി. ററി, സി. നേഴ്സറി സ്കൂൾ, കന്നയ്ക്കാൽ
   2. ദീപ്തി മഹിളാസമാജം നേഴ്സറി സ്കൂൾ, കന്നയ്ക്കാൽ
   3. എൻ. എസ്. എസ്. നേഴ്സറി സ്കൂൾ, മേക്കടമ്പ്
   4. ചൊള്ളംകുഴി നേഴ്സറി സ്കൂൾ, കടാതി വാർഡ് 6
   5. നടുവില വീട്ടിൽ നേഴ്സറി സ്കൂൾ, കടാതി വാർഡ് 6
6. ആശാൻ കളരി (നിലത്തെഴുത്ത്)
   1. അറയൻ കുന്നത്ത്   2. ബഥനിപ്പടി   3. മേക്കടമ്പ്
7. ട്യൂട്ടോറിയൽ കോളേജ്
   1. വാളകം   2. കരട്ടെ വാളകം   3. അമ്പലംപടി
8. ടൈപ്പ്റൈററിംഗ് ഇൻസ്റ്റിററ്യൂട്ട്–വാളകം

ഇതു കൂടാതെ അംഗീകാരമില്ലാത്ത–മാർ ഇഗ്നാത്തിയോസ് ന്യൂറനോ സ്കൂൾ എന്ന പേരിൽ ഒരു ഇംഗ്ലീഷ് മീഡിയം നേഴ്സറി സ്കൂളും, എൽ. പി. സ്കൂളും മേക്കടമ്പിൽ ഉണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ M S H S -ലെ പഠന നിലവാരം വളരെ മോശമാണ്. എഴുപതുകളിൽ രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠിച്ചിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ 551 വിദ്യാർത്ഥികളേ പഠിക്കുന്നുള്ളു.

## വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
2. പ്രീ-പ്രൈമറി മേഖലകളിൽ വേണ്ടത്ര സ്ഥാപനങ്ങളില്ല.
3. സർക്കാർ സ്കൂളുകളിലേയും പ്രീപ്രൈമറി സ്ഥാപനങ്ങളിലേയും ഭൗതീക സാഹചര്യങ്ങൾ വളരെ മോശമാണ്.
4. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ M S H S-ലെ പഠന നിലവാരം തൃപ്തികരമല്ല.
5. പല സ്കൂളുകളിലും P T A-യുടെ പ്രവർത്തനം ഫലപ്രദമല്ല.
6. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും സൗകര്യമില്ല.
7. കലാ കായിക പരിശീലന കേന്ദ്രങ്ങളില്ല,

ഉന്നത വിദ്യാഭ്യാസത്തിനായി പഞ്ചായത്തിലെ കുട്ടികൾ കോലഞ്ചേരി, മൂവാററുപുഴ, പെരുമ്പാവൂർ എന്നീ സ്ഥലങ്ങളിലുള്ള കോളേജുകളെയാണ് ആശ്രയിക്കുന്നത്. പല സ്കൂളുകളിലും മൂത്രപ്പുര, കക്കൂസ്, പാചകപ്പുര, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളില്ല.

## നിർദ്ദേശങ്ങൾ

1. സൗകര്യങ്ങൾ ഉള്ള എൽ പി. സ്കൂളുകളിൽ പ്രീ–പ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക. ഇതിനാവശ്യമായ സ്ററാഫിനെ നിയമിക്കുക.
2. പ്രീ–പ്രൈമറികളിൽ ആവശ്യത്തിനു പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ എന്നിവ വാങ്ങിക്കൊടുക്കുക. ഭൗതീക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക. ബാലവാടികളിലും നേഴ്സറി സ്കൂളുകളിലും കുടിവെള്ള സൗകര്യം ലഭ്യമാക്കുക അററകുററപ്പണികൾ നടത്തുക.

3. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ പുതിയ ബാലവാടികൾ/അംഗൻവാടികൾ, നേഴ്സറി സ്കൂളുകൾ എന്നിവ ആരംഭിക്കുക. (പെരുവംമുഴി, ആവുണ്ട, പാലനാട്ടുകവല, കന്നയ്ക്കാൽ, പൊട്ടമുകൾ മല, കടാതി, മേക്കടമ്പ്)
4. നിലവിലുള്ള സർക്കാർ സ്കൂളുകളിലെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുക. പഠനോപകരണങ്ങൾ ലഭ്യമാക്കുക.
5. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ M S H S-ലെ പഠന നിലവാരം ഉയർത്തുക.
6. P T A മാതൃസംഗമം-പ്രവർത്തനം സജീവമാക്കുക
7. തൊഴിൽ പരിശീലനപരിപാടി നടന്നുവരുന്ന കന്നയ്ക്കാൽ ഗവ യു. പി. എസ്. ഒരു ജൂനിയർ ടെക്നിക്കൽ സ്കൂളായി ഉയർത്തുക.
8. കടാതി എൽ.പി , യു പി. സ്കൂളുകൾ സംയോജിപ്പിച്ച് യു. പി. സ്കൂളിൽ ഏതെങ്കിലും തൊഴിലധിഷ്ടിതകോഴ്സ് ആരംഭിക്കുക.
9. വാളകം എം.എസ്.എച്ച്.എസ്.-ൽ പ്ലസ് ടു കോഴ്സോ, വൊക്കേഷനൽ ഹയർ സെക്കൻററി കോഴ്സോ ആരംഭിക്കുക.
10. പഞ്ചായത്തിലെ ഹൈസ്കൂൾ കേന്ദ്രീകരിച്ച് സ്കൂൾ കോംപ്ളക്സ് ആരംഭിക്കുക

## വിദ്യാലയ വിവരങ്ങൾ

| Sl. No. | സ്കൂളിൻെറ പേരു് | മാനേജ്മെൻറ് | കുട്ടികളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | അദ്ധ്യാപകരുടെ യോഗ്യത | | |
|---|---|---|---|---|---|---|---|
| | | | | | BEd. | TTC | Other Special |
| 1 | MSHS വാളകം | Aided | 551 | 23 | 9 | 6 | 7 |
| 2 | UPS കന്നയ്ക്കാൽ | Govt | 242 | 9 | 1 | 7 | 1 |
| 3 | UPS കടാതി | ,, | 78 | 4 | – | 3 | 1 |
| 4 | UPS റാക്കാട് | ,, | 150 | 8 | – | 7 | 1 |
| 5 | GLPS കന്നയ്ക്കാൽ West | ,, | 60 | 4 | – | 4 | – |
| 6 | GLPS വാളകം | ,, | 81 | 4 | – | 4 | |
| 7 | MTLPS വാളകം | Aided | 66 | 4 | – | 4 | – |
| 8 | GLPS മേക്കടമ്പ് | Govt | 69 | 4 | – | 4 | – |
| 9 | GLPS കടാതി | ,, | 195 | 7 | – | 7 | – |

## S. S. L. C. വിജയശതമാനം

| Sl. No. | സ്കൂളിൻെറ പേരു് | S S L C വിജയശതമാനം | | |
|---|---|---|---|---|
| | | 1993–94 | 94–95 | 95–96 |
| 1 | MSHS വാളകം | 48% | 70% | 48% |

# വിദ്യാലയ സൗകര്യങ്ങൾ

| Sl. No. | Name of School | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളും | ഫർണീച്ചർ | ക്ലാസ്സ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | MSHS വാളകം | 3 ഏ.6സെ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | GUPS കന്നയ്ക്കാൽ | 1 ,, 27 , | ,, | ഇല്ല | ,, | ,, | ,, | ,, | ഉണ്ട് | ,, | ,, | ,, |
| 3 | GUPS കടാതി | 0.50 സെ. | ,, | ഉണ്ട് | ,, | ,, | ,, | ,, | ഷെഡ് മാത്രം | ,, | ,, | ഉണ്ട് എന്നാം ജലം ഇ |
| 4 | GUPS റാക്കാട് | 0.50 ,, | ,, | ,, | | ,, | ,, | ,, | ഉണ്ട് | ,, | ,, | ഉണ്ട് |
| 5 | GLPS കന്നയ്ക്കാൽ West | 0.50 ,, | ,, | ഇല്ല | ഇല്ല | കുറേ പുസ്തകം ഉണ്ട് | ,, | ,, | ,, | ഇല്ല | ,, | ,, |
| 6 | GLPS വാളകം | 0.34 ,, | ,, | ,, | ,, | | ,, | ,, | ചാർത്ത് മാത്രം | ഉണ്ട് | ,, | ,, |
| 7 | MTLPS വാളകം | 0.50 ,, | ,, | ,, | ,, | ഇല്ല | ,, | ,, | ഉണ്ട് | ഇല്ല | ,, | ഉണ്ട് ആവ ശ്യത്തിന വെള്ളമില്ല |
| 8 | GLPS മേക്കടമ്പ് | | ,, | ,, | ,, | ,, | ,, | ,, | ചാർത്ത് ഉണ്ട് | ഉണ്ട് | ചെറുത് ഉണ്ട് | ഉണ്ട് |
| 9 | GLPS കടാതി | 0.50 ,, | ,, | ,, | ,, | ഉണ്ട് | ,, | ,, | ,, | ,, | ഇല്ല | ,, |

# സംസ്കാരം

1910-ൽ കടാതി യുവജന ഗ്രന്ഥശാല സ്ഥാപിച്ചതോടെ പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടു. 1948-ൽ വാളകത്തും അതേ കാലഘട്ടത്തിൽ അമ്പലംപടിയിലും 1957-ൽ കുന്നയ്ക്കാലും ഗ്രന്ഥശാലകളുടെ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ പഞ്ചായത്തിൽ 5 ഗ്രന്ഥശാലകളും 11 ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്.

ഹിന്ദു ക്രിസ്ത്യൻ സമുദായ അംഗങ്ങൾ ഏകദേശം തുല്യമായി നിൽക്കുന്നു. മുസ്ലീം സമുദായത്തിൽപ്പെട്ടവർ ആരും പഞ്ചായത്തിലില്ല. സാമുദായിക രാഷ്ട്രീയ രംഗത്ത് യാതൊരു സംഘർഷങ്ങളും ഇല്ലാത്ത പഞ്ചായത്താണ്. ഹിന്ദു സമുദായത്തിലെ പിന്നോക്ക വിഭാഗങ്ങൾ ക്രിസ്ത്യൻ സമുദായത്തിലേയ്ക്ക് മതപരിവർത്തനം ചെയ്തവർ. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഇന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നു.

പഞ്ചായത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രന്ഥശാലകളിൽ ആവശ്യത്തിനു പുസ്തകശേഖരങ്ങളില്ല, ഉള്ളവ ഗുണനിലവാരമില്ലാത്തവയാണ്. ഗ്രന്ഥശാലകളിൽ നിന്നും പുസ്തകം വാങ്ങിക്കൊണ്ട് പോയി വായിക്കുന്നവരുടെ എണ്ണം പരിമിതമാണ്. പ്രത്യേകിച്ച് വനിതകൾ ആരും തന്നെ ഗ്രന്ഥശാലകളിലേക്ക് കടന്നുകയറാറില്ല. ഗ്രന്ഥശാലാ സംഘങ്ങളിൽ നിന്നും പരിമിതമായ ഗ്രാൻറുകൾ ലഭിക്കാറുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും യാതൊരു ഗ്രാൻറും ലഭിക്കുന്നില്ല. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകളിൽ വാങ്ങാറില്ല.

ഏററവും കൂടുതൽ പ്രചാരമുള്ള പത്രം മലയാള മനോരമയാണ്. മാതൃഭൂമി ദിനപ്പത്രത്തിന്റെ പ്രചാരണം തൊട്ടടുത്ത് നിൽക്കുന്നു. ദേശാഭിമാനി, മംഗളം, ദീപിക, കൗമുദി, ഇന്ത്യൻ എക്സ്പ്രസ് തുടങ്ങിയ പത്രങ്ങളും ചുരുക്കമായി പ്രചാരണത്തിലുണ്ട്. വളരെ കുറച്ച് വീടുകളിൽ മാത്രമേ പത്രങ്ങൾ വരുത്തുന്നുള്ളു. നല്ല നിലവാരം പുലർത്തുന്ന മാസിക, വാരികകൾക്ക് പ്രചാരണം കുറവാണ്.

പഞ്ചായത്തിൽ കായിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന 11 ക്ലബ്ബുകൾ ഉണ്ടെങ്കിലും പ്രവർത്തനം ഫലപ്രദമല്ല. കുന്നയ്ക്കാൽ C T C ക്ലബ് ഒഴിച്ച് മററെല്ലാ ക്ലബ്ബുകളും ഓണാഘോഷം പോലെ ചില പരിപാടികൾ പേരിനു സംഘടിപ്പിക്കുന്നതു് മാത്രമായി പ്രവർത്തനം ചുരുങ്ങിപ്പോകുന്നു. പ്രൊഫഷണൽ രംഗത്ത് പ്രവർത്തിക്കുന്ന കലാ-സാംസ്കാരിക സംഘടനകൾ നിലവിലില്ല. പഞ്ചായത്തിലെ 15% വീടുകളിൽ ടെലിവിഷൻ ഉണ്ട്. ടെലിവിഷൻ മാദ്ധ്യമങ്ങളുടെ സ്വാധീനം കുട്ടികളുടെ വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്നുണ്ട്.

കായിക രംഗത്ത് ഊന്നൽ നൽകി പ്രവർത്തിക്കുന്ന സംഘടനകൾ ഒന്നുംതന്നെയില്ല. പൊതു കളിസ്ഥലമായി മേക്കടമ്പിൽ പഞ്ചായത്തു് വക മിനി സ്റ്റേഡിയം ഉണ്ടെങ്കിലും അവസ്ഥ തീരെ മോശമാണ്. മാർ സ്ലീഫൻ ഹൈസ്കൂളിനോടനുബന്ധിച്ച് ഒരു കളിക്കളം ഉണ്ടെങ്കിലും സൗകര്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. ഒരു കാലത്തു് നാടൻ പന്തുകളിയിൽ പേരു കേട്ട നമ്മുടെ പഞ്ചായത്തു് ഇപ്പോൾ അതു് പൂർണ്ണമായി നിലച്ചുപോയി. ഫുട്ബോൾ രംഗത്ത് ടൂർണമെൻറുകളും മററും സ്ഥിരമായി കഴിഞ്ഞകാലങ്ങളിൽ സംഘടിപ്പിക്കാറുണ്ടെങ്കിലും ഇപ്പോൾ അവയുടെ താല്പര്യം തീരെ കുറഞ്ഞുപോയി. നാടൻ കലകളിൽ കോൽകളി, പരിചമുട്ട്കളി എന്നിവ മുൻ കാലങ്ങളിൽ പ്രസിദ്ധമായിരുന്നെങ്കിലും ഇപ്പോൾ നാമമാത്രമായി ഈ രംഗത്ത് നിലനിൽക്കുന്നു

## പ്രശ്നങ്ങൾ

1. ഗ്രന്ഥശാലകളിൽ ആവശ്യത്തിനു പുസ്തകശേഖരങ്ങൾ ഇല്ല. ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളുടെ വരവോടെ പുതിയ തലമുറയിൽ വായനാശീലം ഇല്ലാതെ ആയിരിക്കുന്നു. സ്വന്തമായി കെട്ടിടമുള്ള ഗ്രന്ഥശാലകൾ അററകുററപ്പണികൾ നടത്താറില്ല. ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങാറില്ല. പ്രവർത്തിക്കുവാൻ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു.
2. ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളുടെ അതിപ്രസരം കുട്ടികളുടെ വിദ്യാഭ്യാസത്തേയും പുതിയ തലമുറയുടെ വായനാശീലത്തേയും ബാധിക്കുന്നു.
3. കായിക വിനോദ സൗകര്യങ്ങൾ വേണ്ടത്ര ഇല്ല. ഉള്ളവ സംരക്ഷിക്കപ്പെടുന്നില്ല

## നിർദ്ദേശങ്ങൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഗ്രാൻറുകളും ധനസഹായങ്ങളും ലഭ്യമാക്കുക, പൊതുജന പങ്കാളിത്തത്തോടെ പുസ്തകങ്ങൾ ശേഖരിക്കുക, വായനാശീലം വർദ്ധിപ്പിക്കുന്നതിനു് ആവശ്യമായ

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. വനിതകളെ ഗ്രന്ഥശാലാ പ്രവർത്തനവുമായി സഹകരിപ്പിക്കുക.

2. കായികവിനോദ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. നിലവിലുള്ള പഞ്ചായത്തു മിനി സ്റ്റേഡിയം വികസിപ്പിക്കുക

3. കലാ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക. ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ക്ലബ്ബുകളുടെ പ്രവർത്തം ഏകോപിക്കുക

4. വാളകത്ത് കമ്മ്യൂണിററി ഹാളിൻെറ നിർമ്മാണം ആരംഭിക്കുക

## പഞ്ചായത്തിലെ കലാസാംസ്കാരിക സ്ഥാപനം

| ക്രമനമ്പർ | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സ്വന്തമായി കെട്ടിടം ഉണ്ടോ | ടി. വി. ഉണ്ടോ | മുഖ്യ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | യുവജന സംഘം ഗ്രന്ഥശാല കടാതി | 1910 | | ഉണ്ട് | ഉണ്ട് | പ്രവർത്തനം തീരെയില്ല |
| 2 | വാളകം പബ്ലിക്ക് ലൈബ്രറി | 1948 | | ഉണ്ട് | ഉണ്ട് | |
| 3 | സ്വദേശാഭിമാനി ഗ്രന്ഥശാല അമ്പലംപടി | 1948 | | ഭാഗികമായി | ഉണ്ട് | കെട്ടിട നിർമ്മാണം |
| 4 | CTC ലൈബ്രറി, കുന്നയ്ക്കാൽ | 1957 | 326 | ഉണ്ട് | ഉണ്ട് | |
| 5 | ഭേക്കടമ്പ് വായനശാല | | | ഇല്ല | ഇല്ല | |

# പട്ടികജാതി – പട്ടികവർഗ്ഗം

പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർ 686-ഉം പട്ടികവർഗ്ഗക്കാർ 17-ഉം വരും. ഇത് മൊത്തം ജനസംഖ്യയുടെ 4.2%-ഉം 0.10% വും വരും. പഞ്ചായത്തിൽ അംഗീകൃത പട്ടികജാതി കോളനി ഒന്ന് മാത്രമെ ഉള്ള കാവികുന്നേൽ പട്ടികജാതി കോളനി പത്ത് കുടുംബങ്ങളിൽ കൂടുതലുള്ള സെററിൽമെൻറ് കോളനികൾ പാംകുളങ്ങര, അഞ്ചുംകവല, ബ്ലായിക്കടി എന്നിവയാണ്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ ഭാഗികമായേ ലഭിച്ചിട്ടുള്ളു. വിവിധ വകുപ്പുകൾ മുഖേനെ നിരവധി ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് നൽകിയിട്ടുണ്ടെങ്കിലും അവരുടെ ജീവിത നില വാരത്തോളം ഉയർന്നിട്ടില്ല. അനുവദിക്കപ്പെടുന്ന ആനുകൂല്യങ്ങൾ പലപ്പോഴും ലഭിക്കാറില്ല. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഉണ്ട്.

### നിർദ്ദേശങ്ങൾ

1. സെററിൽമെൻറ് കോളനികളിലായി അംഗീകാരം ലഭിക്കാത്ത പാംകുളങ്ങര, ബ്ലായിക്കടി, അഞ്ചുംകവല എന്നിവക്ക് അംഗീകാരം നൽകി അടിസ്ഥാന സൗകര്യങ്ങൾ എത്തിക്കുക. കാവികുന്നേൽ കോളനിയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.

2. വിവിധ വകുപ്പുകൾ മുഖേനയുള്ള സ്കീമുകൾ സംയോജിപ്പിച്ച് വ്യക്തികൾക്കും പ്രദേശങ്ങൾക്കും അനുയോജ്യമായ സ്കീമുകൾ നടപ്പിലാക്കുക

3. അനുയോജ്യമായ സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കുക.

4. 6-ാം വാർഡിലുള്ള ശക്തിപുരം പുനരധിവാസ കേന്ദ്രത്തിലെ വീടുകളുടെ പണി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുക. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

# വനിതാ ക്ഷേമം

പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീകൾ 49.2% വരും. ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, സാക്ഷരത എന്നീ കാര്യങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. കാർഷീക മേഖലയിൽ 450 പേരും മററ് സേവന മേഖലകളിൽ 243 പേരും ജോലി ചെയ്യുന്നു. പൊതു പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം തീരെയില്ല. വനിതകൾക്കായുള്ള രണ്ട് D W C R A യൂണിററുകൾ ഉണ്ട്. സാമൂഹ്യക്ഷേമവകുപ്പിന്റെ രണ്ട് ബാലവാടികൾ ഒരു വെൽഫെയർ സെന്റർ എന്നിവയോടനുബന്ധിച്ച് മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. വർഷങ്ങൾക്ക് മുൻപ് കുന്നയ്ക്കാൽ യു. പി. സ്കൂളിനോട് ചേർന്ന് സ്വന്തം കെട്ടിടത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന മഹിളാ സമാജത്തിന്റെ പ്രവർത്തനം നിലച്ചുപോയി സ്ത്രീപുരുഷ സമത്വത്തെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന ഈ കാലഘട്ടത്തിൽ പൊതു രംഗത്തേക്ക് കടന്നുവരുവാൻ സ്ത്രീകൾ മടികാണിക്കുന്നതിനോടൊപ്പം പുരുഷന്മാർ വിലങ്ങ്തടിയും ആകുന്നു.

### പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
3. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട് സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ
4. സാമൂഹ്യ രംഗത്തേക്ക് സ്ത്രീകളെ കടന്നുചെല്ലാൻ അനുവദിക്കാതിരിക്കുക,

### നിർദ്ദേശങ്ങൾ

1. തൊഴിലില്ലായ്മ പരിഹരിക്കുവാൻ സ്ത്രീകൾക്കായുള്ള കൂടുതൽ D W C R A യൂണിററുകൾ ആരംഭിക്കുക, വനിതാ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുക, വീടുകളിൽ ഇരുന്ന് ചെയ്യാവുന്ന കുടിൽ വ്യവസായങ്ങളുടെ അനുബന്ധ യൂണിററുകൾ ആരംഭിക്കുക,
2. നേതൃത്വ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക. നേതൃത്വപരമായ പദവി ഏല്പിക്കുക.
3. മഹിളാസമാജങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക, വായനാശീലം വർദ്ധിപ്പിക്കുക.
4. പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പു വരുത്തുക.
5. മഹിളാസമാജങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ മഹിളാസമാജത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും നിശ്ചലമായി കിടക്കുന്ന കുന്നയ്ക്കാൽ മഹിളാസമാജത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കുക.

# സാമൂഹ്യ ക്ഷേമം

പഞ്ചായത്തിലെ 3400 കുടുംബങ്ങളിൽ ദാരിദ്ര്യരേഖക്കു് താഴെയുള്ള 1066 കുടുംബങ്ങൾ ഉണ്ട്. പട്ടികജാതി കുടുംബങ്ങളിൽപ്പെട്ടവരും ലക്ഷംവീട് നിവാസികളും മററു പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവരുമാണ് ഇവരിൽ ഭൂരിപക്ഷവും. പഞ്ചായത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ പ്രധാനമായിട്ടുള്ളതു് I R D P പദ്ധതിയാണ്. ഈ പദ്ധതിപ്രകാരം 129 ജനറൽ വിഭാഗത്തിൽപ്പെട്ടതും 39 പട്ടികജാതി കുടുംബങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. വ്യക്തികൾക്കും പ്രദേശങ്ങൾക്കും അനുയോജ്യമല്ലാത്ത സ്കീമുകൾ നടപ്പിലാക്കിയതു കാരണം ഇതിന്റെ ഗുണഭോക്താക്കളിൽ ബഹുഭൂരിപക്ഷം പേരും എടുത്ത ലോൺ തിരിച്ചടക്കുവാൻ സാധിക്കാതെ കൂടുതൽ കടബാദ്ധ്യതയിൽ അകപ്പെട്ടുപോയി. ഇതുകൂടാതെ NREP, RLEGP, JRY തുടങ്ങിയ തൊഴിൽദാന പദ്ധതി നടപ്പിലാക്കി വന്നെങ്കിലും ടി പദ്ധതികൾ ലക്ഷ്യവുമായി യാതൊരു ബന്ധമില്ലാതെയാണ് നടപ്പിലാക്കിയതു്. D W C R A പദ്ധതിപ്രകാരം ഒരു സോപ്പുനിർമ്മാണ യൂണിററും ഒരു സിമിന്റിഷ്ടിക നിർമ്മാണ യൂണിററും തുടങ്ങിയെങ്കിലും ടി യൂണിററുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ലെന്നു് മാത്രമല്ല അവ നഷ്ടത്തിലുമാണ്. ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനത്തിനു് വർഷം തോറും 5 പേരെ തെരഞ്ഞെടുത്ത് അയക്കുന്നുണ്ടെങ്കിലും ഇവരിൽ ഭൂരിപക്ഷം പേരും സ്വയം തൊഴിൽ കണ്ടെത്തുന്നില്ല.

## വിവിധ ക്ഷേമപദ്ധതികൾ പ്രകാരം പെൻഷൻ ലഭിക്കുന്നവരുടെ വിവരം

| | | |
|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | 13 എണ്ണം |
| 2. | വിധവ പെൻഷൻ | 23 ,, |
| 3. | വികലാംഗ പെൻഷൻ | ,, |
| 4. | തൊഴിലില്ലായ്മ വേതനം | ,, |
| 5. | കർഷകതൊഴിലാളി പെൻഷൻ | ,, |

വിവിധ പെൻഷനുകൾ അർഹരായ പലർക്കും ലഭിക്കുന്നില്ല, ഇതിൽ വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ പഞ്ചായത്തുകളെ ഏല്പിച്ചെങ്കിലും ആവശ്യമായ നിയമ നടപടികൾ പൂർത്തീകരിക്കാത്തതുകൊണ്ട് തടസങ്ങൾ നേരിടുന്നു. തൊഴിലില്ലായ്മ വേതനം അനർഹരായ പലരും വാങ്ങിക്കൊണ്ടിരിക്കുന്നുണ്ട്. പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വളരെ കാലതാമസം നേരിടുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെക്കുറിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് അറിയില്ല. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ മൂന്ന് മഹിളാസമാജങ്ങളും മൂന്ന് ബാലവാടികളും പ്രവർത്തിക്കുന്നുണ്ട് എങ്കിലും ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

### പ്രശ്നങ്ങൾ

1. ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ പ്രയോജനം വളരെ കുറച്ച് പേർക്കേ ലഭിക്കുന്നുള്ളൂ. ടി പദ്ധതികൾ പ്രകാരം അനുയോജ്യമല്ലാത്ത സ്കീമുകൾ നടപ്പിലാക്കിയതു കാരണം ഗുണഭോക്താക്കൾ വീണ്ടും കടബാദ്ധ്യതയിൽപ്പെട്ടു. അർഹരായ പല കുടുംബങ്ങളും I R D P ലിസ്റ്റിൽ പെട്ടിട്ടില്ല.
2. പദ്ധതികളുടേയും ധനസഹായങ്ങളുടേയും വിവരങ്ങൾ ജനങ്ങൾക്ക് അറിയില്ല. അറിയിക്കുവാൻ ഫലപ്രദമായ സംവിധാനം ഇല്ല.
3. കിട്ടുന്ന ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാറില്ല.
4. ധനസഹായ വിതരണത്തിലെ അപാകതകൾ കാരണം ഇടത്തട്ടചൂഷണം ഉണ്ടാകുന്നു.

### നിർദ്ദേശങ്ങൾ

1. I R D P ലിസ്റ്റ് പുനർ സർവ്വെ ചെയ്ത് ഉണ്ടാക്കുക. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ചും പ്രദേശങ്ങളുടെ പ്രത്യേകതകൾക്കനുസരിച്ചുമുള്ള പദ്ധതികൾ നടപ്പിലാക്കുക.
2. വനിതകൾക്കായി ഒരു വാർഡിൽ 3 വീതം D W C R A യൂണിററുകൾ ആരംഭിക്കുക.
3. ട്രൈസം പരിശീലകർക്ക് കൂടുതൽ സാദ്ധ്യതയുള്ള പരിശീലന പരിപാടികൾ നൽകുക.
4. ധനസഹായത്തിന് അർഹമായവരെ കണ്ടെത്തുന്നതിന് ജനകീയ സമതികളുടെ സഹായം തേടുക.
5. വിവിധ ക്ഷേമ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
6. മഹിളാസമാജം, ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാരം വിതരണം ചെയ്യുക.

# സഹകരണ മേഖല

സഹകരണ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ നല്ല വേരോട്ടം ഉണ്ടായിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ എണ്ണം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | സർവ്വീസ് സഹകരണ ബാങ്ക് | 2 എണ്ണം |
| 2 | ക്ഷീരോല്പാദക സഹകരണ സംഘം | 2 ,, |
| 3. | നെയ്ത്ത് സഹകരണ സംഘം | 2 ,, |
| 4. | ഫാമിംഗ് സൊസൈററി | 1 ,, |

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മേക്കടമ്പ് സർവ്വീസ് സഹകരണ ബാങ്കും, വാളകം സർവ്വീസ് സഹകരണ ബാങ്കും ഒരുവിധം നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികൾക്ക് ഏററവും നിർണ്ണായക പങ്ക് ഈ സഹകരണ ബാങ്കുകൾക്ക് നിർവ്വഹിക്കാൻ ആകും. പഞ്ചായത്തിലെ സാധാരണ ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിന് ഇവ സഹായകരമാകുന്നു.

## സഹകരണ മേഖലയിലെ പ്രശ്നങ്ങൾ

1. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറുവാനുള്ള ആത്മധൈര്യം ഇല്ലായ്മ.
2. അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചെലവ്.
3. പൊതുയോഗങ്ങൾ വെറും ചടങ്ങായി മാറുന്നു.

## നിർദ്ദേശങ്ങൾ

1. പൊതുയോഗത്തിൽ അംഗങ്ങൾ കർത്തവ്യബോധം ഉൾക്കൊണ്ട് ആദ്യാവസാനം വരെ ചർച്ചകളിൽ സജീവമായി സഹകരിച്ച് ചുമതല നിർവ്വഹിക്കുക.
2. ഡിപ്പോസിററുകൾ പരമാവധി സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുവാൻ പ്രേരിപ്പിക്കുക.
3. എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ കുറയ്ക്കാൻ കർമ്മപരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് അതനുസരിച്ച് കാര്യങ്ങൾ നടത്തുക.
4. ദുർവ്യയം ഒഴിവാക്കാൻ മാനേജ്മെൻറ്തലത്തിൽ ചർച്ചാ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.
5. കൂടുതൽ അംഗങ്ങളെ ചേർക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
6. കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക .
7. ചെറുകിട വ്യവസായ സംരംഭകർക്കായി പുതിയ സഹകരണസംഘം ആരംഭിക്കുക.

# വിഭവ സമാഹരണം

സാമ്പത്തീകമായി വളരെ പിന്നോക്കം നിൽക്കുന്ന രണ്ടാം ഗ്രേഡിൽപ്പെട്ട പഞ്ചായത്താണ്, പഞ്ചായ ത്തിൽനിന്നും ലഭിക്കുന്ന വരുമാനം പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചെലവിനു് മതിയാവാറില്ല. സർക്കാ രിൽനിന്നും വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായമാണ് പഞ്ചായത്തിൻെറ ഏക വികസനമാർഗ്ഗ

## പ്രധാന വരുമാന മാർഗങ്ങൾ (1995–96)

| | | |
|---|---|---|
| 1. | കെട്ടിട നികുതി | 190000 00 |
| 2. | തൊഴിൽ നികുതി | 60000 00 |
| 3. | കെട്ടിടങ്ങളുടെ വാടക | 42000 00 |
| 4. | മണൽ ലേലം | 350000 00 |
| | ആകെ | 642000 00 |

## ഗ്രാൻറുകൾ

| | | |
|---|---|---|
| 1. | വി. ആർ. എം. ഗ്രാൻറ് | 58184 00 |
| 2. | എം. ഐ. ഗ്രാൻറ് | 6169 00 |
| 3. | വി. ററി. സി. ഗ്രാൻറ് | 308644 00 |
| 4. | 75% വസ്തു കൈമാററ നികുതി | 46664 00 |
| 5. | ജെ. ആർ. വൈ. | 136110 00 |
| 6. | ഉപാധിരഹിത ഫണ്ട് | 254790 00 |
| | ആകെ | 810561 00 |

## ചെലവുകൾ

| | | |
|---|---|---|
| 1. | എസ്ററാബ്ലിഷ്മെൻറ് | 383875 00 |
| 2. | വിദ്യാഭ്യാസം | 18197 00 |
| 3. | തെരുവ് വിളക്ക് | 43011 00 |
| 4. | പൊതുമരാമത്ത് | 61437 00 |
| 5. | R.D.B ലോൺ തിരിച്ചടവ് | 100000 00 |
| 6. | പൊതുജനാരോഗ്യം | 2263 00 |
| | ആകെ | 608783 00 |

ചെലവിനത്തിൽ എസ്ററാബ്ലിഷ്മെൻറ് ചെലവുകൾ കൂടിവരുന്നു. പൊതുമരാമത്ത് പണികൾ പഞ്ചായത്ത് ഫണ്ടില്ലാത്തതിനാൽ അതതു വിഭാഗത്തിൽപ്പെട്ട ഗ്രാൻറുകൾ കൊണ്ട് മാത്രമാണ് ചെയ്യുന്നത്. പൊതുമരാമത്ത് പണികൾ കൂടുതലും പഞ്ചായത്തുകൾ നേരിട്ടാണ് ചെയ്യുന്നത്. നോമിനി വ്യവസ്ഥയിലും കൺട്രാക്ട് വ്യവസ്ഥയിലും ചുരുക്കം ജോലികൾ നടക്കുന്നുണ്ട്.

കടം തിരിച്ചടക്കുന്നതിനുള്ള ചെലവ് പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൻെറ $\frac{1}{6}$ വരും. R. D. B. യിൽ നിന്നും ലോണെടുത്ത് അമ്പലംപടിയിൽ നിർമ്മിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിനു് ഇനിയും 4,50,000/– തിരിച്ചടക്കാനുണ്ട്. പൊതു ടാപ്പുകൾക്ക് വാർഷിക വാടകയിനത്തിൽ അഞ്ചുലക്ഷം രൂപയിൽ മേൽ കടിശിഖ വാട്ടർ അതോറിററിക്ക് അടയ്ക്കുവാനുണ്ട്, ടി തുകകൾ അടയ്ക്കുവാനുള്ള സാദ്ധ്യതകൾ സമീപഭാവിയിൽ കാണുന്നില്ല.

പഞ്ചായത്തുകൾക്ക് സർക്കാർ ഗ്രാൻറുകൾ അനുവദിക്കുമ്പോൾ വരുമാനം കുറഞ്ഞ പഞ്ചായത്തുകൾക്കു് മുൻഗണന നൽകി ഗ്രാൻറുകൾ അനുവദിക്കുന്ന സമീപനം ഉണ്ടാകേണ്ടതാണ്.

## പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ

1. വാണിജ്യബാങ്കുകൾ — 2
2. സഹകരണ ബാങ്കുകൾ — 2

വാണിജ്യബാങ്കുകളിൽ നിന്നും കൂടുതൽ വായ്പാ സൗകര്യങ്ങൾ ലഭ്യമല്ല. ടി ബാങ്കുകളിൽ നിന്നും നിക്ഷേപങ്ങൾക്കനുസരിച്ച് ലോണുകൾ നൽകുന്നില്ല. സഹകരണ ബാങ്കുകളിൽ നിക്ഷേപങ്ങൾ കുറവായതു കാര ണം കൂടുതൽ ലോണും നൽകുവാൻ കഴിയുന്നില്ല ഇതുമൂലം അനൗപചാരികമായി പണം പലിശക്ക് കൊടുക്കുന്ന വരും അതിൻെറ ആവശ്യക്കാരും കൂടിവരുന്നുണ്ട്.

ഗ്രാംഫ് മേഖലയിൽ പണിയെടുക്കുന്ന ഒട്ടനവധി പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. പക്ഷെ അവരുടെ
നിക്ഷേപങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉല്പാദന മേഖലയിൽ പ്രയോജനപ്പെടുത്തുന്ന രീതിയിൽ മുതൽമുടക്കിയി
ട്ടില്ല. ഗ്രാംഫ് മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ പ്രശ്നവും കുടിയിറക്ക് പ്രശ്നവും നമ്മുടെ പഞ്ചായത്തിന്റെ
സാമ്പത്തിക ഘടനയിൽ പ്രശ്നങ്ങൾ ഉണ്ടാക്കും. വികസന പ്രവർത്തനങ്ങളുടെ ഭാഗമായി സന്നദ്ധ സേവന
പ്രവർത്തനങ്ങൾ ചില മേഖലയിൽ പ്രത്യേകിച്ച് പുതിയ റോഡ് നിർമ്മാണ രംഗത്ത് മാത്രം ചിലപ്പോൾ ഉണ്ടാ
കാറുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. കെട്ടിട നികുതി ഏകീകരിച്ച രീതിയിലല്ല ചുമത്തുന്നത്. ഡി. ആൻറ് ഒ. ലൈസൻസ് തൊഴിൽ നികുതി എന്നിവ പകുതി പേരിൽ നിന്നുപോലും ഈടാക്കുന്നില്ല. വണ്ടിപ്പേട്ട പിരിവ്, പരസ്യ നികുതി തുടങ്ങിയ വരുമാന മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
2. സംഭാവനകളിലൂടെയും മററും അടിസ്ഥാനത്തിൽ പൊതു ഫണ്ടുകൾ ഉണ്ടാക്കാറില്ല.
3. സന്നദ്ധ പ്രവർത്തനത്തിലെ താല്പര്യക്കുറവ്.
4. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടുന്നതിനുള്ള തടസങ്ങൾ, ലഭിക്കുന്ന വായ്പകൾക്ക് കൂടുതൽ പലിശ നിരക്ക്.
5. കൺട്രാക്ടർമാരും മററിടത്തുകാരും തട്ടിയെടുക്കുന്ന ലാഭം.

## നിർദേശങ്ങൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കൽ, പഞ്ചായത്ത്രാജ് നിയമം നൽകുന്ന നികുതിയധികാരങ്ങൾ പൂർണ്ണമായും ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുക.
2. പൊതുമരാമത്ത് വേലകൾ കരാറുകാരെ ഒഴിവാക്കി പഞ്ചായത്ത് നേരിട്ട് നടത്തുക.
3. സന്നദ്ധ സേവന പ്രവർത്തനം എല്ലാ മേഖലയിലും പ്രയോജനപ്പെടുത്തുക.
4. വിദ്യാഭ്യാസ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രത്യേക നിധികൾ രൂപീകരിക്കുക.
5. പഞ്ചായത്തിന് ഒരു ക്രെഡിററ് പ്ലാൻ തയ്യാറാക്കുക
6. പഞ്ചായത്തിന്റെ ചെലവുകൾ ഗ്രാമസഭകളിൽ പ്രസിദ്ധീകരിക്കുക.

# ഉപസംഹാരം

ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള സർക്കാർ തീരുമാനം ഒരു പുതിയ
വികസന സംസ്കാരം വളർത്തിയെടുക്കുന്നതിന് സഹായകരമാകും. ഗ്രാമസഭകളിൽ നിന്നും ലഭ്യമായ നിർദ്ദേ
ശങ്ങൾ പൂർണ്ണമായി ഒററയടിക്ക് നടപ്പിലാക്കുവാൻ സാധിക്കും എന്ന വ്യാമോഹം വെച്ച്പുലർത്തുന്നത് ശരിയല്ല.
ലഭ്യമാകുന്ന പദ്ധതി വിഹിതം പ്രശ്നങ്ങളുടെ മുൻഗണനാ അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിലാ
ക്കുക എന്നതാണ് ജനകീയ ആസൂത്രണത്തിന്റെ ലക്ഷ്യം. അതിനായി ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന
പ്രശ്നങ്ങൾ ചർച്ചചെയ്ത് പദ്ധതികളായി രൂപപ്പെടുത്തുകയും ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടു
ക്കുന്നതിനും സജീവമായി ജനകീയ ആസൂത്രണ പരിപാടിയിൽ പങ്കെടുക്കുവാൻ മുഴുവൻ ഗ്രാമവാസികളോടും
അഭ്യർത്ഥിച്ചുകൊള്ളുന്നു.

എ. സി. എൽദോസ്
കോ. ഓർഡിനേററർ
(ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)

# വാളകം ഗ്രാമ പഞ്ചായത്ത്


## വികസന സെമിനാർ

1996 ഡിസംബർ 7

വാളകം മാർസ്റ്റീഫൻ ഹൈസ്ക്കൂളിൽ

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്



## പായിപ്ര ഗ്രാമപഞ്ചായത്ത്

വികസന റിപ്പോർട്ട് 1996

വികസന സെമിനാർ

13 - 12-' 96

ബദരിയ്യ ഓഡിറ്റോറിയം

പായിപ്ര കവല

ജോണി നെല്ലൂർ
(മൂവാറ്റുപുഴ)
മെമ്പർ
കേരള നിയമസഭ

ഫോൺ:
(വീട്) മൂവാറ്റുപുഴ 232723
(ഓഫീസ്) " 234535

സ്ഥലം: മൂവാറ്റുപുഴ
തീയതി: 1-12-'96

## സന്ദേശം

ഒൻപതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി എന്ന മന്ത്രം ഉരുവിട്ടുകൊണ്ട് ജനകീയാസൂത്രണ പരിപാടി മുന്നോട്ട് പോവുകയാണല്ലോ. ജനകീയ ഭരണത്തിന്റെ അടിസ്ഥാനശിലയായ ഗ്രാമസഭകൾ പ്രത്യേക യോഗം ചേർന്ന് സമഗ്രമായ പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം വിശദമായ വികസനറിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നു. നമ്മുടെ പ്രദേശത്തിന്റെ സവിശേഷതകളും, സാദ്ധ്യതകളും പരിഗണിക്കാതെ അധികാരത്തിന്റെ ദന്തഗോപുരങ്ങളിലിരുന്ന് മേലാളന്മാർ ആസൂത്രണം ചെയ്ത് താഴെത്തട്ടിലേക്ക് അടിച്ചേൽപ്പിക്കുന്ന വികലവും പ്രായോഗിക വിഷമമുള്ളതുമായ വികസന പ്രക്രിയകളാണ് ഇത് വരെ നാം നടപ്പിലാക്കിയിരുന്നത്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ജനപങ്കാളിത്തത്തിന്റെ വിജയഗാഥയുമായി നാം മുന്നോട്ട് പോവുകയാണ്. പായിപ്ര പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ജീവിതനിലവാരം ഉയർത്തുവാനും അതുവഴി പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പ് വരുത്തുവാനും ഉള്ള പ്രവർത്തനങ്ങളുടെ ഭാഗമായി "ഐക്യത്തിലൂടെ വികസനത്തിലേക്ക്" എന്ന മുദ്രാവാക്യം ഉരുവിട്ട് മുന്നോട്ട് പോകുന്ന പഞ്ചായത്ത് സമിതിക്ക് എന്റെ ഭാവുകങ്ങളും ആശംസകളും അറിയിക്കുന്നു.

സ്നേഹപൂർവ്വം
[signature]
ജോണി നെല്ലൂർ

I.

ബാബു പോൾ
മെമ്പർ
ജില്ലാ പഞ്ചായത്ത്
എറണാകുളം

വേങ്ങശ്ശേരിൽ
തൃക്കളത്തൂർ
1-12-1996

കേരളം ഒരു പുതിയ പരീക്ഷണത്തിന് തുടങ്ങുകയാണ്. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുകളും ഗ്രാമസഭകളും നിലവിൽ വന്നു കഴിഞ്ഞു. ജില്ലകൾക്കും അതിനു താഴെയുള്ള തട്ടുകൾക്കും പുതിയ അധികാരങ്ങൾ ലഭിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികൾ അധികാരം പ്രയോഗിക്കാനുള്ള ശക്തികേന്ദ്രങ്ങളായി വികസിക്കണം. അതിന് എല്ലാ വിഭാഗം ജനങ്ങളുടേയും സഹായം ആവശ്യമാണ്.

നമ്മുടെ ഓരോ ഗ്രാമത്തിലും പട്ടണത്തിലും എതൊക്കെ വേണമെന്ന് തീരുമാനിക്കുന്നത് തിരുവനന്തപുരം സെക്രട്ടറിയേറ്റിലോ, ഡൽഹി സെക്രട്ടറിയേറ്റിലോ ആണ് എന്നതിന് പകരം അതാതു ഗ്രാമത്തിലുള്ള ഗ്രാമീണർതന്നെ തീരുമാനിക്കുന്നുവെന്നാതാണ് ജനകീയാസൂത്രണം എന്ന വാക്യത്തിന്റെ തിരുക്കുറ്റി. ജനങ്ങളുടെ ആകെ സർഗ്ഗ ശക്തി ഒരു പുതിയ മർമ്മ കേന്ദ്രത്തിലേക്ക് തിരിച്ചു വിട്ട് ഇതു വരെ പ്രയോജനപ്പെടുത്താതിരുന്ന പുതിയ ശക്തി ഉയർത്തിയെടുത്ത് ഗ്രാമത്തിന്റെയും പട്ടണത്തിന്റെയും വികാസം നേടി ദാരിദ്ര്യവും ദുഃഖവുമില്ലാത്ത ഒരു കേരളം പടുത്തുയർത്തുവാൻ ആവശ്യമായ അടിത്തറയുണ്ടാക്കാൻ കഴിയുമോ എന്ന പരിശ്രമമാണ് ഇവിടെ നടക്കുന്നത്. കേവലം ഉപരിതല വികസന പ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ ജനങ്ങളുടെ സാമ്പത്തിക നിലവാരം ഉയർത്തുവാൻ ഉതകുന്ന യഥാർത്ഥ വികസന പ്രക്രിയക്ക് ഊന്നൽ നൽകുവാൻ നമുക്ക് സാധിക്കണം. കാർഷിക വ്യാവസായിക മേഖലയുടെ അഭിവൃദ്ധിയായിരിക്കണം നാം ലക്ഷ്യമാക്കേണ്ടത്.


ഒൻപതാം പദ്ധതിക്കാലയളവിൽ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നിലവാരം ഉയർത്തുവാനുതകുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ കക്ഷി രാഷ്ട്രീയ ജാതി മത ചിന്തകൾക്കതീതമായി നമുക്ക് കൂട്ടായി യത്നിക്കാം. ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുവാനുള്ള ഗ്രാമ പഞ്ചായത്ത് സമിതിയുടെ പരിശ്രമം പരമാവധി വിജയിക്കട്ടെയെന്ന് ആശംസിക്കുന്നു.

വിനയ പുരസ്സരം
(ഒപ്പ്)
ബാബുപോൾ

മനുഷ്യമനസ്സുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ജനകീയാസൂത്രണ പരിപാടി നമ്മുടെ പഞ്ചായത്തിൽ ഒരു മാറ്റത്തിന്റെ ശംഖൊലി മുഴങ്ങി കേൾക്കുന്നു ഇവിടെ പകച്ചു നിന്നാൽ പലതും നഷ്ടപ്പെടും ഈശബ്ദം നൂറ്റാണ്ടുകൾ പഴക്കമുള്ളതാണ് ഈ വിളിക്കുത്തരം നൽകേണ്ടവർ ഏറ്റവും താഴെ ത്തട്ടിലുള്ള നമ്മളാണ് - ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ കുടികൊള്ളുന്നു - ഗ്രാമങ്ങൾ നശിച്ചാൽ ഇൻഡ്യ നശിക്കും - മഹാത്മജിയുടെ ഈ രണ്ടു വാരികൾ കാത്തു ,സൂക്ഷിക്കുവാൻ കടപ്പെട്ടവരാണ് നമ്മൾ അതുകൊണ്ട് ജാതി, മത, രാഷ്ട്രീയ ചിന്തകൾക്കതീതമായി നമ്മുടെ ഗ്രാമത്തെ നമുക്ക് മാറോടണച്ച് ഒരു മനസ്സായി ഒരു മെയ്യായി നമ്മുക്ക് ഒത്തുചേരാം.

നന്മകൾനേരുന്നു,
പി.എ. ബഷീർ
പ്രസിഡന്റ്
പായിപ്ര ഗ്രാമ പഞ്ചായത്ത്

# പഞ്ചായത്ത് ഭരണ സമിതി



**പി. എ. ബഷീർ**
( പ്രസിഡന്റ് )



**പായിപ്ര കൃഷ്ണൻ**
( വൈ. പ്രസിഡന്റ് )



**കെ.എച്ച്. സിദ്ധീക്**
( സ്റ്റാ. കമ്മിറ്റി ചെയർമാൻ)

**അംഗങ്ങൾ**

1 ശ്രീമതി. രാധാ സുരേന്ദ്രൻ
2 ശ്രീ. എം.ഐ. മാത്യൂസ്
3 ശ്രീ. മാത്യൂസ് വർക്കി
4 ശ്രീമതി ബിന്ദു രാജൻ
5 ശ്രീമതി റംലാ മൈതീൻ
6 ശ്രീ. കെ.എസ്. റഷീദ്
7 ശ്രീമതി ഭവാനി ഉത്തരൻ
8 ശ്രീ. പി.എ അലിയാർ
9 ശ്രീമതി നസീറാ മുഹമ്മദ്
10 ശ്രീമതി എൽസമ്മ ജോസ്

അഡ്വൈസറി ബോർഡ്

1 പി.എ. ബഷീർ

2 കെ.സുധാകരൻ നായർ

ചീഫ് എഡിറ്റർ : ശ്രീമതി മോളി എബ്രാഹം

എഡിറ്റോറിയൽ ബോർഡ്

1 എം.എൻ. രാജപ്പൻ

2 സി.എം. ഷുക്കൂർ

3 പായിപ്ര കൃഷ്ണൻ

4 സോഫിയാ ബീവി

5 എം.ഐ. കുരിയാക്കോസ്

6 കെ.വി ഗീവർഗീസ്

7 ടി.എസ്. മൈതീൻ

8 ഒ.കെ. രാമൻ നായർ

9 പി.എം. ഗീവർഗീസ്

ഭൂപടം തയ്യാറാക്കൽ

പി.എം ഗീവർഗീസ്

**ദ്വിതീയ വിവര ശേഖരണ കമ്മറ്റി അംഗങ്ങൾ**

1 എം.എൻ. രാജപ്പൻ
2 കെ.വി. ഗീവർഗീസ്
3 ടി.കെ. ശശികുമാർ

**പഞ്ചായത്ത് തലപഠന പര്യടനത്തിൽ പങ്കെടുത്തവർ**

പി.എ. ബഷീർ
പായിപ്ര കൃഷ്ണൻ
പി.എം. ഗീവർഗീസ്
സി.എം. ഷുക്കൂർ
മോളി എബ്രാഹം
ടി.വി. ജോസഫ്
എ.കെ. കമലാക്ഷി
സോഫിയാ ബീവി
ടി.എസ്. മൈതീൻ
എം.ഐ. കുരിയാക്കോസ്
എം.ഐ. മാത്യൂസ്
പി.ആർ. ശ്രീലത
ഭവാനി ഉത്തരൻ
ബിന്ദു രാജൻ
ഒ.കെ. രാമൻ നായർ
എത്സമ്മ ജോസ്
റംല മൈതീൻ
കെ.പി അയ്യപ്പൻ

190

## പഞ്ചായത്ത് ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | : | കെ.കെ. മണികണ്ഠൻ |
| ഹെഡ് ക്ലാർക്ക് | : | സി. അലക്സാണ്ടർ |
| യു ഡി ക്ലാർക്ക് | : | ബാലചന്ദ്രൻ ഒ.വി. |
| എൽ.ഡി. ക്ലാർക്ക് | : | കെ.വി. എൽദോ |
| എൽ.ഡി. ക്ലാർക്ക് | : | പി.എ. മുഹമ്മദ് |
| പ്യൂൺ | : | പിവി. ആബേൽ |
| സ്വീപ്പർ | : | കെ.പി. മൈതീൻ |


## ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവർ

| | | | |
|---|---|---|---|
| 1 | ലൈബ്രേറിയൻ | : | എ.പി. അബ്ദുൽ കരിം |
| 2 | നേഴ്സറി ടീച്ചർ | : | കെ.ബി. ഫാത്തിമ |
| 3 | ആയ | : | ടി. ഇ സെൽമ ബീവി |
| 4 | റോഡ് സ്വീപ്പർ | : | എം. എസ്. ഷക്കീല |

## ഏടുകളിൽ


1. പഞ്ചായത്ത് ഭൂപടം
2. ഒരു നഖചിത്രം
3. ശംഖൊലി
4. ഇന്നലെകൾ
5. ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി
6. സാമൂഹിക ചരിത്രം
7. ഭൂപ്രകൃതിയും വിഭവങ്ങളും
8. കൃഷിയും ജലസേചനവും
9. മൃഗ സംരക്ഷണവും മത്സ്യബന്ധനവും
10. വിദ്യാഭ്യാസം
11. സാംസ്കാരികം
12. വനിതാക്ഷേമം
13. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
14. കുടിവെള്ളവും പൊതുജനാരോഗ്യവും
15. സഹകരണ മേഖല
16. വ്യവസായം
17. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും
18. ഊർജ്ജവും ഗതാഗതവും
19. വിഭവസമാഹരണം


20 ഭരതവാക്യം




പായിപ്ര പഞ്ചായത്ത് സ്ഥാനനിർണ്ണയ ഭൂപടം

## പഞ്ചായത്ത് ഒരു നഖ ചിത്രം

| | | | | | |
|---|---|---|---|---|---|
| പേര് | | : | പായിപ്ര | | |
| വില്ലേജ് | | : | മുളവൂർ, വെള്ളൂർക്കുന്നം | | |
| താലൂക്ക് | | : | മൂവാറ്റുപുഴ | | |
| ബ്ലോക്ക് | | : | മൂവാറ്റുപുഴ | | |
| ജില്ല | | : | എറണാകുളം | | |
| അസംബ്ലി നിയോജകമണ്ഡലം | | : | മൂവാറ്റുപുഴ | | |
| പാർലമെന്റ് നിയോജകമണ്ഡലം | | : | മൂവാറ്റുപുഴ | | |
| അതിരുകൾ | വടക്ക് | : | അശമന്നൂർ,നെല്ലിക്കുഴി പഞ്ചായത്തുകൾ | | |
| | തെക്ക് | : | മൂവാറ്റുപുഴ മുനിസിപ്പാലിറ്റി | | |
| | കിഴക്ക് | : | കോതമംഗലം മുനിസിപ്പാലിറ്റി | | |
| | പടിഞ്ഞാറ് | : | മഴുവന്നൂർ,വാളകം പഞ്ചായത്തുകൾ | | |
| വിസ്തീർണ്ണം | | : | 32.18 ച. കി.മീ. | | |
| ജനസംഖ്യ | | : | 32779 | | |
| ജനസാന്ദ്രത | | : | 1019 | | |
| സ്ത്രീ, പുരുഷാനുപാതം | | : | 112 :109 | | |
| സാക്ഷരത | | : | 92.8% | | |
| വാർഡുകൾ | | : | 13 | | |
| വിദ്യാലയങ്ങൾ | | : | ഹൈസ്കൂൾ | : | 2 |
| | | | അപ്പർ പ്രൈമറി | : | 2 |
| | | | ലോവർ പ്രൈമറി | : | 4 |
| ഗ്രന്ഥശാലകൾ | | : | 9 | | |
| ആരോഗ്യ കേന്ദ്രങ്ങൾ | | : | സർക്കാർ | : | 2 |
| | | | പ്രൈവറ്റ് | : | 3 |



# ശംഖൊലി

" കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ"

കൊഴിഞ്ഞു പോയ ഭൂതകാലത്തെ ഓർത്തു നിരാശരാകാതെ, വർത്തമാനകാലത്തിൽ കാലുറച്ച്,

ത്യാഗസന്നദ്ധതയും , കർമ്മശേഷിയും കൈമുതലാക്കി, യുവത്വത്തിന്റെ ആശയാഭിലാഷങ്ങൾ കോർത്തിണക്കി, കക്ഷി രാഷ്ട്രീയ പിരിമുറുക്കത്തിന് അയവു വരുത്തി, അവസര സമത്വവും സാമൂഹിക നീതിയും ഉറപ്പു വരുത്തുവാൻ, ജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന പായിപ്ര നിവാസികൾ ഒത്തൊരുമിക്കുന്നു.

പഞ്ചായത്തിരാജ് നഗരപാലിക ബില്ലുകളുടെ ആവിർഭാവം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ നേർ വഴികൾ ഉറപ്പിക്കുകയായിരുന്നുവല്ലോ. കേരള നിയമ സഭ പാസാക്കിയ പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ വികസനത്തിന്റെ വഴിത്താരകൾ കൂടുതലും സുതാര്യമാക്കി. സംഘകാലത്തെ നാട്ടുകൂട്ടം അയവിറക്കിയ കേരള ചരിത്ര വിദ്യാർത്ഥികൾ, ഗ്രാമ സഭകൾ സ്വാർത്ഥകമായപ്പോൾ സായൂജ്യമടഞ്ഞു. അതിന്റെ



അനുരണത്തിന്റെ സംഘഗാനം കേരളാ
രീക്ഷത്തിലാകെ അലയടി ക്കുന്ന ഈ വേളയി
രാഷ്ട്രിയം അവരവരുടെ തത്വശാസ്ത്രങ്ങളു
യവനികയ്ക്കു പിന്നിലൊതുക്കിക്കൊണ്ട് കർമ
രംഗത്തിറങ്ങുകയാണ് പായിപ്രയിലെ ജനര
ചിതറിക്കിടക്കുന്ന ഒട്ടേറെ വിഭവങ്ങൾ നമുക്കുണ
അവയെ സമാഹരിച്ച് ഒരുമയുടെ ചരടിര
കൊരുത്തെടുക്കുവാൻ ഈ മഹാപ്രസ്ഥാനത്തിന
കഴിയുമെന്ന് പ്രാഥമികാ നുഭവങ്ങൾ തന്
തെളിയിക്കുന്നു. പായിപ്രയിലെ മാനവശേഷ
ഒരുമിപ്പിച്ച് പദ്ധതിവിഹിതവും ആർജിത സമ്പത്ത
സമന്വയിപ്പിച്ച് സഹകരണത്തിന്റെ നവഭാ
ങ്ങളോടെ ഒരജയ്യ ശക്തിയായി മാറ്റാൻ, അതുവ
നമ്മുടെ ജീവിത നിലവാരം ഉയർത്തുവാ
നിശ്ചയമായും ഈ സംരംഭം സഹായകമാവ
ഗ്രാമസഭകളിലെ ആശയാഭിലാഷങ്ങൾക്കെല്ല
ഒറ്റയിരിപ്പിനു പരിഹാരം കാണാനാവില്ലെന്ന
എല്ലാവർക്കുമറിയാം എന്നാൽ പ്രാധാന്യക്രമത്തി
ഇവയെ ക്രമീകരിച്ച് ഒന്നായിക്കണ്ടുകൊണ്ട് ദീർ
വീക്ഷണത്തോടെ ആസൂത്രണത്തിന്റെ ചുവടുക
വയ്ക്കേണ്ട സമയമാണിത്. സമൂർത്തമാ
ഇച്ഛാശക്തിയും നിശ്ചയ ദാർഢ്യവും, അറിവി
തികവും കറകളഞ്ഞ സത്യസന്ധതയും, താഴ്മയു
ത്യാഗശീലവുമാണ് കർമ്മ സേനകൾ അനുഷ്ഠിക്ക
ണ്ടത്. എങ്കിൽ മാത്രമേ പരാധീനതകളേറെയുള
നമ്മുടെ പായിപ്ര പഞ്ചായത്തിന് വികസനത്തി
പുതുവെളിച്ചം നുകരാൻ കഴിയു.

# ഇന്നലെകൾ

സുപ്രസിദ്ധമായ കല്ലിൽ ഗുഹാ ക്ഷത്രത്തിന്റെ പ്രാന്തപ്രദേശമായ പായിപ്രയും അഞ്ചാം ശതകം വരെ ജൈന സംസ്കാര ത്തിന്റെ ഈറ്റില്ലമായിരുന്നു. തൊള്ളായിരത്തി അൻപതുകളിൽ പെരിയാർവാലി, ജലസേചന ദ്ധതിയുടെ നിർമ്മാണ വേളയിൽജൈന ീതിയിൽ മൃദദേഹങ്ങൾ സംസ്കരച്ച ൻമൺചാറകൾ പല ഭാഗത്തു നിന്നും ണ്ടെത്തിയിട്ടുണ്ട്. ഭരണ സൗകര്യത്തിനായി ജൈനഗ്രാമങ്ങളെ രണ്ടു പകുതിയായി ിരിച്ചിരുന്നു അതിൽ ഒരു പകുതിയാണ്, ായിപ്രയുടെ ഇന്നത്തെ സിരാകേന്ദ്രമായ പഴയ്ക്കാപ്പിള്ളി ( പള്ളിയെന്നാൽ പകുതി )

അഞ്ചാം ശതകത്തിനു ശേഷം ഇത് വമ്പല നാടാകുകയും, ആര്യ ബ്രഹ്മണരുടെ ധിനിവേശത്തോടെ ഹൈന്ദവ സംസ്കാരം വരുറക്കുകയും ചെയ്തു. ക്രമേണ തെക്കും ൂർ വടക്കുംകൂർ എന്നിങ്ങനെ രണ്ടു നാട്ടു ാജ്യങ്ങളായി പരിണമിച്ചു. ഈ നാട്ടു ാജ്യങ്ങൾ തമ്മിൽ കുരുമുളകിന്റെ കുത്തക ്യപാരത്തിനായി ഇടക്കിടെ നടന്നിരുനന പാരാട്ടങ്ങൾ അരങ്ങേറിയ പ്രസിദ്ധങ്ങളായ ൂന്ന് കളങ്ങളുണ്ടായിരുന്നു. അതാണ് ിന്നത്തെ തൃക്കളത്തൂർ. ഈ കുരുമുളകു ്യാപാരവുമായി ബന്ധപ്പെട്ടാണ് കൊടുങ്ങല്ലൂ ിൽ നിന്ന് ഇസ്ലാം മത വിഭാഗക്കാർ ഈ ഞ്ചായത്തിൽ താമസമാക്കിയത്. ഇന്ന് വിടത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും ുസ്ലീങ്ങളാണ്. ഹൈന്ദവ സംസ്കാരത്തിന്റെ വാക്കി പത്രമെന്ന് വിശേഷിപ്പിക്കാവുന്ന ജന്മിത്വത്തി ന്റെയും ഭൂപ്രഭുത്വത്തിന്റെയും വേരറുത്ത ഭൂപരിഷകരണ നിയമം വൻ തോതിൽ തിരുത്തിക്കുറിക്കലുകൾ നടത്തിയ മേഖലയാണിത്. ഇത്രയേറെ വിപുലമായ ഈ പഞ്ചായത്ത് കേവലം നാലു ജന്മികളുടെ ആധിപത്യ ത്തിലായിരുന്നു. അടിയാളരുടെ സംഘടിതവും ആർജ്ജിതവുമായ കരുത്ത് നിയമത്തിന്റെ പിൻബലത്തോടെ കൃഷി ഭൂമി കർഷകന് എന്ന ചിരകാല സ്വപ്നത്തിന്റെ സാക്ഷാത്കാര ത്തോളം ചെന്നെത്തിയപ്പോൾ, സമ്പത്തിൻെയും, സംസ്കാരത്തിന്റെയും ഇറ്റില്ലങ്ങളായിരുന്ന നമ്മുടെ ഇല്ലങ്ങൾ തീർത്തും ശുഷ്ക മായിത്തീർന്നു എന്ന മറുവശവും ശ്രദ്ധേയമാണ്.

ഒട്ടേറെ പ്രത്യേകതകളുള്ള ഭൂപ്രദേ ശമായിരുന്നു നമ്മുടെ പഞ്ചായത്ത് എണ്ണമയം കൂടുതലുള്ള പ്രത്യേക ഇനം തേക്കിൻ തടിക്ക് പ്രസിദ്ധമായിരുന്നു ഈ പഞ്ചായത്ത് . തിരുവനന്തപുരം കവടിയാർ കൊട്ടാരത്തിന്റെ പണിക്കുപയോഗിച്ചിരിക്കുന്ന മുഴുവൻ തേക്കും നമ്മുടെ പ്രദേശത്തു നിന്നാണ് കൊണ്ടു പോയിരിക്കുന്നതെന്ന് കൊട്ടാരം രേഖകളിൽ കാണുന്നു.

ഇരുമ്പു ഖനനത്തിനും നമ്മുടെ പ്രദേശം പ്രസിദ്ധമായിരുന്നു. അയിരു കുഴിച്ചെടുത്ത ഖനികളുടെ അവശിഷ്ടങ്ങളായ നിരവധി കുഴികൾ അഞ്ചാം വർഡിൽ കാണാം. ഇ പ്രദേശത്തിന് അയിരു മല. എന്നാണ് പേരും.

# ജനകീയാസൂത്രണത്തിന്റെ പ്രസക്തി

നാളിതു വരെയുള്ള ആസൂത്രണ സങ്കല്പങ്ങളെ കീഴ്മേൽ മറിക്കുന്ന ജനകീയാസൂത്രണ പദ്ധതി പ്രയോഗികമാക്കാൻ ഇപ്പോഴും ഒട്ടേറെ തടസങ്ങൾ നിലനിൽക്കുന്നു. ഒന്നാമതായി താഴെത്തട്ടിൽ നിന്നുള്ള ആസൂത്രണത്തിൽ മൂന്നനുഭങ്ങളില്ല വേണ്ടത്ര അധികാരങ്ങളോ ഉചിതമായ ചട്ടങ്ങളൊ പഞ്ചായത്തു തലങ്ങലേക്ക് എത്തിയിട്ടില്ല. ഉദ്യോഗസ്ഥരുടെയും, വിദഗ്ദ്ധരുടെയും അഭാവം, വികസനത്തെക്കുറിച്ചുള്ള വികമായ അവബോധം. ഇവയൊക്കെ അതിജീ വിച്ച്, സമയബന്ധിതമായ ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിച്ചിരിക്കുകയാണ്.

ഒമ്പതാം പദ്ധതിയുടെ 34 - 40 % വരുന്ന തുകയ്ക്ക് വരുന്ന പദ്ധതികൾ രൂപപ്പെടുത്തുക മാത്രമല്ല, ഒരു പുതിയ വികസന സംസ്കാരം വളർത്തിയെടുക്കുകയും ഈ യജ്ഞത്തിന്റെ ലക്ഷ്യമാണ്. ഈ വിപുലമായ കാഴ്ചപ്പാടോടെ 5-9-96 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ആലോചിക്കുകയും ഒക്ടോബർ മാസത്തിൽ നടന്ന ജില്ലാതല പരിശീലനത്തിലേക്ക് പ്രതിനിധികളെ അയക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 22 പേർ പങ്കെടുത്തു. അവരുടെ സേവനം പ്രയോജനപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഏകദിന പരിശീലന ക്ലാസ്സുകളിൽ 60 പേർ ആസൂത്രണത്തിന്റെ പുത്തൻ സന്ദേശമുൾക്കൊള്ളാനെത്തി തുടർന്നു നടന്ന ഗ്രാമസഭാ സമ്മേളനങ്ങൾ താരതമ്യേന മെച്ചപ്പെട്ടതാണെങ്കിലും ജന പങ്കാളിത്തം കുറവായിരുന്നു ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും പങ്കെടുക്കുക എന്ന നമ്മുടെ ആഗ്രഹത്തിനൊത്തുയരുവാൻ എന്തുകൊണ്ടൊ കഴിഞ്ഞില്ല? ശരാശരി 600 വീടുകളും 1500 വോട്ടർമാരും ഉള്ള വാർഡുകളിൽ പോലും പങ്കാളിത്തം 100 ആണെന്നുള്ള ഖേദകരമായ വസ്തുത നമ്മെ ഇരുത്തി ചിന്തിപ്പിക്കുന്നു. ഹരിജനങ്ങളുടെയും , പിന്നോക്ക വിഭാഗക്കാരുടെയും, സ്ത്രീകളുടെയും പങ്കാളിത്തം വേണ്ടത്രയുണ്ടാകാതെ പോയത് നമ്മുടെ പോരായ്മ തന്നെയാണ്.

ഗ്രാമസഭ

8-11-'96 നടന്ന പഞ്ചായത്തു തല ശില്പശാലയിൽ ഒന്നാം ഘട്ടത്തിലെ പരിശീലകരിൽ നിന്നും കൊഴിഞ്ഞു പോകലുകൾ ഉണ്ടായി എങ്കിലും സമയബന്ധിതമായി കർമ്മ രംഗത്തിറങ്ങുവാൻ തയ്യാറുള്ള ഒരു സംഘമാളുകളുടെ ക്രോഡീകരണം നടന്നു. ഈ ശില്പശാലയിൽ നിന്നും പ്രവർത്തകർ ഇരു വിഭാഗമായി തിരിഞ്ഞ് പ്രഥമിക ഭൂമിശാസ്ത്ര വിവരങ്ങളും, ദ്വിതീയ വിവര ശേഖരണവും ഏകകാലത്തു നടത്തിയതിന്റെ വിജയകരമായ അവലോകനമാണീ റിപ്പോർട്ട്. പഞ്ചായത്തിലെ പക്വത വന്ന കാരണവന്മാരുമായി നടത്തിയ അഭിമുഖങ്ങൾ, നാട്ടറിവിലൂടെ പുത്തൻ സാധ്യതകൾക്ക് വെളിച്ചം വീശി.

വിസ്തൃതിയുടെ കാര്യത്തിൽ മീവാറ്റുപുഴ ബ്ലോക്കിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നു നമ്മുടെ പഞ്ചായത്തിന്റെ നിമ്നോന്നതങ്ങളിലൂടെ തലങ്ങും വിലങ്ങും കാൽ നടയായി ചെന്നെത്തി ഇല്ലായ്മകൾ കണ്ടറിയാനും പ്രാഥമിക വിവരശേഖര വിഭാഗത്തിനു കഴിഞ്ഞു. വാക്കുകളിൽ വരച്ചു കിട്ടാനാകാത്ത വിധം, സാധ്യതകളുടെ വീഡിയോ ചിത്രീകരണം കൂടി ഉൾപ്പെടുമ്പോൾ എന്തുകൊണ്ടും സമഗ്രമാണീ റിപ്പോർട്ട്.

# ഗ്രാമസഭകളിലെ പങ്കാളിത്തം

| വാർഡ് | ആകെ പങ്കെടുത്തത് | പുരുഷന്മാർ | സ്ത്രീകൾ | SC / ST | |
|---|---|---|---|---|---|
| | | | | പുരുഷന്മാർ | സ്ത്രീകൾ |
| 1 | 223 | 217 | 6 | 11 | 4 |
| 2 | 132 | 115 | 17 | 11 | 5 |
| 3 | 135 | 133 | 2 | - | - |
| 4 | 98 | 89 | 9 | - | - |
| 5 | 95 | 91 | 4 | - | - |
| 6 | 105 | 84 | 21 | 9 | - |
| 7 | 82 | 79 | 3 | - | - |
| 8 | 112 | 93 | 19 | 14 | 5 |
| 9 | 101 | 100 | 1 | - | - |
| 10 | 322 | 147 | 175 | 5 | - |
| 11 | 82 | 82 | - | - | - |
| 12 | 95 | 95 | - | 3 | - |
| 13 | 75 | 72 | 3 | - | - |
| ആകെ | 1657 | 1297 | 260 | 53 | 14 |

**മൊത്തം ജനസംഖ്യ 32779**


# അലം പ്പ്സാമൂഹിക ചരിത്രം

എറണാകുളം റവന്യൂ ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ സ്ഥിതി ചെയ്യുന്ന പായിപ്ര പഞ്ചായത്ത് മൂവാറ്റുപുഴ ലോക്സഭാ മണ്ഡലത്തിലും പെടുന്നു.

മുളവൂർ വില്ലേജിൽ 2644 ഹെക്ടറും വെള്ളൂർക്കുന്നം വില്ലേജിൽ 835 ഹെക്ടറും ഉൾപ്പടെ 3481 ഹെക്ടർ പ്രദേശത്തായി വ്യപിച്ചു കിടക്കുന്ന നമ്മുടെ പഞ്ചായത്ത് വിസ്തൃതിയുടെ കാര്യത്തിൽ ജില്ലയിൽ രണ്ടാം സ്ഥാനത്താണ്.

1953 ഓഗസ്റ്റ് പതിനഞ്ചിനാണ് പഞ്ചായത്തിന്റെ രൂപീകരണം.രൂപീകരണവേളയിൽ 6 വാർഡുകളായിരുന്നു ഉണ്ടായിരുന്നത്. ഇന്നത് 13 വാർഡുകളായിട്ടുണ്ട് 32.18 ച.കി.മി. ചുറ്റളവും 3277 ജനസംഖ്യയും ഉള്ള പഞ്ചായത്തിലെ ജന സാന്ദ്ര 1019 ആണ്.

1953 ൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡന്റ് ശ്രീ. എ.എം ഇബ്രാഹിം കാൽ നൂറ്റാണ്ട ഈ പഞ്ചായത്തിന്റെ ഭരണ സാരഥ്യം വഹിച്ചു അതിനുശേഷം ശ്രീ. പി.വി. ഇബ്രാഹിമിന്റെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽ വന്നു അഞ്ചുവർഷക്കാലം ഈ ഭരണസമിതി നിലനിന്നു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന മൂന്നാമത്തെയും നാലാമത്തെയും സാരഥിയാണ് ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. പി.എ ബഷീർ.




# ഭൂപ്രകൃതിയും വിഭവങ്ങളും

വിസ്തീർണ്ണത്തിന്റെ പകുതിയോളം വരുന്ന പായിപ്ര മലയുടെ ഇരുവശങ്ങളിലായി കുന്നുകളും ചരിവുകളും സമതലങ്ങളും താഴ്ന്ന പാടശേഖരങ്ങളും ഉൾപ്പെട്ട നിമ്നോന്നത ഭൂപ്രകൃതിയാണ് പഞ്ചായത്തിന്റേത്. ഉയർന്ന പ്രദേശങ്ങളുടെ ഭൂരിഭാഗവും 1,7,8,9,10 എന്നീ വാർഡുകളിൽ ഉൾപ്പെട്ടുകിടക്കുന്നു. മണ്ണൊലിപ്പ് അമിതമായി നടന്നതിന്റെ തെളിവെന്നോണം ഉപരിതലത്തിൽ തന്നെ പാറകൾ തെളിഞ്ഞുകാണാം ചരിവുകൾ മിക്കവാറും കുത്തനെയുള്ളതാണ്. കശുമാവിൻ തോട്ടവും ചവറുമലകളുമായി കിടന്നിരുന്ന കുന്നിൻ ചെരുവുകൾ മിക്കവാറും അടുത്ത കാലത്തായി റബ്ബർ തോട്ടങ്ങളായി മാറികഴിഞ്ഞു. മൊത്തം വിസ്തൃതിയുടെ പകുതിയിൽ താഴെ വരുന്ന താഴ്വാര പ്രദേശത്തിൽ പകുതിയിലധികവും കരപ്രദേശവും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളുമാണ്. ഈ പ്രദേശങ്ങളിൽ തെങ്ങ്, വാഴ,കപ്പ, റബ്ബർ മുതലായവ കൃഷി ചെയ്യുന്നു. പണ്ട് കാലങ്ങളിൽ ഈ പ്രദേശങ്ങളിൽ വ്യാപകമായ നെൽകൃഷി ചെയ്തിരുന്നു എന്നും അവയെല്ലാം കന്നും കലപ്പയും ഉപയോഗിച്ച് ചെയ്തിരുന്നവയും ആണെന്ന് ഓർക്കുമ്പോൾ പണ്ടത്തെ ജനങ്ങളുടെ അദ്ധ്വാനത്തെ എത്ര അഭിനന്ദിച്ചാലും കൂടുതലാവില്ല. താഴ്ന്ന പാടശേഖരങ്ങളിൽ മണൽ കലർന്ന ചളിമണ്ണും കണ്ടുവരുന്നു. കുന്നിൻ ചരിവുകളിൽ പാറകളും ഉണ്ടകല്ലുകളും തെളിഞ്ഞുകാണാം. പായിപ്ര എന്ന സ്ഥലനാമം അന്വർത്ഥമാകുമാറ് വലിയ ആനപ്പാറകൾ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ കാണാൻ കഴിയും. താരതമ്യേന ഫലഭൂയിഷ്ഠതയുള്ള മണ്ണാണെങ്കിലും തുടർച്ചയായ ഉപയോഗവും അശാസ്ത്രീയമായ കൃഷിരീതിയും ജൈവവളങ്ങളുടെ ഉപയോഗക്കുറവും കാരണം ഫലഭൂയിഷ്ഠത നഷ്ടമായി.

## ജലലഭ്യത

കാലവർഷവും തുലാവർഷവും നന്നായി ലഭിക്കുന്ന പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഏകദേശം 310 സെന്റിമീറ്റർ മഴ ലഭിക്കുന്നു എന്നാണ് കണക്ക്. എന്നാൽ മഴവെള്ളം മുഴുവനായും കുത്തനെയുള്ള മലഞ്ചെരിവിൽ കൂടി ഒലിച്ചിറങ്ങി താഴ്വരയിലുള്ള മുളവൂർ തോട്ടിലും, മുടവൂർ തോട്ടിലും പതിക്കുന്നു. പിന്നീടുള്ള ആശ്രയം താഴ്വരയിലുള്ള കുളങ്ങളും, പെരിയാർവാലി ജലസേചന പദ്ധതിയുടെ കനാലുകളുമാണ്. കുളങ്ങളാവട്ടെ വരൾച്ചമൂലം ആറുമാസം ജലം വറ്റിപ്പോകുന്നവയും, കൃത്യമായി അറ്റകുറ്റപ്പണി നടത്താത്ത കാരണം പകുതി കനാലിലും വെള്ളം എത്താത്ത അവസ്ഥയുമാണ് ഇന്നുള്ളത്. പലയിടത്തും ബോർവെൽ കുഴിച്ചിട്ടുണ്ട്. എങ്കിലും അശാസ്ത്രീയമായ നിർമ്മാണം മൂലം പലതും ഉപയോഗയോഗ്യമല്ല. ചിലതെല്ലാം സമീപപ്രദേശത്തെ കിണറുകളിലും നിലവിലുള്ള ജലലഭ്യത കുറയ്ക്കുന്നതിനു കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ പണ്ടുകാലങ്ങളിൽ പണം മുടക്കി നിർമ്മിച്ച പല കുളങ്ങളും ഇന്ന് ഒരു തുള്ളി വെള്ളം പോലും ഇല്ലാത്ത നിലയിലാണ്. പലതും നികന്നു പോവുകയോ സംരക്ഷണ ഭിത്തികൾ തകർന്ന് നശിച്ച് പോവുകയോ ചെയ്തിട്ടുണ്ട്. എന്തുകൊണ്ടും വരൾച്ച ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ 1,5,6,7,8,9,10 എന്നീ വാർഡുകൾ. കുടിവെള്ള ക്ഷാമം എറ്റവും കൂടുതൽ ഈ വാർഡുകളിലാണ്. റബ്ബർകൃഷിയുടെ വ്യാപകമായ കടന്നുകയറ്റം പ്രധാന വിളയായ നെല്ലിനെ സാരമായി ബാധിച്ചു. കുന്നിൻ ചെരുവുകൾ വെട്ടിത്തെളിച്ചതിന്റെ ഫലമായി താഴ്വരകളിലേയ്ക്കുള്ള നീരൊഴുക്ക് കുറഞ്ഞു. നെൽകൃഷി നടത്തിയിരുന്ന പലയിടവും ദീർഘകാല വിളയായ റബ്ബറായി മാറി, പച്ചക്കറികൃഷി പാടേ



പായിപ്ര പഞ്ചായത്ത്
വാർഡുകൾ
അശമന്നൂർ പഞ്ചായത്ത്
നെല്ലിക്കുഴി പഞ്ചായത്ത്
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി
1
2
3
4
5
6
7
8
9
10
11
12
13
സൂചിക


നിലച്ചു. ചെറിയ തോതിൽ മിക്കവരും പച്ചക്കറി കൃഷി ചെയ്തുവന്നിരുന്ന രീതി മാറി എങ്കിലും ചിലരെല്ലാം ചില സ്ഥലങ്ങളിൽ വ്യാപാരടിസ്ഥാനത്തിൽ പച്ചക്കറി ഇന്നും കൃഷി ചെയ്യുന്നു എന്നത് ഇതിന്റെ സാദ്ധ്യതയെ നില നിർത്തുന്നു

## ജൈവ വിഭവങ്ങൾ

കുന്നിൽ ചരിവുകൾ മുഴുവൻ കാടുകൾ നില നിന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. കുറുക്കനും ചെന്നായും ഓലിയിടുന്ന ശബ്ദം ഇന്ന് കേൾക്കാനില്ല. വിറകു മുറിക്കാനും ചവറു മുറിക്കാനും അന്ന് കാടുകളെ ആശ്രയിച്ചിരുന്ന കാലം ഇന്ന് ഓർമ്മകളിൽ മാത്രം. കുന്നിൻചെരുവുകൾ റബ്ബർ കയ്യടക്കി എങ്കിലും ആറിളിക്കാവിലും, മുക്കുന്ന് പ്രദേശത്തിലും, ആത്രശ്ശേരി ഇല്ലപറമ്പിലും നശീകരണം എത്തിനോക്കിയിട്ടില്ല. അല്പമെങ്കിലും ജൈവസമ്പത്തും ഔഷധ സസ്യങ്ങളും ഉള്ളത് അവിടെ മാത്രം.

ഭൂമി സംബന്ധിച്ച വിവരണം ( അടിസ്ഥാന വിവര രജിസ്റ്റർ


| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 375 ഹെക്ടർ |
| പുരയിടം | 2530 ഹെക്ടർ |
| പുറമ്പോക്ക് | 8 ഹെക്ടർ |
| കൃഷിയോഗ്യതരിശ് | |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 80 ഹെക്ടർ |



| ഭൂപ്രകൃതി | സമതലം | ചെറിയ ചരിവ് | കുത്തനെ ചരിവ് | കുത്തനെ ചരിവ് | സമതലം | കുത്തനെ ചരിവ് | | കുത്തനെ ചരിവ് | സമതലം | ചെറിയ ചരിവ് | സമതലം | പുഴയോരം |
|---|---|---|---|---|---|---|---|---|---|---|---|---|
| മണ്ണിനം | വെട്ടുകല്ല് മണ്ണ് | വെട്ടുകല്ല് കലർന്ന മണ്ണ് | | | മണൽ കലർന്ന ചളിമണ്ണ് | വെട്ടുകല്ല് മണ്ണ് | പാറ | | ചളി മണ്ണ് | വെട്ടുകല്ല് മണ്ണ് | | ചളി |
| ജലലഭ്യത | മിതം | ദുർലഭം | തീരെയില്ല | | ഉണ്ട് | തീരെയില്ല | | | ധാരാളം | മിതം | ഉണ്ട് | ധാരാളം |
| ഭൂവിനിയോഗം | റബ്ബർ തെങ്ങ് | റബ്ബർ | റബ്ബർ | | നെല്ല് | റബ്ബർ | തരിശ് | തെങ്ങ് റബ്ബർ | നെല്ല് കപ്പ | റബ്ബർ | പുരയിടം താമസം | |

പഠനപര്യടനം - പായിപ്ര പഞ്ചായത്ത് - വെലങ്ങ്

# കൃഷിയും ജലസേചനവും



കൃഷിയായിരുന്നു പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതോപാധി. ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയപ്പോൾ ഏതാണ്ട് രണ്ടായിരത്തോളം കുടുംബങ്ങൾ ഭൂ ഉടമകളായി. ഇത് ഉദ്പാദനത്തിൽ ഒരു കുതിച്ചു ചാട്ടം തന്നെയുണ്ടാക്കി. കാർഷിക വികസന പ്രവർത്തനങ്ങൾ, സംഘടിത കാർഷിക യജ്ഞങ്ങൾ, പുതിയ വിത്തിനങ്ങളുടെ ആവിർഭാവം, യന്ത്രവൽക്കരണം, വള പ്രയോഗത്തിലെ ആധുനികത ഇവയൊക്കെ ഈ കുതിച്ചു ചാട്ടത്തിന് കൂടുതൽ സഹായകമായി. കൃഷിയെന്നാൽ അക്കാലത്ത് നെൽകൃഷിയായിരുന്നുവല്ലോ. അങ്ങനെ നെല്ലുൽപ്പാദനം വർദ്ധിച്ചു. എന്നാൽ എൺപതുകളിലെത്തിയപ്പോഴേയ്ക്കും സ്ഥിതി മാറിത്തുടങ്ങി. രാസവളപ്രയോഗം മണ്ണിന്റെ ബാഹ്യപടലത്തെ ക്ഷയിപ്പിക്കുക നിമിത്തം ഉൽപ്പാദന ക്ഷമത കുറയുകയും, ഉൽപ്പാദന ചെലവേറുക നിമിത്തം നെല്ലു കൃഷി നിലനിൽപ്പില്ലാത്ത വിധം നഷ്ടമാവുകയും ചെയ്തു തുടങ്ങി. ക്രമേണ കൃഷിക്കാർ നാണ്യവിലയിലേക്ക് കുടിയേറുകയായിരുന്നു. വളരെ പഴയ കാലത്ത് കുരുമുളകിന് പ്രസിദ്ധമായിരുന്ന നമ്മുടെ നാട് വീണ്ടും റബ്ബർ, കുരു

അനുബന്ധം 3

പായിപ്ര ഗ്രാമ പഞ്ചായത്ത്

3.1 ഭൂമി സംബന്ധിച്ച വിവരങ്ങൾ


(Ref: അടിസ്ഥാന വിവര രജിസ്റ്റർ 95-96)

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 375 Hecter |
| പുരയിടം | 2530 Hecter |
| പുറംമ്പോക്ക് | - |
| കൃഷിയോഗ്യ തരിശ് | - |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 80 Hecter |
| ആകെ | |

3.2 വിള വിസ്തീർണ്ണവും ഉത്പാദനവും

(Ref: അടിസ്ഥാന വിവര രജിസ്റ്റർ 95-96

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 350 Hecter | 962500 Kg. | 2750 Kg. |
| നെല്ല് (രണ്ടാം വിള) | 375 Hecter | 787500 Kg. | 2100 Kg. |
| നെല്ല് (മൂന്നാം വിള) | 275 Hecter | 618750 Kg. | 2250 Kg. |
| പയർ | 60 Hecter | 2400 Kg. | 400 Kg. |
| പച്ചക്കറികൾ | 65 Hecter | 451750 Kg. | 6950 Kg. |
| തെങ്ങ് | 920 Hecter | 6440000 Nuts. | 7000 Nuts. |
| വാഴ | 165 Hecter | 2871000 Kg. | 17400 Kg. . |
| മരച്ചീനി | 45 Hecter | 84375 Kg. | 1875 Kg. |
| കുരുമുളക് | 90 Hecter | 27000 Kg. | 300Kg. |
| പ്ലാവ് | - | 12250 Kg. | 300000 Kg. |
| കശുമാവ് | 10 Hecter | 32300 Kg. | 3230 Kg. |
| മാവ് | 5 Hecter | 15000 Kg. | 3000 Kg. |
| റബ്ബർ | 1125 Hecter | 1350000 Kg. | 1200 Kg. |
| കവുങ്ങ് | 45 Hecter | 22500000 Kg. | 50000 Kg. |


പായിപ്ര പഞ്ചായത്ത്
* വാർഡുകൾ *
N
നെല്ലിക്കുഴി പഞ്ചായത്ത്
1
2
3
4
5
6
8
9
10
11
12
13
വാളകം പഞ്ചായത്ത്
സൂചിക
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി
മൂവാറ്റുപുഴ നദി

മുളക്, ജാതി തെങ്ങ് തുടങ്ങിയവയിലേക്ക് മടങ്ങി. ചുക്ക് പുൽത്തൈലം എന്നിവയ്ക്കും പ്രസിദ്ധമായിരുന്നു. എന്നാൽ കാലാന്തരത്തിൽ പ്രധാന വിള തെങ്ങായും, പിന്നീട് റബ്ബറായും മാറി.

## നെൽകൃഷി

പഞ്ചായത്തിലെ 23.8 ശതമാനം ഭാഗത്താണ് ഇന്നു നെൽകൃഷി നിലവിലുള്ളത്. ഒരു പൂകൃഷി ചെയ്തിരുന്ന പ്രദേശങ്ങളിലധികവും തെങ്ങും, പൈനാപ്പിളും, മരച്ചീനിയുമായി രൂപാന്തരപ്പെട്ടതാണ് നെൽകൃഷിയുടെ അളവ് ഇത്ര കണ്ടു കുറയാനുള്ള കാരണം. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തതയാണ് ഈ വിളമാറ്റത്തിന്റെ ഒരു കാരണം. എന്നാൽ ഇന്ന് മൂന്ന് പൂകൃഷി ചെയ്യാവുന്ന പാടങ്ങൾ പോലും വിളമാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നു. കാരണം നെൽകൃഷി ആദായകരമല്ല എന്നതു തന്നെ. വർദ്ധിച്ച ഉദ്പാദനചെലവ്, തൊഴിലാളികളുടെ വിമുഖത, ഉദ്പാദന ശേഷിയുടെ കുറവ് ഇവയൊക്കെ ഈ പ്രവണത വർദ്ധിപ്പിയ്ക്കുന്നു. തൃക്കളത്തൂർ പാടം, പുന്നോപ്പടി പാടം, പേഴയ്ക്കാപ്പിള്ളി പാടം, മുളവൂർ പാടം, പരുതേൽ പാടം, വാഴപ്പിള്ളി പാടം, ചാങ്കുന്നം പാടം, മാനാറി പാടം, ചീനിപ്പാടം, അമനിലം, മുടവൂർ പാടം എന്നിവയാണ് പ്രധാന നെൽകൃഷി മേഖല. ഇവിടെയും നെല്ലുല്പാദക സമിതികളോ പാടശേഖരസമിതികളോ സജീവമായി പ്രവർത്തിക്കുന്നില്ല എന്നത് നെൽകൃഷിയെ വീണ്ടും തളർത്തുന്നു.

| പാടശേഖര സമിതികൾ |
| --- |
| 1. പേഴയ്ക്കാപ്പിള്ളി പാടശേഖര നെല്ലുല്പാദക സമിതി |
| 2. തൃക്കളത്തൂർ പാടശേഖര നെല്ലുല്പാദക സമിതി |
| 3. പായിപ്ര പാടശേഖര നെല്ലുല്പാദക സമിതി |
| 4. മുളവൂർ പാടശേഖര നെല്ലുല്പാദക സമിതി |
| 5. മുടവൂർ പുന്നോപ്പടി പാടശേഖര നെല്ലുല്പാദക സമിതി |

ഗ്രാമസഭകളിലെ റിപ്പോർട്ടനുസരിച്ച് ഏതാണ്ടെല്ലാ വാർഡുകളിലേയും നെൽകൃഷിയിൽ ഉല്പാദന ശേഷി കുറഞ്ഞുവരുന്നതായി കാണുന്നു. രാസവളപ്രയോഗം കൊണ്ടുണ്ടായ മണ്ണിന്റെ നിഷ്ക്രിയാവസ്ഥയാണിതു സൂചിപ്പിക്കുന്നത്, ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ അനിവാര്യതയും. ചിലയിടങ്ങളിൽ വെള്ളക്കെട്ടാണു പ്രശ്നമെങ്കിൽ ഭൂരിഭാഗം ജലദൗർലഭ്യമാണു നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്നത്. മാത്രമല്ല, കർഷക കുടുംബങ്ങളിലെ അഭ്യസ്ഥവിദ്യരായ പുതിയ തലമുറ കൃഷിയോട് വിമുഖത കാണിക്കുന്നതും, തൊഴിലാളികൾ കൂടുതൽ കൂലി കിട്ടുന്ന മറ്റു നിർമ്മാണത്തൊഴിലിലേക്ക് തിരിയുന്നതും ഒരു കാരണമാണ്. നിലവിലുള്ള കൃഷി തന്നെ സംരക്ഷിക്കുവാൻ പഞ്ചായത്ത് ശ്രമകരമായ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതായിട്ടാണിരിക്കുന്നത്. ശാസ്ത്രീയമായ മണ്ണു പരിശോധനയുടെ അഭാവം രോഗബാധ, കൂട്ടകൃഷിരീതിയിലൂടെയും ഏകീകൃതവിത്തിനങ്ങളുടേയും അഭാവംഎന്നിവയൊക്കെ നെൽകൃഷി നഷ്ടത്തിലാക്കുന്നതിന്റെ കാരണങ്ങളാണ്.

പഞ്ചായത്തിൽ നെൽകൃഷി ഏറ്റവും കൂടുതലുള്ള വാർഡുകൾ രണ്ടും, മൂന്നുമാണ്. രണ്ടാം വാർഡിൽ തൃക്കളത്തൂർ പാടത്ത് വെള്ളക്കെട്ടൊഴിവാക്കുകയും, മണ്ണു സംരക്ഷണഭിത്തികൾ കെട്ടുകയും ചെയ്താൽ കൃഷി കൂടുതൽ സുഗമമാകും. എന്നാൽ മൂന്നാം വാർഡിൽ നീരൊഴുക്കു തടഞ്ഞു നിർത്തി കൃഷിയ്ക്ക് ജലം എത്തിച്ചു കൊടുക്കുകയാണ് ആവശ്യം. ഒൻപതാം വാർഡിലെ ആലിയ്ക്കാപ്പള്ളി ഡാം വികസിപ്പിച്ചാൽ PVIP സബ് കനാലിലെ വെള്ളം ഒഴുകി തോട്ടിൽ പോയി നഷ്ടപ്പെടുന്നതു തടഞ്ഞ് സമീപ പ്രദേശത്തെ നെൽകൃഷി വികസിപ്പിക്കാം. എലിക്കാട്ടു ലിഫ്റ്റ് ഇറിഗേഷൻ അടിയന്തിരമായി പ്രാവർത്തികമാക്കിയാൽ മാത്രമേ പേഴയ്ക്കാപ്പിള്ളി പാടശേഖരം തുടർന്നും നെൽകൃഷി ചെയ്യാൻ കഴിയൂ.

ഗ്രാമസഭകളിലും ശില്പശാലകളിലും ഉയർന്നു കേട്ട പ്രധാന നിർദ്ദേശം, നെൽകൃഷി ചെയ്യുന്നവർക്ക് ഏകീകൃത വിത്തിനങ്ങളും കാർഷികോപകരണങ്ങളും ജൈവവളങ്ങളും സൗജന്യനിരക്കിൽ നൽകി സർക്കാർ പ്രത്യേക താൽപ്പര്യമെടുത്താൽ മാത്രമേ കർഷകർ ഈ രംഗത്തു പിടിച്ചു നിൽക്കുകയുള്ളൂ. അതുകൊണ്ട് മുന്തിയ പരിഗണന നൽകി പഞ്ചായത്ത് ഈ പ്രശ്നം പരിഗണിക്കണം എന്നാണ്.

PVIPനിന്നുള്ള തൃക്കളത്തൂർ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കി കൂടുതലാളുകൾക്ക് പ്രയോജനപ്പെടുത്തണം.

## തെങ്ങുകൃഷി

പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തവും കൊളുത്തി പടയിങ്ങോട്ട് എന്ന പഴമൊഴി അന്വർത്ഥമാക്കുകയാണ് തെങ്ങുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇപ്പോൾ. നെൽകൃഷി നഷ്ടമായതോടെ നീർക്കെട്ടില്ലാത്ത പാടങ്ങളൊക്കെ തെങ്ങിൻതോപ്പാക്കി കുറച്ചു കാലം ആദായവും കിട്ടി. എന്നാലിപ്പോൾ വിവിധയിനം രോഗബാധയാൽ തെങ്ങുകൾ നശിച്ചുകൊണ്ടിരിക്കുകയാണ്. ഉദ്പ്പാദനം ഗണ്യമായി കുറഞ്ഞു. ഏറെക്കാലം താലോലിച്ച് ഒരു തെങ്ങു കായ്ക്കാൻ പ്രായമാ

...ുമ്പോഴേയ്ക്കും മഞ്ഞപ്പും കൂമ്പു ചീയലും, തണ്ടുതു രപ്പനും എലിയും, കരിക്കുകൾ കൊഴിഞ്ഞുപോകലും എല്ലാം പ്രത്യക്ഷപ്പെട്ടു തുടങ്ങും. ചികിത്സയുടെ അഭാവം തെങ്ങു വെട്ടി മാറ്റുക എന്ന ഏക പരിഹാരമാർഗ്ഗ ത്തിലേയ്ക്ക് കർഷകനെ കൊണ്ടെത്തിക്കുന്നു. ഇതിന് നടപ്പു പദ്ധതിയനുസരിച്ച് സാമ്പത്തിക സഹായമുണ്ടെ ന്നത് നമ്മെ സംബന്ധിച്ചിടത്തോളം കേട്ടറിവു മാത്രമാ ണ്. സർക്കാരിന്റെ ഇത്തരം പദ്ധതികൾ സാധാരണ കർഷകർക്ക് പ്രയോജനപ്പെടത്തക്കവണ്ണം വ്യാപകമാ ക്കണം. ആയിരത്തിത്തൊള്ളായിരത്തി എൺപതുകളുടെ ആരംഭം വരെ തെങ്ങ് ആദായകരമായ കൃഷിയായിരു ന്നു. അതിനു ശേഷമാണ് രോഗബാധ കൂടുതലായി ഉണ്ടായത്. സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് ഇന്നത്തെ പഞ്ചായത്തുതല ഉത്പാദനം. ഉദ്പാദന തോത് കുറയുവാനുള്ള മറ്റൊരു പ്രധാന കാരണം ജല സേചനത്തിന്റെ അപര്യാപ്തതയാണ്. പായിപ്ര പഞ്ചായ ത്തിന്റെ രണ്ടും മൂന്നും വാർഡുകളിൽ മാത്രമാണ് ഭാഗി കമായിട്ടാണെങ്കിലും ജലസേചനസൗകര്യം ഉള്ളത്. മറ്റെല്ലാ മേഖലയിലും ജലക്ഷാമം രൂക്ഷമാണ്. നെരപ്പ് ആട്ടായം പോയാലി പായിപ്ര മാനാറി പേഴയ്ക്കാപ്പിള്ളി മേഖലകൾ കുടിനീരു പോലുമില്ലാത്ത വരണ്ട പ്രദേശ മാണ്. അവിടുത്തെ തെങ്ങുകൾ മഴയെ മാത്രം ആധാ രമാക്കിയാണ് നിലനിൽക്കുന്നത്. കേരവികസന കോർപ്പറേഷനിൽ നിന്നും മറ്റുമായി നടപ്പിലാക്കിയിട്ടുള്ള നിരവധി പദ്ധതികളുണ്ടെങ്കിലും അവയിൽ പലതും കർഷകനിലെത്തുന്നില്ല എന്നതും കേരകർഷകരുടെ പ്രശ്നമാണ്. അതുപോലെ തന്നെ തെങ്ങു കയറ്റതൊഴി ലാളിയുടെ അഭാവം നിമിത്തം സമയത്ത് മണ്ട ശുചീക രിക്കുവാനും മരുന്നൊഴിക്കുവാനും സാധിക്കുന്നില്ല. കേര വികസന സമിതി പോലുള്ള സംഘടിത യജ്ഞങ്ങ ളുടെ അപര്യാപ്തത, നല്ലയിനം തൈകൾ വിതരണം ചെയ്യുന്നതിലുംവളം തുടങ്ങിയ ആനുകൂല്യങ്ങൾ യഥാ സമയമെത്തിക്കുന്നതിലും കൃഷിഭവനു കഴിയാതെ വരു ന്നതുമൊക്കെ ഈ മേഖലയിലെ ശോഷിപ്പിനു കാര ണമാണ്. നമ്മുടെ തെങ്ങിൻ തോട്ടങ്ങളിൽക്കൂടി റബ്ബർ കൃഷി ആരംഭിച്ചിരിയ്ക്കുന്നു എന്ന സത്യം മറച്ചുവ യ്ക്കാനാവില്ല. കൃഷി ഭവൻ വഴി തെങ്ങു രോഗങ്ങൾക്ക് സമയാസമയങ്ങളിൽ ചികിത്സയും, വെട്ടിമാറ്റേണ്ടി വരു മ്പോഴുള്ള ധനസഹായവും, സൗജന്യ നിരക്കിൽ വള ങ്ങളും നൽകിയാൽ ഈ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും. അതുപോലെ സഹകരണ രീതി യിലുള്ള സംഘടിത കൃഷിരീതിയും അവലംബിക്കാവ വുന്നതാണ്. നാളികേരത്തിൽ നിന്നും ഉപോത്പന്നങ്ങൾ സൃഷ്ടിക്കുവാനുള്ള സംരംഭങ്ങൾ കൂടി ആരംഭിച്ചാൽ എക്കാലവും ഇന്നത്തേതുപോലെ ന്യായമായ വിലലഭി യ്ക്കുവാനും കൃഷി മെച്ചപ്പെടുത്തുവാനും സഹായക മാവും. ജല ലഭ്യത കുറഞ്ഞ വരണ്ട പ്രദേശങ്ങളിൽ സൗജന്യ നിരക്കിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കിയാൽ കൂടുതൽ ഫലപ്രദമായിരിക്കും. ഇടവി ളകൾക്കും, പൂൽകൃഷിക്കും പ്രോത്സാഹനം നൽകി യാൽ തെങ്ങിൽ നിന്നുള്ള ആദായക്കുറവ് നികത്തു വാനും കർഷകനെ തെങ്ങുകൃഷിയിൽ പിടിച്ചു നിർത്തു വാനും സാധിക്കും.

## റബ്ബർ

അടുത്ത കാലത്ത് വ്യാപകമായ കൃഷിയാണ് റബ്ബർ. പഞ്ചായത്തിന്റെ 50% ഭാഗത്ത് റബ്ബർ കൃഷി ചെയ്യുന്നു. പഞ്ചായത്തിലെ ഏതാണ്ടെല്ലാ വാർഡുകളി ലും ഈ കൃഷിയുണ്ട്. മൂന്നുപൂ നെൽകൃഷി ചെയ്തു കൊണ്ടിരുന്ന സ്ഥലങ്ങൾ പോലും ദ്രുതഗതിയിലുള്ള വിളമാറ്റത്തിനു വിധേയമായതാണ് റബ്ബർ കൃഷിയിലെ ഈ കുതിച്ചു കയറ്റത്തിനു കാരണം. മാത്രമല്ല പായിപ്ര പഞ്ചായത്തിൽ കുന്നുകളും കുന്നിൻ ചരിവുകളുമാണ് ഏറെയും. ആ പ്രദേശത്ത് ഏറ്റവും അനുകൂലമായ കൃഷി റബ്ബറാണ്. ജലക്ഷാമത്തിന്റെ രൂക്ഷതയും റബ്ബ റിലേയ്ക്ക് ചുവടു മാറ്റി ചവിട്ടുവാൻ കൃഷിക്കാരനെ പ്രേരിപ്പിച്ചു. വളരെയധികം ഏക്കറുകളുള്ള റബ്ബർ എസ്റ്റേ റ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതുകൊണ്ട് ധാരാളം പേർ ടാപ്പിംഗ് തൊഴിലുകൊണ്ട് ഉപജീവനം നടത്തുന്നുണ്ട്. ഇത്രയേറെ റബ്ബർ ഉല്പാദിപ്പിക്കുന്ന പ്രദേ ശമായിട്ടും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ വേരുറയ്ക്കുന്നില്ല. സംസ്ഥാന ശരാശ രിയേക്കാൾ ഉല്പാദന ക്ഷമത കൂടുതലുണ്ട്. നേരിയ തോതിൽ പട്ടമരപ്പും ചീക്കു പൊട്ടലും കണ്ടു വരുന്നു ണ്ടെങ്കിലും ഇപ്പോൾ ആശ്രയിക്കാവുന്ന ഒരു കൃഷി റബ്ബറാണെന്നു പറയാം. റബ്ബർ ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും ചെറുകിട കർഷ കർക്കു ലഭ്യമാക്കിയാൽ കൂടുതൽ മെച്ചപ്പെട്ട ഫലമ ുണ്ടാകും. എന്നാൽ ഉയർന്ന നിലവാരമുള്ള ഷീറ്റുണ്ടാ ക്കുന്നതിനും മറ്റും വേണ്ടത്ര ബോധവൽക്കരണം ലഭ ിക്കാത്ത ചെറുകിട റബ്ബർ ഉല്പാദകർക്ക് പരമാവധി ആദായം ലഭ്യമാക്കാൻ കഴിയുന്നില്ല. പഞ്ചായത്തു തല ത്തിൽ ഇത്തരം ക്ലാസ്സുകൾ സംഘടിപ്പിക്കണം.

## പൈനാപ്പിൾ

നെൽകൃഷിയെ സ്ഥാനഭ്രഷ്ടമാക്കി കടന്നു വന്ന പൈനാപ്പിൾ കൃഷി ഇന്നു പഞ്ചായത്തിൽ പടർന്നേറ ിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ പൈനാ പ്പിൾ കൃഷിക്കാർ ഇപ്പോഴും കുറവാണ്. എന്നാൽ മറ്റു പ്രദേശങ്ങളിൽ നിന്നും ആളുകൾ വന്ന് ഭൂമി പാട്ടത്ത...

നെടുത്ത് കൃഷി നടത്തുന്നതാണ് കൂടുതലും. പാട്ടം മാത്രം കിട്ടിയാലും നെൽകൃഷിയേക്കാൾ ആദായ മാണെന്നാണ് ഇതു സൂചിപ്പിക്കുന്നത്. വിപണിയെക്കുറിച്ചോ, വിലയെക്കുറിച്ചോ വ്യാകുലപ്പെടേണ്ടതുമില്ല. എന്നാൽ മൂവാറ്റുപുഴയിലെ പൈനാപ്പിൾ സംസ്ക്കരണ ഫാക്ടറി നിലവിൽ വന്നു കഴിയുമ്പോൾ നിശ്ചയമായും കൂടുതൽ കർഷകർ ഈ മേഖലയിലേക്ക് തിരിയും. ജലസേചന സൗകര്യം കൂടി ലഭിച്ചാൽ കൂടുതൽ ഉല്പാദനവും ഉണ്ടാവും.

## കുരുമുളക്, കമുക്

കുരുമുളക് ഉത്പാദനത്തിലും കുത്തകവ്യാപാരത്തിലും നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ പ്രസിദ്ധി നേടിയവരാണു നമ്മൾ. എന്നാൽ ഇന്ന് ക്രമേണ കുരുമുളകു കൃഷി അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. അത്യുത്പാദനശേഷിയുള്ള ഇനങ്ങൾ വന്നെത്തിയെങ്കിലും ഒപ്പം ദ്രുതവാട്ടവും ആരംഭിച്ചു. കർഷകർ സാവകാശം ആ കൃഷിയോട് വിടപറഞ്ഞു കൊണ്ടിരിക്കുകയാണ്. കമുകും നമ്മുടെ വിളകളിൽ നിന്നും പോയ് മറയുകയാണ്.

## പച്ചക്കറി, വാഴ

റബ്ബറിന്റെ കടന്നു കയറ്റമുണ്ടാകുന്നതു വരെ പഞ്ചായത്തിലെ ധാരാളം വയലുകളിൽ രണ്ടാം വിളയായി പച്ചക്കറി വൻതോതിൽ കൃഷി ചെയ്തിരുന്നു. എന്നാൽ ആ പ്രദേശങ്ങളൊക്കെ ഇല്ല് റബ്ബർ വച്ചു പിടിപ്പിച്ചിരിക്കുന്നു. ജലദൗർല്ലഭ്യം, നല്ലയിനം നടീൽ വസ്തുക്കളുടെ അഭാവം, രോഗബാധ എന്നിവയൊക്കെയാണ് ഈ മേഖല ശുഷ്ക്കിക്കുവാൻ കാരണം. ഇന്ന് വളരെക്കുറച്ചു പേർ മാത്രമേ ഈ കൃഷി തുടർന്നു പോരുന്നുള്ളു. കൃഷി ഭവനിൽ നിന്നും വേണ്ട സമയത്തുള്ള നിർദ്ദേശങ്ങളും സഹായങ്ങളും ഉണ്ടെങ്കിൽ കുറച്ചുകൂടി മെച്ചപ്പെടുത്താം. അടുക്കളത്തോട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഒരു പദ്ധതിയ്ക്ക് പഞ്ചായത്തുതലത്തിൽ രൂപം കൊടുത്താൽ കുറെയേറെ പ്രയോജനം ചെയ്യും. വാഴകൃഷി പൊതുവെ വളരെക്കുറവാണ്. മിക്കവാറും മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. നിരവധി രോഗങ്ങൾ വാഴയെ ബാധിക്കുന്നുണ്ട്. തണ്ടുതുരപ്പന്റെ ശല്യവും ധാരാളമായി കാണുന്നു. രണ്ടും മൂന്നും വാർഡുകളിലാണ് ഈ കൃഷി കൂടുതലുള്ളത്.

ജൈവ കീടനാശിനികളുടെ ഉപയോഗം, ജലസേചനസൗകര്യം എന്നിവയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഞ്ചായത്തിന്റെ നേരിട്ടുള്ള ശ്രദ്ധയിൽ പച്ചക്കറി വാഴകൃഷികളിൽ നമുക്കൊരു വിപ്ലവം തന്നെ സൃഷ്ടിക്കാനാവും.

## മരച്ചീനി

അടുത്തയിടെയാണ് വൻതോതിൽ പാടങ്ങളിൽ മരച്ചീനി കൃഷി ആരംഭിച്ചത്. വളരെ ആദായകരമാണ് ജലസേചനസൗകര്യമില്ലാത്തതുകൊണ്ട് ഉല്പാദനം കുറവാണ്. എലിശല്യം ഒരു പ്രശ്നമാണ്.

## ജലസേചനം

പായിപ്ര പഞ്ചായത്തിന്റെ വികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ പരമപ്രധാനമായി ഊന്നൽ കൊടുക്കേണ്ട വിഷയമാണ് ജലസേചനം. രണ്ടാം വാർഡിൽ മാത്രമാണ് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാത്തത്. കുടിക്കാനും കുളിക്കാനും കൃഷിക്കും മൃഗസമ്പത്തിനും ജലം അനിവാര്യമാണെന്നിരിക്കെ നമ്മുടെ പോയാലി മാനാറി പായിപ്ര നിരപ്പു പേഴയ്ക്കാപ്പിള്ളി ഭാഗങ്ങളിൽ കിണറുകളും കുളങ്ങളും വറ്റിവരണ്ടുണങ്ങി കിടക്കുന്ന കാഴ്ച ദയനീയമാണ്. കുടിവെള്ളത്തിനാണ് ഏറ്റവും വലിയ മുറവിളി നടക്കുന്നത്. ഏറ്റവും ഉയരമുള്ള പ്രദേശത്ത് ഒരു ടാങ്ക് നിർമ്മിച്ച് ജലം ശേഖരിച്ച് വിവിധ പ്രദേശങ്ങളിലേയ്ക്ക് ചെറിയ കനാലുകൾ വഴി എത്തിക്കുന്നതായാൽ പരിസര പ്രദേശത്തെ കിണറുകളും കുളങ്ങളും ജലം നിറയും. ഒരു മേജർ ജലസേചന പദ്ധതിയാണിപ്പോൾ നമ്മുടെ സ്വപ്നത്തിലുള്ളത്. പഞ്ചായത്തിന് പൂർണ്ണമായും പ്രയോജനം ചെയ്യതക്ക രീതിയിൽ ഒരു ജലസേചന പരിപാടിയായിരിക്കണം ഇത്.

PVIP യുടെ കനാലുകൾ പായിപ്ര പഞ്ചായത്തിന്റെ 1,7 വാർഡൊഴികെ എല്ലാ വാർഡുകളേയും സ്പർശിക്കുന്നുണ്ട്.

**വാർഡ്**

2 വാളകം ബ്രാഞ്ച് കനാൽ
3. വാളകം ബ്രാഞ്ച്, വാഴപ്പിള്ളി സബ് ബ്രാഞ്ച്
4. വാഴപ്പിള്ളി സബ് ബ്രാഞ്ച്
5. വാഴപ്പിള്ളി സബ് ബ്രാഞ്ച്
6. വാഴപ്പിള്ളി സബ് ബ്രാഞ്ച്
8. നോർത്ത് പായിപ്ര കനാൽ
9. നോർത്ത് പായിപ്ര കനാൽ
10. നോർത്ത് പായിപ്ര കനാൽ
11. പെരുമറ്റം സബ് ബ്രാഞ്ച്, മുളവൂർ ബ്രാഞ്ച്
12. പെരുമറ്റം സബ് ബ്രാഞ്ച്, മുളവൂർ ബ്രാഞ്ച്
13. പെരുമറ്റം സബ് ബ്രാഞ്ച്

എന്നാൽ പ്രായോഗികമായി ഇതുകൊണ്ട് നമുക്കുള്ള പ്രയോജനം കുറവാണ്. കാരണം പഞ്ചായത്തിന്റെ താഴ്വാരങ്ങളിലൂടെയാണ് കനാലുകൾ പോകുന്നത്. ഉയർന്ന പ്രദേശങ്ങളിലുള്ള കനാലുകളിൽ വെള്ള

മത്തുന്നുമില്ല. കാലാകാലങ്ങളിൽ മെയിന്റനൻസ് നട തുകയും ചില ഭാഗങ്ങളിൽ ലവൽ ശരിയാക്കിയും ംരക്ഷിച്ചാൽ കുറേക്കൂടി പ്രയോജനമാക്കാം. ചില ാഗത്ത് ചില PVIP കനാലുകൾ നിർമ്മിക്കണം.

ധാരാളം കുളങ്ങളും പൊതുചിറകളും ഉണ്ട് നമ്മു ാശ്രയമായി. എന്നാൽ അവയിൽ അധികവും ർഷത്തിൽ നാലു മാസം ഉണങ്ങി വരളുന്നവയാണ്. അപൂർവ്വവും ചിലത് മാത്രമാണ് പറ്റാത്ത ജലസ്രോത സുള്ളവ. കാലാകാലങ്ങളിലെ അറ്റകുറ്റപണികളുടെ അഭാവം കൊണ്ട് ഉള്ളവ തന്നെ വേണ്ടത്ര ഫലപ്രദമല്ല.

| ചിറകളുടെ പേര് | വാർഡ് |
|---|---|
| പാപ്പാളിച്ചിറ | 8 |
| മുല്ലോന്തി ചിറ | I |
| കാരീകത്ത്ചിറ | 4 |
| തോണിപെട്ട | |
| കാട്ടുചിറ | 7 |
| തൃക്കളത്തൂർചിറ | 2 |
| താമരപൊട്ട്ചിറ | 5 |
| കടുവാകുളം | 2 |
| പാത്തിക്ക കുളം | I |
| 10 കുമ്പംകോട്ടു കുളം | I |
| 11 കട്ടയ്ക്കകത്ത് കുളം | 7 |
| 12 പുളിക്കചിറ | 12 |
| 13 വെട്ടിയലിചിറ | " |
| 14 കൊല്ലമായിൽ ചിറ | I |
| 15 ചാക്കാപ്പിള്ളി ചിറ | 12 |
| 16 കുരുട്ടയിച്ചിറ | 5 |
| 17 ഓലിക്കുളം | 3 |
| 18 ആനിക്കുളം | 3 |
| 19 പന്തക്കോട്ടുകുളം | I |
| 20 വെട്ടിയ്ക്കാമറ്റത്തിൽ കുളം | I |
| 21 മോളേച്ചിറ | I |
| 22 മേനാമറ്റം ചിറ | I |
| 23 പള്ളിച്ചിറ | 7 |
| 24 പേടക്കാട്ടുകുളം | I |
| 25 പാത്തികുലം(തിരുവാലിപ്പാറ) | I |
| 26 ആലപ്പാട്ട്ച്ചിറ | I |
| 27 പുതുശ്ശേരിക്കുളം | 4 |
| 28 ഭഗവതികുളം | 3 |
| 29 ചീനിക്കുളം | 6 |
| 30 കുഴിപ്പനംച്ചിറ | 6 |
| 31 പറക്കുന്നത്ത് കുളം | I |
| 32 പുല്ലംകുളം | 8 |
| 33 കാഞ്ഞിരക്കുഴിക്കുളം | I |
| 34 ഇടപ്പാട്ടുകുളം | 8 |
| 35 ചേരിക്കപടവ് കുളം | I |
| 36 പരുത കുളം | 9 |
| 37 പുതിശ്ശേരിപ്പൊട്ടകുളം | 9 |
| 38 മുതിരക്കലായിൽച്ചിറ | 9 |
| 39 കോട്ടയിൽ കുളം | I |
| 40 നെല്ലിമറ്റംച്ചിറ | 6 |
| 41 ആച്ചേരിപ്പൊട്ടക്കുളം | 6 |
| 42 പുക്കോട്ടുകുളം | 6 |
| 43 നദിയാംകുളം | 6 |
| 44 ഓടിയത്തുചാൽ കുളം | 9 |
| 45 പൊട്ടകുളം | 6 |
| 46 കുഴിയാംകുളങ്ങര കുളം | 9 |
| 47 നെട്ടിളം കുഴിക്കുളം | 9 |
| 48 സംസം ടാങ്ക് | 5 |
| 49 ചാത്തനാട്ട് ചിറ | 12 |
| 50 പാത്തിക്ക പടവ്കുളം | I |

പഞ്ചകായത്തിൽ ലഭിക്കുന്ന മഴ വെള്ളവും മുളവൂർതോട്ടിലെ വറ്റാത്ത ജലസംമ്പത്തും സംരക്ഷിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്താൽ മാത്രമേ പ്രശ്ന പരിഹാരം ഉണ്ടാവുകയുള്ളൂ. തീർത്തും വെള്ളമെത്താത്ത മേഖലയിൽ ഡ്രിപ്പ്ഇറിഗേഷന് ഉള്ള സാധ്യതകൾ പ്രയോജനപ്പെടുത്തണം. 3-ാം വാർഡിലെ തോടുകളിലെ നീരൊഴുക്ക് തടഞ്ഞു നിർത്തിയാൽ കൃഷിക്ക് ഉപയോഗിക്കാം.

പാപ്പാള ഡാം, എലിക്കാട്ട് ഡാം, ആട്ടായം ഡാം,, കാവാട്ടു മുക്ക് ഡാം, കൽച്ചിറ ഡാം എന്നിവ അറ്റകുറ്റപ്പണി നടത്തി ജലം സംഭരിച്ച് കൃഷിക്കുപയോഗിക്കാൻ പദ്ധതി തയ്യാറാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ മിക്കവാറും പ്രദേശങ്ങൾ വരൾച്ചയിൽ നിന്നും വിമുക്തമാകും മിനി ജലസേചന പദ്ധതികൾ ആരംഭിച്ചു മാത്രം പ്രശ്ന പരിഹാരക്കാവുന്ന മേഖലയിൽ അതുചെയ്യണം.

### കാർഷിക ജനസേചന മേഖലകളിലെ പ്രധാന പ്രശനങ്ങൾ

1) പേഴയ്ക്കാപ്പിള്ളി, വാലടിത്തണ്ട്, പായിപ്ര മാനാറി, പോയാലി, നെരപ്പ്, മുളവൂർ, മുടവൂർ മേഖലകളിൽ കടുത്ത ജലക്ഷാമം.
2) തൃക്കളത്തൂർ പുന്നോപ്പടി പാടശേഖരങ്ങളിൽ നീർക്കെട്ട്.
3) ഫാം റോഡുകളുടെ അഭാവം.
4) ഗുണ നിലവാരം കുറഞ്ഞമണ്ണ്.
5) വൻതോതിൽ കരിങ്കൽ ചെങ്കൽപാറകൾ

6) കൃഷിപ്പണിക്ക് പ്രത്യേകിച്ച് കൊയ്ത്തിന് തൊഴിലാളികളെ കിട്ടാത്ത സ്ഥിതി.

7) മണ്ണു പരിശോധനയുടെ അഭാവം.

8) നല്ലയിനം നടീൽ വസ്തുക്കളുടെ ഏകീകൃമായ ലഭ്യതക്കുറവ്.

9) രാസവസ്തുക്കളുടേയും കീടനാശിനികളുടേയും സ്ഥിരമായപ്രയോഗം കൊണ്ടുണ്ടായ മണ്ണിന്റെ മരവിപ്പ്

10) ജൈവവളത്തിന്റെ ലഭ്യതക്കുറവ്

11) കൂട്ടുകൃഷിയുടെയും സഹകരണ കൃഷി രീതികളുടെയും അഭാവം

12) എലിശല്യം

13) നടപ്പ് പദ്ധതികൾ പോലും കൃഷിഭവനുകൾ വഴി കർഷക നിലത്തെത്താനുള്ള കാലതാമസം.

14) വിളവെടുപ്പ് കാലത്ത് ഉയർന്ന വില ലഭിക്കുന്നില്ല.

15) കൃഷി ഭൂമിയുടെ നികത്തലും കെട്ടിട നിർമ്മാണവും

## പോം വഴികൾ

1) ഉയർന്ന പ്രദേശങ്ങൾക്കായി ഒരു മേജർ ജലസേചന പദ്ധതി ആരംഭിക്കുക.

2) ഡ്രിപ്പ് ഇറിഗേഷൻ വ്യാപിപ്പിക്കുക.

3) ജലനിർഗ്ഗമന ചാലുകൾ തീർത്ത് വെള്ളക്കെട്ടൊഴിവാക്കുക.

4) ഫാം റോഡുകൾ, നടവരമ്പുകൾ എന്നിവ നിർമ്മിക്കുക

5) കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക

6) നല്ലയിനം നടീൽ വസ്തുക്കൾ യഥാസമയം കൃഷിഭവൻ വഴി വിതരണം ചെയ്യുക.

7) പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ ശേഖരിക്കാനും, വിപണനം നടത്താനും പദ്ധതിയുണ്ടാവുക

8) പാടശഖരങ്ങളിലെ തോടുകൾക്ക് സംരക്ഷണ ഭിത്തികെട്ടുക.

9) അടുക്കള കൃഷിക്കും,പച്ചക്കറി കൃഷിക്ക പ്രത്യേക പ്രോത്സാഹനവും വിത്തും വളവ നല്ക്കുക.

10) ജൈവ വളത്തിന്റെ മേന്മയെക്കുറിച ബോധവത്ക്കരിക്കുകയും അത് ലഭ്യമാക്കുകയ ചെയ്യണം.

11) തെങ്ങു കൃഷിക്ക് നിലവിലുള്ള ആനുകൂ ങ്ങളെങ്കിലും ലഭ്യമാക്കുക

12) സ്പൈസസ് ബോർഡിൽ നിന്നുള്ള സഹ യങ്ങൾ കാലാകാലങ്ങളിൽ കർഷക ലഭ്യമാക്കുക. സുഗന്ധവിള പ്രോത്സ ഹിപ്പിക്കുക.

130 കാർഷിക യന്ത്രോപകരണങ്ങൾ സ സിഡിയോടെ നൽകുക


14) കനാലുകളുടെയും ചിറകളുടെയും അറ്റക പ്പണികൾ യഥാസമയത്ത് നടത്തുക.

15) പുഷ്പകൃഷി ഔഷധ സസ്യകൃഷി എന്നിവയ്ക വീട്ടമ്മമാർക്കായി പ്രത്യേക പദ്ധതി എ പ്പെടുത്തുക.

16) ചരുവ് പ്രദേശങ്ങളിലേ മണ്ണൊലിപ്പ് തടയുവ ഇടക്കയ്യാലകൾക്ക് ധനസഹായം നൽകുക

17) റബ്ബർ അദായം തരുന്ന കൃഷിയാണെങ്കില ജൈവ സംതുലിതാവസ്ഥയെയും ആവാ വ്യവസ്ഥയെയും താറുമാറാക്കത്തക്ക രീതിയ പൂർണ്ണമായും റബ്ബറിലേക്ക് മാറുന്നതിെ പ്രത്യാഘാതങ്ങൾ കർഷകർക്ക് മനസിലാ കൊടുക്കുകയും നെല്ല്, തെങ്ങ് തുടങ്ങ കൃഷികൾക്ക് നിലനിൽക്കാനാവശ്യമാ സഹായവും പ്രോത്സാഹനവും കൊടുക്കു

18) പുതിയ തലമുറയെ കൃഷിയുമായി അടുപ്പിക നുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യു



# മൃഗ സംരക്ഷണം മത്സ്യബന്ധനം



എല്ലാ കാർഷിക മേഖലകളിലും അനുബന്ധ തൊഴിൽ എന്ന തരത്തിൽ മൃഗ സംരക്ഷണം ണക്കാക്കിയിരുന്നു. എന്നാൽ കൃഷി രീതിയിൽ ന്ന മാറ്റം നിമിത്തം കൃഷിയും മൃഗ സംരക്ഷണവും മ്മിലുള്ള പരസ്പര ബന്ധം തന്നെ നഷ്ടമായിരി കെു കയാണ്, കൂടുതൽ പ്രദേശങ്ങൾ റബ്ബറായി ാറിയതോടെ ഉഴവ് മാടുകൾ ഏതാണ്ട് പ്രത്യക്ഷമായി. അട് വളർത്തലും കുറഞ്ഞു രുകയാണ്.

ായിപ്ര പഞ്ചായത്ത് കന്നുകാലി സെൻസസ് 1987

കന്നുകാലികളുടെ വിവരം

| നമ്പർ | ഇനം | 95 96 |
|---|---|---|
| 1 | പശു / കാള | 2512 |
| 2 | പോത്ത് / എരുമ | 178 |
| 3 | കോഴി | 17430 |
| 4 | മറ്റിനം | 10493 |

നമ്മുടെ പഞ്ചായത്തിലെ ജല ദൗർലഭ്യമുള്ള ാർഡുകളിൽ കാലി വളർത്തൽ ശ്രമകരമായ ജാലിയാണ്. തലച്ചുമടായി വെള്ളം കൊണ്ടു രുന്നവർക്ക് കന്നു കാലികളെ സംരക്ഷിക്കുവാൻ ാധ്യമല്ലല്ലോ അതുകൊണ്ട് തന്നെയാണ് 1 ാം ാർഡിലും മറ്റും മൃഗസംരക്ഷണം വളരെ ുറവായിട്ടുള്ളത്. രണ്ടും മൂന്നും വാർഡുകളാണ് ഈ രംഗത്തും മുന്നിട്ടു നിൽക്കുന്നത് ഇവിടെ ക്ഷീര ഹകരണ സംഘങ്ങളുടെ പ്രവർത്തനവും ൃഗാശുപത്രിയും ഉള്ളതു കൊണ്ട് അത്യുൽപാദന ശേഷിയുള്ള പശുക്കളുടെ സംരക്ഷണം സാമാന്യം കെച്ച രീതിയിൽ നടക്കുന്നുണ്ട്

| ക്ഷീരോല്പാദക സഹകരണ സഹകരണസംഘങ്ങൾ | |
|---|---|
| പേര് | വാർഡ് |
| 1) പായിപ്ര സൊസൈറ്റിപ്പടി (PDDP) | I |
| 2) മുടവൂർ ക്ഷീരോല്പാദക സഹകരണ സഹകരണസംഘം | III ,IV |
| 3) പേഴയ്ക്കപ്പിള്ളി | VII |
| 4) നിരപ്പ് | X |
| 5) മുളവൂർ ക്ഷീരോല്പാദക സഹകരണ സഹകരണസംഘം | XII |
| 6) തൃക്കളത്തൂർ ക്ഷീരോല്പാദക സഹകരണ സഹകരണസംഘം | III |

1,8 വാർഡുകളിൽ കോഴി വളർത്തൽ മാത്രമാണ് നടക്കുന്നത്. ജലലഭ്യതയില്ല എന്നതാണ് കാരണം. പ്രധാനമായും മൃഗ സംരക്ഷണത്തിന്റെ ചെലവു വർദ്ധിപ്പിച്ചതാണ് ഈ മേഖലയിലെ ശോഷിപ്പിന് കാരണം. ആ ചെലവിനനുസൃതമായി ഉല്പന്നത്തിനു വില ലഭിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. മൃഗാശുപത്രിയുടെ സേവനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമാകുന്നില്ല എന്നത് ഈ രംഗത്തെ പ്രതികൂലമായി ബാധിക്കുന്നത്.

മാംസം ലഭിക്കുന്ന കശാപ്പ് ശാലകൾ പഞ്ചായത്തിൽ ധാരാളമുണ്ട് എന്നാൽ ശാസ്ത്രീയമല്ല പലതും അതുപോലെ അലഞ്ഞു തിരിയുന്ന

നായ്ക്കളുടെ ശല്യം വളരെയാണ്.
കന്നുകാലികൾക്ക് കുളമ്പു രോഗവും, അകിടു വീർക്കലും, കോഴികൾക്ക് വസന്തരോഗവും സർവ്വസാധരണമാണ്. പന്നി വളർത്തലിനും, മുയൽ വളർത്തലിനും അനുകൂലമായ മേഖലയിൽ അതും വികസിപ്പിച്ചെടുക്കാവുന്നതാണ്. മുട്ടയ്ക്ക് വൻതോതിൽ മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ് നാമിപ്പോൾ മത്സ്യ വിപണനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന കുടുംബങ്ങൾ നിരവധിയാണ് ഈ പഞ്ചായതിൽ. എന്നാൽ മത്സ്യബന്ധനം തീരെയില്ല ശുദ്ധജല മത്സ്യകൃഷിക്കുള്ള സാധ്യതകൾ ചില പ്രദേശങ്ങളിൽ ഉണ്ട്. വറ്റാത്ത ചിറകളും കുളങ്ങളും ഉപയോഗിച്ച് ഇത് സാധ്യമാക്കാം. സ്വകാര്യ വ്യക്തരകളുടെ കുളങ്ങളിലും മത്സ്യ വളർത്തു ന്നതിന് പ്രോത്സാഹനം നൽകിയാൽ വളരെ നല്ല ഫലം ഉണ്ടാക്കാം

### പൊതുവായ പ്രശ്നങ്ങൾ

1 കാലി വളർത്തുന്നതിന് ആവശ്യമായ ജലലഭ്യത
2 കാലിത്തീറ്റയുടെ വിലക്കയറ്റം.
3 നെൽകൃഷികുറഞ്ഞതോടെ വൈക്കോലും റബ്ബർകൃഷി കൂടിയതോടെ പുല്ലും ഇല്ലാതായത്
4 നല്ലയിനം കന്നുകാലികളെയും കോഴിക്കുഞ്ഞുങ്ങളെയും ആട്, പന്നി, മുയൽ എന്നിയുടെയും ലഭ്യതക്കുറവ്
5 പാലിന് ഉദ്പാദന ചെലവിനസൃതമായി വിലയില്ല.
6 വായ്പാ സൗകര്യങ്ങളില്ല
7 മൃഗാശുപത്രിയുടെ സേവനം ലഭ്യമല്ല ൽ
8 കുളമ്പുരോഗം, അകിട് വീക്കം, വസന്തരോഗം
9 ഈ മേഖലയിലെ ശാസ്ത്രീയബോധത്തിന്റെ അഭാവം

## പോംവഴികൾ

1 ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ജില്ലയിൽ ഒരു കാലിത്തീറ്റഫാക്ടറിയെങ്കിലും ആരംഭിക്കുക
2 പാലിന് ന്യയ വില ലഭ്യമാക്കുക
3 പഞ്ചായത്തിനാവശ്യമായ മുഴുവൻ മുട്ടയും ഇവിടെത്തന്നെ ഉല്പാദിപ്പിക്കും എന്ന തീവ്രയജ്ഞ പരിപാടി ആസൂത്രണം ചെയ്ത് അത്യുല്പാദന ശേഷിയുള്ള മുട്ടക്കോഴികളെ വിതരണം ചെയ്യു
4 ഒരു സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവന അടിയന്തിരമായി ഏർപ്പെടുത്തുക
5 ആടു വളർത്തലിന് ശാസ്ത്രീയമായ ബോധ ത്കരണം കൊടുക്കുക
6 ഗോബർഗ്യസ് നിർമ്മിക്കുന്നതിന് വേ പ്രോത്സാഹനങ്ങൾ, ധനസഹായം എന്നി നൽകുക.
7 തൊഴുത്തിന് മാർഗ്ഗനിർദേശങ്ങളും സബ്സിഡ യും നല്കുക
8 അത്യുൽപാദനശേഷിയുള്ള കീടാരികള വിതരണം ചെയ്യുക
9 അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്ക ജനപങ്കാളിത്തത്തോടെ ഉന്മൂലനം ചെയ്യുക.
10 മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുകയും മത കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണ
11 തീറ്റപ്പുൽ കൃഷി വ്യപകമാക്കുക.
12 കോഴി, മുയൽ എന്നിവയുടെ മികച്ചയിന കുഞ്ഞുങ്ങളെ വിതരണം ചെയ്യുക. ഇവയി പലതും പഞ്ചായത്തടിസ്ഥാനത്തിൽ ജ പങ്കാളിത്തത്തോടെ നടപ്പാക്കുകയും വേ രീതിയിൽ വിലയിരുത്തലുകളും, പുനഃപ ശോധനകളും നടത്തി ഗുണ നിലവാരം ഉറ വരുത്തുകയും ചെയ്താൽ വളരെ ഫ പ്രദമായി നിറവേറ്റാം. പഞ്ചായത്തിലെ പത്തേ പതിനഞ്ചോ വീടുകളെ തെരഞ്ഞെടുത്ത ആസ്ട്രോവൈറ്റ് ഇനത്തിൽപ്പെട്ടകോ ക്കുഞ്ഞുങ്ങളെ അടുത്ത വിളവെടുപ്പി അത്രയുംകുഞ്ഞുങ്ങളെ തിരികെ തരണമെ വ്യവസ്ഥയിൽ വിതരണം ചെയ്യുക വിതരണ നടത്തിയാൽ രണ്ടോ, മൂന്നോ വർഷം കൊ പഞ്ചായത്തിലെ എല്ലാ വീടുകളിലും വ്യാപകമാ തോതിൽ മുട്ടകോഴികളെ എത്തിക്കാം

ജൈവവളങ്ങളും ജൈവകീടനാശിനികള ഉപയോഗിച്ച് നെൽകൃഷി. ചെയ്താ പാടശേഖരങ്ങളിൽ ചേരു മത്സ്യങ്ങളെ വളർത ആദായമുണ്ടാക്കാം

# വിദ്യാഭ്യാസം

പായിപ്ര പഞ്ചായത്തിന്റെ വികസന ചരിത്രത്തിൽ വിദ്യാഭ്യാസ ചരിത്രത്തിന്റെ തുടക്കം ഏതാനും കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നായിരുന്നു. അവയിൽ തൃക്കളത്തൂർ പ്രദേശത്തെ ആലയ്ക്കൽ കളരി പ്രത്യേകം പ്രസ്താവ്യമാണ്. ആധുനിക ഔപചാരിക വിദ്യാഭ്യത്തിന് തുടക്കം കുറുക്കുന്നത് ഒരു നൂറ്റണ്ട് മുമ്പാരംഭിച്ച തൃക്കളത്തൂർ ഗവ: എൽ. പി സ്കൂളിലാണ് ഈ സ്കൂളിന് പായിപ്ര മഞ്ചിയൂരില്ലത്തെ ഇ. ജി. വി. നമ്പൂതിരി കിണർക്കുഴിച്ചു നൽകിയതായി രേഖയുണ്ട്.

പേഴ്ക്കാപ്പിള്ളി മേഖലയിലേക്ക് ഔപചാരിക വിദ്യാഭ്യസം കടന്നു വരാൻ വീണ്ടും കാലമെടുത്തു പേഴയ്ക്കാപ്പിള്ളി ഹൈസ്കൂളിന്റെ വികസനത്തിനു മുസ്ലീം വിദ്യഭ്യസത്തിനും മുൻ കൈ എടുത്ത അന്തരിച്ച ശ്രീ. സി. എം അലി സാറിന്റെ പ്രവർത്തനങ്ങൾ പ്രത്യേകം സ്മരണീയമാണ്.

ഇന്ന് ഒരു സ്വകാര്യ കോളേജും രണ്ട സ്കൂളുകളും ആറു പ്രൈമറി സ്കൂളുംകളുമുള്ള പായിപ്ര പഞ്ചായത്തിൽ സ്ത്രീ വിദ്യാഭ്യാത്തിന്റെ അപര്യാപ്തത പ്രകടമായി കാണുനുണ്ട്. പരിസര ശുചീകരണത്തിലും, ആരോഗ്യപരിപാലനത്തിലും സാമൂഹിക അവബോധത്തിലും നമ്മുടെ സ്ത്രീകൾ പിന്നിലാണെന്ന സത്യം അംഗീകരിക്കാതെ തരമില്ല

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST | | | തോറ്റുപഠിക്കുന്നവർ SC/ST | | | മറ്റുള്ളവർ | | | പഠനം നിർത്തിയവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | Tot. | B | G | Tot | B | G | Tot | B | G | Tot | B | G | Tot | B | G | Tot |
| ഗവ: ഹൈസ്കൂൾ പേഴയ്ക്കാപ്പിള്ളി | 825 | 761 | 1586 | 70 | 64 | 134 | 03 | 01 | 04 | 110 | 72 | 182 | 05 | 03 | 08 | 21 | 21 | 42 |
| N.S.S. ഹൈസ്കൂൾ മണ്ണൂർ | 238 | 203 | 441 | 32 | 41 | 73 | 05 | 06 | 11 | 16 | 03 | 19 | 01 | 02 | 03 | 07 | 02 | 09 |
| ഗവ: യു.പി. സ്കൂൾ പായിപ്ര | 230 | 214 | 444 | 15 | 13 | 28 | - | - | - | 13 | 16 | 29 | - | - | - | - | - | - |
| ഗവ: യു.പി. സ്കൂൾ മുളവൂർ | 238 | 246 | 484 | 04 | 03 | 07 | - | - | - | 07 | 04 | 11 | - | - | - | 01 | - | 01 |
| ഗവ: എൽ.പി. സ്കൂൾ മുടവൂർ | 122 | 103 | 225 | 10 | 07 | 17 | 01 | 01 | 02 | 08 | 04 | 12 | - | - | - | 01 | 01 | 02 |
| എൽ.പി.ജി. സ്കൂൾ തൃക്കളത്തൂർ | 75 | 80 | 155 | 14 | 16 | 30 | 03 | - | 03 | 05 | 01 | 06 | - | - | - | - | - | - |
| എൽ.പി.ബി. സ്കൂൾ തൃക്കളത്തൂർ | 114 | 107 | 221 | 18 | 22 | 40 | 01 | - | 01 | 06 | 05 | 11 | - | - | - | - | - | - |
| മിലാദി ഷെരീഫ് എൽ.പി.എസ്, മുളവൂർ | 70 | 55 | 125 | 05 | 04 | 09 | - | - | - | 03 | 02 | 05 | - | - | - | - | - | - |

തുടർ വിദ്യാഭ്യാസത്തിന്റെ അഭാവവും, സാക്ഷരത യജ്ഞത്തിന്റെ പിൻതുടർച്ചാ പ്രവർത്തനങ്ങൾ നിലച്ചു പോയതുമാണ് ഈ സ്ഥിതിയുടെ കാരണം എന്നു കരുതാം

അംഗൻ വാടികളുടെയും മാതൃക്ഷേമ പ്രവർത്തനങ്ങളും, മഹിളാ സമാജങ്ങളുടെയും അപര്യതപ്തയും എടുത്തു പറയേണ്ടതാണ്. സ്കൂളുകളെ വിജയ ശതമാനത്തിന്റെ തുലാസിൽ തുലനം ചെയ്യുമ്പോൾ നമ്മൾ ശരാശരി വിട്ടുയരുന്നില്ല എന്ന സത്യം അംഗീകരിക്കേണ്ടി വരുന്നു. അതും എൽ. പി. സ്കൂളുകളുടെ നിലവാരം കാത്തു സൂക്ഷിക്കുവാൻ മുകൾത്തട്ടിലേക്കു വരുമ്പോൾ കഴിയാതെ പോകുന്നുണ്ട്. അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ സജീവ പ്രവർത്തനം കൊണ്ട് മാറ്റി എടുക്കാവുന്ന നിരവധി പ്രശ്നങ്ങൾ നമ്മുടെ സ്കൂളുകളിൽ ഉണ്ട്.

എൽ. പി. ജി. എസ്, എൽ. പി. ബി. എസ്. എന്നീ സ്കൂളുകൾ കോതമംഗലത്തു നിന്നും മൂവാറ്റുപുഴ ഡി. ഇ. ഒ യുടെ കീഴിലാക്കണം ഇത് ഭരണപരമായ സൗകര്യത്തിന് ഉതുകും, പ്രീപ്രൈമറി വിദ്യാഭ്യസത്തിന് വേണ്ടത്ര സൗകര്യമില്ലാ എന്നത് പ്രത്യേകം കണക്കി ലെടുക്കേണ്ട വസ്തുതയാണ് അക്കാരണത്താൽ തന്നെ കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിലേക്ക് ഒഴുകുന്നുണ്ട് സർക്കാർ തലത്തിൽ പ്രീപ്രൈമറി വിദ്യാഭ്യാ സൗകര്യം ഏർപ്പെടുത്തണം. സ്കൂൾ കോംപ്ലക്സു കളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക മാത്രമാണ് നമ്മുടെ പഠന നിലവാരം ഉയർത്തുവാനുള്ള ഏക മാർഗ്ഗം. അതുപോലെതന്നെ അദ്ധ്യാപകർക്ക് ആനുകാലിക മായി പഠന ക്ലാസുകൾ പഞ്ചായത്തടസ്ഥാനത്തിൽ നൽകുന്നതു നന്നായിരിക്കും. മാത്രമല്ല പഞ്ചായത്തടിസ്ഥാനത്തിൽ ഒരു രക്ഷാകർതൃ സമിതിയും പ്രവർത്തിച്ചാൽ കൂടുതൽ നന്നായിരിക്കും.

സർക്കാർ സ്കൂളുകളിൽ നിന്നുമുള്ള ടി. സി. വൻതോതിൽ വരുന്നതും തടയണമെങ്കിൽ ഗുണനിലവാരം ഉയർത്തണം അദ്ധ്യാപനത്തെ തടസ്സപ്പെടുത്തുന്ന രാഷ്ട്രീയ ഇടപെടലുകൾ ഒഴിവാക്കാൻ ശ്രമികണം

# സാംസ്ക്കാരികം

വ്യക്തിത്വത്തിന്റെ വികസനത്തിന് സാംസ് ാരിക വളർച്ച അനുപേക്ഷണീയമാണ്. സാമ്പ ത്തികവും വിദ്യാഭ്യാസവും കൊണ്ടു മാത്രം വ്യക്തി വികാസം പൂർത്തിയാവുകയില്ല. കലകളുടേയും, ആയോധനവിദ്യകളുടേയും നാടായ കേരളം പണ്ടു മുതലേ സംസ്ക്കാരസമ്പന്നമാണ്. പായിപ്ര പഞ്ചാ യത്തിനും ഈ പൈതൃകം അന്യമല്ല. ഓണവും, വിഷുവും, ബക്രീദും, നബിദിനവും, ക്രിസ്തുമസ്സും, ഈസ്റ്ററും ഒരു പോലെ പ്രാധാന്യം നൽകി നമ്മൾ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു.

അമ്പലങ്ങൾ

1. കൈനിക്കരക്കാവ്
2. കാഞ്ഞിരക്കാട്ട് കാവ്
3. പള്ളിമറ്റത്തിൽ കാവ്
4. പള്ളിക്കാവ്
5. ചാക്കുന്നത്ത് അമ്പലം
6. അറക്കാട്ട് കാവ്
7. തേവർകുന്നത്ത് അമ്പലം
8. പാറ്റായി പുളിയാമ്പുളി

മസ്ജിദുകൾ

1. പേഴയ്ക്കാപ്പിള്ളി ജൂമാ അത്ത് പള്ളി
2. പള്ളിച്ചിറ ജൂമാ അത്ത് പള്ളി
3. ഈസ്റ്റ് പായിപ്ര ജൂമാ അത്ത് പള്ളി
4. മുളവൂർ ജൂമാ അത്ത് പള്ളി
5. പെരുമറ്റം ജൂമാ അത്ത് പള്ളി
6. പായിപ്ര ജൂമാ അത്ത് പള്ളി
7. മുളവൂർ വെസ്റ്റ് ജൂമാ അത്ത് പള്ളി
8. പുന്നോപ്പടി ജൂമാ അത്ത് പള്ളി
9. ജാമിയ ജൂമാ അത്ത് പള്ളി
10. തട്ടുപറമ്പ് ജൂമാ അത്ത് പള്ളി

കൃസ്ത്യൻ ചർച്ച്

1. തൃക്കളത്തൂർ കൃസ്ത്യൻ പള്ളി
2. മുടവൂർ കൃസ്ത്യൻ പള്ളി
3. മുളവൂൻ കൃസ്ത്യൻ പള്ളി
4. വാഴപ്പിള്ളി കൃസ്ത്യൻ പള്ളി
5. നിരപ്പ് കാതലിക് ചർച്ച്

മുളവൂർ പള്ളിയിലെ ചന്ദനക്കുടവും, മുള വൂർ, മുടവൂർ, തൃക്കളത്തൂർ പള്ളികളിലെ പെരു ന്നാളുകളും, തൃക്കളത്തൂർ, മാനാറി, കൈനിക്കര മുളവൂർ, മുടവൂർ പ്രദേശങ്ങളിലെ ക്ഷേത്രങ്ങളിൽ നടത്തുന്ന ആഘോഷങ്ങളും ഇവിടത്തെ ഹിന്ദു മുസ്ലിം ക്രിസ്ത്യാനികളുടെ കൂട്ടായ സംരംഭങ്ങളു ആകെ തുകയാണ്. നാടൻ കലാരൂപങ്ങളായ പുള്ള വൻ പാട്ട്, കോല്കളി, അറബന മുട്ട്, ചിന് ഉടുക്കുപാട്ട്, ചെണ്ടകൊട്ട്, മാർഗ്ഗം കളി തു ങ്ങിയവയ്ക്ക് ഇവിടെ നൂറ്റാണ്ടുകളുടെ പഴക്കമു ണ്ട്. ഈ കലാകാരന്മാരെ കണ്ടെത്തി വേണ പ്രോത്സാഹനം ചെയ്യേണ്ടത് സാംസ്ക്കാരിക പുരോ ഗതിയ്ക്കാവശ്യമാണ്. നാം എല്ലാ വർഷവും ന ത്തുന്ന ഓണാഘോഷ പരിപാടികൾ എല്ലാവരേ യും സംഘടിപ്പിച്ച് വിപുലമായ സാംസ്ക്കാരി സമ്മേളനമാക്കി മാറ്റേണ്ടതാണ്. നാടക നൃത്തനൃത്യങ്ങൾ, ബാലെ, കഥാപ്രസംഗം തുടങ്ങി പരിപാടികൾക്ക് വാസനയുള്ളവരെ കണ്ടെത്ത കലാസമിതികൾ രൂപീകരിക്കുകയോ നിലവിലുള്ള മെച്ചപ്പെടുത്തുകയോ ചെയ്യണം. കലാസമിതികളു പ്രവർത്തനം വിപുലമാക്കാൻ ആവശ്യമായ സാമ ത്തിക സഹായം പഞ്ചായത്തിൽ നിന്ന് നൽ ണം. നമ്മുടെ കമ്മ്യൂണിറ്റി ഹാളും, വായനശാല ളും,അനാകർഷകങ്ങളും വകമാറ്റി പ്രവർത്തിക്ക ന്ന സ്ഥാപനങ്ങളുമായിട്ടാണ് ഇന്നത്തെ നില. ഇ അവസ്ഥ മാറ്റി യഥാർത്ഥ ലക്ഷ്യം കൈവരിക്കാ തകുന്ന സ്ഥാപനങ്ങളാകണം. ഹരിജൻ കോളന പലതും മിക്ക സമയങ്ങളിലും വിജനങ്ങളായി ക്കും. ഒരു കോളനിയിൽ ഒരു നല്ല ടെലിവിഷ സംഘടിപ്പിച്ചു കൊടുത്താൽ കോളനി നിവാസ കൾക്ക് മാനസികോല്ലാസത്തിനും വിജ്ഞാന സമ ദനത്തിനും അവസരം ലഭിയ്ക്കും. അതുപോലെ പഞ്ചായത്തിൽ സഞ്ചരിക്കുന്ന ലൈബ്രറികൾ ത ങ്ങിയാൽ അറിവിന്റെ മേഖലയിലേയ്ക്കുള്ള ക ന്നാക്രമണമായിരിക്കും അത്. നമ്മുടെ പഞ്ചാ ത്തിലെ ആദ്യത്തെ പ്രസിഡന്റ് അന്തരിച്ച ശ്രീമാ എ.എം. ഇബ്രാഹിം അവർകളുടെ സ്മാരകമാ പായിപ്രയിൽ പണികഴിപ്പിക്കുവാൻ ഉദ്ദേശിക്കു വായനശാല അതിന്റെ പ്രൗഢമായ നിലയിലേ

ത്തിക്കുവാൻ പഞ്ചായത്തിനു കഴിയണം. തൃക്കളത്തൂർ കാവും പടിയിൽ പഞ്ചായത്തുവക സ്ഥലം ഇപ്പോഴുണ്ട്. എം.സി. റോഡിനു സമീപമുള്ള ഈ സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് മുറികൾ തിരിച്ച് വാടകയ്ക്ക് കൊടുക്കുകയും മുകളിൽ ഹാളുണ്ടാക്കി ചെറിയ കമ്മ്യൂണിറ്റി ഹാളും, വായനശാലയും തീർത്താൽ സാംസ്ക്കാരിക വളർച്ചയ്ക്കും, സാമ്പത്തിക നേട്ടത്തിനും സഹായകമാകും. മറ്റു വാർഡുകളിലും ഇത്തരം ആവശ്യങ്ങൾ ഉയർന്നു വരുമ്പോൾ അതിനാവശ്യമായ സ്ഥലം കണ്ടെത്തി ക്ലബ്ബുകളും, വായനശാലകളും ആരംഭിക്കാവുന്നതാണ്.

കായിക പരിശീലനങ്ങൾക്കാവശ്യമായ കളിസ്ഥലങ്ങൾ കണ്ടെത്തി താല്പര്യമുള്ളവർക്ക് പരിശീലനം കൊടുക്കുന്നതിന് നമ്മുടെ പഞ്ചായത്ത് കാര്യമായി ശ്രദ്ധിച്ചിട്ടില്ല എന്നത് ഈ രംഗത്തെ പിന്നോക്കാവസ്ഥയ്ക്കു കാരണമാണ്. പന്ത്രണ്ടാം വാർഡിൽ വിശാലമായ ഒരു കളിസ്ഥലം ഉണ്ടായിരുന്നത് ദേവസ്വം ബോർഡ് സ്വന്തമാക്കിയിരിക്കുകയാണ്. ആ സ്ഥലം പഞ്ചായത്തിന് തിരിച്ചു നൽകി അവിടെ കളിസ്ഥലം ആധുനിക സൗകര്യത്തോടെ നിർമ്മിക്കുവാൻ അടിയന്തിരമായി ശ്രമിക്കേണ്ടതാണ്.

## വനിതാക്ഷേമം

അൻപതു ശതമാനം വനിതകൾ നിവസിക്കുന്ന ഈ പ്രദേശത്ത് വനിതാ ക്ഷേമത്തിനാവശ്യമായ പ്രവർത്തനങ്ങൾ പരിമിതമാണ്. 3 വാർഡുകളിലായി ബേക്കറി, കൂടു നിർമ്മാണം, ആട്, കോഴി വളർത്തൽ എന്നീ രംഗങ്ങളിലായി 27 വനിതകൾ DWCRA സ്ക്കീം അനുസരിച്ച് ധനസഹായം വാങ്ങി പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഈ മൂന്ന് യൂണിറ്റുകൾ ഒഴികെ മറ്റു പ്രവർത്തന മേഖലകൾ ഇവിടെയില്ല. സ്ത്രീകളോടുള്ള അവജ്ഞ പ്രകടമായി കാണുന്ന ഈ അവസ്ഥ നമുക്ക് മാറ്റിയേ തീരൂ. അവസരം ലഭിയ്ക്കാത്തതുകൊണ്ട് അസ്തിത്വം നഷ്ടപ്പെടുന്ന നമ്മുടെ സഹോദരിമാരെ സംരക്ഷിക്കേണ്ട ബാധ്യത നാം ഏറ്റെടുക്കണം. തൊഴിൽ ചെയ്യുന്ന വനിതകൾക്കാകട്ടെ തുച്ഛമായ വേതനമാണ് ലഭിയ്ക്കുന്നത്. പകലന്തിയോളം ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സ്ഥിതി വിശേഷം ഇല്ലായ്മ ചെയ്യണം. വേതന വർദ്ധനവ് ഏകീകരിച്ച് തുല്യ നീതി ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണം.

## പരിഹാര മാർഗ്ഗങ്ങൾ

പഞ്ചായത്തുകളിൽ വനിതാസഹകരണ സംഘങ്ങൾ ആരംഭിച്ച് വ്യവസായ യൂണിറ്റുകൾ അടിയന്തിരമായി തുടങ്ങേണ്ടതാണ്. മഹിളാസമാജങ്ങൾ എല്ലാ വാർഡുകളിലും ആരംഭിക്കുകയും തൊഴിലില്ലാത്ത വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാനും വേണ്ട ധനസഹായം നൽകുവാനും ശ്രദ്ധിക്കണം. വനിതാ കമ്മീഷന്റെ സെൽ പഞ്ചായത്ത് ഹെഡ് ക്വർട്ടേഴ്സിൽ പ്രവർത്തനം ആരംഭിക്കണം.

## പട്ടകജാതി പട്ടിക വർഗ്ഗക്ഷേമം

പട്ടികജാതി പട്ടിക വർഗ്ഗവിഭാഗം നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. കർഷകത്തൊഴിലാളികളും, ഗ്രാമീണകൈത്തൊഴിലാളികളുമാണ് ഇതിൽ ഭൂരിഭാഗം ആളുകളും. നിത്യമായ വരുമാനമോ, സ്ഥിരമായ ജോലിയോ ഇല്ലാത്ത ഈ വിഭാഗക്കാർ എല്ലാവരും തന്നെ ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്നവരാണ്. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന നെൽകൃഷി പരമ്പരാഗത കർഷകത്തൊഴിലാളികളെ നിത്യദുരിതത്തിലാക്കിയിരിക്കുന്നു. മറ്റു മേഖലകളിലേയ്ക്ക് എത്തിപ്പെടുവാൻ ആവശ്യമായ ശേഷിയും, വൈദഗ്ദ്ധ്യവും ഇല്ലാത്തതിന്റെ പേരിൽ ഇവർ തൊഴിൽ രഹിതരായിരിക്കുന്നു. വിദ്യാഭ്യാസരംഗത്ത് ആശാവഹമായ പുരോഗതി ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടില്ല. തന്മൂലം സാമൂഹ്യമായ ഉയർന്ന പദവിയിലേയ്ക്ക് കരകയറുവാൻ ഭൂരിഭാഗം ആളുകൾക്കും കഴിഞ്ഞിട്ടില്ല.

ഹരിജൻ വെൽഫെയർ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോളനിയും ഈ പഞ്ചായത്തിൽ 13 എണ്ണമുണ്ട്. അതിൽ 7 എണ്ണം സർക്കാർ അംഗീകരിച്ചതും, 6 എണ്ണം അംഗീകാരം കൂടാതെ പ്രവർത്തിക്കുന്നതുമാണ്. അംഗീകരിച്ചില്ല എന്ന സാങ്കേതി

വത്തിൽ അവർക്ക് മറ്റു കോളനികൾക്ക് നൽകുന്ന അവകാശങ്ങൾ നിഷേധിക്കരുത്. ചില കോളനിക ളിൽ ജല വൈദ്യുത സൗകര്യങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അടിയന്തിരമായി ഈ പോരായ്മ പരിഹരിക്കണം.

ഹരിജന ക്ഷേമ വകുപ്പിന്റെ കീഴിൽ പഞ്ചാ യത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണസംഘം രൂപീ കരിക്കുകയോ റെജിസ്ട്രേഡ് സംഘം നിലവിലുണ്ടെ കിൽ അതിന്റെ പ്രവർത്തനത്തിനാവശ്യമായ ധന സഹായം നൽകി വീണ്ടും പ്രവർത്തനക്ഷമമാക്കു കയോ ചെയ്യണം.

സ്കൂളുകളിൽ സാധാരണയായി കൊഴിഞ്ഞു പോക്ക് (Drop out) ഹരിജൻ കുട്ടികളിലാണ് കൂടു തൽ കാണുന്നത്. പഠനോപകരണങ്ങളും, വസ്ത്ര വും സൗജന്യമായി വിതരണം ചെയ്ത് ഈ പ്രശ്ന ത്തിന് പരിഹാരം കാണുവാനാകും. പാർപ്പിടമില്ലാത്ത ഹരിജനങ്ങൾക്ക് സമയബന്ധിതമായി പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കണം.

പഞ്ചായത്തിന് പൊതുവായി ഒരു പൊതു ശ്മശാനം, കമ്മ്യൂണിറ്റി ഹാൾ, ഹെൽത്ത് സെന്റർ എന്നിവ തുടങ്ങുന്നതു നന്നായിരിക്കും. കൂരിക്കാവ് കോളനിയിൽ 85 സെന്റ് സ്ഥലം ഇപ്പോൾ പൊതു വായിട്ടുണ്ട്. ഇവിടെ മേൽപ്പറഞ്ഞ സ്ഥാപനങ്ങ ളും, ശ്മശാനവും ആരംഭിക്കുവാൻ സൗകര്യമുള്ള തിനാൽ അടിയന്തിരമായി അതു ശ്രദ്ധിക്കണം. കോമ്പൗണ്ടിംഗ് വാൾ നിർമ്മിച്ച് ഈ സ്ഥലം ആദ്യമായി തിരിച്ചിടേണ്ടത് വളരെ ആത്യാവശ്യമാ ണ്. അതുപോലെ ചാരപ്പാട്ടു കോളനിയിലും കമ്മ്യൂ ണിറ്റി ഹാളും ശ്മശാനവും നിർമ്മിക്കേണ്ടതാണ്. കോമ്പൗണ്ട് വാൾ കെട്ടി വേണ്ട സംരക്ഷണം നൽകണം.

കാഞ്ഞുകുഴി കോളനിയിൽ നിന്നും തൃക്ക ളത്തൂർ ആശുപത്രിയിലേയ്ക്കുള്ള റോഡ് ഹരിജ നങ്ങൾക്കു വേണ്ടി നിർമ്മിച്ചതാണ്. ഇന്നീ റോഡ് സഞ്ചാരയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. സഞ്ചാ രയോഗ്യമാക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കണം. ഹരിജൻ കോളനികൾക്കു തനതായി കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ അവർക്കു മാത്രമായി ഒരു വാട്ടർ സപ്ലൈ സ്കീം ആവിഷ്ക്കരിക്ക ണം.അതുപോലെ ഹരിജനങ്ങൾക്കു മാത്രമായി പൊതു കുളങ്ങൾ നിർമ്മിച്ചു കൊടുക്കേണ്ടതാണ്. ഹരിജനങ്ങൾക്കു മാത്രമായി ഒരു ഗ്രന്ഥശാല അനു വദിച്ചു പ്രവർത്തിക്കണം. ചുരുക്കത്തിൽ എല്ലാ മേഖലയിലും ഹരിജന വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ഉറപ്പുവരുത്തിയെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ലക്ഷ്യ പ്രാപ്തിയിലേക്ക് എത്തിയ്ക്കുവാൻ കഴിയുകയു ള്ളൂ.

# കുടിവെള്ളവും പൊതുജനാരോഗ്യവും

മനുഷ്യമനസ്സിന്റെ ഉണർവ്വുള്ള പ്രവർത്തനത്തിന് അടിസ്ഥാനം ആരോഗ്യമാണല്ലോ. ആരോഗ്യമുള്ള ശരീരത്തിൽ മാത്രമേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. പകർച്ചവ്യാധികളും, ദാരിദ്ര്യജന്യമായ പല രോഗങ്ങളും ഈ പഞ്ചായത്തിൽ ചില പ്രദേശങ്ങളിലെ തീരാശാപമാണ്. കുടിവെള്ളമില്ലാത്ത കുന്നിൻ ചരിവുകളും, ജലനിർഗ്ഗമന മാർഗ്ഗങ്ങളില്ലാത്ത താണ പ്രദേശങ്ങളിലെ ചേരികളും, രോഗങ്ങളുടെ ഈറ്റില്ലമാണ്. എങ്കിൽ തന്നെയും ആവശ്യം വേണ്ട ബോധവൽക്കരണം എത്തിയതുകൊണ്ട് ജനന മരണ നിരക്കും, ശിശു മരണനിരക്കും കൂടുതലില്ല. പെരിയാർവാലി കനാൽ പോകുന്ന രണ്ടും, മൂന്നും നാലും വാർഡുകളിലും സബ് കനാൽ പോകുന്ന 10,11,12 ാം വാർഡുകളിലും ഉള്ള കിണറുകളിൽ താരതമ്യേന വേനൽക്കാലത്ത് വെള്ളം കാണാറുണ്ട്. മറ്റു പ്രദേശങ്ങളിൽ ഭൂരിഭാഗങ്ങളിലും വേനൽ തുടങ്ങുമ്പോൾ തന്നെ കിണറുകൾ വറ്റുന്നതു കാണാം. താങ്ങാനാവാത്ത ചെലവുകൾ കൊണ്ട് കുഴൽ കിണറുകൾ വ്യാപകമാക്കുവാൻ ബുദ്ധിമുട്ടുണ്ട്. ജലക്ഷാമം രൂക്ഷമാകുമ്പോൾ ലോറികളിൽ റവന്യൂ വകുപ്പ് ജലം കുറേയൊക്കെ എത്തിക്കാറുണ്ടെങ്കിലും ആ വകയിൽ എഴുതി തള്ളുന്ന രൂപ പൊതു ഖജനാവിന് താങ്ങാനാകാത്തതായിത്തീരുന്നു. മാത്രവുമല്ല ഇത്തരം അടിയന്തിര പ്രവർത്തനങ്ങൾ അഴിമതിയ്ക്കും, ദുർവ്യയവാസനയ്ക്കും വഴിവയ്ക്കുന്നതായി കണ്ടിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ഒരു ഹെൽത്ത് സെന്റർ ഒന്നും രണ്ടും വാർഡുകളിലെ അതിർത്തിയിലായി തൃക്കളത്തൂർ ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇതിന്റെ ഉപസെന്ററുകളായി മൂന്നെണ്ണം പായിപ്ര, മുളവൂർ, പേഴയ്ക്കാപ്പിള്ളി, പ്രദേശങ്ങളിലുമുണ്ട്. 6-ാം വാർഡിലെ സബ് സെന്ററിന് സ്വന്തമായി കെട്ടിടമില്ല. തന്മൂലം മരുന്ന് സപ്ലൈ ചെയ്യുവാൻ നിയമം അനുവദിയ്ക്കാത്തതുകൊണ്ട് ടി സെന്റർ പ്രവർത്തന രഹിതമാണ്. ഹെൽത്ത് സെന്ററിന്റേയും, സബ് സെന്ററിന്റേയും ഗുണഭോക്താക്കൾ ഏതാണ്ട് 21.5 ച.കി. മീറ്റർ വിസ്തൃതിയിൽ കഴിയുന്ന ജനവിഭാഗങ്ങളാണ്. എന്നാൽ യഥാർത്ഥ ഗുണഭോക്താക്കൾ അതിൽ ഏറെ കുറവാണ്. പ്രധാന കെട്ടിടം പണി പൂർത്തിയാക്കിയിട്ട് ഏറെ കാലമായില്ലെങ്കിലും നിർമ്മാണത്തിലെ അപാകതകൊണ്ട് മഴക്കാലത്ത് ചോർന്നൊലിച്ച് വൃത്തിഹീനമാവുകയാണ്. ഇലക്ട്രിക് കണക്ഷൻ ലഭിയ്ക്കാത്തതുകൊണ്ട് പുതിയതായി നിർമ്മിച്ച കെട്ടിടത്തിലേയ്ക്ക് ആശുപത്രിയുടെ പ്രധാന പ്രവർത്തന വിഭാഗം മുഴുവൻ മാറ്റുവാൻ കഴിഞ്ഞി ല്ല. ആവശ്യത്തിന് ഫർണീച്ചർ ഇല്ലയെന്നത കോമ്പൗണ്ട് വാൾ ഇല്ലാത്തതും ഈ സ്ഥാപനത നൊരപമാനമാണ്. മാത്രവുമല്ല സ്റ്റാഫിന് ആവിടെ ത സിച്ചു ജോലിചെയ്യുവാൻ ക്വാർട്ടേഴ്സ് പണി തീരാ തുകൊണ്ട് ഐ.പി. സ്റ്റാർട്ടു ചെയ്യുവാൻ കഴിഞ്ഞിട്ടി നിയമപ്രകാരം 7 ഹെൽത്ത് വിസിറ്റർമാർ വേണ്ടിടത 3 പേരാണുള്ളത്. കൃത്യനിർവ്വഹണത്തിൽ പാളിച്ച വ വാൻ ഇതു കാരണമാകുന്നു. അതുപോലെ ബേസി ഹെൽത്ത് വർക്കറുടെ തസ്തിക കൂടുതൽ ഉണ്ടാകണ ആശുപത്രി ഡെവലപ്മെന്റ് കമ്മറ്റി നല്ല നിലയി പ്രവർത്തിക്കുന്നുണ്ടെങ്കിലും കാലാവധി തീർന്നതിനാ ഇപ്പോൾ ആരുമില്ലാത്ത സ്ഥിതിയാണ്.

പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് കാമ്പസി ഒരു ആയുർവ്വേദ ആശുപത്രി താരതമ്യേന നല്ല നി യിൽ പ്രവർത്തിക്കുന്നുണ്ട്. മൂന്നോ നാലോ വാർഡ കേന്ദ്രീകരിച്ച് അലോപ്പതി, ആയുർവ്വേദ, ഹോമിയ ആശുപത്രികൾ തുടങ്ങേണ്ടതാണ്.

വിഷ ചികിത്സ, തിരുമ്മ് മർമ്മാണി ചികിത്സ രീതികൾ എന്നീ പരമ്പരാഗത ചികിത്സാ സമ്പ്രദാ ങ്ങൾ ഇവിടെ ചില ഭാഗങ്ങളിൽ കണ്ടുവരുന്നുണ 'ഒറ്റമൂലി പ്രയോഗം' അറിയാവുന്ന പരമ്പരാഗത വൈ ന്മാർ പഞ്ചായത്തിൽ ഉണ്ട്. ആധുനിക ചികിത്സാ രീ യുടെ ഇനത്തിൽ പിൻതള്ളപ്പെട്ട ഇത്തരക്കാര സംരക്ഷിക്കേണ്ടത് സാംസ്ക്കാരിക കേരളത്തനിമയ്ക് ആവശ്യമാണ്.

പൊതുജനാരോഗ്യസ്ഥിതികളുടെ ഒരു നവ ചിത്ര ഈ അവസരത്തിൽ കൂടുതൽ കാര്യങ്ങളിലേയ്ക് വെളിച്ചം എത്തുമെന്നു കരുതുന്നു.

## ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള ജനന |
|---|---|---|---|
| 1993 -94 | 607 | 105 | 24 |
| 1994 -95 | 515 | 84 | 16 |
| 1995 -96 | 320 | 52 | 11 |

## പകർച്ചവ്യാധികൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റു ഇന |
|---|---|---|---|---|
| 1993 - 94 | 35 | 25 | 10 | -- |
| 1994 - 95 | 32 | 21 | 7 | -- |
| 1995 - 96 | 56 | 18 | 5 | -- |

## ആരോഗ്യസ്ഥിതി വിവരങ്ങൾ

ആകെ വീടുകൾ 8700
- a. കോൺക്രീറ്റ് 3800
- b. ഓടിട്ടത് 4800
- c. ഓലമേഞ്ഞത് 75
- d. കുടിൽ 15

. കക്കൂസുള്ള വീടുകളുടെ എണ്ണം
- a. സെപ്റ്റിക് ടാങ്ക് 4600
- b. ഇ.എസ്.പി 3290
- c. മറ്റുള്ളവ 810

കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ്നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിചവയുടെ വയുടെ എണ്ണം | ഇനി കക്കൂസുകൾവേണ്ട |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 33 | 1 | 1 | 32 |
| II | 22 | 1 | 1 | 21 |
| III | 21 | 1 | 1 | 20 |
| IV | 84 | 8 | 8 | 76 |
| V | 41 | 13 | 13 | 28 |
| VI | 42 | 10 | 10 | 32 |
| VII | 46 | 2 | 2 | 44 |
| VIII | 29 | 2 | 2 | 27 |
| IX | 34 | - | - | 34 |
| X | 92 | 4 | 4 | 88 |
| XI | 52 | 4 | 4 | 48 |

3. കുടിവെള്ളസ്രോതസ്സ്
   - a. സാനിറ്ററി പെൽ 2800
   - b. സാധാരണ കിണർ 3210
   - c. പൈപ്പ് 1450
   - d. പൊതു വിതരണം 1060
4. തൊഴുത്ത്
   - a. വീടിനോടു ചേർന്ന് 3410
   - b. പ്രത്യേകിച്ച് 2190

   കമ്പോസ്റ്റ്കുഴി
   ഉള്ളത് 750
   ഇല്ലാത്ത് 7950

6. വൈദ്യുതി
   വൈദ്യുതീകരിച്ചത് 8300
   അല്ലാത്തവ 400
7. ജനസംഖ്യയിൽ കുട്ടികൾ 1406
8. അമ്മമാരുടെ എണ്ണം
   - a. 1 കുട്ടിയുള്ളവർ 958
   - b. 2 കുട്ടിയുള്ളവർ 1 404
   - c. 2ൽ കുടുതൽ കുട്ടിയുള്ളവർ 2099
9. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മ
   - a. 1 കുട്ടിയുള്ളവർ 70
   - b. 2 കുട്ടികൾ ഉള്ളവർ 781
   - c. 2 ൽ കുടുതൽ 2939
10. അംഗവൈകല്യമുള്ളവർ
   - a. അന്ധർ 6
   - b. ബധിരർ 10
   - c. മൂകർ 8
   - d. ബധിര മൂകർ 18

   e.ചലനവൈകല്യങ്ങൾ 12
11. മന്ദബുദ്ധികൾ ആകെ 26
12. സ്ഥായിയായ രോഗബാധിതർ
   - a. രത്കസമ്മർദ്ദം 4200
   - b. പ്രമേഹം 5320
   - c. കുഷ്ഠം 2
   - d. കാൻസർ 25
   - e. ക്ഷയം 75
   - f. ഹൃദ്രോഗം 62

13 ഒരു വയസ്സിനു താഴെയുള്ള കുട്ടികൾ 320, രോധ കുത്തിവയ്പ്പു നടത്തിയവർ 268, ആകെ ണികൾ 194

കഴിഞ്ഞ ഗ്രാമ സഭകളിൽ പങ്കെടുത്തവർ കുടിവെള്ളവും പൊതുജനാരോഗ്യവും സജീവമായി ചർച്ച ചെയ്തു. നിലവിലുള്ള സൗകര്യങ്ങൾ പരിമിതമാണെന്നും അടിയന്തിരമായി താഴെ പ്രസ്താവിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കണമെന്നും നിർദ്ദേശിച്ചു.

വാർഡ് I

1. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന വാട്ടർ സപ്ലൈ സ്കീം ഉടനടി പണി പൂർത്തിയാക്കണം.

2. ഹരിജൻ കോളനികളിലും മറ്റു രൂക്ഷമായ ജലദൗർല്ലഭ്യമുള്ള പ്രദേശങ്ങളിലും കുടിവെള്ളം എത്തിയ്ക്കുവാനോ, ജലസ്രോതസ്സുണ്ടാക്കുവാനോ ആവശ്യമായ സംവിധാനം ഉറപ്പുവരുത്തണം.

3. നിലവിലുള്ള 5 ചിറകളിലും ഏതാനും കുളങ്ങളിലും അറ്റകുറ്റപ്പണികൾ ചെയ്താൽ ജലം ഉണ്ടാകാൻ ഇടയുണ്ട്. അത് ഉടനടി ചെയ്യണം.

4. കക്കൂസ് ഇല്ലാത്ത ദുർബ്ബല വിഭാഗക്കാർക്ക് എല്ലാവർക്കും സബ്സിഡിയോടുകൂടി അതിന് സഹായം ചെയ്യണം. ശരിയായ ലക്ഷ്യത്തിനാണോ ഉപയോഗിച്ചത് എന്ന് ഉറപ്പു വരുത്തണം.

വാർഡ് II

1. നിലവിലുള്ള തൃക്കളത്തൂർ വാട്ടർ സപ്ലൈ സ്കീം അടിയന്തിരമായി പണി പൂർത്തിയാക്കുക.

2. വൈറൽ ഫിവർ, മഞ്ഞപ്പിത്തം, ചെങ്കണ്ണ് എന്നിവയക്ക് ഫലപ്രദമായ ചികിത്സാ സൗകര്യം വാർഡിലെ ഹെൽത്ത് സെന്ററിൽ ഉണ്ടാകണം.

3. നിലവിലുള്ള കിണറുകൾ കെട്ടി ക്ലോറിൻ ഒഴിച്ച് ജലം ശുദ്ധിയാക്കണം.

വാർഡ് III

1. പൊതു കിണറുകൾ നിലവിലുള്ളത് നന്നാക്കണം.

2. കക്കൂസ് ഇല്ലാത്ത ദുർബ്ബല വിഭാഗങ്ങൾക്ക് സബ്സിഡി കൊടുത്ത് കക്കൂസ്സ് നിർമ്മിക്കുവാനുള്ള സഹായം നൽകണം.

3. ലക്ഷം വീടിനടുത്ത് പൊതു ശ്മശാനം വേണം.

4. തേരാപ്പാറ കോളനിയിൽ സ്ഥിതി ചെയ്യുന്ന ടാങ്കിന്റെ പടിഞ്ഞാറു ഭാഗത്ത് പൊതു ടാപ്പുകൾ ഉണ്ടാക്കണം.

5. സബ് സെന്ററുകൾ ഈ വാർഡിന് ആത്യാവശ്യമാണ്.

വാർഡ് IV

1. അയ്യപ്പൻ കോളനി, മുടവൂർ കാർട്ടേഴ്സ് ഭാഗം, പച്ചേലിത്തടം എന്നിവിടങ്ങളിൽ വേനൽക്കാലത്ത് ജലക്ഷാമം കൂടുതലാണ്. അവിടെ കുഴൽ കിണർ നിർമ്മിക്കണം.

2. പെരിയാർവാലി കനാൽ മെയിന്റനൻസ് ചെയ്ത് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം.

3. ആശുപത്രിയുടെ ഒരു സബ് സെന്റർ ഇവിടെ സ്ഥാപിക്കണം.

4. മൂവാറ്റുപുഴ മുനിസിപ്പാലിറ്റി വക വളക്കുഴി പ്രദേശം ഈ വാർഡിന് പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നുണ്ട്. ടി വളക്കുഴി ഇവിടെ നിന്ന് മറ്റേതെങ്കിലും വിജന പ്രദേശത്തേയ്ക്ക് മാറ്റി സ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കുവാൻ അധികാര സ്ഥാനത്ത് സമ്മർദ്ദം ചെലുത്തണം.

5. അറവുശാലകളിലെ മാലിന്യം മാറ്റുവാൻ സംവിധാനം ഉണ്ടാക്കണം.

വാർഡ് V

1. ഗർഭിണികളേയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുവാൻ ഒരു ഹെൽത്ത് സെന്റർ ആവശ്യമാണ്. 5 സെന്റ് സ്ഥലം സൗജന്യമായി ലഭ്യമാകുവാൻ ഇടയുണ്ട്. അതിനാൽ ഇതിന്റെ നിർമ്മാണം അടിയന്തിരമായി തുടങ്ങുവാൻ കഴിയും.

2. അഴുക്കുചാലുകളിൽ കൃത്യമായി മരുന്നു തളിക്കണം.

3. ബന്ധപ്പെട്ട ആശുപത്രികളിൽ നിന്നും വിദഗ്ദ്ധരെ സംഘടിപ്പിച്ച് ഇവിടെ ആരോഗ്യ പരിപാലന സംബന്ധമായ ക്ലാസ്സുകൾ എടുപ്പിക്കണം.

4. ജലക്ഷാമം പരിഹരിക്കുവാൻ ഒരു മൈക്രോപദ്ധതി തുടങ്ങണം.

വാർഡ്VI

1. എള്ളുമല, കൂരിക്കാവ് എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാകാറുണ്ട്. തൃക്കളത്തൂർ ചിറയിൽ നിന്ന് വെള്ളമെടുത്ത് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടി ഈ പ്രശ്നം പരിഹരിക്കണം.

2. പുന്നോപ്പടിയിൽ ഒരു പി.എച്ച് സെന്റർ തുടങ്ങണം.

3. കുറഞ്ഞത് അഞ്ച് കുളിക്കടവ് സ്ഥാപിച്ച് തദ്ദേശവാസികൾക്ക് സൗകര്യമുണ്ടാക്കണം.

4. പൊതുവായ ഒരു ശ്മശാനം, ആവശ്യമായ സ്ഥലത്ത് കക്കൂസ്സ് എന്നിവ ഇവിടത്തുകാരുടെ ആവശ്യമാണ്.

വാർഡ് VII

1. 3 കി.മീ. എം.സി റോഡ്, 2 കി. മീ. ഉൾനാടൻ റോഡ് എന്നിവ കടന്നു പോകുന്ന ഒരു വാർഡാണിത്. ഓടകൾ ഉണ്ടെങ്കിലും പലപ്പോഴും വൃത്തിഹീനമായിട്ടാണ് കിടക്കുന്നത്. വർഷത്തിൽ മൂന്ന് തവണയെങ്കിലും ഓടകൾ ക്ലീൻ ചെയ്യണം.

2. വെയിസ്റ്റ് ബോക്സ് ആവശ്യത്തിന് [illegible]പിക്കണം.

3. ഗവ. ഹൈസ്കൂളിനു സമീപം സ്ഥിതി ചെയ്യുന്ന നെയ്യ് ഉരുക്കു സെന്റർ പരിസരമലിനീകരണം ഉണ്ടാക്കുന്നതുകൊണ്ട് നിർത്തുവാൻ വേണ്ടതു ചെയ്യണം.

4. രൂക്ഷമായ കുടിവെള്ള ക്ഷാമം വേനൽക്കാലത്ത്

ണ്ടാകുന്നതുകൊണ്ട് ചേന്നത്തടം വാട്ടർ സപ്ലൈ സ്കീ ിൽ നിന്ന് പരിധിയ്ക്കപ്പുറത്തേയ്ക്ക് വെള്ളം വിടുന്ന സമ്പ്രദായം മാറ്റി വാർഡിനുള്ളിൽ അതിന്റെ ജലല ്യത ഉണ്ടാകണം.

വാർഡ് VII

കുടിവെള്ളക്ഷാമം അതിരൂക്ഷമായ പ്രദേശമാണിത്. ള്ള കുഴൽക്കിണറുകൾ കൊണ്ട് വലിയ പ്രയോജനം ണ്ടായിട്ടില്ല. ജിയോളജിയ്ക്കൽ വിദഗ്ദ്ധന്മാരുടെ അഭി പ്രായപ്രകാരം ആവശ്യമായ പ്രദേശത്ത് കുഴൽക്കിണ റുകൾ നിർമ്മിക്കണം.

. കക്കൂസില്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടു ക്കണം.

. ഇവിടെ ജലജന്യ രോഗങ്ങൾ കണ്ടു വരുന്നു. അതിന് പരിഹാരമുണ്ടാക്കണം.

. പഞ്ചായത്തിന്റെ സഹായത്താൽ പൊതുകിണറുക ൾ കുഴിച്ച് (നിലവിലുള്ളവ കൂടാതെ ജലക്ഷാമം പരി ഹരിക്കണം.

വാർഡ്IX

. നിലവിലുള്ള കിണറുകളും കുളങ്ങളും കൂടുതൽ വെള്ളം കിട്ടുവാൻ തക്ക മെയിന്റനൻസ് നടത്തണം. കൽച്ചിറ, കുഴിയാം കുളങ്ങര, പരിതകുളം, പുതുശ്ശേരി പൊട്ട, മായവനക്കുളം എന്നിവയാണ് അടിയന്തിരമായി മെയിന്റനൻസ് ചെയ്യേണ്ടത്.)

2. എസ്റ്റേറ്റുംപടി പുളിനാകണ്ടം റോഡിൽ വാട്ടർ സപ്ലൈ സ്കീം കാര്യക്ഷമമാക്കണം.

3. ഹെൽത്ത് സബ് സെന്റർ സ്ഥാപിക്കണം.

വാർഡ് X

1. നിലവിൽ കുഴൽക്കിണറില്ല. വേണ്ട സ്ഥാനത്ത് കു ഴൽക്കിണർ നിർമ്മിക്കണം.

2. മുളവൂർ തോട്ടിൽ നിന്ന് വെള്ളം ലിഫ്റ്റ് ചെയ്തും ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന ഒരു വാട്ടർ സപ്ലൈ സ്കീം തുടങ്ങണം.

3. ഹെൽത്ത് സെന്റർ വളരെ അടിയന്തിരമായി തുട ങ്ങണം.

4. ഒരു I.C.D.P സെന്റർ തുടങ്ങണം.

5. ഹോമിയോ ചികിത്സയ്ക്ക് ഒരു ഡിസ്പെൻസറി വേണം.

വാർഡ് XI

1. കക്കൂസ് ആവശ്യത്തിനില്ല. അടിയന്തിരമായി ആവ ശ്യക്കാർക്ക് നിർമ്മിച്ചു കൊടുക്കണം.

2. കുടിവെള്ള ക്ഷാമം രൂക്ഷമായതിനാൽ പരിഹാരം കാണണം.

3. പരിസര മലിനീകരണം തടയുവാൻ വേണ്ട ഡ്രെയി നേജ് സംവിധാനം ഉണ്ടാക്കണം.

വാർഡ് XII

1. ഒരി ഹെൽത്ത് സെന്റർ വേണം.

2. അംഗൻ വാടി ഉണ്ടായിരുന്നത് പുനരാരംഭിയ്ക്കണം

3. കളിസ്ഥലം ഉണ്ടായിരുന്നത് ചില തൽപ്പരകക്ഷികൾ കൈവശപ്പെടുത്തി. അത് പഞ്ചായത്തിന് വിട്ടു കിട്ട ണം.

4. ഏതാനും കുഴൽക്കിണറുകൾ നിർമ്മിക്കണം.

വാർഡ് XIII

1. മിനി വാട്ടർ സപ്ലൈ സ്കീം ഉണ്ടാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കണം.

2. മുളവൂർ തോട്ടിൽ നിന്ന് വെള്ളം ലിഫ്റ്റ് ചെയ്ത് ശുദ്ധമാക്കി ഈ വാർഡിലും എത്തിക്കണം.

3. ലക്ഷം വീട് കോളനിയിലെ കിണറ് നന്നാക്കണം.

4. ഹെൽത്ത് സെന്റർ തുടങ്ങണം.

പൊതു നിർദേശങ്ങൾ

1. കക്കൂസ്സ് സൗജന്യമായി ഉണ്ടാക്കി കൊടുക്കണം.

2. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഈ പഞ്ചായ ത്തിൽ 100 കിടക്കകളോടുകൂടിയ ഐ.പി. സെന്റർ ആയി മാറ്റുവാൻ വളരെയേറെ ബാധ്യതയുണ്ട്. അടിയന്തിര മായി ഈ പ്രവർത്തനം ആരംഭിയ്ക്കണം.

3. രോഗികൾക്ക് ആവശ്യത്തിനു കൊടുക്കുവാനുള്ള മരുന്നുകൾ ഇവിടെയില്ല എന്ന പോരായ്മയാണുള്ളത്. അതോടൊപ്പം ആശുപത്രിയുടെ ഭൗതിക സൗകര്യ ങ്ങൾ വർദ്ധിപ്പിക്കണം.

# സഹകരണമേഖല

എഴുപത്തിയഞ്ച് വർഷങ്ങൾക്കു മുമ്പ് നമ്മുടെ പഞ്ചായത്തിൽ സഹകരണമേഖലയ്ക്ക് അടിത്തറ പാകിയിട്ടുണ്ട്. മൺമറഞ്ഞ പ്രഗത്ഭരായ സഹകാരികൾ തുടങ്ങി വച്ച പ്രവർത്തനങ്ങളാണ് സഹകരണ മേഖലയെ അഭൂതപൂർവ്വമായ പുരോഗതിയിലേയ്ക്ക് എത്തിച്ചത്. ഈ പഞ്ചായത്തിൽ രണ്ടു സർവ്വീസ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ തൃക്കളത്തൂരുള്ള സംഘം ബാങ്കായി ഉയർന്നു. അതിന്റെ പ്ലാറ്റിനം ജൂബിലി ഈ വർഷം ആഘോഷിക്കുകയാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന പായിപ്ര സഹകരണസംഘമാണ് മറ്റൊന്ന്. കൂടാതെ നെല്ലുല്പാദക സഹകരണസംഘം, മാർക്കറ്റിംഗ് സൊസൈറ്റി, പാൽ സൊസൈറ്റി, കേര, റബ്ബർ സഹകരണ സംഘങ്ങൾ, കോൺക്രീറ്റ് ഉല്പന്ന നിർമ്മാണ വ്യവസായ സംഘം എന്നിങ്ങനെ വിവിധയിനം സഹകരണ മേഖലകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വെള്ളൂർക്കുന്നത്തു പ്രവർത്തിക്കുന്ന കാർഷിക സഹകരണ ബാങ്ക്, മൂവാറ്റുപുഴയിലെ കാർഷിക വികസന ബാങ്ക്, ഭവന നിർമ്മാണ സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നും വിവിധയിനം വായ്പാ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലെ താമസക്കാർക്ക് ലഭിച്ചിട്ടുണ്ട്. പായിപ്ര, തൃക്കളത്തൂർ എന്നീ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സർവ്വീസ് സഹകരണ സ്ഥാപനങ്ങളാണ് വിവിധയിനം വായ്പകൾ സഹകാരികൾക്ക് നൽകിക്കൊണ്ടിരിക്കുന്നത്.

## സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

### സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 145
### തൃക്കളത്തൂർ

| | |
|---|---|
| ആകെ അംഗങ്ങൾ | 4500 |
| അംഗീകൃത ഓഹരി മൂലധനം | 55 ലക്ഷം |
| സർക്കാർ ഓഹരി | 97000 |
| പരമാവധി കടം എടുക്കാവുന്ന തുക | 4 കോടി |
| നിക്ഷേപങ്ങൾ സ്വീകരിച്ചത് | 14761600 |

### നൽകിയിട്ടുള്ള വായ്പകൾ

| | |
|---|---|
| കാർഷികം | 828000 |
| മധ്യകാല വായ്പ | 252900 |
| സാധാരണ മധ്യകാലം | 86200 |
| കക്കൂസ്സ് | 106200 |
| വ്യവസായം | 22300 |
| സ്വയം തൊഴിൽ | 97700 |
| വിദ്യാഭ്യാസം | 745 |
| നിക്ഷേപ വായ്പ | 387000 |

### പ്രത്യേക വായ്പകൾ

| | |
|---|---|
| സ്വർണ്ണപണയം | 280000 |
| സാധാരണ വായ്പ | 6123000 |
| തുണി വായ്പ | 4440 |
| കുടുംബക്ഷേമ വായ്പ | 41100 |
| ടൂവീലർ | 170500 |
| ഗൃഹോപകരണം | 19000 |
| വസ്തുവാങ്ങാൻ | 1500000 |

### സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 679
### പായിപ്ര

| | |
|---|---|
| ആകെ അംഗങ്ങൾ | 4509 |
| അംഗീകൃത ഓഹരി മൂലധനം | 3000000 |
| സർക്കാർ ഓഹരി | 100000 |
| പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | 3291833 |

### നൽകിയിട്ടുള്ള വായ്പകൾ

കാർഷികം

| | |
|---|---|
| S.T. | 6891695.00 |
| M.T. | 226909.00 |
| O.L.L.T | 124808.00 |

### മറ്റു വായ്പകൾ

| | |
|---|---|
| O.L. | 596258.00 |
| H.L. | 1738159.00 |

| | |
|---|---|
| S.E.L. | 5942.00 |
| D.C.B.O.L. | 5584879.00 |

**പ്രത്യേക വായ്പകൾ**

| | |
|---|---|
| I.R.D.P. | 1316661.00 |
| Eld | 3712.00 |

മൂവാറ്റുപുഴ കാർഷിക വികസന ബാങ്ക്
നൽകിയ വായ്പകൾ

| എത്രപേർക്ക് | ഏതിനംനൽകിയ | തുക |
|---|---|---|
| 594 | S.T | 6891695.00 |
| 33 | M.T. | 226907.00 |
| 76 | O.L.L.T | 124808.00 |
| 175 | O.L. | 596258.00 |
| 76 | H.L. | 1738159.00 |
| 4 | S.E.L. | 5942.00 |
| 962 | D.C.B.O.L | 5584879.00 |
| 118 | I.R.D.P. | 1316661.00 |
| 5 | Eld | 3712.00 |
| | F.D. Loan | 230742.00 |
| ആകെ | | 16719763.00 |

## ഹൗസിംഗ് സഹകരണ സംഘം

| എത്രപേർക്ക് | ഏത് ഇനം | വായ്പനൽകിയ തുക |
|---|---|---|
| 76 | H.L. | 1738159.00 |

' മുഗൾ 'എന്ന പേരിൽ ഈ പഞ്ചായത്തിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കൂടുതൽ പേർക്ക് ഉപയുക്തമാക്കി തീർക്കണം.

പഞ്ചായത്ത് അടിസ്ഥാനത്തിൽ ഹെഡ് ക്വാർട്ടേഴ്സ് കേന്ദ്രീകരിച്ച് ഒരു 'Multi Purpose'- സഹകരണ സംഘം സ്ഥാപിക്കണം. എല്ലാ വാർഡുകളിലും കേരസമിതി കാര്യക്ഷമമായി പ്രവർത്തിക്കണം. കക്ഷി രാഷ്ട്രീയത്തിനതീതമായി സഹകാരികളുടെ കൂട്ടായ യത്നം സഹകരണ മേഖലയെ നമുക്ക് വലിയ പ്രസ്ഥാനമാക്കി മാറ്റുവാൻ കഴിയും.

# വ്യവസായം

വ്യാവസായികമായി പൊതുവേ ഉണർവ്വില്ലാത്ത ഒരു പ്രദേശമാണ് പായിപ്ര. ജല, വൈദ്യുത വിഭവങ്ങളുടെ ദൗർല്ലഭ്യമാണ് വ്യാവസായിക വളർച്ചയ്ക്ക് മുരടിപ്പുണ്ടാക്കുന്നത്. പരമ്പരാഗതമായി കൃഷി ഉപജീവനമായി സ്വീകരിച്ചു വരുന്ന ജനതയ്ക്ക് വ്യാവസായിക വിപ്ലവത്തിലേയ്ക്ക് വഴി തിരിഞ്ഞു പോകാൻ ബാങ്കുകളുടേയും, സർക്കാർ ധനസഹായ സ്ഥാപനങ്ങളുടേയും നിലവിലുള്ള നിയമക്കുരുക്കുകൾ കൊണ്ട് കഴിയുന്നില്ല. എങ്കിൽ തന്നെയും പ്രവർത്തനം തുടർന്നു കൊണ്ടിരിക്കുന്ന ചില ചെറിയ യൂണിറ്റുകൾ ഇവിടെയുണ്ട്.

## നിലവിലുള്ള വ്യവസായങ്ങൾ

- എല്ലുപൊടി കമ്പനി, (വാർഡ് II)
- സോഡിയാക് പോളിമേഴ്സ്
- റബ്ബർ ചിരട്ട നിർമ്മാണം), (വാർഡ് II)
- ട്രാവൻകൂർ ചിപ്പ്സ്
- (ഫുഡ് പ്രോഡക്റ്റ്സ്) (വാർഡ് II)
- ബസ്സ് ബോഡി യൂണിറ്റ് (വാർഡ് II)
- രണ്ടു പ്രിന്റിംഗ് പ്രസ്സുകൾ, ബൈന്റിംഗ് യൂണിറ്റുകൾ (വാർഡ് II,I)
- രണ്ടു ക്രഷറുകൾ, (വാർഡ് II,XII )
- പ്ലാസ്റ്റിക് കൂടു നിർമ്മാണ യൂണിറ്റ്, (വാർഡ് X)
- ഒരു ഓട്ടു കമ്പനി (VI) (തദ്ദേശവാസികൾക്ക് ഇവിടെ നിയമനം അപ്രാപ്യമാണ്)
- ഓയിൽ മില്ലുകൾ (വിവിധ വാർഡുകൾ)
- ഒരു തീപ്പെട്ടി കമ്പനി (V)

മെട്രോളാ എന്ന പേരിൽ ഒരു ഇരുമ്പ് കമ്പനി (വാർഡ് IX) സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തനം തുടങ്ങുവാൻ പോകുന്നു. പ്രവർത്തിച്ചു കൊണ്ടിരുന്ന ഒരു തീപ്പെട്ടി കമ്പനിയും (വാർഡ് VII) ഒരു ഡ്രസ്സ് കമ്പനിയും (വാർഡ് III) കുറേ നാളുകളായി പൂട്ടി കിടക്കുകയാണ്. അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവ്, ഉല്പാദന വിപണന രംഗത്തെ മത്സരങ്ങൾ, സാങ്കേതിക വൈദഗ്ധ്യമുള്ള തൊഴിലാളികളുടെ കുറവുകൾ എന്നിവയെല്ലാം വ്യവസായം നഷ്ടത്തിലാകാൻ ഇടയാകുന്നു. സാമ്പത്തികശേഷിയുള്ളവർ വ്യവസായ രംഗത്തു മുതൽ മുടക്കുവാൻ മടി കാണിക്കുന്നുണ്ട്. ബാങ്ക് ലോൺ എടുത്ത് വ്യവസായം തുടങ്ങിയ ചില യൂണിറ്റുകൾ കടക്കെണിയിൽ കുടുങ്ങി വ്യവസായം നിറുത്തിയിട്ടുണ്ടെന്നറിയുന്നു. വൈദ്യുതു വിതരണത്തിലെ അപാകതകൾ, വൈദ്യുതി കണക്ഷൻ കിട്ടുവാനുള്ള കാലതാമസം എന്നിവയെല്ലാം ഉള്ള വ്യവസായങ്ങൾ നഷ്ടത്തിലോടുവാൻ കൂടുതൽ കാരണമാകുന്നു.

## സാധ്യതകൾ

കൃഷിയും കാലി വളർത്തലും കുലത്തൊഴിലായി ഉപജീവനം നടത്തുന്ന ഇന്നാട്ടിൽ അതുമായി ബന്ധപ്പെട്ട നിരവധി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ വിപുലമായ സാധ്യതയുണ്ട്. അതോടൊപ്പം മൺമറഞ്ഞുകൊണ്ടിരിക്കുന്ന നിരവധി പരമ്പരാഗത കുടിൽ വ്യവസായങ്ങൾ പുനരുദ്ധരിക്കേണ്ടതുമാണ്. പിന്നോക്കം നിൽക്കുന്ന അഭ്യസ്ഥവിദ്യരേയുള്ള വനിതകളുടെ ഉന്നമനത്തിനായി എല്ലാ വാർഡുകളിലും വനിതാവ്യവസായ യൂണിറ്റുകൾ തുടങ്ങേണ്ടതാണ്. നല്ല നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഇവിടെയുണ്ട്. അവയുടെ സാമ്പത്തികശേഷിക്കനുസരിച്ച് വ്യവസായ രംഗത്ത് മുതൽ മുടക്കിയാൽ സഹകരണാടിസ്ഥാനത്തിലുള്ള ഏതാനും യൂണിറ്റുകൾ പ്രവർത്തിക്കുവാനാകും.

ഗ്രാമങ്ങളിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾ കണക്കിലെടുത്തു കൊണ്ട് താഴെ വിവരിക്കുന്ന വ്യവസായ യൂണിറ്റുകൾ അടിയന്തിരമായി പദ്ധതി വിഹിതവും വിഭവ സമാഹരണവും നടത്തി തുടങ്ങേണ്ടതാണ്.

വാർഡ് 1

പൈനാപ്പിൾ ജൂസ് യൂണിറ്റ്

റബ്ബർ പാൽ സംഭരണം, റബ്ബർ ഉല്പന്നം എന്നിവയുടെ യൂണിറ്റ്.

കയറും കയറുല്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റ്.

വാർഡ് 2

പാത്ര നിർമ്മാണം, പപ്പട നിർമ്മാണം, തഴപ്പായ, ബുക്ക് ബൈൻഡിംഗ് യൂണിറ്റുകൾ

റബ്ബർ പാൽസംഭരണം, റബ്ബറുല്പന്നം

പൈനാപ്പിൾ ജൂസ്

വാർഡ് 3

റബ്ബർ വർക്സ്, സിമന്റിഷ്ടിക നിർമ്മാണംഎന്നിവ നിലവിലുള്ളത് വിപുലപ്പെടുത്തണം.

നിലവിലുള്ള ഫർണ്ണിച്ചർ യൂണിറ്റുകൾക്ക് പുത്തൻ സാങ്കേതിക യന്ത്രങ്ങൾ സബ്സിഡി റെയ്റ്റിൽ സഹായം നൽകി വിപുലപ്പെടുത്തണം.

സഹകരണാടിസ്ഥാനത്തിൽ ഒരു തീപ്പെട്ടി നിർമ്മാണശാല തുടങ്ങുവാൻ സാധ്യതയുണ്ട്. (സ്ഥലം സ്വന്തമായിട്ടുണ്ട്.)

വാർഡ് 4

തയ്യൽ സ്കൂൾ, മെഴുകുതിരി നിർമ്മാണം, വസ്ത്ര നിർമ്മാണം, ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്, റബ്ബർ ബാൻഡ്, പൂജാസാധനങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് എന്നിവ തുടങ്ങുവാൻ പാർട്ണർഷിപ്പ് വ്യവസ്ഥയിലും, സഹകരണാടിസ്ഥാനത്തിലും താല്പര്യമുള്ളവർ ഉണ്ട്. അതിനാൽ അത്തരം വ്യവസായങ്ങൾ തുടങ്ങണം.

വാർഡ് 5

. ആധുനിക രീതിയിലുള്ള ഫ്രീസറിംഗ് സർവ്വീസോടു കൂടിയ ഒരു മത്സ്യ മാർക്കറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുന്നത് കൂടുതൽ പേർക്ക് ആ രംഗത്ത് നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും. തന്മൂലം പഞ്ചായത്ത് വരുമാനം വർദ്ധിപ്പിയ്ക്കാം.

റബ്ബർ ഉല്പന്ന യൂണിറ്റ്.

സഹകരണാടിസ്ഥാനത്തിൽ ടാറിംഗ് തൊഴിലാളികളെ ഏകോപിപ്പിച്ചു കൊണ്ട് തുടങ്ങാവുന്ന കൺസ്ട്രക്ഷൻ കമ്പനി.

4. D.W.C.R.A. പ്രകാരം ഗ്രൂപ്പടിസ്ഥാനത്തിൽ തുടങ്ങാവുന്ന വനിതാ യൂണിറ്റ്.

വാർഡ് 6

1. ഹോളോബ്രിക്സ്, ബുക്ക് ബൈൻഡിംഗ്, ഫുഡ് പ്രോഡക്ട്സ് പാക്കറ്റുകളിൽ ആക്കുന്ന യൂണിറ്റ് എന്നിവ തുടങ്ങണം.
2. കാർഷിക ഉപകരണങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്.
3. മെഴുകുതിരി നിർമ്മാണ യൂണിറ്റ്.

വാർഡ് 7

1. പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് വാർഡ് ആയതിനാൽ പഞ്ചായത്തു കാമ്പസിൽ വ്യവസായ യൂണിറ്റു തുടങ്ങണം.

വാർഡു 8

1. സോപ്പു നിർമ്മാണ ഫാക്ടറി.
2. നെയ്ത്തുശാലകൾ, എംബ്രോയ്ഡറി യൂണിറ്റ് , തയ്യൽ യൂണിറ്റുകൾ എന്നിവ.

വാർഡ് 9

ഹോളോബ്രിക്സ് യൂണിറ്റ് നിലവിലുണ്ട്.

1. കൊപ്രസംഭരണ കേന്ദ്രം തുടങ്ങണം.
2. അന്ധരെ സംരക്ഷിക്കുന്നതിന് അവർക്കു പറ്റിയ ചെറിയ യൂണിറ്റുകൾ തുടങ്ങണം.
3. സുഗന്ധ വസ്തുക്കൾ (ഇഞ്ചി, കച്ചോലം, കുരുമുളക്, ജാതി, ഗ്രാമ്പൂ) കൊണ്ട് ഉണ്ടാക്കാവുന്ന യൂണിറ്റുകൾ.
4. റബ്ബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്.

വാർഡ് 10

1. പ്ലാസ്റ്റിക് നിർമ്മാണ യൂണിറ്റുകൾ. (നിലവിലുള്ളത്)
2. റെഡിമെയ്ഡ് വ്യവസായ യൂണിറ്റ്.
3. ഇളനീർ, തേങ്ങ, പൈനാപ്പിൾ ഉല്പന്നങ്ങളുടെ യൂണിറ്റ്.
4. ഫർണിച്ചർ, ഹോളോബ്രിക്സ്, റബ്ബറുല്പന്നങ്ങൾ,
5. തയ്യൽ കേന്ദ്രങ്ങൾ.
6. ചൂരൽ, മുള, ഈറ്റകൊണ്ടുള്ള യൂണിറ്റ്.
7. തേനീച്ച വളർത്തൽ.
8. പശുവിൻ പാലുകൊണ്ടു നിർമ്മിക്കുന്ന വിവിധ

യിനം ഉല്പന്നങ്ങൾ.

ബ്ലോക്ക്, ജില്ലാ പഞ്ചായത്തു തലത്തിൽ ചെയ്യേണ്ടത്. കരിങ്കൽ കീറി, വേലിക്കല്ല്, വിരിക്കല്ല് എന്നിവ ഉണ്ടാക്കുകയും പോളീഷ് ചെയ്ത് ഗ്രാനൈറ്റ് വ്യവസായം വളർത്തിയെടുക്കുകയും ചെയ്യാവുന്ന മുതൽ മുടക്ക് കൂടുതലുള്ള വ്യവസായ യൂണിറ്റ്.

വാർഡ് 11

1. കേരവും, കേരോല്പന്നങ്ങളും കൊണ്ടുള്ള യൂണിറ്റ്.
2. ചിപ്പ്സ് നിർമ്മാണം.
3. വെട്ടുകല്ല്, യന്ത്രത്തിന്റെ സഹായത്താൽ വെട്ടിക്കൊടക്കുന്ന യൂണിറ്റ്.

വാർഡ് 12

1. പാത്ര നിർമ്മാണ യൂണിറ്റ്
2. ഫർണിച്ചർ നിർമ്മാണം.
3. റെഡിമെയ്ഡ് യൂണിറ്റ്
4. കാലിത്തീറ്റ ഫാക്ടറി.

വാർഡ് 13

1. തടി, ബീഡി, കൈത്തറി തുടങ്ങിയ യൂണിറ്റ്.
2. എംബ്രോയിഡറി & ടെയിലറിംഗ് യൂണിറ്റ്.
3. പാലുല്പന്നങ്ങളുടെ യൂണിറ്റ്.

# മാർക്കററ്


ഈ പഞ്ചായത്തിൽ കാർഷിക മൃഗ സംരക്ഷണ പ്രവർത്തനങ്ങളുടെ ഉദ്പാദന വിഭവങ്ങൾ ആവശ്യക്കാർക്ക് യഥാസമയം ലഭിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ സൗകര്യം പരിമിതമാണ് വിസ്തൃതമായ ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയനുസരിച്ച് ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് വേണ്ടത്ര സൗകര്യപ്രദമായ വുപണന ശ്രംഖലയില്ല

പഞ്ചായത്തിന്റെ എല്ലാ വാർഡുകളെയും കേന്ദ്രീകരിച്ച് സംഭരണ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും എല്ലാറ്റിനേയും കേന്ദ്രീകരിച്ച് ഒരു ഹെഡ്കാർട്ടേഴ്സ് സ്ഥാപിച്ച് ഈ പഞ്ചായത്തിലെ ജനബാഹുല്യം കൂടിയ പായിപ്ര കവലയിൽ

ഒരു പൊതു മാർക്കറ്റ് സംഭരണ വിതരണത്തിന് രൂപം നല്കാവുന്നതാണ് .മാർക്കറ്റ് സുഗമമായ പ്രവർത്തിക്കുന്നതിനും അതോടനുബന്ധിച്ച ഗതാഗതക്കുരുക്കുകൾ വരാതെ വാഹനങ്ങൾ പാർക്കു ചെയ്യേണ്ടതിനും വേണ്ട സംവിധാനം ഉണ്ടാകേണ്ടതാണ്.

# ഭവനനിർമ്മാണം സാമൂഹ്യസേവനം

സ്വന്തമായി പാർപ്പിടവും, ജനങ്ങൾക്കാകെ ചികത്സാ സൗകര്യങ്ങളും ഏർപ്പെടുത്തുമ്പേൾ മാത്രമാണ് സോഷ്യലിസത്തിന്റെ ആദ്യപടി പൂർത്തിയാവുക. ആ ഘട്ടത്തിലേയ്ക്ക് നാം ഇനിയും എത്തേണ്ടിയിരിക്കുന്നു. ഉച്ചനീചത്വങ്ങൾ പെരുപ്പിക്കുവാനല്ല കുറയ്ക്കുവാനാണ് നാം നോക്കേണ്ടത്. അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാകാത്ത ജനത, രാഷ്ട്രത്തിന് അപജയമാണല്ലോ. അവിടെ നിന്നാണ് വെറുപ്പും വിദ്വേഷവും, പകയും തീവ്രവാദവും, വിഘടനവാദവുമെല്ലാം ഉണ്ടാകുന്നത്. രാജീവ് ദശലക്ഷം പാർപ്പിട സൗകര്യങ്ങൾ തുടങ്ങിവച്ചത് ഈ ലക്ഷ്യം പൂർത്തിയാക്കുവാൻ വേണ്ടിയാണ്. പക്ഷേ നാം അതിന്റെയെല്ലാം പാതകൾ ഒരുക്കുകമാത്രമാണ് ചെയ്തിട്ടുള്ളത്. പായിപ്ര പഞ്ചായത്തിന്റെ സർവ്വേ അനുസരിച്ച് ഏതാണ്ട് 8700 ഓളം വീടുകളുണ്ട്. കോൺക്രീറ്റ് വീടുകളുടെ എണ്ണം പൊതുവെ കുറവാണ്. ഓടിട്ടതും,ഓലമേഞ്ഞതുമായ വീടുകളാണ് അധികവും. ഓലമേഞ്ഞ വീടുകൾ മാത്രം 90 എണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. I.R.D.P. സർവ്വേ പ്രകാരം 2458 വീടുകൾ ദാരിദ്രരേഖയക്ക് താഴെ കഴിയുന്നവരാണ് അതിൽ 22 വീടുകൾക്ക് മാത്രമാണ് പഞ്ചായത്തിൽ നിന്നും സഹായം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളു. സർവ്വീസ് സഹകരണ ബാങ്കുകൾ (തൃക്കളത്തൂർ, പായിപ്ര, കാർഷിക വികസന ബാങ്ക് (മൂവാറ്റുപുഴ), ഭവന നിർമ്മാണ സൊസൈറ്റി (മൂവാറ്റുപുഴ) എന്നി സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിച്ച് വീടുണ്ടാക്കിയ കുറേ ആളുകൾ ഉണ്ട്. കാർഷിക വികസന ബാങ്കിൽ നിന്നും 1,20,000 രൂപ റൂറൽ ഹൗസിങ്ങ് സ്കീം ഇനത്തിൽ ഇവിടെ കുറേ പേർക്ക് ലഭിച്ചിട്ടുണ്ട്. അതുപോലെ മൂവാറ്റുപുഴ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും 44 വീടുകൾക്കായി 35,39,000 രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ രണ്ട് സർവ്വീസ് സഹകരണ സംഘങ്ങൾ ആകെ 33,80,559 രൂപ ഭവന നിർമ്മാണ വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അതുകൂടാതെ സഹകരണ സംഘങ്ങൾ തന്നെ I.R.D.P.സ്കീം പ്രകാരമുള്ള കുറേ ലോണുകളും നൽകിയിട്ടുണ്ട്. ബഹുമുഖ സ്രോതസ്സുകളിൽ നിന്നും കിട്ടിയിട്ടുള്ള സഹായം ആകെ കൂട്ടിനോക്കുമ്പോൾ ജനസംഖ്യാനുപാതത്തിൽ ഇത് വളരെ പരിമിതമാണെന്ന് കാണാം.



വളരെ പഴക്കം ചെന്നതും, ആഗ്രഹത്തിനനുസരിച്ചുള്ള കാര്യങ്ങൾ ഇല്ലാത്തതും, ഉറപ്പ് കുറഞ്ഞതും മാകയാൽ പുതുക്കിപണിയുവാൻ താല്പര്യമുള്ളവർ ധാരാളമുണ്ട്. ഇത്തരക്കാരെ കണ്ടെത്തി ആവശ്യമായ സഹായങ്ങൾ നൽകേണ്ടിയിരിക്കുന്നു. പാർപ്പിടം ഇല്ലാത്തവർക്ക് അടിയന്തിരമായി പാർപ്പിട സൗകര്യങ്ങൾ ഉണ്ടാക്കണം. പല സ്കീമുകളിലായി കഴിഞ്ഞകാലങ്ങളിൽ വീട് അനുവദിച്ച് കിട്ടിയവർക്ക്, തങ്ങളുടെ വീടുകൾ സംരക്ഷിച്ച് നിലനിർത്തുന്നതിനു വേണ്ടി ആവശ്യമായ മെയന്റനൻസ് സഹായം എത്തിക്കേണ്ടതാണ്.

തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ നീണ്ടനിരകളാണ് ഈ പഞ്ചായത്തിലുടനീളം കാണുവാൻകഴിയുന്നത്. ചില വാർഡുകളിൽ അഭ്യസ്ഥ വിദ്യരേറെ തൊഴിൽ രഹിതരാണെന്നു കാണാം. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ അംഗുലി പരിമിതമാണ്. "ട്രൈസം" സ്കീം പ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർ ഏതാണ്ട് 75 പേരുണ്ട്. അവരെല്ലാം പരിശീലനം കഴിഞ്ഞ് വീണ്ടും തൊഴിൽ രഹിതരായി തീർന്നിരിക്കുകയാണ്. ഇതിലൊന്നും പെടാത്ത തൊഴിലറിയാത്ത ചെറുപ്പക്കാരുടെ

I.R.D.P. സർവ്വെപ്രകാരം ദരിദ്ര രേഖക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് | സർവ്വെ പ്രകാരം ആകെ കുടുംബങ്ങൾ | SC/ST | സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര രേഖക്ക് മുകളിൽ എത്തിയവർ | ദാരിദ്ര രേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 13 | 2458 | 22 | 288 | 41 | 208 | 2458 |

ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം
(I.R.D.P. സർവ്വേപ്രകാരം)

| ആകെ വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാകാത്തത് (അനുവദിച്ചതിൽ) | ഇനി അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 13 | 545 | 21 | 18 | - | 524 |

എണ്ണം സഹിക്കാനാവത്തതാണ്. D.W.C.R.A. പ്രകാരം ഈ പഞ്ചായത്തിൽ തൊഴിൽ ലഭിച്ചവർ 27 പേരുമാത്രമേയുള്ളു. വനിതാരംഗത്ത് ഈ അവസ്ഥ നമുക്ക് ഭൂഷണമല്ല. മൂവാറ്റുപുഴ സാമൂഹ്യ സേവന വിഭാഗത്തിന്റെ കണക്കനുസരിച്ച് ദുർബ്ബല വിഭാഗങ്ങളിൽ വീടാവശ്യമുള്ളവരുടെ എണ്ണം 545 ആണ്. അതിൽ അവിടെ നിന്നും വിവിധ പരിപാടികളിലായി പാർപ്പിട സൗകര്യം കിട്ടിയതാകട്ടെ വെറും 21 പേർ മാത്രം. ഇനിയും പാർപ്പിട സൗകര്യം ലഭിക്കേണ്ടവർ 524 പേരുണ്ട്. പദ്ധതികൾ ഏറെ നടത്തിയിട്ടും ഈ അവസ്ഥ നമുക്ക് മാറ്റുവാൻ കഴിഞ്ഞിട്ടില്ല. കക്കൂസുകൾ ആരോഗ്യത്തെ ബാധിക്കുന്ന ഒരു പ്രധാനഘടകമായതിനാൽ പാർപ്പിടത്തോടൊപ്പം കക്കൂസ് നിർമ്മാണത്തിനും നാം പ്രാധാന്യം നൽകേണ്ടതാണ്. വീടനുവദിക്കുമ്പോൾ അതോടൊപ്പം തന്നെ കക്കൂസിനുള്ള ഫണ്ടും നല്കി കൂട്ടായി പണിപൂർത്തിയാക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തി ചെയ്ത പണികൾ കുറ്റമറ്റതാക്കണം.

ഗ്രാമീണ കൈത്തൊഴിലാളികളെ അവഗണിക്കുന്ന രീതിയായിരുന്നു നാം തുടർന്നു വന്നത്. അതിനുപോൽബല കമാണ് മൂവാറ്റുപുഴ ബ്ലോക്കിൽ നിന്നും അവർക്കു ലഭിച്ച സഹായത്തിന്റെ കണക്ക്. വിവിധ മേഖലകളിലായി 23 കൈത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരെ I.R.D.P.സർവ്വെ പ്രകാരം കണ്ടെത്തുവാനായിട്ടുണ്ട്. എന്നാൽ അത്തരക്കാരിൽ സഹായം ലഭ്യമായവരുടെ കണക്ക് വെറു 12 മാത്രമാണ്. 225 ആളുകൾക്ക് ഇനിയും സഹായം ലഭ്യമാ കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇരുപതേക്കറോളം മിച്ചഭൂ മി ഉണ്ടെന്നാണ് കണക്ക്. സ്വന്തമായി സ്ഥലമില്ലാത്ത ദുർബ്ബ ലവിഭാഗങ്ങൾക്ക് ഈ മിച്ച ഭൂമി വിതരണം ചെയ്ത് പാർപ്പിട സൗകര്യം ഉണ്ടാക്കി കൊടുക്കേണ്ടതാണ്. അതേപോലെ തരിശു ഭൂമികളും, പുറമ്പോക്കു ഭൂമികളും കണ്ടെത്തി സർക്കാ രിന്റെ തനതായ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി കഴിച്ച് ബാക്കി വരുന്നത് ദുർബ്ബല വിഭാഗങ്ങൾക്ക് വിതരണം ചെയ്താൽ പാർപ്പിട സൗകര്യത്തിന് ഒരു പരിധി വരെ പരിഹാരം കാണുവാൻ കഴിയും. പാർപ്പിട സൗകര്യം നൽകുമ്പോൾ വിധവകൾ, അഗതികൾ, അശരണർ, വിക ലാംഗർ തുടങ്ങിയവർക്ക് മുൻഗണന നൽകണം.

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന അഭിപ്രായങ്ങളുടെ ക്രോഡീകരണം.

## ഭവനനിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP) സർവ്വേപ്രകാരം | വിവിധ പരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീ കരിക്കാനുള്ള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1. | 2 | 3 | 4 | 5 | 6 |
| I | 53 | 1 | 1 | - | 53 |
| II | 43 | 2 | 2 | - | 41 |
| III | 28 | 1 | 1 | - | 37 |
| IV | 72 | 2 | 1 | 1 | 70 |
| V | 59 | 6 | 5 | 1 | 53 |
| VI | 48 | - | - | - | 48 |
| VII | 43 | 1 | - | 1 | 42 |
| VIII | 42 | 1 | 1 | - | 41 |
| IX | 39 | 2 | 2 | - | 37 |
| X | 84 | 4 | 4 | - | 80 |
| XI | 34 | 1 | 1 | - | 33 |
| | 545 | 21 | 18 | 3 | 535 |

ചെലവു കുറഞ്ഞ വീടുനിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക വിജ്ഞാനം നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ ലഭ്യമാക്കണം.

പഞ്ചായത്തിൽ അനുവദിക്കുന്ന Untide ഫണ്ടിന്റെ (അൺടൈഡ്) ഒരു നല്ല വിഭാഗം നിർധന കുടുംബങ്ങൾക്ക് വീടുണ്ടാക്കുവാൻ നീക്കിവയ്ക്കണം.

രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയിൽ അർഹരായവർക്കെല്ലാം സമയബന്ധിതമായി ലോൺ അനുവദിയ്ക്കണം.

മൂന്നു സെന്റിൽ താഴെയുള്ളവരെ കെട്ടിട നിർമ്മാണചട്ടത്തിൽ നിന്ന് ഒഴിവാക്കണം.

വൈദ്യുതി കിട്ടാത്തവർക്ക് വൈദ്യുതി ഉണ്ടാക്കണം.

ഭവനനിർമ്മാണത്തിന് സബ്സിഡി നിരക്കിൽ ദുർബ്ബലവിഭാഗക്കാർക്ക് സിമന്റും കമ്പിയും നൽകണം.

പഞ്ചായത്തിൽ എല്ലാ വാർഡുകളിലും അംഗൻവാടികളും, ബാലവാടികളും, മഹിളാസമാജങ്ങളും ഉണ്ടാക്കണം.

ഏതെങ്കിലും ഭാഗത്ത് (കഴിയുന്നതും സെന്ററിനോടടുനോ ഒരു വൃദ്ധ മന്ദിരം ആരംഭിക്കണം.

9. 5 -ാം വാർഡിൽ I.C.D.S. യൂണിറ്റിന് സ്ഥലം സംഭാവന നൽകാൻ താല്പര്യമുള്ള വ്യക്തികൾ ഉണ്ട്. അവിടെ സംയോജിത ശിശു വികസന സംരക്ഷിത വസതി (I.C.D.S.) യൂണിറ്റ് തുടങ്ങണം.

10. അഗതികൾക്കുള്ള എല്ലാവിധ പെൻഷനുകളും പഞ്ചായത്തിൽ നിന്ന് നേരിട്ട് കൊടുക്കുവാൻ സൗകര്യമുണ്ടാകണം.

11. പഞ്ചായത്തിൽ ഒരു ട്രഷറി അനുവദിയ്ക്കണം.

ഭക്ഷ്യവിതരണത്തിൽ വിശാലമായ ഈ പഞ്ചായത്ത് അതിർത്തിയിൽ ആകെ ഒരു മാവേലി സ്റ്റോർ ഉണ്ട്. ഏതാണ്ട് തൃപ്തികരമായി പ്രവർത്തിക്കുന്നു. പായിപ്ര കവല ആസ്ഥാനമായി പ്രവർത്തിക്കുന്നതുകൊണ്ട് പഞ്ചായത്തിന് വെളിയിൽ നിന്നു പോലും സാധനങ്ങൾ വാങ്ങുവാൻ ജനങ്ങൾ എത്തിച്ചേരാറുണ്ട്. കൂടാതെ 13 വാർഡുകളിലായി 13 റേഷൻ കടകളുമാണ്, ഈ പഞ്ചായത്തിന്റെ പൊതു ഭക്ഷ്യ വിതരണ കേന്ദ്രങ്ങൾ. എല്ലാ കടകളിലുമായി 5496 കാർഡുകൾ ആണുള്ളത്. 28413 അംഗങ്ങൾക്ക് റേഷൻ ആനുകൂല്യം ലഭിയ്ക്കുന്നുണ്ട്. ആകെ യൂണിറ്റ് 48835 . ഒരു വർഷം 488 കിന്റൽ അരിയും ഗോതമ്പും 114 കിന്റൽ പഞ്ചസാരയും വിതരണം ചെയ്തതായി ബന്ധപ്പെട്ട ഓഫീസുകളിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

# ഊർജ്ജം

പായിപ്ര പഞ്ചായത്തിൽ ഗാർഹികാവശ്യത്തി ന് മുഖ്യമായും വിറകാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ. വൈദ്യുതി, എൽ.പി ഗ്യാസ് എന്നിവ ഗാർഹികാവശ്യത്തിനുപയോഗിക്കുന്നവരും കുറവല്ല ബയോഗ്യാസ് പ്ലാന്റുകൾ എണ്ണത്തിൽ കുറവാണെങ്കിലും കൂടുതൽ ആവശ്യക്കാർ വന്നു തുടങ്ങിയിരിക്കുന്നു.

പഞ്ചായത്താകെ പരിശോധിക്കുമ്പോൾ ഊർജ്ജ രംഗത്ത് സമഗ്രമായ ഒരാസൂത്രണത്തിലൂടെയുള്ള കുതിച്ചു കയറ്റ അനിവാര്യമായിരിക്കുന്നു. കാരണം ആധുനിക വിള ക്രമം നിമിത്തം നിറകിന് രൂക്ഷമായ ക്ഷാമമായി തുടങ്ങിയിരിക്കുന്നു പാരമ്പര്യേതര ഊർജ്ജ സ്രോതസുകളായ ബയോഗ്യാസ് പ്ലാന്റുകളും, സോളാർ പ്ലാന്റുകളും വ്യപകമാക്കുക മാത്രമാണ് ഈ ഊർജ്ജ പ്രതിസന്ധിക്കു പരിഹാരം. വളരെയേറെ ഉയർന്ന പ്രദേശങ്ങളുള്ളതു കൊണ്ട് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള സാധ്യതകൾ വളരെയാണ്. ബയോ പ്ലന്റ്കൾക്കുള്ള സഹായങ്ങൾ കൂടുതലാളുകൾക്ക് ലഭ്യമാക്കണം. അനെർട്ട്, കൃഷിഭവൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഇപ്പോൾ സഹായം ലഭിക്കും.

നമ്മുടെ പഞ്ചായത്തിലെ വൈദ്യുതി ലൈനുകളിലെ പ്രസരണ നഷ്ടം കൂടുതലാണ് സസ്യങ്ങളുടെ ഇലച്ചാർത്തുകൾ വെട്ടിമാറ്റി ഈ പ്രശ്നം പരുഹരിക്കേണ്ടതാണ്. വീടുകളിലെ കേടായ മീററുകൾ പുതുക്കി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

## സാധ്യതകൾ നിർദ്ദേശങ്ങൾ

1 സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ പഞ്ചാ-യത്തിന് വിട്ടുതരുക

2 പ്രധാന കവലകളിൽ സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കുക

3 കൃഷിക്കാർക്ക സൗജന്യ നിരക്കിൽ വൈദ്യുതി നല്കുക

4 പുകയില്ലാത്ത അടുപ്പുകൾ പ്രോത്സാഹിപ്പിക്കുക


5 വൈദ്യുതിയിടെ ലഭ്യതയ്ക്ക് വരുന്ന കാലതാമസം ഒഴിവാക്കുക

6 വോൾട്ടേജ് പ്രശ്നം പരിഹരിക്കണം

7 ദാരിദ്ര രേഖയക്ക് താഴെയുള്ളവർക്ക് വൈദ്യുതി സൗജന്യമായി നല്കണം

8 പുരയിടങ്ങളിൽ കൂടി വലിച്ചിട്ടുള്ള എല്ലാ വൈദ്യുതി ലൈനുകളും പൊതുവഴികളിൽ കൂടിയാക്കുക

# ഗതാഗതം



വിവിധ സാംസ്ക്കാരിക സമ്പത്തുക്കളെ സമന്വയിപ്പിക്കുവാനും ആശയസ്രോതസുകൾ ഒരുമുപ്പിക്കുവാനും ആവശ്യമായ വലക്കണ്ണികൾ ഒരു ചരടിൽ കോർത്തി ണക്കുന്ന സംവിധാനങ്ങളാണ് ഗതാഗത സൗകര്യങ്ങൾ. മുള്ള് - മുരിക്ക് മൂർഖൻപാമ്പ്, കല്ലു- കരട് കാഞ്ഞിരക്കുറ്റികൾ നിറഞ്ഞ പായിപ്ര ഒരുകാലത്ത് കാടുംമേടും തൊടിയും വയലും ചതുപ്പ് പാടങ്ങളും നിറഞ്ഞ അനഭിഗമ്യ പ്രദേശങ്ങളായിരുന്നു. ഭൂപടം പരിശോധിച്ചാൽ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തു കൂടി മുളവൂർ, ആട്ടായം, ചാമലപ്പടി മുതൽ മുളവൂർ നിരപ്പ് വഴി പേഴയ്ക്കാപ്പിള്ളി, തട്ടുപറമ്പ്, പായിപ്ര പോയാലി മല, ഏനാലിക്കുന്ന് മുകളേൽച്ചി മാനാറി ത്രിവേണി ഭാഗം വരെ നട്ടെല്ലു പോലെ നെടും കോട്ടയായി 50 അടി മുതൽ 150 അടി വരെ ഉയരത്തിൽ രണ്ടര കി. മീ. വീതിയിൽ പീഠഭൂമി പോലെ കിടക്കുന്ന ഭൂഭാഗങ്ങളിൽ ഗതാഗത സൗകര്യ ഇപ്പോഴും വളരെ കുറവാണ്.

ഈ മലമ്പ്രദേശത്തിന്റെ കിഴക്കു ഭാഗത്ത് പ്രകൃതിദത്തമായ നട്ടെല്ലു മലയുടെ അടിവാരത്തിൽ ആറേഴു കി. മീ. നീളത്തിൽ 30 അടി വീതിയിൽ

**പഞ്ചായത്തിലെ മൊത്തം റോഡുകൾ (നിലവിലുള്ളത്)**

| വാർഡ് | ടാറിംങ്ങ് റോഡ് കി.മി. | മെറ്റൽ റോഡ് കി. മീ. | മണ്ണ് റോഡ് |
|---|---|---|---|
| I | 10 K.M | 1.500 | 13 K.M |
| II | 13 K.M | - | 8 K.M |
| III | 5.200 K.M | - | 11K.M |
| IV | 7.500 K.M | - | 8.900 K.M |
| V | 8.500 K.M | 500 M. | 5 K.M. |
| VI | 4.300 K.M | - | 10.900 K.M |
| VII | 5 K.M | - | 5 K.M |
| VIII | 4 K.M | - | 3 K.M |
| IX | 6 K.M | - | 17.500 K.M |
| X | 3.700 K.M | - | 2.700 K.M |
| XI | 1K.M | - | 6 K.M |
| XII | 10.200 K.M | - | 11.200 K.M |
| XIII | 5 K.M | - | 6.500 K.M |

ളവൂർ തോട് കലങ്ങി മറിഞ്ഞ് ഒഴുകി പെരുമറ്റത്ത് ചന്ന് മൂവാറ്റുപുഴ ആറ്റിൽ പതിക്കുന്നു. തോടിന് രു കരയിലും വസിക്കുന്ന ജനങ്ങൾക്ക് വലിക്കെട്ടു പോലെ വേ(ഗ)തിരിച്ചു നിർ തിയിരിക്കുന്ന തോട് സൗഹാർദ്ദ, ബന്ധങ്ങൾ ൗട്ടി ഉറപ്പിക്കു ന്നതിനാവശ്യമായ ഭൗതീക ൗകര്യങ്ങൾ ഇല്ലാതെയാക്കിയിരിക്കുകയാണ് ളവൂർ ഭാഗങ്ങളിൽ നിന്ന് പഞ്ചായത്ത് ഹഡ്കാർട്ടേഴ്സിലേക്ക് സഞ്ചരിച്ചൽ ഏതാണ്ട് 5 കിലോമീറ്റർ മാത്രം ദീരമേയുള്ളൂ എന്നാൽ വിടത്തുകാർ കോതമംഗലം മുനിസിപ്പാലിറ്റിയും, വാറ്റുപുഴ മുനിസിപ്പാലിറ്റിയും,താണ്ടി വളഞ്ഞു ിരിഞ്ഞ് ഏതാണ്ട് 15 കി.മീ. ദൂരം സഞ്ചരിച്ചാണ് ഞ്ചായത്ത് ഹെഡ്കാർട്ടേഴ്സിൽ വരുന്നത് തുകൊണ്ട് മുളവൂർ ഭാഗത്തുള്ളവർക്ക് തോട്ടിൽ കി.മീ. ഇടവിട്ടെങ്കിലും പാലങ്ങൾ നിർമ്മിച്ച് താഗതം കൂടുതൽ സൗകര്യ പ്രദമാക്കണം.

പുതിയ നിർദ്ദേശങ്ങൾ (വാർഡു തിരിച്ച്)

| ാഡുകളുടെ പേര് | റോഡിന്റെ നീളം |
|---|---|
| കുരിശും പടി ഊറ്റക്കുഴി | 1 Km |
| സമഷ്ടി ഇലഞ്ഞിക്കണ്ടം | 850 m |
| മൈക്രോ (മെറ്റൽ) | 1 Km |
| മാനാറി തൃക്കളത്തൂർ | 2 Km |
| മൂങ്ങാച്ചാൽകുന്ന് | 500 m |
| മാനാറി കാഞ്ഞിരംകുഴി | 1 Km |
| പായിപ്ര മേതല | 2 Km |
| കിണർപടി ഹെൽത്ത് | 500 m |
| ഏനാലിക്കുന്ന് മൂങ്ങാച്ചാൽ | 1 Km |
| . മോളേചിറ ചൂരക്കാട് | 1 Km |
| തട്ടായത്ത് മാനാറിഫാം | 1 Km |
| എല്ലുപൊടി മാനാറി | 1 Km |
| മില്ലുംപടി ഭീമൻചവിട്ടി പാറ | 1 m |
| . സ്കൂൾപടി റോഡ് | 50 m |

## റീടാറിംഗ് ചെയ്യേണ്ടത്

| | |
|---|---|
| . മാനാറി കീഴില്ലം റോഡ് | 2 Km |
| . മൂങ്ങാച്ചാൽ കീഴില്ലം റോഡ് | 1 Km |

## ബസ് സർവ്വീസ് തുടങ്ങേണ്ട റൂട്ട്

പെരുമ്പാവൂർ കീഴില്ലം മാനാറി മൂവാറ്റുപുഴ

| | |
|---|---|
| ഇരട്ടത്തൊണ്ട് റോഡ് | 1 Km |
| കുന്നുംപുറം കോളനി റോഡ് | 1 Km |
| കൊള്ളികാട് കോളനി | 500 m |
| ആത്രശ്ശേരി കോളനി | 500 m |

| | |
|---|---|
| 5. കൂടയ്ക്കാട്ടിൽ കോളനി | 500 m |
| 6. പേരോട്ടിൽ കോളനി | 500 m |
| 7. കണിയാംകോട്ട് കോളനി | 500 m |
| 8. പുഞ്ചക്കാലം കോളനി | 500 m |
| 9. എടക്കുന്നകുടി അമ്പലംപടി | 500 m |
| 10. കുടയ്ക്കാട്ട് മുല്ലശ്ശേരി പടി | 1Km |
| 11. മേയ്ക്കാട്ടുപടി കനാൽ | 500 m |
| 12. N.S.S.H.S. റോഡ് | 1 Km |
| 13. കാവുംപടി പേരോട്ടിൽ കോളനി | 800 m |
| 14. കാവും പടി പട്ടികവർഗ്ഗം | 250 m |

| | |
|---|---|
| 1. കുരിശുംപടി പാറ്റായി കോളനി റോഡ് | 800 m |
| 2. തേരാപാറ കോളനി റോഡ് | 700 m |
| 3. ലക്ഷംകവല മേക്കടമ്പ് കോളനി | 1200 m |
| 4. ശൂലംകുഴി കോളനി റോഡ് | 800 m |
| 5. പുന്നോപ്പടി മുടവൂർ റോഡ് | 2 Km |
| 6. തൃക്കളത്തൂർ പാറ്റായി കോളനി റോഡ് | 1Km |
| 7. തേരാപ്പാറ സീനായ് ഗിരി റോഡ് | 100 m |
| 8. ശൂലംകുഴി ഹരിജൻ കോളനി റോഡ് | 800 m |
| 9. പുന്നോപ്പടി വീട്ടൂർ റോഡ് | 2 Km |
| 10. മുടവൂർ കനാൽ റോഡ് | 1 Km |
| 11. മുടവൂർ മേക്കടമ്പ് റോഡ് | 2 Km |

| | |
|---|---|
| 1. മുടവൂർ വളക്കുഴി റോഡ് | 700 m |
| 2. കിഴക്കേക്കുടി ബ്ലോക്ക് റോഡ് | 1 Km |
| 3. പച്ചേലിതടം കോളനി റോഡ് | 1 Km |
| 4. അയ്യപ്പൻ കോളനി റോഡ് | 500 m |
| 5. കീഴോത്ത് റോഡ് | 800 m |
| 6. പച്ചേലിതടം കാപ്പിൽ ഭാഗംറോഡ് | 1 Km |
| 7. വളക്കുഴി മുടവൂർ പാടം റോഡ് | 1 Km |

## റീ ടാറിംഗ് ചെയ്യേണ്ട റോഡ്

| | |
|---|---|
| 8. ബ്ലോക്ക് പേഴയ്ക്കാപ്പിള്ളി റോഡ് | 800 m |

| | |
|---|---|
| 1. കെ.എ.പി. റോഡ് | 500 m |
| 2. ആച്ചേരിപ്പൊട്ട റോഡ് | 1400 m |
| 3. കൊള്ളിക്കാട്ടുചാൽ റോഡ് | 1 Km |
| 4. ഐരുമല ബ്രാഞ്ച് റോഡ് | 700 m |
| 5. സൂപ്പർ ഫീഡ് ഐരുമല റോഡ് | 600 m |
| 6. കെ.എ.പി. റോഡ് | 700 m |
| 7. ഇ.ബി.ജംഗ്ഷൻ ബ്ലോക്ക് റോഡ് | 450 m |
| 8. പേഴയ്ക്കാപ്പിള്ളി കൂരിക്കാവ് റോഡ് | 2 Km |
| 9. ഐരുമല പള്ളിത്തണ്ട് റോഡ് | 300 m |

| | |
|---|---|
| 1. എള്ളുമലപ്പടി പുന്നേപ്പടി കനാൽ ബണ്ട് | 1 Km |
| 2. ആച്ചേരിപ്പൊട്ട റോഡ് | 500 m |

3. എസ്.വളവ് കൂരിക്കാവ് ഹരിജൻകോളനി റോഡ് 1Km
4. കബറിങ്ങൽ മസ്ജിദ് ആച്ചേരിപ്പൊട്ട റോഡ് 700 m
5. എള്ളുമലപ്പടി കൊള്ളിക്കാട്ടുചാൽ റോഡ് 700 m
6. കൂരിക്കാവ് വാഴനീർപാടം റോഡ് 1 Km
7. കൊള്ളിക്കാട്ടു ചാൽ റോഡ് 700 m
8. പുന്നോപ്പടി മസ്ജിത് റോഡ് 200 m
9. കൂരിക്കാവ് അമ്പലപ്പുറം റോഡ് 300 m
10. കൂരിക്കാവ് കോളനി റോഡ് 300 m
11. ചാക്കുന്നം കൂരിക്കാവ് കനാൽ ബണ്ട് റോഡ് 1.5 Km
12. തേനാലിക്കുടി കോട്ടവയൽ റോഡ് 1 Km
13. കൂരിക്കാവ് അമാണ്ടംമുകൾ റോഡ് 1 Km
14. M.L.A റോഡിൽ നിന്നും താഴംകോട് റോഡ് 500 m

## റീടാറിംഗ് ചെയ്യേണ്ടത്

1. എം.എൽ.എ. റോഡു വഴി മൂവാറ്റുപുഴ, പേഴയ്ക്കാപ്പിള്ളി, പുന്നോപ്പടി, വീട്ടൂർ, കാക്കനാട്, എറണാകുളം
2. മൂവാറ്റുപുഴ, പേഴയ്ക്കാപ്പിള്ളി, പുന്നോപ്പടി, തൃക്കളത്തൂർ വഴി പെരുമ്പാവൂർക്കും. അവിടെ നിന്നും തിരികെ മൂവാറ്റുപുഴ യ്ക്കും ബസ്സ് പെർമിറ്റ് നൽകുക.

1. വെസ്റ്റ് പായിപ്ര റോഡ് 400 m
2. പഞ്ചായത്ത് ഓഫീസ് റോഡ് 200 m
3. പഞ്ചായത്ത് ഓഫീസ് പള്ളിച്ചിറ റോഡ് 500m
4. പ്രിയദർശിനി റോഡ് 600 m
5. ആലിസാർ മെമ്മോറിയൽ റോഡ് 400 m
6. ഹരിജൻ കോളനി ശ്മശാന റോഡ് 1.200 m
7. തട്ടുപറമ്പ് റോഡ് 2.200 m
8. തീപ്പെട്ടി കമ്പനി റോഡ് 250 m

## പുതിയത് വെട്ടേണ്ടത്

9. നായരു തണ്ട് പാടം താണിച്ചുവട് റോഡ് 2 Km

1. നിരപ്പു പാപ്പാള റോഡ് 600 m
2. കാവാട്ടു മുക്ക് പോത്തും കുഴി റോഡ് 700 m
3. കാവാട്ടു മുക്ക് ഹരിജൻ കോളനി റോഡ് 1 Km
4. മിച്ച ഭൂമി റോഡ് 1200 m
5. തൈക്കാവ് കമ്പനിപ്പടി റോഡ് 600 m

1. ഒഴുപാറ പച്ചേലി റോഡ് 1 Km
2. നെല്ലാം കുഴിതണ്ട് ഒഴുപാറ റോഡ് 1 Km

3. പോയാലി മുറികൻ ചിറ റോഡ് 1.5 K
4. ചിങ്കല്ല് പുളിനാം കണ്ടം റോഡ് 3 Km
5. കഷായി മന്നേക്കാട്ടു കുടി റോഡ് 2 Km
6. പരുതേകുളം കാവാട്ടുമുക്ക് റോഡ് 1 Km
7. മില്ലും പടി പായിപ്ര നിരപ്പ് റോഡ് 3 Km
8. കൾചിറ കഷായി റോഡ് 2 Km

1. മുരിങ്ങാം ചിറ ചാരപ്പുറം കുളിക്കടവ് റോഡ് 800 m
2. നിരപ്പ് കോളനി റോഡ് 1 Km
3. പൊടിക്കണ്ടം കിഴക്കേക്കടവ് റോഡ് 800 m
4. നിരപ്പ് കോച്ചേരിക്കടവ് റോഡ് 800 m
5. പുളിഞ്ചോട് നിരപ്പ് റോഡ് 1 Km

1. പി.ഒ. ജംഗ്ഷൻ കല്ലുങ്കക്കടവ് റോഡ് 1 Km
2. മായാത്തു കുന്ന് കടവ് റോഡ് 500 m
3.. കോച്ചേരിക്കടവ് റോഡ് 500 m
4. പട്ട്ളായിപ്പടി ഒറവും കണ്ടം റോഡ് 1 Km
5. തേവൻകുന്ന് മുതിയേലിത്താഴം റോഡ് 1 Km
6. ഹെൽത്ത് ജംഗ്ഷൻ റോഡ് 1 Km
7. നച്ചോടിത്തും പടി റോഡ് 500 m
8. കാരമുകൾ പാലത്തുംപ്പാട്ട് താഴം റോഡ് 500m

1. കൂളുമായി മില്ലുംപടി റോഡ് 1 Km
2. കരിയ്ക്കനമറ്റം റോഡ് 500 m
3. കൂളുമാരി മുണ്ടപ്ലാക്കൽ റോഡ് 700 m
4. തറക്കണ്ടം റോഡ് 500 m
5. വാലടി തണ്ട് റോഡ് 1.200 m
6. അച്ചേരിക്കുടി റോഡ് 1 Km
7. തെക്കും പുറം തണ്ടാർ റോഡ് 500 m
8. പെരുമറ്റം കനാൽ ബണ്ട് റോഡ് 3 Km

1. മുളവൂർ ഓലി റോഡ് 2.200 m
2. മുളവൂർ ചെറുവട്ടൂർ നീലിച്ചിറ റോഡ് 1 Km
3. മുളവൂർ കനാൽ ബണ്ട് റോഡ് 2 Km
4. പെരുമാലിപ്പടി തലമൂറി റോഡ് 1.400
5. മുളവൂർ ലക്ഷം വീട് റോഡ് 600 m
6. ചിറപ്പടി പള്ളത്തു നട റോഡ് 800 m
7. അണിക്കരക്കണ്ടം റോഡ് 1.200
8. പള്ളിമറ്റം ചാൽ റോഡ് 1 Km
9. പണ്ടാൻ പാറ റോഡ് 1 Km

# വിഭവ സമാഹരണം

റ്റനോട്ടത്തിൽ വിഭവങ്ങൾ നമ്മുക്ക് പരിമിതമാണ്. ിതരണം വിപുലവുമാണ് "നാഴൂരി പാലുകൊണ്ട് ാടാകെ കല്ല്യണം" എന്നുപറയുന്ന തരത്തിലാണ് ്മ്മുടെ വിഭവങ്ങൾ വിതരണം ചെയ്യാനുള്ളത്. ്ദ്രജാലങ്ങളും, മഹേന്ദ്രജാലങ്ങളും നമുക്കാവില്ല. തിലൊട്ട് വിശ്വാസവുമില്ല. പിന്നെ എങ്ങനെ ഈ വിഭവങ്ങൾ സമാഹരിക്കാം

അനായാസമായി നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിഭവങ്ങൾ ഏതെല്ലാം?

1) കെട്ടിട നികുതി
2) തൊഴിൽ നികുതി
3) ലൈസൻസ് ഫീസ്
4) സംസ്ഥാന നികുതി വിഹിതം

ഇതിൽ നിന്നും ജീവനക്കാരുടെ ശമ്പളം. കണ്ടിജൻസി, സ്റ്റേഷനറി തുടങ്ങിയ ചെലവുകൾ നീക്കേണ്ടിയിരിക്കുന്നു.

അപ്പോൾ നാം കൂടുതലായി വിഭവങ്ങൾ സമാഹരിക്കേണ്ടി വരുന്നു. ആരെയും വെറുപ്പിക്കാതെയും, ജനങ്ങൾക്ക് നഷ്ടം സംഭവിക്കാതെയും വിഭവങ്ങൾ എങ്ങിനെ സമാഹരിക്കാം

അതിനുള്ള മാർഗ്ഗങ്ങൾ

1) രണ്ടേക്കർ വരെ സൗജന്യം നൽകികൊണ്ട് അതിൻമേലുള്ള റബ്ബർ കർഷകരിൽ നിന്ന് നികുതി ഈടാക്കണം

2) പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തരിശു പാറകളിൽ വേലിക്കല്ല്, വിരിക്കല്ല് എന്നിവ പൊട്ടിക്കുന്നവരിൽ നിന്ന് നിശ്ചിത അനുപാതത്തിൽ നികുതി ഈടാക്കണം

3) പാറമടയിൽ പൊട്ടിച്ചിടുന്ന കല്ല് മറ്റു പ്രദേശത്തേക്ക് കൊണ്ട് പോകുമ്പോൾ സ്പെഷ്യൽ നികുതി ഈടാക്കണം

4) നദികളിൽ നിന്ന് മണൽ വാരുന്നവരിൽ നിന്ന് സ്പെഷ്യൽ നികുതി പിരിക്കണം

5) പഞ്ചായത്തു വക തരിശ്, പുറമ്പോക്ക് സ്ഥലം കണ്ടെത്തി അതിര് തിട്ടപ്പെടുത്തി കൈവശമാക്കുകയും അതിലെ കർഷിക വിഭവങ്ങൾ സമാഹരിച്ച് വരുമാനം ഉണ്ടാക്കണം

6) ഇപ്പോൾ പഞ്ചായത്തിൽ ഉള്ള മുഴുവൻ കെട്ടിടങ്ങളുടേയും എണ്ണവും അതിന്റെ നിർമാണ ചെലവും വിദഗ്ദരെക്കൊണ്ട പരിശോധിപ്പിച്ച് മതിപ്പ വില തിട്ടപ്പെടുത്തി നികുതി വർദ്ധിപ്പിക്കേണ്ടതാണ്

7) തൊഴിൽ ലൈസൻസ് നികുതികളിലു ക്രമാനുഗതമായ വർദ്ധനവിന് ശാസ്ത്രീയമായ വിലയിരുത്തി പ്രവാർത്തികമാക്കണം.

8) പഞ്ചായത്തു വക സ്ഥലങ്ങളിൽ തൃക്കള ത്തൂർ, പള്ളിച്ചിറ,സൂപ്പർ ഫീഡ് ജംഗ്ഷൻ, പായിപ്ര സ്കൂൾപ്പടി, മുളവൂർസ്കൂൾപ്പടി, പെരുമറ്റം പള്ള ജഗ്ഷൻ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സു കൾ നിർമ്മിക്കുക. പായിപ്ര ജംഗ്ഷനിൽ സ്ഥല എടുത്ത് ലോറി പാർക്കിംഗ് സ്റ്റാൻഡ്, പൊത മാർക്കററ്, ആധുനിക രീതിയിലുള്ള സ്ലോട്ടർ ഹൗസ എന്നിവ ആധുനിക സൗകര്യങ്ങളോടുകൂട നിർമ്മിക്കുക.

പായിപ്ര ജംഗ്ഷനിൽ ഒരു വെയിറ്റിങ്ങ് ഷെഡ കംഫർട്ട് സ്റ്റേഷൻ എന്നിവ നിർമ്മിക്കണം.

# ഭരതവാക്യം

ലഭ്യമായ സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് വിസ്തൃതമായ ഈ പഞ്ചായത്തിന്റെ അകത്തളങ്ങളിലേക്കിറങ്ങിച്ചെന്ന്, അഗാധമായ നോവുകളും, അനിവാര്യതകളും കണ്ടറിഞ്ഞ് അവ വിശകലനം ചെയ്ത് വസ്തുനിഷ്ഠമായി അപഗ്രഥിച്ച് പോംവഴികൾ നിർദ്ദേശിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പോരായ്മകൾ ഇല്ലെന്നല്ല, വിട്ടുപോയവയും ഉണ്ടാകാം അവയൊക്കെ ചൂണ്ടിക്കാണിക്കുവാനും കൂടുതൽ സുതാര്യമായ നിർദ്ദേശങ്ങൾ വയ്ക്കുവാനുമായി നിങ്ങളുടെ മുമ്പാകെ ഈ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ വിശ്രമരഹിതമായ ദിവസങ്ങളുടെ അദ്ധ്വാനഫലമായതുകൊണ്ടാകാം ഞങ്ങൾ തീർത്തും ചാരിതാർത്ഥ്യരാണ്.

ഈ പഞ്ചായത്തിന്റെ ഏറ്റവും തീവ്രമായ പ്രശ്നം കടുത്ത ജലക്ഷാമമാണ് വറ്റാത്ത നീരുറവകൾ നമ്മുടെ സ്വപ്നമായി തീർന്നിരിക്കുന്നു. അതിന് സഹായകരമായ ജലസേചന പദ്ധതികൾക്കാണ് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കേണ്ടത്. രണ്ടാമത്തെ പ്രധാന പ്രശ്നം ആളോഹരി വരുമാനം കുറവാണ് എന്നത് തന്നെ. ഇതിന് പരിഹാരം കാണണമെങ്കിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കണം. മാത്രമല്ല പുതിയ തലമുറയുടെ തൊഴിൽ സങ്കല്പങ്ങളെ വിണ്ണിൽ നിന്നും മണ്ണിലിറക്കിയാൽ മാത്രമേ സാദ്ധ്യമാകൂ. കൃഷിയും ഉപതൊഴിലുകളും വ്യാപകമാക്കിയാൽ മാത്രമേ പൂർണ്ണമായ പ്രശ്ന പരിഹാരമുണ്ടാകൂ.

പഞ്ചായത്തിന്റെ ഊടും പാവും തൊട്ടറിഞ്ഞു നടക്കുമ്പോൾ മനസിലായ മറ്റൊരുകാര്യം പുരോഗതിക്ക് വിലങ്ങുതടിയായി നിൽക്കുന്ന ഒരു ഘടകം സ്ത്രീ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയാണ്. ശുചീകരണം, ആരോഗ്യ സംരക്ഷണം, കുട്ടികളുടെ വിദ്യാഭ്യാസം, മിതവ്യയം, ഊർജ്ജ സംരക്ഷണം അടുക്കളത്തോട്ട നിർമ്മാണം, സംഘടിത പൊതു പ്രവർത്തനം തുടങ്ങി ഏതാണ്ടെല്ലാ മേഖലകളിലും പ്രത്യേക പഠന ക്ലാസുകളും ശില്പശാലകളുംനടത്തുവാൻ പഞ്ചായത്താഗ്രഹിക്കുന്നു. കാരണം ഈ പഞ്ചായത്തിന്റെ കരുത്തുറ്റ പൗരന്മാരെ സൃഷ്ടിക്കേണ്ടത് ഇവിടത്തെ അമ്മമാരാണെന്ന സത്യം ഞങ്ങളറിയുന്നു.

ദീർഘ വീക്ഷണത്തോടെ പദ്ധതികൾ തയ്യാറാക്കുവാനുതകുന്ന വസ്തുതകൾ ശേഖരിക്കുന്ന കാര്യത്തിൽ രാഷ്ട്രീയത്തിന്റെ നിറഭേദമില്ലാതെ സഹകരിച്ച മുഴുവൻ പ്രവർത്തകരേയും നന്ദിയോടെ സ്മരിക്കുന്നു.

പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും പരമാവധി സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. എങ്കിലും കൃഷി ഓഫീസർ ശ്രീമതി ശ്രീലതയുടെ സഹകരണവും പങ്കാളിത്തവും പ്രത്യേകം പ്രസ്താവ്യമാണ്.

ദ്വിതീയ വിവരശേഖരണ യജ്ഞത്തിന് ചുക്കാൻ പിടിച്ച രാജപ്പൻസാർ, ഗീവർഗീസ് സാർ,ശശികുമാർ എന്നിവരേയും പഠന പരിപാടിയിൽ സഹകരിച്ച പഞ്ചായത്തിലെ മെമ്പേഴ്സ്, ഷുക്കൂർ, സോഫിയ, കമലാക്ഷി ടീച്ചർ റ്റി.എസ്. മൈതീൻ തുടങ്ങി എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഈ പരിപാടിയുടെ വീഡിയോ, ഓഡിയോ, ഫോട്ടോഗ്രാഫി, എന്നിവയ്ക്ക് നേതൃത്വം നൽകിയ ശ്രീ. എം.ഐ. കുര്യാക്കോസ്, ഇക്ബാൽ എന്നിവരോടും ഭൂപട നിർമ്മാണം, പ്ലാൻ, മുതലായവയ്ക്ക് സഹായിച്ച പിഎം. ഗീവർഗീസ് (കെ.ആർ.പി) എല്ലാത്തിലുമുപരി പായിപ്ര പഞ്ചായത്തിന്റെ ജനകീയാസൂത്രണ പരിപാടിയുടെ ആരംഭം മുതൽ നിസ്സീമമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത നമ്മുടെ ചീഫ് എഡിറ്റർ ശ്രീമതി മോളി എബ്രാഹം എന്നിവരോടൊക്കെയുള്ള കടപ്പാടും നന്ദിയും വരികൾക്കപ്പുറമാണെന്ന് തുറന്ന മനസ്സോടെ പറയട്ടെ.

മാറ്റത്തിന്റെ പടഹധ്വനി കേട്ടുണരാൻ വെമ്പുന്ന പായിപ്രയ്ക്ക് ചെറുതാകാൻ കൂടി മോഹം.


നമ്മുടെ പഞ്ചായത്തിന്റെ വിസ്തീർണ്ണവും ജനസംഖ്യയും വളരെ കൂടുതലാണല്ലോ. മുളവൂർ, പെരുമറ്റം മുതലായ പ്രദേശത്തുള്ളവർക്ക് ഓഫീസുകളുമായി ബന്ധപ്പെടണമെങ്കിൽ ഏറെ കഷ്ടപ്പെടേണ്ടി വരുന്നു. തന്നെയുമല്ല ഭരണ സൗകര്യത്തിന് വിഭജനം ഒഴിച്ചുകൂടാനാകാത്ത ഘടകം കൂടിയാണ്. നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ഫണ്ടുകൾ ആവശ്യങ്ങൾക്ക് തികയുന്നില്ല. രണ്ടായി വിഭജിച്ചാൽ ഫലത്തിൽ രണ്ടിനും വളരെയേറെ ഗുണഗണങ്ങൾ ഉണ്ട്. മുൻ ഗവ.കാലത്ത് നടപടികൾ പൂർത്തീകരിച്ചെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ കൊണ്ട് മാറ്റിവയ്ക്കപ്പെട്ടു.

മുളവൂർ ഗ്രാമ പഞ്ചായത്ത് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം. എല്ലാവർക്കും നന്മകൾ നേർന്നു കൊണ്ട് നല്ലൊരു നാളെക്കായി, സഹകരിച്ച എല്ലാ നല്ലവരായ ഗ്രാമവാസികൾക്കും പായിപ്ര ഗ്രാമപഞ്ചായത്തിന്റെ അനശ്വരമായ നാമധേയത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

ഒപ്പ്

**പി.എ. ബഷീർ**

പ്രസിഡന്റ് ( പായിപ്ര ഗ്രാമ പഞ്ചായത്ത് )



# സമഗ്ര ഗ്രാമ വികസനം

*സമഗ്ര ഗ്രാമ വികസനം നമ്മുടെ ലക്ഷ്യം*
*ഗ്രാമ വികസനത്തിന് വിഭവം ആവശ്യം*
*വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല്ല*


**ഗ്രാമവികസനത്തിൻെറ ചാലകശക്തി**
**പഞ്ചായത്തുകളുടെ സമ്പത്താണ്**

വിഭവ സമാഹരണത്തിൽ പഞ്ചായത്തുകളുമായി സഹകരിക്കുക.

പഞ്ചായത്തുകൾക്ക് നൽകേണ്ട വിവിധയിനം നികുതികൾ ഫീസുകൾ തുടങ്ങിയവ യഥാസമയം നൽകുക.

അതുവഴി ഗ്രാമ വികസനത്തിൽ പങ്കാളിയാവുക.

# കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്

# കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്

## വികസന സെമിനാർ

## കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്
## വികസന റിപ്പോർട്ട്



സ്നേഹിതരേ...,



സ്വാതന്ത്ര്യത്തിന്റെ 50-ാം പിറന്നാൾ സമ്മാനമാണ് ''9-ാം പദ്ധതി-ജനകീയ പദ്ധതി' രാഷ്ട്രപിതാവിന്റെ ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന് ജീവൻ ലഭിക്കാൻ പോകുന്ന ഈ ശുഭ സംരംഭം100% വിജയിക്കട്ടെ എന്നാശംസിക്കുന്നു. ഒപ്പം രാഷ്ട്ര നിർമ്മാണത്തിൽ നമ്മുടെ പങ്കാളിത്വം ഏറ്റെടുക്കുവാൻ ഏവരെയും സ്വാഗതം ചെയ്യുന്നു. ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് തുടക്കം കുറിക്കുന്ന അതിനൂതന സംരംഭമാണ് സർക്കാരും സംസ്ഥാന ആസൂത്രണബോർഡും ചേർന്ന് രൂപകല്പന ചെയ്യുന്ന ജനകീയാസൂത്രണ പ്രസ്ഥാനം.

പദ്ധതികൾ എട്ടുകഴിഞ്ഞിട്ടും ഒട്ടും തൃപ്തികരമല്ലാത്ത നമുക്ക് നാം തന്നെ ആസൂത്രണം ചെയ്യുന്ന 9-ാം പദ്ധതി ആശ്വാസവും, ആത്മവിശ്വാസവും പകർന്നു നല്കും. മൊത്തം അടങ്കൽ തുകയുടെ 30-40% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നു. തദ്ദേശവാസികളുടെ ആവശ്യങ്ങൾക്ക് അവർ തന്നെ മുൻഗണന തീരുമാനിക്കുകയും, ഉള്ള വിഭവങ്ങൾ സമാഹരിച്ച്, വർദ്ധിച്ച ജനപങ്കാളിത്വത്തിലും മേൽനോട്ടത്തിലും നടപ്പാക്കുകയും ചെയ്യുമ്പോൾ അനുവദിക്കുന്ന തുക ജനകീയാവശ്യത്തിനും പ്രാദേശിക വികസനത്തിനും ഉപകരിക്കും, മാത്രമല്ല പദ്ധതിയാസൂത്രണത്തിലും നിർവ്വഹണത്തിലുമുള്ള ജനപങ്കാളിത്വം വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ക്രിയാത്മകമായ സുതാര്യത കൈവരുകയും ചെയ്യും. അധികാര വികേന്ദ്രീകരണം അതിന്റെ എല്ലാ അർത്ഥത്തിലും വ്യാപ്തിയിലും പ്രാവർത്തികമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ മഹായത്നം സാക്ഷാൽകൃതമാക്കാൻ നമുക്ക് സഹകരിക്കാം.

ജാതിമത വർഗ്ഗവർണ്ണ വിവേചനങ്ങളില്ലാതെ കക്ഷിരാഷ്ട്രീയങ്ങൾക്കതീതമായി ഒരു കൂട്ടായ്മയോടെ ആസൂത്രണം ചെയ്യുന്ന ഈ വികസന റിപ്പോർട്ട് ഈ ഗ്രാമപ്രദേശത്തിന്റെ മുഖഛായ മാറ്റുവാൻ പോരുന്നവയാണ്. അവസരത്തിനൊത്ത് ഉയരാനും ഉയർച്ചയ്ക്ക് ഒപ്പം വികസനം പ്രാപിക്കുവാനും ഉതകുന്ന വിവരങ്ങൾ പറഞ്ഞുതന്ന് സഹായിച്ച ഈ പഞ്ചായത്തിലെ അഭിവന്ദ്യരായ കാരണവന്മാർക്കു മുമ്പിൽ ശിരസുനമിക്കുന്നു. പഞ്ചായത്തിന്റെ ഭൂപട നിർമ്മാണത്തിൽ ആത്മാർത്ഥമായി പ്രവർത്തിച്ച യുവാക്കൾക്കും വിദഗ്ദ്ധ ഉപദേശങ്ങളും നിർദ്ദേശങ്ങളും നല്കിയ മുൻപഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾക്കും റിട്ടയേഡ് അദ്ധ്യാപകർ, ഉദ്യോഗസ്ഥർ മറ്റു സഹകാരികൾ തുടങ്ങിയ സാങ്കേതിക വിദഗ്ദ്ധർക്കു മുമ്പിൽ നന്ദിയുടെ നറുമലരുകൾ വിതറുന്നു.

പ്രാദേശിക വിഭവങ്ങളും ജനശക്തിയും സേവന സന്നദ്ധതയും സംയോജിപ്പിച്ചുകൊണ്ട് നടത്തുന്ന ഈ വികസന പ്രക്രിയയിൽ പൂർണ്ണ മനസോടെ ഭാഗഭാക്കാകുവാൻ തോളോട്തോൾ ചേർന്ന് അണിനിരക്കാം. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ആസൂത്രണ പ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പാക്കിയതിനെ അന്വർത്ഥമാക്കുന്നതിന് നടത്തിയ ആദ്യശ്രമമായ ഈ വികസന റിപ്പോർട്ട് 100% പൂർണ്ണമാണ് എന്നവകാശപ്പെടുന്നില്ലെങ്കിൽ പോലും നിറഞ്ഞ നന്ദിയോടെ നിങ്ങൾക്കു മുമ്പിൽ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

പ്രസിഡൻറ്
കൊച്ചുത്രേസ്യാ വറുഗീസ്
കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

കല്ലൂർക്കാട്
14-12-1996



കല്ലൂർക്കാട് പഞ്ചായത്തിലെ പ്രഥമ ഭരണസമിതി

# താളുകൾ മറിക്കുമ്പോൾ


ആമുഖം


ഭൂപടം

സാമൂഹിക, സാംസ്കാരിക ചരിത്ര പശ്ചാത്തലം

വികസന മേഖലകൾ


1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. കുടിവെള്ളവും പൊതുജനാരോഗ്യവും
5. വ്യവസായം
6. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്
7. ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും
8. സംസ്കാരം
9. വനിത
10. സഹകരണ സംഘങ്ങൾ
11. പട്ടികജാതി പട്ടികവർഗ്ഗം
12. വിഭവസമാഹരണം
13. ടൂറിസം

ഉപസംഹാരം



കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്
ആയവന പഞ്ചായത്ത്
കല്ലൂർപുഴ
കുമാരമംഗലം പഞ്ചായത്ത്
1
2
3
4
5
6
7
8
N
S
അതിർത്തി രേഖ
വാർഡതിർത്തി
റോഡുകൾ
പള്ളികൾ
അമ്പലങ്ങൾ
പ്രധാന സ്ഥാപനങ്ങൾ
പ്രധാന സ്ഥാപനങ്ങൾ
1 പഞ്ചായത്താഫീസ്
3. വില്ലേജ് ആഫീസ്
4. സബ് ട്രഷറി
5. പോലീസ് സ്റ്റേഷൻ
6. കല്ലൂർക്കാട് പള്ളി
7. ഫെഡറൽ ബാങ്ക്
9. പോസ്റ്റ് ആഫീസ്
എക്സ്ചേഞ്ച്
11. S.A.H.S. കല്ലൂർക്കാട്
12. ഗവ. ആശുപത്രി
14. I.M.H.S. കല്ലൂർ
15. കല്ലൂർ പള്ളി
20 S.M.H.S. നാകപ്പുഴ
21 AEO ഓഫീസ്
M.V.I.P. ഓഫീസ്
22 കൃഷിഭവൻ
23 മാവേലി സ്റ്റോർ
24 കല്ലൂർക്കാട് അമ്പലം
27 P.W.D. ഓഫീസ്
28 സബ് രജിസ്ട്രാർ ഓഫീസ്
35 G.L.P.S. കല്ലൂർക്കാട്
38. മൃഗാശുപത്രി

# കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്



# ആമുഖം

കേരളസംസ്ഥാനത്തിന്റെ മൊത്തത്തിലുള്ളതും സ്ഥായിയായതും ധൃതഗതിയിലുള്ളതുമായ വികസനം ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ ഒമ്പതാം പദ്ധതി പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ ജനകീയാസൂത്രണ പരിപാടിക്കുരൂപം കൊടുത്തിരിക്കുകയാണ്. ഈ പദ്ധതിയുടെ ഏറ്റവും പ്രധാനസവിശേഷത സംസ്ഥാനപദ്ധതി അടങ്കലിന്റെ 35-40 ശതമാനം വരെ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ അവരുടെ അധികാരമേഖലകളുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന വികസന പദ്ധതികൾക്കായി നീക്കിവയ്ക്കുന്നു എന്നതാണ്. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിയും ജനകീയാവശ്യങ്ങൾക്കും അനുസൃതമായി താഴെത്തട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടി വിജയകരമായി മുന്നേറുന്നു.

ജില്ലാതലത്തിൽ പരിശീലനം ലഭിച്ച പഞ്ചായത്തു പ്രസിഡന്റ് ശ്രീമതി കൊച്ചുത്രേസ്യാ വറുഗീസ്, സ്റ്റാൻ: കമ്മറ്റി ചെയർമാൻ ശ്രീമതി മേരിക്കുഞ്ഞ് ജോർജ്, ശ്രീ. ജോർഡിൻ ജോസഫ്, ശ്രീ എം.ആർ. പ്രഭാകരൻ, ശ്രീ. പി.വി. രമേഷ് എന്നിവരുടെ നേതൃത്വത്തിൽ ഈ ഗ്രാമപഞ്ചായത്തിലുള്ള 89 പേർക്ക് പരിശീലനം നൽകി, ഇവരുടെ നേതൃത്വത്തിൽ ആണ് ഗ്രാമസഭകളിലെ ചർച്ചകൾ നടത്തിയത്.

ഒമ്പതാം പദ്ധതി രൂപവല്ക്കരണത്തിനു വേണ്ടി കൂടിയ വിശേഷാൽ ഗ്രാമസഭകൾ

| വാർഡ് | സ്ഥലം | തീയതി |
|---|---|---|
| I | മരുതൂർ യു.പി. സ്കൂൾ | 6-10-96 |
| II | ഫാർമേഴ്സ് ബാങ്ക് ഓഡിറ്റോറിയം | 12-10-96 |
| III | മണിയന്ത്രം എൽ.പി. സ്കൂൾ | 13-10-96 |
| IV | കല്ലൂർക്കാട് സെന്റ്. അഗസ്റ്റിൻസ് എൽ.പി.സ്കൂൾ | 29-09-96 |
| V | കല്ലൂർ സെന്റ്. ജോൺസ് യു.പി.സ്കൂൾ | 12-10-96 |
| VI | തഴുവംകുന്ന് സെ: ജോർജ് നേഴ്സറി സ്കൂൾ | 28-09-96 |
| VII | നാഗപ്പുഴ സെന്റ്: മേരീസ് സ്കൂൾ | 5-10-96 |
| VIII | നാഗപ്പുഴ സെന്റ് മേരീസ് സ്കൂൾ | 2-10-96 |

ഈ ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന ആവശ്യങ്ങളും നിർദ്ദേശങ്ങളും പ്രശ്നപരിഹാരങ്ങളും ക്രോഡീകരിക്കുന്നതിനു വേണ്ടി ജില്ലാതല പരിശീലകരും, പഞ്ചായത്തിലെ ആസൂത്രണ വിദഗ്ധരും ദിവസങ്ങളോളം പ്രയത്നിച്ചതിന്റെ ഫലമായിട്ടാണ് ഈ വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | - കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - കല്ലൂർക്കാട്, കുമാരമംഗലം വില്ലേജിന്റെ വേളൂർകര, മഞ്ഞള്ളൂർ വില്ലേജിന്റെ മഞ്ഞളൂർ. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - കല്ലൂർക്കാട് |
| ബ്ലോക്ക് പഞ്ചായത്ത് | - മൂവ്വാറ്റുപുഴ |
| ജില്ലാ പഞ്ചായത്ത് | - എറണാകുളം |
| താലൂക്ക് | - മൂവ്വാറ്റുപുഴ |
| ജില്ല | - എറണാകുളം |
| അസംബ്ലിമണ്ഡലം | - മൂവ്വാറ്റുപുഴ |
| ലോകസഭാമണ്ഡലം | - മൂവ്വാറ്റുപുഴ |
| വിസ്തീർണ്ണം | - 38.95 ച.കി.മീ. |
| *അതിരുകൾ:-* | |
| വടക്ക് | - 2 കിലോമീറ്റർ കാളിയാർപുഴ ബാക്കി ഭാഗം ആയവന പഞ്ചായത്ത് |
| കിഴക്ക് | - കുമാരമംഗലം പഞ്ചായത്ത് |
| തെക്ക് | - മഞ്ഞള്ളൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | - മഞ്ഞള്ളൂർ പഞ്ചായത്ത്, ആയവന പഞ്ചായത്ത്. |
| ജനസംഖ്യ | - 12665 (91) |
| വാർഡുകൾ | - എട്ട് |
| പ്രസിഡന്റ് | - കൊച്ചുത്രേസ്യ വറുഗീസ് |
| വൈ. പ്രസിഡഡന്റ് | - ജോസ് അഗസ്റ്റ്യൻ |
| സററാൻറിംഗ് കമ്മറ്റി ചെയർമാൻ | - മേരികുഞ്ഞ് ജോർജ് |
| പഞ്ചായത്ത് സമിതി അംഗങ്ങൾ | - 1. ത്രേസ്യക്കുട്ടി ചാക്കോ<br>2. ടോമി ജോൺ.<br>3. ഗോപി അയ്യപ്പൻ<br>4. ജോൺസൻ സേവ്യർ<br>5. ജോസ് ജോസഫ് |
| സെക്രട്ടറി | - കെ.എസ്. ജോസഫ് |

കല്ലൂർക്കാട് പഞ്ചായത്ത് പ്രദേശം കുമാരമംഗലം വില്ലേജിൽ ഉൾപ്പെട്ടതായിരുന്നു. കുമാരമംഗലം വില്ലേജിന്റെ വേളൂർകരയും, മഞ്ഞള്ളൂർ വില്ലേജിന്റെ മഞ്ഞള്ളൂർ കരയും, കല്ലൂർക്കാട് വില്ലേജും ഉൾപ്പെട്ട കല്ലൂർക്കാട് പഞ്ചായത്ത് 1956 നവംബർ 1ന് രൂപം കൊണ്ടു. ആരംഭകാലത്ത് 7 വാർഡുകളാണ് ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. പിന്നീട് എട്ട് വാർഡുകളായി പഞ്ചായത്തിനെ വിഭജിക്കുകയുണ്ടായി. പഞ്ചായത്തിന്റെ ആകെയുള്ള കൃഷിഭൂമിയിൽ 20% ത്തോളം നെൽപ്പാടങ്ങളും 30% കുന്നുകളും ആണ്. ആദ്യകാലങ്ങളിൽ കല്ലൂർക്കാട് പഞ്ചായത്ത് തൊടുപുഴ അസംബ്ലിമണ്ഡലത്തിന്റെ കീഴിലായിരുന്നു. ഇടുക്കിജില്ല നിലവിൽ

വന്നപ്പോൾ ഈ പഞ്ചായത്ത് മൂവ്വാറ്റുപുഴ അസംബ്ലി മണ്ഡലത്തിൻെറ കീഴിലും, മൂവ്വാറ്റുപുഴ താലൂക്കിലും ഉൾപ്പെട്ടു.

**മുൻകാല പ്രസിഡൻറുമാർ**

1. ശ്രീ. പി.ജെ. ജോസഫ് പടിഞ്ഞാറേമാളിയേക്കൽ
2. ശ്രീ. എൻ.ജെ. ജോസഫ് നെടുംകല്ലേൽ
3. ശ്രീ. റ്റി.വി. വറുഗീസ് തോട്ടുപുറത്ത്
4. ശ്രീ. ജോസ് ജോസഫ് വടക്കേകുന്നേൽ
5. ശ്രീമതി മേരി മാത്യ കുഴികണ്ടത്തിൽ
6. ശ്രീ. കെ.കെ. കുമാരൻ കോട്ടപുറത്ത്
7. ശ്രീ. ജോളി വറുഗീസ് നെടുംകല്ലേൽ

1956-ൽ പഞ്ചായത്തിൻെറ ആഫീസ് പ്രവർത്തനങ്ങൾക്കായി സ്വന്തനിലയിൽ കെട്ടിടം നിർമ്മിച്ചു. ഇന്നും ഈ കെട്ടിടത്തിലാണ് പഞ്ചായത്താഫീസ് പ്രവർത്തിക്കുന്നത്. പഞ്ചായത്തു കമ്മറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനു സെക്രട്ടറിയെ സഹായിക്കുവാൻ വേണ്ടി താഴെ പറയുന്ന ജീവനക്കാരാണ് ഇപ്പോഴുള്ളത്.

| | |
|---|---|
| ഹെഡ് ക്ലാർക്ക് | 1 |
| യു.ഡി. ക്ലാർക്ക് | 2 |
| എൽഡി ക്ലാർക്ക് | 2 |
| പ്യൂൺ | 2 |
| സ്വീപ്പർ | 2 |
| ലൈബ്രേറിയൻ | 1 |

ഈ പഞ്ചായത്തിലെ ജനങ്ങൾ 100% സാക്ഷരരാണെന്ന് പറയാം. ആകെയുള്ള കുടുംബങ്ങളിൽ 1870 വീടുകൾ വൈദ്യുതീകരിച്ചതാണ്. 370 വീടുകളിൽ ടെലിഫോൺ സൗകര്യമുണ്ട്. എന്നാൽ സ്വന്തമായി വീടില്ലാത്ത കുടുംബങ്ങളും, സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളും ഉണ്ട്. 1692 കക്കൂസുകളില്ലാത്ത വീടുകളും 802 വീടുകൾ വൈദ്യുതികരിക്കാത്തതുമാണ്. ഈ ഗ്രാമപഞ്ചായത്തിൽ 2 പട്ടികജാതികോളനിയും, നാല് ലക്ഷംവീട് കോളനികളും ഉണ്ട്.

**ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങൾ**

1. പഞ്ചായത്താഫീസ്
2. വില്ലേജാഫീസ്
3. പോസ്റ്റോഫീസ്
   1. കല്ലൂർക്കാട്
   2. തഴുവംകുന്ന്
   3. കലൂർ
   4. നാഗപ്പുഴ.
4. ഗവ. ആശുപത്രി, കല്ലൂർക്കാട്.
5. ആയുർവേദ ഡിസ്പെൻസറി, കലൂർ
6. ഗവ. വെറ്റിനറി ഡിസ്പൻസറി, കല്ലൂർക്കാട്
7. പ്രാഥമിക ആരോഗ്യകേന്ദ്രം
   A. കലൂർക്കാട്
   B. തഴുവംകുന്ന്
8. കൃഷിഭവൻ, കല്ലൂർക്കാട്
9. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്, കല്ലൂർക്കാട്
10. സബ് രജിസ്ട്രാർ ഓഫീസ്, കല്ലൂർക്കാട്
11. സബ് ട്രഷറി, കല്ലൂർക്കാട്
12. പി.ഡബ്ളൂ.ഡി. സെക്ഷൻ ഓഫീസ് (Roads) കല്ലൂർക്കാട്
13. മാവേലി സ്റ്റോർ, കല്ലൂർക്കാട്
14. ടെലഫോൺ എക്സ്ചേഞ്ച്
   A. കല്ലൂർക്കാട്
   B. കലൂർ
15. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്
   A. കല്ലൂർക്കാട്
   B. നാഗപ്പുഴ
16. വിദ്യാഭ്യാസ ഉപജില്ല ഓഫീസ്
17. ഇറിഗേഷൻ ഓഫീസ് (M.V.I.P) കല്ലൂർക്കാട്
18. വാട്ടർ അഥോറിറ്റി പമ്പ് ഹൗസ്
   A. കല്ലൂർക്കാട്
   B. ചാറ്റുപാറ
19. പോലിസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്, കല്ലൂർക്കാട്
20. പോലീസ് സ്റ്റേഷൻ, കല്ലൂർക്കാട്
21. റവന്യു. ഇൻസ്പെക്ടർ ഓഫീസ്, കല്ലൂർക്കാട്
22. സ്റ്റേറ്റ് ബാങ്ക്, കല്ലൂർക്കാട് (എസ്.ബി.ടി.)
23. ഫെഡറൽ ബാങ്ക്, കലൂർ
24. ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക്, കല്ലൂർക്കാട്
25. കലൂർ ബസ്റ്റാൻഡ് & മാർക്കറ്റ്
26. പബ്ലിക് ലൈബ്രറികൾ
   A. കല്ലൂർക്കാട്
   B. നാഗപ്പുഴ
   C. കലൂർ
27. ജെ.എം. ഹോസ്പിറ്റൽ, കല്ലൂർക്കാട്

പഞ്ചായത്തുവക ഷോപ്പിംഗ് കോംപ്ലക്സിൽ വിവിധ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

**പ്രധാന ധനകാര്യസ്ഥാപനങ്ങൾ:-**

1. കല്ലൂർക്കാട് ഫാർമേഴ്സ് കോ ഓപ്പറേറ്റീവ് ബാങ്ക്
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കല്ലൂർക്കാട്
3. ഫെഡറൽ ബാങ്ക്, കലൂർ.

**വിദ്യാലയങ്ങൾ**

1. സെൻറ് അഗസ്റ്റ്യൻസ് എൽ.പി. സ്കൂൾ, കല്ലൂർക്കാട്.
2. സെൻറ് അഗസ്റ്റ്യൻസ് ഹൈ സ്കൂൾ കല്ലൂർക്കാട്.
3. ഗവ. എൽ.പി. സ്കൂൾ മണിയന്ത്രം.
4. ഗവ. എൽ.പി. സ്കൂൾ കല്ലൂർക്കാട്.
5. പഞ്ചായത്ത് യു.പി. സ്കൂൾ മരുതൂർ.
6. പഞ്ചായത്ത് യു.പു.സ്കൂൾ വെള്ളാരംകല്ല്.
7. സെൻറ് ജോൺസ് യു.പി. സ്കൂൾ കലൂർ.
8. ഐപ്പ് മെമ്മോറിയൽ ഹൈ സ്കൂൾ കലൂർ.
9. ലിറ്റിൽ ഫ്ലവർ എൽ.പി. സ്കൂൾ തഴുവംകുന്ന്.
10. സെൻറ് മേരീസ് ഹൈസ്കൂൾ നാഗപ്പുഴ.

**ഭൂപ്രകൃതി**

**അവലംബം**

ഭൂപടം, റവന്യുരേഖകൾ, പഠനപര്യടനം ഭൂപ്രകൃതിയനുസരിച്ച് കല്ലൂർക്കാട് പഞ്ചായത്ത് 4 ആയി തിരിക്കാം.

1. കുന്നുകൾ
2. ചരിവുപ്രദേശങ്ങൾ
3. താഴ്‌വരകൾ
4. സമതലങ്ങൾ

1. കുന്നുകൾ

ആകെ വിസ്തീർണ്ണത്തിൽ 20% വരും ഈ പ്രദേശം. ചെമ്പൻ മല, ഇടുമ്പന്തണ്ട്, കല്ലൂർക്കാട്മുടി, ചെന്നാപ്പാറ, ആല്പാറത്തണ്ട്, പുളിയാനിക്കാട്, ചാറ്റുപാറ കുരിക്കാകുന്ന്, വലിയപാറ, മലനിരപ്പ്, കുറവൻകുന്ന് തുടങ്ങിയ കുറെ കുന്നിൽ പ്രദേശങ്ങൾ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഇതിൽ ഏറ്റവും ഉയർന്ന പ്രദേശം കല്ലൂർക്കാട് മുടിയാണ്. ഈ മലയുടെ മുകളിൽ ആണ് മേജർ വാട്ടർ സപ്ലൈസ്കീമിന്റെ ഒരു ടാങ്ക് നിർമ്മിക്കുന്നത്. ഇടുമ്പന്തണ്ട്, വലിയപാറ, ചെന്നാപ്പാറ എന്നീമലകൾ പാറക്കൂട്ടങ്ങൾ നിറഞ്ഞവയാണ്. വലിയപാറയിലും ഇടുമ്പന്തണ്ടിലും അതിപുരാതനമായ ഓരോ ഗുഹ നിലവിലുണ്ട്. ഈ ഗുഹകൾ ഇടപ്രഭുക്കന്മാരുടെ ഭരണകാലത്ത് ഒളിസങ്കേതങ്ങളായി ഉപയോഗിച്ചിരുന്നതായി പൂർവ്വികന്മാർ പറഞ്ഞു കേൾക്കുന്നു. തലയുയർത്തി നില്ക്കുന്ന ഈ മലമ്പ്രദേശങ്ങൾ ഒരു കാലത്ത് തരിശായികിടന്നവയാണ് എന്നാൽ ഇന്ന് മനുഷ്യവാസമുള്ള പ്രദേശങ്ങളായി മാറിയിരിക്കുന്നു. മഴമാറിയാൽ ഇവിടെ കുടിനീർ ക്ഷാമം രൂക്ഷമാണ്. പാറക്കൂട്ടങ്ങൾ കഴിഞ്ഞുള്ള സ്ഥലങ്ങളിൽ മിക്കയിടത്തും ചരൽ കലർന്ന ചെമ്മണ്ണാണ്. ചുരുക്കം സ്ഥലങ്ങളിൽ പാറപൊടിഞ്ഞുചേർന്ന വളക്കൂറുള്ള മണ്ണും കാണാം. പ്രധാന കൃഷി റബ്ബറാണ്. മാവ്, തെങ്ങ്, പ്ലാവ് മുതലായ ഫല വൃക്ഷങ്ങളും ഇവിടെ കൃഷിചെയ്യുന്നു. കൂടാതെ തേക്ക്, ഇരുപൂള്, ആഞ്ഞിലി, മരുത് തുടങ്ങിയ വിലപിടിപ്പുള്ള മരങ്ങളും വളരുന്നു.

2. ചെരിഞ്ഞപ്രദേശം

മൊത്തം വിസ്തീർണ്ണത്തിൽ ഏകദേശം 20% ഓളം വരും ഉയർന്ന പ്രദേശത്തെ ചെരിവു പ്രദേശവുമായി ബന്ധിപ്പിക്കുന്നു. ഇവിടങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണും പാറപൊടിഞ്ഞുചേർന്ന വളക്കൂറുള്ള മണ്ണും കാണപ്പെടുന്നു. ഇവിടെ ധാരാളം ആളുകൾ വീടുവച്ച് താമസിക്കുന്നു. ഇവിടെയും ജലക്ഷാമം രൂക്ഷമാണ്. ഭൂരിഭാഗം സ്ഥലങ്ങളും ചെറുകിടകൃഷിക്കാരുടെ കൈവശമാണ്. റബ്ബർ, തെങ്ങ്, മാവ്, പ്ലാവ്, വാഴ, കുരുമുളക്, കൊക്കൊ, പൈനാപ്പിൾ മുതലായവ കൃഷി ചെയ്തുവരുന്നു.

3. താഴ്‌വര

ആകെ വിസ്തീർണ്ണത്തിൽ ഏകദേശം 35% ഓളം വരും ഈ പ്രദേശം. ചെരിവ് പ്രദേശങ്ങളോട് അനുബന്ധിച്ച് താഴ്‌വര പ്രദേശം കാണുന്നു. ഇവിടം ചെറുഭാഗങ്ങളാക്കി (കണ്ടങ്ങൾ) നെൽ കൃഷി ചെയ്തിരുന്നു. പണ്ടുകാലങ്ങളിൽ കൈകൊണ്ട് വെള്ളം തേകിയാണ് ഈ നെൽകൃഷിയിടങ്ങൾ നനച്ചിരുന്നത്. എന്നാൽ ഇന്ന് ആ കൃഷിരീതിക്ക് മാറ്റം വരുത്തിയിരിക്കുന്നു. ഇന്ന് അവിടങ്ങളിൽ കൂടുതലും നാണ്യവിളകളാണ് കൃഷിചെയ്യുന്നത്. ചെമ്മണ്ണുകലർന്ന മണ്ണാണ് ഇവിടെ കാണപ്പെടുന്നത്.

4. സമതലങ്ങൾ

മൊത്തം വിസ്തീർണ്ണത്തിൽ 25% വരുന്ന ഈ ഭൂഭാഗമാണ് കല്ലൂർക്കാട് പഞ്ചായത്തിന്റെ മർമ്മഭാഗം. നെൽകൃഷിചെയ്യുന്നത് ഇവിടെയാണ്. കളിമണ്ണുകലർന്ന വളക്കൂറുള്ള മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. ഇവിടെയും നെൽകൃഷി കുറഞ്ഞുവരുന്നു. ലാഭകരമായ മറ്റു വിളകളാണ് ഇപ്പോൾ കൂടുതലും കൃഷിചെയ്യുന്നത്. താരതമ്യേന ജലം ഏറ്റവും കൂടുതൽ കാണുന്ന പ്രദേശമാണ് ഇവിടം. കടുത്ത വേനലാകുമ്പോൾ (ജനുവരിയാകുമ്പോൾ) ഇവിടെയും ജലദൗർലഭ്യമുള്ളതായി കാണുന്നു. ചെറിയ ചെറിയ കുന്നുകളുടെ താഴ്‌വരകളിൽ കാണുന്ന നിരന്നപ്രദേശങ്ങൾ അവിടെ അവിടെയായി കാണാം. ഇവക്ക് പാടങ്ങൾ എന്ന് വിളിക്കുന്നു. ഇവ ചെറിയ തുണ്ടുകളാക്കി നെൽകൃഷിചെയ്യുന്നു. നാഗപ്പുഴ പാടശേഖരം, മണിയന്ത്രം പാടശേഖരം, ശാന്തുകാട്-കൂച്ചാൻ പാടശേഖരം, മുത്തോലി പാടശേഖരം, വട്ടച്ചിറ പാടശേഖരം, മനയ്ക്കൽ പാടശേഖരം, വാഴക്കാലകണ്ടം പാടശേഖരം തുടങ്ങിയ പാടശേഖരങ്ങളിൽ ഇരുപ്പുകൃഷി ചെയ്യുന്നു.

M.V.I.P. യുടെ വലതുകരകനാൽ ഈ പഞ്ചായത്തിന്റെ കിഴക്കു ഭാഗത്ത് പ്രവേശിച്ച് എല്ലാവർഡുകളും കടന്ന് കോതമംഗലം താലൂക്കിലേക്ക് കടന്ന് പോകുന്നു. ഈ കനാൽ പൂർത്തിയാകുമ്പോൾ ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കു തന്നെ വളരെയധികം മാറ്റം വരുന്നതാണ്. മാത്രമല്ല ജലസേചന സൗകര്യം വർദ്ധിക്കുന്നതുമാണ്. അതിനാൽ തന്നെ കൃഷികൾ ലാഭകരമാക്കുന്നതിനും സാധിക്കും. കുടിനീർ ക്ഷാമത്തിന് സ്ഥിരമായ പരിഹാരവും ഉണ്ടാക്കുന്നതാണ്.

തൊടുപുഴയാറിലേക്കും കാളിയാർപുഴയിലേക്കും ഒഴുകിയെത്തുന്ന തോടുകളും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുള്ള കുളങ്ങളും കിണറുകളുമാണ് ഈ പഞ്ചായത്തിന്റെ ജലസ്രോതസുകൾ.

ഈ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് കാളിയാർ പുഴയിൽ ചെന്നു പതിക്കുന്ന മുണ്ടുനടത്തോട്, മടക്കത്തോട് ഏതാണ്ട് മധ്യഭാഗത്തുകൂടി പോകുന്ന മൂക്കൻതോട് തെക്കെ അതിർത്തിയോട് ചേർന്ന് പോകുന്ന നീറംമ്പുഴതോട് (വലിയതോട്) കിഴക്കേ അതിർത്തിയിൽ കൂടി ഒഴുകി തൊടുപുഴയാറ്റിൽ ചെന്നു ചേരുന്ന വലിയതോട് (നാഗപ്പുഴ-പാലക്കുഴി) എന്നിവയാണ് ഈ ഭൂഭാഗത്ത് ജലസേചന സൗകര്യങ്ങളുള്ള തോടുകൾ. വേനൽ കാലമായാൽ ഈ തോടുകളെല്ലാം വറ്റിവരണ്ടു പോകുന്നവയാണ്. ലാഭകരമായി കൃഷികൾ ചെയ്യണമെങ്കിൽ എത്രയും നേരത്തെ M.V.I.P. യുടെ കനാൽ തീർക്കേണ്ടതാണ്.

ഈ പ്രദേശത്താണ് ജനവാസം കൂടുതലുള്ളത്. 2672 കുടുംബങ്ങളാണ് മൊത്തം പഞ്ചായത്തിലുള്ളത്. ഇവരിൽ ഭൂരിഭാഗവും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരും കൃഷിതൊഴിലാളികളുമാണ്. അവരിൽ കൂടുതലും ഈ പ്രദേശത്താണ് താമസിക്കുന്നത്.

# സാമൂഹ്യ-സാംസ്കാരിക ചരിത്രപശ്ചാത്തലം

കായ്കനികൾ ഭക്ഷിച്ചും കാട്ടരുവിയിലെ വെള്ളം കുടിച്ചും കാലഘട്ടങ്ങളുടെ മറവിൽ കാട്ടാള ജീവിതം തുടങ്ങിയ ജനതയുടെ വളർച്ചയുടെ പടവുകൾ പടിപടിയായി നടന്നു കയറുമ്പോൾ നാം ഇന്നത്തെ ആധുനിക മനുഷ്യനെ അവന്റെ ഇപ്പോഴത്തെ പ്രതാപത്തിലും പ്രശസ്തിയിലും കണ്ടുമുട്ടുന്നു. വളർച്ചയുടെ പ്രയാണത്തിൽ അവൻ താണ്ടിയ വഴികൾ വിവിധങ്ങളാണ്, നേട്ടങ്ങളും കോട്ടങ്ങളും ഏറെ ഉണ്ടായിട്ടുണ്ട്, സ്ഥാനത്തും അസ്ഥാനത്തും കൊണ്ടും കൊടുത്തും, കണ്ടും കേട്ടും സംഭരിച്ചവ മുഴുവനും ചരിത്രത്താളുകളിൽ അവർ വരച്ചിട്ടു.

ഭാരതീയ ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണ ലിപികളിൽ അങ്കിതമായ വികസനങ്ങളുടെ ചുരുളുകൾ തുറക്കുമ്പോൾ ഇതിനു മുമ്പെങ്ങും ഉണ്ടാകാത്ത പുത്തൻ അദ്ധ്യായത്തിന്റെ ഉമ്മറപ്പടിയിൽ നാം എത്തുകയാണ്. "ഗ്രാമസ്വരാജ്" എന്ന സങ്കല്പത്തിനു വേണ്ടി ജീവിച്ചു മരിച്ച ആ വലിയ വ്യക്തിത്വത്തിനു മുമ്പിൽ-മഹാത്മജിക്കു മുമ്പിൽ കൈകൾ കൂപ്പാം. ഇൻഡ്യ കണ്ട-ഇൻഡ്യയെക്കണ്ട ആ വലിയ മനുഷ്യൻ... സ്വയം കാണാൻ ശ്രമിക്കാത്ത പുണ്യാത്മാവ്.!!

അധികാരം ജനങ്ങളിലേക്ക് എന്ന വലിയ ആശയം പ്രാവർത്തികമാകുന്നതിൽ കേരള ജനത സംതൃപ്തരാണ്. ഇതിനു മുമ്പ് ഒരുക്കലും നമുക്ക് പങ്കുകൊള്ളാൻ സാധിക്കാതിരുന്ന വലിയ കാര്യമാണ് 9-ാം പഞ്ചവത്സര പദ്ധതി വഴി നമ്മുടെ കൈകളിൽ എത്തിയിരിക്കുന്നത്, ആസൂത്രണം താഴെതട്ടിൽ നിന്ന് തുടങ്ങുന്നു. ഗ്രാമസഭകളാണ് രംഗം. പ്രാദേശിക ആവശ്യങ്ങളെ പരസ്പരം ചർച്ചചെയ്ത് മുൻഗണന തീരുമാനിക്കുന്നു. ഉള്ള വിഭവങ്ങളെയും ഉള്ള ആവശ്യങ്ങളേയും അവയുടെ മുൻഗണനയേയും അത് നടപ്പാക്കേണ്ട സ്ഥലകാലസാഹചര്യങ്ങളേയും നിശ്ചയിച്ചു കഴിഞ്ഞാൽ പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാകുമെന്നതിൽ രണ്ടു പക്ഷമില്ല.

കേന്ദ്രത്തിലിരിക്കുന്ന കുറച്ചാളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം. അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളിൽ താഴെ തട്ടിൽ നിന്ന് നിർവ്വഹിക്കപ്പെടണം എന്ന മഹാത്മജിയുടെ സന്ദേശം അന്വർത്ഥമാകുന്നു. ആസൂത്രണത്തിലേക്കുള്ള ഈ ആഹ്വാനം തനിക്കു കിട്ടുന്ന അംഗീകാരമായി തീരുന്നു. കല്ലൂർക്കാട് പഞ്ചായത്തിലെ 8 വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭകൾ നിശ്ചിത തീയതികളിൽ തന്നെ നടത്തപ്പെടുകയുണ്ടായി. വികസന റിപ്പോർട്ടിന് ആവശ്യമായ വിവിധ വിവരങ്ങൾ ശേഖരിക്കുന്നതിന് നിയുക്തരായവർ അവ ആത്മാർത്ഥതയോടെ പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള അവലോകന റിപ്പോർട്ടുകളും ലഭിച്ചുകഴിഞ്ഞു. ഗ്രാമവാസികളിൽ നിന്നും 12 വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിച്ച വിവരങ്ങളെ ഭരണസമിതി അംഗങ്ങളും ജില്ലാ പരിശീലകരും ചേർന്ന് ചർച്ച നടത്തി ക്രോഡീകരിച്ചിട്ടുണ്ട്. ആയതിന്റെ സമാഹാരമായ ഈ ഉപഹാരം ജനസമക്ഷം സമർപ്പിക്കട്ടെ.

## ഇതുവരെയുള്ള പ്രവർത്തനങ്ങൾ

ആസൂത്രണം സംബന്ധിച്ച് 1996 സെപ്റ്റംബർ 9, 10, 11 തീയതികളിൽ മൂവാറ്റുപുഴ കെ.എം. ജോർജ് മെമ്മോറിയൽ ടൗൺ ഹാളിൽ വെച്ച് നടത്തിയ ജില്ലാതല ട്രെയിനിംഗിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 5 പേർ പങ്കെടുത്തു. അവർ കൊച്ചുത്രേസ്യാ വറുഗീസ്, മേരിക്കുഞ്ഞ് ജോർജ്, ജോർഡിൻ ജോസഫ്, പ്രഭാകരൻ എം.ആർ., രമേശ് പി.വി. എന്നിവരാണ്. ഈ പഞ്ചായത്തിന്റെ കോ-ഓർഡിനേറ്ററായി ജോർഡീൻ ജോസഫ് വലിയപുത്തമ്പരയിൽ തെരഞ്ഞെടുത്തു. സെപ്റ്റംബർ 12-ാം തീയതി ഈ DRP മാരുടെയും പഞ്ചായത്ത് സമിതിയുടേയും ബ്ലോക്ക് മെമ്പറുടേയും സംയുക്തമായ ആലോചനായോഗം നടത്തുകയും 14-ാം തീയതി ശനിയാഴ്ച പഞ്ചായത്തിലെ എല്ലാരാഷ്ട്രീയ പാർട്ടികളുടേയും സന്നദ്ധസംഘടനകളുടേയും ഉദ്യോഗത്തിൽ നിന്നും വിരമിച്ചവരുടേയും ഉദ്യോഗസ്ഥരുടേയും കർഷകരുടേയും പങ്കാളിത്തത്തോടെ 9-ാം പദ്ധതി ജനകീയ പദ്ധതി" എന്ന നൂതന സന്ദേശത്തിന്റെ പഞ്ചായത്തുതല പരിശീലനം നടന്നു. 89 പേർ സംബന്ധിച്ച പ്രസ്തുത സമ്മേളനത്തിൽ മുൻ ജില്ലാ കൗൺസിലർ ശ്രീമതി. മോളി എബ്രഹാമിന്റെ സേവനം ലഭിച്ചു എന്നത് സന്തോഷകരമാണ്. ജനകീയാസൂത്രണം സംബന്ധിച്ച് സ്പെഷ്യൽ ഗ്രാമസഭകളെക്കുറിച്ച് കൂട്ടായി ചിന്തിച്ച് തീരുമാനങ്ങളെടുക്കാനായി 18-9-96-ൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ എല്ലാ ഭരണസമിതി അംഗങ്ങളും സംബന്ധിക്കുകയും യഥാക്രമം 6-10-96, 12-10-96, 13-10-96, 29-9-96, 12-10-96, 28-9-96, 5-10-96, 2-10-96 തീയതികളിലായി 1 മുതൽ 8 വരെ വാർഡുകളിൽ ഗ്രാമസഭകൾ ചേരുകയും ചെയ്തു.

ജില്ലാതല പരിശീലകർ വിഷയം അവതരിപ്പിക്കുകയും ഗ്രാമസഭകളിൽ പഞ്ചായത്ത് പ്രസിഡൻറ് അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. ഉദ്ഘാടനകർമ്മം നിർവ്വഹിക്കുവാൻ ബഹു: ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ. എൻ.ജെ. ജോർജും ബഹു: ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് അഡ്വ: ഷൈസൻ പി. മാങ്ങഴയും ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. എൻ. സജീവനും പങ്കെടുത്തിരുന്നു.

തികച്ചും പുതിയതും തീർത്തും അപരിചിതവുമായ 9-ാം പദ്ധതി രൂപീകരണത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാനായി ഒക്ടോബർ 17ന് സംഘടിപ്പിക്കപ്പെട്ട കലാജാഥകൾക്ക് നമ്മുടെ പഞ്ചായത്തിൽ നല്ല സ്വീകരണം നൽകി. കനത്തമഴമൂലം പരിപാടി കല്ലൂർക്കാട്ട് പട്ടണത്തിൽ പ്രദർശിപ്പിക്കാൻ പറ്റാതെ പോയത് ഒരു നഷ്ടമായി കരുതുന്നു.

ഒക്ടോബർ മാസം 22, 23, 24 തീയതികളിൽ മൂവാറ്റുപുഴ ടൗൺ ഹാളിൽ വെച്ച് നൽകിയ രണ്ടാം ഘട്ടപരിശീലന പരിപാടിയിൽ ഒന്നാംഘട്ട പരിശീലകരായിരുന്ന 5 പേരും കൂടാതെ പഞ്ചായത്ത് സെക്രട്ടറിയും പങ്കെടുത്തു. 26-10-96 മുതൽ പഞ്ചായത്തിന്റെ ദ്വിതീയ വിവര ശേഖരണം ആരംഭിച്ചു. പരമാവധി ഓഫീസുകളിൽ നേരിട്ട് ചെന്ന് വിവരങ്ങൾ

ശേഖരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മുതിർന്നവരുടെ ഓർമ്മക്കുറിപ്പുകളായി ധാരാളം വിവരങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. കൂടാതെ വിഭവഭൂപടനിർമ്മാണത്തിനായി ഇവിടുത്തെ യുവജനങ്ങൾ പഞ്ചായത്തിൽ തലങ്ങും വിലങ്ങും നടന്ന് പഞ്ചായത്തിൻെറ യഥാർത്ഥ ചിത്രം വരച്ചിട്ടുണ്ട്. ആ ഉദ്യമത്തിന് തയ്യാറായി സ്വയം മുന്നോട്ടുവന്ന പഠന സംഘത്തെ ആത്മാർത്ഥമായി അനുമോദിക്കുന്നു.

രണ്ടാംഘട്ട ഏകദിന പരിശീലന സെമിനാർ 9-11-96 ൽ സ്ഥലം SAHS -ൽ വെച്ച് നടത്തുകയുണ്ടായി. പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗം, സ്ഥലം പള്ളിവികാരി ഫാ. ജോസഫ് കൂട്ടുങ്കൽ ഉത്ഘാടനം ചെയ്തു. പഞ്ചായത്ത് അതിർത്തിയിൽ ഉള്ള സർക്കാർ ഉദ്യോഗസ്ഥരെ എല്ലാം കത്തുമൂലം ക്ഷണിച്ചിരുന്നു. വനിതാ പ്രാതിനിധ്യം അല്പം കുറഞ്ഞു പോയത് ഒരു പോരായ്മയായി കാണുന്നു. നാല് സ്ത്രീകളും 52 പുരുഷന്മാരും സജീവമായി തുടക്കം മുതൽ ഒടുക്കം വരെ പങ്കെടുത്ത ചർച്ച വളരെ ഫലപ്രദമായിരുന്നു. 12 വിഷയങ്ങളെക്കുറിച്ചും വ്യാപകമായ ചർച്ച നടന്നുവെങ്കിലും പലരും പദ്ധതിയുടെ വിജയസാദ്ധ്യതയെ ചോദ്യം ചെയ്യുകയുണ്ടായി.

പുനരർപ്പണ ദിനമായ നവംബർ ഒന്നിന് പഞ്ചായത്തിൻെറ സൗഹൃദവളർച്ചയെ ദ്യോതിപ്പിക്കുന്നു. അന്നേ ദിവസം ഈ പഞ്ചായത്തിൻെറ 8 വാർഡുകളിലുമായി 85 കക്കൂസുകൾ പണി ആരംഭിച്ചു. മാത്രമല്ല ഇവിടുത്തെ യുവജന നേതൃത്വത്തിൽ V-ാം വാർഡിലെ വേളൂർ പബ്ലിക് ലൈബ്രറി, കലൂർ മാർക്കറ്റ്, ബസ്റ്റാൻറ്, ടൗൺ തുടങ്ങിയ പ്രദേശങ്ങൾ വൃത്തിയാക്കുകയുണ്ടായി. 4-ാം വാർഡിലെ കോളനി വാസികൾക്കായി ബഹു വൈസ്പ്രസിഡൻറിൻെറ നേതൃത്വത്തിൽ ഒരു റോഡ് ശ്രമദാനമായി തുറന്നുകൊടുത്തതും പുനരർപ്പണദിനത്തിൻെറ ഭാഗമാണ്. ദുർബല വിഭാഗങ്ങൾക്കായി അന്നേ ദിവസം 18 വീടുകളുടെ പണി ആരംഭിക്കുകയും ചെയ്തു. വിവര ശേഖരണ പ്രവർത്തനം ത്വരിതപ്പെടുത്തി. 9-ാം പദ്ധതി ആസൂത്രണം സുഗമമാക്കാനും വികസനറിപ്പോർട്ട് തയ്യാറാക്കാൻ സൗകര്യപ്രദമായ സഹകരണം ഉറപ്പുവരുത്തുവാനും വേണ്ടി 28-11-96 ൽ ഒരു ഉദ്യോഗസ്ഥ സമ്മേളനം പഞ്ചായത്ത് ഓഫീസിൽ കൂടുകയുണ്ടായി. മൂവാറ്റുപുഴ ട്രൈബൽ ഡവലപ്പ്മെൻറ് ഓഫീസർ ശ്രീ. ഒ.ജെ. ജോണിനെയാണ് നമ്മുടെ ബ്ലോക്ക് കോ-ഓർഡിനേറ്ററായി നിയമിച്ചിരിക്കുന്നത്. അദ്ദേഹം പഞ്ചായത്ത് ഓഫീസിലെത്തി നമുക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുകയുണ്ടായി.

## ചരിത്ര പശ്ചാത്തലം

അടിമത്വത്തിൻെറ വീർപ്പുമുട്ടൽ അനുഭവിച്ചപ്പോഴും സ്വന്തം നാടിൻെറ വികസനത്വര രാഷ്ട്രപിതാവിൻെറ ഞരമ്പുകളിൽ ത്രസിച്ചുരുന്നു. ഭാരതം സ്വതന്ത്രമാകണമെങ്കിൽ ഇംഗ്ലീഷ് മേധാവിത്വം അവസാനിച്ചാൽ മാത്രം പോരാ ഓരോ ഗ്രാമത്തിനും സ്വന്തമായി പ്രർത്തിക്കാനുള്ള അധികാരവും അവകാശവും ലഭിക്കണമെന്ന് ഗാന്ധിജി നിഷ്ക്കർഷിച്ചു. തന്നെയുമല്ല സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തം ലഭിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. ഗാന്ധിജിയുടെ ലക്ഷ്യം ഓരോ പൗരനും ഭരണകാര്യത്തിൽ തുല്യപങ്കാളിത്തം എന്നതാണ്.

കൊല്ലവർഷം 1089 ൽ നടന്ന വില്ലേജ് സെറ്റിൽമെൻറ് കാലം വരെ ഈ പഞ്ചായത്ത് കോട്ടയം ജില്ലയുടെ ഭാഗമായിരുന്നു. സംസ്ഥാനത്തുടനീളം പഞ്ചായത്തുകൾ ബീജാവാപം ചെയ്തപ്പോൾ കല്ലൂർക്കാട് പഞ്ചായത്ത് നിലവിൽ വന്നു. 1953 ലാണ് ഈ പഞ്ചായത്ത് രൂപീകരിച്ചത്. 15-8-1953 ൽ ആദ്യത്തെ പഞ്ചായത്ത് കമ്മറ്റി സത്യപ്രതിജ്ഞ ചെയ്ത് ശ്രീ. പി.ജെ. ജോസഫ് (കൊച്ചാപ്പുചേട്ടൻ) പ്രസിഡൻറായും ശ്രീ. ടി.ടി. തോമസ് വൈസ് പ്രസിഡൻറായും അധികാരമേറ്റു. ശ്രീ. കെ.സി. മാനുവൽ ആയിരുന്നു എക്സിക്യൂട്ടീവ് ഓഫീസർ.

പ്രാദേശിക വളർച്ച മാത്രമായിരുന്നു ഭരണ സാരഥികളുടെ സങ്കൽപം. പരിഷ്ക്കാരസമ്പന്നമല്ലാതിരുന്ന നാടിനെ വളർച്ചയുടെ പടവുകളിലേക്ക് ഉയർത്താൻ അക്ഷീണ പരിശ്രമം നടത്തിയ കൊച്ചാപ്പുചേട്ടനെ നന്ദിയോടും ആദരവോടും സ്മരിക്കുന്നു. പഞ്ചായത്തിന് സ്വന്തമായി ഓഫീസും ആരോഗ്യ സംരക്ഷണത്തിന് ആവശ്യമായ അലോപ്പതി - ആയുർവ്വേദ ആശുപത്രികളും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്ക് ആവശ്യമായ സ്കൂളുകളും വായനശാലകളും റോഡുകളും പാലങ്ങളും പൊതു കിണറുകളും, കുളങ്ങളും തുടങ്ങി സമൂഹനന്മക്ക് ആവശ്യമായതെല്ലാം ദീർഘദൃഷ്ടിയോടെ വിഭാവനം ചെയ്ത സർവ്വശ്രീ പി.ജെ. ജോസഫ് (കൊച്ചാപ്പുചേട്ടൻ) പടിഞ്ഞാറെ മാളിയേക്കൽ, ഐയ്പ് ജോസഫ് (കുഞ്ഞാപ്പുകുട്ടി) നെടുങ്കല്ലേൽ, വർക്കി വറുഗീസ്-തോട്ടുപുറം, ജോസ് ജോസഫ് വടക്കേക്കുന്നേൽ, ശ്രീമതി മേരി മാത്യ കുഴികണ്ടത്തിൽ, കെ.കെ. കുമാരൻ കോട്ടപ്പുറത്ത്, ജോളി വറുഗീസ് നെടുങ്കല്ലേൽ എന്നീ മുൻകാല പ്രസിഡൻറുമാരുടെ കഠിനാധ്വാനത്തിന് നന്ദി പറയാൻ നമുക്ക് വാക്കുകളില്ല.

യശ്ശ: ശരീരരായ സർവ്വശ്രീ കെ.എം. ജോർജ്ജ് എം.എൽ.എ. യും ശ്രീ സി.എ. മാത്യ എം.എൽ.എ. യും കനിഞ്ഞു കടാക്ഷിച്ചപ്പോൾ ശ്രീ. കൊച്ചാപ്പുച്ചേട്ടന് നാടിനു വേണ്ടി നേട്ടങ്ങൾ വാരിക്കൂട്ടുവാൻ സാധിച്ചു. എം.എൽ.എ. മാരായിരുന്ന ശ്രീ. കെ.സി. സഖറിയാസ്, ശ്രീ. പി.ജെ. ജോസഫ്, ശ്രീ. പി.സി. ജോസഫ്, ശ്രീ. വി.വി. ജോസഫ്, ശ്രീ. ഡോ. എ.വി. ഐസക്ക് എന്നിവരും കല്ലൂർക്കാട് പഞ്ചായത്തിൻെറ വകസനം ത്വരിതഗതിയിലാക്കുന്നതിന് നിർണ്ണായകപങ്ക് വഹിച്ചിട്ടുള്ളവരാണ്. നാടിൻെറ വികസന കാര്യങ്ങളിൽ മുൻപന്തിയിൽ പ്രവർത്തിക്കുന്ന അഡ്വ. ജോണി നെല്ലൂർ എം.എൽ.എം. യുടെ സേവനങ്ങളെ അത്യധികം പ്രശംസിക്കേണ്ടിയിരിക്കുന്നു.

നേട്ടങ്ങൾ ഒത്തിരിനേടിയ കല്ലൂർക്കാട് പഞ്ചായത്തിന് കോട്ടങ്ങളുടെ കഥയും ഇല്ലാതില്ല. ഗ്രാമവികസന ബോർഡ് 30-11-83 ൽ താക്കോൽ ദാനം നടത്തിയ ഷോപ്പിംഗ് കോംപ്ളക്സ് കല്ലൂർക്കാടിന് ഒരു ഭാരം തന്നെയാണ്. കൊക്കിൽ കൊള്ളാത്തത് കൊത്താനുള്ള വ്യാമോഹത്താൽ നമുക്കുണ്ടായിരിക്കുന്ന ഈ ഷോപ്പിംഗ് കോംപ്ലക്സിന് 2,96,292 രൂപ ആണ് എഗ്രിമെൻറ് ആയിരുന്നത്. കുടിശ്ശിഖ തിരി

ച്ചടയ്ക്കാൻ പറ്റാത്തതുകൊണ്ട് മുതലും പലിശയും പിഴപലിശയുമായി ഏതാണ്ട് 13 ലക്ഷം രൂപയുടെ ഭാരിച്ച കടബാധ്യതയുണ്ടായി.

നാളിതുവരെ നാം തിരിച്ചടച്ചതിൻെറ ചിത്രം പഞ്ചായത്തിൻെറ ഫയലിൽ കാണുന്നത് എല്ലാവരുടേയും ശ്രദ്ധക്കായി താഴെ കൊടുക്കുന്നു.

| | |
|---|---|
| 27-9-'84 | 50265/- |
| 29-3-'85 | 35580/- |
| 28-9-'85 | 19552/- |
| 18-1-'91 | 50000/- |
| 22-5-'92 | 50000/- |
| 23-5-'92 | 50000/- |
| 15-7-'93 | 50000/- |
| 8-10-'93 | 81466/- |
| 26-3-'94 | 120084/- |
| 31-3-95 | 72856/- |
| 26-3-'96 | 110000/- |
| 28-9-'96 | 85025/- |
| | 7,74,828/- |

ഇനി 570220/- മുതലും അതിൻെറ പലിശയും അടക്കേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെ കല്ലൂർക്കാട്ട് പഞ്ചായത്തിൽ അനുവദിച്ച പബ്ലിക്ക് ടാപ്പുകളുടെ കുടിശ്ശിക ഇനത്തിൽ രണ്ടു ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി തൊള്ളായിരത്തിയേഴ് (222907) രൂപ കേരള വാട്ടർ അതോറിട്ടിക്ക് കൊടുക്കാനുണ്ട്.

വളരെ കുറഞ്ഞ വരുമാനമുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. തൊഴിൽ നികുതി, കെട്ടിട നികുതി എന്നീയിനങ്ങളിൽ കിട്ടുന്ന 270450 രൂപയും മറ്റിനങ്ങളിൽ നിന്നു ലഭിക്കുന്ന 338863/- രൂപയുമാണ് പഞ്ചായത്തിൻെറ ആകെ വരുമാനം. ഈ തുകയിൽ 95678 രൂപ വസ്തുകൈമാറ്റ നികുതി വിഹിതമാണ്. ഇതിൽ നിന്ന് ജീവനക്കാർക്കുള്ള ശമ്പളവും മറ്റ് അലവൻസുകളും ഭരണ സമിതി അംഗങ്ങളുടെ സിറ്റിംഗ് ഫീസും കിഴിച്ചാൽ വികസന പ്രവർത്തനങ്ങൾക്ക് നീക്കി വെക്കാൻ പണമില്ല എന്നത് മാത്രമല്ല. കടം വർദ്ധിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസത്തിൻെറ ചരിത്രത്തിലേക്ക് കടക്കുമ്പോൾ അഭിമാനാർഹമായ പാരമ്പര്യം അവകാശപ്പെടാൻ നമുക്ക് കഴിയും. ഈ പഞ്ചായത്തിൽ നാഗപ്പുഴ കരയിലാണ് വിദ്യാഭ്യാസ സ്ഥാപനം ഉടലെടുത്തത് എന്നാണ് ചരിത്രം പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. തുടർന്ന് കല്ലൂർക്കാട്, കലൂർ, തഴുവംകുന്ന് തുടങ്ങിയ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ക്രിസ്ത്യൻ പള്ളികളുമായി ബന്ധപ്പെട്ടാണ് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉടലെടുത്തത്. 'ആശാൻ കളരി'കളിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗം ആരംഭിക്കുന്നത്. അത് പിന്നീട് കുടിപ്പള്ളിക്കൂടങ്ങളായി രൂപം പ്രാപിക്കുകയും ചെയ്തു. ഇന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രംഗത്ത് നമ്മൾ വളരെയേറെ മുന്നിലല്ലെങ്കിലും തീരെ പിന്നിലാണ് എന്ന് പറയാൻ കഴിയില്ല. നമ്മുടെ പഞ്ചായത്തിൽ ഇന്ന് മൂന്ന് ഹൈസ്കൂളുകളും, മൂന്ന് യു.പി. സ്കൂളുകളും, നാല് എൽ.പി. സ്കൂളുകളും ഉണ്ട്. കൂടാതെ 8 മലയാളം നേഴ്സറി സ്കൂളുകളും ഒരു അംഗൻവാടിയുമുണ്ട്.

അതിപുരാതനമായ തെക്കുംകൂർ വടക്കുംകൂർ രാജാധിപത്യത്തിൻെറ നില നില്ക്കുന്ന അവശിഷ്ടമായ കോട്ട 100 ലിങ്ക്സ് (1 ചങ്ങല) വീതിയിൽ കൊച്ചി മുതൽ പാണ്ടി വരെ നീണ്ടുകിടക്കുന്നു. ഈ കോട്ട 8 കിലോമീറ്ററോളം നീളത്തിൽ നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്.

ഏറെ പഴക്കമുള്ള തറവാട്ടുകാർ ഒത്തിണങ്ങി കഴിഞ്ഞ പ്രദേശമാണ് നമ്മുടേത്. കുടിയേറ്റ മേഖലയായ നമ്മുടെ പഞ്ചായത്തിൽ ജനവാസം ആരംഭിച്ചത് എന്നാണ് എന്നതിന് കൃത്യമായ കണക്ക് ലഭ്യമല്ലെങ്കിലും 1680 ൽ ജനവാസമുണ്ടായിരുന്നതിന് തെളിവുകളുമുണ്ട്. സ്ഥലനാമങ്ങളുടെ പുരാണം ലഭ്യമല്ലെങ്കിലും പലകുടുംബങ്ങളും സ്ഥലനാമങ്ങളിൽ നിന്നാണ് വീട്ടുപേർ സ്വീകരിച്ചിരിക്കുന്നത്.

ചുരുക്കത്തിൽ, വികസനത്തിൻെറ പാതയിലൂടെ നമ്മുടെ പഞ്ചായത്തിന് വളരെയേറെ മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം, സംസ്കാരം, ഉർജ്ജം, വ്യവസായം, കുടിവെള്ളം, ഗതാഗതം, വനിതാക്ഷേമം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾക്ക് നമ്മൾ അടിയന്തിരമായി പരിഹാരം കാണണം. അതിനായി ജനകീയ പങ്കാളിത്തത്തോടെ മുന്നോട്ടു പോകണം. ഐശ്വര്യപൂർണ്ണമായ 'നല്ല നാളെ' കൈ വരിക്കാൻ ഒരുമിച്ചു നീങ്ങിയേ തീരൂ. എന്നാൽ മാത്രമേ, ''ഓരോരുത്തരും, പുരുഷനാവട്ടെ സ്ത്രീയാവട്ടെ, അവൻെറ അല്ലെങ്കിൽ അവളുടെ ഉത്തരവാദിത്വം ബോധ്യപ്പെടണമെന്ന് ജനായത്തം ആവശ്യപ്പെടുന്നു. അതാണ് പഞ്ചായത്തീരാജ് അർത്ഥമാക്കുന്നത്''.

എന്ന രാഷ്ട്ര പിതാവിൻെറ 'പഞ്ചായത്തീരാജ്' സ്വപ്നം പൂർത്തീകരിക്കാൻ കഴിയൂ.

# കൃഷിയും ജലസേചനവും

നിലവും, പുരയിടവും, പുറമ്പോക്കും, കൃഷി യോഗ്യമല്ലാത്തതുമായ പ്രദേശങ്ങളുംകൂടി 5979 ഹെക്ടർ വിസ്തീർണ്ണമുള്ള കല്ലൂർക്കാട് പഞ്ചായത്തിൻെറ കിഴക്ക് ഭാഗം കുമാരമംഗലം പഞ്ചായത്തും വടക്ക് പൈങ്ങോട്ടൂർ പഞ്ചായത്തും പടിഞ്ഞാറ് ആയവന പഞ്ചായത്തും തെക്ക് മഞ്ഞള്ളൂർ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു. മലനിരകളും പാറക്കൂട്ടങ്ങളും താഴ്‌വരകളും അടങ്ങിയ ഈ പഞ്ചായത്തിലെ മണ്ണ് പൊതുവേ ചെമ്മണ്ണ് രാശിയുള്ളതാണ്. പരമ്പരാഗത കൃഷിരീതികളും നവീന കൃഷിരീതികളും ഒരു പോലെ പ്രയോഗിച്ചുവരുന്ന ഈ പഞ്ചായത്തിലെ ഉൽപാദനവും ഉൽപാദനക്ഷമതയും സംസ്ഥാന നിരക്കിനൊപ്പം വരുന്നില്ലെന്നു മാത്രമല്ല, നെല്ല്, നാളികേരം തുടങ്ങിയ മറ്റ് കാർഷികോൽപ്പന്നങ്ങളുടെ ആളോഹരി വരുമാനത്തിൽ പഞ്ചായത്ത് തുലോം പിന്നിലുമാണ്. റബ്ബറും, പൈനാപ്പിളും വ്യാപകമായതോടെ നെൽകൃഷിയിലും, കുരുമുളകിലും, തെങ്ങ് കൃഷിയിലുമുള്ള കർഷകരുടെ ശ്രദ്ധ കുറയുകയും സാമ്പത്തിക മേഖലയിലെ തകർച്ചക്ക് ഇത് കാരണാമാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽപ്പറഞ്ഞ കൃഷികളുടെ ഊർജ്ജിത വികസനം മാത്രമാണ് പഞ്ചായത്തിലെ കർഷകരുടെ സാമ്പത്തികവും സാമൂഹികവും ആയ ഉന്നമനത്തിനുള്ള ഒരു പോംവഴി. പഞ്ചായത്തിലെ വിളകളും വിസ്തീർണ്ണവും മൊത്ത ഉൽപാദനവും ഉൽപാദനക്ഷമതയും കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

### വിള വിസ്തീർണ്ണവും ഉദ്പാദനവും

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉൽപാദനം | ഉൽപാദന ക്ഷമത ഹെക്ടറിന് |
|---|---|---|---|---|
| 1. | നെല്ല് (ഒന്നാംവിള) | 275 ഹെക്ടർ | 838.75 M.T. | 3050 കി.ഗ്രാം |
| 2. | നെല്ല് (രണ്ടാംവിള) | 275'' | 795.50'' | 2900'' |
| 3. | നെല്ല് (മൂന്നാംവിള) | ഇല്ല | - | - |
| 4. | പയറ് | 115'' | 40.25'' | 350 '' |
| 5. | എള്ള് | 28'' | 7.28'' | 260'' |
| 6. | പച്ചക്കറികൾ | 45'' | 54.0'' | 1200'' |
| 7. | തെങ്ങ് | 295'' | 15,04500 എണ്ണം/വർഷം | 5100/വർഷം |
| 8. | വാഴ | 125'' | 1000'' | 8000'' |
| 9. | മരച്ചീനി | 72'' | 864'' | 12000'' |
| 10. | കുരുമുളക് | 154'' | 508.2'' | 3300'' |
| 11. | പ്ലാവ് | 2'' | 100'' | 50'' |
| 12. | കശുമാവ് | 3'' | 1.5'' | 500'' |
| 13. | മാവ് | 6'' | 150'' | 25 M.T. |
| 14. | റബ്ബർ | 1800'' | 1800'' | 1000 Kg. |
| 15. | കമുക് | 42'' | 126 | 3,00,000 എണ്ണം |
| 16. | പൈനാപ്പിൾ | 800 | 9.6 | 12000 എണ്ണം |
| 17. | ഇഞ്ചി | 80 | | |
| 18. | മഞ്ഞൾ | 32 | | |
| 19. | കൊക്കോ | 25 | | |
| 20. | ജാതി | 32 | | |

പഞ്ചായത്തിലെ നെൽകൃഷി വർഷംതോറും ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുകയും നാണ്യവിളകളായ റബ്ബർ, പൈനാപ്പിൾ കൃഷി കൂടിവരികയും ചെയ്തുകൊണ്ടിരിക്കയാണ്. നെല്ലിന് ന്യായമായ വില ലഭിക്കുന്നില്ല, സമയാസമയങ്ങളിൽ ആവശ്യമായ പണിക്കാരെ ലഭിക്കുന്നില്ല, രാസവളങ്ങളുടെ അമിതമായ വില, ഇവയൊക്കെയാണ് നെൽകൃഷി കുറഞ്ഞുകൊണ്ടിരിക്കുന്നതിന് കാരണമായിട്ടുള്ളത്. കൂടാതെ ജലസേചനം വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ആവശ്യമുള്ളത്ര കുളങ്ങളോ കിണറുകളോ, മറ്റ് ജലസേചന സൗകര്യങ്ങളോ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഇതിലേക്കായി നവീന യന്ത്രവൽക്കൃത കൃഷിരീതികൾക്കും, യന്ത്രങ്ങൾ സൗജന്യനിരക്കിൽ ലഭിക്കുന്നതിനും ഉൽപാദിപ്പിക്കുന്ന വിഭവങ്ങൾക്ക് യഥാർത്ഥ വില ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ലഭിക്കണം. കൃഷിഭവനുകൾ മുഖാന്തിരം ഇതിനുവേണ്ട സഹായ നടപടികൾ സ്വീകരിക്കണം. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ തോടുകൾ മുതലായവ താഴെ പട്ടികയിൽ നൽകുന്നു.

### വാർഡുകളിലൂടെ ഒഴുകുന്ന തോടുകൾ

| ക്രമ നമ്പർ | തോടുകൾ | ഒഴുകുന്ന വാർഡുകൾ |
|---|---|---|
| 1. | മുണ്ടുനടത്തോട് | V, VII, VI |
| 2. | മടക്കത്തോട് | V, VI |
| 3. | മൂക്കൻ തോട് | I, IV, VII, VIII |
| 4. | നീറംപുഴത്തോട് | II, III |
| 5. | വലിയ തോട് | VII, VIII |
| 6. | പുളിയാനിക്കാട് വെള്ളത്തോട് | VIII |

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ തോടുകളിലും ഡിസംബർവരെ വെള്ളം ലഭിക്കുന്നുണ്ട്. എന്നാൽ തുടർന്നുള്ള നാലഞ്ച് മാസങ്ങളിൽ ജലസേചനസൗകര്യം ഇല്ലാത്തതിനാൽ നെല്ലിലെ രണ്ടാം കൃഷി (മുണ്ടകൻ)യുടെ അവസാനവും മൂന്നാം കൃഷി (പുഞ്ച) മുഴുവനായും ചെയ്യാൻ പറ്റാതെ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കയാണ്.

മുണ്ടുനടത്തോട്ടിൽ മുണ്ടുനടഭാഗത്തും മൂക്കൻ തോട്ടിൽ പുൽപ്പറമ്പിൽ താഴെയും, ഇടപ്പഴത്തിൽ താഴെയും, ചാലിലും, നീറംപുഴത്തോട്ടിൽ നീറംപുഴ കവലയിലും വലിയതോട്ടിൽ നാഗപ്പുഴ നീറണാം കുഴി ഭാഗത്തും ഓരോ ക്രോസ് ബാറുകൾ ഉണ്ട്. ഇവയിൽ പലക ഉള്ള ക്രോസ് ബാറുകളിൽ അവ ഉപയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. നാഗപ്പുഴ, ചാല്, നീറമ്പുഴ എന്നീ ക്രോസ് ബാറുകളുടെ പലക നശിച്ച് പോയിട്ടുള്ളതാണ്. അവ മാറി ഇടേണ്ടതാണ്. മുണ്ടുനടത്തോട്ടിൽ വട്ടച്ചിറപാടശേഖരത്തിന് സമീപം ചെക്ക് ഡാം അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

| വറ്റാത്ത വലിയ കുളങ്ങൾ | വാർഡ് |
|---|---|
| 1. നാഗപ്പുഴ ഈറ്റക്കുഴിച്ചാൽ കുളം | VII |
| 2. കാവുംപടി പുറമ്പോക്ക് ചിറ (അമ്പലച്ചിറ) | II |
| 3. തഴുവം കുന്ന് കുളം (തോയൽ) | VII |
| 4. വട്ടച്ചിറക്കുളം | V |
| 5. കരുന്നാട്ട് കുളം | IV |
| 6. മൂക്കനോലിക്കൻ കുളം | III |
| 7. ചെമ്പൻമല കുളം | I |
| 8. ചെമ്പൻ കുളം | I |
| 9. വടക്കേപ്പുറംചാൽ കുളം | I |
| 10. കല്ലിങ്കമാലി കുളം | VII |

മുകൾ പട്ടികയിൽ പറഞ്ഞിരിക്കുന്ന കുളങ്ങൾക്ക് സംരക്ഷണ ഭിത്തികൾ കെട്ടിയാൽ ഏകദേശം 125 ഏക്കറോളം കൃഷിഭൂമിയിൽ നഷ്ടമില്ലാതെ കൃഷിചെയ്യുന്നതിനും നെല്ലും മറ്റിതര കൃഷികളും വിപുലീകരിക്കുന്നതിനും സാധിക്കും. മുണ്ടുനടത്തോട്ടിൽ വട്ടച്ചിറ ഭാഗത്തും, അറയ്ക്കൽ ഭാഗത്തും വണ്ടനാക്കര ഭാഗത്തും, വരിക്കമാക്കൽ ഭാഗത്തും, മൂക്കൻ തോട്ടിൽ വാഴക്കാലാകണ്ടത്തും, നീറംപുഴത്തോട്ടിൽ കണ്ണോത്തുകുഴി പാടഭാഗത്തും, മൂക്കനോലിക്കൽ ഭാഗത്തും, പുളിയാനിക്കാട് വെള്ളത്തോട്ടിൽ പുളിയാനിക്കാട് പഞ്ചായത്ത് കുളത്തിൻെറ ഭാഗത്തും അത്യാവശ്യമായി ഓരോ ചെക്കു ഡാമുകൾ പണിയേണ്ടതുണ്ട്.

റബ്ബർ, തെങ്ങ്, നെല്ല്, പൈനാപ്പിൾ, കുരുമുളക്, വാഴ, പയർ, എള്ള്, കമുക്, കൊക്കോ, മരച്ചീനി, ജാതി, എന്നിവയാണ് ഈ പഞ്ചായത്തിലെ മുഖ്യ വിളകൾ. ഇവയിൽ നെല്ല്, പയർ, എള്ള് മുതലായവ പുഞ്ചചെയ്യാത്ത നെൽപ്പാടങ്ങളിലെ കൃഷികളാണ്. ശരിയായ ജലസേചന സൗകര്യം ഉണ്ടെന്ന് വരികിൽ ഇവയിൽ പല പാടശേഖരങ്ങളിലും മൂന്നാം കൃഷിയായി പുഞ്ചചെയ്യാവുന്നതാണ്.

പഞ്ചായത്തിൽ എടുത്തുപറയത്തക്ക തരിശ് ഭൂമികൾ ഇല്ലെങ്കിലും ഇടവിളകൾ ചെയ്യാവുന്ന 300 ഏക്കറിൽ പരം പുരയിടങ്ങൾ ഉണ്ട്. അതാത് കർഷകരെ പ്രോത്സാഹിപ്പിച്ച് ഉൽപാദന വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക്-പുരുഷന്മാർക്ക് 80 രൂപയും സ്ത്രീകൾക്ക് 60 രൂപയും ശരാശരി ഉണ്ട്. ഇതിൽ പലകൃഷികൾക്കും കൃഷി സ്വഭാവമനുസരിച്ച് നേരിയ വ്യത്യാസം ഉണ്ടായിരിക്കും.

പഞ്ചായത്തിലെ കർഷകർ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളങ്ങൾ ചെയ്യാറില്ല. അവർ മണ്ണ് കൃത്യമായും പരിശോധിപ്പിച്ച് വളങ്ങൾ ചെയ്യുകയാണെങ്കിൽ ആവശ്യത്തിനുള്ള വളങ്ങൾ ഉപയോഗിക്കുകയും തന്മൂലമുള്ള പാഴ്ചെലവ് കുറക്കാനും, വിളവ് വർദ്ധിപ്പിക്കാനും സാധിക്കും. പഞ്ചായത്തിൽ എടുത്തുപറയത്തക്ക കാര്യങ്ങൾ കൊണ്ട് വിളമോശം വന്നിട്ടില്ല. എന്നാൽ തെങ്ങിന് കാറ്റുവീഴ്ച, കൂമ്പുചീയൽ, രോഗങ്ങൾ നെല്ലിന് മഞ്ഞളിപ്പ്, പുള്ളിക്കുത്ത് രോഗം, മറ്റ് കീടാക്രമണം മുതലായവ കാണാറുണ്ട്. ഇവക്ക് സമയാസമയങ്ങളിലുള്ള മരുന്നുതളി നൽകേണ്ടത് ആവശ്യമാണ്. ആയതിലേക്ക് സബ്സിഡി നിരക്കിൽ വളം കീടനാശിനികൾ എന്നിവ കൃഷിഭവൻ വഴി ലഭ്യമാക്കണം. സൗജന്യമായി മണ്ണ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

പൊതുവേ നെൽകൃഷി കുറയ്ക്കുകയും ലാഭകരമായ പൈനാപ്പിൾ, റബ്ബർ, എന്നിവ വ്യാപിപ്പിച്ചു കൊണ്ടിരിക്കുകയും ആണ്. നെൽകൃഷി ലാഭകരമാക്കുന്നതിനും അതുമൂലം കേരളീയൻെറ ഭക്ഷ്യവസ്തുവായ അരി നിർലോഭം ലഭിക്കുന്നതിനും നെൽകൃഷിക്ക് താഴെപറയുന്ന രീതിയിൽ പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്.

1. നിലവിലുള്ള ഒരു സെൻറിന് ഒരു രൂപാ നിരക്കിൽ നിന്നും കുറഞ്ഞത് 5 രൂപയെങ്കിലും ഉൽപാദന ബോണസ് ഉയർത്തി നൽകേണ്ടതാണ്.

2. കൂലിക്കാരുടെ ലഭ്യതക്കുറവും ഭാരിച്ച വേതനവും ക്രമീകരിക്കുന്നതിന് യന്ത്രവൽക്കരണ കൃഷിരീതികൾ ചെയ്യേണ്ടതും അതിനുവേണ്ട സാങ്കേതിക വിദ്യകൾ കൃഷിഭവൻ മുഖാന്തിരം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. വിളകൾ വില്ക്കുന്നതിന് ആവശ്യമായി വിപണന കേന്ദ്രങ്ങളും അവ സംഭരിക്കുന്നതിനാവശ്യമായി സംഭരണികളും കർഷക സമിതികൾ വഴി ഉണ്ടാക്കേണ്ടതാണ്.

കല്ലൂർക്കാട് പഞ്ചായത്തിൽ പൊതുവേ രാസ വള പ്രയോഗമാണ് കാണുന്നത്. എന്നാൽ ചുരുക്കം കർഷകർ ജൈവവളങ്ങളും കമ്പോസ്റ്റ് വളങ്ങളും ഉപയോഗിച്ചു വരുന്നു. കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിനും കൂടുതൽ ജൈവവളങ്ങൾ ഉണ്ടാക്കുന്നതിനും കർഷകർക്ക് പരിശീലന പരിപാടികൾ കൃഷിഭവൻ മുഖാന്തിരം നൽകേണ്ടതാണ്. വളക്കുഴികൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായവും നൽകേണ്ടതാണ്.

20%ത്തോളം വിസ്തീർണ്ണക്കുറവ് മാത്രമേ പാടശേഖരങ്ങളുടെ കാര്യത്തിൽ ഈ പഞ്ചായത്തിൽ വന്നിട്ടുള്ളൂ. താരതമ്യേന ഇത് വളരെ കുറവാണ്. ഈ കുറവു വന്നപാടങ്ങൾ മുഴുവൻ തന്നെ പൈനാപ്പിൾ കൃഷിക്കായി ഉപയോഗിച്ചുവരികയാണ്. ഇന്നത്തെ അവസ്ഥയിൽ കർഷകന് എന്തുകൊണ്ടും പൈനാപ്പിൾ കൃഷിതന്നെയാണ് ലാഭകരം. റബ്ബർ പുതുകൃഷിയായി ചെയ്യുന്ന പുരയിടങ്ങളിലും ഇടവിള ചെയ്യാത്ത തെങ്ങിൻ തോപ്പുകളിലും പൈനാപ്പിൾ കൃഷി വളരെ ലാഭകരമായി ചെയ്യാൻ കഴിയും.

പാലക്കുഴി പാടശേഖരത്തിലെ പുളിയാനിക്കാട്ട് ഭാഗവും, വെള്ളൂപാടത്തിൻ മുകൾഭാഗം മനയ്ക്കപാടത്തും, തഴുവം കുന്ന് പാടശേഖരത്തിൽ പൊന്നാരത്തുപാട ഭാഗത്തും, വട്ടചിറ പാടഭാഗത്തും മുത്തോലിപ്പാടത്തിൻെറ തലയ്ക്കൽ ഭാഗത്തും ജല ദൗർലഭ്യംഉള്ളതുകൊണ്ട് ഒരുപ്പൂകൃഷി മാത്രമേ ചെയ്യാൻ കഴിയുന്നുള്ളൂ.

കൃഷിഭവനിൽ നിന്നും ഏക്കറിന് 100 രൂപ നിരക്കിൽ ഉൽപാദന ബോണസ് നൽകി നെൽകൃഷിയെപ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്നുണ്ട്. രോഗ കീട നിയന്ത്രണ കാര്യത്തിൽ സമയാസമയം പരിശോധനകൾ നടത്തി പ്രതിരോധ നടപടികൾ കൈക്കൊള്ളുന്നുണ്ട്. മുൻകാലങ്ങളിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നതിലും കൂടുതൽ കർഷകർ കൃഷിഭവനിൽ വരികയും വിദഗ്ദ ഉപദേശങ്ങൾ സ്വീകരിക്കാറും ഉണ്ട്. എന്നിരുന്നാലും കലൂർ, തഴുവംകുന്ന്, നാഗപ്പുഴ പ്രദേശത്തെ കർഷകർക്ക് കൃഷിഭവനുമായി നിരന്തര സമ്പർക്കത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കാണുന്നു. ആയതിനാൽ ഈ പ്രദേശങ്ങളിൽ കൃഷിഭവൻെറ ഓരോ സമ്പർക്ക കേന്ദ്രങ്ങൾ തുടങ്ങണമെന്ന് ആവശ്യപ്പെടുന്നു. പച്ചക്കറികൃഷി, പുഷ്പകൃഷി മുതലായ കൃഷികൾ വ്യാപകമായി പ്രചരിപ്പിക്കുകയും ഓരോ വീട്ടിലും ഈ കൃഷികൾ ചെയ്യുന്നതിന് വേണ്ട വിദഗ്ധ ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും കൃഷിഭവന്മുഖാന്തിരം ലഭ്യമാക്കണം.

കർഷകത്തൊഴിലാളികളുടെ ലഭ്യത ഈ പ്രദേശത്ത് വളരെ കുറവാണ്. കൊയ്ത്തു കാലങ്ങളിൽ കൊയ്യുന്നതിന് ആളെ ലഭിക്കുന്നില്ല എന്നുള്ളതും ആവശ്യത്തിന് തെങ്ങുകയറ്റക്കാർ ഇല്ലാത്തതും ഈ പ്രദേഷത്തെ കാർഷിക വികസനത്തെ സാരമായി ബാധിക്കുന്നുണ്ട്. കാർഷിക വിളകൾ വിറ്റഴിക്കുന്നതിന് കലൂർ, കല്ലൂർക്കാട്, വാഴക്കുളം മാർക്കറ്റുകൾ ഉണ്ടെങ്കിലും കർഷക നേതൃത്വത്തിൽ ശക്തമായ സംഭരണവിതരണ കേന്ദ്രങ്ങൾ കല്ലൂർക്കാട്, കലൂർ, നാഗപ്പുഴ ഭാഗങ്ങളിൽ ആവശ്യമാണ്.

മുണ്ടുനട, മുത്തോലി, വട്ടച്ചിറ ഭാഗങ്ങൾ, നാഗപ്പുഴ പാടം, പരുത്തിപ്പാറ, തോണിക്കുഴി, ഏഴാനിക്കാട്ട് നിലം ഭാ

ഗം, കനാൽ ഭാഗത്ത് പുന്നയ്ക്കൽ പുരയിടം ഭാഗം, കഴിക്കോട് ഭാഗം നെടുങ്കല്ലേൽ പുരയിടത്തിനു സമീപം എന്നിവിടങ്ങളിൽ പുതിയ കുളങ്ങൾ കുഴിക്കേണ്ടത് ആവശ്യമാണ്.

കാർഷിക വരുമാനം അടിസ്ഥാനമാക്കി ജീവിക്കുന്ന ആയിരത്തിൽപരം കർഷക കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിലെ കൃഷിഭവൻ വഴി തെങ്ങ് കർഷകർക്ക് വള കിറ്റുകളും കിണർ കുഴിച്ച് മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് സബ്സിഡിയും നൽകി വരുന്നുണ്ട്. ഇതിന് ഇവടെ പ്രവർത്തിച്ചുവരുന്ന കേരസംരക്ഷണ സമിതി അവരുടേതായ നല്ല പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ വളകിറ്റും മറ്റ് ആനുകൂല്യങ്ങളും മുഴുവൻ തെങ്ങ്കർഷകർക്കും ലഭ്യമാക്കണം. വിള ഇൻഷ്വറൻസ് പദ്ധതി ഉണ്ടെങ്കിലും കർഷകർ സ്വന്തമായി ഈ പദ്ധതിയിൽ ചേരാൻ മുന്നോട്ടു വരുന്നില്ല. ഇൻഷ്വറൻസ് പദ്ധതിയിൽ തെങ്ങ് രോഗങ്ങൾ കൂടി ഉൾപ്പെടുത്തുകയും എല്ലാവരേയും അറിയിക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും വേണം.

പഞ്ചായത്തിൽ കൂട്ടുകൃഷി സമ്പ്രദായം നിലവിലില്ല. എന്നാൽ പാടശേഖരാടിസ്ഥാനത്തിൽ കൂട്ടുകൃഷി ചെയ്യുന്നതിന് വേണ്ട നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും കൃഷിഭവൻ വഴി നടപ്പാക്കണം. കൂട്ടുകൃഷി സമ്പ്രദായത്തിൽ ഒരു പാടശേഖരം മുഴുവൻ ഒരേ സമയത്ത് ഉഴുത് ഒരേതരം വിത്ത് ഉപയോഗിച്ച് വിതയോ, ഞാറ് പറിച്ചു നടുകയോ ചെയ്യണം. ഒരേ സമയത്ത് രോഗ കീട നിയന്ത്രണങ്ങൾ വരുത്താം. ആവശ്യത്തിന് മരുന്നടിക്കുകയോ അല്ലെങ്കിൽ മരുന്നു തളിക്കാതെ തന്നെ ജൈവ നിയന്ത്രണങ്ങൾ വഴി കീട രോഗ നിയന്ത്രണങ്ങൾ നടത്താം. ഒരേ സമയം കൊയ്യുകയും ചെയ്യുന്ന ഈ സമ്പ്രദായത്തിൽ കർഷകർ ഇന്നനുഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ പരാധീനതകൾക്ക് ഒരളവുവരെ പരിഹാരം കാണാം. നമ്മുടെ നെൽകൃഷിയെ രക്ഷിക്കുകയും കർഷകരെ സഹായിക്കുകയും ചെയ്യാം.

## നടപ്പുപദ്ധതികളുടെ അവലോകനവും ആവശ്യങ്ങളും

കല്ലൂർക്കാട് പഞ്ചായത്തിലെ കൃഷിഭവൻ വഴി നടപ്പിലാക്കിയതും ഇപ്പോൾ നടന്നുവരുന്നതുമായ പദ്ധതികളും അതിലുപരി നമ്മുടെ ആവശ്യങ്ങളും ചുവടെ ചേർക്കുന്നു.

### നെൽകൃഷി

1. ഏക്കറിന് നൂറ് രൂപാക്രമത്തിൽ വിരിപ്പ്, മുണ്ടകൻ കൃഷികൾക്ക് ഉൽപാദന ബോണസ് നൽകി വരുന്നു. ഇവ ഏക്കറിന് 500 രൂപാ ക്രമത്തിൽ ആക്കണം.
2. മുൻകാലങ്ങളിൽ ഗ്രൂപ്പ് ഫാമിങ്വഴി സബ്സിഡി നിരക്കിൽ കീടനാശിനികൾ, കുറ്റിപമ്പുകൾ, മോട്ടോർ പമ്പുസെറ്റുകൾ മുതലായവ വിതരണം ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ നിലവിലില്ലാത്ത ഈ പദ്ധതികൾ വീണ്ടും തുടങ്ങണം. കൂടാതെ പാടശേഖരങ്ങളുടെ വരമ്പുകൾ കെട്ടി സംരക്ഷിക്കുകയും, സബ്സിഡി നിരക്കിൽ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം മുതലായവ കർഷകർക്ക് നൽകി യന്ത്രവൽകൃത കൃഷിരീതി നടപ്പാക്കുകയും ചെയ്യണം. നല്ലയിനം വിത്തുകൾശേഖരിച്ച് സബ്സിഡി നിരക്കിൽ കർഷർക്ക് നൽകണം.

### തെങ്ങ് കൃഷി

1. നല്ലയിനം TxD, DxT, WCT തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. ഇവ ഇനിയും ആവശ്യത്തിനുദ്പാദിപ്പിച്ച് സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
2. തെങ്ങ് നനക്കുന്നതിന് കിണർ കുഴിക്കൽ, മോട്ടോർ പമ്പുസെറ്റുകൾ സ്ഥാപിക്കൽ, ചവിട്ടു പമ്പുകൾ വാങ്ങൽ, തെങ്ങ് കയറ്റ യന്ത്രം വാങ്ങൽ മുതലായവക്ക് വിലയുടെ 1/3 സബ്സിഡി 2500 രൂപാവരെ നൽകിവരുന്നു. ഇവ ആവശ്യാനുസരണം ഇനിയും തുടർന്ന് വിതരണം ചെയ്യണം. കൂടാതെ തെങ്ങിന് മരുന്നുതളിക്കുന്നതിന് കക്കയും തുരിശും സൗജന്യനിരക്കിൽ വിതരണം ചെയ്യണം.
3. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള പരിപാടി ഈ പഞ്ചായത്തിൽ നിലവിലില്ല. അവ നടപ്പാക്കണം. തെങ്ങൊന്നിന് 300 രൂപയിൽ കുറയാതെ ആനുകൂല്യം നൽകണം.

### കുരുമുളക് കൃഷി

1. കുരുമുളക് പുനരുദ്ധാരണ പരിപാടികൾക്കായി ഒന്നോ രണ്ടോ ഹെക്ടറിൽ കവിയാത്ത പദ്ധതികൾ ഡിപ്പാർട്ടുമെൻറ് നടത്തിവന്നിരുന്നു. അവ ഓരോ വർഷവും 10 ഹെക്ടറിൽ കുറയാതെ പുനരുദ്ധാരണം നടത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുകയും തദ്വാരാ നമ്മുടെ കുരുമുളക് കൃഷിയെ വീണ്ടും പഴയ നിലയിൽ പുനർജ്ജീവിപ്പിക്കുയും ചെയ്യണം.

പച്ചക്കറി കൃഷി പദ്ധതിയിൽ സ്കൂൾ കുട്ടികൾക്കും, മഹിളാസമാജങ്ങൾക്കും വിത്ത് വിതരണം നടത്തിവരുന്നുണ്ട്. ഇവ തുടർന്നും നടക്കുകയും മുഴുവൻ കർഷകരേയും പങ്കാളികളാക്കുകയും ചെയ്യണം.

പഴവർഗ്ഗച്ചെടികളായ മാവ്, പ്ലാവ്, പേര, മുട്ടപ്പഴം, നാരകം മുതലായവയും സുഗന്ധ വിളതൈകളായ ഗ്രാമ്പു, അടയ്ക്ക, കുരുമുളക് വള്ളികൾ, പയർ, എള്ള് മുതലായവയും വിതരണം ചെയ്തിട്ടുണ്ട്. ഇവയും ആവശ്യാനുസരണം എല്ലാ വർഷങ്ങളിലും വിതരണം ചെയ്യണം. കൂൺ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാവശ്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതി പ്രകാരം നടീൽ വസ്തുക്കൾ, വളങ്ങൾ, മുതലായവയും തെങ്ങു നനക്കുന്ന പദ്ധതിയിൽ കിണറുകളും നൽകിയിട്ടുണ്ട്. ഇവ ഇനിയും നൂറുശതമാനം സബ്സിഡിയിൽ നൽകണം. 2600 രൂപാ സബ്സിഡി നിരക്കിൽ പണിത് നൽകിയിരുന്ന ബയോഗ്യാസ് പ്ലാൻറുകൾ ആവശ്യാനുസരണം നൽകണം.

പ്രകൃതിക്ഷോഭ ദുരിതാശ്വസ പദ്ധതിയിൽ ഇതുവരെ നൽകിയിരുന്ന സഹായങ്ങൾ ഇനിയും നൽകണമെന്നും അവ അപേക്ഷ കിട്ടുന്ന മുറക്ക് എത്രയും പെട്ടെന്ന് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. ഇതിൻെറ നിരക്ക് വർദ്ധിപ്പിക്കുകയും വേണം.

സംസ്ഥാനത്തുള്ള 25 ഇനം കൃഷികൾക്ക് വിള ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്. പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിള നാശങ്ങൾക്ക് മാത്രമാണ് ഈ പദ്ധതി സഹായം നൽകിവരുന്നത്. അവ 50% കൂടുതൽ രോഗങ്ങൾ മൂലവും കീടങ്ങൾ മൂലവും ഉണ്ടാകുന്ന നാശങ്ങൾക്കും ബാധകമാക്കണം.

ലക്ഷം യുവാക്കൾക്ക് തൊഴിൽദാന പദ്ധതിപ്രകാരം കൃഷിഭവനിൽ പേർ രജിസ്റ്റർ ചെയ്ത് 1100 രൂപാകെട്ടി

വെച്ച 118 കർഷക യുവതീ യുവാക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ പഞ്ചായത്തിലെ കർഷകവൃത്തികൊണ്ട് ഉപജീവനം കഴിക്കുന്ന മുഴുവൻ യുവതീ യുവാക്കളേയും തുക അടയ്ക്കാതെ ഉൾപ്പെടുത്തണം.

ഡി.ആർ.ഡി.എ. പദ്ധതി പ്രകാരം 1992-93 വർഷം വരെ 1/3 സബ്സിഡി നിരക്കിൽ മണ്ണ് സംരക്ഷണത്തിനായി കയ്യാലകൾ വെച്ച് നൽകിയിരുന്നു. ഈ പദ്ധതി പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും നടപ്പിലാക്കുകയും തെങ്ങ്, റബ്ബർ, കമുക്, കൊക്കോ, ഗ്രാമ്പൂ, കുരുമുളക് കൃഷികൾ സംരക്ഷിക്കപ്പെടുകയും ചെയ്യണം.

## ദേശീയ വാട്ടർഷെഡ് പദ്ധതി

1991-92 വർഷത്തിൽ തുടങ്ങിയ തഴുവം കുന്ന് വാട്ടർഷെഡ് പദ്ധതി കല്ലൂർക്കാട് പഞ്ചായത്തിലെ IV, V, VI, VII വാർഡുകളിലായി 710 ഹെക്ടർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്നു. ഈ പദ്ധതിക്കാലത്ത് പദ്ധതി പ്രദേശത്തു നിന്ന് കൃഷിഭവനിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 500ഓളം കർഷകർക്ക് 5 വർഷം കൊണ്ട് 5000 രൂപയിൽ കവിയാത്ത സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കർഷകതൊഴിലാളികൾക്കും മറ്റ് എല്ലാ തരത്തിലും പെട്ട കർഷകർക്കും ഇതിൻെറ പ്രയോജനം ലഭിച്ചിട്ടുണ്ട്. മണ്ണ് സംരക്ഷണ ജോലികൾ ഉൽപാദനോപാധികൾ, വിതരണ പദ്ധതികൾ, മൃഗസംരക്ഷണ പദ്ധതികൾ ഇവയിലായി 5 വർഷം കൊണ്ടാണ് ഈ പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നത്. 1996-97 വർഷത്തോടുകൂടി ഈ പദ്ധതി തഴുവം കുന്നിൽ അവസാനിക്കുകയും 9-ാം പദ്ധതികാലത്ത് കലൂർ, ആയവന പ്രദേശങ്ങളിൽ (ഇതിൽ കല്ലൂർക്കാട് പഞ്ചായത്തിൻെറ I, II, III, V, VI, VII, വാർഡുകളിലെ 80% ഭൂഭാഗങ്ങളും) പുതിയ വാട്ടർ ഷെഡ് ആരംഭിക്കുകയും ചെയ്യുന്നതാണ്. ഇവയുടെ പ്രാരംഭ സർവ്വേ ഈ വർഷം തന്നെ തുടങ്ങും.

## ഇനി നടപ്പാക്കേണ്ട കാര്യങ്ങൾ

1. രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 300 രൂപാവീതം നഷ്ടപരിഹാരവും സൗജന്യമായി നല്ലയിനം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്യണം.
2. പാടശേഖരങ്ങളുടേയും തോടുകളുടേയും സംരക്ഷണ ഭിത്തി കെട്ടുക.
3. മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.
4. എല്ലായിനം നടീൽ വസ്തുക്കളും അത്യുൽപ്പാദന വിത്തിനങ്ങളും സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിന് ഫാർമേഴ്സ് ബാങ്കുവക കാർഷിക നേഴ്സറിക്ക് ആവശ്യമായ ഗ്രാൻറ് അനുവദിക്കുകയും പ്രൈവറ്റ് നേഴ്സറികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യണം.

മേൽപ്പറഞ്ഞ നടന്നുവരുന്ന പരിപാടികളും നടത്താൻ ഉദ്ദേശിക്കുന്ന പരിപാടികളും ജനങ്ങളുടെ മുമ്പിലെത്തിക്കാൻ, അവരെ ബോധവാന്മാരാക്കുവാൻ ജനപങ്കാളിത്ത പരിപാടികൾ ആസൂത്രണം ചെയ്യണം. ഈ പദ്ധതിയിൽ സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പ്രദർശനങ്ങൾ മുതലായവ നടത്തുകയും ഇവക്കാവശ്യമായി വരുന്ന ചെലവുകൾ പദ്ധതിയിൽ വക കൊള്ളിക്കുകയും വേണം.

ചുരുക്കി പറഞ്ഞാൽ കാർഷികോൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സഹകരണസംഘങ്ങൾ സ്ഥാപിക്കുക. കൃഷിക്കാർക്ക് ബോധവൽക്കരണ ക്യാമ്പുകൾ നടത്തുക. അതാത് കൃഷിയെ സംബന്ധിച്ച ലഘുലേഖകൾ വിതരണം ചെയ്യുക. ഓരോ കൃഷിക്കും കുറഞ്ഞ നിരക്കിൽ വിളവെടുപ്പിനനുസൃതമായി വായ്പകൾ ലഭ്യമാക്കുക. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനായി നിർദ്ദിഷ്ട കുളങ്ങൾ കുഴിക്കുക, MVIP കനാലിലെയും, പുഴയിൽ നിന്നും ആവശ്യാനുസരണം വെള്ളം എടുക്കുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പാക്കുക, പാടശേഖര വികസനത്തിനും മണ്ണൊലിപ്പു തടയുന്നതിനും പാടശേഖര ബണ്ടുകളും തോടു വരമ്പുകളും കെട്ടുക. പച്ചക്കറിക്ഷാമം പരിഹരിക്കുന്നതിന് ഓരോ കുടുംബത്തിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക. അതിനുവേണ്ട സാമ്പത്തിക സഹായങ്ങൾ നൽകുക. പഞ്ചായത്തിൽ തരിശ് കിടക്കുന്നതും തടവിളകൾ ചെയ്യാതെ കിടക്കുന്നതുമായ മുഴുവൻ പുരയിടങ്ങളും പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഉടമകളെക്കൊണ്ട് കൃഷിചെയ്യിക്കുവാൻ പ്രേരിപ്പിക്കുക.

നിലവിലുള്ള കേരസംരക്ഷണ സമിതി, നെല്ലുൽപ്പാദക സമിതി, കുരുമുളക് സംരക്ഷണ സമിതി, പൈനാപ്പിൾ കൃഷി വികസന സമിതി എന്നീ സമിതികളെ പുനരുജ്ജീവിപ്പിക്കുകയും, ഇവരുടെ നേതൃത്വത്തിൽ കൃഷി ഡിപ്പാർട്ടുമെൻറിൻേറയും പഞ്ചായത്തിൻെറയും സഹകരണത്തോടെ കൃഷിവികസന പദ്ധതികൾ നടപ്പാക്കി 9-ാം പദ്ധതി ജനങ്ങളുടെ പദ്ധതിയാക്കി മാറ്റുവാനും നമുക്കൊന്നായി, ഒറ്റക്കെട്ടായി മുന്നേറുവാനും കഴിയട്ടെ.

### 1.5 ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ


| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിൻെറ നീളം | തൻവർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | മുണ്ടുനടതോട് | 1 കി.മി. | 5 | .. | .. |
| 2. | മടക്കത്തോട് | 2.5 കി.മി. | 5 | .. | .. |
| 3. | മൂക്കൻ തോട് | 6 കി.മി. | 5 | 1 കി.മി. | .. |
| 4. | നീറംമ്പുഴ (വലിയതോട്) | 3.5 കി.മി. | 4 | 1/2 കി.മി. | |
| 5. | വലിയതോട് (പാലക്കുഴി-നാഗപ്പുഴ) | 2 കി.മി. | 4 | .. | |
| | ആകെ | 15 കി.മി. | .. | 11/2 കി.മി. | |

### കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്

### 1.4 കുളങ്ങളേയും കിണറുകളേയും സംബന്ധിച്ച വിവരം (പഞ്ചായത്തുവക)

| വാർഡ് | കുളങ്ങളുടെ എണ്ണം (വിസ്തീർണ്ണമനുസരിച്ച് - സെൻറിൽ) | | | | | | |
|---|---|---|---|---|---|---|---|
| | 10 സെൻറിന് താഴെ | 10-20 | 20-30 | 30-40 | 40-50 | 50ന് മുകളിൽ | കിണറുകൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| I | 2 | 2 | .. | .. | .. | .. | 4 |
| II | .. | .. | .. | .. | .. | 1 | 3 |
| III | 1 | 2 | .. | .. | .. | .. | 2 |
| IV | .. | .. | .. | .. | .. | .. | 3 |
| V | .. | 2 | .. | .. | .. | .. | 5 |
| VI | .. | 1 | .. | .. | 1 | .. | 8 |
| VII | 1 | .. | .. | .. | .. | .. | 1 |
| VIII | .. | .. | .. | .. | .. | .. | 3 |
| ആകെ | 4 | 7 | .. | .. | 1 | 1 | 29 |

# മൃഗസംരക്ഷണം - മത്സ്യബന്ധനം



നമ്മുടെ ദേശീയ സാമ്പത്തിക ഘടനയിൽ മൃഗങ്ങൾക്ക് നിർണ്ണായകമായ പങ്കുണ്ടായിരുന്നു. മൊത്തം കാർഷിക ഉൽപ്പാദനത്തിൽ 40% വരെ നേടിയിരുന്നത് മൃഗങ്ങളെ ഉപയോഗിച്ചാണ്. നിലം ഉഴുവാനും, ജലസേചനം നടത്തുവാനും, കൊപ്ര എള്ള് എന്നിവ ആട്ടുവാനും, കരിമ്പിൻ ചക്ക് പ്രവർത്തിപ്പിക്കുവാനും സർവ്വോപരി കാർഷിക ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുവാനും മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. കൃഷിഭൂമിയുടെ വിസ്തൃതി കുറയുകയും കാലിത്തീറ്റക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉൽപ്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള മൃഗസംരക്ഷണമാണ് ഇപ്പോൾ അനുവർത്തിക്കുന്നത്. പാൽ, ഇറച്ചി, വളം ഇത്യാദികളുടെ ഉപയോഗത്തിനും മൃഗസംരക്ഷണം അത്യന്താപേക്ഷിതമാണ്.

നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ 10.5% മൃഗസംരക്ഷണ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. സംസ്ഥാനത്തെ കാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമങ്ങളിലാണ്. ഈ മേഖലയിൽ പ്രത്യേക ശ്രദ്ധ കൊടുത്ത് ഇന്നുള്ളതിനേക്കാൾ വളരെ അധികവരുമാനം ഉണ്ടാക്കുവാൻ സാധിക്കും. ജനപങ്കാളിത്തത്തോടെ ഈ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ കൂടുതൽ സംപുഷ്ടമാക്കുന്നതാണ്. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, പേവിഷ-നിയന്ത്രണ പദ്ധതി, കാലിവസന്ത നിർമ്മാർജന പദ്ധതി, കാലിരോഗ നിയന്ത്രണ പദ്ധതി, കന്നുകാലി വികസനത്തിനുള്ള മൃഗസംരക്ഷണ സേവനങ്ങൾ, പന്നിവളർത്തൽ വികസന പദ്ധതി, ആടുവളർത്തൽ, സമീകൃതാഹാര നിർമ്മാണം, മുയൽ ഉൽപ്പാദന പദ്ധതി, ഇറച്ചിക്കോഴി വളർത്തൽ, വീട്ടുവളപ്പിലെ കോഴിവളർത്തൽ, താറാവു കൃഷി വികസനം, ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കുക തുടങ്ങിയവയിൽ പലതും നാമമാത്രമായി നമ്മുടെ പഞ്ചായത്തിൽ നടന്നു വരുന്നുണ്ട്. എങ്കിലും ടി പദ്ധതികൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മൃഗസംരക്ഷണ മേഖലയിൽ കാണാൻ കഴിയുന്ന പരമപ്രധാനമായ ന്യൂനത ഈ മേഖല സ്വയം പര്യാപ്തമല്ലഎന്നുള്ളതാണ്.

ഗുണമേന്മയുള്ള പശുകുട്ടികൾക്ക് മികച്ച പരിചരണം നൽകുക. ഇൻഷുറൻസ് പരിരക്ഷ നൽകുക. തുടങ്ങിയവ വളരെ വിജയകരമായ പദ്ധതിയാണ്. എന്നിരുന്നാൽ തന്നെയും വളരെകുറച്ചു കർഷകർക്ക് മാത്രമേ ഇതിന്റെ പ്രയോജനം കിട്ടുന്നുള്ളൂ.

പേവിഷ നിർമ്മാർജ്ജന പദ്ധതിയിൽ പ്രതിരോധ കുത്തിവയ്പ്പ് നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കൽ, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കൽ തുടങ്ങിയ നടപടികൾ ശക്തമാക്കുക. നിലവിലുള്ള സാഹചര്യത്തിൽ മൃഗാശുപത്രിയുടെ പ്രവർത്തനങ്ങൾ പരിമിതമാണ്. ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ആവശ്യത്തിനു മരുന്നുകളും വാക്സിനുകളും ലഭ്യമാക്കുകയും മൃഗഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുകയും വേണം.

## പരിഹാര മാർഗ്ഗങ്ങൾ

1. മൃഗചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ
2. മിനി ഡയറി യൂണിറ്റുകൾ
3. കോഴി വളർത്തൽ യൂണിറ്റ്
4. സ്കൂൾ പൗൾട്രി ക്ലബ്ബ്
5. ആടുവളർത്തൽ യൂണിറ്റുകൾ
6. പന്നിവളർത്തൽ യൂണിറ്റുകൾ
7. സ്കൂൾ കുട്ടികൾക്ക് മുയൽ വളർത്തൽ
8. എല്ലാ വളർത്തു മൃഗങ്ങളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി.
9. ശാസ്ത്രീയമായ കന്നുകാലി പരിചരണം, ആദായകരമായ കാലിവളർത്തൽ, ശാസ്ത്രീയമായ കറവരീതി ഇവയിൽ കർഷകർക്ക് പരിശീലനം നൽകുക.
10. അനിമൽ ഫീഡ്സിന്റെ ക്രമാതീതമായ വിലവർദ്ധനവ് നിയന്ത്രിക്കണം.
11. അനിമൽ ഫീഡ്സ് നിർമ്മിക്കുവാനുള്ള വലുതും ചെറുതുമായ യൂണിറ്റുകൾ ആരംഭിക്കുക.

മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾക്ക് ആവശ്യമായ യൂണിറ്റുകളും പദ്ധതികളും നടപ്പാക്കേണ്ടതാണ്.



# വിദ്യാഭ്യാസം



ഈ പഞ്ചായത്തിൻെറ സാംസ്കാരിക പൈതൃകം നൂറ്റാണ്ടുകളുടെ പഴക്കമുള്ളതാണ്. പ്രധാനപ്പെട്ട നാലു കരകൾ ചേരുന്നതാണ് കല്ലൂർക്കാട്. അതിൽ നാകപ്പുഴയാണ് സാംസ്കാരികതയുടെ ഈറ്റില്ലം എന്ന് ചരിത്ര രേഖകളും അന്വേഷണങ്ങളും തെളിയിക്കുന്നു. നദീതട സംസ്കാരങ്ങൾ ഭാഷയുടെ ചരിത്രം പഠിപ്പിക്കുന്നതുപോലെ നാകപ്പുഴയുടെ ചരിത്രം നമ്മുടെ സാംസ്കാരികതയുടെ കഥ പറയുന്നു.

17-ാം നൂറ്റാണ്ടിൽ ഇവിടെ ചേക്കേറിയ പല തറവാട്ടുകാരണവന്മാരും തങ്ങളുടെ പ്രതാപ ഐശ്വര്യങ്ങളുടെ കഥ സൂക്ഷിച്ച കൂട്ടത്തിൽ നമ്മുടെ വിദ്യാഭ്യാസത്തിൻെറ കഥയും സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്.

1792-ൽ നാകപ്പുഴ ഒരു ഓല മേഞ്ഞ ആരാധനാലയം - സെൻറ് മേരീസ് ചർച്ച് - പണി കഴിപ്പിച്ചുവെന്നും അന്ന് പരിസര പ്രദേശത്ത് ആശാൻ കളരികൾ പ്രവർത്തിച്ചിരുന്നുവെന്നും അവിടെ സൂക്ഷിച്ചിട്ടുള്ള താളിയോല ഗ്രന്ഥങ്ങൾ സാക്ഷിക്കുന്നു. ഈ കളരികളിൽ പഠിപ്പിച്ചിരുന്ന ആശാന്മാർക്ക് പള്ളിതന്നെ ചെലവു വഹിച്ചിരുന്നു. ജാതി മത ഭേദമില്ലാതെ സർവ്വർക്കും വിദ്യ നൽകിയിരുന്നു. അതുകൂടാതെ സമീപസ്ഥലങ്ങളായ സമതല പ്രദേശങ്ങളിൽ കുടിയേറിപ്പാർത്ത കുടുംബക്കാർ പരസ്പര സ്നേഹത്തിലും ധാരണയിലും ഒരുമിച്ചു കഴിഞ്ഞതിൻെറ അവശിഷ്ടങ്ങളും ലഭ്യമാണ്. ഈ കൂട്ടു ജീവിതം വർദ്ധിച്ചപ്പോൾ - സംഖ്യാബലമേറിയപ്പോൾ സൗകര്യം പോലെ കുടിപ്പള്ളിക്കൂടങ്ങൾ തുടങ്ങുകയുണ്ടായി. മിക്കവാറും ആൺകുട്ടികളാണ് വിദ്യനേടി പുറത്തു പോയിരുന്നത് എന്ന സത്യവും ആദ്യകാലചരിത്രം സാക്ഷിക്കുന്നു. സ്ഥലകാല സാഹചര്യങ്ങളുടെ സമ്മർദത്തിന് വഴങ്ങിയ അവർ ഏതാണ്ട് 1900 വരെ ഈ നില തുടർന്നു പോന്നു.

നാകപ്പുഴക്കരയിൽ അന്ന് ഒരു വൈദിക സെമിനാരി ഉണ്ടായിരുന്നതായും ഏഴാനിക്കാട് ബ. യാക്കോബ് മല്പാൻ സെമിനാരി വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നതായും പള്ളി രേഖകളിൽ കാണുന്നു. കാലഘട്ടത്തിൻെറ ആവശ്യങ്ങൾക്കനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിൽ നാകപ്പുഴയെപ്പോലെ മുൻകൈ എടുത്ത കരകളാണ് കലൂരും (വേളൂർക്കര) കല്ലൂർക്കാടും. ഇവിടുങ്ങളിലും ആരാധനാലയങ്ങളോട് ചേർന്ന കുടിപള്ളിക്കൂടങ്ങൾ പ്രവർത്തിച്ചിരുന്നു. 1906-ൽ കല്ലൂർക്കാട്ടും 1912-ൽ നാകപ്പുഴയിലും 1922-ൽ വേളൂർക്കരയിലും അംഗീകൃതമായ വിദ്യാലയങ്ങൾ നിലവിൽ വന്നു. ഇവിടെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഉയർന്ന ക്ലാസുകളിലെ പഠനാവശ്യത്തിനായി പഞ്ചായത്തിന് പുറത്ത് പോകണമായിരുന്നു. പഞ്ചായത്തിൻെറ ഉള്ളിൽ തന്നെ പത്താംതരം പഠിത്തം സാധ്യമായത് 1951-ൽ I.M.H.S. കലൂരും 1957-ൽ S.A.H.S. കല്ലൂർക്കാട്ടും 1982-ൽ S.M.H.S. നാഗപ്പുഴയിലും ഹൈസ്കൂളുകൾ തുടങ്ങിയപ്പോൾ മാത്രമാണ്.

വ്യക്തിത്വ വികസനം, സമഗ്രവികാസം എന്നൊക്കെയാണല്ലോ വിദ്യാഭ്യാസത്തിൻെറ അർത്ഥം. ശാരീരികവും മാനസ്സികവും ഭൗധീകവുമായ സമ്പൂർണ്ണ വികാസം ലഭിച്ച ജനതയാണ് രാഷ്ട്രസമ്പത്ത്. ആരെയും ആശ്രയിക്കാത്ത ആരാലും ചൂഷണം ചെയ്യപ്പെടാനാവാത്ത ഒരു സ്വയം പര്യാപ്തസമൂഹ സൃഷ്ടിയാണ് ഈ പ്രക്രിയയുടെ പ്രഖ്യാപിത ലക്ഷ്യം കുറഞ്ഞ കൂലിയ്ക്ക് കൂടുതൽ ജോലി ചെയ്യുന്ന ഗുമസ്തന്മാരെ സൃഷ്ടിക്കാൻ വേണ്ടി പാശ്ചാത്യർ ഇവിടെ അടിച്ചേല്പിച്ച വിദ്യാഭ്യാസ രീതി അലകും പിടിയും അല്പമൊക്കെ മാറ്റി നാമിന്നും അലസമായി പിന്തുടരുകയാണ്. കാലം പലതു കഴിഞ്ഞിട്ടും കോലം പലതുമാറിയിട്ടും പരസ്പരം പഴിചാരാനും പുലഭ്യം പറയാനുമുള്ള ഒരു വേദിയായി മാറിയിരിക്കുന്നു നമ്മുടെ വികലമായ വിദ്യാഭ്യാസ രീതി. രാജ്യപുരോഗതിയുടെ രാജവീഥിയിൽ ഒരു വിലങ്ങുതടിയായി വിരാജിക്കുകയാണ്.

സാക്ഷരതയെന്നത് വിദ്യാഭ്യാസത്തിൻെറ പൂർണതയല്ല മറിച്ച് മാർഗം മാത്രമാണ് എന്ന മഹാസത്യം കേരളീയർ സൗകര്യപൂർവം വിസ്മരിക്കുന്നതു കൊണ്ടല്ലേ നാം അഭ്യസ്ത വിദ്യരെന്ന് സ്വയം അഭമാനിക്കുന്നതും അല്പമൊക്കെ അഹങ്കരിക്കുന്നതും. പരിതാപകരമായ ഈ പരിതസ്ഥിതിക്ക് എതിരെ പരിവർത്തനമെന്ന പഞ്ചാക്ഷരമന്ത്രം മുഴക്കേണ്ടത് ഇന്നിൻെറയെന്നോണം എന്നിൻേറയും ആവശ്യമാണ്.

നിലവിലുള്ള സാഹചര്യങ്ങൾക്ക് സമൂലമായ സ്ഥാന ഭ്രംശം വരുത്തി പെട്ടെന്നു തന്നെ ഒരു പുതിയ ആകാശവും പുതിയ ഭൂമിയും പ്രതിഷ്ടിക്കാനുള്ള പ്രയത്നം സാഹസികതയായിരിക്കും തന്നെയുമല്ല ആവശ്യപ്പെടാനുള്ള അവകാശമല്ലാതെ ആജ്ഞാപിക്കാനുള്ള അധികാരം നമ്മിൽ നിന്ന് ഒത്തിരി ഉയരത്തിലാണല്ലോ. അതുകൊണ്ട് പുതിയ പ്രതീക്ഷകളും പുത്തൻ പ്രതിജ്ഞയുമായി നമുക്കൊരു പുത്തരിയങ്കത്തിന് കച്ചകെട്ടാം.

സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഈ പഞ്ചായത്തിന് ഇന്നുവരെയുണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിജയശില്പികൾ ഇന്നാട്ടിൽ അഭ്യസ്ഥവിദ്യരായ സാധാരണ ജനങ്ങളാണെന്ന വസ്തുതയെ മറയ്ക്കാനോ മറക്കാനോ ആർക്കുമാവില്ല. ഈ ഗ്രാമപഞ്ചായത്തിൻെറ മുക്കിലും മൂലയിലും ഒളിഞ്ഞും തെളിഞ്ഞും കിടക്കുന്ന അറിവിൻെറ സ്രോതസ്സുകളിൽ നിന്ന് ആവുന്നത്ര ആഗിരണം ചെയ്ത് ആസ്വദിക്കാൻ നാം അങ്ങേയറ്റം ആഗ്രഹിച്ചിട്ടുണ്ട്. അധ്വാനിച്ചിട്ടുണ്ട്. വിജയിച്ചുവെന്ന് അഭിമാനിക്കുന്നുമുണ്ട്. എങ്കിലും വിജയാപജയങ്ങൾ വിലയിരുത്താനുള്ള അവകാശം നമ്മെക്കാളേറെ കാലത്തിൻെറ കരങ്ങൾക്കാണല്ലോ.

കൃത്യമായി പറഞ്ഞാൽ 38.95 ച.കി.മീ. വിസ്തൃതമായ പഞ്ചായത്തിൻെറ തൃക്കണ്ണുപോലെ ത്രസിച്ചു നില്ക്കുന്ന കല്ലൂർക്കാട്, കലൂർ, നാകപ്പുഴ ഹൈസ്കൂളുകൾ ഉന്നത നിലവാരവും ഉയർന്ന ഭൗതികസൗകര്യങ്ങളുമുള്ള ജില്ലയിലെ ഒന്നാംകിട ഹൈസ്കൂളുകളാണ്. വിദ്യാഭ്യാസത്തോടൊപ്പം (ഭൗധിക വിദ്യാഭ്യാസത്തോടൊപ്പം) വിദ്യാർത്ഥികളു

കല്ലൂർക്കാട് ടൗണിൽ ടാക്സി വണ്ടികൾ പാർക്കു ചെയ്യുന്നതിന് സ്ഥലമില്ലാത്തത് വലിയ ഒരു പോരായ്മയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കാർഷിക മാർക്കറ്റിന്റെ ഒരു ഭാഗത്ത് ടാക്സിസ്റ്റാൻഡ് നിർമ്മിക്കുന്നതിന് അനുവാദവും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. നാഗപ്പുഴ ഒരു ടാക്സിസ്റ്റാൻഡ് അനുവദിക്കണം. നാഗപ്പുഴ പള്ളിപ്പടിക്കൽ നിലവിലുള്ള വെയിറ്റിംഗ് ഷെഡ് പരിഷ്ക്കരിച്ച് ടീ ഷോപ്പ് കം വെയിറ്റിംഗ് ഷെഡിന് അനുമതി ലഭിച്ചാൽ ടി വെയിറ്റിംഗ് ഷെഡ് രണ്ട് നിലയായി പണിയാൻ പള്ളി ഭരണ സമിതി തയ്യാറാണ്.

പഞ്ചായത്തു പ്രദേശത്തുകൂടി കടന്നു പോകുന്ന MVIP കനാൽ പണിമൂലം പല റോഡുകളും മുറിച്ചിട്ടിരിക്കുന്നത് ഗതാഗതത്തെ ബാധിച്ചിട്ടുണ്ട്. കനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഇപ്പോഴത്തെ സ്തംഭനാവസ്ഥ മാറിയാൽ മാത്രമെ ടി റോഡുകളുടെ പുനർ നിർമ്മാണം നടക്കുകയുള്ളു.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

I താഴെ പറയുന്ന റോഡുകൾ ടാർചെയ്ത് സഞ്ചാരയോഗ്യമാക്കണം

1. ചെമ്പൻമല കോളനി റോഡ് (പൂർത്തീകരണവും ടാറിംഗും)
2. മലനിരപ്പ് ലക്ഷം വീട് കോളനി റോഡ്
3. അമ്പലംപടി റോഡ്
4. വലരികൊത്താപ്പ് റോഡ്
5. മഞ്ഞള്ളൂർ - കല്ലൂർക്കാട് റോഡ്
6. വഴിയാഞ്ചിറ - പനച്ചിതണ്ട് റോഡ്
7. കലൂർ മിച്ചഭൂമി റോഡ് (പൂർത്തീകരണം)
8. ലക്ഷം വീട് കോളനി റോഡ്
9. വെള്ളാരംകല്ല് - വട്ടച്ചിറ റോഡ്
10. കുറ്റിച്ചിറത്തണ്ട് - വട്ടച്ചിറ റോഡ്
11. തഴുംവകുന്ന് ആൽപ്പാറ - വഴിയാഞ്ചിറ റോഡിന്റെ ബാക്കി ഭാഗം
12. തഴുവംകുന്ന് ബൈപാസ് റോഡിന്റെ ബാക്കി ഭാഗം
13. പത്തകുത്തി - കാവക്കാട് റോഡ്
14. കരിന്നാട്ടുകുളം - മിച്ചഭൂമി റോഡ്
15. മണിയന്ത്രം - വാടകോട് റോഡ് (ബാ്ക്കി ഭാഗം)
16. മണിയന്ത്രം - ലക്ഷം വീട് കോളനി റോഡ്
17. തോണിക്കുഴി - മണിയന്ത്രം റോഡ്
18. കാരാക്കുഴി - മണിലാംകുഴി റോഡ് (റീ ടാർ)
19. വാഴാക്കാലാകണ്ടം - കാവക്കാട് റോഡ് (റീ ടാർ)

II താഴെപറയുന്ന സ്ഥലങ്ങളിൽ പുതിയ റോഡു നിർമ്മിക്കണം

1. പയ്യാവ് ഭാഗത്ത് കാളിയാർ പുഴയിലെ രണ്ടുകടവിലേക്കും റോഡ്.
2. പയ്യാവ് - ഈസ്റ്റ് കലൂർ ക്രോസ് റോഡ്
3. കലൂർ സ്റ്റാൻഡിലേക്ക് വൺവേ
4. മണിയന്ത്രം - തോണിക്കുഴി റോഡ് (ബാക്കി ഭാഗം)
5. മരുതൂർ വാഴക്കാലാകണ്ടം - വാഴക്കാലാകണ്ടം വെട്ടം കവല റോഡ്
6. വാഴക്കാലാകണ്ടം കുളത്തിലേക്കുള്ള റോഡ് പണിയുക
7. കോട്ട - ഗവ: ആസ്പത്രി ലിങ്ക് റോഡ്
8. വഴിയാഞ്ചിറ - പനച്ചിത്തണ്ടു റോഡിന് എതിർവശത്ത് തഴുവംകുന്നു റോഡിലേയ്ക്കുള്ള വഴി (വഴിയാഞ്ചിറ, പുത്തരിക്കാട് - തഴുവംകുന്ന്)
9. വഴിയാഞ്ചിറ - പനച്ചിത്തണ്ട് റോഡ് (III ഉം IV ഉം വാർഡുകൾ ഉൾക്കൊള്ളുന്നത്) (പൂർത്തിയാകാത്ത1 കി.മീ. ദൂരം പണിപൂർത്തിയാക്കി ടാർ ചെയ്യണം.)
10. മണിയന്ത്രം - കരിന്നാട്ടുകുളം മിച്ചഭൂമി റോഡ്
11. വെള്ളാരംകല്ല് കോളനി - പെരിക്ക് ജംഗ്ഷൻ റോഡ്
12. മൂക്കനോലിക്കൽ - ഹരിജൻ കോളനി റോഡ്
13. കാവുംപടി - മരുതൂർ റോഡ്
14. തോണിക്കുഴി-മണിയന്ത്രം ഹരിജൻ കോളനി റോഡ്
15. കോട്ട - പണിക്കൻകുടി റോഡ്
16. തഴുവംകുന്ന് - പെരുമാങ്കണ്ടം കോളനി റോഡ്
17. ആൽപ്പാറ - വിത്തിരംപാറ റോഡ്
18. പാലക്കുഴി - പുളിയാനിക്കാട് റോഡ്
19. നാഗപ്പുഴ - ഇടുമ്പന്തണ്ട് - പുളിയാനിക്കാട് റോഡ്
20. പുളിയാനിക്കാട് - ഇടുമ്പൻതണ്ട് റോഡ്
21. തോണിക്കുഴി - കോയിക്കമലറോഡ്
22. നാഗപ്പുഴ - കല്ലിങ്ങമാരി റോഡ്
23. പരുത്തിപ്പാറ - ഏഴാനിക്കാട് തണ്ട് - നാഗപ്പുഴപാറ റോഡ്
24. ചാറ്റുപാറ - പനച്ചിതണ്ട് റോഡ്
25. പത്തകുത്തി - നാഗപ്പുഴപാറ റോഡ് (കിഴക്കാലായിൽ)
26. തഴുവംകുന്ന് - കിഴക്കേൽ റോഡ്
27. വഴിയാഞ്ചിറ - വിത്തിരം പാറ റോഡ്
28. വിത്തിരംപാറ - തഴുവംകുന്ന് റോഡ്
29. ആണ്ടൂർതോട് റോഡ്

III

1. മൂവ്വാറ്റുപുഴ - ആയവന KSRTC ബസ് മരുതൂർ വഴി - വാഴക്കാലാകണ്ടം വഴി കല്ലൂർക്കാടിന് നീട്ടുക.
2. കലൂർ നിന്ന് തഴുവംകുന്നുവഴി എറണാകുളത്തേക്ക് KSRTC ബസ് സർവ്വീസ് ആരംഭിക്കുക.
3. ചാറ്റുപാറ PWD റോഡിൽ കുരുക്കാകുന്ന് കയറ്റവും വളവും കുറച്ച് ബസ് സർവീസിന് ഉപയുക്തമാക്കുക.
4. തഴുവംകുന്ന് കുറവൻകുന്നു കയറ്റം കുറച്ച് റോഡ് റീ ടാർ ചെയ്ത് ബസ് സ്ർവീസിന് യോഗ്യമാക്കുക.
5. തൊടുപുഴ നിന്നും - നാഗപ്പുഴ വഴി എറണാകുളത്തിനും, മലബാർ പ്രദേശത്തേക്കും കൂടുതൽ KSRTC, പ്രൈവറ്റ് ബസുകൾ സർവീസ് ആരംഭിക്കുക.
6. വണ്ണപ്പുറം, കോടികുളം, കലൂർ, തഴുവംകുന്ന്, കല്ലൂർക്കാട് വഴി മൂവ്വാറ്റുപുഴക്കു ബസ് സർവ്വീസുകൾ ആരംഭിക്കുക.
7. തൊടുപുഴ, പാലക്കുഴി, മണിയന്ത്രം, കല്ലൂർക്കാട് വഴി വാഴക്കുളത്തിനും ബസ്സുകൾ അനുവദിക്കുക.
8. വാഴക്കുളം, വേങ്ങച്ചോട്, മഞ്ഞള്ളൂർ, കല്ലൂർക്കാട് വഴി കോതമംഗലത്തിനു സർവ്വീസ് ആരംഭിക്കുക.
9. മൂവ്വാറ്റുപുഴ നിന്നും വാഴക്കുളം കല്ലൂർക്കാട് കലൂർ, ഊന്നുകല്ല് വഴി അടിമാലിക്ക് പുതിയ റൂട്ടുകൾ ആരംഭിക്കുക.
10. കല്ലൂർക്കാട്, മൂവ്വാറ്റുപുഴ കോട്ടയം വഴി തിരുവനന്തപുരത്തിനു KSRTC സർവീസ് ആരംഭിക്കുക.
11. ഇരാറ്റുപേട്ട, തൊടുപുഴ, കല്ലൂർക്കാട്, ആയവന, കോതമംഗലം, പൊരുമ്പാവൂർ വഴി കണ്ണൂർക്ക് പുതിയ KSRTC സർവ്വീസ് ആരംഭിക്കണം.
12. കല്ലൂർക്കാട് നിന്നും മൂവാറ്റുപുഴ വഴി എറണാകുളത്തിന് ബസ് സർവ്വീസ് ആരംഭിക്കണം.
13. കലൂർ, കല്ലൂർക്കാട്, മൂവ്വാറ്റുപുഴ വഴി എറണാകുളത്തിന് KSRTC ബസ് സർവീസ് ആരംഭിക്കണം.
14. അങ്കമാലി, മൂവ്വാറ്റുപുഴ, ആയവന, കല്ലൂർക്കാട്, കോടികുളം വഴി കടന്നു പോകുന്ന കോട്ടവഴി മധുരക്ക് ഒരു റെയിൽവേ ലൈൻ അനുവദിക്കേണ്ടതാണ്.

## VI ഊർജ്ജം

നമ്മുടെ പഞ്ചായത്തിലെ ഊർജ്ജസ്രോതസ്സുകൾ, വിറക്, വൈദ്യുതി, മണ്ണെണ്ണ, പാചക വാതകങ്ങൾ എന്നിവയാണ്. കൽക്കരിയുടെ ഉപയോഗം തീരെ ഇല്ല. ഗ്രാമപ്രദേശമായ നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വിറകിനെയാണ് ഊർജ്ജത്തിനായി ആശ്രയിക്കുന്നത്. ഏകദേശം 89% വീടുകളിലും വിറകുതന്നെയാണ് ഉപയോഗിക്കുന്നത്. പാചകവാതകങ്ങൾ ഉപയോഗിക്കുന്ന വീടുകൾ 10% ൽ താഴെ മാത്രമാണ്. മണ്ണെണ്ണയുടെ ഉപയോഗം താരതമ്യേന വർദ്ധിച്ചു വരുന്നതായാണ് റേഷൻ കടകളിൽ നിന്നുള്ള റിപ്പോർട്ടുകൾ. 95-96 കണക്കനുസരിച്ച് 93 മണ്ണെണ്ണ പെർമിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്.

വിറകിൻെറ ലഭ്യതക്കുറവ് വളരെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തടിമില്ലുകളിൽ നിന്നും മറ്റും വിറകുകൾ വിൽക്കുന്നത് അമിത വിലയ്ക്കാണ്. ഈ പ്രദേശത്ത് വനങ്ങൾ ഇല്ലാത്തതും വിറകിൻെറ ലഭ്യത വിഷമകരമാക്കുന്നു. പഴയ കാലത്ത് മറ്റു തോട്ടങ്ങളിൽ നിന്നും വിറക് എടുത്ത് ഉപയോഗിക്കാമായിരുന്നു. എന്നാൽ ഇന്ന് പണം കൊടുത്താൽപോലും ഈ സാധനങ്ങൾ ലഭ്യമല്ല.

പാരമ്പര്യ ഊർജ്ജ സ്രോതസുകൾ കൂടാതെ ഇതര സ്രോതസുകളെകൂടി ആശ്രയിക്കേണ്ട കാലഘട്ടമാണിത്. മെച്ചപ്പെട്ടതും ദക്ഷതയേറിയതുമായ അടുപ്പുകൾ എല്ലാ വീടുകളിലും സ്ഥാപിക്കേണ്ടതാണ്. വിവിധ ഏജൻസികൾ വഴി ഭവന നിർമ്മാണ വായ്പ അനുവദിക്കുമ്പോൾ ദക്ഷതയേറിയ അടുപ്പുകൾ നിർബന്ധമായും സ്ഥാപിക്കണമെന്ന് നിബന്ധനകളിൽ ഉൾപ്പെടുത്തേണ്ടതാണ്.

അതേപോലെ മണ്ണെണ്ണ ഉപയോഗിച്ചുള്ള പാചകങ്ങൾക്ക് കാര്യക്ഷമതയുള്ള സ്റ്റൗകളും ഉപയോഗിക്കേണ്ടതുണ്ട്. ഇവയുടെ ഉപയോഗവും വ്യാപകമാക്കണം.

വാണിജ്യവും വ്യാവസായികവുമായ മേഖലകളിലാണ് പെട്രോൾ, ഡീസൽ എന്നിവയുടെ ഉപയോഗമുള്ളത്.

വിറകാവശ്യത്തിനായി വൃക്ഷം വച്ചു പിടിപ്പിക്കൽ പദ്ധതി പഞ്ചായത്തിൽ നടപ്പിലായിട്ടില്ല. പുറമ്പോക്കുകളിലും, തരിശുകളിലും ഇപ്രകാരം വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നത് വിറകിൻെറ ലഭ്യത ഉറപ്പുവരുത്തും. ഇക്കാര്യത്തിൽ പ്രാദേശിക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്താവുന്നതാണ്. സാമൂഹ്യ വനവൽക്കരണ വകുപ്പിൻെറ സഹായം ഇക്കാര്യത്തിൽ ലഭ്യമാക്കാൻ ശ്രമിക്കാവുന്നതാണ്.

പ്രഷർകുക്കറുകളുടെ ഉപയോഗം, കുറഞ്ഞ ഊർജ്ജത്തിൽ കൂടുതൽ പ്രകാശം തരുന്ന വിളക്കുകളുടെ ഉപയോഗം, ദക്ഷതയേറിയ അടുപ്പുകൾ സ്ഥാപിക്കൽ വൈദ്യുതി ഉപയോഗത്തിൽ സ്വയം നിയന്ത്രണം എന്നിവ വഴിയും ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിൽ കൂടിയും ഊർജ്ജോപയോഗം നിയന്ത്രിക്കുന്നതിന് കഴിയുന്നതാണ്.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ അത് അടിയന്തിരമായി എത്തിക്കണം.
2. വൈദ്യുത കണക്ഷൻ ലഭിക്കാൻ നേരിടുന്ന കാലതാമസം പരമാവധി കുറയ്ക്കുക.
3. സാമൂഹ്യ വനവൽക്കരണം പഞ്ചായത്തിൽ വ്യാപിപ്പിക്കണം.
4. മണ്ണെണ്ണ ദൗർലഭ്യം പരിഹരിക്കണം.
5. ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം.
6. സൗരോർജ്ജവൈദ്യുതിയുല്പാദനം പ്രോത്സാഹിപ്പിക്കണം.

വോൾട്ടേജ് ക്ഷാമം ഈ നാടിനു ഒരു ശാപമായി മാറിയിരിക്കുകയാണ്. ഇതിനുള്ള ഏക പരിഹാര മാർഗ്ഗം ഇടുക്കിഡാമിൻെറ മൂലമറ്റം പവ്വർ സ്റ്റേഷനിൽ നിന്നും കല്ലൂർക്കാട് വഴി കടന്നു പോകുന്ന 220 കെ.വി. ടവർ ലൈനിൽ നിന്ന് വൈദ്യുതി ടാപ്പ് ചെയ്ത് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിനും സമീപപ്രദേശങ്ങൾക്കും കല്ലൂർക്കാട് സെക്ഷൻെറ കീഴിൽ വരുന്ന മൊത്തം കൺസ്യൂമേഴ്സിനും പ്രയോജനപ്പെടത്തക്ക വിധം ഈ പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ഒരു മേജർ സബ് സ്റ്റേഷൻ അനുവദിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഇങ്ങനെ മേജർ സബ് സ്റ്റേഷൻ ആരംഭിക്കുന്ന പക്ഷം കോതമംഗലം, തൊടുപുഴ, കൂത്താട്ടുകുളം 66 കെ.വി. സബ് സ്റ്റേഷനുകൾ 110 കെ.വി. സബ് സ്റ്റേഷൻ ആക്കി മാറ്റുവാനും സാധിക്കും. ഇതിലേക്ക് ആവശ്യമായ സ്ഥലം (മിച്ച ഭൂമിയായി ഏറ്റെടുത്തിട്ടുള്ള 10 ഏക്കർ) ഈ പഞ്ചായത്തിൽ ടി ലൈനിനോട് ചേർന്ന് മരുതൂർ പ്രദേശത്ത് ലഭ്യമാണ്.

സ്വന്തം കെട്ടിടത്തിൽ ബില്ലിംഗ് യൂണിറ്റോട് കൂടി പ്രവർത്തിക്കുന്ന ഇലക്ട്രിക്ക് സെക്ഷൻ ആഫീസ് ഒരു മേജർ സെക്ഷൻ ആക്കി ഉയർത്തുകയും അതോടൊപ്പം തന്നെ കല്ലൂർക്കാട് കേന്ദ്രമാക്കി ഇലക്ട്രിക്കൽ സബ് ഡിവിഷൻ ആഫീസ് തുടങ്ങേണ്ടതും അത്യന്താപേക്ഷിതമാണ്.

**കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്**

**1.6 തെരുവുവിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ**

| | വിളക്കുകളുടെ എണ്ണം | | | | |
|---|---|---|---|---|---|
| വാർഡ് | വേപ്പർ ലാംബ് | ഫ്ളൂ. റ്റ്യൂബ് | ബൾബ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| I | .. | 1 | 59 | .. | 60 |
| II | .. | .. | 48 | .. | 48 |
| III | .. | .. | 32 | .. | 32 |
| IV | .. | 2 | 55 | .. | 57 |
| V | .. | 2 | 45 | .. | 47 |
| VI | .. | 1 | 25 | .. | 26 |
| VII | .. | .. | 32 | .. | 32 |
| VIII | .. | 1 | 38 | .. | 39 |
| ആകെ | | 7 | 334 | .. | 341 |

1. ആകെ വൈദ്യുത ലൈനിൻെറ നീളം — 128.76 km
2. തെരുവ് വിളക്ക് വൈദ്യുതി ചാർജിനത്തിൽ തൻവർഷം ചെലവഴിച്ചതുക. — 53715 രൂപ
3. വരുമാനത്തിൻെറ എത്ര % — 8.62%

# ഭവന നിർമ്മാണവും സാമൂഹ്യസേവനവും

ആദിമ മനുഷ്യന് പാർപ്പിട പ്രശ്നം ഉണ്ടായിരുന്നതേയില്ല. അവൻ മരങ്ങളുടെ ചുവട്ടിലും, ഏറുമാടങ്ങളിലും ഗുഹകളിലുമൊക്കെയാണ് ജീവിച്ചിരുന്നത്. പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങളിൽ (മഴ, ചൂട്, ആദിയായവ) നിന്നും രക്ഷനേടുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി അവൻെറ അന്വേഷണമാണ് പാർപ്പിടം ഉണ്ടാക്കലിൻെറ ഉറവിടം. അപ്രകാരമുള്ള അന്വേഷണത്തിൻെറ ഫലമായി ഗുഹായുഗത്തിൽ നിന്നും ഫ്ലാറ്റ്യുഗത്തിലേക്ക് എത്തിയിരിക്കുകയാണ് മനുഷ്യൻ. സ്വന്തമായി പാർപ്പിടം ഉണ്ടാക്കുക എന്നത് ഏതൊരു മനുഷ്യൻെറയും ആഗ്രഹമാണ്. പാർപ്പിടം ജീവിതത്തിൻെറ അടിസ്ഥാന ആവശ്യങ്ങളിൽ പ്രഥമസ്ഥാനത്തു നിൽക്കുന്നു.

കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ നടത്തിയ വീടില്ലാത്തവരെ സംബന്ധിച്ച സർവ്വേയിൽ 546 പേരോളം വീടില്ലാത്തവരായി ഉണ്ട് എന്നു കാണാം. ഇവരിൽ തന്നെ വീട് വയ്ക്കുന്നതിന് സ്വന്തമായി സ്ഥലം ഇല്ലാത്തവരും ധാരാളം ഉണ്ട്. ഇവർക്ക് വീടു നിർമ്മിക്കുന്നതിനായി നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ ഉപയുക്തമാക്കാവുന്നതാണ്. ഇപ്രകാരമുള്ള ഭവന പദ്ധതികൾ കൂടുതൽ ലളിതമാക്കുന്ന കാര്യം ബന്ധപ്പെട്ട ഏജൻസികളെക്കൊണ്ട് വിശകലനം ചെയ്യിക്കേണ്ടതുണ്ട്. വീട് വയ്ക്കുവാൻ സ്ഥലം ഇല്ലാത്തവർക്ക് സൗജന്യമായോ അല്ലെങ്കിൽ നാമമാത്രമായ തുകയ്ക്കോ ഭൂമി ലഭ്യമാക്കുവാൻ സാധിക്കുമോ എന്ന കാര്യം സർക്കാർ തലത്തിൽ ആലോചിക്കേണ്ടതായിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഭൂമി കൈവശത്തിലുണ്ടെങ്കിലും പട്ടയം ഇല്ല എന്ന കാരണത്താൽ ഭവന നിർമ്മാണ പദ്ധതികളുടെ പ്രയോജനം കിട്ടാത്ത അനവധി കുടുംബങ്ങളുണ്ട്. ഇവർക്ക് അടിയന്തിരമായി പട്ടയം അനുവദിപ്പിക്കുന്നതിന് ഊർജിതശ്രമം നടത്തണം.

ഈ പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ വായ്പാ സഹകരണ സംഘം അത്യന്താപേക്ഷിതമാണെന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഇപ്പോൾ ഈ പഞ്ചായത്ത് മടക്കത്താനത്തുള്ള ഭവന നിർമ്മാണ സഹകരണ സംഘത്തിൻെറ ഏരിയായിൽ വരുന്നതാണ്. പ്രസ്തുത സംഘം 97 പേർക്ക് 3509050 രൂപാ വായ്പ നൽകിയിട്ടുണ്ട്.

ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയ്ക്ക് ഇവിടെ കാര്യമായ പ്രചാരം ലഭിച്ചിട്ടില്ല. പഞ്ചായത്തിൽ നിർമ്മിതി കേന്ദ്രം സ്ഥാപിക്കുന്നതു വഴി ചെലവു കുറഞ്ഞ പാർപ്പിട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് സാധിക്കുന്നതാണ്.

കോളനികളിലെ പാർപ്പിട പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് ശ്രമം നടത്തേണ്ടതായിട്ടുണ്ട്. പഞ്ചായത്തിലെ രണ്ട് അംഗീകൃത ഹരിജൻ കോളനികളിലേയും ലക്ഷം വീട് നാലുസെൻറ് കോളനികളിലേയും വീടുകൾ അധികവും ജീർണ്ണാവസ്ഥയിലുള്ളതാണ്. ഇപ്രകാരമുള്ള വീടുകൾ പുതുക്കിപണിയുന്നതിനും കുടിലുകൾ പുനർ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾക്ക് പ്രഥമസ്ഥാനം നൽകിക്കൊണ്ട് വാർഷിക പദ്ധതികൾ രൂപീകരിച്ച് നടപ്പിൽ വരുത്തിയാൽ മാത്രമെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സാധിക്കുകയുള്ളു.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണ വായ്പാസഹകരണ സംഘം രൂപീകരിക്കണം.
2. നിലവിലുള്ള ഭവന പദ്ധതികൾ കൂടുതൽ ലളിതമാക്കുക.
3. കെട്ടിടനിർമ്മാണ സാമഗ്രികൾ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിന് സംവിധാനം വേണം.
4. സഹകരണ സംഘങ്ങളിൽ നിന്നും കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് ഭവനം നിർമ്മിച്ചിട്ടുള്ള അർഹതപ്പെട്ടവർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്.
5. ഭവന നിർമ്മാണത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി പ്രൈമറി സംഘങ്ങളിൽ വസ്തുവിൻെറ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്ന നടപടി വലിയ സാമ്പത്തിക ബാധ്യത വരുത്തി വയ്ക്കുന്നതിനാൽ കാർഷികവികസന ബാങ്കുകളുടെ രീതിയിൽ നടപടികൾ ലഘൂകരിക്കേണ്ടതാണ്.

## സാമൂഹ്യക്ഷേമം

കല്ലൂർക്കാട് പഞ്ചായത്തിലെ ജനസമൂഹത്തിൽ ഉദ്ദേശം 60% പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. ജനങ്ങളുടെ മുഖ്യ ജീവിത മാർഗ്ഗമായ കൃഷിയുടെ അഭിവൃദ്ധിയിൽ കൂടി മാത്രമെ ഈ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാൻ കഴിയുകയുള്ളു. പരമ്പരാഗത കൈത്തൊഴിലുകളിലും മറ്റും ഏർപ്പെട്ടിട്ടുള്ളവർ ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാമമാത്രമാണ്.

ബ്ലോക്കധികാരികൾ നടത്തിയ IRDP സർവ്വേയിൽ 96-97-ൽ 40 പേരാണ് സാമ്പത്തിക ധനസഹായങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടവർ. IRDP ലിസ്റ്റിൽ 801 പേരാണ് ഉൾപ്പെട്ടിട്ടുള്ളതെങ്കിലും പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥവച്ചു നോക്കുമ്പോൾ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടവർ ഇനിയും ഉണ്ട് എന്നു കാണാവുന്നതാണ്. IRDP ലിസ്റ്റുപ്രകാരം ധനസഹായം നൽകുന്നതിനായി ഉദ്ദേശിക്കുന്നപദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ സമഗ്രമായ വിശകലനം വേണ്ടിവരും. IRDP വായ്പകൾ ദുർവിനിയോഗം ചെയ്യുന്നത് തടയുന്നതിനുള്ള കാര്യക്ഷമമായ സംവിധാനം അനിവാര്യമാണ്.

യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള ട്രൈസം പദ്ധതി കാലാനുസൃതമായി പരിഷ്ക്കരിക്കുന്നതിനും പരിശീലനം പ്രത്യുൽപാദനപരമായി വിനിയോഗിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു. വീടുകളിൽ ഒതുങ്ങികഴിയുന്ന വനിതകളെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിനായി വനിതാ സഹകരണ യൂണിറ്റുകൾ സ്ഥാപിക്കുന്നത് വഴി സാധ്യമാകുന്നതാണ്. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വനിതാക്ഷേമം ഉറപ്പു വരുത്തുന്ന യാതൊരു പരിപാടികളും ആവിഷ്ക്കപ്പെട്ടിട്ടില്ല. IRDP സർവ്വേ ട്രൈസം DWCRA തൊഴിൽ സംരഭങ്ങൾ എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

## അനുബന്ധം - II

### 11.1 IRDP സർവ്വേപ്രകാരം - ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC / ST കുടുംബംങ്ങൾ | നാളിതുവരെ സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 മുതൽ 4 വരെ | 384 | 7 | 47 | 21 | 24 | 360 |
| 5 മുതൽ 8 വരെ | 417 | 5 | 60 | 12 | 28 | 389 |

### 11.2 ട്രൈസം - തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം ലഭിച്ച വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 മുതൽ 4 വരെ | ബ്യൂട്ടിഷൻ, എംബ്രോയ്ഡറി, ഓട്ടോമൊബൈൽ ഇലക്ട്രീഷ്യൻ, ഫോട്ടോഗ്രാഫി, പ്ലാസ്റ്റിക് വർക്ക് | 12 | 3 | 8 | 1 |
| 5 മുതൽ 8 വരെ | പ്ലാസ്റ്റിക് വർക്ക് | 1 | 1 | ഇല്ല | ഇല്ല |

### 11.4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ തൊഴിൽ

| വാർഡ് | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 മുതൽ 4 വരെ | അരിപൊടിയ്ക്കൽ ചിപ്പ്സ് ഉണ്ടാക്കൽ | 1996 | 7 | - |

വിവിധ പെൻഷൻ പദ്ധതികൾ നിലവിലുണ്ടെങ്കിലും അതിൻെറ പ്രയോജനം ലഭിക്കുന്നവർ വളരെ കുറച്ചുമാത്രമാണ് കർഷക തൊഴിലാളി പെൻഷന് അർഹതയുള്ള അവശത അനുഭവിക്കുന്ന തൊഴിലാളികൾ ധാരാളമുണ്ട്.

പഞ്ചായത്തീരാജ് നിയമം നടപ്പിലായതോടെ പെൻഷൻ പദ്ധതികൾ പഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും ആയത് പൂർണ്ണമായിട്ടില്ല. വാർദ്ധക്യകാലപെൻഷൻപദ്ധതിയിൽ 6 പേർക്കും വിധവാപെൻഷൻ പദ്ധതിയിൽ 86 പേർക്കും മാത്രം പെൻഷൻ നല്കാനേ നാളിതുവരെ പഞ്ചായത്തിന് സാധിച്ചിട്ടുള്ളു. പെൻഷനുള്ള പുതിയ അപേക്ഷകൾ അർഹരായവർക്കെല്ലാം വിതരണം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. കുളങ്ങാട്ടുപാറയിലും, കല്ലൂർക്കാട്ടുമുള്ള മഹിളാസമാജങ്ങളിൽ മാത്രമെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടക്കുന്നുള്ളു. തൊഴിലില്ലാത്ത പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം നൽകലാണ് മുഖ്യമായും നടക്കുന്നത്. മഹിളാസമാജങ്ങൾ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുന്നതും വഴി വനിതകളിൽ സാമ്പത്തിക പിന്നോക്കാവസ്ഥ മാറ്റുന്നതിനുള്ള ബോധവൽക്കരണം നടത്തുവാൻ കഴിയുന്നതാണ്.

പഞ്ചായത്തിൽ കുളങ്ങാട്ടുപാറയിലുള്ള ബാലവാടി ഇതുവരെ അംഗൻവാടിയായി ഉയർത്തുവാൻ കഴിഞ്ഞിട്ടില്ല. വനിതകൾക്ക് അക്ഷരാഭ്യാസം നൽകുന്നതിൽ ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വിസ്മരിക്കാവുന്നതല്ല.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.
2. പെൻഷൻ പദ്ധതികൾ കുറ്റമറ്റരീതിയിൽ നടത്തുന്നതിനുള്ള മേൽനോട്ടം വിവിധ സാമൂഹ്യ സംഘടനകൾ ഉൾപ്പെട്ട ഒരു കമ്മറ്റിയെ ഏൽപ്പിക്കണം.
3. പെൻഷൻ പദ്ധതികൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം.
4. 60 വയസ്സ് കഴിഞ്ഞ എല്ലാകർഷക തൊഴിലാളികൾക്കും കുടുംബാംഗങ്ങളുടെ വരുമാനം നോക്കാതെ പെൻഷൻ നല്കണം.
5. 60 വയസ്സു കഴിഞ്ഞ കർഷകർക്ക് പെൻഷൻ പദ്ധതി നടപ്പാക്കണം.
6. അഗതി മന്ദിരം സ്ഥാപിക്കണം.

# സംസ്കാരം



ഏതൊരു ദേശത്തിന്റെയും സാംസ്ക്കാരിക പൈതൃകം ആദേശത്തെ മതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹിന്ദു, ക്രിസ്ത്യൻ മതങ്ങളിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന കല്ലൂർക്കാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രസ്തുതമതങ്ങളുടെ സങ്കര സംസ്ക്കാരമാണ് നിലനിൽക്കുന്നത്. ഹിന്ദുമതത്തിന്റെ ആചാരങ്ങളിൽ അനുകരണീയമായവയെ സ്വീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും ക്രിസ്തുമത വിശ്വാസികളും, ക്രിസ്തുമത ആചാരങ്ങളിൽ സ്വീകാര്യമായവയെ അംഗീകരിച്ച് മാനിക്കുന്നതിന് ഹിന്ദുക്കളും തയ്യാറായത് മൂലം ഈ പഞ്ചായത്തിലെ ജനസമൂഹത്തിന് വളരെ ഉയർന്ന സാംസ്ക്കാരിക നിലവാരമാണുള്ളത് എന്ന് നമുക്ക് തറപ്പിച്ചു പറയാം.

കല്ലൂർക്കാട് പഞ്ചായത്തിലെ നാഗപ്പുഴ സെൻറ് മേരീസ് ദേവാലയം കേരളത്തിലെ പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രമാണ്. നാനാജാതി മതസ്ഥരായ ലക്ഷകണക്കിനു വിശ്വാസികളാണ് സെപ്തംബർ 1 മുതൽ 15 വരെ നടക്കുന്ന തിരുനാളിനായി എത്തിചേരുന്നത്. നൂറ്റാണ്ടുകളോട് അടുക്കുന്ന കലൂർ സെൻറ് ജോൺസ് ദേവാലയവും, കല്ലൂർക്കാട് സെൻറ് അഗസ്റ്റിൻസ് ദേവാലയവും കാൽ നൂറ്റാണ്ട് പിന്നിട്ട തഴുവംകുന്ന് സെൻറ് ജോർജ്സ് ദേവാലയവും ഈ നാടിന്റെ സാംസ്കാരിക പൈതൃകത്തിന് മുതൽ കൂട്ടുകളാണ്. ഇത് കൂടാതെ ജാതി മതഭേദമെന്യേ അനേകായിരങ്ങളെ ആകർഷിക്കുന്ന കല്ലൂർക്കാട് ലൂർദ് ഗ്രോട്ടൊയിലെ അമലോത്ഭവ മാതാവിന്റെ പിറവിതിരുനാള് എല്ലാ വർഷവും ഫെബ്രുവരി 10, 11, തീയതികളിൽ നടക്കുന്നത് ഈ നാടിന്റെ ഒരു ഉത്സവം തന്നെയായി മാറിയിരിക്കുകയാണ്.

പ്രധാന ഹിന്ദുക്ഷേത്രങ്ങൾ കല്ലൂർക്കാട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം, കല്ലൂർക്കാട് ദേവീ ക്ഷേത്രം, നാഗപ്പുഴ ശാന്തുകാട് ദേവീ ക്ഷേത്രം എന്നിവയാണ്. ഇവയും അതിപുരാതനങ്ങളാണ്. ഈ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്ക് ജാതി മതഭേദമെന്യേ ജനങ്ങൾ ഉത്സാഹപൂർവ്വം സംബന്ധിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക കലാസംഘങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാരിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ സംഘങ്ങൾ കോൽക്കളി, വിൽപ്പാട്ട്, കാളകളി, ചവിട്ട്നാടകം, പരിശമുട്ട്കളി, എന്നീ കളികൾ നടത്തിയിരുന്നതായും അറിവുണ്ട്.

കലാപരിപോഷണത്തെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന പഞ്ചായത്തിലെ ഒരു പ്രധാന സംഘടനയാണ് "കാസ്". മാസതോറും നാടകങ്ങളും, മറ്റു കലാപാരിപാടികളും ഈ സംഘടന നടത്താറുണ്ട്. ഈ സംഘടനയ്ക്ക് സ്വന്തമായി കല്ലൂർക്കാട് ടൗണിൽ 23 സെൻറ് സ്ഥലം ഉണ്ട്. പ്രസ്തു സ്ഥലത്ത് 750 പേർക്ക് ഇരുന്ന് കലാപരിപാടികൾ ആസ്വദിക്കുവാൻ സൗകര്യപ്രദമായ രീതിയിലുള്ള വിശാലമായ ഒരു ഓഡിറ്റോറിയവും, സ്റ്റേജും പണിയുവാനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. പ്രസ്തുത ഓഡിറ്റോറിയം തീരുന്നതോടുകൂടി ജാതിമതഭേദമെന്യേ ഈ പ്രദേശത്തുള്ള ജനങ്ങൾക്ക് ഒന്നിച്ചു കൂടുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതാണ്. എന്നാൽ സാമ്പത്തിക പരാധീനത മൂലം കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാത്ത അവസ്ഥയാണ് ഈ സംഘടനയ്ക്കുള്ളതെന്ന് ഇതിന്റെ ഭാരവാഹികൾ പ്രസ്താവിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ 3 ഗ്രന്ഥശാലകൾ സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് വക വേളൂർ പബ്ലിക് ലൈബ്രറി, കല്ലൂർക്കാട് കോസ്മോപൊളിറ്റൻ റീഡിംഗ് ക്ലബ്ബ് ആൻറ് ലൈബ്രറി, നാഗപ്പുഴ നിർമ്മല പബ്ലിക് ലൈബ്രറി ആൻറ് ആർട്ട്സ് ക്ലബ്ബ് എന്നിവയാണ്. അവ ഈ പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലം മെച്ചപ്പെടുത്തുന്നതിൽ ഈ ഗ്രന്ഥശാലകൾക്കുള്ള പങ്ക് നിസ്സീമമാണ്.

എറണാകുളം ജില്ലയിലെ ഏറ്റവും നല്ല ലൈബ്രറി നമ്മുടെ പഞ്ചായത്തിലെ 2-ാം വാർഡിലെ കോസ്മോ പൊളിറ്റിൻ റീഡിംഗ് ക്ലബ്ബ് ആൻറ് ലൈബ്രറിയാണ്.

വേളൂർ പഞ്ചായത്ത് ലൈബ്രറിയോട് അനുബന്ധിച്ച് ടി.വി. സെറ്റ് സ്ഥാപിച്ചിട്ടുള്ളത് ഈ പ്രദേശത്തെ ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാണ്. പ്രസ്തുത ടി.വി. സെറ്റ് സ്ഥാപിച്ചതും 10,000 രൂപയുടെ പുസ്തകങ്ങളും, ലൈബ്രറിയുടെ അറ്റകുറ്റപണികൾക്കായി 5000 ത്തോളം രൂപയും ചെലവഴിച്ചത് ഇപ്പോഴത്തെ വാർഡുമെമ്പറും മുൻവൈസ് പ്രസിഡൻറുമായ ശ്രീ. ജോൺസൻ സേവ്യർ നമ്പ്യാപറമ്പിൽ ആണ് എന്നുള്ളത് പ്രത്യേകം പ്രസ്ത്യാവ്യമാണ്.

പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകളാണ് താഴെ പറയുന്നവ.

1. Y.M.C. കല്ലൂർക്കാട്.
2. നിർമ്മലാ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്, നാഗപ്പുഴ.
3. ഐശ്വര്യാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കലൂർ.
4. പഞ്ചായത്ത് റിക്രിയേഷൻ ക്ലബ്ബ്, പത്തകുത്തി.
5. നേതാജി ക്ലബ്ബ്, പാലക്കുഴി.
6. തുഷാര ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വഴിയാഞ്ചിറ.
7. Y.M.A ആർട്സ് & സ്പോർട്സ് ക്ലബ്ബ് തഴുവംകുന്ന്.
8. കീർത്തി ക്ലബ്ബ്, ചാറ്റുപാറ.
9. ജിംനേഷ്യം ക്ലബ്ബ്, കല്ലൂർക്കാട്.
10. ഫാസ്റ്റ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, തഴുവംകുന്ന്.
11. ചൈതന്യ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മരുതൂർ.

ഇവയുടെ കായികവും കലാപരവുമായ പ്രവർത്തനങ്ങൾ മൂലം യുവാക്കൾക്കിടയിലുണ്ടായിട്ടുള്ള സാംസ്കാരിക ഉന്നമനം പ്രത്യേകം പ്രസ്താവ്യമാണ്. സാക്ഷരതാ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നതിന്റെ ഫലമായി വായനാശീലം ഉണ്ടാക്കുവാൻ ഒരു പരിധിവരെയെങ്കിലും സാധിച്ചിട്ടുണ്ട്.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ വമ്പിച്ച പ്രചാരം യുവജനങ്ങളിൽ നല്ലതും ചീത്തയുമായ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്. ടി.വി. യുടെ മാസ്മര വലയത്തിൽപ്പെട്ട് യുവജനങ്ങൾ നിഷ്ക്രിയരാകുന്നത് തടയുന്നതിന് ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. പ്രോഗ്രാമുകൾ സെൻസർഷിപ്പിന് വിധേയമാക്കുന്നതു നല്ലതാണ്. യുവജനങ്ങളെ കർമ്മോത്സുകരാക്കാനുതകുന്ന പരിപാടികൾ ഈ മാദ്ധ്യമങ്ങളിൽ പ്രക്ഷേപണം ചെയ്യണം.

### നിർദ്ദേശങ്ങൾ

1. ക്ലബ്ബുകൾക്ക് ധനസഹായം നൽകുക.
2. ജിംനേഷ്യങ്ങൾ കൂടുതൽ സ്ഥാപിക്കുക.
3. യൂത്ത് ക്ലബ്ബുകൾ പുനർജീവിപ്പിക്കുക.

# വനിത

ഓരോ പ്രദേത്തിൻേറയും വികസനത്തിൻെറ വൈകല്യങ്ങൾ ചികഞ്ഞു ചെല്ലുമ്പോൾ ഉചിതമായ സ്ത്രീ പങ്കാളിത്വത്തിൻെറ അഭാവം വ്യക്തമാകുന്നു. ഈ വൈകല്യം പരിഹരിച്ച് ആ പ്രദേശത്തെ വികസനത്തിൻെറ തലപ്പത്ത് എത്തിക്കണമെങ്കിൽ നാടിൻെറ വികസന - ആസൂത്രണ പ്രക്രിയകളിൽ വർദ്ധിച്ച സ്ത്രീ പങ്കാളിത്വം ഉറപ്പു വരുത്തിയേ പറ്റൂ. പ്രാചീന സംസ്ക്കാരത്തിൻെറ പിള്ളത്തൊട്ടിലായ ഭാരതത്തിൽ സ്ത്രീ ആദർശവതിയും ആദരണീയയും ആരാധ്യയുമൊക്കെ ആണെങ്കിലും അകത്തളങ്ങളിൽ മാത്രം ഒതുങ്ങി കഴിയുന്നവളാണ്. ആ പാരമ്പര്യവും അതിൽ നിന്ന് ഉണ്ടായിട്ടുള്ള പ്രത്യേക കാഴ്ചപ്പാടും അവളെ സമൂഹമദ്ധ്യത്തിൽ നിന്ന് അകന്നുനിൽക്കാൻ പ്രോത്സാഹിപ്പിക്കുന്നു. സമൂഹത്തെ മറികടക്കാനുള്ള ആത്മധൈര്യക്കുറവും വിമർശനങ്ങളെ നേരിടാനുള്ള ഭയവും സാമൂഹ്യകാഴ്ചപ്പാടിലുള്ള വീഴ്ചയുമൊക്കെ അവളെ മുമ്പോട്ടു കുതിക്കാൻ പലപ്പോഴും വിസമ്മതിപ്പിക്കുന്നു എന്നത് സത്യം മാത്രമാണ് വിദ്യാഭ്യാസത്തിൽ പുരുഷനോടൊപ്പം നില്ക്കുന്ന സ്ത്രീ തൊഴിൽ, വ്യവസായ, സേവനം തുടങ്ങിയ തുറകളിൽ വളരെ പിന്നിലാണെന്ന യാഥാർത്ഥ്യം ഗ്രാമസഭകൾ വിളിച്ചു പറയുന്നു. പല വാർഡുകളിലും സംഖ്യാ ബലത്തിൽ സ്ത്രീ തന്നെയാണ് മുമ്പിൽ. ഏറ്റവും കൂടുതൽ മാർക്കുവാങ്ങി പുറത്ത് വരുന്ന സ്ത്രീകൾ തൊഴിൽ രംഗത്ത് ശോഭിക്കാത്തതിൻെറ കാരണം കഴിവുകേടല്ല. പിന്നേയോ, അവളുടെ അവസരങ്ങൾ ചവിട്ടി മെതിക്കപ്പെടുന്നു എന്നുള്ളതാണ്. കുടുംബത്തിൻെറ മുഴുവൻ ഭാരവും സ്വന്തം ചുമലിൽ താങ്ങാൻ വിധിക്കപ്പെട്ട വനിതകളുടെ ണ്ണം 25% മെങ്കിലുമുണ്ട്.

തൻെറ ജീവിതത്തിൽ ആർജ്ജിച്ച വിദ്യാഭ്യാസപരമായ കഴിവുകളെ കുടുംബജീവിതം തുടങ്ങുന്നതോടെ മുരടിപ്പിക്കേണ്ടി വരുന്ന ഹതഭാഗ്യകൾ ഇല്ലാതില്ല. വിദ്യാഭ്യാസവും മനസ്സും ആരോഗ്യവും ഒത്തിണങ്ങുമ്പോൾ ഇണയുടേയും ബന്ധുക്കളുടേയും പഴഞ്ചൻ ചിന്താഗതികൾക്കു മുമ്പിൽ എല്ലാം നഷ്ടപ്പെടുത്തേണ്ടിവരുന്ന എത്രയെത്ര അഭ്യസ്ഥ വിദ്യരാണ് അടുക്കളയിലെ കരിപുകകൾക്ക് മറവിൽ നിന്ന് നെടുവീർപ്പിടുന്നത് എന്നറിയാമോ? സാമൂഹ്യമദ്ധ്യത്തിൽ എത്തിനോക്കാൻ പോലും മടിക്കുന്ന 2% സ്ത്രീകളും ഇല്ലാതില്ല. മേൽക്കിടക്കാരായ പല വനിതകളും ഇങ്ങനെ ചിന്തിക്കുമ്പോൾ കീഴ്ക്കിടയിലെ വനിതാവൃന്ദം പരമ്പരാഗതമായ തൊഴിൽ മേഖലയിലേക്ക് കടന്നുവരാൻ മടിക്കുന്നമുണ്ട്. സമൂഹത്തിൽ അവർ ആഗ്രഹിക്കുന്ന സ്ഥാനവും മാനവും പരമ്പരാഗതമായ തൊഴിൽ ചെയ്യാൻ അവരെ അനുവദിക്കുന്നില്ല. മാത്രമല്ല ആ രംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിച്ച് ആകർഷകമായ സമ്മാന-സ്ഥാനമഹിമകൾ നൽകി അവരെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാരും സമൂഹവും മുമ്പോട്ടു വരുന്നില്ല.

## പരിഹാരം

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സർക്കാരും ചേർന്ന് നടത്തുന്ന കൂട്ടായ ശ്രമത്തിലൂടെ മാത്രമേ വനിതകളെ ഉണർത്താനും ഉയർത്താനും സാധിക്കുകയുള്ളു. ആരോഗ്യവും വിദ്യാഭ്യാസവും ഉള്ള ഒരു സ്ത്രീയും വിവാഹത്തോടെ കുടുംബഭാരവും കുഞ്ഞുനോട്ടവുമായി വീട്ടിലൊതുങ്ങാൻ അനുവദിക്കരുത്. അതിനാവശ്യമായ നിയമനിർമ്മാണം തന്നെ വേണം. സമൂഹത്തിലിറങ്ങി പ്രവർത്തിക്കുന്ന സ്ത്രീയെ തരംതാഴ്ത്താൻ ശ്രമിക്കുന്ന പിന്തിരിപ്പൻമാരെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കണം. സ്ത്രീ പീഢനം അരുത്. സ്ത്രീത്വം മാനിക്കപ്പെടണം. അവളുടെ കഴിവുകൾക്ക് അർഹമായ അംഗീകാരം ലഭിക്കണം. അവളെ താറടിച്ച് തരംതാഴ്ത്താൻ ശ്രമിക്കുന്ന സമൂഹദ്രോഹികൾക്ക് എതിരെ ശിക്ഷണ നടപടി ഉണ്ടാകണം. ഏതു തൊഴിലും ചെയ്യാൻ സ്ത്രീ പുരുഷനൊപ്പം പ്രാപ്തയാണ്. സമൂഹം അവളെക്കൊണ്ട് ചെയ്യിക്കുന്നുമുണ്ട്. പക്ഷെ അംഗീകാരത്തിൻേറയും വേതനത്തിൻേറയും തട്ടിലെത്തുമ്പോൾ സ്ത്രീയെ തരംതാഴ്ത്തുന്ന പ്രവണത ഇല്ലാതാക്കണം, എന്നുതന്നെയല്ല, സ്ത്രീക്ക് മുൻഗണന കിട്ടുകയും വേണം, വാസ്തവത്തിൽ ആരോഗ്യപരമായും വിദ്യാഭ്യാസപരമായും മാനസികമായും ശാരീരികമായും സ്വാതന്ത്ര്യപരമായും ചൂഷണം ചെയ്യുന്ന ഇന്നത്തെ അവസ്ഥ നമ്മുടെ പഞ്ചായത്തിൽ ഇനി ഉണ്ടാകാൻ നാം അനുവദിക്കരുത്. പുരുഷമേധാവിത്വം അടിച്ചേൽപ്പിക്കാനുള്ള അവൻെറ ശ്രമത്തിൽ ബലിയാടാകുന്ന അവസ്ഥ ഇനിയും ഉണ്ടാകാതിരിക്കട്ടെ.

സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചും, സ്ത്രീകൾക്ക് ഒറ്റയായോ കൂട്ടായോ ചെയ്യാവുന്നപദ്ധതികൾ നടപ്പാക്കിയും തൊഴിൽ രംഗത്തേക്ക് സ്ത്രീയെ കൈപിടിച്ച് കൊണ്ടു വരണം. തൻേറയും കുടുംബത്തിൻേറയും നാടിൻെറയും അങ്ങനെ രാഷ്ട്രത്തിൻെറയും ത്വരിത വികസനത്തിന് ഈ കൂട്ടായ യത്നം ഉണ്ടായേ മതിയാകൂ. ഒപ്പം ഇതിൻെറ ആവിശ്യകതയെപ്പറ്റി - സ്ത്രീപുരുഷഭേദമില്ലാതെ ബോധവൽക്കരണവും നടത്തണം. മൃഗസംരക്ഷണ മേഖലയിലെ സമഗ്രകർമ്മ പരിപാടിയിൽപ്പെടുത്തി. ഒരു കുടുംബിനിക്ക് ഒരു പശു - അതും ഗുണമേന്മയുള്ളത് - നിർബന്ധമാക്കിയാൽ പഞ്ചായത്തിൻെറ മൊത്തം വരുമാനവളർച്ചയിലും സ്വന്തവും കുടുംബാംഗങ്ങളുടേയും ആരോഗ്യവർദ്ധനയിലും അവൾ പങ്കുവഹിക്കുകയും മാനസികമായും സാമ്പത്തികമായും ഭദ്രതയിലെത്തുകയും ചെയ്യും. പല സ്ത്രീകളും അധ്വാനിക്കാൻ അലസരായിട്ടല്ല പശുവളർത്താതെ പാലിനുവേണ്ടി അയൽ വീടുകളെ ആശ്രയിക്കുന്നത്. ആവശ്യമായ സാഹചര്യക്കുറവ്, കാലിത്തീറ്റയുടെവർദ്ധിച്ച വില, പാൽ വിറ്റഴിക്കാനുള്ള വേദിയില്ലായ്മ, ജല ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ സ്ത്രീകൾ ഈ രംഗത്തേക്ക് വരുന്നില്ല. ജനസംഖ്യയിൽ 51% സ്ത്രീകളാണ്. 331/3% സ്ത്രീസംവരണം ഉറപ്പാക്കിയ സാഹചര്യത്തിൽ പൊതുരംഗത്ത് സ്ത്രീകളുടെ സേവനം കൂടുതലയി ലഭിക്കുന്നുണ്ട്.

ഈ പഞ്ചായത്ത് അതിർത്തിയിലുള്ള 10 സ്കൂളുകളിലും എണ്ണത്തിൽ കൂടുതൽ പെൺകുട്ടികളാണ്. അതുപോലെ ഉന്നതമായ മാർക്ക് കരസ്ഥമാക്കുന്നതിലും പെൺകുട്ടികൾ തന്നെ മുമ്പിൽ. കലാ-കായിക സാംസ്കാരിക മത്സരങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടുന്നതിലും പെൺകുട്ടികൾ ഒപ്പത്തിനൊപ്പമുണ്ട് എന്ന സത്യം അഭിമാനാർഹമാണ്. കാലത്തിൻെറ കുത്തൊഴുക്കിൽ ഗതി മാറി ഒഴുകുന്ന

സ്ത്രീ-പുരുഷവിവേചനം മഹിളകളെ സംതൃപ്തരാക്കുന്നില്ല. സ്വയം പര്യാപ്തതക്കുള്ള ആവേശവും ആവേഗവും ഇവിടത്തെ പെൺകുട്ടികളിൽ ചെറുപ്പത്തിലേ കടന്നു കൂടുന്നുണ്ട്, ധനാഗമമാർഗ്ഗങ്ങളിൽ ഒന്നാം സ്ഥാനം, ജോലി സ്ഥിരതയിൽ ഉറപ്പ് അദ്ധ്വാനത്തിലും അതുപോലെ അടുക്കും ചിട്ടയുമുള്ള ജീവിതത്തിനും വേണ്ടി പെൺകുട്ടികൾ നേഴ്സിംഗ്, ടീച്ചിംഗ്, ബാങ്കിഗ് തുടങ്ങിയ തൊഴിൽ രംഗത്താണ് ഇടിച്ചു കയറുന്നത്. പക്ഷെ പലപ്പോഴും ഈ രംഗത്തുണ്ടാകുന്ന താഴ്ന്ന തസ്തികകളിൽ വനിതകളെ തളച്ചിടുന്നതായി അവർക്ക് പരാതികളുണ്ട്.

ഡോക്ടർ, എഞ്ചിനീയർ, അഡ്വക്കേറ്റ്, തുടങ്ങിയ വേദികളിൽ ശോഭിക്കുന്ന പെൺകുട്ടികൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും ജീവിതത്തിന്റെ നാല്ക്കവല തിരിഞ്ഞു കഴിയുമ്പോൾ തങ്ങളുടെ ആർജ്ജിത കഴിവുകൾ കുടുംബമാകുന്ന നാലുകെട്ടിനുള്ളിലിട്ട് മൂരടിപ്പിക്കുകയാണ് പതിവ്. ശിശുസംരക്ഷണത്തിലുള്ള വ്യഗ്രതയും കുടുംബാംഗങ്ങളോടുള്ള ചുമതലാബോധവും മാത്രമല്ല ഇതിന്റെ കാരണം. പിന്നേയോ, അധ്വാനിക്കാനുള്ള മടിയും അംഗീകാരം ലഭിക്കാത്തതിലുള്ള പരാതിയും അവരെ ഇതിന് പ്രേരിപ്പിക്കുന്നു.

പലപ്പോഴും വീട്ടമ്മയായ സ്ത്രീ വീട്ടുകാരുടെ ആരോഗ്യസംരക്ഷണത്തിൽ ഏറെ ശ്രദ്ധാലുവാണെങ്കിലും സ്വന്തം കാര്യം ശ്രദ്ധിക്കാതിരിക്കുന്നതായി കാണാം. ഭക്ഷണ പാനീയ കാര്യങ്ങളിൽ മറ്റുള്ളവരെയെല്ലാം സംതൃപ്തരാക്കി കഴിഞ്ഞാൽ സ്വന്താവശ്യത്തിനുള്ളവ ലഭ്യമല്ലാത്ത സാഹചര്യമാണ് ഈ പഞ്ചായത്തിലെ 30% വീടുകളിലും നിലവിലുള്ളത്. എന്നിരുന്നാലും സ്ത്രീകൾക്ക് മാത്രമായി പകർച്ച വ്യാധികളോ, പോഷകാഹാരക്കുറവുമൂലമുള്ള രോഗലക്ഷണങ്ങളോ കണ്ടുവരുന്നില്ല. ഇവിടെ എടുത്തു പറയേണ്ട ഒരു എപ്പിഡർമിക്ക് രോഗമായി ഈ വർഷം മഞ്ഞപ്പിത്തം കാണപ്പെട്ടു. അതിപുരാതനമായ ഒരു തീർത്ഥാടന കേന്ദ്രമായ നാഗപ്പുഴ സെന്റ് മേരീസ് ചർച്ച്, കല്ലൂർക്കാട് പഞ്ചായത്തിലെ നാഗപ്പുഴ കരയിലുണ്ട്. 15 ദിവസം നീണ്ടു നിൽക്കുന്ന ഒരു തിരുനാൾ മഹാമഹമാണ് ഇവിടെയുള്ളത്. ആയിരക്കണക്കിന് ഭക്തജനങ്ങൾ അനുദിനം വന്നുപോകുന്ന ഈ തീർത്ഥാടന കേന്ദ്രത്തിൽ 15 ദിവസം വന്നു പാർക്കുന്ന ഭിക്ഷാടകർ വരുത്തിയ പരിസര മലിനീകരണം മൂലം 350 ഓളം സ്കൂൾ കുട്ടികൾ ആഴ്ചകൾക്കുള്ളിൽ മഞ്ഞപ്പിത്തത്തിന്റെ ഇരകളായി മാറി. അടുത്ത വർഷം മുതൽ ഇവിടെ 2 കി.മീ ദൂരപരിധിയിൽ ഭിക്ഷാടകരെ നിരോധിക്കണമെന്ന് പഞ്ചായത്ത് കമ്മിറ്റി ബന്ധപ്പെട്ട അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

അർദ്ധ പട്ടിണിക്കാരും നിർദ്ധനരുമായ ധാരാളം കുടുംബങ്ങളുണ്ട് ഈ പഞ്ചായത്തിൽ. എന്നാൽ ഇവിടെയുള്ള ഏക ഗവർമ്മേണ്ട് ആശുപത്രിയിൽ 32 കിടക്കകളാണ് ഉള്ളത്. പ്രസവ സംബന്ധമായ ആവശ്യങ്ങൾക്ക് അയൽ പ്രദേശങ്ങളിലെ വൻകിട ആശുപത്രികളിൽ ചെന്നെത്താനോ ആവശ്യങ്ങൾ നിറവേറ്റാനോ കഴിയാത്ത വനിതകളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് ഈ ആശുപത്രി വിപുലീകരിച്ച് എല്ലാവിധ സൗകര്യങ്ങളും സംരക്ഷണവും ഉണ്ടാകണം. ഈ പഞ്ചായത്തിന്റെ ആരംഭം മുതൽ സ്ഥലവാസികൾ ഗവർമ്മേണ്ടിനോട് നിരന്തരം ആവശ്യപ്പെട്ടിരുന്ന ഒന്നാണ് നാഗപ്പുഴയിൽ ഒരു ഹോമിയോ ആശുപത്രി.

നമ്മുടെ പഞ്ചായത്തിൽ ആറാം വാർഡിൽ മാത്രമാണ് ഒരു അംഗൻവാടി പ്രവർത്തിക്കുന്നത്. എന്നാൽ നേഴ്സറി സ്കൂളുകൾ മിക്ക വാർഡിലും ഉണ്ട്. എല്ലാ വാർഡിലും അംഗൻ വാടികൾ പ്രവർത്തിച്ചാൽ കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം ഇവ മെച്ചപ്പെടുകയും വനിതകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും.

ദേശീയ സമ്പാദ്യ പദ്ധതി വഴി ധനസമാഹരണ രംഗത്ത് പ്രവർത്തിച്ച് വ്യക്തിപരമായ സാമ്പത്തിക ഭദ്രത വരുത്തി രാഷ്ട്ര വികസനത്തിൽ പങ്കാളികളാകുകയും ആക്കുകയും ചെയ്യുന്ന 6 മഹിളാ പ്രധാൻ ഏജൻറുമാർ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ തങ്ങളുടെ സേവന വേദിയിൽ പല ബുദ്ധിമുട്ടുകളും ഉള്ളതായി പരാതിയുമുണ്ട്. തവണകൾ അടക്കുവാനും കമ്മീഷൻ വാങ്ങുവാനും നേരിടുന്ന ബുദ്ധിമുട്ടുകൾ മാറണം.

കർഷകത്തൊഴിലാളികളായി ജീവിതത്തിന്റെ അധികഭാഗവും ചിലവിട്ട അറുപതുകളുടെ പടവുകൾ കയറുന്ന അനാരോഗ്യവതികളും ആലംബഹീനരുമായ സ്ത്രീകൾ ഈ പഞ്ചായത്തിലെ ധാരാളം കുടുംബങ്ങളിൽ ഉണ്ട്. പലരും വിധവകളും ആണ്. ഇങ്ങനെയുള്ള എല്ലാവർക്കും പെൻഷൻ അനുവദിക്കണം. വിവാഹിതരായ സ്വന്തം മക്കളുടെ സ്വാർത്ഥതനിറഞ്ഞ സ്വകാര്യ ജീവിതത്തിൽ പുറന്തള്ളപ്പെടുന്ന ധാരാളം മാതാക്കളും ഉണ്ട്.

വനിതകളുടെ ആരോഗ്യസംരക്ഷണത്തിനായി സർക്കാരിന്റേയോ സന്നദ്ധസംഘടനകളുടേയോ ഭാഗത്തുനിന്ന് ഒന്നും തന്നെ ഉണ്ടാകുന്നില്ല. വനിതാ ആരോഗ്യപരിപാലന കേന്ദ്രങ്ങൾ സൗജന്യമായി തുടങ്ങേണ്ടിയിരിക്കുന്നു. അവിടെ വനിതകൾ തന്നെ നടത്തിപ്പും വേണം.

വനിതകളെ പൊതുരംഗത്ത് വരുത്താൻ ആകർഷകവും അനുകൂലവുമായ വേദികൾ ഉണ്ടാക്കുകയും വനിതാസമാജങ്ങൾ സ്ഥാപിക്കുകയും വേണം. DWCRA ഓരോ വാർഡ് തോറും സ്ഥാപിച്ച് ഈ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണനം ചെയ്യുവാനുള്ള സൗകര്യം വർദ്ധിപ്പിച്ചാൽ സ്ത്രീകളുടെ സാമ്പത്തിക മാനസിക വികസനത്തിന് സഹായകമാകും.

രാഷ്ട്രീയ വേദികളിലും ദേശീയ സന്നദ്ധ സംഘടനാ വേദികളിലും സ്ത്രീകളെ അണിനിരത്തുവാനുമുള്ള തീവ്ര ശ്രമം ഉണ്ടാകുന്നില്ല എന്നത് ദുഃഖകരമാണ്. വിമർശന ബുദ്ധ്യാ ഈ സത്യം പരിശോധിക്കേണ്ടതാണ്.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. മഹിളാ സമാജങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
2. എല്ലാ വാർഡിലും അംഗൻവാടികൾ സ്ഥാപിക്കുക.
3. എല്ലാ വാർഡിലും വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
4. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

മദ്യപാനം കൊണ്ട് ദുരിതമനുഭവിക്കുന്ന സ്ത്രീകളും കുടുംബങ്ങളും ഉണ്ട്. ചാരായ നിരോധനം കൊണ്ട് സാമ്പത്തിക നേട്ടവും സമാധാന അന്തരീക്ഷവും സംജാതമായിട്ടുണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു.

# സഹകരണസംഘങ്ങൾ

കേരളത്തിൽ സഹകരണ പ്രസ്ഥാനം വേരോടി തുടങ്ങിയ കാലഘട്ടത്തിൽ തന്നെ കല്ലൂർക്കാട് വില്ലേജിലും ഒരു സഹകരണ സംഘം രൂപീകൃതമായി. പരസ്പര സഹായ സഹകരണ സംഘം എന്നായിരുന്നു പേര്. 1947-ൽ കല്ലൂർക്കാട് പുറമ്പോക്ക് ചിറയുടെ കരയിൽ ഉണ്ടായിരുന്ന നെയ്ത്തുശാല കെട്ടിടത്തിലാണ് ഇതിൻെറ ജനനം. പിന്നീട് വർഷങ്ങൾക്കു ശേഷം 1983-ലാണ് ഇന്നത്തെ നിലവിലുള്ള കല്ലൂർക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് രൂപം കൊള്ളുന്നത്. കല്ലൂർക്കാട് പഞ്ചായത്ത് പ്രദേശത്തെ ഏക സഹകരണ ബാങ്കാണിത്. ഇതിന് കലൂരും, നാഗപ്പുഴയിലും ഓരോ ബ്രാഞ്ചുകളുമുണ്ട്. ഈ ബാങ്കിൽ 7448 അംഗങ്ങളാണ് ഇപ്പോഴുള്ളത്.

ഈ ബാങ്കിൽ നിന്നും നൽകിയ വായ്പകളുടെ വിവരം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കാർഷിക വായ്പ | : | 8310049.60 |
| മറ്റുവായ്പകൾ | : | 42586809.49 |
| പ്രത്യേക വായ്പകൾ | : | 7740253.50 |

ബാങ്കിൻെറ പ്രവർത്തന മേഖലകൾ താഴെ പറയുന്നവയാണ്.

സ്റ്റോർ ബിസിനസ്
ആഗ്രോ സർവീസ് സെൻെറർ
കാർഷിക നഴ്സറി
മാതൃകാ മത്സ്യകൃഷി
കാർഷിക മേള
മരണാനന്തര സഹായനിധി
കർഷക പെൻഷൻ പദ്ധതി
കാർഷിക പഠന പര്യടന പരിപാടികൾ
ദുരിതാശ്വാസ പ്രവർത്തനങ്ങൾ

പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഉള്ള മറ്റു സ്ഥാപനങ്ങൾ ഒരു ക്ഷീരോൽപ്പാദക സഹകരണ സംഘവും റബ്ബർ ഉല്പാദക സംഘവുമാണ്. കല്ലൂർക്കാട് ക്ഷീര സഹകരണ സംഘത്തിൻെറ പ്രയോജനം പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും എത്തുന്നില്ലാത്തതിനാൽ മറ്റു ഭാഗങ്ങളിലും ക്ഷീരോല്പാദക സഹകരണസംഘം രൂപീകരിക്കേണ്ടതുണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ വ്യവസായ സ്ഥാനപങ്ങൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും. വനിതാ വ്യവസായ യൂണിറ്റുകൾ സഹകരണ മേഖലയിൽ തുടങ്ങുന്നത് വമ്പിച്ച വിജയമാകാനിടയുണ്ട്. വനിതാ സഹകരണ അച്ചടിശാലകൾ സ്ഥാപിക്കുന്നകാര്യവും ചിന്തനീയമാണ്.

പാർപ്പിട പ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ പഞ്ചായത്തിൽ ഭവന നിർമ്മാണ വായ്പ സഹകരണ സംഘം രൂപീകരിക്കണമെന്ന് പല ഗ്രാമസഭകളിലും നിർദ്ദേശമുണ്ടായിട്ടുണ്ട്.

യഥാർത്ഥത്തിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും സാമ്പത്തിക ആവശ്യങ്ങൾക്കും ആശ്രയിക്കുന്ന ഒരേ ഒരു സ്ഥാപനം കല്ലൂർക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് തന്നെയാണ്. ബാങ്കിൻെറ പ്രവർത്തന മേഖലകൾ കാലാനുസൃതമായി പരിഷ്ക്കരിക്കുന്ന കാര്യം ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതുണ്ട്. സ്വയം തൊഴിൽ വായ്പകൾ, IRDP വായ്പകൾ എന്നിവ അനുവദിക്കുന്നതിന് ബാങ്കുകൾ കാണിക്കുന്ന വിമുഖത അവസാനിപ്പിച്ചാൽ അത് നാടിൻെറ നന്മ ഉറപ്പാക്കുന്നതാണ്. ഈ വായ്പകൾ ദുർവിനിയോഗം ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

### ഗ്രാമസഭ നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണ വായ്പാ സഹകരണ സംഘം രൂപീകരിക്കുക.
2. സഹകരണ മേഖലയിൽ തൊഴിൽ ശാലകൾ സ്ഥാപിക്കുക.
3. സ്വയം തൊഴിൽ വായ്പ ലഭ്യത ഉറപ്പാക്കുക.
4. സഹകരണ മേഖലയിൽ പ്രിൻറിംഗ് പ്രസ് സ്ഥാപിക്കുക.

### അനുബന്ധം 13
### സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

I

| | |
|---|---|
| 1. സ്ഥാപനത്തിൻെറ പേര് | ദി കല്ലൂർക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2605 |
| 2. പ്രവർത്തനപരിധി | കല്ലൂർക്കാട് പഞ്ചായത്ത് |
| 3. ക്രെഡിറ്റ്/നോൺക്രെഡിറ്റ് | ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | 1947 |
| 5. ആകെ അംഗങ്ങൾ | 7448 |
| 6. ഒരു ഓഹരിയുടെ വില | 10/- |
| 7. അംഗീകൃത ഓഹരി മൂലധനം | 4510000 |
| 8. പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 3609912 |
| 9. സർക്കാർ ഓഹരിയുണ്ടോ? | ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ച തുക | 102800 |
| 11. പരമാവധി കടം എടുക്കാവുന്ന തുക | 164835449.20 |

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| a. സ്ഥിരം | 56816416/65 |
| b. ഹ്രസ്വകാലം | 4174967.82 |

III നൽകിയിട്ടുള്ള വായ്പകൾ

a. കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1. ഹ്രസ്വകാല വായ്പ | 6844701.60 |
| 2. മദ്ധ്യകാല ദീർഘകാല വായ്പ | 1180943.00 |
| 3. കിണറും കുളവും നിർമ്മിക്കുന്നതിനു വായ്പ | 284405 |
| 4. | |
| 5. | |

6. മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| 1. സ്വർണ്ണപണയവായ്പ | 6440121 |
| 2. ഹരിജന വായ്പ | 65233 |
| 3. വീട് ഉപകരണ വായ്പ | 5938293 |
| 4. ഐ.ആർ.ഡി.പി. വായ്പ | 83959 |
| 5. മറ്റാവശ്യങ്ങൾക്കുവായ്പ | 30059203.49 |

C. പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| 1. വസ്തു വാങ്ങുന്ന വായ്പ | 7259022 |
| 2. വീടു വാങ്ങുന്ന വായ്പ | 481231.50 |
| 4 - | |
| 5. - | |

ടെ കലാകായിക വികാസവും സാധ്യമാക്കാനുള്ള കഠിനപരിശ്രമങ്ങൾ ഈ മൂന്നിടത്തും ഉണ്ട്. ഒരുവനിലെ സർഗ്ഗാത്മക കഴിവുകൾ ഒളിഞ്ഞു കിടക്കുന്ന മണ്ഡലങ്ങൾ സസൂക്ഷ്മം പരിശോധിച്ച് കണ്ടെത്താനും സാഹചര്യത്തിനൊത്ത് ഉയർത്താനും വളർത്താനും ഉള്ള വേദികൾ ഇവിടങ്ങളിൽ സുലഭമാണ്.

ഹൈസ്കൂളുകളുടെ വിജയത്തിൻെറ ശില്പികൾ താഴെത്തട്ടിലെ അദ്ധ്യാപകരാണല്ലോ. എട്ടും പൊട്ടും തിരിയാത്ത അറിവിൻെറ ആദ്യാക്ഷരങ്ങൾ തേടിയെത്തുന്ന അമ്മിഞ്ഞപ്പാലിൻെറ ഗന്ധമുള്ള ചുണ്ടുകളിൽ വിദ്യയുടെ ഹരിശ്രീ കുറിക്കുന്ന 4 എൽ.പി. സ്കൂളുകളും, 3 യു.പി. സ്കൂളുകളും നമുക്കുണ്ട്. ഇവയ്ക്ക് തൃപ്തമായ സ്ഥലസൗകര്യങ്ങളുണ്ടെങ്കിലും പര്യാപ്തമായ കെട്ടിടങ്ങളില്ല. സർക്കാർ സ്കൂളുകളിൽ ഹാളുകളിലാണ് ക്ലാസ്മുറികൾ പ്രർത്തിക്കുന്നത്. ഇത് വിദ്യാഭ്യാസത്തെ സാരമായി ബാധിക്കുന്ന ഘടകമാണ്. അതുപോലെ ചുറ്റുമതിലുകളില്ല എന്നതും ഒരു വലിയ പോരായ്മയാണ്. കളിസ്ഥലം കായിക വികസനത്തിൻെറ അടിസ്ഥാനമാണല്ലൊ. ഈ അടിസ്ഥാന സൗകര്യം ലഭിച്ച് സ്പെഷ്യൽ അദ്ധ്യാപകരെയും നിയമിച്ചാൽ പിഞ്ചു കുട്ടികളിലെ കായികവാസനയ്ക്ക് മുളയിലെ വളരാൻ സാധിക്കും. വളർന്ന് വലുതാകാൻ ഉതകും പഠന സൗകര്യങ്ങളുടെയും പഠനോപകരണങ്ങളുടെയും അപര്യാപ്തത പല വിദ്യാലയങ്ങളുടെയും അസ്ഥിത്വം തന്നെ ചോദ്യം ചെയ്യുന്നതാണ്. ഈ നില തുടർന്നാൽ വേണ്ടത്ര വിദ്യാർത്ഥികൾ ഇല്ലാതാകും. ഉള്ള വിദ്യാർത്ഥികൾക്ക് പാഠ്യ പദ്ധതികൾക്കപ്പുറത്ത് വായനാശീലവും വരപാടവവും വളർത്താനുതകുന്ന ലൈബ്രറിയൊ പുസ്തകങ്ങളൊ ഇല്ലന്നു മാത്രമല്ല ഇവയ്ക്കുള്ള പരിശീലകരൊ മറ്റു സൗകര്യങ്ങളൊ ഇല്ലെന്നതും വാസ്തവമാണ്.

അനൗപചാരിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത പഞ്ചായത്തിലെ മുഴവൻ ജനങ്ങളെയും ബാധിക്കുന്ന ഒരു ന്യൂനതയാണ്. വിരലിലെണ്ണാവുന്നത്ര വായനശാലകളും ഗ്രന്ഥശാലകളും മാത്രമെ നമുക്കുള്ളു. സാങ്കേതിക വിദ്യാഭ്യാസ സൗകര്യമെന്നതും കല്ലൂർക്കാടിനെ സംബന്ധിച്ചിടത്തോളം ഏട്ടിലെ പശുവാണ്. സാക്ഷരതയുടെ തുറന്ന യുദ്ധത്തിൽ മുമ്പന്തിയിൽ നിന്ന് ധീരമായി പൊരുതിയ ശേഷം ഇപ്പോൾ വിശ്രമിക്കുന്ന സാക്ഷരപോരാളികൾ തുടർവിദ്യാഭ്യാസത്തിന് തത്കാല വിരാമമിട്ടിരിക്കുകയാണ്. എറണാകുളം ജില്ലയിലെ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികൾക്കുള്ള കേരള ഗ്രന്ഥശാല സംഘത്തിൻെറ പുരസ്കാരമായ "സേവനപട്ടം" നമ്മുടെ പഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്നതും പഞ്ചാത്തിൻെറ വൈസ് പ്രസിഡൻറ് ജോസ് അഗസ്റ്റിൻ പ്രസിഡൻറുമായ കോസ്മോ പൊളിറ്റൻ റീഡിംഗ് ക്ലബ്ബ് ആൻറ് ലൈബ്രറി ആണെന്ന കാര്യം സ്മരണാർഹമാണ്. അതുപോലെതന്നെ നാഗപ്പുഴയിലും വേളൂർ കരയിലുമുള്ള വായനശാലകൾ ഉയർന്ന നിലവാരം പുലർത്തുന്നവയാണ്. അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമായ യുവജനങ്ങൾക്ക് സംഘടിതമായി പ്രവർത്തിക്കാനും സംഘം ചേരാനും ഈ വായനശാലകൾ ഫലപ്രദമാണെന്നതിലുപരി ഇവിടെ വന്ന് തങ്ങളുടെഅറിവിൻെറ അടങ്ങാത്ത അഭിവാഞ്ജക്ക് പരിഹാരവും ലഭിക്കന്നു. പരസ്പര സൗഹൃദം വളർത്തി കാലിക പ്രസക്തിയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്ത് കാലഘട്ടത്തിൻെറ ആവശ്യങ്ങൾക്ക് അനുസരിച്ച് ഉയരാൻ അവർക്ക് സാധിക്കുന്നു.

വിദ്യാഭ്യാസമേഖലയിൽ അങ്ങോളമിങ്ങോളം പ്രത്യക്ഷമാകുന്ന മൂല്യശോഷണവും ഗുണനിലവാരമില്ലായ്മയും പ്രത്യേക ശ്രദ്ധ അർഹിക്കുന്ന പ്രതിഭാസങ്ങളാണ്. ഈ പോരായ്മക്ക് പരിഹാരം കാണാൻ അദ്ധ്യാപകരും രക്ഷാകർത്താക്കളും മാനേജ്മെൻറും സർക്കാരും സത്വരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം കണക്കിലെടുത്താണ് P.T.A., മാതൃസംഗമം, സ്കൂൾ കോംപ്ലക്സുകൾ ഒക്കെ നിലവിലുള്ളതെങ്കിലും പ്രതീക്ഷക്കൊത്തുയരാൻ ഇതുവരെയും ഇവയ്ക്കൊന്നും സാധിച്ചിട്ടില്ല. മതിയായ ബോധവൽക്കരണം നടത്തി മാന്യമായ പദ്ധതികൾ നടപ്പാക്കി ലക്ഷ്യപ്രാപ്തിയിലെത്തുവാനുള്ള തീവ്രശ്രമം എല്ലാ ഭാഗത്തു നിന്നുമുണ്ടാകണം. S.S.L.C. ക്ക് കിട്ടുന്ന വിജയശതമാനം മാത്രം കണക്കിലെടുത്ത് വിദ്യാലയങ്ങളുടെ മാനദണ്ഡം കണക്കാക്കുന്ന മാനോഭാവങ്ങൾക്ക് മാറ്റം വരണം. അല്ലെങ്കിൽ വരുത്തണം. കായിക കലാപരിപാടികളോടുള്ള സമീപനരീതികളും അഭിലഷണീയമല്ല. സംസ്ഥാന തലത്തു ശ്രദ്ധപിടിച്ചുപറ്റാനുള്ള ശേഷിയും ശേമുഷിയുമുള്ള കുരുന്നു പ്രതിഭകളെ കണ്ടെത്താൻ നമ്മുടെ സ്കൂളുകൾക്ക് സാധിക്കാതെ വരുന്നത് അത്തരം പ്രതിഭകളില്ലാഞ്ഞിട്ടല്ല. കണ്ടെത്തി വളർത്താൻ ശ്രമിക്കാത്തതു കൊണ്ടാണ്. തികച്ചും സങ്കടകരമായ വസ്തുതയാണിത്. നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെ പാലൂട്ടി വളർത്താൻ പോരുന്നതാണല്ലൊ കലാരംഗത്തേക്കുള്ള കാൽവയ്പുകൾ. മാർഗ്ഗംകളി, വില്ലടിച്ചാൻ പാട്ട്, പരിചമൊട്ടുകളി, കൈകൊട്ടിക്കളി, ഓട്ടംതുള്ളൽ, തിരുവാതിര കളി തുടങ്ങി എത്രയെത്ര കലാരൂപങ്ങളാണ് പൂർവ്വകാല സ്മരണയുടെ പ്രതീകങ്ങളായി മൃതപ്രായത്തിലെത്തി നില്ക്കുന്നത്. ഇത്തരം നാടൻ കലകളെ അവഗണനയുടെ അടിത്തട്ടിൽ നിന്നും ഉയർത്തേണ്ടിയിരിക്കുന്നു.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കലാലയ വിദ്യാഭ്യാസം ലഭ്യമാകണമെങ്കിൽ തൊടുപുഴ മുവാറ്റുപുഴ തുടങ്ങിയ സ്ഥലങ്ങളിൽ പോകേണ്ടിയിരിക്കുന്നു. ഇത് ഈ പഞ്ചായത്തിൽ ഒരു കോളേജ് അനുവദിക്കേണ്ടതിൻെറ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു.

### ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. ചുറ്റു മതിലുകൾ കെട്ടി സ്കൂളും പരിസരവും സംരക്ഷിക്കണം.
2. ബാലവാടി, മഹിളാസമാജം എന്നിവ എല്ലാ വാർഡുകളിലും സ്ഥാപിക്കണം.
3. വായനശാലകൾ ഗ്രന്ഥ ശാലകൾ എന്നിവ വാർഡുകളിൽ ആരംഭിക്കുകയും അതിനാവശ്യമായ സാമ്പത്തിക സഹായം നല്കുകയും ചെയ്യണം.
4. U.P. സ്കൂൾ മുതൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം നിർബ്ബന്ധമാക്കണം.
5. സ്കൂളുകളിൽ തൊഴിലധിഷ്ടിത വിദ്യാഭ്യാസം തുടങ്ങണം.
6. പഞ്ചായത്തുവക മരുതൂർ യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തണം.
7. നിലവിലുള്ള ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി ആരംഭിക്കണം.
8. പഞ്ചായത്തിൽ ഒരു കോളേജ് ആരംഭിക്കണം.

### 1.5. അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റു സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കെട്ടിടം | | ഫർണീച്ചർ | |
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ | വേണ്ടത്ര ഉള്ളവ | വേണ്ടത്ര ഇല്ലാത്തവ |
| H.S. | 31 | 60 | 91 | 1485 | 948 | 2433 | 2 | 1 | 1 | 2 |
| U.P.S. | 11 | 24 | 35 | 430 | 379 | 809 | 3 | .. | 1 | 2 |
| L.P.S. | 4 | 16 | 20 | 266 | 254 | 520 | 1 | 3 | 2 | 2 |
| ആകെ | 46 | 100 | 146 | 2181 | 1581 | 3762 | 6 | 4 | 4 | 6 |

വിദ്യാഭ്യാസാവശ്യത്തിന് പഞ്ചായത്ത് ചെലവഴിച്ച തുക 24351

മൊത്തം ചെലവിൻെറ എത്ര % 2.06%

### കല്ലൂർക്കാട് പഞ്ചായത്ത്
### 9-2. സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈസ്കൂൾ യു.പി./എൽ.പി. പ്രീപ്രൈമറി | സ്കൂളിൻെറ ഉടമസ്ഥത: സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെ എണ്ണം: ആൺ | പെൺ | ആകെ | അദ്ധ്യാപകരുടെ എണ്ണം: ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാലാവധിയിലുള്ളവർ | സ്കൂൾ ക്യാമ്പസിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണ്ണം | മറ്റു കുറിപ്പുകൾ ചുറ്റുമതിലുകൾ അറ്റകുറ്റപണികൾ ഫർണീച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1. ഗവ. L.P.S. മണിയന്ത്രം | L.P. | ✔ | - | - | - | 41 | 42 | 83 | 4 | 4 | - | - | 1 ഏക്കർ | - | 75 സെൻറ് | ചുറ്റുമതിലില്ല |
| 2. ഗവ. L.P.S. കല്ലൂർക്കാട് | L.P. | ✔ | - | - | - | 12 | 12 | 24 | 4 | 4 | - | - | 1.05 ഏക്കർ | - | 75 സെൻറ് | ചുറ്റുമതിലില്ല |
| 3. L.F. L.P.S. തഴുവങ്കുന്ന് | L.P. | - | ✔ | - | - | 49 | 65 | 114 | 5 | 5 | - | - | 1 ഏക്കർ | - | 75 സെൻറ് | ചുറ്റുമതിലില്ല |
| 4. P.U.P.S. മരുതൂർ | U.P. | - | ✔ | - | - | 111 | 107 | 218 | 9 | 8 | 1 | 1 | 1.5 ഏക്കർ | 50 സെ. | - | ചുറ്റുമതിലില്ല |
| 5. P.U.P.S. വെള്ളാരംകല്ല് | U.P. | - | ✔ | - | - | 57 | 52 | 109 | 10 | 8 | 2 | - | 1.5 ഏക്കർ | 20 സെ. | 40 സെൻറ് | ചുറ്റുമതിലില്ല |
| 6. S.A.L.P.S. കല്ലൂർക്കാട് | L.P. | - | ✔ | - | - | 164 | 135 | 299 | 9 | 9 | - | - | 1 ഏക്കർ | 30 സെ. | - | ചുറ്റുമതിലില്ല |
| 7. S.J.U.P.S കലൂർ | U.P. | - | ✔ | - | - | 262 | 220 | 482 | 17 | 17 | - | - | 1.5 ഏക്കർ | 1 സെ. | - | ഫർണീച്ചർ ആവശ്യമുണ്ട് |
| 8. I.M.H.S. കലൂർ | H.S. | - | ✔ | - | - | 482 | 259 | 741 | 29 | 28 | - | - | 3.08 ഏക്കർ | 330' X 175' | - | - |
| 9. S.M.H.S. നാഗപ്പുഴ | H.S. | - | ✔ | - | - | 585 | 358 | 943 | 35 | 35 | - | - | 1.4 ഹെ. | 1 ഹെ. | - | ഫർണീച്ചർ വേണം |
| 10. S.A.H.S. കല്ലൂർക്കാട് | H.S. | - | ✔ | - | - | 418 | 331 | 749 | 32 | 32 | - | - | 6 ഏക്കർ | 1$^1/_2$ ഏ. | 1 ഏക്കർ | ചുറ്റുമതിലില്ല |

# കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളത്തിൻെറ ലഭ്യതയും ഗുണനിലവാരവും എത്രമാത്രമാണ് എന്നതിൻെറ അടിസ്ഥാനത്തിലാണ് ഒരു പ്രദേശത്തെ ജനത്തിൻെറ ആരോഗ്യസ്ഥിതി നിർണ്ണയിക്കപ്പെടുന്നത്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മുഖ്യകുടിവെള്ള സ്രോതസ് കിണറുകളാണ്. രണ്ടാം സ്ഥാനം കുളങ്ങൾക്കും പഞ്ചായത്തിൽ ആകെയുള്ള വീടുകൾ 2672 ആണ്. സ്വകാര്യ കിണറുകൾ സംബന്ധിച്ച കൃത്യവിവരം ലഭ്യമല്ല. പൊതുകിണറുകൾ 29 എണ്ണവും, പൊതുകുളങ്ങൾ 13 എണ്ണവും ഉണ്ട് പഞ്ചായത്തിലെ മിക്ക വാർഡുകളിലും ഉയർന്ന പ്രദേശങ്ങളുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിലെ കിണറുകളിൽ ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ മാത്രമാണ് വെള്ളം കിട്ടുന്നത്. പഞ്ചായത്ത് മൊത്തത്തിലെടുത്താൽ കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപെടുന്നുണ്ട് എന്ന് കാണാവുന്നതാണ്.

എല്ലാവർഷവും ജനുവരി മാസം മുതൽ ജൂൺ മാസത്തിലെ കാലവർഷാരംഭം വരെ വാഹനത്തിൽ കുടിവെള്ളം എത്തിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഈ കണക്കിൽ തന്നെ ലക്ഷകണക്കിന് രൂപയുടെ ചെലവ് എല്ലാ വർഷവും വരാറുണ്ട്. എന്നിരുന്നാൽ പോലും പഞ്ചായത്തിലെ മിക്കവാർഡുകളിലും വാഹനങ്ങൾ കയറി ചെല്ലാൻ പറ്റാത്ത പ്രദേശങ്ങളിൽ വളരെ ദൂരം യാത്ര ചെയ്തു തലച്ചുവടായി കുടിവെള്ളം കൊണ്ടുപോകുന്ന അവസ്ഥയാണ് ഉള്ളത്.

പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് ശുദ്ധജല വിതരണ സ്കീമുകളാണ് ഉള്ളത്. അവ താഴെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| കല്ലൂർക്കാട് | W.S.S. | - | 53 | ടാപ്പ് ഉള്ളത് |
| വേളൂർക്കര | W.S.S. | - | 29 | ടാപ്പ് ഉള്ളത് |
| ചാറ്റുപാറ | W.S.S. | - | 36 | ടാപ്പ് ഉള്ളത് |
| ആകെ | | | 118 | |

ഈ പഞ്ചായത്തിരെറ ഒന്നുമുതൽ നാല് വരെയുള്ള വാർഡുകളിലേക്ക് കുടുവെള്ളം വിതരണം ചെയ്യുന്നത് കല്ലൂർക്കാട് വാട്ടർ സപ്ലൈ സ്കീമിൻെറ ടൗണിനോട് ചേർന്നു കിടക്കുന്ന കിണറ്റിൽ നിന്നുമാണ്. വേനൽകാലത്ത് ഈ കിണറ്റിൽ ആവശ്യത്തിന് വെള്ളം ഇല്ലാതെ വരുന്നതിനാൽ രണ്ടാം വാർഡിലെ ഹരിജൻ കോളനി, ഒന്നാം വാർഡിലെ മലനിരപ്പ് ലക്ഷം വീട് കോളനി, മലനിരപ്പ് കോളനി, പനേക്കുന്നേൽ കോളനി എന്നീ കോളനികളിലേക്ക് കുടിവെള്ളം എത്താറില്ല. വേനലിൻെറ കാഠിന്യം കൂടുതൽ ആകുമ്പോൾ ടൗണിലുള്ള ഏതാനും ചില ടാപ്പുകളിൽ മാത്രമേ മൂന്നോ നാലോ മണിക്കൂർ സമയത്തേക്ക് കുടിവെള്ളം ലഭിക്കുന്നുള്ളു. കാലപഴക്കം കൊണ്ട് പൈപ്പുകളും ടാപ്പുകളും അധികവും കേടുപാടുകൾ സംഭവിച്ചവയാണ്. അവ മാറ്റിസ്ഥാപിച്ചാൽ കുടിവെള്ളം നഷ്ടപെടാതെ സൂക്ഷിക്കുവാനും, ജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുത്തുവാനും സാധിക്കുന്നതാണ്. കുടിവെള്ളക്ഷാമം പരിഗണിച്ച് 83-ൽ ഗ്രൗണ്ടു വാട്ടർ ഡിപ്പാർട്ടുമെൻറ് സഹായത്തോടെ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിനടുത്ത് ഒരു കുഴൽ കിണർ നിർമ്മിക്കുകയും ആയതിലേക്കുള്ള മോട്ടോർ സ്ഥാപിക്കുകയും ചെയ്തു. മോട്ടോർ സ്ഥാപിക്കലിൽ വന്ന അപാകതനിമിത്തം ഉപേക്ഷിക്കപ്പെട്ട പ്രസ്തുതകിണർ പുനരുദ്ധരിച്ച് കല്ലൂർക്കാട് വാട്ടർസപ്ലൈസ്കീമുമായി യോജിപ്പിച്ചാൽ ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. വേളൂർക്കര സ്കീം വഴി അഞ്ചാം വാർഡിൻെറ കുറെ ഭാഗങ്ങളിൽ വെള്ളം എത്തിക്കുന്നതിന് ഈ സ്കീം പ്രയോജനപ്പെടുന്നതാണ്. വേനൽ കാലത്ത് മറ്റു പദ്ധതികളെ അപേക്ഷിച്ച് ഈ സ്കീമിൽ വെള്ളം ലഭ്യമാണ്. എന്നത് ആശ്വാസകരമാണ്. ഉപയോഗം കൂടുന്ന സാഹചര്യത്തിൽ നിലവിലുള്ള കിണറിൻെറ ആഴംകൂട്ടി വെള്ളത്തിൻെറ സംഭരണ ശേഷി വർദ്ധിപ്പിക്കേണ്ടതാണ്.

ചാറ്റുപാറ സ്കീം മുഖ്യമായി മൂന്ന്, എട്ട് വാർഡുകളെ ഉദ്ദേശിച്ച് ആവിഷ്ക്കരിച്ചതാണ്. ഈ രണ്ടു വാർഡുകളിലുള്ള ഉയർന്ന പ്രദേശങ്ങളിൽ ഒരു പരിധിവരെ വെള്ളം എത്തിക്കുന്നതിന് ഈ സ്കീം സഹായകമാണ്. എന്നാൽ കുന്നിയോട് ഇടുമ്പൻതണ്ട് എന്നീ ഉയർന്ന പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാകേണ്ടതാണ്. മണിയന്ത്രം കുരിക്കാകുന്നിൻെറ താഴ്വരയിൽ നിർമ്മിച്ചിട്ടുള്ള കുഴൽ കിണറിൽ നിന്നുമാണ് വെള്ളം ലഭിക്കുന്നത്. ഈ സ്കീമും കല്ലൂർക്കാട് സ്കീമും തമ്മിൽ ബന്ധിപ്പിക്കുന്നത് കൂടുതൽ ഗുണകരമാകുമോ എന്ന് പരിശോധിക്കുന്ന കാര്യം കേരളാ വാട്ടർ അഥോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത സ്കീം കമ്മീഷൻ ചെയ്തിട്ട് 4 മാസത്തിൽ അധികമായിട്ടില്ലാത്തതിനാൽ ജലലഭ്യത എത്രമാത്രം ഉണ്ട് എന്ന് നിർണ്ണയിക്കുന്നതിന് കഴിഞ്ഞിട്ടില്ല. വാട്ടർ സപ്ലൈ സ്കീമുകളിൽ വെള്ളം അണുവിമുക്തമാക്കാൻ ക്ലോറിനാണ് ഉപയോഗിക്കുന്നത്. വെള്ളത്തിൻെറ ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പൊതു കിണറുകളും, കുളങ്ങളും ശരിയായ രീതിയിൽ സംരക്ഷിക്കാത്തത് കുടിനീർ ലഭ്യതയ്ക്ക് വിഘാതം സൃഷ്ടിക്കുന്നു.

വേനൽക്കാലമാകുന്നതോടെ ലോറികളിൽ കുടിവെള്ള മെത്തിക്കുന്ന സംവിധാനം പഞ്ചായത്തിലുണ്ട്. I, II, III, IV, VI, VII, VIII വാർഡുകളിലെ മിക്കവാറും എല്ലാഭാഗങ്ങളിലും ഇത്തരത്തിൽ കുടിവെള്ളം എത്തിക്കേണ്ടതായി വരാറുണ്ട്. ഇപ്രകാരം എത്തിക്കുന്ന വെള്ളം ശേഖരിക്കുന്നതിന് ടാങ്കുകൾ പണിയുന്നത് ഉചിതമായിരിക്കുമെന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒന്നാം വാർഡിൽ ഇപ്പോഴുള്ള ടാങ്ക് അറ്റകുറ്റപണിനടത്തി നന്നാക്കിയാൽ മാത്രമേ ജലം ശേഖരിക്കുവാൻ കഴിയുകയുള്ളു. 3-ാം വാർഡിലും ടാങ്കിനു അറ്റകുറ്റ പണികൾ നടത്തണം ഈ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിൽ പല സ്ഥലങ്ങളിലായി കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന കുഴൽ കിണറുകൾ ഉണ്ടെങ്കിലും അവ ഉപയോഗക്ഷമമല്ലാതായി കിടക്കുകയാണ് ഇവയും അടിയന്തിരമായി പ്രവർത്തനയോഗ്യമാക്കേണ്ടതുണ്ട്. അനുയോജ്യമായ സ്ഥലങ്ങളിൽ കുഴൽകിണർ കുഴിക്കുന്നതിന് ഭൂഗർഭജലവകുപ്പിൻെറ സേവനം പ്രയോജനപ്പെടുത്താൻ കഴിയുന്നതാണ്.

പഞ്ചായത്തിൻെറ കുടിനീർ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടണമെങ്കിൽ മൈക്രോ പദ്ധതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. വെള്ളാരംകല്ല് കോളനിയിലേയ്ക്കായി അടുത്തിട നിർമ്മിക്കപ്പെട്ട ജലവിതരണ പദ്ധതി അനുകരണീയമാണ്. ഈ സ്കീം ഒരു സ്വകാര്യ വ്യക്തി ആവിഷ്ക്കരിച്ച്

പഞ്ചായത്തിനെ ഏല്പിച്ച പദ്ധതിയാണ്. കോളനി വാസികളടങ്ങിയ ഒരു കമ്മറ്റിക്കാണ് ഇതിൻെറ ചുമതല നൽകിയിരിക്കുന്നത്. ഈ സ്കീം മൂലം ട്രി കോളനിയിലെ എല്ലാകുടുംബത്തിനും കുടിനീർ ലഭ്യമാകുന്നുണ്ട് എന്നത് ആശ്വാസകരമായ സംഗതിയാണ്.

പഞ്ചായത്തിലെ അംഗീകൃത ഹരിജൻ കോളനികളിലൊന്നായ കല്ലൂർക്കാട് ഹരിജൻ കോളനിയിൽ 19 കുടുംബങ്ങൾ താമസമുണ്ട്. ഇവർക്ക് കുറ്റമറ്റരീതിയിൽ കുടിനീർ ലഭ്യമാക്കുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കേണ്ടത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യമാണ്.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. A.R.W.S.S. ൻെറ പ്രവർത്തനം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി ഈ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും കുടിവെള്ളം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മേജർ വാട്ടർ സപ്ലൈ സ്കീമിൻെറ ഇപ്പോൾ ഇട്ടുകൊണ്ടിരിക്കുന്ന പൈപ്പുലൈനിൽ നിന്നും ഹൗസ് കണക്ഷൻ കിട്ടുന്നതിനുള്ള സംവിധാനം നടപ്പിലാക്കണം.
2. ഈ പഞ്ചായത്തു പ്രദേശങ്ങളിലുള്ള പൊതു സ്ഥാപനങ്ങളിൽ വാട്ടർ കണക്ഷൻ കൊടുക്കുക.
3. മേജർ വാട്ടർ സപ്ലൈ സ്കീമിൻെറ സർവ്വെയിൽ ഉൾപ്പെടുന്നതും, അത്യാവശ്യമുള്ളതുമായ സ്ഥലങ്ങളിൽ പൊതു ടാപ്പുകൾ ഇടേണ്ടതുമാണ്.
4. സർവ്വേയിൽ ഉൾപ്പെടുത്താത്ത റോഡുകളിലൂടെയും, ഇടവഴികളിലൂടെയും, പൈപ്പ് ലൈൻ ഉണ്ടാകേണ്ടതും പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.
5. കേരളാ വാട്ടർ അഥോറിറ്റിയുടെ കീഴിലുള്ള ബില്ലിംഗ് യൂണിറ്റും, സെക്ഷൻ ആഫീസും കല്ലൂർക്കാട്ട് പ്രവർത്തനം ആരംഭിക്കണം.

### ശുദ്ധജല വിതരണ പദ്ധതി

6. കലൂരിൽ, കല്ലൂർക്കാട്, കുമാരമംഗലം പൈക്കോട്ടൂർ പഞ്ചായത്തുകൾ യോജിച്ച് വാങ്ങി വാട്ടർ അഥോറിറ്റിയെ ഏല്പിച്ചതും 4.5 ലക്ഷം രൂപ വിലയുള്ളതുമായ 1 ഏക്കർ സ്ഥലം ഇന്നും കാടുപിടിച്ചു കിടക്കുകയാണ്. ഏകദേശം 4 കോടി രൂപ മുടക്കുവരുന്ന പ്രസ്തുത മേജർ വാട്ടർ സപ്ലൈ സ്കീം (കല്ലൂർക്കാട് കുമാരമംഗലം കടവൂർ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി) യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കേണ്ടതാണ്.
7. ഇനി നടപ്പാക്കേണ്ട ചെറുകിട ജലസേചന പദ്ധതികളുടെ ലിസ്റ്റ് താഴെ പട്ടികയായി കൊടുത്തിരിക്കുന്നു.

**കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയകെട്ട് വിസ്തീർണം (ഹെ) | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | വേളൂർക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | | | |
| | 1) പയ്യാവ് | 101 | 20 ലക്ഷം | ജലസേചനം |
| | 2) വട്ടച്ചിറ | 110 | “ | “ |
| | 3) കലൂർ | 114 | “ | “ |
| | 4) തഴുവങ്കുന്ന് | 105 | “ | “ |
| II | കനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ | | | |
| | 1) വിത്തിരംപാറ | 98 | “ | “ |
| | 2) കുളങ്ങാട്ടുപാറ | 102 | “ | “ |
| | 3) പെരുമാംകണ്ടം | 99 | “ | “ |
| | 4) ആൽപ്പാറ | 109 | “ | “ |
| | 5) ചെമ്പന്മല | 125 | “ | “ |
| | 6) മങ്കുത്തേൽകുന്ന് | 90 | “ | “ |
| | 7) ഹരിജൻ കോളനി കല്ലൂർക്കാട് | 75 | “ | “ |
| | 8) മഞ്ഞള്ളൂർ | 95 | “ | “ |
| | 9) മണിയന്ത്രം | 150 | “ | “ |
| | 10) ചാറ്റുപാറ | 150 | “ | “ |
| | 11) കുന്നിയോട് | 105 | “ | “ |
| | 12) ഇടുമ്പൻ മല | 115 | “ | “ |
| | 13) വലിയ പാറ | 78 | “ | “ |
| | 14) നാഗപ്പുഴപാറ | 90 | “ | “ |
| | 15) ചെന്നാപ്പാറ | 98 | “ | “ |
| | 16) പരുത്തിപ്പാറ | 100 | “ | “ |
| | 17) പനിച്ചിത്തണ്ട് | 124 | | |

## പൊതുജനാരോഗ്യം

6262 പുരുഷന്മാരും 6403 സ്ത്രീകളും 38.95 ച.കി.മീ. വിസ്തീർണ്ണവുമുള്ള നമ്മുടെ പഞ്ചായത്തിൻെറ ആരോഗ്യ സംരക്ഷണമേഖലയിലേക്ക് കണ്ണോടിക്കുമ്പോൾ അതിവിദഗ്ദരായ ആയുർവ്വേദ ആചാര്യന്മാർ ഈ നാടിൻെറ പൂർവ്വകാല സമ്പത്തായിരുന്നുവെന്ന് കാണാം. അതിപുരാതന ചരിത്രം പരിശോധിക്കുമ്പോൾ പ്രസിദ്ധരായ നാട്ടുവൈദ്യന്മാർ ഈ മണ്ണിൻെറ സംഭാവനയാണ് എന്നു കാണാം. അവരുടെ കൈപുണ്യവും കർമ്മശുദ്ധിയും ചികിത്സാ വൈദഗ്ദ്യവും കൊണ്ട് രക്ഷപ്പെട്ട എത്രയെത്ര കഥകളാണെന്നോ വീട്ടിലെ തലമൂത്ത കാരണവന്മാർ പറഞ്ഞു കേൾപ്പിക്കുന്നത്. ആയുർവേദ വിധികളിലെ അടുക്കും ചിട്ടയുമുള്ള ചികിത്സാരീതികൾ നാടിൻെറ ആരോഗ്യം സംരക്ഷിച്ചു പോന്നിരുന്നു.

ആയുർവ്വേദം മാത്രം ആശ്രയിച്ചിരുന്ന കല്ലൂർക്കാട് പഞ്ചായത്തിൽ ആദ്യമായി ഒരു അലോപ്പതി ആശുപത്രി ഉണ്ടായത് 1948-ലാണ്. അതിനുമുമ്പ് ഒരു ഡോക്ടറുടെ സേവനം ആവശ്യമെങ്കിൽ സ്ഥലവാസികൾക്ക് ഏറെ ദൂരം കാൽനടയായി പോകണമായിരുന്നു. വീടുകളിൽ ലഭിച്ചിരുന്ന നാടൻ വൈദ്യസഹായം കൊണ്ട് തൃപ്തരായി കഴിഞ്ഞിരുന്ന നാട്ടുകാർ 1948-ൽ നാടിൻെറ ഹൃദയഭാഗത്തായി സ്ഥാപിതമായ ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റലിനെ ഏറെ സ്വാഗതം ചെയ്തു. അന്നത്തെ കാലത്തുതന്നെ ഈ ആശുപത്രിയിൽ വിദഗ്ധമായ ശസ്ത്രക്രിയ സൗകര്യങ്ങൾ ലഭിച്ചിരുന്നു. മിഷ്യനറിമാരായ ബ. കന്യാസ്ത്രീകളാണ് അവിടെ സേവനം നടത്തുന്നത്. 1957-58-ൽ സർക്കാർ വക ഒരു ആശുപത്രിയും സ്ഥാപിതമായി. 1960 മാർച്ച് 28-ാം തിയതി ഈ പഞ്ചായത്തിലെ കലൂർ ഭാഗത്ത് ഒരു ആയുർവ്വേദ ഗവ: ഡിസ്പൻസറിയും തുടങ്ങി. 1980കളുടെ ആരംഭം മുതൽ ഈ പ്രദേശത്ത് ഒരു ഹോമിയോ ആശുപത്രിക്കുവേണ്ടി ഇവിടുത്തെ ജനം മുറവിളിക്കൂട്ടുന്നതാണ്. 83-ൽ ആശുപത്രി തുടങ്ങുന്നതിനാവശ്യമായ സ്ഥലവും സൗജന്യമായി ലഭിച്ചിട്ടുള്ളതാണ്. മാറിമാറി വരുന്ന സർക്കാരുകളുടെ മുമ്പിൽ ഈ നിവേദനവുമായി ചെല്ലുന്ന സ്ഥവാസികളോടും പഞ്ചായത്ത് ഭരണസമിതികളോടും ചിറ്റമ്മ നയം കാട്ടുക മാത്രമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ ഭരണസമിതിക്കും പഞ്ചായത്ത് നിവാസികൾക്കും വിശിഷ്യ നാകപ്പുഴക്കരക്കാർക്കും സർക്കാരിൻെറ ഈ നിലപാടിൽ അമർഷവും പ്രതിഷേധവും ഒപ്പം നൊമ്പരവുമുണ്ട് എന്നു പറയാതിരിക്കാൻ വയ്യ. അതുപോലെ തന്നെ കല്ലൂർക്കാട്ടും, കലൂരും, തഴുവംകുന്നിലും ഓരോ ഹോമിയോ ഡിസ്പൻസറി ആരംഭിക്കേണ്ടതാണ്.

സാംസ്കാരികമായും സാമ്പത്തികമായും ഉയർന്ന നിലവാരത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ പഞ്ചായത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവന്നിട്ടുണ്ട്. ശുചിത്വബോധവും ഗുണമേന്മയേറിയ ജിവിത സാഹചര്യങ്ങളും ലഭ്യമാണെങ്കിലും താഴ്ന്നവരുമാനക്കാർ തിങ്ങിപാക്കുന്ന ലക്ഷം വീടു കോളനി, ഹരിജൻ കോളനി, നാലുസെൻറ് കോളനി തുടങ്ങിയ പ്രദേശങ്ങളിലേ ആരോഗ്യനിലവാരം തൃപ്തികരമല്ല. പകർച്ചവ്യാധികളും രോഗങ്ങളും കോളനി നിവാസികളെ വേട്ടയാടാറുണ്ട്. തന്മൂലം അനുഭവപ്പെടുന്ന സാമ്പത്തികഭാരവും തൊഴിൽ ദിനങ്ങളുടെ നഷ്ടവും പ്രശ്നം ഗുരുതരമാക്കുന്നു. ഛർദ്ദി, അതിസാരം, വയറിളക്കം തുടങ്ങിയ പകർച്ച വ്യാധികളും വിവിധതരം പനി, മഞ്ഞപ്പിത്തം, വയറുകടി, അഞ്ചാംപനി, ചിക്കൻ പോക്സ്, ടൈഫോയിഡ്, ക്ഷയം, എലിപ്പനി തുടങ്ങിയ രോഗങ്ങളും സർവ്വസാധാരണമാണ്. വളരെ അപൂർവ്വമായി മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങൾ പടർന്നുപിടിച്ച ചരിത്രവും നമുക്കുണ്ട്. ഉദാ:- ഈ വർഷം നാഗപ്പുഴ സെൻറ് മേരീസ് ഹൈസ്കൂളിലെ ഏതാണ്ട് 350 കുട്ടികൾക്ക് മഞ്ഞപ്പിത്ത ബാധയുണ്ടായി. സ്കൂളിനടുത്ത് സ്ഥിതി ചെയ്യുന്ന ദേവാലയത്തിൽ സെപ്ത. 1 മുതൽ 15 വരെ നീണ്ടു നിൽക്കുന്ന പരി. മനോഗുണ മാതാവിൻെറ തിരുനാളിനോടനുബന്ധിച്ച് നൂറുകണക്കിന് ഭിക്ഷാടകർ ദിവസങ്ങളോളം ഇവിടെ തമ്പടിച്ച് താമസിക്കാറുണ്ട്. ഈ ദേശാടനക്കാർ വരുത്തിവച്ച പരിസരമലിനീകരണത്തിന് ഇവിടുത്തെ കുട്ടികളും മുതിർന്നവരും ബലിയാടുകളായി എന്നു വേണം അനുമാനിക്കാൻ. ഇതൊരു ഒറ്റപ്പെട്ട സംഭവം മാത്രമാണ്.

### നിലവിലുള്ള ആരോഗ്യപരിപാലന കേന്ദ്രങ്ങൾ:-

1. പ്രൈമറി ഹെൽത്ത് സെൻറർ പണ്ടപ്പിള്ളി.
2. ഗവ. ഹോസ്പിറ്റൽ കല്ലൂർക്കാട്.
3. ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ കല്ലൂർക്കാട്.
4. ഗവ. ആയുർവ്വേദ ഡിസ്പൻസറി കലൂർ.

കൂടാതെ പ്രൈവറ്റായി നടത്തുന്ന അലോപ്പതി, ആയുർവ്വേദ, ഹോമിയോ ക്ലിനിക്കുകളും മർമ്മ ചികിത്സാ കേന്ദ്രങ്ങളും ഉണ്ട്.

### പോരായ്മകൾ

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടേയും പ്രവർത്തകരുടേയും ഭരണപരമായ നിയന്ത്രണം ഇവിടെനിന്ന് ഏതാണ്ട് 20 കി.മീ. അകലെയുള്ള പണ്ടപ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രത്തിനാണ്. ഗ്രാമത്തിൻെറ ഹൃദയഭാഗത്തുള്ള ആശുപത്രിയിൽ നിന്ന് ഈ ഭരണകേന്ദ്രത്തിലേക്ക് ദൂരം ഏറെ. ഗതാഗതമാർഗ്ഗം നന്നേകുറവാണ്. നേരെ ചെന്നെത്താൻ മാർഗ്ഗമില്ലാത്തതിനാൽ വളരെവളഞ്ഞ വഴിയിലൂടെ വേണം എത്തിച്ചേരാൻ. ടെലിഫോൺ സൗകര്യം രണ്ടിടത്തുമില്ല. ആവശ്യത്തിന് ബസ് സൗകര്യവുമില്ല. മാത്രമല്ല ഡോക്ടർമാർക്കും നഴ്സുമാർക്കും താമസിക്കാൻ ക്വാർട്ടേഴ്സും ഇല്ല. സർക്കാർ ആശുപത്രിയിലെത്തുന്നത് ഇവിടുത്തെ താഴ്ന്നവരുമാനക്കാരാണ്. 32 കിടക്കകൾ മാത്രമുള്ള ഈ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം. പോഷകാഹാരസാധനങ്ങൾ വിതരണം തൃപ്തികരമല്ല. ജനുവരി മാസം മുതൽ ഇവിടെ കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. അത്യാഹിതവിഭാഗത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ടെലഫോൺ കണക്ഷൻ കിട്ടിരാപകൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയാൽ മാത്രമെ നിർധനരായ രോഗികളുടെ നിലവിലുള്ള ആരോഗ്യനില മെച്ചപ്പെടുകയുള്ളു.

### നിർദ്ദേശങ്ങൾ

സമ്പന്ന വിഭാഗക്കാർക്ക് തങ്ങളുടെ സാമ്പത്തിക ഔന്നത്യമനുസരിച്ച് ലഭ്യമാകുന്ന ആരോഗ്യസംരക്ഷണ ഉപാധികളെല്ലാം ദരിദ്രവിഭാഗങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാൻ ജനപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കണം. ''എല്ലാവർക്കും ആരോഗ്യം''. ''രോഗവിമുക്തമായ കല്ലൂർക്കാട്'' ഇങ്ങനെയുള്ള കൂട്ടായ തീരിമാനങ്ങൾ ഐശ്വര്യവും ആരോഗ്യവുമുള്ള പുത്തൻ തലമുറയ്ക്ക് ജന്മം കൊടുക്കും. കുടിലിലും കൊട്ടാരത്തിലും ഒരുപോലെ ലഭ്യമാക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ആരോഗ്യപരിപാലനത്തിൽ മുഖ്യസ്ഥാനം പിടിക്കും. അഭ്യസ്തവിദ്യരും ആരംഭവിദ്യരുമായ ജനസമൂഹത്തിന് ആരോഗ്യപരിപാലനം ശുചിത്വം, പരിസരമലിനീകരണം തുടങ്ങിയ

വിഷയങ്ങളിൽ ബോധവൽക്കരണം വ്യാപകമാക്കണം. എലിപ്പനി, എയ്ഡ്സ് തുടങ്ങിയ മാരകരോഗങ്ങളുടെ ഭീകരത പൊതു ജനങ്ങൾ മനസ്സിലാക്കുന്നത് നല്ലതാണ്.

## ആയുർവ്വേദം

ആയുർവ്വേദ ഡിസ്പൻസറിയുടെ വികസനം അത്യന്താപേക്ഷിതമാണ്. ഇന്നാട്ടുകാരുടെ ശ്രദ്ധ പുരാതന ചികിത്സാ രീതിയായ ആയുർവ്വേദത്തിലേക്ക് തിരിഞ്ഞു കൊണ്ടിരിക്കുന്നു. ആ പശ്ചാത്തലത്തിൽ കലൂരുപ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പൻസറി ഹോസ്പിറ്റലാക്കി മാറ്റണം. 20 കിടക്കകൾക്കുള്ള എല്ലാ സ്ഥല സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. അതോടൊപ്പം കല്ലൂർക്കാട്ടും, നാഗപ്പുഴയും, തഴുവംകുന്നിലും ഓരോ ആയുർവ്വേദ ഡിസ്പൻസറി സ്ഥാപിക്കേണ്ടതാണ്.

## ഗവർമെൻറ് ആശുപത്രി

32 കിടക്കകളും രണ്ട് ഡോക്ടർമാരും 17 സ്റ്റാഫുമുള്ള കല്ലൂർക്കാട് ഗവൺമെൻറ് ആശുപത്രിയിൽ 2723 ഇൻപേഷ്യൻസും 59576 ഔട്ട് പേഷ്യൻസും ഉള്ളതാണ്. കല്ലൂർക്കാട് പഞ്ചായത്തിൽ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിനുള്ള എല്ലാ വിധ സൗകര്യങ്ങളും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഈ ആശുപത്രി ഒരു താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടതും അനിവാര്യമാണ്. ഇതോടനുബന്ധിച്ച് ഒരു PHC തുടങ്ങേണ്ടതും ആവശ്യമാണ്. ഇപ്പോൾ വെറും ചികിത്സാ കേന്ദ്രം മാത്രമായാണ് ഈ ആശുപത്രി പ്രവർത്തിക്കുന്നത്. പണ്ടപ്പിള്ളി PHC യുടെ കീഴിലുണ്ടായിരുന്ന മറ്റു ഗ്രാമപഞ്ചായത്തുകളെല്ലാം സ്വതന്ത്രമായി എങ്കിലും കല്ലൂർക്കാട് മാത്രമാണ് ശാപമോക്ഷം ലഭിക്കാത്ത ഏക പഞ്ചായത്ത്. ഇവിടെ വരുന്ന രോഗികളുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കുവാൻ നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്. പരിശോധനകൾക്കാവശ്യമായ ലാബ് സൗകര്യങ്ങളും, എക്സ്-റെ മെഷ്യനറികളും ഇവിടെ ഉണ്ടാകണം. അതുപോലെ ഡോക്ടർമാർക്കും സ്റ്റാഫിനും താമസിക്കാനുള്ള ക്വാർട്ടേഴ്സും ഉണ്ടായേ പറ്റൂ. നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണം നടത്തി കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് ഇപ്പോഴുള്ള മെറ്റേണിറ്റിവാർഡ് വിപുലീകരിച്ച് നവീന യന്ത്രസാമഗ്രികൾ ലഭിച്ചെങ്കിൽ മാത്രമേ ഗ്രാമീണ ജനത്തിൻെറ ആരോഗ്യസംരക്ഷണം സാക്ഷാത്കൃതമാവുകയുള്ളു.

പൊതുജനാരോഗ്യത്തെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെൻറും കക്കൂസുകളുടെ അപര്യാപ്തകാണിക്കുന്ന സ്റ്റേറ്റ്മെൻറും ചികിത്സിക്കാനെത്തുന്ന രോഗികളെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെൻറും താഴെകൊടുക്കുന്നു.

**1.10 പൊതുജനാരോഗ്യം**

| വാർഡ് | ശുചീകരണത്തിനാവശ്യമുള്ള ജീവനക്കാർ | മൂത്രപുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം പൊതു ടാപ്പുകൾ | പൈപ്പ് വെള്ളം ഹൗസ് കണക്ഷനുകൾ | പൊതു കുഴൽ കിണർ | കുളി കടവുകൾ | ശ്മശാനങ്ങൾ | അറവു ശാലകൾ | മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള സ്ഥലങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | .. | .. | .. | 14 | 4 | 2 | 2 | .. | .. | .. |
| II | .. | .. | 1 | 12 | 4 | 1 | 2 | .. | 1 | 1 |
| III | .. | .. | .. | 30 | 4 | 1 | 1 | .. | 2 | .. |
| IV | .. | .. | .. | 13 | 4 | .. | 3 | .. | .. | .. |
| V | .. | .. | 1 | 29 | .. | .. | 5 | 2 | .. | 1 |
| VI | .. | .. | .. | 2 | .. | .. | 8 | .. | .. | .. |
| VII | .. | .. | 1 | .. | .. | .. | 1 | .. | .. | .. |
| VIII | .. | .. | .. | 18 | .. | .. | 3 | .. | .. | .. |
| ആകെ | .. | .. | 3 | 118 | 16 | 4 | 25 | 2 | 3 | 2 |

പൊതുജനാരോഗ്യചെലവ് 452808 രൂ. മൊത്തം ചെലവിൻെറ എത്ര% 38.36%

**കക്കൂസുകൾ സംബന്ധിക്കുന്ന വിവരം**


| വാർഡ് നമ്പർ | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992-ന് ശേഷം) | പൂർത്തിയായവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബാംഗങ്ങളുടെ എണ്ണം. |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 മുതൽ 8 വരെ | 480 | 32 | 28 | 454 |

**കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്**

**7.5 മറ്റ് ആരോഗ്യസ്ഥാപനങ്ങളിലെ വിവരങ്ങൾ**

| വർഷം | ഇൻ പേഷ്യൻറ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | പാമ്പു കടി | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 92-93 | 2079 | 42962 | 866 | 22338 | 18907 | - | 4817 | 93969 |
| 93-94 | 3238 | 42826 | 617 | 26932 | 14693 | - | 4946 | 93032 |
| 94-95 | 3931 | 49075 | 806 | 22485 | 14676 | - | 9276 | 106249 |
| 95-96 | 2723 | 59516 | 963 | 25988 | 11976 | - | 11316 | 112542 |
| ആകെ | 11771 | 196439 | 3252 | 97743 | 60252 | - | 30355 | 399812 |

# വ്യവസായം



നമ്മുടെ പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒന്നാണ്. വിരലിലെണ്ണാവുന്ന സ്വകാര്യവ്യവസായ സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പൊതു മേഖലയിൽപ്പെട്ട യാതൊരു സ്ഥാപനങ്ങളും ഇല്ല. കാർഷിക മേഖലയായതിനാൽ കൃഷി ഉൽപ്പന്നങ്ങളെ കേന്ദ്രീകരിച്ചുള്ള വ്യവസായങ്ങൾക്കാണ് സാദ്ധ്യതയുള്ളത്. റബ്ബർ, പൈനാപ്പിൾ എന്നിവയെ സംസ്കരിച്ചെടുക്കുന്ന വ്യവസായങ്ങൾ സ്ഥാപിക്കുന്നതിൽ കൂടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് കൂടുതൽ വിലകിട്ടുന്നതിനും ഇടയാകും. റബ്ബർ തടി ഉപയോഗിച്ച് ഫർണീച്ചർ നിർമ്മിക്കുന്ന വ്യവസായത്തിന് വൻ സാദ്ധ്യതയുണ്ട് എന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇത്തരത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുവാൻ സന്നദ്ധരായ ആളുകൾ ഇവിടെയുണ്ട്.


ഭാരതത്തിൽ ലഭിക്കുന്ന ഗ്രാഫൈറ്റുകളിൽ ഏറ്റവും ഗുണമേന്മയുള്ളതും വളരെയധികം എളുപ്പത്തിൽ ഖനനം ചെയ്തെടുക്കാവുന്നതുമായ വലിയഗ്രാഫൈറ്റു നിക്ഷേപം ഈ പഞ്ചായത്തിൻെറ നാഗപ്പുഴ, മണിയന്ത്രം മേഖലകളിലായി വ്യാപിച്ചുകിടപ്പുണ്ട്. ടി ഗ്രാഫൈറ്റു നിക്ഷേപം ഖനനം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനും ജിയോളജിക്കൽ ഡിപ്പാർട്ടുമെൻറ് എല്ലാവിധ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയും മുൻ കാലത്ത് ഗവ: സ്ഥലമേറ്റെടുക്കുന്നതിനും, ടൗൺഷിപ്പിനും, ഫാക്ടറി നിർമ്മാണത്തിനും വേണ്ടി 2 കോടി രൂപ വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെ ഈ ചിരകാലാഭിലാഷം സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല.

ഗ്രാഫൈറ്റ് നിക്ഷേപം ഖനനം ചെയ്യുവാനും ഇവിടെത്തന്നെ സംസ്ക്കരിക്കുവാനുമുള്ള അടിയന്തര നടപടികൾ സ്വീകരിച്ചാൽ വ്യവസായികമായി യാതൊന്നുമില്ലാതെ നില്ക്കുന്ന ഈ പഞ്ചായത്തിൽ ഒരു വ്യവസായികശൃംഖലക്ക് ...ടക്കം കുറിക്കുവാനും അതുവഴി അനേകം യുവജനങ്ങൾക്ക് ...്യക്ഷമായും പരോക്ഷമായും തൊഴിൽ നല്കുവാനും ...യത്തിന് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കും. ഈ വ്യവസായം ആരംഭിക്കുന്നതിന് ആവശ്യമായ നിവേദനം ബന്ധപ്പെട്ട അധികാരികൾക്ക് പഞ്ചായത്തിൽ നിന്നും കൊടുത്തിട്ടുള്ളതുമാണ്.

വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിൽ കൂടി വനിതാ ക്ഷേമവും തൊഴിൽ സാദ്ധ്യതയും മെച്ചപ്പെടുത്താൻ കഴിയുന്നതാണ്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ പലരും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക സഹായസഹകരണങ്ങൾ ലഭിക്കുവാനുള്ള വൈഷമ്യങ്ങളും മാർക്കറ്റിംഗ് സംബന്ധിച്ച പ്രശ്നങ്ങളും തടസ്സങ്ങൾ സൃഷ്ടിക്കുന്നതായി ഗ്രാമസഭകളിൽ ചൂണ്ടി കാണിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ വായ്പാ പദ്ധതികൾ കൂടുതൽ ലളിതമാക്കുന്നതിനെക്കുറിച്ച് ഏജൻസികൾ വിശകലനം നടത്തേണ്ടതുണ്ട്. വ്യവസായ സംരംഭകർക്ക് സാങ്കേതിക ഉപദേശം സാങ്കേതിക പരിശീലനം എന്നിവ നൽകുന്നതിനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു.

**ഗ്രാമസഭാനിർദ്ദേശങ്ങൾ:-**

1. ഇൻഡസ്റ്റ്രീയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
2. വ്യവസായ സംരംഭകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.
3. വനിതാ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
4. സഹകരണ മേഖലയിൽ വ്യവസായങ്ങൾ സ്ഥാപിക്കുക.
5. ഗ്രാഫൈറ്റ് വിനിയോഗിച്ചുള്ള വ്യവസായം തുടങ്ങുക.
6. യുവതീയുവാക്കളെ സംഘടിപ്പിച്ച് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കുടിൽ വ്യവസായവും ചെറുകിടവ്യവസായ യൂണിറ്റുകളും ആരംഭിക്കുക.





# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്



ഗതാഗത മാർഗ്ഗങ്ങളുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നോക്കമാണ്. പഞ്ചായത്തിൻെറതായി 55.300 കി.മീ. റോഡും P.W.D. വക 48.460 കി.മീ. റോഡുമാണ് ഇപ്പോഴുള്ളത്. ഇതുകൂടാതെ നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ച കുറെ വഴികളും ഉണ്ട്. പഞ്ചായത്തിൻെറയും P.W.D. യുടേയും റോഡുകളുടെ സ്ഥിതി അത്രമെച്ചമല്ല. റോഡുകൾക്കെല്ലാം ഓടകൾ നിർമ്മിക്കേണ്ടതുണ്ട്. പല റോഡുകളുടേയും സൈഡ് ഇടിഞ്ഞു പോയിട്ടുള്ളത് വാഹന ഗതാഗതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ടൗൺ വികസനത്തിൻെറ ഭാഗമായി കല്ലൂർക്കാട് ടൗൺ ഭാഗത്ത് ഓടകൾ പുതിയതായി നിർമ്മിക്കുകയും വീതി കൂട്ടി ടാർ ചെയ്തു വരുന്നുമുണ്ട്. ഇത് പഞ്ചായത്തിൻെറ മറ്റു ഭാഗങ്ങളിൽ കൂടി നടത്തിയാൽ മാത്രമെ റോഡുകളുടെ വികസനം പൂർണ്ണമാകുകയുള്ളു. പഞ്ചായത്ത് വക പ്രധാനപ്പെട്ട റോഡുകൾ (VTC ഗ്രാൻറിനർഹതപ്പെട്ട) താഴെ പറയുന്നവയാണ്.

| | | നീളം | വീതി |
|---|---|---|---|
| 1. | ബൈപാസ് - കാരക്കുഴി റോഡ് | 3 K.M. | 8 M |
| 2. | മണലാക്കുഴി റോഡ് | 1 K.M. | 8 M |
| 3. | വാഴക്കാലാകണ്ടം - കാവക്കാട് റോഡ് | 2 K.M. | 7 M. |
| 4. | അമ്പലംപടി - കോട്ട റോഡ് | 2 K.M. | 8 M. |
| 5. | വലരികൊച്ചാപ്പ മെമ്മോറിയൽ റോഡ് | 1K.M. | 8 M. |
| 6. | ഹരിജൻ കോളനി റോഡ് | .500 | 6 M. |
| 7. | കല്ലൂർക്കാട് - മഞ്ഞള്ളൂർ റോഡ് | 2 K.M. | 8 M. |
| 8. | ആൽപ്പാറ റോഡ് | 2 K.M. | 8 M. |
| 9. | തഴുവംകുന്ന് - നാഗപ്പുഴ (ബൈപ്പാസ് റോഡ്) | 1 K.M. | 8 M. |
| 10. | പത്തകുത്തി - കാവക്കാട് റോഡ് | 5 K.M. | 8 M. |
| 11. | വെള്ളാരംകല്ല് - കലൂർ റോഡ് | 2.500 | 8 M. |
| 12. | വേലൂർ ഹരിജൻ കോളനി റോഡ് | 1.500 M. | 6 M. |
| 13. | പെരുമാങ്കണ്ടം - ഏഴല്ലൂർ റോഡ് | 1 K.M. | 8 M. |
| 14. | പാലക്കുഴി - കുമാരമംഗലം റോഡ് | .500 M. | 8 M. |

## പ്രധാന P.W.D. റോഡുകൾ

| | | |
|---|---|---|
| 1. | നീറമ്പുഴ -------------- | കലൂർ റോഡ് |
| 2. | നാഗപ്പുഴ -------------- | കുമാരമംഗലം റോഡ് |
| 3. | നാഗപ്പുഴ -------------- | കലൂർ റോഡ് |
| 4. | വാഴക്കാലകണ്ടം -------- | മരുതൂർ റോഡ് |
| 5. | പത്തകുത്തി ----------- | കാവക്കാട് റോഡ് |
| 6. | പാലക്കുഴി ------------ | മണിയന്ത്രം റോഡ് |
| 7. | മരുതൂർ --------------- | കോടിക്കുളം റോഡ് |
| 8. | കുമാരമംഗലം ---------- | കല്ലൂർക്കാട് റോഡ് |
| 9. | വെങ്ങല്ലൂർ ----------- | കലൂർ റോഡ് |
| 10. | കലൂർ ചർച്ച് റോഡ് | |
| 11. | കല്ലൂർക്കാട് ------------ | കാവക്കാട് റോഡ് |

കാല്ലൂർക്കാട് പഞ്ചായത്തിൽ കൂടി സംസ്ഥാന ഹൈവേയോ, ദേശീയ പാതയോ കടന്നു പോകുന്നില്ലാത്തതാണ് മുവാറ്റുപുഴ നിന്നും ആരംഭിച്ച് ആവോലി, ആയവന, കല്ലൂർക്കാട്, കുമാരമംഗലം, കോടിക്കുളം, കരിമണ്ണൂർ, ഉടുമ്പന്നൂർ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന കോട്ട റോഡ് വികസിപ്പിച്ച് കൊച്ചി-തേക്കടി സ്റ്റേറ്റ് ഹൈവേ ആക്കണമെന്ന് ടി പഞ്ചായത്തുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റോഡ് മൂലം കൊച്ചിയിൽ നിന്നും ഇടുക്കിയിലേക്കുള്ള ദൂരത്തിൽ 27 കി.മീ. കണ്ട് കുറവുണ്ടാകുന്നു എന്ന കാര്യം പ്രത്യേകം ശ്രദ്ധാർഹമാണ്.

പഞ്ചായത്ത് റോഡുകളുടെ വികസനത്തിനായി പഞ്ചായത്ത് ഫണ്ട് വിനിയോഗിക്കുവാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണ്. പഞ്ചായത്ത് ഫണ്ട് അത്രകണ്ട് ശോചനീയമാണ്. പഞ്ചായത്തിന് മൈനസ് ഫണ്ടാണുള്ളത്. ഗതാഗതയോഗ്യമായ റോഡുകളുടെ വികസനത്തിനായി 1995-96-ൽ VTC ഗ്രാൻറ് 89500/- രൂപ ചെലവഴിച്ചിട്ടുണ്ട്. JRY ഫണ്ട് 55729/- രൂപയും റോഡിൻെറ പുനരുദ്ധാരണത്തിനായി വിനിയോഗിക്കപ്പെട്ടിട്ടുണ്ട്.

PWD റോഡുകളുടെ സംരക്ഷണ പണികൾ നടത്തുന്നതിന് പഞ്ചായത്തിൽ തന്നെ ഒരു റോഡ്സ് സെക്ഷൻ ഓഫീസ് ഉള്ളത് പഞ്ചായത്തിന് വലിയ ഒരു അനുഗ്രഹമാണ്. പഞ്ചായത്ത് റോഡുകളുടെ അറ്റകുറ്റപണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ട PWD ലോക്കൽ വർക്ക്സ് സെക്ഷൻ ആഫീസ് മുവാറ്റുപുഴയിലാണ് സ്ഥിതിചെയ്യുന്നത്. ഈ ആഫീസിൽ നിന്നും എസ്റ്റിമേറ്റുകൾ തയ്യാറാക്കി ലഭിക്കുന്നതിനും മറ്റും ഇപ്പോൾ വളരെ കാലതാമസം എടുക്കുന്നത് വികസന പ്രക്രിയയ്ക്ക് തടസമുണ്ടാക്കുന്നു.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഭാഗങ്ങൾ സ്ഥിതിചെയ്യുന്ന III, VIII വാർഡുകളിലെ റോഡുകളുടെ വികസനം വഴിമുട്ടി നിൽക്കുകയാണ്. മലമുകളിൽ കൂടി പോകുന്ന ഈ റോഡുകൾക്കു വേണ്ടി കോടികണക്കിന് രൂപ ചെലവഴിച്ചാൽ മാത്രമെ ഗതാഗതയോഗ്യമാകുകയൊള്ളു. ഇത്തരത്തിലുള്ള റോഡുകൾക്ക് ഫ്ളഡ് സ്കീമിൽ കുറേ ഫണ്ടുകൾ ലഭിച്ചുവെങ്കിലും അവ അപര്യാപ്തമായതിനാൽ പ്രസ്തുത ഫണ്ടുകൊണ്ട് കാര്യമായ പ്രയോജനം പഞ്ചായത്തിന് ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പ്രദേശത്ത് ടാർ ചെയ്ത കുറേ റോഡുകളുണ്ടെങ്കിലും അവയിൽ കൂടി ബസ് ഗതാഗതം വളരെ കുറവാണ്. VI-ാം വാർഡ് പ്രദേശമാണ് ഇക്കാര്യത്തിൽ മുന്നിൽ. ഈപ്രദേശത്തെ നിവാസികൾ ബസ് റൂട്ടിൽ എത്തുന്നതിന് കിലോമീറ്ററുകൾ കാൽനടയായി സഞ്ചരിക്കേണ്ടതായി വരുന്നു. ഇപ്രകാരമുള്ള വാർഡുകളിൽ കൂടി ബസ് സർവ്വീസ് അനുവദിപ്പിക്കുന്നതിന് പല ശ്രമങ്ങളും നടത്തി വരുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്തുകൂടി ഇപ്പോൾ ആകെ 2 KSRTC ബസ് മാത്രമാണ് സർവ്വീസ് നടത്തുന്നത്. ജില്ലാ ആസ്ഥാനവുമായി ബന്ധിപ്പിച്ചുകൊണ്ട് KSRTC ബസ് സർവ്വീസുകൾ വേണമെന്നാണ് പഞ്ചായത്ത് ഗ്രാമസഭകളുടെ ആഗ്രഹം.

പഞ്ചായത്ത് പ്രദേശത്ത് കലൂരിൽ മാത്രമാണ് ഇപ്പോൾ ഒരു ബസ് സ്റ്റാൻഡ് ഉള്ളത്. ഈ സ്റ്റാൻഡിൽ ഉദ്ദേശം 32 ഓളം ബസുകൾ വന്നു പോകുന്നുണ്ട്. കല്ലൂർക്കാട്ട് ടൗണിൽ പഞ്ചായത്ത് വക സ്ഥലത്ത് ഒരു ബസ് സ്റ്റാൻഡ് സ്ഥാപിക്കുന്നതിന് വേണ്ട അനുവാദം ലഭിച്ചിട്ടുണ്ട്. കലൂരിൽ നിലവിലുള്ള ബസ് സ്റ്റാൻഡിൻെറ വികസനത്തിനും കല്ലൂർക്കാട് ടൗണിൽ പുതിയ ബസ് സ്റ്റാൻഡിൻെറ നിർമ്മാണത്തിനും ആവശ്യമായ തുക (ഉദ്ദേശം 20 ലക്ഷം) രൂപ ലും വകയിരുത്തേണ്ടതാണ്.

271

**സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | സ്വഭാവം | തുക രൂ. |
|---|---|---|
| എറണാകുളം ജില്ല | ഹ്യസ്വകാലവായ്പ | 6086188 |
| സഹകരണ ബാങ്ക് | മദ്ധ്യകാല, ദീർഘകാല വായ്പ | 1484656 |
| | ഓവർഡ്രാഫ്റ്റ് | 1085493 |

**നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ**

| വായ്പാ സ്വഭാവം | തുക രൂ. |
|---|---|
| 1. ഹ്യസ്വകാല വായ്പ | 209999 |
| 2. മദ്ധ്യകാല ദീർഘകാല വായ്പ | 53301 |
| 3. മറ്റ് ഇതര വായ്പകൾ | 343427592 |

**സ്ഥാപനത്തിൻെറ ചെലവുകൾ**

| | |
|---|---|
| 1. Establishment Charges | 2070112 രൂപ 50 സ. |
| 2. Contingencies | 1468928 രൂപ 86 സ. |


**വായ്പാ സഹകരണ സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ**

1. സ്റ്റോർ ബിസിനസ്
2. ആഗ്രോ സെർവീസ് സെൻറർ
3. കാർഷിക നേഴ്സറി
4. മാതൃക മത്സ്യകൃഷി
5. കാർഷികമേള
6. മരണാനന്തര സഹായനിധി
7. കർഷക പെൻഷൻ പദ്ധതി
8. കാർഷിക പഠന പര്യടനം

എറണാകുളം ജില്ലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സ്ഥാപനമാണ് കല്ലൂർക്കാട് ഫാർമേഴ്സ് ബാങ്ക്. ഈ സ്ഥാപനത്തിൽ 37 ജീവനക്കാർ സേവനതൽപ്പരരായി പ്രവർത്തിക്കുന്നുണ്ട്.

കൃഷിക്കാർക്കാവശ്യമായ തൈകളും വിത്തിനങ്ങളും സംഭരിച്ച് നേഴ്സറി വഴി വിതരണം നടത്തി വരുന്നു. നടീൽ വസ്തുക്കളും അലങ്കാര ചെടികളും ഡിമാൻറ് അനുസരിച്ച് വില്പനയ്ക്ക് തയ്യാറാക്കുന്നതിന് ബാങ്ക് പ്രത്യേകം ശ്രദ്ധിച്ചു വരുന്നു. കൃഷി പണികൾ നടത്തുന്നതിന് ഒരു ട്രാക്ടറും, രണ്ട് ട്രില്ലറുകളും ഒരു മെതിയന്ത്രവും ബാങ്കിൻെറ മേൽനോട്ടത്തിൽ ഉണ്ട്. പൊതുജനങ്ങളുടെ സമ്പാദ്യശീലം വളർത്തുന്നതിനുവേണ്ടി നിക്ഷേപങ്ങളും മാസചിട്ടികളും നടത്തിവരുന്നു.

വർഷം തോറും കാർഷിക മേള നടത്തിവരുന്നു. ഈ മേള കാർഷിക വിളകളുടെ ഉല്പാദനത്തിൽ മത്സരബുദ്ധി ജനിപ്പിക്കുവാൻ മതിയാകുന്നതാണ്. സമൂഹത്തിൻെറ നന്മയ്ക്കായി ബാങ്ക് ദുരിതാശ്വാസപ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്. ബാങ്ക് മത്സ്യകൃഷിയും നല്ല നിലയിൽ നടത്തി വരുന്നുണ്ട്.





# പട്ടികജാതി / പട്ടികവർഗ്ഗക്ഷേമം

**1991**-ലെ കാനേഷുമാരി കണക്ക് പ്രകാരം നമ്മുടെ ഗ്രാമപഞ്ചായത്തിൽ 771 പട്ടികജാതിക്കാരും 60 പട്ടികവർഗ്ഗക്കാരും താമസമുണ്ട്. ഇവർ രണ്ട് അംഗീകൃത ഹരിജൻ കോളനികളിലും മറ്റു ഭാഗങ്ങളിലുമായി കഴിയുന്നു. സാമുദായിക ഉച്ചനീചത്വങ്ങളുടെ യാതനകൾ അനുഭവിച്ച പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇന്ന് ഇപ്രകാരമുള്ള പക്ഷാഭേദങ്ങൾ ഒട്ടും തന്നെ അനുഭവിക്കുന്നില്ല എന്നത് ഈ പഞ്ചായത്തിലെ ജനങ്ങൾ വിവേകമതികളാണ് എന്നു തെളിയിക്കുന്നു. ഇവരുടെ ജീവിത നിലവാരം കൃത്യമായി ഉയർന്നു എന്നു പറയുവാൻ കഴിയുകയില്ല. കാരണം ഇവരിൽ 90% -ം കൂലിപ്പണിക്കാരാണ്. സർക്കാർ ജോലി ലഭിച്ചവരുടെ ജീവിത നിലവാരം മാത്രമാണ് മെച്ചപ്പെട്ടിട്ടുള്ളത്. കല്ലൂർക്കാട് ഹരിജൻ കോളനിയിൽ 19 കുടുംബങ്ങളും വേളൂർക്കര ഹരിജൻ കോളനിയിൽ (റജി. 814/EKM) 20 കുടുംബങ്ങളും ഈ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒട്ടും തൃപ്തികരമല്ല. കല്ലൂർക്കാട് ഹരിജൻ കോളനിയിൽ ഉള്ള വീടുകളുടെ സ്ഥിതി മെച്ചമല്ല. കക്കൂസുകൾ മിക്ക വീടുകളിലുമില്ല. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സ്കീമുകൾ ആവിഷ്ക്കരിക്കേണ്ടത് അത്യാവശ്യമാണ്. കോളനിയിലേക്ക് ടാർ ചെയ്ത റോഡ് ഉണ്ടെങ്കിലും കോളനിയുടെ മദ്ധ്യഭാഗത്തുള്ള നടപ്പാതയുടെ നടകൾ ഇടിഞ്ഞ് സഞ്ചാര യോഗ്യമല്ലാതായി കിടക്കുകയാണ്. ഈ കോളനിയിൽ 12 വീടുകളിൽ മാത്രമാണ് വൈദ്യുതി കണക്ഷൻ ഉള്ളത്.

കോളനി നിവാസികളുടെ സാംസ്കാരിക ഉന്നമനത്തിനായി കല്ലൂർക്കാട് ഹരിജൻ കോളനിയിൽ മിനി കമ്മ്യൂണിറ്റിഹാൾ പണിതിട്ടുണ്ടെങ്കിലും ആയതിൻെറ സ്ഥിതി ശോചനീയമാണ്. കമ്മ്യൂണിറ്റിഹാളിൽ സ്ഥാപിച്ചിട്ടുള്ള TV സെറ്റ് കോളനി നിവാസികൾക്ക് വളരെ പ്രയോജനപ്രദമാണ്.

വേളൂർക്കര ഹരിജൻ കോളനിയിലെ 20 കുടുംബങ്ങളിൽ 15 കുടുംബങ്ങൾക്ക് മാത്രമാണ് സ്വന്തമായി വീടുള്ളത്. 5 കുടുംബങ്ങൾക്ക് സ്വന്തമായി വീടുണ്ടാകേണ്ടതായിട്ടുണ്ട്. പണിത വീടുകളിലെല്ലാം കക്കൂസും വൈദ്യുതി കണക്ഷനും ഉണ്ട്. ഈ സൗകര്യങ്ങൾ ഉണ്ടെങ്കിലും കോളനി





യിലേയ്ക്കുള്ള റോഡ് പൂർണ്ണമായിട്ടില്ല. കോളനിയ്ക്കു സമീപമുള്ള തോടിനു കുറുകെ കലുങ്ക് പണിയേണ്ടതായിട്ടുണ്ട്. ഉപാധിരഹിത ഫണ്ട് ഉപയോഗിച്ച് പ്രസ്തുത കലുങ്ക് പണിയുന്നതിന് തീരുമാനമായിട്ടുണ്ട് എന്നത് എടുത്തുപറയേണ്ട കാര്യമാണ്.

കോളനികളിലെ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് ട്രൈസം പോലുള്ള പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കണം. കോളനി കേന്ദ്രീകരിച്ച് വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നത് തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉതകുന്നതാണ്. ഇപ്രകാരമുള്ള യൂണിറ്റുകൾക്ക് ക്ഷേമ വകുപ്പിൽ നിന്നും സഹായം ലഭിക്കുന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്. I.R.D.P. ലിസ്റ്റിൽപ്പെട്ട 33 ഹരിജൻ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചതായി ബ്ലോക്ക് റിപ്പോർട്ടിൽ കാണുന്നു. എന്നാൽ സാമ്പത്തിക സഹായത്തിന് അർഹതപ്പെട്ട കൂടുതൽ കുടുംബങ്ങൾ ഉണ്ട് എന്നാണ് ഗ്രാമസഭാറിപ്പോർട്ട് സൂചിപ്പിക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ക്ഷേമപദ്ധതികളുടെ പ്രയോജനം പൂർണ്ണമായി വിനിയോഗിക്കുക. എന്നിവ വഴി പട്ടികജാതി/വർഗ്ഗക്കാരുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യപ്രാപ്തിയിലെത്തിക്കാവുന്നതാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ഹരിജൻ കോളനികളിലും, വാർഡുകളിൽ ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങളിലും, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. പട്ടികജാതി/വർഗ്ഗ - തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.
3. തോണിക്കുഴി, നാഗപ്പുഴപ്പാറ, പരുത്തിപ്പാറ, വിത്തിരംപാറ, ചെമ്പന്മല, പെരുമാംകണ്ടം എന്നിവിടങ്ങളിലുള്ള കുടുംബങ്ങളെ ഉൾപ്പെടുത്തി ഹരിജൻ കോളനികൾ രൂപീകരിക്കണം.
4. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന പട്ടിക ജാതി പട്ടിക വർഗ്ഗക്കാരായ ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്തിനെ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ 1-ാം ഗ്രേഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും വരവിലും കൂടുതൽ ചെലവ് എന്നതാണ് സ്ഥിതി. പഞ്ചായത്തിൻെറ തനതു വരുമാനം 1995-96ലെ കണക്കുപ്രകാരം 3.25 ലക്ഷം രൂപായും ഭരണചെലവ് 3,95,592 രൂപയുമാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന വികസനാവശ്യങ്ങൾക്കുള്ള ഗ്രാൻറുകൾ കൂടി വിനിയോഗിച്ചാണ് പഞ്ചായത്തിൻെറ ദൈനംദിന കാര്യങ്ങൾ നടത്തുന്നത്. ഇക്കാരണത്താൽ 15,36,442 രൂപയോളം മൈനസ് ഫണ്ടിലാണ് പഞ്ചായത്തിൻെറ പ്രവർത്തനം. തെരുവുവിളക്കുകൾ കത്തിക്കൽ, വെള്ളക്കരം തുടങ്ങിയ കാര്യങ്ങൾക്കായി വർഷംതോറും നല്ലൊരു തുക മാറ്റി വയ്ക്കേണ്ടതായിട്ടുമുണ്ട്. ഗ്രാമവികസന ബോർഡിൽ നിന്നും വായ്പ എടുത്ത വകയിൽ 880290 രൂപയാണ് അടച്ചു തീർക്കാനുള്ളത്. അതേപോലേതന്നെ വാട്ടർ അതോറിറ്റിക്ക് 222907 രൂപയും നല്കുവാനുണ്ട്. നാൾതോറും ഭരണ ചെലവു വർദ്ധിച്ചു വരുന്നതിനാനുപാതികമായി വരവ് വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ പഞ്ചായത്തിന് വികസന കാര്യങ്ങൾക്കായി പണം കണ്ടെത്തുവാൻ കഴിയുകയുള്ളു. പഞ്ചായത്തിൻെറ കഴിഞ്ഞ 5 വർഷത്തെ വരുമാനവും ചെലവും പരിശോധിച്ചാൽ ചെലവിലുണ്ടായ വർദ്ധനവ് എത്രമാത്രമാണെന്ന് മനസിലാക്കാവുന്നതാണ്.

### വരവും ചെലവും സംബന്ധിച്ച പട്ടിക

| വർഷം | വരവ് (ഗ്രാൻറുൾപ്പടെ) | ചെലവ് |
|---|---|---|
| 1991-92 | 5,90,338.02 | 4,19,888.55 |
| 1992-93 | 8,08,215.70 | 7,46,995.50 |
| 1993-94 | 8,34,212.05 | 9,34,431.05 |
| 1994-95 | 8,30,763.35 | 8,25,554.40 |
| 1995-96 | 12,98,972.55 | 11,80,305.00 |

മേൽ വിവരിച്ച പട്ടികയിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നത് ചെലവു കഴിഞ്ഞ് വികസനാവശ്യങ്ങൾക്കായി നീക്കിവയ്ക്കാൻ കഴിയുന്നത് നാമമാത്രമായ തുക മാത്രമാണ്. പഞ്ചായത്ത് നിയമങ്ങൾക്കനുസൃതമായി പിരിച്ചെടുക്കാവുന്ന നികുതികളും ഫീസുകളും 100% പിരിച്ചെടുക്കുകയും നികുതി ചോർച്ചയുണ്ടാകുന്നില്ല എന്ന ഉറപ്പാക്കുകയും ചെയ്താൽ മാത്രമേ വികസനാവശ്യങ്ങൾക്കായി തുക കണ്ടെത്താനാവുകയുള്ളു. പഞ്ചായത്തീരാജ് സ്വപ്നങ്ങളുടെ പ്രസക്തി വർദ്ധിച്ച സാഹചര്യത്തിൽ ഇവയ്ക്ക് നികുതികളും ഫീസുകളും പിരിക്കാവുന്ന പുതിയ മേഖലകളെക്കുറിച്ച് പുനർ വിചിന്തനം ഉണ്ടായേ മതിയാവു.

പഞ്ചായത്തിൻെറ 1995-96ലെ വരവു ചെലവു സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു. ഇതിൽ നിന്നും കഴിഞ്ഞ വർഷത്തെ ധനസ്ഥിതി സംബന്ധിച്ച വിശദവിവരം അറിയാൻ കഴിയുന്നതാണ്.

### 1.22 ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ

| | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| വാർഡ് | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 1 | 1 | 4 | 4 | 10 | 101 |
| II | 6 | 4 | 13 | 10 | 33 | 879 |
| III | 3 | 4 | 20 | 17 | 44 | 620 |
| IV | 1 | 3 | 8 | 6 | 18 | 253 |
| V | 2 | 4 | 11 | 8 | 25 | 297 |
| VI | | 1 | 3 | 2 | 6 | 66 |
| VII | 3 | 2 | 4 | 6 | 15 | 273 |
| VIII | 1 | 2 | 1 | 5 | 9 | 120 |
| | 17 | 21 | 64 | 58 | 160 | 2609 |

### വരവ് സംബന്ധിച്ച വിവരങ്ങൾ (95-96)

1.23

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 127148.55 | - | |
| സർവീസ് ചാർജ്ജ് | 56377.30 | - | |
| തൊഴിൽ നികുതി | 145080.00 | - | |
| വാഹന നികുതി | - | - | |
| വിനോദ നികുതി | 50.00 | 50.00 | |
| അഡീ. വിനോദ നികുതി | - | - | |
| പ്രദർശന നികുതി | 60.00 | 60.00 | |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ് | 15.00 | 15.00 | |
| ചന്തവരവ് | 13610.00 | 13610.00 | |
| ലാൻറ് സെസ് | - | - | |
| ലൈസൻസ് ഫീസ് | 2923.00 | 2923.00 | |
| കെട്ടിട നികുതി സർചാർജ് | - | - | |
| വസ്തുകൈമാറ്റ നികുതി 75% | 95678.00 | 95678.00 | |
| വസ്തുകൈമാറ്റ നികുതി 25% | - | - | |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 170328.60 | 170328.60 | |
| സംഭാവന | 270000.00 | 270000.00 | |
| ഡെപ്പോസിറ്റ് | 13780.00 | 13780.00 | |
| മറ്റുള്ളവ | - | - | |
| ആകെ | 895050.00 | 895050.45 | |

274

1.24 ചെലവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 395592.00 |
| പൊതുമരാമത്ത് | 96786.00 |
| വിദ്യാഭ്യാസം | 24351.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 12756.00 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 56308 |
| മറ്റുള്ളവ | 594512.00 |
| ആകെ | 1180305.00 |

1.25 പൊതുസാമ്പത്തിക നില

| | പൊതുകണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| 1 | 2 | 3 | 4 |
| വരവ് | 1261859.15 | - | 37113.4 |
| ചെലവ് | 696413.00 | 450000 | 33892.00 |

1.26 പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് ഗ്രാൻറു തുക | പഞ്ചാ. ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 89500 | 96786 | - | 96786 |
| തോട് | | | | |
| കെട്ടിടം | | | | |
| നടപ്പാലം | | | | |
| മറ്റുള്ളവ | | | | |
| ആകെ | 89500 | 96786 | - | 96786 |

പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാന ചെലവ് എസ്റ്റാബ്ലിഷ്മെൻറ് ചെലവുകളാണ്. സർക്കാരിൽ നിന്നും എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ് ലഭിക്കുന്നുണ്ടെങ്കിലും യഥാർത്ഥ ചെലവും ഗ്രാൻറും സംബന്ധിച്ച അന്തരം വളരെ വലിയതു തന്നെ. കഴിഞ്ഞ 5 വർഷം ലഭിച്ച ഗ്രാൻറും ചെലവും സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

എസ്റ്റാബ്ലിഷ്മെൻറ് ഗ്രാൻറ്

| വർഷം | വരവ് | ചെലവ് | ചെലവ് ആകെ വരുമാനത്തിൻെറ എത്ര ശതമാനം |
|---|---|---|---|
| 1991-92 | 48927 | 254590 | 43% |
| 1992-93 | 95820 | 238916 | 30% |
| 1993-94 | 73886 | 309891 | 37% |
| 1994-95 | 93106 | 369205 | 44% |
| 1995-96 | 126550 | 294108 | 22% |

എസ്റ്റാബ്ലിഷ്മെൻറ് ചെലവുകളിൽ കുറവു വരുത്താൻ ഇന്നത്തെ സാഹചര്യത്തിൽ സാധിക്കുകയില്ലാത്തതിനാൽ മറ്റുതരത്തിലുള്ള ചെലവുകളിൽ കർശ്ശനമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്.

കഴിഞ്ഞ കാലങ്ങളിൽ നടത്തിയ പൊതുമരാമത്ത് പണികളുടെ വിശദാംശങ്ങൾ പരിശോധിച്ചാൽ പഞ്ചായത്തിനു ലഭിച്ച ഗ്രാൻറ് തുകയ്ക്കുള്ളിൽ നിന്നു കൊണ്ടുള്ള പ്രവർത്തനം മാത്രമേ നടത്തിയിട്ടുള്ള എന്നു കാണാവുന്നതാണ്. ഉപാധിരഹിത ഫണ്ട് വിനിയോഗിച്ചു നടത്തേണ്ട വേലകളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പണി നടന്നിട്ടില്ലാത്തത് ഫണ്ടിൻെറ അഭാവം കൊണ്ടുതന്നെ. ദൈനം ദിന കാര്യങ്ങൾക്ക് ഇത്തരത്തിലുള്ള ഗ്രാൻറുകൾ വകമാറ്റി ചെലവുചെയ്തതാണ് ഇതിൻെറ മുഖ്യകാരണം.

ഗ്രാമ വികസന ബോർഡിൽ നിന്നും 2,96,292 രൂപാ വായ്പ എടുത്ത് പഞ്ചായത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയുണ്ടായി. പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും പ്രതീക്ഷിച്ച വിധത്തിൽ വരുമാനം ഉണ്ടാകാത്തത് വായ്പ തിരിച്ചടയ്ക്കലിനെ ബാധിക്കുകയും വായ്പതുക മുതലും പലിശയും ചേർത്ത് 8 ലക്ഷത്തിലധികമായി തീർന്നിരിക്കുകയുമാണ്. മുതലും പലിശയുമായി 1,70,000 രൂപയോളം പ്രതിവർഷം തിരിച്ചടയ്ക്കേണ്ടതുണ്ടെങ്കിലും പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ശരാശരി വരുമാനം 24000 രൂപാ മാത്രമാണ്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കാര്യം പരിശോധിച്ചാൽ അംഗീകൃത ബാങ്കുകളെ സംബന്ധിച്ച വിവരം മാത്രമേ ലഭ്യമുള്ളു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ഫെഡറൽ ബാങ്ക്, കല്ലൂർക്കാട് ഫാർമേഴ്സ് സഹകരണ ബാങ്ക് (2 ശാഖകൾ) എന്നിവയാണ് ബാങ്കുകൾ. സർക്കാർ അംഗീകൃതവും അല്ലാത്തതുമായ ചിട്ടി സ്ഥാപനങ്ങളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ കിട്ടിയിട്ടില്ല. പഞ്ചായത്തിനുള്ളിൽ ഉള്ള ചില ചിട്ടി സ്ഥാപനങ്ങൾക്കു പുറമെ പഞ്ചായത്തിനു വെളിയിലുള്ള ചില സ്ഥാപനങ്ങളും ഇവിടെ ബിസിനസ് നടത്തുന്നതായി അറിയാം. ഇവയ്ക്കു പുറമെ പണം പലിശയ്ക്കു നൽകുന്ന വ്യക്തികളും ഉണ്ട്. അമിത പലിശ നിരക്കാണിവരുടേതെങ്കിലും ഇത്തരം വ്യക്തികൾക്കും ഏജൻസികൾക്കും സാധാരണക്കാർക്കിടയിൽ നല്ല സ്വാധീനമുള്ളതായി കാണാം.

വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്നവരെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമല്ലെങ്കിലും ഇവരുടെ എണ്ണം വളരെ കുറവാണ്. ഇത്തരക്കാർ സമ്പാദിക്കുന്ന പണം സ്വന്ത ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നു എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഇവർ വ്യവസായങ്ങൾക്കും മറ്റും പണം മുടക്കാൻ മെനക്കെടാതെ ഭൂമി സംബന്ധമായ ഇടപാടുകൾക്കായി പണം നിക്ഷേപിക്കുന്നതായി അറിയുന്നു. ഇത്തരക്കാരുടെ സമ്പാദ്യങ്ങൾ കാർഷികവും വ്യാവസായികവുമായ മേഖലകളിലേയ്ക്കു തിരിച്ചു വിടാൻ കഴിഞ്ഞാൽ അത് നാടിന് വളരെ പ്രയോജനകരമാകും.

പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സ്ഥിതി പരി

ശോധിച്ചാൽ സാമ്പത്തിക വിഭവ ശേഖരണത്തിനുപരി മാനവവിഭവശേഷി വിനിയോഗത്തിനാണ് കൂടുതൽ സാധ്യതയുള്ളത് എന്നു പറയാം. ഗ്രാമ സഭാ റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച പല നിർദ്ദേശങ്ങളും ഉണ്ടായിട്ടുണ്ട്. കുളങ്ങളുടെയും കിണറുകളുടെയും ശുദ്ധീകരണം, റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ, ശുദ്ധജല വിതരണ പദ്ധതികളുടെ പ്രാഥമിക പ്രവർത്തനങ്ങൾ കാർഷിക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് മനുഷ്യശേഷിലഭ്യമാക്കുന്നതിനുള്ള സന്നദ്ധത എല്ലാ ഗ്രാമസഭകളിലും ഉണ്ടായിട്ടുണ്ട്. സന്നദ്ധ പ്രവർത്തനങ്ങളിൽ കൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വർദ്ധിച്ച തോതിൽ പഞ്ചായത്ത് പ്രദേശത്ത് ഉണ്ടായിട്ടില്ലെങ്കിലും ഭാവിയിൽ നടത്താൻ കഴിയുമെന്ന് പ്രത്യാശിക്കാം.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷകർത്തൃ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് വക രണ്ട് സ്കൂളുകളിലും സ്കൂൾ കെട്ടിട നിർമ്മാണം, സ്റ്റേജ്, കുടിനീർ പദ്ധതികൾ, ഗ്രൗണ്ട് നിർമ്മാണം തുടങ്ങിയവയ്ക്കായിPTA -കൾ നൽകിയിട്ടുള്ള സേവനങ്ങൾ അഭിനന്ദനീയമാണ്.

സന്നദ്ധ സംഘടനകൾ പലതും പഞ്ചായത്തിൽ പ്രവർത്തിക്കുന്നണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ ശരിയായി വിശകലനം ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് വികസന കാര്യങ്ങൾക്കായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ കമ്മറ്റികൾ രൂപീകരിക്കുന്നത് വളരെയേറെ പ്രയോജനകരമായിരിക്കും.

മാനവശേഷി വിനിയോഗം, ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കൽ, സന്നദ്ധ സംഘടനകളുടെ പ്രത്യുല്പാദനപരമായ പ്രവർത്തനം, നികുതി സ്രോതസുകളുടെ പൂർണ്ണമായ ചൂഷണം ഭരണ ചെലവു കുറയ്ക്കൽ എന്നിവയിൽ കൂടി വികസനത്തിനാവശ്യമായ വിഭവ സമാഹരണം നടത്തുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന്റെ ഇന്നത്തെ ശോചനീയാവസ്ഥ പൂർണ്ണമായി മാറ്റാൻ സാധിക്കും എന്നത് ഉറപ്പാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്തുക.
2. പഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും നികുതി പുനർനിർണ്ണയം ചെയ്യുക.
3. ലൈസൻസിംഗ് സമ്പ്രദായം കാര്യക്ഷമമാക്കുക.
4. കല്ലൂർ, കല്ലൂർക്കാട് എന്നിവിടങ്ങളിലെ ബസ് സ്റ്റാൻറുകളുടെ പണി പൂർത്തിയാക്കി ലേലം ചെയ്യുക.
5. കൃഷി, കച്ചവടം എന്നിവയിന്മേലുള്ള തൊഴിൽ നികുതി നിർണ്ണയം പുനഃ പരിശോധിക്കുക.
6. കല്ലൂർക്കാട്ടെ നിശ്ചിത ടാക്സിസ്റ്റാൻറിന്റെ പണി അടിയന്തിരമായി തീർത്ത് ലേലം ചെയ്യുക.
7. പുഴയിൽ മണൽ വാരുന്നതിന് കടവുകൾ നിർമ്മിച്ച് ലേലം ചെയ്യുക.
8. കല്ലൂർക്കാട്ടും, കല്ലൂരും കാർഷിക മാർക്കറ്റുകളുടെ പണി പൂർത്തിയാക്കി ലേലം ചെയ്യുക.
9. പഞ്ചായത്ത് വക മാർക്കറ്റുകൾക്ക് അഭിമുഖമായി വ്യാപാര സ്ഥാപനങ്ങൾ പണിയുന്നതിന് സ്വകാര്യവ്യക്തികൾക്കും, ധനകാര്യ സ്ഥാപനങ്ങൾക്കും പ്രോത്സാഹനം കൊടുക്കുക.
10. പഞ്ചായത്തുവക സ്ഥലങ്ങളിൽ വ്യവസ്ഥകൾക്ക് വിധേയമായി കെട്ടിടം പണിത് വ്യാപാരം നടത്താൻ സ്വകാര്യ വ്യക്തികളെ അനുവദിക്കുക.
11. പഞ്ചായത്ത് വക സ്ഥലങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുകയും ഹൃസ്വകാല വിളകൾ കൃഷിചെയ്യുന്നതിന് അവകാശം ലേലം ചെയ്തു നൽകുകയും ചെയ്യുക.
12. പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ വാഹനങ്ങൾക്കും പഞ്ചായത്ത് ലൈസനസ് ഫീസ് ചുമത്തുക.
13. സിനിമാ തീയേറ്ററുകൾ തുടങ്ങുവാൻ പ്രോത്സാഹിപ്പിക്കുക.

276

# ടൂറിസം വികസനം

ടൂറിസം വികസനത്തിന് വളരെ യോജിച്ച ഭൂപ്രകൃതിയാണുള്ളത്. കുന്നുകളും, താഴ്വരകളും, പുഴയോരവും ഉത്സവങ്ങളും - ആഘോഷങ്ങളും - ഈ പ്രദേശത്തെ മനോഹരമാക്കുന്നു. ഈ പഞ്ചായത്തിൻെറ തെക്ക് ഭാഗം കിഴക്ക്-പടിഞ്ഞാറെത്തി കുന്നുകളുടെ കൂട്ടങ്ങളാണ്. ഇതിൽ ഏറ്റവും ഉയരം കൂടിയ ഭാഗമാണ് കല്ലൂർക്കാട് മുടി. ഇവിടെയാണ് ARWSS ൻെറ വാട്ടർ ടാങ്ക് നിർമ്മിക്കുന്നത്. ഇവിടെ നിന്നാൽ താഴ്വരകളുടെ ദൃശ്യം വളരെ മനോഹരമാണ്.

48 ഏക്കർ വിസ്തീർണ്ണമുള്ള നാഗപ്പുഴയിലെ വലിയ പാറയും - ഇടുമ്പന്തണ്ടും ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പോന്നതാണ്. ഈ മലകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് പുളിയാനിക്കാട്ട് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ അതിമനോഹരമായ ഒരു കൃത്രിമ തടാകം രൂപംകൊള്ളും. ഇതിൻെറ ഓരങ്ങളെ മോടിപിടിപ്പിച്ച്കൊണ്ടും വലിയപാറയിൽ ചിൽഡ്രൻസ് പാർക്കും, വിശ്രമ സങ്കേതങ്ങളും നിർമ്മിച്ചുകൊണ്ട് ഈ പ്രദേശങ്ങളെ കൂടുതൽ മനോഹരമാക്കാം. ടി മലകളെ ബന്ധിപ്പിച്ചുകൊണ്ട് റോപ്പ് വേ സ്ഥാപിക്കുകയും ചെയ്താൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാധിക്കും.

കലൂരിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ചെക്ക് ഡാമിൻെറ ഉയരം വർദ്ധിപ്പിച്ചാൽ ഉദ്ദേശം 5 കി.മീറ്റർ ദൈർഘ്യത്തിൽ കാളിയാർ പുഴയുടെ കലൂർ ഭാഗത്ത് ജലം സംഭരിക്കുവാൻ സാധിക്കും. സംഭരണിയുടെ ഓരങ്ങൾ ഉദ്യാനം നിർമ്മിക്കുവാൻ പര്യാപ്തമാണ്. ഇവിടെ ടൂറിസ്റ്റുകൾക്ക് ബോട്ടിൽ ഉല്ലാസ യാത്രാ സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

ഈ പ്രദേശങ്ങളെ മറ്റ് ജില്ലകളുമായി ബന്ധിപ്പിക്കുവാൻ ഉതകുന്ന റോഡുകൾ - തൊടുപുഴ-കലൂർ-ഊന്നുകൽ റോഡ്, കോതമംഗലം-കലൂർ-കല്ലൂർക്കാട് റോഡ്, കൂത്താട്ടുകുളം-കല്ലൂർക്കാട്-കലൂർ-ഊന്നുകൽ റോഡ് എന്നീ റോഡുകൾ വികസിപ്പിക്കുന്നതോടൊപ്പം തന്നെ കല്ലൂർക്കാടിൻെറ ശില്പിയും പ്രഥമ പ്രസിഡൻറുമായിരുന്ന യശഃശരീരനായ ശ്രീ കൊച്ചാപ്പു ചേട്ടൻെറയും കല്ലൂർക്കാട് നിവാസികളുടെയും ചിരകാലാഭിലാഷമായിരുന്ന ''കല്ലൂർക്കാട് താലൂക്ക്'' എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ താലൂക്ക് പുനർനിർണ്ണയ വേളയിലെങ്കിലും ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. താലൂക്ക് രൂപീകരണത്തിനുതകുന്ന എല്ലാവിധ സർക്കാർ സ്ഥാപനങ്ങളും കല്ലൂർക്കാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

# കമ്മ്യൂണിറ്റി ഹാൾ

ജാതിമതവ്യത്യാസമില്ലാതെ രാഷ്ട്രീയ വിഭാഗീയ ചിന്തകൾക്കതീതമായി ഒരുമിച്ച് ചേരാൻ ഒരു സ്ഥലം - കമ്മ്യൂണിറ്റി ഹാൾ - അത് കല്ലൂർക്കാട് ഗ്രാമവാസികളുടെ ചിരകാലാഭിലാഷങ്ങളിൽ ഒന്നാണ്. തുച്ഛമായ സ്ഥല സൗകര്യങ്ങളും വർദ്ധിച്ച കടബാദ്ധ്യതയും നിമിത്തം നട്ടം തിരിയുന്ന ഭരണസമിതിക്ക് ഈ ജനാഭ്യർത്ഥനയ്ക്ക് ഉത്തരം നല്കാൻ തല്ക്കാലം നിർവ്വാഹമില്ല. സർക്കാരിൽ നിന്ന് തുച്ഛമായി ലഭിക്കുന്ന ഗ്രാൻറുകൾ മൈനസ്സ് ഫണ്ടായ പഞ്ചായത്തിൻെറ നിത്യാവശ്യങ്ങൾക്ക് മതിയാകുന്നുമില്ല. അനധിവിദൂര ഭാവിയിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ഉപസംഹാരം

ഗ്രാമീണ ജനതയുടെയും അതുവഴി രാഷ്ട്രത്തിന്റെ മുഴുവന്റെയും സ്ഥായിയും നീതിപൂർവ്വകവും ത്വരിതഗതിയിലുള്ളതുമായ വികസനം 9-ാം പഞ്ചവത്സര പദ്ധതിയുടെ പരമ ലക്ഷ്യമാണല്ലോ. ലക്ഷ്യത്തിലെത്താൻ സമ്പൂർണ്ണ വികസന റിപ്പോർട്ട് സമർപ്പിക്കേണ്ടതാവശ്യമാണ്. ആയതിനുള്ള കൂട്ടായശ്രമം കഴിഞ്ഞ ഏതാനും ആഴ്ചകളിൽ നടത്തുകയായിരുന്നു. രാപകൽ അദ്ധ്വാനിച്ച നല്ലവരിൽ നല്ലവരായ നാട്ടുകാർക്ക് ഹൃദയത്തിന്റെ ഭാഷയിൽ നന്ദി!! തലങ്ങും വിലങ്ങും നടന്ന് ഭൂപ്രകൃതിയും കൃഷിരീതികളും വരച്ചുതന്ന പഞ്ചായത്തിലെ യുവ പ്രതിഭകളെ ഓർമ്മയിൽ പ്രത്യേകം സൂക്ഷിക്കുന്നു. പഞ്ചായത്തുകളുടെ ചരിത്രത്തിൽ, അല്ല ഇൻഡ്യയുടെ തന്നെ ചരിത്രത്തിൽ, ഈ മഹത്തായ സംരംഭം ഒരു നാഴികകല്ലായി നിലനില്ക്കും. പഞ്ചവത്സര പദ്ധതികൾ രൂപപ്പെടുത്താനുള്ള സാധാരണക്കാരന്റെ ഭരണഘടന അനുവദിക്കുന്ന അവകാശം പ്ലാനുകളുടെ പരീക്ഷണശാലയിലാണ്. വിജയിക്കുമെന്നുള്ള ആത്മവിശ്വാസത്തോടെ തയ്യാറാക്കിയ നമ്മുടെ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് അപൂർണ്ണമാകാമെങ്കിലും പൂർണ്ണമെന്ന് വിശ്വസിക്കുകയാണ്.

ഈ റിപ്പോർട്ട് തയ്യാറാക്കാനായി രാപകൽ പ്രയത്നിച്ച ഓരോരുത്തരെയും പ്രത്യേകം സ്മരിക്കുന്നു. നാം ഒരുമിച്ച് ചിട്ടപ്പെടുത്തിയ ഈ വികസന റിപ്പോർട്ട് നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുമ്പോൾ എല്ലാമെമ്പർമാരുടേയും അതുപോലെ ഉദ്യോഗ-അനുദ്യോഗസ്ഥന്മാരുടേയും മറ്റ് ശില്പികളുടെയും നല്ല മനസ്സിനെ നമിച്ചു കൊള്ളുന്നു.

അച്ചടിച്ച് സഹായിച്ച പ്രിന്റേഴ്സ് കാസിലിനും നന്ദിയുടെ ഒരു നല്ല വാക്ക്.

എന്ന്


കോർഡിനേറ്റർ
ജോർഡിൻ ജോസഫ് വലിയപുത്തൻപുരയിൽ

കല്ലൂർക്കാട്
14.12.96

# പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ




കൊച്ചുത്രേസ്യ വർഗീസ്
*പ്രസിഡൻറ്*




പ്രൊഫ. ജോസ് അഗസ്റ്റിൻ
*വൈസ് പ്രസിഡൻറ്*




മേരികുഞ്ഞ് ജോർജ്
*സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ*




ത്രേസ്യാക്കുട്ടി ചാക്കോ




ടോമി ജോൺ




ഗോപി അയ്യപ്പൻ




ജോൺസൻ സേവ്യർ



ജോസ് ജോസഫ്



എൻ.ജെ. ജോർജ്
*ജില്ലാ പഞ്ചായത്ത് മെമ്പർ*



പി. ഷൈസൺ മാങ്കുഴ
*ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ്*



എൻ. സജീവൻ
*ബ്ലോക്ക് പഞ്ചായത്ത്*
*സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ*

280

## റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ

1. V.C. ജോസഫ് വട്ടക്കുഴിയിൽ
2. K.U. അൽഫോൻസ് കളപ്പുരയിൽ
3. P.D. ഫ്രാൻസീസ് പുൽപറമ്പിൽ
4. A.U. വർക്കി എടപ്പാട്ട്
5. M.R. പ്രഭാകരൻ കോട്ടപ്പുറത്ത്
6. ജോർഡിൻ ജോസഫ് വലിയപുത്തമ്പുരയിൽ
7. P.V. രമേശ് പഴേടത്ത്
8. K. ഗിരിജാദേവി (ടീച്ചർ)
9. K.U. പൗലോസ് (ടീച്ചർ)
10. O.G. മധുമോഹൻ

അധികാരം ജനങ്ങളിലേക്ക്

ആസൂത്രണ പ്രക്രിയ താഴെ നിന്നും മുകളിലേക്ക്

9-ാം പദ്ധതി ജനകീയ പദ്ധതി

''ജനപങ്കാളിത്തത്തോടെയുള്ള

സമഗ്ര വികസനം നമ്മുടെ ലക്ഷ്യം''

''ഭാരതം നിങ്ങൾതന്നെ പടുത്തുയർത്തണം

അതാണെന്റെ അഭിലാഷം.''

# ആയവന ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട്

അധികാരം ജനങ്ങളിലേക്ക്



## വികസന സെമിനാർ

**1996 ഡിസംബർ 3 ചൊവ്വ**

**എസ്.എച്ച്.ഹൈസ്കൂൾ, ആയവന**

**ആയവന ഗ്രാമ പഞ്ചായത്ത്**

## പ്രിയപ്പെട്ട ആയവന ഗ്രാമവാസികളെ !

ആയവന ഗ്രാമപഞ്ചായത്തിന്റേയും ആസൂത്രണ പ്രക്രിയയുടേയും ചരിത്രത്തിൽ തിളക്കമേറിയ ഒരു പുതിയ അനുഭവമാകാൻ പോകുന്ന ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വളരെ പ്രതീക്ഷയോടെ നാം തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിലങ്ങോളമിങ്ങോളം നടക്കുന്ന ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി പഞ്ചായത്തുതല പരിശീലനങ്ങൾ, പ്രാഥമിക വിവരശേഖരണം, ദ്വിതീയ വിവരശേഖരണം, ഭൂപ്രകൃതി പഠനം തുടങ്ങിയവയെല്ലാം നമ്മുടെ പഞ്ചായത്തിൽ പൂർത്തിയായി. കക്ഷിരാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ എല്ലാം മാറ്റിവച്ചുകൊണ്ട് സമസ്ത ജനവിഭാഗങ്ങളുടേയും കൂട്ടായ്മ ഉറപ്പുവരുത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നുളളത് സന്തോഷകരമാണ്.

ജനകീയ ആസൂത്രണ പ്രസ്ഥാനം അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനുളള ജനകീയ മുന്നേറ്റമാണ്. ഒമ്പതാം പഞ്ചവത്സരം പദ്ധതിയുടെ ഭാഗമായി ത്രിതലപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന പദ്ധതി വിഹിതം ഉപയോഗിച്ചുളള വികസന പദ്ധതികൾ ജന പങ്കാളിത്തത്തോടെ തയാറാക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദേശങ്ങളുടേയും ആവശ്യങ്ങളുടേയും അടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ സ്കീമുകൾ തയാറാക്കുന്നതിനാൽ ജനജീവിതത്തോടടുത്തു നിൽക്കുന്നതും കൂടുതൽ ഫലപ്രദവുമായ പദ്ധതികൾ മുൻഗണനാക്രമത്തിൽ തയാറാക്കുവാനും കഴിയും. പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കുന്നതോടെ വികസന പ്രവർത്തനങ്ങൾ സുതാര്യവും ക്രിയാത്മകവുമാവും.

നമ്മുടെ ൯ വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന അഭിപ്രായങ്ങളും, നിർദേശങ്ങളും, ദ്വിതീയ വിവരശേഖരവും , കാരണവന്മാരുമായുളള ചർച്ചകളും, പഞ്ചായത്തിനെ പല മേഖലകളാക്കിത്തിരിച്ച് നടത്തിയ പഠന പര്യടനങ്ങളിലൂടെ ശേഖരിച്ച വിവരങ്ങൾ എന്നിവയാണ് ഈ റിപ്പോർട്ട് തയാറാക്കുന്നതിനാധാരമായിട്ടുളളത്. പഞ്ചായത്തിന്റെ വികസന പദ്ധതികൾ തയാറാക്കുന്നതിനു മാത്രമല്ല നമ്മുടെ പഞ്ചായത്തിനെക്കുറിച്ച് ഏകദേശ ധാരണ ഉണ്ടാക്കുന്നതിനും ഇത് ഉപകരിക്കും.

ജീവിതാനുഭവമുളള കാരണവന്മാർ, പഴയകാല സാമൂഹ്യസംഘടനാ പ്രവർത്തകർ, മുൻ ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധസംഘടനാ പ്രവർത്തകർ, കർഷകരംഗത്ത് പ്രാവീണ്യമുളളവർ തുടങ്ങി മറ്റനവധിയാളുകൾ ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഞങ്ങളെ സഹായിച്ചിട്ടുണ്ട്. അവരോടെല്ലാമുളള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് തുടർന്നു വരുന്ന പ്രവർത്തനങ്ങളിൽ ഇവരുടെയെല്ലാം അകമഴിഞ്ഞ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഈ പുസ്തകം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാർഗരേഖയായി സമർപ്പിക്കുന്നു.

**പി.കെ. സതീഷ്കുമാർ B.Com. LL.B,**
**കോ-ഓർഡിനേറ്റർ**
**ജനകീയ ആസൂത്രണ സമിതി**
**ആയവന ഗ്രാമപഞ്ചായത്ത്.**

**കെ. കുട്ടപ്പൻ,**
**പ്രസിഡന്റ്**
**ആയവന ഗ്രാമപഞ്ചായത്ത്**

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

1. Dr.E.J.ജോസഫ്
2. ശ്രീ. T.V.ജോസഫ്
3. ശ്രീ. P.J.പൈലി
4. ശ്രീ. P.M.ചാക്കോ
5. ശ്രീ. P.M.കാതിരുപിള്ള
6. ശ്രീ. P.K.മുഹമ്മദ്
7. ശ്രീ. ജി.ജയരാജ്

## 1995 ഒക്ടോബർ 2ന് നിലവിൽ വന്ന ഭരണസമിതി

1. ശ്രീ.കെ.കുട്ടപ്പൻ - പ്രസിഡന്റ്
2. Dr. പോൾസൺ പൈലി - വൈസ് പ്രസിഡന്റ്
3. ശ്രീ. ജോയി തോമസ് - സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ
4. ശ്രീ. കെ.വി.രാധാകൃഷ്ണൻ - പഞ്ചായത്ത് മെമ്പർ
5. ശ്രീ. P.S.നൗഷാദ് - പഞ്ചായത്ത് മെമ്പർ
6. ശ്രീ. വിൻസന്റ് ജോസഫ് - പഞ്ചായത്ത് മെമ്പർ
7. ശ്രീമതി. ഏലിക്കുട്ടി വറുഗീസ് - പഞ്ചായത്ത് മെമ്പർ
8. ശ്രീമതി. മർത്തക്കുട്ടി ചാക്കോ - പഞ്ചായത്ത് മെമ്പർ
9. ശ്രീമതി. പൗളി ജയിംസ് - പഞ്ചായത്ത് മെമ്പർ

### പഞ്ചായത്ത് ജീവനക്കാർ

1. ശ്രീ. A.പ്രഭാകരൻ – ഹെഡ്ക്ലാർക്ക് – സെക്രട്ടറി–ഇൻ–ചാർജ്
2. ശ്രീ. K.V.കൃഷ്ണൻനായർ – U.D ക്ലാർക്ക്
3. ശ്രീ. M.N.മോഹനൻനായർ – "
4. ശ്രീ. K.S.രാധാകൃഷ്ണൻ – LD ക്ലാർക്ക്
5. ശ്രീ. ലവ്‌ലി ജോൺ – ലോങ്ങ്‌ലീവ്

### കണ്ടിൻജന്റ് ജീവനക്കാർ

1. ശ്രീ. M.K.പൗലോസ് - പാർട്ട്ടൈം വാച്ചർ
2. ശ്രീ. A.V.വാസു - പാർട്ട് ടൈം കടത്തുകാരൻ
3. ശ്രീ. നാഗൂർ മുസ്തഫ - പാർട്ട് ടൈം കടത്തുകാരൻ

285



ആയവന പഞ്ചായത്തിലെ ആദ്യ ഭരണസമിതി

# ആയവന ഗ്രാമപഞ്ചായത്ത്

## വികസന സെമിനാർ

## പേജുകൾ മറിക്കുമ്പോൾ

ആമുഖം

പഞ്ചായത്ത് പൊതുവിതരണം

സാമൂഹ്യ സാംസ്കാരിക പശ്ചാത്തലം


സ്ഥലനാമ പുരാണം


ഭൂപ്രകൃതിയും കാലാവസ്ഥയും

വികസനമേഖലകൾ

1. കൃഷി, ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനം
3. വ്യവസായം
4. സമഗ്ര ഊർജ്ജ ആസൂത്രണം/ഗതാഗതം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. പാർപ്പിടം
7. സാമൂഹ്യക്ഷേമം
8. വിദ്യാഭ്യാസം
9. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
10. വനിത
11. സഹകരണമേഖല
12. വിഭവ സമാഹരണം

ഉപസംഹാരം


AYAVANA GRAMA PANCHAYAT
DISTRICT: ERNAKULAM
TALUK: MUVATTUPUZHA
VILLAGE: ENANALLOOR
VARAPETTY PANCHAYAT
KOTHAMANGALAM RIVER
KAKKADASSERY – KALIYAR ROAD
POTHANIKAD PANCHAYAT
N
KALIYAR RIVER
AYAVANA-KALOOR P.W.D. ROAD
AYAVANA PANCHAYAT
AVOLI GRAMA PANCHAYAT
VAZHAKULAM-KOTHAMANGALAM ROAD
KALLOORKADU PANCHAYAT
MANJALLOOR GRAMA PANCHAYAT


V.K. Road
V.K. Road

## ആയവന ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

ജനാധിപത്യം എന്ന സങ്കൽപ്പം ഇന്നൊരു വഴിത്തിരിവിലാണ്. സ്വാതന്ത്ര്യംകിട്ടി അൻപത് വർഷമായിട്ടും ജനാധിപത്യം അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കാൻ നമുക്ക് കവിഞ്ഞിട്ടില്ല. പ്രത്യുൽപ്പാദന രംഗത്തെ വികസനവും നമ്മുടെ അവകാശങ്ങളോടൊപ്പം ചുമതലകളെപ്പറ്റിയുള്ള ബോധ്യവും നമുക്കുണ്ടാകണം. പഴയകാലത്തിൽ നിന്ന് വ്യത്യസ്ഥമായി ചിലവിനേയും വരുമാനത്തേയുംപറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. നമുക്കുള്ള മുഴുവൻ വിഭവങ്ങളും സമാഹരിക്കുവാൻ നമുക്ക് കഴിയണം. 73, 74 ഭരണഘടനാ ഭേദഗതിയെതുടർന്ന് 1995 ഒക്ടോബർ 2– ന് നിലവിൽവന്ന പഞ്ചായത്തിരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ അധികാരം ജനങ്ങളിലേക്ക് വന്നുകൊണ്ടിരിക്കുന്ന ഈ അവസ്ഥയിൽ എങ്ങനെ നമുക്ക് ലഭ്യമായ മുഴുവൻ വിഭവങ്ങളും പരമാവധി ഉപയോഗിക്കാമെന്ന് അടുത്ത അഞ്ചുവർഷം (ഒൻപതാം പഞ്ചവൽസരപദ്ധതിയിൽ) മുൻഗണനാക്രമത്തിൽ ഏതെല്ലാം പ്രവർത്തികൾ നാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നുള്ളതും ഇതിന് വേണ്ടിവരുന്ന വമ്പിച്ച ജനസഹായം എങ്ങിനെ സ്വരൂപിക്കാമെന്നും തീരുമാനിക്കപ്പെടണം. പദ്ധതി രൂപീകരണം താഴെതലത്തിൽ നിന്നു വേണം തുടങ്ങാൻ. അതായത് ഗ്രാമസഭയാണ് അടിസ്ഥാനഘടകം. പ്രധാന ഘടകമാകട്ടെ ജനങ്ങളാണ്. നാം ഈ അടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിക്കണം.

കേരളത്തിലും ഇന്ത്യയിലും ആസൂത്രണ പ്രക്രിയയിൽ വരുത്തിയിരിക്കുന്ന ഈ മാറ്റം ലോകത്തെതന്നെ ആദ്യസംഭവമായിരിക്കും. ഓരോ വാർഡിലേയും മുഴുവൻ അംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ആസൂത്രണ പ്രക്രിയ ഒൻപതാം പഞ്ചവൽസരപദ്ധതിക്ക് രൂപം കൊടുക്കൽ ഒരു ചരിത്രസംഭവമായിരിക്കും.

ആയവന ഗ്രാമപഞ്ചായത്തിലെ ഒൻപത് വാർഡുകളേക്കും വിശേഷാൽ ഗ്രാമസഭകൾ പരമാവധി ജനപങ്കാളിത്തത്തോടുകൂടി നിശ്ചിത തീയതികളിൽതന്നെ നടത്തപ്പെടുകയുണ്ടായി. ജില്ലാതലത്തിൽ പരിശീലനം ലഭിച്ചവരും പ്രാദേശികതലത്തിൽ പരിശീലനം ലഭിച്ചവരുമാണ് ഇവർക്ക് നേതൃത്വം നൽകിയത്. വികസന റിപ്പോർട്ടിനാവശ്യമായ വിവിധ വിവരങ്ങൾ ശേഖരിക്കുന്നതിന് നിയോഗിച്ചിരിക്കുന്ന കമ്മിറ്റികൾ അവ യഥാക്രമം നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള അവലോകന റിപ്പോർട്ടുകളും ഇതിനകം ലഭിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ട വ്യത്യസ്ഥ വിഷയങ്ങൾ ബന്ധപ്പെട്ട വാർഡു മെമ്പർമാരും പരിശീലകരുമായി ചർച്ച നടത്തി ക്രോഡീകരിച്ചിട്ടുണ്ട്.

### ആയവന ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : ആയവന പഞ്ചായത്ത് |
| ഉൾപ്പെട്ട വില്ലേജ് | : ഏനാനല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : ആയവന |
| ബ്ലോക്ക് പഞ്ചായത്ത് | : മൂവാറ്റുപുഴ |
| താലൂക്ക് | : മൂവാറ്റുപുഴ |
| അസംബ്ലി മണ്ഡലം | : കോതമംഗലം |
| പാർലമെന്റ് മണ്ഡലം | : മൂവാറ്റുപുഴ |
| വിസ്തീർണം | : 29.47 സ്ക്വയർ കി.മി. |
| അതിരുകൾ വടക്ക് | : വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | :പോത്താനിക്കാട്, കല്ലൂർക്കാട് ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : കല്ലൂർക്കാട് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : ആവോലി ഗ്രാമപഞ്ചായത്ത് കോതമംഗലം ആറ്. |
| ജനസംഖ്യ | : 17856 (1991 സെൻസസ്) |
| പുരുഷന്മാർ | : 8986 സ്ത്രീകൾ: 8870 (22351 – 1996ൽ) |
| വാർഡുകൾ | : ഒൻപത് |
| പ്രസിഡന്റിന്റെ പേര് | : കെ. കുട്ടപ്പൻ |
| വൈസ് പ്രസിഡന്റ് | : Dr. പോൾസൺ പൈലി |

## ഇതുവരെയുള്ള പ്രവർത്തനം

ജനകീയ ആസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട ആയവന ഗ്രാമപഞ്ചായത്തിൽ നിന്നും സെ. 9, 10, 11 തീയതികളിൽ മൂവാറ്റുപുഴയിൽവച്ച് നടന്ന ജില്ലാ പരിശീലനത്തിൽ 5 പേർ പങ്കെടുത്തു. ശ്രീ. പി.എം. ചാക്കോ, ശ്രീ. വി.സി. മാത്യു, ശ്രീ. പി.കെ. സതീഷ്കുമാർ, ശ്രീ. ഇ.പി. ശശി, ശ്രീമതി പൗളി ജയിംസ് (പഞ്ചായത്ത് മെമ്പർ) എന്നിവർ. 13.9.96ന് പഞ്ചായത്ത് സമിതിയുടേയും ജില്ലാ പരിശീലകരുടേയും ഒരു സംയുക്തയോഗം പഞ്ചായത്തുതല പരിശീലന പരിപാടിയെപ്പറ്റി ചർച്ച ചെയ്തു. 14.9.96ൽ ആയവന എസ്.എച്ച്. ഓഡിറ്റോറിയത്തിൽവച്ച് ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനം നടന്നു. ഒട്ടാകെ 43 പേർ ഈ പരിപാടിയിൽ പങ്കെടുത്തു. 19.9.96ന് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ രാഷ്ട്രീയ പാർട്ടികളുടേയും ഒരു സംയുക്തയോഗം പഞ്ചായത്ത് ഓഫീസിൽ വിളിച്ചുകൂട്ടി ജനകീയാസൂത്രണ പരിപാടിയും വിശേഷാൽ ഗ്രാമസഭകളും എങ്ങിനെ നല്ലനിലയിൽ കൂടാമെന്നും ആലോചിച്ച് തീരുമാനിച്ചു. 10 പേരെ എല്ലാ രാഷ്ട്രീയ പാർട്ടികളിൽ നിന്നു

പട്ടിക 1

| തീയതി | വാർഡ് | സ്ഥലം | സമയം | ആകെ പങ്കെടുക്കന്നവർ | പുരു | സ്ത്രീ |
|---|---|---|---|---|---|---|
| 21-9-96 | VII | ഐ.എസ്.എസ്.എൽ.പി സ്കൂൾ പുന്നമറ്റം | 10 എ.എം | 175 | 151 | 24 |
| 21-09-96 | II | എസ്.എൻ.യു.പി.എസ്.ആയവന | 2 പി.എം. | 99 | 90 | 9 |
| 22-9-96 | IX | സിയാൻ പടി | 10 എ.എം. | 109 | 109 | - |
| 22-9-96 | VIII | ഗവൺമെന്റ് എൽ.പി.എസ്.അമ്പ്ലൽപ്പെട്ടി | 2 പി.എം. | 107 | 100 | 7 |
| 28-9-96 | V | എസ്.എൻ.ഡി.പി.മന്ദിരം ഏനാനല്ലൂർ | 2 പി.എം. | 110 | 95 | 15 |
| 29-9-96 | VI | ഗവൺമെന്റ് എൽ.പി.എസ്.കാരിമറ്റം | 10 എ.എം. | 89 | 84 | 5 |
| 29-9-96 | III | എസ്.എച്ച്.എച്ച്.എസ്. ആയവന | 10 എ.എം | 104 | 99 | 5 |
| 2-10-96 | I | സെന്റ് മേരീസ് സണ്ടേ സ്കൂൾ കാവക്കാട് | 2 പി.എം. | 164 | 151 | 13 |
| 2-10-96 | IV | പഞ്ചായത്ത് എൽ.പി.എസ്.ഏനാനല്ലൂർ | 2 പി.എം | 93 | 76 | 17 |

മായി വികസന സമിതിയിൽ ഉൾപ്പെടുത്തി. വൻപ്രചാരണത്തോടെ വി. ഗ്രാമസഭകൾ കൂടാൻ തീരുമാനിച്ചു.

ഗ്രാമസഭകളിൽ ജില്ലാ പരിശീലകർ വിഷയം അവതരിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കുട്ടപ്പൻ അധ്യക്ഷനായിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി അംഗം ശ്രീമതി റോസമ്മ കുര്യാക്കോസ്, ജില്ലാ പഞ്ചായത്തംഗം ശ്രീ. എൻ.ജെ. ജോർജ് എന്നിവർ സംബന്ധിച്ചിട്ടുണ്ട്. 15-10-96ന് ശ്രീ. പി.എം. ചാക്കോയുടെ നേതൃത്വത്തിൽ ദ്വിതീയ വിവരശേഖരണം ആരംഭിച്ചു. പഞ്ചായത്തുതല പരിശീലനം ലഭിച്ചവർ ഇക്കാര്യത്തിൽ സഹകരിച്ചിരുന്നു. 18-10-96ന് ബ്ലോക്ക് തലത്തിലുള്ള വികസന കലാജാഥ നമ്മുടെ പഞ്ചായത്തിൽ പര്യടനം നടത്തി. മോശമായ കാലാവസ്ഥ ആയിരുന്നതിനാൽ 3 സ്ഥലത്തുമാത്രമേ പരിപാടികൾ അവതരിപ്പിക്കുവാൻ സാധിച്ചുള്ളൂ. 23.10.96ന് രണ്ടാംഘട്ട ജില്ലാതല പരിശീലന പരിപാടിയിൽ ഒന്നാംഘട്ടം പരിശീലനം കിട്ടിയ ശ്രീമതി പൗളി ജയിംസ് പങ്കെടുത്തില്ല. പഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു. 29-10-96ന് പഞ്ചായത്തുതല രണ്ടാംഘട്ട പരിശീലനപരിപാടി ആയവനയിൽ നടന്നു. ഒട്ടാകെ 50 പേർ പങ്കെടുത്തു. പഞ്ചായത്തതൃത്തിയിലുള്ള സർക്കാർ ഉദ്യോഗസ്ഥന്മാർ ഈ പരിപാടിയിൽ സംബന്ധിച്ചിരുന്നു. 1-11-96ന് പുനരർപ്പണദിനമായി ആചരിച്ചു. ആയവന സെക്രട്ട് ഹാർട്ട് പള്ളി സംഭാവന നൽകിയ സ്ഥലത്ത് പുതിയ ആയുർവേദ ആശുപത്രി കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം ബഹു. പഞ്ചായത്ത് പ്രസിഡന്റ് നടത്തി. 4-11-96ൽ പഞ്ചായത്ത് അതിർത്തിയുള്ള മുഴുവൻ സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും ജില്ലാ പരിശീലകരുടേയും യോഗം പഞ്ചായത്തിൽ വിളിച്ചുചേർത്തു. ഓരോ വകുപ്പിലേയും റിവ്യൂ റിപ്പോർട്ട് വിശദമായി നൽകണമെന്ന് ആവശ്യപ്പെട്ടു. 16-11-96ന് പഞ്ചായത്തുതല പരിശീലകരുടേയും മറ്റ് പ്രമുഖ വ്യക്തികളേയും പഞ്ചായത്തിൽ വിളിച്ചുകൂട്ടി പഞ്ചായത്ത് സെമിനാർ ഭംഗിയായി നടത്തുന്നതിനായി സ്വാഗതസംഘം രൂപീകരിച്ചു. വിവിധ കമ്മിറ്റികളുടെ രൂപീകരണവും നടന്നു.

## ചരിത്രപശ്ചാത്തലം

1953ൽ സംസ്ഥാനത്തുടനീളം പഞ്ചായത്തുകൾ രൂപീകൃതമായതോടൊപ്പം ആയവനയിലും പഞ്ചായത്ത് നിലവിൽവന്നു. നമ്മുടെ പഞ്ചായത്ത് രൂപീകൃമായതിനുശേഷം അതിർത്തിപരമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. ആയവന പഞ്ചായത്ത് ഏനാനല്ലൂർ വില്ലേജിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ഈ വില്ലേജ് കൊല്ലവർഷം 1089ൽ വില്ലേജ് സെറ്റിൽമെന്റ് കാലത്ത് കോട്ടയം ജില്ലയിൽപ്പെട്ടതായിരുന്നു. പ്രഥമ പഞ്ചായത്തുകമ്മിറ്റി 1953ൽ Dr. E.J. ജോസഫിന്റെ നേതൃത്വത്തിലാണ് രൂപീകൃതമായത്. പ്രസ്തുത ഭരണസമിതിയുടെ പ്രവർത്തനഫലമാണ് കക്കാടശ്ശേരി, ചളുക്കത്തുചാൽ പാലങ്ങൾ. ഇന്ന് നിലവിലിരിക്കുന്ന പഞ്ചായത്ത് ഓഫീസും S.H. ഹൈസ്കൂളും സ്ഥാപിതമായത് ഈ ഭരണസമിതിയുടെ കാലത്താണ്. 1963ൽ നിലവിൽവന്ന 19 വർഷം നീണ്ടുനിന്ന രണ്ടാമത്തെ ഭരണ സമിതിയിൽ ശ്രീമാൻമാരായ T.V. ജോസഫ്, P.J. പൈലി, P.M. ചാക്കോ, P.M. കാതിർപിള്ള എന്നിവർ പ്രസിഡന്റുമാരായിരുന്നു. ഇക്കാലത്താണ് നമ്മുടെ പഞ്ചായത്തിൽ ടെലിഫോൺ എക്സ്ചേഞ്ച്, ആയുർവേദ ആശുപത്രി, കാലാമ്പൂർ മിനി സ്റ്റേഡിയം തുടങ്ങിയവ സ്ഥാപിതമായത്. 1982ൽ മൂന്നാമത്തെ പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നു. ശ്രീ. പി.കെ. മുഹമ്മദ്, ശ്രീ പി.എം. ചാക്കോ എന്നിവർ പ്രസിഡന്റുമാരായിരുന്നു. അലോപ്പതി ആശുപത്രി, ശുദ്ധജല വിതരണത്തിനുള്ള അനുവാദം, പഞ്ചായത്ത് സ്കൂൾ എന്നിവ ഇക്കാലത്തെ നേട്ടങ്ങളാണ്. ശ്രീ. ജി. ജയരാജിന്റെ നേതൃത്വത്തിലുള്ള 4-ാമത്തെ ഭരണസമിതി 1988ൽ നിലവിൽ വന്നു. അലോപ്പതി ആശുപത്രിക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ജലവിതരണ പദ്ധതിയും ഈ ഭരണസമിതിയുടെ കാലത്താണ്. അരീക്കൽ പാലം, പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമിച്ചതും ഇക്കാലത്താണ്. ശ്രീ. കെ. കുട്ടപ്പന്റെ നേതൃത്വത്തിലുള്ള ഇപ്പോഴത്തെ ഭരണസമിതി അധികാരമേറ്റെടുത്തത് 1995 ഒക്ടോബർ 2-ന് ആണ്.

കേരളം ദേവാലയങ്ങളുടെ നാടാണ് എന്നുള്ള ചൊല്ല് അന്വർത്ഥമാക്കുവിധം ആയവന പഞ്ചായത്തിൽ നാനാജാതി മതസ്ഥരുടെ ധാരാളം ആരാധനാലയങ്ങളുണ്ട്. തകർന്നടിഞ്ഞ നാടുവഴികളുടേയും, ഇടപ്രഭുക്കന്മാരുടേയും, ആരാധനാലയങ്ങളുടേയും ഐതീഹ്യങ്ങളും അവശിഷ്ടങ്ങളും ഇന്നും പലയിടത്തും കാണാനുണ്ട്.

## സാമൂഹ്യസാംസ്കാരിക പശ്ചാത്തലം

എറണാകുളം ജില്ലയുടെ കിഴക്കേ അറ്റത്തായി കിഴക്കൻസാനുക്കളിൽ നിന്നും കുത്തിയൊഴുകിയെത്തുന്ന കാളിയാർ നദിയുടെ ഇരുകരകളിലായി പരന്നുകിടക്കുന്നതാണ് ആയവന ഗ്രാമപഞ്ചായത്ത്. പുന്നമറ്റം, കടുമ്പിടി, കാലാമ്പൂർ, പേരമംഗലം, കാവക്കാട്, ആയവന, പുത്തൂർ, കാരിമറ്റം, തോട്ടഞ്ചേരി, ഏനാനല്ലൂർ എന്നീ കരകളാണ് ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നത്. തെക്കുംകൂർ വടക്കുംകൂർ രാജാക്കന്മാരുടെ കോട്ട, കാരിമറ്റം തേൻകുളംമന ശ്രാമ്പിക്കൽ പുരയിടം, കളരിക്കുടി പുരയിടം, ആയവന അകത്തൂട്ട് പുരയിടം, കാലാമ്പൂര് അകത്തൂട്ടുകുടി പുരയിടം, കാവക്കാട്ട് തൂമ്പാപ്പുറം ഭഗവതീക്ഷേത്രം എന്നിവിടങ്ങളിൽ കാണുന്ന അവശിഷ്ടങ്ങൾ ആയവന ഗ്രാമപഞ്ചായത്തിന്റെ പൗരാണികതയെ സൂചിപ്പിക്കുന്നു. കൊല്ലവർഷം 925 ചിങ്ങമാസം 28–നു (1750 sept. 11) തെക്കുംകൂർ രാജാവിന്റെ സ്ഥലങ്ങൾ മാർത്താണ്ഡവർമ്മ രാജാവ് കൈവശപ്പെടുത്തി വടക്കുംകൂർ സ്ഥിതിചെയ്തിരുന്ന സ്ഥലങ്ങൾ കോട്ടകെട്ടി അതിർത്തി സുരക്ഷിതമാക്കിയിരുന്നു. ഈ കോട്ട ഏകദേശം 5 കി.മീ. നീളത്തിലും 100 ലിംഗ്സ് വീതിയിലും നമ്മുടെ പഞ്ചായത്തിലെ ഏനാനല്ലൂർകൂടി കടന്നുപോകുന്നു. ടി കോട്ട, റോഡാക്കി മാറ്റിയാൽ ഇവിടെനിന്നും ഉടുമ്പന്നൂർ–ഇടുക്കി വഴി തേക്കടിക്കുള്ള ദൈർഘ്യം 50 കി.മീറ്ററോളം കുറവുവരുന്നതാണ്. 18–ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ, കൊല്ലാനും കൊല്ലിക്കാനും അധികാരമുണ്ടായിരുന്ന മഞ്ഞള്ളൂർ കർത്താവിന്റെ അധികാരസീമയിൽപ്പെട്ടതായിരുന്നു ഏനാനല്ലൂർ പ്രദേശം, തൊടുപുഴ ശ്രീകൃഷ്ണ ക്ഷേത്രത്തിൽനിന്നും താലപ്പൊലി എഴുന്നുള്ളത്ത് വേങ്ങച്ചുവട്ടിൽവന്ന മഞ്ഞള്ളൂര് കർത്താക്കന്മാരുടെ കോയിക്കലിന് മുൻവശത്തു കൂടി തൃക്കാരിയൂർക്കു പോകുന്നത് ഏനാനല്ലൂർ ഭാഗംകൂടിയായിരുന്നു എന്ന് ചരിത്രരേഖകളിൽ കാണുന്നു. കാലമ്പൂരും ആയവനയും അകത്തൂട്ട് കർത്താക്കന്മാരുടെ ഭരണത്തിൽ കീഴിലായിരുന്നു. ആദ്ധ്യാത്മികാവശ്യങ്ങൾക്കായി ക്രൈസ്തവർ മൈലക്കൊമ്പിലും കാരക്കുന്നത്തുമാണ് പോയിരുന്നത്. ഈ ബുദ്ധിമുട്ടൊഴിവാക്കുന്നതിനുവേണ്ടി 1884 ജൂലൈ മാസം 15–ാം തീയതി ആയവന തിരുഹൃദയപ്പള്ളി സ്ഥാപിച്ചു. പൂർവീകന്മാരുടെ ത്യാഗോജ്ജ്വലമായ സേവനഫലമായി 1914 മാർച്ച് 31–ാം തീയതി കാരിമറ്റം സെന്റ് മേരീസ് ദേവാലയം സ്ഥാപിതമായി അടുത്തകാലത്തായി സ്ഥാപിതമായ ക്രൈസ്തവ ദേവാലയങ്ങളാണ് കാവക്കാട് സെന്റ് മേരീസ് പള്ളി. പേരമംഗലം വിൻസൻഷ്യൻ ആശ്രമം, കാലാമ്പൂർ സെന്റ് മേരീസ് പള്ളി എന്നിവ.

മുസ്ലിം ദേവാലയങ്ങളിൽ പ്രധാനപ്പെട്ടവയാണ് കാലാമ്പൂരെ ജുമാമസ്ജീദ് പുന്നമറ്റം, മൊഹിയ്ദീൻ മസ്ജിദ്. വരാപ്പിള്ളിമ്യാൽ മുസ്ലിംപള്ളി, ഹൈന്ദവാരാധനാലയങ്ങളിൽ പ്രധാനമായവ, കാലാമ്പൂർ ഭഗവതീക്ഷേത്രം, തൃക്കമഹാവിഷ്ണുക്ഷേത്രം, പേരമംഗലം ശിവക്ഷേത്രം, ആയവന അന്നപൂർണ്ണേശ്വരികാവ്, ഏനാനല്ലൂർ മഹിളമാർകാവ്, കാരിമറ്റം കാളിയേലിക്കാവ്, തോട്ടഞ്ചേരി കാക്കനാട്ട് കാവ്, കടുമ്പിടി പാറപ്പുഴക്കാവ്, തൃപ്പുരത്ത് ശ്രീകൃഷ്ണക്ഷേത്രം എന്നിവയാണ്. നൂറ്റാണ്ടുകളുടെ ചരിത്രം പേറിക്കൊണ്ട് വിവിധ മതക്കാർ ഏകോദരസഹോദരന്മാരെപ്പോലെ ജീവിക്കുന്ന മനോഹര മാതൃക ഇവിടെ ദൃശ്യമാണ്.

## സ്ഥലനാമപുരാണം

കാരിമറ്റം വെറുംകാട്ടും പ്രദേശമായിരുന്നു. 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇവിടെ കുടിയേറിപ്പാർത്ത നാമമാത്രമായ കുടിയേറ്റ കർഷകർ ഏറുമാടങ്ങളിലും കഞ്ഞിപ്പുരകളിലുമാണ് താമസം തുടങ്ങിയത്. സ്ഥലം പതിച്ചുവാങ്ങുന്നതിന് മടികാണിച്ചിരുന്നവരുടെ പേരിൽ പ്രതികാരബുദ്ധിയോടെ 'പാർവത്ത്യാർ' സ്ഥലങ്ങൾ പതിച്ചുനൽകുന്ന ഏർപ്പാടുണ്ടായിരുന്നു. അങ്ങിനെ കാരിമറ്റം നെൽപ്പാടങ്ങളും വൃക്ഷലതാതികളുംകൊണ്ട് നിബിഡമായ ആസ്ഥലങ്ങളെല്ലാം കാടുകൾ വെട്ടിത്തെളിച്ച് നെൽപാടങ്ങളും മറ്റങ്ങളും ആക്കിയതിനാലായിരിക്കാം ഈ സ്ഥലത്തിന് കാരിമറ്റം എന്ന നാമം ലഭിച്ചത്.

ഏനാനല്ലൂർ ഭാഗത്തെ നിബിഡ വനപ്രദേശങ്ങൾ വെട്ടിത്തെളിച്ച് 'എനമായ' ഭൂമിയാക്കി മാറ്റിയാൽ നല്ലൊരു ദേശമാകുമെന്നു കണ്ട ഏതോ കുശാഗ്രബുദ്ധികളായ കർഷകരാണ് ഈ പ്രദേശത്തിന് ഏനാനല്ലൂർ – എനമായ നല്ല സ്ഥലം – എന്ന പേര് നൽകിയത്. കടുംപിടി പുന്നമറ്റം പ്രദേശങ്ങൾ വന്യമൃഗങ്ങൾ വ്യഹരിച്ചിരുന്ന കാടായിരുന്നു. സദാസമയം വന്യമൃഗങ്ങളുടെ കടിപിടിയും പക്ഷികളുടെ കലപിലശബ്ദവുംകൊണ്ട് മുഖരിതമായിരുന്നു. അങ്ങിനെ ആ സ്ഥലത്തിന് കടുംപിടിയെന്നും പുന്നമരങ്ങൾ ധാരാളമായി വളർന്നിരുന്ന പ്രദേശമായിരുന്നതിനാൽ കടുംപിടിക്ക് പടിഞ്ഞാറ് പുന്നമറ്റം എന്നും പേരുവന്നു.

മൺട്രോ ദിവാൻ സന്ദേശവാഹക തുറക്ക് അഞ്ചൽ എന്ന് നാമകരണം ചെയ്തു. കത്തുകളും മറ്റു രേഖകളും ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് എത്തിക്കുന്ന ആളെ അഞ്ചൽക്കാരൻ എന്നു പേരു നൽകി. അതുപ്രകാരം ആയവന പഞ്ചായത്തിൽ അഞ്ചൽപ്പെട്ടി എന്ന് പിന്നീട് പേരുവന്ന സ്ഥലത്ത് ഈ ഉരുപ്പടികൾ നിക്ഷേപിക്കുന്നതിനുള്ള പെട്ടി സ്ഥാപിച്ചിരുന്നു. അങ്ങിനെ ഈ സ്ഥലം അഞ്ചൽപ്പെട്ടിയായി.

19–ാം നൂറ്റാണ്ടിൽ സ്ഥാപിതമായി തൃക്കമഹാവിഷ്ണു ക്ഷേത്രത്തിൽ പുരാതന കാലങ്ങളിൽ പതിവായി 15 ദിവസത്തേക്ക് പൂരമഹോത്സവം നടത്തിയിരുന്നു. ഈ ഉത്സവത്തിന് ലോപം സംഭവിച്ച് പൂരം നടന്നിരുന്ന സ്ഥലത്തിന് കാലാംപൂര് എന്ന പേരുവന്നു.

പഞ്ചായത്തിലെ ആദ്യ പി.ഡബ്ല്യു.ഡി റോഡായ വാഴക്കുളം കോതമംഗലം റോഡ് ലെജിസ്ലേറ്റീവ് അംഗമായിരുന്ന ശ്രീ. തര്യത് കുഞ്ഞിത്തൊമ്മന്റെ കാലത്ത് 1926–ലാണ് നിർമ്മിച്ചത്. കക്കടാശ്ശേരി പാലം പണിയുന്നതിനായി ഇനങ്ങൾ പിരിവെടുത്ത് കുറെ തുക സർക്കാരിൽ കെട്ടിവച്ചു. തുടർന്ന് 1958 നവംബർ 25–ന് പാലംപണി പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നുകൊടുത്തു. 1959ൽ ചളക്കത്തുചാൽ പാലം ഉദ്ഘാടനം ചെയ്തു. പഴയകാലം സ്കൂളുകളിലോ ആരാധനാലയങ്ങളിലോ പോകുന്നതിന് യാതൊരു യാത്രാസൗകര്യവും ഇല്ലായിരുന്നു. അക്കാലത്ത് ഏകദേശം 105 കി.മി. റോഡുകൾ നാട്ടുകാരുടെ ശ്രമദാനമായി തീർത്ത് സഞ്ചാരയോഗ്യമാക്കിയിരുന്നു. 1771ൽ കൊച്ചി രാജ്യത്ത് തപാലാപ്പീസ് സ്ഥാപിച്ചതിന്റെ തുടർച്ചയായി നമ്മുടെ പഞ്ചായത്തിലും പോസ്റ്റോഫീസ് സ്ഥാപിതമായി. 1953 മുതൽ 1962 വരെയുള്ള കാലഘട്ടത്തിൽ ഈ പഞ്ചായത്തിന് സ്വന്തമായി ഓരോഫീസും ഹെൽത്ത് സെന്ററും ഗ്രാമസേവക ഓഫീസും ഏനാനല്ലൂർ സൊസൈറ്റിയും സ്ഥാപിക്കപ്പെട്ടു.

*"പ്രയത്നം പ്രയത്നം പ്രയത്നം അതാണെന്റെ ദാഹം*
*നേട്ടങ്ങളാണെന്റെ സ്വപ്നം*
*തിന്മയ്ക്ക് വഴങ്ങാത്ത നന്മയ്ക്കുവേണ്ടി*
*ധർമ്മയുദ്ധ ചെയ്യുന്ന – കർമ്മയോഗികളെ*

*യാണെനിക്കാവശ്യം.*
*നല്ല കാര്യങ്ങളേ നിങ്ങൾ ചെയ്യാവൂ*
*എന്നെനിക്ക് നിർബന്ധമുണ്ട്.*
*ഭാരതം നിങ്ങൾതന്നെ പടുത്തുയർത്തണം*
*അതാണെന്റെ അഭിലാഷം."*

ജവഹർലാൽ നെഹ്റുവിന്റെ അർത്ഥവത്തായ ഈ വരികൾ ഇപ്പോൾ കൂടുതൽ പ്രസക്തമാകുന്നു.

പണ്ട് നിലനിന്നിരുന്ന പല പ്രശ്നങ്ങൾക്കും ഇന്ന് പ്രസക്തി നഷ്ടപ്പെട്ടു. പുതിയ പുതിയ ധാരാളം പ്രശ്നങ്ങൾ നമ്മുടെ മുന്നിൽ വന്നുകൊണ്ടിരിക്കുന്നു. ജനങ്ങളുടെ ഈവക പ്രശ്നങ്ങളെ ശരിയായ അർത്ഥത്തിൽ മനസിലാക്കുന്നതിനും അവ ഓരോന്നും അർഹിക്കുന്ന ഗൗരവത്തോടെ കൈകാര്യം ചെയ്യുക എന്നുള്ളതുമാണ് ഇന്ന് നമ്മുടെ മുന്നിലുള്ള പ്രധാനവിഷയം. കേരളം സമ്പൂർണ്ണ സാക്ഷര സംസ്ഥാനമാക്കി മാറ്റുന്നതിന് വളരെ നല്ല നിലയിൽ സംഭാവന നൽകിയ ഒരു പഞ്ചായത്താണ് നമ്മുടെതെങ്കിലും മറ്റ് പല കാര്യങ്ങളിലും നാം ഇന്ന് പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. പ്രധാന വിഷയങ്ങൾ ഉത്പാദന മേഖലയിലെ മുരടിപ്പും, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയും, സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ സ്ത്രീകൾക്ക് സ്വാധീനമില്ലായ്മയും ആണ്.

# ഭൂപ്രകൃതിയും കാലാവസ്ഥയും

ഈ പഞ്ചായത്തിലെ ഭൂപ്രകൃതിയെ പ്രധാനമായി 3 ആയി തിരിക്കാം. 1. ഉയർന്ന കുന്നുകളും പാറക്കെട്ടുകളും ഉൾപ്പെടുന്ന പ്രദേശം 2. നിരപ്പായ സമതലപ്രദേശം 3. നിരപ്പായ പുഴയുടെ തീരങ്ങൾ. നമ്മുടെ പഞ്ചായത്തിലെ പ്രദേശങ്ങളെ പുഴക്ക് ഇടതും വലതുമായി രണ്ടായി തിരിക്കാം. പുഴയുടെ ഇടതുവശം 80% വലതുവശം 20%. ഈ പ്രദേശങ്ങൾ കുന്നുകളും പാറക്കെട്ടുകളും നിറഞ്ഞതാണ്. ഈ ഭൂപ്രകൃതിയുള്ള പ്രദേശങ്ങളിലെല്ലാം പ്രധാനമായും റബറാണ് കൃഷി ചെയ്തിട്ടുള്ളത്. ചുരുക്കം സ്ഥലങ്ങളിൽ തെങ്ങ്, കമുക്, മാവ്, പ്ലാവ്, തേക്ക് തുടങ്ങിയ വൃക്ഷങ്ങളും ഉണ്ട്. പുഴയുടെ ഇരുവശവും ഭൂരിഭാഗം പ്രദേശങ്ങളും സമതലങ്ങളാണ്. കൂടാതെ പഞ്ചായത്തിന്റെ തെക്കുകിഴക്കേ അതൃത്തിയോടു ചേർന്നുകിടക്കുന്ന പ്രദേശവും സമതലപ്രദേശമാണ്. ഇവിടേയും പ്രധാനകൃഷി റബ്ബറും പൈനാപ്പിളും ആണ്. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി മുതൽ പടിഞ്ഞാറേ അതിർത്തിവരെ നെടുകെ കാളിയാർ പുഴ ഒഴുകുന്നതിനാൽ ഇതിനിരുവശവും വളക്കൂറുള്ള പുഴയോരപ്രദേശമാണ്. ഭൂരിഭാഗം പ്രദേശത്തും ചരൽ കലർന്ന ചുവന്ന മണ്ണ്, മണൽ ഉള്ള എക്കൽ മണ്ണ്, കുറച്ച് സ്ഥലത്തുമാത്രം വെട്ടുകല്ല് കലർന്ന മണ്ണും, ചുണ്ണാമ്പ് കലർന്ന മണ്ണും ഉണ്ട്.

## കാലാവസ്ഥ :

ഈർപ്പരാശിയുള്ള ഒരു ഉഷ്ണമേഖലാ പ്രദേശമാണ് ഇത്. വേനൽക്കാലത്ത് കഠിനമായ ചൂടും വർഷകാലത്ത് ശക്തിയായ മഴയും അനുഭവപ്പെടുന്നു. സാധാരണ കാലവർഷത്തിലും തുലാവർഷത്തിലും ഇടിയും മിന്നലും ഉള്ള മഴയും ശക്തിയായി കാറ്റും അനുഭവപ്പെടാറുണ്ട്. വർഷങ്ങളിൽ ഇടവപ്പാതിയാണ് കൂടുതൽ കാലം ലഭിക്കുന്നത്. തുലാവർഷംകൊണ്ട് 25% മഴ മാത്രമേ ലഭിക്കാറുള്ളൂ. പല വർഷങ്ങളിലും ആവശ്യത്തിന് ഇടമഴ ലഭിക്കാറുണ്ട്. വേനൽക്കാലത്തെ അതിശക്തമായ വെയില് കാരണം സസ്യലതാദികളും കൃഷിയും ഉണങ്ങി നശിച്ച് പോവുക എന്നുള്ളത് സാധാരണമാണ്.

## ജലലഭ്യത:

പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഈ പഞ്ചായത്തിലെ ജലലഭ്യത. മഴകൊണ്ട് ധാരാളം ജലം ഭൂമിയിൽ വീഴുന്നുണ്ടെങ്കിലും മണ്ണിന്റെ ജല സംഭരണശേഷി കുറവായതിനാൽ അധികജലവും പാഴായിപ്പോകുന്നു. പുഴയിൽ സാധാരണയായി ജനുവരിമാസംവരെ വെള്ളം ഉണ്ടാകുമ്പോൾ തോടുകളിലും കുളങ്ങളിലും ഡിസംബറിൽ തന്നെ വെള്ളം വറ്റുന്നു. കിണറുകളിൽ ജനുവരി, ഫെബ്രുവരി പകുതിവരെ ആവശ്യത്തിന് വെള്ളം ഉണ്ടാകും. പഞ്ചായത്തിലെ പലഭാഗങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം ഇന്നും നിലനിൽക്കുന്നു. ഭൂഗർഭജലം ആവശ്യത്തിന് ലഭ്യമാണെങ്കിലും അത് എടുത്ത് ഉപയോഗിക്കുവാനുള്ള സംവിധാനം പഞ്ചായത്തിൽ ഇതുവരെ കാര്യമായി ഉണ്ടായിട്ടില്ല.

## ഭൂവിനിയോഗം:

ഈ പഞ്ചായത്തിൽ ആകെ 1589 ഏക്കർ 73 സെന്റ് നിലവും 6725 ഏക്കർ 36 സെന്റ് പുരയിടവും 97 ഏക്കർ 86 സെന്റ് തരിശും ഉണ്ടെന്ന് വില്ലേജിലെ രേഖകളിൽ കാണുന്നു. ആകെ 7412.95 ഏക്കർ സ്ഥലം.

പട്ടിക-2

| കൈവശ സ്വഭാവം | കൈവശക്കാരുടെ എണ്ണം |
|---|---|
| 1 സെന്റുമുതൽ 10 സെന്റ് വരെ | 2950 |
| 11 " 25 സെന്റ് വരെ | 1230 |
| 26 " 50 " | 930 |
| 51 " 100 | 1560 |
| 101 " 200 | 1480 |
| 201 " 500 | 1310 |
| 5 ഏക്കറിനുമേൽ | 580 |
| ആകെ | 10040 |

ഇതിൽ നിന്നും പഞ്ചായത്തിലെ 7315 ഏക്കർ ഭൂമി 10040 ആളുകളുടെ കൈവശത്തിലാണെന്നു കാണാം. ഭൂരിപക്ഷം ആളുകളും 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരാണ് (2950 പേർ) 5 ഏക്കറിന് മേൽ ഭൂമിയുള്ളവർ 580 പേർ മാത്രമേയുള്ളൂ. ആകെ 97 ഏക്കർ 86 സെന്റ് തരിശ് ഭൂമി കഴിച്ച് 7315 ഏക്കറും കൃഷിഭൂമിയാണ്.

പട്ടിക-3

| പതിച്ച് നൽകാവുന്ന ഭൂമി | |
|---|---|
| നിലം | 5 ഏക്കർ |
| പുരയിടം | 60 ഏക്കർ |

പഞ്ചായത്തിലെ കൃഷിഭവൻ രേഖ അനുസരിച്ച് 2980 ഹെക്ടർ സ്ഥലത്തുമാത്രമേ കൃഷി നടക്കുന്നുള്ളൂ. എന്നാൽ

വില്ലേജ് സെറ്റിൽമെന്റ് രേഖപ്രകാരം 7315.09 ഹെക്ടർ സ്ഥലം ഉണ്ട്. കൃത്യമായ പ്രാഥമിക വിവരശേഖരണം നടത്തിയാൽ മാത്രമേ ഭൂവിനിയോഗത്തിന്റേയും വിളകളുടേയും യഥാർത്ഥ ചിത്രം നമുക്ക് ലഭിക്കുകയുള്ളു.

പട്ടിക-4
**ജൈവസമ്പത്ത്**

| നാടൻ | | സങ്കരഇനം | | എരുമ | പോത്ത് | ആട് | | പന്നി | പട്ടി |
|---|---|---|---|---|---|---|---|---|---|
| M | F | M | F | | | M | F | | |
| 252 | 1587 | 311 | 1982 | 28 | 125 | 396 | 1050 | 884 | 1315 |

"മൃഗാശുപത്രി രേഖ ആധാരം"

ആയവന പഞ്ചായത്തിലെ സർക്കാർ മൃഗാശുപത്രിയിൽനിന്നും ലഭിച്ച രേഖപ്രകാരമുള്ള മൃഗങ്ങളുടെ കണക്കാണ് മുകളിൽ കൊടുത്തിട്ടുള്ളത്. പക്ഷികളെപ്പറ്റി ഉള്ളവിവരം ലഭിച്ചിട്ടില്ല.

പട്ടിക5
**മനുഷ്യവിഭവം**

| ജനന മരണ നിരക്ക് | ജനനം | മരണം |
|---|---|---|
| 93–94 | 1 | 55 |
| 94–95 | 7 | 52 |
| 95–96 | 1 | 55 |

പഞ്ചായത്തിൽ 1991ൽ സെൻസസ് പ്രകാരം ആകെ ജനസംഖ്യ 17856 പേരാണ്. ഇതിൽ 8986 പുരുഷന്മാരും 8870 പേർ സ്ത്രീകളുമാണ്. മുകളിലെ ചാർട്ട് പരിശോധിച്ചാൽ ജനന മരണ നിരക്ക് വേണ്ടതുപോലെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നില്ല എന്നു കാണാൻ കഴിയും. ഭൂരിപക്ഷം ജനനങ്ങളും ഇന്ന് വ്യത്യസ്ഥ ആശുപത്രിയിൽ ആണ് നടക്കുന്നത്. ഇതൊന്നും പഞ്ചായത്ത് രേഖകളിൽ വരുന്നില്ല. ആയതുകൊണ്ട് വ്യക്തമായ കണക്കുകൾ തയ്യാറാക്കുക സാധ്യമല്ല. മുഴുവൻ ജനനമരണങ്ങളും പഞ്ചായത്തിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. പഞ്ചായത്തിൽ പൊതുവേ വിദ്യാഭ്യാസം ഉള്ള ജനങ്ങളാണ് വസിക്കുന്നത്. കാർഷിക പ്രാധാന്യമുള്ള പഞ്ചായത്തായതിനാൽ കൂടുതൽ തൊഴിലാളികളും കാർഷികരംഗത്ത് പണി എടുക്കുന്നു. ചീഫ് രജിസ്ട്രേഷൻ ഓഫീസിൽനിന്നുള്ള കൃത്യമായ ജനനമരണ കണക്ക് കാലാകലങ്ങളിൽ പഞ്ചായത്തിൽ ലഭ്യമാക്കുക.

# വികസന മേഖലകൾ

## കൃഷി, ജലസേചനം

പഞ്ചായത്തിൽ, കൃഷി ഓഫീസ് റിക്കാർഡുകൾ പ്രകാരം 2980 ഹെക്ടർ സ്ഥലത്ത് വിവിധ ഇനം കൃഷി നടക്കുന്നുണ്ട്. 464 ഹെക്ടർ നിലം ഉള്ളതിൽ ഒന്നാം വിളയ്ക്കായി 210 ഹെക്ടറും രണ്ടാം വിളയ്ക്കായി 254 ഹ്കെടറും ഉപയോഗപ്പെടുത്തുന്നു. പഴയ കൃഷി സമ്പ്രദായവും പുതിയ കൃഷി സമ്പ്രദായവും തമ്മിൽ വളരെ അധികം മാറ്റങ്ങൾ ഉണ്ടെങ്കിലും ഈ പഞ്ചായത്തിൽ കാർഷിക വിളകളുടെ ഉല്പാദന ക്ഷമത വളരെ കുറവാണ്. അതിന്റെ ഫലമായി പഞ്ചായത്തിന്റെ സാമൂഹിക, സാമ്പത്തിക മേഖലയിലെ തകർച്ചയ്ക്ക് കൃഷി കാരണമായിട്ടുണ്ട്. ഇവിടത്തെ മുഖ്യ വിളകൾ നെല്ല്, തെങ്ങ്, റബർ, മരച്ചീനി, പച്ചക്കറി, വാഴ, പൈനാപ്പിൾ എന്നിവയാണ്. ഓരോ വിള കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയും ഓരോ വിഭാഗത്തിന്റെയും മൊത്തം ഉല്പാദനവും ഉല്പാദനക്ഷമതയും താഴെ വിവരിക്കുന്നു. പ്രധാന വിളകളുടെ എല്ലാ ഉല്പാദനക്ഷമത 50% ൽ താഴെയാണ്.

പട്ടിക 6
**മുഖ്യവിളകൾ**

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉദ്പാദനക്ഷമത ഹെക്ടറിന് |
|---|---|---|---|
| നെല്ല്(1-ാംവിള) | 210ഹെ. | 6,09000 കി. | 2900 കി. |
| നെല്ല്(2-ാം വിള) | 254" | 635000 " | 2500 " |
| നെല്ല് (3-ാം വിള) | – | – | – |
| പയറ് | 20 " | 4000 | 200 |
| എള്ള് | 1 " | 200 | 200 |
| പച്ചക്കറി | 10" | 10000 | 1000 |
| തെങ്ങ് | 520 " | 2548000തേങ്ങ | 4900/വർഷം |
| വാഴ | 100 " | 500000 കി. | 5000 കി. |
| മരച്ചീനി | 18 " | 180000 കി. | 10,000 കി. |
| കുരുമുളക് | 50 " | 50000 കി. | 10000 കി. |
| കശുമാവ് | 2 " | 600 കി. | 300 കി. |
| റബ്ബർ | 770 " | 924000 കി. | 1200 കി. |
| കമുക് | 25 " | 6250000 എണ്ണം | 250000 എണ്ണം |
| പൈനാപ്പിൾ | 1000 H | 1000000എണ്ണം (1250000 കി) | 12500 " |

പഞ്ചായത്തിൽ നെൽകൃഷി വർഷംതോറും ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നു. പകരം നാണ്യ വിളകൾ കൃഷി ചെയ്യുന്ന പ്രവണത കൂടിവരുന്നു. ഇതിനു പ്രധാന കാരണം നെൽകൃഷി പലകാരണങ്ങളാലും നഷ്ടമായതുകൊണ്ടും, പൈനാപ്പിൾ, റബർ മുതലായ നാണ്യ വിളകൾ ലാഭകരമായതും കൊണ്ടും ആണ് ഗ്രാമസഭകളിൽ വന്ന റിപ്പോർട്ടുകൾ അനുസരിച്ച് കൃഷി മോശമാകുവാൻ പ്രധാന കാരണം ജലസേചനത്തിന്റെ കുറവും, പുതിയ സാങ്കേതിക വിദ്യകളുടെ

ലഭ്യത കുറവും, വർധിച്ച കൂലിയും തൊഴിലാളികളുടെ കുറഞ്ഞ ഉല്പാദനക്ഷമതയും, തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്ത അവസ്ഥയും, കൃഷിഭവന്റെ സമയാസമയങ്ങളിലുള്ള സഹായ കുറവും, ഉല്പന്നങ്ങൾക്ക് അർഹമായ വില കിട്ടാനുള്ള തക്ക വിപണന സൗകര്യം ഇല്ലാത്തതും, മണ്ണ് പരിശോധിച്ച് നിർദേശങ്ങൾ ലഭിക്കായ്കയുമാണ്. പഞ്ചായത്തിൽ ഉടനീളം 26 തോടുകൾ ഒഴുകുന്നുണ്ട്.

പട്ടിക 7...

| വാർഡ് | തോടുകൾ |
|---|---|
| 1. | മൂക്കൻതോട്<br>പെരുക്പാടംതോട്<br>പേരമംഗലം ഞാറയ്ക്കൽതോട്<br>കാവക്കാട് കനാൽ (MVIP) |
| 2. | നെടുങ്കല്ലേത്താഴം തോട്.<br>കൊയ്ത്തുമാരിത്തോട്<br>നടാഞ്ചേരിതോട് |
| 3. | അരീയ്ക്കൽ തോട്<br>ആവണങ്കോട് പാടംതോട്<br>പുത്തൻതോട് |
| 4. | ആലയ്ക്കൽ തോട്<br>കണ്ണമ്പുഴ തോട്.<br>ആണ്ടുതോട്. |
| 5. | മാത്തുംതോട്<br>അഴിയെട്ടുംപറത്തോട്, കോട്ട-തടത്തിതാഴം തോട് |
| 6. | പുല്ലാന്തിക്കുടി തോട്, കാവുകണ്ടംതോട്, വെള്ളാങ്കൽ തോട്, നീരോലിക്കൽ താഴെ റോഡ് |
| 7. | പരിപ്പ് തോട് |
| 8. | മൂഴ്യ്ക്കമാരി തോട്<br>ചെമ്പ്രംകോട് ചിറതോട് |
| 9. | മുക്കണ്ണിപ്പാടം തോട് (ചീനയ്ക്ക തോട്) |

ഈ 26 തോടുകളിലും ഡിസംബർ, ജനുവരി മാസങ്ങളിൽ മാത്രമേ വെള്ളം ഉള്ളൂ. ഇതിൽ അരിയ്ക്കൽ തോട്ടിൽ നാലു ക്രോസ് ബാറുകളും മൂക്കൻതോട്ടിൽ 4 ക്രോസ് ബാറും, പരിപ്പു തോട്ടിൽ ഒരു ക്രോസ് ബാറും, ആവണങ്കോട് തോട്ടിൽ ഒരു ക്രോസ് ബാറും, മുക്കണ്ണിപ്പാടം തോട്ടിൽ ഒരു ക്രോസ് ബാറും നിലവിലുണ്ട്. ഇതിൽ ഒന്നും യഥാസമയം വെള്ളം കിട്ടുന്നില്ല. യഥാസമയങ്ങളിൽ അറ്റകുറ്റപ്പണികൾ തീർത്ത് പലകകൾ ഇട്ട് കൊടുക്കാത്തതുകൊണ്ട് കൃഷിക്കാവശ്യമായ സമയത്ത് വെള്ളം ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. നല്ല വീതിയുള്ള പരിപ്പു തോട് 7-ാം വാർഡിന്റെ നെടുകെ കടന്നുപോകുന്നു. ഈ തോടിന്റെ ഇരുവശത്തുമുള്ള സർക്കാർ ഭൂമി പലരും കൈവശപ്പെടുത്തിയിരിക്കുന്നതിനാൽ മഴക്കാലത്ത് തോടിന്റെ വശങ്ങൾ തകർന്ന് ഇരുവശങ്ങളിലുമുള്ള നെൽകൃഷി നശിക്കുന്നു. രണ്ടുവശമുള്ള സർക്കാർ ഭൂമി തിരിച്ചെടുത്ത് തോട് താഴ്ത്തി രണ്ടുവശവും കരിങ്കല്ലുകൊണ്ട് കെട്ടി ആവശ്യമുള്ള സ്ഥലത്ത് ക്രോസ് ബാറുകൾ സ്ഥാപിച്ച് വാർഡിൽ ജലസേനച സൗകര്യം ഉണ്ടാക്കണം. അതുപോലെ മേല്പടി വാർഡുകളിലെ എല്ലാ തോടുകളുടെയും വശങ്ങൾ കെട്ടി സംരക്ഷിക്കേണ്ടതാകുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ ഇട്ട് ജലസേചന സൗകര്യം ഉണ്ടാക്കുകയും നിലവിലുള്ള ക്രോസ് ബാറുകൾ അറ്റകുറ്റപണികൾ തീർത്ത് ജലസേചന സൗകര്യം വർധിപ്പിക്കേണ്ടതും ആകുന്നു. ഈ വിധം ചെയ്യുന്നതായാൽ കാർഷിക മേഖല വളരെയധികം പുഷ്ടിപ്പെടുത്തുവാൻ കഴിയും. അതുപോലെ ചെമ്പ്രംക്കോട് ചിറ താഴ്ത്തി സ്റ്റേഡിയം സംരക്ഷിച്ചുകൊണ്ടും വെറുതെ ഒഴുകിപ്പോകുന്ന ജലം തടഞ്ഞു നിറുത്തിയാൽ 10 ഹെക്ടറോളം സ്ഥലത്ത് നല്ല രീതിയിൽ നെൽകൃഷി നടത്താം. പാടങ്ങളിലെ പ്രധാന വിളക്രമമായ നെൽകൃഷി കഴിഞ്ഞാൽ ഇടവിളയായി പയറ്, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യാൻ സൗകര്യം ഉണ്ടാക്കിയാൽ പഞ്ചായത്തിൽ മുഴുവൻ വേണ്ട പച്ചക്കറി ഉല്പാദിപ്പിക്കുവാൻ കഴിയും. 4-ാം വാർഡിലെ കിളിയംപുറം കോളനി, മുല്ലപ്പുഴച്ചാൽ, കോട്ടഭാഗം എന്നിവിടങ്ങളിലെ യഥാക്രമം 1 ഏക്കർ, 40 സെന്റ്, 50 സെന്റ് തരിശുഭൂമികൾ ഉള്ളത് തിരിച്ചെടുത്ത് കൃഷിയോഗ്യമാക്കണം. ഈ പഞ്ചായത്തിലെ എല്ലാ വാർഡിലെയും മണ്ണിന്റെ ഫലഭൂയിഷ്ടി പരിശോധനക്കായി കൃഷിഭവൻ മുഖേന മണ്ണു പരിശോധന നടത്തി ശാസ്ത്രീയമായി കൃഷി ചെയ്യുവാൻ വേണ്ട കാര്യങ്ങൾ അടിയന്തിരമായി ചെയ്യണം. കുന്നിൻ പ്രദേശങ്ങളിൽ ഇടക്കയ്യാലകൾ തീർത്ത് മണ്ണൊലിപ്പ് തടയാൻ വേണ്ട സംവിധാനം ഉണ്ടാക്കമം.

പഞ്ചായത്തിൽ പൊതുവെ, കൃഷിപ്പണിയ്ക്ക് അറിവുള്ള വേണ്ടത്ര പണിക്കാരെ കിട്ടാത്തതിനാൽ കൃഷിഭവൻ മുഖേന യന്ത്രവൽകൃത കൃഷിരീതികളും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കണം. എല്ലാ വാർഡുകളിലും ഏറ്റവും കുറഞ്ഞത് രണ്ട് 'ലിഫ്റ്റ് ഇറിഗേഷൻ' പദ്ധതികൾ നടപ്പിൽ വരുത്തി ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കണം. M.V.I.P.യുടെ കനാൽ രണ്ടാം വാർഡിലും, കാലാമ്പൂര് മേഖലകളും എത്തിയ്ക്കേണ്ടത് ആവശ്യമാണ്. പാടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്നത് പഞ്ചായത്തിൽ വ്യാപകമായിട്ടുണ്ട്. ഇത് കർശനമായി നിരോധിയ്ക്കണം. കർഷക തൊഴിലാളികളുടെ കൂലി നിരക്ക് പുരുഷന്മാർക്ക് 75-80 രൂപയും സ്ത്രീകൾക്ക് 35-40 രൂപയും ആണെങ്കിലും അവരുടെ ഉല്പാദനക്ഷമത പൊതുവേ കുറഞ്ഞുവരുന്നത് ആശങ്കാജനകമാണ്. നെൽകൃഷിക്കാർക്ക് സാമ്പത്തിക സഹായം (വായ്പ) സഹകരണസംഘം വഴി കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കണം. ഉല്പന്നമായ നെല്ലിന് ന്യായമായ വില കിട്ടുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു സംഭരണ കേന്ദ്രം തുടങ്ങണം. നെൽകൃഷിയ്ക്ക് ഉണ്ടാകുന്ന രോഗങ്ങളെപ്പറ്റി കൃഷിക്കാർക്ക് ബോധവൽക്കരണം നടത്തുകയും ആവശ്യമായ കീടനാശിനികൾ സൗജന്യമായി വിതരണം ചെയ്യുകയും വേണം. കൃഷിക്കാർ പൊതുവെ കൂടുതലായി രാസവളങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് വമ്പിച്ച സാമ്പത്തിക ബാധ്യതയും മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവിനും ഇടവരുത്തും. ആയതുകൊണ്ട് ജൈവവള പ്രയോഗത്തെപ്പറ്റിയുള്ള പ്രചാരണം നടത്തുകയും വേണം. അമിതമായ രാസവള കീടനാശിനി പ്രയോഗത്തിന്റെ കണക്കുകൾ താഴെ വിവരിക്കുന്നു.

**പട്ടിക--7 കീടനാശിനി**

| | രാസവളം | ദ്രവം | ഖരം |
|---|---|---|---|
| 1993-94 | 110 ടൺ | 50 ലി. | 10ടൺ |
| 1994-95 | 125 ടൺ | 55 ലി. | 12 ടൺ |
| 1995-96 | 140 ടൺ | 48 | 9 ടൺ |

ഇത് പേരമംഗലം, എനാനല്ലൂർ സഹകരണ സംഘങ്ങളിൽനിന്നും വാങ്ങിയ വളം, കീടനാശിനികളുടെ മാത്രം കണക്കാണ് യഥാർഥ ഉപയോഗം ഇതിലും എത്രയോ കൂടുതലാണ്.

ജൈവ വളം നാമമാത്രമായി മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ.

ചെമ്പ്രാകട് ചിറയുടെ ഒരുഭാഗം നികത്തി പൊതു സ്റ്റേഡിയമാക്കിയിരിക്കുന്നത് പൂർത്തീക്കരിക്കുന്നതിന് ചിറയുടെ കുറെ ഭാഗം കൂടി എടുത്ത് സ്റ്റേഡിയത്തിന് വിസ്തൃതി കൂട്ടിയും ചിറ താഴ്ത്തി കരിങ്കൽ ഭിത്തികെട്ടി സംരക്ഷിച്ച് കൃഷിയ്ക്ക് വെള്ളം ലഭിക്കുന്ന അവസ്ഥയാക്കണം. വളരെ അത്യാവശ്യമായി പഞ്ചായത്തിലുള്ള കൃഷിക്കാർക്ക് ശാസ്ത്രീയ കൃഷിരീതി വളപ്രയോഗം തുടങ്ങിയവയെപ്പറ്റി ബോധവൽക്കരണം നടത്തണം. കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ, ഓഫീസ് ജീവനക്കാർ മാത്രമായി മാറാതെ കൃഷിക്കാരുടെ ദൈനംദിന കാർഷിക കാര്യങ്ങൾ നല്ലരീതിയിലേയ്ക്ക് നയിക്കുവാനുള്ള ഒരു മാർഗ്ഗനിർദ്ദേശകനായി കൃഷിക്കാരോടൊപ്പം നില്ക്കുകയും കൃഷിഭവനിൽനിന്നുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ യഥാസമയങ്ങളിൽ കൃഷിക്കാർക്ക് ലഭ്യമാക്കുകയും വേണം. കൃഷിക്കാർക്ക് സൗജന്യനിരക്കിൽ കൃഷിഭവൻ വഴി അതുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കണം.

ആയവന പഞ്ചായത്തിൽ 520 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നടത്തുന്നുണ്ട് എന്നാണ് കൃഷിഭവൻ കണക്കുകൾ സൂചിപ്പിക്കുന്നത്. തെങ്ങു കൃഷിക്കാർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഉല്പന്നത്തിന്, ഉല്പാദന ചെലവിന് ആനുപാതികമായി യഥാസമയങ്ങളിൽ വില ലഭിക്കുന്നില്ല. തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ, ഓലമഞ്ഞളിപ്പ്, കാറ്റ് വീഴ്ച, മണ്ട ചീയൽ തുടങ്ങിയവയാണ്. ഇതിന് ഫലപ്രദമായ പരിഹാരം കാണുന്നതിന് വേണ്ട സംവിധാനം ഉണ്ടാകണം. കേര വികസന സമിതി നല്ല രീതിയിൽ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും സബ്സിഡി നിരക്കിൽ രാസവളങ്ങളും, പമ്പ് സെറ്റുകളും, കിണർ കുഴിപ്പിക്കുവാനുള്ള സഹായവും മാത്രമേ ഈ ഏജൻസി മുഖേന ലഭിക്കുന്നുള്ളൂ. ഈ അനുകൂല്യം പഞ്ചായത്തിലെ മുഴുവൻ തെങ്ങ് കൃഷിക്കാർക്കും ലഭ്യമാക്കണം. ഈ സമിതി മുഖേന തേങ്ങയ്ക്ക് ന്യായമായ വില കിട്ടുവാൻ വേണ്ടി കർഷകരിൽനിന്ന് തേങ്ങ ശേഖരിച്ച് വില്പന നടത്തണം. പഞ്ചായത്തിലെ 90% തെങ്ങുകൾക്കും മഞ്ഞളിപ്പ്, കൂമ്പു ചീയൽ, കാറ്റ് വീഴ്ച തുടങ്ങിയ രോഗങ്ങളുണ്ട്. കൃഷിവകുപ്പ് അടിയന്തിരമായി ഈ പഞ്ചായത്തിലെ തെങ്ങു കൃഷിയുടെ കാര്യങ്ങൾ പഠിച്ച് പരിഹാരം ഉണ്ടാക്കണം. തെങ്ങു കൃഷിയ്ക്ക് ഇൻഷ്വൂറൻസ് സ്കീം നിലവിലുണ്ടെങ്കിലും, ഭൂരിപക്ഷം കൃഷിക്കാരും ഇതിനെപ്പറ്റി അറിഞ്ഞിട്ടു കൂടിയില്ല. രോഗബാധിത തെങ്ങുകളെക്കൂട്ടി ഇൻഷ്വൂറൻസ് സ്കീമിൽ ഉൾപ്പെടുത്തണം.

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്ന വിള റബറാണ്. റബർ കൃഷിയ്ക്കുള്ള ആനുകൂല്യം പഞ്ചായത്ത് സ്ഥാപനങ്ങൾ വഴി കർഷകർക്ക് നല്കണം. റബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് നല്ല വില ലഭിക്കുന്നതിനും റബർ അധിഷ്ടിത വ്യവസായം ആരംഭിക്കണം.

ഇടവിള കൃഷികളായ മരച്ചീനി, വാഴ, പൈനാപ്പിൾ, പയറ്, എള്ള്, പച്ചക്കറി തുടങ്ങിയവ നല്ല രീതിയിൽ കൃഷിചെയ്യുന്നതിന് വേണ്ടി കർഷകർക്ക് സാങ്കേതിക പരിജ്ഞാനവും സാമ്പത്തിക സഹായങ്ങളും നല്ല വിത്തുകളും ലഭ്യമാക്കണം.

നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി കൃഷിചെയ്തുവരുന്ന ഒരു വിളയാണ് പൈനാപ്പിൾ, മറ്റ് ഏത് വിളയും കൃഷി ചെയ്യുന്നതിനേക്കാൾ ലാഭമുള്ള കൃഷിയാണ് പൈനാപ്പിൾ കൃഷി. അതുകൊണ്ട് നെൽപാടങ്ങളിൽപോലും പൈനാപ്പിൾ കൃഷി വ്യാപകമായി ചെയ്തുവരുന്നു. ഇത് നമ്മുടേതുപോലുള്ള പഞ്ചായത്തുകളിൽ മാത്രം വ്യാപിച്ചിട്ടുള്ള കൃഷിയായതിനാൽ കൃഷിവകുപ്പിൽനിന്നും യാതൊരു പരിഗണനയും പൈനാപ്പിൾ കർഷകർക്ക് ലഭിക്കുന്നില്ല. മാത്രമല്ല അവരുടെ ഉല്പന്നങ്ങൾ ഇന്ന് ചില സ്വകാര്യ കച്ചവടക്കാരാണ് വാങ്ങുന്നത്. അർഹമായ വിലപലപ്പോഴും കർഷകർക്ക് ലഭിക്കുന്നില്ല. എന്നുമാത്രമല്ല പലപ്പോഴും സംഭരിച്ചു വയ്ക്കാനോ മറ്റ് പദാർഥങ്ങളോ ആക്കി മാറ്റാനോ സംവിധാനമില്ലാത്തതിനാൽ വളരെ വിലക്കുറച്ച് (കിട്ടുന്ന വിലയ്ക്ക്) വില്ക്കുവാൻ കർഷകർ നിർബന്ധിതരാകുന്നു. ഇത് പരിഹരിക്കുവാൻ പഴ സംസ്കരണ ഫാക്ടറി പഞ്ചായത്തിൽ സ്ഥാപിക്കുകയും, പൈനാപ്പിൾ വാങ്ങുന്നതിനും സംസ്കരിക്കുന്നതിനുമായി ഒരു സഹകരണ സംഘം അടിയന്തിരമായി സ്ഥാപിക്കുകയും വേണം.



# നമ്മുടെ പഞ്ചായത്തിലെ കാർഷിക രംഗത്ത് നടപ്പു പദ്ധതികളുടെ അവലോകനം.

കഴിഞ്ഞ 2 വർഷംകൊണ്ട് കൃഷിഭവൻ മുഖേന നടത്തിയ പദ്ധതികൾ

## നെൽകൃഷി:

1.സെന്റിന് ഒരു രൂപ നിരക്കിൽ സബ്സിഡി കർഷകർക്ക് നല്കി വരുന്നുണ്ട്.

2. കീടനാശനികൾ നാലിലൊന്ന് സബ്സിഡി നിരക്കിൽ ഗ്രൂപ്പ് ഫാമിംഗിന്റെ കീഴിൽ വിതരണം ചെയ്യുന്നുണ്ട്.

3. ഈ കാലയളവിൽ ഒമ്പതു വാർഡുകളിലും പാടശേഖര സമിതികൾ നിലവിലുണ്ട്.

4. കുറ്റിപമ്പുകൾ 500 രൂപ സബ്സിഡി നിരക്കിൽ 1994 വർഷത്തിൽ കൊടുത്തിട്ടുണ്ട്.

5. ജലസേചന സൗകര്യത്തിനായി 1993-94 കാലഘട്ടങ്ങളിൽ പമ്പു സെറ്റുകൾ സബ്സിഡിയോടുകൂടി വളരെ കുറച്ചു പേർക്ക് വിതരണം നടത്തിയിട്ടുണ്ട്.

6. ഗ്രൂപ്പ് ഫാമിംഗ് മുഖേന കക്ക വിതരണം ചെയ്തിട്ടുണ്ട്.

## തെങ്ങ് കൃഷി

"1993-94 കാലഘട്ടത്തിൽ ഉണ്ടായിരുന്ന വികസന സമിതികൾ മുഖേന, പമ്പ് സെറ്റുകൾ, തുരിശ്, മാഗ്നീഷ്യം സൾഫേറ്റ്, കക്ക, ചവിട്ടു പമ്പ്, മുതലായവ നാമമാത്രമായി വിതരണം ചെയ്തിട്ടുണ്ട്. 1994-95 ൽ പഞ്ചായത്തിൽ മുഴുവനായി കേര വികസന സമിതി നിലവിൽ വരികയും അതുവഴി തെങ്ങു കൃഷിക്കാരെ അംഗങ്ങളായി ചേർക്കുകയും ചെയ്തു. രാസവള ക്കിറ്റുകൾ, ചവിട്ടുപമ്പ്, കിണർ കുഴിയ്ക്കാൻ സഹായം, പമ്പ് സെറ്റ് തുടങ്ങിയ മൂന്നിലൊന്ന് സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. പുതുതായി തെങ്ങിൻ തൈകൾ നടുന്ന വർക്ക് കേര വികസന ബോർഡിന്റെ പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് മൂന്ന് വർഷം കൊണ്ട് മൂവായിരം രൂപ തോതിൽ നൽകി വരുന്നുണ്ട്. അത്യുത്പാദന ശേഷിയുള്ള TXD, DXT, WCT തുടങ്ങിയ തെങ്ങിൻ തൈകൾ വിതരണം ചെയ്തു വരുന്നു. 1993-94 വർഷത്തിൽ 225 ഉം 1994-95 ൽ 350 ഉം 1995-96 820 ഉം തെങ്ങിൻ തൈകൾ വിതരണം നടത്തിയിട്ടുണ്ട്. തെങ്ങിന്റെ ഇടവിള കൃഷിയ്ക്ക് ആനുകൂല്യങ്ങൾക്ക് നല്കിവരുന്നുണ്ട്.

കുരുമുളക് കൃഷി: IPDS പദ്ധതി പ്രകാരം കുരുമുളക് കൃഷിയ്ക്ക് രാസവളകിറ്റുകളും പുനരുദ്ധാരണത്തിന് 25% സബ്സിഡി നിരക്കിൽ ഹെക്ടറിന് 3500/- രൂപാ തോതിൽ സബ്സിഡി നല്കി വരുന്നു. 1995-96 വർഷത്തിൽ 7000 കരിമുണ്ട ഇനം കുരുമുളകു തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കീടനാശിനി പമ്പ് തുടങ്ങിയവ സൗജന്യ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ ഇഞ്ചി, മഞ്ഞൾ, കച്ചോലം തുടങ്ങിയവയ്ക്കുള്ള കീടനാശിനികളും ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾക്ക് ആനുകൂല്യങ്ങളും നൽകിവരുന്നു.

## പച്ചക്കറി കൃഷി

മഹിളാ സമാജങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ നല്കിയിട്ടുണ്ട്.

## പഴവർഗ്ഗ ചെടികളുടെ വിതരണം:-

കൃഷി ഭവനിൽനിന്നും മാവ്, പ്ലാവ്, പേര, മുട്ടപ്പഴം, നാരകം തുടങ്ങിയ പഴവർഗ്ഗച്ചെടികൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രാമ്പു, അടയ്ക്കാമരം, കൊക്കോ, കമുക്, കുടംപുളി തുടങ്ങിയ നടീൽ വസ്തുക്കളും വിതരണം ചെയ്തിട്ടുണ്ട്. 1995-96 വർഷത്തിൽ 150 കമുകുതൈകളും, 100 ഗ്രാമ്പു തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൊക്കോ കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം കർഷകർക്ക് 50 സെന്റിന് 2 വർഷം കൊണ്ട് 500 രൂപയുടെ ആനുകൂല്യം നല്കിയിട്ടുണ്ട്. ഈ ആനുകൂല്യം കമുക് കൃഷിക്കാർക്കും നല്കേണ്ടതാണ്.

## പയർകൃഷി

പയർ വിത്തുകൾ, കീടനാശിനികൾ എന്നിവ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട്.

## ബയോഗ്യാസ് പ്ലാന്റ് :

ബയോഗ്യാസ് പ്ലാന്റ് പണിയുന്നതിന് 2m3 പ്ലാന്റിന് 2400 രൂപയും 3m3 പ്ലാന്റിന് 2600 രൂപയും നിരക്കിൽ സബ്സിഡി നല്കിയിട്ടുണ്ട്.

## കീടനാശിനി-രാസവള-ഗുണ നിലവാര നിയന്ത്രണ പദ്ധതി

ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ വിവിധ ഡിപ്പോകളിൽനിന്നും സാമ്പിളുകൾ എടുത്ത്പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുണ്ട്.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

ഈ പദ്ധതിപ്രകാരം ഈ പഞ്ചായത്തിലെ രൂക്ഷമായി പ്രകൃതിക്ഷോഭം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തികാനുകൂല്യം നൽകിയിട്ടുണ്ട്. 93-94 വർഷത്തിൽ വെള്ളപ്പൊക്കദുരിതാശ്വാസമായി 100 പേർക്കായി ഒരുലക്ഷം രൂപയും 94-95ൽ 125 പേർക്കായി 78,000 രൂപയും 95.96 ൽ വെള്ളപ്പൊക്കവും കൊടുങ്കാറ്റും മൂലം 60 പേർക്കായി 1, 11, 261/- രൂപയും വിതരണം ചെയ്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പദ്ധതി

പഞ്ചായത്തിലെ 9 വാർഡിലുള്ള കോളനി നിവാസികൾക്ക് സൗജന്യമായി വിവിധ നടീൽ വസ്തുക്കൾ, രാസവളം കയ്യാല പണിയുന്നതിനും കിണർ കുഴിക്കുന്നതിനും വായ്പ (സബ്സിഡി) എന്നിവ നൽകിയിട്ടുണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

പ്രകൃതി ക്ഷോഭത്തിൽനിന്നും കാർഷിക വിളയെ സംര

ക്ഷിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി. ഏകദേശം 100 കർഷകർ ഈ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

## തൊഴിൽദാന പദ്ധതി

യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതിപ്രകാരം 72 മുന്നോക്ക വിഭാഗക്കാരും 18 പിന്നോക്ക വിഭാഗക്കാരും ഈ പദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. ഇവർക്ക് മറ്റ് ആനുകൂല്യങ്ങളിൽ മുൻഗണന നൽകി വരുന്നുണ്ട്. കൂടാതെ 60 വയസുകഴിഞ്ഞാൽ ഇവർക്ക് പെൻഷൻ ഗ്രാറ്റുവിറ്റി തുടങ്ങിയവ ലഭിക്കും.

## ജനപങ്കാളിത്ത പരിപാടി

ഈ പദ്ധതിപ്രകാരം കർഷകദിനം, ചർച്ചാ ക്ലാസുകൾ, നല്ല കൃഷിക്കാരെ ആദരിക്കൽ സെമിനാറുകൾ തുടങ്ങിയ നടത്തിയിട്ടുണ്ട്.

## ജൈവവള വികസന പദ്ധതി

ഇതുപ്രകാരം ജൈവവള വിത്തുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇത്രയും പദ്ധതികൾ ആയവന കൃഷിഭവൻ മുഖേന നടപ്പാക്കിയിട്ടുണ്ടെങ്കിലും അർഹമായ എല്ലാ കൃഷിക്കാർക്കും പദ്ധതിയുടെ ആനുകൂല്യം കൊടുക്കാനുള്ള വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ഭൂരിപക്ഷം പേർക്കും ഈ സഹായം എത്തിയിട്ടില്ല. പദ്ധതി വിഹിതം യഥാസമയം ലഭിക്കാത്തതുകൊണ്ട് പദ്ധതിയുടെ പൂർണ്ണമായ പ്രയോജനം കൃഷിക്കാർക്ക് ലഭിച്ചിട്ടില്ല. 9–ാം പദ്ധതിയിൽ ഈ മേഖലയിൽ നടപ്പിലാക്കേണ്ട

# പുതിയ പദ്ധതികൾ

## തെങ്ങ് കൃഷി:

1. ഓരോ വർഷവും ചുരുങ്ങിയത് 80 കിണർ കുഴിക്കാനുള്ള ധനസഹായവും, 80 പമ്പ് സെറ്റുകളും അനുവദിക്കണം.

2. ഓരോ വർഷവും 30,000 തെങ്ങുകൾക്ക് വിതരണം ചെയ്യാൻ വേണ്ട രാസവള കിറ്റുകൾ അനുവദിക്കണം.

3. രോഗം വന്ന തെങ്ങ് വെട്ടിമാറ്റുന്നതിന് ഓരോ വർഷവും 5000 തെങ്ങിനുള്ള ആനുകൂല്യമെങ്കിലും അനുവദിക്കണം.

4. പമ്പുകളും, തെങ്ങുകയറ്റ യന്ത്രവും ഓരോ വർഷവും 10 എണ്ണം വീതമെങ്കിലും അനുവദിക്കണം.

## നെൽകൃഷി:

1. സെന്റിന് ഇപ്പോൾ നൽകിവരുന്ന 1 രൂപ സബ്സിഡി കാലാനുസൃതമായി വർധിപ്പിച്ച് ഓരോ പൂവിനും 200 ഹെക്ടർ സ്ഥലത്തിന് നൽകുവാൻ തക്ക രീതിയിലുള്ള ഫണ്ട് അനുവദിക്കണം.

2. 100 ഹെക്ടർ സ്ഥലത്തിന് 50% സബ്സിഡി നിരക്കിൽ ഓരോ വർഷവും കുമ്മായം നൽകണം.

3. 50% സബ്സിഡി നിരക്കിൽ ഓരോ വർഷവും 50 പമ്പ് സെറ്റുകൾ അനുവദിക്കണം. ഇത് നേരിട്ട് കർഷകർക്ക് പഞ്ചായത്തു വഴി ലഭ്യമാക്കണം.

4. പാടത്തിന്റെ സൈഡ് കെട്ടി കൃഷിനാശം ഒഴിവാക്കി സംരക്ഷിക്കാനുള്ള തുക അനുവദിക്കണം.

5. കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുവാൻ വർഷത്തിൽ 3 ടില്ലർ 10 മെതിയന്ത്രം തുടങ്ങിയ 50% സബ്സിഡി നിരക്കിൽ അനുവദിക്കണം.

6. 100 ഹെക്ടറിന് ആവശ്യമായ കീടനാശിനികളും കളനാശിനികളും 50% സൗജന്യത്തിൽ ഓരോ പൂവിനും വിതരണം ചെയ്യണം.

7. 50 ഹെക്ടർ സ്ഥലത്തിന് അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഓരോ പൂവിനും വിതരണം ചെയ്യണം.

8. ഓരോ വർഷവും 75% സൗജന്യനിരക്കിൽ കുറ്റിപമ്പുകൾ 50 എണ്ണം വീതം വിതരണം ചെയ്യണം.

## കുരുമുളക്:

1. സൗജന്യമായി വളം കീടനാശിനി മറ്റുപാധികൾ എന്നിവക്കുമായി ഒരു ഹെക്ടറിന് 5000/–രൂപാ തോതിൽ ഓരോ വർഷവും 25 ഹെക്ടർ സ്ഥലത്തേക്ക് ആനുകൂല്യം നൽകണം.

2. ഇഞ്ചി, മഞ്ഞൾ തുടങ്ങിയവക്ക് ഹെക്ടറിന് 5000/– രൂപാ തോതിൽ ഓരോ വർഷവും 25 ഹെക്ടർ സ്ഥലത്തേക്ക് ആവശ്യമുള്ളത് അനുവദിക്കണം.

## പച്ചക്കറി:

സൗജന്യമായി അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും വളം കീടനാശിനി എന്നിവയും 1000 കിറ്റ് എങ്കിലും എല്ലാവർഷവും നൽകണം.

പൈനാപ്പിൾ: പൈനാപ്പിളിന് നിലവിൽ സ്കീമികൾ ഒന്നുമില്ലാത്തതിനാൽ 1 ഹെക്ടറിന് 3500/– രൂപ തോതിൽ ഓരോ വർഷവും കാർഷികോപാധികൾക്കായി സബ്സിഡി നൽകുക. ഓരോ വർഷവും 300 ഹെക്ടർ സ്ഥലത്തിന് ഈ ആനുകൂല്യം ലഭ്യമാക്കണം.

## പയറ് കൃഷി:

നിലവിലുള്ള പദ്ധതി തുടരുന്നതോടൊപ്പം വിത്തിന് 50% സബ്സിഡി നൽകണം.

## ഭൂവികസനം:

1. ഭൂസംരക്ഷണ പദ്ധതിപ്രകാരം ഇടക്കയ്യാല കെട്ടുന്നതിന് 10000 സ്ക്വയർ മീറ്ററിന് 1/3 സബ്സിഡി ഓരോ വർഷവും നൽകണം.

2. മണ്ണ് പരിശോധന ഓരോവർഷവും സൗജന്യമായി നടത്തി കൃഷിക്കാർക്ക് നല്ല രീതിയിൽ കൃഷിചെയ്യാനുള്ള

സാങ്കേതിക ഉപദേശം നൽകണം.

3.നിലവിലുള്ള കിണറുകളും കുളങ്ങളും നന്നാക്കി ജലസേചന സൗകര്യം കൂട്ടുന്നതിന് പഴയ കിണർ ഒന്നിന് 1500/- രൂപ സബ്സിഡി നൽകണം.

## ബയോഗ്യാസ്:

ഈ പ്ലാന്റ് സ്ഥാപിക്കാനുള്ള സബ്സിഡി 2400/-2600/- രൂപ എന്ന തോതിലുള്ളത് യഥാക്രമം 3600/-4200/- രൂപയാക്കി ഉയർത്തണം.

നടീൽ വസ്തു വിതരണം: DXT ഇനം തെങ്ങിൻ തൈകൾ 1000 എണ്ണം ഓരോ വർഷവും സൗജന്യനിരക്കിൽ വിതരണം നടത്തുക. കൂടാതെ തേക്ക് ഈട്ടി ഇവയുടെ തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി വളം നടീൽ വസ്തുകൾ ഉപകരണങ്ങൾ കിണർ കുഴിക്കാൻ ധനസഹായം. വീടില്ലാത്ത കർഷകർക്ക് ഫാം ഹൗസുകൾ എന്നിവ ഓരോ വർഷവും 50 എണ്ണം അനുവദിക്കണം.

## വിള ഇൻഷ്വറൻസ്:

നിലവിലുള്ള പദ്ധതി തുടരുക

## പ്രകൃതിക്ഷോഭ ദുരിതാശ്വാസം:

ആനുകാലികമായി പദ്ധതി വിഹിതം വർദ്ധിപ്പിക്കുക.
തൊഴിൽദാന പദ്ധതി ഓരോ വർഷവും നടപ്പാക്കുക.

# പൊതുനിർദ്ദേശം:

1. കാർഷികോൽപനങ്ങൾ സംഭരിക്കുവാനും അത് വിതരണം ചെയ്യുവാനുമുള്ള ഒരു സഹകരണസംഘം പഞ്ചായത്തിന്റെ മുൻകൈയോടെ സ്ഥാപിക്കണം.
2. കൃഷിക്കാരുടെ ബോധവൽക്കരണത്തിനായി അതാതു കൃഷിയെ സംബന്ധിച്ച വിവരങ്ങളും സാങ്കേതിക ഉപദേശങ്ങളും അടങ്ങിയ ലഘുലേഖകൾ എല്ലാ കൃഷിക്കാർക്കും കൃഷിഭവൻ മുഖേന വീടുകളിലെത്തിക്കുക.
3. ജനപങ്കാളിത്ത പരിപാടി നലിവിലുള്ളത് തുടരുകയും സെമിനാറുകളും ചർച്ചാ ക്ലാസുകളും ഇടക്കിടെ നടത്തുവാൻ സർക്കാർ തലത്തിൽ സാമ്പത്തിക സഹായം അനുവദിക്കുക.
4. വാട്ടർ ഷെഡ് പദ്ധതിയുടെ പ്രയോജനം ആയവന പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ലഭിക്കത്തക്കവിധം നടപ്പിലാക്കുക.
5. ഓരോ കൃഷിക്കും കുറഞ്ഞ പലിശക്ക് അവയുടെ വിളവെടുപ്പ് തീയതിക്കനുസൃതമായ കാലയളവിൽ ആവശ്യാനുസരണം വായ്പ നൽകുക.
6. ആയവനയിലുള്ള ആഗ്രോ ഇൻഡസ്ട്രീസ് സെന്റർ ഉടനെ പ്രവർത്തനം ആരംഭിച്ച് കർഷകർക്കാവശ്യമുള്ള എല്ലാത്തരും കാർഷിക ഉപകരണങ്ങളും നിർമ്മിച്ച് ആവശ്യക്കാർക്ക് ലഭ്യമാക്കുക.
7. ജലസേചന ദൗർലഭ്യം പരിഹരിക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി നടപ്പിലാക്കുക.

1. ഒന്നാം വാർഡിലെ അയ്യംകോലിൽ, ഇരട്ടേൽ കടവ് എന്നിവിടങ്ങളിലും എട്ടാം വാർഡിലെ തളിക്കാട്ടുകടവിലും ആറാം വാർഡിലെ തോട്ടഞ്ചേരി കടവിലും ചെക്ക് ഡാം പണിയുക.

2. MVIPയുടെ വലതുകര കനാലിന്റെ പോത്താനിക്കാട് വൈലൂർ സബ് കനാലിന്റെ ബ്രാഞ്ച് ഈ പഞ്ചായത്തിലെ 7, 8, 9 വാർഡുകളിൽ മുഴുവൻ വെള്ളം എത്തത്തക്കരീതിയിലും ബാക്കി ഈ കനാലുകൊണ്ട് പ്രയോജനം കിട്ടാത്ത എല്ലാ വാർഡിലും ഈ ബ്രാഞ്ച് കനാൽ നീട്ടി വെള്ളം എത്തിക്കുകയും വേണം.

3. മൂന്നാം വാർഡിലെ പുത്തൂർപാടം, പച്ചക്കൽ പാടം, 5-ാം വാർഡിലെ നടുംപറമ്പിലും, കാഞ്ഞരത്താൻകുന്നിലും 7-ാം വാർഡിലെ ഇടത്തണ്ടേൽ, പൂന്നമറ്റം ഭാഗത്തും പുതിയകുളങ്ങൾ കുഴിക്കുക. 4-ാം വാർഡിലെ കിളിയനാൽ ചിറ നന്നാക്കി ഉപയോഗിക്കുക.

4. 6-ാം വാർഡിലെ കുന്നത്തോലി തരിശ് 7-ാം വാർഡിലെ കുട്ടാട് മലയിലും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

5. വേങ്ങത്തണ്ട് L.I സ്കീമിന്റെ കപ്പാസിറ്റി വർധിപ്പിക്കുക.

6. ഇപ്പോൾ മൈനർ ഇറിഗേഷന്റെ കീഴിൽ അനുവദിച്ചിട്ടുള്ളതും സ്ഥലം വിട്ടുകൊടുക്കാമെന്ന് ഉടമസ്ഥൻ സമ്മതിച്ചിട്ടുള്ളതുമായ 8-ാം വാർഡിൽ തൃക്ക അമ്പലത്തിന്റെ ഭാഗത്തെ ലിഫ്റ്റ് ഇറിഗേഷൻ എത്രയും വേഗം പണി പൂർത്തിയാക്കുക.

7. നിലവിലുള്ള നിയമപ്രകാരം പുഴയിൽനിന്ന് ജലസേചനത്തിന് പമ്പ്സെറ്റ് സ്ഥാപിക്കണമെങ്കിൽ സർക്കാരിൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങണമെന്ന നിബന്ധനമാറ്റി പഞ്ചായത്തിന് ഈ അധികാരം നൽകുക.

8. കാവക്കാട് കനാലിന്റെ സബ് കനാൽ രണ്ടാം വാർഡ് പ്രദേശത്ത് ലഭ്യമാക്കുക.

9. 3-ാം വാർഡിലെ പുത്തൂർപാടം, 4-ാം വാർഡിലെ വടക്കും പാടം, കോൽപാടം 7-ാം വാർഡിലെ പരിപ്പ്തോട് 8-ാം വാർഡിലെ ചെമ്പ്രംകോട് ചിറ, തളിക്കാട്ടു കടവ് തോട് എന്നിവ കരിങ്കല്ലുകൊണ്ട് കെട്ടി ഉറപ്പാക്കുക.

10. 3-ാം വാർഡിൽ ശ്രീ. വർക്കി സ്കറിയാ തുരുത്തേൽ എന്നയളുടെ കൈവശം ഇരിക്കുന്നതും സർക്കാർ പണം (ഓർഡർ നം. 650/93 Dt.28-10-93) ഡിവിഷൻ MIET, EKM) ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള കുളം നാട്ടുകാർക്ക് പ്രയോജനപ്പെടുത്തുകയോ അല്ലങ്കിൽ ഈ തുകയും പലിശയും ട്രയാനിൽനിന്നും ഈടാക്കി മറ്റൊരുകുളം ജലസേചനത്തിനായി നിർമ്മിക്കുകയോ ചെയ്യുക.

11. ചെമ്പ്രംകോട് ചിറ താഴ്ത്തി കരിങ്കല്ലുകൊണ്ട് സൈഡ്കെട്ടി സംരക്ഷിക്കുക.

12. പറക്കോട്ടിലെ കുളം ഉടൻ നന്നാക്കുക.

13. പാറത്താഴത്ത് വലിയ ടാങ്ക് കെട്ടി ജലസേചന സൗകര്യം ഉണ്ടാക്കുക.

നമ്മുടെ പഞ്ചായത്തിലെ പച്ചക്കറിക്ഷാമം പരിഹരിക്കുവാൻ മുഴുവൻ വീടുകളിലും അടുക്കളതോട്ടങ്ങളോ പച്ചക്കറി തോട്ടങ്ങളോ സ്ഥാപിക്കുവാൻ വേണ്ട സാങ്കേതിക സാമ്പത്തിക

സഹായങ്ങൾ വിത്ത് വളം തുടങ്ങിയവ കൃഷിഭവൻ മുഖേന നൽകുക.

പഞ്ചായത്തിലെ കൃഷിയോഗ്യമായ മുഴുവൻ തരിശ്ഭൂമി ഏറ്റെടുത്ത് കൃഷിചെയ്യാൻ സന്നദ്ധ സംഘടനകളെ ഏല്പിക്കുകയോ, കുറഞ്ഞ കാലത്തേക്ക് പാട്ടത്തിനു നൽകുകയോ ചെയ്യുക. അല്ലങ്കിൽ ഈ തരിശ് ഭൂമിയിൽ മുഴുവൻ ആയുർവേദ പച്ചമരുന്നുകൾ നട്ടുവളർത്തി ആയതിന്റെ സംരക്ഷണ ചുമതല സന്നദ്ധ സംഘടനകളേയോ വ്യക്തികളേയോ ഏല്പിക്കുയോ വേണം. ഇതുമമല്ലങ്കിൽ ഒരു കൃഷി ഫാം പഞ്ചായത്തിന്റെ ചുമതലയിൽ ആരംഭിച്ച് എല്ലാ നടീൽ വസ്തുക്കളുടേയും നഴ്സറി ആരംഭിക്കുക.

കർഷകർ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും വേണ്ടി അനുയോജ്യമായ സ്ഥലത്ത് ഒരു പൊതു മാർക്കറ്റിങ്ങ് സഹകരണ സംഘം രൂപീകരിക്കുക.

നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പേരമംഗലം സർവീസ് സഹകരണ സംഘം കൃഷിയാവശ്യത്തിനായി 42,49,592.30 രൂപയും ഏനാനല്ലൂർ സഹകരണ ബാങ്ക് 37,90,716 രൂപയും വായ്പ നൽകിയിട്ടുണ്ട്. ആവശ്യമുള്ള മുഴുവൻ കർഷകർക്കും കുറഞ്ഞ നിരക്കിൽ വായ്പ നൽകുവാൻ ഈ രണ്ട് സഹകരണ സംഘങ്ങളും മുന്നോട്ടുവരണം.

നമ്മുടെ പഞ്ചായത്തിൽ 3 റബറുൽപാദക സഹകരണ സംഘം ഉണ്ടെങ്കിലും ഇവയൊന്നും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നതായി തോന്നുന്നില്ല. 9-ാം വാർഡിൽ സ്ഥാപിതമായിട്ടുള്ള RPS NO.433/86 കഴിഞ്ഞ വർഷം കൃഷിക്കാരിൽനിന്ന് 37111 കിലോ ഉണങ്ങിയ റബർ വാങ്ങി വിപണനം നടത്തിയിട്ടുണ്ട്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ആയവന പഞ്ചായത്തിലെ ഏക RPS ആണിത്. റബ്ബർ കൃഷി വലിയ തോതിലുള്ള നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കേന്ദ്ര റബ്ബർ സംഭരണ സംഘവും എല്ലാ വാർഡിലും ആവശ്യാനുസരണം സംഭരണ കേന്ദ്രങ്ങളും ഉണ്ടായാൽ റബ്ബർ കൃഷിക്കാർക്ക് വലിയ അനുഗ്രഹമായിരിക്കും.

എല്ലാത്തരം കൃഷികളും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പാടശേഖര കമ്മിറ്റി, കേര വികസന സമിതി തുടങ്ങിയവ പോലെ തന്നെ കുരുമുളക് വികസന സമിതി റബ്ബർ കൃഷി വികസന സമിതി. പൈനാപ്പിൾ വികസന സമിതി തുടങ്ങിയവ സ്ഥാപിച്ച് ഇവയുടെ പ്രവർത്തനം നല്ല രീതിയിൽ നടത്തിയാൽ കൃഷി വളരെയധികം അഭിവൃദ്ധിപ്പെടുത്താം. ഉത്പാദന ക്ഷമത പല മടങ്ങ് വർധിപ്പിക്കാനും സാധിക്കും.

പഞ്ചായത്തിൽ മേൽപറഞ്ഞ രീതിയിലുള്ള ഒരു മാർക്കറ്റിംഗ് സൗകര്യം ഉണ്ടാവുകയാണെങ്കിൽ നൂതന കൃഷി സംരംഭങ്ങളായ കൂൺകൃഷി, തേനീച്ച വളർത്തൽ, മീൻ വളർത്തൽ, പട്ടുനൂൽ കൃഷി, ഔഷധ സസ്യകൃഷി, അലങ്കാരചെടി കൃഷി (ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവ) എന്നിവയിൽ താല്പര്യമുള്ള കൃഷിക്കാരെ കണ്ടെത്തി വിപുലമായ രീതിയിൽ നടത്തുന്നതിനുള്ള സാധ്യതകൾ ഉണ്ട്. കൃഷിഭവന്റെ പദ്ധതിയിൽപെട്ട തൊഴിൽദാന പദ്ധതിയിലെ അംഗങ്ങളെ സംഘടിപ്പിച്ച് അവർക്കു വേണ്ട വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കിയാൽ വളരെ നല്ല രീതിയിൽ നൂതന കൃഷി നടപ്പിലാക്കുവാൻ കഴിയും.



# മൃഗസംരക്ഷണം

മൃഗപരിപാലന രംഗത്ത് കഴിഞ്ഞ രണ്ടു മൂന്ന് ദശാബ്ദകാലത്തിനിടക്ക് വളരെയധികം മാറ്റങ്ങൾ നമ്മുടെ പഞ്ചായത്തിൽ വന്നിട്ടുണ്ട്. അവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് അത്യുൽപാദനശേഷിയുള്ള പശുക്കളുടെ വ്യാപനവും തുടർന്ന് പാലുൽപാദനരംഗത്ത് വന്ന അനുകൂലമായ മാറ്റവുമാണ്.

നമ്മുടെ നാട്ടിൽ വളരെ കുറച്ചുമാത്രം പാൽ തരുന്ന നാടൻ പശുക്കളെയായിരുന്നു വളർത്തി വന്നിരുന്നത്. അതായത് പശുവളർത്തൽകൊണ്ട് ആ വീട്ടിലെ പാലിന്റെ ആവശ്യങ്ങൾ മാത്രമേ നിർവഹിക്കപ്പെട്ടിരുന്നുള്ളൂ. നമ്മുടെ പഞ്ചായത്തിലെ 9 വാർഡുകളിലും 60% കുടുംബങ്ങളിലും പശുവളർത്തൽ ഇന്ന് നിലവിലുണ്ട്. പഴയ നാടൻ പശുക്കൾ മിക്കവാറും അപ്രത്യക്ഷമായി പകരം അത്യുൽപാദനശേഷിയുള്ള ജേഴ്സി ഇനം പശുക്കളെയാണ് ഇന്ന് കൃഷിക്കാർ വളർത്തുന്നത്. ഇന്ന് പശുവളർത്തുന്നത് വീട്ടിലെ പാലിന്റെ ആവശ്യം നിറവേറ്റാൻ എന്നുള്ളതിനപ്പുറം ഇത് ആ വീട്ടിലെ പ്രധാന വരുമാനസ്രോതസ് ആയി മാറിയിട്ടുണ്ട്. നെൽകൃഷിയിൽ വന്ന കുറവ് കാലിവളർത്തൽ ഉള്ളവർക്ക് തീറ്റിയുടെ കാര്യത്തിൽ വലിയ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്.

പശുവളർത്തലിന്റെ ഏറ്റവും വലിയ പ്രത്യേകത സാമ്പത്തികലാഭത്തോടൊപ്പം കുടുംബങ്ങളുടെ സമ്പൂർണ്ണ ആരോഗ്യരക്ഷക്ക് ഉതകുന്ന പാലിന്റെ ഉപയോഗവും സാദ്ധ്യമാവും എന്നുള്ളതാണ്. പ്രസവിച്ച് വീഴുന്ന കുട്ടികൾ മുതൽ ത്യാഗികളായ സന്യാസിവര്യന്മാർവരെ ഉപയോഗിക്കുന്ന ഒരാഹാര പാനിയമാണ് പാൽ. ഐക്യരാഷ്ട്രസംഘടനയുടെ ഭക്ഷ്യ പോഷക വിഭാഗം ആവശ്യപ്പെടുന്നത് ഒരാൾ ദിവസത്തിൽ 21 ഔൺസ് പാലെങ്കിലും ഉപയോഗിക്കണം എന്നുള്ളതാണ്. നമ്മുടെ പഞ്ചായത്തിൽ കന്നുകാലികൾ ഏറെയുണ്ടെങ്കിലും ഗുണമേന്മയുള്ളത് കുറവായി കാണുന്നു. സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കൂടുതലാദായമുണ്ടാക്കാൻ കഴിയുന്ന പരമ്പരാഗത വ്യവസായം പോലെയാണ് കാലിവളർത്തൽ. കർഷകന്റെ വിള സമ്പ്രദായമായി ഇണങ്ങി പരസ്പരപൂരകങ്ങളായി വർത്തിക്കുന്ന വിള – കന്നുകാലി സംരക്ഷണ രീതിയാണ് നിലനിന്നു പോരുന്നത്. വീടിന്റെ പുറകുവശത്തും മറ്റുമുള്ള ജൈവലഭ്യതകൾ പ്രയോജനപ്പെടുത്തി നടത്തിവരുന്ന കാലിവളർത്തൽ രീതി കർഷക കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുന്നതിന് വളരെയേറെ സഹായിച്ചിരുന്നു. എന്നാൽ ഇന്നത്തെ കാലിവളർത്തലുകാർക്കനുഭവപ്പെടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് കൃഷിയിടങ്ങളുടെ വലുപ്പത്തിലുണ്ടായ കുറവും ഹൃസ്വകാല വിളകളിൽനിന്നും ദീർഘകാല വിളകളിലേക്കുള്ള കാർഷിക മേഖലയുടെ മാറ്റം വൻതോതിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. പ്രാദേശിക തലത്തിലുള്ള ജനങ്ങളുടെ ജീവിതരീതിയിൽ വന്ന മാറ്റം പാലിന്റെ ആഭ്യന്തര വിപണി പ്രാദേശികാടിസ്ഥാനത്തിൽ ശക്തിപ്രാപിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. അതേസമയം കാർഷിക മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളൊന്നും കന്നുകാലി മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് സഹായകമാകുന്നില്ല. ചെറുകിട തുണ്ടുവിളകളെ ആശ്രയിക്കുന്ന കർഷകന്റെ വരുമാനം വർധിപ്പിക്കുന്നതിനും ഗ്രാമീണ കുടുംബങ്ങൾക്ക് തൊഴിലവസരം പ്രധാനം ചെയ്യുന്നതിനും ഗ്രാമജീവിതവുമായി ഇണങ്ങിപ്പോകുന്നതിനും കാർഷിക അടിത്തറക്ക് ഭദ്രത നൽകുന്നതിനും കന്നുകാലി മേഖലക്കുള്ള കഴിവ് അഭംഗുരം നിലനിൽക്കുന്നു എന്നുള്ള സത്യം ഈ പഞ്ചായത്തിലെ ഓരോ വീടുകളിലും എത്തിക്കുന്നതിനും അതിനനുസരിച്ച് കന്നുകാലി മേഖല പുഷ്ടിപ്പെട്ടാൽ നമ്മുടെ പഞ്ചായത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്നതിന് തർക്കമില്ല. ഒരു വീട്ടിൽ ഒരു പശു എന്നുള്ളതാവണം നമ്മുടെ മുദ്രാവാക്യം. ഈ മുദ്രാവാക്യം നടപ്പിലാക്കാൻ സാധിച്ചാൽ അമിതമായ രാസവളപ്രയോഗത്തിൽനിന്നും ജൈവവള പ്രയോഗത്തിലേക്ക് മാറുവാനും കൃഷിയുടെ ഉദ്പാദനക്ഷമത മടങ്ങ് വർധിപ്പിക്കുവാനും നമുക്ക് സാധിക്കും. അതിനോടൊപ്പം കാലിവളർത്തൽ ആദായകരമായി നടപ്പാക്കുന്നതിന് പാലിന്റെ വിലയും ഉദ്പാദനചിലവും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടു വരണം. നാടൻ പശുക്കളെ അപേക്ഷിച്ച് അത്യുൽപാദനശേഷിയുള്ള പശുക്കളെ വളർത്തിയാൽ ആയത് വർഷംതോറും പ്രസവിക്കുകയും ധാരാളം പാൽ കിട്ടുകയും തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്ന കേരളത്തിൽ ക്ഷീരവ്യവസായവും അതിനോടനുബന്ധമായ വിവിധ വ്യവസായങ്ങളും അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കും. അത്യുൽപാദനശേഷിയുള്ള പശുവിന് നാടൻ പശുക്കളെ അപേക്ഷിച്ച് പല മടങ്ങ് വില കൂടുതലുള്ളതിനാൽ ഇവയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയില്ലെങ്കിൽ കർഷകന് പലപ്പോഴും ഭീമമായ നഷ്ടം സംഭവിക്കാനിടയുണ്ട്. ഇന്ന് കാലിവളർത്തലുകാർ നേരിടുന്ന മറ്റൊരു പ്രശ്നം കുറഞ്ഞ വിലക്ക് ആവശ്യത്തിന് ഗുണനിലവാരമുള്ള കാലിത്തീറ്റകൾ ലഭ്യമാകുന്നില്ല എന്നുള്ളതാണ്. ഇതിന് പരിഹാരമായി പഞ്ചായത്തിലെ കൃഷിക്കാർക്ക് ആവശ്യമുള്ള കാലിത്തീറ്റയും പുല്ലും ഇവിടെതന്നെ ഉൽപാദിപ്പിക്കുവാൻ കഴിയണം. പാലിനു കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ മുഴുവൻ പ്രവർത്തനമേഖലയുള്ള ഒരു കേന്ദ്ര കന്നുകാലി – ക്ഷീരവികസന സഹകരണസംഘം സ്ഥാപിക്കുകയും എല്ലാ വാർഡിലും 2 കി.മീറ്ററിൽ കൂടുതൽ അകലം വരാത്ത രീതിയിൽ ആവശ്യത്തിന് പാൽ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യണം. ഇങ്ങിനെ മാതൃസംഘം ശേഖരിക്കുന്ന പാലിൽ പഞ്ചായത്തിലെ മുഴുവൻ ആവശ്യങ്ങൾക്കും വേണ്ടത് നൽകി ബാക്കി വരുന്നതുകൊണ്ട് പാലുൽപന്നങ്ങൾ നിർമിച്ച് വിപണനം നടത്തുവാനും ഈ മാതൃസംഘത്തിന് കഴിയണം.

**1995-96 സാമ്പത്തികവർഷം വിവിധ ക്ഷീര സംഘങ്ങളുടെ നില**

പട്ടിക 7

| സംഘത്തിന്റെ പേര് | മൊത്തം ശേഖരിച്ച പാൽ | പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|
| | ലിറ്റർ | ലിറ്റർ | ലിറ്റർ |
| ക്ഷീരസംഘം E. 90 (n) APOCS | 152638.3 | 30928.4 | 121709.8 |

9–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പഞ്ചായത്തിലെ ഒരു വീട്ടിൽ ഒരു പശു എങ്കിലും ഉണ്ടായിരിക്കണം എന്ന നിശ്ചയത്തിൽ പ്രവർത്തിച്ചാൽ പശുവിനെ വാങ്ങാൻ ആവശ്യമായ

ധനസഹായം ചെയ്യുക, തൊഴുത്തു പണിയാനുള്ള ധനസഹായം ചെയ്യുക നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിച്ച് വിതരണം നടത്തുവാനും നല്ലയിനം പശുക്കളെ സംഘം നേരിട്ട് വളർത്തുന്നതിന് ഒരു കാറ്റിൽഫാം തുടങ്ങുക, പഞ്ചായത്തിലെ മുഴുവൻ കന്നുകാലി കൃഷിക്കാർക്കും ആവശ്യമുള്ള കാലിത്തീറ്റ നിർമിച്ച് വിതരണം ചെയ്യാൻ കഴിവുള്ള ഒരു ചെറുകിട കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ മാതൃ സംഘം നേരിട്ട് ഏറ്റെടുത്തു നടത്തണം. കാലിത്തീറ്റ നിർമാണത്തിനാവശ്യമായതും ഇന്ന് ഉപയോഗപ്പെടുത്താതെ കിടക്കുന്നതുമായ ധാരാളം അസംസ്കൃതവസ്തുക്കളും ഇന്ന് നമ്മുടെ നാട്ടിൽ തന്നെയുണ്ട്. ഇത് ഫലപ്രദമായി നമുക്ക് ഉപയോഗിക്കുവാൻ കഴിയും. മേൽപ്പറഞ്ഞ കാലിവളർത്തൽ മേഖലയെ പുഷ്ടിപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളൊന്നും ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധേയമാണ്. ഈ അവസ്ഥക്ക് നിശ്ചയമായും മാറ്റം വരണം. പഞ്ചായത്തിൽ തീറ്റപ്പുൽകൃഷി നിലവിൽ ഇല്ല. ജലസേചന സൗകര്യമുള്ള തെങ്ങിൻതോപ്പുകളിൽ തീറ്റിപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുക വഴി കന്നുകാലി വളർത്തൽ കൂടുതൽ ആദായകരമാക്കുന്നതിനും അതുവഴി ഗ്രാമീണ തൊഴിലവസരങ്ങൾ വർധിപ്പിക്കുവാനും കഴിയും. പഞ്ചായത്തിലുള്ള തരിശ്ഭൂമി 5 ഏക്കറെങ്കിലും ഏറ്റെടുത്ത് കുറഞ്ഞത് 25 പശുക്കളെ എങ്കിലും വളർത്താൻ പറ്റിയ. നവീന രീതിയിലുള്ള ഒരു കാറ്റിൽ ഫാം മേൽപ്പറഞ്ഞ മാതൃസഹകരണസംഘം നടത്തേണ്ടതാണ്. ഇവിടെത്തന്നെ ഒരു ചെറുകിട കാലിത്തീറ്റ ഫാക്ടറി, തീറ്റിപ്പുൽകൃഷിത്തോട്ടം എന്നിവയും ആരംഭിക്കാവുന്നതാണ്. ഇപ്പറഞ്ഞ കാര്യങ്ങൾ ദീർഘദൃഷ്ടിയോടെ നടപ്പിലാക്കാൻ സാധിച്ചാൽ എല്ലാ വീടുകളിലും ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാനും അതുവഴി ഇപ്പോൾ കുറഞ്ഞു വരുന്ന ദേശീയ സമ്പത്തായ വിറക് ഉപയോഗം കുറക്കുവാനും സാധിക്കും. ഇതിനാവശ്യമായ ധനസഹായം ഖാദി ബോർഡ്, മിൽമ, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നും ലഭിക്കും.

നമ്മുടെ പഞ്ചായത്തിൽ എരുമ, ആട്, പന്നി എന്നിവയെ വളർത്തുന്നവർ വളരെ കുറവാണ്. മൃഗങ്ങളെ സംബന്ധിച്ചുള്ള മൃഗാശുപത്രി രേഖകളിലുള്ള കളിലുള്ള കണക്ക് താഴെ ചേർക്കുന്നു. എരുമ വളർത്തുന്നത് പ്രധാനമായും പാലിനു വേണ്ടി മാത്രമാണ്.

പട്ടിക 8

| നാടൻ | | സങ്കരം | | എരുമ | പോത്ത് | ആട് | | പന്നി | പട്ടി |
|---|---|---|---|---|---|---|---|---|---|
| M | F | M | F | | | M | F | | |
| 252 | 1587 | 311 | 1982 | 28 | 125 | 396 | 1050 | 884 | 1315 |

ഈ പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ മാംസം കുറഞ്ഞ വിലക്ക് ലഭ്യമാക്കുന്നതിന് ഒരു ചെറുകിട മാംസ സംസ്കരണ ഫാക്ടറി സ്ഥാപിച്ചാൽ മേൽപറഞ്ഞ പശു, എരുമ ഒഴികെയുള്ള മൃഗങ്ങളെ വ്യാവസായികമായി വളർത്തുവാൻ സാധിക്കും. എരുമ, ആട് എന്നിവയെ കൂട്ടത്തോടെ വളർത്തുന്നവർ പഞ്ചായത്തിൽ വിരളമാണെങ്കിലും പന്നി വളർത്തൽ ഉള്ളവർ കുറെപ്പേരുണ്ട്. പന്നിവളർത്തൽ ഉള്ളവർ കുറെപ്പേരുണ്ട്. പന്നിവളർത്തൽ വളരെ ആദായകരമായ ഒരു കൃഷിയാണ്. ഇത് പുഷ്ടിപ്പെടുത്തിയാൽ ധാരാളം കുടുംബങ്ങൾക്ക് വരുമാന മാർഗമാവും. മേൽത്തരം ആടുകളെ ഇറച്ചിയുടെ ആവശ്യത്തിനായി വളർത്തുന്നതിന് ഒരു ഗോട്ട്ഫാം ആരംഭിക്കുകയും ഇങ്ങിനെ ഉദ്പാദിപ്പിക്കപ്പെടുന്ന മാംസം ഈ മാംസ സംസ്കരണ ഫാക്ടറി വഴി സംസ്കരിച്ച് വിപണി കണ്ടുപിടിക്കുകയും വേണം.

കന്നുകാലി വളർത്തലിനോടൊപ്പം കോഴി വളർത്തലിനും വളരെയധികം സാധ്യത നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിലെ ആഭ്യന്തര ഉപഭോഗത്തിന് ആവശ്യമായ കോഴിമുട്ടയും കോഴി ഇറച്ചിയും നമുക്ക് ഇവിടെത്തന്നെ ഉത്പാദിപ്പിക്കുവാനും വിതരണം നടത്തുവാനും സാധിക്കുന്ന തരത്തിൽ സഹകരണാടിസ്ഥാനത്തിൽ മുട്ടക്കോഴികളേയും ഇറച്ചിക്കോഴികളേയും വളർത്താനായി വേണ്ട ഫാമുകൾ ആരംഭിക്കാവുന്നതാണ്. ഗ്രാമസഭ റിപ്പോർട്ടുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിലെ 2, 3, 6, 7, 8 വാർഡുകളിൽ ഓരോ സ്വകാര്യ കോഴിവളർത്തൽ കേന്ദ്രങ്ങൾ ഉണ്ട്. മുയൽ വളർത്തുവാൻ താല്പര്യമുള്ളവർ ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. വളരെ ആദായകരമായ ഈ കൃഷി വ്യാപിപ്പിക്കുന്നതിന് താല്പര്യമുള്ള കൃഷിക്കാരെ കണ്ടുപിടിച്ച് വേണ്ട സാമ്പത്തിക സാങ്കേതിക സഹായം ചെയ്യണം. നമ്മുടെ പഞ്ചായത്തിലെ കന്നുകാലികൾക്ക് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ അകിട് വീക്കം, കുളമ്പ് രോഗം, തളർന്നുവീഴൽ, കോഴിവസന്ത എന്നിവയാണ്. നമ്മുടെ പഞ്ചായത്തിൽ പേരിനുമാത്രം ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. ഭാഗികമായി മാത്രം പ്രവർത്തിക്കുന്ന ഈ ആശുപത്രിയുടെ സേവനം വേണ്ട രീതിയിൽ പഞ്ചായത്തിലെ കന്നുകാലി വളർത്തൽകാർക്ക് ലഭിക്കുന്നില്ല എന്ന വ്യാപകമായ പരാതി ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. പ്രാഥമിക സൗകര്യം പോലും ഇല്ലാത്ത ഈ ആശുപത്രി അടിയന്തരമായി എല്ലാവിധ സൗകര്യവുമുള്ള മുഴുവൻ സമയ പ്രവർത്തനമുള്ള ഒരാശുപത്രിയാക്കി മാറ്റുകയും അടുത്തടുത്തുള്ള രണ്ടോ മൂന്നോ വാർഡുകളെ കേന്ദ്രീകരിച്ച് ബീജസങ്കലനകേന്ദ്രം ആരംഭിച്ച് പ്രവർത്തിക്കുകയും വേണം എന്നും ഗ്രാമസഭയിൽ ആവശ്യം വന്നിട്ടുണ്ട്. മൃഗസംരക്ഷണവകുപ്പിന്റെ യാതൊരുവിധ സേവനവും ലഭിക്കാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. ഈ അവസ്ഥമാറ്റി മൃഗസംരക്ഷണവകുപ്പിന്റെ സത്വരശ്രദ്ധ ഈ പഞ്ചായത്തിൽ ഉണ്ടാകണം. മൃഗസംരക്ഷണവകുപ്പ് വഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളും ഈ പഞ്ചായത്തിലെകൂടി ജനങ്ങൾക്കും പ്രയോജനപ്പെടുന്നവിധം നടപ്പാക്കണം. കന്നുകാലി വികസനം ത്വരിതപ്പെടുത്തുന്നതിനുവേണ്ട പ്രത്യേക സൗകര്യങ്ങളും പരിശീലന പരിപാടികളും സംഘടിപ്പിക്കണം. ആവശ്യമായ അത്യുൽപാദനശേഷിയുള്ള കന്നുകുട്ടികൾ, പന്നിക്കുഞ്ഞുങ്ങൾ, ആട്, കോഴി, മുയൽ തുടങ്ങിയവയുടെ കുഞ്ഞുങ്ങളേയും മൃഗസംരക്ഷണവകുപ്പിൽനിന്നും സൗജന്യനിരക്കിൽ കർഷകർക്ക് ലഭ്യമാക്കണം. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വമ്പിച്ച ജനപങ്കാളിത്തത്തോടുകൂടി കന്നുകാലി പ്രദർശനങ്ങൾ, ചർച്ചാക്ലാസുകൾ തുടങ്ങിയ കാര്യങ്ങൾ ഇടക്കിടെ പഞ്ചായത്ത് അതിർത്തിയിൽ നടത്തേണ്ടതാണ്.

## ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. അത്യുൽപാദനശേഷിയുള്ള കന്നുകുട്ടികളേയും ആട്, കോഴി, പന്നി എന്നിവയുടേയും കുഞ്ഞുങ്ങളെയും ആവശ്യത്തിന് ലഭിക്കുന്നില്ല.
2. പാലിന്റേയും മാംസത്തിന്റേയും വിപണന സൗകര്യക്കുറവ്.
3. കാലിരോഗത്തിനും കോഴിവസന്തക്കും ഫലപ്രദമായ ചികിത്സയുടെ അഭാവം.
4. കുറഞ്ഞ വിലക്ക് നല്ല കാലിത്തീറ്റയുടേയും തീറ്റിപ്പുല്ലിന്റേയും ലഭ്യതക്കുറവ്.
5. മൃഗാശുപത്രിയുടെ സേവനം സമയത്തിന് ലഭിക്കായ്ക.
6. കാലിവളർത്തൽകൊണ്ട് സമൂഹത്തിനുണ്ടാകുന്ന ഗുണങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ.
7. തൊഴുത്ത് നിർമിക്കാനുള്ള സഹായം ലഭിക്കായ്ക.

## പരിഹാരമാർഗ്ഗങ്ങളും പൊതുനിർദ്ദേശങ്ങളും

1. ഈ റിപ്പോർട്ടിൽ മുമ്പ് പ്രതിപാദിച്ചിട്ടുള്ള രീതിയിൽ പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെടുന്ന കന്നുകാലി – ക്ഷീര വികസന സഹകരണസംഘം വഴി ആവശ്യമുള്ള വളർത്തുമൃഗങ്ങളുടേയും കോഴിയുടേയും കുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
2. നമ്മുടെ പഞ്ചായത്തിലെ കന്നുകാലികൾക്ക് വ്യാപകമായി കണ്ടുവരുന്ന കുളമ്പ് രോഗം, അകിട് വീക്കം എന്നിവയ്ക്ക് ഫലപ്രദമായ ചികിത്സ ലഭിക്കാൻ മൃഗാശുപത്രിയുടെ പ്രവർത്തനം മുഴുവൻ സമയവും ഉണ്ടായിരിക്കുകയും കോഴിവസന്തക്ക് പരിഹാരം സത്വരമായി ഉണ്ടാക്കുകയും വേണം.
3. പഞ്ചായത്തിലെ കന്നുകാലി കൃഷിക്കാരുടെ ഏറ്റവും വലിയ പ്രശ്നമായ ഉൽപന്നങ്ങളുടെ വിപണന സൗകര്യക്കുറവ് പരിഹരിക്കുവാൻ മുൻപ് പറഞ്ഞിട്ടുള്ള മൃഗപരിപാലന – ക്ഷീര സഹകരണസംഘം സ്ഥാപിക്കേണ്ടതാണ്.
4. കർഷകർക്ക് വ്യാപകമായി ബോധവൽക്കരണം നടത്താൻ മൃഗാശുപത്രി ജീവനക്കാർ ഭവന സന്ദർശനം നടത്തണം എന്ന് നിർബന്ധമാക്കുകയും ഇതിനാവശ്യമുള്ള ജീവനക്കാരെ നിയമിക്കുകയും വേണം.
5. നമ്മുടെ പഞ്ചായത്തിൽ ധാരാളം നായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നുണ്ട്. പലപ്പോഴും രൂക്ഷമായ പേപ്പട്ടി ശല്യം ഉണ്ടാകാറുണ്ട്. ബന്ധപ്പെട്ടവർ ഇതു പരിഹരിക്കുവാൻ യാതൊരു നടപടിയും ഫലപ്രദമായി എടുത്തു കാണുന്നില്ല. അടിയന്തരമായി നമ്മുടെ പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുകയും വളർത്തു നായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കി സമയാസമയങ്ങളിൽ പ്രതിരോധ കുത്തിവയ്പ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും വേണം. പേവിഷ നിർമ്മാർജ്ജനപദ്ധതി നിർബന്ധമായി നടപ്പാക്കണം.
6. നമ്മുടെ പഞ്ചായത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ധാരാളം അസംസ്കൃത പദാർഥങ്ങളുണ്ട്. ഇവ ഫലപ്രദമായി ശേഖരിച്ച് ഉപയോഗപ്പെടുത്തി സഹകരണമേഖലയിലോ സ്വകാര്യമേഖലയിലോ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിച്ചാൽ കാലിത്തീറ്റയുടെ ലഭ്യത ഉറപ്പു വരുത്താനും ധാരാളം പേർക്ക് തൊഴിൽ ലഭിക്കുന്നതിനും ഉപയോഗിക്കാതെ നഷ്ടപ്പെട്ടുപോകുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗപ്പെടുത്താനും കഴിയും. തരിശ്ഭൂമികളിലും തെങ്ങിൻതോപ്പിലും തീറ്റിപ്പുൽകൃഷി പ്രോത്സാഹിപ്പിക്കണം.
7. കാലിവളർത്തൽകൊണ്ട് സമൂഹത്തിൽ ഉണ്ടാക്കുവാൻ സാധിക്കുന്ന നേട്ടങ്ങൾ അനവധിയാണ്. തൊഴിലില്ലായ്മ രൂക്ഷമായ നമ്മുടെ നാട്ടിൽ കുറെപ്പേർക്ക് തൊഴിൽ കണ്ടെത്തുന്നതിനും വീട്ടുപണികൾ മാത്രം ചെയ്ത് സമയം പോക്കുന്ന വീട്ടമ്മമാർക്ക് പ്രത്യേകമായി ഒരു വരുമാനം ലഭിക്കുന്നതിനും കൃഷിക്കാവശ്യമായ ജൈവവളം ലഭിക്കുന്നതിനും ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഇന്ധനം ലാഭിക്കുന്നതിനും സർവ്വോപരി നമ്മുടെ പഞ്ചായത്തിന് പല കാര്യങ്ങളിലും സ്വയംപര്യാപ്തത നേടുന്നതിനും കന്നുകാലി കോഴിവളർത്തൽ വളരെ ഉപകരിക്കും എന്നുള്ള കാര്യം ഓരോ വീട്ടുകാരേയും പറഞ്ഞ് ബോധ്യപ്പെടുത്തുവാൻ മൃഗസംരക്ഷണ വകുപ്പിനും പഞ്ചായത്തിനും സാധ്യമാവും.
8. ഓരോ വീട്ടിലും ഒരു പശു എന്ന തത്വം നടപ്പിലാക്കുമ്പോൾ പല കൃഷിക്കാർക്കും തൊഴുത്ത് നിർമിക്കുവാൻ നിവൃത്തിയില്ലാത്തവരുണ്ട്. ഇങ്ങിനെയുള്ളവർക്ക് തൊഴുത്തു നിർമിക്കുവാനുള്ള വായ്പ ലഭ്യമാക്കണം.
9. നാടൻ പശുക്കളെ അപേക്ഷിച്ച് വളരെ വില കൂടുതലുള്ള സങ്കരഇനം പശുക്കൾക്കും കോഴിഫാം, പന്നിഫാം, ആട് ഫാം എന്നിവയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം നൽകണം. ഇക്കാര്യങ്ങൾക്കായി പഞ്ചായത്ത് നികുതി പിരിക്കുന്നതിന്റെകൂടെ ഇതിനുകൂടി വേണ്ട തുക പിരിച്ചെടുക്കാവുന്നതാണ്.

**പട്ടിക 9**

**വിവിധ സ്കീമുകളുടെ അവലോകനം, മൃഗാശുപത്രി, ആയവന.**

| വർഷം 1 | സ്ഥാപനത്തിന്റെ പേര് | പദ്ധതികൾ | തുക രൂപ | ആകെ രൂപ |
|---|---|---|---|---|
| 1995–96 | ആയവന മൃഗാശുപത്രി | പ്രത്യേക കന്നുകാലി വളർത്തൽ പ്രോഗ്രാം | 53,000 | 53,000 |
| 1996–97 | " -- | " -- | 20,000 | 20,000 |
| | " | Massive Livestock Production Programme DIGS Distribution | 30,000 | 30,000 |
| 1997–98 1. | " -- | പ്രത്യേക കന്നുകാലി വളർത്തൽ പ്രോഗ്രാം | 60,000 | 60,000 |
| 2 | " -- | പന്നിവളർത്തൽ യൂണിറ്റ് (2) | 60,000 | 60,000 |
| 3 | " -- | പശുവളർത്തൽ യൂണിറ്റ് (2) | 81,600 | 1,62,000 |
| 4 | " -- | ആട് വളർത്തൽ യൂണിറ്റ് (10 പെണ്ണാട്) | 2,00,00 x 2 | 4,00,000 |

(ആദ്യ രണ്ടുവർഷങ്ങളിൽ നടപ്പാക്കിയതും 1997–98 ൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതും)


# മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിക്ക് വളരെ വിരളമായ സാധ്യതയേ ഉള്ളൂ. മത്സ്യബന്ധനവുമായി നേരിട്ട് ബന്ധമുള്ള തൊഴിലാളികൾ ആയവന പഞ്ചായത്തിലെ 7-ാം വാർഡിൽ 10-30 പേരേയുള്ളൂ. ഇവർ സമീപത്തുള്ള പുഴകളിൽനിന്നും നല്ല വില കിട്ടുന്ന കൊഞ്ച് തുടങ്ങിയ മത്സ്യങ്ങൾ രാത്രികാലങ്ങളിൽ പഴയ മത്സ്യബന്ധനരീതി ഉപയോഗിച്ച് പിടിച്ച് തൃപ്പൂണിത്തുറ പോലുള്ള സ്ഥലങ്ങളിൽ കൊണ്ടുപോയി വിറ്റ് ഉപജീവനം നടത്തുന്നു. മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാളിയാർ, കോതമംഗലം പുഴകളിൽ പെട്ടെന്ന് വളരുന്ന മത്സ്യക്കുഞ്ഞുങ്ങളെ വിട്ടാൽ കുറെപ്പേർക്കുകൂടി ഈ മേഖലയിൽ തൊഴിൽ ലഭിക്കും. ആയവന പഞ്ചായത്തിലെ ചിറകളിൽ താല്പര്യമുള്ള മത്സ്യകൃഷിക്കാരെ കണ്ടുപിടിച്ച് ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ പ്രേരിപ്പിക്കാവുന്നതാണ്. പല സ്ഥലത്തും കല്ല് വെട്ടിയെടുത്ത കുഴികളിൽ വെള്ളം പമ്പ് ചെയ്ത് മത്സ്യകൃഷി നടത്തുവാൻ സാധിക്കും എന്ന് തെളിഞ്ഞിട്ടുണ്ട്. നെൽകൃഷി ചെയ്യാൻ പറ്റാത്തതും അതുമൂലം നികത്തിക്കൊണ്ടിരിക്കുന്നതുമായ പാടങ്ങളിൽ വെള്ളം കെട്ടിനിറുത്തി മത്സ്യകൃഷി ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് ആലോചിക്കേണ്ടതാണ്. നമ്മുടെ നാട്ടിൻപുറത്തെ ചെറിയ ചെറിയ കുളങ്ങളിൽ ശുദ്ധജല മത്സ്യകൃഷി ചെയ്യാൻ വേണ്ട പ്രോത്സാഹനം നൽകണം.

## രോഗങ്ങളെ സംബന്ധിച്ച വിവരം

പട്ടിക 10 **ആയവന മൃഗാശുപത്രി** 1995-96

| SL NO | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി |
|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായ രോഗങ്ങൾ | 240 | 13 | 60 | 4 | - |
| 2 | ശ്വാസകോശരോഗങ്ങൾ | 14 | - | 2 | - | - |
| 3 | ഉപാപചയ രോഗങ്ങൾ | - | - | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ | 130 | - | 2 | - | 14 |
| 5 | ധാതുലവണങ്ങളുടെ അഭാവം | 140 | 2 | 19 | - | - |
| 6 | പാദരോഗങ്ങൾ | 600 | 6 | 200 | 10 | 43 |
| 7 | പ്രത്യുൽപാദനവ്യവസ്ഥ സംബന്ധമായ | 145 | 3 | 4 | 0 | 3 |
| 8 | വന്ധ്യത | 19 | 1 | 6 | - | - |
| 9 | അകിടംവീക്കം | 156 | 1 | 17 | - | - |
| 10 | മുടന്തൻപനി | 345 | 4 | 14 | - | - |



# ദ്വിതീയ മേഖല

## വ്യവസായം

വ്യവസായങ്ങളെ പൊതുവേ രണ്ടായി തിരിക്കാം. ആധുനിക വ്യവസായവും പരമ്പരാഗത വ്യവസായവും. ആധുനിക വ്യവസായങ്ങളെ ചെറുകിട വ്യവസായം, ഫാക്ടറി എന്ന് രണ്ടായും പരമ്പരാഗത വ്യവസായങ്ങളെ കുടിൽ വ്യവസായം, ചെറുകിട വ്യവസായം, ഫാക്ടറി എന്ന് മൂന്നായും തിരിക്കാം. എല്ലാത്തരം വ്യവസായങ്ങളും സ്വകാര്യ മേഖലയിലോ പൊതു മേഖലയിലോ അല്ലെങ്കിൽ സഹകരണ മേഖലയിലോ ആണ് പ്രവർത്തിക്കുന്നത്. 9–ാം പഞ്ചവത്സര പദ്ധതിയിൽ പ്രധാനമായും ഊന്നൽ നൽകുന്നത് ചെറുകിട വ്യവസായങ്ങൾക്കാണ്. പല പദ്ധതികളും പരാജയപ്പെടുവാൻ കാരണം വ്യക്തമായ പ്ലാനിങ്ങിന്റെ അഭാവമായിരുന്നു. പദ്ധതി ആസൂത്രണം ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നു എങ്കിൽ സ്ഥിതി കുറേക്കൂടി മെച്ചപ്പെടുത്തുവാൻ സാധിക്കുമായിരുന്നു. നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത വ്യവസായമോ ആധുനിക വ്യവസായമോ നിലവിലില്ല. ആകപ്പാടെ നമ്മുടെ പഞ്ചായത്തിൽ വ്യവസായം എന്നു പറയാൻ 2 സ്ഥാപനങ്ങൾ മാത്രമേ ഉള്ളൂ. പഞ്ചായത്ത് ഒന്നാം വാർഡിൽ പേരമംഗലം ഭാഗത്ത് സ്ഥിതി ചെയ്യുന്ന പെരിയാർ ലാറ്റക്സും, അതേ വാർഡിൽ തന്നെയുള്ള നവഭാരത ആയുർവേദ ഔഷധശാല, ആറാം വാർഡിലെ തോട്ടഞ്ചേരിയിൽ സ്ഥിതി ചെയ്യുന്ന റബർ പാലുപയോഗിച്ച് ഇലാസ്റ്റിക് നൂലുണ്ടാക്കുന്ന ശാന്തി ലാറ്റക്സ് ഇവ മാത്രമേയുള്ളൂ. ആറാം വാർഡിൽ വിവിധ പ്ലാസ്റ്റിക് സാധനങ്ങൾ നിർമിക്കുന്ന ഒരു സ്വകാര്യ കുടിൽ വ്യവസായം ഉണ്ട്.

പട്ടിക 11

| 95–96 ൽ ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങൾ | | | | | |
|---|---|---|---|---|---|
| വാർഡ് | വ്യവസായം /വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
| I | 8 | 6 | 7 | 7 | 28 |
| II | 6 | 3 | 9 | 3 | 21 |
| III | 5 | 6 | 9 | 15 | 35 |
| IV | 4 | 2 | 2 | 2 | 10 |
| V | 7 | 2 | 3 | 1 | 13 |
| VI | 4 | 3 | 4 | 3 | 14 |
| VII | 4 | 5 | 12 | 3 | 24 |
| VIII | 4 | 4 | 16 | 9 | 33 |
| IX | 2 | 4 | 4 | 5 | 13 |

VII-ാം വാർഡിൽ 1994 വർഷത്തിൽ (DWCRA) 13 അംഗങ്ങളുള്ള ഒരു പേപ്പർ നിർമാണ യൂണിറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ആയവന പഞ്ചായത്തിൽ പരമ്പരാഗത വ്യവസായത്തിനും ആധുനിക വ്യവസായത്തിനും ധാരാളം സാധ്യതകൾ ഉണ്ട്. എല്ലാ വാർഡുകളിലും ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചും ചെറുകിട/കുടിൽ വ്യവസായ സംരംഭങ്ങളെക്കുറിച്ചും ധാരാളം അഭിപ്രായങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവയെല്ലാം പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ സഹകരണ മേഖലയിലോ ആരംഭിച്ച് തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനും പഞ്ചായത്തിന്റെ വിഭവസമ്പത്ത് വർധിപ്പിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള ചർച്ചകളായിരുന്നു. ചെറുകിട/കുടിൽ വ്യവസായ സംരംഭങ്ങൾ ബഹുഭൂരിപക്ഷവും വനിതാ യൂണിറ്റുകൾ വേണമെന്നാണ് നിർദ്ദേശം ഉള്ളത്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പൈനാപ്പിൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ ഒന്ന് നമ്മുടെ പഞ്ചായത്താണ്. പൊതുമേഖലയിലോ സഹകരണ മേഖലിയോല അല്ലെങ്കിൽ സ്വകാര്യമേഖലയിലോ തന്നെ ഒരു പൈനാപ്പിൾ അധിഷ്ഠിത വ്യവസായ യൂണിറ്റും പഴ സംസ്കരണ ഫാക്ടറിയും ഇവിടെ തുടങ്ങാവുന്നതാണ്. (ചില സ്കീമുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്. ആയത് സെമിനാറിനുശേഷം രൂപപ്പെടുന്ന കർമ്മസേനയെ ഏല്പിക്കാവുന്നതാണ്.)

കൃഷിഭവൻ രേഖ അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ഏകദേശം 770 ഹെക്ടർ സ്ഥലത്ത് റബർകൃഷി നടത്തുന്നുണ്ട്. ഇതിൽനിന്നുണ്ടാകുന്ന റബർ ഉത്പന്നങ്ങൾ പുറംസംസ്ഥാനങ്ങളിലേക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇത് നമ്മുടെ പഞ്ചായത്തിൽതന്നെ ഉപയോഗപ്പെടുത്തി റബർ, റബർതടി അധിഷ്ഠിതമായ ഒരു വ്യവസായസംരംഭം ഇവിടെ ആരംഭിക്കേണ്ടത് അനിവാര്യമാണ്. ഇതിനുവേണ്ട മുഴുവൻ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ വ്യവസായവകുപ്പിന്റെ വിവിധ പദ്ധതികൾപ്രകാരം സ്വരൂപിക്കാവുന്നതാണ്. ഇന്ന് നിലവിലുള്ള രണ്ട് റബർ അധിഷ്ഠിത വ്യവസായങ്ങളും കൂടുതൽ വൈവിധ്യവൽക്കരിക്കുകയും വിപുലീകരിക്കുകയും ചെയ്താൽ കുറെപ്പേർക്കുകൂടി തൊഴിൽ നൽകാനും സാമ്പത്തികലാഭം വർധിപ്പിക്കുവാനും സാധിക്കും. ചെരുപ്പിന്റെ സ്ട്രാപ്പ്, സോൾ, റബർ ബാൻഡ്, റബർ കയ്യുറ, ഇലാസ്റ്റിക്ക് നൂൽ, സുതാര്യമായ റബർ ഉറകൾ തുടങ്ങിയവ കുറഞ്ഞ ചെലവിൽ ഇവിടെ റബർപാൽ ഉപയോഗിച്ച് ഉത്പാദിപ്പിക്കുവാൻ കഴിയും. റബ്ബർ തടി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് സംസ്കരിച്ചാൽ ഈടും

ഭംഗിയുമുള്ള ഗ്രഹോപകരണങ്ങൾ, ഫർണിച്ചറുകൾ, വീട് പണിക്കാവശ്യമായ കട്ടിള, ജനല, വാതിലുകൾ, കളിക്കോപ്പുകൾ, ക്രിക്കറ്റ് ബാറ്റ് തുടങ്ങി നിരവധിയായ ഉത്പന്നങ്ങൾ ഇവിടെത്തന്നെ നിർമിക്കുവാൻ സാധിച്ചാൽ ധാരാളം പേർക്ക് തൊഴിൽ ലഭിക്കുമെന്ന് മാത്രമല്ല ഇന്ന് ഇതിനുവേണ്ടി മറ്റ് കമ്പോളത്തെ ആശ്രയിക്കുന്ന അവസ്ഥ മാറ്റുവാനും സാധിക്കും. റബർതടികൊണ്ട് ഇന്ന് ധാരാളമായി പാക്കിംഗ് കെയ്സുകൾ നിർമിച്ചുവരുന്നുണ്ട്. ഇത് സഹകരണാടിസ്ഥാനത്തിൽ ഏകോപിപ്പിച്ചാൽ പഞ്ചായത്തിന്റെ തൊഴിൽമേഖല വൻ ഉയർച്ച കാണിക്കും.

സാമ്പത്തിക പ്രക്രീയയിലെ അഭിവാജ്യ ഘടകങ്ങളായ പ്രകൃതി വിഭവങ്ങൾ സ്വതവേ നിഷ്ക്രീയാവസ്ഥയിലാണ്. പ്രകൃതി സംരക്ഷണം, വിജ്ഞാനത്തിന്റെ കണ്ണികൾ (Informaion Linkage) എന്നിവ അഭിവാജ്യ ഘടകമായിരിക്കുന്ന ഈ കാലഘട്ടത്തിൽ വ്യവസായ വികസന പ്രക്രീയ വളരെ സങ്കീർണമായിത്തീരുകയാണ്. വിഭവങ്ങൾ കുഴിച്ചെടുത്ത് വില്ക്കുന്നതോ മറ്റുള്ളവർക്ക് കുഴിച്ചെടുക്കുവാൻ അനുവാദം കൊടുക്കലോ അല്ല മൂല്യമേറിയ ഉത്പന്നങ്ങൾ (Value addded Products) നിർമിച്ച് വിദൂര കമ്പോളങ്ങളിൽ എത്തിക്കുന്നതിനാണ് നമുക്ക് താല്പര്യം ഉണ്ടാവേണ്ടത്. പ്രാദേശികമായ പ്രകൃതി വിഭവങ്ങളെ ആശ്രയിക്കാതെയുള്ള വ്യവസായ വികസനം ഗ്രാമതലത്തിൽ നടപ്പാക്കാവുന്ന ചെറുകിട വ്യവസായങ്ങളുടെ കാര്യത്തിൽ തീർത്തും അപ്രായോഗികമാണ്. ചെറുകിട വ്യവസായങ്ങളുടെ കാര്യത്തിൽ പദ്ധതിയെപ്പറ്റിയുള്ള ആശയം മുതൽ വിപണനംവരെ പൊതുവായ പ്രയത്നത്തിലൂടെമാത്രം പോംവഴി കണ്ടെത്താനാവുന്ന സങ്കീർണ പ്രശ്നങ്ങളുണ്ട്. സർക്കാർ സാമ്പത്തിക സഹായത്തോടെമാത്രം പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ ജീവനക്ഷമതയെ (viabilty) ഈവക സഹായങ്ങൾ കൂടുതൽ മെച്ചപ്പെടുത്തിയിട്ടില്ല എന്നുള്ളതാണ് കണക്ക്. മാർഗനിർദ്ദേശം, സാമൂഹ്യമായ ഉത്തേജനം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരേസമയം ലക്ഷ്യംവച്ചുകൊണ്ടുള്ള പഞ്ചായത്തുതല വ്യാവസായിക വികസനമാണ് വേണ്ടത്.

നമ്മുടെ പഞ്ചായത്തിൽ കൃഷിഭവൻ രേഖ അനുസരിച്ച് 525 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 25 1/2 ലക്ഷം നാളികേരം ലഭിക്കും എന്നാണ് കണക്കുകൾ കാണിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ആഭ്യന്തര ഉപയോഗം കഴിഞ്ഞുള്ള നാളികേരം ഇപ്പോൾ വൈക്കം, ആലപ്പുഴ, ചേർത്തല കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ചകിരിയോടുംകൂടി കയറ്റിയയക്കുകയും നാം നിത്യജീവിതത്തിന് വളരെ അത്യാവശ്യമായി ഉപയോഗിക്കുന്ന വെളിച്ചെണ്ണ കൂടിയ വിലയ്ക്ക് മാർക്കറ്റിൽനിന്നും വാങ്ങിവരുകയും ആണ് ചെയ്തുവരുന്നത്. നമ്മുടെ പഞ്ചായത്തിൽ ഒരു വീട്ടിൽ 1 മാസം ഏകദേശം 2 കിലോ വെളിച്ചെണ്ണ എങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നു കണക്കാക്കിയാൽപോലും ആകെയുള്ള 4250 വീടുകളിൽ പ്രതിമാസം 2 കിലോ തോതിൽ 1 വർഷം ഒരു ലക്ഷത്തി രണ്ടായിരം കിലോ വെളിച്ചെണ്ണ ഉപയോഗിക്കപ്പെടുന്നു. നമ്മുടെ നാട്ടിലുള്ള 25 ലക്ഷം തേങ്ങ ഇവിടെത്തന്നെ കൊപ്രയാക്കി ആട്ടി വെളിച്ചെണ്ണയാക്കി നമ്മുടെ ആഭ്യന്തര ഉപയോഗത്തിനുള്ള ഒരുലക്ഷത്തി രണ്ടായിരം കിലോ കഴിച്ച് ബാക്കി വരുന്നതുകൊണ്ട് സോപ്പുപോലുള്ള വിവിധ ഉത്പന്നങ്ങൾ, ശുദ്ധീകരിച്ച വെളിച്ചെണ്ണ, വിവിധ ഔഷധ എണ്ണ എന്നിവ ഇവിടെ ഉത്പാദിപ്പിക്കുവാൻ കഴിയും. ഇതിൽനിന്നും കിട്ടുന്ന പിണ്ണാക്ക് കാലിത്തീറ്റ നിർമാണത്തിന് ഉപയോഗിക്കാം. ചിരട്ടകൊണ്ട് അലങ്കാരവസ്തുക്കളും ഇന്ധനക്ഷമത കൂടിയ ചിരട്ടക്കരി, ഐസ്ക്രീംകപ്പുകൾ എന്നിവ നിർമിക്കാം. ചകിരി, ചകിരിചോർ എന്നിവ നല്ല ജൈവവളമായും ചകിരിനാരുകൊണ്ട് കയറുൽപന്നങ്ങൾ, കയറ്റുപായ തുടങ്ങിയവ ഇവിടെ ഉത്പാദിപ്പിക്കുവാൻ കഴിയും. ഇതിനുള്ള സാങ്കേതികവിദ്യയും സാമ്പത്തിക സഹായവും മാർഗനിർദ്ദേശങ്ങളും നൽകിയാൽ വൻതോതിൽ തൊഴിൽ സാധ്യതയും ഒപ്പം പഞ്ചായത്തിലെ സാമ്പത്തിക വളർച്ചയ്ക്കും കാരണമാവും. തേങ്ങവെള്ളം ശുദ്ധീകരിച്ച് ശീതളപാനിയമായി വ്യാവസായികാടിസ്ഥാനത്തിൽതന്നെ വിപണിയിലെത്തിച്ചാൽ ശീതളപാനിയരംഗത്തെ പല വമ്പന്മാർക്കും തിരിച്ചടിയാകും. തേങ്ങ ഉപയോഗിച്ച് നിർമിക്കാവുന്ന ധാരാളം പലഹാരങ്ങളുണ്ട്. ഇവക്ക് വൻ ഡിമാന്റും ഉണ്ട്. കമ്പോള സംസ്കാരത്തിന്റെ മായാപ്രപഞ്ചത്തിൽപ്പെട്ട നാം വളരെ കൂടിയ വില കൊടുത്ത് ഇത്തരം ഉത്പന്നങ്ങൾ വാങ്ങി ഉപയോഗിക്കുകയും അതുവഴി നമ്മുടെ പ്രൗഢി നിലനിറുത്തുകയും ചെയ്തു വരുന്നു. ഒരു വീട്ടിൽ ഒരു പശു എന്ന ആശയം നടപ്പിലാവുമ്പോൾ നമ്മുടെ നാട്ടിൽ സുലഭമാകാൻ പോകുന്ന പാലും തേങ്ങയും ഉപയോഗിച്ച് പുതിയ പുതിയ ധാരാളം വിഭവങ്ങൾ നമുക്ക് വിപണിയിലെത്തിക്കുവാൻ സാധിക്കും.

പണ്ടൊക്കെ നമ്മുടെ വീടുകളിൽ ആവശ്യമുള്ളത്ര ചൂല് (Brooms) നമ്മുടെ വീട്ടമ്മമാർ തന്നെയാണ് നിർമിച്ചുകൊണ്ടിരുന്നത്. കുടിൽ മുതൽ കൊട്ടാരംവരെ ഒരേപോലെ ഉപയോഗിച്ചുവരുന്ന ഒരു വീട്ടുപകരണമാണല്ലോ ചൂൽ. മുതലാളിത്വ സംസ്കാരത്തിന്റെ ഭാഗമായിട്ടുള്ള വാക്വംക്ലീനർ പോലുള്ള ഉപകരണങ്ങൾ വ്യാപകമായി പട്ടണപ്രദേശങ്ങളിൽ ഉപയോഗപ്പെടുന്നുണ്ടെങ്കിലും ഇന്ന് ചൂലില്ലാത്ത ഒരു ജീവിതം അസാധ്യമാണ്. കച്ചവട സംസ്കാരത്തിൽ ആറാടി നിൽക്കുന്ന നമ്മെ തൃപ്തിപ്പെടുത്താനായി വിദേശങ്ങളിൽനിന്നുപോലും ചൂല് (Imported Brooooms) ഇറക്കുമതി ചെയ്യുന്നു. ഇതിനെല്ലാം പരിഹാരമായി നമ്മുടെ നാട്ടിലെ വിഭവങ്ങളുപയോഗിച്ച് നമുക്കാവശ്യമുള്ള മുഴുവൻ വിഭവങ്ങളും ഇവിടെത്തന്നെ നിർമിക്കുവാൻ കഴിയും. 725 ഹെക്ടർ തെങ്ങുകൃഷിയുള്ള നമ്മുടെ നാട്ടിൽ തെങ്ങ് ഓല കത്തിക്കാൻ മാത്രമാണ് ഉപയോഗിക്കുന്നത്. ഓരോ വീട്ടിലും ആവശ്യമുള്ള ചൂല് അവരവർതന്നെ ഉണ്ടാക്കുകയും ബാക്കി വരുന്നത് സംഭരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുകയും ചെയ്താൽ ഇത് നല്ല സാധ്യതയുള്ള ഒരു കുടിൽ വ്യവസായമാണ്. നിസ്സാരമായ ഈർക്കിൽ ഉപയോഗിച്ച് പല്ലുകുത്തി (ടൂത്ത് പിക്സ്) ഉണ്ടാക്കി പാക്കറ്റിലാക്കി പട്ടണത്തിലെ ഹോട്ടലിലെ മേശപ്പുറത്തെത്തിച്ചാൽ ഏറ്റവും ചുരുങ്ങിയത് 2 കുടുംബത്തിനെങ്കിലും ഉപജീവനമാർഗ്ഗം ആകുമല്ലോ! (ഇന്ന് ഇതെല്ലാം വൻമുതലാളിമാർ ചെയ്തുവരുന്ന വ്യവസായമാണെന്ന് നാം ഓർക്കണം). ഇങ്ങിനെ നോക്കിയാൽ തെങ്ങിന്റെ എല്ലാ ഭാഗങ്ങളും നമുക്ക് വ്യവസായികമായി പ്രയോജനപ്പെടുത്താം. അങ്ങിനെ വന്നാൽ ഇളനീർ വ്യാപാരം നമുക്കൊരു നഷ്ടക്കച്ചവടമായി മാറും. കാരണം ഇളനീരിനായി

തേങ്ങ ഉപയോഗിച്ചാൽ ഇളനീർകൊണ്ട് ദാഹം മാറ്റാമെന്ന ല്ലാതെ തേങ്ങയുടെ ചകിരി, ചിരട്ട, ഉള്ളിലെ ക്യാമ്പ്, അതുപ യോഗിച്ചുണ്ടാക്കാവുന്ന കൊപ്ര, വെളിച്ചെണ്ണ, പിണ്ണാക്ക് തുട ങ്ങിയവ യാതൊന്നും ലഭിക്കുകയില്ല. ഇളനീർ പോഷക സമ്പു ഷ്ടമായ ഒരു പാനിയമാണെന്നുള്ള കാര്യം വിസ്മരിക്കുന്നില്ല.

## റെഡിമേയ്ഡ് വസ്ത്രനിർമ്മാണം

പുത്തൻ സാമ്പത്തികനയം വ്യാപകമായി നടപ്പാക്കിത്തുട ങ്ങിതോടെ പണ്ട് ചെറുകിട മേഖലയിൽമാത്രം ഒതുങ്ങിനിന്നി രുന്ന റെഡിമേഡ് വസ്ത്രനിർമ്മാണരംഗത്തേക്ക് ബഹുരാഷ്ട്ര കുത്തക ഭീമന്മാർ ധാരാളമായി കടന്നുവന്നു. ഇവർ നടത്തിയ പ്രചണ്ഡമായ പ്രചരണം നാട്ടിൻപുറത്തെ ജനങ്ങളെകൂടി റെഡിമെയ്ഡ് വസ്ത്രനിർമാണരംഗത്തേക്ക് വലിച്ചടുപ്പിച്ച ഇന്ന് പട്ടണങ്ങളിലെ മാത്രമല്ല നാട്ടിൻപ്പുറത്തെ മിക്കവാറും ആളു കളും റെഡിമേഡ് വസ്ത്രങ്ങളാണ് ഇഷ്ടപ്പെടുന്നത്. വസ്ത്ര നിർമാണരംഗത്ത് വന്ന ഈ പരിണാമം മുതലെടുത്ത് നമ്മുടെ പഞ്ചായത്തിൽ എങ്ങിനെ കൂടുതൽ തൊഴിലവസരവും ഒപ്പം സാമ്പത്തികലാഭവും ഉണ്ടാക്കാൻ കഴിയും എന്ന കാര്യം കൂട്ടായി ആലോചിക്കാം.

നമ്മുടെ 9 ഗ്രാമസഭകളിലും വന്ന റിപ്പോർട്ടുകൾ അനുസ രിച്ച് റെഡിമേയ്ഡ് വസ്ത്രനിർമ്മാണത്തിനായി വനിതാ വ്യവ സായ യൂണിറ്റുകൾ തുടങ്ങാൻ സ്ത്രീകൾ സന്നദ്ധത പ്രകടിപ്പി ച്ചിട്ടുണ്ട്. ഇവർക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സഹായ ങ്ങൾ ചെയ്തുകൊടുക്കാൻ ഒരേജൻസി എന്ന നിലയിൽ ചെറു കിട/കുടിൽ വ്യവസായങ്ങൾക്കു മാത്രമായി വിപുലമായ രീതി യിൽ ഒരു വനിതാ വ്യവസായ സഹകരണസംഘം നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം. ഇതിന്റെ കീഴിൽ ഓരോ വാർഡിലും തയ്യൽ സ്കൂളുകളും ഒപ്പം റെഡിമേഡ് വസ്ത്ര നിർമാണ യൂണിറ്റും തുടങ്ങിയാൽ ഉന്നത വിദ്യാഭ്യാസത്തിനു പോകുവാൻ പറ്റാത്ത സ്ത്രീകൾക്ക് തൊഴിൽ പരിശീലനം, തൊഴിൽ, സാമ്പത്തികലാഭം എന്നിവ ഉണ്ടാകും. ഇങ്ങിനെ ഓരോ യൂണിറ്റിലും ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ ഈ സംഘം ശേഖരിച്ച് മാർക്കറ്റ് കണ്ടുപിടിച്ച് വിപണനം നടത്തണം. ഒപ്പം ആഭ്യന്തര ഉപഭോഗത്തിനുള്ളത് ആവശ്യാനുസരണം ലഭ്യ മാക്കുകയും വേണം. ഇന്ന് ഏതു നാട്ടിലെ ജനങ്ങളായാലും ഒരേപോലെ ഉപയോഗിക്കുന്ന ഒന്നാണ് തോർത്ത്, തുവാല തുട ങ്ങിയവ. നമ്മുടെ പഞ്ചായത്തിലെ 4250 വീടുകൾക്കും വേണ്ട (ഒരു വീടിന് 1 വർഷം 10 തോർത്ത് ഉപയോഗിക്കുന്നു എന്ന് കരു തിയാൽപോലും 42500 തോർത്ത് പ്രതിവർഷവും നമ്മുടെ വീടു കളിൽത്തന്നെ ഉപയോഗിക്കപ്പെടുന്നുണ്ട്) ആവശ്യമായി വരുന്ന 42500 തോർത്തും അതിനടുത്ത തുവാലയും ഉത്പാദിപ്പി ക്കാൻതക്ക ശേഷിയുള്ള ചെറുകിട യൂണിറ്റുകൾ ഇവിടെ ആരം ഭിക്കാവുന്നതാണ്. കൈത്തറി നെയ്ത്ത് പരിശീലിപ്പിച്ചാൽ കുറഞ്ഞ ചിലവിൽ ഇത്രയും തോർത്തും തുവാലയും ഗ്രാമീണ വനിതകൾക്ക് വീട്ടിലിരുന്നുതന്നെ നിർമിക്കുവാനും മേൽപ റഞ്ഞ സംഘത്തിൽ കൊടുത്ത് അതുവഴി വിപണനം നടത്തു വാനും സാധിക്കും.

## സോപ്പ് നിർമ്മാണം

മുകളിൽ പ്രതിപാദിച്ച ഉദാഹരണങ്ങൾപോലെ സോപ്പ്, സോപ്പ് പൊടി തുടങ്ങിയവ ഉപയോഗിക്കാത്തവരോ ഉപയോഗി ക്കാത്ത വീടോ നമ്മുടെ പഞ്ചായത്തിൽ കാണുമെന്ന് തോന്നു ന്നില്ല. ഏറ്റവും ചുരുങ്ങയത് മാസം, വീട്ടിൽ കുളിക്കാനായി 3 സോപ്പ് എന്ന കണക്കിന് ഉപയോഗിച്ചാൽപോലും പ്രതിവർഷം 11/2 ലക്ഷം ടോയ്ലറ്റ് സോപ്പ് നമ്മുടെ പഞ്ചായത്തിൽ ഉപയോ ഗിക്കപ്പെടുന്നുണ്ട്. ഇതിൽ ഒരു സോപ്പുപോലും നിർമിക്കുന്നില്ല. 1 സോപ്പിന് 8 രൂപ വിലവച്ച് കൂട്ടിയാൽപോലും കുളിക്കുന്നതി നുള്ള സോപ്പിനുമാത്രമായി എത്രലക്ഷം രൂപയാണ് നമ്മുടെ പഞ്ചായത്തിൽനിന്ന് വൻകിട സോപ്പുകമ്പനികൾക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട് എന്നു കാണാൻ സാധിക്കും. (ഏക ദേശം 12 ലക്ഷം രൂപ). അലക്ക് സോപ്പിനും അലക്ക്പൊടിക്കു മായി ഇതിലും എത്രയോ വലിയ തുകയാണ് നമ്മുടെ പഞ്ചായ ത്തിന്റെ പുറത്തേക്ക് പോകുന്നത് എന്ന് നാം ആത്മാർഥമായി പരിശോധിക്കേണ്ടതാണ്. ഇതിന് പരിഹാരമായി നമ്മുടെ നാട്ടിൽ സുലഭമായി ലഭിക്കുന്ന വെളിച്ചെണ്ണയും സുലഭമായി ലഭിക്കുന്ന റബർക്കുരു ആട്ടിയെടുക്കാവുന്ന എണ്ണ, മറ്റു അസം സ്കൃത പദാർഥങ്ങളും ഉപയോഗപ്പെടുത്തി നിസ്സാര സാങ്കേതി കവിദ്യകൾകൊണ്ട് ഇന്ന് മാർക്കറ്റിൽനിന്നും ലഭിക്കുന്ന സോപ്പു കളേക്കാൾ എത്രയോ ഗുണനിലവാരമുള്ള സോപ്പുതരങ്ങൾ നിർമിച്ച് നമ്മുടെ പഞ്ചായത്തിന് സ്വയംപര്യാപ്തത നേടുവാൻ കഴിയും എന്നുള്ളതാണ് വസ്തുത. ഇതിനെല്ലാം ആദ്യമായി വേണ്ടത് "വേണമെന്നുള്ള തോന്നലാണ്". സോപ്പ് നിർമാണം മറ്റ് പല ചെറുകിട/കുടിൽ വ്യവസായങ്ങളെപ്പോലെതന്നെ ധാരാ ളംപേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന ഒരു വ്യവസായമാണ്. ഇതിന്റെ നിർമാണത്തിനും വിപണനത്തിനും പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുന്ന സഹകരണസംഘത്തിന്റെ സേവനം ഉപ യോഗപ്പെടുത്താവുന്നതാണ്.

ഇതുപോലെതന്നെ യാതൊരു സാങ്കേതികവിദ്യയോ വൻമു തൽമുടക്കോ കൂടാതെ തുടങ്ങുവാൻ സാധിക്കുന്ന ചെറുകിട/ കുടിൽ വ്യവസായങ്ങളാണ് മെഴുകുതിരി നിർമാണം, തീപ്പെട്ടി നിർമാണം, കറിപൗഡർ, അച്ചാർ, പേപ്പർകൂട്, കളിമണ്ണ് ഉപ യോഗിച്ചുള്ള ടെറക്കോട്ട, (പൂച്ചട്ടി അലങ്കാര പാത്രങ്ങൾ തുട ങ്ങിയവ) ചെരുപ്പ് നിർമാണം, പ്ലാസ്റ്റിക്പാത്ര നിർമാണം, ഫർണി ച്ചർ നിർമാണം, തേനീച്ച വളർത്തൽ, ബുക്ക് ബൈൻഡിങ്, സിമന്റ് ഇഷ്ടിക, ക്രാസി നിർമാണം തുടങ്ങിയവ.

ഈ പഞ്ചായത്തിലെ റോഡു പുറമ്പോക്കുകളിലും തരിശ്ഭൂ മികളിലും ഇന്ന് വംശനാശം വന്നുകൊണ്ടിരിക്കുന്ന ഔഷധസ സ്യങ്ങൾ വച്ചുപിടിപ്പിച്ച് അവ കുറഞ്ഞ ചിലവിൽ ആയൂർവേദ മരുന്നുകൾ ഉല്പാദിപ്പിക്കുന്നതിന് മുതൽകൂട്ടാകും. ഇന്ന് നമ്മുടെ നാട്ടിൽ അലോപ്പതി മരുന്നുകളുടെ അതേ സ്ഥാനം ആയൂർവേദ മരുന്നുകൾ കൈയടക്കിയിട്ടുണ്ട്. പല ആയൂർവേദ മരുന്നുകളും നല്ല വൈദഗ്ധ്യമുള്ളവർ നിർമിക്കുന്നതോ നല്ല നിലവാരം പുലർത്തുന്നതോ അല്ല എന്നുള്ളതാണ് വസ്തുത. അലോപ്പതി മരുന്നുകളുടെ രൂപത്തിൽതന്നെ ക്യാപ്സ്യൂൾ ഗുളിക, പേസ്റ്റ്, ഓയിൽമെന്റ് തുടങ്ങി എല്ലാ രൂപത്തിലുമുള്ള

ആയുർവേദ മരുന്നുകൾ ഇന്ന് വിപണിയിലുണ്ട്. നാമെല്ലാം ഇവയുടെ ഗുണനിലവാരം നോക്കാതെ ഇതെല്ലാം വാങ്ങി ഉപയോഗിക്കുന്നുമുണ്ട്. പരസ്യത്തിന്റെ പുറകേയുള്ള നമ്മുടെ പോക്കിൽ നമുക്ക് നഷ്ടമാവുന്നത് നമ്മുടെ പാരമ്പര്യശൈലിയിലുള്ള ആയുർവേദ മരുന്നുകളെയാണ്. നമുക്ക് ആവശ്യമുള്ള ആയുർവേദ മരുന്നുകൾ ഉല്പാദിപ്പിക്കുവാനുള്ള ഒരു കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ വേണം.

ആയവന പഞ്ചായത്തിൽ കെട്ടിട നിർമാണത്തിന് ഉപയോഗിക്കാവുന്ന തടി വിരളമായി. മാർക്കറ്റിൽനിന്നും വാങ്ങുമ്പോൾ വിലയാണെങ്കിലോ താങ്ങാനാകാത്തതും മാത്രമല്ല മരപ്പണി ചെയ്യുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ദിവസംതോറും കുറഞ്ഞു വരുന്നതും ഈരംഗത്തെ ഒരു ഭീഷണിയാണ്. ഇത് പരിഹരിക്കപ്പെടുന്നതിന് ഇപ്പോൾ വ്യാപകമായി ഉപയോഗിക്കപ്പെട്ടുവരുന്ന കെട്ടിടനിർമാണ സാമഗ്രികളായ കട്ടിള, ജനറൽ വെന്റിലേറ്റർ, ഹോളോ ബ്ലോക്സ് സിമന്റ് കാലുകൾ തുടങ്ങിയവ നമ്മുടെ നാട്ടിൽ ഉത്പാദിപ്പിക്കുവാൻ കഴിയുന്ന ഒരു കേന്ദ്രം അത്യാവശ്യമായി ഉണ്ടാവേണ്ടിയിരിക്കുന്നു. തല്പരരായ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് സാങ്കേതിക സാമ്പത്തിക സഹായം നൽകി നമ്മുടെ പഞ്ചായത്തിലെ ഒന്നോ രണ്ടോ സ്ഥലത്ത് ആരംഭിക്കേണ്ടതാണ്.

നമ്മുടെ നാട്ടിൽ പരമ്പരാഗതമായി നിലനിന്നിരുന്ന ഒരു വ്യവസായമാണ് പനമ്പ് നെയ്ത്ത്, കുട്ടവട്ടി നിർമാണം പായ്നെയ്ത്ത് ഇവ. ഇവയിൽ പനമ്പ്നെയ്ത്ത് മാത്രമാണ് നാമമാത്രമായാണെങ്കിലും നിലനില്ക്കുന്നത്. കളിമൺപാത്ര നിർമാണം ഈ പഞ്ചായത്തിലെ 7-ാം വാർഡിൽ ഉൾപ്പെടുന്ന കടുംപടി പ്രദേശത്തെ ഏകദേശം എല്ലാ കുടുംബങ്ങളിലും ഉണ്ടായിരുന്നു. ഇന്ന് ഇത് മൂന്നോ – നാലോ കുടുംബങ്ങളിൽ മാത്രമായി ചുരുങ്ങിയിരിക്കുന്നു. എന്നിരുന്നാലും തമിഴ്നാട്ടിൽനിന്ന് ധാരാളം കളിമൺപാത്രങ്ങൾ ഇവിടെ കൊണ്ടുവന്ന് തലചുമടായി നടന്ന് വില്പന നടത്തിവരുന്നുണ്ട്. ആവശ്യമായ കളിമണ്ണോ പണിക്കാരോ ലഭ്യമല്ല തുടങ്ങിയ പല പ്രശ്നങ്ങളും ഈ രംഗത്ത് നിലനില്ക്കുന്നുണ്ട്. ഇത് സംരക്ഷിച്ച് നിലനിറുത്തേണ്ട ഒരു കുടിൽ വ്യവസായമാണ്. സാധ്യതയുണ്ടായാൽ ഈ പ്രദേശത്തെ 70ഓളം കുടുംബങ്ങൾ ഈ തൊഴിലിൽ വീണ്ടും ഇടപെടും എന്നാണ് അറിയാൻ കഴിയുന്നത്.

ഇത്രയും വ്യവസായ യൂണിറ്റുകളെപ്പറ്റിയെല്ലാം പ്രതിപാദിച്ചെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇവ തുടങ്ങുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചാൽ പ്രശ്നങ്ങൾ പലതാണ്. ഇവയിൽ ഏറ്റവും പ്രധാനമായത് വ്യവസായങ്ങൾ തുടങ്ങുവാനുള്ള സ്ഥലപരിമിതിയാണ്. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ഏകോപിപ്പിക്കുന്നതിന് ഒരു പഞ്ചായത്തുതല ഏജൻസി ഉണ്ടാക്കുകയും ഇത്തരം ചെറുകിട കുടിൽ വ്യവസായങ്ങൾക്കാവശ്യമായ എല്ലാ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുകയും കൂടാതെ അസംസ്കൃവസ്തുക്കൾ ശേഖരിച്ച് ആവശ്യക്കാർക്ക് വിതരണം ചെയ്യുക, അവരുടെ ഉത്പാദനത്തിൽ ഇടപെടുക, ഉത്പന്നങ്ങൾ വാങ്ങി വിപണനം നടത്തുക തുടങ്ങിയ ഈ കേന്ദ്ര ഏജൻസി ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ ചെറുകിട യൂണിറ്റുകൾ ഉദ്പാദിപ്പിക്കുന്ന മുഴുവൻ സാധനങ്ങളും ഒരു (കോമൺ ബ്രാണ്ട് നെയിം) പൊതുവായ പേരിൽ അറിയപ്പെടണം. ഇതിന് മാർക്കറ്റ് കണ്ടുപിടിക്കുന്നതിന് ഈ ഏജൻസിക്ക് യുക്തമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

മൂലധന വായ്പാ സൗകര്യത്തിന്റെ ലഭ്യതക്കുറവ് മറ്റൊരു പ്രധാന പ്രശ്നമാണ്. ഇതും മേൽപറഞ്ഞ ഏജൻസിവഴി വ്യവസായസംരംഭകർക്ക് ലഭ്യമാക്കണം.

ഏതു വ്യവസായം തുടങ്ങിയാലും അവ പ്രകൃതിയുടെ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടാത്ത രീതിയിലും പഞ്ചായത്തിലെ ജനങ്ങൾക്ക് ആരോഗ്യപ്രശ്നങ്ങൾ ഒന്നും സൃഷ്ടിക്കാത്തതരത്തിലും ആയിരിക്കണം. വൈദ്യുതി പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പുതിയ വ്യവസായ സംരംഭങ്ങൾ ഒന്നും വൈദ്യുതിക്ക് പ്രധാനസ്ഥാനം ഉള്ളതല്ലാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പഞ്ചായത്തിൽ വ്യവസായം തുടങ്ങുന്നവർക്കുള്ള വിവിധതരം സബ്സിഡി അർഹതയുള്ളവർക്ക് ലഭ്യമാവുന്നില്ല എന്ന പരാതി നിലനില്ക്കുന്നു. ഇതിനു പരിഹാരമായി അർഹതയുള്ളവർക്ക് മുഴുവൻ പേർക്കും ലഭ്യമായ സബ്സിഡി നൽകണം. വിദഗ്ധ തൊഴിലാളികൾ വേണ്ടത്ര ഇല്ലാത്തതിനാൽ പഞ്ചായത്തടിസ്ഥാനത്തിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് പുതിയ ആളുകളെ പരിശീലിപ്പിച്ചെടുക്കണം.

പരമ്പരാഗത വ്യവസായ തൊഴിലാളികൾക്ക് ജീവിക്കാനുതകുന്ന കൂലി ലഭ്യമാക്കണം. വിവിധ തുറകളിലുള്ള വ്യവസായം തുടങ്ങുവാൻ യഥാർഥ താല്പര്യമുള്ളവരെ കണ്ടുപിടിച്ച് അവർക്കു വേണ്ട പരിശീലനം നൽകുക. പഞ്ചായത്തും വ്യവസായവകുപ്പുംകൂടി സംയോജിച്ച് നമ്മുടെ പഞ്ചായത്തിൽ വിവിധ വ്യവസായത്തിന് വിവിധ അസംസ്കൃത പദാർഥങ്ങളേയും അവയുടെ ലഭ്യത, ഗുണനിലവാരം തുടങ്ങിയവ സംബന്ധിച്ച് ഒരു രേഖ തയാറാക്കി സൂക്ഷിക്കണം.

## പൊതുനിർദ്ദേശങ്ങൾ

നമ്മുടെ പഞ്ചായത്തിലെ 18 വയസിനും 35 വയസിനും ഇടയിലുള്ള അഭ്യസ്ഥവിദ്യരെ കണ്ടുപിടിച്ച് ഇൻഡസ്ട്രിയൽ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യിച്ച് ഇവരെ ഒരുമിച്ച്കൂട്ടി സർക്കാരിൽനിന്നും അവർക്ക് കിട്ടാൻ അർഹതയുള്ള സാമ്പത്തികാനുകൂല്യങ്ങളെപ്പറ്റിയും അവർക്ക് ചെയ്യാവുന്ന സ്വയംതൊഴിലുകളെപ്പറ്റിയും പറഞ്ഞ് മനസ്സിലാക്കുക. സ്വയംതൊഴിൽ ചെയ്യാൻ പറ്റാത്ത ആളുകൾ അഞ്ചോ ആറോ പേർ ഒന്നിച്ചുചേർന്ന് സർക്കാർ ആനുകൂല്യങ്ങൾ സമ്പാദിച്ച് അവരുടെ നിർദ്ദേശപ്രകാരം ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെടുവാൻ വേണ്ട സാഹചര്യങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുകയും ഇങ്ങിനെയുള്ളവർക്ക് വർഷത്തിൽ രണ്ട് പ്രാവശ്യം വീതം താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം കൊടുക്കുന്ന പരിപാടി നമ്മുടെ പഞ്ചായത്തിൽകൂടി വ്യാപിപ്പിക്കുക. സാമ്പത്തിക പ്രക്രീയയിലെ അഭിവാജ്യഘടകങ്ങളായ പ്രകൃതി വിഭവങ്ങൾ വ്യാവസായിക അസാംസ്കൃത വിഭവങ്ങളാക്കി മാറ്റുവാൻ വേണ്ട പ്രക്രീയ പഞ്ചായത്തു മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക, സാമ്പത്തികമായ ഇളവുകൾ നൽകുന്ന പുതിയ പുതിയ പദ്ധതികളിൽക്കൂടി നമുക്ക് പൊതു

ജനങ്ങളെ വ്യവസായരംഗത്തേക്ക് ആകർഷിക്കുവാൻ സാധിക്കും. ഉദ്പാദന സാധ്യതകളെപ്പറ്റിയുള്ള അറിവില്ലായ്മ വ്യവസായ സംരംഭങ്ങൾക്ക് ഒരു തടസമാണ്. ആയത് മാറ്റി എടുക്കുവാൻ മേൽപറഞ്ഞ പഞ്ചായത്തുതല ഏജൻസി വഴി സാധിക്കും. ഗ്രാമപ്രദേശങ്ങളിലേക്ക് അനുയോജ്യമായ പദ്ധതികളും സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള മാർഗനിർദേശങ്ങൾ വ്യവസായവകുപ്പിൽനിന്ന് പഞ്ചായത്തുതല ഏജൻസിയെ യഥാസമയം അറിയിക്കുകയും വേണം. സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണ മനോഭാവവും പ്രോത്സാഹനപരമായ സമീപനത്തിന്റെ അഭാവവും ഇല്ലാതാക്കണം. വിപണിക്കനുസൃതമായി ഉല്പന്നത്തിന്റെ ഗുണമേന്മ, ഉത്പാദനക്ഷമത എന്നിവയിലെ മാറ്റങ്ങൾ യഥാസമയം വരുത്തുവാനുള്ള ബോധവൽക്കരണം, യഥാസമയം വ്യവസായസംരംഭകർക്ക് ലഭ്യമാക്കുക, വ്യവസായ വികസനത്തിന് തടസമായിരിക്കുന്ന സാമൂഹിക പ്രശ്നങ്ങളായ സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള ആഗ്രഹം, സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യക്കുറവ്, വ്യവസായ സംരംഭങ്ങൾക്ക് ഉതകുന്ന വിദ്യാഭ്യാസരീതിയുടെ അഭാവം തുടങ്ങിയവ മാറ്റിയെടുക്കുവാൻ വ്യവസായസംരംഭകരുമായി നിരന്തരമായ ഇടപെടലുകൾ നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക. നമ്മുടെ പഞ്ചായത്തിന് അനുയോജ്യമായ വ്യവസായ സംരംഭങ്ങൾ കണ്ടുപിടിക്കുന്നതിന് മുന്നോടിയായി നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള തൊഴിൽ വൈദഗ്ധ്യം, പ്രകൃതിവിഭവങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ സ്വരൂപിക്കുക. ഉദാഹരണത്തിന് നമ്മുടെ പഞ്ചായത്തിൽ ധാരാളം വെറും തയ്യൽ കടകളും ചില റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റുകളും ഉണ്ട്. ഇവയിൽ പുരുഷന്മാരെക്കൂടാതെ ധാരാളം വനിതകളും ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ ഒന്നും നിലനില്പ് ശക്തിയായ അടിത്തറയിലല്ല എന്നുള്ളത് നമുക്ക് കാണാം. എന്നാൽ ഒരു കൂട്ടായ പ്രവർത്തനശൈലിയുടേയും കൂട്ടായ പരിപാടിയിലൂടെയും അടിസ്ഥാനത്തിൽ നൂതനമായ ഡിസൈൻ, ഉത്പാദനരീതികൾ, വിപണി എന്നിവ കണ്ടുപിടിക്കാനാവും.

പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ കമ്മിറ്റി രൂപീകരിച്ച് നമ്മുടെ പ്രദേശത്തെ വ്യവസായസംരംഭകരെപ്പറ്റിയും വിഭവങ്ങളുടെ ലഭ്യതയെപ്പറ്റിയും നിലവിലുള്ള വ്യാവസായിക പ്രവർത്തനങ്ങളെപ്പറ്റിയും ഉള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുക അതായത് ഒരു യഥാർഥ വ്യവസായ ഡാറ്റാ ബാങ്ക് ഉണ്ടാക്കുക. ഈ കമ്മിറ്റി ഓരോ തരം വ്യവസായങ്ങളുടെയും പ്രത്യേകതകൾ മനസിലാക്കി അതിനനുയോജ്യമായ തരത്തിൽ രൂപകല്പന നടത്തുകയും വേണം. പരസ്പരബന്ധമുള്ള വ്യത്യസ്ഥ യൂണിറ്റുകൾ സ്ഥാപിക്കുക, എല്ലാ യൂണിറ്റുകൾക്കും വേണ്ട അസംസ്കൃത സാധനങ്ങൾ ശേഖരിച്ച് യൂണിറ്റുകൾക്ക് വിതരണം ചെയ്യുക, ഈ യൂണിറ്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുക തുടങ്ങിയവയെല്ലാം ഈ വ്യാവസായിക കമ്മിറ്റി നിർവഹിക്കേണ്ടതാണ്.

## OPS (Outworker Production System)

ഔട്ട് വർക്കർ ഉദ്പാദന സമ്പ്രദായം നമ്മുടെ പഞ്ചായത്തിൽ എന്തുകൊണ്ടും അനുയോജ്യമാണ്.

കേരളത്തിലെ ചിതറിക്കിടക്കുന്ന മനുഷ്യവാസഘടന, വർധിച്ചുവരുന്ന ജനസാന്ദ്രത, സ്ഥലദൗർലഭ്യം എന്നിവ കണക്കിലെടുക്കുമ്പോൾ പഞ്ചായത്തുതല വികേന്ദ്രീകൃത ഉത്പാദന സമ്പ്രദായം എന്തുകൊണ്ടും യോജിച്ചതാണ് എന്നു കാണാം. OPS എന്നാൽ ഒരു മാതൃസ്ഥാപനവും അതിനെ ചുറ്റിപ്പറ്റിയുള്ള ഗാർഹിക ഉൽപാദനകേന്ദ്രങ്ങളുമാണ്.

## OPS ന്റെ പ്രത്യേകതകൾ

1. സാങ്കേതികവും ഗുണമേന്മയും സംബന്ധിച്ച കാര്യങ്ങളിൽ മാതൃസ്ഥാപനത്തിന് പൂർണമായി ശ്രദ്ധിക്കുവാൻ സാധിക്കുന്നു.
2. കെട്ടിടം തുടങ്ങിയവ ഒഴിവാക്കാം.
3. കൂട്ടായ പ്രവർത്തനശൈലിക്ക് സാധാരണഗതിയിൽ വിഘാതമാവുന്ന മനുഷ്യവാസഘടനയുടെ ഗുണപരമായ ഉപയോഗം.
4. ഉദ്പാദന പ്രക്രീയയിൽ ഒരു വ്യക്തിയുടേതിനു പകരം ഒരു കുടുംബത്തിന്റെ മുഴുവൻ പങ്കുചേരൽ.

പഞ്ചായത്തിന് അനുയോജ്യമായ പദ്ധതികൽ, പ്രാദേശികമായ സംരംഭക സാധ്യതകൾ, ഗുണഭോക്താക്കൾ (Potential beneficiaries) എന്നിവയുമായി ബന്ധപ്പെടുത്തി ഒരു മാർഗ്ഗരേഖ ഉണ്ടാക്കേണ്ടതാണ്. ഇവക്ക് സ്വയംതൊഴിൽ എക്സ്ചേഞ്ച് എന്നു പറയാം ഇത്തരത്തിലുള്ള മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്ത് അവർക്കു വേണ്ട ഉപദേശങ്ങളും (പ്രധാനമായും പദ്ധതികളും സംരംഭങ്ങളും തെരഞ്ഞെടുക്കുന്ന കാര്യത്തിന്) നടപടിക്രമങ്ങൾക്കുവേണ്ട സഹായം നൽകുവാനും ഈ എക്സ്ചേഞ്ചുകൾക്ക് കഴിയും.

പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങളുടെ വിപണനം ഏറ്റെടുത്ത് നടത്തുന്നതിന് പൊതുവിരണന സ്ഥാപനങ്ങൾ സ്ഥാപിക്കണം. ഉദാഹരണത്തിന് പുതിയ വിപണികളും വിദൂര വിപണികളും കണ്ടെത്തുക കാലാനുസൃതമായി ഉത്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പു വരുത്തുക ഇവർക്ക് വേണ്ടുന്ന പരിശീലനം നൽകുക ഇവയെല്ലാം പൊതുവിപണന കേന്ദ്രത്തിന്റെ ചുമതലായ്ായിരിക്കും.

സാമൂഹികമായ പരിവർത്തനത്തിനുള്ള നടപടികൾ എന്ന നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായസംരംഭക ക്ലബുകൾ രൂപീകരിക്കുക, ക്രാഫ്റ്റ് ട്രെയിനിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, പരസ്യബോർഡുകൾ സ്ഥാപിക്കുക, സെമിനാറുകൾ സംഘടിപ്പിക്കുക തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിലൂടെ ഉത്പാദന പ്രക്രീയയിലേക്ക് കൂടുതൽ പേരെ ആകർഷിക്കുവാനും അതിനുതകുന്ന രീതിയിൽ സാമൂഹികമായ മാറ്റങ്ങൾ നേടിയെടുക്കുവാനും കഴിയും. വ്യവസായ സംരംഭക ക്ലബുകളിൽ ഉത്പാദിപ്പിക്കുന്ന നോട്ടുബുക്കുകൾ, പേപ്പർ കൊണ്ടുള്ള കൗതുകവസ്തുക്കൾ എന്നിവയെല്ലാം പ്രാദേശികമായി വില്ക്കുകവഴി സമൂഹത്തിൽ ഒരു സംരംഭക സ്വഭാവവും വിദ്യാർഥികളെ ഉത്പാദന വിപണന പ്രക്രീയയുമായി ബന്ധപ്പെടുത്തുവാനും കഴിയും.

# സമഗ്ര ഊർജ്ജ ആസൂത്രണം

ഊർജ്ജാസൂത്രണം എന്നു പറയുമ്പോൾ വൈദ്യുതി ഉത്പാദനവും വിതരണവും മാത്രമല്ല വിറക്, ചാണകവരളി, ചപ്പ്ചവറുകൾ, മണ്ണെണ്ണ, പാചകവാതകം, പെട്രോൾ, കൽക്കരി, പ്രകൃതിവാതകം തുടങ്ങി നാം ഉപയോഗിക്കുന്ന നിരവധി ഊർജ്ജസ്രോതസുകളുണ്ട്. മണ്ണെണ്ണയിലേക്കും ഗ്യാസിലേക്കുമുള്ള മാറ്റം പൊടുന്നനെയാണെങ്കിലും വിറകടുപ്പിന്റെ കാര്യം മറന്നുകൊണ്ടുള്ള ഊർജ്ജാസൂത്രണം അപ്രസക്തമാണ്.

കേന്ദ്രീകൃത ഊർജ്ജാസൂത്രണം ഗ്രാമീണ ഊർജ്ജാസൂത്രണത്തെ വളരെക്കുറച്ചു മാത്രമേ ബാധിക്കുകയുള്ളൂ. പലപ്പോഴും ഊർജ്ജം ഊർജ്ജത്തിനുവേണ്ടിയല്ല മറ്റ് അന്തിമഫലങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കപ്പെടുന്നത്. എത്ര ഊർജ്ജം ഉപയോഗിക്കുന്നു എന്നല്ല അതുകൊണ്ട് എന്ത് പ്രയോജനം കിട്ടുന്നു എന്നതാണ് കാര്യം. വളരെ ദക്ഷത കൂടിയ 'മൈക്രോവേവ്' അടപ്പുകൾ ഉപയോഗിക്കുന്ന അമേരിക്കക്കാരേക്കാൾ വളരെ കൂടുതൽ ഇന്ധനം വിറകടുപ്പ് ഉപയോഗിക്കുന്ന നാം കത്തിച്ചു തീർക്കുന്നു. വിറക് കത്തിച്ചുണ്ടാകുന്ന ചൂടിന്റെ 75% പാഴായിപ്പോകുന്നു. അന്തിമ ഉപയോഗത്തിൽ ഊന്നുന്ന ദൂരവ്യാപക ജനകീയ താൽപര്യങ്ങൾ പരിരക്ഷിക്കുന്നതുമായ ഒരു ബദൽ ഊർജ്ജാസൂത്രണം അത്യാന്താപേക്ഷിതമാണ്. വൻകിട ഊർജ്ജോൽപാദന പ്രസ്ഥാനങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ വിറക്, വിറകുൽപന്നങ്ങൾ, കാർഷിക അവശിഷ്ടങ്ങൾ, മറ്റ് ഊർജ്ജസ്രോതസുകൾ, ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയ കാർഷിക വാണിജ്യ മേഖലകളിലെ ഊർജ്ജസ്രോതസുകളാണ് വൈദ്യുതിയുടേയും ഖനിജ ഇന്ധനങ്ങളുടേയും വിതരണം എന്നിവ മാത്രമേ ത്രിതല പഞ്ചായത്തുകളുടെ പരിധിയിൽ വരുന്നുള്ളൂ. ഇനി നമ്മുടെ പഞ്ചായത്തിലെ ഊർജ്ജസ്രോതസുകളെപ്പറ്റിയും ഊർജ്ജ ഉപയോഗത്തെപ്പറ്റിയും നോക്കാം.

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വാണിജ്യ ഇന്ധനങ്ങളെ അപേക്ഷിച്ച് വിറക്, തെങ്ങ് ഉൽപന്നങ്ങൾ, റബർ കായതൊണ്ട്, ചപ്പ്ചവറ് എന്നിവയാണ് വ്യാപകമായി ഉപയോഗിക്കപ്പെടുന്നത്. വാണിജ്യ ഊർജ്ജ ഇന്ധനങ്ങൾ, ഹോട്ടലുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വളരെക്കുറച്ചു മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ. രണ്ടോ മൂന്നോ ചെറുകിട ഫാക്ടറിയും ഒരു സോമില്ലും മാത്രം ഉള്ള നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ഉപയോഗിക്കപ്പെടുന്ന ഊർജ്ജം വൈദ്യുതി തന്നെയാണ്. ബഹുഭൂരിപക്ഷം വീടുകളിലും വിറകും തെങ്ങ് ഉൽപന്നങ്ങളുമാണ് പാചകാവശ്യത്തിനായി ഉപയോഗിക്കുന്നത്. വളരെക്കുറച്ച് വീടുകളിൽ മാത്രമേ LPG ഉപയോഗിക്കുന്നുള്ളൂ. വെളിച്ചത്തിനായി വൈദ്യുതിയേയും പഴയ മണ്ണെണ്ണ വിളക്കുകളേയും ആശ്രയിക്കുന്നുണ്ട്. കാർഷികാവശ്യത്തിനുള്ള പമ്പ്സെറ്റുകൾ എല്ലാംതന്നെ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്നവയാണ്. ഈ പഞ്ചായത്തിലെ കാർഷിക മേഖല അഭിവൃദ്ധിപ്പെട്ടാൽ ജൈവഊർജ്ജസ്രോതസുകൾ വിപുലീകരിക്കുവാൻ കഴിയും. നാം കൂടുതൽ ജൈവ ഊർജ്ജത്തെ ആശ്രയിക്കുന്നതുകൊണ്ട് ഇതിന്റെ ലഭ്യതയുടെ അളവ് ദൈനംദിനം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഇതിനുള്ള പരിഹാരമാർഗ്ഗം വീടുകളിൽ ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുവാൻ കഴിയണം. ഇത്തരം മെച്ചപ്പെട്ട അടുപ്പുകളുടെ പ്രചാരണത്തിനായി ഉള്ള ദേശീയ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള 'അനർട്ടിന്റെ' പദ്ധതികൾ ഈ പഞ്ചായത്തിൽ സബ്സിഡിയോടുകൂടി ആവശ്യത്തിന് എണ്ണം ലഭ്യമാക്കണം. അടുപ്പ് സ്ഥാപിക്കാനുള്ള സാങ്കേതിക വൈദഗ്ധ്യവും ആവശ്യമുള്ള സാധന സാമഗ്രികളും എല്ലാ വീടുകളിലും ലഭ്യമാക്കാൻ വേണ്ട പദ്ധതി തയാറാക്കണം. ഇത് കൂടാതെ ഈ പദ്ധതിക്കുവേണ്ടി ഉപഭോക്താക്കളിൽനിന്നും ചെറിയ ഒരു വിഹിതവും പഞ്ചായത്തുവഴി ലഭ്യമാക്കാവുന്ന സേവന സഹായങ്ങളും സ്വരൂപിച്ചെടുത്താൽ ഇന്ന് നാം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് 50% പരിഹാരമാവും. ഈ വികസന സെമിനാറോടുകൂടി ഒരു സമഗ്ര അടുപ്പ് പദ്ധതി പഞ്ചായത്തിൽ ഉടനീളം രൂപീകൃതമാവണം. പ്രഷർകുക്കർ, കച്ചപ്പെട്ടി തുടങ്ങിയ ഊർജ്ജക്ഷമത കൂടിയ ഉപകരണങ്ങൾ വിതരണം നടത്താൻ പഞ്ചായത്ത് മുൻകൈയെടുക്കണം. ഇതോടൊപ്പംതന്നെ കാലിവളർത്തൽ ഊർജിതപ്പെടുത്തിയാൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഒരു പരിധിവരെ ഇന്ധനക്ഷാമം ലഘൂകരിക്കാം. ജലസേചനത്തിനായി ഘർഷണരഹിത ഫുട്ട്വാൽവുകൾ ഉപയോഗിച്ചാൽ വൈദ്യുതി ഉപയോഗം കുറക്കാം. വൈദ്യുതി പ്രതിസന്ധി ഓരോ ദിവസവും രൂക്ഷമായി വർധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ വൈദ്യുതി ഊർജ്ജമായി ഉപയോഗിക്കേണ്ട പദ്ധതികൾ പ്രോത്സാഹിപ്പിക്കാതിരിക്കണം. നമ്മുടെ പഞ്ചായത്തിൽ ആകെ ഉപയോഗിക്കപ്പെടുന്ന വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചാൽ ദിനംപ്രതി വൈദ്യുതി കണക്ഷൻ വേണ്ടവരുടെ എണ്ണം കൂടുകയും കറന്റിന്റെ ലഭ്യത ആനുപാതികമായി വർധിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി പഞ്ചായത്തിൽ മുഴുവൻ വോൾട്ടേജ് ക്ഷാമവും വൈദ്യുതിയുടെ ഏറ്റക്കുറച്ചിലുകളും അനുഭവപ്പെടുന്നു. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള കണക്റ്റഡ് ലോഡും യഥാർത്ഥ ഉപഭോഗവും തമ്മിൽ വലിയ അന്തരമുണ്ട്. കണക്ഷനെടുക്കുന്ന സമയത്തും തുടർന്നും ശരിയായ കണക്റ്റഡ് ലോഡ് സംബന്ധിച്ച വിവരങ്ങൾ ഇലക്ട്രിസിറ്റി ബോർഡിൽ അറിയിക്കാത്തതും അങ്ങിനെ വേണമെന്ന് അധികാരികൾ നിർബന്ധിക്കാത്തതും ആണ് ഇതിനു കാരണം. പ്രസരണ രംഗത്തെ നഷ്ടം പട്ടണത്തെ അപേക്ഷിച്ച് നാട്ടിൻപുറങ്ങളിൽ വളരെ കൂടുതലാണ്. ലൈനിൽ കാലാകാലങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തും ലൈനിൽ മുട്ടിക്കിടക്കുന്ന മരത്തിന്റെ കമ്പുകൾ വെട്ടിമാറ്റാത്തതും ട്രാൻസ്ഫോർമറുകൾ യഥാസമയം നന്നാക്കാത്തതും ആണ് പ്രസാരണ നഷ്ടത്തിന് പ്രധാന കാരണം. ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ച് ഇതുവരെ താഴെ പറയുന്ന പ്രദേശങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

313

വാർഡ് I. തലയിണപാറ പ്രദേശം

" II. ആയവന - മാറാച്ചേരി റോഡ് വൈദ്യുതി ഇല്ല, കിഴക്കേൽ റോഡ്

" III. വാണിയത്തുതണ്ട്, ചങ്ങംചിറ കോളനി

" IV. കാളിയമ്പുറം കോളനി, തൊട്ടിക്കവലഭാഗം, കോൽചിറഭാഗം, തോട്ടിൻചാൽഭാഗം, ചൊള്ളാ വാംകവല, കൊച്ചുമുട്ടംഭാഗം വടക്കുംപാടം കവല, ഇരുളുംകാട്ടിൽ കോളനി, താമരശ്ശേരി കവല, മുല്ല പ്പുഴചാൽ, കല്ലൂർക്കാട് റോഡ്.

" V. വാലൻപാറതണ്ട്, അമ്പാട്ടുകോളനി, ഏനാനല്ലൂർ- തരിശ്, വരാപ്പിള്ളി.

" VI. പല സ്ഥലത്തും വൈദ്യുതി എത്തിയിട്ടില്ല. രണ്ടാർ - തേട്ടൻചേരി വഴി കറന്റ് ഇല്ല.

" VII .വേങ്ങത്തണ്ട്, മുസ്ലിം പള്ളിക്ക് സമീപം, തൃപ്പൂരം റോഡിന് വടക്കുവശം ചെറുപുറം ഭാഗം.

" IX. സിദ്ധൻപടി - മൈലൂത്തടം റോഡ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 19 ട്യൂബും 407 ബൾബു കളും സ്ട്രീറ്റ് ലൈറ്റായി ഇട്ടിട്ടുണ്ട്. ഇതിന്റെ കറന്റ് ചാർജായി പ്രതിവർഷം 59976/- രൂപ അടക്കുന്നു. ഇത് പഞ്ചായത്തിലെ മൊത്തം വരുമാനത്തിന്റെ 7.06 ശതമാനമാണ്. സാധാരണ ബൾബുകൾ ഉപയോഗിക്കുന്നതിനാലാണ് ഇത്ര ഭീമമായ തുക കൊടുക്കേണ്ടി വരുന്നത്. ഇതിനു പകരമായി ദക്ഷത കൂടിയ കോംപാക്ട് ഫ്ളൂറസന്റ് ലാംബുകൾ ഉപയോഗിക്കണം. 40 V ബൾബിനു പകരം ഈ ഇനത്തിൽപ്പെട്ട 9 V ബൾബ് ഉപയോഗി ച്ചാൽ മതിയാകും. വില അല്പം കൂടുമെങ്കിലും ഇത് നാലിരട്ടി വെളിച്ചവും കൂടുതൽ ആയുസ്സും നൽകുന്നു. മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും ഇത്തരത്തിൽ മാറ്റുന്ന കാര്യം പഞ്ചായത്ത് ഗൗര വമായി ആലോചിക്കണം. ഇത്രയും സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെ ങ്കിലും 95% പോലും കത്താറില്ല എന്നാണ് ഗ്രാമസഭാ റിപ്പോർട്ടു കളിൽ കാണുന്നത് ഈ അവസ്ഥയ്ക്ക് മാറ്റം വരണം. പഞ്ചായ ത്തിലെ ഏറ്റവും ഉയർന്ന പ്രദേശമയ പാറത്താഴത്ത് ഒരു സൗരോർജപാനൽ സ്ഥാപിച്ച് പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളും കത്തിക്കുവാൻ സാധിക്കുമോ എന്ന് പരിശോധി ക്കേണ്ടതാണ്. വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യ മായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ വയ്ക്കുകയും നില വിലുള്ളവ അറ്റകുറ്റപ്പണികൾ നടത്തുകയും വേണം. പഞ്ചായ ത്തിൽ മുഴുവൻ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നുണ്ട്. 7-ാം വാർഡിലെ പുന്നമറ്റം മുതൽ കിഴക്കോട്ടുള്ള ലൈനിലാണ് കൂടുതൽ കടുംപിടിയിൽ ഒരു ട്രാൻസ്ഫോർമർ വയ്ക്കാൻ പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇതുവരെ സ്ഥാപിച്ചിട്ടില്ല. ഇത് എത്രയും വേഗം സ്ഥാപിച്ചാൽ മാത്രമേ 7-ാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുകയുള്ളൂ.

## ഊർജ്ജരംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്, തുടരെ തുടരെയുള്ള അപ്രഖ്യാപിത പവർകട്ട്, വോൾട്ടേജ് സ്റ്റെബിലയ്സറുകളുടെ വ്യാപകമായ ഉപയോഗം, വിറകിന്റെ ലഭ്യതക്കുറവ്, വിറകിനുവേണ്ടി മരം നട്ടുപിടിപ്പിക്കായ്മ തുടങ്ങിയവ.....

## സാധ്യതകൾ

1. ദക്ഷത കൂടിയ വിറകടുപ്പുകൾ, പ്രഷർകുക്കറുകൾ, കച്ചി പ്പെട്ടി ഇവയുടെ ഉപയോഗം വർധിപ്പിക്കൽ
2. തരിശ് ഭൂമിയിലും റോഡുപുറമ്പോക്കിലും വിറകിനുള്ള മരം നട്ടുപിടിപ്പിക്കുക.
3. ജൈവോർജ്ജങ്ങളായ വിറക് കാർഷികാവശിഷ്ടങ്ങൾ, വിസർജ്യവസ്തുക്കൾ മുതലായവയിൽനിന്നും "അന യ്റോബിക് ദഹനത്തിലൂടെ" ഇന്ധനവാതകം ഉണ്ടാക്കി പല വീടുകൾക്കായി ഉപയോഗിക്കാവുന്ന പഞ്ചായത്തിന്റെ വക ഒരു കമ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റ് തുടങ്ങുക.

ഊർജ സംബന്ധിയായ എല്ലാ പ്രവർത്തനത്തിനുമുള്ള മുന്നൊ രുക്കമെന്ന നിലയിൽ ഒരു സമഗ്ര ഊർജസർവേ നടത്തി ഒരു ഊർജ ആസൂത്രണ പദ്ധതിക്ക് രൂപം കൊടുക്കണം. ഇതിനു വേണ്ടി ശാസ്ത്രസാങ്കേതിക രംഗത്തെ വിദഗ്ധന്മാരുടെ സേവനം ലഭ്യമാക്കണം. ഈ പദ്ധതികളിലൂടെ കാർഷികം, ഗാർഹികം, കുടിവെള്ളം, വ്യവസായം എന്നീ വിവിധ മേഖല കൾക്കുള്ള ഊർജം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകണം. പുതുതായി വഴിവിളക്കുകൾ അനുവദിക്കേണ്ട സ്ഥലങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 12

**വഴിവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ:-**

**വാർഡ് I**

1. കാവക്കാട് ട്രാൻസ്ഫോർമറിനു സമീപം
2. ചേലക്കകടവ്
3. പെരുക്ക് റോഡിൽ നെഴ്സറിസ്കൂളിനു സമീപം
4. പെരിയാർ ലാറ്റക്സിനു സമീപം എന്നിവിടങ്ങളിൽ ട്യൂബ് ലൈറ്റും പെരുക്ക് കൊറ്റാൻചേരി റോഡിൽ സ്ട്രീറ്റ് ലൈറ്റുകളും വേണം.

**വാർഡ് II**

1. ആയവന-മാറാച്ചേരി കാവക്കാട് റോഡിൽ
2. പോർക്കാവ് റോഡ് ആരംഭത്തിൽ പാലത്തിൽ
3. പ്രധാന കവലകളിൽ ട്യൂബ്

**വാർഡ് III**

1. ആയവന-മരതൂർ റോഡിൽ
2. വെട്ടുകല്ലേപീടിക-കോട്ടകവല റോഡിൽ

3. ആയവന-പോർക്കാവ് റോഡ് (ലക്ഷംവീട് കോളനി)
4. ഏനാനല്ലൂർ-ലക്ഷംവീട് കോളനി റോഡിൽ
5. ആയവന സെന്റർ, വെട്ടുകല്ലേ പീടിക, ഏനാനല്ലൂർ ഷാപ്പിൻപടി എന്നിവിടങ്ങളിൽ ഫ്ളൂറസെന്റ് ലാംബ്

വാർഡ് IV

1. എല്ലാ റോഡിലും വഴിവിളക്ക് വേണം
2. ആവോലി-ഏനാനല്ലൂർ റോഡിൽനിന്നും കിളിയാം പുറം കോളനിയിലേക്ക്
3. കോളനിക്കും-ആനിക്കാട് ഹൈസ്കൂളിലേക്ക് തിരിയുന്ന ജംഗ്ഷനിൽ ഒരു ട്യൂബ് ലൈറ്റ്

വാർഡ് V

1. ആവോലി കാരിമറ്റം റോഡിൽ
2. പഞ്ചായത്ത് സ്കൂൾ പരിസരത്ത്, ആനിക്കാട് ഏനാനല്ലൂർ റോഡിൽ

വാർഡ് VI

1. കാരിമറ്റം-പള്ളിത്താഴം റോഡിൽ (നെല്ലിക്കാത്താഴംവരെ)
2. കാരിമറ്റം കുരിശ്-വരാപ്പിമ്യാൽ റോഡിൽ
3. വരാപ്പിമ്യാൽ-തോട്ടഞ്ചേരി റോഡിൽ, വരാപ്പിമ്യാൽ കടവിൽ

വാർഡ് VII

1. പുത്തേത്ത്കടവ് റോഡിൽ
2. തോപ്പിൽകടവ് റോഡിൽ
3. തൃപ്പൂരം -കുളിക്കടവ് റോഡ്
4. തൃപ്പൂരം-ചെറുപുറം കോളനിറോഡ്
5. ചാലുമാരി കടവ്
6. പള്ളിക്കടവ്
7. കടുംപിടി ഇടത്തണ്ടേൽ റോഡ്
8. വേങ്ങത്തണ്ട്-കടുംപിടി റോഡ്
9. ചിറ്റേത്ത് കടവ്
10. പാലക്കുഴി റോഡ്
11. ആലുമാവ്-ഇളങ്ങവം റോഡ്
12. എല്ലാ പൊതുവഴിയിലും, കുളിക്കടവിലും
13. നടത്തൊട്ടി കോളനി
14. കടുംപിടി, പുന്നമറ്റം കവലകളിൽ സോഡിയം വേപ്പർലാമ്പ് വേണം
15. കാരമറ്റത്തിൽ കടവ് റോഡിൽ

വാർഡ് VIII

1. എല്ലാ പൊതുവഴിയിലും, കുളിക്കടവിലും
2. അഞ്ചൽപ്പെട്ടി കവല, കാലാമ്പൂർ കവല എന്നിവി
S ങ്ങളിൽ 2 വീതം സോഡിയം വേപ്പർ ലാമ്പുകൾ.

വാർഡ് IX

1. കുന്നക്കാട്ടു മല റോഡ് (പാറത്താഴം റോഡ്)
2. ലക്ഷംവീട് കോളനി റോഡ്
3. ചിറ-പാറത്താഴം റോഡ്
4. സിദ്ധൻ-പടി-അത്തിമറ്റം ഫാം റോഡ്
5. ആശാൻകണ്ടം റോഡ്
6. മൈലൂത്തടം റോഡ്

വഴിവിളക്കുകൾ പഞ്ചായത്ത് ചുമതലപ്പെടുത്തുന്നവർ ആയിരിക്കണം ഓപ്പറേറ്റ് ചെയ്യേണ്ടത്. പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേകം മീറ്റർവച്ച് ചാർജ് തീരുമാനിക്കണം.

# ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ റോഡ് ഗതാഗതസൗകര്യം മാത്രമേ ഉള്ളൂ. പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി പരിശോധിച്ചാൽ എല്ലാ റോഡുകളും വളരെ ശോചനീയാവസ്ഥയിലാണ്. വാട്ടർ അതോറിറ്റി, പി.ആൻഡ് ടി തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ പണികൾ സംയോജിപ്പിക്കാത്തതുമൂലം ഉള്ളറോഡുകൾ തുടർച്ചയായ അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരുന്നു. ഏതാവശ്യത്തിന് റോഡ് വെട്ടിപ്പൊളിച്ചാലും അതിന്റെ ഉത്തരവാദികളായവർ തന്നെ നല്ലരീതിയിൽ സിമന്റ് കോൺക്രീറ്റ് ഉണ്ടാക്കി ഇത് അടച്ച് വൃത്തിയാക്കാൻ പഞ്ചായത്ത് നിർബന്ധിക്കേണ്ടതാണ്.

പഞ്ചായത്ത റോഡ് രജിസ്റ്റർ പ്രകാരം നമ്മുടെ പഞ്ചായത്തിലാകെ 126.68 കി.മി. റോഡുകളുണ്ട്. ഇതിൽ 50 കി.മി ഗ്രാമറോഡുകളും 75.9 കി. പക്കാ റോഡുകളും 17.0 കിമി പഞ്ചായത്ത് റോഡുകളും 30.800 പിഡബ്ല്യുഡി റോഡുകളും, 3.700 കിമി മറ്റുള്ള റോഡുകളുമാണ്. മേൽപറഞ്ഞ റോഡുകളിലെല്ലാം അത്യാവശ്യമായി അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ പ്രകാരം പുതിയതായി ആവശ്യമുള്ള റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക-13

### പുതുതായി നിർമിക്കേണ്ട റോഡുകൾ

വാർഡ് I

| | |
|---|---|
| 1. വലിയപാറ-തലയണപാറ ലിങ്ക് റോഡ് | 500 M |
| 2. കാവാക്കാട്-കലൂർ റോഡിൽ ഗോതമ്പ് റോഡ് ചേരുന്നഭാഗത്ത് പുഴക്കടവിലേക്ക | 200M |
| 3. ചേലക്കക്കടവ് -ചപ്പാത്ത് റോഡ് | 100M |
| 4. മനയത്തുമാലി-അമ്പലക്കടവ് റോഡ് | 400 M |
| 5. വാഴക്കാലാകണ്ടം-മണപ്പുഴ ലിങ്ക് റോഡ് | 500 M |
| 6. ചേറുങ്ങചാൽ-കൊച്ചുമാക്കൽ റോഡ് | 500 M |
| 7. പെരുക്ക്-ചേറുങ്ങചാൽ റോഡ് | 400 M |

വാർഡ് II

| | |
|---|---|
| 1. ആയവന-മാറാച്ചേരി റോഡിൽ നിന്നും പുഴയിലേക്കുള്ള റോഡ് (പാലേക്കുടി കടവ്) | 50 M |
| 2. കിഴക്കേ പുത്തൻപുര-ചെമ്പൻമല റോഡ് | 100 M |

വാർഡ് III

1. മരുതൂർ-ഏനാനല്ലൂർ റോഡ്
2. ഏനാനല്ലൂർ-കല്ലൂർക്കാട് കോട്ട റോഡ്
3. നടുവഞ്ചിപ്പാടത്ത്-മാത്താട് താഴെ 5 അടി വീതി 12 അടി നീളം നടപ്പാത
4. അരീക്കൽ തോട്ടിൽ ചിറക്ക മാലിക്കടവിൽ 10 അടി വീതി 25അടി വീതിയിൽ പാലം
5. പച്ചയ്ക്കൽതാഴം അരീക്കൽ തോട്ടിലേക്ക്

വാർഡ് IV

1. വള്ളോംപാറ-പറമ്പ് റോഡ്

315

2. ഏനാനല്ലൂർ പി.ഡബ്ല്യൂഡി റോഡിൽ–
മുല്ലപ്പുഴചാൽ പോത്തുംതടം റോഡിന്
കുറുകെ കനാൽ റോഡിലേക്ക് 11/2 കി.മി

### വാർഡ് V

1. വാലംപാറത്തണ്ട് മിച്ചഭൂമികോളനി റോഡ്
2. അമ്പാട്ടുകോളനി വരാപ്പിള്ളി റോഡ്

### വാർഡ് VI

| | |
|---|---|
| 1. മനയത്തുപടി കോട്ടപ്പുറം റോഡ് | 500 M |
| 2. കോട്ട റോഡ് | 500 M |
| 3. തോട്ടം ചേരി–രണ്ടാർ റോഡ് | 1000 M |
| 4. കാരിമറ്റം കൊയ്പ്പിള്ളികടവ്റോഡ് | 500 M |
| 5. കാരിമറ്റം–കാളിയേലിക്കടവ്റോഡ് | 1000M |
| 6. തോട്ടാംചേരി–മുസ്ലീംപള്ളി റോഡ് | 1000M |
| 7. കാരിമറ്റം–കുന്നത്തോലി തരിശ് റോഡ് | 400M |
| 8. കാരിമറ്റം–പുല്ലാന്തിക്കുട്ടി, ലക്ഷം വീട് റോഡ് | 500 M |
| 9. കാരിമറ്റം–പൊട്ടാംപുഴ താഴം റോഡ് | 500 M |
| 10. കാരിമറ്റം–കടത്തുകടവ് റോഡ് | 500M |
| 11. മനയത്തുപടി–കോട്ടപ്പുറം റോഡ് | 500M |
| 12. 5–ാം വാർഡിലേക്ക് ഒരു ബൈപാസ് റോഡ് | 500 M |

### വാർഡ് VII

| | |
|---|---|
| 1. കടുംപിടി–ഇടത്തണ്ടേൽ റോഡ് | 750 M |
| 2. കക്കടാശേരി–കാരക്കുന്നം പള്ളിക്കടവ് റോഡ് 3. വാഴാട്ടിൽ വേങ്ങത്തണ്ടേൽ റോഡ് | 500M |
| 4. കാരക്കുന്നം റോഡ് | 500 M |
| 5. തോപ്പിൽകടവ് റോഡ് | 750M |
| 6. പള്ളിക്കടവ് റോഡ് | 500 M |
| 7. തൃപ്പുരം–അംബലക്കടവ് റോഡ് | 500M |
| 8. ചാലുമാരിക്കടവ് റോഡ് | 400M |
| 9. വേങ്ങത്തണ്ട്–പുഴക്കടവ് റോഡ് | 250M |
| 10. മനക്കപ്പടി–കാവിശേരി റോഡ് | 750M |

11. മുസ്ലിംപള്ളി–ചറ്റേത്ത് കടവ് റോഡ്
12. കീച്ചേരി റോഡ്
13. കുട്ടാട്ട് കടവ് റോഡ്
14. ആലുംമാവ്–ഇളങ്ങവം റോഡ്, ഇവിടെ വാരപ്പെട്ടിആയവന പഞ്ചായത്തുകളെ യോജിപ്പിക്കുന്നതിന് പാലം.
15. അപ്രോച്ച് റോഡ് പുഞ്ചാക്കുന്നേൽ ഭാഗത്ത് കലുങ്ക്

### വാർഡ് VIII

1. പാടത്തിനു സൈഡിലൂടെ ചിറപ്പടി–മുഴിക്കവാരി റോഡ്
2. മയ്യാളം കടവിൽ നിന്നും–കോതമംഗലം റോഡിലേക്കുള്ള ലിങ്ക് റോഡ്
3. മുഴിക്കമാരി–കൊട്ട്ലായിക്കടവ് റോഡ്
4. പാറത്താഴത്തുനിന്നും–പാറയുടെ മുകളിലൂടെ പാരലൽറോഡ്
5. കാലാമ്പൂർ കാവിനുസമീപവും അഞ്ചൽപ്പെട്ടി കവലയിലും കലുങ്ക് നിർമിക്കുക.

### വാർഡ് IX

1. ഇഞ്ചാക്രാന്തി–പെരുമാലി റോഡ്

പഞ്ചായത്തിൽ റോഡ് ഗതാഗതം മാത്രമേ ഒള്ളു എങ്കിലും യാത്രക്കായി ജനങ്ങൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നും പൊതുയാത്രാ സൗകര്യം (കെ.എസ്.ആർ.ടി.സി ബസ്സ്) അനുവദിക്കുകയും ഒപ്പം ഓടിക്കൊണ്ടിരുന്ന മൂവാറ്റുപുഴ–കാളിയാർ, മൂവാറ്റുപുഴ–ആയവന ബസുകൾ കൃത്യമായി ഓപ്പറേറ്റ് ചെയ്യുകയും തൊടുപുഴ- എറണാകുളം ഫാസ്റ്റ് പാസഞ്ചർ 2 ബസുകൾ കലൂർ,ആയവന, കാരിമറ്റം വഴിയോ, കലൂർ, ആയവന, കാലമ്പൂര് വഴിയോ തിരിച്ചു വിടണമെന്നും ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്.

ആയവന പഞ്ചായത്തിൽ ആകെ 3 കടത്തുകളെ ഉള്ളു. പോർക്കക്കാവ്, തളിക്കാട്, കീച്ചേരിക്കടവ് എന്നിവയാണ്. നേരത്തെ നിലവിലുണ്ടായിരുന്ന നിറുത്തിപോയ അയ്യംകോലിൽഉടനെ കടത്ത് അനുവദിക്കണം. ഈ കടവുകളിലെല്ലാം വളരെചെറുതും പഴയതുമായ വള്ളങ്ങളാണ് നിലവിലുള്ളത്. ഇത് മാറ്റിപുതിയ വള്ളങ്ങൾ അനുവദിക്കുകയും കടവ്കെട്ടി വള്ളം അടുപ്പിക്കുവാൻ സൗകര്യം ഉണ്ടാക്കണം.

ഇന്ധനക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് വർധിച്ചുവരുന്ന വ്യക്തിഗതവാഹനങ്ങളെ നിയന്ത്രിച്ച് പൊതുയാത്രാസംവിധാനം കൂടുതൽഏർപ്പെടുത്തുവാൻ ശ്രമംവേണം.

## പട്ടിക 14

അടിയന്തിരമായി താഴെപറയുന്ന റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുക

### വാർഡ് I

1. കാവക്കാട്–ചാൽറോഡ് ടാർ ചെയ്യുക
2. പെരുക്ക്–വെട്ടിയാങ്കൽ റോഡ് വീതികൂട്ടണം
3. കാവക്കാട്–ചാൽറോഡിലെ മധ്യഭാഗത്തുനില്ക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കണം
4. കാവക്കാട്–പെരുക്ക് ഹരിജൻ കോളനി റോഡ് ടാർ ചെയ്യണം.

### വാർഡ് II

1. ആയവന-മാറാച്ചേരി റോഡിൽനിന്നും പുഴയിലേക്കുള്ള റോഡ്.
2. ആയവന-പോർക്കാവ്റോഡ്
3. കലൂർ-കാവക്കാട്-ആയവനറോഡ്
4. മണപ്പുഴ-വാഴക്കാല, കണ്ടംറോഡ്
5. ചെമ്പൻകവല റോഡ്
6. പമ്പ് ഹൗസ് റോഡ്
7. കാവക്കാട്-മാറാച്ചേരി റോഡ്

### വാർഡ് III

1. പച്ചക്കൽ-നീറുംപുഴുഴ റോഡ്
2. പച്ചക്കൻ-കാവക്കാട് റോഡ് (മരുതൂർ-വാണിയത്ത് തണ്ട്)
3. ആയവന-പോർക്കാവ് റോഡ്
4. ആയവന-ഏനാനല്ലൂർ (മൂപ്പരുപടി)റോഡ്
5. ചളുക്കത്തുചാൽ-വരാപ്പിള്ളി മ്യാൽ റോഡ്
6. മരുതൂർ-തുരുത്തേൽ കോളനി-ആയവനറോഡ്
7. മരുതൂർ-ചങ്ങംചിറ കോളനി റോഡ്
8. ഏതാനനല്ലൂർ-വാഴക്കുളം റോഡ്
9. മരുതൂർ-ഏനാനനല്ലൂർ ലിങ്ക് റോഡ്

### വാർഡ് IV

1. ആവോലി-മുളംതണ്ടേൽ റോഡ്
2. ആവോലി-കുഴുമ്പിപീടിക റോഡ്-ഏനാനനല്ലൂർ
3. മുല്ലപ്പുഴച്ചാൽ-നീറുമ്പുഴ കനാൽ റോഡ്
4. മുല്ലപ്പുഴചാൽ-കല്ലൂർക്കാട് റോഡ്
5. മുല്ലപ്പുഴചാൽ-കല്ലൂർക്കാട് റോഡിൽ ആണ്ടുതോട്ടിൽ പാലം വേണം
6. ആവോലി-കിളിയമ്പുറം റോഡ്
7. വാഴക്കുളം ഏനാനനല്ലൂർ സ്കൂൾ റോഡ്
8. പോത്തുംതടം-മുല്ലപ്പുഴചാൽ റോഡ്
9. ആനിക്കാട്-ചർച്ച് റോഡ്
10. തറമൂട്ടം പീടിക-ചിരംകുഴി റോഡ്
11. കുട്ടാക്കപ്പാറ-ഇഞ്ചിക്കാലായി റോഡ്
12. ആവോലി-ഏനാനല്ലൂർ പിഡബ്ല്യൂഡി റോഡ്
13. കിളിയപ്പുറം കോളനി നിവാസികൾക്ക് ആവോലി ഭാഗത്തേക്ക് തോടിനു കുറുകെ നടപ്പപാലം നിർമിക്കുക
14. ഏനാനല്ലൂർ-ആയുംകോൽ റോഡ്
15. ആവോലി- കിളിയംപുറം റോഡ്
16. അരീയ്ക്കൽ-കോട്ടറോഡ്.

### വാർഡ് V

1. ഏനാനനല്ലൂർ-വാഴക്കുളം സ്കൂൾ റോഡ്
2. കുഴുമ്പിപീടിക-ആവോലി റോഡ്
3. കാരിമറ്റം-ഏനാനല്ലൂർ റോഡ്
4. കോട്ടറോഡ്-വാഴക്കുളം റോഡ്
5. പുതക്കുഴി കോട്ടറോഡ്
6. ഏനാനല്ലൂർ-പള്ളിറോഡ്
7. ആവോലി-കടുക്കാഞ്ചിറ റോഡ്

### വാർഡ് VI

1. കുന്നത്തോലി തരിശ് റോഡ്
2. മനയത്തുപടിക്കൽനിന്ന് -കോട്ടപ്പുറം കവലയിലേക്കുള്ള റോഡ്
3. പുല്ലാന്തിപാലം വീതികൂടി റോഡ് നന്നാക്കണം
4. കോട്ടപ്പുറം റോഡ്
5. കൊയ്പ്പിള്ളി-കുളിക്കടവ് റോഡ്
6. കാരിമറ്റം- പൊടുംപുഴതാഴം റോഡ്
7. കാരിമറ്റം മണ്ടാർ പിഡബ്ല്യൂഡി റോഡ് ഉടൻ പൂർത്തിയാക്കുക.

316

### വാർഡ് VII

1. കടുംപിടി വേങ്ങത്തണ്ട്റോഡ് (ഹരിജൻ കോളനി)
2. ഇളങ്ങവം റോഡ്
3. ചിറ്റേത്ത് റോഡ്
4. കീച്ചേരികടവ് റോഡ്
5. ഇടത്തൊട്ടി കോളനി റോഡ്
6. കുട്ടാട്ട്കടവ് റോഡ്
7. കാലാമ്പൂർ (ആലുമാവ്) ഇളങ്ങവം റോഡ്
8. തൃപ്പൂരം-ചെറുപുറം കോളനി റോഡ്
9. കാളിയാർ-മൂവാറ്റുപുഴ പിഡബ്ല്യൂഡി റോഡ്
10. പുന്നമറ്റം-പൂത്തോത്ത് കടവ് റോഡ്
11. കാരമറ്റത്തിൽകടവ് റോഡ്
12. പുന്നമറ്റം കാരക്കുന്നം പള്ളിക്കടവ് റോഡ്.

### വാർഡ് VIII

1. പടിപ്പിള്ളിക്കര -തുരുത്തേൽ റോഡ് ടാർചെയ്യണം
2. കാലാമ്പൂർ-മയ്യാളം കടവ് റോഡ്
3. അഞ്ചൽപ്പെട്ടി-കാക്കത്തോടും കടത്ത് കടവ് റോഡ്
4. മൂഴിക്കമാരി- പള്ളിപ്പാട് റോഡ്
5. തൃക്കേപ്പടി-കാളിയേലിക്കടവ് റോഡ് വീതി കൂട്ടി ടാറിടണം
6. തൃക്ക-തേലഞ്ഞിറോഡ്
7. പാലത്തിനു സമീപം ഉള്ള കടവ് റോഡ് ടാർ ചെയ്യുക.

### വാർഡ് IX

1. സിദ്ധൻപടി ആശാൻകണ്ടം റോഡ്
2. സിദ്ധൻപടി-മൈലുത്തടം റോഡ്
3. സിദ്ധൻപടി-കുന്നക്കാട്ടുമല, പാറത്താഴം റോഡ്
4. മാവിൻചുവട് ലക്ഷം വീട് കോളനി
5. ഇഞ്ചക്രാന്തി റോഡ്
6. ഇഞ്ചക്രാന്തി- ഇടക്കാടുകുടി ഭാഗത്തേക്ക്
7. പള്ളിപ്പടി, മുക്കണ്ണിച്ചിറ റോഡ്
8. സിദ്ധൻപടി പോർക്കാവ് റോഡ്
9. അത്തിമറ്റം-ഫാം റോഡ്
10. ചിറ-പാറത്താഴം റോഡ്
11. സിദ്ധൻപടി-കുഴിപ്പള്ളി റോഡ്

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു റോഡിനും ആവശ്യത്തിന് ഓടകളില്ല. മഴക്കാലത്ത് കയറി നില്കാൻ ബസ് ഷെൽട്ടറുകളില്ല. പൊതുവേ വീതി കുറഞ്ഞറോഡുകളിൽ അപകട സാദ്ധ്യത കൂടുതലാണ്. വർഷത്തിൽ ഒരിക്കൽപോലും അറ്റകുറ്റപ്പണി നടത്താത്ത റോഡുകളാണ്നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. 7-ാം വാർഡിലെ തൃപ്പൂരം അംബലത്തിനു മുന്നിൽ ബസ് ഷൽട്ടർ സ്ഥാപിക്കണം.

## സാധ്യതകൾ

റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിച്ച് ഓടകൾ തീർക്കുക, റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുക

പുതിയ റോഡുണ്ടാക്കാൻ വേണ്ട സന്നദ്ധപ്രവർത്തനങ്ങൾ നടത്തുക. ആവശ്യമുള്ള സ്ഥലങ്ങളിൽ കുലുങ്കുകൾ (കാലാമ്പൂർകാവിന് സമീപവും അഞ്ചൽപ്പെട്ടി കവലയുടെ വടക്ക് കോതമംഗലം റോഡ് ചേരുന്നഭാഗത്തും)നിർമിച്ച് റോഡിന്റെ ആയുസ്സ് വർധിപ്പിക്കുക.

# കുടിവെള്ളം പൊതുജനാരോഗ്യം

നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലവിതരണപദ്ധതി നിലവിൽ വരുന്നതുവരെ കുടിവെള്ളത്തിന്റെകാര്യത്തിൽ ഇവിടത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ സഹിച്ചിരുന്നു. ഇതിനുമുമ്പുവരെ പൊതു കിണറുകളേയും, കുളങ്ങളേയും സ്വകാര്യവ്യക്തികളുടെ കിണറുകളേയും ആണ് കുടിവെള്ളത്തിനായി ആശ്രയിച്ചിരുന്നത്. ജനുവരി മാസത്തോടുകൂടി ശുദ്ധജലക്ഷാമം വളരെ രൂക്ഷമാകാറുണ്ട്. പല സ്ഥലത്തും രണ്ടും മൂന്നും കിമീറ്റർ നടന്നാണ് തലചുമടായി വെള്ളം കൊണ്ടുവന്നിരുന്നത്. ശ്രീ ജി. ജയരാജ് പ്രസിഡന്റായിരുന്ന ഭരണസമിതിയുടെ കാലത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ടാങ്കർലോറികളിൽ വെള്ളം കൊണ്ടുവന്ന് വിതരണം ചെയ്തിരുന്നു. 1991ൽ ശുദ്ധജലവിതരണ പദ്ധതി നമ്മുടെ പഞ്ചായത്തിൽ നിലവിൽവന്നു. പൊതുടാപ്പുകൾ വന്നതോടുകൂടി ശുദ്ധജലസ്രോതസുകളായ കിണറുകളും കുളങ്ങളും നന്നാക്കാതെ ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു. ശുദ്ധജലവിതരണപദ്ധതി നിലവിൽ വന്നെങ്കിലും ശുദ്ധജലവിതരണത്തിന്റെ ഇപ്പോഴുള്ള അപര്യാപ്തത ചിലഭാഗങ്ങളിൽ ജനങ്ങളുടെ ജീവിതം ദുഷ്കരമായുതന്നെ നിലനിൽക്കുന്നു. കാളിയാർ പുഴയിൽ നിന്നും പമ്പുചെയ്യുന്ന ജലമാണ് ശുദ്ധീകരിച്ച് പഞ്ചായത്തിൽ മുഴുവൻ വിതരണം ചെയ്യുന്നത്. വേനൽകാലത്ത് പുഴയിൽ വെള്ളം തീരെ കുറയുന്നതുകൊണ്ട് ആവശ്യത്തിന് വെള്ളം ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 208 പൊതുടാപ്പുകളുണ്ട്. ആകെയുള്ള കുടുംബങ്ങളുടെ എണ്ണം 4257 ഉം ആണ്. കുടുംബങ്ങളുടെ എണ്ണത്തിന് ആനുപാതികമായിട്ടല്ല ഓരോ വാർഡിലും പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. വേനൽക്കാലത്ത് ആവശ്യമുള്ളതിന്റെ പകുതിജലംപോലും വിതരണം ചെയ്യാൻ വാട്ടർ അതോരിറ്റിക്ക് കഴിയുന്നില്ല. കേടായ ടാപ്പുകളും പൈപ്പ് ലൈനുകളും യഥാസമയം അറ്റകുറ്റപ്പണി നടത്താത്തിനാലും ആളുകളുടെ, കുടിവെള്ളം മറ്റ് ജലസേചന ആവശ്യത്തിനായി ഉപയോഗിക്കുവാനുള്ള ശ്രമം മൂലവും ധാരാളം ജലം ക്ഷാമകാലത്തുപോലും പാഴായി പോകുന്നു. വാട്ടർ അതോറിറ്റിയോ ബന്ധപ്പെട്ട പഞ്ചായത്തു മെമ്പർമാരും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിച്ച് അനാവശ്യമായി കുടിവെള്ളം ചിലവാക്കുന്നത് കണ്ടുപിടിച്ച് നടപടിസ്വീകരിക്കേണ്ടത്. ഈ പഞ്ചായത്തിൽ 367 വീടുകളിലേക്ക് വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ 208 പൊതുടാപ്പുകൾക്കായി 1,81,980 രൂപ പഞ്ചായത്തിൽനിന്നും വാട്ടർ ചാർജായി ഈടാക്കുന്നുണ്ട്. ഇത് മൊത്തം വരുമാനത്തിന്റെ 21.3% ശതമാനം വരും. MVIP കനാൽവെള്ളം കാളിയാർ പുഴയിലെ ഒരു ഭാഗം വീഴ്ത്തണം.

### പട്ടിക 15

| വാർഡ് | പൊതുകിണർ |
|---|---|
| I | 4 |
| II | - |
| III | 3 |
| IV | 1 |
| V | - |
| VI | 2 |
| VII | 2 |
| VIII | 1 |
| IX | 2 |
| ആകെ | 15 |

പഞ്ചായത്തിൽ ആകെ 15 പൊതുകിണറുകളും 4 പൊതുകുളങ്ങളും/ചിറ 208 പൊതുടാപ്പുകളും നിലവിലുന്ന്. സ്വകാര്യ കുളങ്ങളുടേയും കിണറുകളുടേയും കണക്ക് ലഭ്യമല്ല.

## സ്ഥിരമായി കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങൾ

I തലയിണപ്പാറ, ലക്ഷംവീട്കോളനി, വലിയപാറ ഹരിജൻ കോളനി, കൊല്ലക്കോളനി, പേരമംഗലം വലിയപാറ കിഴക്കേ ചെരുവ്, കടുവാപ്പാറ, ഗോതമ്പ് റോഡ് ഭാഗം, ചേറങ്ങചാൽ

II വണപ്പുഴ-വാഴക്കാലാകണ്ടംഭാഗം, കാവക്കാട്-മണപ്പുഴ ഭാഗം തീണ്ടാപാറകോളനി, പാലിയത്ത് ആലുങ്കൽ പാടം റോഡ്, പോർക്കാവ് ചാലിക്കടവ് റോഡ്, എസ്.എൻ.ഡി.പി റോഡ് കടാംകുളം റോഡ്. തകിടിപ്പുറം കവല.

III തുരുത്തേൽ കോളനി, കോൽപ്പാറ, പച്ചക്കൽ കോളനി, ഏനാനല്ലൂർ ലക്ഷം വീട് കോളനി, വാണിയത്തുതണ്ട്, ഏനാനല്ലൂർ കോട്ടക്കവല, ചങ്ങംചിറ, ആയവന ലക്ഷം വീട് കോളനി, പടിക്കപ്പാറ കോളനി (പുല്ലാന്തിക്കുടി)

IV. കിളിയമ്പുറം കോളനി, വടക്കുംപാടം കവല, ഇരുമുള്ളുംകാട് കോളനി, താമരശേരി കോളനി, വാളോത്തിൽ കവല, ഏനാനല്ലൂർ കോളനി-ആയുംകോൽ റോഡ്.

V വെള്ളാക്കുന്ന് കുഴുമ്പിൽ പീടിക, കുരിശ്പള്ളി കോൽചിറ റോഡ്, കോട്ട-പുതുക്കുഴി റോഡ്, പുല്ലേപ്പള്ളി പീടിക മുതൽ അമ്പാട്ടുകോളനി വരെ, കുഴുമ്പി പീടിക-ആവോലി റോഡ് പരിസരം, ആവോലി-ഏനാനല്ലൂർ റോഡിൽനിന്നും തരിശിലേക്കുള്ള വഴി വാലമ്പാറത്തണ്ട്.

VI നെല്ലിക്കാക്കുഴി, തോട്ടഞ്ചേരി, കുന്നത്തോലിതരിശ് ഹരിജൻ കോളനി, പുല്ലാന്തിക്കുടി-കാളിയേലിക്കടവ് റോഡ്,

കോട്ടപ്പുറം, കാരിമറ്റം മുന്തിരിങ്ങാട്ട് കവല., കാരിമറ്റം മംഗലത്ത് കോളനി

VII വേങ്ങത്തണ്ട്, ഇട്ടത്തണ്ട് (കടുംപിടി)

VIII പാറത്താഴം

IX മൈലുത്തടം, കുന്നക്കാട്ട് ലക്ഷം വീട് കോളനിയിൽ നിന്നും പാറത്താഴത്തേക്കുള്ള റോഡിൽ, മീൻകുന്നം റോഡ് ചിറ പാരത്താഴം റോഡ്, ഇഞ്ചക്രാന്തി ഭാഗം.

## ഗ്രാമസഭ റിപ്പോർട്ട് പ്രകാരം ശുദ്ധജലക്ഷാമം പരിഹരിക്കുവാനുള്ള നിർദേശങ്ങൾ

വാർഡ് I

1. ചേറങ്ങചാലലിൽ സർവ്വേ നടത്തിയിട്ടുള്ള സ്ഥലത്ത് കുഴൽ കിണർ താഴ്ത്തി മോട്ടർവച്ച് തലയിണ പാറയിലോ വലിയ പാറയിലോ ടാങ്ക് കെട്ടി വെള്ളം പമ്പ് ചെയ്യണം (300 മീറ്റർ)
2. ചേരുങ്കൽചാൽ ഭാഗത്ത് കുളം കെട്ടണം
3. പേരമംഗലം ഭാഗത്ത് നടപ്പാതയിലൂടെ പൈപ്പ്ലൈൻ നീട്ടിയാൽ 30-40 വീട്ടുകാർക്ക് കുടിവെള്ളം എത്തും
4. കുന്നിനുമുകളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ നിരപ്പായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുക.
5. ഗോതമ്പ് റോഡ് ഭാഗത്ത് കുഴൽകിണർ സ്ഥാപിക്കുക.
6. പേരമംഗലംകര കല്ലൂർക്കാട് വാട്ടർ സപ്ലേ സ്കീമിൽ രേഖപ്പെടുത്തുക.

വാർഡ് II

1.മണപ്പുഴ-വാഴക്കാല കണ്ടം റോഡ് പ്രദേശം, കാവക്കാട്- മണപ്പുഴ, തീണ്ടാപ്പാറ കോളനി, പാലിയത്ത്-ആലുങ്കൽ പാടം റോഡ്,പോർക്കാവ്-ചാലിക്കടവ് റോഡ് എസ്.എൻ.ഡി.പി കടാകുളം റോഡ്, തകിടിപുറം കൊച്ചിരയുടെ കവല മുതൽ നമ്പ്യാട്ടേൽ വീടുവരെയുള്ള റോഡ് എന്നിവിടങ്ങളിൽ പൈപ്പ്ലൈൻ നീട്ടണം.
2. കിണർ താഴ്ത്തുവാൻ സബ്സിഡി അനുവദിക്കണം

വാർഡ് III

1. ഏനാനല്ലൂർ കോട്ടക്കവല, പച്ചക്കൽ കോളനി, കോൽപ്പാറ, പടിക്കപ്പാറ, ലക്ഷം വീട് കോളനികൾ ചങ്ങം ചിറ കോളനി എന്നിവയിലേക്ക് പൈപ്പ്ലൈൻ നീട്ടണം.
2. വാണിയത്തു തണ്ട് കോളനിയിലേക്ക് ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം.
3. കുടിവെള്ളം എത്തിക്കാൻ കഴിയാത്തിടത്ത് കുഴൽ കിണർ സ്ഥാപിക്കണം.

വാർഡ് IV

മുല്ലപ്പുഴ-ആയ്യംകോൽ ഭാഗത്തേക്കും, മുല്ലപ്പുഴചാൽ പോത്തുംതടം റോഡിലും, ആവോലി-പാലുശേരി റോഡിലും മുല്ലപ്പുഴചാൽ-കല്ലൂർക്കാട് റോഡ്, കിളിയപ്പുറം കോളനി താമരശേരി (ആവോലി-ഏനാനല്ലൂർ റോഡ്) കോട്ടറോഡ് എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടണം.

2. കിളിയമ്പുറം കോളനിയിൽ കുളംതാഴ്ത്തി മോട്ടോർ വച്ച് ടാങ്ക് കെട്ടികുടിവെള്ള ക്ഷാമം പരിഹരിക്കണം.
3. തൊട്ടിക്കവലയിലും വടക്കും പാടം കവലയിലും കുഴൽകിണർ സ്ഥാപിക്കണം.

വാർഡ് V

1. കുടിവെള്ള ക്ഷാമം ഉള്ള സ്ഥലത്തേക്ക് പൈപ്പ് ലൈൻ നീട്ടണം.
2. പുല്ലേപ്പിള്ളി പീഠിക മുതൽ അമ്പാട്ടു കോളനി വരെയുള്ള റോഡിൽ നിലവിലുള്ള പൈപ്പ് ലൈൻമാറ്റി യോജിച്ചു പൈപ്പ് ലൈൻ സ്ഥാപിക്കണം.
3. നിലവിലുള്ള പമ്പ് ഹൗസിൽ നിന്നും ഏകദേശം 8 കി.മീ ദൂരവും ഉയരത്തിലുള്ളതുമായ പ്രദേശമാകയാൽ ഇപ്പോഴുള്ള പൈപ്പ്ലൈൻ അപര്യാപ്തമാണ്. ആയതിനാൽ മുകളിൽ പറഞ്ഞിരിക്കുന്ന കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മിനി വാട്ടർ സപ്ലേ സ്കീം കടുക്കാഞ്ചിറയിൽ സ്ഥാപിക്കണം.

വാർഡ് VI

1. ആറാംവാർഡിൽ കുടിവെള്ളക്ഷാമം ഉള്ള സ്ഥലങ്ങളിലേക്ക് പപ്പ് ലൈൻ നീട്ടുക.
2. കുന്നത്തോലി തരിശിൽ കുഴൽ കിണർ സ്ഥാപിക്കുക.
3. കാരിമറ്റം-രണ്ടാർ റോഡിൽകൂടി പൂട്ടിയിട്ടിരിക്കുന്ന പൈപ്പ്ലൈൻ തുറന്ന് ജലവിതരണം പുനരാരംഭിക്കുക.
4. തളിക്കാട്ടുകടവിലും തോട്ടഞ്ചേരികടവിലും ചെക്ക് ഡാം നിർമിക്കുക.
5. മുന്തിരിങ്ങാട്ട് മലയിലും മംഗലത്ത് കോളനിയിലും കുഴൽക്കിണർ വേണം. കോട്ടപ്പുറത്ത് കുളം താഴ്ത്തി ടാങ്ക് കെട്ടി പ്രത്യേകം പമ്പ് സെറ്റ് വയ്ക്കണം.

വാർഡ് VII.

1. വേങ്ങത്തണ്ടിൽ നിലവിലുള്ള ടാങ്ക് വലുതാക്കി പുഴയിൽ നിന്നും ശക്തിയുള്ള മോട്ടർ പമ്പ് ചെയ്ത് വെള്ളക്ഷാമം പരിഹരിക്കാം. കാരമറ്റത്തുക്കടവ്, ചിറ്റേത്ത് കടവ് റോഡ് പുന്നമറ്റം രണ്ടാർ കടവ് പൈപ്പ് നീട്ടുക.
2. കുടിവെള്ളക്ഷാമമുള്ള വേങ്ങത്തണ്ട്, ഇടത്തണ്ട് ഭാഗത്തേക്ക് പൈപ്പ ലൈൻ നീട്ടുക. ഇവിടെ കുഴൽകിണർ സ്ഥാപിക്കുക.

വാർഡ് VII

പാറത്താഴത്ത് കുഴൽകിണർ സ്ഥാപിക്കുക.

വാർഡ് IX

1. ഇഞ്ചക്രാന്തിഭാഗം, പാറത്താഴം കുന്നക്കാട്ടുമലറോഡ്, സിദ്ധൻപടി- മൈലൂത്തടം റോഡ്, സിദ്ധൻപടി-അത്തിമറ്റം ഫാം റോഡ്, സിദ്ധൻപടി-പാറത്താഴം റോഡ്, അഞ്ചൽപ്പെട്ടി-പാറത്താഴം മൈലൂത്തടം റോഡ്, ചിറ പാറത്താഴം റോഡ് എന്നിവിടങ്ങളിൽ പൈപ്പ ലൈൻ നീട്ടുക.

ചില ദിവസങ്ങളിൽ ലൈനിൽ വെള്ളം ഉണ്ടാകാറില്ല. ഇത് വാട്ടർകണക്ഷനെ മാത്രം ആശ്രയിക്കുന്നവർക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. ഇത് ഒഴിവാക്കാൻ നടപടിവേണം.

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നായ

കുടിവെള്ളം ഗുണനിലവാരം ഉള്ളതായി വിതരണം ചെയ്യു വാൻ പ്രത്യേകം ശ്രദ്ധിക്കുക. ഇപ്പോൾ നമ്മുടെ നാട്ടിൽ ഉപ യോഗ ശൂന്യമായിക്കൊണ്ടിരിക്കുന്ന പൊതുകിണറുകളും കുള ങ്ങളും നന്നാക്കി ഉപയോഗ യോഗ്യമാക്കണം. MVIP കനാ ലിന്റെ പ്രയോജനം പഞ്ചായത്തിൽ മുഴുവൻ ലഭ്യമാക്കിയാൽ ഇവിടത്തെ കിണറുകളിലും കുളങ്ങളിലും വെള്ളം നിറയു കയും തദ്വാര കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാവു കയും ചെയ്യുന്നതാണ്. കുടിവെള്ളത്തിന്റെ ഗുണമേന്മ മാസ ത്തിലൊരിക്കലെങ്കിലും പരിശോധിക്കണം. പഞ്ചായത്തിൽ നില വിലുള്ള 4 കുഴൽ കിണറുകളുടേയും പ്രവർത്തനം ശരിയായ രീതിയില്ല. ഭൂഗർഭ ജലവകുപ്പിന്റെ ഓഫീസുമായ ബന്ധപ്പെട്ട് കുഴൽകിണറുകളുടെ ശരിയായ പ്രവർത്തനം ഉറപ്പുവരുത്തണം. കുടിവെള്ളക്ഷാമം രൂക്ഷമായി വരുന്ന മാസങ്ങളിൽ പഞ്ചാ യത്ത് മുൻകൈയെടുത്ത് ശുദ്ധജലം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കണം. പെരിയാർ ലാറ്റക്സിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം പമ്പിങ് സ്റ്റേഷനു തൊട്ടുമുകളിലാണ് വന്നു വീഴു ന്നത് ഇത് ജലം അശുദ്ധമാക്കും എന്നു മാത്രമല്ല പുഴയിലെ മത്സ്യങ്ങൾ ചത്തൊടുങ്ങുന്നതിനും, കുളിക്കുന്നവർക്ക് ത്വക്ക് രോഗങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഈ ഫാക്ടറിയിലെ മലിജലം ശുദ്ധീകരിച്ചാണ് പുറത്ത് വിടുന്നത് എന്ന് ഉറപ്പുവ രുത്തണം. പൊതു ടാപ്പിലെ ജലം കുടിവെള്ളത്തിനല്ലാതെ ഉപ യോഗിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കണം. പഞ്ചായത്തിലൂട നീളം ജലസംരക്ഷണത്തെക്കുറിച്ചും ജലജ ന്യരോഗങ്ങളേക്കുറിച്ചും ബോധവൽക്കരണം നടത്തണം. നമ്മുടെ പഞ്ചായത്തിൽ കൂടുതലായി കണ്ടുവരുന്ന പകർച്ച വ്യാധികൾ ചൂടുപനി, ചെങ്കണ്ണി, മലേറിയ, മഞ്ഞപ്പിത്തം എന്നി വയാണ്.



# പാർപ്പിടം

ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. നമ്മുടെ പഞ്ചായത്തിലെ പാർപ്പിട സൗകര്യങ്ങളെ വിലയിരുത്തി നോക്കിയാൽ. സാമ്പത്തികമായി പിന്നോക്കമാ ണെന്ന് കാണാൻ കഴിയും. സാമ്പത്തിക പിന്നോക്ക മുന്നോക്കാവസ്ഥ മനസിലാക്കുവാൻ ആ പ്രദേശത്തെ പാർപ്പിട സമ്പ്രദായത്തെ നോക്കിയാൽ മതി. സാമ്പത്തികമായി ഏറെ മുന്നിൽ നിൽക്കുന്നതും ഏറെ പിന്നിൽ നിൽക്കുന്നതുമായ ജനവിഭാഗങ്ങൾക്കൊപ്പം ഇടത്തരം സാമ്പത്തികസ്ഥിതിയുള്ള വരും അടങ്ങുന്നതാണ് ഇവിടത്തെ ജനവിഭാഗം. കർഷക തൊഴി ലാളികളും മറ്റ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും ആയ ജന ങ്ങളാണ് ഭൂരിഭാഗവും. ഏറെ മെച്ചമല്ലെങ്കിലും സാമാന്യമായ അടിസ്ഥാനസൗകര്യങ്ങൾ ഉള്ള വീടുകളാണ് നമ്മുടെ പഞ്ചാ യത്തിൽ. നമ്മുടെ നാട്ടിൽ സ്വന്തമായി കക്കൂസുകളുള്ള 60% കുടുംബങ്ങളേ ഉള്ളു. ലക്ഷം വീട് കോളനികളിലെ വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ തീരെ കുറവാണ്. ഓലകൊണ്ടും ഷീറ്റുകൊണ്ടും മേഞ്ഞ വീടുകളും ഉണ്ട്.

വീട് നിർമാണം സ്വന്തം സാമ്പത്തിക സ്ഥിതി പ്രദർശിപ്പി ക്കാനുള്ള ഒരു ഉപാധിയായി കാണുന്ന പ്രവണത മറ്റ് പ്രദേശ ങ്ങളിലെപ്പോലെ ഇവിടേയും ഉണ്ട്. ചെറിയകുടുംബം സന്തു ഷ്ടകുടുംബ എന്ന മുദ്രാവാക്യം കുട്ടികളുടെ എണ്ണം കുറ ക്കുന്ന കാര്യത്തിൽ മാത്രമെ പ്രതിഫലിക്കുന്നുള്ളു. കുടുംബ ത്തിൽ അംഗങ്ങളുടെ എണ്ണം കുറയുന്നതനുസരിച്ച് വീടുക ളുടെ വലുപ്പം കുറച്ച് നിർമാണ ചിലവ് കുറക്കുക എന്ന തത്വം സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരും ഇടത്തരക്കാരും അംഗീകരിക്കുന്നില്ല. സാമ്പത്തികമായി മുന്നോക്കം നിൽക്കു ന്നവർ കാണിക്കുന്ന ഈ അപകടകരമായ പ്രവണത സാമ്പ ത്തികമായി ഭദ്രതയില്ലാത്തവരും പകർത്താൻ ശ്രമിക്കുകയാണ്. വീട് ആഡംബരത്തിനല്ല. ആവശ്യത്തിനാണ് എന്ന അടിസ്ഥാന തത്വം ഏറെ പ്രധാനമായ അംഗീകരിച്ച് നടപ്പിലാക്കേണ്ട ഒന്നാണ്. ആഡംബരത്തിനുവേണ്ടി ഇങ്ങിനെ വൻതുക ചില വാക്കുമ്പോൾ കമ്പോളത്തിൽ ഇത് നിർമാണ സാമഗ്രികളുടെ വില അമിതമായി വർദ്ധിപ്പിക്കുവാൻ ഇടയാക്കുന്നു. ഇത് സാധാ രണക്കാരന് പാർക്കുവാൻ ഒരു വീട് എന്ന സ്വപ്നത്തെ അപക ടത്തിലാക്കുന്നു.

ചിലവ് കുറഞ്ഞ ഭവന നിർമാണം പ്രചരിപ്പിക്കുവാൻ ഏറെ മാർഗങ്ങളുണ്ടെങ്കിലും അത്തരമൊരു പ്രവണത നമ്മുടെ ഇട യിൽ പേരിനു പോലും ഇല്ല. ചെലവ് കുറഞ്ഞ നിർമാണ രീതി പ്രചരിപ്പിക്കാൻ പഞ്ചായത്ത് സന്നദ്ധ സംഘടനാ തലത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കണം. കാര്യക്ഷമമായ ആസൂ ത്രണത്തിലൂടെ ഈ പഞ്ചായത്തിലെ പാർപ്പിട സൗകര്യം ഏറെ മെച്ചപ്പെടുത്തുകയും ഇതോടൊപ്പം മേൽപറഞ്ഞ കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള ബോധവൽക്കരണവും ആവശ്യമാണ്.

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള വീടുകളും അവയുടെ സ്ഥിതിവിവരവും.

പട്ടിക 15

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ബഹുനില | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| I | 521 | 8 | 37 | 250 | 195 | 31 |
| II | 366 | 5 | 52 | 191 | 84 | 34 |
| III | 638 | 8 | 75 | 373 | 98 | 84 |
| IV | 370 | 11 | 85 | 186 | 86 | 2 |
| V | 494 | 5 | 53 | 313 | 92 | 31 |
| VI | 480 | 6 | 95 | 208 | 151 | 20 |
| VII | 659 | 8 | 94 | 417 | 118 | 22 |
| VIII | 521 | 4 | 130 | 273 | 108 | 6 |
| IX | 408 | 6 | 56 | 282 | 74 | - |
| | 4257 | | | | | |

പട്ടിക 16

| വാർഡ് | സ്വന്തമായി വീടില്ലാത്തവരുടെ എണ്ണം |
|---|---|
| I | 6 |
| II | 75 |
| III | 60 |
| IV | 100 |
| V | 50 |
| VI | 60 |
| VII | 300 |
| VIII | 80 |
| IX | 100 |
| | 831 |

കുറഞ്ഞവരുമാനക്കാരുടെ വീടുകൾ കൂടുതലും ജീർണാവസ്ഥയിലുള്ളതാണ്.

## ഭവന നിർമാണത്തെ സംബന്ധിച്ചു വിവരം

## പട്ടിക17

**1992 മുതൽ**

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം IRDP സർവേ | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം | അനുവദിച്ചതിൽ ഇനിയും പൂർത്തീകരിക്കാനുള്ളത് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 80 | 5 | 4 | 75 | 1 |
| II | 45 | 2 | 2 | 43 | - |
| III | 84 | 1 | - | 83 | 1 |
| IV | 65 | - | - | - | - |
| V | 62 | 1 | - | 61 | 1 |
| VI | 69 | 2 | - | 67 | 2 |
| VII | 72 | 2 | 2 | 70 | - |
| VIII | 52 | 3 | 3 | 49 | - |
| IX | 35 | 2 | 1 | 33 | 1 |

പ്രാദേശികമായ വിഭവങ്ങൾ ശേഖരിച്ച് ഭാവിയിൽ വേണ്ടിവന്നാൽ ആവശ്യത്തിന് വികസിപ്പിക്കുവാൻ പറ്റുന്ന രീതിയിൽ വേണം വീടുകൾ രൂപകല്പന ചെയ്യേണ്ടത്. ഇതിന് പഞ്ചായത്ത് വാർഡ് മെമ്പർ കൺവീനറായി ഒരു ഭവന നിർമ്മാണ കമ്മിറ്റി രൂപീകരിക്കണം. കഴിഞ്ഞ 2 വർഷങ്ങളിലായി ഈ പഞ്ചായത്തിൽ നിർമിക്കുന്ന കെട്ടിടങ്ങളിലേറെയും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. ഇതുവച്ച് നോക്കുമ്പോൾ വ്യവസായ റിപ്പോർട്ടിൽ പരഞ്ഞിരിക്കുന്ന ഭവന നിർമാണ സാമഗ്രികളുടെ ഉൽപാദനം ഈ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്. ഭവന നിർമാണത്തിന് വായ്പ ലഭിക്കുന്നത് മൂവാറ്റുപുഴ ഭവന നിർമാണ സഹകരണ സംഘത്തിൽ നിന്നാണ്. വിവിധ ബാങ്കുകളിൽ നിന്നും സൊസൈറ്റികളിൽ നിന്നും ലോണുകൾ മുഖേന ഭവന നിർമാണ വായ്പ ലഭിച്ചുവരുന്നു. എന്നാൽ ഈ വായ്പകൾ പൂർണമായും അതിന്റെ ലക്ഷ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നത് കാര്യക്ഷമമായി അന്വേഷിക്കേണ്ടതാണ്.

## പട്ടിക 18

മൂവാറ്റുപുഴ ഭവന നിർമാണ സഹകരണ സംഘത്തിൽ നിന്നും ആയവന പഞ്ചായത്തിൽ അനുവദിച്ച തുക.

| വർഷം | എണ്ണം | തുക |
|---|---|---|
| 1994–95 | 7 | 1,60,000/– |
| 1995–96 | 9 | 4,34,000/– |
| 1996–97 | 4 | 3,15,000/– |

ഇതിനുപുറമേ ഏനാനല്ലൂർ സർവീസ് സഹകരണ ബാങ്കിൽ നിന്ന് 1,89,932/– രൂപ ഭവന നിർമാണവായ്പ നമ്മുടെ പഞ്ചായത്തിൽ നൽകിയിട്ടുണ്ട്.

ഭവന ദൗർലഭ്യത്തിന്റെ പേരിൽ ആരും തന്നെ കടത്തിണ്ണയിലും മറ്റും കിടക്കുന്ന അവസ്ഥ നമ്മുടെ പഞ്ചായത്തിൽ കാര്യമായിട്ടില്ല. കോളനികളിലെ വീടുകളിൽ ഭൂരിപക്ഷവും സിമന്റ് തേയ്ക്കാത്തതും ചാണകം മെഴുകിയ തറയോട് കൂടിയതുമാണ്. വീടുകളുടെ നിർമാണ രതി നാടൻ രീതിയുള്ളതാണ്. ചെലവുകുറഞ്ഞവീട് നിർമാണ രീതിയെ ആരും ന്നെ അവലംബിക്കുന്നില്ല. ഇതിനുവേണ്ട പ്രചാരണ പരിപാടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതുമാണ്. സർക്കാർ ഭവന വായ്പ നൽകുമ്പോൾ ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാനുള്ള നിർദേശങ്ങൾ നിയമപരമായി നൽകണം. കോളനിമേഖലകളിലേക്ക് കുറേക്കൂടി ഉറപ്പുള്ളതും ചിലവു കുറഞ്ഞതുമായ നിർമാണ രീതി കണ്ടുപിടിക്കണം. ഭവന നിർമാണത്തിനാവശ്യമായ തടി പുറത്തുനിന്ന് കൊണ്ടുവരേണ്ടിവരുന്നത് നിരുത്സാഹപ്പെടുത്താനായി ഈ ആവശ്യത്തിന് റബ്ബർ തടി സംസ്കരിച്ച് ഉപയോഗിക്കുവാൻ വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതാണ്. കെട്ടിട നിർമാണ സാമഗ്രികളുടെ വർദ്ധിച്ചുവരുന്ന ഡിമാന്റും വില കൂടുതലും പരിഗണിച്ച് വരുമാനം കുറഞ്ഞവരേയും കോളനി നിവാസികളേയും സഹായിക്കുവാൻ നിർമാണ സാമഗ്രികൾ ആവശ്യക്കാർക്ക് നൽകാൻ കഴിയുന്ന സൊസൈറ്റി സ്ഥാപിക്കേണ്ടതാണ്.

കെട്ടിട നിർമാണ രംഗത്തെ തൊഴിലാളികളെ നമ്മുടെ പഞ്ചായത്തിൽ വേണ്ടത്ര ലഭിക്കാനില്ല. ഭൂരിപക്ഷം പണിക്കാരും തമിഴ്

നാട്ടിൽ നിന്നുള്ളവരാണ്. നമ്മുടെ പഞ്ചായത്തിലുള്ള തൊഴിലാളികളെ ഈ രംഗത്ത് പരിശീലിപ്പിച്ചെടുക്കുവാനായി ഒരു സ്ഥാപനം ആരംഭിക്കേണ്ടതാണ്. സ്കൂൾ സിലബസിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. എല്ലാ വിദ്യാർഥിയും പത്താം ക്ലാസ് പാസാകുമ്പോഴേക്കും എന്തെങ്കിലും ഒരു തൊഴിൽ ചെയ്യാൻ കഴിവുള്ളവരായി മാറണം എന്ന നിബന്ധന വയ്ക്കണം.

സമൂഹത്തിലെ പാവപ്പെട്ടവർക്ക് സർക്കാർ ധനസഹായത്തോടെ വീട് നിർമിച്ചു കഴിഞ്ഞാൽ തുടർന്ന് വരുന്ന അറ്റകുറ്റപ്പണികൾ നടത്തുവാൻ അവർക്ക് സാധിക്കാറില്ല. ഇതിനായി അറ്റകുറ്റപ്പണികൾ നടത്താനും വേണ്ട സഹായം സർക്കാരിൽ നിന്നും ഉണ്ടാവണം. നമ്മുടെ പഞ്ചായത്തിൽ ജൈവ വേലി പ്രചാരത്തിലില്ല. പ്രചരിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ നല്ലതാണ്. പഞ്ചായത്തിലെ ഭവന നിർമാണത്തെ സംബന്ധിക്കുന്ന വിവരം

# ഭവനനിർമാണത്തെ സംബന്ധിക്കുന്ന വിവരം

**പട്ടിക 19**

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം ഐ.ആർ.ഡി.പി പ്രകാരം | വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ 92 ന് ശേഷം | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുള്ളത് | ഇനി അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| I | 80 | 5 | 4 | 1 | 75 |
| II | 45 | 2 | 2 | - | 43 |
| III | 84 | 1 | - | 1 | 83 |
| IV | 65 | - | - | - | - |
| V | 62 | 1 | - | 1 | 61 |
| VI | 69 | 2 | - | 2 | 67 |
| VII | 72 | 2 | 2 | - | 70 |
| VIII | 52 | 3 | 3 | - | 49 |
| IX | 35 | 2 | 1 | 1 | 33 |

# പൊതുജനാരോഗ്യം

പൊതുജനാരോഗ്യത്തെപ്പറ്റി പ്രതിപാദിക്കുമ്പോൾ പരിസരമലിനീകരണം, ശുചിത്വം തുടങ്ങിയ കാര്യങ്ങൾ പ്രാധാന്യമർഹിക്കുന്നു. പരിസരമലിനീകരണത്തിന്റെ പ്രധാന കാരണം തുറസായ സ്ഥലത്തെ മലമൂത്രവിസർജനം, ചപ്പു ചവറുകൾ നിക്ഷേപിക്കൽ, അഴുക്കുവെള്ളം കെട്ടിനില്ക്കാൻ അനുവദിക്കൽ തുടങ്ങിയവയാണ്. ഇതിനുള്ള പരിഹാരം പൊതുസ്ഥലങ്ങളിൽ കക്കൂസ്, മൂത്രപ്പുരകൾ സ്ഥാപിച്ച് കാര്യക്ഷമമായി അവ നടത്തിക്കൊണ്ടുപോകുവാനുള്ള സംവിധാനം ഉണ്ടാക്കുകയാണ്. പൊതുസ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കുവാനും ചപ്പു ചവറുകൾ കൂട്ടിയിടാതിരിക്കുവാനും, അഴുക്കുവെള്ളം കെട്ടിക്കിടക്കാതിരിക്കുവാനും ആവശ്യമായ ബോധവൽക്കരണം നടത്തണം. ഈച്ച, കൊതുക്, മറ്റ് പ്രാണികൾ മൂലം രോഗം പരത്തൽ തടയുന്നതിന് ഈ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെട്ട് പരിഹാരം കാണണം.

## ശുചിത്വം

രോഗാണുക്കൾക്ക് വസിക്കുവാനും വളരാനും പലപ്രകാരത്തിൽ മനുഷ്യശരീരത്തിൽ കടന്ന് രോഗം പകർത്തുവാനും കാരണമായേക്കാവുന്ന വ്യക്തി, ഗൃഹാന്തരീക്ഷ-പരിസരസംബന്ധമായ സാഹചര്യങ്ങളേയും വസ്തുക്കളേയും രീതികളേയും തടയുവാനും, ഇല്ലാതാക്കാനുള്ള അവസ്ഥയാണ് സാമാന്യമായി ശുചിത്വം എന്നു പറയുന്നത്. ജലസംബന്ധിയായ കാരണങ്ങൾകൊണ്ടാണ് ഭൂരിഭാഗം പകർച്ചവ്യാധികളും ഉണ്ടാകുന്നത്. ഇതിനുള്ള പരിഹാരമായി ശുദ്ധമായ കുടിവെള്ള ലഭ്യത, പരിസരശുചിത്വം തുടങ്ങിയവയെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കണം. വിസർജ്യവസ്തുക്കൾ ശാസ്ത്രീയമായി മറവുചെയ്യുന്നതിന് സഹായിക്കുന്ന മാലിന്യനിർമാർജന സംവിധാനങ്ങൾക്ക് വേണ്ടത്ര മുൻതൂക്കം നൽകണം. കുടിവെള്ളം അതിന്റെ ഉറവയിലോ ഉൽഭവസ്ഥാനത്തോ എത്ര ശുദ്ധമായിരുന്നാലും പരിസരശുചീകരണമില്ലെങ്കിൽ അതിന്റെ ഗുണനിലവാരം നിലനിറുത്തുവാൻ സാധിക്കയില്ല.

മറ്റ് വികസന പരിപാടികളിൽനിന്നും വ്യത്യസ്തമായി 'സാനിട്ടേഷൻ' പദ്ധതികൾക്ക് ഈ പ്രദേശത്തെ മുഴുവൻ ആളുകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് ഉള്ള ഒരു പദ്ധതി ആസൂത്രണം ചെയ്താൽ മാത്രമേ ഓരോ വീടിനേയും സുരക്ഷിതമാക്കാൻ കഴിയുകയുള്ളൂ. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ ശാസ്ത്രീയമായ കക്കൂസ് നിർമാണത്തിനേക്കുറിച്ചും വികേന്ദ്രീകൃതമായ സാനിട്ടേഷൻ പദ്ധതിയെക്കുറിച്ചും ഒരു മാർഗരേഖ തയാറാക്കി നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനുവേണ്ടി പദ്ധതികൾ തയാറാക്കണം.

ഇന്നത്തെ രീതിയിൽ അലോപ്പതി ചികിത്സാരംഗത്തെ വളർച്ച ത്വരിതപ്പെടുന്നതിനു മുമ്പ് ആയുർവേദ ചികിത്സാരീതികളെയാണ് ആരോഗ്യപരിപാലനത്തിനു വേണ്ടി ആശ്രയിച്ചിരുന്നത്. നാട്ടുവൈദ്യന്മാരുടെ സേവനം ഇക്കാലത്ത് തൃപ്തികരമായിരുന്നു. പ്രസവശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചിരുന്ന നാടൻ വൈറ്റാട്ടികളുടെ സേവനവും ഇത്തരുണത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. അലോപ്പതി ചികിത്സാരംഗത്തെ വളർച്ചയോടൊപ്പം ഉണ്ടായ ജനപ്പെരുപ്പവും ജീവിത സാഹചര്യങ്ങളിൽ വന്ന മാറ്റവും ആരോഗ്യരംഗത്ത് പുതിയ വെല്ലുവിളികൾ സൃഷ്ടിച്ചു. അതിനനുസൃതമായി ആരോഗ്യപ്രവർത്തനം മെച്ചപ്പെടുത്തിക്കൊണ്ടുവരുന്നതിന് കാലതാമസമുണ്ടായി. അതുമൂലം ഈ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുആരോഗ്യ സ്ഥിതി വളരെ മോശമാണ്.

**പട്ടിക 20**

| വർഷം | മരണം | ജനനം |
|---|---|---|
| 93–94 | 55 | 1 |
| 94–95 | 52 | 7 |
| 95–96 | 55 | 1 |

പഞ്ചായത്ത് ജനനമരണ രജിസ്റ്റർ അനുസരിച്ചുള്ള മരണ ജനനനിരക്കാണ് മുകളിൽ കൊടുത്തിട്ടുള്ളത്. എന്നാൽ ഈ പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങൾ ഉള്ള ആശുപത്രികൾ ഇല്ലാത്തതിനാൽ ജനനവും മരണവും പുറത്തുള്ള ആശുപത്രികളിൽവച്ച് നടക്കുന്നതിനാൽ പഞ്ചായത്തിൽ ഇതൊന്നും രജിസ്റ്റർ ചെയ്യപ്പെടുന്നില്ല. പഞ്ചായത്തിൽ 40% വീട്ടുകാർക്ക് സ്വന്തമായി കക്കൂസില്ല എന്നുള്ളതാണ് വസ്തുത.

നമ്മുടെ പഞ്ചായത്തിൽ പൊതുജനങ്ങളുടെ ആവശ്യത്തിനായി മൂത്രപ്പുരയോ കക്കൂസോ ഒന്നുമില്ല. പ്രധാന കവലകളിലും കോളനികളിലും പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുകയും ശുചിത്വത്തോടുകൂടി അവ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. പഞ്ചായത്തിൽ ഒരിടത്തും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനോ അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനോ വേണ്ട സംവിധാനം ഉണ്ടാവണം. പ്രധാന കവലകളിൽ വെയ്സ്റ്റ് നിക്ഷേപിക്കുവാൻ വെയ്സ്റ്റ് ബാസ്കറ്റ് വക്കുകയും ആഴ്ചയിൽ ഒരിക്കൽ ഇവയെല്ലാം ശേഖരിച്ച് സംസ്കരിക്കുവാനും വേണ്ട കാര്യങ്ങൾ ഉണ്ടാവണം. നമ്മുടെ പഞ്ചായത്ത് ശിശുമരണനിരക്ക് പൊതുവേ കുറവാണ്. പഞ്ചായത്തിലെ വികലാംഗരെ സംബന്ധിച്ച് ലഭ്യമായ എണ്ണം 83 ആണ്. ആയവന പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ, ഒരു ആയുർവേദ ആശുപത്രി, ഒരു കുടുംബക്ഷേമകേന്ദ്രവും 8 സ്വകാര്യ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ 7-ാം വാർഡിൽ നട്ടെല്ല് സംബന്ധമായ എല്ലാ രോഗങ്ങൾക്കും ചികിത്സയുള്ള ഒരു കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. പാരമ്പര്യ വൈദ്യന്മാരുടെ സേവനം പല സ്ഥലത്തും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

323

പട്ടിക 21

## 11–6 കക്കൂസുകളെ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 120 | 2 | 2 | 118 |
| II | 65 | 2 | 2 | 63 |
| III | 140 | 3 | 3 | 137 |
| IV | 85 | 10 | 10 | 75 |
| V | 80 | 5 | 5 | 75 |
| VI | 120 | 4 | 4 | 116 |
| VII | 162 | 2 | 2 | 160 |
| VIII | 90 | 6 | 6 | 84 |
| IX | 75 | 2 | 2 | 73 |

(ഗ്രാമസേവക ഓഫീസിൽനിന്നും ലഭിച്ച വിവരങ്ങൾ )

# ആയൂർവേദ ഡിസ്പൻസറി

നമ്മുടെ പഞ്ചായത്തിൽ കാൽനൂറ്റാണ്ടുകൾക്കു മുമ്പ് മുതൽതന്നെ ആയുർവേദ ഡിസ്പൻസറി പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ ആയുർവേദ ആശുപത്രി 1957ൽ മൂവാറ്റുപുഴയിൽ പ്രവർത്തനം ആരംഭിച്ചതാണെന്നുള്ള വിവരം ബഹു: ആരോഗ്യ ഡയറക്ടറുടെ ഉത്തരവ് പ്രകാരം (നം. A.1-1852/56 വ്യക്തമാക്കുന്നു. ഈ സ്ഥാപനം 1.4.1970 മുതൽ ആയവനയിൽ പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിന്റെ ആദ്യത്തെ മെഡിക്കലാഫീസർ Dr. S. ദിനേശനും ഇപ്പോഴത്തെ മെഡിക്കൽ ഓഫീസർ Dr. E.S. ഇന്ദിരക്കുഞ്ഞമ്മയും ആണ്. തുടക്കം മുതൽ ഇന്നുവരെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന് ആയവന S.H. പള്ളി സംഭാവന ചെയ്ത സ്ഥലത്ത് സ്വന്തം കെട്ടിടം പണിയാൻ 1.11.96ൽ തറക്കല്ലിട്ടു. നാളിതുവരെ ആവശ്യമുള്ള ഫർണിച്ചറുകൾ ഈ ആശുപത്രിക്ക് ലഭിച്ചിട്ടില്ല. 1957ൽ നിർമിച്ചവയും തുടർച്ചയായ ഉപയോഗംകൊണ്ട് കേടുവന്നതുമാണ് ഉള്ള ഫർണിച്ചറുകൾ. അത്യാവശ്യ ഫർണിച്ചറുകൾ ഉടനെ ലഭിക്കണം. സ്ഥാപനത്തിന് പുതിയ കെട്ടിടം പണിതീരുന്ന മുറക്ക് വെള്ളം, വൈദ്യുതി, ഗ്യാസ് കണക്ഷൻ എന്നിവയും ലഭ്യമാക്കണം. മരുന്നുകൾ പാകം ചെയ്യുന്നതിന് ആവശ്യമുള്ള പാത്രങ്ങളും വിറകും ലഭ്യമാക്കണം. രോഗികളുടെ ബാഹുല്യം കണക്കിലെടുക്കുമ്പോൾ ഇപ്പോൾ അനുവദിക്കുന്ന മരുന്നുകൾ പകുതി ആവശ്യത്തിനുപോലും തികയുന്നില്ല. പ്രതിവർഷം 1 ലക്ഷം രൂപയെങ്കിലും മരുന്നിനുവേണ്ടി ലഭ്യമാക്കണം. ദൈനംദിന പ്രവർത്തനത്തിനുവേണ്ട ഫണ്ട് കാലാകാലമായി ഈ ആശുപത്രിക്ക് അനുവദിക്കാറില്ല. ഇത് മാറ്റി യൂണിഫോറം, ഓഫീസ് ചെലവ് തുടങ്ങിയവയ്ക്ക് വേണ്ട തുക യഥാസമയം ലഭ്യമാക്കണം. രോഗികളുടെ വർധിച്ച ചികിത്സാ സൗകര്യത്തിനായി ഈ ഡിസ്പൻസറി മുഴുവൻ സമയപ്രവർത്തനമുള്ള ആശുപത്രിയായി ഉയർത്തണം. 1992 വർഷം മുതൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ എണ്ണവും രോഗികളെപ്പറ്റിയും പകർച്ച വ്യാധികളെ സംബന്ധിച്ചുമുള്ള വിവരം പ്രത്യേകം ചേർക്കുന്നു.

## പ്രൈമറി ഹെൽത്ത് സെന്റർ

ആയവനയിൽ പ്രൈമറി ഹെൽത്ത് സെന്റർ 20.12.81 മുതൽ പ്രവർത്തനമാരംഭിച്ചു. 1981 മുതൽ 93 വരെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഹെൽത്ത് സെന്റർ 11.1.1993ൽ ഏനാനല്ലൂർ സർവീസ് സഹകരണ സംഘം സംഭാവന നൽകിയ സ്ഥലത്ത് പണിതീർത്ത പുതിയ കെട്ടിടത്തിലേക്ക് മാറ്റി. വളരെയധികം രോഗികൾ വരുന്ന ഈ ഹെൽത്ത് സെന്റർ മുഴുവൻ സമയ പ്രവർത്തനമുള്ള ഒരാശുപത്രിയായി ഉയർത്തണമെന്ന് വളരെക്കാലമായുള്ള നാട്ടുകാരുടെ ആവശ്യമാണ്. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനും ആശുപത്രി

യുടെ സുഖമമായ നടത്തിപ്പിനും ആയി താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

1. ചികിത്സക്കാവശ്യമായ എല്ലാ മരുന്നുകളും ആവശ്യത്തിന് യഥാസമയം ലഭ്യമാക്കണം.

2. ആശുപത്രിയിലെ ആരോഗ്യപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് 5000 ജനസംഖ്യക്ക് ഒരു ജൂണിയർ പബ്ലിക് നേഴ്സും ഒരു കുടുംബക്ഷേമകേന്ദ്രവും ജൂണിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനവും ലഭ്യമാക്കേണ്ടതാണ്.

3. മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയ പകർച്ചവ്യാധികൾ തടയുന്നതിന് ഹോട്ടലുടമകളുടേയും അറവുശാലക്കാരുടേയും യോഗം വിളിച്ച് അവർക്ക് ആവശ്യമായ നിർദേശങ്ങളും ലൈസൻസ് സമ്പ്രദായവും ഏർപ്പെടുത്തണം.

4. പകർച്ചവ്യാധികൾ തടയുന്നതിന് ESP മോഡൽ സ്ലാബുള്ള കക്കൂസുകൾ നിർമിക്കാനും ശുദ്ധജല ലഭ്യതക്കും വേണ്ട കാര്യങ്ങൾ ചെയ്യണം.

5. 1995-96ൽ പഞ്ചായത്തിലെ പലഭാഗത്തും പേപ്പട്ടി വിഷബാധയുണ്ടായി. അഞ്ചൽപ്പെട്ടി മുഴിക്കമാരി ഹരിജൻ കോളനിയിൽ 8 പേർക്ക് പേപ്പട്ടിവിഷബാധയുണ്ടായി. പഞ്ചായത്തിലലഞ്ഞുനടക്കുന്ന പട്ടികളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് കുത്തിവയ്പും ലൈസൻസും നിർബന്ധമാക്കണം.

6. 10 കിടക്കകളെങ്കിലും ഉള്ള ഒരു കിടത്തി ചികിത്സിക്കുന്ന ആശുപത്രി നമ്മുടെ പഞ്ചായത്തിൽ അത്യന്താപേക്ഷിതമാണ്.

7. സ്കൂൾ കുട്ടികളുടെ പരിശോധനയും കുത്തിവയ്പും മുടക്കം കൂടാതെ ഓരോ വർഷവും നടത്തുകയും പോളിയോ നിർമാർജനത്തിനുള്ള പരിപാടികൾ മുൻകാലങ്ങളെപ്പോലെ ഊർജിതമായി നടത്തിയാൽ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസ്ഥിതി 75% എങ്കിലും ഉയർത്തുവാൻ സാധിക്കും.

8. ആശുപത്രി ജീവനക്കാർക്ക് താമസിക്കാൻ സൗകര്യം ചെയ്തുകൊടുത്താൽ ആരോഗ്യ പരിപാലനരംഗത്ത് കൂടുതൽ ശ്രദ്ധിക്കുവാൻ ഇവർക്ക് സാധിക്കും.

ഈ ഹെൽത്ത് സെന്ററിലെ ആദ്യത്തെ ഡോക്ടർ Dr. ഗ്രേസി മർക്കോസും ഇപ്പോഴുള്ളത് Dr. K.K. രാധാമണിയും ആണ്. ഡോക്ടറെ കൂടാതെ ആശുപത്രിയിൽ 12 വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുമുണ്ട്.

ആയവന P H C യിൽ ചികിത്സിക്കുന്ന രോഗികളെപ്പറ്റിയും രോഗങ്ങളെപ്പറ്റിയും പകർച്ചവ്യാധി വിവരങ്ങളെപ്പറ്റിയും കുട്ടികളുടേയും ആരോഗ്യപോഷണ നിലവാരത്തെപ്പറ്റിയും ഗർഭിണികളുടേയും കുട്ടികളുടേയും പ്രതിരോധ കുത്തിവയ്പിനെപ്പറ്റിയും ആശുപത്രിയിൽ നടന്നിട്ടുള്ള പ്രസവങ്ങളെപ്പറ്റിയും ഉള്ള വിവരം ചുവടെ ചേർക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ആരോഗ്യവകുപ്പിൽനിന്നും 157600/- രൂപ (95-96 വരെ) ആരോഗ്യപരിപാലനത്തിനായി അനുവദിക്കുകയും ആയത് ചിലവാപ്പറ്റിയും ആശുപത്രിയിൽ നടന്നിട്ടുള്ള പ്രസവങ്ങളെപ്പറ്റിയും ഉള്ള വിവരം ചുവടെ ചേർക്കുന്നു.

### പട്ടിക 22 (ആയുർവേദ ഡിസ്പെൻസറി)

(രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം എണ്ണം)

| വർഷം | ഇൻ പേഷ്യന്റ്സ് | ഔട്ട് പേഷ്യന്റ്സ് | ത്വക്ക് രോഗം | വാതരോഗം | പകർച്ച വ്യാധി | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 92- 93 | Nil | 7827 | 812 | 676 | 839 | Nil | 5500 | 7827 |
| 93-94 | Nil | 8291 | 611 | 780 | 1014 | Nil | 5886 | 8291 |
| 94-95 | Nil | 9719 | 944 | 864 | 1842 | Nil | 6069 | 9719 |
| 95-96 | Nil | 11096 | 1102 | 1405 | 2235 | Nil | 6348 | 11090 |
| ആകെ | Nil | 36927 | 3469 | 3725 | 5930 | Nil | 23803 | 36927 |

### പട്ടിക 23

## 7-4 പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93- 94 | 240 | 3542 | - | 4509 |
| 94- 95 | 188 | 4357 | - | 5174 |
| 95-96 | 240 | 2273 | - | 5577 |

### പട്ടിക 24 P.H. സെന്റർ

8.2 കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാംഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 0-1 | 70 | 60 | 42 | 38 | 22 | 18 | Nil | Nil |
| 1-3 | 160 | 120 | 84 | 76 | 44 | 36 | Nil | Nil |
| 3-5 | 168 | 156 | 109 | 90 | 48 | 40 | Nil | Nil |

1ാം ഗ്രേഡ് ലഘുവായ പോഷണകുറവുള്ളവർ
2ാം ഗ്രേഡ് മിതമായ പോഷകകുറവുള്ളവർ
3ാം ഗ്രേഡ് ഗുരുതരമായ പോഷകകുറവുള്ളവർ

## പട്ടിക 25

## 8-3 കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവയ്പ്

| കുട്ടികൾ പ്രായം | BCG | DPT I | DPT II | DPT III | DPV I | DPV II | DPV III | DPV B | DT I | DT II | DT B | | TT For Pregnant I | TT For Pregnant II | TT For Pregnant B |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 0-1 | 240 | 230 | 225 | 215 | 230 | 225 | 215 | | | | | 150 | | | |
| 1-3 | 520 | 520 | 520 | 519 | 520 | 520 | 519 | 480 | | | | 520 | | | |
| 3-5 | 598 | 596 | 596 | 596 | 596 | 596 | 596 | 596 | | | 80 | 596 | | | |
| ഗർഭിണികൾ | - | - | - | - | - | - | - | - | - | - | - | - | 210 | 190 | 25 |

1. ഇരുമ്പ്/ഫോളിക് ആസിഡ് (tablets) ലഭിച്ച ഗർഭിണികളുടെ എണ്ണം = 240
2. " " " കുട്ടികളുടെ എണ്ണം = 1350
3. Vitamin A തുള്ളിമരുന്നു ലഭിച്ച കുട്ടികൾ = 760
4. ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = 240
5. വീട്ടിൽ നടന്ന പ്രസവങ്ങളുടെ എണ്ണം = Nil

## പട്ടിക 26

## ആയവന ഗ്രാമപഞ്ചായത്ത്
## 7-4പകർച്ചവ്യാധി വിവരങ്ങൾ

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വർഷം | ജലജന്യ രോഗ ങ്ങൾ | വായുജ ന്യരോഗ ങ്ങൾ | പ്രാണി ജന്യ രോഗങ്ങ ൾ | മറ്റുള്ളവ് | ആകെ രോഗി കളുടേ എണ്ണം |
| 93-94 | 2341 | 4790 | 143 | 11970 | 19244 |
| 94-95 | 2013 | 3982 | 248 | 11148 | 17391 |
| 95-96 | 1927 | 2747 | 190 | 18326 | 23190 |

## പട്ടിക 27

## 7.5 മറ്റ് ആരോഗ്യ സ്ഥാപനങ്ങൾ
## ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി

| 4695 വർഷം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പ്രതിവർഷം (എണ്ണം) | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 92- 93 | Nil | 22339 | 6270 | 13256 | 1378 | 41 | 1394 | 22339 |
| 93-94 | Nil | 19244 | 4848 | 12840 | 490 | 32 | 1034 | 19244 |
| 94-95 | Nil | 17391 | 2439 | 11278 | 583 | 58 | 3033 | 17391 |
| 95-96 | Nil | 23190 | 3265 | 14430 | 766 | 34 | 4695 | 23190 |

നമ്മുടെ പഞ്ചായത്തിൽ പഞ്ചായത്ത് രാജ് നിയമപ്രകാരം ആരോഗ്യവകുപ്പിൽനിന്നും 15,7600/- രൂപ (95-96വരെ) ആരോഗ്യപരിപാലനത്തിനായി അനുവദിക്കുകയും ആയത് ചിലവാക്കുകയും ചെയ്തിട്ടുണ്ട്.

ഈ പഞ്ചായത്തിൽ ആരോഗ്യപ്രവർത്തനങ്ങളുമായി സജീവമായി സഹകരിക്കുന്ന വ്യക്തികളുണ്ടെങ്കിലും സംഘടനകൾ ഒന്നും നിലവിലില്ല. സന്നദ്ധസംഘടനാ പ്രവർത്തകർക്ക് ആരോഗ്യപരിപാലനരംഗങ്ങളിൽ പരിശീലനം കൊടുത്താൽ ഇവരെ ഈ രംഗത്തെ സേവനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം അത്യന്താപേക്ഷിതമാണ്. അറവുശാലകൾ പലതുണ്ടെങ്കിലും അവയെല്ലാം പൊതുജനാരോഗ്യത്തിന് ഹാനികരമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ കൂടെ കൂടെ പരിശോധന നടത്തുകയും ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

കുട്ടികളുടെ പോഷകാഹാര പരിപാടി പഞ്ചായത്തുതലത്തിൽ സ്കൂളുകൾ മുഖേന നല്ല രീതിയിൽ നടപ്പിൽ വരുത്തണം. നിലവിലുള്ള രണ്ട് ആശുപത്രികളെ സംബന്ധിച്ചും ഗ്രാമസഭകളിൽ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നുകളോ ഇല്ല എന്നും ഉള്ളവരുടെ സേവനം തൃപ്തികരമല്ലാ എന്നും വ്യാപകമായ പരാതി ഉയർന്നുവന്നിട്ടുണ്ട്. ബന്ധപ്പെട്ടവർ ഇതിന് പരിഹാരം കാണേണ്ടതാണ്. നമ്മുടെ PH സെന്ററിൽ ഒരു ശിശുരോഗ വിദഗ്ദന്റെ സേവനം ലഭ്യമാക്കണം. മിക്കവാറും വാർഡുകളിൽ പടർന്നുപിടിച്ചിട്ടുള്ള ക്യാൻസർ രോഗത്തെപ്പറ്റി പഠിക്കുകയും വിദഗ്ധ ഡോക്ടറുടെ സേവനത്തോടുകൂടി ഒരു ക്യാൻസർ പരിശോധനാക്യാമ്പ് വർഷത്തിൽ 2 പ്രാവശ്യമെങ്കിലും നടത്തണം.

ഹോമിയോ ചികിത്സയുടെ പ്രാധാന്യം വർധിച്ചുവന്നിട്ടുള്ള ഈ കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു ഹോമിയോ ആശുപത്രി ആരംഭിക്കണം.

കാളിയാർപുഴ 16 കി. മീറ്റർ ദൂരം നമ്മുടെ പഞ്ചായത്തിൽകൂടി നെടുകെ ഒഴുകുന്നു. പുഴയുടെ രണ്ട് വശങ്ങളും ജനസാന്ദ്രത താരതമ്യേന കൂടുതലാണ്. പഞ്ചായത്തിലെ ജനങ്ങൾക്ക് കുളിക്കുവാനായി ഇപ്പോൾ 10 കുളിക്കടവ് മാത്രമേയുള്ളു. വളരെ അടിയന്തരമായി താഴെ പറയുന്ന സ്ഥലങ്ങളിൽ കുളിക്കടവുകൾ അനുവദിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. കോതമംഗലം ആറ് 3 കി.മീ.നമ്മുടെ പഞ്ചായത്തതൃത്തിയിൽ കൂടിയാണ് ഒഴുകുന്നത്.

ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യസ്ഥിതി മോശമായിരിക്കുന്നത് പരിഹരിക്കുവാനും ആശുപത്രികളുടെ പ്രവർത്തനങ്ങളും മറ്റ് പഞ്ചായത്തുതല പ്രവർത്തനങ്ങളും ക്രോഡീകരിച്ച് ജനകീയ സമിതികൾ ഉണ്ടാക്കി 9-ാം പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യസ്ഥിതി ഏറ്റവും മെച്ചപ്പെടുത്തണം.

കോതമംഗലം ആറ് 3 കി.മി. നമ്മുടെ പഞ്ചായത്തിലെ അതിർത്തിയിലൂടെയാണ് ഒഴുകുന്നത്.

വാർഡ് I — ലക്ഷംവീട് ഭാഗത്ത് അല്ലെങ്കിൽ ചേലക്കൽ ഭാഗത്തോ കുളക്കടവ്.

വാർഡ് II — പോർക്കാവ്കടവ്, കാളിയാർ പുഴയിലേക്ക് ചേരുന്ന റോഡിന്റെ ഭാഗത്ത് , കടാംകുളത്തിൽ കടവ്, കൊയ്ത്തുമാരി കടവ് എന്നിവിടങ്ങളിൽ കുളിക്കടവ് വേണം.

വാർഡ് III — ചളിക്കത്തുചാൽ കടവ് അറ്റകുറ്റപ്പണി നടത്തണം. പോർക്കാവ് റോഡിൽ, തോട്ടുമുഖം ഭാഗത്തും കുളിക്കടവ് വേണം.

വാർഡ് IV — അമ്പൂർതേട്ടിൽ (വഴക്കുഴിയിൽ അരീക്കലൽതോട്ടൽ, ആലക്കൽതേട്ടിലൽ, കുറ്റിപ്പാലത്ത് കുളിക്കടവ് വേണം.

വാർഡ് V — മഠത്തിൽതോട്ടിൽ തോട്ടിൻമുഖം പാലത്തിനു താഴെ കുളിക്കടവ് വേണം.

വാർഡ് VI — ലക്ഷംവീട് ഭാഗത്ത്, തോട്ടഞ്ചേരി, കാളിയേലിക്കാവ്, തളിക്കാട്ടുകടവ് എന്നിവിടങ്ങളിൽ കുളിക്കടവ്.

വാർഡ് VII — പള്ളിക്കടവ്, തൃപ്പൂരം അമ്പലക്കടവ്, ചാലുമാലിക്കടവ്, കുട്ടാട്ടുകടവ്, കാരക്കുന്നം പള്ളിക്കടവ്, വേങ്ങത്തണ്ട് കടവ്, ആച്ചേരികടവ്, നന്തപ്പനാൽകടവ്, കക്കടാശേരി കടവ് എന്നീ സ്ഥലങ്ങളിൽ കുളിക്കടവ്.

വാർഡ് VIII — തളിക്കാട്ട് കടവ് ജനങ്ങൾക്ക് പ്രയോജനപ്രദമായി പുതുക്കിപ്പണിയണം. തൃക്ക അമ്പലത്തിന്റെ താഴെ (കാളിയേലിക്കടവ്) കുളിക്കടവ് വേണം.

വാർഡ് IX — മയ്യാളംകടവ്, പോർക്കാവ് കടവ് എന്നിവിടങ്ങളിൽ കുളിക്കടവ്

# വിദ്യാഭ്യാസം

ആയവന പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങൾ ശേഖരിച്ചതിൽ വിദ്യാഭ്യാസം പഞ്ചായത്തിന്റെ പുരോഗതിയിൽ നല്ലൊരു സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ പഞ്ചായത്തിലെ വിദ്യാഭ്യാസനിലവാരം സമീപകാലങ്ങളിൽ മോശമായിട്ടുണ്ട്. ഇതിന്റെ പ്രധാനകാരണം പട്ടണങ്ങളിൽ പുതിയ സ്കൂളുകളുടെ ആവിർഭാവവും അംഗലേയ വിദ്യാഭ്യാസത്തോട് ജനങ്ങൾക്ക് ഉള്ള അദമ്യമായ താല്പര്യവുമാണ് ഓരോ വാർഡുകളിലും സ്കൂളുകളുണ്ടെങ്കിലും കുട്ടികളെ എട്ടും പത്തും കിലോമീറ്റർ അകലെയുള്ള പട്ടണങ്ങളിൽ വിട്ട് പഠിപ്പിക്കുവാൻ രക്ഷാകർത്താക്കൾ താല്പര്യം കാണിക്കുന്നു. ഇതിന് പ്രധാനകാരണം പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളിലെ വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചയും പുത്തൻ സാങ്കേതികവിദ്യാഭ്യാസ സൗകര്യങ്ങളുടെ കുറവ്, വിദ്യാഭ്യാസ നിലവാരം നാടിന്റെ പുരോഗതിയുടെ അളവുകോലാണ് എന്നുള്ള ധാരണയുടെ കുറവ് ഇവയെല്ലാമാണ്.

നമ്മുടെ പഞ്ചായത്തിൽ ആകെ 5 എൽ.പി. സ്കൂളുകളും 1 UPSഉം ഒരു ഹൈസ്കൂളും ഒരു ടെക്നിക്കൽ ഹൈസ്കൂളും ആണ് ഉള്ളത്. അതിൽ 3 സർക്കാർ സ്കൂളുകളും ഒരു പഞ്ചായത്ത് LP സ്കൂളും ബാക്കി സ്വകാര്യ സ്കൂളുകളുമാണ്. നമ്മുടെ എല്ലാ സ്കൂളുകളിലുമായി 1161 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവരിൽ 577 പേർ ആൺകുട്ടികളും 584 പെൺകുട്ടികളുമാണ്. താഴെ പട്ടിക പരിശോധിച്ചാൽ യഥാർത്ഥ സ്ഥിതി മനസിലാകും.

**പട്ടിക 29**

## സ്കൂളുകളിലെ പൊതുവിവരം

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ/യു.പി/ എൽ.പി വിഭാഗം | സ്കൂളിന്റെ ഉടമസ്ഥത: സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | അംഗീകാരമില്ലാത്തത് | കുട്ടികളുടെഎണ്ണം: ആൺ | പെൺ | ആകെ | അധ്യാപകരുടെ എണ്ണം: ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവിലുള്ളവർ | സ്കൂൾ കോമ്പൗണ്ടിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | [illegible] | മറ്റ് കുറിപ്പുകൾ ചുറ്റുമതിൽ, അറ്റകുറ്റപ്പണികൾ, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| SHLPS Ayavana | LP | | ✓ | - | - | - | - | - | 5 | 5 | nil | nil | 1/2 acre | 1 acre | nil | ചുറ്റുമതിൽ ഉണ്ട് |
| SHHS Ayavana | HS | | ✓ | - | - | 226 | 306 | 582 | 21 | 21 | No | No | 31/4 acre | 2 acre | 1/2 acre | ചുറ്റുമതിൽ ഉണ്ട് |
| THS Ayavana | HS | ✓ | | - | - | 61 | - | 61 | 17 | 14 | 3 | nil | | nil | nil | nil |
| SNUPS Ayavana | UP | | ✓ | - | - | 76 | 72 | 148 | 7 | 7 | 1 Hindi | 1 | 11/2 acre | 1 acre | nil | nil |
| Govt. LPS Kalampoor | LP | ✓ | ✓ | - | - | 61 | 37 | 98 | 5 | 5 | nil | nil | 28 cent | 15 cent | nil | ചുറ്റുമതിൽ ഉണ്ട് |
| Panchayat LPS Enanalloor | LP | | ✓ | - | - | 31 | 22 | 53 | 4 | 4 | nil | nil | 1 acre | 1/2 acre | nil | nil |
| Govt. LPS Karimattam | LP | ✓ | | - | - | 55 | 37 | 92 | 4 | 4 | nil | nil | 1 acre | 1/2 acre | nil | |
| ISS LPS Punnamatttam | LP | | ✓ | - | - | 67 | 60 | 127 | - | - | - | - | - | - | - | റിപ്പയർ വേണം |

നമ്മുടെ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അഭാവം മൂലമാണ് വിദ്യാർഥികൾ മറ്റ് പട്ടണങ്ങളിലേക്ക് പോകുന്നതെന്ന ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുമ്പോഴും പരിശോധിക്കപ്പെടേണ്ട വിഷയം ആകെ നമ്മുടെ പഞ്ചായത്തിലുള്ള ഏക ടെക്നിക്കൽ ഹൈസ്കൂളിൽ 60 വിദ്യാർത്ഥികളേ ഉള്ളു എന്നും ഇവരെ പഠിപ്പിക്കാനായി 14 അധ്യാപകർ ഉണ്ടെന്നും ഉള്ള കാര്യമാണ്.

കഴിഞ്ഞ കുറെ വർഷങ്ങളായി പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. കഴിഞ്ഞ 5 വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം പരിശോധിച്ചതിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഇതിന് പ്രധാനകാരണം ജനനനിരക്കിലുള്ള കുറവും അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിനോട് വർധിച്ചുവരുന്ന താല്പര്യവും ആകുന്നു. നമ്മുടെ സ്കൂളുകളിൽ അധ്യാപകരും അധ്യാപികമാരും തമ്മിൽ അനുപാതത്തിലുള്ള ഗണ്യമായ അന്തരം സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇതിന് സത്വരപരിഹാരം കാണേണ്ടതാണ്. ബോധനമാധ്യമം മലയാളമായിരിക്കണം എന്ന് നിഷ്കർഷിക്കുകയും സ്വാശ്രയവിദ്യാ

ഭ്യാസ സ്ഥാപനങ്ങൾ നിരുത്സാഹപ്പെടുത്തുകയും വേണം. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ ഒരുവിധം മെച്ചമാണ്. എന്നാൽ ചില സ്കൂളുകളിൽ കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ കാലാകാലങ്ങളിൽ നടത്താതിരിക്കുന്നതുകൊണ്ട് ചോർന്നൊലിക്കുകയും നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്യുന്നുണ്ട്. എല്ലാ LP സ്കൂളുകളിലും കളിസ്ഥലങ്ങൾ ഉണ്ട്. എന്നാൽ സേക്രഡ് ഹാർട്ട് ഹൈസ്കൂളിനും ടെക്നിക്കൽ ഹൈസ്കൂളിനും ഫലപ്രദമായ കളിസ്ഥലം ഇല്ല. അർജ്ജുന അവാർഡു നേടിയ ശ്രീമതി. K.C. റോസക്കുട്ടി പഠിച്ചിരുന്ന ആയവന SH ഹൈസ്കൂളിന് ഒരു ഗ്രൗണ്ട് ഇല്ല എന്നുള്ള അപര്യാപ്തത വളരെ അടിയന്തരമായി പരിഹരിക്കേണ്ടതാണ്. ഇവരുടെ പേരിൽ ഒരു പൊതുകളിസ്ഥലം പഞ്ചായത്തിൽ ഉണ്ടാവേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ LP, UP വിദ്യാർഥികളുടെ കലാകായികരംഗത്തുള്ള മുന്നേറ്റം ആശാവഹമല്ല. ഇതിനു പരിഹാരമായി എല്ലാ സ്കൂളുകളിലും കലാകായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ട സ്പോർട്സ് ഉപകരണങ്ങളും പരിശീലനവും പ്രഗത്ഭരായ അധ്യാപകരേയും ലഭ്യമാക്കണം. വിദ്യാർഥികളുടെ സാംസ്കാരിക ഉന്നമനത്തിനായി എല്ലാ സ്കൂളുകളിലും ടെലിവിഷൻ, മറ്റ് സാംസ്കാരിക പരിപാടികൾ തുടങ്ങിയവ സങ്കടിപ്പിക്കേണ്ടതാണ്. അധ്യാപകരുടെ സേവനം നല്ല രീതിയിൽ ആണ് നടക്കുന്നതെന്ന് കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് ഒരു വിദ്യാഭ്യാസവികസന സമിതി പഞ്ചായത്തിലെ വിദ്യാഭ്യാസവിദഗ്ധരെ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപീകരിക്കണം. ഭൗതിക സാഹചര്യങ്ങൾ മോശമായ സ്കൂളുകളിൽ ഇതു മെച്ചപ്പെടുത്തുവാൻ വേണ്ട കാര്യങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ SSLC വിജയശതമാനം സാമാന്യം തൃപ്തികരമാണ്. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും PTA ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. കുട്ടികളുടെ വിദ്യാഭ്യാസനിലവാരത്തെപ്പറ്റി അന്വേഷിക്കുന്നതിനോ സ്കൂളുകളുടെ ഭൗതികസാഹചര്യം വിലയിരുത്തുന്നതിനോ ഈ സംഘടന പ്രയോജനപ്പെടാറില്ല. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കായി ഈ സംഘടനകൾ ഉണർന്നുപ്രവർത്തിക്കേണ്ടതാണ്. നമ്മുടെ സ്കൂളുകളിലൊന്നും നല്ല രീതിയിലുള്ള ഒരു ലൈബ്രറി പ്രവർത്തിക്കുന്നില്ല. എല്ലാ സ്കൂളുകളിലും ബാലസാഹിത്യപ്രസിദ്ധീകരണങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് നല്ലൊരു ലൈബ്രറി ഉണ്ടായിരിക്കണം. സബ്ജില്ലാ-ജില്ലാ കായികമത്സരങ്ങളിൽ നാമമാത്രമായി കുട്ടികളെ പങ്കെടുപ്പിക്കാറുണ്ടെങ്കിലും വിജയികളായി തിരിച്ചുവരുന്നവരുടെ കുറഞ്ഞ എണ്ണം നമ്മുടെ കലാ കായികരംഗത്തെ പോരായ്മയിലേക്ക് വിരൽചൂണ്ടുന്നു.

നമ്മുടെ പഞ്ചായത്തിൽ ഔപചാരിക വിദ്യാഭ്യാസമേഖലയിലുള്ള പ്രവർത്തനമല്ലാതെ അനൗപചാരിക വിദ്യാഭ്യാസമേഖലയിലുള്ള പ്രവർത്തനം ഇല്ല. അതിന്റെ ഫലമായി ദേശീയപ്രസ്ഥാനം നവോത്ഥാനപ്രസ്ഥാനം ഇവയുമായി ബന്ധപ്പെട്ടു വളർന്നുവന്ന സാംസ്കാരികപ്രവർത്തനങ്ങൾ തീരെ ഇല്ല. വായനശാലകൾ, ഗ്രന്ഥശാലകൾ, കലാസമിതികൾ തുടങ്ങിയവയുടെ പ്രവർത്തനം തീരെ ഇല്ല. ഇത് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ കുറവിനെയാണ് കാണിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ അംഗൻവാടി, ബാലവാടി, നഴ്സറി എന്നിവയെപ്പറ്റി പരിശോധിക്കാം. പഞ്ചായത്തിൽ ആകെ 7 നഴ്സറിസ്കൂളും 1 അംഗൻവാടിയും നിലവിലുണ്ട്. കലാമ്പൂര് ഗവ. LP സ്കൂളിനോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന നഴ്സറി സ്കൂൾ ഒരു അംഗൻവാടിയായി ഉയർത്തണം എന്ന ആവശ്യം വ്യാപകമായി ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

## പ്രശ്നങ്ങളും പൊതുനിർദേശങ്ങളും

സമൂഹത്തിന്റെ സർവതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള തലമുറയെ സൃഷ്ടിക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. 60 ലക്ഷം വിദ്യാർത്ഥികളും രണ്ടുലക്ഷം അധ്യാപകരും 20 ലക്ഷത്തിലധികം രക്ഷിതാക്കളും ചേർന്ന വിപുലമായ ഒന്നാണ് നമ്മുടെ വിദ്യാഭ്യാസ മേഖല. ഒരു പ്രദേശത്തിന്റെ ദീർഘകാലാടിസ്ഥാനത്തിലും സ്ഥായിയായതുമായ നേട്ടങ്ങളുണ്ടാക്കുവാൻ വിദ്യാഭ്യാസപ്രക്രിയക്കു കഴിയണം. നമ്മുടെ പ്രദേശത്തെ വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാവുന്ന പ്രധാനപ്രശ്നങ്ങൾ അധ്യാപക പരിശീലനത്തിലെ ഗുണനിലവാരമില്ലായ്മ പഴഞ്ചൻ ബോധനരീതി, മോണിട്ടറിങ്ങിന്റെ അഭാവം, വീടുകളിലെ പഠന സാഹചര്യങ്ങളുടെ പരിമിതി, സാമൂഹ്യമായ പിന്നോക്കാവസ്ഥ, മത്സരപരീക്ഷകളെ മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെസംബന്ധിച്ച് രക്ഷാകർത്താക്കൾക്കിടയിലും സമൂഹത്തിലും പൊതുവേ വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണ, പ്രാദേശിക.സമൂഹത്തിന് വിദ്യാഭ്യാസത്തിൽ ഇടപെടാൻ ഉള്ള അവസരമില്ലായ്മ തുടങ്ങിയവയാണ്. ഇതിൽ അവസാനം പറഞ്ഞിട്ടുള്ള കാര്യത്തിന് പരിഹാരമായി പഞ്ചായത്ത് രാജ് സംവിധാനം വന്നതോടെ ഒരു പ്രദേശത്തെ മൊത്തം സമൂഹത്തിന്റെ കൂട്ടായ്മയിലൂടെ പ്രശ്നങ്ങൾ കണ്ടെത്തുവാനും പരിഹരിക്കുവാനുമുള്ള അവസരം സംജാതമായിരിക്കുന്നു. സ്കൂൾ കോംപ്ലക്സുകൾ സ്ഥാപിച്ച് അവരുടെ ശുപാർശയനുസരിച്ച് വിദ്യാഭ്യാസനിലവാരം ഉയർത്തണം. ഇന്ന് നമ്മുടെ പ്രദേശത്ത് ഒരു സമാന്തര വിദ്യാഭ്യാസ ശൃംഖല വളർന്നുവരുന്നതിനാൽ നമ്മുടെ പല വിദ്യാലയങ്ങളും അനാദായകരമായി മാറുന്നു. ഒരു പ്രദേശത്തെ വിദ്യാലയം നിലനിറുത്തണമെങ്കിൽ ആ പ്രദേശത്തെ സമൂഹം തന്നെ മുൻകയ്യെടുക്കണം. അതിനായി നമ്മുടെ പഞ്ചായത്തുതലത്തിൽ അക്കാദമിക് പ്രവർത്തനങ്ങൾ പാഠ്യാനുബന്ധപ്രവർത്തനങ്ങൾ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ, ജനകീയ പ്രവർത്തനം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു വിദ്യാഭ്യാസപദ്ധതി ആവിഷ്കരിക്കണം.

നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽ ഒന്നാംക്ലാസിൽ ഒഴിച്ച് ബാക്കി എല്ലാ ക്ലാസുകളിലും എത്രപേർക്ക് അക്ഷരബോധം, അക്കബോധം എന്നിവ ഇല്ലെന്നു കണ്ടെത്തി അവർക്ക് സമയബന്ധിതമായി പരിഹാരബോധനം നടത്തണം.

എല്ലാ ക്ലാസിലേയും എല്ലാ വിഷയങ്ങളിലും കുട്ടികളുടെ ഇന്നുള്ള ധാരണകൾ കണ്ടെത്തി ശാസ്ത്രീയമായ അനുപൂരക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആസൂത്രിതമായി സംഘടിപ്പിച്ചും അവർക്ക് അടിസ്ഥാനധാരണകൾ ഉണ്ടായി എന്ന് ഉറപ്പുവരു

ത്തണം.

അധ്യാപകർക്ക് പുതിയ അധ്യാപന തന്ത്രങ്ങളും പഠനരീതികളും മറ്റ് അക്കാദമിക് സംശയനിവൃത്തിക്കുമായി എല്ലാ മാസവും നേതൃസ്കൂളിൽവച്ച് പരിശീലനപരിപാടി നടത്തി ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തണം. ഇതിനുവേണ്ടി പഞ്ചായത്തിന് "ഡയറ്റ്,CTE" പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെടാവുന്നതാണ്. ഇന്നത്തെ രീതിയിലുള്ള പരീക്ഷാരിതി മാറ്റി പുതിയ മൂല്യനിർണയരീതി നടപ്പിൽവരുത്തണം. എഴുത്തുപരീക്ഷയോടൊപ്പം വാചാപരീക്ഷയും പ്രായോഗിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ മൂല്യനിർണയം ആണ് നടത്തേണ്ടത്.

സ്കൂൾ പ്രവർത്തനങ്ങൾ പരിശോധിക്കാൻ (മോണിട്ടറിങ്ങ്) ഇന്നുള്ള രീതിക(ഉദ്യോഗസ്ഥതലത്തിലുള്ള പരിശോധന)ളോടൊപ്പം ഒരു സ്കൂളിന് ഒരു ജനകീയ പരിശോധന സമിതി വീതം ഉണ്ടാക്കി അവയുടെ പ്രവർത്തനം അപ്പോഴപ്പോൾ വിലയിരുത്തിപ്പോകണം.

സ്കൂളുകളിൽ അക്കാദമിക് പ്രവർത്തനങ്ങളോടൊപ്പം തൊഴിലധിഷ്ടിത വിദ്യാഭ്യാസരീതി, കാർഷിക വിദ്യാഭ്യാസരീതി, പ്രതിവാര ക്ലാസ് സാഹിത്യസമാജം, ബാലസഭകൾ, സയൻസ് ക്ലബുകൾ, സയൻസ് കോർണർ പ്രവർത്തനങ്ങൾ, മാസ് ഡ്രിൽ, പരിസരശുചീകരണ പരിപാടി എന്നിവ കൂടി ഉൾപ്പെടുത്തണം.

എല്ലാ സ്കൂളുകളിലും പ്രതിദിന അസംബ്ലി,യൂണിഫോറം നിർബന്ധമാക്കൽ, ലൈബ്രറി പ്രയോജനപ്പെടുത്തൽ ദേശീയ ദിനാചരണങ്ങൾ, സ്കൂൾതല കലോത്സവങ്ങളും വാർഷികങ്ങളും നടത്തൽ, പഠനയാത്ര സംഘടിപ്പിക്കൽ തുടങ്ങിയവയും ഇതോടൊപ്പം നടത്തണം. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ എല്ലാ സ്കൂളുകളിലും കൈയെഴുത്തുമാസികകൾ, വായന കോർണറുകൾ തുടങ്ങിയവ സംഘടിപ്പിക്കുവാൻ വേണ്ട പരിശീലനം സംഘടിപ്പിക്കണം. 6 മാസത്തിലൊരിക്കലെങ്കിലും സ്കൂളുകളും പരിസരവും കുറഞ്ഞചെലവിൽ ആകർഷകമാക്കാനുള്ള ആലോചനകൾ PTAയെ ഉൾപ്പെടുത്തിക്കൊണ്ട് നടത്തണം. ഇതുമൂലം സ്കൂൾ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന് സാധ്യത കൂടുകയും നല്ലൊരു വിദ്യാഭ്യാസസംസ്കാരം നമ്മുടെ പഞ്ചായത്തിൽ വളർത്തി എടുക്കുവാനും സാധിക്കും.

SSLC പാസായ കുട്ടികൾക്ക് തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിനുവേണ്ടി ഒരു സർക്കാർ പോളിടെക്നിക്കും ഒരു ഐ.ടി.ഐയും ഒരു പ്ലസ് ടൂവും ആയവന പഞ്ചായത്തിൽ ആരംഭിക്കണം.

നമ്മുടെ പഞ്ചായത്തിൽ സ്കൂൾപ്രായത്തിലുള്ള കുട്ടികൾ സ്കൂളിൽ എത്തുന്നുണ്ടോ എന്നൊരു പരിശോധന നടത്തുകയും അങ്ങിനെ സ്കൂളിൽ എത്താത്ത കുട്ടികളുടെ രക്ഷിതാക്കൾക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള ബോധവൽക്കരണവും, സാമ്പത്തിക സഹായം അർഹിക്കുന്നവരുണ്ടെങ്കിൽ അവർക്ക് സാമ്പത്തിക സഹായവും നൽകണം. അതാതു ക്ലാസിൽ ആർജിക്കേണ്ടതൊക്കെ ആർജിച്ചാണോ അടുത്ത ക്ലാസിലേക്ക് കയറ്റം കിട്ടുന്നത് എന്ന് പരിശോധിക്കേണ്ടതാണ്.

ഒരു സ്കൂളിന്റെ ഗുണനിലവാരം വിലയിരുത്തണമെങ്കിൽ അതാതു ക്ലാസുകളിൽ മിനിമം അറിഞ്ഞിരിക്കേണ്ട വസ്തുതകൾ ഉൾപ്പെടുത്തി പ്രീ ടെസ്റ്റുകൾ നടത്തുന്നുണ്ടോ എന്നും ഒന്നുമുതൽ ഒമ്പതുവരെ ക്ലാസുകളിലെ കുട്ടികളുടെ പാദവാർഷിക പരീക്ഷയുടെ മാർക്കുകൾ നോക്കി അവയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് കുറവുവന്നത് കൂടുതലാക്കി മാറ്റാൻ വേണ്ട സംഗതികൾ അതാതു സമയം തന്നെ നടത്തണം.

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അടിസ്ഥാനമാക്കി നമ്മുടെ പഞ്ചായത്തിൽ ഒരു സ്കൂൾ കോംപ്ലക്സ് ആസൂത്രണം ചെയ്യണം. പഞ്ചായത്തുതലത്തിൽ ഇങ്ങിനെ ഉണ്ടായാൽ ലഭിക്കുന്ന നേട്ടം ആ സ്കൂൾ കോംപ്ലക്സുകൾക്ക് ചെറിയ ഭരണ യൂണിറ്റും ജനകീയ നേതൃത്വവും ഉണ്ടാവും എന്നുള്ളതാണ്.

ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ സെമിനാറിൽ ഒരു കരട് വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കുകയും പഞ്ചായത്തിലുള്ള സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരുടെ ഒരു യോഗം വിളിച്ച് ഈ കരട് പദ്ധതി പഞ്ചായത്ത് സമിതിയുംകൂടി ചർച്ച ചെയ്ത് പഞ്ചായത്തുതല വിദ്യഭ്യാസ സംഘാടകസമിതി രൂപീകരിക്കണം. പഞ്ചായത്തിലെ മുഴുവൻ അധ്യാപകരേയും കുട്ടിച്ചേർത്ത് അതാതു വിഷയാടിസ്ഥാനത്തിൽ ഒരു അധ്യാപക ശില്പശാല നടത്തി, ശില്പശാലയുടെ തീരുമാനമനുസരിച്ച് അമ്മമാരുടെ ഒരു യോഗം വിളിക്കുവാനും പഞ്ചായത്തിലെ ഒരു വർഷത്തെ ദേശീയദിനാചരണങ്ങൾ ആസൂത്രണം ചെയ്യുവാനും, മൂല്യനിർണ്ണയത്തെക്കുറിച്ചുള്ള ധാരണ വികസിപ്പിക്കുവാനും, നാട്ടുകാരുടെ കൂടി വൈദഗ്ധ്യം പ്രയോജനപ്പെടത്തികൊണ്ട് ആവശ്യമായ പഠനോപകരണങ്ങൾ നിർമിച്ച് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സംസ്കാരം ഉയർത്തുവാനും കഴിയണം. U.P സ്കൂളുകളിൽ അതാതു വിഷയങ്ങളിൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കപ്പെടണം.

# സംസ്കാരം

സംസ്കാരം എന്നാൽ സാഹിത്യവും കലയും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാര അനാചാരങ്ങളും എല്ലാം ഉൾപ്പെട്ടതാണ്. സമന്വയമായാലും സംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ച് നിറുത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. മതത്തിന്റെ പേരിലായാലും മനുഷ്യരുടെ മനസിൽ മാറ്റം വരുത്തി സാംസ്കാരിക പരിവർത്തനത്തിലൂടെ ലോകത്തെ തന്മയിലേക്കും മേൽമയിലേക്കും നയിക്കാനാണ് നവോത്ഥാന നായകരും മതപ്രവാചകരും ശ്രമിച്ചുപോന്നിട്ടുള്ളത്. സംസ്കാരം മനുഷ്യരുടെ ജൈവവാസനകളെ സാമൂഹിക പ്രചോതനങ്ങളാക്കി മാറ്റുകയും അവരെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാത്ക്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. 20-ാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ എല്ലാമേഖലകളിലും അത്ഭുതകരമായ മാറ്റങ്ങൾക്കാണ് വഴിതുറന്നിരിക്കുന്നത്. വിസ്ഫോടനാത്മകമായ മാറ്റങ്ങളുടെ വിവിധ മേഖലകളിൽ അലകളിളകി ആർത്തലക്കുന്ന രംഗങ്ങളിൽ സംസ്കാരം അതീവപ്രാധാന്യം അർഹിക്കുന്നു. സംസ്കാരത്തിന്റെ വാഹനം സംവേദന മാദ്ധ്യമങ്ങളാണ്. പണ്ടുമുതലുള്ള സംവേദന മാദ്ധ്യമങ്ങ

ളിൽനിന്നും കാലം പുതിയ തലമുറകളിലേക്കും പുതിയ മാദ്ധ്യമങ്ങളിലേക്കും മാറിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ ഈ മാറ്റങ്ങൾ ഇലക്ട്രോണിക് മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ, വീഡിയോ മുതലായവയിലേക്കാണ്.

ഇത്തരുണത്തിൽ നമ്മുടെ പഞ്ചായത്തിന്റെ സംസ്കാരിക ചരിത്രത്തിലേക്ക് എത്തിനോക്കാം. സാംസ്കാരികമായി നമ്മുടെ പഞ്ചായത്ത് പണ്ടുകാലം മുതലേ ഉയർന്ന നിലയിലായിരുന്നു. നാനാജാതി മതസ്ഥരായ ആളുകൾ ഏകോദരസഹോദരങ്ങളെപ്പോലെയാണ് ഇവിടെ കഴിഞ്ഞുവരുന്നത്.

ആയവന പഞ്ചായത്തിൽ 1889 ജൂലൈ മാസം 15-ാം തീയതി ആയവന തിരുഹൃദയപള്ളി സ്ഥാപിതമായി. അതുപോലെതന്നെ ഏറ്റവും പുരാതനമായ തൃക്ക മഹാവിഷ്ണുക്ഷേത്രം 19-ാം നൂറ്റാണ്ടിൽ സ്ഥാപിതമായതാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ അഞ്ച് പള്ളികളും ഒമ്പത് ഹിന്ദുദേവാലയങ്ങളും മൂന്ന് മുസ്ലീംദേവാലയങ്ങളും ഉണ്ട്. പഞ്ചായത്തിലെ പ്രധാന ഉത്സവങ്ങളിൽ ഏറ്റവും സവിശേഷതയുള്ളത് കലാമ്പൂർ ഭഗവതിക്ഷേത്രത്തിലെ ഭരണിമഹോത്സവവും തിരുഹൃദയപള്ളിയിലെ പെരുന്നാളുമാണ്. നാനാദിക്കിൽനിന്നും ഉള്ള ജനങ്ങൾ ഈ ഉത്സവങ്ങളിൽ പങ്കെടുക്കാറുണ്ട്. മുടിയേറ്റ്, കാളകളി തുടങ്ങിയ പ്രാചീനകലകൾ കാലാമ്പൂർ ഭഗവതി ക്ഷേത്രത്തിലൊഴിച്ച് മറ്റ് സ്ഥലങ്ങളിൽ ഒന്നും നടത്താറില്ല. പ്രാചീനകലകളെ പ്രോത്സാഹിപ്പിക്കുവാൻ സംവിധാനം പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്. ഉടുക്ക്, ചിന്ത്, ദഫ്മുട്ട് തുടങ്ങിയ നാടൻപാട്ടുകൾ ഇപ്പോഴും പ്രചാരത്തിലുണ്ട്. ദേവാലയ ഉത്സവങ്ങളിലെല്ലാം എല്ലാ ജാതിമതക്കാരും പങ്കെടുക്കാറുണ്ട്. പുരാതന വാസ്തുശില്പ മാതൃകയിലുള്ള ആരാധനാലയം കാലാമ്പൂർ തൃക്ക മഹാവിഷ്ണുക്ഷേത്രം മാത്രമാണ്. തിരുവാതിരക്കളി-കൈകൊട്ടിക്കളി, മാർഗ്ഗംകളി തുടങ്ങിയവ ഇപ്പോഴും പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 4 വാർഡുകളിലായി 4 വായനശാലകളുണ്ട്.

(പട്ടിക 30)

| വാർഡ് | വായനശാല | സാംസ്കാരിക നിലയം |
|---|---|---|
| 1 | ഉദയാ റേഡിയോ ക്ലബ് | സംഭാവന ക്ലബ് |
| 3 | സെക്രട്ട് ഹാർട്ട് ലൈബ്രറി | – |
| 7 | ഭാവനാലൈബ്രറി | 1. യംഗ്മെൻസ് ലൈബ്രറി<br>2. ജോതി മഹിളാ സമാജം |
| 9 | വിജയാ ലൈബ്രറി | – |

ഈ വായനശാലകളിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് വിജയ ലൈബ്രറിയും SH ലൈബ്രറിയുമാണ്. വിജയ ലൈബ്രറി 9000 പുസ്തകങ്ങളുള്ള ഒരു A ഗ്രേഡ് ലൈബ്രറിയാണ്. എല്ലാ വായനശാലകളും ആർട്സ് ക്ലബുകളും വാർഷികാഘോഷങ്ങൾ നടത്താറുണ്ട്. ഭാവന ലൈബ്രറിയുടെ രജത ജൂബിലി വിപുലമായ തോതിൽ 1 മാസത്തെ കലാകായിക പരിപാടികളോടും പൊതുസമ്മേളനത്തോടുംകൂടി നടത്തിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് നല്ല രീതിയിൽ ഒരു രക്തബാങ്ക് പ്രവർത്തിക്കുന്നുണ്ട്.

ജനങ്ങളുടെ സാംസ്കാരിക ഉന്നമനത്തിനായി ഈ ലൈബ്രറികളിലൊന്നും വേണ്ടത്ര സാഹചര്യങ്ങളില്ല. പഞ്ചായത്ത് തലത്തിൽ ലൈബ്രറികൾക്ക് എല്ലാം ഗ്രാന്റുകൾ കൂട്ടി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ ഒരു റഫറൻസ് ലൈബ്രറി സ്ഥാപിക്കണം. നല്ല രീതിയിൽ പ്രവർത്തിക്കുന്ന വിജയാ ലൈബ്രറി, S.H ലൈബ്രറി, ഭാവന ലൈബ്രറി ഇവ പഞ്ചായത്ത് ഏറ്റെടുത്ത് നല്ല രീതിയിൽ പൊതുജനങ്ങൾക്കുവേണ്ടി പ്രവർത്തിപ്പിക്കണം. എല്ലാ വായനശാലകളിലും പത്രമാസികകളുടെ പ്രചാരകകേന്ദ്രം തുടങ്ങണം. വനിതകളുടെ വായനാശീലം വർധിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു ഗ്രാമീണ പുസ്തകവിതരണപദ്ധതി നടപ്പിലാക്കണം. എല്ലാവർഷവും ലൈബ്രറിയുടെ വാർഷികാഘോഷങ്ങളിൽ നമ്മുടെ സാംസ്കാരികഉന്നമനത്തിനായിട്ടുള്ള സാഹിത്യചർച്ചകളും കവി സമ്മേളനങ്ങളും മറ്റ് വിജ്ഞാനപ്രദമായ പരിപാടികളും ഉൾക്കൊള്ളിക്കുവാൻ നിർബന്ധിക്കണം. ഗ്രാമീണപുസ്തകവിതരണ പദ്ധതി നടപ്പാക്കുന്നതുമൂലം വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുവാനും തന്മൂലം സ്ത്രീകളുടേയും കുട്ടികളുടേയും വായനാശീലം വർധിപ്പിക്കുന്നതിനും കൂടുതൽ ഉപകരിക്കും.

നമ്മുടെ പഞ്ചായത്തിൽ സാംസ്കാരിക നിലയമൊന്നും പ്രവർത്തിക്കുന്നില്ല. ഒന്നാം വാർഡിലെ വള്ളോംപാറ പുറമ്പോക്ക് സ്ഥലത്തും ഏഴാംവാർഡിലെ കടുംപീടികയിലും ഒമ്പതാം വാർഡിന്റേയും എട്ടാം വാർഡിന്റേയും അതിർത്തിയായ കാലാമ്പൂർ ചിറക്കവലയിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം. ഈ സാംസ്കാരിക നിലയങ്ങളിൽ മാസത്തിലൊരിക്കലെങ്കിലും പരമ്പരാഗത/നാടൻ കലാപരിപാടികളും സംഗീതസദസുകളും അക്ഷരശ്ലോകസദസുകളും സംഘടിപ്പിച്ച് നമ്മുടെ പുരാതന സംസ്കാരത്തെ പുനർജ്ജീവിപ്പിക്കാൻ ശ്രമിക്കണം. ഇന്നത്തെ പുതിയ പാശ്ചാത്യസംസ്കാരങ്ങൾക്ക് ഊന്നൽ നൽകാതെ പഴയരീതിയിലുള്ള ഭരതനാട്യം, മോഹിനിയാട്ടം, കഥകളി തുടങ്ങിയ കേരളത്തിന്റെ തനതായ കലാരൂപങ്ങൾ പോഷിപ്പിക്കണം. ഇന്ന് നമുക്ക് കാണാൻ കഴിയുന്ന ഒരു വസ്തുത 2 വയസായ കുട്ടികൾ മുതൽ ബാറ്റും പന്തുമായി ക്രിക്കറ്റ് കളിക്കുകയും ടി.വി കാണുന്നതുമല്ലാതെ യാതൊരു കലാപരിപാടികളിലും ഇടപെടുന്നതായി കാണുന്നില്ല.

പഞ്ചായത്തിലുള്ള ആർട്സ് ക്ലബുകളെല്ലാം ചീട്ടുകളി കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. അതിൽനിന്നും മാറി കായികപ്രാധാന്യമുള്ള മത്സരങ്ങളേയും കളികളേയും പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിലെ ലൈബ്രറികൾക്കും സാംസ്കാരിക നിലയങ്ങൾക്കും ക്ലബുകൾക്കും പൊതു TV, റേഡിയോ മാദ്ധ്യമങ്ങൾ എത്തിച്ചുകൊടുക്കണം.

പഞ്ചായത്തുതലത്തിൽ എല്ലാവർഷവും കായികോത്സവങ്ങളും കലോത്സവങ്ങളും നടത്തി നമ്മുടെ പഞ്ചായത്തിലെ കലാകായികപ്രേമികളെ കണ്ടെത്തി അവരെ ഉയർത്തിക്കൊണ്ടുവരണം.

നമ്മുടെ പഞ്ചായത്തിലെ സംസ്കാരത്തെപ്പറ്റി എഴുതുമ്പോൾ കായികസംസ്കാരത്തെ വിസ്മരിക്കുന്നത് ഉചിതമല്ല. ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായികപ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയാണ് കായി

കസംസ്കാരം. കായികപ്രവർത്തനങ്ങളുടെ ജനപങ്കാളിത്ത മാണ് ഇതിന്റെ മുഖമുദ്ര. ചാമ്പ്യന്മാരെ സൃഷ്ടിക്കലല്ല, സർവ ത്രികമായ കായികപരിശീലനമാണ് കായികപ്രവർത്തനത്തിന്റെ മുഖ്യലക്ഷ്യം. ഇച്ഛാശക്തിയുള്ള ആരോഗ്യദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് കായികസംസ്കാരത്തിന്റെ സാമൂഹ്യകടമ. കായികസംസ്കാരവും സ്പോർട്സും വ്യക്തി കളുടെ നേരായ വികസനത്തിൽ നല്ലൊരു പങ്കുവഹിക്കുന്നു.

ദീർഘവീക്ഷണമുള്ള ഒരു കായികനയം ബഹുജനാടിത്തറ യുള്ള ഒരു കായികസംസ്കാര സൃഷ്ടക്ക് സഹായകമാവും. കായിക സംസ്കാരവികസനത്തിന് ഒരു ബഹുജനപ്രസ്ഥാനം രൂപംകൊള്ളേണ്ടിയിരിക്കുന്നു. അത്തരത്തിലുള്ള ഒന്ന് വളർത്തി യെടുക്കാൻ പറ്റിയ ഒരു സന്ദർഭമാണ് ഇപ്പോൾ സംജാതമായി രിക്കുന്നത്. കായികപരിശീലനവും പ്രവർത്തനവും മനുഷ്യന്റെ സമഗ്രവികസനത്തിന്റെ ഒരു ഘടകാംശവും വിദ്യാഭ്യാസപ്രക്രി യയുടെ ഒരവിഭാജ്യഘടകവുമാണ്.

കായികസാംസ്കാരത്തിന്റെ ഉന്നമനത്തിനായി നമ്മുടെ പഞ്ചായത്തിലിന്നുവരെ കാര്യമായി യാതൊന്നും ചെയ്യാൻക ഴിഞ്ഞിട്ടില്ല. ബഹുജനപങ്കാളിത്തം ഉറപ്പാക്കി പഞ്ചായത്ത് കായി കപ്രവർത്തനങ്ങൾ നടത്തണം. ഇതിന് ഏറ്റവും അവിഭാജ്യ മായ ഘടകം നല്ലൊരു കളിസ്ഥലമാണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഒരു കളിസ്ഥലം ഇല്ല. കാലാമ്പൂർ-ചെമ്പ്രം കോട്ട് ചിറ ജലസേചനആവശ്യത്തിന് എടുത്ത് ബാക്കിവരുന്ന ഭാഗം കൂടി നികത്തി ഇപ്പോഴുള്ള സ്റ്റേഡിയത്തോടു ചേർത്ത് നല്ലൊരു കളിസ്ഥലം അടിയന്തരമായി ഉണ്ടാക്കേണ്ടതാണ്. വോളിബോൾ കളിക്ക് നല്ല സ്ഥാനമുണ്ടായിരുന്ന നമ്മുടെ പഞ്ചാ യത്തിൽ ഇന്ന് ആ കളി കാണാൻ കഴിയുന്നില്ല. കായികപ്ര വർത്തനങ്ങൾ സംഘടിപ്പിക്കുമ്പോൾ താഴെ പറയുന്ന നിർദേ ശങ്ങൾ കൂടി ഉൾക്കൊള്ളിക്കണം.

1. കായിക സംസ്കാരം കൊണ്ട് സമൂഹത്തിനുണ്ടാകുന്ന ഗുണത്തെക്കുറിച്ച് വ്യാപകമായ ബോധവൽക്കരണം.

2. ഔപചാരിക വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി ഏറ്റവും ചെറിയ ക്ലാസു മുതൽ തന്നെ എല്ലാ വിദ്യാർത്ഥിക ളിലും ഏതെങ്കിലും തരത്തിലുള്ള കായികപ്രവർത്തനങ്ങളിൽ നിർബന്ധമായും പങ്കെടുക്കണമെന്നതിന് വ്യവസ്ഥയുണ്ടാ ക്കണം. അധ്യാപകരും കായികപ്രവർത്തനങ്ങളിൽ ഒരു നിശ്ചി തസമയം പങ്കെടുക്കണമെന്ന് നിബന്ധനവേണം.

3. ഗ്രാമീണ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കണം. കായികപ്രവർത്തനങ്ങൾ ജനകീയകമ്മിറ്റികളെ ചുമതലപ്പെ ടുത്തി നമ്മുടെ പ്രദേശത്തിന് അനുഗുണമായ വിവിധതരം കായികപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണം.

4. വിവിധ കളികൾക്കുള്ള കായികസംഘങ്ങൾ ഉണ്ടാക്കി രജിസ്റ്റർ ചെയ്യണം. ഗ്രാമീണതലത്തിൽ വനിതാ സമിതികൾ ഉണ്ടാക്കി പെൺകുട്ടികൾക്കും സ്ത്രീകൾക്കും സൈക്കിൾസ വാരി, കരാട്ടെ തുടങ്ങിയ മറ്റു കായിക പരിപാടികൾ പരിശീലി പ്പിക്കേണ്ടതാണ്.

5. പ്രൈമറി സ്കൂളിലും സെക്കണ്ടറി സ്കൂളിലും സ്പോർട്സ് വിഷയങ്ങൾ ഉൾപ്പെടുത്തണം.

6. നാല് വർഷത്തിലൊരിക്കൽ പഞ്ചായത്ത് തലത്തിൽ കുട്ടികളുടെ ഒളിമ്പിക്സ് സംഘടിപ്പിക്കണം.

7. നമ്മുടെ പഞ്ചായത്തിലെ പരമ്പരാഗത കളികൾ കണ്ടുപി ടിച്ച് പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം പുതിയ പുതിയ കളി കൾക്കും പ്രോത്സാഹനം നൽകണം.

8. തൊഴിൽമേഖലയുമായി ബന്ധപ്പെട്ടു നടത്താവുന്ന കായി കമത്സരങ്ങളായ മരമടിമത്സരം, തെങ്ങ്കയറ്റമത്സരം തുടങ്ങി യവ പ്രോത്സാഹിപ്പിക്കണം.

9. പുരാതന കാലം മുതൽ നിലനിന്നുവരുന്ന തിരുവാതിര ക്കളി വില്പാട്ട്, കോൽക്കളി, കാളകളി, ഉടുക്ക്, ചിന്ത്, ദഫ്മുട്ട്, മാർഗംകളി തുടങ്ങിയവ പ്രോത്സാഹിപ്പിച്ച് നിലനിറുത്തണം.

10. കായികക്ഷമത പ്രകടിപ്പിക്കുന്ന ആളുകളെ ആദരിക്കു വാനും അംഗീകരിക്കുവാനും വേദികളുണ്ടാവണം.

മൗലികമായ കായികപ്രതിഭകളെ കുഞ്ഞുനാളിലെ കണ്ടു പിടിച്ച് ശാസ്ത്രീയമായ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കണം. സ്പോർട്സ് തൊഴിൽ സമ്പാദനത്തിനുള്ള ഉപാധി എന്ന ഇന്നത്തെ പ്രവ ണത മാറ്റി എല്ലാവരുടെയും ആരോഗ്യസംരക്ഷണത്തിനുള്ള താണെന്ന ധാരണ സമൂഹത്തിനുണ്ടാക്കണം.

ഇന്നത്തെ മാദ്ധ്യമങ്ങളുടെ സവിശേഷസ്വഭാവം സമൂഹ ത്തിലെ മേൽത്തട്ടുകാർക്കും യഥാസ്ഥിതികർക്കും ഉപയുക്ത ങ്ങളായ കരുക്കളായി മാറിയിരിക്കുന്നു. അവ അധഃസ്ഥിതരായ അനേകലക്ഷങ്ങൾക്കും അനഭിഗമ്യമായിത്തീർന്നിരിക്കുന്നു.

സാർവദേശീയ രംഗത്തെ ബഹുരാഷ്ട്രകുത്തകകൾക്കും രാജ്യത്തിനകത്തെ ജാതിമത ധനിക വിഭാഗങ്ങൾക്കും മാധ്യമ രംഗത്തെ ഇന്നത്തെ ഈ മാറ്റം കൂടുതൽ പ്രയോജനകരമായി ത്തീർന്നിരിക്കുന്നു. ഈ ദുരവസ്ഥയാണ് ആധുനിക യുഗത്തിലെ സാംസ്കാരിക പരാജയങ്ങൾക്ക് കാരണം.

നമ്മുടെ പഞ്ചായത്തിൽ അമേച്വർ നാടകസമിതികളൊന്നും ഇല്ല. കഴിവുള്ളവർ ധാരാളം പേരുണ്ട്. ഇവരെ സംഘടിപ്പിച്ച് തെരുവുനാടകങ്ങളും അമേച്വർ നാടകങ്ങളും സമൂഹഗാന ങ്ങളും നാടോടിക്കലകളും പരിശീലിപ്പിക്കണം.

ഇലക്ട്രോണിക്സ് മാധ്യമങ്ങളിലൂടെ വിതരണം ചെയ്യപ്പെ ടുന്ന വിഭവങ്ങൾ പലപ്പോഴും നമ്മുടെ സംസ്കാരികതനി മയെ പുറകോട്ടടിപ്പിക്കുന്നു. പുതിയ തലമുറയെ കർമോന്മുഖ പാതയിൽനിന്നും പിൻതിരിപ്പിക്കുകയും ഒരു കുടുംബത്തിന്റെ ഒരു ദിവസം ആരംഭിക്കുന്നത് T.V പ്രോഗ്രാമുകളെ അടിസ്ഥാന പ്പെടുത്തിയാണെന്ന ഘട്ടത്തിലെത്തിനില്ക്കുന്നു. ശാസ്ത്ര ത്തിന്റെ നേട്ടമായ ടെലിവിഷൻ പരിപാടികൾ നാടിന്റെ സാമൂഹ്യ സാംസ്കാരികത ബന്ധപ്പെടുത്തി ചിട്ടപ്പെടുത്തേണ്ടിയിരി ക്കുന്നു.

കായിക വിദ്യാഭ്യാസകേന്ദ്രങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങി യവയ്ക്ക് അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കണം.

മതസൗഹാർദം വളർത്തുന്ന പരിപാടികൾക്ക് സർവജന ങ്ങളുടേയും പിന്തുണ നേടിയെടുക്കുന്നതോടൊപ്പം അനാചാര ങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെയുള്ള ബോധ വൽക്കരണവും നടത്തണം.

ഇങ്ങിനെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സാംസ്കാ രിക ഉന്നമനത്തിനായി ജനകീയ സമിതികൾ സംഘടിപ്പിക്കു കയും ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്ത് നല്ലൊരു സംസ്കാരമുള്ള ജനതയെ വാർത്തെടുക്കുവാൻ 9-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് നമുക്ക് സാധിക്കണം.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ ജന സംഖ്യ കണക്ക് SC 1052, ST 59 എന്നിങ്ങനെയാണ്. നവോത്ഥാന ഭൂപരിഷ്കരണ പ്രസ്ഥാനങ്ങളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവന്ന ഒരു ജനവിഭാഗമാണ് ഇവർ. ഇവരിൽ ഭൂതകാലത്തിന്റെ ചങ്ങലക്കെട്ടുകൾ മുഴുവൻ ഇല്ലാതായി എന്ന തീർത്തുപറയുക വയ്യ. അതുകൊണ്ടുതന്നെ പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു ജനവിഭാഗമാണ് ഇവർ. വിദ്യാഭ്യാസം നേടി തൊഴിൽ ലഭിച്ചവർ കുറെ പേരുള്ളവർ സാമാന്യം നല്ല ജീവിതനിലവാരം പുലർത്തുന്നുണ്ട്.

**പട്ടിക 31**

| വാർഡ് | കോളനികൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| I | 1 | 60 |
| II | 2 | 50 |
| III | – | 30 |
| IV | 1 | 16 |
| V | 1 | 30 |
| VI | 2 | 40 |
| VII | 1 | 5 |
| VIII | 2 | 46 |
| IX | 1 | 21 |
| ആകെ | 11 | 298 കുടുംബങ്ങൾ |

നമ്മുടെ പഞ്ചായത്തിലാകെ 11 പട്ടികജാതി പട്ടികവർഗ്ഗ കോളനികളായി 298 കുടുംബങ്ങൾ ഉണ്ട്. ഇവരിൽ 575 പുരുഷന്മാരും 536 സ്ത്രീകളും വസിക്കുന്നു. ഈ കോളനികളിലൊന്നും അടിസ്ഥാനജീവിത സൗകര്യങ്ങൾ തീരെ ഇല്ല.

പൊതുവിദ്യാഭ്യാസം നേടുന്നതിൽ മറ്റ് ജനവിഭാഗങ്ങൾക്കൊപ്പം ഈ സമൂഹം എത്തിച്ചേർന്നിട്ടുണ്ടെങ്കിലും ഇപ്പോഴും കോളനികളിൽ വിദ്യാഭ്യാസം കുറഞ്ഞവർ ധാരാളമുണ്ട്. ഗ്രാമസഭ റിപ്പോർട്ടുകളനുസരിച്ച് മിക്ക കോളനികളിലും കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയവ എത്തിയിട്ടില്ല. ഇവരിൽ 70% പേർ സാക്ഷരതാ നേടിയിട്ടുണ്ട് എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നത്. ഇവരിൽ കുറച്ചുപേരെങ്കിലും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നേതൃസ്ഥാനങ്ങളിൽ എത്തിയിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ ഇവരുടെ ഉന്നമനത്തിനായി പലപദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും വേണ്ടത്ര പുരോഗതിയിലെത്തുവാൻ സാധിച്ചിട്ടില്ല. ഈ കോളനികളിൽ എല്ലാത്തിലും സ്വന്തമായി പട്ടയം കിട്ടാത്ത ധാരാളംപേർ താമസിക്കുന്നുണ്ട്. ഇവർക്ക് ഉടനെ പഞ്ചായത്ത് ഇടപ്പെട്ട് പട്ടയം അനുവദിപ്പിക്കണം. ഇവരിൽ സ്വന്തമായ വീടില്ലാത്ത 75 പേർ ഉണ്ടെന്നാണ് കണക്ക് വ്യക്തമാക്കുന്നത്. വീടില്ലാത്തവർക്ക് വീട് നിർമിച്ചു കൊടുക്കുവാനുള്ള പദ്ധതി ഉടനെ നടപ്പിൽ വരുത്തണം.

കാർഷിക രംഗത്തെ അഭിവൃദ്ധിക്ക് കഠിനാദ്ധ്വാനത്തിലൂടെ മികച്ച സംഭാവന നൽകിയിട്ടുള്ളവരാണ് ഈ വിഭാഗം. കാർഷിക മേഖലയുടെ തകർച്ചയിലൂടെ ഇവരിൽ ഭൂരിഭാഗവും തൊഴിൽ പ്രതിസന്ധിനേരിടുന്നതുകൊണ്ട് കാർഷികവൃത്തിയിൽ നിന്നും മറ്റ് തൊഴിൽതേടിപ്പോകുവാൻ ഇവർ നിർബന്ധിതരാകുന്നു. പട്ടികജാതി പട്ടികവർഗ്ഗകാരുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പല പദ്ധതികളും യഥാർത്ഥ ഗുണഭോക്താക്കളായ ഇവർക്ക് ലഭിക്കാതെ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു. ഇതിന് പ്രതിവിധിയായി ബോധവൽക്കരണത്തിലൂടെ പുതിയ പദ്ധതികളെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാക്കണം. ട്രൈസം പദ്ധതി പ്രകാരമുള്ള തൊഴിൽ പദ്ധതികൾ ഒന്നും തന്നെ ഇവർക്ക് പ്രയോജനപ്പെടുന്നില്ല.

ഓരോ കോളനികളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. എല്ലാകോളനികളിലും പഞ്ചായത്തിന്റെ വകയായി പൊതു ടിവി, റേഡിയോ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ ഇവരെ ബോധവൽക്കരിക്കണം. എല്ലാ കോളനികളിലും സാംസ്കാരിക നിലയങ്ങൾ സ്ഥാപിച്ച് ഇവരെ കലാകായിക രംഗങ്ങളിലും സാംസ്കാരിക കാര്യങ്ങളിലും ബന്ധപ്പെടുത്തണം. പരമ്പരാഗത തൊഴിലുകളായ കുട്ടനെയ്ത്ത്, പനമ്പ്നെയ്ത്ത്, പായ നെയ്ത്ത് തുടങ്ങിയവ കൂടുതലും ഈ വിഭാഗത്തിൽപ്പെട്ടവരാണ് നടത്തിയിരുന്നത്. സാമ്പത്തിക അനുകൂല്യങ്ങൾ നൽകി ഈ വ്യവസായങ്ങൾ പുനരുദ്ധരിക്കണം. കൃഷിഭവനിൽ നിന്ന് ഇവർക്കുള്ള ആനുകൂല്യങ്ങൾ. കൃത്യമായി ഇവർക്കുതന്നെ കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം. ഈ കുടുംബങ്ങളിലെ വിദ്യാഭ്യാസമില്ലാത്തവരെ കണ്ടുപിടിച്ച് സാക്ഷരതാ പരിപാടി തുടർന്നു നടപ്പിലാക്കണം. സാക്ഷരതാപ്രസ്ഥാനം വഴി അറിവ് ലഭിച്ചവർക്ക് തുടർസാക്ഷരതാപദ്ധതി ആരംഭിക്കണം. സ്കൂളിൽ പോകാത്ത കുട്ടികളെ കണ്ടുപിടിച്ച് അവരെ സ്കൂളിലയക്കുന്നതിൽവേണ്ട നടപടിയും ഉണ്ടാവണം.

വ്യവസായവകുപ്പിൽനിന്നും മറ്റ് സർക്കാർതലത്തിലും നിരവധി ആനുകൂല്യങ്ങൾ ഇവർക്ക് ലഭ്യമാണെങ്കിലും ഇത് വാങ്ങി ഉപയോഗിക്കുന്ന കാര്യങ്ങളെപ്പറ്റിയും ഇവരിൽ ഭൂരിപക്ഷം പേരും അജ്ഞരാണ്. ഇവരിലുള്ള വനിതകൾക്ക് നിരവധി വ്യവസായ യൂണിറ്റുകൾ തുടങ്ങുവാൻ സഹായം ലഭിക്കുമെങ്കിലും ഒരു കോളനികളിൽപ്പോലും വനിതാ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല. ഈ കുടുംബങ്ങളിലെ തൊഴിലില്ലാത്ത വനിതകളെ പഞ്ചായത്തുതലത്തിൽ സംഘടിപ്പിച്ച്, ആനുകൂല്യലഭ്യതകളെയും വ്യവസായ സാധ്യതകളെപ്പറ്റിയും ബോധവൽക്കരണം നടത്തണം. റെഡിമേഡ് വസ്ത്ര നിർമാണം, മെഴുകുതിരി നിർമാണം, തീപ്പെട്ടി നിർമാണം തുടങ്ങിയവ ഓരോ യൂണിറ്റിലും ആരംഭിക്കാവുന്നതാണ്.

ജാതിപരമായ ഉച്ചനീചത്വങ്ങൾ ഒന്നും നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്നില്ല. ഇവരുടെ കുടുംബങ്ങളിലുണ്ടാകുന്ന എല്ലാ ചടങ്ങുകളിലും ജാതിമതഭേദമന്യേ ആളുകൾ പങ്കെടുക്കാറുണ്ട്. അവിടെനിന്ന് ഭക്ഷണം കഴിക്കാറും ഉണ്ട്. ജാതിയുടെ പേരിൽ ആരേയും ആക്ഷേപിക്കുന്ന പ്രവണത നിലവിലില്ല. അന്തവിശ്വാസങ്ങളും അനാചാരങ്ങളും ഒരു പരിധിവരെ ഇപ്പോഴും ഇവരുടെ ഇടയിൽ നിലവിലുണ്ട്. ഇവരുടെ ക്ഷേമത്തിനായി പഞ്ചായത്തു തലത്തിൽ ഒരു സമിതി രൂപീകരിക്കുകയും എല്ലാ കോളനികളിലും ഈ സമിതിയുടെ പ്രവർത്തനം വിപുലീകരിച്ച് നടപ്പാക്കുകയും വേണം. പട്ടികജാതി– പട്ടികവർഗ്ഗ സഹകരണസംഘം സ്ഥാപിച്ച് അതുവഴി ഇവർക്ക് സാമ്പത്തിക-വ്യാവസായിക കാർഷിക വായ്പകൾ ലഭ്യമാക്കുകയും

ഇവരുടെ ഉത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുകയും വേണം.

ഈ പഞ്ചായത്തിൽ ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി ഒരു ആഗ്രോ സർവീസ് സെന്റർ രൂപീകൃതമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം എത്രയും പെട്ടെന്ന് ആരംഭിക്കേണ്ടതാണ്. അപേക്ഷ അയച്ച് കാർഷിക പെൻഷനും വിധവാ പെൻഷനും വേണ്ടി കാത്തിരിക്കുന്നവർ നിരവധി പേരുണ്ട്. ഇവർക്ക് ഉടനെ തന്നെ അവ ലഭ്യമാക്കണം. ഈ വിഭാഗക്കാരിലെ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിനായി പഞ്ചായത്തു തലത്തിൽസാമ്പത്തികസഹായം നൽകണം.

ഇവരുടെ ശരിയായ ആരോഗ്യപരിപാലനത്തിനുവേണ്ടി സാനിട്ടേഷൻ പദ്ധതികളും, ശുദ്ധജല– വിതരണവും കോളനികളിൽ നടപ്പിലാക്കണം. കോളനികളിൽ പശുവളർത്തുവാൻ സാധ്യതയും താൽപര്യമുള്ളവർക്ക് കന്നുകുട്ടികളെയും ആടുമാടുകളേയും വിതരണം ചെയ്യുകവഴി ആരോഗ്യപരിപാലനവും സാമ്പത്തിക ലാഭവും ഇവർക്ക് ലഭ്യമാവും.

പഞ്ചായത്തിൽ ഒന്നോ രണ്ടോ ഹരിജൻ വെൽഫയർ സൊസൈറ്റികൾ രൂപികരിച്ച് ഇവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കണം.

പട്ടികജാതി–പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള സാധ്യത വിലയിരുത്തുകയാണെങ്കിൽ പദ്ധതി വിഹിതം ജനസംഖ്യാനുപാതികമായി നീക്കിവയ്ക്കുകയും, വികസനത്തിനുള്ള പ്രത്യേകപദ്ധതികൾ തയ്യാറാക്കുകയും, സമഗ്രമായ ക്ഷേമപ്രവർത്തനങ്ങളും ബോധവൽക്കരണവും അഭിരുചിക്കനുസരിച്ചുള്ള തൊഴിൽ പരിശീലനവും നൽകേണ്ടതുമാണ്.

# വനിതാക്ഷേമം

ഒരു പ്രദേശത്തെ വികസന മാതൃകയുടെ ദൗർബല്യങ്ങളിലൊന്നായി ചൂണ്ടിക്കാണിക്കാവുന്നത് വികസനപ്രക്രിയയിലെ കുറഞ്ഞ സ്ത്രീ പങ്കാളിത്വമാണ്. ഇത് മറികടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനങ്ങളിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കണം. നമ്മുടെ പഞ്ചായത്തിലെ കൃഷി – വ്യവസായ ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ സ്ത്രീ പങ്കാളിത്വം വളരെ കുറവാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു. ഇതിന് നിരവധി കാരണങ്ങൾ ഉണ്ട്. ജനസംഖ്യയിലെ സ്ത്രീപുരുഷ കണക്കുകളിൽ സ്ത്രീകൾ കൂടുതലാണ്. വിദ്യാഭ്യാസ ആരോഗ്യ കാര്യത്തിലും സ്ത്രീ പുരുഷ അന്തരം നിലനിൽക്കുന്നു. വിദ്യാഭ്യാസം ഉണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. സ്ത്രീകൾ കുടുംബനാഥകളായ കുടുംബങ്ങളുടെ എണ്ണം കുറവാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

സ്ത്രീകൾ പണ്ടുമുതലേ അവശത അനുഭവിക്കുന്നവരാണ്. വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ ശോഭിക്കുന്നുണ്ടെങ്കിലും കുടുംബ ജീവിതത്തിലൊതുങ്ങി കഴിയുന്നതല്ലാതെ നേടിയ വിദ്യാഭ്യാസംകൊണ്ട് സാമൂഹ്യ പദവിയിലേക്കുയരുവാൻ ഇവർ ശ്രമിക്കുന്നില്ല. ഇന്നത്തെ തലമുറയിലെ സ്ത്രീകൾ ആരും തന്നെ പരമ്പരാഗതമായ തൊഴിൽ.മേഖലയിലേക്ക് കടന്നുവരാൻ ഇഷ്ടപ്പെടുന്നില്ല.

നമ്മുടെ പഞ്ചായത്തിലെ വനിതകളിൽ ഭൂരിപക്ഷവും തൊഴിലാളികളാണ്. സ്ത്രീകളുടെ ഉന്നമനത്തിനായി പഞ്ചായത്ത് പ്രത്യേകമായ പദ്ധതികളോ പ്രചരണോപാധികളോ നടപ്പിൽ വരുത്തിയിട്ടില്ല. സ്ത്രീകൾ പൊതുരംഗത്ത് വരാൻ മടിക്കുന്നതിന്റെ പ്രധാന കാരണം പുരുഷമേധാവിത്വമാണ്. സ്ത്രീകൾ കൂടുതലായി പൊതുരംഗത്ത് വരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പുരുഷന്മാരേയും, സ്ത്രീകളേയും ബോധവൽക്കരിക്കേണ്ടത് ഇന്നത്തെ നിലയിൽ അത്യാവശ്യമാണ്. ഗ്രാമസഭാറിപ്പോർട്ടുകൾപ്രകാരം അനേകം തൊഴിലില്ലാത്ത സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർ മുഴുവനും വീട് നോക്കുന്നതിനും കുഞ്ഞുങ്ങളെ വളർത്തുന്നതിനുമായി അധിക സമയവും ചിലവഴിക്കുന്നു.

ഈ വികസന റിപ്പോർട്ടിൽ പലഭാഗത്തും സ്ത്രീകളുടെ തൊഴിലവസരങ്ങളെപ്പറ്റിയും അവർക്കായുള്ള പദ്ധതികളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ടെങ്കിലും ഒരിക്കൽ കൂടി എടുത്തുപറയാതെ . നിവൃത്തിയില്ല. കർഷക തൊഴിലാളികളല്ലാത്ത അനേകം സ്ത്രീകൾ വീട്ടമ്മയായി സമയം പൊക്കുന്നുണ്ട്. മൃഗപരിപാലന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയതുപോലെ ഒരു വീട്ടിൽ ഒരു പശു എന്ന പദ്ധതി നടപ്പിലായാൽ ഈ വീട്ടമ്മമാർക്ക് തൊഴിലും സാമ്പത്തിക ഉന്നമനവും ആരോഗ്യപരിപാലനവും സാധ്യമാവും. ആയതിനുവേണ്ട കാര്യങ്ങൾ ചെയ്യണം. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ കാര്യങ്ങൾ സ്ത്രീകൾക്ക് ചെയ്യാൻ കഴിയുമെങ്കിലും ഗൃഹഭരണത്തിന്റെ ഭാരിച്ച ചുമതലമൂലം ഇക്കാര്യത്തിൽ വീട്ടമ്മമാർക്ക് കൂടുതൽ ശ്രദ്ധപതിപ്പിക്കുവാൻ കഴിയുന്നില്ല. ശുദ്ധജലക്ഷാമവും സ്ത്രീകളുടെ ജീവിതഭാരവും തമ്മിൽ ഏറെബന്ധമുണ്ട്. ആയതുകൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കുവാൻവേണ്ട സത്വരനടപടികൾ ഉണ്ടാവണം.

അഭ്യസ്തവിദ്യരായ വനിതകളെ കണ്ടുപിടിച്ച് അവർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കികൊടുത്താൽ ഇവരുടെ തൊഴിലില്ലായ്മ കുറെയൊക്കെ പരിഹരിക്കുവാൻ സാധിക്കും. വനിതകൾക്ക് ചെയ്യുവാൻ പറ്റുന്ന ധാരാളം തൊഴിൽ പദ്ധതികൾക്ക് നമ്മുടെ പഞ്ചായത്തിൽ സാധ്യതയുണ്ട്. ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ച് എല്ലാ വാർഡുകളിലും വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും അതിൽകൂടി റെഡിമേഡ് വസ്ത്ര നിർമാണം, മെഴുകുതിരി, തീപ്പട്ടി, സോപ്പ്, കറിപൗഡറുകൾ, അച്ചാറുകൾ, നോട്ടുബുക്കുകൾ, പേപ്പർപൾപ്പ്കൊണ്ടുള്ള കൗതുകവസ്തുക്കൾ, പ്ലാസ്റ്റിക് കുട്ടവട്ടി നെയ്ത്ത്, മറ്റ് കരകൗശല സാധനങ്ങൾ എന്നിവയെല്ലാം ഉത്പാദിപ്പിക്കുവാനുള്ള ഒരു വനിതാ വ്യവസായസംരംഭം ആരംഭിക്കുകയും വേണം. ഈ വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട, സാങ്കേതിക, സാമ്പത്തിക സഹായം പഞ്ചായത്തുതലത്തിൽ സ്വരൂപിക്കുവാനുള്ള ഒരു കർമ്മ പദ്ധതിക്ക് രൂപം കൊടുക്കണം.

നമ്മുടെ പഞ്ചായത്തിൽ വീട്ടുജോലികൾക്കിടയിലും ആടുമാടുവളർത്തൽ, പുരയിടകൃഷിയുമായി ബന്ധപ്പെട്ട നാനാ പണികൾ ചെയ്യുന്ന, ഭക്ഷണത്തിനാവശ്യമായ വിഭവങ്ങൾ വിറക് ഇവ ശേഖരിക്കുക തുടങ്ങി നിരവധിയായ കാണാ പണികൾ സ്ത്രീകൾ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഉള്ളവരെ കണ്ടുപിടിച്ച് സ്വയം പര്യാപ്തതക്കുവേണ്ടി പച്ചക്കറികൃഷിയോ, മറ്റ്

ആദായം കിട്ടുന്ന കുടിൽ വ്യവസായങ്ങളോ തുടങ്ങുന്നതിന്റെ ആവശ്യകതയെപ്പറ്റി ബോധ്യപ്പെടുത്തുകയും വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിൽ 7-ാം വാർഡിൽ മാത്രമേ അംഗൻവാടി പ്രവർത്തിക്കുന്നുള്ളൂ. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ അംഗൻവാടികളായി ഉയർത്തിയാൽ സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭിക്കുകയും കുട്ടികളുടെ ആരോഗ്യ വിദ്യാഭ്യാസ സ്ഥിതി മെച്ചപ്പെടുത്തുവാനും സഹായിക്കും.

സാമ്പത്തിക മേഖലകളിലെ സ്ത്രീകളുടെ സാമൂഹ്യപദവി പരിശോധിക്കേണ്ടതാണ്. ദേശീയ സമ്പാദ്യപദ്ധതിവഴി ധനസമാഹരണരംഗത്ത് ഭംഗിയായി പ്രവർത്തിക്കുന്ന ചില വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർ ചെയ്യുന്ന സേവനം ഇവരുടെ വരുമാനം മാത്രം ലാക്കാക്കിയല്ല മറിച്ച് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തിക പുരോഗതിക്കാവശ്യമായ പണം സ്വരൂപിക്കുക കൂടിയാണ്. ഇവർക്കുവേണമെങ്കിൽ മറ്റ് എല്ലാ സാമൂഹ്യമേഖലകളിലും നല്ല രീതിയിൽ ഇടപെടുവാൻ കഴിയും. ഇവർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങളും മറ്റ് രംഗങ്ങളിൽ അംഗീകാരവും നൽകേണ്ടതാണ്.

കർഷകതൊഴിലാളികളായ സ്ത്രീകൾ ഈ പഞ്ചായത്തിൽ ഏറെ ഉണ്ടായിരുന്നെങ്കിലും കാർഷികരംഗത്തെ തകർച്ചമൂലം കെട്ടിടം പണി, മണൽവാരൽ, റോഡുപണി, ചുമടെടുക്കൽ തുടങ്ങിയ പുതിയ തൊഴിൽ മേഖലകൾ തേടി പോകുന്ന പ്രവണത കാണുന്നുണ്ട്. കൂലിപ്പണി കൂടുതലായി പട്ടണപ്രദേശങ്ങളിൽ നടക്കുന്നതിനാൽ പട്ടണപ്രദേശങ്ങളിലേക്ക് ജോലിക്കുവേണ്ടിയുള്ള കുടിയേറ്റവും ദിവസേനയുള്ള യാത്രയും വർധിച്ചിട്ടുണ്ട്. കൂടുതൽ ശാരീരികാദ്ധ്വാനമുള്ളതും സുരക്ഷിതത്വം കുറഞ്ഞതുമായ ഇത്തരം ജോലികളിൽനിന്നും കാർഷിക രംഗത്തേക്ക് സ്ത്രീകളെ തിരിച്ചുകൊണ്ടുവരുവാൻ വേണ്ട പദ്ധതികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കിയാൽ സ്ത്രീകൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ഒപ്പം കാർഷികമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുവാൻ നമ്മുടെ പഞ്ചായത്തിനു കഴിയും.

ഇപ്പോഴത്തെ പുതിയ സാഹചര്യത്തിൽ പുരുഷന്മാർക്കൊപ്പവും ചിലപ്പോൾ അതിലേറയും മുന്നോക്കമായ അവസ്ഥയിലും സ്ത്രീകൾ എത്തിയിട്ടുണ്ട്. ഉദ: ഇംഗ്ലീഷ് മീഡിയംവരെയുള്ള വിദ്യാഭ്യാസ കാര്യത്തിൽ, ഈ പഞ്ചായത്തിൽ പെൺകുട്ടികൾക്കുമാത്രമായി ഒരു സ്കൂളില്ല. ആയതുകൊണ്ട് കൂടുതൽ പെൺകുട്ടികളും തൊട്ടടുത്ത പെൺകുട്ടികൾക്കായുള്ള സ്കൂളുകളിലാണ് പോകുന്നത്. ബിരുദവും ബിരുദാനന്തരബിരുദവും നേടിയ പെൺകുട്ടികൾ ധാരാളം നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ കുറച്ചുപേരുടെ കഴിവുകൾ നഴ്സിംങ്ങ്, ടീച്ചിംങ്ങ്, സഹകരണ-ബാങ്കിങ്ങ് മേഖലകളിൽ ഒതുങ്ങി നിൽക്കുന്നു. പഠനരംഗത്ത് കഴിവുകൾ തെളിയിക്കുന്ന പെൺകുട്ടികൾ ഉണ്ടെങ്കിലും ഉന്നത രംഗത്തേക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നില്ല. പെൺകുട്ടികൾ അവരുടെ വിദ്യാഭ്യാസപരമായ കഴിവുകൾ വിവാഹത്തോടെ അവസാനിപ്പിക്കുന്ന ഒരു പ്രവണതയും കണ്ടുവരുന്നുണ്ട്. ആരോഗ്യരംഗത്തെ പുരുഷവനിതാ അന്തരം കുറവാണ്. ആശുപത്രികളിലും റേഷൻകടകളിലും കൂടുതലായി പോകുന്നത് സ്ത്രീകളാണെന്ന് ഗ്രാമസഭാ റിപ്പോർട്ടുകളിൽ കാണുന്നു.

സർക്കാരിന്റേയോ സന്നദ്ധസംഘടനകളുടേയോ ഭാഗത്തുനിന്ന് വനിതകളുടെ ആരോഗ്യസംരക്ഷണത്തിനും ഉന്നമനത്തിനും ആയി ഒന്നും തന്നെ ചെയ്യുന്നില്ല. വനിതാ ആരോഗ്യ പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണം.

നിലവിൽ വനിതാ സമാജങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സംഘടിപ്പിച്ച് വനിതകൾ കൂടുതലായി പൊതുരംഗത്ത് വരേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധവാന്മാരാക്കണം. വനിതകൾക്കായി പഞ്ചായത്തുതലത്തിൽ ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയുംഅതിൽ പുരുഷന്മാരെക്കൂടി ഉൾപ്പെടുത്തി പൊതുരംഗത്തെ സ്ത്രീകളുടെ പ്രാധാന്യത്തെപ്പറ്റി ചർച്ചകൾ നടത്തണം.

സാമൂഹ്യമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളുടെ ക്ഷേമത്തിനായി ഉള്ള ഡി.ഡബ്ല്യു.സി.ആർ.എ പദ്ധതിപ്രകാരം നമ്മുടെ പഞ്ചായത്തിലെ 7ാം വാർഡിൽ പുന്നമറ്റം പ്രദേശത്ത് ഒരു പേപ്പർകവർ നിർമാണ യൂണിറ്റ് നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

രാഷ്ട്രീയ സന്നദ്ധസംഘടനാ രംഗത്തേക്ക് വനിതകളെ കൊണ്ടുവരാനുള്ള തീവ്രശ്രമം പുരുഷന്മാരുടെ ഭാഗത്ത് നിന്ന് ഇല്ലാ എന്നുള്ളകാര്യം എടുത്തുപറയേണ്ടതാണ്. ഇക്കാര്യം വിമർശനാബുദ്ധ്യാ പരിശോധിക്കേണ്ടതാണ്. ദാരിദ്ര്യം, സ്ത്രീധനപീഢനം, ലൈംഗിക അരാജകത്വം, മതമൗലീക വാദം, ഫ്യൂഡൽ ആധിപത്യം മതപരമായ പീഢനങ്ങൾ തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾക്ക് ആദ്യം ഇരയാകുന്നത് സ്ത്രീകളാണ്. ഇതിനു വേണ്ട ബോധവൽക്കരണവും പരിഹാരനടപടികളും നടത്തുവാൻവേണ്ട സമിതികൾ രൂപീകരിക്കപ്പെടണം. സ്വന്തം അഭിപ്രായം സ്ഥാപിക്കാനും തീരുമാനം എടുക്കാനും ഉള്ള മേൽക്കൈ ലഭിക്കാത്ത ജനസമൂഹത്തിൽ ഇതിനുവേണ്ടി സ്ത്രീകൾക്കായി പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കണം. സ്ത്രീകൾക്കായി പ്രത്യേകം ചിട്ടപ്പെടുത്തിയ നേതൃത്വപരിശീലന പരിപാടി ഉണ്ടാക്കണം. സ്ത്രീകളോടുള്ള പുരുഷന്മാരുടെ പെരുമാറ്റം സമൂഹത്തിൽ അവരെ അവഹേളിക്കുന്ന രീതി മാറ്റി അവരും സമൂഹത്തിൽ തുല്യപദവി അർഹിക്കുന്നവരാണെന്നുള്ള ബോധത്തോടെ പെരുമാറണം.

നമ്മുടെ പഞ്ചായത്തിൽ സ്ത്രീപീഢനങ്ങളും സ്ത്രീധനപീഢനങ്ങളും നടക്കുന്നുണ്ടെന്ന് ഗ്രാമസഭചർച്ചകളിൽനിന്നും വ്യക്തമായി. അടിയന്തിരമായി ഇതിനുപരിഹാരം കാണേണ്ടതും ആണ്. സ്ത്രീധനനിരോധന, സ്ത്രീപീഢനനിയമം കർക്കശമായി നടപ്പിലാക്കണമെന്നും ശക്തിയായ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്.

ചാരായനിരോധനം ഫലപ്രദമാണെങ്കിലും കഴിവതും നേരത്തെ സമ്പൂർണ മദ്യനിരോധനവും മദ്യത്തിനെതിരേ ബോധവത്കരണവും അത്യന്താപേക്ഷിതമാണെന്ന അഭിപ്രായമാണ് 9ഗ്രാമസഭകളിലും ഉയർന്നു വന്നത്.

സ്ത്രീകളെ വില്പനചരക്കാക്കി മാറ്റുന്ന പുത്തൻ സംസ്കാരം, ഉപേക്ഷിക്കുകയും പഞ്ചായത്തിലുടനീളമുള്ള അസ്ലീല പോസ്റ്ററുകൾ നിരോധിക്കണമെന്നും, അനുകാലിക പ്രസിദ്ധീകരണങ്ങളിൽ സ്ത്രീകളെചീത്തയായി ചിത്രീകരിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും ഗ്രാമസഭകളിൽ ശക്തിയായ ആവശ്യം ഉയർന്നിട്ടുണ്ട്. ഇതിന് അർഹിക്കുന്ന പരിഗണന നൽകേണ്ടതാണ്. പുരുഷന്മാർ മാനേജർമാരായിരിക്കാതെ വീടുജോലികളിലും മറ്റും സ്ത്രീകളെ സഹായിക്കേണ്ട

താണ് എന്നുള്ള ബോധം പുരുഷന്മാർക്കുണ്ടാവണം.

കൃഷിപരിചയമുള്ളവരും സാമൂഹികവും സാമ്പത്തികവു മായി പിന്നോക്കം നിൽക്കുന്നവരും പ്രവർത്തന സന്നദ്ധരുമായ സ്ത്രീകളെ ഉൾപ്പെടുത്തികൊണ്ട് വേണം കൃഷിപദ്ധതികൾ പഞ്ചായത്തിൽ ആസൂത്രണം ചെയ്യാൻ.

പഞ്ചായത്തു തലത്തിൽ ജില്ലാ വ്യവസായകേന്ദ്രവുമായി സഹകരിച്ച് പഞ്ചായത്തിലെ വനിതാ തൊഴിലവസരങ്ങളെപ്പറ്റി പഠിക്കുകയും വനിതാ വ്യവസായസംരംഭങ്ങൾ ആരംഭിക്കുവാനും ഉള്ള സാധ്യതകൾ വിലയിരുത്തി പരമാവധി വനിതകൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തണം.

ആരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും മിത മായ പരിഗണന നൽകണം. വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകൾക്ക് 40% പങ്കാളിത്വം ഉറപ്പുവരുത്തണം.

സ്ത്രീപീഢനങ്ങളെ നിയമപരമായി നേരിടുവാൻ ബ്ലോക്ക് തലത്തിൽ ലീഗൽ സെൽ, പഞ്ചായത്തുതലത്തിൽ ബോധ വൽക്കരണ പ്രവർത്തനങ്ങൾ, പീഢനത്തിനു വിധേയരായ സ്ത്രീകൾക്ക് സഹായപദ്ധതി എന്നിവ നടപ്പാക്കണം. സ്ത്രീകൾക്ക് സ്വന്തമായി അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യാ നുള്ള ഒരു വേദി പഞ്ചായത്തു നേതൃത്വത്തിൽ ഉണ്ടാവണം. വായനശാലകളുണ്ടെങ്കിലും സ്ത്രീകളുടെ വായനാശീലംവ ളർത്തുവാൻ നിലവാരമുള്ള പ്രസിദ്ധീകരണങ്ങൾ വീടുകളിൽ എത്തിച്ചുകൊടുക്കാൻ സംവിധാനം ഉണ്ടാവണം.

സ്ത്രീകലാ സാംസ്കാരിക സംഘടനകൾ ആരംഭിക്കണം. സംഘടിപ്പിക്കുവാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു വിഭാഗമായതി നാൽ ഇവരെ സംഘടിപ്പിക്കുവാൻവേണ്ടി മഹിളാ പ്രസ്ഥാന ങ്ങൾ, മഹിളാ സമാജങ്ങൾ വനിതാ സഹകരണസംഘങ്ങൾ തുടങ്ങിയവ ആരംഭിക്കേണ്ടതാണ്. സ്ത്രീകൾക്കിടയിൽ പഞ്ചാ യത്തിന്റെ വിവിധ ക്ഷേമപദ്ധതികൾക്ക് പ്രചാരണം കൊടു ക്കാനും സ്ത്രീകളെ സംഘടിപ്പിച്ച് പരിശീലനം നൽകുവാനും നേതൃത്വം കൊടുക്കുവാൻ നമ്മുടെ പഞ്ചായത്തിൽപ്രവർത്തി ക്കുന്ന മഹിളാ പ്രവർത്തകരുടെ യോജിച്ചുള്ള ഒരു പരിശ്രമം നടത്തണം.

സ്ത്രീകളുടെ പ്രശ്നങ്ങളെ സാമാന്യവൽക്കരിച്ച് ആവിഷ്ക രിക്കുന്ന പദ്ധതികൾക്ക് പകരം,പൊതുവായ ഒരു സ്ത്രീ കാഴ്ച പ്പാടിൽ പ്രാദേശികാടിസ്ഥാനത്തിൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുകയും പ്രാദേശിക ഭൗതീക സാഹചര്യങ്ങൾ കണക്കി ലെടുത്തുകൊണ്ടുള്ള മൂർത്തമായ വികസനപദ്ധതികൾ മുന്നോ ട്ടുവയ്ക്കുകയുമാണ് വേണ്ടത്. ഇന്ന് സ്ത്രീ സംഘടന കൾപോലും പുരുഷന്മാരുടെ നിയന്ത്രണത്തിലും നിർദേശത്തി ലുമാണ് പ്രവർത്തിക്കുന്നത് എന്ന അവസ്ഥ അടിയന്തിരമായി മാറ്റേണ്ടതാണ്. ടെലിവിഷൻ പരിപാടികളുടെ അതിപ്രസരം വീട്ടമ്മമാരെ സ്ത്രീകളെ ആലസ്യത്തിലേക്ക് നയിച്ചിട്ടുണ്ട്. എന്നു ള്ളത് വസ്തുതയാണ്. പി.ടി.എകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. സ്ത്രീധനം നൽകാൻ നിവൃത്തിയില്ലാത്ത തുമൂലം വിവാഹിതരാവാൻ പറ്റാത്ത വനിതകളെ വിവാഹജീ വിതത്തിലേക്കു നയിക്കുവാൻ സഹായിക്കുന്ന പദ്ധതി നടപ്പി ലാക്കണം. സ്ത്രീകൾ കുടുംബനാഥകളായുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണനയും അവരുടെ പെൺമക്കളെ വിവാഹം ചെയ്തയക്കുന്നതിന് പ്രത്യേക സഹായവും നൽകണം.

പഞ്ചായത്തു വികസന സമിതിയിൽ വിശദമായ ചർച്ചകൾ നടത്തി. വനിതകളുടെ സമഗ്രമായ ഉന്നമനത്തിനായി പദ്ധതി കൾ തയ്യാറാക്കണം.

# സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ദരിദ്രജനവിഭാഗങ്ങളുടെ സാമൂ ഹിക, സാമ്പത്തിക പ്രദേശിക സവിശേഷതകൾ വിശകലനം ചെയ്തുകൊണ്ട് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ എങ്ങനെ നടത്താമെന്ന് പരിശോധിക്കാം. ഈ പഞ്ചായത്തിൽ എല്ലാ വിഭാഗങ്ങളിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ ഏറിയും കുറഞ്ഞും കാണപ്പെടുന്നു. ഐആർഡിപി സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്കു താഴെയുള്ള വരുടെ കണക്കുകളും നാളിതുവരെ നൽകിയ സാമ്പത്തിക സഹായവും താഴെ വിവരിക്കുന്നു.

താഴെ വിവരിക്കുന്ന പട്ടിക പരിശോധിച്ചാൽ അർഹതയുള്ള മുഴുവൻപേർക്കും ആനുകൂല്യം ലഭിക്കണമെങ്കിൽ ഇനിയും കുറെ കാത്തിരിക്കേണ്ടിവരും. ഇവരുടെ ഉന്നമനത്തിനുവേണ്ടി വിവിധ തൊഴിൽ പരിശീലന പദ്ധതികളും വായ്പകളും സമഗ്ര മായ പഠനത്തിനു വിധേയമായി കാര്യക്ഷമമാക്കി പുനർനിർണയം ചെയ്യണം. ശരിക്കും അർഹതയുള്ളവർക്കാണ് സഹായം ലഭിക്കുന്നത് എന്ന് ഉറപ്പുവരുത്തണം. സാമൂഹ്യക്ഷേ മത്തിൽ ആസൂത്രണത്തിന്റെ പ്രധാന വെല്ലുവിളികൾ തൊഴി ലില്ലായ്മയും ദാരിദ്ര്യവുമാണ്. പഴയ പദ്ധതികളിലൊന്നും സാമ്പ ത്തിക വളർച്ചയുടെ പ്രയോജനം താഴെ പാവപ്പെട്ടവരിലേക്ക് കിനിഞ്ഞിറങ്ങും എന്നതായിരുന്നു ധാരണ. ഉത്പാദന വർധന വുണ്ടായെങ്കിലും അതിന്റെ പ്രയോജനം പാവപ്പെട്ടവർക്കും കിട്ടി യിട്ടില്ല എന്നു കാണാം. ഇപ്പോൾ പദ്ധതി നടത്തിപ്പിന്റെ തന്ത്രം ദാരിദ്ര്യത്തെ നേരിട്ടാക്രമിക്കുക എന്നതാണ്. ദാരിദ്ര നിർമാർജനം ഉണ്ടാകണമെങ്കിൽ താഴെ പറയുന്ന ദാരിദ്ര നിർമാർജന സമീപനങ്ങൾ കൈകൊണ്ടുകൊണ്ട് പദ്ധതികൾ തയാറാക്കണം. വരുമാനജനകമായ സ്വയം തൊഴിൽ പദ്ധതി കൾ ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാനദായകമായ പദ്ധതികൾ തൊഴിൽ വൈദഗ്ധ്യപരിശീലനം തൊഴിലവസരങ്ങൾ നൽകുന്ന നിർമാണ പ്രവർത്തനം പാവപ്പെട്ടവരുടെ അടിസ്ഥാന ആവശ്യ ങ്ങൾ നിറവേറ്റാനുതകുന്ന പദ്ധതികൾ.

ഏറ്റെടുത്ത് നടപ്പിലാക്കുന്ന മിക്ക പദ്ധതികളുടേയും ഗുണ ഫലം സമൂഹത്തിലെ മദ്ധ്യവർഗത്തിനോ മേലേക്കിടയിലോ ഉള്ളവർക്കാണ് ലഭിക്കുന്നത്. പാവപ്പെട്ടവർക്ക് മാത്രം പ്രയോ ജനം കിട്ടുന്ന സാമൂഹ്യ ആസ്തികളാണ് ദാരിദ്ര്യനിർമാർജനപ ദ്ധതി വഴി നിർമിക്കേണ്ടത്.

ദാരിദ്രനിർമാർജനപ്രശ്നങ്ങൾ കൂട്ടായി താമസിക്കുന്ന പ്രദേ ശങ്ങൾ കണ്ടെത്തി അവിടെ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുക സ്ഥായിയായ സാമൂഹ്യ ആസ്തികൾ നിർമിക്കുക. ജീവിതത്തിന്റെ പൊതുവായ നിലവാരം മെച്ചപ്പെടുത്തുക തുട ങ്ങിയവയ്ക്കു വേണ്ടിയുള്ള തൊഴിൽ പദ്ധതികൾ ആരംഭിക്കുക, നമ്മുടെ പഞ്ചായത്തിൽ പൂർത്തിയാക്കിയ സാമൂഹ്യ ആസ്ഥി കളുടെ വിവരം ലഭ്യമല്ല എന്നാൽ HS CSS for SF/MF പദ്ധതിപ്ര കാരം ഉണ്ടായ ആസ്ഥികളുടെ വിവരം താഴെ പട്ടികയായി ചേർക്കുന്നു.

## IRDP സർവെ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെ ഉള്ളവരുടെ വിവരം (92 സർവെ)

പട്ടിക 32

| വാർഡ് നമ്പർ | സർവെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ എസ്. ഇ/ എസ്. ടി കുടുംബം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ എസ്.ഇ/എസ് ടി കുടുംബം | സഹായം ലഭിച്ചതു വഴി ദാരിദ്രരേഖക്ക് മുകളിൽ എത്തിയവർ | ദാരിദ്രരേഖക്ക് താഴെയുള്ള കുടുംബങ്ങൾ |
|---|---|---|---|---|---|---|
| 1 | 135 | 13 | 20 | 13 | 2 | 133 |
| 2 | 82 | 1 | 8 | 1 | -- | 82 |
| 3 | 179 | 2 | 12 | 2 | 1 | 178 |
| 4 | 100 | 2 | 12 | 2 | 2 | 98 |
| 5 | 98 | 1 | 10 | 1 | -- | 97 |
| 6 | 153 | 3 | 21 | 3 | 4 | 149 |
| 7 | 269 | 2 | 50 | 2 | 5 | 264 |
| 8 | 129 | 1 | 16 | 1 | 3 | 126 |
| 9 | 109 | 2 | 20 | 2 | 5 | 104 |

## 11.8 സി.എസ്.എസ് ഫോർ എസ്എഫ്/എംഎഫ് പരിപാടി അനുസരിച്ച് ഉണ്ടായ ആസ്തികളുടെ വിവരം

പട്ടിക 33

| | | വാർഡ്–ആസ്തികളുടെ എണ്ണം– അളവ് | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമാണം പൂർത്തിയാക്കിയ ആസ്തികൾ | I | II | IV | V | VI | VII | VIII | IX | X |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | കിണറുകൾ | 3 | 9 | 8 | 5 | 6 | 13 | 6 | 8 | 5 |
| 2 | കുളങ്ങൾ | – | – | – | – | – | – | – | – | – |
| 3 | വാട്ടർടാങ്കുകൾ | – | – | – | – | – | – | – | – | – |
| 4 | പമ്പ് ഹൗസുകൾ | 2 | 2 | 5 | 2 | 1 | 5 | 2 | 2 | 1 |
| 5 | പമ്പ് സെറ്റുകൾ | 15 | 14 | 31 | 25 | 17 | 21 | 13 | 21 | 15 |
| 6 | ജലസേചനം നടത്തിയ കൃഷിഭൂമിയുടെ അളവ് | 22ac | 20ac | 50ac | 37ac | 25ac | 30ac | 32ac | 30ac | 22ac |

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ഉപകരണങ്ങൾ നൽകുന്ന പരിപാടി നമ്മുടെ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നു. അതു പ്രകാരം ആനുകൂല്യം നൽകിയിട്ടുള്ളവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

## 11.9 ഗ്രാമീണ കൈതൊഴിലുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി

പട്ടിക 34

| വാർഡ് നമ്പർ | ഐ.ആർ.ഡി.പി. സർവേ പ്രകാരം ഗ്രാമീണ തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായം അർഹിക്കുന്നവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|
| I | 10 | - | 5 | - |
| II | 7 | - | 3 | - |
| III | 12 | 1 | 5 | - |
| IV | 9 | - | 5 | - |
| V | 10 | 1 | 4 | - |
| VI | 16 | - | 5 | - |
| VII | 25 | 1 | 10 | - |
| VIII | 14 | - | 5 | - |
| IX | 10 | - | 4 | - |

IRDP സർവ്വേ പ്രകാരം ഈ പഞ്ചായത്തിൽ 50 പേർക്ക് "ട്രൈസം" പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്.

## 11.2 Trycem തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക 34

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | സ്വയം തൊഴിൽ കണ്ടെത്തിയവർ | പരിശീലനം ലഭിച്ചവർ | ഇതരതൊഴിലാളികളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | Plastic Work, Motor Mecanic, Knitting | 1 | 5 | Wage Employed | - |
| 2 | Photography, TV and Radio, Tailoring | 2 | 4 | " | - |
| 3 | Kinitting, emproidiary, printing and composing, scooter mechanism | 1 | 8 | " | - |
| 4 | Motor Mechanism, tailoring | 1 | 3 | " | - |
| 5 | Tailoring | - | 1 | " | - |
| 6 | Tailoring, Scooter Mechanism, weaving | - | 4 | " | - |
| 7 | Motor Mechanism, garment making | - | 5 | " | - |
| 8 | Tailoring and garment making | - | 3 | " | - |
| 9 | Printing and composing, upholstory work, Radio TV, painting | - | 6 | " | - |

തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഒറ്റപ്പെട്ട തൊഴിൽ പദ്ധതികളെക്കാൾ വിജയം നേടുന്നത് ഗ്രൂപ്പ് ചേർന്നുള്ള പദ്ധതികളായിരിക്കും. കൂട്ടുചേർന്നുള്ള പ്രവർത്തനത്തിലൂടെ കൂടുതൽ നേട്ടമുണ്ടാക്കാൻ സാധിക്കും എന്നവരെ ബോധ്യപ്പെടുത്താം. സ്ത്രീകളുടെ വരുമാനശേഷി വർധിപ്പിക്കുകയാണെങ്കിൽ കുടുംബത്തിന്റെ മൊത്തം ജീവിതഗുണനിലവാരം ഉയരുകയും അതുമൂലം കുട്ടികളുടെ ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾ മെച്ചപ്പെടും. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സ്ത്രീ ഇന്ന് അദൃശ്യയാണ് സ്ത്രീകളുടെ പ്രവർത്തനഗ്രൂപ്പുകൾ സംഘടിപ്പിച്ച് അവർക്ക് തൊഴിൽ പരിശീലനവും വരുമാനദായകപദ്ധതികളും നൽകുക. പരമ്പരാഗതമായി കൈത്തൊഴിൽ ചെയ്യുന്നവരേയും സ്വയം തൊഴിൽ ചെയ്യുന്നവരേയും ഇടനിലക്കാരിൽ നിന്നുമോചിപ്പിക്കുന്നതിനായി അവരുടെ ഉൽപന്നങ്ങൾ നേരിട്ട് വാങ്ങുവാനുള്ള വിപണന സൗര്യങ്ങൾ ഏർപ്പെടുത്തണം.

യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുന്നത് ഗുണപരമായിരിക്കും.

മഹിളാ സമാജങ്ങൾ-ബാലവാടികൾ എന്നിവയെ കേന്ദ്രീകരിച്ച് പോഷകാഹാരം -പ്രതിരോധ കുത്തിവയ്പ് മറ്റ് ചികിത്സാ സൗകര്യങ്ങൾ പദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ വന്ന റിപ്പോർട്ടുകൾ പരിശോധിച്ചാൽ അനേകംപേർക്ക് വിവിധക്ഷേമ പദ്ധതികളുടെ പ്രയോജനം ഇനിയും ലഭിക്കേണ്ടതായിട്ടുണ്ട് എന്നു കാണാം.

# സഹകരണമേഖല

നമ്മുടെ പഞ്ചായത്തിൽ രൂപം കൊണ്ട ഏനാനല്ലൂർ സഹകരണബാങ്ക് നായർ സർവീസ് സൊസൈറ്റി എന്ന പേരിൽ 70 വർഷം മുൻപ് അഞ്ചൽപെട്ടിയിൽ ആരംഭിച്ചതിന്റെ തുടർച്ചയാണ്. വളരെ ആദായകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനം ആണിത്. ഈ സഹകരണസംഘത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

## സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

പട്ടിക 36

| | |
|---|---|
| 1. സ്ഥാപനത്തിന്റെ പേര് | : ഏനാനല്ലൂർ സർവീസ് സഹകരണ ബാങ്ക് |
| 2. പ്രവർത്തന പരിധി | : കാവക്കാട് തോടിന്റെ കിഴക്കുഭാഗം ഒഴിച്ച് ആയവന പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളും |
| 3. ക്രെഡിറ്റ്/നോൺക്രെഡിറ്റ് | : ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം | : 23-7-1102 Details as on 30/9/96 |
| 5. ആകെ അംഗങ്ങൾ | : 4690 |
| 6. ഒരു ഓഹരിയുടെ വില | : 10 |
| 7. അംഗീകൃത ഓഹരി മൂലധനം | : 3010000 |
| 8. പിരിഞ്ഞ് കിട്ടിയത് | : 24 80434 |
| 9. സർക്കാർ ഓഹരിയുണ്ടോ | : ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ചതുക | : 99700 |
| 11. പരമാവധി കടം എടുക്കാവുന്ന തുക | : 64484600 |

II പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| 1. സ്ഥിരം | : 32190964 |
| 2. ഹ്യസ്വകാലം | : 835014 |
| | ------- |
| | 34025978 |

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷികവായ്പകൾ

| ഇനം | തുക |
|---|---|
| 1. ക്യാഷ് ക്രെഡിറ്റ് | : 3521706.30 |
| 2. ഹ്രസ്വകാല വായ്പ | : 612720 |
| 3. മധ്യകാല വായ്പ പൈനാപ്പിൾ | : 61246 |
| 4. പമ്പ് എം.ടി | : 21316 |
| 5. ഡിഗ്ഗിംഗ് വെൽ പമ്പ് | : 32604 |
| | -------- |
| | 4249592.30 |
| | ========== |

b) മറ്റ് വായ്പകൾ

| ഇനം | തുക |
|---|---|
| 1. സാധാരണ വായ്പ | : 2, 3892385 |
| 2. ഗോൾഡ് വായ്പ | : 3211091 |
| 3. ഹയർ പർച്ചേയിസ് | : 3, 39305 |
| 4. സാധാരണക്യാഷ് ക്രെഡിറ്റ് | : 644 610.05 |
| | -------- |
| | 28087391.05 |
| | ========== |

c) പ്രത്യേക വായ്പകൾ

| ഇനം | | തുക |
|---|---|---|
| 1. ഹൗസിംഗ് വായ്പ | : | 189932 |
| 2. ലാട്രിൻ വായ്പ | : | 34020 |
| 3. ഐ.ആർ.ഡി.പി വായ്പ | : | 94118 |
| 4. സ്വയം തൊഴിൽ വായ്പ | : | 5028 |
| 5. FDC | : | 865105 |
| 6. ശാന്തി ലോൺ | : | 1500 |
| | | 1189703 |

## സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| 1. സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 2.എറണാകുളം ജില്ല | ഹ്യസ്വകാല വായ്പ | 4246365 |
| 3.സഹകരണബാങ്ക് | മദ്ധ്യകാലവായ്പ | 95809 |
| 4. | ഹൗസിങ്ങ് ലാട്രിൻ വായ്പ | 196269 |
| 5. | ഐ.ആർ.ഡി.പി വായ്പ | 72263 |
| 6. | GL. OD2FR.OD | 241157 |
| | ആകെ | 4851863.50 |

## നൽകിയ വായ്പകൾ കാലാവധി

| വായ്പാ സ്വഭാവം | തുക |
|---|---|
| 1. ഹ്യസ്വകാല വായ്പ | 4134426.31 |
| 2.മദ്ധ്യകാല വായ്പ | 115166.00 |
| 3.സാധാരണ വായ്പാ സ്വർണപണയ വായ്പ | 28087391.05 |
| 4.ലാട്രിൻ, ഹൗസിംഗ്, സ്വയംതൊഴിൽ വായ്പ | 228980.00 |
| 5.ഐ.ആർ.ഡി.പി വായ്പ | 94118.00 |
| 6.എഫ്.ഡി.എൽ 866605 | |
| ആകെ | 33526686.36 |

## VI സ്ഥാപനത്തിന്റെ ചെലവുകൾ

| | | |
|---|---|---|
| 1. Establishment Charges | - | 1167723 |
| 2. Contingencies | - | 464968 |

## VII വായ്പാ സഹ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

ഇപ്പോൾ 25,000 രൂപ സലക്കുള്ള 27 പ്രതിമാസ ചിട്ടികൾ നടത്തുന്നു ബാങ്കിന്റെ ആയവന കാലാമ്പൂർ ഏനാനല്ലൂർ ബ്രാഞ്ചുകളിൽ നിന്നും രാസവളങ്ങളും കീടനാശിനിയും വില്പനനടത്തി വരുന്നു കാലാമ്പൂരം ആയവനയും എല്ലാ വർഷവും ഓണച്ചന്ത നടത്തിവരുന്നു. കാലാമ്പൂർ ഡിപ്പോയിൽനിന്നും നിത്യോപയോഗ സാധനങ്ങളും അലുമിനിയം പാത്രങ്ങളും മിതമായ നിരക്കിൽ വിറ്റുവരുന്നു.

നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണെങ്കിലും കർഷകന്റെ വിളക്രമമനുസരിച്ച് കൂടുതൽ ദീർഘ

വായ്പ ലഭ്യമാകുന്നില്ലന്ന്. ഗ്രാമസഭകളിൽ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. കാർഷിക വായ്പയ്ക്ക് കാലാവധി കൂട്ടുകയും പലിശനിരക്ക് കുറക്കുവാനുള്ള സംവിധാനം ഉണ്ടാവുകയും വേണം. ചെറുകിടവ്യവസായങ്ങൾക്ക് വായ്പ ഈ സഹകരണസംഘം വഴി നൽകിയാലേ വ്യവസായികമായി എന്തെങ്കിലും പുരോഗതി ഇതിന്റെ പരിധിയിലുള്ളവർക്ക് ലഭ്യമാവുകയുള്ളൂ. ഈ പഞ്ചായത്തിലെ കാർഷിക ഉത്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി സംഘം മുന്നോട്ടുവന്നാൽ ഇടത്തട്ടുകാരുടെചൂഷണത്തിൽ നിന്ന് പാവപ്പെട്ട കർഷകരെ രക്ഷപ്പെടുത്താനും. പഞ്ചായത്തിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ ഈ സംഘം സജീവമായി ഇടപെടണം. പഞ്ചായത്തിലെ അലോപതി ആശുപത്രി പണിയുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി നൽകിയ നടപടി സ്ലാഘനീയമാണ്.

ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ച് ഈ സൊസൈറ്റിയുടെ പ്രവർത്തനപരിധിയിൽ വരുന്ന പലർക്കും അംഗത്വം ലഭിക്കുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ട്. ഇതിന് പരിഹാരമായി മറ്റ് പരിഗണനകൾ മാറ്റിവച്ച് ആവശ്യമുള്ള മുഴുവൻ പേർക്കും അംഗത്വം ലഭ്യമാക്കണമെന്ന് എല്ലാഗ്രാമസഭകളിലും ആവശ്യം ഉയർന്നിട്ടുണ്ട്. ഈ സഹകരണസംഘത്തിന്റെ കീഴിൽ വളംഡിപ്പോയല്ലാതെ ഇതിന്റെ ഹെഡ് ഓഫീസിലും ബ്രാഞ്ചുകളിലും ഒരു കൺസ്യൂമർസ്റ്റോർ ആരംഭിച്ചാൽ വിലക്കയറ്റം പിടിച്ചു നിറുത്തുവാനും മെച്ചപ്പെട്ട സാധനങ്ങൾ നാട്ടുകാർക്ക് ലഭിക്കാനും ഇടയാക്കും.

അടുത്തതായി നമ്മുടെ പഞ്ചായത്തിൽപ്രവർത്തിക്കുന്ന പ്രധാനപ്പെട്ട ക്രെഡിറ്റ് സഹകരണസംഘമാണ് 1951ൽ പ്രവർത്തനം ആരംഭിച്ച പേരമംഗലം സർവീസ് സഹകരണ ബാങ്ക്. ഈ ബാങ്കിൽ 3902 അംഗങ്ങളും 2007670 രൂപ പിരിഞ്ഞു കിട്ടിയ മൂലധനവും ഉണ്ട്. ഈ ബാങ്കിൽ നിന്ന് കൂടുതലായി ഹ്യസ്വകാല വായ്പയാണ് നൽകി വരുന്നത്. വിളക്രമവുമായി ബന്ധപ്പെട്ട് കൂടുതൽ ദീർഘകാല വായ്പയും വ്യവസായ യൂണിറ്റുകൾക്കാവശ്യമായ വായ്പയും ഈ ബാങ്ക് വഴി ആവശ്യക്കാർക്കും ലഭ്യമാക്കണം. ബാങ്കിനെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

## പട്ടിക 37
## സഹകരണസംഘം സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| 1. സ്ഥാപനത്തിന്റെ പേര് : | പേരമംഗലം സർവീസ് സഹകരണബാങ്ക് |
| 2. പ്രവർത്തന പരിധി : | പേരമംഗലം, കാവക്കാട്, കുളപ്പുറം |
| 3. ക്രെഡിറ്റ്/നോൺ ക്രെഡിറ്റ് : | ക്രെഡിറ്റ് |
| 4. പ്രവർത്തനം ആരംഭിച്ച വർഷം : | 1951 |
| 5. ആകെ അംഗങ്ങൾ : | 3902 |
| 6. ഒരു ഓഹരിയുടെ വില : | 10 |
| 7. അംഗീകൃത ഓഹരി മൂലധനം : | 2000000 എ ക്ലാസ് 5000 സി ക്ലാസ് |
| 8. പിരിഞ്ഞ് കിട്ടിയത് : | 2007670 |
| 9. സർക്കാർ ഓഹരിയുണ്ടോ : | ഉണ്ട് |
| 10. ഉണ്ടെങ്കിൽ ലഭിച്ചതുക : | 100000 |
| 11. പരമാവധി കടം എടുക്കാവുന്ന തുക : | 100383500 |

### II പൊതുജനങ്ങളിൽ നിന്ന് സ്വീകരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| 1 സ്ഥിരം : | 14940894 |
| 2. ഹ്യസ്വകാലം : | 927854 |

### III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ:

| ഇനം | തുക |
|---|---|
| 1. ഹ്രസ്വകാല കാർഷിക വായ്പ | 3603642 |
| 2. മദ്ധ്യകാല കാർഷിക വായ്പ | 170714 |
| 3. ദീർഘകാല കാർഷിക വായ്പ | 16360 |
| | 3790716 |

### b) മറ്റുവായ്പകൾ

| ഇനം | തുക |
|---|---|
| 1. സാധാരണവായ്പകൾ | 10013738 |
| 2. സ്വർണപണയവായ്പ | 1594884 |
| 3. ഹയർ പർച്ചേസ് വായ്പ | 2056019 |
| 4. വളം വായ്പ | 12700 |
| 5. FD Loan, Education Loan, Consumption loan | 451661 |

### c) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|

### സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| 1.ജില്ലാ സഹകരണ ബാങ്ക് | കാർഷികവായ്പ | 2684920 |
| 2. ” | Gold OD | 100000 |
| 3. ” | FR OD | 10000 |
| 4. ” | Manure OD | 40000 |

| നൽകിയ വായ്പകൾ കാലാവധി | | |
|---|---|---|
| വായ്പാ സ്വഭാവം | കാലാവധി | തുക |
| 1. ഹ്യസ്വകാലകാർഷിക വായ്പകൾ | 1 വർഷം | 3603642 |
| 2. മദ്ധ്യകാല വായ്പകൾ | 7 വർഷം | 187074 |
| 3. സാധാരണ വായ്പകൾ | 1 വർഷം | 10013738 |
| 4. ഹയർ പർച്ചേസ് വായ്പ | 3 വർഷം | 2056019 |
| സ്വർണപണയ വായ്പ | 1വർഷം | 1594884 |

### VI സ്ഥാപനത്തിന്റെ ചെലവുകൾ

1. Establishment Charges : 681515
2. Contingencies : 499604

## VII വായ്പാ സഹ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

മുകളിൽ പറഞ്ഞിരിക്കുന്ന രീതിയിൽ വായ്പകൾ വിതരണം ചെയ്യുന്നതുകൂടാതെ കുളപ്പുറം, പേരമംഗലം, കാവക്കാട് എന്നിവിടങ്ങളിലുള്ള സ്റ്റോറുകൾ വഴിയായി നിത്യോപയോഗ സാധനങ്ങളും വളവും വിതരണം ചെയ്യുന്നു.

നമ്മുടെ പഞ്ചായത്തിൽ രണ്ടു ക്ഷീരസഹകരണസംഘവും 3 റബർ ഉൽപാദക സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. കാലാമ്പൂർ ക്ഷീരോത്പാദക സഹകരണസംഘത്തിൽ 428 അംഗങ്ങളും 4280 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവുമുണ്ട്. ഈ സംഘം വഴി 95-96 വർഷത്തിൽ 152638.2 ലിറ്റർ പാൽ ശേഖരിക്കുകയും ഇതിൽ 30928.4 ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ തന്നെ വിതരണം ചെയ്യുകയും 121709.8 ലിറ്റർ പാൽ. മിൽമയിലേക്ക് കയറ്റി അയക്കുകയും ചെയ്തിട്ടുണ്ട്. ഈ സംഘം വഴി പ്രമുഖ കമ്പനികളുടെ കാലിതീറ്റകൾ ലാഭേച്ഛയില്ലാതെ വാങ്ങി. അംഗങ്ങൾക്കും ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്. ഈ സംഘത്തിൽ പ്രവർത്തിച്ചുവരുന്ന ബീജസങ്കലകേന്ദ്രം വീടുകളിൽ പോയി പശുക്കളെ കുത്തിവെയ്ക്കണം, ഒന്നിടവിട്ട ബുധനാഴ്ചകളിൽ മൃഗഡോക്ടറുടെ സേവനം പാൽ ഉല്പാദകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ അടിയന്തിരഘട്ടത്തിൽ മൂവാറ്റുപുഴ യൂണിറ്റ് ഓഫീസിൽ നിന്ന് രാപകലന്യേ മൃഗഡോക്ടറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. രണ്ടു വർഷമായ ഈ സംഘത്തിൽ കന്നുകുട്ടി പരിപാലന കേന്ദ്രം ആരംഭിക്കുകയും അതുവഴി 76 പശുക്കിടാങ്ങളുടെ സംരക്ഷണം ഈ സംഘം വഴി മൃഗചികിത്സ വകുപ്പിനെക്കൊണ്ട് ഏറ്റെടുപ്പിച്ചിട്ടുണ്ട്. അംഗങ്ങളെ ഉൾപ്പെടുത്തി സഹകരണക്ലാസുകളും പാൽ ഉൽപ്പന്നനിർമാണ പരിശീലനക്ലാസുകളും നടത്താറുണ്ട്. ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റിന്റെ സാമ്പത്തിക സഹായത്തോടെ ക്ഷീരോൽപന്ന യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംഘാംഗങ്ങളുടെ കുട്ടികൾക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് ക്യാഷ് അവാർഡും കൂടുതൽ പാൽ അളക്കുന്ന ഉല്പാദകന് ഒരു മിൽക്ക് ക്യാനും നൽകിവരുന്നു. നല്ലയിനം പശുക്കളെ വാങ്ങുന്നതിനും തൊഴുത്ത് നിർമാണത്തിനുമായി സംഘത്തിലെ 25 അംഗങ്ങൾക്ക് 187500 രൂപ ധനസഹായം ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 3 റബർ ഉല്പാദക സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നത് കാലാമ്പൂർ റബർ ഉല്പാദക സഹകരമസംഘം ആണ് സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഏക റബറുൽപാദന സഹകരണസംഘം ആണിത് സംഘത്തിൽ 171 അംഗങ്ങളും 2550രൂപ ഓഹരി മൂലധനവും ഉണ്ട്. കഴിഞ്ഞ വർഷം ഈ സംഘം വഴി 1935550 രൂപക്കുള്ള റബർഷീറ്റ് ഉല്പാദകരിൽ നിന്നും ശേഖരിച്ച് വില്പനനടത്തിയിട്ടുണ്ട്. ഈ സംഘത്തിൽ നിന്നും 159216 രൂപക്കുള്ള വളവും മറ്റ് വസ്തുക്കളും അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. റബർ ഷീറ്റിനു പുറമേ റബർ പാലുകൂടി ഈ സംഘം വഴി സംഭരിക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ വ്യാവസായിക സഹകരണ സംഘമോ പരമ്പരാഗത വ്യവസായ സഹകരണ സംഘമോ നിലവിലില്ല. 9-ാം പദ്ധതി നടപ്പാക്കി തുടങ്ങുന്നതോടുകൂടി പുതിയ വ്യവസായ സഹകരണസംഘം, മാതൃമൃഗപരിപാലനം ക്ഷീരസഹകരണസംഘം, വനിതാസഹകരണസംഘം, ഹരിജൻ വെൽഫെയർ സൊസൈറ്റി, മാർക്കറ്റിംഗ് സഹകരണ സംഘം, മൂവാറ്റുപുഴ ഭവനനിർമാണസഹകരണ സംഘത്തിന്റെ ശാഖ, ഭൂവികസന ബാങ്കിന്റെ ശാഖ എന്നിവ ആരംഭിക്കേണ്ടതാണ്.

## സഹകരണരംഗത്തെ പ്രശ്നങ്ങൾ

1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം
3. തൊഴിലാളികളുടെ പങ്കാളിത്തത്തിന്റെ അഭാവം
4. സങ്കുചിത കക്ഷിരാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
5. അഴിമതി, സ്വജനപക്ഷപാതം
6. ദുർവ്യയം
7. പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യം ഇല്ലായ്മ
8. അമിതമായ ഭരണചിലവ്
9. സാങ്കേതിക നവീകരണത്തിന്റെ അഭാവം
10. ഡിപ്പാർട്ടുമെന്റൽ മേധാവിത്തം
11. അംഗങ്ങൾ കാര്യക്ഷമമായി വാർഷിക പൊതുയോഗത്തിൽ പങ്കെടുത്തില്ല.

## സാധ്യതകൾ

1. പുതിയ സഹകരണസംഘങ്ങൾ ആവശ്യമുള്ള മേഖലയിൽ രൂപീകരിക്കുക.
2. അയൽകൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഉപഭോക്താക്കളെ സംഘടിപ്പിക്കുക
3. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നൽകുക.
4. തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസുകൾ
5. ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പാക്കൽ
6. പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് സർവീസ് സഹകരണസംഘം
7. ഭരണകാര്യങ്ങളിൽ വനിതകൾക്ക് അർഹമായ പ്രാതിനിധ്യം
8. പ്രവർത്തനം വൈവിധ്യവൽക്കരിക്കുക
9. സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക
10. പവർ കോൺട്രാക്ട് സൊസൈറ്റികൾ പോലുള്ള നൂതന സമരങ്ങൾ
11. ജനറൽ ബോഡികൾ ചടങ്ങാകാതെ പങ്കാളിത്വം വർധിപ്പിക്കൽ

341

# വിഭവസമാഹരണം

വിഭവ സ്രോതസുകളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ആയവന, കൂടുതലും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. വ്യവസായസ്ഥാപനങ്ങളോ സിനിമാ തീയ്യേറ്റർ പോലുള്ള സ്ഥാപനങ്ങളോ ഇല്ലാത്തതിനാൽ പഞ്ചായത്തിന് വരുമാനം തീരെ കുറവാണ്. പുറമേ നിന്നും ആകെയുള്ള വരുമാനം മണൽലേലം വഴി ലഭിക്കുന്നതാണ്. പഞ്ചായത്തിന്റെ കണക്കുകളും പൊതു സാമ്പത്തിക സ്ഥിതിയും താഴെ പട്ടികയിൽ ചേർക്കുന്നു.

**പട്ടിക 38**

**വരവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| 1 | 2 | 3 | 4 |
| കെട്ടിടനികുതി | 170374.50 | 133728.00 | 36646.50 |
| സർവീസ് ചാർജ് | – | – | – |
| തൊഴിൽ നികുതി | 82668.00 | 80083.00 | 2585.00 |
| ലൈസൻസ് ഫീസ് | 5975.00 | 5975.00 | – |
| സർക്കാർ ഗ്രാന്റ് കൂടാതെയുള്ള വരവുകാൾ | 300956.00 | – | – |
| ഡെപ്പോസിറ്റ് | 264742.00 | – | – |
| മറ്റുള്ളവ | 27870.00 | – | – |
| ആകെ | 852585.50 | 219786.00 | 39231.50 |

**പട്ടിക 39**

**ചെലവ് സംബന്ധിച്ച വിവരങ്ങൾ**

| ഇനം | തുക |
|---|---|
| ഭരണം | 3,30,586.00 |
| പൊതുമരാമത്ത് | 3,90,436.00 |
| വിദ്യാഭ്യാസം | 1,262.10 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 25,750.00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 59,976.00 |
| ആകെ | 8,08,010.00 |

**പൊതുസാമ്പത്തിക നില**

**പട്ടിക 40**

| 1 | 2 | 3 |
|---|---|---|
| വരവ് | ചെലവ് | കടം |
| 2345583.64 | 1021015.90 | 49080 |

നമ്മുടെ പഞ്ചായത്ത് ചെയ്ത മരാമത്തു പണികൾക്കായി 95–96ൽ 246607 രൂപയും മൃഗസംരക്ഷണത്തിനുവേണ്ടി 6775 രൂപയും ആരോഗ്യപരിപാലനത്തിനുവേണ്ടി 157600 രൂപയും കൃഷിക്കായി 179161 രൂപയും മറ്റുള്ള കാര്യങ്ങൾക്കായി 500 രൂപ ചിലവഴിച്ചിട്ടുണ്ട്.

പുറമ്പോക്ക് ഭൂമികളുടെയും തോടുകളുടേയും പുഴയുടേയും കൃത്യമായി സ്ഥലനിർണയം നടത്തി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഉൽപാദന പ്രവർത്തനങ്ങൾ പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതി ആവിഷ്കരിക്കുക. പ്രത്യക്ഷ ഉദ്പാദനമേഖലകളിലൊന്നും നമ്മുടെ പഞ്ചായത്ത് യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. നമ്മുടെ പഞ്ചായത്തിൽ വാണിജ്യബാങ്കുകളൊന്നും പ്രവർത്തിക്കുന്നില്ല. ആയവനയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ശാഖ കാർഷിക വികസനത്തിനാവശ്യമായ വിവിധയിനം വായ്പകൾ നൽകിവരുന്നുണ്ട്. ബാങ്കേതര ധനകാര്യ സ്ഥാപനങ്ങളൊന്നും പഞ്ചായത്തിലില്ല.

നമ്മുടെ പഞ്ചായത്തിൽ അനൗപചാരികമായി പണം പലിശയ്ക്കു നൽകുന്ന വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും ഇടത്താരക്കാരും താഴ്ന്ന വരുമാനക്കാരും അവർ പറയുന്ന പലിശയ്ക്കും വ്യവസ്ഥകൾക്കും വിധേയമായി പണം കടം വാങ്ങേണ്ടിവരുന്നുണ്ട്.

ഗ്രാമസഭാ റിപ്പോർട്ടുകളനുസരിച്ചു ഗൾഫ് കുടിയേറ്റുക്കാരുടെ സ്വാധീനം വളരെകുറച്ചു മാത്രമേ നമ്മുടെ പഞ്ചായത്തിലുള്ളൂ.

പാഴായിപ്പോകുന്ന അദ്ധ്വാനശേഷി ഉദ്പാദന മേഖലകളിലേക്ക് ക്രിയാത്മകമായി തിരിച്ചുവിടുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടലുകളും വ്യവസായ-കാർഷിക വായ്പകൾ ദുരുപയോഗം ചെയ്യാതിരിക്കാനുള്ള മേൽനോട്ട സംവിധാനവും ഉൽപാദനമേഖലയിലെ വളർച്ചക്കും സാമ്പത്തിക മേഖലയിലെ വളർച്ചക്കും സഹായകരമാവും.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തായ്ക
2. ഭരണച്ചിലവിലെ വർധനവ്
3. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം
4. ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
5. പ്രാദേശികാവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.
6. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
7. പൊതുഫണ്ടുകളുടെ ദുർവിനിയോഗം
8. സന്നദ്ധപ്രവർത്തനങ്ങളുടെ താല്പര്യങ്ങൾ

## സാദ്ധ്യതകൾ

1. നികുതി പിരിവ്കാര്യക്ഷമമാക്കുക
2. നികുതിവെട്ടിപ്പ് തടയുക
3. പുതിയ സേവനങ്ങൾനൽകി ചാർജ് ഈടാക്കുക
4. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടി സ്വീകരിക്കുക
5. ഭരണചിലവ് കുറക്കുക
6. പഞ്ചായത്ത് രാജ് വഴി ലഭിച്ച പുതിയ നികുതി അധികാരം ഉപയോഗപ്പെടുത്തുക.
7. സന്നദ്ധപ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക
8. ലൈസൻസിങ്ങ് കർശനമാക്കുക
9. ഒരു ക്രെഡിറ്റ് പ്ലാൻ പഞ്ചായത്തിന് തയാറാക്കുക
10. വരവ് ചിലവുകൾ ഗ്രാമസഭയിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുക
11. സന്നദ്ധസംഘടനകൾക്കായുള്ള സഹായധനപദ്ധതി വേണ്ടരീതിയിൽ ഉപയോഗിക്കുക.

അനുദിനം പാഴായിപ്പോകുന്ന മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തി ഉൽപാദനമേഖല വളർത്തിക്കൊണ്ടുവരുവാനും ഗ്രാമത്തിന്റേയും ഗ്രാമീണരുടേയും സാമ്പത്തിക പുനർജീവിത്തിനുവേണ്ടുന്ന കർമപരിപാടികൾ ആവിഷ്കരിക്കുന്നതിനുവേണ്ടിയുള്ള മുൻഗണനനൽകുകയും വേണം.

# ഉപസംഹാരം

വികസനമെന്നാൽ ജനങ്ങളുടെ ജീവിതത്തെ പടിപടിയായി ഉയർത്തുന്ന സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിയുന്ന ഒരു സാമൂഹ്യ പ്രക്രീയയാണ്. നിലവിലുള്ള വികസനസമീപനം അശാസ്ത്രീയവും, ജനവിരുദ്ധവുമാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് ഇന്നത്തെ വികസന പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണാൻ പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കാൻ നാം തയ്യാറായത്. കാർഷിക – വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം. ഉൽപാദനമേഖലയിലെ മുരടിപ്പും, ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും, സാമ്പത്തികവളർച്ചയുടെ പിന്നോക്കാവസ്ഥയും, രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും ഒരു സാമൂഹ്യരാഷ്ട്രീയ വെല്ലുവിളിയായെടുക്കണം.

വികസനം, ഡിപ്പാർട്ടുമെന്റുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവ്വത്രികമായ അഴിമതിയിൽനിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെയ്ക്കുകയും ജനപങ്കാളിത്തവും, ജനജാഗ്രതയും ഊട്ടിവളർത്തി, വികസനപ്രക്രീയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല, ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തുനിഷ്ഠസമീപനം പ്രായോഗികമാക്കണം. ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് ഇതിനായി വികസനപ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായ ബഹുജനപങ്കാളിത്തം ഉണ്ടാക്കിയെടുക്കുകയും, സന്നദ്ധ പ്രവർത്തനങ്ങൾക്കും ജനങ്ങളുടെ കൂട്ടായ്മയ്ക്കും ഊന്നൽ നൽകുകയും വേണം.

പ്രകൃതിവിഭവങ്ങൾ, ജലവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ചരിത്രപരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത്, പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ധസമിതികൾക്ക് കഴിയും.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം തന്നെ, കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തികനിലയെക്കാൾ വലിയ നേട്ടങ്ങൾക്കു കാരണമാണ്. അഞ്ചാം പദ്ധതിക്കുള്ള ആകെതുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ്. ഇതിന്റെ പകുതി തുക ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാനിടയാവും എന്ന് പ്രതീക്ഷിക്കണം. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ.

ആസൂത്രണം അടിത്തട്ടിൽനിന്ന് മേൽപോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയപദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണമാക്കി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ.

ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരെയും വിദഗ്ധരെയും ഉദ്യോഗസ്ഥന്മാരെയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തനശൈലി നടപ്പിലാക്കുന്നതിനാണ് നാം പരിശ്രമിക്കുന്നത്. ഈ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി ഗണ്യമായ തോതിൽ സന്നദ്ധ പ്രവർത്തനവും സംഭാവനകളും സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവയെ ഔദ്യോഗിക പദ്ധതിച്ചെലവുമായി സംയോജിപ്പിച്ച് കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ ഉൽപാദനത്തുകകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്ത്രീകളുടെയും ദുർബല ജനവിഭാഗങ്ങളുടെയും താൽപര്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള ഒരു സ്ഥായിയായ വികസന പ്രക്രീയ, ജനകീയ ശക്തിയിൽ സൃഷ്ടിക്കുവാൻ ഈ പ്രതീക്ഷ നിറവേറ്റുവാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഇന്ന് "സമഗ്രവികസനരേഖ" ആയവന ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചയ്ക്കും, പരിഷ്കരണത്തിനുംവേണ്ടി.

**P.K.സതീഷ്കുമാർ**
**കോ-ഓർഡിനേറ്റർ.**

# റിപ്പോർട്ട് തയ്യാറാക്കിയവർ

| | | |
|---|---|---|
| 1. പി.കെ. സതീഷ്കുമാർ | – | കോ ഓഡിനേറ്റർ–DRP |
| 2. പി.എം. ചാക്കോ | – | DRP |
| 3. വി.സി. മാത്യു | – | " |
| 4. ഇ.പി. ശശി | – | " |
| 5. ശ്രീമതി പൗളി ജയിംസ് | – | പഞ്ചായത്ത് മെംബർ |
| 6. ശ്രീ കെ.കെ. ബാലചന്ദ്രൻ | – | PRP |
| 7. കെ.വി. രാധാകൃഷ്ണൻ | – | പഞ്ചായത്ത് മെംബർ |
| 8. വി.കെ. വിജയൻ | – | PRP |
| 9. പി.ജെ. ഗീവർഗീസ് | – | " |
| 10. പി.എൻ. സനി | – | " |
| 11. അശോകൻ | – | ഗ്രാമസേവകൻ |
| 12. ജോൺസൺ ജോസഫ് | – | കൃഷിഓഫീസർ |

(ഈ റിപ്പോർട്ട് തയ്യാറാക്കാൻ ശ്രീ കെ.കെ. ബാലചന്ദ്രൻ ആദ്യം മുതൽ അവസാനം വരെ നല്ലനിലയിൽ പ്രവർത്തിച്ചിട്ടുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.)

344

# അധികാരം ജനങ്ങൾക്ക്

★ 9–ാം പദ്ധതിയുടെ 35–40 ശതമാനംതുക ത്രിതല പഞ്ചായത്തുകൾക്ക്

★★ ആസൂത്രണത്തിലും നിർവഹണത്തിലും ജന പങ്കാളിത്തം

★★★ ആസൂത്രണം താഴെനിന്നും മുകളിലേക്ക്

★★★★ ജനലക്ഷങ്ങൾ കർമപഥത്തിലേക്ക്

## "ജനപങ്കാളിത്തത്തോടെയുള്ള സമഗ്ര വികസനം നമ്മുടെ ലക്ഷ്യം"

PRINTED AT RASHTRA DEEPIKA PRESS, KOCHI

345

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

"ഒൻപതാം പദ്ധതി ജനകീയപദ്ധതി"

# വികസന സെമിനാർ

# റിപ്പോർട്ട്


1996 ഡിസംബർ 11 ബുധൻ

മഞ്ഞള്ളൂർ കമ്മ്യൂണിറ്റിഹാൾ




# ഇൻഡ്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ്

# മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് പ്രധാന റോഡുകൾ



# മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് ഭൂപ്രകൃതി





സ്നേഹമുള്ളവരെ,

കേരളത്തിന്റെ ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്നും ആസൂത്രണം ചെയ്യുന്നതിന്റെ സുപ്രധാനഘട്ടത്തിലേക്ക് നാം എത്തിയിരിക്കുകയാണ്. ഇതോടനുബന്ധിച്ചുള്ള ഗ്രാമസഭകളും പരിശീലന പരിപാടികളും നടത്തി. വികസന സെമിനാറിൽ സമർപ്പിക്കുവാനുള്ള നമ്മുടെ പഞ്ചായത്തിന്റെ സമഗ്രമായ ഒരു വികസനറിപ്പോർട്ട് തയ്യാറായിരിക്കുന്നു. അടുത്ത അഞ്ചു വർഷത്തേക്ക് നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കേണ്ട കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ റിപ്പോർട്ട് തികച്ചും പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല. വിശേഷാൽ ഗ്രാമസഭകളിൽ നിങ്ങൾ നിർദ്ദേശിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിന്റെ പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ അവ വീണ്ടും ഉൾപ്പെടുത്തി സമഗ്രമായ റിപ്പോർട്ടുണ്ടാക്കാൻ സാധിക്കും. ഈ റിപ്പോർട്ടുതയാറാക്കു ന്നതിനുവേണ്ടി പ്രയത്നിച്ച പഞ്ചായത്ത് സമിതി അംഗങ്ങൾ, കോ ഓർഡിനേറ്റർ, ജില്ലാ തല പരിശീലകർ, വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ, ഗ്രാമസഭാംഗങ്ങൾ എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നുള്ള എല്ലാസംരംഭങ്ങളിലും ഈ പഞ്ചായത്തിലെ മുഴുവൻ ആളുകളുടെയും സഹകരണം പ്രതീക്ഷിച്ചുകൊള്ളുന്നു. എല്ലാവരുടെയുംസഹകരണത്തോടുകൂടി സ്വയംപര്യാപ്തവും സമ്പൽ സമൃദ്ധവുമായ ഒരു പഞ്ചായത്തിന് രൂപം നൽകുവാൻ നമുക്ക് കഴിയട്ടെ യെന്നാശംസിച്ചുകൊണ്ട്.

സ്നേഹാദരങ്ങളോടെ

മഞ്ഞളൂർ
11 - 12 - 1996

ആർസി ജോസ്
പഞ്ചായത്ത് പ്രസിഡന്റ്

# പഞ്ചായത്ത് ഭരണ സമിതി



ജില്ലാ മെമ്പർ
എൻ.ജെ. ജോർജ്ജ്



പ്രസിഡൻറ്
ആൻസി ജോസ്



ബ്ലോക്ക് മെമ്പർ
ജോസി ജോളി വട്ടക്കുഴി



വൈസ് പ്രസിഡൻറ്
അഗസ്റ്റ്യൻ തോമസ്



സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
മത്തായി വർക്കി



ശെൽവരാജ് ശ്രീധരൻ
മെമ്പർ വാർഡ് III

ശ്രീമതി ഡോളി കുര്യാക്കോസ് M. A. B. Ed
വാർഡ് മെമ്പർ V



വി. പി. മോഹനൻ
മെമ്പർ, വാർഡ് VI



ശ്രീമതി ജയ ജോർജ്ജ്
മെമ്പർ, വാർഡ് VII



ശ്രീമതി ഷൈനി ജോൺ
മെമ്പർ, വാർഡ് VIII



സെക്രട്ടറി
കെ.എം. പൗലോസ്

## മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ജീവനക്കാർ

1. ശ്രീ. കെ.എം. പൗലോസ് - സെക്രട്ടറി
2. ശ്രീ. പി.റ്റി. ചാക്കോ - ഹെഡ് ക്ലാർക്ക്
3. ശ്രീ. എം. എൻ. വിജയൻ - യു.ഡി. ക്ലാർക്ക്
4. ശ്രീ. പോൾ റ്റി. സിസിലി - യു.ഡി. ക്ലാർക്ക്
5. ശ്രീ. വി.എസ്സ്. കലേഷ് - എൽ.ഡി. ക്ലാർക്ക്
6. ശ്രീ. ഐസക്ക് ചാക്കോ - എൽ.ഡി ക്ലാർക്ക്
7. ശ്രീ. സണ്ണി ജോസഫ് - പ്യൂൺ
8. ശ്രീ. റ്റി.എം. മക്കാർ - പാർട്ട് ടൈം ലൈബ്രേറിയൻ
9. ശ്രീ. വർഗിസ് വർഗിസ് - പാർട്ട് ടൈം സ്വീപ്പർ
10. ശ്രീ. എസ്സ് ശിവശങ്കരൻ നായർ - പാർട്ട് ടൈം സ്വീപ്പർ

# മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

# വികസനറിപ്പോർട്ട്

## ആമുഖം

കേരളത്തിൻെറ ഒമ്പതാം പദ്ധതി ജനപങ്കാളിത്വത്തോടുകൂടി രൂപപ്പെട്ടുവരികയാണ്. അതിരു കവിഞ്ഞ കേന്ദ്രീകരണം മൂലം ആസൂത്രണം പരസ്പര ബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാ ക്കലായിരുന്നു ഇതു വരെ ജനപങ്കാളിത്വത്തോടെ താഴെതട്ടിൽ നിന്ന് ഒമ്പതാം പദ്ധതിയുടെ 35%- 40% തുകയ്ക്കു വരുന്ന സ്കീമുകൾ രൂപപ്പെടുത്തി എടുക്കുക എന്നുള്ളതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ലക്ഷ്യം. ഈലക്ഷ്യപ്രാപ്തി ക്കുവേണ്ടി രാഷ്ട്രീയാതീതമായി സംഘടന കളെയും ഉദ്യോഗസ്ഥന്മാരെയും , വിദഗ്ധ രെയും, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഒരുമിച്ച് അണിനിരത്തി ഒരുപുതിയ ശൈലിക്ക് ജനാവബോധം മാറ്റി എടുക്കുന്നതിൻെറ ഭാഗമായി കേരളത്തിലുടനീളം പരിശീലന പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു.

മൂവാറ്റുപുഴ ടൗൺഹാളിൽ വച്ചുനടന്ന പരിശീലനത്തിൽ പങ്കെടുക്കാൻ പഞ്ചായത്തിൽ നിന്നും ശ്രീ. പി. വി. മത്തായി, ശ്രീമതി ഡോളി കുര്യാക്കോസ്, ശ്രീ. കെ. ജെ. എബ്രാഹം, ശ്രീ. ഈ. കെ. സുരേഷ്, ശ്രീ. ജോർജ് സൈമൺ, ശ്രീ ദിവാകരൻ നായർ വി. ആർ., ശ്രീമതി ജോസി ജോളി എന്നിവരെ തെരഞ്ഞെടുത്തു ഇവരിൽ നിന്നും കോ ഓർഡിനേറ്റർ ആയി ശ്രീമതി ജോസി ജോളിയെ തെരഞ്ഞെടുത്തു. ഓരോവാർഡിൽ നിന്നും പഞ്ചായത്ത് മെമ്പറന്മാർ ഉൾപ്പെടെ 5 പേരെ വീതം പങ്കെടുപ്പിച്ചുകൊണ്ട് 14. 9. 96 ൽ നമ്മുടെ പഞ്ചായത്തിലെ ഏകദിന പരിശീലന പരിപാടി നടത്തപ്പെട്ടു. പഞ്ചായത്തു പ്രസിഡൻറ് ശ്രീമതി ആൻസി ജോസിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജില്ലാ മെമ്പർ ശ്രീ. എൻ. ജെ. ജോർജ് പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീ. ജോർജ് സൈമൺ, ശ്രീ. ദിവാകരൻ വി. ആർ. ശ്രീ. എബ്രാഹം കെ. ജെ. ശ്രീമതി മോളി എബ്രാഹം, ശ്രീമതി. ജോസി ജോളി എന്നിവർ ക്ലാസ്സുകൾ എടുത്തു. ആറുമണിയോടെ പരിശീലന പരിപാടി കൾ സമാപിച്ചു.

ഒമ്പതാം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി പഞ്ചായത്ത് പ്രസിഡൻറ് വാർഡ് മെമ്പേഴ്സ് കോ ഓർഡിനേറ്റർ, സെക്രട്ടറി, ഡി. ആർ. പി. മാർ എന്നിവരുടെയോഗം ചേരുകയും ഗ്രാമസഭയുടെ നടത്തിപ്പിനെക്കുറിച്ച് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. അതനുസരിച്ച് എല്ലാ വാർഡിലും ഗ്രാമസഭകൾ നന്നായിതന്നെ സംഘടിപ്പി ക്കപ്പെട്ടു.

ജില്ലാ തല രണ്ടാംഘട്ടപരിശീലനം 1996 ഒക്ടോബർ 22, 23, 24 തീയതികളിൽ മൂവാറ്റുപുഴ ടൗൺഹാളിൽ നടന്നു.വികസന റിപ്പോർട്ട് എങ്ങനെ തയ്യാറാക്കണം എന്നതായിരുന്നു രണ്ടാം ഘട്ടപരിശീലനത്തിൻെറ ഉള്ളടക്കം. രണ്ടാംഘട്ടം പ്രദേശിക പരിശീലനം 9.11.96 നു നടന്നു വികസന റിപ്പോർട്ട് തയ്യാറാക്കുന്നതു സംബന്ധിച്ച് പ്ലാനിംഗ് ബോർഡിൻെറ വീഡിയോകാസറ്റ് പ്രദർശിപ്പിച്ചത് പരിശീലകർക്ക് ഏറെ സഹായകമായി ആ യോഗത്തിൽ വച്ച് വാർഡ് മെമ്പറന്മാർ ചെയർമാൻ മാരായും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാർ കൺവീനർ മാരായും 12 ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവരുടെ മേൽനോട്ടത്തിൽ 12 ഗ്രൂപ്പുകളുടെയും വിവരങ്ങൾ ശേഖരിക്കുകയും, വികസന റിപ്പോർട്ടിൻെറ ആദ്യപടിയായി ഒരോന്നിനെ ക്കുറിച്ചും ചെറു റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. പഞ്ചായത്തിൻെറ സാമൂഹിക സാംസ്കാരിക• പശ്ചാത്തലം, ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഷന്മാരുടെ അഭിപ്രായങ്ങൾ, ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും. ഡേറ്റാ കളക്ഷൻസ്, പഠനപര്യടനം ഇവയൊക്കെയാണ് ഈവികസന റിപ്പോർട്ട് നിർമാണസഹായികൾ ആയി വർത്തിച്ചത്.

# പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും.

L. S. / 79885 / 50 / 51 dt. 29. 9. 1951 ലെ ഉത്തരവിൻ പ്രകാരം മഞ്ഞള്ളൂർ പഞ്ചായത്ത് രൂപം കൊണ്ടിട്ടുള്ളതാണെങ്കിലും പ്രവർത്തന ക്ഷമമായത് 1953 ലാണ്. തുടക്കത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുപോന്ന പഞ്ചായത്താഫീസ് പിന്നീട് വാഴക്കുളം പള്ളിയിൽ നിന്ന് ദാനമായി ലഭിച്ച സ്ഥലത്ത് കെട്ടിടം പണിത് പ്രവർത്തനം ആരംഭിച്ചു.

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | മഞ്ഞള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | മഞ്ഞള്ളൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | മൂവാറ്റുപുഴ |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർ | - | ശ്രീമതി ജോസി ജോളി |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | കല്ലൂർക്കാട് |
| ജില്ലാപഞ്ചായത്ത് മെമ്പർ | - | ശ്രീ. എൻ. ജെ. ജോർജ് |
| താലൂക്ക് | - | മൂവാറ്റുപുഴ |
| ജില്ല | - | എറണാകുളം |
| അസംബ്ലിമണ്ഡലം | - | മൂവാറ്റുപുഴ<br>ശ്രീ ജോണി നെല്ലൂർ എം. എൽ. എ. |
| ലോകസഭാമണ്ഡലം | - | മൂവാറ്റുപുഴ<br>ശ്രീ. പി. സി. തോമസ് എം. പി. |
| വിസ്തീർണം | - | 23.02 ച. കി. മി |
| അതിരുകൾ | - | വടക്ക് കല്ലൂർക്കാട് പഞ്ചായത്ത്<br>കിഴക്ക് കുമാരമംഗലം പഞ്ചായത്ത്<br>തെക്ക് തൊടുപുഴ ആറ്<br>പടിഞ്ഞാറ് ആവോലി പഞ്ചായത്ത് |

**ജനസംഖ്യാ** (1991 കാനേഷുമാരി)

| | | |
|---|---|---|
| പുരഷൻന്മാർ | - | 6825 |
| സത്രീകൾ | - | 6967 |
| ആകെ ജനസംഖ്യ | - | 13792 |
| വാർഡുകളുടെ എണ്ണം | - | 8 |

354

| | | |
|---|---|---|
| പ്രസിഡൻറ് | - | ശ്രീമതി ആൻസി ജോസ് പെരുമ്പിള്ളിക്കുന്നേൽ |
| വൈസ് പ്രസിഡൻറ് | - | ശ്രീ അഗസ്റ്റ്യൻ തോമസ് തേവർപാടം |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | ശ്രീ. പി. വി. മത്തായി പൈയ്ക്കാട്ട് |

## പഞ്ചായത്ത് സമിതി അംഗങ്ങൾ

1. ശ്രീ. സെൽവരാജ് ശ്രീധരൻ
2. ശ്രീമതി ഡോളി കുര്യാക്കോസ്
3. ശ്രീ. മോഹനൻ വി. പി.
4. ശ്രീമതി ജയ ജോർജ്
5. ശ്രീമതി ഷൈനി ജോൺ

സെക്രട്ടറി - ശ്രീ കെ. എം. പൗലോസ്

## മുൻകാല പഞ്ചായത്തും പ്രസിഡൻറുമാർ

1. ശ്രീ. പി. എം. വറുഗീസ് പുതിയകുളങ്ങര
2. ശ്രീ. എൻ. എം. വറുഗീസ് നമ്പ്യാപറമ്പിൽ
3. ശ്രീ. എൻ. പി. ചാക്കോ നിരപ്പത്ത്
4. ശ്രീ. ഇ. എൻ. കൃഷണൻനായർ പുരുഷോത്തമ വിലാസ്
5. ശ്രീ. എൻ. വി. മാണി നമ്പ്യാപറമ്പിൽ
6. ശ്രീ. എം. കെ. ജോൺ മെതിപ്പാറ
7. ശ്രീ. എൻ. ജെ. ജോർജ് നമ്പ്യാപറമ്പിൽ
8. ശ്രീ. വർക്കിച്ചൻ തുരുത്തേൽ

# സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം

10 ാ നൂറ്റാണ്ടിൽ കൊല്ലിനും കൊലയ്ക്കും അധികാരം ഉണ്ടായിരുന്ന മഞ്ഞള്ളൂർ കർത്താക്കൾ എന്ന ഇടപ്രഭുക്കന്മാരുടെ ചരിത്രം മുതൽ മഞ്ഞള്ളൂർ അറിയപ്പെടാൻ തുടങ്ങി. ഏനാനല്ലൂർ കുഴിച്ചിട്ടകല്ലുഭാഗം മുതൽ ഗണപതിക്കുന്ന്, മണിയന്ത്രം, കുമാരമംഗലം വരെ ഇവരുടെ അധികാരസീമയിൽ പെട്ടിരുന്നു. കോയിക്കൽ കൊട്ടാരം, നീർക്കോലി പാറയ്ക്കപ്പുറം ആലങ്കുമാരിയ്ക്ക് പടിഞ്ഞാറും, കച്ചേരി കുമാരമംഗലത്തും സ്ഥിതി ചെയ്തിരുന്നു. കുമാരമംഗലം പകുതിയിൽ ഉൾപ്പെട്ടതായിരുന്നു. മഞ്ഞള്ളൂർ. വാഴക്കുളം ചിറമലത്തിൽ ജന്മിമാർക്ക് സ്നാനാദി കർമ്മങ്ങൾക്ക് നിർമ്മിച്ചതായിരുന്നു.



തിരുവിതാംകൂർ രാജഭരണമായപ്പോൾ ദളവ ചുമതലക്കാരനായി മാറി. ബ്രിട്ടീഷ് ഗവൺമെൻറുമായി ബന്ധമുണ്ടായതോടെ ദളവ ദിവാൻ എന്നായി മാറി ദിവാനുതാഴെ നാട്ടുപ്രമാണിമാരായിരുന്നു. ഭരണ ശൃംഖലയിലെ പ്രധാന വ്യക്തിയായ കാര്യക്കാരനെ മഹാരാജാവ് നേരിട്ട് നിയമിച്ചുപോന്നു. ദിവാൻ കേണൽ മൺട്രോക്കുശേഷം തഹസീൽ ദാർ എന്ന പേര് ഉദ്യോഗസ്ഥനു വന്നു. തഹസീൽദാർമാർക്ക് കീഴിൽ പ്രവർത്തിയാരന്മാർ കച്ചേരിയിൽ ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ ഭരണം നടത്തിപോന്നു. കേരളപിറവിക്കുശേഷം ഈ പ്രവർത്തിയാരന്മാർ വില്ലേജ് ഓഫീസറന്മാരായി.

1938 ഒക്ടോബർ 18 ാം തിയതി ചെവ്വാഴ്ച വാഴക്കുളം ചന്തമൈതാനിയിൽ ശ്രീമതി. അക്കാമ്മചെറിയാൻെറ അദ്ധ്യക്ഷതയിൽ ഒരു കോൺഗ്രസ് സമ്മേളനം നടത്തി. കോൺഗ്രസ് എന്ന സംഘടന ഔപചാരികമായി ഇവിടെ ഉദ്ഘാടനം ചെയ്യപ്പെട്ടത് അന്നായിരുന്നു. പി. എം. വറുഗീസ് ആയിരുന്നു. സർ സി. പി. രാമസ്വാമിക്കെതിരായ മെമ്മോറാണ്ഡം പിൻവലിക്കാൻ ഗാന്ധിജിയുടെ നിർദ്ദേശാനുസരണം കോൺഗ്രസ് സംഘടനാ തീരുമാനിച്ചത് പാർട്ടിയിൽ പിളർപ്പ് ഉണ്ടാക്കി. കുറെ നേതാക്കൾ കമ്മ്യൂണിസ്റ്റു പാർട്ടിയിൽ ചേർന്നു.

1944 ജൂലൈയിൽ ശ്രീ. പി. എം. വറുഗീസ് സ്വതന്ത്രസ്ഥാനാർത്ഥിയായി ശ്രീമൂലം അസംബ്ളിയിലേയ്ക്ക് തൊടുപുഴ മീനച്ചിൽ നിയോജക മണ്ഡലത്തിൽ മത്സരിച്ചു.

1947 ജൂൺ 11 ാം തിയതി സ്വതന്ത്ര തിരുവിതാം കൂറിന് എതിരായി വാഴക്കുളത്തെ 150 ഓളം പേർ സമരത്തിനിറങ്ങി. ഇവർക്ക് നേതൃത്വം നൽകിയത് എൻ. എം. വറുഗീസ് നമ്പ്യാപറമ്പിലും

കെ. സി. വർക്കി കുറ്റിക്കാട്ടും ആണ്. 1947 ആഗസ്റ്റ് 15 ന് ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ചു എങ്കിലും ദിവാനെ ഭയപ്പെട്ട് സാധാരണക്കാർ സ്വാതന്ത്ര്യം ആഘോഷങ്ങളിൽ പങ്കെടുക്കാൻ ധൈര്യപ്പെട്ടില്ല. എന്നാൽ വാളക്കുളത്ത് 15 ാം തീയതി രാവിലെ 9.30 ന് അനേകരുടെ സാന്നിദ്ധ്യത്തിൽ ത്രിവർണ്ണ പതാക ഉയർത്തുകയും ശ്രീ. ഒ. എം. ജോസഫ് ഓലിക്കൽ സ്വാതന്ത്ര്യ ദിനസന്ദേശം നൽകുകയും ചെയ്തു. ഇവിടത്തെ കോൺഗ്രസ് സന്നദ്ധസേന തൊടുപുഴയ്ക്കും മാർച്ചു ചെയ്ത് ത്രിവർണ്ണ പതാക പാറിച്ചു. ഇന്നാട്ടിലെ അറിയപ്പെടുന്ന സ്വാതന്ത്ര്യസ്മര സേനാനികൾ ശ്രീ എൻ എം. വറുഗീസ് നമ്പ്യാപറമ്പിൽ. ശ്രീ. ലൂക്കാച്ചൻ കളിരിക്കത്തൊട്ടിയിൽ ശ്രീ. മാത്തൻ കർത്താ തടത്തിൽ, ശ്രീ. വർക്കി സി. കുറ്റിക്കാട്ട്. ശ്രീ.വറുഗീസ് കളരിക്കത്തൊട്ടിയിൽ ശ്രീ. എം. എം. വറുഗീസ് മാളിയേക്കൽ, ശ്രീ. ജോസഫ് കാട്ടാംകോട്ടിൽ ശ്രീ.മത്തായി ഓലി മാട്ടേൽ, ശ്രീ. ജോസഫ് തെക്കേക്കര തുടങ്ങി യവരാണ്.

*ഇന്ന് മഞ്ഞള്ളൂർ പഞ്ചായത്തിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വേരൂന്നിയിട്ടുണ്ട്. കേരളത്തിലെ ഇതര ഭാഗങ്ങളിലെപ്പോലെ ഇവിടെയും രാഷ്ട്രീയ രംഗം സജീവമാണ്.*

*ഒരു കാർഷിക സാംസ്കാരം പിന്തുടർന്നു പോരുന്ന പഞ്ചായത്താണ് മഞ്ഞള്ളൂർ ഇവിടുത്തെ സ്ഥലനാമങ്ങൾ പലതും ഭൂപ്രകൃതിയുമായും കൃഷിയുമായും ബന്ധപ്പെട്ടുകിടക്കുന്നു. ഉദാ. തെക്കും മല, നെടുമല, വാഴക്കുളം, കദളിക്കാട്, രണ്ടുപ്ലാക്കൽപ്പാറ, മടക്കത്താനം.*

1948 ൽ നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. പി. എം. വറുഗീസും 1957 ൽ ശ്രീ. സി. എ. മാത്യു ചൂരാപ്പുഴയും നമ്മുടെ പഞ്ചായത്തിൽ നിന്നു നിയമസഭ പ്രതിനിധാനം ചെയ്തു.

സ്വാതന്ത്ര്യസമരകാലത്തും അതിനു ശേഷവും ഉന്നതരായ അനേകം രാഷ്ടീയ നേതാക്കൾ വാഴക്കുളം സന്ദർശിച്ചു. 1954 ഫെബ്രുവരി 6 ാം തിയതി ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹറു വാഴക്കുളം സന്ദർശിച്ചു. ശ്രീമതി ഇന്ദിരാഗാന്ധി ശ്രീ. യു. എൻ ധോബാർ തുടങ്ങിയവരും നമ്മുടെ നാട് സന്ദർശിച്ചവരിൽ പെടുന്നു.

1972 ൽ കേരളാ കോൺഗ്രസ് ചെയർമാൻ ശ്രീ. കെ. എം. ജോർജ് നയിച്ച കോളേജ് സമരത്തിൽ ഈ പ്രദേശം മുഴുവൻ സമരത്തിന് പിന്തുണ പ്രഖ്യാപിച്ച് ഇളകിവശായി.

ഇന്ന് മഞ്ഞള്ളൂർ പഞ്ചായത്തിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും വേരൂന്നിയിട്ടുണ്ട്. കേരളത്തിലെ ഇതര ഭാഗങ്ങളിലെപ്പോലെ ഇവിടെയും രാഷ്ട്രീയ രംഗം സജീവമാണ്.

ഒരു കാർഷിക സാംസ്കാരം പിന്തുടർന്നു പോരുന്ന പഞ്ചായത്താണ് മഞ്ഞള്ളൂർ ഇവിടുത്തെ സ്ഥലനാമങ്ങൾ പലതും ഭൂപ്രകൃതി യുമായും കൃഷിയുമായും ബന്ധപ്പെട്ടുകിടക്കുന്നു. ഉദാ. തെക്കും മല, നെടുമല, വാഴക്കുളം, കദളിക്കാട്, രണ്ടുപ്ലാക്കൽപ്പാറ, മടക്കത്താനം.

ഉടമസ്ഥനും കൂലിക്കാരനും ഒരുമിച്ച് നിന്ന് പണിയെടുത്തിരുന്ന ഒരു കാർഷിക സാംസ്കാരം നമുക്കുമുണ്ടായിരുന്നു. കൃഷിപ്പണികൾ പലതും താളമേളങ്ങളോടെ ആടിയും പാടിയും ചെയ്തു പോന്നിരുന്നു: അവ മനസുകൾക്ക് ഉല്ലാസം നൽകാനും പര്യാപ്തമായിരുന്നു.

1869 ൽ ബ്രിട്ടീഷ് റസിഡൻറ് മെല്ലാട്ട് സാഹിബ് കൊമേന്ത സന്ദർശിച്ചപ്പോൾ വാഴക്കുളത്ത് ചന്ത സ്ഥാപിക്കാനും, മൂവാറ്റുപുഴ തൊടുപുഴ

റോഡ് നിർമ്മിക്കാനും അപേക്ഷ നൽകുകയും അനുകൂലമായ മറുപടി ലഭിക്കുകയും ചെയ്തു 1897 മാർച്ച് 2 ന് തൊടുപുഴ തഹസിൽദാർ വാഴക്കുളം ചന്ത ഔപചാരികമായി ഉത്ഘാടനം ചെയ്തു. എല്ലാ സമുദായക്കാരും ഒത്തുകൂടുന്ന വാഴക്കുളം ചന്തയിൽ സമുദായ വഴക്കുകളൊന്നും ഉണ്ടായിട്ടില്ലയെന്നുള്ളത് പ്രസ്താവ്യമാണ് 1945 നു ശേഷം വാഴക്കുളം മാർക്കറ്റിനെ നിയന്ത്രിക്കുന്നത് പൈനാപ്പിളാണ്. അയൽനാടുകളിൽ പ്രസിദ്ധമായിരുന്ന വാഴക്കുളം കാളവയൽ ഗവ. വക സ്ഥലമില്ലാത്ത കാരണത്താൽ നിന്നുപോയി. 1913 ൽ മോൺ. സലേസ്കി കൊമേന്ത സന്ദർശിച്ചപ്പോഴാണ് ആദ്യമായി വാഴക്കുളത്ത് മോട്ടോർകാർ പ്രത്യക്ഷപ്പെട്ടത്. 1924 ൽ ഇവിടെ ബസ് ആദ്യമായി വന്നു. 1949 ൽ വൈദ്യുതി വിളക്കും റേഡിയോയും നിലവിൽവന്നു 1956 ൽ സിനിമ പ്രദർശനം ആരംഭിച്ചു. 1959 ൽ വാഴക്കുളത്ത് ഒരാശുപത്രി സ്ഥാപിച്ചു. അതാണ് ഇപ്പോഴത്തെ വാഴക്കുളം സെൻറ് ജോർജ്ജ് ആശുപത്രി. 18 . 8 - 1972 ൽ സർക്കാർ ആശുപത്രി സ്ഥാപിക്കപ്പെട്ടു .

കൊല്ലവർഷം 1099 മിഥുനം 20 ാ തീയതി 751 ാം നമ്പർ സഹകരണസംഘം ആരംഭിച്ചു 1947 ആഗസ്റ്റ് 3 ാം തിയതി 28 അംഗങ്ങൾ 305 രൂപ പ്രവരത്തന മൂലധനവുമായി 2824 ാം നമ്പർ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു.

കേരവൃക്ഷങ്ങൾ, പച്ചപുതച്ച പാടശേഖരങ്ങൾ, പരപ്പാർന്ന പൈനാപ്പിൾ തോട്ടങ്ങൾ, വിസ്തൃതമായ റബ്ബർ തോട്ടങ്ങൾ ഇവയ്ക്ക് മദ്ധ്യത്തിൽ ഉയർന്നു നിൽക്കുന്ന 3 കുന്നുകൾ കർമ്മല കൊമേന്ത, ഫൊറോനപള്ളി കർമ്മലീത്താ മഠം. ഇവയോടുബന്ധിച്ചുള്ള സരസ്വതീക്ഷേത്രങ്ങൾ ഇവയിൽ നിന്നൊഴുകുന്ന ആദ്ധ്യാത്മീകവും വിദ്യാഭ്യസപരവുമായ നീരൊഴുക്കുകൾ ഇവ എക്കാലവും നമ്മുടെ നാടിനെ സമ്പന്നമാക്കിയിട്ടുണ്ട്. നമ്മുടെ നാടിൻെറ ആചാരാനുഷ്ടാനങ്ങളും വിശ്വാസങ്ങളുമായി കൈകോർത്തു പിടിച്ചുകൊണ്ട് ക്ഷേത്രങ്ങളും (ആലങ്കമാരി, മണിയന്തടം കാപ്പ്, വാണർകാവ് തലമറ്റം ശിവക്ഷേത്രം, പൂണുത്ത്കാവ്, കുറഞ്ഞിലിക്കാട്ട്കാവ്, പുത്തൻകാവ് നെടുംപാറശിവക്ഷേത്രം) ........ നമ്മുടെ മഹത്തായ മതസഹിഷ്ണതയുടെ നിദർശനമായി ഒരു മുസ്ലീം ദേവാലയവും ഈ പഞ്ചായത്തിലുണ്ട്. എല്ലാ മതങ്ങളേയും സംസ്കാരത്തേയും ആചാരങ്ങളേയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു ജനസഞ്ചയമാണ് മഞ്ഞള്ളൂർ പഞ്ചായത്തിലേത്. ഒപ്പം ആശുപത്രി, ബാലഭവൻ, സ്കൂളുകൾ, വായന ശാല, .. കമ്പോളം, പൊതുസ്ഥാപനങ്ങൾ ഇവയും മഞ്ഞള്ളൂർ പഞ്ചായത്ത്നിവാസികളുടെ ജീവിതത്തെ സ്വാധീനിക്കുന്നു.

കേരവൃക്ഷങ്ങൾ, പച്ചപുതച്ച പാടശേഖരങ്ങൾ, പരപ്പാർന്ന പൈനാപ്പിൾ തോട്ടങ്ങൾ, വിസ്തൃതമായ റബ്ബർ തോട്ടങ്ങൾ ഇവയ്ക്ക് മദ്ധ്യത്തിൽ ഉയർന്നു നിൽക്കുന്ന 3 കുന്നുകൾ കർമ്മല കൊമേന്ത, ഫൊറോനപള്ളി കർമ്മലീത്താ മഠം. ഇവയോടുബന്ധിച്ചുള്ള സരസ്വതീക്ഷേത്രങ്ങൾ ഇവയിൽ നിന്നൊഴുകുന്ന ആദ്ധ്യാത്മീകവും വിദ്യാഭ്യസപരവുമായ നീരൊഴുക്കുകൾ ഇവ എക്കാലവും നമ്മുടെ നാടിനെ സമ്പന്നമാക്കിയിട്ടുണ്ട്.


# ഭൂപ്രകൃതി

ഭൂമിശാസ്ത്രപരമായി കുന്നുകൾ, ചരിവു പ്രദേശങ്ങൾ, താഴ്‌വരകൾ, സമതലങ്ങൾ അവയെല്ലാം നിറഞ്ഞതാണ് പഞ്ചായത്ത്.

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ 40% ഉൾക്കൊള്ളുന്ന കുന്നിൽ നല്ലൊരു ഭാഗം പാറകളാണ് ബാക്കി കുന്നിൻ പ്രദേശങ്ങളിൽ റബ്ബർ, പൈനാപ്പിൾ തെങ്ങ് ഇവ കൃഷിചെയ്യുന്നു.

ചരിവുപ്രദേശങ്ങളിൽ റബ്ബർ, തെങ്ങ്, പൈനാപ്പിൾ, വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, ജാതി , കൊക്കോ കുരുമുളക്, കമുക്, കശുമാവ്, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവവയെല്ലാം കൃഷി ചെയ്യുന്നു.

താഴ്‌വരയിൽ മരച്ചീനി, മഞ്ഞൾ ഇഞ്ചി, കച്ചോലം പൈനാപ്പിൾ എന്നിവകൃഷി ചെയ്യുന്നു. ഇവിടത്തെ മണ്ണ് പൊതുവെചെങ്കൽ ചേർന്ന മണ്ണാണ് പൊതുവെ അഭ്യസ്തവിദ്യരായ ആളുകളാണ് ഇവിടെയുള്ളത്. എസ്. എസ്. എൽ. സി., ബി. എ., എം. എ., എൻജിനീയറിംഗ്, വൈദ്യശാസ്ത്രം തുടങ്ങിയ വിവിധ ഗ്രേഡുകളിൽ വിദ്യാഭ്യാസം ഉള്ള അനേകം ആളുകൾ ഇവിടെയുണ്ട്.





# കൃഷിയും ജലസേചനവും

23.02 ച. കി മീറ്ററിൽ വ്യാപിച്ചുകിടക്കുന്ന മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ 80% ആളുകൾ കാർഷിക വൃത്തിയെമാത്രം ആശ്രയിച്ചു ജീവിക്കുന്നവരാണ്. പൊതുവെമഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് ഉയർന്ന ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ശരാശരി 3400 മി.മീ മഴയാണ് ഈ പ്രദേശത്ത് ലഭിക്കുന്നത്. പ്രധാനമായും മഴയെമാത്രം ആശ്രയിച്ചാണ് ഇവിടത്തെ കൃഷികൾ. മണ്ണിന്റെ സ്വഭാവത്തെപ്പറ്റിപറയുമ്പോൾ 80% ഉം വെട്ടുകല്ലുചേർന്ന ചരൽമണ്ണാണ് ജൂൺമുതൽ ഒക്ടോബർ വരെ മഴക്കാലവും നവംബർ മുതൽ ജനുവരി വരെ മഞ്ഞുകാലവും ബാക്കിയുള്ള മാസങ്ങൾ ശക്തിയായ വേനൽക്കാലവുമാണ്.

## കാർഷിക ചരിത്രം

ഏതാണ്ടു 50 വർഷം മുമ്പ് ഈ പ്രദേശത്തെ പ്രധാന വിളകൾ നെൽകൃഷി, തെങ്ങ്, കമുക്, കുരുമുളക്ചെടി, വാഴ, ചാമ, ഇഞ്ചി, മഞ്ഞൾ, കച്ചോലം, കമുക് എന്നിവയായിരുന്നു. തെങ്ങ്, കമുക് എന്നിവയ്ക്കു രോഗം ബാധിച്ചതിനെ തുടർന്ന് അവയുടെ സ്ഥാനത്ത് റബ്ബർ, പൈനാപ്പിൾ. കൊക്കോ, ജാതി ഭാഗികമായി തെങ്ങ് എന്നീകൃഷികൾ നടത്തിക്കൊണ്ടിരിക്കുന്നു. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തയും തൊഴിലാളികളുടെ ലഭ്യതക്കുറവും കൂലിക്കൂടുതലും നെല്ലിന്റെ വിലക്കുറവും കാരണം നെൽകൃഷി വളരെയധികം കുറഞ്ഞു വന്നുകൊണ്ടിരിക്കുന്നു. ഏതാണ്ട് 25 വർഷമായി ഈ പ്രദേശത്ത് വ്യാപകമായും സാമാന്യം ശാസ്ത്രീയമായും കൃഷി ചെയ്യാൻതുടങ്ങിയിട്ട്. ഇവിടത്തെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയായ പൈനാപ്പിൾ കൃഷി തെങ്ങിന്റെയും റബ്ബറിന്റെയും ഇടവിളയായും മെയിൻ കൃഷി ആയും കൃഷി ചെയ്തു വരുന്നു. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ പൈനാപ്പിൾ കൃഷിചെയ്യുന്നത് അഭ്യസ്തവിദ്യരും അദ്ധ്വാനശീലരുമായ ഈ പഞ്ചായത്തിലെ ജനങ്ങളാണ്. പൈനാപ്പിളിന്റെ പ്രധാന വിപണിയും ഇവിടെത്തന്നെയാണ് പൈനാപ്പിൾ കൃഷിക്ക് ആവശ്യമായത്ര സ്ഥലം ഇവിടെ ലഭ്യമല്ലാത്തതിനാൽ ഇവിടത്തെ അദ്ധ്വാനശീലരായ ചെറുപ്പക്കാർ കേരളത്തിന്റെ ഇതര ഭാഗങ്ങളിലും സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നു.

ഇവിടെത്തെ കുന്നിൻ പ്രദേശങ്ങളിലും ചരിവു പ്രദേശങ്ങളിലും റബ്ബർ, തെങ്ങ്, പൈനാപ്പിൾ എന്നിവയും സമതലപ്രദേശങ്ങളിൽ നെല്ല്, വാഴ, ഇഞ്ചി, മഞ്ഞൾ, കച്ചൂലം എന്നിവയും വിപുലമായി കൃഷി ചെയ്തുവരുന്നു. ഓരോവിളകളുടെയും ഉല്പാദനക്ഷമത അടുത്ത പേജിൽ കൊടുത്തിരിക്കുന്നു.

## കൃഷി ഭവന്റെ പ്രവർത്തനങ്ങൾ

കാലാകാലങ്ങളിൽ ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന പദ്ധതികളും പദ്ധതികൾക്കായി അനുവദിക്കുന്ന സാമ്പത്തിക സഹായങ്ങളും കാർഷിക വികസനസമിതി, കുരുമുളകു വികസന സമിതി, കേരസമിതി, പാടശേഖരസമിതി എന്നിവയുടെ സഹകരണത്തോടെ കൃഷിഭവന്റെയും ഗ്രാമപഞ്ചായത്തിന്റെയും മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും ഈ പഞ്ചായത്തിലെ ബഹുശതങ്ങളായ കൃഷീവലന്മാർക്ക് സാമ്പത്തിക സഹായ സഹകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു.

പ്രധാനമായും നെൽകൃഷി, തെങ്ങ്,

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തഉല്പാദനം | ഉല്പാദക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 165 | | 1.75 ടൺ |
| നെല്ല് രണ്ടാംവിള | 165 | | 1.85 ടൺ |
| പയർ | 60 | | 45 ടൺ |
| എള്ള് | 20 | | ഒരുടൺ |
| പച്ചക്കറികൾ | 10 | | 7 ടൺ |
| തെങ്ങ് | 260 | | 40 തേങ്ങ തെങ്ങിന് |
| വാഴ | 80 | | 7 കിലോ ഓരോവാഴയ്ക്കും |
| മരച്ചീനി | 20 | | 10 ടൺ ഹെക്ടർ |
| കുരുമുളക് | 45 | | 1000 കിലോ ഹെക്ടർ |
| പ്ലാവ് | 3 | | |
| കശുമാവ് | 4 | | |
| മാവ് | 3 | | |
| റബ്ബർ | 800 | | 2000 കിലോ ഹെക്ടർ |
| കമുക് | 45 | | 2 മെട്രിക്ടൺ ഹെക്ടർ |
| പൈനാപ്പിൾ | 1500 | | 10 ടൺ ഹെക്ടർ |
| ജാതി | 5 | | 1 ടൺ |

സുഗന്ധവിളകൾ ഇവയ്ക്ക് മുഖ്യ പ്രാധാന്യം നല്കികൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നെൽകൃഷിക്കായി അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ സമിതികൾ മുഖാന്തിരം വിതരണചെയ്യുക, നെൽകൃഷിക്കാർക്ക് ഉല്പാദന ബോണസ് നല്കുക, കൂട്ടായ കൃഷി രീതി അവലംബിക്കുക, കൃഷിക്കാർക്ക് ആവശ്യമുള്ള ട്രാക്ടർ, ടില്ലർ, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, സ്പ്രയർ മുതല്ായവ ലഭ്യമാക്കുക. പാടശേഖരത്തിൻെറ പാർശ്വഭിത്തികൾ കെട്ടുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക മുതലായ പ്രവർത്തനങ്ങളാണ് നെൽകൃഷിയുടെ അഭിവൃദ്ധിക്കായി ഊന്നൽ നല്കികൊണ്ടിരിക്കുന്നകാര്യങ്ങൾ.

ഈ ഗ്രാമപഞ്ചായത്തിലെ മറ്റൊരു പ്രധാനവിളകയായ കേരകൃഷിക്ക് പലവികസനപദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. ജലസേചന ദൗർലഭ്യം നാളികേരവിളവിനെ വളരെയധികം പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് ആയതിനാൽ ജലസേചനത്തിനായി സബ്സിഡിനിരക്കിൽ കിണറുകൾ കുഴിപ്പിക്കുക, എല്ലാ വാർഡിലും ബ്രാഞ്ചു കനാലുകൾ ഉണ്ടാക്കുക. പമ്പുസെറ്റുനല്കുക, വളം വിതരണം ചെയ്യുക, കേടുവന്ന തെങ്ങ് സാമ്പത്തിക സഹായം കർഷകനു നല്കി വെട്ടിച്ചുകളയുക, നല്ല നടീൽ വസ്തുക്കൾ വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികൾ ആവിഷ്കരിക്കണം.

## നടീൽ വസ്തു വിതരണം

എണ്ണം

| ഇനം | 1993 - 1994 | 19941995 | 1995 1996 |
|---|---|---|---|
| തെങ്ങ് | 575 | 950 | 1020 |
| കശുമാവ് | | | |
| കുരുമുളക് | | 5000 | 10000 |
| കമുക് | 1000 | 600 | 80 |
| ഗ്രാമ്പൂ | 100 | 100 | 100 |

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽകൃഷിഭവൻവഴി 1993 - 1994, 1994 - 1995, 1995- 1996 ഈ സാമ്പത്തികവർഷത്തിൽ പ്രകൃതിക്ഷോഭത്തിനിരയായ കർഷകർക്കു കൊടുത്തസാമ്പത്തിക സഹായം ചുവടെ ചേർക്കുന്നു.

## ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശത്തിൻെറ വിസ്തീർണ്ണംഹെക്ടറിൽ വരൾച്ച, വെള്ളപ്പൊക്കം | ധനസഹായം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1993 - 1994 | 9320 | 3 |
| 1994 – 1995 | 39920 | 29 |
| 1995 - 1996 | 6665 | 21 |

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ കൃഷിഭവനിൽ നിന്നും സബ്സിഡികൊടുത്തിട്ടുള്ള പമ്പ് സെററുകളുടെയും കിണറുകളുടെയും കുളങ്ങളുടെയും സ്ഥിതിവിവരക്കണക്കുകൾ.

| ക്രമനമ്പർ | ഐറ്റം | ആകെ ആണ്ടിൽ |
|---|---|---|
| 1 | കിണറുകൾ | 94 - 95 - 29<br>95 - 96 - 39 |
| 2 | കുളങ്ങൾ | 94 - 95 - 2<br>95 - 96 - 3 |
| 3 | പമ്പുസെറ്റുകൾ | 94 - 95 - 34<br>95 - 96 - 30 |

## കാർഷികകോപകരണ വിവരണസ്ഥിതി വിവരക്കണക്ക്

| ഉഴവുപകരണങ്ങൾ | | | മരുന്നു തെളി ഉപകരണങ്ങൾ | | ഷോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|
| ടാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സെപ്രയർ | നാപ്സ്സാക്ക് സെപ്രയർ | |
| 2 | 2 | 115 | 250 | 75 | 10 |

## കൈവശഭൂമി വിസ്തീർണ്ണസ്ഥിതി വിവരക്കണക്ക്

| നാമമാത്രകർഷകർ ഒരു ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ 1 മുൽ 2 വരെ ഹെക്ടർ | വൻകിടകർഷകർ 2 ഹെക്ടറിനുമുകളിൽ |
|---|---|---|
| 1635 | 659 | 319 |

## മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ വഴി വിതരണം ചെയ്തിട്ടുള്ള രാസവളം കീടനാശിനി സ്ഥിതി വിവരക്കണക്ക്

| സ്ഥാനത്തിൻെറ പേര് | 1993-1994 | | | 1994-1995 | | | 1995-1996 | | |
|---|---|---|---|---|---|---|---|---|---|
| | രാസ വളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | ദ്രവം | ഖരം | | ഖരം | ദ്രവം | | ദ്രവം | ഖരം |
| 751 സർവ്വീസ് സഹകരണബാങ്ക് | 2000 | 800 L | 1200kg | 550mt | 1500kg | 1250L | 700mt | 1250L | 1600kg |

## തെങ്ങ് കൃഷിസംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ

| തെങ്ങ് എണ്ണം | | | | രോഗം ബാധിച്ചതെങ്ങ് | | | | |
|---|---|---|---|---|---|---|---|---|
| തെങ്ങു കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | ആകെ |
| 250ഹെക്ടർ | 13500 | 33000 | 46500 | 17000 | 17000 | 7500 | 5000 | 46500 |

സുഗന്ധവിളകൾക്ക് പ്രാധാന്യം നല്കികൊണ്ടുള്ള ഈ രീതിയാണ് അനേകവർഷങ്ങളായി നടന്നു കൊണ്ടിരിക്കുന്നത്.

പച്ചക്കറികൃഷി വികസനത്തിന് വളരെയധികം പ്രാധാന്യം ഗവൺമെൻറ് നല്കുന്നുണ്ട്. അതിൻെറ ഭാഗമായി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നു. കൃഷിക്കാരുടെ ഇടയിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു വരുന്നു.

വ്യാപകമായ തോതിൽ പൈനാപ്പിൾ കൃഷി ഈ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലും കേരളത്തിലുടനീളവും ഉണ്ടെങ്കിലും പൈനാപ്പിൾ കർഷകർക്കു യാതൊരു സാമ്പത്തികാനുകൂല്യവും നാളിതുവരെ ലഭിച്ചിട്ടില്ല. ടി കർഷകരുടെ സർവ്വോന്മുഖമായ പുരോഗതിക്കുവേണ്ടി ആവശ്യമായതത്ര സബ്സീഡികളും സാമ്പത്തിക ആനുകൂല്യങ്ങളും നല്കണം.

### രോഗ കീടബാധ

നെല്ല് — ബ്ലാസ്റ്റ്, ബ്ലൈറ്റ്, പോളരോഗം, ചാഴി, മൂഞ്ഞ ഇലചുരുട്ടിപുഴു, തണ്ടു തുരപ്പൻ മുതലായ രോഗങ്ങൾ.

തെങ്ങ് — കാറ്റു വീഴ്ച, മഞ്ഞളിപ്പ്, ചെമ്പൻ ചെല്ലി കൊമ്പൻ ചെല്ലി.

കുരുമുളകുചെടി — ദ്രുതവാട്ടം, കീടാക്രമണം.

ഇവയെക്കെതിരെയുള്ള കീടനാശിനി,

കുമിൾനാശിനികൾ ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടിസ്വീകരിക്കുന്നത് കർഷകർക്ക് ഏറ്റവും വലിയ പ്രയോജനമായിരിക്കും.

### കൂലി

ഉഴവ് 300 രൂപ (ഉഴവുകാള ഉൾപ്പെടെ)
കിളയ്ക്കൽ 100 രൂപ
ഞാറുനടീൽ 70 രൂപ ഉച്ചവരെ
കളപറിയ്ക്കൽ 50 രൂപ
കൊയ്ത്ത് 100 രൂപ
തേങ്ങാ ഇടീൽ തെങ്ങൊന്നിന് നാലുരൂപ
റബ്ബർടാപ്പിംഗ് റബ്ബറൊന്നിന് 25 പൈസ
കീടനാശിനി തളിക്കൽ 100 രൂപ

### വിപണനസൗകര്യം

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ പ്രഥമവും പ്രധാനവുമായ വിപണനസൗകര്യം വാഴക്കുളം മാർക്കറ്റാണ്.

സംഭരണകേന്ദ്രം നമുക്കില്ല.

### ചന്ത

എല്ലാ ആഴ്ചയിലും ചൊവ്വാ, വെള്ളി ദിവസങ്ങളിൽ വാഴക്കുളത്ത്. മാർക്കറ്റ് സജീവമായി പ്രവർത്തിക്കുന്നു. പൈനാപ്പിൾ മാർക്കറ്റ് ആഴ്ചയിൽ എല്ലാ ദിവസവും പ്രവർത്തനക്ഷമമാണ്.

### വായ്പാ സൗകര്യങ്ങൾ

ഗ്രാമപഞ്ചായത്തിൽ രണ്ട് കമേഷ്യസൽ ബാങ്കുകൾ ഉണ്ട്.

## കൃഷിക്കാരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും


1. മണ്ണൊലിപ്പ് തടയുന്നതിനായി ഇടക്കയ്യാലകളും ഫ്ലാറ്റ് ഫോമുകളും നിർമ്മിക്കുക. അതിനാവശ്യമായ സാമ്പത്തിക സഹായംനല്കുക.
2. ജലസേചനസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിനടപ്പാക്കുക.
3. എം. വി.ഐ.പി. യുടെ മെയിൻ കനാലിൽ നിന്നും സബ് കനാലുകളും ബ്രാഞ്ചുകനാലുകളും നിർമ്മിച്ച് പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും ജലസേചനത്തിനും കുടിജലത്തിനും സൗകര്യമുണ്ടാക്കുക.
4. പാടശേഖരങ്ങൾ നികത്തുന്നതിനെതിരെ കർശനനടപടി സ്വീകരിക്കുക.
5. നല്ല നടീൽ വസ്തുക്കളും വളങ്ങളും സൗജന്യനിരക്കിൽ യഥാസമയം ലഭ്യമാക്കുക.
6. കർഷകത്തൊഴിലാളികളെ ആവശ്യത്തിനു ലഭ്യമല്ലാത്തതിനാൽ യന്ത്രസാമഗ്രികൾ - ട്രാക്ടർ, ടില്ലർ, ത്രഷർ തുടങ്ങിയവസബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
7. നടീൽയന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം എന്നിവയും സബ്സിഡി കൊടുത്ത് വിതരണം ചെയ്യുക.
8. എല്ലാ കാർഷിക ഉല്പന്നങ്ങൾക്കും തറവില നിശ്ചയിക്കുക.
9. ഉല്പന്ന സംസ്ക്കരണ ഫാക്ടറികൾ സ്ഥാപിക്കുക.
10. നല്ലയിനം വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഒരു അംഗീകൃത നേഴ്സറി ആരംഭിക്കുക.

## ജലസേചനം

1. മൂവറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ മെയിൻ കനാലിൽ നിന്നും കുമാരമംഗലം ഭാഗത്ത് പന്നിപ്പിള്ളി തോട്ടിലേയക്ക് ഒരു സബ് കനാൽ വഴി വെള്ളം കൊണ്ടുവരികയും അവിടെ നിന്നും കദളിക്കാടു ഭാഗത്തേക്കു നീട്ടി ആ ഭാഗത്തെ ആളുകളുടെ കൃഷിയ്ക്ക് ഉപയുക്ത മാകുമാറ് സംവിധാനം ഉണ്ടാക്കുക.
2. വേങ്ങച്ചുവട് - കല്ലൂർക്കാട് റോഡിന് പാരല

ല്ലായിറോഡിന് കിഴക്കുഭാഗത്തുകൂടി ഒരു ബ്രാഞ്ചു് കനാൽ നിർമ്മിച്ചാൽ രണ്ടാം വാർഡിലെയും മൂന്നാം വാർഡിലെയും ഏഴാം വാർഡിലെയും പാടങ്ങൾക്കും കരസ്ഥലങ്ങൾക്കും പ്രയോജന പ്രദമായിരിക്കും.

3. നീറമ്പുഴ കവലയ്ക്കു സമീപം ഫ്രൂട്ടോ മാൻസ് കമ്പനിയക്ക് തെക്കുവശത്തുകൂടി വരുന്ന മെയിൻ കനാലിൽ നിന്നു തെക്കോട്ടുള്ള ചെറിയ ബ്രാഞ്ച് കനാലിൽ നിന്നു വാഴക്കുളത്തേക്കുള്ളത് വാഴക്കുളം - കല്ലൂർക്കാട് റോഡിനു കിഴക്കുഭാഗത്തുനിന്നും തുടങ്ങി റോഡിന് പാരലലായി രണ്ടാം വാർഡിൽ കൂടി നിർമ്മിച്ച് വാഴക്കുളം ചിറയിൽ വീഴിച്ച് വാഴക്കുളം ടൗണിനു പാരലറായി 1-ാം വാർഡിലേയക്കും 8-ാം വാർഡിലെ തെക്കു മല സ്കൂളിന്റെ താഴെ പാടത്തേക്കും സബ്കനാലുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. കൂടാതെ മടക്കത്താനം ഭാഗത്ത് പന്നിപ്പള്ളി തോട്ടിൽ നിന്നു ലിഫ്റ്റ് ഇരിഗേഷൻ വഴിമാട്ടുപാറ ഇടയക്കാട്ടു കയറ്റം ഭാഗങ്ങളിൽ ജലസേചന സൗകര്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.



# മൃഗസംരക്ഷണവും മത്സ്യം വളർത്തലും

നമ്മുടെ ദേശീയ സാമ്പത്തിക ഘടനയിൽ കന്നുകാലികൾക്ക് നിർണ്ണായകമായ പങ്കുണ്ടായിരുന്നു. മൊത്തം കാർഷിക ഉൽപ്പാദനത്തിൽ 8% മുതൽ 40% വരെ മൃഗങ്ങളുടെ ഉപയോഗത്തിൽ കൂടിയാണ് നമുക്ക് ലഭിച്ചിരുന്നത് നിലം ഉഴുവാനും വണ്ടിവലിക്കുവാനും പാലുൽപ്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവാശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. കൃഷിക്കുള്ളഭൂമിയുടെ വിസ്തൃതികുറയുകയും കാലിത്തീറ്റയ്ക്കുള്ള ജൈവപദാർത്ഥങ്ങളുടെ ഉല്പാദനം പരിമിതമാവുകയും ചെയ്തതോടെ വീട്ടുവളപ്പ് അടിസ്ഥാനമാക്കിയുള്ള കന്നുകാലി സംരക്ഷണമാണ് ഇപ്പോൾ നടന്നവരുന്നത്.

അഞ്ചുവർഷങ്ങൾക്കു മുമ്പ് നമ്മുടെ കാലിസമ്പത്തിൽ ഭൂരിഭാഗവും നാടൻ ഇനവും വളരെ കുറച്ചുമാത്രം സങ്കരയിനവുമായിരുന്നു. അന്ന് പാലുൽപ്പാദനം വളരെ കുറവായിരുന്നു. അന്ന് ഒരു നാടൻ പശുവിൽ നിന്ന് പരമാവധി മൂന്ന് ലിറ്റർ പാലേ ലഭിച്ചിരുന്നുള്ളൂ. എന്നാൽ തൽസ്ഥാനത്ത് ഇപ്പോൾ കൃത്രിമ ബീജസങ്കലനം മൂലം അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വ്യാപകമായി വളർത്തിവരുന്നു. ഇന്ന് ഒരു സങ്കരയിനം പശുവിൽ നിന്നു ഒൻപതും പത്ത് ലിറ്റർ പാൽ വരെ പ്രതിദിനം ലഭിക്കുന്നു.

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെഎണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 1000 | 800 | 100 |
| കിടാരി | 546 | 400 | 25 |
| എരുമ | 131 | 50 | 10 |

പണ്ട്കാലത്ത് കാള, പോത്ത് മുതലായ മൃഗങ്ങളെ നിലം ഉഴാനു വണ്ടിവലിക്കാനുമായി ഉപയോഗിച്ചിരുന്നു. ഇന്ന് ആസ്ഥാനത്ത് നിലം ഉഴുന്നതിനായി ട്രാക്ടർ, ടില്ലർ എന്നിവയും ഭാരം കൊണ്ടുപൊകുന്നതിനായി യന്ത്രവൽകൃതവാഹനങ്ങളും ഉപയോഗിക്കുന്നു.

## നമ്മുടെ വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | പശുനാടൻ കറവ ഉള്ളത് | കറവ ഇല്ലാത്ത് | പശുസങ്കരം | | എരുമ | | ആട് | പട്ടി |
|---|---|---|---|---|---|---|---|---|
| | | | കറവ ഉള്ളത് | കറവ ഇല്ലാത്ത് | കറവ ഉള്ളത് | കറവ ഇല്ലാത്ത് | | |
| 1 | 25 | 30 | 90 | 50 | 10 | 5 | 50 | 100 |
| 2 | 20 | 35 | 93 | 47 | 11 | 7 | 80 | 75 |
| 3 | 18 | 37 | 95 | 45 | 11 | 7 | 75 | 80 |
| 4 | 15 | 40 | 95 | 43 | 10 | 5 | 80 | 80 |
| 5 | 15 | 40 | 94 | 43 | 11 | 5 | 80 | 80 |
| 6 | 14 | 41 | 95 | 44 | 12 | 6 | 73 | 81 |
| 7 | 13 | 44 | 94 | 41 | 10 | 5 | 80 | 73 |
| 8 | 14 | 50 | 93 | 42 | 10 | 5 | 80 | 74 |
| ആകെ | 134 | 317 | 749 | 355 | 85 | 45 | 598 | 643 |

## പക്ഷികളുടെയും മൃഗങ്ങളുടെയും രോഗവിവരപ്പട്ടിക

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 700 | 25 | 300 | 60 | |
| 2 | ശ്വാസകോശസംബന്ധം | 125 | 20 | 150 | 10 | 120 |
| 3 | ഉപാപയസംബന്ധം | 150 | 25 | 120 | | |
| 4. | ത്വക്ക് രോഗങ്ങൾ | 150 | 20 | 120 | 120 | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 80 | 10 | 120 | 60 | |
| 6 | പരാതരോഗങ്ങൾ | 300 | 120 | 60 | 60 | 120 |
| 7 | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 150 | 10 | 50 | | |
| 8 | വന്ധ്യത | 50 | | | | |
| 9 | അകിടുവീക്കം | 150 | 50 | | | |
| 10 | മുടന്തൻപനി | 300 | | | | |

ഇറച്ചിക്കോഴിയൂണിറ്റുകൾ ഇവിടെ രണ്ടെണ്ണം സ്വകാര്യവ്യക്തികൾ വർഷങ്ങളായി നടത്തിപ്പോരുന്നു. മുട്ടലഭിക്കുന്നതിനു വേണ്ടിയുള്ള മുട്ടക്കോഴികളെ വളർത്തി അവരവരുടെ ഗാർഹികാവശ്യത്തിനുള്ള മുട്ട സമ്പാദിക്കുന്നു.

## വളർത്തു പക്ഷിസംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | 800 | 400 | 300 | 10 | 5 |
| 2 | 650 | 450 | 305 | 10 | 5 |
| 3 | 670 | 430 | 300 | ഇല്ല | 10 |
| 4 | 805 | 395 | 300 | ഇല്ല | ഇല്ല |
| 5 , | 800 | 400 | 300 | | |
| 6 | 650 | 440 | 315 | 10 | 10 |
| 7 | 650 | 435 | 320 | | |
| 8 | 650 | 420 | 335 | | 10 |
| ആകെ | 5675 | 3370 | 2475 | 30 | 40 |

ക്ഷീരസഹകരണസംഘങ്ങൾ രണ്ടെണ്ണം ഈ ഗ്രാമപഞ്ചായത്തിലുള്ളത് നന്നായി പ്രവർത്തിക്കുന്നു.

### പ്രശനങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. അത്യുൽപ്പാദനശേഷിയുള്ള പശു, എരുമ ഇവയെ വിതരണം ചെയ്യുക

2. ഈ മൃഗങ്ങളെ വാങ്ങുന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങളും സബ്സിഡിയു ഏർപ്പെടുത്തുക.

3. മൃഗങ്ങൾക്ക് അടിക്കടി ഉണ്ടായികൊണ്ടിരിക്കുന്ന രോഗങ്ങൾക്ക് ഫലപ്രദമായമരുന്നുകൾ നല്കുക.

4. ഏഴാം വാർഡിൽ തീപ്പെട്ടി കമ്പനിക്കു സമീപവും മൂന്നാം വാർഡിൽ വടക്കോട്ടും ഓരോ ഐ.സി.ഡി.പി. സെൻറർ സ്ഥാപിക്കുക.

5. മൃഗാശുപത്രിയക്ക് സ്വന്തമായി ആധുനിക സൗകര്യങ്ങളോടെ ഒരു കെട്ടിടം നിർമ്മിക്കുക.

6. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ഈ പഞ്ചായത്തിൽ ഏർപ്പെടുത്തുക

7. പേവിഷബാധ നിയന്ത്രണ പദ്ധതി വ്യാപാകമായി നടപ്പാക്കുക.

8. പന്നി, ആട്, ഇറച്ചിക്കോഴി, ആടുക്കളക്കോഴി, താറാവ് കാടമുതലായവയുടെ വളർത്തൽ വ്യാവസായികമായി പ്രോത്സാഹിപ്പിക്കുക.

9. സ്വകാര്യമേഖലയിൽ ഹാച്ചറിയും കന്നുകാലി വളർത്തൽ എന്നിവയ്ക്കും വ്യാപകമായ സാമ്പത്തിക സഹായം നല്കുക.

10. കറവ കേന്ദ്രം സ്ഥാപിക്കുക.

11. പുൽക്കൃഷിക്കാവശ്യമായ വിത്തും വളവും സൗജന്യമായി കർഷകന് കൊടുക്കുക.

12. സഹകരണ സംഘങ്ങൾ കാലിത്തീറ്റ കുറഞ്ഞവിലയക്ക് കാലികർഷകനു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

13. ഗോബർ ഗ്യാസിൻെറ ഉപയോഗം എല്ലാകർഷകർക്കും ലഭ്യമാക്കുക.

### മത്സ്യം വളർത്തൽ

മത്സ്യം വളർത്തൽ ഇവിടെ തീർത്തും ഇല്ലെന്നു പറയാം. മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായ ത്തുവകകുളങ്ങൾ കിണറുകൾ, ചിറകൾ എന്നിവയിൽ ഒന്നുകിൽ പഞ്ചായത്ത് നേരിട്ടോ അല്ലെങ്കിൽ പഞ്ചായത്ത് ലേലത്തിൽ വിളിച്ച് സ്വകാര്യ വ്യക്തികൾക്ക് കൊടുത്ത് മത്സ്യം വളർത്തുന്നതിന് അവസരം ഉണ്ടാക്കുക. ഇവിടത്തെ സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ, കിണറുകൾ, ചിറകൾ എന്നിവയിൽ നല്ലയിനം മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായോ സബ്സിഡി നിരക്കിലോ മത്സ്യം വളർത്തുന്നവർക്ക് എത്തിച്ചു കൊടുക്കുക. മത്സ്യത്തിനാവശ്യമായ തീറ്റ സബ്സിഡിയോടെ വിതരണം ചെയ്യുക. മീൻകച്ചവടക്കാർക്ക് യന്ത്രവൽകൃത ഇരുചക്രവാഹനങ്ങൾ, സൈക്കിൾ, മീൻപെട്ടി, മീൻവാങ്ങുന്നതിനുള്ള രൂപ എന്നിവ ബാങ്കിൽ നിന്നോ ഗവൺമെൻറിൽ നിന്നോ മുഴുവനായി ഗ്രാൻറായോ അതിന് സാദ്ധ്യമല്ലെങ്കിൽ സബ്സിഡിയോടുകൂടിലോണായോനല്കുക.

# വിദ്യാഭ്യാസം

പണ്ടുകാലം മുതലേ വിദ്യാഭ്യാസപരമായി നമ്മുടെ പഞ്ചായത്ത് ഉന്നത നിലവാരം പുലർത്തുന്നതാണ്. ഇവിടെ വിദ്യാഭ്യാസത്തിൻെറ ആരംഭം, വളർച്ച നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ മുഖ്യകണ്ണികളായി പ്രവർത്തിച്ചു ട്ടുള്ളത് ക്രിസ്ത്യൻ മാനേജ് മെൻറാണ്. ശൈശവ കാലത്ത് വിദ്യാലയങ്ങൾ പടുത്തുയർത്തുന്നതിൽ മാതാപിതാക്കളുടെയും, രക്ഷകർത്താക്കളുടെയും നാട്ടുകാരുടെയും പരിശ്രമങ്ങൾ വർണനാതീതമാണ്.

1860ലാണ് വാഴക്കുളത്ത് ആദ്യമായി ഇസ്കോള (സ്കൂൾ) ആരംഭിച്ചത്. 1891-ൽ സെൻറ് ജോസഫ് ഇംഗ്ലീഷ് പ്രൈമറി സ്കൂൾ സ്ഥാപിതമായി. 1938 ൽ ഇത് ഹൈസ്കൂളായി ഉയർത്തി. ടി സ്കൂളാണ് ഇന്നത്തെ ഇൻഫൻറ് ജീസ്സസ് ഹൈസ്കൂൾ. ഇതിൻെറ സ്ഥാപനത്തിനായി അന്ന് വികാരിയായിരുന്ന ജോർജ് കോലഞ്ചേ രിയച്ചൻ നടത്തിയ പരിശ്രമങ്ങൾ സ്മരിക്കപ്പെടേ ണ്ടവയാണ്. 1926ലാണ് വാഴക്കുളത്ത് പെൺകുട്ടി കൾക്കായി ഒരു പ്രൈമറി സ്കൂൾ ആരംഭിച്ചത്. ഈ സ്കൂൾ 1950 ൽ ഹൈസ്കൂളായി ഉയർത്തി, സെൻറ് ലിറ്റിൽ തെരേസാസ് ഗേൾസ് ഹൈസ്കൂൾ, വാഴക്കുളം.

സാമുദായിക, സാമൂഹ്യ, രാഷ്ട്രീയ, വിദ്യാഭ്യാസ രംഗങ്ങളിൽ നേതൃസ്ഥാനത്തെത്തിയ പലരും വാഴക്കുളത്തു നിന്നു വിദ്യ അഭ്യസിച വരാണ്. കോതമംഗലം രൂപതയിലെ പ്രഥമ മെത്രാൻ മാർ മാത്യു പോത്തനാമൂഴി, മാർ ജോർജ്ജ് പുന്നക്കോട്ടിൽ, മാർ തോമസ് തിരുതാ ളിൽ, കേരളഗതാഗത വകുപ്പു മന്ത്രിയായിരുന്ന ശ്രീ കെ. എം. ജോർജ്, എം.എൽ.എ മാരായിരുന്ന പി.എം. വറുഗിസ്, ശ്രീ. എ. സി. ചാക്കോ തുടങ്ങിയവർ ഇവ രിൽ പ്രമുഖരാണ്.

ഈ പഞ്ചായത്തിൽ 3 ഹൈസ്കൂളുകളും 9 പ്രൈമറി സകൂളുകളും ഉൾപ്പെടെ 12 സകൂളുകളാണുള്ളത്. ടി സ്കൂളുകൾ എല്ലാം നല്ല വിജയ നിലവാരം പുലർത്തുന്നവയുമാണ്. സകൂളുകളെകുറിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

## വിദ്യാലയവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ് മെൻറ് | കുട്ടികൾ | | ആകെ | അധ്യാപകർ | | ആകെ |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | | ആൺ | പെൺ | |
| 1 | സെൻ് ലിറ്റിൽ തെരസാസ് ഗേൾസ് | എയ്ഡഡ് | | 733 | 733 | | 30 | 30 |
| 2 | ഇൻഫൻറ് ജീസസ്സ് ഹൈസ്കൂൾ | | എയ്ഡഡ് | 327 | | 327 | 21 | |
| 3 | വിമലമാതാഹൈസ്കൂൾ | എയ്ഡഡ് | 626 | 457 | 1083 | 1 | 31 | 32 |
| 4. | ലിറ്റിൽ തെരസാസ് എൽ.പി.എസ്. | എയ്ഡഡ് | 124 | 145 | 269 | | 8 | 8 |
| 5 | സെൻറ് തോമസ് എൽ.പി.എസ് | എയ്ഡഡ് | 31 | 20 | 51 | 1 | 3 | 4 |
| 6 | സെൻറ് പോൾസ് എൽ.പി.എസ്. | എയ്ഡഡ് | 62 | 44 | 106 | 3 | 2 | 5 |
| 7. | എൻ.എസ്.എസ്. എൽ.പി.എസ്. | എയ്ഡഡ് | 70 | 50 | 120 | 2 | 3 | 5 |
| 8. | സെൻറ് ആൻഡ്രൂസ് എൽ.പി.എസ്. | എയ്ഡഡ് | 100 | 89 | 189 | | 6 | 6 |
| 9. | സെൻറ് റീത്താസ് എൽ.പി.എസ്. | എയ്ഡഡ് | 31 | 25 | 56 | 1 | 2 | 3 |
| 10. | ഗവ. എൽ.പി.എസ്. നീറംപുഴ | ഗവൺമെൻറ് | 50 | 51 | 101 | 2 | 2 | 4 |
| 11. | കാർമൽ ഇംഗ്ലീഷ് സ്കൂൾ | അൺ എയിഡഡ് | 85 | 49 | 84 | 2 | 3 | 5 |
| 12. | സാബാസ് ഇംഗ്ലീഷ് സ്കൂൾ | അൺ എയിഡഡ് | 189 | 130 | 319 | | 13 | 13 |

രണ്ട് അനൗപചാരിക വിദ്യാലയങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഉഷാ തയ്യൽ ഭവനും, നളന്ദ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടും ഉന്നത വിദ്യഭ്യാസത്തിനായി മൂവാറ്റുപുഴയിലും തൊടുപുഴയിലും പോകുന്നു. സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളൊന്നും ഇവിടെയില്ല.

ആകെ 3 ബാലവാടികളാണ് ഇവിടെയുള്ളത് അംഗൻവാടികൾഒന്നുമില്ല. എല്ലാ സ്കൂളുകളോടും ചേർന്ന് നേഴ്സറി സ്കൂളുകൾ ഉണ്ട്. ഇത് പ്രീ. പ്രൈമറി സ്കൂളുകളായി ഉയർത്തണം.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. ഈ പഞ്ചായത്തിലുള്ള ഏക സർക്കാർ സ്കൂളാണ് നീറ പുഴ എൽ.പി.എസ്. ഇതിന് അത്യാവശ്യമായി കോമ്പൗണ്ട് വാൾ, കളിസ്ഥലം, സ്റ്റേജിൻെറ പണി പൂർത്തിയാക്കൽ, ഫർണിച്ചറുകൾ, കുട്ടികൾക്കും അധ്യാപകർക്കുമുള്ള ടോയ്‌ലറ്റ് സൗകര്യം എന്നിവ ഏർപ്പെടുത്തുക.

2. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

3. പാരാമെഡിക്കൽ കോഴ്സുകളും തുടങ്ങുക.


4. ഗവ. അംഗീകാരമുള്ള നേഴ്സിംഗ്, ആൻറ് മിഡ്വൈഫറി കോഴ്സുകൾ ആരംഭിക്കുക.

5. വയോജന വിദ്യാഭ്യസം നടപ്പിലാക്കുക.

6. തുടർ സാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്തുക.

7. അംഗൻവാടികൾ എല്ലാവാർഡിലും ആരംഭിക്കുക.

8. ഇടക്കു വച്ച് വിദ്യാഭ്യാസം നിർത്തിപ്പോയ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ഏർപ്പെടുത്തുക. ഉത്തമ പൗരന്മാരെ വാർത്തെടുക്കുന്ന ഉത്തുംഗമായ പ്രവർത്തനമാണ് വിദ്യാഭ്യാസ മെന്ന് മഹാത്മാജി നിർവചിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ മേൽ സൂചിപ്പിച്ച കാര്യങ്ങൾ നടപ്പിൽ വരുത്തിയാൽ ആയത് നമുക്ക് കൈവരിക്കാൻ സാധിക്കും.



# കുടിവെള്ളവും പൊതുജനാരോഗ്യവും

ഈ പഞ്ചായത്തിലെ മുഖ്യകുടി വെള്ള സ്രോതസ്സ് പുരയിടങ്ങളിലെ കിണറുകളാണ്. ടി കിണറുകളിൽ 70% ഉം വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്നു. അതുകോണ്ട് കുടിവെള്ളക്ഷാമം ഇവിടെ അതിരൂക്ഷമാണ്. ഈ പഞ്ചായത്തിൽ പിരളിമറ്റത്തുള്ള റൂറൽ വാട്ടർ സപ്ലൈ സ്കീമും മടക്കത്താനതുള്ള ബോർവെല്ലിൽ നിന്നുള്ള ജലസംഭരണ വിതരണ പദ്ധതിയുമാണ്. പൊതുജല വിതരണ സ്രോതസ്സുകൾ. ഇതുവഴിയായി 207 പൊതുടാപ്പുവഴിയായി ജലവിതരണ് നടത്തുന്നു. ഒരു ടാപ്പിന് 875 രൂപ പഞ്ചായത്തിൽനിന്നും കെ.ഡബ്ളിയൂ. എ. യിലേയക്ക് കൊടുക്കുന്നു. പ്രതിമാസം ഈ പഞ്ചായത്തിൽ നിന്ന് 15094 രൂപ വെള്ളക്കരമായി കൊടുക്കണം. മൊത്തം പൊതു കിണർ 10 എണ്ണം. മിക്കപൊതുകിണറുകളിലും വേനൽക്കാലത്ത് വെള്ളമില്ല.

മഞ്ഞള്ളൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ജലദൗർലഭ്യം അനുഭവപ്പെടുന്നത് നാലാമ വാർഡിൽ ചാറ്റുപാറ, മുപ്പതേക്കർ കോളനി, കുളമാവു തൊട്ടി, പനേക്കുന്ന്, മേനാച്ചേരിത്താഴം എന്നിവിടങ്ങളിലാണ്.

മൂന്നാം വാർഡിൽ വടകോട്, കുളിപ്പാറ മണിയന്തടം, എന്നിവിടങ്ങളിലും രണ്ടാം വാർഡിൽ നീർക്കോലിപ്പാറ, ഭജനമഠം എന്നിവടങ്ങളിലും ഒന്നാം വാർഡിൽ ലക്ഷം വീടുകോളനിയിലും മെതിപ്പാറപാറയിലും എട്ടാം വാർഡിൽ സെറ്റിൽമെൻറ്കോളനി, തെക്കും മല, ചാവറക്കോളനി, മുതകുന്നേൽപാറ, കളരിക്കത്തൊട്ടിഭാഗം എന്നിവിടങ്ങളിലും ഏഴാം വാർഡിൽ കക്കടാം പാറ നെടുമല മുകൾഭാഗം, തെക്കുമല കമ്പനിപ്പടി തെക്കുംമല റോഡിലും ആറാം വാർഡിൽ ചുരുങ്ങിയ പ്രദേശങ്ങളിലും അഞ്ചാം വാർഡിൽ മാട്ടുപാറ ഇടയ്ക്കാട്ടുകയറ്റം എന്നിവിടങ്ങളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു.

ഒന്നാം വാർഡിൽ മെതിപ്പാറയിൽ ഒരു ടാങ്ക് സ്ഥാപിച്ച് ജലവിതരണം നടത്തുക. രണ്ടാം വാർഡിൽ നീർക്കോലിപ്പാറഭഗത്ത് കുഴൽ കിണർ നിർമ്മിക്കുക. മൂന്നാം വാർഡ് മണിയന്ത്രം ഭാഗത്ത് ഒരു കുഴൽ കിണറുകൾ സ്ഥാപിക്കുക. കുളിപ്പാറ ഭാഗത്ത് അരകിലോ മീറ്റർ പൈപ്പിട്ട് മെയിൻ ലൈനുമായി ബന്ധിപ്പിക്കുക. നാലാം വാർഡിൽ സ്പെഷ്യൽ കംപോണൻറ് പ്രോഗ്രം പദ്ധതി പ്രകാരം രണ്ട് സ്റ്റെയിജ് കുടിജലസംഭരണ വിതരണം നടത്തുക. തോണിക്കുഴി ചാറ്റുപാറ, മേനാച്ചേരിത്താഴം എന്നിവിടങ്ങളിൽ കുഴൽ ക്കിണറുകൾ നിർമ്മിച്ച് കുടിനീർ ജലം നല്കുക അഞ്ചാം വാർഡിലെ മാട്ടുപാറയിൽ ടാങ്കുംപമ്പിംഗ് മെയിനും കോച്ചങ്ങാടി ഇടയ്ക്കാട്ടുകയറ്റം ഇവിടങ്ങളിൽ കുഴൽക്കിണറും നിർമ്മിക്കുക.

ഏഴാം വാർഡിൽ പ്രവർത്തന രഹിതമായി കിടക്കുന്ന വാട്ടർ ടാങ്ക് പ്രവർത്തനക്ഷമമാക്കി ഏഴാം വാർഡിലും എല്ലാവാർഡുകളിലും കുടിനീർ എല്ലാവർക്കും എത്തിച്ചകോടുക്കുക. എട്ടാം വാർഡിൽ പൈപ്പുകൾ നീട്ടിയും കിണറുകൾ നിർമ്മിച്ചും കുടിജലക്ഷാമം പരിഹരിക്കുക. എട്ടാം വാർഡിൽ കളരിക്കത്തൊട്ടി ഭാഗത്ത് ഒരു കുഴൽക്കിണർ നിർമ്മിക്കുക. ഈ പഞ്ചായത്തിൻെറ 8 വാർഡുകളിലായി 16 കി. മീ. പൈപ്പ് ലൈൻ നീട്ടി 50 പുതിയ ടാപ്പുകളും സ്ഥാപിക്കുക.

പ്രതിരോധശക്തി കുറഞ്ഞ പൈപ്പുകൾ മാറ്റിതൽസ്ഥാനത്ത് നല്ല പ്രതിരോധശക്തിയുള്ള പൈപ്പുകൾ സ്ഥാപിക്കുകയും വ്യാസം കൂടിയ

പൈപ്പുകൾ സ്ഥാപിച്ചു ദിവസത്തിൽ മൂന്നു ഷിഫറ്റം കളിലായി 24 മണിക്കൂറും വെള്ളം പമ്പുചെയ്തും മഞ്ഞള്ളൂർ പഞ്ചായ ത്തിലെ കുടിജലക്ഷാമം ഒരി പരിധിവരെ പരിഹ രിക്കാം.

ഈ പഞ്ചായത്തിൻെറ വകയായി ഒരു പ്രാഥമികാരോഗ്യകേന്ദ്രവും രണ്ട് പ്രഥമിക ആരോഗ്യ ഉപകേന്ദ്രവും ഒരു ഗവഃഹോമിയോ ഡിസ്പെൻസറിയും ഉണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറയും ഉപപ്രാഥമികരോഗ്യ കേന്ദ്രത്തിൻെറയും പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തണം. ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം സാമാന്യം നല്ല മാനദണ്ഡം പുലർത്തുന്നു. 10 കിടക്കകളുള്ള പ്രാഥമികാരോഗ്യത്തിൻെറ ടിവാർഡിൻെറ പ്രവർത്തനം ഉടൻ നടപ്പിൽ വരുത്തണം. ഡോക്ടർക്കും സ്റ്റാഫിനും ഉള്ളക്വാർട്ടേഴ്സ് ഉടൻ പണിയണം.

സ്വകാര്യ മേഖലയിൽ സെൻറ് ജോർജ്ജസ് ആശുപത്രിയും അനേകം ഹോമിയോ ഡിസ്പെൻസ്റികളും ആയുർവ്വേദ ഡിസ്പെൻസറി കളും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നു.


കേരളത്തിൻെറ ഇതരഭാഗങ്ങളിൽ പൊതുവായി ഉണ്ടാകാറുള്ള സാംക്രമിക രോഗങ്ങൾ കാലാകാലങ്ങളിൽ ഈ പഞ്ചായത്തിലും ഉണ്ടാകാറുണ്ട്.

മഞ്ഞള്ളൂർ പഞ്ചായത്തിലെ 30% വീടുകൾക്കു കക്കൂസില്ല ഏകദേശ 1200 വീടുക ൾക്ക് സാധാരണയായി ഇവിടെ ഉപയോഗിച്ചു വരുന്നത് ഒരു കുഴി കക്കൂസുകളാണ്. രണ്ടുകുഴി കക്കൂസ് പ്രോത്സാഹിപ്പിച്ചികൊണ്ടിരിക്കുന്നു. മലിന ജലം ഓടകൾ വഴി ഒഴുക്കി കളയുന്നു. വാഴ ക്കുളം ടൗണിൽ കുറെയധികം ഓടകൾ തീരാനുണ്ട്.

കൊതുകിൻെറയും ഈച്ചയുടെ യും വ്യാപനം പരിപൂർണ്ണമായി തടുയന്നതിനുള്ള മാർഗ്ഗം സ്വീകരിക്കുക.

പൊതുടാപ്പുകളുടെ അടുത്ത് അലക്ക് കുളി, കാലികളെ കുളിപ്പിയ്ക്കൽ മുതലായവ ഒഴിവാക്കുക. ആരോഗ്യ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തണം.





# വ്യവസായം

ഒരു രാജ്യത്തിൻെറ സാമ്പത്തികഘടന മുഖ്യമായും അവിടത്തെ വ്യവസായ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു. പരിതസ്ഥിതിക്കും ജനജീവിതത്തിനും കോട്ടം തട്ടത്തതും രാജ്യത്തിൻെറ സാമ്പത്തിക നിലയ്ക്ക് അനുയോജ്യവുമായ ഒരു വ്യവസായിക ശ്യംഖല വളർത്തിയെടുക്കേണ്ടത് ഒരു രാജ്യത്തിൻെറ സാമ്പത്തിക പുരോഗതിക്ക് വളരെ അത്യന്താപേക്ഷിതമാണ്.

നമ്മുടെ പഞ്ചായത്തിൻെറ പരിതസ്ഥിതിയും പ്രത്യേകതകളും നോക്കുമ്പോൾ കാർഷിക മേഖലയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് മുൻതൂക്കം നല്കേണ്ടത്. ഈ പഞ്ചായത്തിലെ മുഖ്യകാർഷികവിളയാണു പൈനാപ്പിൾ. പൈനാപ്പിൾ കൊണ്ടുള്ള വിവിധ ഉല്പന്നങ്ങൾ ഇന്ന് മാർക്കറ്റുകളിൽ സുലഭമാണ്. ലോകത്തിലെ തന്നെ ഏറ്റവും വലിയ പൈനാപ്പിൾ മാർക്കറ്റാണ് വാഴക്കുളം മാർക്കറ്റ്. ലോകത്തിൻെറ വിവിധ ഭാഗങ്ങളിലേയ്ക്ക് ഇവിടെ നിന്നും ലക്ഷക്കണക്കിന് ടൺ പൈനാപ്പിൾ കയറ്റി അയയ്ക്കുന്നു. ഈ പഞ്ചായത്തിൽ രണ്ട് പൈനാപ്പിൾ ഫാക്ടറി മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. രണ്ടിലും കൂടി ഏകദേശം പ്രതിവർഷം 120 ടൺ പൈനാപ്പിൾ മാത്രമെ സംസ്കരിച്ചെടുക്കുന്നുള്ളൂ. ഇവിടെ ഉല്പാദിപ്പിക്കുന്ന പൈനാപ്പിളിൻെറ ഒരു ശതമാനം പോലും ഇവിടെ സംസ്കരിക്കുന്നില്ല. പ്രതിവർഷം ഒരു ലക്ഷം ടൺ പൈനാപ്പിൾ ഇവിടെയുള്ള മാർക്കറ്റിൽ വിപണത്തിനായി എത്തുന്നുണ്ട്. എന്നാൽ ഇവപൂർണ്ണമായും മറ്റുസംസ്ഥാനങ്ങളിലേയ്ക്കും കയറ്റി അയയ്ക്കുന്നു. ഇത് ഇവിടെത്തന്നെ സംസ്കരിക്കാൻ സൗകര്യമുണ്ടാക്കിയാൽ ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ സാധ്യതയും കർഷകർക്ക് ന്യായമായ വിലയും ലഭിയ്ക്കുന്നു. പൈനാപ്പിളിൻെറ വിവിധ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന ഒരു വൻകിട പൈനാപ്പിൾ ഫാക്ടറി പൂർണ്ണമായും ഗവൺമെൻറുടമയിൽ ഇവിടെ സ്ഥാപിക്കേണ്ടത് ആത്യാവശ്യമാണ്.

സഹകരണമേഖലയിൽ വേങ്ങച്ചുവട്ടിൽ ഏഴാം വാർഡിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന പൈനാപ്പിൾ ഫാക്ടറിയും സ്വകാര്യമേഖലയിൽ വാഴക്കുളത്ത് പ്രവർച്ചുകൊണ്ടിരുന്ന വിസ്കോഫുഡ് പ്രോഡക്സ് എന്ന പൈനാപ്പിൾ ഫാക്ടറിയും നിർജ്ജീവാവസ്ഥയിൽ നിന്നും പ്രവർത്തന ക്ഷമമായികൊണ്ടു വരുന്നതിന് നടപടി സ്വീകരിക്കണം. തന്മൂലം നൂറു കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ സാദ്ധ്യതയും പഞ്ചായത്തിന് വരുമാന വർദ്ധനവും പൈനാപ്പിൾ കർഷകന് ന്യായമായ വിലയും ലഭിക്കും.

ചെറുകിട വ്യവസായങ്ങൾക്ക് വളരെയേറെ സാധ്യതയുള്ള പ്രദേശമാണ് ഈ ഗ്രാമപ്പഞ്ചായത്ത്. തയ്യിൽ പരിശീലനം ലഭിച്ച നൂറുകണക്കിന് സ്ത്രീ തൊഴിലാളികൾ ഇവിടെ ഉണ്ട്. വിദഗ്ധ തയ്യൽ പരിശീലനം സിദ്ധിച്ച ഈ ഗ്രാമപ്പഞ്ചായത്തിലെ എല്ലാ സ്ത്രീകൾക്കും സൗജന്യമായി തയ്യൽ മെഷീനകളും അനുബന്ധസൗകര്യങ്ങളും നല്കി രണ്ട് തയ്യൽ യൂണിറ്റുകൾ നല്ലനിലയിൽ പ്രവർത്തിച്ചാൽ വനിതകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കാൻ കഴിയും.

ഈ പഞ്ചായത്തിൽ രണ്ട് ക്ഷീരവ്യവസായ സഹകണ സംഘങ്ങൾ ഉണ്ട്. ധാരാളം പാൽ ലഭ്യതയുള്ളതുകൊണ്ട് പാലുകൊണ്ടുള്ള വിവിധ

ഉല്പന്നങ്ങളുടെ വ്യവസായത്തിന് ധാരാളം സാധ്യതയുണ്ട്.

ഈ പഞ്ചായത്തിൽ നാലാം വാർഡിൽ ധാരാളം പാറലഭ്യമായതിനാൽ അവിടെ ഒരു മെറ്റൽ ക്രഷർ ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം. എട്ടാം വാർഡിലും ഒരു മെറ്റൽ ക്രഷറിന് സാധ്യതയുണ്ടെന്ന് സ്പെഷ്യൽ ഗ്രാമസഭയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കറിപ്പൊടികളും അച്ചാറുകളും ഉല്പാദിപ്പിക്കുന്ന ഒരു ചെറുകിട വനിത വ്യവസായ യൂണിറ്റും തുടങ്ങുന്നതിന് മടക്കത്താനത്ത് ധാരാളം സാധ്യതകളുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ, ഇഷ്ടിക നിർമ്മാണത്തിന് സാമ്പത്തിക സഹായം ഏർപ്പെടുത്തേണ്ടതാണ്.

ആശാരിപ്പണി, ഇരുമ്പ്പണി, സ്വർണ്ണപ്പണി തുടങ്ങിയ പരമ്പരാഗത തൊഴിലാളികൾ ഇന്ന് നാട്ടിൽ കുറഞ്ഞുവരുകയാണ്. ഈ തൊഴിലാളികൾക്ക് ആവശ്യമായത്ര പരിശീലവും പ്രോത്സാഹനവും നല്കുന്നതിന് ആവശ്യമായ ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

കോഴി വളർത്തൽ പന്നി വളർത്തൽ തുടങ്ങിയവ സ്വകാര്യമേഖലയിൽ നടത്തുന്നതിന് ആവശ്യമായ ലോണുകളും ഗ്രാൻറുകളും ഗവൺമെൻറിൽ നിന്നും കൊടുത്ത് പ്രോത്സാഹിപ്പിക്കുക.

അഞ്ചും എട്ടും വാർഡുകളിൽ കുടിൽ വ്യവസായി രണ്ടു മെഴുകുതിരി യൂണിറ്റുകൾ സ്ഥാപിക്കുക.

പഞ്ചായത്ത് മാർക്കറ്റിൽ നിന്നും ലഭിക്കുന്ന പൈനാപ്പിൾ വെയിസ്റ്റുകളും മറ്റ് ചപ്പുചവറുകളു സംഭരിച്ച് ഒരു ജൈവവള നിർമ്മാണ വ്യവസായ യൂണിറ്റ് പഞ്ചായത്തിൻെറ അധീനതയിൽ നിർമ്മിച്ചാൽ അനേകായിരം കർഷകർക്ക് കുറഞ്ഞനിരക്കിൽ ജൈവവളം ലഭ്യമാകും.

പഞ്ചായത്തിലെ സാമ്പത്തികമായി ഏറ്റവും താഴെക്കിടയിൽ കിടക്കുന്ന നൂറ് കുടുംബങ്ങൾക്ക് ഓരോകുടുംബങ്ങത്തിനും 20 മുട്ടക്കോഴികൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്താൽ ഈ പഞ്ചായത്തിലെ മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കുടുംബങ്ങൾക്ക് ഉപജീവന മാർഗ്ഗമാവുന്നതിനും ഇടയാകുന്നു.

ടി തരത്തിലുള്ള ഒരു വ്യവസായ വികസനം ഇവിടെ നടപ്പായാൽ ഈ പഞ്ചായത്തിലെ സാമ്പത്തിക സാംസ്കാരിക തൊഴിൽ മേഖലകളിൽ ഒരു നൂതനാദ്ധ്യായം കൂട്ടിച്ചേർക്കാൻ സാധിക്കും.



%%%%%%%%%%%%%%%%%%%%%%%%%%%

# ഗതാഗതം

എർണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൻെറ കിഴക്കുഭാഗത്തായി 23.02 ച.കി.മീ. വ്യാപിച്ചുസ്ഥിതിചേയ്യുന്ന മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത് ഗതാഗതകാര്യത്തിൽ വളരെയധികം പിന്നോക്കാവസ്ഥയിലാണ്. ഈ പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ദൈർഘ്യം 71 കി.മീറ്റർ ആണ്. എന്നാൽ ഇതിൽ ടാർപണിപൂർത്തികരിച്ചത് വെറും 14.400 കി.മീറ്റർ മാത്രമാണ്. ഇതാകട്ടെ മൊത്തം റോഡുകളുടെ 20% മാത്രമെ ആകുന്നുള്ളു. ബാക്കിയുള്ള 80% റോഡുകളും പണിപൂർത്തിയാക്കാതെ സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്നു. സാമ്പത്തിക അപര്യാപ്തത ആണ് ഇതിന് മുഖ്യ കാരണം.

ഈ പഞ്ചായത്തിലെ മുഖ്യഗതാഗതമാർഗ്ഗം റോഡൂഗതാഗതമാണ്. അയൽപഞ്ചായത്തുമായി ബന്ധപ്പെടുത്തി മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിലെ ആറ് ഏഴ് എന്നീവാർഡുകളിൽ ജലഗതാഗതത്തിന് സാധ്യതയുണ്ട്. എങ്കിലും പഞ്ചായത്ത് നാളിതുവരെയായി അത് പ്രയോജനപ്പെടുത്തിയിട്ടില്ല. തൊടുപുഴ മൂവറ്റുപുഴ ആറ് ഈ പഞ്ചായത്തിൻെറ അതിർത്തിയെതഴുകി തലോടിപോകുന്നു. ആറാം വാർഡിലെ മടക്കത്താനത്തുകടവിൽ നിന്നും പുഴയ്ക്കക്കരെ ചിറ്റൂർ പ്രദേശവുമായി ബന്ധപ്പെടുത്തി ഒരു പാലം നിർമ്മിച്ചാൽ പതിനായിരക്കണക്കിന് ആളുകൾക്ക് അത് പ്രയോജനകരമായിരിക്കും. മണക്കാട് പഞ്ചായത്തിലെ വിവിധഭാഗങ്ങളിലുള്ള ആളുകളുടെ കാർഷികോൽപ്പന്നങ്ങൾ ഈ വിപണികളിൽ എത്തുന്നതിനും അതിലുടെ ഈ പഞ്ചായത്തിൻെറ സാമ്പത്തിക നില ഉയരുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ വർദ്ധിക്കുന്നതിനും ഉപകരിക്കും.

ഈ പഞ്ചായത്തിലെ പൊതുമരാമത്തു റോഡുകൾ താഴേപ്പറയുന്നവയാണ്.

1. മൂവറ്റുപുഴ തൊടുപുഴറോഡ് പി. എം. റോഡും - സ്റ്റെയിറ്റ് ഹൈവേ
2. വാഴക്കുളം - കല്ലൂർക്കാട് റോഡ്
3. ആറാം മൈൽ - കാവനറോഡ് പ്രസ്തത റോഡിൽ 300 മീറ്റർ പി.ഡബ്ള്യൂ.ഡി. റോഡ്.
4. ഈ പഞ്ചായത്തിൽ 57.20 കി.മീറ്റർ മൺറോഡുണ്ട്. ഇതിൽ ഉൾപ്പെട്ട പലറോഡുകളും വളരെകുറച്ചുഭാഗം മാത്രമെ ടാർചെയ്തിട്ടുള്ളു. ബാക്കി ഭഗങ്ങൾ തികച്ചും സഞ്ചാര യോഗ്യമല്ലാത്തതാണ്. 1995 - 1996 സാമ്പത്തിക വർഷത്തിൽ ഈ പഞ്ചായത്തിൽ നിന്നു റോഡുകൾ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി 133818 രൂപചെലവഴിച്ചിട്ടുണ്ട്. ഇതിൽ ടാറിം ഗിനുമാത്രമായി 131015 രൂപ ചെലവാക്കിയിട്ടുണ്ട്. ഈ ഗ്രാമപ്പഞ്ചായത്തിൻെറ മുഖ്യവാണിസ്ഥലവും കേന്ദ്ര പ്രദേശവും ആണ്. വാഴക്കുളം ടാൺ. ഇത് പഞ്ചായത്തിൻെറഒന്ന്, രണ്ട്, എട്ട് വാർഡുകളിലായി സ്ഥിതിചെയ്യുന്നു. ഇവിടെ പഞ്ചായത്തിൻെറ വകയായി ഒരു ടാക്സി സ്റ്റൻറ്മാത്രമെ ഉള്ളു. ഇതിൽ ചരക്കു വാഹനങ്ങൾ മാത്രമെ പാർക്കുചെയ്യുന്നുള്ളു. കാറ്, ജീപ്പ്, ഒട്ടോറിക്ഷ മുതലായ വാഹനങ്ങൾ തൊടുപുഴ മൂവറ്റുപുഴ റോഡിൻെറ ഇരുവശങ്ങളിലുടെയുള്ള ഗതാഗതം പലപ്പൊഴും സുഗമമായി നടക്കുന്നില്ലു. എത്രയും പെട്ടെന്ന് ഈ വാഹനങ്ങൾക്ക് പാർക്കുചെയ്യാൻ പ്രത്യേകം സ്റ്റാൻഡുകൾ നിർമ്മിക്കേണ്ടതാണ്. അഞ്ച് ആറ് വാർഡുകളുടെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന മടക്കത്താനം ഭാഗത്ത് ഒരു ടാക്സി സ്റ്റാൻറ് അത്യാവശ്യമായി നിർമ്മിക്കേണ്ടതാണ്.

അടിയന്തിരപ്രാധാന്യം നല്കി മെറ്റലിംഗ് ടാറിംഗ് പണിപൂർത്തിയാക്കേണ്ടറോഡുകളെകുറിച്ച് താഴെ പറയുന്നു.

1. വേങ്ങച്ചുവട് - വടകോട് ചാറ്റുപാറ റോഡ് ഏകദേശം 70 വർഷത്തോളം പഴക്കമുള്ള ടി റോഡിന് 3 1/2 കിലോമീറ്റർ നിളമുണ്ട്. പ്രസ്തുത റോഡിൽ 650 മീറ്റർ മാത്രമെ ടാറിംഗ് പണിപൂർത്തികരിച്ചിട്ടുള്ളു. മഞ്ഞള്ളൂർ കല്ലൂർക്കാട് കുമാരമംഗലം എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതാണ് ഈ റോഡ്.

2. ചെറക്കര - ആലങ്കമാരി വടകോട് റോഡ് 7 മീറ്റർ വീതിയിൽ മൺ വേലപൂർത്തികരിച്ച് ഈ റോഡിന് രണ്ടു കിലോമീറ്റർ നീളം വരും കല്ലൂർക്കാട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതാണ് ഈ റോഡ്.

3. കമ്പനിപ്പടി - നെടുമലത്താഴ വഴി - കാവനറോഡ് 4 കിലെമീറ്റർ നിളമുള്ള ഈ റോഡ് ടാറിംഗ് പണിപൂർത്തിയായാൽ മഞ്ഞള്ളൂർ - ആവോലിപഞ്ചായത്തുമായി അഭേദ്യമായി ബന്ധപ്പെടുത്താം 100 കണക്കിന് കുടുംബങ്ങൾക്കും പ്രയോജനപ്പെടും.

4. മടക്കത്താനം കാപ്പ് സർക്കാലർ റോഡ് മുന്നു കിലോമീററർ നിളമുള്ള ഈ റോഡ് ടാറിംഗ് പണിപൂർത്തിയായാൽ ആറാം വാർഡിലെ 75% ആളുകൾക്കു പ്രയോജനപദമാണ്.

താഴെപറയുന്ന റോഡുകൾ വീതികൂട്ടി മൺ പണിപൂർത്തിയാക്കി റോഡ് ഫോർമേഷൻ നടത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതാണ്.

വാർഡ് 1

1. വാഴക്കുളം ആവോലി ബൈപാസ് റോഡ് ഒരു കി.മീ.
2. കോൺവെൻറ് ആവോലി റോഡ് 2 കി.മീറ്റർ
3. കടായിത്താഴം - ആവോലി - നെടുഞ്ചാലി ത്താഴംറോഡ് - ഒരി കിലോമീററർ റോഡ്
4. മെതിപ്പാറപാറ - പാക്കട്ടി റോഡ് 1 കി.മീ.
5. മഞ്ഞള്ളൂർ - കുറ്റിച്ചിറ റോഡ് 1. കൊളമാവും തെട്ടി - ചാറ്റുപാററോഡ് - 4കി.മീറ്റർ വാർഡ് 4
2. കൊളമാവും തോട്ടി - കുരിശുംതൊട്ടി - ചാറ്റുപാററോഡ് 4 കി.മീറ്റർ വാർഡ് 4
3. പനേക്കുന്ന് - ചാറ്റുപാറ റോഡ് 4 കി.മീ.
4. ഹരിജൻ കോളനി - മുപ്പതേക്കർ കൊളനി കദളിക്കാട് സർക്കുലർ റോഡ് 2 1/2 കി.മീറ്റർ.
6. ബെസ്സെഹം - പാക്കട്ടി റോഡ് 1 കി.മീ.

വാർഡ് 2

1. പള്ളിക്കുന്ന് - ആലങ്കമാരി റോഡ് - 1കി.മീ.
2. മാതാറോഡ് 2 കി.മീറ്റർ
3. കമ്പനിപ്പടി - ഭജനമഠം റോഡ് 2 കി.മീ.

വാർഡ് 3

1. നീലികാട് മണിയന്തടം റോഡ് 2 1/2 കി.മി
2. വടകോട് മണിയന്തരം റോഡ് 1 1/22കി.മീ.
3. കലേക്കാട് വടകോട് റോഡ് 1 1/2 കി.മീ.
4. മഞ്ഞള്ളൂർ പതിക്കാട് കവല - മണിയന്തടം റോഡ് 2 1/2 കി.മി.
5. മണിയന്ത്രം - വടകോട് റോഡ് 1 കി.മീററർ

നാലാം വാർഡ്

1. മേനാച്ചേരിത്താഴം - പാലക്കുഴി റോഡ് 2 1യ2 കി.മീ.
2. തോണിക്കുഴി - ചാറ്റുപാററോഡ് 2 കി.മീറ്റർ
3. മടക്കത്താനം - ചാറ്റുപാററോഡ് 3കി.മീ.
4. കദളിക്കാട് മലേക്കുടിത്താഴം റോഡ് 1 കി.മീറ്റർ
5. കൊളമാവും തെട്ടി - ചാറ്റുപാററോഡ് - 4കി.മീറ്റർ വാർഡ് 4
6. കൊളമാവും തോട്ടി - കുരിശുംതൊട്ടി - ചാറ്റുപാററോഡ് 4 കി.മീറ്റർ വാർഡ് 4
7. പനേക്കുന്ന് - ചാറ്റുപാറ റോഡ് 4 കി.മീ.
8. ഹരിജൻ കോളനി - മുപ്പതേക്കർ കൊളനി കദളിക്കാട് സർക്കുലർ റോഡ് 2 1/2 കി.മീറ്റർ

വാർഡ് 5

1. വാണിയപ്പുരക്കോളനി മാട്ടുപാറ റോഡ് 1. കി.മീ.
2. കൊച്ചങ്ങാടി കോളനി റോഡ് 200 മീറ്റർ
3. ഇടയ്ക്കാട്ടുകവല - മാട്ടുപാറ റോഡ് 1 കി.മീ.
4. ഇടയ്ക്കാട്ടുകയറ്റം - മൈലക്കെമ്പ് റോഡ് 1 കീ.മീറ്റർ
5. മടക്കത്താനം മിച്ചഭൂമികോളനി റോഡ് 300 മീറ്റർ

വാർഡ 6.

1. അച്ചൻകവല - മണിമലക്കടവ് റോഡ് 1 കി.മീ.

2. കാപ്പ് - ലക്ഷം വീട് കോളനി റോഡ് 1. കി.മീ.

3. കാപ്പ് - പടിഞ്ഞാറേക്കര റോഡ് 1. കി.മീ.

4. മടക്കത്താനം - കടവ്റോഡ് 1/2കി.മീ.

വാർഡ് 7.

1. കമ്പനിപ്പടി - നെടുമലറോഡ് 1 1/2 കി.മീറ്റർ

2. പാണപാറ - പുഴ, കമ്പനിപ്പടി - പുഴ പിരളിമറ്റം പുഴ ആകെ 1. കി.മീ.

3. സീതപ്പടി - തെക്കുംമലറോഡ് 1 1/2 മീറ്റർ

4. തെക്കുംമല - പാണിവാററോഡ് 1 1/2 കി.മീറ്റർ

5. പിരളിമറ്റം - നെടുമലറോഡ് 750 മീറ്റർ

വാർഡ് 8.

1. ആറാംമൈൽ - തെക്കുംമലറോഡ് 1കി.മീറ്റർ

2. തെക്കുംമല - പാലക്കോട്ടിൽത്താഴം - കാവനറോഡ് 750മീറ്റർ

3. കല്ലിങ്കൽപാറ- കാവനറോഡ് 750 മീറ്റർ

ടിറോഡുകൾ പണിചെയ്യുന്നതോടൊപ്പം തന്നെ ഈ പഞ്ചായത്തിൻെറ നിലവിലുള്ള ടാർറോഡുകളിൽ 50% ഉം മെയിൻറനൻസ്, റീ ടാറിംഗ് എന്നീ പണികൾ നടത്തേണ്ടതുണ്ട്.

യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിൻെറ ആവശ്യത്തിലേയ്ക്കായി ചില താഴെപ്പറയുന്ന കാര്യങ്ങൾകൂടി നടപ്പിലാക്കേണ്ടതുണ്ട്.

1.ഏതാണ്ട് 250 ഓളം ബസ്സ് സർവ്വീസുകൾ പ്രതിദിനം ഈ പഞ്ചായത്തിൽ ക്കൂടി നടക്കുന്നുണ്ട്. ഓവർ സ്പീഡ് കാരണം പലപ്പോഴും അപകടങ്ങൾ സർവ്വസാധാരമാണ്. സ്പീഡ് നിയന്ത്രിക്കാൻ ഒരു പ്ഞ്ചിംഗ് സ്റ്റേഷൻ വാഴക്കുളത്ത് സ്ഥാപിക്കേണ്ടതത്യാവശ്യമാണ്.

2. വാഴക്കുളത്തുനിന്നും കോതമംഗലത്തിനും കല്ലൂരിനും, തൊടുപുഴയക്കും കൂത്താട്ടുകുളത്തിനും ബസ് സർവ്വീസുകൾ ഉണ്ട്. എന്നാൽ ഈ ബസ്സുകൾ പാർക്കുചെയ്യാൻ ഇവിടെ വേണ്ടത്ര സൗകര്യമില്ല. ആയതിനാൽ വാഴക്കുളത്ത് ഒരു ബസ് സ്റ്റാൻഡ് ആത്യാവശ്യംമായി നിർമ്മിക്കുക.

3. വാഴക്കുളം, കല്ലൂർക്കാട് കാവന, എന്നീ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് യാത്രക്കാർ വാഴക്കുളത്തുള്ള ആറ് ബസ് സ്റ്റോപ്പുകളിൽ നിന്നും പലസ്ഥലങ്ങളിലേയ്ക്ക് യാത്ര പോകുന്നുണ്ട്. ഇതിൽ അഞ്ചു സ്ഥലത്തും യാത്രക്കാർക്ക് ബസ് ഷെൽറ്ററുകൾ ഇല്ല. അവ അടിയന്തിരമായി ഉടൻ നിർമ്മിക്കുക.

4. സ്കൂൾ സമയങ്ങളിൽ നിർബന്ധമായും തിരക്കുള്ള ബസ് സ്റ്റോപ്പുകളിൽ പോലീസ് നിയന്ത്രണം ഏർപ്പെടുത്തണം.

5. മടക്കത്താനത്ത് ഒരു വെയ്റ്റിംഗ്ഷെഡ് നിർമ്മിക്കുക.

6. അനധികൃത പാർക്കിംഗ് നിർബന്ധമായും ഒഴിവാക്കുക.

7. എല്ലാ റോഡുകൾക്കും ജലം ഒഴുകി പോകുന്നതിനാവശ്യമായ ഓടനിർമ്മിക്കുക.

8. ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ 25 ഓളം കല്ലുങ്കുകൾ നിർമ്മിക്കുക.

9. കദളിക്കാട് ഒരു വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ നാലാം വാർഡിൽ 15 റോഡുകളിൽ 35 കിലോമീറ്ററോളം ദൈർഘ്യം വരുന്നത് വീതികൂട്ടി രൂപപ്പെടുത്തി മെറ്റൽ ചെയ്ത് ടാർ ചെയ്യുന്നതിന് പ്രത്യേക പരിഗണന കൊടുക്കുക. ഈ റോഡുകൾഎല്ലാം പട്ടികജാതിക്കോളനിറോഡാണ്.

മേൽപ്പറഞ്ഞകാര്യങ്ങളിലെല്ലാം അതീവ താല്പര്യം കൊടുത്ത് തദനുസരണം പ്രവർത്തിച്ചാൽ ഗതാഗതത്തിൽ നവീന അദ്ധ്യയമായിരിക്കും മഞ്ഞള്ളൂർ പഞ്ചായത്തിൻേത്

# ഊർജ്ജം

മഞ്ഞള്ളൂർ പഞ്ചായത്തിൻെറ ഊർജ്ജ ശ്രോതസ് വളരെ പരിമിതമാണ്. പഞ്ചായത്തിൻെറ പല മേഖലകളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. ഇവിടുത്തെ 4123 വീടുകളിൽ 3126 വീടുകൾ വൈദ്യുതികരിച്ചവയാണ്. ബാക്കിയുള്ള 987 വീടുകൾ വൈദ്യുതികരിക്കേണ്ടതായിട്ടുണ്ട്. ഇവിടുത്തെ പ്രധാന ഊർജ്ജ ശ്രോതസുകൾ, വൈദ്യുതി, വിറക്, പാചകവാതകം, മണ്ണെണ്ണ, ഡീസൽ, പെട്രോൾ മുതലായവയാണ്.

ഗാർഹികവും, കാർഷികവും വ്യവസായികവുമായ ആവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നു. പാചകാവശ്യത്തിന് വൈദ്യുതി ഒട്ടും തന്നെ ഉപയോഗിക്കുന്നില്ല. വിറകുകളാണ് ഈ ആവശ്യത്തിലേക്ക് കൂടുതൽ ഉപയോഗിക്കുന്നത്. ഏകദേശം 80% ആളുകളും വിറകുപയൊഗിച്ചാണ് പാചകം ചെയ്യുന്നത്. എൽ.പി.ജി. ഗോവർഗ്യാസ് എന്നിവ ഉപയോഗിക്കുന്നവർ 12% മേ ഉള്ളൂ. 8% ആളുകൾ മണ്ണെണ്ണ സൗ ഉപയോഗിക്കുന്നവരാണ്.

പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ വോൾട്ടേജ് ക്ഷാമം വളരെ രൂക്ഷമാണ്. ആകെ 15 ട്രാൻസ് പോമറുകളെ ഈ പഞ്ചായത്തിൽ നിലവിലുള്ളൂ. ആലങ്കമാരി, കൊച്ചങ്ങാടി, കുളമാവുംതൊട്ടി, തെക്കുംമല എന്നിവടങ്ങളിൽ ട്രാൻസ് ഫോമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.

പഞ്ചായത്തിൽ മൊത്തം 402 തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ ഭൂരിഭാഗവും നിലവിൽ കത്തുന്നില്ല. തെരുവു വിളക്കുകൾ മുഴുവൻ പ്രകാശിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. ഒരു മേജർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കണം.

ഒന്നാംവാർഡിൽ ബെസ്സേഹം കവലയിൽ ഒരു ട്രാൻസ് ഫോർമർ സ്ഥാപിക്കുക. അഞ്ച്, ആര് വാർഡുകൾക്കുവേണ്ടി മുസ്ലീം പള്ളിയ്ക്കു സമീപവും, മാട്ടുപാറയിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുക. ഏഴ്, എട്ട്, വാർഡുകളുടെ അതിർത്തിയിൽ തെക്കും മലഭാഗത്ത് ട്രൻസ്ഫോർമർ സ്ഥാപിക്കുക.

വാഴക്കുളം ടൗണിൽ 15 സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കണം. സംസ്ഥാന ഹൈവേ ആയ മൂവറ്റുപുഴ തൊടുപുഴ റോഡിൽ പഞ്ചായത്ത തിർത്തി മുഴുവൻ ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കണ്. താഴെപ്പറയുന്ന റോഡുകളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

1. കുറ്റിച്ചിററോഡ്
2. മെതിപ്പാറ - ബെസസ്സേഹം
3. വടകോട് -കറ്റ്നാപറമ്പ്
4. നീർക്കോലിപ്പാറ - ആലങ്കമാരി
5. ആലങ്കമാരി - വടകോട്
6. വേങ്ങച്ചുവട്വടകോട്
7. വടകോട് കുളിപ്പാറ
8. വാർഡ് 4ൽ പ്രത്യേക പദ്ധതിയിൽപ്പെടുത്തി എല്ലാ പ്രദേശത്തും വൈദ്യുതി എത്തിക്കേണ്ടതാണ്
9. സെന്റ്ര് പോൾസ് എൽ.പി.സ്കൂൾ ൻെറ സമീപത്തുള്ള മിച്ചഭൂമികോളനി റോഡ്
10. ഇടയ്ക്കാട്ടു കയറ്റം മാട്ടുപാറ റോഡ്
11. ഇടയ്ക്കട്ടു കയറ്റം മൈലക്കൊമ്പ് റോഡ്
12. നെടുമലഭഗത്ത് വൈദ്യുതി എത്തിക്കുക. ഇൻഫൻറ് ജീസ്സസ് ഗ്രൗണ്ട് മുതൽ പഞ്ചായത്ത് അതിർത്തിവരെ വൈദ്യുതി എത്തി ക്കുക. ചാവറകോളനി, സെറ്റിൽ മെൻറ് കോളനി, സീതപ്പടി -തെക്കുംമലറോഡ്
13. അച്ചൻ കവല - മണിമലക്കടവ് റോഡ്
14. ഇടയക്കാട്ടു കയറ്റം ലക്ഷം വീടുകോളനി റോഡ്

15. കാപ്പ്- മടക്കത്താനം സർക്കുലർ റോഡ്

## തെരുവു വിളക്കുകളെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വേപ്പർലാമ്പ് | ഫ്ളൂട്യൂബ് | ബൾബ് | ആകെ |
|---|---|---|---|---|
| 1 | 1 | 9 | 47 | 57 |
| 2 | 1 | 6 | 44 | 51 |
| 3 | | 2 | 37 | 39 |
| 4 | | 2 | 39 | 41 |
| 5 | | 3 | 47 | 50 |
| 6 | | 3 | 44 | 47 |
| 7 | | 2 | 44 | 46 |
| 8 | 3 | 15 | 53 | 71 |
| ആകെ | 5 | 42 | 355 | 402 |

ഇന്നത്തെ ഊർജ്ജ പ്രതിസന്ധി കണക്കിലെടുക്കുമ്പോൾ ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി, ഗോവർഗ്യാസുപോലുള്ള പദ്ധതികൾ പഞ്ചായത്തിൽ പ്രോത്സാഹിപ്പിക്കേണ്ടത് വളരെ അത്യാവശ്യമാണ്. പഞ്ചായത്തിൽ സാധ്യതയുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ദാരിദ്രരേഖയക്കു താഴെയുള്ള വൈദ്യുതീകരിക്കാത്ത എല്ലാ കുടുംബങ്ങൾക്കും വൈദ്യുതികരിക്കുന്നതിനുള്ള ധനസഹായം നൽകണം.

ഊർജ്ജ പ്രസരണം ഒഴിവാക്കിയും മേൽ സൂചിപ്പിച്ച കാര്യങ്ങൾ പൂർണമായും നടപ്പാക്കി ഈ പഞ്ചായത്തിലെ ഊർജ്ജ പ്രതിസന്ധി ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

എട്ട് വാർഡുകളാണ് മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ ഉള്ളത്. ഒന്നാം വാർഡിൽ നിലവിൽ 593 വീടുകളും രണ്ടാം വാർഡിൽ 451 വീടുകളും മൂന്നാം വാർഡിൽ 398 വീടുകളും നാലാം വാർഡിൽ 471 വീടുകളും അഞ്ചാം വാർഡിൽ 602 വീടുകളും ആറാം വാർഡിൽ 531 വീടുകളും ഏഴാം വാർഡിൽ 562 വീടുകളും എട്ടാം വാർഡിൽ 515 വീടുകളും അങ്ങനെ മൊത്തം 4123 വീടുകളാണുള്ളത്.

1995-1996 ലെ കെട്ടിടനികുതി സംബന്ധിച്ച സ്ഥിതി വിവരണക്കണക്കുകൾ ചുവടെ രേഖപ്പെടുത്തുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | |
|---|---|---|---|---|---|---|
| | | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| 1 | 593 | 85 | 203 | 269 | 26 | 10 |
| 2 | 451 | 13 | 165 | 236 | 29 | 8 |
| 3 | 398 | 5 | 103 | 185 | 90 | 15 |
| 4. | 471 | 3 | 92 | 179 | 185 | 12 |
| 5 | 602 | 14 | 342 | 206 | 28 | 12 |
| 6 | 531 | 6 | 380 | 106 | 31 | 8 |
| 7 | 562 | 10 | 240 | 221 | 85 | 6 |
| 8 | 515 | 10 | 352 | 96 | 44 | 13 |
| ആകെ | 4123 | 146 | 1877 | 1498 | 518 | 84 |

മേൽരേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിതി വിവരക്കണക്കനുസരിച്ച് ഒന്നാം വാർഡിൽ വീടുകൾ ഇല്ലാത്തവരും വാസയോഗ്യമല്ലാത്ത വീടില്ലാത്തവരും ഏകദേശം 50 ഉം രണ്ടാം വാർഡിൽ 50 വീടുകളുംമൂന്നാം വാർഡിൽ 100, നാലാം വാർഡിൽ 200 വീടുകളും, അഞ്ചാം വാർഡിൽ 60 വീടുകളും ആറാം വാർഡിൽ 50 വീടുകളും ഏഴാം വാർഡിൽ85 വീടുകളും എട്ടാം വാർഡിൽ 50 വീടുകളും ഉൾപ്പെടെ വാസയോഗ്യമല്ലാത്തതും ഭവനരഹിതരുമായ വരുടെ സംഖ്യ മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ മൊത്തം 645 ആണ്. അനേകം ആളുകൾക്ക് സ്വന്തമായി ഭൂമിഇല്ലാത്തതുകൊണ്ട് ഭവന നിർമ്മാണം ഏതെങ്കിലും ഏജൻസിവഴിയായോധനകാര്യ സ്ഥാപനം വഴിയായോ നടത്താനും കഴിയുന്നില്ല.

കല്ലൂർക്കാട്, ആയവന, മഞ്ഞള്ളൂർ എന്നീ മൂന്നു ഗ്രാമപഞ്ചായത്തിലെ ഭവനരഹിതരും വാസയോഗ്യമല്ലാത്ത മടക്കത്താനം കേന്ദ്രമാക്കി

ഒരു ഭവനനിർമ്മാണ സഹകരണം, സംഘം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനത്തിൻെറ സേവനം ഒരു പരിധിവരെ കുടുംബങ്ങൾക്ക് വളരെയധികം ആശ്വാസം പകരുന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സിമൻറിഷ്ടികകൾ ഒരു പരിധിവരെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിൽ വാഴക്കുളത്ത് ചെറുകിട വ്യവസായമായും മടക്കത്താനത്തും അച്ചൻ കവലയിലും കുടിൽ വ്യവസായമായും നിർമ്മിക്കുന്നത് വിലയുംകൂടി അല്പം കുറയ്ക്കുക യാണെങ്കിൽ ഭവന നിർമ്മാതാക്കളെ സംബന്ധിച്ച് വലിയൊരനുഗ്രഹമായിരിക്കും. ഭവന നിർമ്മാണ രംഗത്ത് വൈദഗ്ധ്യം നേടിയ തൊഴിലാളികളെയും, വൈദഗ്ധ്യമില്ലാത്ത തൊഴിലാളികളേയും ആവശ്യത്തിനത്ര ലഭിക്കാനുണ്ട്. എന്നാൽ ആമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി സാധാരണ ഭവനനിർമ്മാതാക്കളെ സംബന്ധിച്ചിടത്തോളം വളരെയധികം സാമ്പത്തികമായി ബുദ്ധിമുട്ടിക്കുന്നുണ്ട്. കെട്ടിടം വാർക്കപ്പണിക്കു കൂടുന്ന ഒരു പുരുഷത്തൊഴി ലാളിക്ക് പ്രതിദിനം 150 രൂപയും സ്ത്രീ തൊഴിലാളിയക്ക് 100 രൂപയുമാണ് കൂലി.

സ്വന്തമായി ഭൂമി ഇല്ലാതെറോഡ് പുറമ്പോക്കിലും തോടുപുറമ്പോക്കിലും, ഗവൺമെൻറ് തരിശുഭൂമിയിലും, ഗവൺമെൻറ് മറ്റ് പുറമ്പോക്കുഭൂമിയിലും, പാറക്കെട്ടുകളിലും പട്ടികജാതിക്കോളനി ബൽറ്റ് ഏരിയായിലും ബൽറ്റ് ഏരിയായ്ക്ക് പുറത്ത് താമസിയക്കുന്ന അനേകം കുടുംബങ്ങൾ മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ ഉണ്ട്. അവർക്കെല്ലാം ഉടനടി പട്ടയം കൊടുത്ത് ഭവനം നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ഗ്രാൻറുകളോ ലോണുകളോ സജ്ജമാക്കി യുദ്ധകാലാടിസ്ഥാനത്തിൽ തീവ്രയജ്ഞ പരിപാടിയാക്കി മാറ്റി ഭവനങ്ങൾ നിർമ്മിച്ച് കൊടുക്കണം.

ഭവന രഹിതരായ കുടുംബങ്ങളിലും വാസയോഗ്യമല്ലാത്ത ഭവനങ്ങളുള്ള കുടുംബങ്ങളിലും മറ്റ് ഭവനങ്ങളിലും കൂടിമൊത്തം ഇവിടെ 1000 കക്കൂസുകളോളം നിർമ്മിച്ചുകൊടുക്കേണ്ടതിനായിട്ടുണ്ട്. അത് എത്രയും വേഗം നിർമ്മിച്ചുകൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കണ്.

മഹിളാ സമാജം, ബാലവാടി, അംഗൻവാടി, നേഴ്സറിസ്കൂൾ, ഫീഡിംഗ് സെൻറർ എന്നിവ ഓരോ വാർഡിലും ഓരോ വിഭാഗത്തിലും ഓരോന്നുവീതം ഉടൻ പ്രവർത്തിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇപ്പോൾ നാലാം വാർഡിൽ കദളിക്കാട് ഒരു മഹിളാസമാജവും, ബാലവാടിയും നേഴ്സറിസ്കൂളും ഫീഡിംഗ് സെൻററും സാമാന്യം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. നാലാം വാർഡിൽ ചാറ്റുപാറയക്കടുത്ത് മണിയന്തരത്ത് ഒരു മഹിളാസമാജം പ്രിയദർശിനി പ്രവർത്തിക്കുന്നു. അതുപോലെതന്നെ അഞ്ചാം വാർഡിൽ മാട്ടുപാറയിൽ ഒരു മഹിളാ സമാജം, ബാലവാടി, ഫീഡിംഗ് സെൻറർ ഇവസാമാന്യം തൃപ്തികരമായിപ്രവർത്തിച്ചു പോരുന്നു.

ശാസ്ത്ര സാംകേതിക രംഗങ്ങളിലും ഇലകേട്രോണിക്സ് കംപ്യൂട്ടർ മേഖലയിലും റോക്കറ്റുവേഗതയിൽ കുതിച്ചുകൊണ്ടിരിക്കുന്ന ആധുനിക യുഗത്തിൽ മാനുഷിക ബന്ധങ്ങൾക്കും മൂല്യങ്ങൾക്കും, സനാതന തത്വങ്ങൾക്കും യാതൊരുവിലയും ആധുനിക ലോകം കല്പിക്കിന്നില്ല. തന്മൂലം അഗതികളായ വൃദ്ധന്മാരെ യും വൃദ്ധകളെയും സാമ്പത്തികശേഷിയുണ്ടെങ്കിലും മക്കൾ പരിപാലിക്കാൻ വൈമുഖ്യം കാണിക്കുന്ന വൃദ്ധന്മാരെയും വൃദ്ധകളെയും സാമാന്യം സൗകര്യത്തിൽ പാർപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ ഗവൺമെൻറുടമയിലോ, സ്വകാര്യ ഉടമയിലെ, ഗ്രാമപ്പഞ്ചായത്തുടമയിലോ ഒരു വൃദ്ധ മന്ദിരം ഉണ്ടാകേണ്ടത് എല്ലാ അർത്ഥത്തിലും ഇന്നത്തെ ഈ നാടിൻെറ ആവശ്യമാണ്.

കർഷകത്തൊഴിലാളി പെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധ്യകൃകാലപെൻഷൻ, അഗതി പെൻഷൻ, വിധവപെൻഷൻ, തൊഴിലില്ലയ്മ

വേതനം എന്നിവ ഈ പഞ്ചായത്തിൽ കുറെപ്പേർക്ക് കിട്ടുന്നുണ്ടെങ്കിലും കൃത്യസമയത്തൊ കുടിശ്ശിഖ കൂടാതെയോ ലഭിക്കുന്നില്ല. ആയതിന് പ്രധാന കാരണം ഗവൺമെൻറിൻെറ സാമ്പത്തി പരാധീന തയും ഉദ്യോഗസ്ഥന്മാരുടെ ചുവപ്പുനാടയുമാണ്. ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരം ഉണ്ടാകണം.

, ഐ.ആർ.ഡി.പി.യ്ക്ക് അർഹതയുള്ള മുഴു വൻ ആളുകൾക്കും സമയബന്ധിതമായി നിർബന്ധ മായും ലോണുകളും സബ്സിഡികളും ഗ്രാൻറു കളും യഥാസമയം വിതരണം ചെയ്യുക. ഗ്രാമീണ ബാങ്കിംഗ് മേഖലയുടെ പ്രവർത്തനങ്ങൾമെച്ച പ്പെടുത്തുക.

## പ്രശനങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. വാസയോഗ്യമായ വീടില്ലാത്തവരും ഭവന രഹിതരുമായ 635 കുടുംബങ്ങൾ ഈ മഞ്ഞള്ളൂ ർഗ്രാമപ്പഞ്ചായത്തിൽ ഉണ്ട്. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറുവഴിയായും മൂവറ്റുപുഴ ബ്ളോക്ക് വഴിയായും, മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത് വഴിയായും മൂവറ്റുപുഴ താലൂക്കാഫീസ് വഴിയായും കേരളാ സ്റ്റെയിറ്റ് ഹൗസിംഗ് ബോർഡ് വഴിയായും കേരളാ സ്റ്റേയിററ് ഹൗസിംഗ് ബോർഡ് ഓഫീസ് വഴിയായും കേരളഗവൺമെൻറുവഴിയായും കഴിയുമെങ്കിൽ മുഴുവൻ ഗ്രാൻറായും അല്ലെങ്കിൽ നിയമം അനുശാസിക്കുന്നിടത്തോളം ഗ്രാൻറായും ബാക്കിത്തുക ഉദാരവ്യവസ്ഥയിൽ അനേകം വർഷം കൊണ്ടടയ്ക്കണ്ട രീതിയിൽ ലോണായി നല്കുക. അങ്ങനെ ഒരു വർഷത്തിനുള്ളിൽ ഈ 35 വീടുകളും യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ നിർമ്മിക്കുക.

2. ഈ ഗ്രാമപ്പഞ്ചായത്തിൽ 1000 വീടുകൾക്ക് കക്കൂസുകൾ ഇല്ലാത്തതായി സ്ഥിതി വിവരക്ക ണക്കുകളിൽ കാണുന്നു. ഈ 1000 കക്കൂസുക ൾക്കും 2000 രൂപ വീതം ഓരോ കക്കൂസിനും ഗ്രാൻറായി കൊടുത്തു കൊണ്ട് ഒരു വർഷ ത്തിനുള്ളിൽ നിർമ്മിച്ചു കൊടുക്കുക.

3. ഈ പഞ്ചായത്തിലെ അർഹതയുള്ള എല്ലാ ആളുകൾക്കും എല്ലാ വിഭാഗം പെൻഷനുകളും ഉടൻ അടിയന്തിരമായി അനുവദിക്കുക. അതിനുള്ള ഫണ്ട് ബഹു. കേരളാ ഗവൺമെൻറു അനുവദി ച്ചുതരിക,

4. ഈ പഞ്ചായത്തിൽ നിലവിലുള്ള മഹിളാ സമാജം ബാലവാടി, ഫീഡിംഗ് സെൻറർ, നേഴ്സറി സ്ക്കൂൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടു ത്തുക.

5. കേരളാ ഗവൺമെൻറുടമയിൽ മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ വാഴക്കുളത്ത് ഭവന നിർമ്മാണ ത്തിനുവേണ്ടി ഒരു നിർമ്മിതി കേന്ദ്രം എത്രയും വേഗം സ്ഥാപിക്കുക.

6. കെട്ടിടനിർമ്മാണതൊഴിലാളികൾക്ക് കാലോചിതമായ പരിശീലനവും സേവന വേതന വ്യവസ്ഥയും ഉറപ്പുവരുത്തുക.

7. കഴിവതും നെൽ വയലുകൾ നികത്തി വീടുവയക്കാതിരിക്കുക. നിലങ്ങൾ നെൽക്കൃഷി ക്കുമാത്രമായി ഉപയോഗിച്ച് ഭക്ഷ്യദൗർല്ലഭ്യം ഒരളവുവരെ പരിഹരിക്കുക.

8. ഇടക്കാലത്ത് നിലച്ചുപോയ സാക്ഷരതാ വിദ്യാഭ്യാസം പുനർജ്ജീവിപ്പിക്കുന്നതിന് തുടർവിദ്യാ ഭ്യസ പ്രവർത്തനങ്ങൾ നടത്തുക.

9. ഏറ്റവും അവസാനത്തെ പ്രശ്നവും പരിഹാരവു മായിട്ടാണ് രേഖപ്പെടുത്തുന്നതെങ്കിലും ഏറ്റവും പ്രഥമവും പ്രധാനവുമായ ഒന്നാണ് താഴെ രേഖപ്പെടുത്തുന്നത്. മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത് ഓഫീസ് കെട്ടിടം ജീർണ്ണിച്ചതും ഒരു പരിധി ഉപയോഗശൂന്യവുമാണ്. ആ കെട്ടിടം പോളിച്ചു കളഞ്ഞ് തൽസ്ഥാനത്ത് ഏറ്റവും കുറഞ്ഞത് രണ്ട് നിലകളുള്ളതും ഏറ്റവും മനോഹരവും അത്യന്താധുനിക സൗകര്യങ്ങൾ ഉള്ളതു മായ ഒരു കെട്ടിടം അടിയന്ടിരമായി നിർമ്മിക്കുക.

****************************************

**************************

# സംസ്കാരം

സംസ്കാരം, കായികം ഈ രംഗങ്ങളിൽ മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്ത് തനതായ അതിൻെറ പൈതൃക പാരമ്പര്യവും വ്യക്തിത്വവും അഭംഗുരം എന്നെന്നും കാത്തുസൂക്ഷിച്ചുപോരുന്നുണ്ട്. നമ്മുടെ സംസ്കാരവും കായികത്വലും ലോകത്തിൻെറ ഏതുമുക്കിലും മൂലയിലും ഒരു ഗിരിദീപം പോലെ യും കണ്ണിലെ കൃഷ്ണമണികൾ പോലെയും കാത്തുസൂക്ഷിച്ചുപോരുന്നുണ്ട്.

മഞ്ഞള്ളൂർ പഞ്ചായത്തിൻെറ വകയായി വാഴക്കുളത്ത് ഒരു സാംസ്കാരികനിലയം വളരെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ചെറുകഥ കൾ, നാടകങ്ങൾ, യാത്രവിവരണങ്ങൾ ജീവചരിത്ര ങ്ങൾ നോവലുകൾ തുടങ്ങിയവളരെ വളരെമൂല്യങ്ങ ളുള്ളതും വിലപിടിപ്പുള്ളതുമായ 7000 പുസ്തക ങ്ങൾ ഉള്ള നല്ല ഒരു ലൈബ്രറി വായിച്ചു വളരുക എന്ന സദുദ്ദേശത്തോടെ എല്ലവർക്കും നസ്സയേകി കൊണ്ട് ഈ സംസ്കാരിക നിലയത്തിൽ പ്രവർത്തി ക്കുന്നു. ഈ സംസ്കാരിക നിലയത്തിൽ ഉത്തുമ ഗഗുണമേന്മയുള്ള ഒരു വായനശാലയും പപ്രവർ ത്തിക്കുന്നുണ്ട്. ദീപിക, മാതൃഭൂമി, ദേശാഭിമാനി, മലയാളമനോരമ, ഇൻഡ്യൻ എക്സ് പ്രസ്സ്, തുടങ്ങിയ ദിനപ്പത്രങ്ങലും ആഴ്ചപ്പതിപ്പ്, മാസാന്ത്യപ്പതിപ്പ് എന്നിവയും പാരായണം ചെയ്ത് ജ്ഞനം നേടുന്ന തിനായി ലഭിയ്ക്കുന്നു. എന്നത് പ്രത്യേകം എടുത്തുപറയേണ്ടകാര്യമാണ്.

രണ്ടാം വാർഡിൽ സാംസ്കാരിക നിലയം ഇല്ല. മൂന്നാം വാർഡിൽ വടകോട്ട് ഒരു ഗ്രന്ഥശാ ലയും ഒരു വായനശാലയും അതിനോടനുബന്ധിച്ച് വിനോദപ്രകടനാവസരങ്ങലും ലഭിയ്ക്കുന്നു എന്നുള്ളത് വളരെയധികം ശുഭോദർക്കകമാണ്.

അഞ്ചാംവാർഡിൽ ഗ്രന്ഥശാലയും വായന ശാലയും ഇല്ല. ആറാം വാർഡിൽ അച്ചൻ കവല യിൽ ഗ്രാമീണവായനശാലയും മടക്കത്താനത്ത് സ്വാതിതിരുനാൾ ആർട്ട്സ് ആൻറ് റീഡിംഗ് ക്ലബും പ്രവർത്തിക്കുന്നു. കദളിക്കാട്ട് ഒരു ഗ്രന്ഥശാലയും വായനശാലയും 07-എം.പി.എ. 2501 ദി നാഷ ണൽ രീഡിംഗ് ക്ലബ്ബ് ആൻറ് പബ്ലിക്ക് ലൈബ്രറി കദളിക്കാട് എന്ന പേരിൽ പ്രവർത്തിക്കുന്നു. അതുപോലെ തന്നെ ഏഴാം വാർഡിൽ പിരളിമറ്റത്ത് ജയ് ഹിന്ദ് ലൈബ്രറി ആൻഡ് സ്പോർട്ടസ് ക്ളബ്ബ് നല്ല പ്രകടനം കാഴചവയ്ക്കുന്നു. എട്ടാം വാർഡിൽ സാംസ്കാരിക നിലയം ഇല്ല.

ഒന്ന് ഏഴ്, എട്ട് ഈ വാർഡുകളിലായി മാസ് സ്റ്റ്റാലിയൻസ് ജ്വാല, നിള, ഈണം ഓർക്കസ്ട്ര ട്രാക്സ്, ശ്രുതി, ഇൻഡ്യൻ ജൂണിയർ ചേംബറിൻെറ വാഴക്കുളം ചാപ്റ്റർ എന്നീ സാംസ്കാരിക സംഘട നകൾ പ്രവർത്തിക്കുന്നു. അതുപോലെ തന്നെ ആർട്ട്സ് ആൻഡ് സ്പോർടംസ് ക്ലബുകൾ മൂന്നെണ്ണ മുണ്ട്.

1. സെൻറ് ജോർജ് വോളിബോൾ ക്ലബ്ബ് വാഴക്കുളം. 2. താനാ, വാഴക്കുളം 3. ജയ് ഹിന്ദ്, ലൈബ്രറി അൻഡ് സ്പോർട്ട്സ് ക്ളബ്ബ് പിരളിമറ്റം കാലയവനി കയ്ക്കുള്ളിൽ മറഞ്ഞുപോയ തോമ്മാക്കുഞ്ഞ് വടക്കേക്കര, കെ.എ. തോമസ് കാഞ്ഞിരംകുന്നേൽ, എൻ.എം. വറുഗീസ് നമ്പ്യാപറമ്പിൽ എന്നിവരും ഇന്നും നമ്മോടുകൂടി ജീവിക്കുന്ന വി.ജെ. ജോസഫ് വി.ജെ. വറുഗീസ് വടക്കേക്കര എന്നിവരും മഞ്ഞള്ളൂർ പഞ്ചായത്തിൻോറ ചരിത്ര ഏടുകളിൽ തങ്കലിപികളാൽ രോഖപ്പെടുത്തപ്പെടേണ്ടകായിക താരങ്ങളാണ്.

പ്രാചീന നാടൻ കലാരൂപങ്ങളായ പരിചമുട്ടുകളി, കാളകളി, കോലടികളി മുതലായ ഇന്നും ഇവിടെ അതതിൻെറ വ്യക്തിത്വം നിലനിറു തതി തുടർന്നു പോരുന്നു.

കായികരംഗങ്ങളിൽ നാടൻ പന്തുകളി, ചുട്ടികളി, വോളിബോൾ, ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്

ബാൻറ്മിൻറൺ, റിംഗ്ടെന്നീസ്, ഷട്ടിൽകോക്ക്, ബാസ്കറ്റുബോൾ, കബടി എന്നിവയെല്ലാം ഇവിടെ തുടർന്നുവരുന്നു.

ഓണം, വിഷു, ക്രിസ്തുമസ്സ് ഈസ്റ്റർ, റംസാൻ, ദീപാവലി, പൂജയെടുപ്പ് എന്നിവയെല്ലാം ദേശീയവും അന്തർദേശീയവുമായ ഉത്സവങ്ങളായി കണക്കിലെടുത്ത്കൊണ്ട് ആഘോഷിച്ചാൽ നാനാജാതി മതസ്ഥരായ ഹിന്ദുക്കളും ക്രസ്താനികളും മുസ്ലീംങ്ങളും തമ്മിൽ ഏകോദര സഹോദരങ്ങളെപ്പോലെ വർത്തിക്കാൻ സുവർണ്ണാവസരം പ്രദാനം ചെയ്യുന്നു. ഓണപ്പൂവിടീൽ, തിരുവാതാരക്കളി, കൈകൊട്ടിക്കളി, വഞ്ചിപ്പാട്ട്, ഓണപ്പുടവ ഉടുക്കൽ എന്നിവ എല്ലാവരുടെയും ജീവിതത്തിൻെറ ഭാഗമായി ഇഴുകിചേർന്നിരിക്കുന്നു.

മൂന്ന് ഹൈസ്കൂളുകളും ഒൻപത് പ്രൈമറി സ്കൂളുകളും മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിലുണ്ട്. ഈ സരസ്വതീക്ഷേത്രങ്ങളിലെല്ലാം ആണ്ടുതോറും സ്കൂൾ വാർഷികങ്ങൾ ക്രമമായി നടത്തുന്നു. അവിടെയെല്ലാം സാമൂഹ്യവും സാംസ്കാരികവും സർവ്വ മതസൗഹാർദ്ദവും ഊട്ടിവളർത്തുന്ന കലാപീയൂഷം അവതരിപ്പിക്കുന്നു. അങ്ങനെ സരസ്വതീ ക്ഷേത്രങ്ങളിൽ നിന്ന് കലയും, സംസ്കാരവും സർവ്വമതമൈത്രീയും അംബരചുംബികളായി പ്രഭാപൂരം പരത്തി മാനവരാശിയെ ഒരു പൂമാലയിലെ പുഷ്പങ്ങളെപ്പോലെ കോർത്തിണക്കുന്നു.

മൂന്ന് കത്തോലിക്കാദേവാലയങ്ങളും ഒരു സന്യസാശ്രമവും പെൻറിക്കോസ്തു സഭയുടെ ഒരു അസംബ്ലി ഓഫ് ഗോഡ് എന്ന പുണ്യതീർത്ഥവും ഒരു മുസ്ലീംപള്ളിയും ഒരു മദ്രസ്സയും ചെറുതും വലുതുമായ എട്ടുക്ഷേത്രങ്ങളും അഞ്ച് സന്യാസിനിമഠങ്ങളും ഒരു അനാഥാലയവും ഒരു ആശുപത്രിയും അനേകം ഡിസ്പെൻസറികളും ഇവിടെ ഉണ്ട്. ഒരു ചരടിൽ കോർത്തമണികൾ പോലെ ഈ പഞ്ചായത്തിലെ എല്ലാ ആളുകളെയും ഭൗതികവും ബൗദ്ധികവും ആദ്ധ്യത്മീകവുമായി യോജിപ്പിക്കുന്നതിന് മുകളിൽ സൂടിപ്പിച്ച സ്ഥാപനങ്ങൾ നിരന്തരമായി പരിശ്രമിച്ചുപോരുന്നു. ഇവിടെ നടക്കുന്ന തപരവും കലാപരവമായ ചടങ്ങുകളിൽ മതത്തിനതീതമായ കാഴ്ചപ്പാടോ വിശ്വസ സാഹോദര്യം മുൻനിറുത്തിയുള്ള ദർശന സംസ്കാരം പടുത്തുയർത്തി കൊണ്ടിരിക്കുന്നു.

ടെലിവിഷൻെറയും റേഡിയോയുടെയും അതിപ്രസരം ഒരു പരിധിവരെ വിദ്യാർത്ഥികളുടെ അദ്ധ്യയനത്തെ ബാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു നഗ്നയാഥാർത്ഥ്യമാണ്. വിദ്യാർത്ഥികളിൽ ആവശ്യമായനിയന്ത്രണം അധികാരികളുടെ ഭാഗത്തു നിന്നു നടത്തിയും ഭാവിതലമുറയെ വാർത്തെടുക്കാൻ ആവശ്യമായതരത്തിൽ ടെലിവിഷൻ, റേഡിയോ ഇവകൈകാര്യം ചെയ്തും ഇക്കാര്യങ്ങളിൽ ഉള്ളപോരായ്മകൾ പരിഹരിക്കാം.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ ഒന്നാം വാർഡിൽ വാഴക്കുളത്തുമാത്രമെ ഒരു സാംസ്കാരിക നിലയം ഉള്ളു. മറ്റ് ഏഴു വാർഡുകളിൽ മഞ്ഞള്ളൂർ പഞ്ചായത്തുവകയായി അടുത്ത നാലു വർഷത്തിനുള്ളിൽ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കുക.
2. വാഴക്കുളത്തുള്ള മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൻെറ സാംസ്കാരിക നിലയത്തിൽ ഒരു ടെലിവിഷൻ ഇല്ല. അടിയന്തിരമായി മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായ ത്തിൽ ഒരു കളർ ടി.വി സ്ഥാപിക്കുക. തദ്വാരപൊതുജനങ്ങളുടെ വിജ്ഞാനം ആസ്വാദനമൂല്യം ഇവ പരിപോഷിപ്പിക്കാം.
3. കായിക - കലാസംഘടനകൾ സംഘടിപ്പിക്കുന്ന കായിക - കലാപരിപാടികളിൽ ഈ ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങൾ ആത്മാർത്ഥമായി അർപ്പണ ബുദ്ധിയോടെ സഹകരിക്കുക. തദ്വാരാ അത്യന്താധുനികമാനവ മൈത്രി സംസ്കാരം കെട്ടിപ്പടുക്കാൻ സാധിക്കും
4. ദേവാലയങ്ങൾ, അമ്പലങ്ങൾ, മുസലീം പള്ളികൾ ഇവനടത്തുന്ന പെരുന്നാളുകളും ഉത്സവങ്ങളും ഈ നാട്ടിൽ സർവ്വ മാനവരാശിയുടെയും പരിപാടിയായി മാറ്റുക. അവിടെയെല്ലാം സർവ്വ മത പ്രാർത്ഥനകളും സർവ്വമതസൗഹാർദ്ദം ഊട്ടി

വളർത്തുന്ന കലാപരിപാടികളും അവതരിപ്പിക്കുക.
5. സരസ്വതി ക്ഷേത്രങ്ങളിലെ ആനിവേഴ്സറികൾ നാടിൻെറ മൊത്തം പരിപാടി ആക്കി പരിവർത്തനം ചെയ്യുക. ധാർമ്മികവും സനാതനവുമായ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കലാപ്രകടനങ്ങൾ അവിടെ ആവിഷ്കരിക്കുക.
6. സംസ്ഥാനവും ദേശീയവും അന്തർദ്ദേശീയവും ആയ ആഘോഷങ്ങൾ എല്ലാ സ്വാർത്ഥകളും വെടിഞ്ഞ് ആ പ്രദേശത്തിൻെറ ആഘോഷങ്ങളായി എല്ലാവരുംകൊണ്ടാടുക.
7. മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൻെറ കേന്ദ്രീകൃത സ്ഥാനത്തിനടുത്ത് ഒരു വലിയ ഓപ്പൺ സ്റ്റേഡിയം സ്ഥാപിക്കുക. മറ്റെല്ലാവാർഡുകളിലും ഒരു ചെറിയ തുറസ്സായ സ്റ്റേഡിയങ്ങൾ സ്ഥാപിക്കുക.
8.വാഴക്കുളത്ത് ഒരു മിനി പാർക്കും സ്ഥാപിക്കുക.
9. ആറാം വാർഡിലെ അച്ചൻ കവലയിലും മടക്കത്താനത്തും പ്രവർത്തിക്കുന്ന വായനശാല കൾക്ക് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുനതിനുള്ള നടപടികൾ സ്വീകരിക്കുക.
10. അഞ്ചാം വാർഡിൽ ഒരു ഗ്രന്ഥശാല സ്ഥാപിക്കുക.

$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$

# വനിത

1991 ലെ കാനേഷുമാരി കണക്കനുസരിച്ച് ഇവിടെ 6825 പുരുഷന്മാരും 6967 സ്ത്രീകളും അങ്ങനെമൊത്തം 13792 ആളുകൾ ഉണ്ട്. ഈ കണക്കനുസരിച്ച് വനിതകളുടെ എണ്ണം പുരുഷന്മാരുടെ സ്ഥാനത്ത് 50.4% സ്ത്രീകൾ ഉള്ളപ്പോൾ 49.6% പുരുഷന്മാരാണ്. ഈ പഞ്ചായത്തിൽ 418 വനിത പട്ടിക ജാതിക്കാരും 434 പുരുഷപട്ടിക ജാതിക്കാരും 2 പട്ടികവർഗ്ഗ പുരുഷന്മാരും 3 പട്ടിക വർഗ്ഗ വനിതകളും അങ്ങനെ മൊത്തം ഈ പഞ്ചായത്തിൽ 857 പട്ടികജാതി പട്ടിക വർഗ്ഗക്കാരുണ്ട്.

സാക്ഷരരായ പുരുഷന്മാർ ഈ ഗ്രാമത്തിൽ 5855 ഉം സ്ത്രീകൾ 5766 ഉം ആണ്. സ്കൂളുകളിലെ ആകെ പെൺകുട്ടികളുടെ എണ്ണം 1793 ഉം ആൺകുട്ടികൾ 1645 ഉം ആണ്. 1996-97 അദ്ധ്യയനവർഷത്തിൽ അദ്ധ്യയനം നടത്തുന്നത്. ഈ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിച്ചിട്ടുണ്ടെന്ന് സ്ഥിതി വിവരകണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അനേകം നിരക്ഷരരായ ആളുകൾ ഇവിടെ ഉണ്ട്.

തൊഴിൽരംഗത്ത് വനിതകളുടെ പങ്കാളിത്വം പുരുഷന്മാർക്കൊപ്പമില്ലെങ്കിലും വനിതകൾ വിവിധ മേഖലകളിൽ ജോലിചെയ്യുന്നുണ്ട്. കൃഷിപ്പണികൾ, കെട്ടിടനിർമ്മാണം, തയ്യൽപ്പണികൾ, തടിപ്പണി, പാറപ്പണി, തുടങ്ങിയതൊഴിലുകൾ ചെയ്ത് ഉപജീവനം നടത്തുന്ന ധാരാളം വനിതകൾ ഈ പഞ്ചായത്തിൽ ഉണ്ട്. സ്രതീ തൊഴിലാളികൾക്ക് പുരുഷതൊഴിലാളികളേക്കാൾ കൂലി കുറവാണ്.

അഭ്യസ്ഥ വിദ്യരായ ധാരാളം വനിതകൾ ഈ പഞ്ചായത്തിൽ ഉണ്ട്. അദ്ധ്യാപകർ എഞ്ചിനീയർമാർ, ഡോക്ടറന്മാർ, നേഴ്സുമാർ എന്നിങ്ങനെ വിവിധ തുറകളിൽ അവർ പ്രവർത്തിക്കുന്നു.

വനിതകൾമാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

1. ബാലഭവൻ - വാഴക്കുളം
2. വിവിധബ്യൂട്ടിപാർലറുകൾ
3. തയ്യൽ യൂണിറ്റുകൾ
4. രണ്ട് മൂന്ന്,നാല്, അഞ്ച് വാർഡുകളിൽ പ്രവർത്തിക്കുന്ന ബാലവാടികൾ
5. നാല്, അഞ്ച്, ഈ വാർഡുകളിലുള്ള മഹിളാസമാജം നേഴ്സറി സ്കൂൾ ബാലവാടി ഫീഡിംഗ് സെൻറർ

കദളിക്കാടിനടുത്ത് പിറളിമറ്റത്ത് സെൻറ് തൊമസ് മാച്ച് വർക്സിൽ ധാരാളം വനിതകൾ പണിയെടുക്കുന്നുണ്ട്.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ 33% വനിതകൾക്ക് സംവരണം ചെയ്തിട്ടുണ്ടെങ്കിലും പൊതുപ്രവർത്തന രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം നന്നേകുറവാണ്. വീട്ടുപണികളും കുട്ടുകളുടെ സംരക്ഷണവുമായി ഒതുങ്ങികഴിയുന്ന വനിതകളാണ് ഏറിയ പങ്കും.

ബഹുഭൂരിപക്ഷം വനിതകളെയും രാഷ്ട്രത്തിൻെറ സേവനമുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉന്നയിയ്ക്കുന്നു.

1. സ്ത്രീ വിദ്യാഭ്യാസം വിപുലീകരിക്കുക.
2. ഭാസുരമായ ഒരു ക്ഷേമരാഷ്ടം കെട്ടിപ്പടുക്കുന്നതിന് വനിതകൾക്കുളള ധർമ്മം വനിതകളെ വ്യക്തമായി മനസ്സിലാക്കികൊടുക്കുക.
3. വനിതകൾക്കം സ്വയം തൊഴിൽകണ്ടെത്തുവാൻ പ്രത്യേക പരിശീലനം നല്കുക.
4. വനിതസംരഭകാരികൾക്ക് സാമ്പത്തിക സഹായം നല്കുന്ന ഡി.ഡബ്ളൂ.സി.ആർ.എ. യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കുക.
5. വനിതകുടിൽ വ്യവസായ - ചെറുകിട വ്യവസായയൂണിറ്റുകൾ സ്ഥാപിക്കുക.

എല്ലാവാർഡിലും മഹിളാ സമാജങ്ങൾ, ബാലവാടികൾ, അംഗൻവാടികൾ നേഴ്സറിസ്കൂളുകൾ ഫീഡിംഗ് സെൻററുകൾ ഇവ ആരംഭിക്കുക.

6. ഉൽപ്പാദനപ്രദമായ കാര്യങ്ങൾക്കു വേണ്ടി വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
7. വനിതാ പട്ടികജാതിപട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
8. സ്ത്രീകൾ നാഥകളായ കുടുംബങ്ങൾക്ക് പ്രത്യേകം സഹായം നൽകുക.

പുരാതനവും ഇന്ന് പ്രചാരത്തിലിരിക്കുന്നതും നവീനങ്ങളുമായ വനിതാപദ്ധതികളിലൂടെ ഈ ഗ്രാമപ്പഞ്ചായത്തിലെ വനിതകളുടെ എല്ലാ വിധത്തിലുമുള്ള പുരോഗതിനേടിയെടുക്കാൻ ഇവിടത്തെ ആബാലവൃന്ദം ജനങ്ങളും അർപ്പണമനോഭാവത്തോടെ അകമഴിഞ്ഞു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

# സഹകരണം

ഇംഗ്ലണ്ടിൽ ഉദയം ചെയ്ത സഹകരണ പ്രസ്ഥാനം ഇൻഡ്യയിലും കേരളത്തിലും ജനങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾവർണ്ണനാതീതമാണ് മഞ്ഞള്ളൂർ പഞ്ചായത്തിലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണസംഘങ്ങൾ ഇന്നാട്ടിലെ ജനങ്ങളിൽ വരുത്തിയിട്ടുള്ള സാമ്പത്തിക പുരോഗതി ചരിത്രത്തിൻെറ തങ്കലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്

1. സർവ്വീസ് സഹകരണബാങ്ക് 2824, വാഴക്കുളം.
2. സർവ്വീസ് സഹകരണബാങ്ക് 751 വാഴക്കുളം.
3. മഞ്ഞള്ളൂർക്ഷീരോൽപ്പാദന സഹകരണ സംഘം വാഴക്കുളം.
4. മടക്കത്താനം ക്ഷീരോൽപ്പാദന സഹകരണ സംഘം
5. മഞ്ഞള്ളൂർ വില്ലേജ് ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ് 233, മടക്കത്താനം.

വാഴക്കുളം 2824. ാം നമ്പർ സർവ്വീസ് സഹകരണബാങ്കിൻെറ പ്രവർത്തനമേഖല തൊടുപുഴ മൂവാറ്റുപുഴ റോഡിൻെറ തെക്കുവശം മഞ്ഞള്ളൂർ പഞ്ചായത്തിൻെറ മുഴുവൻ ഭാഗവുമാണ്.

വാഴക്കുളം 751 ാം നമ്പർ സഹകരണ സംഘത്തിൻെറ പ്രവർത്തനമേഖല തൊടുപുഴ മൂവാറ്റുപുഴ റോഡിൻെറ വടക്കുഭാഗം മഞ്ഞള്ളൂർ പഞ്ചായത്തിലെ മുഴുവൻ ഭാഗവുമാണ്.

വാഴക്കുളത്ത് പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദ സഹകരണസംഘത്തിൻെറ പ്രവർത്തന പരിധി മഞ്ഞള്ളൂർ പഞ്ചായത്തിൻെറ ഒന്ന്, രണ്ട്, മൂന്ന്, എട്ട് വാർഡുകളാണ്.

മടക്കത്താനത്ത് പ്രവർത്തിക്കുന്ന ക്ഷീരോൽപ്പാദന സഹകരണസംഘത്തിൻെറ പ്രവർത്തന മേഖല 4, 5, 6, 7, വാർഡുകളാണ്.

## സഹകരണ മേഖല

മഞ്ഞള്ളൂർ വില്ലേജ് ഹൗസിംഗ് സൊസൈറ്റി ആയവന, കല്ലൂർക്കാട്ട്, മഞ്ഞള്ളൂർ പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്നു.

വാഴക്കുളം 2824 ാം നമ്പർ സഹകരണ സംഘവും 751 ാം നമ്പർ സഹകരണസംഘവും കാർഷികവായ്പ്പകൾ, ഓ. എൽ. ലോണുകൾ, ഗോൾഡ്ലോണുകൾഹയർ പർച്ചേയ്സുകൾ, ഓവർ ഡ്രാഫ്റ്റ് എന്നിവയിൽ കൂടി എകദേശം 12 കോടി രൂപാ 1995 - 1996 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

വാഴക്കുളത്തേയും മടക്കത്താനത്തെയും ക്ഷീരോല്പാദകസഹകരണസംഘം നല്ലനിലയിൽ പ്രവർത്തിക്കന്നു.

മടക്കത്താനത്തുപ്രവർത്തിക്കുന്ന മഞ്ഞള്ളൂർ വില്ലേജ് ഹൗസിംഗ് സൊസൈറ്റിയിൽ നിന്ന് ലഭിച്ച സ്ഥി വിവരക്കണക്കനുസരിച്ച് 1995 - 1996 സാമ്പത്തികവർഷത്തിൽ 173 അപേക്ഷകർക്കായി 7302650 രൂപാ ഭവനനിർമ്മാണത്തിനായി വായ്പനല്കിയിട്ടുണ്ട്.

ഇവയ്ക്കു പുറമെ റബർപാൽ ശേഖരിക്കുന്ന ഒരു സഹകരണസംഘം വാഴക്കുളത്തിനടുത്തായി ഉണ്ട്.

മുകളിൽ രേഖപ്പെടുത്തിയ 2824, 751 നമ്പർസഹകരണസംഘങ്ങൾ മേല്പറഞ്ഞവയ്ക്ക് പുറമെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന്നും കുടിൽ വ്യവസായം, ചെറുകിട വ്യവസായം എന്നിവ തുടങ്ങുന്നതിനും കെട്ടിങട നിർമ്മാണത്തിനും കെട്ടിടം പുനരുദ്ധരിക്കുന്നതിനും I. R. D. P വായ്പകൾ കൊടുത്തിട്ടുണ്ട്.

സഹകരണ സംഘങ്ങൾ കാർഷികമേഖലയ്ക്കാണ് ഏറ്റവും കുടുതൽ ഊന്നൽ കൊടുത്തിരിക്കുന്നത്.

റിസർവ്വ് ബാങ്കിൽനിന്നും പ്രാഥമിക സഹകരണസംഘങ്ങൾക്ക് ലഭിക്കുന്ന വായ്പകളും പ്രഥമിക സഹകരണസംഘങ്ങൾ സമാഹരിക്കുന്ന സമ്പത്തും കർഷകരുടെ ഉന്നമനത്തിനായിട്ടാണ് പ്രധാനമായും ഉപയോഗിക്കുന്നത്.

എല്ലാ സഹകരണസംഘങ്ങളുടെയും പ്രവർത്തനം പൊതുവെ പറഞ്ഞാൽ തൃപ്തികരമാണ്.

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

വിദ്യാഭ്യാസപരമായും, സാമൂഹിഗകമായും സാംസ്കാരികമായും, സാമ്പത്തികമായും ഉദ്യോഗപ രമായും വളരെ വളരെ താഴെ ഗ്രാമത്തട്ടിൽ ജീവിക്കു ന്നവരാണ് ഇൻഡ്യാമഹാരാജ്യത്തെ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ. ഇൻഡ്യയുടെ ആത്മാവ് ഗ്രാമാന്തരങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. ഈ ഗ്രാമ ഗ്രാമാന്തരങ്ങളിലുള്ള ആളുകളുടെ സമഗ്രവികസനമാണ് ഇൻഡ്യയുടെ വികസനം പട്ടികജാതി പട്ടികവർഗ്ഗങ്ങളുടെ സമതുലിതവും സമഗ്രവും ദ്രുതഗതിയിൽ ഉള്ളതുമായ വികസനം നേടിയെടുത്താൽ ഗാന്ധിജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ്യം, ഗ്രാമപഞ്ചായത്തും, രാമ രാജ്യവും, ക്ഷേമരാഷ്ട്രവും ഇവിടെ സാധിത പ്രായമാവു കയാണ്.

മഞ്ഞള്ളൂർഗ്രാമപഞ്ചായത്തിലെ 8 വാർഡു കളിൽ ഒരു ഓട്ടപ്രതിക്ഷിണം നടത്തിയാൽ ഒന്നാം വാർഡിലും രണ്ടാം വാർഡിലും പട്ടികജാതി പട്ടിക വർഗ്ഗക്കാർ ഒട്ടും തന്നെയില്ലെന്ന് പറയാം.

മൂന്നാം വാർഡിൽ വ്യവസ്ഥാപിതമായ രീതിയിൽ പട്ടികജാതി - പട്ടികവർഗ്ഗ കോളനികൾ ഇല്ലെങ്കിലും മയിലാടും പാറ, രണ്ടു പീലാക്കൽ പാറ, മുടപ്പന്നൂർ എന്നീ സ്ഥലങ്ങളിൽ പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പെട്ട കുടുംബങ്ങൾ ഉണ്ടെന്നാണ് മൂന്നാം വാർഡിലെ വിശേഷാൽ ഗ്രാസഭാ റിപ്പോ ർട്ടിൽ കാണുന്നത്. ദളിദ് ക്രൈസ്തവരെയും കൂടി നിയമം വഴി ഇൻഡ്യൻ ഭരണഘടനയിൽ ഉൾപ്പെടു ത്തി പട്ടികജാതിയിൽ ഉൾപ്പെടുത്തിയാൽ വളരെ യധികം പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളെ നമുക്ക് പഞ്ചായത്തിൽ കാണാൻ കഴിയും. അടിസ്ഥാന ജീവിത സൗകര്യങ്ങൾ വളരെ വളരെ പരിമിതമാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെയും നിയമംമൂലം പട്ടികജാതിയിൽ ഉൾപ്പെടുത്താൻ പോകുന്ന ഈ വാർഡിലെ ദളിത് ക്രൈസ്ത വരുടെയും അവസ്ഥ വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവർ, ഭവന രഹിതർ, ഭവനങ്ങളിൽ വൈദ്യുതി ഇല്ലാത്തവർ, കുടിവെള്ള ലഭിക്കാത്തവർ. കക്കൂസില്ലാത്തവർ, റോഡില്ലാത്തവർ, വിദ്യാഭ്യാ സമില്ലാത്തവർ, ഗവൺമെൻറ് ജോലി ഇല്ലാത്തവർ തൊഴിൽ ഇല്ലാത്തവർ അങ്ങനെ നീണ്ടു പോകുന്നു. ഇവരുടെ പരാധീതതയുടെ പട്ടികകൾ.

മഞ്ഞള്ളൂർ പഞ്ചായത്തിലെ 4ാം വാർഡിൽ ഒരു പട്ടികജാതി- പട്ടികവർഗ്ഗത്തിൽപ്പെട്ട 165 കുടുംബങ്ങൾ അതിവസിക്കുന്ന ഒരു മാതൃകാ സെറ്റിൽമെൻറ് കോളനിയുണ്ട്. ഈ സെറ്റിൽ മെൻറ് കോളനിയിൽ 17 കുടുംബങ്ങൾക്ക് ഭാഗീകമായും 5 കുടംബങ്ങൾക്ക് പൂർണ്ണമായും പട്ടയം കിട്ടിയ വസ്തു അവരുടെ ഉമസ്ഥതയിൽ വിട്ടുകിട്ടിയിട്ടില്ല ഉടമയിൽ ഭൂമികിട്ടുന്നതിനുള്ള നടപടിസ്വീകരിക്കുക. അല്ലെങ്കിൽ പകരം ഭൂമിനൽകുക. കോടതികേസിൽ പടി അനധികൃതകുടിയേറ്റക്കാർ അത് കൈവശം വച്ചിരിക്കുന്നതാണ്. ഇതിന് കാരണം കൂടാതെ 4 ാം വാർഡിലെ ചാറ്റുപാറ, തോണിക്കുഴി, പനേക്കുന്ന് മുപ്പത് ഏക്കർ കോളനി എന്നിവടങ്ങ ളിലും പുറംപോക്ക് ഭൂമിയിലും തരിശ് ഭൂമിയിലും കോളനി ബൽറ്റ് ഏരിയായിലും പട്ടികജാതി പട്ടികവർഗ്ഗങ്ങളും പട്ടികജാതി ലിസ്റ്റിൽ നിയമം മൂലം ഇൻഡ്യൻ ഭരണഘടനയിലും ഉൾപ്പെടുത്താൻ സാധ്യതയുള്ളതുമായ ധാരാളം ആളുകൾ

താമസിക്കുന്നു. ഇവർക്കൊന്നും യാതൊരു അടിസ്ഥാന സൗകര്യങ്ങളുമില്ല. 1984 കേരളാ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ കദളി ക്കാട്ട് വിമലമാതാ സ്കൂളിൽ വച്ച് മണിയന്തടത്ത് പട്ടികജാതിക്കാർ 165 കുടുംബങ്ങൾക്ക് 2 ഏക്കർ വീതം ഭൂമിനൽകി യെങ്കിലും കാര്യമായ പുരോ ഗതി കൈവരിക്കാൻ പട്ടികജാതിക്കാർക്ക് നാളിതു വരെ സാധിച്ചിട്ടില്ല. പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും നിർദ്ദേശങ്ങളും വികസനാഭി പ്രായങ്ങളും അന്യത്ര.

ആഞ്ചാം വാർഡിൽ അംഗീകൃത പട്ടികജാ തികോളനികൾ ഇല്ല. 30 ഓളം കുടുംബങ്ങൾ ചിന്നിച്ചിതറി ഈ വാർഡിൻെറ വിവിധ ഭാഗങ്ങളി ലായി താമസിക്കുന്നു. അതുകൊണ്ട് അംഗീകൃത പട്ടികജാതി കോളനിക്കു ലഭിക്കുന്ന ആനുകൂല്യ ങ്ങൾ ഒന്നും ഇവർക്ക് ലഭിക്കുന്നില്ല. ആയതുകൊണ്ട് ഈ 30 പട്ടികജാതി കുടുംബങ്ങളെ ഉൾപ്പെടുത്തി ഒരു മിനിയേച്ചർ പട്ടികജാതിക്കോളനി സ്ഥാപിക്കേ ണ്ടതാണെന്ന ശക്തമായ അഭിപ്രായം ഗ്രാമസഭയിൽ നിന്നു പൊങ്ങി വന്നിട്ടുണ്ട്.

ആറാം വാർഡിൽ വളരെ വളരെ കുറച്ചു പട്ടികജാതിക്കാരെ ഉള്ളൂ.

ഏഴാം വാർഡിൽ പാണപാറ, നെടുമല എന്നിവടങ്ങളിൽ പട്ടികജാതി - പട്ടികവർഗ്ഗ കോളനി ഉണ്ട്.

എട്ടാം വാർഡിൽ അംഗീകത പട്ടികജാതി - പട്ടികവർഗ്ഗ കോളനി ഇല്ലെങ്കിലും സെറ്റിൽമെൻറ് കോളനി, ചാവറ കോളനി എന്നിവിടങ്ങളിൽ സസൂക്ഷമവും വിസ്തൃതവുമായ അർത്ഥത്തിൽ പട്ടികജ്ജാതി - പട്ടികവർഗ്ഗ കോളനികളായി എല്ലാ അർത്ഥത്തിലും നിർവചിക്കാവുന്നതാണ്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ഒന്നാം വാർഡ്

ഇൻഡ്യൻ പാർലമെൻറ് താമസിയാതെ ദളിത് ക്രൈസ്തവരെയും കൂടി പട്ടികജാതി - പട്ടികവർഗ്ഗ ലിസ്റ്റിൽ പെടുത്തി നിയമം പാസ്സാക്കു ന്നതോടെ ഒന്നാം വാർഡിലെ ബാലഭവന് അടു ത്തുള്ള ലക്ഷം വീടുകോളനി, മെതിപ്പാറ കോളനി എന്നിവ പട്ടികജാതി പട്ടികവർഗ്ഗ കോളനിക ളായിതീരുന്നതാണ്. അവർക്ക് വീട്, കക്കൂസ്, വഴി, വെള്ളം, വെളിച്ചം, തൊഴിൽ സ്വയം തൊഴിൽ കണ്ടെ ത്താനുള്ള സാമ്പത്തീക സൗകര്യങ്ങൾ, സ്പെഷ്യൽ ഡ്രൈവ് റിക്രൂട്ട് മെൻറ് പ്രോഗ്രാം വഴി ഉടനടി എല്ലാവർക്കും ജോലി എന്നിവ അടുത്ത ഒൻപതാം പദ്ധതിയിൽ അടിയന്തിരമായി എത്തിച്ചുകൊ ടുക്കണം.

രണ്ടാം വാർഡ് രണ്ടാം വാർഡിൽ ചിന്നിച്ചിതറികിടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ ത്തിൽപെട്ട ആളുകൾക്ക് കൂട്ടായി താമസിക്കത്തക്ക വിധത്തിൽ ഒരു മിനിയേച്ചർ പട്ടികജാതി കോളനി സ്ഥാപിച്ച് അവർക്ക് വീട്, കക്കൂസ്, വഴി, വെള്ളം, വെളിച്ചം, തൊഴിൽ, സ്വയം തൊഴിൽ ചെയ്യാനുള്ള സൗകര്യങ്ങൾ, സ്പ്യെഷ്യൽ ഡ്രൈവ് റിക്രൂട്ട്മെൻറ് പ്രോഗ്രാം അനുസരിച്ച് അഭ്യസ്തവിദ്യരായ എല്ലാവർക്കും ജോലി എന്നിവ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

മൂന്നാം വാർഡ്

മൂന്നാം വാർഡിലെ മയിലാടും പാറ, രണ്ടു പിലാക്കൽ പാറ, മുടപ്പന്നൂർ എന്നിവ അംഗീകൃത പട്ടികജാതി - പട്ടികവർഗ്ഗ കോളനികളല്ലെങ്കിലും അനതി വിദൂര ഭാവിയിൽ ഇൻഡ്യാ ഗവൺമെ ൻറിൻെറ പുതിയ ദളിത് ക്രൈസ്തവരെക്കുറിച്ചുള്ള ബില്ല് പാർലമെൻറിൽ പാസ്സാക്കുന്നതോടെ മേൽപ്പറഞ്ഞവയെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളായി മാറും. അവയ്ക്ക് ഔദ്യോഗികത്വം കൊടുക്കണം. ഈ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിലെ കുടുംബങ്ങൾക്ക് ഒന്നും രണ്ടും വാർഡുകളിൽ സൂചിപ്പിച്ചപോലുള്ള ക്ഷേമ പ്രവർത്തനങ്ങൾ ചെയ്തുകൊടുക്കണം.

നാലാം വാർഡ് മണിയന്തടത്ത് ഒരു പട്ടിക ജാതി സെറ്റിൽമെൻറ് കോളനിയും, പനേക്കുന്ന്, ചാറ്റുപാറ, തോണിക്കുഴി, മുപ്പതേക്കർ കോളനി എന്നിവിടങ്ങളിൽ അനൗദ്യോഗിക പട്ടികജാതി - പട്ടികവർഗ്ഗ കോളനിയും ഉണ്ട്. എല്ലാ കോളനികളും ഔദ്യോഗിക പട്ടികജാതി - പട്ടികവർഗ്ഗ

സെറ്റിൽമെൻറ് കോളനികളാക്കണം. മഞ്ഞള്ളൂർ പഞ്ചായത്തിലെ നാലാം വാർഡിൻെറ ഭൂരിഭാഗവും പട്ടികജാതി - പട്ടിവർഗ്ഗങ്ങൾ അധിവസിക്കുന്ന പ്രദേശമാണ്. അപ്പോൾ പട്ടികജാതി - പട്ടികവർഗ്ഗത്തിൻെറ സമഗ്രവും സമതുലിതവും, നീതിപൂർവകവും ദ്രുതഗതിയിലുള്ളതുമായ വികസനം ഉണ്ടായാൽ മാത്രമെ ഈ വാർഡ് പുരോഗതി പ്രാപിക്കൂ. മണിയന്തടം പട്ടികജാതി കോളനിയെ I. H. D. P. (Intensire Harijan Development Programme Colony) കോളനിയായും മണിയന്തടം കോളനിയെ പ്രത്യേക ഘടക പദ്ധതിയിൽ (Special Component Programme ) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തദനുസൃതമായ യാതൊരു വിധ സാമ്പത്തിക ഫണ്ടുകൾ അനുവദിക്കുകയോ പുരോഗതി ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിലെ എന്നല്ല കേരളത്തിലെ ഏറ്റവും ദുരിത പൂർണ്ണമായ ഒരു വാർഡാണിത്

പരിഹാരമാർഗ്ഗങ്ങൾ

1. പട്ടയം കൊടുത്തിരിക്കുന്ന എല്ലാ വർക്കും പട്ടയത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഭൂമികൈവശത്തിൽ വിട്ടുകൊടുക്കുക.

2. തരിശുഭൂമിയിലും, പുറംമ്പോക്കുഭൂമിയിലും, പാറക്കെട്ടുകളിലും, കോളനിബൽറ്റ് ഏരിയായിലും, പട്ടികജാതി കോളനിയ്ക്ക് പുറത്തു കിടക്കുന്നവർക്കും, മുപ്പതേക്കർ കോളനിയിൽ പട്ടയം കിട്ടാതിരിക്കുനനവർക്കും ഉടൻ പട്ടയം കൊടുക്കുക.

3. കേസിൻപടി അനധികൃത കുടിയേറ്റക്കാരായ പതിനൊന്ന് കുടുംബങ്ങൾക്ക് അവരുടെ കഠിനാദ്ധ്വാനത്തിൻെറയും ദേഖണ്ഡത്തിൻെറയും അവിടെ ചെലവഴിച്ച സമ്പത്തിൻെറയും ആകെത്തുകയ്ക്കനുസരിച്ച് സ്ഥലം കൊടുക്കുകയോ സാമ്പത്തിക പ്രതി ഫലം കൊടുക്കുകയോചെയ്യുക. ഇത് മനുഷ്യത്വപരമായ ഒരു സമീപനരീതിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഇത് ആരുടെയും അവകാശങ്ങൾ ഹനിച്ചാവരുത്.

4. മണിയന്തടത്ത് കൊളമാവും തൊട്ടിയിലും ചാറ്റുപാറയിലും ഓരോ എൽ. പി. സ്കൂളുകൾ സ്ഥാപിക്കുക. ഇതിനോടനുബന്ധിച്ച് ഓരോനേഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

5. ഐയ്യങ്കാളി എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ വകയായി മണിയന്തടം പട്ടികജാതി സെറ്റിൽ മെൻറ് കോളനിയിൽ സ്ഥാപിക്കാനായി പ്രാരംഭം കുറിച്ചുകൊണ്ടിരിയ്ക്കുന്ന ബി. എഡ്. കോളേജിന് ഈ പഞ്ചായത്തിൽ നിന്നും കേരളാഗവൺമെൻറിൽ നിന്നും അംഗീകാരവും, സാമ്പത്തിക സഹായവും കിട്ടുന്നതിന് വേണ്ട തൊക്കെ ചെയ്യുക.

6. രണ്ട് ഗ്രാമീണ വായന ശാലയും ഗ്രസ്ഥശാലയും,രണ്ടുമഹിളാസമാജങ്ങൾ രണ്ട് ബാലവാടികൾ രണ്ട് അംഗൻ വാടികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രം, പോസ്റ്റോഫീസ്, റേഷൻ കട, ഒരു പട്ടികജാതി സഹകരണസംഘം എന്നിവ തുടങ്ങുക.

7. ധാരാളം പാറയും പാറക്കൂട്ടങ്ങളും ഉള്ള ഈ വാർഡിൽ രണ്ടോ മൂന്നോ മെറ്റൽ ക്രഷറുകൾ പഞ്ചായത്തിൽനിന്നോ, കേരളാ ഗവൺമെൻറിൽ നിന്നോ, അല്ലെങ്കിൽ പ്രൈവറ്റുവ്യക്തികൾക്ക് കൊടുത്ത് നടത്തിച്ചാൽ അനേകം ചെറുപ്പക്കാരും തൊഴിൽ ഇല്ലാത്തവരും അഭ്യസ്ത വിദ്യരും അനഭ്യസ്ഥവിദ്യരുമായ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നു.

8. മണിയന്തടം പട്ടികജാതി സെറ്റിൽ മെൻറ് കോളനിയുടെ എല്ലാഭാഗങ്ങളെയും ബന്ധപ്പെടുത്തിപോകുന്നു തികച്ചു ഗതാഗതയോഗ്യമല്ലാത്ത 35 കിലോമീറ്ററോളം വരുന്ന 15 റോഡുകൾ വീതി കൂട്ടി, റോഡ് രൂപപ്പെടുത്തി, മെറ്റൽ ചെയ്ത്. ടാർ ചെയ്യുന്നതിനുള്ള പണം അടിയന്തിരമായി കേരളാഗവമെൻറിൽ നിന്നും അനുവദിക്കുക.

9. ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമവും സ്നാനാദിജലക്ഷാമവും അനുഭവപ്പെടുന്ന ഈ കോളനിയിൽ യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ എത്രയും വേഗം മുപ്പതേക്കർ കോളനി, കൊളമാവുംതൊട്ടി, പനേക്കുന്ന്, ചാറ്റുപാറ, തോണിക്കുഴി, മേനാച്ചേരിത്താഴം എന്നിവിടങ്ങളിൽ ജലം എത്തിച്ചുതരിക.

10. ചെറുകിട വ്യവസായങ്ങളും കുടിൽ വ്യവസായങ്ങളും തുടങ്ങാൻ പട്ടികജാതിക്കാർക്ക് അടിയന്തിരസാമ്പത്തിക സഹായ സഹകരണങ്ങൾ ചെയ്യുക.

11. മണിയന്തടത്ത് മണ്ണ് പരിശോധിച്ച് വളപ്രയോഗം നിശ്ചയിക്കുക വളം, കീടനാശിനി, വിത്ത്,

ളൈകൾ എന്നിവ സൗജന്യമായി നല്കുക.

12. മണ്ണ് സംരക്ഷണത്തിനായി എല്ലാ പട്ടികജാതിക്കാരനും കയ്യാലപണിയുന്നതിന് മുഴുവൻ തുകയും ഗ്രാൻറായിനല്കുക.

13. എല്ലാ പട്ടികജാതിക്കാർക്കും ഉടൻ സൗജന്യമായി വീട്,കക്കൂസ് ഇവ നിർമ്മിച്ചുകൊടുക്കുക, സൗജന്യമായി വയർചെയ്യിച്ച് വൈദ്യുതി കണകഷൻ കൊടുക്കുക. എല്ലാ വീടുകളിലും ജലം എത്തിച്ചുകൊടുക്കുക. കോളനിയുടെ വിവിധഭാഗങ്ങളിൽ ജലലഭ്യതകണക്കിലെടുത്ത് കുഴൽ കിണറുകളും, സാധാരണ കിണറുകളും നിർമമിക്കുക.

14. ഒരു കമ്യൂണിറ്റിഹാൾ നിർമ്മിക്കുക.

15. തുടർസാക്ഷരതനടത്തുക.ഇടയ്ക്കുവച്ച് വിദ്യാഭ്യാസം നിർത്തിയവരെ കണ്ടുപിടിച്ച് തുടർ ഔദ്യോഗിക വിദ്യാഭ്യാസം നല്കുക.

16. കോളേജിൽ പഠിക്കുന്ന എല്ലാ പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർഥികൾക്കും അടിയന്തരിമായി മേശ, കസേര ഇവ സൗജന്യമായി നല്കുക.

17. കേരളാ ഗവൺമെൻറിലെ പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയും കേന്ദ്ര ഗവമമെൻറിലെ യൂണിയൻ പബ്ളിക് സർവ്വീസ് കമ്മീഷൻ വഴിയും എല്ലാ അഭ്യസ്ഥ വിദ്യരായ പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പെട്ട ആളുകൾക്കും സ്പെഷ്യൽ ഡ്രൈവ് റിക്രൂട്ട്മെൻറ് പ്രോഗ്രാം അനുസരിച്ച് ഉടൻ ജോലി നല്കുക.

18. മണിയന്തടംമലയുടെ ഉച്ചിയിൽ സോളാർ എനർജി മിഷ്യൻ സ്ഥാപിച്ച് എല്ലാ വീടുകളിലും എല്ലാ വിധത്തിലുമുള വൈദ്യുതാവശ്യങ്ങളും സാധിച്ചുകൊടുക്കുക.

19. മണിയന്തടം പട്ടികജാതി കോളനി ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുക. അത് ഉടൻ നടപ്പിൽ വരുത്തുക.

20. മണിയന്തടത്തിൻെറ ഏറ്റവും ഉച്ചി ഭാഗത്ത് ഒരു ടി. വി. റിലേകേന്ദ്രം അത്യാധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുക.

അഞ്ചാം വാർഡ്

ഈ വാർഡിലുള്ള ഏകദേശം 30 കുടുംബങ്ങളെ ഒന്നിച്ചു ചേർത്ത് ഒരു കോളനി ഉണ്ടാക്കി ഏറ്റവും കുറഞ്ഞ ചെലവിൽ വീട്, കക്കൂസ്, വഴി, വെള്ളം, വൈദ്യുതി ഇവ എത്തിച്ചു കൊടുക്കുക. അവിടെ നിന്നു അതായത് അഞ്ചാം വാർഡിൽ നിന്നും ലഭിക്കുന്ന കെട്ടിട നികുതി ഭവനരഹിതരും വാസയോഗ്യമല്ലാത്തവീടില്ലാത്തവരും ആയ പട്ടികജാതി. ദളിത് ക്രൈസ്തവരുടെ വീടുണ്ടാക്കി കൊടുക്കുക. ഇടയ്ക്ക് വിദ്യാഭ്യാസം നിർത്തുന്നവർക്ക് തുടർവിദ്യാഭ്യാസം നല്കുക. സാരക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക. അഭ്യസ്ഥ വിദ്യരായ എല്ലാ പട്ടിജജാതിക്കാർക്കും. ഉടൻ ഗവ. ജോലികൊടുക്കുക.

ആറാം വാർഡിൽ പട്ടികജാതിക്കാരില്ല

ഏഴാംവാർഡ് ഏഴാം വാർഡിൽ നെടുമലയിലും പാണപാറയിലും ചെറിയ ചെറിയ പട്ടികജതി ക്കോളനി ഉണ്ട്. അവർക്ക് വീട് കക്കൂസ്, വൈദ്യുതി, വെള്ളം, വഴി ഇവ അടിയന്തിരമായി സൗജന്യമായി എത്തിച്ചുകൊടുക്കുക. സാമൂഹ്യമായും, സാംസകാരികമായും, സാമ്പത്തികമായും അവരെ ഉയർത്തി കൊണ്ടുവരുന്നതിനാവശ്യമായ തൊക്കെ ചെയ്യുക. വിദ്യാഭ്യാസയോഗ്യത ഉള്ള എല്ലാവർക്കും ഉടൻ ജോലി കൊടുക്കുക.

എട്ടാം വാർഡ്.

എട്ടാം വാർഡിൽ ചാവറക്കോളനിയും സെറ്റിൽമെൻറ് കോളനിയും ഇപ്പോൾ ഭാഗീകമായും ഭാവിയിൽ പൂർണ്ണമായും പട്ടികജാതിക്കോളനി ആയി ത്തീരുന്നതാണ്. വീട് കക്കൂസ്, വഴി, വെള്ളം, വൈദ്യുതി ഇവ അടിയന്തിരമായി സൗജന്യമായി എത്തിച്ചു കൊടുക്കുക. സാമൂഹികമായും, സാംസ്കാരികമായും, സാമ്പത്തികമായും അവരെ ഉയർത്തികൊണ്ടുവരിക. വിദ്യാഭ്യാസയോഗ്യതയുള്ള എല്ലാവർക്കും ഉടൻ ജോലി നല്കുക.

മഞ്ഞള്ളൂർ പഞ്ചായത്തിനെ ഒരു ക്ഷേമപഞ്ചായത്തായി മാറ്റണമെങ്കിൽ അടിയന്തിരമായി പട്ടികജാതി - പട്ടികവർഗ്ഗ ദളിത് ക്രൈസ്തവരുടെ സമതുലിതവും, സമഗ്രവും, ദ്രുതഗതിയിലുള്ളതുമായ സർവ്വതേന്മുഖമായ പുരോഗതി ഉറപ്പുവരുത്തണം. അതിനുവേണ്ടി ഈ പഞ്ചായത്തിലെ ആബാലവൃന്ദം ജനങ്ങളും, പഞ്ചായത്തു പ്രതിനിധികളും, എം. എൽ. എ., എം. പി. കേരള, ഇൻഡ്യാഗവൺമെൻറുകൾ കൂട്ടായി പ്രവർത്തിക്കാം എന്ന് ദൃഢ പ്രതിജ്ഞയെടുത്ത് മുൻപോട്ട് പോകാം

# വിഭവസമാഹാരണം

മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിലെ ധനാഗമമാർഗ്ഗങ്ങൾ വളരെ പരിമിതമാണ്. തൊഴിൽ നികുതി, കെട്ടിടനികുതി, വിനോദ നികുതി എന്നിവയും, സർക്കാരിൽ നിന്നുള്ള സഹായങ്ങളുമാണ് പ്രാധാനധനാഗമമാർഗ്ഗങ്ങൾ ഇവിടത്തെ വരവിൻെറ 46% ഭരണനിർവഹണച്ചെലവിന് ഉപയോഗിക്കേണ്ടി വരുന്നു. 54% മാത്രമെ വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുന്നുള്ളൂ.

## വരവ് സംബന്ധിച്ചവിവരങ്ങൾ

| ഇനം | തുക രൂപ |
|---|---|
| കെട്ടിടനികുതി | 202837 |
| തൊഴിൽ നികുതി | 175745 |
| വിനോദ നികുതി | 21341.14 |
| അഡീ. വിനോദ നികുതി | 14180.76 |
| പ്രദർശന നികുതി | 1744 |
| പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്ജ് | 436.50 |
| ചന്തവരവ് | 154688 |
| ലൈസൻസ് ഫീസ് | 13317.25 |
| വസ്തുകൈമാറ്റ നികുതി 75% | 54446 |
| വസ്തുകൈമാറ്റനികുതി 25% | 50000 |
| ഡെപ്പോസിറ്റ് | 236848 |
| മററുള്ളവ | 147586.45 |
| ആകെ | 1073170.10 |

## ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | തുക രൂപ |
|---|---|
| ഭരണം | 484344 |
| പൊതുമരാമത്ത് | 984111 |
| വിദ്യാഭ്യാസം | 11905 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 30000 |
| തെരുവു വിളക്കുകൾ കത്തിക്കുന്നത് | 87848 |
| മറ്റുള്ളവ | 140790 |
| ആകെ | 1738998 |

ഇവിടെ രണ്ട് സഹകരണസംഘങ്ങളും ഒരു ഭാരതീയ ബാങ്കും ഒരു സൗത്തിൻഡ്യൻ ബാങ്കും നല്ലമാനദണ്ഡം പുലർത്തി പ്രവർത്തിച്ചു പോകുന്നു. വാണിജ്യ ബാങ്കിൽ നിക്ഷേപങ്ങൾ കൂടുന്നെങ്കിലും ഇവിടെ വായ്പകൾ വർദ്ധന വിനനുസരിച്ച് കൊടുക്കുന്നില്ല. സഹകരണ സംഘങ്ങളിൽ നിക്ഷേപത്തുകയുടെ സിംഹഭാഗവും വായ്പയായി നല്കുന്നു. വാണിജ്യബാങ്കകളിൽ ഇവിടെ ലഭിയ്ക്കുന്ന നിക്ഷേപങ്ങലിന്മേൽ മുഴുവൻ തുകയും ഇലിടെ വായ്പയായി കൊടുക്കണം.

ഈ പഞ്ചായത്തിലെ കെട്ടിട നികുതി പൂർണ്ണമായി ചൂഷണചെയ്യുന്നതിനായി പ്രാമാണി കരേഖയുടെ അടിസ്ഥാനത്തിൽ കെട്ടിട നികുതി നിജപ്പെടുത്തുക. കാർഷിക നികുതി വസ്തുവി ൻെറയും ആദായത്തിൻെറയും മാനദണ്ഡത്തിൽ.

ഈ പഞ്ചായത്തതിർത്തിയിൽ നിന്നും ഗവൺമെന്ററുകൾ പിരിക്കുന്ന അബ്കാരി നികുതി യുടെ ഒരു വിഹിതവും ആദായ നികുതിയുടെ ഒരു വിഹിതവും ഈ പഞ്ചായത്തിന് തന്നെ തരണം.

ദേശീയ സമ്പാദ്യ പദ്ധതി വളരെയധികം പ്രോത്സാഹിപ്പിച്ച് അതിൽ നിന്നും പഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ ശതമാനം വർദ്ധിപ്പിക്കുക.


ഈ പഞ്ചായത്തിൽ നിന്നും പിരിയ്ക്കുന്ന ലൈബ്രറി സെസ്സിൻെറ 50% ഇവിടത്തെ സാംസ്കാരിക കേന്ദ്രത്തിനും, ഗ്രന്ഥശാല കൾക്കും, വായനശാലകൾക്കമായി കേരളാ ഗവൺമെൻറിൽനിന്നും തരിക.

വിദേശമലയാളികളുടെ ശമ്പളത്തിൽ നിന്നും തുക സമാഹരിച്ച് വ്യവസായങ്ങൾ തുടങ്ങി ഇവിടത്തെ തൊഴിലില്ലായ്മയും ജനങ്ങളുടെ ജീവിത നിലവാരവും പഞ്ചായത്തിൻെറ വരുമാനവും വർദ്ധിപ്പിക്കുക.

മനുഷ്യവിഭവ ശേഷിസമാഹരിച്ച് റോഡു കൾവെട്ടുക, കലുങ്ക് നിർമ്മിക്കുക, കിണർകുഴി ക്കുക, കിണർ തേവുക, കുളങ്ങൾ വൃത്തിയാക്കുക.

നാലാംവാർഡിൽ സഹകരണമേഖലയിൽ ഒരു മെറ്റൽ ക്രഷർ സ്ഥാപിക്കുക. തൻമൂലം അനേകം ആളുകൾക്ക് തൊഴിലും വരുമാനവും ലഭിക്കുകയും കുറഞ്ഞനിരക്കിൽ കരിങ്കല്ല്, മെറ്റൽ തുടങ്ങിയ സാധനങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാവുന്നതുമാണ്.

മഞ്ഞള്ളൂർ ഗ്രാമപ്പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളെയും പ്രതിനിധീകരച്ച് ഒരു കർമ്മസമിതി രൂപീകരിച്ച് ഇൻഡ്യൻ സ്വാതന്ത്രദിനം, മെയ് ദിനം, റിപ്പബ്ളിക്ക് ദിനം തുടങ്ങിയ ദിവസങ്ങളിൽ ശ്രമദാനമായി വികസന പ്രവർത്തനങ്ങൾ നടത്തുക.



# ഉപസംഹാരം

സമത്വസുന്ദരമായ ഗ്രാമങ്ങളാൽ സമ്പന്നമായ ഒരു ഭാരതത്തെയാണ് നമ്മുടെ രാഷ്ട്രപിതാവ് വിഭാവനം ചെയ്യുന്നത്. മൂകലക്ഷങ്ങളുടെ അധികാര അവകാശങ്ങളുടെ വക്താവായിരുന്ന ഗാന്ധിജി ഗ്രാമങ്ങളിലാണ് ഭാരതത്തിൻെറ ആത്മാവ് കുടികൊള്ളുന്നതെന്നും ഗ്രാമീണജനതയാണ് ഈ നാടിൻെറ നട്ടെല്ലും നെടും തൂണും എന്നും അവരുടെ സർവ്വതോന്മുഖമായ പുരോഗതിയിലൂടെ മാത്രമേ ഭാരതത്തിന് അഭിവൃദ്ധി കൈവരിക്കാൻ കഴിയൂ എന്നും ഉദ്ഘോഷിക്കുന്നു. ഗ്രാമസ്വരാജിലൂടെ ജനകോടികളുടെ സർഗ്ഗാത്മകശക്തിയെ രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിലേയ്ക്ക് നമുക്ക് തിരിച്ചു വിടണം അംഗുലി പരിമിതമായ വ്യക്തികളാൽ നിർവഹിക്കേണ്ടപ്പെടേണ്ടതല്ല. ജനായത്വവും വികസനവും ഓരോ ഗ്രാമവും പൂർണ്ണ ആധികാരമുള്ള ഓരോറിപ്പബ്ളിക്കായിരിക്കണമെന്നും, സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നും ഉദിച്ചുയരണമെന്നും, ഗ്രാമം നശിച്ചാൽ ഭാരതവും നശിക്കുമെന്ന് നാം മനസിലാക്കിക്കഴിഞ്ഞു.

വികസനമെന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയയാണ് അത് സ്ഥായിയും നീതി പൂർവികവും ദ്രുതഗതിയിലുള്ളതുമായ ഒരു സാമ്പത്തീകവളർച്ചകൂടിയാണ് ഉദ്പാനമേഖലയിലെ മുരടിപ്പുമൂലം തൊഴിൽ ഇല്ലായ്മ ഭയാനകമായി വളർന്നിരിക്കുന്നു സംസ്ഥാന നികുതി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് പരിമിധികൾ ഉണ്ട്. സാമൂഹ്യക്ഷേമ ആവർത്തന ചെലവുകളുടെ ഭാരം കൂടിവരുന്നതുമൂലം റവന്യൂകമ്മി വർഷം തോറും വർദ്ധിച്ചുവരുന്നു. നമ്മുടെ പൊതു സംവിധാനങ്ങളാകെ അനുനിമിഷം ദുർബലപ്പെട്ടുകൊണ്ടിരിക്കുന്നു. പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണത്തിലധിഷ്ടിതമാണ് ഇന്ന് കേരളത്തിൻെറ സാമ്പത്തിക മേഖല. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി ഒരു സാമൂഹ്യരാഷ്ടീയ വെല്ലുവിളിയാണ്. ഇതുതുടർന്നാൽ നാനാവിധ ശിഥിലീകരണ ജനാധിപത്യവിരുദ്ധപ്രവണതകൾക്ക് വിളനിലമയി തീരും നമ്മുടെ കൊച്ചുകേരളം. ഈ സാഹചര്യത്തിൽ ജനാധിപത്യം, വികേന്ദ്രീകരണം, വികസനം, എന്നിവ പരസ്പര പൂരകങ്ങളും അഭേദ്യബന്ധം ഉള്ളവയും ആണെന്നുമുള്ള 'ഹെൻറി മാഡിക്കിൻെറ' വാക്കുകൾ ശ്രദ്ധേയമാണ് ജനാതിപധ്യത്തിനും ജനാഭിലാഷത്തിനും വികസനത്തിനും നെടുംതൂണായി വർത്തിക്കേണ്ടത് വികേന്ദ്രീകരണമാണ് ഈ ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് സംസ്ഥാനസർക്കാരും സംസ്ഥാന പ്ലാനിംഗ് ബോർഡും ഒമ്പതാം പദ്ധതിക്ക് രൂപം നൽകിയതും അങ്ങനെ ഒരു ജനകീയ പദ്ധതിയാക്കിമാറ്റിയതും. ആസൂത്രണത്തിൻെറ അസ്ഥിവാരം തന്നെ മാന്തുന്നത് സ്ഥിതിവിവരണക്കുകളുടെ അഭാവമാണ്. ഇത് മനസിലാക്കിയിട്ടാണ് യുദ്ധകാലാടിസ്ഥാനത്തിൽ വളരെയേറെ മനുഷ്യപ്രയത്നവും ക്ഷമാപൂർണ്ണമായ പ്രവർത്തനവുംകൊണ്ട് വിഭവ ഭൂപടങ്ങളും സാമൂഹ്യസാമ്പത്തീകമേഖലകളെ സംബന്ധിച്ച് വിശദമായ സർവ്വേയും നടത്തിയത്. സാമൂഹ്യവളർച്ചയ്ക്ക് സാമ്പത്തിക സുസ്ഥിരതയ്ക്കും ബീജാവാപം ചെയ്തുകൊണ്ട് നാടിൻെറ അഭിവൃദ്ധിയുടെ വിപ്ലവകാഹളം മുതുന്ന അത്ഭുത പ്രതിഭാസമാണ് 9 ാം പദ്ധതി ഈ പുതുയുഗനിർമ്മാണപ്രക്രീയയിൽ നമുക്ക് കൈവശമുള്ളതും പഞ്ചായത്തുകൾക്ക് കൈമാറുന്ന 35 - 40 % വരുന്ന ഫണ്ടുകൾ നമ്മുടെ പാരമ്പര്യഅറിവുകൾ, സംസ്കാരം, മൂല്യങ്ങൾ സൂര്യനസ്തമിക്കാത്ത ബ്രട്ടീഷ്സാമ്രാജ്യത്തോട് നിരായുധരായി പടപൊരുതിയ ഭാരതീയൻെറ മനധൈര്യം, നിശ്ചയദാർഢ്യം ഇവയെല്ലാമാണ്. ഈ നിർമ്മാണ പ്രക്രീയയിൽ വിവിധ മേഖലകളിലെ അതിവിദഗ്ധർ മുതൽ സാധാരണക്കാരിൽ സാധാരക്കാരൻെറ വരെ അറിവും ആശയങ്ങളും അംഗീകരിക്കുകയും കണക്കിലെടുക്കുകയും ചെയ്തിട്ടുണ്ട് 9 ാം പദ്ധതിയുടെ വിജയത്തോടെ മതകക്ഷിരാഷ്ട്രീയാധീതമായ ഒരു വികസന സംസ്കാരത്തിലേയ്ക്ക് നമ്മുടെ നാട് ഉണരുകയാണ്. തത്വദീക്ഷയില്ലാത്ത രാഷ്ട്രീയം അധ്വാനിക്കാതെ സമ്പാദിക്കുന്ന ധനം, മനഃസാക്ഷിക്ക് പുഴുക്കുത്തേക്കുന്ന ആനന്ദം, സ്വഭാവഗുണമില്ലാത്ത വിജ്ഞാനം, മൂല്യങ്ങളെ പരിഗണിക്കാതെയുള്ള വ്യാപാരം, മാനവികതയെ അവഗണിക്കുന്ന ശാസ്ത്രം ഇത് ഒന്നുമില്ലാത്ത ഒരു പുതിയ ഭാരതം നമുക്ക് പടുത്തുയർത്താം നാളിതുവരെ നമ്മുടെ പഞ്ചായത്തിനെ നന്മയിലേക്ക് നയിച്ച ഓരോ വ്യക്തികയെയും പ്രസ്ഥാനങ്ങളെയും ഈ വികസന പ്രക്രീയയിൽ സഹകരിച്ച ഓരോ വ്യക്തികളേയും നന്ദിയോടെ സ്മരിച്ചുകൊണ്ട്

ശ്രീമതി ജോസി ജോളി
കോ - ഓർഡിനേറ്റർ

# ജനകീയാസൂത്രണ പദ്ധതി

## മാറാടി ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട് 96




മാറാടി ഗ്രാമപഞ്ചായത്ത്

സൗത്ത് മാറാടി. പി.ഒ.

# നിലവിലുള്ള ഭരണ സമിതി അംഗങ്ങൾ



അഡ്വ. പി.എ. തോമസ്
(പ്രസിഡന്റ്)



ശ്രീ. സി.പി.ജോയി
(വൈസ്. പ്രസിഡന്റ്)



ശ്രീമതി. പൊന്നമ്മ രവീന്ദ്രൻ
(സ്റ്റാ.കമ്മിറ്റി ചെയർപേഴ്സൺ)



ശ്രീ.സി.സി. തങ്കപ്പൻ
(മെംബർ)



ശ്രീ.കെ.വി. എബ്രാഹം
(മെംബർ)




ശ്രീ.മതി. ലീല കുര്യൻ
(മെംബർ)



ശ്രീ.പി.ജി. മാധവൻ
(മെംബർ)



ശ്രീമതി. ആനി ബേബി
(മെംബർ)



ശ്രീ.ജോയി ജോൺ
(സെക്രട്ടറി)

395

# ജനകീയാസൂത്രണ പദ്ധതി

## മാറാടി ഗ്രാമപഞ്ചായത്ത്

## വികസനറിപ്പോർട്ട് 96

മാറാടി ഗ്രാമപഞ്ചായത്ത്
സൗത്ത് മാറാടി. പി.ഒ.

Design & Typesetting: OXFORD DTP SERVICES MVPA

മാറാടി ഗ്രാമപഞ്ചായത്ത്.

# വികസനറിപ്പോർട്ട് 96

## ഉള്ളടക്കം


ആമുഖം

സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

ഭൂപ്രകൃതിയും വിഭവങ്ങളും

വികസനമേഖലകൾ

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മൽസ്യബന്ധനവും
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജനാരോഗ്യവും
- വ്യവസായം
- ഗതാഗതം,ഊർജ്ജം,മാർക്കറ്റ്
- ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും
- സംസ്കാരം
- വനിത
- സഹകരണസംഘങ്ങൾ
- പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
- വിഭവസമാഹരണം


OXFORD DTP SERVICES MVPA

# ആമുഖം

ഇൻഡ്യൻ ഭരണഘടനയുടെ 73ാം ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് 1994 നിലവിൽ വന്നിരിക്കുകയാണ്. ഇതനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിന് ഗ്രാമ , ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ 1995 ഒക്ടോബർ 2ന് തുടക്കം കുറിക്കുകയുണ്ടായി. ഈ പഞ്ചയത്തുകൾക്ക് വർദ്ധിച്ച അധികാരങ്ങളും ചുമതലകളും ലഭിച്ചിരിക്കുകയാണ്.അധികാര വികേന്ദ്രീകരണവും വികസന പ്രവർത്തനങ്ങൾ പ്രാദേശികാടിസ്ഥാനത്തിൽ ജന പങ്കാളിത്ത ത്തോടുകൂടി ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുകയെന്നതാണ് ഈസംവിധാനത്തിന്റെ എടുത്തു പറയേണ്ട സവിശേഷത.എല്ലാ വോട്ടർമാർക്കും പ്രത്യക്ഷപങ്കാളിത്തമുള്ള ഗ്രാമസഭകളും ഈ നിയമം വിഭാവനം ചെയ്യുന്നു. മാത്രമല്ല, ഇനിമേൽ നിർബന്ധമായും പഞ്ചായത്ത് മുനിസിപ്പൽ തെരെഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നടത്തിയേതീരൂ.സ്ത്രീകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്തിരിക്കുന്നു.പട്ടികജാതി / വർഗ്ഗവിഭാഗത്തിനും സമിതികളിൽ അംഗത്വവും ഭാരവാഹിത്വവും സംവരണം ചെയ്തിരിക്കുകയാണ്. സംസ്ഥാനസർക്കാരുകൾ നിശ്ചയിക്കുന്ന ഫിനാൻസ് കമ്മീഷന്റെ തീർപ്പുകൾ അനുസരിച്ച് ഈപണം പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് നൽകിയേ തീരൂ.എല്ലാറ്റിലുമുപരി ജില്ലാ ആസൂത്രണസമിതികൾ നിലവിൽ വന്നിരിക്കയാണ്.

വികേന്ദ്രീകൃതആസൂത്രണം പഞ്ചായത്ത് രാജ് ഭരണസംവിധാനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്നാണെന്ന് പറഞ്ഞുവല്ലോ. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവർമെന്റും ആസൂത്രണബോർഡും ജനകീയാസൂത്രണപ്രരൂപം കൊടുക്കുകയുണ്ടായി. ഇതിന്റെ പ്രവർത്തനം സമയാധിഷ്ടിതമായി ഇപ്പോൾ നടന്ന് കൊണ്ടിരിക്കുകയാണ്.സംസ്ഥാനത്തിന്റേയും ആസൂത്രണപ്രക്രിയയുടെയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായി മാറാൻ പോവുകയാണ് ഇത്. ഒൻപതാം പഞ്ചവൽസരപദ്ധതിയുടെ അടങ്കലിന്റെ 3540 ശതമാനം തുകയ്ക്ക് വരുന്ന വികസനപരിപാടികൾ താഴെ തട്ടിൽ തന്നെ ജനപങ്കാളിത്തത്തോടെ രൂപ പെടുത്തിയെടുക്കുകയെന്നതാണ് ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. ഇപ്രകാരം ഒരു പങ്കാളിത്തത്തോടുകൂടി സ്കീമുകൾ തയ്യാറാക്കാൻ കഴിഞ്ഞാൽ ജനങ്ങളുടെ ആശയാഭിലാഷങ്ങളോട് കൂടുതൽ അടുത്ത് നില്ക്കുന്നതും അതുകൊണ്ട് തന്നെ കൂടുതൽ ഫലപ്രദവുമായ. പഞ്ചവത്സര പദ്ധതി രൂപപ്പെടുത്താനാകും. അതുമാത്രമല്ല കാര്യക്ഷമമായ പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുന്നതുപോലെത്തന്നെ പ്രധാനമാണ് പദ്ധതി രൂപീകരണത്തിന്റെ രീതിയും. 9ാം പദ്ധതിയുടെ വിജയത്തിന്റെ ഉറപ്പ് ആസൂത്രണം മുതൽ നടത്തിപ്പ് വരെ പദ്ധതി പ്രവർത്തനത്തിന്റെ എല്ലാ ഘട്ടത്തിലുമുള്ള ജനപങ്കാളിത്തമായിരിക്കും.

പദ്ധതിരൂപീകരണ പ്രക്രിയ തികച്ചും സങ്കീർണ്ണമായ ഒന്നാണ്. ഉദ്യോഗസ്ഥന്മാരെകൂടാതെ സേവനസന്നദ്ധതയും വൈദഗ്ദ്യവും പരിശീലനവുമുള്ള ഒട്ടേറെ വ്യക്തികളുടെ സേവനം പഞ്ചായത്ത് സമിതിയെ സഹായിക്കുവാനായി ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ട് വാർഡിന് ഒരാൾ എന്ന ക്രമത്തിൽ ശ്രീ. സി.ജെ. ജേക്കബ്, (റിട്ടയേർഡ് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ,) ശ്രീ. കെ.കെ.ഭാസ്കരൻ, ശ്രീ. റ്റി.യു. അവരാച്ചൻ, ശ്രീ. റ്റി.കെ. ഉണ്ണി എന്നിവരെ ഡിസ്ട്രിക്ട് റിസോഴ്സസ് പേഴ്സണൽസായി തെരഞ്ഞെടുക്കുകയുണ്ടായി. ശ്രീ. സി.ജെ. ജേക്കബ് പഞ്ചായത്തിലെ പ്രവർത്തനങ്ങളുടെ കൺവീനറും കോർഡിനേറ്ററും ആണ്. ഇവർ മുവാറ്റുപുഴയിൽ വച്ച് സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ നടത്തിയ 3 ദിവസം വീതം നീണ്ടു നിന്ന

ജില്ലാതല പരിശീലന പരിപാടികളിൽ പങ്കെടുക്കുകയുണ്ടായി. ഇവരെക്കൂടാതെ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവരും പരിശീലനത്തിൽ പങ്കെടുക്കുകയുണ്ടായിട്ടുണ്ട്. ഇതുകൂടാതെ ഒരു വാർഡിന് 5 പേർ എന്ന ക്രമത്തിൽ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സണലായി തെരഞ്ഞെടുക്കുകയും അവർക്ക് 13.9.96, 28.10.96 എന്നീ തീയതികളിൽ പരിശീലനം കൊടുക്കുകയുണ്ടായി. ഈ പഞ്ചായത്തുതല പരിശീലനത്തിൽ പഞ്ചായത്ത് സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്തിരുന്നു.

പ്രാദേശികതലത്തിലുള്ള (വാർഡുകൾ) വികസനപ്രശ്നങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനായി ഈ പഞ്ചായത്തിലെ 8 വാർഡുകളിലെ വിശേഷാൽ ഗ്രാമസഭായോഗങ്ങൾ സെപ്തംബർ 21 മുതൽ ഒക്ടോബർ 13 വരെയുള്ള കാലയളവിൽ കൂടുകയുണ്ടായി. ഓരോ ഗ്രാമസഭായോഗങ്ങളിൽ 100 മുതൽ 155 വരെ അംഗങ്ങൾ പങ്കെടുക്കുകയും അവരിൽ നിന്നും പ്രാദേശികമായ സ്ഥിതിവിവരങ്ങളും വികസനപരമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുകയുണ്ടായി. ഇതുകൂടാതെ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൻസ് വഴി സർക്കാർ ആഫീസുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മറ്റ് ആധികാരിക രേഖകളിൽ നിന്നും പദ്ധതി രൂപീകരണത്തിന് സഹായകരമായ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ഇതിന് പുറമെ പഞ്ചായത്തിന്റെ ഭൂപ്രകൃതി, മണ്ണ്, ജലലഭ്യത, കാലാവസ്ഥാ തുടങ്ങിയ വിവിധ വിവരശേഖരണത്തിനായി പഞ്ചായത്തിൽ വിലങ്ങും തലങ്ങും നടന്ന് പഠന പര്യടനവിവരങ്ങൾ ശേഖരിക്കുകയും വിഭവഭൂപടം തയ്യാറാക്കുകയും ചെയ്യുകയുമുണ്ടായി. ഈ പഠന പര്യടനത്തിൽ പഞ്ചായത്ത് മെമ്പറന്മാരും മറ്റ് പ്രവർത്തകരും പങ്കെടുക്കുകയുണ്ടായി.

ഇപ്രകാരം ഗ്രാമസഭകളിൽ കൂടിയും സ്ഥിതിവിവരകണക്കുകളുടെ വിശകലനത്തിൽ നിന്നും, പഠനപര്യടനത്തിൽനിന്നും മറ്റു ആധികാരിക രേഖകളിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട ചർച്ചകളുടെ അടിസ്ഥാനത്തിലും രൂപം കൊടുത്തിട്ടുള്ള വികസനപ്രശ്നങ്ങളും സാദ്ധ്യതകളുമാണ് ഈ വികസനറിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ വിവിധ വികസന മേഖലകളെ സ്പർശിക്കുന്ന കൃഷിയും ജലസേചനവും, മൃഗസംരക്ഷണവും മത്സ്യബന്ധനവും, വിദ്യാഭ്യാസം, കുടിവെള്ളവും പൊതുജനാരോഗ്യവും, പാർപ്പിടവും സാമൂഹ്യക്ഷേമവും, സംസ്കാരം, വനിത, സഹകരണമേഖല, പട്ടികജാതി/വർഗ്ഗക്ഷേമം, വിഭവസമാഹരണം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കിയാണ് വികസനപ്രശ്നങ്ങളും, സാദ്ധ്യതകളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ റിപ്പോർട്ട് '96 ഡിസംബർ മാസം 7ാം തീയതി കൂടുന്ന പ്രത്യേക പഞ്ചായത്തുതല വികസനസെമിനാറിൽ ചർച്ച ചെയ്യുന്നതിന് സഹായകരമാവുമെന്നും അപ്രകാരം നമ്മുടെ പഞ്ചായത്തിലെ വികസനപ്രശ്നങ്ങൾക്ക് പരിഹാരനിർദ്ദേശങ്ങൾ ഉരുത്തിരിയുമെന്നും പ്രത്യാശിക്കുന്നു.

ഒട്ടനവധി പേരുടെ നിസ്വാർത്ഥസേവനവും സഹായസഹകരണവും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഉണ്ടായിട്ടുണ്ട്. പഞ്ചായത്ത് സമിതി അംഗങ്ങൾ ഡിസ്ട്രിക്ട് റിസോഴ്സ് പേഴ്സൻസ്, പഞ്ചായത്തുതല റിസോഴ്സ് പേഴ്സൻസ്, ഉദ്യോഗസ്ഥപ്രമുഖർ, വിവിധ സ്ഥാപനങ്ങളിലെ മേധാവികൾ തുടങ്ങി ഒട്ടനവധി പേർ സഹായിച്ചവരിൽപ്പെടുന്നു. അവരെല്ലാവരുടെയും പേരുകൾ ഇവിടെ എടുത്തുപറയുന്നില്ല. അവരോടെല്ലാമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തികൊണ്ട് ഈ റിപ്പോർട്ട് വികസനസമിതിയിൽ ചർച്ചയ്ക്കായി സമർപ്പിക്കുന്നു.

മാറാടി
19.11.96

അഡ്വ: പി.എ.തോമസ്
പ്രസിഡന്റ്
മാറാടി ഗ്രാമപഞ്ചായത്ത്

# പഞ്ചായത്ത് പൊതു വിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മാറാടി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | മാറാടി, മേമുറി |
| ബ്ലോക്ക് പഞ്ചായത്ത് | : | മുവാറ്റുപുഴ |
| താലൂക്ക് | : | മൂവാറ്റുപുഴ |
| ജില്ല | : | എറണാകുളം |
| അസംബ്ലി. മണ്ഡലം | : | മൂവാറ്റുപുഴ |
| പാർലമെന്റ് മണ്ഡലം | : | മൂവാറ്റുപുഴ |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | പായിപ്ര |
| വിസ്തീർണ്ണം | : | 21.37 ച.കി.മീ. |
| ജനസംഖ്യ | : | 13570 |
| വാർഡുകളുടെ എണ്ണം | : | 8 |
| വനിതാംഗങ്ങൾ | : | 3 |
| പട്ടികജാതി /വർഗ്ഗ അംഗങ്ങൾ | : | 1 |
| പ്രസിഡന്റ് | : | അഡ്വ. പി.എ.തോമസ് |
| വൈ.പ്രസിഡന്റ് | : | ശ്രീ. സി.പി.ജോയി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | ശ്രീമതി. പൊന്നമ്മ രവീന്ദ്രൻ |

*തിരുക്കൊച്ചി സംസ്ഥാനത്ത് 1953 ൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടപ്പോൾ മാറാടി പഞ്ചായത്തും നിലവിൽ വന്നു. മാറാടി വില്ലേജിന്റെ ഏതാനും ഭാഗങ്ങളും മേമുറി വില്ലേജിന്റെ ഏതാനും ഭാഗങ്ങളും (കായനാട് പ്രദേശം) ചേർന്നതാണ് മാറാടി പഞ്ചായത്ത്. പടിഞ്ഞാറ് തൊണ്ടൂർതോടം, കിഴക്ക് മുതുകല്ല് പാടവും, വടക്ക് മുവാറ്റുപുഴ ആറും തെക്ക് ഈറ്റ്യാപ്പള്ളി ഊളക്കുന്ന് മലകളും ഇതിന് അതിരുകളിടുന്നു. പടിഞ്ഞാറ് രാമമംഗലം പാമ്പാക്കുട പഞ്ചായത്തും, കിഴക്ക് ആരക്കുഴ പഞ്ചായത്തും വടക്ക് മുവാറ്റുപുഴ മുനിസിപ്പാലിറ്റിയും വാളകം പഞ്ചായത്തും തെക്ക് തിരുമാറാടി പഞ്ചായത്തുമാണ് സമീപസ്ഥ സ്വയംഭരണ സ്ഥാപനങ്ങൾ. പഞ്ചായത്ത് രൂപീകരണസമയത്ത് കായനാട് പ്രദേശം മാറാടി പഞ്ചായത്തിലുൾപ്പെട്ടിരുന്നില്ല. പിന്നീട് കായനാട് പ്രദേശം മാറാടി പഞ്ചായത്തിനോട് ചേർക്കുകയും നിലവിലുണ്ടായിരുന്ന കുറച്ച് പ്രദേശം (ആറൂർ) ആരക്കുഴ പഞ്ചായത്തിനോട് ചേർക്കുകയും ചെയ്ത് പുന:സംഘടിച്ചിട്ടുള്ളതാണ് ഇപ്പോഴത്തെ പഞ്ചായത്ത്.*

*ആദ്യത്തെ പഞ്ചായത്ത് 1953ൽ നിലവിൽ വന്നു. ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഐപ്പ് കുര്യാക്കോസ്, മാടശ്ശേരിയും വൈസ് പ്രസിഡന്റ് ശ്രീ. വർക്കി ചുമാർ, കോട്ടേക്കുടിയുമായിരുന്നു. ഇപ്പോഴത്തെ പഞ്ചായത്ത് സമിതിയുൾപ്പടെ 5 പഞ്ചായത്ത് സമിതികൾ പഞ്ചായത്ത് ഭരിച്ചിട്ടുണ്ട്. പഞ്ചായത്ത് അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചിരിന്നവർ താഴെ പറയുന്നവരാണ്.*

| | |
|---|---|
| 1. ശ്രീ. ഐപ്പ് കുര്യാക്കോസ്, മാടശ്ശേരിൽ | 15.8.53 മുതൽ 20.8.1960 |
| 2. ശ്രീ. സി.എ.പീലിപ്പോസ്, ചെമ്പകത്തിനാൽ | 3.10.60 ,, 31.12.63 |
| 3. ,, എം.എൻ.തിരുമേനി, മൈലാമറ്റത്തിൽ | 1.1.64 ,, 31.12.67 |

| | |
|---|---|
| 4. ,, പി.റ്റി.ജോൺ, കുറ്റിപ്പുഴ | 11.12.67 ,, 24.10.77 |
| 5. ,, വി.യു. അയ്പ്, ഇരുവായ്ക്കൽ | 25.10.77 ,, 13.8.79 |
| (വൈ.പ്രസിഡന്റ്, പ്രസിഡന്റിന്റെ ചാർജിൽ) | |
| 6. ,, കെ.വി.അബ്രാഹം, കൂടമ്പള്ളിൽ | 3.1.80 ,, 21.4.83 |
| 7. ,, വി.സി.സ്കറിയ, വെളിയത്ത് | 4.5.83 ,, 6.12.83 |
| (വൈ.പ്രസിഡന്റ്, പ്രസിഡന്റിന്റെ ചാർജിൽ) | |
| 8. ,, പി.വി.ബാബു, പാലപുറത്ത് | 7.12.83 ,, 11.12.85 |
| 9. ,, പി.വി. അബ്രാഹം, പാലക്കാട് | 8.2.88 ,, 3.8.89 |
| 10 ,, കെ.കെ.തങ്കപ്പൻ, കൈതകുളത്ത് | 19.10.89 ,, 9.11.90 |
| 11. ,, പി.റ്റി.ജോൺ, കുറ്റിപ്പുഴ | 9.11.90 ,, 18.8.95 |
| 12. ,, പി.എ. തോമസ് | 2.10.95 തുടരുന്നു. |

**പഞ്ചായത്ത് ഭരിച്ചിരുന്ന ഭരണസമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്.**

1. ആദ്യത്തെ പഞ്ചായത്ത് - 15.8.53 മുതൽ 31.12.63 വരെ

1. ശ്രീ. ഐയ്പ് കുര്യാക്കോസ്, മാടശ്ശേരിൽ — പ്രസിഡണ്ട്
2. ,, വർക്കി ചുമ്മാർ, കോട്ടക്കുടി - — വൈ. പ്രസിഡണ്ട്
3. ,, ചാക്കോ വർക്കി, പാലയ്ക്കാത്തടത്തിൽ
4. ,, പത്മനാഭ പിള്ള കേശവൻ നായർ, വാളാനിക്കാട്
5. ,, കുര്യൻ അയ്പ്, തൂപ്പുങ്കര
6. ,, വർക്കി അബ്രാഹം, പാലക്കാട്ട്
7. ,, അവിരാ പീലിപ്പോസ്, ചെമ്പകത്തിനാൽ
8. ,, പി.കെ.നീലകണ്ഠൻ, പുതിയേടത്ത്
(ശ്രീ. ചാക്കോ വർക്കി രാജി വച്ച ഒഴിവിൽ)

2. രണ്ടാം പഞ്ചായത്ത് 1.1.64 മുതൽ 13.8.79 വരെ

1. ശ്രീ. എം.എൽ. തിരുമേനി, മൈലാമറ്റത്തിൽ — പ്രസിഡന്റ്
2. ,, പി.റ്റി.ജോൺ, കുറ്റിപ്പുഴ - — വൈ.പ്രസിഡന്റ്
3. ,, സി.എം. ജോർജ്, ചാക്കാപ്പിള്ളിൽ
4. ,, വി.യു.അയ്പ്, ഇരുവായ്ക്കൽ
5. ,, വി.സി. സ്കറിയ, വെളിയത്ത്
6. ,, സി. ഉലഹന്നൻ, തട്ടലായി
7. ,, പി.കെ. ചോതി, പറമ്പേൽ
8. ,, ശ്രീമതി. എലിസബത്ത് വർക്കി, മേച്ചേരിക്കുടിയിൽ
(നോമിനേറ്റഡ് വനിതാ മെമ്പർ)

3. മൂന്നാം പഞ്ചായത്ത് - 3.1.80 മുതൽ 1987 വരെ

1. ശ്രീ. കെ.വി. അബ്രാഹം, കൂടമ്പിള്ളിൽ - പ്രസിഡന്റ്
2. ,, വി.സി. സ്കറിയ, വെളിയത്ത് - വൈ.പ്രസിഡന്റ്
3. ,, റ്റി.ജെ. പിലിഫ്, തെക്കേക്കര
4. ,, പി.വി.ബാബു, പാലപ്പുറത്ത്
5. ശ്രീമതി. കെ.കെ. അന്നക്കുട്ടി, കാഞ്ഞരക്കാട്ട്
6. ശ്രീ. ഈ.റ്റി.ജോസഫ്, ഇട്ട്യക്കാട്ട്
7. ,, പി.എ.ശിവദാസൻ, പയ്യമ്പിള്ളി
8. ,, സേവ്യർ മാണി, പാലമൂട്ടിൽ

4. നാലാം പഞ്ചായത്ത് - 8.2.88 മുതൽ 30.9.95 വരെ

1. പി.വി. അബ്രാഹം, പാലക്കാട്ട് - പ്രസിഡന്റ്
2. പ്രൊ. എൻ.എം. പൗലോസ് , നെല്ലിയ്ക്കാത്തോട്ടത്തിൽ- വൈ:പ്രസിഡന്റ്
3. ശ്രീ. കെ.കെ. തങ്കപ്പൻ, കൈതക്കുളം
4. ,, പി.റ്റി.ജോൺ, കുറ്റിപ്പുഴ
5. ,, ജോയി ചാക്കോ, പാറക്കുഴിയിൽ
6. ,, റ്റി.എൽ.മോഹനൻ, തെക്കേടത്ത്
7. ശ്രീമതി. മേരി ചാക്കപ്പൻ, ഓലക്കാട്ട്
8. ,, മേരി ജോർജ്ജ്, ഓണാട്ട്

5. അഞ്ചാം പഞ്ചായത്ത് - 2.10.95 മുതൽ തുടരുന്നു

1. കെ.വി.അബ്രാഹം, കൂടംമ്പിള്ളിൽ
2. ശ്രീമതി. പൊന്നമ്മ രവീന്ദ്രൻ, കാക്കുച്ചിറ പുത്തൻപുരയിൽ
3. ശ്രീ. സി.പി. ജോയി, ചിറക്കണ്ടത്തിൽ - വൈ.പ്രസിഡന്റ്
4. ,, സി.സി. തങ്കപ്പൻ, ചങ്ങാലിമറ്റം
5. ശ്രീമതി. ലീലാ കുര്യൻ, വാത്യാപ്പിള്ളിൽ
6. ശ്രീ. പി.ജി. മാധവൻ, പൂളിമൂട്ടിൽ
7. അഡ്വ. പി.എ. തോമസ്, പോത്തനാംകണ്ടത്തിൽ (പ്രസിഡന്റ്)
8. ശ്രീമതി. ആനി ബേബി, ചെറുകുന്നേൽ

*പഞ്ചായത്താഫീസ് 1953 ൽ തുടങ്ങിയത് മാറാടി സെന്റ് മേരീസ് പള്ളി വക വാടകക്കെട്ടിടത്തിൽ. ആഫീസ് സ്റ്റാഫായി ഒരു ക്ലാർക്ക് മാ ത്രമായിട്ടായിരുന്നു. ഇന്ന് പഞ്ചായത്ത് സെക്രട്ടറിയെക്കൂടാതെ 7 ജീവനക്കാർ ജോലി ചെയ്യുന്നു. ,സെക്രട്ടറി, ഹെഡ്.ക്ലാർക്ക്, യു.ഡി.ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക്, പ്യൂൺ, സ്വീപ്പർ എന്നിവയാണ് തസ്തികകൾ. ഇപ്പോഴത്തെ സെക്രട്ടറി ശ്രീ. ജോയി ജോണാണ്. പ്രധാന ഉദ്യോഗസ്ഥന്റെ സ്ഥാനപേരായ എക്സിക്യൂട്ടീവ് ആഫീസർയെന്നത് പുതിയ നിയമപ്രകാരം സെക്രട്ടറിയെന്നാക്കിയിരിക്കുന്നു.*

പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിലുള്ള കൃഷിഭവൻ, മൃഗാശുപത്രി, സ്കൂളു

*കൾ, പ്രാഥമികാരോഗ്യ കേന്ദ്രം, വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, ഹോമിയോ ആശുപത്രി എന്നിവ പഞ്ചായത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.*

*പഞ്ചായത്ത് നിലവിൽ വരുന്നതിന് മുമ്പ് മാറാടിയിൽ ഒരു ലോവർ പ്രൈമറി സ്കൂൾ ഒഴിച്ച് മറ്റ് ഗവർമെന്റ് ആഫീസുകളോ സ്ഥാപനങ്ങളോ ഉണ്ടായിരുന്നില്ല. 1915 ൽ സ്ഥാപിച്ച കുരുക്കുന്നപുരം ലോവർ പ്രൈമറി സ്കൂളായിരുന്നു ഏക ഗവർമെന്റ് സ്ഥാപനം. മാറാടിയിലെ മുഴുവൻ കുട്ടികളും ഈ സ്കൂളിലാണ് പ്രാഥമിക വിദ്യാഭ്യാസം (നാലാം ക്ലാസ്സ് വരെ) നടത്തിയിരുന്നത്. താലൂക്ക് ആസ്ഥാനമായ മൂവാറ്റുപുഴ ടൗണുമായി തൊട്ടടുത്ത് കിടക്കുന്ന പഞ്ചായത്ത് എന്ന നിലയിൽ പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾ നിറവേറ്റപ്പെട്ടിരുന്നത് ടൗണുമായി ബന്ധപ്പെട്ടാണ്. കുട്ടികളുടെ വിദ്യാഭ്യാസം, ആശുപത്രി സൗകര്യങ്ങൾ, കാർഷിക ഉല്പന്നങ്ങളുടെ വിപണനം, ഗാർഹിക സാധനങ്ങളുടെ വാങ്ങലുകൾ വിവിധ സർക്കാർ ആഫീസുകളുടെ സേവനങ്ങൾ തുടങ്ങിയ എല്ലാ ആവശ്യങ്ങളും മൂവാറ്റുപുഴ ടൗണിലെ സ്ഥാപനങ്ങളെയും ആഫീസുകളെയുമാണ് പ്രയോജനപ്പെടുത്തിയിരുന്നത്. ഇപ്പോഴും ഒരു പരിധിവരെ ഇങ്ങനെയാണ് അവസ്ഥ.*

*സ്വാതന്ത്ര്യലബ്ദിക്കുശേഷം പഞ്ചായത്തിൽ താഴെക്കാണുന്ന സർക്കാർ ആഫീസുകളും സ്ഥാപനങ്ങളും നിലവിൽ വന്നു.*

1. പഞ്ചായത്ത് ആഫീസ്
2. സൗത്ത് മാറാടി പോസ്റ്റാഫീസ്
3. ഈസ്റ്റ് മാറാടി പോസ്റ്റാഫീസ്
4. മാറാടി ഗവ. ഹൈസ്കൂൾ
5. കായനാട് ഗവ.എൽ.പി. സ്കൂൾ
6. കായനാട് ഇമ്മാനുവേൽ യു.പി. സ്കൂൾ
7. സൗത്ത് മാറാടി ഗവ. യു.പി. സ്കൂൾ
8. മീങ്കുന്നം എൽ.പി സ്കൂൾ
9. വിദ്യാധിരാജ ഹൈസ്കൂൾ
10. പ്രാഥമികാരോഗ്യ കേന്ദ്രം
11. ഹോമിയോ ആശുപത്രി
12. മൃഗാശുപത്രി
13. മാറാടി സർവ്വീസ് സഹകരണ ബാങ്ക്
14. ഹരിജൻ സർവ്വീസ് സഹകരണ സംഘം
15. ഗിരിജൻ സർവ്വീസ് സഹകരണ സംഘം
16. ഈസ്റ്റ് മാറാടി ക്ഷീരോല്പാദക സഹകരണ സംഘം
17. സൗത്ത് മാറാടി ക്ഷീരോല്പാദക സഹകരണ സംഘം
18. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ - മാറാടി ശാഖ
19. കൃഷി ഭവൻ
20. വില്ലേജ് എക്സ്റ്റൻഷൻ ആഫീസറുടെ ആഫീസ് ഈസ്റ്റ് മാറാടി
21. ,, സൗത്ത് മാറാടി
22. ഈസ്റ്റ് മാറാടി കുടുംബക്ഷേമ കേന്ദ്രം

23. മാറാടി പഞ്ചായത്ത് പബ്ലിക് ലൈബ്രറി

24. കായനാട് ഗ്രാമീണ വായനശാല

25. സൗത്ത് മാറാടി ഗ്രാമീണ വായനശാല

26. കണ്ടച്ചിറ പഞ്ചായത്ത് നേഴ്സറി സ്കൂൾ

27. കാക്കുച്ചിറ പഞ്ചായത്ത് നേഴ്സറിസ്കൂൾ

28. ഈസ്റ്റ് മാറാടി സമഗ്ര മാതൃകാ ശിശു സംരക്ഷണ കേന്ദ്രം

29. സെൻട്രൽ മാറാടി സമഗ്രമാതൃ ശിശു സംരക്ഷണ കേന്ദ്രം

30. സൗത്ത് മാറാടി കുടുംബക്ഷേമ കേന്ദ്രം



# സാമൂഹിക സാംസ്കാരിക ചരിത്രം

നമ്മുടെ നാടിന്റെ വികസന പ്രശ്നങ്ങളെപ്പറ്റി ചിന്തിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ കഴിഞ്ഞകാല സാമൂഹിക സാംസ്കാരിക ചരിത്രത്തിലേക്ക് ഒന്നെത്തിനോക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. ഒരു കാർഷിക സംസ്കാരമാണ് നമ്മുടേത്. ഏതാണ്ട് 99% ആളുകളും കുടുംബങ്ങളും കൃഷിയും കൃഷിയോടനുബന്ധിച്ചുള്ള തൊഴിലുകളിൽ ഏർപ്പെട്ടാണ് ഉപജീവനം ന ട ത്തിയിരുന്നത്. കൃഷി ഭൂമിയുടെ ഉടമസ്ഥാവകാശത്തിന്റെ അടിസ്ഥാനത്തിൽ ആളുകളുടെ സാമൂഹികമായ സ്ഥാനമാനങ്ങളും സമ്പന്നതയും വ്യവസ്ഥാപിത രൂപത്തിലല്ലാതെ നിശ്ചയിക്കപ്പെട്ടിരുന്നു. ന്യൂനപക്ഷം വരുന്ന കുറെ കുടുംബങ്ങളുടെ അധീനതയിലായിരുന്നു ഭൂരിഭാഗം കൃഷിഭൂമികളും. ഈ ന്യൂനപക്ഷത്തെ ആശ്രയിച്ച് ജീവിച്ചിരുന്നവരും അവരുടെ കൃഷിയിടങ്ങളിൽ കൂലിപണിയെടുത്ത് ജീവിച്ചിരുന്നവരുമായിരുന്നു ബഹുഭൂരിപക്ഷം ആളുകളും. ജാതി അടിസ്ഥാനത്തിലും സാമ്പത്തികാടിസ്ഥാനത്തിലും തൊഴിൽപരമായ വിഭജനവുമുണ്ടായിരുന്നു. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ എന്നീ മതവിഭാഗങ്ങളാണ് ഇവിടെ ഉണ്ടായിരുന്നത്. ഇതിൽ മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവർ വളരെ ന്യൂനപക്ഷമായിരുന്നു. ഹിന്ദുക്കളിൽ സവർണ്ണരും അവർണ്ണരുമുണ്ടായിരുന്നു. സവർണ്ണരിൽ നായന്മാർ, കുറുപ്പന്മാർ, പിള്ളമാർ നമ്പൂതിരിമാർ തുടങ്ങിയവരും അവർണ്ണരിൽ ഈഴവർ, പറയർ, പുലയർ തുടങ്ങിയ ഉപജാതികളിൽപ്പെട്ടവരുമായിരുന്നു. സവർണ്ണരും അവർണ്ണരും തമ്മിൽ അയിത്തവും, തീണ്ടലും, തൊട്ടുകൂടായ്മയും നിലനിന്നിരുന്നു.

സവർണ്ണ വിഭാഗത്തിൽപ്പെട്ട നമ്പൂതിരിമാർ, നായന്മാർ, കുറുപ്പന്മാർ, പിള്ളമാർ എന്നിവർ ഭൂ ഉടമകളും സ്വന്തമായി കൃഷി ചെയ്യാത്തവരുമായിരുന്നു. ഇവരുടെ കൃഷി ഭൂമികൾ പാട്ട വ്യവസ്ഥയിലും പങ്ക് വ്യവസ്ഥയിലും മറ്റുള്ളവരായിരുന്നു കൃഷി ചെയ്തിരുന്നത്. ക്രിസ്ത്യാനികൾ ഭൂ ഉടമകളും ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളുമായിരുന്നു. ഈഴവരിൽ ചെറുകിട കർഷകരും, കർഷക തൊഴിലാളികളും പന, തെങ്ങ് ചെത്തുതൊഴിലിൽ ഏർപ്പെട്ടവരുമായിരുന്നു. പുലയൻ, പറയർതുടങ്ങിയ വർ കർഷകതൊഴിലാളികളായിരുന്നു. ഇവരിൽ ബഹുഭൂരിപക്ഷത്തിനും സ്വന്തമായി ഭൂമിയില്ലാത്തവരും മറ്റു ഭൂ ഉടമകളുടെ ഭൂമിയിൽ കുടികിടപ്പായി താമസിച്ചിരുന്നവരുമാണ്. ഇവർ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും വളരെ പിന്നിലും സ്വന്തമായി അസ്തിത്വം ഉള്ളവരുമായിരുന്നില്ല. ഇവർ തൊഴിൽ ചെയ്തിരുന്ന കുടുംബങ്ങളുമായി ബന്ധപ്പെട്ടാണ് ഇവരെ അറിഞ്ഞിരുന്നത്. ഇവരിൽ ഭൂരിഭാഗത്തിനും ജീവിതത്തെ സംബന്ധിച്ച് വലിയ കാഴ്ചപ്പാട് ഇല്ലാത്തവരും, നിരക്ഷരരും, മദ്യപാനം, പുകവലി, മുറുക്ക്, തുടങ്ങിയ ദുശ്ശീലങ്ങൾക്ക് വിധേയരുമായിരുന്നു. പറയ വിഭാഗത്തിൽപ്പെട്ടവർ കൊട്ട, വട്ടി, പനമ്പ് തുടങ്ങിയ നെയ്ത്തു ജോലികളിൽ നൈപുണ്യം സിദ്ധിച്ചവരായിരുന്നു. മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവർ ചെറുകിടവ്യാപരങ്ങളിലാണ് ഏർപ്പെട്ടിരുന്നത്. ഇവർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായിരുന്നു.

മാറാടിയെ സംബന്ധിച്ചിടത്തോളം മുഖ്യ കൃഷി നെൽകൃഷിയായിരുന്നു. വിസ്തൃതമായ നെൽപ്പാടങ്ങളും കരപാടങ്ങളും മറ്റ് സമീപപ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലുണ്ടായിരുന്നു. കരഭൂമികളിൽ തെങ്ങ്, കമുക്, കാപ്പി, പ്ലാവ്, ആഞ്ഞിലി, തേക്ക്, മാവ്, കുരുമുളക് തുടങ്ങിയ വൃക്ഷങ്ങളും വിളകളുമായിരുന്നു. കുന്നിൻപ്രദേശങ്ങളും മലകളും നെൽകൃഷിക്ക് പച്ചിലവളത്തിനുവേണ്ടിയുള്ള

സ്ഥലങ്ങളായിട്ടാണ് ഉപയോഗിച്ചിരുന്നത്. കുറ്റിച്ചെടികളും ചെറിയ വൃക്ഷലതാദികൾകൊണ്ട് നിറഞ്ഞിരുന്ന പ്രദേശം കന്നുകാലികളെ മേയ്ക്കുന്നതിനും ആടുകൾക്ക് തീറ്റസ്ഥലമായും ഉപയോഗിച്ചിരുന്നു. ചുരുക്കം ചില മലകളിൽ തെരുവപ്പുല്ല് കൃഷിചെയ്തിരുന്നു. നെൽകൃഷി ചെയ്തിരുന്നത് നാടൻ കലപ്പയും കാളകളേയും പോത്തുകളേയും ഉപയോഗിച്ചായിരുന്നു. വെള്ളത്തിന് അസൗകര്യമുള്ള കരപ്പാടങ്ങളിൽ തിലാവും തിലാക്കൊട്ടയും ഉപയോഗിച്ച് തേകി വെള്ള സൗകര്യമുണ്ടാക്കിയാണ് കൃഷിചെയ്തിരുന്നത്. കൃഷിഭൂമിയുടെ തോതും കന്നുകാലികളുടെ എണ്ണവും തൊഴുത്തും തൊഴിലാളികളുടെ എണ്ണവും മറ്റുമായിരുന്നു സമ്പന്നതയുടെ അളവുകോൽ. നെൽകൃഷികൂടാതെ ഇഞ്ചി, മഞ്ഞൾ, കച്ചൂലം, കപ്പ, ചേന, ചേമ്പ്, ചെറുകിഴങ്ങ്, കാച്ചിൽ, തെരുവപ്പുല്ല് തുടങ്ങിയ കൃഷികളും ചെറുകിട വൻകിട കർഷകവ്യത്യാസമന്യേ ചെയ്തിരുന്നു. ഭക്ഷ്യവിളകളുടെ ഉല്പാദനകാര്യത്തിലും കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങളുടെ കാര്യത്തിൽ ഇത് വളരെ ഉപകരിച്ചിരുന്നു. നെൽകൃഷി മുഖ്യതൊഴിലായിരുന്നതുകൊണ്ടും മുഖ്യവിളയായിരുന്നതുകൊണ്ടും തൊഴിലാളികൾക്ക് കൂലി കൊടുത്തിരുന്നതും കൃഷിക്കാർ സാധനങ്ങൾ വാങ്ങിക്കുന്നതിനുംമറ്റും പണത്തിനു പകരം നെല്ലാണ് ഉപയോഗിച്ചിരുന്നത്. ഭിക്ഷ കൊടുക്കുന്നതിനും, ക്ഷൗരം, അലക്ക് തുടങ്ങിയ ജോലികൾക്കും നെല്ലാണ് കൂലിയായി കൊടുത്തിരുന്നത്.

മിക്കവാറും എല്ലാ കുടുംബത്തിലും കാള, പശു, ആട്, കോഴി, പന്നി, എന്നീ വളർത്തു മൃഗങ്ങളേയും വളർത്തിയിരുന്നു. മത്സ്യം വിലകൊടുത്തു വാങ്ങി ഉപയോഗിച്ചിരുന്നില്ല. നാട്ടിലുള്ള പുഴ, തോട്, കുളങ്ങൾ, നെൽപ്പാടങ്ങൾ എന്നിവയിൽ നിന്ന് നാടൻ സങ്കേതങ്ങൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തി ധാരാളമായി ഉപയോഗിച്ചിരുന്നു. മത്സ്യം പിടിക്കുന്നതിനുള്ള ഉപകരണങ്ങൾ എല്ലാ കർഷക വീടുകളിലും തന്നെ ഉണ്ടായിരുന്നു. പ്രായപൂർത്തിയായ ഭൂരിഭാഗം പേരും പുകയില മുറുക്കു ശീലം ഉള്ളവരായിരുന്നു.

കർഷകത്തൊഴിലാളികളുടെയും ചെറുകിട കർഷകരുടെയും വേഷം ചെറിയ കുറിയ മുണ്ടും (തോർത്തും)പാളത്തൊപ്പിയുമായിരുന്നു. എല്ലാ കർഷകത്തൊഴിലാളികളുടെയും കൂടെ ഒരു പിച്ചാത്തിയും (പേനാക്കത്തിയും) മുറുക്കാൻ പൊതിയും ഉണ്ടായിരിക്കും. പ്രായമായ സ്ത്രീകൾ കർഷകത്തൊഴിലാളികൾ ഇന്നത്തേതുപോലെ ശരീരം മുഴുവൻ മറയ്ക്കുന്ന രീതിയിലായിരുന്നില്ല വേഷവിധാനങ്ങൾ. സമ്പന്ന കുടുംബത്തിൽപ്പെട്ടവരായിരുന്നാലും വളരെ വിശേഷാവസരങ്ങളിലല്ലാതെ ഷർട്ടുകളുപയോഗിച്ചിരുന്നില്ല. ഇന്ന് സർവ്വസാധാരണ കാണുന്ന ചെരിപ്പ്, വാച്ച് മുതലായവ സമ്പന്നർക്കുപോലും അപ്രാപ്യമായിരുന്നു. പ്രാഥമിക വിദ്യാലയത്തിലെത്തുന്ന കുട്ടികളുടെ വേഷം ഒറ്റമുണ്ടായിരുന്നു. സമ്പന്ന കുടുംബങ്ങളിലെ കുട്ടികൾ വള്ളി നിക്കറും പെൺകുട്ടികൾ പാവാടയും ബ്ലൗസും ധരിച്ചിരുന്നു. ശീലകുടകൾക്ക് പകരം കാലുള്ളതും ഇല്ലാത്തതുമായ ഓലക്കുടകളായിരുന്നു ഉപയോഗിച്ചിരുന്നത്. ജാതിയുടെ അടിസ്ഥാനത്തിൽ തലമുടിവളർത്തുന്ന രീതിയിലും മീശയുടെ കാര്യത്തിലും പ്രത്യേകതകളുണ്ടായിരുന്നു. ഇതുപോലെ തന്നെ വീടുകളിലുപയോഗിച്ചിരുന്ന ഗൃഹോപകരണങ്ങളുടെ കാര്യത്തിലും പ്രത്യേകതകളുണ്ടായിരുന്നു. കരകം, കോളാമ്പി, മുറുക്കാൻ ചെപ്പ്, ചുണ്ണാമ്പ് നൂറ്റകുടം, ഓട്ടുപാത്രങ്ങളും, ചെമ്പുപാത്രങ്ങളും മുതലായവ എല്ലാ വീടുകളിലും തന്നെ ഉണ്ടായിരുന്നു.

വിദ്യഭ്യാസത്തിന്റെ കാര്യത്തിൽ മാറാടി പിന്നോക്കമായിരുന്നു. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ പരിമിതമായിരുന്നു. 1915ൽ സ്ഥാപിച്ച അരുക്കുന്നപുരം എൽ.പി.സ്കൂളിലായിരുന്നു ഇവിടുത്തെ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള ഏക സ്ഥാപനം. മാറാടിയിലെ മുഴുവൻ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസം ( 4-ാം ക്ലാസ്സുവരെ) നടത്തിയിരുന്നത് ഈ സ്ഥാപനത്തിലായിരുന്നു. അതിനുശേഷമുള്ള വിദ്യാഭ്യാസത്തിന് മുവാറ്റുപുഴ ഇംഗ്ലീഷ് ഹൈസ്കൂൾ, മലയാളം ഹയർസ്കൂൾ, വടകര ഹൈസ്കൂൾ മുതലായവയാണ് ഉപയോഗിച്ചിരുന്നത്. എട്ടും പത്തും കിലോമീറ്റർ നടന്നാണ് സ്കൂളിൽ പോയിരുന്നത്. മെട്രിക്കുലേഷൻ വരെ വിദ്യാഭ്യാസം സിദ്ധിച്ചവർവളരെ കുറവായിരുന്നു. ഇപ്പോൾ 2 ഹൈസ്കൂൾ ഉൾപ്പടെ 7 സ്കൂളുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിന്റെ ഫലമായി ഉയർന്ന സാക്ഷരത നിലനില്ക്കുന്നു. ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി ശ്രീ.കെ.വി.ചാക്കോ ബി.എ.ബി.എൽ. കുറ്റിപ്പുഴയാണ്. ആദ്യത്തെ ബിരുദധാരിണി ശലോമ ഐപ്പ് ബി.എ., മാടശ്ശേരിയാണ്.

വളരെ പഴക്കമുള്ള മെയിൻ സെൻട്രൽ റോഡും മുവാറ്റുപുഴ പിറവം റോഡും മാറാടി- മണ്ണത്തൂർ - കൂത്താട്ടുകുളം റോഡും, മാറാടിയിലെ ജനങ്ങളുടെ ഗതാഗതസൗകര്യത്തിന് വളരെക്കാലം മുമ്പുതന്നെ ഉപകരിച്ചിരുന്നു. മുവാറ്റുപുഴ ആറ് മാറാടിയിൽക്കൂടിയാണ് ഒഴുകുന്നത്. തൊട്ടടുത്ത ടൗണും താലൂക്കാസ്ഥാനവുമായ മുവാറ്റുപുഴയുമായുമുള്ള ബന്ധവും സാമീപ്യവും ഈ റോഡുകൾ സൗകര്യപ്രദമാക്കുന്നു. ഉൾപ്രദേശങ്ങളിലേക്കുള്ള റോഡു സൗകര്യങ്ങൾ വർദ്ധിച്ചത് സ്വാതന്ത്ര്യലബ്ദിക്കുശേഷമാണ്. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മോട്ടോർ വാഹനങ്ങളുടെ അഭാവത്തിൽ കാളവണ്ടികൾ ധാരാളമുണ്ടായിരുന്നു. സമ്പന്ന വിഭാഗത്തിൽപ്പെട്ടവർ കാളകൾ വലിക്കുന്ന വില്ല് വണ്ടികൾ

ഉപയോഗിച്ചിരുന്നു. ആളുകളെ ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് മഞ്ചലുകളും ഉപയോഗിച്ചിരുന്നു.

വെട്ടുകല്ലും മണ്ണും തടിയും മേച്ചിൽ വസ്തുക്കളായി ഓടും വൈക്കോലും പനയോലകളും ഉപയോഗിച്ചായിരുന്നു കെട്ടിടനിർമ്മാണം. പുലയർ, പറയർ, തുടങ്ങിയ ദുർബല വിഭാഗത്തിൽപ്പെട്ടവർ കുടിലുകളിലായിരുന്നു താമസിച്ചിരുന്നത്. ഇത് വർഷംതോറും നാടൻ സാധനങ്ങൾ ഉപയോഗിച്ച് കെട്ടിമേഞ്ഞാണ് ഉപയോഗിച്ചിരുന്നത്. ഇന്ന് കുടുലുകൾ അപ്രത്യക്ഷമായിക്കൊണ്ടിരുക്കുന്നു. കോൺക്രീറ്റുവീടുകളുടെ ആവീർഭാവത്തോടുകൂടി നാടൻ നിർമ്മാണരീതികൾക്ക് മാറ്റം വന്നു.

ഏതാണ്ട് 40 വർഷങ്ങൾക്ക് മുമ്പാണ് മാറാടിയിൽ വിദ്യുച്ഛക്തി വരുന്നത്. ഇതിനുമുമ്പ് വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിച്ചിരുന്നത്. ഇപ്പോഴും എല്ലാ വീടുകളിലും വിദ്യുച്ഛക്തി എത്തിയിട്ടില്ല. ഇതിന്റെ ആവീർഭാവത്തോടുകൂടി ഒട്ടേറെ മാറ്റങ്ങൾ സംഭവിച്ചു. ജലസേചനത്തിനും ഗാർഹീകാവശ്യത്തിനുമുള്ള പമ്പുസെറ്റുകൾ, ഇലക്ട്രോണിക് മാധ്യമങ്ങളായി റേഡിയോ, ടെലിവിഷൻ തുടങ്ങിയ മേഖലകളിൽ വലിയ പരിവർത്തനം നാട്ടിൽ വരുത്തുകയുണ്ടായി. 1980കളിലും 90കളിലുമായി ടെലിഫോൺ സൗകര്യങ്ങൾ ഒട്ടേറെ വീടുകളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. വളരെ സാധാരണക്കാരായ ആളുകളുടെ വീടുകളിലും റേഡിയോ സൗകര്യം ഉണ്ട്.

വിവിധ മതസ്ഥരുടെ ആരാധന സ്ഥലങ്ങൾ ഒരു നൂറ്റാണ്ട് മുമ്പുതന്നെ ഇവിടെയുണ്ടായിരുന്നു. ഈ ആരാധനാ കേന്ദ്രങ്ങളിൽ നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും അതോടനുബന്ധിച്ച് നടത്തുന്ന കലാപരിപാടികളിലും നാട്ടിലെ മുഴുവൻ ജനങ്ങളും ജാതി വ്യത്യാസം കൂടാതെ സംബന്ധിക്കുന്നുണ്ട്. താഴെ പറയുന്നവയാണ് പ്രധാന ആരാധനാ സ്ഥലങ്ങൾ

1. മാറാടി ഭഗവതി ക്ഷേത്രം
2. മഞ്ഞരിപ്പടി തിരുമഥുര അമ്പലം
3. മറ്റപ്പാടം മഹിഷാസുര മർദ്ദനിക്ഷേത്രം
4. നാലാം മൈൽ തൃക്കാശ്രീകൃഷ്ണക്ഷേത്രം
5. ഉല്ലാപ്പിള്ളി ശ്രീ.ധർമ്മാശാസ്താ ക്ഷേത്രം
6. അരീയ്ക്കൽ ദുർഗ്ഗാക്ഷേത്രം
7. കുരുക്കുന്നപുരം സെന്റ് മേരീസ് യാക്കോബായ പള്ളി
8. ഈസ്റ്റ് മാറാടി സെന്റ് ജോർജ്ജ് കത്തോലിക്കാപള്ളി
9. മീൻകുന്നം കത്തോലിക്കാപള്ളി
10. ഇരട്ടിയിനിക്കുന്ന് സെന്റ് ജോർജ് യാക്കോബായ പള്ളി
11. കായനാട് സെന്റ് ജോർജ് യാക്കോബായ പള്ളി
12. മഞ്ഞരിപ്പടി മാർ ഗ്രിഗോരിയോസ് യാക്കോബായ പള്ളി
13. മാറാടി കാതോലിക്കേറ്റ് ചാപ്പൽ
14. നാലാം മൈൽ സെന്റ് തോമസ് മൗണ്ട് പള്ളി
15. പൂൽപ്പറമ്പിൽ സി.എസ്.ഐ. പള്ളി
16. തൈക്കാവ് മുസ്ലീം പള്ളി
17. ഈസ്റ്റ് മാറാടി മുസ്ലീം പള്ളി
18. ഉല്ലാപ്പിള്ളി മുസ്ലീം പള്ളി

കലാകായിക സാംസ്കാരിക മണ്ഡലങ്ങളിൽ മാറാടിക്ക് തനതായ ചരിത്രവും പാരമ്പര്യവും ഉണ്ട്. പരിചമുട്ടുകളി, കോൽകളി, കാളകളി, കാവടിയാട്ടം, ഗരുഡൻതൂക്കം, മുടിയാട്ടം, കുറുവൻ പാട്ട്, പുള്ളോൻ പാട്ട്, കളപ്പാട്ടുകൾ, നടീൽപ്പാട്ടുകൾ, കൊയ്ത്തുപാട്ടുകൾ തുടങ്ങിയവ ഇവിടെ നിലനിന്നിരുന്ന കലാരൂപങ്ങളായിരുന്നു. ഇവ ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. നാടൻ പന്തുകളിക്ക് വളരെ വർഷങ്ങൾക്കുമുമ്പു തന്നെ പ്രസിദ്ധമാണ്. വേനൽക്കാലത്ത് മാരിക്കണ്ടങ്ങളിലും അനുയോജ്യമായ മറ്റ് കരസ്ഥലങ്ങളിലുമാണ് ഇത് നടന്നുകൊണ്ടിരുന്നത്. ധാരാളം ചെറുപ്പക്കാർ പങ്കെടുത്തിരുന്നതും മത്സരങ്ങൾ കണ്ട് ആസ്വദിക്കുന്നതിന് മാറാടിയിലെ മുഴുവൻ കായികപ്രേമികളേയും ആകർഷിച്ചിരുന്നതുമാണ് നാടൻ പന്തുകളി ടൂർണമെന്റുകൾ. പ്രഗത്ഭരായ കളിക്കാർ അടങ്ങിയ ഒരു ടീം ഇവിടെ ഉണ്ടായിരുന്നു. മുളന്തുരുത്തി, തൃപ്പൂണിത്തുറ, പുത്തൻകുരിശ്, തിരുവാങ്കുളം തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിച്ച് സമ്മാനങ്ങളും പുരസ്കാരങ്ങളും നേടുകയുണ്ടായിട്ടുണ്ട്. ചെമ്പകശ്ശേരിമറ്റത്തിൽ ജോസഫ്, മണ്ണാത്തിപ്പാറയിൽ പൗലോസ്, ചാക്കപ്പിള്ളിൽ കൊച്ചിട്ടൻ തുടങ്ങിയവർ പ്രഗത്ഭരായ കളിക്കാരിൽപ്പെടും. തെക്കെമാറാടി പുളിങ്ങായ്ക്കാമ്യാൽ ഒരു പ്രധാന നാടൻ പന്തുകളി മത്സര സ്ഥലമായിരുന്നു. കളിസ്ഥലങ്ങളുടെ അഭാവവും ആധുനിക കളികളുടെ ആവീർഭാവത്തോടുകൂടി ഈ കളി ഇവിടെ നാമവശേഷമായിക്കൊണ്ടിരിക്കുന്നു. ഈ പ്രദേശത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് വളരെയേറെ പ്രേരകമായിട്ടുള്ള ഒന്നാണ് 1945ൽ സ്ഥാപിതമായ

മാറാടി ഗ്രാമോദ്ധാരണ വായനശാല. ധാരാളം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളുമുണ്ടായിരുന്ന ഈ ലൈബ്രറി ധാരാളം ചെറുപ്പക്കാരെ ആകർഷിച്ചിരുന്നതും അതു വഴി ചിന്തിപ്പിക്കുന്ന ഒരു യുവജന സമൂഹത്തെ സൃഷ്ടിക്കുന്നതിനും സാധിച്ചിരുന്നു. ഇതിന്റെ ഇപ്പോഴത്തെ സ്ഥിതി ആശാവഹമല്ല. ശ്രീ. മാത്യു വർഗീസ് ഐക്കരക്കുടി, ശ്രീ. കെ.റ്റി.ചുമ്മാർകുറ്റിപ്പുഴ, എം.പി.യോഹന്നാൻ പടിഞ്ഞാറെ മാടശ്ശേരിൽ, ശ്രീ. പി.ജി. രാമകൃഷ്ണൻ പുളിമൂട്ടിൽ തുടങ്ങിയവരായിരുന്നു ഈ വായനശാല തുടങ്ങുന്നതിന് നേതൃത്വം കൊടുത്തിരുന്നത്.


സ്വാതന്ത്ര സമരപ്രസ്ഥാനങ്ങൾ പോലുള്ള ദേശീയപ്രസ്ഥാനങ്ങളിലും ട്രേഡ് യൂണിയൻ, രാഷ്ട്രീയ, സാമൂഹീക നവോത്ഥാന ബഹുജനപ്രസ്ഥാനങ്ങളിൽ മാറാടിയിലെ ജനങ്ങൾ അവരുടേതായ പങ്കു വഹിച്ചിട്ടുണ്ട്.താലൂക്കാസ്ഥാനമായ മൂവാറ്റുപുഴ കേന്ദ്രമാക്കി ആരംഭിച്ചിരുന്ന പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടാണ് ഇവിടെയും പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. പ്രമുഖ രാഷ്ട്രീയ നേതാവും സാമൂഹിക പ്രവർത്തകനും മുവാറ്റുപുഴ നിയോജകമണ്ഡലം എം.എൽ.യുമായിരുന്ന ശ്രീ. പി.വി.എബ്രഹാം മാറാടിയിൽ നിന്നുമാണ്. അദ്ദേഹം മാറാടി പഞ്ചായത്ത് പ്രസിഡന്റുമായിരുന്നു. ദീർഘകാലം (15 വർഷം പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. പി.റ്റി. ജോൺ, മുവാറ്റുപുഴ ബ്ലോക്ക് ബി.ഡി.സി. ചെയർമാൻ, മുവാറ്റുപുഴ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന വിവിധ ട്രേഡ് യൂണിയൻ രാഷ്ട്രീയ സാമൂഹിക സംഘടനകളിൽ പ്രവർത്തിച്ചിരുന്ന പൊതുജനനേതാവായിരുന്നു. എറണാകുളം ജില്ലാ കൗൺസിലിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീമതി മോളി എബ്രഹാം മാറാടി സ്വദേശിനിയാണ്. ശ്രീ. മത്തായി എബ്രാഹം, ചാക്കാപ്പിള്ളിൽ തിരുവതാംകൂർ ശ്രീമൂലം പ്രജാസഭയിൽ മെമ്പർ (എം.എൽ.സി.) ആയിരുന്നു. പ്രസിദ്ധനും പണ്ഡിതനുമായ ശ്രീ. നീലകണ്ഠ തീർത്ഥപാദർ മാറാടിയുടെ സന്തതിയാണ്. ശ്രീ.വർക്കി ചുമ്മാർ കോട്ടേക്കുടി, ശ്രീ.കെ.റ്റി.ചുമ്മാർ കുറ്റിപ്പുഴ, ശ്രീ.മാത്യു വർഗിസ് ഐക്കരക്കുടിയിൽ, ശ്രീ.സി.എ.പൗലോസ് മംഗലത്ത്, ശ്രീ.എം.പി.യോഹന്നാൻ പടിഞ്ഞാറേ മാടശ്ശേരിൽ തുടങ്ങിയവർ സ്വാതന്ത്ര്യ സമരകാലത്ത് തിരുവതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകരിൽ ചിലരാണ്. ശ്രീ.കെ.വി.ചാക്കോ ബി.എ.ബി.എൽ. കുറ്റിപ്പുഴ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ മുവാറ്റുപുഴയിലെ നേതാവായിരുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറായിരുന്ന ശ്രീ.വി.ആർ. നാരായണൻ നായർ മാറാടി സ്വദേശിയാണ്.

എല്ലാ അസമത്വങ്ങളും, വ്യത്യാസങ്ങളും, പൊരുത്തക്കേടുകളും, ആശ്രയത്വ മനോഭാവവും നിലനിന്നപ്പോഴും ജനങ്ങൾ ജാതി മത ങ്ങൾക്കും സാമ്പത്തീകാസമത്വങ്ങൾക്കും അതീതമായി പരസ്പര സ്നേഹത്തിലും സൗഹാർദ്ദത്തിലും സമാധാനപരമായും കഴിഞ്ഞിരുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്.

സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന ഗവർമെന്റുകളുടെ നിയമ പരിഷ്കാരങ്ങളുടെ ഫലമായും വിവിധ രാഷ്ട്രീയ സാമൂഹിക ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായും രാജ്യമെമ്പാടും വന്ന മാറ്റങ്ങൾ ഇവിടെയും ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിക്കുകയുണ്ടായിട്ടുണ്ട്. 1957 മുതൽ 71 വരെയുള്ള കാലഘട്ടത്തിൽ വന്ന വിവിധ ഭൂപരിഷ്കാര നിയമങ്ങൾ ഭൂമിയുടെ ഉടമസ്ഥത വ്യവസ്ഥിതിയിലും ജന്മി കുടിയാൻ ബന്ധത്തിലും, കൃഷിരീതികളിലും സമൂലമായ പരിവർത്തനമുണ്ടായി. തൊട്ടുകൂടായ്മയും തീണ്ടലും അയിത്തവും എല്ലാം ചരിത്ര സംഭവങ്ങളായി മാറി. കാർഷിക രംഗത്ത് കൃഷി രീതിയിൽ മാറ്റം വന്നു. തേകലും നുകവും കാളകളും തിലാവും തിലാക്കൊട്ടയും ഈണത്തിലുള്ള തേകിയെണ്ണലും കളപാട്ടും കൊയ്ത്തുപാട്ടുകളുമെല്ലാം ചരിത്രത്തിന്റെ താളുകളിൽ ഉറങ്ങുന്ന സ്മരണകളായി മാറിയിരിക്കുന്നു. ഭൂവുടമ ബന്ധങ്ങളിൽ വന്ന മാറ്റം കർഷകത്തൊഴിലാളികളുടെ ആശ്രയത്വ മനോഭാവത്തിലും മാറ്റം വന്നു. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ പ്രകടമായ മാറ്റങ്ങൾ സംഭവിച്ചു. ഭക്ഷ്യ വിളകളുടെ കൃഷിയിൽ നിന്നും നാണ്യ വിളകളുടെ രംഗത്തേക്ക് ഒരു കുതിച്ചുചാട്ടം നടത്തി. സാമൂഹീക ഘടനയിൽ തന്നെ വലിയ മാറ്റം വന്നിരിക്കുകയാണ്.

പഴയ പല പ്രശ്നങ്ങളും പോയി പുതിയ പ്രശ്നങ്ങൾ വന്നിരിക്കുന്നു. ഈ പ്രശ്നങ്ങളെ മനസ്സിലാക്കി അവയെ കൈകാര്യം ചെയ്യുന്നതിലൂടെയെ മുന്നോട്ട് പോകുവാൻ ആകുകയുള്ളു.

മാറാടിയെ ഇന്നഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ നാലാണ്. ഒന്നാമത്തേത് കാർഷിക മേഖലയിലെ താഴ്ന്ന ഉല്പാദനക്ഷമതയും കൃഷിയുടെ പുനരുദ്ധാരണവുമാണ്. രണ്ടാമത്തേത് വ്യവസായങ്ങളുടെ അഭാവവും തൊഴിലില്ലായ്മയും, മൂന്നാമത്തേത് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ പൊതുക്ഷേമ സൗകര്യങ്ങളുടെ ഗുണനിവാരത്തകർച്ച, നാലാമത് സാമൂഹിക സാമ്പത്തിക തലങ്ങളിൽ സ്ത്രീകളുടെ അദൃശ്യത.



# ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്ത് പ്രദേശം തെക്കുനിന്നും വടക്കോട്ട് ചരിഞ്ഞാണ് കിടക്കുന്നത്. കേരളത്തെ മൊത്തത്തിൽ 13 കാർഷിക മേഖലകളായി തിരിച്ചിട്ടുണ്ട്. ഇതിൽ മാറാടി പഞ്ചായത്ത് സെട്രൽ മിഡ്‌ലാന്റ് മേഖലയിൽ പെടുന്നു.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 21.37 ചതിരശ്ര കിലോമീറ്ററാണ്. തെക്കൻ മാറാടി, വടക്കൻ മാറാടി, കിഴക്കൻ മാറാടി, പടിഞ്ഞാറൻ മാറാടി, കായനാട് എന്നിങ്ങനെയുള്ള പേരുകളാൽ അതത് പ്രദേശങ്ങളെ

തിരിച്ചറിയുന്നു. കൂടാതെ പല ചെറിയ പ്രദേശങ്ങളും പ്രാദേശിക നാമങ്ങളാൽ അറിയപ്പെടുന്നു. മജ്ഞരിക്കപ്പടി, ഉത്തക്കുവ്വ, ചാരപ്പുറം, തേവർക്കാട്, ഉല്ലാപ്പിള്ളി, കാക്കുച്ചിറ, പള്ളിക്കവല, ഈസ്ററ് മാറാടി, മണിയങ്കല്ല്, മീങ്കുന്ന്, തൈക്കാവ്, കുരുക്കുന്നപുരം, ഹൈസ്ക്കൂൾപ്പടി, മണ്ണത്തൂർകവല, പാറത്തട്ടാൽ, ഊഭുൽക്കുന്ന്, ചന്തപ്പാറ,ശൂലംതാഴം, മേളക്കുന്ന് തട്ടാൽപ്പടി, മറ്റപ്പാടം, കൊള്ളിക്കാട്ടുശ്ശേരി, വെള്ളിയേമ്മരി, വിറിപ്പുകണ്ടം, കണ്ടംഞ്ചിറ, ഓണിയേലിവയൽ, വിലങ്ങുപ്പാറ എന്നിവയാണ് പ്രധാന പ്രാദേശിക പേരുകൾ.

ഭൂപ്രകൃതിയനുസരിച്ച് മാറാടി മുഖ്യമായും രണ്ട് മേഖലകളായി തിരിക്കാം.

1. ഉയർന്ന പ്രദേശങ്ങൾ
2. ചെരിവ് പ്രദേശങ്ങൾ
3. താഴ്‌വരകൾ

## 1. ഉയർന്ന പ്രദേശങ്ങൾ:-

മൊത്തവിസ്തൃതിയിൽ മുപ്പത് ശതമാനം വരുന്നു. ഇടയിൽ താഴ്‌വരകളാൽ വേർതിരിക്കപ്പെട്ട 12 ഭാഗങ്ങൾ ഉണ്ട്. (1) ചാരപ്പുറം പ്രദേശങ്ങൾ (2) ഉത്തക്കപ്പ പ്രദേശങ്ങൾ (3) കൊക്കാപ്പിള്ളി മലകൾ (4) ഊളക്കുത്ത് മലകൾ, (5) മണിയങ്കല്ല് മലകൾ, (6) ഓക്കോട് പ്രദേശം, (7)ചൂരമല പ്രദേശം, (8) അഞ്ജങ്കുന്ന് മലകൾ (9) പാറമല (10) കൊള്ളിക്കാട്ടുശേരി (11) വെള്ളാരപ്പാറ, (12) മൈലാടും പാറ പ്രദേശങ്ങൾ. ഈ ഉയർന്ന പ്രദേശങ്ങളിൽ 5 ശതമാനത്തോളം ഭാഗങ്ങൾ പാറ തെളിഞ്ഞുകഴിഞ്ഞ് പേരിന് മാത്രം വണ്ണമുള്ള പ്രദേശങ്ങൾ ആണ്. മണ്ണില്ലാത്തതിനാൽ ഇവിടെ കൃഷിക്ക് ഉപയുക്തമല്ല. ബാക്കി ഭാഗങ്ങൾ മണ്ണുള്ളതും കൃഷിക്ക് യോജിച്ചതുമാണ്. ഇവിടെ മണ്ണൊലിപ്പ് വളരെ കൂടുതലാണ്. വേനൽക്കാലത്ത് വരൾച്ച ബാധിക്കുന്നതുകൊണ്ട് ചെടികൾക്ക് ഉണക്ക് ഉണ്ടാകാറുണ്ട്.

അര നൂറ്റാണ്ടിന് മുമ്പ് ഈ പ്രദേശങ്ങൾ കുറ്റിക്കാടുകളും ചെറുതരം വൃക്ഷങ്ങളും കൊണ്ട് നിറഞ്ഞിരിക്കുന്നു. നെൽകൃഷിക്ക് പച്ചിലവളത്തിനു വേണ്ടി ഈ പ്രദേശങ്ങൾ ഉപയോഗിച്ചിരുന്നു. കന്നുകാലികളെയും ആടുകളെയും മേയ്ക്കുന്നകൃതിനു വേണ്ടിയും ഇത് പ്രയോജനപ്പെടുത്തിയിരുന്നു.

ഇന്ന് ഈ പ്രദേശങ്ങളെല്ലാം റബ്ബർ കൃഷി ചെയ്തുവരുന്നു. ഇവിടെ ആൾതാമസം പൊതുവെ കുറവാണ്.

## II ചെരിവ് പ്രദേശങ്ങൾ:-

വിസ്തൃതിയിൽ 4 ശതമാനത്തോളം വരുന്നു. മുകളിൽ പറഞ്ഞ ഉയർന്ന പ്രദേശങ്ങളെ

താഴ്‌വരകളുമായി ബന്ധിപ്പിക്കുന്നു. കുത്തനെയുള്ള ചെരിവുകളും ചെറിയ ചെരിവുകളും ഉൾപ്പെടുന്നതാണ് ഇത്. കുത്തനെയുള്ള ചെരിവു പ്രദേശങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്. ഇവിടത്തെ മണ്ണിന്റെ സ്വഭാവം ചരൽ കലർന്ന ചെമ്മണ്ണും വെട്ടകല്ലുമാണ്. മൺപിതപ്പ് കൂടുതലായതിനാൽ വരൾച്ച കുറവായെ അനുഭവപ്പെടുന്നുള്ളൂ. കൃഷി ചെയ്യാത്ത ഭൂമി ഈ പ്രദേശങ്ങളിൽ ഇല്ലായെന്നു പറയാം. എല്ലാത്തരം നാണ്യവിളകളും ഇവിടെ കൃഷി ചെയ്തു വരുന്നു.റബ്ബർ, തെങ്ങ്, കുരുമുളക്, പ്ലാവ്, ആഞ്ഞിലി, തേക്ക് തുടങ്ങിയ തോട്ടവിളകളും വൃക്ഷങ്ങളും ഇവിടെ കൃഷി ചെയ്തു വരുന്നു. ഇവിടെ ജനവാസം കൂടുതലുണ്ട്.

III മൊത്തം ഭൂമിയുടെ 30 ശതമാനം വകരുന്ന ഉയർന്ന പ്രദേയശങ്ങളുടെയും ചെരിവ് പ്രദേശങ്ങളുടെയും അടിഭാഗമാണ് ഈ പ്രദേശങ്ങൾ. ഈ പ്രദേശങ്ങൾ നെൽപ്പാടങ്ങളും അതിന്റെ സമീപത്തുള്ള പ്രദേശങ്ങളുമാകുന്നു. കണയം, കടുവേലി, കുരിക്കൂർത്താഴം, പള്ളിത്താഴം, വലിയമറ്റം മാരി, കുന്നുമ്മേൽത്താഴം,

കാരിക്കോട്ടു നിലം, വാത്യാപ്പിള്ളിത്താഴം, കോട്ടേക്കുടിത്താഴം, അടങ്ങലം, പൗലിത്താഴം, വയലിൽപാടം, കുടമ്പള്ളിത്താഴം, മഞ്ജീയ്ക്കപ്പടി, മേത്താനത്ത്താഴം, വാഴക്കാട്ടുനിലം, മറ്റപ്പാടം, കായനാട് പാടം, അയ്യങ്ങലം പാടം, വെള്ളിയമ്മേരി കുഴിവേലിപാടം, എന്നീ നെൽപ്പാടങ്ങളും അതിന്റെയടുത്ത് കിടക്കുന്ന പ്രദേശങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നു

ഈ പാടങ്ങളുടെ സമീപത്തുകൂടി 6 നാട്ടുതോടുകൾ ഉണ്ട്. കണയം പുഞ്ചത്തോട് , പൗലിത്തോട്, കാവുത്തോട്, ശൂലംപെരുത്തോട് എന്നീ തോടുകളിലെ വെള്ളം മുകളിൽപ്പറഞ്ഞ പാടങ്ങൾക്ക് ഉപയോഗിക്കുന്നു. വേനൽക്കാലത്ത് ഈ തോടുകളിൽ വെള്ളം ഇല്ലാത്തതും ആകുന്നു.

ഈ പാടങ്ങളുടെ സമീപത്തുള്ള കരഭൂമികൾ എല്ലാ കൃഷിഭൂമികൾക്കും അനുയോജ്യമാണ്. ഇവിടെ കുളങ്ങൾ കുഴച്ച് പമ്പ്സെറ്റ് ഉപയോഗിച്ച് വെള്ളം പുരയിടങ്ങൾക്ക് ജലസേചനത്തിനായി ഉപയോഗിച്ചുവരുന്നു. തെങ്ങ്, കമുക്, വാഴ, റബ്ബർ, കുരുമുളക്, കപ്പ, ചേന, ഇഞ്ചി തുടങ്ങി നാണ്യവിളകളും ഭക്ഷ്യവിളകളും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്. ഏറ്റവും കൂടുതൽ ആൾത്താമസം ഉള്ളത് ഇവിടെയാണ്. പുഴയോരത്ത് അടുത്ത് കിടക്കുന്ന പള്ളിത്താഴം, കൂടുബള്ളിത്താഴം, മേത്താനത്ത്ത്താഴം, വകപ്പാടം ഇട തുടങ്ങിയ പാടങ്ങളിൽ വർഷകാലത്ത് പുഴയിൽനിന്നുള്ള വെള്ളപ്പൊക്കം ഉണ്ടാകാറുണ്ട്.

## മണ്ണ്:

പഞ്ചായത്ത് പ്രദേശത്തിന്റെ ഭൂരിഭാഗവും വെട്ടുകല്ലു കലർന്ന ചെമ്മണ്ണാണ്. ഇത് കൃഷിക്ക് അനുയോജ്യമാണ്. പുഴയോരപ്രദേശങ്ങളിൽ പശിമരാശിമണ്ണുമാണുള്ളത്. ഇത് കൂടുതൽ വളക്കൂറ് ഉള്ളതാണ്.

## കാലാവസ്ഥ:-

ഇവിടത്തെ കാലാവസ്ഥയെ മൂന്നായി തിരിക്കാം

1. മഴക്കാലം.
2. തണുപ്പ് കാലം (മഞ്ഞുകാലം).
3. വേനൽക്കാലം.

ജൂൺമാസം മുതൽ ആഗസ്ത് മാസം വരെ ലഭിക്കുന്ന കാലവർഷവും (തെക്കുപടിഞ്ഞാറൻ മൺസൂൺ) സെപ്റ്റംമ്പർ മുതൽ നവംബർ വരെ ലഭിക്കുന്ന തുലാവർഷവും (വടക്കുകിഴക്കൻ മൺസൂൺ) മാണ് മഴക്കാലം. ഡിസംബർ ജനുവരി മാസങ്ങൾ തണുപ്പുകാലവും, ഫെബ്രുവരി മുതൽ മേയ് വരെ വേനല്ക്കാലവുമാണ്. ഏറ്റവും കുറഞ്ഞ ഊഷ്മാവ് 23 ഡിഗ്രി സെൽഷ്യസ് വരെയും കൂടിയത് 33 ഡിഗ്രി സെൽഷ്യസ് വരെയും താപനില വരാറുണ്ട്. ജില്ലയിലെ വാർഷിക വർഷപാതം 3254 മില്ലീ മീറ്ററാണ്. കാലവർഷക്കാലത്താണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. മൂന്ന് നാല് വേനല്ക്കാല മഴയും ലഭിക്കാറുണ്ട്. ജില്ലയിലെ ശരാശരി മാസ വർഷപാതം താഴെ ക്കൊടുക്കുന്നു.

ജന: ഫെ: മാർ: ഏപ്രി: മേയ്: ജൂൺ: ജൂല: ആഗ: സെപ്: ഒക്: നവ: ഡിസ

0 32.8 18 75.9 216.5 837.1 98.1 262.4 115.5 487.6 103.5 49.4

## ജലലഭ്യത

തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂൺ കാലങ്ങളിൽ ലഭിക്കുന്ന മഴയാണ് ഇവിടെ ജലം ലഭ്യമാക്കുന്നത്. വേൻൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടാറുണ്ട്. കൃഷികൾ അധികവും മഴയെ ആശ്രയിച്ചാണ്. പ്രധാന ജല സ്രോതസ്സുകൾ മൂവ്വാറ്റുപുഴ ആറ്, നാട്ടുതോടുകൾ, കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവയാണ്. മൂവ്വാറ്റുപുഴ ആറ് പഞ്ചായത്തിന്റെ വടക്ക് ഭാഗത്തുകൂടിയാണ് ഒഴുകുന്നത്. ഇതിന്റെ പാർശ്വങ്ങളിലുള്ളവർക്ക് പുഴവെള്ളത്തിന്റെ പ്രയോജനം ലഭിക്കുന്നു. ഈ പുഴയിൽ നിന്നും രണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്ക്കീം മുഖേന പഞ്ചായത്തിലെ 1, 4, 6, 7, 8, വാർഡുകളിലെ ഏതാനും ഭാഗങ്ങളിൽ വേനൽക്കാ

ലത്ത് ജലം ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. പ്രധാനമായും ആറു നാട്ടുതോടുകളാണ് ഇവിടെയുള്ളത്. ഈ തോടുകളിലെ വെള്ളം ഡിസംബർ മാസം വരെ മാത്രമേയുള്ളൂ. ജനുവരി മുതൽ മേയ് വരെ ഇവയിൽനിന്നും വെള്ളം ലഭിക്കുന്നില്ല. മറ്റൊരു ജലസ്രോതസ് കുളങ്ങളും കിണറുകളുമാണ്. കുളങ്ങൾ പൊതുവായിട്ടുള്ളതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതുമുണ്ട്. പൊതുവായിട്ടുള്ള കുളങ്ങളിൽ 2-ാം വാർഡിലുള്ള കാക്കച്ചിറയാണ് ഏറ്റവും വലുത്. ഈ ചിറയിൽനിന്നും അതിന്റെ സമീപപ്രദേശത്തുള്ളവർക്ക് ജലസേചനത്തിനും മറ്റ് ആവശ്യങ്ങൾക്കും വെള്ളം ലഭിക്കാറുണ്ട്. പക്ഷേ വേനൽക്കാലമാകുമ്പോഴേക്കും ഇവിടെയും വെള്ളത്തിന്റെ ലഭ്യത കുറയുന്നു. ഉയർന്ന പ്രദേശങ്ങളിൽ വെള്ളം ലഭ്യമാകുന്നത് കുളങ്ങൾ കുഴിച്ച് അതിൽനിന്നും വെള്ളം മോട്ടോർ ഉപയോഗിച്ച് പമ്പ് ചെയ്താണ്. പക്ഷേ ഈ കുളങ്ങളിലെയും വെള്ളം വേനൽക്കാലസലത്ത് അപര്യാപ്തമാകുന്നു. എല്ലാ വീടുകളിലും തന്നെ കിണറുകൾ ഉണ്ട്. കൂടാതെ പൊതു കിണറുകളും ഉണ്ട്. ഉയർന്ന പ്രദേശങ്ങളിലെ മിക്ക കിണറുകളിലെ വെള്ളം വേനൽക്കാലത്ത് വറ്റിപ്പോകുന്നു. ഉള്ള കുളങ്ങളും കിണറുകളും വേണ്ടവണ്ണം സംരക്ഷിക്കപ്പെടുന്നില്ല.

വർഷകാലത്ത് വെള്ളപ്പൊക്കവും വേനൽക്കാലത്ത് വരൾച്ചയും അനുഭവപ്പെടുന്നു. ഇതിന് പ്രധാന കാരണം ജലസംരക്ഷണപ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നില്ല. തോടുകളിൽ ചെറിയ ചെക്കുഡാമുകൾ നിർമ്മിച്ചും, നിലവിലുള്ള കുളങ്ങളും കിണറുകളും വേണ്ടവണ്ണം സംരക്ഷിച്ചും വർഷക്കാലത്ത് മണ്ണിൽ വീഴുന്ന ജലം മണ്ണിൽ ഊർന്ന് ഇറങ്ങുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയും ജലലഭ്യത കൂട്ടുവാൻ സാധിക്കുന്നതാണ്.

മൂവാറ്റുപുഴ വാലി ഇറിഗേഷൻ സ്കീമിന്റെ പ്രയോജനം ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ലഭ്യമാകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇത് പൂർത്തിയാകുമ്പോൾ പഞ്ചായത്തിൽ ജലലഭ്യതയുടെ കാര്യത്തിൽ സമൂലമായ മാറ്റം വരുന്നതാണ്.

മാറാടിയിലെ പ്രധാന നാട്ടുതോടുകൾ താഴെ പറയുവന്നവയാണ്.

(1) കണയം പാടം പറമ്പേത്താഴം വഴി കലങ്കുപ്പാലം വരെ - 900 മീറ്റർ നീളം (2) മാഞ്ചോട്ടിൽ നിന്ന് ആരംഭിച്ച് കണയം പാടം വഴി കലുങ്ക് പാലം കടന്ന് പുഞ്ചയിലെ പാറക്കളം വരെ - 120 മീറ്റർ.

(3) പാറക്കളം മുതൽ സിമിത്തേരി വരെ - 520 മീറ്റർ.

(4) ഗവ: ഹൈസ്ക്കൂൾ താഴെകൂടി പെരുന്തോടു വരെയുള്ള - തെക്കൻതോട് - 3100 മീററർ

(5) സിമിത്തെരി താഴെ മുതൽ പുഴവരെ - പെരുത്തോട് - 940 മീറ്റർ.

(6) ഇരട്ടിയാനിക്കുന്ന് പള്ളിക്ക് സമീപത്ത് ആരംഭിച്ച് കാവിനടുത്തുകൂടി പുഴയിലേക്ക് - 5100 മീറ്റർ

(7) മത്തങ്ങതോട് - 540 മീറ്റർ.

(8) ശൂലം പെരുംത്തോട് - 2000 മീറ്റർ.

ഈ തോടുകളുടെ ശരാശരി വീതി 3 മീറ്ററാണ്. ഈ തോടുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ കാര്യമായി ഒന്നും തന്നെ നടത്തിയിട്ടില്ലാത്തതുമാകുന്നു. ഈ തോടുകൾ വീതികൂട്ടി സംരക്ഷിക്കേണ്ടത് പഞ്ചായത്തിലെ ജലലഭ്യത സുരക്ഷിതമാക്കാൻ അത്യാവശ്യമാണ്.

ഭൂഗർഭ ജലസമ്പത്തിന്റെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിച്ചിട്ടില്ല. താഴത്തെ പ്രദേശങ്ങളിൽ കുളങ്ങൾ കുഴിച്ചാൽ വെള്ളത്തിന് പ്രയാസമില്ല. ഉയർന്ന പ്രദേശങ്ങളിൽ ഭൂരിഭാഗത്തും കുളങ്ങൾ വഴി വെള്ളത്തിന് സാദ്ധ്യത വിരളമാണ്.

## ഭൂവിനിയോഗം

മാറാടിയിലെ ഭൂവിനിയോഗം താഴെപറയും വിധമാണ്.

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം 2 1 3 7 ഹെക്ടർ

| | |
|---|---|
| കാർഷികഭൂമി | 1898 " |
| പുരയിടം | 1352 " |
| ഒരുപൂവ് | 246 " |
| ഇരുപൂവ് | 300 " |
| കാർഷികേതര ആവശ്യത്തിന് | 214 " |
| തരിശ് സ്ഥലങ്ങൾ | 25 " |
| കൃഷി ചെയ്യാവുന്ന തരിശ് | 9 " |

മുഖ്യവിളകൾ താഴെ പറയുന്നവയാണ്.

1. നെല്ല് 280 ഹെക്ടർ
2. കപ്പ 40 "
3. വാഴ 32 "

| | |
|---|---|
| 4. കുരുമുളക് | 70 " |
| 5. ഇഞ്ചി | 30 " |
| 6. തെങ്ങ് | 420 " |
| 7. കമുക് | 25 " |
| 8. കശുമാവ് | 1 " |
| 9. റബ്ബർ | 680 " |
| 10. പൈനാപ്പിൾ | 85 " |
| 11. സമ്മിശ്ര കൃഷികൾ | 100 " |
| 12. മറ്റിനം | 135 " |

| ഉൽപ്പാദന ക്ഷമത | മാറാടി | സംസ്ഥാനം |
|---|---|---|
| 1. നെല്ല് | 2100 കിലോ | 2018 കിലോ ഹെക്ടറിന് |
| 2. കുരുമുളക് | 2700 " | 271 " |
| 3. ഇഞ്ചി | 3200 " | 3258" |
| 4. മഞ്ഞൾ | 1915 " | 1927 " |
| 5. കമുക് | 21000 " | 21304 " |
| 6. വാഴ | 8000 " | 7653 " |
| 7. കപ്പ | 20000 " | 19470 " |
| 8. എള്ള് | 325 " | 212 " |
| 9. തെങ്ങ് | 5850 " | 5843 " |
| 10. റബ്ബർ | 800 " | 830 |

റവന്യൂ സെറ്റിൽമെന്റ് രേഖകളും ഇപ്പോഴത്തെ നിലയുമായി വച്ചുനോക്കുമ്പോൾ കാണാവുന്ന പ്രകടമായ മാറ്റം നെൽകൃഷിയിടങ്ങൾ കുറഞ്ഞുവരുന്നതായിട്ടാണ്. ഉയർന്ന പാടങ്ങൾ എല്ലാം തന്നെ പുരയിടങ്ങളായി മാറിക്കഴിഞ്ഞു. ഏതാണ്ട് 25 വർഷം കൊണ്ട്നെൽപാടങ്ങൾ പകുതിയായി ചുരുങ്ങിയിരിക്കുന്നു. കഴിഞ്ഞ നാലഞ്ച് വർഷമായിട്ട് നിലവിലുള്ള പാടങ്ങൾ തന്നെ പൈനാപ്പിൾ, കപ്പ തുടങ്ങിയ കൃഷികൾക്കായി ഉപയോഗിക്കുന്നു. ഇനിയും നെൽപ്പാടങ്ങൾ കുറയുന്ന പ്രവണതയാണ് കണ്ടുവരുന്നസലത്. മാറാടിയിൽ കൂടുതൽ ഭാഗം ഭൂമിയും വിനിയോഗിച്ചിരിക്കുന്നത് റബ്ബർ കൃഷിക്കാണ് എന്ന് കാണാം.

തരിശായായി ഇട്ടിരിക്കുന്ന ഭൂമി വളരെ കുറവാണ്. കായനാട് പാടം, കൂടംപള്ളിത്താഴം പാടം എന്നിവിടങ്ങളിൽ 9 ഹെക്ടറോളം പാടം വെള്ളക്കെട്ടുമൂലം കൃഷി ചെയ്യാതെയിട്ടിരിക്കുന്നു.

ഉല്പാദന ക്ഷമതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവാണെന്നു പറയാൻ വയ്യ. എങ്കിലും ഉല്പ്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## ജൈവസമ്പത്ത്.

ഈ പഞ്ചായത്തിൽ വനപപ്രദേശങ്ങൾ ഇല്ല. ഏതാണ്ട് 50 വർഷങ്ങൾക്ക് മുൻപ് പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളും മലമ്പ്രദേശങ്ങളും കൃഷി ചെയ്യാതെ കുറ്റിക്കാടുകളും, ചെറിയതരം വൃക്ഷലതാദികളെക്കൊണ്ടു നിറഞ്ഞുനിന്നിരുന്നു. ഈ സസ്യലതാദികളുടെ കൂട്ടത്തിൽ അപൂർവ്വ സസ്യങ്ങളും ഔഷധ ചെടികളും ധാരാളം ഉണ്ടായിരുന്നു. എല്ലാ പുരയിടങ്ങളും വൃക്ഷങ്ങളെക്കൊണ്ട് നിറഞ്ഞുനിന്നിരുന്നു. ഓരോ പുരയിടങ്ങളും ചെറിയ വനങ്ങൾ തന്നെയായിരുന്നുയെന്ന് പറയാം. ഈ പുരയിടങ്ങളിലും കാടുകളിലും മലകളിലും വിവിധങ്ങളായ പക്ഷിമൃഗാതികളുടെ ആവാസകേന്ദ്രം ആയിരുന്നു. കുറുക്കൻ, പാക്കാൻ, കീരി, ഉടുമ്പ്, വെരിക്, മുയൽ, മരപ്പെട്ടി, അണ്ണാൻ, മുള്ളൻ പന്നി, വിവിധയിനം പാമ്പുകൾ, തുടങ്ങിയ വന്യമൃഗാതികളും കാട്ടുകോഴി, കുളക്കോഴി, കുയിൽ, പച്ചിലക്കുടുക്ക, കുയിൽ, മഞ്ഞക്കിളി, കാവി, കുരുവി, ഇരട്ടവാലൻ, കാക്കാപീച്ചി, മരംകൊത്തി, പൊന്മാൻ, ഉപ്പൻ കാക്ക, ഓലഞ്ഞാലി, ചങ്ങാലി, പ്രാവുകൾ, കൊക്ക്, വെള്ളരി, മൂങ്ങ, നത്ത്, വിവിധയിനം കിളികൾ, തുടങ്ങിയ പ്രാദേശിക നാമങ്ങളാൽ അറിയപ്പെട്ടിരുന്ന ധാരാളം പക്ഷിവർഗ്ഗങ്ങളും കാടുകളിലും പുരയിടങ്ങളിലും കണ്ടിരുന്നു. 1950 കളോടുകൂടി കാടുകളും മലകളുമെല്ലാം കൃഷിയിടങ്ങളാക്കുകയും പുരയിടങ്ങളിലെ കൃഷിരീതിയിൽ മാറ്റങ്ങൾ സംഭവിച്ചതോടുകൂടി പഴയ വൃക്ഷലതാദികളെന്നപോലെ പക്ഷിമൃഗാതികൾക്കും മാറ്റം സംഭവിച്ചു. ഇന്ന് ഇതിൽ പലതും അപ്രത്യക്ഷമാകുകയും ചെയ്തിട്ടുണ്ട്.

ഇന്ന് മാറാടിയിൽ കണ്ടുവരുന്ന വൃക്ഷങ്ങൾ നാട്ടുമാവുകൾ, പ്ലാവ്, ആഞ്ഞിലി, തേക്ക്, പൊങ്ങല്യം, വട്ട, പാല, മരുത് തുടങ്ങിയവയാണ്. എല്ലാ കർഷക വീടുകളിലും പശു, കോഴി, നായ്, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളെയും വളർത്തുന്നുണ്ട്. ആട് പാവപ്പെട്ടവരുടെ കുടുംബങ്ങളിലാണ് കൂടുകൽ കണ്ടുവരുന്നത്.

## മനുഷ്യ വിഭവം:-

1991ലെ കനേഷുമാരി കണക്കുകൾ പ്രകാരം മാറാടിയിലെ ജനസംഖ്യ 13570 ആണ്. ഇതിൽ 6871 പുരുഷന്മാരും 6699 സ്ത്രീകളുമാണ്. ഇത് ആയിരത്തിന് 506.33 പുരുഷന്മാരും 493.66 സ്ത്രീകളുമാണ്. ഇവിടെ പുരുഷന്മാർ കൂടുതലും

സ്ത്രീകൾ കുറവുമാണ്. സംസ്ഥാനത്തെവയും ജില്ല യിലെയും സ്ഥിതി മറിച്ചാണ്. മൊത്തം 2777 വീടു കളാണ് ഉള്ളത് അതായത് ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതം. സംസ്ഥാന ശരാശരി 5.6 ആണ്. ചതുരശ്ര കിലോമീറ്ററിന് 635 ആണ് ജന സാന്ദ്രത. സംസ്ഥാനത്ത് 749 ആണ്. ഇവിടുത്തെ ജനനനിരക്ക് 1000ന് 18.49 ആണ്. മരണനിരക്ക് 5.74 ആണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 1507 ആണ്. ഇതിൽ 783 ആൺകുട്ടികളും 724 പെൺകുട്ടികളുമാണ്.

നിരക്ഷരരുടെ എണ്ണം വളരെ കുറവാണ്. സാക്ഷരതാനിരക്ക് 90% ആണ്. 15 വയസ്സിന് മേൽ പ്രായമുള്ളവരിൽ 25% S.S.L.C. വരെ പഠിച്ചതാണ്. ബിരുധധാരികൾ 95 പേരുള്ളപ്പോൾ ബിരുദാനന്ത ബിരുദവും പ്രൊഫഷണൽ ബിരുദവും തേടിയവ രുടെ എണ്ണം 35ൽ താഴെയാണ്. സാങ്കേതിക വിദ്യാ ഭ്യാസ യോഗ്യതയുള്ളവർ 55ഓളം വരും. സാങ്കേ തികയോഗ്യതയുള്ളവരുടെ എണ്ണം ബിരുധധാരിക ളുടെ എണ്ണത്തെ അപേക്ഷിച്ച് വളരെ കുറവാണെ ന്നത് വളരെ ശ്രദ്ധേയം ആണ്. വിദ്യാഭ്യാസ യോഗ്യ തയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെതിനെ അപേക്ഷിച്ച് കുറവാണ്. ജനസംഖ്യയിൽ 29.14ശത മാനം ആളുകളാണ് ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. അവരിൽ 1333 പേർ വർഷ ത്തിൽ ഭൂരിഭാഗം ദിവസങ്ങളിലും പണിയില്ലാത്ത ഭാഗിക തൊഴിലാളികളാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രവണത സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തമാണ്. കുടുംബവുമായി ബന്ധപ്പെട്ട് സ്ത്രീകൾ ചെയ്യുന്ന പല ഉല്പാദനപരമായ കണക്കുകളും കാനേഷുമാരി കണക്കെടുരപ്പിൽ പരിഗണിക്കുന്നില്ല. എന്നാൽ ഇത് കേവലം ഒരു നിർവ്വചനത്തിവന്റെ ഒരു പ്രശ്നമായി തള്ളിക്കളയാവുന്നതല്ല. പ്രത്യക്ഷമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാ ളിത്തം വളരെ കുറവാണെന്നത് ഗൗരവമായ പ്രശ്ന മാണ്.

| തൊഴിലെടുക്കുന്നവരുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ | മൊത്തം |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 1885 | 737 | 2622 |
| ഭാഗിക തൊഴിലുകൾ | 933 | 400 | 1333 |
| മൊത്തം | 2818 | 1137 | 3955 |

## തൊഴിലാളികളുടെ എണ്ണം

വിവിധ മേഖലകളിൽ

| തൊഴിൽ | | പു. | സ്ത്രീ | മൊത്തം | ശതമാനം |
|---|---|---|---|---|---|
| കർഷകർ | = | 600 | 50 | 650 | 16 |
| കർഷകതൊഴിലാളികൾ | = | 825 | 500 | 1325 | 33 |
| മത്സ്യബന്ധനം | = | 10 | | 10 | 0.02 |
| മൃഗപരിപാലനം | = | 60 | 120 | 180 | 4.55 |
| തടിപ്പണി | = | 95 | 25 | 120 | 3.04 |
| പാറപൊട്ടിക്കൽ | = | 75 | 60 | 135 | 3.41 |
| കുടിൽ വ്യവസായം | = | 10 | 25 | 35 | 0.88 |
| കുടിലേതര വ്യവസായം | = | 48 | 27 | 75 | 1.89 |
| കെട്ടിട-റോഡ് നിർമ്മാണം | = | 400 | 230 | 630 | 15.92 |
| വാണിജ്യം | = | 250 | 25 | 275 | 6.95 |
| ഗതാഗതം,വാർത്താവിനിമയം | = | 220 | | 220 | 5.56 |
| മറ്റു സേവനങ്ങൾ | = | 225 | 75 | 300 | 7.58 |
| മൊത്തം തൊഴിലെടുക്കുന്നവർ | = | 2818 | 1137 | 3955 | |

തൊഴിലാളികളുടെ മേഖലാവിതരണമെടുത്താൽ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം കാർഷിക മേഖലയുമായി ബന്ധപ്പെട്ടാണ് ഭൂരിപക്ഷം തൊഴിലാളികളും ഏർപ്പെട്ടിരിക്കുന്നത്. 48% ആളുകളും കാർഷിക മേഖലയിലാണ് തൊഴിലിനായി ആശ്രയിക്കുന്നത്. കുടിൽ വ്യവസായവും കുടിലേതര വ്യവസായങ്ങളും ഇവിടെ വളരെ കുറവായതിനാൽ ഈ മേഖലയിൽ തൊഴിലാളികൾ വളരെ കുറവാണ്. കച്ചവട മേഖലയിൽ 6.95% ഉം ഗതാഗത മേഖലയിൽ 5.56% ഉം മറ്റ് സേവന തുറകളിൽ 7.58% ഉം ഏർപ്പെട്ടിരിക്കുന്നു. റോഡ് നിർമ്മാണം, കെട്ടിട നിർമ്മാണം, പാറപ്പണി, തടിപ്പണി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ്. ഈ കാര്യത്തിൽ വ്യക്തമായ ഒരു വേർതിരിവ് നടത്താൻ സാധിക്കുന്നില്ല.

കാർഷിക മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. കൊയ്ത്ത് തുടങ്ങിയ കാർഷിക പണികൾക്ക് ആളെ കിട്ടാനില്ലാത്ത അവസ്ഥ ഉണ്ടായിരിക്കുകയാണ്. അതുപോലെ തന്നെ മരപ്പണിക്കാർ, കല്ലുപണിക്കാർ തുടങ്ങിയ കെട്ടിട നിർമ്മാണത്തിനുള്ള വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യവും ധാരാളം അനുഭവപ്പെടുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 95% പേരും S.S.L.C പാസ്സായിട്ടുള്ളവരാണ്. രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ 2/3 ഭാഗം പേരും ഇപ്പോൾ ഏതെങ്കിലും തൊഴിലുകളിൽ ഏർപ്പെട്ടിട്ടുള്ളവരാണ്. അഭ്യസ്തവിദ്യരല്ലാത്ത ചുരുക്കം പേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ച് ഒരു മതിപ്പുകണക്കെടുക്കുകയാണെങ്കിൽ തൊഴിലെടുക്കുവാൻ കഴിവും സന്നദ്ധതയും ഉള്ളവരിൽ 25% പേർക്ക് പണിയില്ലെന്ന് കണക്കാക്കാം

പൊതുവെ പറഞ്ഞാൽ ജാതിയുടേയും സമുദായത്തിന്റെയും സ്വാധീനം കുറഞ്ഞുവരികയാണ്. ഇത്തരം ചേരിതിരിവുകളല്ല ഇന്ന് സാമൂഹ്യ ജീവിതത്തിന്റെ അടിത്തറ. ആളുകളിൽ ഏതാണ്ട് 50% പേർ ഹിന്ദുക്കളും 48% പേർ ക്രിസ്ത്യാനികളും രണ്ടു ശതമാനം പേർ മുസ്ലീങ്ങളുമാണ്. പട്ടികജാതി കുടുംബങ്ങളുടെ എണ്ണം രണ്ടു ശതമാനം വരും. പട്ടികജാതികളെ ഒഴിവാക്കിയാൽ എല്ലാ ജാതികളിലും പാവപ്പെട്ടവരെയും കാണാൻ കഴിയും. ഇപ്രകാരം ഉരുത്തിരിഞ്ഞു വരുന്ന വർഗ്ഗ ഘടന അതീവ വിസ്തീർണ്ണമാണെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ഒരു കുടുംബത്തിൽതന്നെ മാസശമ്പളക്കാരെയും കൃഷിക്കാരെയും കാണാൻ കഴിയും. ഭൂവുടമകളിൽ ചെറുശതമാനം മാത്രമേ സ്വയം കൃഷിക്കാരായി കരുതുന്നുള്ളൂ. ചെറു ന്യൂനപക്ഷം മാത്രമേ ഭൂമിയെ ഇന്ന് മുഖ്യ വരുമാന മാർഗ്ഗമായി കാണുന്നുള്ളൂ. ചെറുകിട ഭൂവുടമസ്ഥരിൽ മഹാഭൂരിപക്ഷവും മറ്റു വേലകളിൽ കൂലിപണിയോ ശമ്പള പണിയോ എടുക്കുന്നവരാണ്. എന്നാൽ തങ്ങളുടെ പറമ്പിലും വയലിലും കൃഷിപ്പണി ചെയ്യുവാൻ കർഷക തൊഴിലാളികളെ കൂലിവേലക്ക് എടുക്കുകയും ചെയ്യുന്നു. അതീവ സങ്കീർണ്ണമായ ഒരു ചെറുകിട ഉല്പ്പാദന വ്യവസ്ഥിതിയാണ് മാറാടിയിൽ നിലനിൽക്കുന്നത്. വ്യവസായ മേഖല മാറാടിയിൽ ഒട്ടും തന്നെ വികസിച്ചിട്ടില്ല.



# വികസന മേഖല

## കൃഷിയും ജലസേചനവും

ഒരു കാർഷിക സമ്പദ്ഘടനയായിരുന്നു മാറാടിയിലുണ്ടായിരുന്നത്. മുഖ്യ ഉപജീവന മാർഗ്ഗമായും വരുമാനമാർഗ്ഗമായും 99 ശതമാനം ആളുകളും കൃഷിയെയാണ് ആശ്രയിക്കുന്നത്. മുഖ്യമായും നെൽകൃഷിയെ കേന്ദ്രീകരിച്ചാണ് 1950 വരെ കാർഷിക മേഖല നിലനിന്നിരുന്നത് ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി എല്ലാസ്ഥലങ്ങളിലേക്കും കൃഷിവ്യാപിച്ചിരുന്നു. 1950 കൾ മുതൽ നാണ്യവിളക്ക് പ്രധാന്യമേറിവന്നു. ചില റവന്യു പുറമ്പോക്ക് ഒഴിച്ച് തരിശു ഭൂമി നാമമാത്രമാണ്. മാറാടിയിലെ കാർഷികരംഗം പരിശോധിക്കുമ്പോൾ കൃഷിയുടെ വ്യാപനം കാര്യമായ പരിഗണന അർഹിക്കുന്നില്ല. എന്നാൽ വിളക്രമങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

നെൽക്കൃഷി ചെയ്തിരുന്നത് നിലവിലുണ്ടായിരുന്ന വിസ്തൃതമായ നെൽപ്പാടങ്ങളിലായിരുന്നു. കൂടാതെ നെൽക്കൃഷിക്ക് ഉപയോഗിക്കാൻ പറ്റിയ കര ഭൂമികളിലും നെൽക്കൃഷി ചെയ്തിരുന്നു. ഇവിടെ മഴയെ ആശ്രയിച്ചും കുളങ്ങൾ കുഴിച്ച് അതിൽ നിന്നും വെള്ളം തിലാവുകൾ ഉപയോഗിച്ച് ജലസേചനം നടത്തിയുമാണ് കൃഷിചെയ്തിരുന്നത്. ഇപ്രകാരമുള്ള കൃഷിപ്പാടങ്ങൾ ഒരു പൂവ് കൃഷിയിടങ്ങളായിരുന്നു. താഴ്ന്ന പാടങ്ങളിൽ ഇരുപൂവ് കൃഷിചെയ്തിരുന്നു. ഒരു പൂവിന് ശേഷം അവിടെ കപ്പ, ചേന, ചേമ്പ്, വാഴ, ഇഞ്ചി മുതലായവ ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നു. സ്വന്തം ഭക്ഷ്യ ആവശ്യത്തിനുള്ള സാധനങ്ങൾ ഉല്പാദിപ്പിക്കുക ആയിരുന്നു ലക്ഷ്യം. നാല്പതുകളിലും അമ്പതുകളിലും നെൽപ്പാടങ്ങളിൽ കുറെ ഭാഗങ്ങൾ കരിമ്പുകൃഷി ചെയ്തിരുന്നു. പിന്നീട് അതു ഉപേക്ഷിക്കപ്പെട്ടു. ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടുകൂടി കരപ്പാടങ്ങൾ എല്ലാം പുരയിടങ്ങളാക്കി മാറ്റുന്ന പ്രവണത വരികയും ഇന്ന് അതെല്ലാം പുരയിടങ്ങളായി നാണ്യവിളകൾ കൃഷി ചെയ്തു വരുന്നു. റവന്യു സെറ്റിൽ മെന്റ് രേഖകൾ അനുസരിച്ച് ഈ കരപ്പാടങ്ങൾ എല്ലാം തന്നെ ഇന്ന് പുരയിടങ്ങളാണ്.

കൃഷിഭൂമികൾ ഭൂരിഭാഗവും ഒരു ന്യൂനപക്ഷം ഭൂവുടമകളുടെ ഉടമസ്തതയിലായിരുന്നു ചെറുകിട കൃഷിക്കാർ ഈ ഭൂമികൾ പാട്ടവ്യവസ്ഥയിലും പങ്കുവ്യവസ്ഥയിലും കൃഷിചെയ്തിരുന്നു. ഭൂപരിഷ്ക്കരണ നിയമങ്ങൾ നടപ്പിലായതോടെ ഈ അവസ്ഥക്ക് മാറ്റം വന്നു. കൈവശ ഭൂമിക്ക് ചെറുകിട കൃഷിക്കാർക്ക് ഉടമസ്ഥതാ അവകാശം ലഭിക്കുകയുണ്ടായി. ഇതിന്റെ ഫലമായി ഓരോരുത്തരുടേയും കൈവശഭൂമിയുടെ വിസ്തൃതിയിൽ മാറ്റമുണ്ടായി. ഇന്ന് ഭൂരിഭാഗം കൃഷിക്കാരന്റെയും കൈവശഭൂമിയുടെ അളവ് ഒരേക്കറിൽ താഴെയാണ്. ഉള്ള ഭൂമി തന്നെ പല കഷണങ്ങളായി പലയിടത്തു കിടക്കുന്നു. ഈ തുണ്ടുവൽക്കരണം തനതായി ആധുനിക കൃഷിരീതികൾ കൈക്കൊള്ളുന്നതിനു സഹായകരമല്ല.

ഇന്ന് നെൽക്കൃഷി താരതമ്യേന നഷ്ടമാണെന്ന് കൃഷിക്കാർ കരുതുന്നു. നെൽക്കൃഷി സ്ഥലങ്ങളുടെ വിസ്തൃതി ഏതാണ്ട് പകുതിയായി ചുരുങ്ങി. ഉള്ള സ്ഥലങ്ങളിൽ നെൽക്കൃഷിക്ക് പകരം പൈനാപ്പിൾ കൃഷിചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. കാലക്രമത്തിൽ മറ്റ് കൃഷികൾക്ക് ഉപയുക്തമായ നെൽപ്പാടങ്ങൾ നെൽക്കൃഷിക്ക് ഉപയോഗിക്കുവാൻ സാദ്ധ്യത കുറവായി കാണുന്നു. റോഡുവശങ്ങളിലുള്ള പാടങ്ങൾ നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും വ്യാപകമായിട്ടുണ്ട്.

പുരയിടങ്ങളിൽ സമ്മിശ്ര കൃഷിസമ്പ്രദായമാണ് അര നൂറ്റാണ്ട് മുമ്പ് വരെ അവലംബിച്ചിരുന്നത്.

തെങ്ങ് , കമുക്, കുരുമുളക് എന്നീ വിളകളോടൊപ്പം ആഞ്ഞിലി, പ്ലാവ്, മാവ്, പുളി, തേക്ക് തുടങ്ങിയ വൃക്ഷങ്ങളും വളർത്തിയിരിക്കുന്നു. ഇനം തിരിച്ച് വേർതിരിവുകളോടെ കൃഷിചെയ്യാത്തതു നിമിത്തം ഓരോന്നിന്റേയും ഉൽപ്പാദന ക്ഷമതയും ആദായവും കുറവായിരുന്നു. ഈ സമഗ്ര കൃഷിസമ്പ്രദായത്തിന് വലിയ മാറ്റം വരാതെ ഇപ്പോഴും തുടരുന്നതായി കാണുന്നു.

കുന്നിൻ പ്രദേശങ്ങളും മലമ്പ്രദേശങ്ങളും നെൽക്കൃഷിക്ക് വേണ്ടിയുള്ള പച്ചിലവളത്തിന്റെ ആവശ്യത്തിനായി നീക്കി വയ്ക്കപ്പെട്ടിരുന്നു. ഈ പ്രദേശങ്ങൾ ചെറിയ കുറ്റിക്കാടുകളും ചെറിയ വൃക്ഷലതാതികളെക്കൊണ്ട് നിറഞ്ഞിരുന്നു. കന്നുകാലികൾക്കും ആടുകൾക്കും തീറ്റ സ്ഥലമായും. ഇത് പ്രയോജനപ്പെടുത്തിയിരുന്നു. ചില മലമ്പ്രദേശങ്ങൾ തെരുവപ്പുൽ കൃഷിക്കായും ഉപയോഗിച്ചിരുന്നു. '50 - '60 കളോടെ ഈ സ്ഥിതിക്ക് മാറ്റം വന്നു. 1960 ൽ റബ്ബർ കൃഷിയോടുള്ള ആഭിമുഖ്യം ഉണ്ടായതോടുകൂടി കുന്നിൻ പ്രദേശങ്ങളും ചരിവു പ്രദേശങ്ങളും റബ്ബർ കൃഷിക്ക് ഉപയോഗിക്കുവാൻ തുടങ്ങി. ഇന്ന് മാറാടിയിലെ മുഖ്യനാണ്യവിള റബ്ബറാണ്. ചെറുകിട വൻകിട കർഷക വിത്യാമെന്യേ എല്ലാ പുരയിടങ്ങളിലും റബ്ബർക്കൃഷി ചെയ്തു വരുന്നു. പ്രധാനപ്പെട്ട വരുമാന മാർഗ്ഗവും ഇതാണ്. തെങ്ങ്, കമുക് തുടങ്ങിയ നാണ്യവിളകൾ ചെയ്തിരുന്ന സ്ഥലങ്ങളും റബ്ബർക്കൃഷിക്ക് വഴിമാറുന്നതായി കാണുന്നു.

മാറാടിയിലെ ഭക്ഷ്യ നാണ്യ വിളകളടെ ഉൽപ്പാദനക്ഷമത സംസ്ഥാന ശരാശരിയോടൊപ്പം മെത്തുന്നതാണ്. പക്ഷെ ഈ വിളകളുടെ ഉൽപ്പാദനക്ഷമത ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നുയെന്ന കാര്യത്തിൽ തർക്കമില്ല. ഉൽപ്പാദനക്ഷമത കുറയുവാനുള്ള ഒരു കാരണം കൃഷിക്കാരന്റെ കൈവശഭൂമിയുടെ കുറവും ഉള്ള ഭൂമി കഷണങ്ങളായി പല സ്ഥലത്തു കിടക്കുന്നു എന്നുള്ളതാണ്. ഇതു മൂലം ശാസ്ത്രീയ കൃഷിരീതികൾ നടപ്പിലാക്കാൻ സാധിക്കുന്നില്ല. മറ്റൊന്ന് കൃഷികളെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളുടെ ഉപദ്രവവുമാണ്.തെങ്ങിന്റെ കാറ്റുവീഴ്ച രോഗം വളരെ വ്യാപകമാണ് ഇവിടെ, അതുപോലെ തന്നെ കുരുമുളകിന്റെ ദ്രുതവാട്ട രോഗം വാഴകളുടെ കുറുനാമ്പ് രോഗം, പച്ചക്കറിയെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളുടെ ആക്രമണങ്ങളും എല്ലാം ഉൽപ്പാദനക്ഷമതയേയും, ഉൽപ്പാദനത്തെയും സാരമായി ബാധിക്കുന്നു. അതുപോലെ തന്നെ ഭക്ഷ്യ വസ്തുക്കളെയും കൃഷിയേയും എലികൾ നശിപ്പിച്ചുകൊണ്ടരിക്കുന്നു എന്നത് ഒരു പ്രശ്നമാണ്.

നിലവിലുള്ള നാട്ടു തോടുകളുടെ സമീപത്താണ് നെൽപ്പാടങ്ങൾ. ഈ തോടുകളുടെ വീതി പലകാരണങ്ങളാൽ കുറഞ്ഞു വിരികയും അതു മൂലം വെള്ളം വർഷകാലത്ത് നിർബാധം ഒഴുകുന്നതിന് സാധിക്കുന്നില്ല. ഇതു മൂലം വെള്ളക്കെട്ടുണ്ടാകുകയും കൃഷിക്ക് നാശം ഉണ്ടാകുന്നു. അതുകൊണ്ട് ഈ തോടുകളെല്ലാം വീതി കൂട്ടി വശങ്ങൾകെട്ടി സംരക്ഷിക്കേണ്ടത് വളരെ ആവശ്യമായി വന്നിരിക്കുകയാണ്. അതുപോലെ വേനൽക്കാലത്ത് വെള്ളം ഉണ്ടാകത്തക്ക വിധത്തിൽ ഈ തോടുകളിൽ വേണ്ടസ്ഥലങ്ങളിൽ ചെറിയ ചെക്കുഡാമുകളും ക്രോസ്സ് ബാറുകളും നിർമ്മിക്കേണ്ടതാണ്.

ഭൂരിഭാഗം കർഷകരുടെ കാർഷിക വരുമാനം തുച്ഛമാണ്. വെറും 30% കുടുംബങ്ങൾക്ക് മാത്രമേ വരുമാനത്തിന്റെ പകുതിയെങ്കിലും കൃഷിയിൽ നിന്ന് ലഭിക്കുന്നത്. കൃഷി മുഖ്യ വരുമാന മാർഗ്ഗമല്ലാത്തതു കൊണ്ട് കൃഷിക്കാരിൽ പലർക്കും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിൽ വലിയ താൽപ്പര്യവുമില്ല. മറ്റുതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിക്കാർക്കാകട്ടെ കൃഷിചെയ്യുന്നതിനുള്ള സമയമോ താൽപ്പര്യമോ ഒട്ടുമില്ലതാനും. ഇത് കാർഷികാഭിവൃദ്ധിക്ക് ഒരു തടസ്സമാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ നെൽക്കൃഷി ചെയ്തിരുന്നത് നാടൻ കലപ്പകളേയും കാളകളെയും ഉപയോഗിച്ചാണ്. ഇതിന് ധാരാളം തൊഴിലാളികളുടെ സേവനവും ആവശ്യമായിരുന്നു. 1950 - 60 കളോടുകൂടി ഈ രംഗത്ത് ട്രാക്ടറുകളും ടില്ലറുകളും മരുന്നു തളിക്കുന്നതിനുള്ള സ്പെയറുകളും സാർവത്രീകമായി ഉപയോഗത്തിലായി. ഇന്ന് കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ലാത്ത അവസ്ഥയായിരിക്കുന്നു. ആധുനിക വിദ്യാഭ്യാസം സാർവ്വത്രീകമായതോടെ കർഷകകുടുംബങ്ങളിലെ യുവതലമുറക്കാർ കൃഷിവിപണിയിൽ നിന്നും പിൻവാങ്ങി. കൊയ്ത്ത്, തെങ്ങുകയറ്റം തുടങ്ങിയ തൊഴിലുകൾക്ക് തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നു. അതുപോലെ തന്നെ കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് കൂടിയും സേവനതൽപ്പരത കുറഞ്ഞും വരുന്നു. ഇന്ന് പുരുഷന്മാർക്ക് 80,90 രൂപയും സ്ത്രീകൾക്ക് 60,70 രൂപയുമാണ് കൂലിനിരക്ക്.

കൃഷിക്ക് വളപ്രയോഗം ശാസ്ത്രീയാടിസ്ഥാനത്തിലല്ല നടത്തുന്നത്. മണ്ണ് പരിശോധിച്ച് ഏതുതരം വളം ഏതേത് അളവിൽ ചേർക്കണമെന്ന് തിട്ടപ്പെടുത്തിയല്ല വളപ്രയോഗം നടത്തുന്നത്. ഇതു മൂലം കർഷകന് അനാവശ്യമായ നഷ്ടം സംഭവിക്കുന്നു. ജൈവവളങ്ങളുടെ പ്രയോഗം കുറഞ്ഞതാണ് മറ്റൊരു പ്രശ്നം. ജൈവവളങ്ങളായ പച്ചില. ചാണകം, കമ്പോസ്റ്റ് മുതലായവയുടെ ലഭ്യതക്കുറവും അതിന്റെ പ്രയോഗം പരിമിതവുമാണ്. അരനൂറ്റാണ്ടിന് മുമ്പ് പച്ചിലവളത്തിനായി പ്രത്യേകം സ്ഥലം നീക്കി വച്ചിരുന്നു. ധാരാളം കന്നുകാലികളെ

വളർത്തിയിരുന്നതു മൂലം ചാണകവും ലഭ്യമായിരുന്നു. ഇന്ന് ആ സ്ഥിതി മാറി. ജൈവവളത്തിന്റെ പ്രാധാന്യത്തെപ്പറ്റി കർഷകരിൽ ഒരവബോധം സൃഷ്ടിക്കേണ്ടതിനും അവ കൂടുതൽ ഉൽപ്പാദിപ്പിക്കേണ്ടതിനും പ്രയോഗിക്കേണ്ടതിനുമുള്ള പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. മണ്ണിന്റെ സ്വാഭാവിക ഘടന നിലനിറുത്തേണ്ടതിന് ഇത് അത്യാവശ്യമാണ്. രാസവളത്തിന്റെ ഭീമമായ വില വർദ്ധന കർഷകർക്ക് താങ്ങാനാവുന്നതല്ല.

അനുയോജ്യമായ മെച്ചപ്പെട്ട വിത്തിനങ്ങളും നടീൽ വസ്തുക്കളും യഥാവസരം കർഷകർക്ക് ലഭിക്കുന്നില്ലായെന്നുള്ളത് മറ്റൊരു പ്രശ്നമാണ്. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളെ അപേക്ഷിച്ച് രോഗപ്രതിരോധശേഷിയുള്ള നാടൻ ഇനങ്ങളെയാണ് നാട്ടുകാർ ഇഷ്ടപ്പെടുന്നത്. മോശമായ കാലാവസ്ഥയെ ചെറുത്തുനിൽക്കുന്നതിനും കൂടുതൽക്കാലം വിളവു നൽകുന്നതിനും നാടൻ ഇനങ്ങൾക്കുള്ള

ശേഷിയാണ് ഇതിനു കാരണം. നാടൻ ഇനങ്ങളിൽ തന്നെ മെച്ചപ്പെട്ട വിത്തുകൾ തെരഞ്ഞെടുക്കുന്നതിനുള്ള ഒരു സംവിധാനവും പ്രാദേശികമായി നിലവിലില്ല. ഈ പ്രദേശത്തിന്റെ ഭൂമിയും കാലാവസ്ഥയും മറ്റുഘടകങ്ങളും കണക്കിലെടുത്ത് അനുയോജ്യമായ വിത്തിനങ്ങൾ എല്ലാ കൃഷിയാവശ്യങ്ങൾക്കും യഥാസമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

മാറാടി സർവ്വീസ് സഹകരണ ബാങ്ക്, ട്രാവൻ കൂർ സ്റ്റേറ്റ് ബാങ്കിന്റെ മാറാടി ശാഖാ, യൂണിയൻ ബാങ്കിന്റേയും, ഫെഡറൽ ബാങ്കിന്റേയും മൂവാറ്റുപുഴയിലുള്ള ശാഖകൾ, മൂവാറ്റുപുഴ കാർഷീക വികസന ബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളാണ് കർഷകർക്ക് ഹ്രസ്വ കാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ സൗകര്യപ്പെടുത്തുന്നത്. മാറാടി പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധിയുള്ള സഹകരണ ബാങ്ക് 1962 ൽ പ്രവർത്തനം ആരംഭിച്ചു. 1982 ലാണ് ട്രാവൻ കൂർ സ്റ്റേറ്റ് ബാങ്കിന്റെ മാറാടി ശാഖ ആരംഭിച്ചത്. യൂണിയൻ ബാങ്കിന്റേയും ഫെഡറൽ ബാങ്കിന്റേയും മൂവാറ്റുപുഴയിലുള്ള ശാഖകളുടെ പ്രവർത്തന പരിധി മാറാടിയിലെ ഏതാനും ഭാഗം കൂടി ഉൾപ്പെടുത്തുന്നുണ്ട്. മൂവാറ്റുപുഴ കാർഷിക വികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ മാറാടി ഉൾപ്പെടുന്നതുകൊണ്ട് ദീർഘകാല കാർഷിക വായ്പകൾ ഈ ബാങ്കുമുഖേനയാണ് ലഭ്യമാകുന്നത്. 95 - 96 വർഷത്തിൽ സഹകരണ ബാങ്ക് മുഖേന 86.27 ലക്ഷം രൂപയും വാണിജ്യബാങ്കുകൾ 12 ലക്ഷം രൂപയും കാർഷിക വായ്പയായി നൽകിയിട്ടുണ്ട്. കാർഷിക ബാങ്കു മുഖേന കാർഷികവും കാർഷികേതര ദീർഘകാലവായ്പയായി 8.70 ലക്ഷം രൂപയും വിതരണം ചെയ്യുകയുണ്ടായിട്ടുണ്ട്.

ഈ വായ്പകളുടെ വിനിയോഗം കാർഷികാഭിവൃദ്ധിക്ക് എത്രമാത്രം ഉപകരിച്ചിട്ടുണ്ട് എന്നത് പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. വായ്പാ ദുർവിനിയോഗം വിപരീതഫലം ഉളവാക്കും. പഞ്ചായത്തിന്റെ പൊതുകാർഷിക വികസന പദ്ധതികളുമായി ധനകാര്യസ്ഥാപനങ്ങളുടെ വായ്പാനയം പൊരുത്തപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല. കൂടാതെ, ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് പ്രത്യേക പദ്ധതികളുടെ അടിസ്ഥാനത്തിലല്ല വായ്പകൾ കൊടുത്തുവരുന്നത്.

കാർഷികോൽപ്പന്നങ്ങളുടെ വിലയും വിൽപ്പന സൗകര്യങ്ങളും കാർഷികാഭിവൃദ്ധിയുടെ മുഖ്യഘടകങ്ങളിലൊന്നാണ്. കാർഷികോൽപ്പന്നങ്ങളുടെ വില ഉൽപ്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ആദായകരമല്ല. റബ്ബർ ഒഴിച്ച് ബാക്കി എല്ലാത്തിന്റേയും സ്ഥിതി ഇതാണ്. നാളികേരം, ജാതി, കൊക്കൊ, ഗ്രാമ്പൂവ്, ഇഞ്ചി, മഞ്ഞൾ, നെല്ല് തുടങ്ങിയ ഉൽപ്പന്നങ്ങളുടെ വിലക്കുറവും, വില അസ്ഥിരതയും, വിപണന സൗകര്യങ്ങളുടെ കുറവും കർഷകരെ നേരിടുന്ന പ്രയാസങ്ങൾ ആണ്. കൃഷിയിറക്കുമ്പോൾ ഉള്ള വിലയല്ല ഉൽപ്പന്നമാകുമ്പോൾ. വില ആദായകരവും സ്ഥിരതയും ഉറപ്പുവരുത്തിയാൽ ഉൽപ്പാദന വർദ്ധനവിന് കർഷകന് പ്രചോദനമായിരിക്കും. ഇതിന് ഉദാഹരണങ്ങൾ ധാരാളമുണ്ട്. ഇന്ന് മാറാടിയിലെ കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നത് സ്വകാര്യകച്ചവടക്കാർക്ക് അവർ നിശ്ചയിക്കുന്ന വിലക്കും മാനദണ്ഡങ്ങൾക്കും അനുസരിച്ചാണ്. ഉൽപ്പാദകർക്കതിൽ പങ്കില്ല. ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിലലഭിക്കുന്നതിന് ഉൽപ്പന്നങ്ങളുടെ സംസ്ക്കരണരീതികൾ (value added) അവലംബിച്ചിട്ടില്ല. വിപണന രംഗത്ത് പ്രവർത്തിക്കുന്ന മൂവാറ്റുപുഴ മാർക്കറ്റിംഗ് സഹകരണസംഘവും വിപണന കാര്യത്തിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടില്ല. ഇടത്തട്ടുകാരെ ഒഴിവാക്കിക്കൊണ്ട് ഉൽപ്പന്നങ്ങളുടെ വിപണന സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. തെക്കൻ മാറാടിയിലും കിഴക്കൻ മാറാടിയിലുമുള്ള പഞ്ചായത്തുവക രണ്ടു മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല. ഇവ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടത് ചെയ്യേണ്ടതാണ്.

കാർഷിക രംഗത്ത് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഗവ. ഏജൻസി കൃഷിഭവനാണ്. കൃഷിശാസ്ത്രത്തിൽ ബിരുദമുള്ള കൃഷി ആഫീസറും രണ്ട് അസിസ്റ്റന്റുമാരുമാണ് ഈ ആഫീസിൽ നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ. ഈ പ്രദേശത്തെ മുഴുവൻ കൃഷിയുടെ വികസനത്തിനും, കാർഷിക രംഗത്ത് അനുഭവപ്പെടുന്ന നിരവധി പ്രശ്നങ്ങൾ ശാസ്ത്രീയമായി പരിഹരിക്കുന്നതിന് കർഷകരെ സഹായിക്കുന്നതിനും ഉപദേശിക്കുന്നതിനും, അതുവഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടതു

ചെയ്യുക എന്നതാണ് കൃഷിഭവൻ കൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിഡിപ്പാർട്ട് മെന്റ് നടപ്പിലാക്കുന്ന വിവിധ വികസന പരിപാടികളും ആശ്വാസപരിപാടികളും ഈ ആഫീസ് വഴിയാണ് നടപ്പിലാക്കുന്നത്. പഞ്ചായത്ത് രാജ് ആക്ട് നടപ്പിലായതോടെ കൃഷിഭവന്റെ ചുമതല പഞ്ചായത്തിന് ലഭിച്ചിരിക്കുകയാണ്. കൃഷിഭവന്റെ ഇതുവരെയുള്ള പ്രവർത്തനം തൃപ്തികരമെന്നു പറയാൻ സാധിക്കുന്നില്ല. അതിന്റെ ഒരു കാരണം ശാസ്ത്രസാങ്കേതിക ജ്ഞാനമുള്ള ഉദ്യോഗസ്ഥർക്ക് കൃഷിയിടങ്ങളും കൃഷിക്കാരേയും സന്ദർശിക്കുന്നതിനും അവരുമായി കൂടിക്കാഴ്ചയിലൂടെ കാർഷികപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അവർക്ക് സാധിക്കുന്നില്ല. അവരുടെ ജോലികൾ മുഖ്യമായും ആഫീസുകളിൽ കുടുങ്ങിക്കിടക്കുകയാണ്: അതുപോലെ തന്നെ കൃഷിഭവൻ മുഖേനയുള്ള നിരവധി പദ്ധതികളുടെ ഗുണം യഥാവസരം അർഹരായവർക്ക് ലഭിക്കുന്നില്ല എന്നുള്ളതാണ്. കൃഷിഭവൻ മുഖേന ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1) കുളംകുഴിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ധനസഹായം. ഒരാൾക്ക് 2500 രൂപ ധനസഹായം നൽകുന്നതാണ്.
2) നെല്ല്, പയറ്, എള്ള്, പച്ചക്കറികൾ തുടങ്ങയവയുടെ സൗജന്യനിരക്കിലുള്ള വിതരണം.
3) തെങ്ങ്. കമുക്, കുരുമുളക്, ജാതി, ഗ്രാമ്പൂ, പേര, മാവ്, സപ്പോട്ട, കൊക്കോ തുടങ്ങിയവയുടെ നടീൽ വസ്തുക്കൾ സൗജന്യ നിരക്കിൽ വിതരണം.
4) വളം. കീടനാശിനി, കളനാശിനി, കുമ്മായം, തുടങ്ങിയവയുടെ സൗജന്യ നിരക്കിലുള്ള വിതരണം.
5) നെൽക്കൃഷിക്കാർക്ക് ഉൽപ്പാദന ബോണസ് കൊടുക്കുക - ഹെക്ടറിന് 250 രൂപ കണക്കിൽ.
6) ടില്ലർ, ട്രാക്ടർ, സ്പ്രെയർ തുടങ്ങിയ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം.
7) ഇഞ്ചി, മഞ്ഞൾ, തെങ്ങ്, കുരുമുളക്, കൊക്കോ തുടങ്ങിയവയ്ക്ക് മാതൃകാ കൃഷിത്തോട്ടങ്ങൾ സംഘടിപ്പിക്കുകയും ധനസഹായം കൊടുക്കുകയും ചെയ്യുക.
8) വെള്ളപ്പൊക്കം, വരൾച്ച ദുരിതാശ്വസ സഹായങ്ങൾ കൊടുക്കുക.
9) ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുകയും അവർക്ക് ധന സഹായം കൊടുക്കുകയും ചെയ്യുക.
10) തെങ്ങിന് പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിന് ധന സഹായം നൽകുക.
11) സ്കൂൾകുട്ടികൾക്ക് പച്ചക്കറിക്കൃഷിയിലും, പഴവർഗ്ഗക്കൃഷിയിലും പരിശീലനം കൊടുത്ത് സൗജന്യമായി വിത്ത് വളം മുതലായവ കൊടുത്ത് കൃഷിയിലുള്ള താൽപ്പര്യം വർദ്ധിപ്പിക്കുക.
12) പാടശേഖര കമ്മറ്റികൾ, നാളികേര വികസന സമിതികൾ, കുരുമുളക് വികസനസമിതികൾ സംഘടിപ്പിക്കുകയും അതുവഴി കാർഷികാഭിവൃദ്ധിക്ക് വേണ്ടത് ചെയ്ത് കൊടുക്കുക.
13) നെല്ല്, തെങ്ങ്, പച്ചക്കറി തുടങ്ങിയവയ്ക്ക് വിള മത്സരം സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക.
14) കാർഷിക സെമിനാറുകളും, ക്യാമ്പുകളും സംഘടിപ്പിച്ച് ആധുനിക കൃഷിവിജ്ഞാനം കർഷകരിൽ എത്തിക്കുക.
15) വിള ഇൻഷ്വറൻസ് പരിപാടികൾ നടപ്പിലാക്കുക.
16) കർഷക യുവജനങ്ങൾക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുക.
17) കാർഷിക ദിനം ആചരിക്കുകയും ഏറ്റവും നല്ല കർഷകനെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകുകയും ചെയ്യുക.
18) മണ്ണ് പരിശോധനക്കുള്ള ഏർപ്പാടുകൾ ചെയ്തു കൊടുക്കുക.

മേൽപ്പറഞ്ഞ പ്രവർത്തന പരിപാടികളേക്കുറിച്ച് മാറാടിയിലെ മുഴുവൻ കൃഷിക്കാരുടേയും അറിവിൽപ്പെടുത്തുന്നതിനും അതിന്റെ ഗുണം അർഹതപ്പട്ടവരിൽ എത്തിക്കുന്നതിനും സാധിച്ചിട്ടില്ലാത്തതാകുന്നു.

ഭൂരിഭാഗം കർഷകരുടേയും കൈവശഭൂമി 10 സെന്റുമുതൽ ഒരേക്കർ വരെയാണ്. ഉള്ള ഭൂമി തന്നെ പല കഷണങ്ങളായി പലസ്ഥലത്തായി കിടക്കുന്നു. ഈ സ്ഥിതി വിശേഷത്തിൽ ഈ കർഷകന് തനതായി ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് അസാദ്ധ്യമായിത്തീരുന്നു. കൂട്ടായ്മയുടേയും കൂട്ടായപ്രവർത്തനത്തിന്റേയും പ്രസക്തി വരുന്നത് ഇവിടെയാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കാനും, ഉൽപ്പാദനക്ഷമത കൈവരുത്താനും ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ പ്രയോഗിക്കാനും കൂട്ടായ്മയും കൂട്ടായ പ്രവർത്തനവും ഒഴിച്ചു കൂടാൻ പാടില്ലാത്തതാകുന്നു. ഈ ലക്ഷ്യം മുൻ നിർത്തി പല സംരംഭങ്ങളും കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുകയുണ്ടായി. അവയിൽ ചിലത് താഴെ പറയുന്നവയാണ്.

**1. ഗ്രൂപ്പ് ഫാമിംഗ് സമിതികൾ (പാടശേഖര സമിതികൾ)**

നെൽക്കൃഷി വികസനത്തിന് ഊന്നൽ നൽകുന്നതിനാണ് ഈ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്തിൽ 7 (ഏഴ്) പാടശേഖര സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1) കണയം പാടം പാടശേഖര സമിതി

2) കടുവേലി ,,

3) സെട്രൽ മാറാടി ,,

4) സതേൺ മാറാടി ,,

5) നോർത്ത് മാറാടി ,,

6) കായനാട് ,,

7) കുടമ്പള്ളിത്താഴം ,,

ഓരോ സമിതിക്കും പ്രസിഡണ്ടും സെക്രട്ടറിയും പ്രവർത്തനകമ്മിറ്റി അംഗങ്ങളും ഉണ്ട്. ഈ സമിതികൾ രൂപീകരിച്ചിട്ടുള്ളത് മാറാടിയിൽ നിലവിലുള്ള നെൽപ്പാടങ്ങളുടെ അടിസ്ഥാനത്തിലാണ്. നെൽക്കൃഷിയുടെ ഉൽപ്പാദനവും, ഉൽപ്പാദനക്ഷമതയിലും കാര്യമായ വർദ്ധനവ് കൈവരിക്കുന്നതിനും കൃഷിച്ചെലവ് കുറക്കുന്നതിനും വേണ്ടിയുള്ള പ്രയത്നങ്ങൾ കൂട്ടായ്മ അടിസ്ഥാനത്തിൽ ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഇത് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. പക്ഷെ ഈ സമിതികളുടെ ഇന്നത്തെ സ്ഥിതി ആശാവഹമല്ല.

കൂടുതൽ ജനപങ്കാളിത്തത്തോടുകൂടി ഇവകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഓരോ ഗ്രൂപ്പ് ഫാമിംഗ് സമിതികളുടേയും സാമ്പത്തിക അടിത്തറ ഭദ്രമാക്കുകയും പ്രവർത്തനം വിപുലീകരിക്കുകയും ചെയ്യണം. നെൽക്കൃഷി സചേതനമായി നിലനിർത്തുന്നതിന് ആവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ പദ്ധതിയുടെ ഭാഗമായി കർഷക പങ്കാളിത്തത്തോടുകൂടി ഏറ്റെടുക്കണം. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ പ്രാദേശികമായി ഉൽപ്പാദിപ്പിച്ച് വിത്തിന്റെ ലഭ്യത ഉറപ്പാക്കണം. കീട നിരീക്ഷണത്തിനും അതിന്റെ അതിന്റെ അടിസ്ഥാനത്തിലുള്ള സസ്യ സംരക്ഷണത്തിനും വഴിയൊരുക്കുന്ന സംവിധാനങ്ങൾ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനത്തിന്റെ ഭാഗമാക്കണം. യന്ത്രവൽക്കരണം വഴി കൂട്ടായ കർഷക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കണം. ആവശ്യമായ യന്ത്ര സാമഗ്രഹികൾ ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് സ്വന്തമാക്കുന്നതിനുള്ള അവസര മൊരുക്കണം. പാടശേഖരങ്ങൾക്ക് വേണ്ട ജലസേചന ജലനിർഗമന പരിപാടികൾക്കും അവയുമായി ബന്ധപ്പെട്ട ജലസ്രോതസ്സുകൾ ഒരുക്കുന്നതിനും അവയുടെ നിയന്ത്രണം ഏറ്റെടുക്കുന്നതിനും സമിതികൾ മുന്നോട്ടു വരണം. ഒരു പൂവ് നിലങ്ങൾ ഇരു പൂവ് ആക്കുന്നതിനും മൂന്നാം വിളയായി പയർ, പച്ചക്കറി, പച്ചില വളങ്ങൾ തുടങ്ങിയവയുടെ കൃഷിസംഘടിപ്പിക്കുന്നതിനും പൊതുസ്വഭാവമുള്ള പരിപാടികൾക്ക് ഇണങ്ങിപ്പോകാവുന്ന ക്ഷീരോത്പാദനം, കോഴിവളർത്തൽ, മത്സ്യക്കൃഷി എന്നിവ സംയോജിപ്പിക്കുന്നതിനുമുള്ള വിപുലമായ സംരഭങ്ങൾക്ക് നേതൃത്വം നൽകണം. ഇങ്ങനെ നെൽക്കൃഷിയുടേയും അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകരുടെ സാമ്പത്തീകാടിത്തറ ഭദ്രമാക്കുന്നതിനുള്ള സമഗ്ര പദ്ധതിക്ക് രൂപം കൊടുക്കണം.

## 2.കേരവികസന സമിതികൾ

ഈ സമിതിയിൽ 8 (എട്ട്) അംഗങ്ങളാണുള്ളത്. കൃഷി ആഫീസർ ഇതിന്റെ കൺവീനറാണ്. ഓരോ വാർഡിൽനിന്നും ഓരോ പ്രതിനിധി വീതം. തെങ്ങുകൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് കൂട്ടായ പ്രവർത്തനങ്ങളിലൂടെ പരിഹാരം കാണുകയും തെങ്ങിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വേണ്ടത് ചെയ്യുകയുമാണ് ഈ സമിതിയെക്കൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷിഭവൻ മുഖേനയുള്ള ഗവൺമെന്റ് സഹായവും നിർദ്ദേശങ്ങളും കൃഷിക്കാരിലെത്തിക്കുക, രോഗപ്രധിരോധ നടപടികൾ സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക, ശാസ്ത്രീയ കൃഷിരീതികൾ പ്രചരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സമിതി ഏറ്റെടുക്കേണ്ടതാണ്. ഈ സമിതികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല.

മാറാടിയിൽ ഇന്ന് 380 ഹെക്ടർ പ്രദേശത്ത് 64700 ഓളം തെങ്ങുകളാണ് ഉള്ളത്. ഇതിൽ 33700 എണ്ണം കായ്ഫലം തരാത്തതും കാറ്റുവീഴ്ച തുടങ്ങിയ രോഗങ്ങൾ ബാധിച്ചതുമാണ്. ഈ അവസ്ഥ തെങ്ങുകൃഷിയെ സംബന്ധിച്ച് ഗുരുതരമായ പ്രശ്നമാണ്. ഈ രോഗങ്ങൾക്കും കീടങ്ങൾക്കുമെതിരേ സസ്യ സംരക്ഷണ നടപടികൾ സ്വീകരിക്കണം. ഉൽപ്പാദനക്ഷമമല്ലാത്തതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ അനുയോജ്യമായ തൈകൾ നട്ടുവളർത്തണം. ജലസേചന സൗകര്യമില്ലാത്തിടത്ത് അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുക്കണം. ഇതെല്ലാം കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമിതികൾ ഏറ്റെടുക്കണം.

## 3. കുരുമുളക് വികസന സമിതി

കുരുമുളക് കൃഷിയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ള സമിതിയാണ് ഇത്.

ഈ സമിതി ഇപ്പോൾ പ്രവർത്തന നിരതമല്ല. ഇത് പുന:സംഘടിപ്പിച്ച് ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടതാണ്.

## 4. കാർഷിക വികസന സമിതി

പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഈ സമിതിയിൽ എല്ലാ പഞ്ചായത്ത് മെമ്പർമാരും, മറ്റ് വികസന സമിതി പ്രതിനിധികളും ഉൾപ്പെടെ 22 അംഗങ്ങൾ ഉണ്ട്. പഞ്ചായത്തിലെ മൊത്തത്തിലുള്ള കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉതകുന്ന പരിപാടികൾ ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതിന് കൃഷിഭവനെ സഹായിക്കുകയാണ് ഈ സമിതിയുടെ ലക്ഷ്യം. പഞ്ചായത്തടിസ്ഥാനത്തിൽ കാർഷിക കന്നുകാലി പ്രദർശനങ്ങൾ സംഘടിപ്പിക്കുക, നല്ലകൃഷിക്കാരനെ തിരഞ്ഞെടുക്കുക, കർഷക ദിനം ആചരിക്കുക തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ഈ സമിതിക്ക് കഴിയണം.

താഴ്ന്നപ്രദേശങ്ങളായ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതു പോലെത്തന്ന ഉയർന്നപ്രദേശങ്ങളായ കുന്നിൻ പ്രദേശങ്ങളുടേയും ചരിവുപ്രദേശങ്ങളുടേയും കൃഷി വികസനത്തിന് പ്രത്യേകരീതികൾ ആവിഷ്ക്കരിക്കണം. ഈ പ്രദേശങ്ങളുടെ കൃഷിവികസനത്തിന് നീർമറിയുടെ (water shed management) അടിസ്ഥാനത്തിൽ വികസന പദ്ധതികൾക്ക് രൂപം കൊടുക്കണം. "ഭൂമിയുടെ ചരിവും ജലനിർഗ്ഗമനവും കണക്കിലെടുത്ത് പ്രാദേശിക സ്വഭാവമുള്ള ജലസംരക്ഷണ പരിപാലന മുറകളിലൂടെ മഴവെള്ളത്തിന്റെ കുത്തിയൊഴുക്ക് തടഞ്ഞ് തട്ടുകളായി ജലസംരക്ഷണവും മഴ വെള്ളത്തിന്റെ കുത്തിയൊഴുക്ക് തടഞ്ഞ് തട്ടുകളായി ജലസംരക്ഷവും മണ്ണിലേക്കുള്ള ജല നിർഗമനവും ഉറപ്പുവരുത്തി മണ്ണു സംരക്ഷണവും ജലവിനിയോഗവും സാദ്ധ്യമാക്കുന്ന വിളപരിപാലന സങ്കല്പങ്ങൾ ജനപങ്കാളിത്തത്തോടുകൂടി സംയോജിതമായി പ്രാവർത്തീകമാക്കുക എന്നുള്ളതാണ് നീർമറയടിസ്ഥാനമാക്കിയുള്ള കാർഷിക വികസനത്തിന്റെ അന്തസത്ത". ഇതിന്റെ അടിസ്ഥാനത്തിൽ മുമ്പ് പ്രസ്ഥാവിച്ചിട്ടുള്ള കുന്നിൻ പ്രദേശങ്ങളിലും ചരിവുപ്രദേശങ്ങളെ ഒരു യൂണിറ്റായി എടുത്തുകൊണ്ട് പദ്ധതികൾക്ക് രൂപം നൽകണം. ഈ പ്രദേശങ്ങളിലെ കാർഷിക കുടുംബങ്ങളെ കേന്ദ്രീകരിച്ച് കൊണ്ട് അവർക്ക് സ്വായത്തമായുള്ള ഭൂമിയുടേയും മനിഷ്യശക്തിയുടേയും പരമാവധി വിനിയോഗത്തിലൂടെ തൊഴിലവസരങ്ങളും വരുമാന മാർഗ്ഗങ്ങളും ശത്കിപ്പെടുത്തുന്നതിനുള്ള കർമ്മപരിപാടിക്ക് മുൻതൂക്കം കൊടുക്കണം.

കാർഷിക വികസനത്തിൽ പരിഗണിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

### 1. നെൽക്കൃഷി:

ഭക്ഷ്യോൽപ്പാദനത്തിൽ സംസ്ഥാനത്തിന്റെ സ്വാശ്രയത്വത്തിന്റെ തോതോ ഇന്നത്തെ നിലയിലെങ്കിലും നിലനിർത്തണമെങ്കിൽ നെൽക്കൃഷി വികസനത്തിന് ഊന്നൽ നൽകിയേ മതിയാവൂ. നെൽക്കൃഷിക്കനുയോജ്യമായ പരിസ്ഥിതി നില നിൽക്കുന്ന പ്രദേശങ്ങളിൽ പാടശേഖരാടിസ്ഥാനത്തിൽ വേണം ഇതിനുള്ള യന്ത്രങ്ങൾ കേന്ദീകരിക്കേണ്ടത്. പഞ്ചായത്തിൽ നിലവിലുള്ള പാടശേഖര സമിതികളുടെ പ്രവർത്തനം വിപുലീകരിച്ചും കാര്യക്ഷമമാക്കി ഉൽപ്പാദനച്ചെലവ് കുട്ടിയും ഉൽപ്പാദനക്ഷമത കൂട്ടിയും വിളവ് വർദ്ധിപ്പിക്കേണ്ടതും കൃഷി ആദായകരമാക്കേണ്ടതുമാണ്.

### 2. തരിശു ഭൂമികൾ കൃഷിയുക്തമാക്കൽ

ഭൂവിനിയോഗത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ മുൻ പന്തിയിലാണെങ്കിലും ഇപ്പോഴും പല പ്രദേശങ്ങളും വേണ്ടത്രകൃഷിചെയ്യാതെ കിടപ്പുണ്ട്. സൗകര്യമുള്ള ഒരു പൂവ് ആക്കാതേയും ഇരുപൂവ് മൂന്നാവിളയായി പയറ്, എള്ള്, പച്ചിലവളം മുതലായ സ്ഥലങ്ങൾ വെറുതെയിടുന്നതായി കണ്ടുവരുന്നു.

കായനാട് പാടത്തും കുടമ്പള്ളിത്താഴം പാടത്തും ഏകദേശം 15 ഹെക്ടർ സ്ഥലം കൃഷി ചെയ്യാതെ വെറുതെയിട്ടിരിക്കുന്നു. ഇത് കൃഷിക്ക് യുക്തമാക്കുന്നതിന് യാതൊരു ശ്രമങ്ങളും നടത്തിയിട്ടില്ല. സർക്കാർ ആഫീസുകൾ, സ്കൂൾ കോമ്പൗണ്ടുകൾ മുതലായ സ്ഥാപനങ്ങളുടെ വക സ്ഥലത്ത് വൃക്ഷങ്ങൾ വച്ചുപിടിക്കാതെ വെറുതെ കിടക്കുന്നു.

### 3.വിള സാന്ദ്രത വർദ്ധിപ്പിക്കൽ

തെങ്ങ്, കമുക്, കുരുമുളക്, കശുമാവ് തുടങ്ങിയ ദീർഘകാല വിളകളുടെ കാര്യത്തിൽ വേണ്ടത്രവിള സാന്ദ്രത ഇല്ലാത്ത സ്ഥലങ്ങളിൽ തൈകൾ കൂടുതലായി വച്ചുപിടിപ്പിക്കണം. അതുപോലെ തന്നെ തെങ്ങിൻ തോട്ടങ്ങളിലും മറ്റും അനുയോജ്യമായ ഇടവിളക്കൃഷികൾ ചെയ്തുവരുന്നില്ല. ഇടവിളക്കൃഷി ചെയ്ത് ആദായം വർദ്ധിപ്പിക്കാനുള്ള യന്ത്രങ്ങൾ ഉണ്ടാകണം.

### 4. ജലസേചല സൗകര്യങ്ങൾ വർദ്ധിപ്പിക്കുക വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ:-

ജലസേചനം വ്യാപകമാക്കുക വഴി നെല്ല്, തെങ്ങ്, കമുക്, വാഴ, പച്ചക്കറികൾ തുടങ്ങിയ ഒട്ടേറെ വിഭവങ്ങളുടെ ഉൽപ്പാദനക്ഷമതയിൽ മാറ്റം വരുത്തുവാൻ കഴിയും. ഇത് സ്വകാര്യ സംരഭങ്ങ

ളായും, കൂട്ടായ സംരഭങ്ങളായും, പഞ്ചായത്ത് സംരഭങ്ങളായും ജലസേചന പദ്ധതികൾ വിപുലീകരിക്കാൻ കഴിയും. മാറാടിയിലുള്ള കണ്ട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കുളങ്ങൾ കുഴിക്കുന്നതിനും, പമ്പുസെറ്റുകൾ വാങ്ങുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കണം. ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ ഡ്രിപ്പ്, സ്പ്രിംഗ്ളർ തുടങ്ങിയ ജലസേചന സംവിധാനങ്ങളും സംഘടിപ്പിക്കാവുന്നതാണ്.

## 5. മണ്ണ് ജലസംരക്ഷണം:-

നീർമറിക്കടിസ്ഥാനമാക്കിയുള്ള മണ്ണുസംരക്ഷണവും ജലസംരക്ഷണവും നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അതീവപ്രാധാന്യം അർഹിക്കുന്നു. പ്രാദേശികമായി ജൈവവസ്തുക്കൾ പ്രയോജനപ്പെടുക്കിക്കൊണ്ടുള്ള ചിലവുകുറഞ്ഞ സങ്കേതങ്ങൾ സമന്വയിപ്പിക്കുക വഴി ഇതിലേക്ക് വേണ്ടി വരുന്ന മൂലധനച്ചിലവ് കുറച്ചു കൊണ്ടു വരുവാൻ കഴിയും. ജലനിർഗ്ഗമന പാതയിലുടനീളം മണ്ണു സംരക്ഷണവും ജലപരിപാലനവും വഴി മണ്ണൊലിപ്പിന്റെ ആക്കം കുറച്ചുകൊണ്ടു വരണം.

പഞ്ചായത്തിൽ കൂടി ഒഴുകുന്ന മുവാറ്റുപുഴയാറിന്റെ വശങ്ങളും മാറാടി പെരുന്നോടിന്റെ തൊട്ടിപ്പാലം മുതൽ മൂഴി വരെ വശങ്ങളിൽ മണ്ണടിച്ചിലുണ്ടായി സമീപത്തുള്ള പുരയിടങ്ങളിൽ കൃഷി ചെയ്യുന്നതിന് ഉള്ള കൃഷിക്ക് നാശവും സംഭവിച്ചു കൊണ്ടിരിക്കുന്നു. ഇവിടങ്ങളിൽ സംരക്ഷണഭിത്തി കെട്ടി പുരയിടങ്ങളെ സംരക്ഷിക്കാവുന്നതാണ്. അതുപോലെ തന്നെ തൊട്ടിൽ പാലം തോട് അവസാനിക്കുന്നിടത്ത് ഒരു ക്രോസ് ബാർ നിർമ്മിച്ചാൽ വേനൽക്കാലത്ത് ഇതിന് സമീപത്തുള്ള സ്ഥലങ്ങളിലെ ജല ലഭ്യത വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

## 6. വൃക്ഷവിളകളുടെ പുനരുദ്ധാരണം.

തെങ്ങ്, കമുക്, കശുമാവ് തുടങ്ങിയ പരമ്പരാഗത വൃക്ഷങ്ങളിൽ ഏറിയ പങ്കും പ്രായാധിക്യംകൊണ്ടും, രോഗബാധ കൊണ്ടും ഉൽപ്പാദനക്ഷമത നശിച്ചനിലയിലാണ്. ഉൽപ്പാദനക്ഷമത കുറഞ്ഞ വൃക്ഷങ്ങളുടെ പുനരധിവാസം ബാക്കിയുള്ളവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നു. ഉൽപ്പാദനക്ഷമത കുറഞ്ഞവയ്ക്ക് പകരം അനുയോജ്യമായ മേൽത്തരം തൈകൾ നട്ടു വളർത്തണം.

## 7. പച്ചക്കറി :-

നമ്മുടെ പഞ്ചായത്ത് പ്രദേശം പച്ചക്കറിക്കൃഷിക്ക് അനുയോജ്യമാണ്. പക്ഷെ ഇവിടെ ഈ കൃഷി വികസിച്ചിട്ടില്ല. പയർ, പടവലം, പാവൽ, വെള്ളരി, കുമ്പളം, ചീര. ചേമ്പ്, ചേന, കൂർക്ക തുടങ്ങിയ ഒട്ടേറെ ഇനങ്ങൾ നമ്മുടെ ചുറ്റുപാടുകളിൽ വളരുന്നവയാണ്. ഇത് സംഘടിതമായി കൃഷിചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം. പച്ചക്കറിക്കൃഷിക്കാരെ പരസ്പരം സഹായിക്കുന്ന സ്വയം സേവന സംഘങ്ങളുണ്ടാക്കി കൃഷിക്കു വേണ്ടത്ര പ്രത്യേക പരിശീലനവും സേവനങ്ങളും നൽകി സംഘടിപ്പിക്കേണ്ടതാണ്. ഇത്തരം സംഘങ്ങളെ ജില്ലാ സംഘങ്ങളുമായി ബന്ധപ്പെടുത്തി വിപണന സംരഭങ്ങൾക്ക് രൂപം കൊടുക്കണം.

## 8. നൂതന കൃഷിസംരഭങ്ങൾ:-

കൂൺകൃഷി, തേനീച്ചവളർത്തൽ, ഔഷധ സസ്യക്കൃഷി, പൂകൃഷി തുടങ്ങിയ ഒട്ടേറെ കൃഷി സംരഭങ്ങൾ വിപുലമമായ രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിലും താൽപ്പര്യമുള്ള കർഷകരെ സംഘടിപ്പിക്കുന്നതിലും വിപണന മുൾപ്പെടെ അവർക്ക് വേണ്ട സേവനം ചെയ്യുന്നതിലുമാണ് ഇവയുടെ ഭാവി നിലനിൽക്കുന്നത്. ഇത്തരം സംരഭങ്ങളുടെ തുടക്കം വ്യക്തമായ വിപണി കണ്ടത്തിയതിന് ശേഷമായിരിക്കണം. ഗ്രൂപ്പ് പ്രവർത്തനവും അതിനുവേണ്ട പരിശീലനവും ഇത്തരം പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്.

കുടിൽ ചെറുകിട വ്യവസായ രൂപേണ നടത്താൻ കഴിയുന്ന സസ്യാധിഷ്ഠിത വികസനപ്രവർത്തനങ്ങളാണ് മുകളിൽ പറഞ്ഞിരിക്കുന്ന നൂതന കൃഷിസമ്പ്രദായങ്ങൾ. ഇതിൽ പ്രധാനമായും വരുന്നത് സാമ്പത്തീക ലാഭം നേടിത്തരാൻ കഴിവുള്ള നേഴ്സറി നിർമ്മാണം, പ്രജനനം, ഉൽപ്പാദനം, സംസ്കരണം, സംഭരണം, വിപണനം തുടങ്ങിയവയാണ്. സ്ത്രീകളെ ഈ മേഖലയിലേക്ക് കൊണ്ടുവരുവാൻ കഴിയുന്നു എന്നുള്ളത് ഒരു പ്രത്യേകതയാണ്.

### (a) അലങ്കാര സസ്യക്കൃഷി.

അലങ്കാര സസ്യങ്ങൾക്ക് ആഗോളതലത്തിൽ തന്നെ ഇന്ന് പ്രിയം ഏറിവരികയാണ്. വിപണനത്തിന് പറ്റിയതും, ഉദ്യാന നിർമ്മിതിക്ക് അനുയോജ്യവുമായ തെരഞ്ഞെടുക്കപ്പെട്ട സസ്യങ്ങളാണ് ഇതിൽ ഉൾപ്പടുത്തിയിരിക്കുന്നത്. പന്നൽ ചെടികൾ,

ഭംഗിയുള്ള ഇലകളോടു കൂടിയ ചെടികൾ, കാക്റ്റസ്, ബോൺസായ് മുതലായവ ഇതിൽപ്പെടും. ഉദ്യാനനിർമ്മിതിക്ക് വേണ്ട സാങ്കേതിക ഉപദേശങ്ങളും ബോധവൽക്കരണവും ആവശ്യമാണ്.

**b) പുഷ്പക്കൃഷി**

പുഷ്പക്കൃഷിയുടെ സ്ദ്ധ്യതകൾ ഏറെയാണ്. ഇവിടെ ആവശ്യമുള്ള പുഷ്പങ്ങൾ പോലും അന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. സാമ്പത്തിക ലാഭം നേടിത്തരാൻ കഴിവുള്ള പുഷ്പക്കൃഷികൾ അനുയോജ്യമായവ തെരഞ്ഞെടുത്ത് ഗ്രമതലത്തിൽ ഒറ്റയ്ക്കും കൂട്ടായും കൃഷി ചെയ്യുവാൻ കഴിയും. ആന്തൂറിയം, ഓർക്കിടുകൾ, റോസ് കുറ്റിമുല്ല മുതലായവ ഇതിൽ ഉൾപ്പെടുന്നു. തെരഞ്ഞെടുക്കപ്പെട്ട പുഷ്പങ്ങൾക്ക് ഒരു പ്രത്യേക പാക്കേജ് പദ്ധതി ഗ്രാമതലത്തിൽ നടപ്പിലാക്കണം.

**(ര) ഔഷധ സസ്യക്കൃഷി**

ഇക്കാലത്ത് ഔഷധ സസ്യക്കൃഷിക്കുള്ള പ്രസക്തി ഏറെയാണ്. വനനശീകരണം ഔഷധ സസ്യങ്ങളുടെ തിരോധാനത്തിന് ആക്കം കൂട്ടിയിരിക്കുന്നതിനാൽ ഔഷധ സസ്യക്കൃഷിയും പ്രദേശിക തലത്തിലുള്ള അവയുടെ സംരക്ഷണവും അനിവാര്യമായിത്തീർന്നിരി ക്കുകയാണ്. ഇത് രണ്ടു തരത്തിൽ പ്രയേജനപ്പെടുന്നു. (1) പ്രാഥമിക ആരോഗ്യ സംരക്ഷണത്തിന്, (2) ചെറിയ തോതിൽ വ്യവസായാടിസ്ഥാനത്തിൽ കൃഷിചെയ്ത് സാമ്പത്തിക ലാഭം നേടുന്നതിന്.

**(d) കൂൺ കൃഷി**

സമ്പുഷ്ടമായ പോഷകഗുണം പ്രദാനം ചെയ്യുന്നുവെന്നതാണ് ഇതിന്റെ സവിശേഷതയും, ആകർഷകത്വവും. കൂൺകൃഷി പ്രോത്സാഹിപ്പിക്കൽ, വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കൽ, ഉൽപ്പാദനം, സംസ്ക്കരണം, വിപണനം എന്നിവ ഇവിടെ ചെയ്യുവാൻ സാധിക്കുന്നതാണ്.

**(ല) പഴവർഗ്ഗ കൃഷി**

പഴവർഗ്ഗങ്ങളുടെ ഉൽപ്പാദനത്തൽ വാഴപ്പഴം, പൈനാപ്പിൾ, ചക്ക, മാങ്ങ എന്നീ ഇനങ്ങൾക്കാണ് നമ്മുടെ പഞ്ചായത്തിൽ സ്ഥാനം. വാഴയുടെ കൂട്ടത്തിൽ ഏത്തവാഴ, പാളയൻകോടൻ, കണ്ണൻ, ഞാലിപ്പൂവൻ, പൂവൻ തുടങ്ങിയ ഇനങ്ങളാണ് ഇവിടെ പ്രചാരത്തിലുള്ളത്. പൈനാപ്പിൾ വളരെ വ്യപകമായി വ്യാവസായികാടിസ്ഥാനത്തിൽ കൃഷിചെയ്തു വരുന്നു. പഴവർഗ്ഗക്കൃഷികൾ ശാസ്ത്രീയാടിസ്ഥാനത്തിൽ കൃഷിചെയ്ത് നല്ലൊരു ആദായമാർഗ്ഗമായി സ്വീകരിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടേയും ശേഖരിച്ച വിവരങ്ങളുടേയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട വിഷയങ്ങൾ താഴെപ്പറയുന്നവയാണ്.

1. നെൽക്കൃഷി പ്രായേണ നഷ്ടമാണ്. നെൽപ്പാടങ്ങൾ മറ്റു കൃഷികൾക്കായി മാറ്റിക്കൊണ്ടിരിക്കുന്നു.
2. കൃഷിചെയ്യാവുന്ന ഭൂമി മുഴുവൻ കൃഷിചെയ്തിട്ടില്ല. തരിശായി ഇട്ടിരിക്കുന്നു.
3. തേങ്ങയ്ക്ക് വേണ്ടത്ര വിലകിട്ടുന്നില്ല.
4. തെങ്ങുകൾ രോഗം ബാധിച്ച് നശിച്ചു കൊണ്ടിരിക്കുന്നു.
5. നിലവിലുള്ള നാട്ടുതോടുകളുടെ വീതി കുറഞ്ഞ് വരുന്നതു മൂലം വർഷക്കാലത്ത് വെള്ളക്കെട്ട് അനുഭവപ്പെടുകയും അതു മൂലം കൃഷിക്ക് നാശം സംഭവിക്കുകയും ചെയ്യുന്നു.
6. കാർഷിക ഗവേഷണ സ്ഥാപനങ്ങളിലെ ശാസ്ത്രസാങ്കേതിക കണ്ടുപിടുത്തങ്ങൾ കൃഷിക്കാരിലേക്ക് എത്തുന്നില്ല.
7. കാർഷിക ജോലികൾക്ക് വേണ്ടത്ര കർഷക ത്തൊഴിലാളികളെ കിട്ടാനില്ല.
8. കൃഷിയിൽ നിന്നുള്ള ആദായവുമായി തട്ടിച്ചു നോക്കുമ്പോൾ കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക് കൂടുതലും അവരുടെ സേവന നിലവാരം കുറഞ്ഞും വരുന്നു.
9. നല്ല ഇനം നടീൽ വസ്തുക്കളും വിത്തുകളും ലഭ്യമല്ല.
10. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തി വരുന്നത്. രാസവളങ്ങളുടെ വില വളരെ കൂടുതലാണ്.
11. ജൈവവസ്തുക്കളുടെ ഉപയോഗം വളരെ പരിമിതമാണ്.
12. കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യമല്ല.
13. ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.
14. കൃഷിയോടുള്ള ആഭിമുഖ്യം പൊതുവെ കുറഞ്ഞു വരുന്നു. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള താൽപ്പര്യവും കുറയുന്നു.
15. തേങ്ങ, കൊക്കോ, ജാതി, ഗ്രാമ്പു തുടങ്ങിയവയ്ക്ക് പ്രാദേശിക തലത്തിൽ വിപണന സൗകര്യങ്ങളില്ല.

16. പച്ചക്കറി കൃഷിക്കുള്ള സാദ്ധ്യതകൾ വിനിയോഗിച്ചിട്ടില്ല.

17. ചില രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. തെങ്ങിനു കാറ്റു വീഴ്ച, കുരുമുളകിന് ദ്രുതവാട്ടം, വാഴക്ക് തണ്ടിൽ വണ്ടുബാധ, റബ്ബറിന് പട്ടമരപ്പ്, പച്ചക്കറിക്കൃഷിക്ക് കീടബാധ.

18. കൃഷിഭവന്റെ സേവനം തൃപ്തികരമല്ല.

19. പാടശേഖര സമിതികൾ, നാളികേര വികസന സമിതികൾ എന്നിവ പ്രവർത്തന നിരതമല്ല.

20. നെൽക്കൃഷിയിടങ്ങളിലേക്ക് ഫാം റോഡുകളില്ല.

21. എലികളുടെ ശല്യം മൂലം കൃഷിക്ക് നാശം.

22. പുരയിടങ്ങളിൽ വിളസാന്ദ്രത കുറവാണ്.

23. ഇടവിള കൃഷി വ്യാപകമായിട്ടില്ല.

24. ഉയർന്ന പ്രദേശങ്ങളിലേയും ചരിവ് പ്രദേശങ്ങളിലേയും മണ്ണ്, ജലസംരക്ഷണം നടക്കുന്നില്ല.

25. വൃക്ഷവിളകളുടെ പുനരുദ്ധാരണവും, പുനരധിവാസവും നടക്കുന്നില്ല.

26. നൂതന കൃഷിസംരംഭങ്ങളായ കൂൺകൃഷി, തേനീച്ച വളർത്തൽ, ഔഷധക്കൃഷി, പുഷ്പക്കൃഷി തുടങ്ങിയവയുടെ വിപുലമായ കൃഷി സാദ്ധ്യതകൾ ഉപയോഗിച്ചിട്ടില്ല.

27. പഴവർഗ്ഗക്കൃഷിക്കുള്ള സാദ്ധ്യതകൾ ഉപയോഗിച്ചിട്ടില്ല.

28. പച്ചില വളക്കൃഷി, കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര വളം, ജീവാണു വളങ്ങൾ തുടങ്ങിയവ വ്യാപകമായിട്ടില്ല.

29. മണ്ണ്, ജലസംരക്ഷണം, വിളവിന്യാസം, വിളപരിപാലനം, മൃഗസംരക്ഷണം മുതലായവ നീർമറി അടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടില്ല.

30. നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം തൃപ്തികരമല്ല.

31. കാർഷിക ഉൽപ്പന്നങ്ങളുടെ വില സ്ഥിരത ഉറപ്പില്ല.

32. കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്ക്കരണ രീതി പ്രയോഗിക്കുന്നില്ല.

33. കൃഷിയെ സംബന്ധിച്ചുള്ള നാട്ടറിവുകളും ശാസ്ത്രീയ അറിവുകളും സമന്വയിപ്പിച്ച് കാർഷികാഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തിയിട്ടില്ല.

34. പുരയിടങ്ങൾ കൃഷിചെയ്തിരിക്കുന്നത് വ്യക്തിമായ കാഴ്ചപ്പാടോടു കൂടിയും ആസൂത്രിതമായ രീതിയിലുമല്ല.

35. മാറാടിയിലൂടെ ഒഴുകുന്ന മൂവാറ്റുപുഴയാറിന്റെ മാറാടി ഭാഗത്ത് പുഴയുടെ വശങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നു. അതുപോലെ തന്നെ പെരുന്തോട്ടിൽ തൊട്ടിപ്പാലം മുതൽ താഴോട്ടുള്ള ഭാഗത്ത് തോടിന്റെ വശങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടാകുന്നു.

36. വിള ഇൻഷുറൻസ് വ്യപകമായിട്ടില്ല. രോഗബാധ ഇൻഷുറൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

37. നിലവിലുള്ള ജല സ്രോതസ്സുകളായ കുളങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.

## സാദ്ധ്യതകൾ:

1. നെൽക്കൃഷി പ്രായേണ നഷ്ടമാണ്.

(1) വിത്ത്, വളം, കീടനാശനികൾ, കളനാശിനികൾ, കാർഷിക യന്ത്രോപകരണങ്ങൾ ഇവക്കുള്ള സബ്സിഡി കാലോചിതമായി വർദ്ധിപ്പിക്കുക.

(2) നെൽക്കൃഷിക്കുള്ള ഉൽപ്പാദന ബോണസ് വർദ്ധിപ്പിക്കുക.

(3) വിവിധ മാർഗ്ഗങ്ങളിലൂടെ കൃഷിച്ചെലവ് കുറച്ച് വിളവ് വർദ്ധിപ്പിച്ച് ആദായകരമാക്കുക.

2. കൃഷിചെയ്യാവുന്ന ഭൂമികൾ മുഴുവൻ കൃഷിചെയ്തിട്ടില്ല.

(1) ഒരു പൂവ് ഇരുപൂവ് ആക്കുകയും മൂന്നാം വിളയായി പയറ്, എള്ള്, പച്ചിലവളം മുതലായവ കൃഷിചെയ്യുന്നതിന് പാടശേഖരങ്ങൾ മുഖേന നടപടികൾ സ്വീകരിക്കുക.

(2) കായനാട് പാലം, കുടമ്പള്ളിത്താഴം പാടം എന്നീ പാടങ്ങളിൽ വെള്ളം കൊടുത്ത് ഭാഗം കൃഷിക്ക് ഉപയുക്തമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം.

(3) കൃഷിഭൂമി വെറുതെ ഇടുന്ന പ്രവണത മാറ്റാൻ കർഷകരിൽ സാമൂഹ്യസമ്മർദ്ദം ചെലുത്തുക.

(4) കടുവേലി പാടത്ത് ഒരു വ്യക്തിയുടെ 2 ഏക്കറോളം സ്ഥലം കൃഷിചെയ്യാതെ കിടക്കുന്നു മൂലം സമീപസ്ഥരായ കൃഷിക്കാർ വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്നു. ഇത് കൃഷിചെയ്യുന്നതിന് നിർബന്ധിതമാക്കുക.

(5) നാലാം വാർഡിൽ കാക്കക്കുഴി നിലത്തും, അന്ത്യാളം - M.C റോഡിൽ നിന്നുമുള്ള വെള്ളം കടുവേലിപ്പാടത്തും വീഴുന്ന മഴവെള്ളം തിരിച്ചുവിടുന്നതിന് വേണ്ടത് ചെയ്ത് കൃഷിയെ സംരക്ഷിക്കുക.

(6) സ്കൂൾ, സർക്കാർ ആഫീസ് കോമ്പൗണ്ടുകൾ, പഞ്ചായത്തുവക സ്ഥലങ്ങളിൽ അനുയോജ്യമായ വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുക.

(7) വടക്കനോടി പാടത്ത് ഒരു ചാല് നിർമ്മിക്കുക.

3. തെങ്ങായ്ക്ക് വേണ്ടത്ര വില കിട്ടുന്നില്ല:-

(1) നാളികേരാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുക.

(2) കൊപ്ര സംഭരണത്തിന് സൗകര്യം സഹകരണ സംഘങ്ങളിൽ ഏർപ്പെടുത്തുക.

(3) കൊപ്ര സംസ്ക്കരണം നടത്തുക.

(4) നാളികേര വ്യാപാരത്തിന് ഇടത്തട്ടുകാരെ ഒഴിവാക്കുക.

4. തെങ്ങുകൾ രോഗം ബാധിച്ചു നശിച്ചുകൊണ്ടിരിക്കുന്നു:-

(1) നാളികേര വികസന സമിതി മുഖേന മരുന്നു തളി നടത്തുക. ഇതിന് ധനസഹായം പഞ്ചായത്തിൽ നിന്നും നൽകുക.

(2) രോഗം ബാധിച്ചവയെ വെട്ടിമാറ്റുക.

(3) സസ്യ സംരക്ഷണ മുറകൾ കൃഷിക്കാരെ പറഞ്ഞ് മനസ്സിലാക്കുക

5. നിലവിലുള്ള നാട്ടു തോടുകളുടെ വീതികൂട്ടി സംരക്ഷിക്കുക.

(1) താഴെ പറയുന്ന തോടുകളാണ് സംരക്ഷിക്കേണ്ടത്.

a. കണയം കടുവേലി പുഞ്ചത്തോട്

b. പൗലിത്തോട് 4,5 വാർഡുകൾ

c. കാവുംത്തോട് 5-ാം വാർഡ്

d. മത്തങ്ങത്തോട് 6-ാം „

e. ശൂലം പെരുത്തോട് 8-ാം „

f. കായനാട് തോട് 7-ാം „

g. മാറാടി പെരുന്തോട് 4 -ാം „

h. കാക്കുച്ചിറ ഇലവുങ്കോട് തോട് 2-ാം വാർഡ്

i. ഉണക്കപ്പ-വെട്ടിച്ചുവട് തോട് 2-ാം വാർഡ്

j. മറ്റപ്പാടം തോട് 7-ാം വാർഡ്

k. എരപ്പാംകുഴി തോട് 8-ാം വാർഡ്

l. വിരിപ്പുക്കണ്ടം തോട് 8-ാം വാർഡ്

m. കൂടുമ്പള്ളിത്താഴം റോഡ് 1-ാം വാർഡ്

ഈ തോടുകളുടെ വീതി കൂട്ടി പുറമ്പോക്ക് തിരിച്ച് സൈഡ് കെട്ടി സംരക്ഷിക്കേണ്ടതാണ്. വർഷകാലത്ത് പാടത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ ഇത് അത്യാവശ്യമാണ്.

(2) ഇപ്രകാരം സൈഡ് കെട്ടുമ്പോൾ നടവരമ്പത്തു കൂടി വാഹനങ്ങൾ കൊണ്ടു പോകുന്നതിനുള്ള സൗകര്യം കൂടി ഉണ്ടാക്കേണ്ടതാണ്.

(3) ഈ തോടുകളിൽ അത്യാവശ്യം വേണ്ടസ്ഥലങ്ങളിൽ ക്രോസ്സ്ബാറുകൾ നിർമ്മിച്ച് നെൽപ്പാടങ്ങളിൽ ജലസേചന സൗകര്യം ഉണ്ടാക്കുകയും വേനൽക്കാലത്ത് വെള്ളം ലഭ്യമാക്കുന്നതിനാകത്തക്കവിധം ചെക്ക് ഡാമുകൾ നിർമ്മിക്കേണ്ടതുമാണ്.

**താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ്സ് ബാറുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശമുണ്ട്.**

1) കാവുംതോട്ടിൽ, ഇന്ന്യേലം, നെടുമ്പ്രത്ത് താഴം, പുക്കോട്, കോട്ടേക്കുടിത്താഴം, കാരിക്കുഴി എന്നീ സ്ഥലങ്ങളിൽ ക്രോസ്സ് ബാറുകൾ നിർമ്മിക്കുക. കടുവേലിത്തോട്ടിൽ ക്രോസ്സ് ബാർ നിർമ്മിക്കുക. പുലിത്തോട്ടിൽ വരുനിക്കാട് ഭാഗത്ത് ക്രോസ്സ് ബാർ.

(4) ഈ തോടുകളിൽ നിലവിലുള്ള ക്രോസ്സ് ബാറുകൾ എല്ലാം തന്നെ റിപ്പയർ ചെയ്യേണ്ടതാണ്.

(5) മാറാടി പെരുന്തോട്ടിൽ തോട് അവസാനിക്കുന്ന ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിച്ചാൽ വേനൽക്കാലത്ത് വെള്ളം സംഭരിച്ച് നിർത്താൻ സാധിക്കുന്നതും വെള്ളം കൃഷിക്കും മറ്റാവശ്യങ്ങൾക്കും ഉപകരിക്കുന്നതുമായിരിക്കും.

(6) കാർഷിക ഗവേഷണസ്ഥാപനങ്ങളിലെ ശാസ്ത്രീയ അറിവുകൾ കൃഷിക്കാരിൽ എത്തുന്നില്ല.

1) കൃഷിക്കാരുടെ സെമിനാറുകളും, ക്യാമ്പുകളും സംഘടിപ്പിച്ച് വിദഗ്ധൻമാരെ കൊണ്ട് ക്ലാസ്സുകളും, ചർച്ചകളും വർഷംതോറും നടത്തി അറിവ് പകർന്നു കൊടുക്കുക. ഇത് നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി തുടങ്ങിയ ഓരോ ഇനത്തിനും പ്രത്യേത സെമിനാറുകൾ നടത്തേണ്ടതാണ്. പാടശേഖര കമ്മിറ്റികളുടേയും മറ്റു വികസന സമിതികളുടേയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കണം.

2) കൃഷിക്കാരുടെ പഠന പര്യടനങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും. (7) കാർഷിക ജോലിക്ക് തൊഴിലാളികളെ കിട്ടാനില്ല.

കാർഷിക യന്ത്രോപകരണങ്ങൾ കൂടുതലായി, കൂട്ടായി ഉപയോഗിക്കുക. ട്രാക്ടർ, ടില്ലർ, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, മരുന്നുതളി സ്പ്രെയറുകൾ, കൃഷിക്കാരുടെ സമിതികൾ വഴി കൂടുതൽ പ്രയോഗത്തിൽ വരുത്തുക.

(8) നല്ല ഇനം നടീൽ വസ്തുക്കൾ ലഭ്യമല്ല.

ഈ നാട്ടിൽ ആവശ്യമുള്ളതും അനുയോജ്യമായ തുമായ വിത്തിനങ്ങളും, നടീൽ വസ്തുക്കളും പഞ്ചായത്തിന്റെ അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായ ത്തിന്റെ ആഭിമുഖ്യത്തിൽ വിത്തുൽപ്പാദന കേന്ദ്ര ങ്ങളും. നേഴ്സറികളും തുടങ്ങുക. ഇത് സ്വകാര്യ വ്യക്തികളെ കൊണ്ടും സ്ഥാപനങ്ങളെ കൊണ്ടും സാധിക്കാവുന്നതാണ്.

(9) വണ്ണ പരിശോധയുടെ അടിസ്ഥാനത്തിലല്ല വള പ്രയോഗം നടത്തുന്നത്.

1) മണ്ണ് പരിശോധിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ ഏർപ്പെടുത്തുക.

2) രാസവളത്തിന്റെ വിലവർദ്ധനവ് ലഘൂകരി ക്കാൻ വളത്തിന് സബ്സിഡി അനുവദിക്കുക.

(10) ജൈവവളങ്ങളുടെ ഉപയോഗം പരിമിതമാണ്.

1) പച്ചില വളത്തിനുള്ള ചെടികളുടെ വിത്ത് സൗജന്യമായി വിതരണം ചെയ്യുക.

2) എല്ലാ വീടുകളിലും കമ്പോസ്റ്റ് ഉണ്ടാക്കുക.

3) ജീവാണുവളങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവി ധാനം പഞ്ചായത്തിൽ ഉണ്ടാക്കുക.

4) മണ്ണിര വളം കഴിയുന്നത്ര വീടുകളിൽ നിർമ്മി ക്കുക.

5) ജൈവവളത്തിന്റെ ആവശ്യം കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തുക.

6) പച്ചില വളച്ചെടികൾ സൗകര്യമുള്ള എല്ലാ സ്ഥലങ്ങളിലും വളർത്തുക.

(11) കാർഷിക യന്ത്രോപകരണങ്ങൾ വേണ്ടത്ര ലഭ്യ മല്ല.

1) ഇത് ലഭിക്കുന്നതിന് പഞ്ചായത്തിൽ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.

2) പാടശേഖര സമിതികളും മറ്റു കാർഷിക സമി തികളും ഇത് സ്വായത്തമാക്കുക. ഇതിന് സമി തികൾക്ക് സബ്സിഡി നൽകുക.

(12) ജലസേചന സൗകര്യങ്ങൾ പരിമിതമാണ്.

1) കുളങ്ങൾ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങു ന്നതിനും കൃഷിക്കാർക്ക് ധനസഹായം നൽകുക.

2) നിലവിലുള്ള ചിറകളുടേയും, കുളങ്ങളുടേയും സംരക്ഷണം ഉറപ്പുവരുത്തുക.

3) പഞ്ചായത്തിലുള്ള രണ്ടാം വാർഡിലെ കാക്കു ചിറ, നാലാം വാർഡിലെ തെങ്ങടക്കുളം, പാറ ത്തട്ടാൻചിറ, ഏഴാം വാർഡിലെ കായനാട് വട ക്കനോടിക്കുളം എന്നിവ വേണ്ടവണ്ണം സംര ക്ഷിച്ച് ജലലഭ്യത ഉറപ്പുവരുത്തുക.

4) നിലവിലുള്ള നോർത്ത് മാറാടി ലിഫ്റ്റ് ഇറിഗേ ഷൻ സ്കീം, കായനാട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നീ സ്കീമുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇതിന്റെ എല്ലാ കനാലു കളും, സ്പൗട്ടുകളും, മോട്ടോറുകളുമെല്ലാം നാശമോശമായി കിടക്കുന്നു. ഈ സ്കീമുകൾ കൊണ്ട് ഉദ്ദ്യശിക്കുന്ന സ്ഥലങ്ങളിലെല്ലാം വെള്ളം എത്തുന്നില്ല. നിലവിലുള്ള പമ്പുകൾ പ്രവർത്തനക്ഷമമല്ല. ഇത് പഞ്ചായത്തിന്റെ അധീനതയിൽ കൊണ്ടുവരേണ്ടതാണ്.

(13) കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞു വരുന്നു.

1) കൃഷി മറ്റേതൊരു തൊഴിലിനേക്കാളും ആദാ യകരമാക്കണം. കൃഷിയും ഒരു വ്യവസായ സംരഭമായി കണക്കാക്കണം.

2) കൃഷിക്കാരന് സമൂഹത്തിലുള്ള സ്ഥാനം ഉയർത്തുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാ കണം.

3) സ്കൂൾ തലത്തിൽ തന്നെ കുട്ടികൾക്ക് കൃഷി യോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കണം.

4) പഞ്ചായത്തിലെ ഏറ്റവും നല്ല കൃഷിക്കാരനെ ആദരിക്കുകയും പുരസ്കാരങ്ങൾ നൽകു കയും ചെയ്യുക.

5) കാർഷിക കന്നുകാലി പ്രദർശനം, പുഷ്പ ഫല പ്രദർശനം എന്നിവ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച് ഏറ്റവും നല്ല കർഷകർക്ക് സമ്മാ നങ്ങളും സർട്ടിഫിക്കറ്റുകളും നൽകണം.

(14) ജാതി, കൊക്കോ, ഗ്രാമ്പു, തേങ്ങ തുടങ്ങിയ വയ്ക്ക് പ്രാദേശികതലത്തിൽ വിപണന സൗക ര്യങ്ങൾ ഇല്ല.

സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ പർച്ചേസിംഗ് സെന്ററുകൾ തുടങ്ങണം.

(15) പച്ചക്കറി കൃഷിക്കുള്ള സാദ്ധ്യതകൾ വിനിയോ ഗിച്ചിട്ടില്ല.

ഈ കൃഷിക്ക് ഓരോ വാർഡിലും താൽപ്പര്യ മുള്ള കൃഷിക്കാരെ കണ്ടുപിടിക്കുകയും അവർക്ക് ഈ പ്രോജക്ടിന്റെ അടിസ്ഥാന ത്തിൽ വിത്ത്, വളം, കീടനാശിനികൾ, സാങ്കേ തിക ഉപദേശങ്ങൾ മുതലായവ നൽകുകയും ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സൗകര്യ ങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുക. ഇതിന് പഞ്ചായത്ത് സമിതി നേതൃത്വം കൊടു ക്കണം. ഓരോ വാർഡിലും ഒരുയൂണിറ്റ് അടി സ്ഥാനത്തിൽ ഇത് സംഘടിപ്പിക്കണം.

(16) കൃഷിക്ക് ചില രോഗങ്ങൾ കണ്ടുവരുന്നു. തെങ്ങിന് കാറ്റു വീഴ്ച, കുരുമുളകിന് ദ്രുത

വാട്ടം, റബ്ബറിന് പട്ടമരപ്പ്, വാഴ, പച്ചക്കറി കൃഷിക്ക് കീടബാധ.

1) വികസന സമിതികൾ മുഖേന രോഗ പ്രധിരോധത്തിന് മരുന്ന് തളിക്കുക.

2) രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്യുക.

3) വിളപരിപാലനം ശാസ്ത്രീയമായി നടത്തുക.

(17) കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

1) കൃഷിഭവനിലെ സാങ്കേതിക ഉദ്യോഗസ്ഥർക്ക് കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും, കർഷകരുമായി ചർച്ചചെയ്ത് സാങ്കേതിക ഉപദേശങ്ങൾ സ്ഥലത്ത് വച്ച് നൽകുന്നതിനും ഇന്നത്തെ സാഹചര്യത്തിൽ സാധിക്കുന്നില്ല. കാരണം അവരുടെ സമയം മുഴുവൻ ആഫീസ് ജോലികൾക്ക് വിനിയോഗിക്കപ്പെടുന്നു. ഇതിന് മാറ്റം വരണം.

2) കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന നിരവധി പദ്ധതികളെ പറ്റി പഞ്ചായത്തിന്റെ നാനാ ഭാഗത്തുള്ള കൃഷിക്കാർ അറിയുന്നില്ല. അതുകൊണ്ട് പലർക്കും അത് പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. ഇതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം.

3) വിത്ത്, വളം മുതലായവ യഥാ സമയത്ത് ലഭ്യമാക്കാൻ സാധിക്കുന്നില്ല.

4) കൃഷിഭവന്റെ പ്രവർത്തനങ്ങൾ ഇന്നത്തെ സാഹചര്യത്തിൽ പുന:സംവിധാനം ചെയ്യേണ്ടതാണ്.

(18) പാടശേഖര സമിതികൾ, നാളികേര സംരക്ഷണ സമിതികൾ, കുരുമുളക് വികസന സമിതികൾ ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്. ഇതിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കി പ്രവർത്തന നിരതമാക്കണം. കൂട്ടായ്മയുടെ അന്തസത്ത ഉൾക്കൊണ്ട്ജനപങ്കാളിത്തത്തോടെ കാർഷികാഭിവൃദ്ധിക്കുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കണം.

(19) കൃഷിക്കാർക്കുള്ള എലി ശല്യം ഒഴിവാക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ എലിനശീകരണ പരിപാടികൾക്ക് രൂപം കൊടുക്കണം.

(20) പുരയിടങ്ങളിലെ വിള സാന്ദ്രത വർദ്ധിപ്പിക്കുവാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം. ഇടയുള്ള സ്ഥലങ്ങളിൽ പുതിയവ വച്ചുപിടിപ്പിച്ച് വിളസാന്ദ്രത ഉറപ്പുവരുത്തണം. ഉദാഹരണത്തിന് അനുയോജ്യമായ എല്ലാ മരങ്ങളിലും കുരുമുളക് വള്ളി നട്ട് കയറ്റുക.

(21) ഇടവിളക്കൃഷി എല്ലാ പുരയിടങ്ങളിലും അനുയോജ്യമായ സ്ഥലങ്ങളിൽ ചെയ്യുന്നതിന് കർഷകനെ പ്രേരിപ്പിക്കുക.

(22) ഉയർന്ന പ്രദേശങ്ങളിലേയും, ചരിവ് പ്രദേശങ്ങളിലേയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം. ഈ പ്രദേശങ്ങളിലെ കർഷകർക്ക് ചെലവുകുറഞ്ഞ സങ്കേതങ്ങൾ ഉപയോഗിച്ച് മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ചെയ്ത് കൊടുക്കുക. ഇത് നീർമറിയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

(23) വൃക്ഷങ്ങളുടെ പുനരുദ്ധാരണവും പുനരധിവാസവും നടന്നിട്ടില്ല.
പ്രായാധിക്യവും, ഉൽപ്പാദനക്ഷമതയുമില്ലാത്ത വൃക്ഷങ്ങൾ വെട്ടിമാറ്റി പുതിയ അനുയോജ്യമായ തൈകൾ നട്ടുപിടിപ്പിക്കുക. ഇതിൽ തെങ്ങുകളാണ് അധികവും വരുന്നത്. ഇപ്രകാരം വെട്ടിമാറ്റുന്ന തെങ്ങിന് നഷ്ടപരിഹാരവും പുതിയവ വച്ചുപിടിപ്പിക്കുന്നതിന് സബ്സിഡിയും നൽകേണ്ടതാണ്.

(24) നൂതന കൃഷിസംരഭങ്ങളായ കൂൺ കൃഷി പുഷ്പക്കൃഷി, ഔഷധ സസ്യക്കൃഷി തേനീച്ച വളർത്തൽ തുടങ്ങിയ ആദായകരമായ കൃഷികൾക്ക് പഞ്ചായത്തിൽ സാദ്ധ്യതകളുണ്ട്. ഈ കൃഷികളിൽ താൽപ്പര്യമുള്ളവരെ പ്രത്യേകം തിരഞ്ഞെടുത്ത് അവർക്ക് പരിശീലനം കൊടുക്കുകയും, സാമ്പത്തീക, സാങ്കേതിക സഹായങ്ങളും പഞ്ചായത്തിൽ നിന്നും ചെയ്ത് കൊടുക്കുക. വ്യക്തമായ വിപണന സൗകര്യങ്ങൾ ഉണ്ടാക്കിയ ശേഷമെ തുടങ്ങാവൂ. സ്ത്രീകളെ ഇതിലേക്ക് കൊണ്ടുവരേണ്ടതാണ്.

(25) പഴവർഗ്ഗക്കൃഷിക്കുള്ള എല്ലാ സാദ്ധ്യതകളും വിനിയോഗിക്കേണ്ടതാണ്. വാഴക്കൃഷിക്ക് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്ക് കൃഷിമുറകളെ സംബന്ധിച്ച് പരിശീലനം കൊടുക്കുകയും സാമ്പത്തീയ സഹായവും വിപണസൗകര്യവും ഒരുക്കിക്കൊടുത്ത് നിശ്ചിത ലക്ഷ്യമിട്ടുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കേണ്ടതാണ്. പഴവർഗ്ഗക്കൃഷിക്കുള്ള നല്ല വിത്തിനങ്ങൾ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിക്കൊടുക്കണം. സഹകരണ ബാങ്കിന്റെ പങ്കാളിത്തം ഈ പദ്ധതിയിൽ ഉറപ്പുവരുത്തണം.

(26) വിള ഇൻഷുറൻസ് ഇന്ന് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് മാത്രമേയുള്ളൂ. രോഗം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് കൂടി ഇൻഷുറൻസ് ഏർപ്പെടുത്തണം.

(27) നമ്മുടെ പഞ്ചായത്തിലെ എല്ലാ കൃഷിഭൂമികളും ഇന്ന് കൃഷിക്കായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഇത് ചെയ്തിരിക്കുന്നത് വളരെ അശാസ്ത്രീയമായ കാഴ്ചപ്പാടോടെയാണ്. അതിന്റെ ഫലമായി ഉൽപ്പാദനക്ഷമത കൈവരിക്കാൻ സാധിച്ചിട്ടില്ല. ഇതിന് പരിഹാരം

കാണേണ്ടതുണ്ട്.

പഞ്ചായത്തിലെ ഓരോ തുണ്ട് ഭൂമിയും ഒരു വിദഗ്ധ സമിതി സന്ദർശിച്ച് പരിശോധിക്കണം. ഈ സമിതിയിൽ കൃഷിആഫീസർ, തെരഞ്ഞെടുക്കപ്പെട്ട നല്ല കർഷകർ, പഞ്ചായത്ത് മെമ്പർ തുടങ്ങിയവർ ഉൾപ്പെട്ടിരിക്കണം. കൃഷിഭൂമിയുടെ വലിപ്പം, കിടപ്പ്, മണ്ണ്, ജല ലഭ്യത, കൃഷിക്കാരന്റെ (ഭൂവുടമസ്ഥന്റെ കഴിവ്) , കുടുബത്തിന്റെ ചുറ്റുപാട് എന്നീ ഭൗതീക സാഹചര്യങ്ങൾ മനസ്സിലാക്കുകയും കണക്കിലെടുത്ത് ആ ഭൂമിയിൽ ഏതേത് കൃഷികളാണ് ചെയ്യേണ്ടതെന്നും അത് എപ്രകാരം ചെയ്യേണ്ടതെന്നും കാണിക്കുന്ന ഒരു പ്ലാൻ തയ്യാറാക്കുകയും വേണം. ഈ പ്ലാൻ എഴുതി തയ്യാറാക്കി കൃഷിക്കാരന് കൊടുക്കുകയും അത് അയാളെ ബോദ്ധ്യപ്പെടുത്തിപ്രാവർത്തികമാക്കുന്നതിന് പ്രേരിപ്പിക്കണം. ഇപ്രകാരമെല്ലാം കൃഷിയിടങ്ങളും പ്ലാനിന്റെ അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കപ്പെട്ടു കഴിഞ്ഞാൽ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള കാർഷിക പുരോഗതിയും, കൃഷിക്കാരന്റെ ജീവിത നിലവാരവും ഉയരും.

(28) ട്രാക്ടർ, ടില്ലർ, വിത്ത്, വളം മുതലായവ കൃഷിയിടങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും, കൊയ്ത്തിന് ശേഷം കറ്റകൾ കൊണ്ടുപോരുന്നതിനും നെൽപ്പാടങ്ങളിൽ ഫാം റോഡുകൾ ആവശ്യമായി വന്നിരിക്കുകയാണ്.

(1) കണയം പാടത്ത് വടക്കുഭാഗത്ത് എം. സി. റോഡിൽ നിന്നും നിലവിലുള്ള പുറമ്പോക്കിലകൂടി 500 മീറ്റർ റോഡ് നിർമ്മിക്കുക.

(2) തോടുകളുടെ സൈഡ് കെട്ടുമ്പോൾ തോടിന്റെ ഒരു വശം വാഹന സഞ്ചാരത്തിന് യോഗ്യമായ രീതിയിൽ ഒരുക്കേണ്ടതാണ്.

(4) കണയം തോട്ടിൽ വെള്ളിലാന്തടം ഭാഗത്ത് ഒരു നടപ്പാത നിർമ്മിക്കേണ്ടതാണ്.



# മൃഗസംരക്ഷണം, മത്സ്യബന്ധനം

കാർഷിക ഗ്രാമമായ മാറാടിയിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും, വണ്ടി വലിക്കുന്നതിനും പാൽ ഉല്പാദിപ്പിക്കുന്നതിനും, മാംസോല്പാദനത്തിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യ സ്ത്രോതസ്സും കന്നുകാലികളായിരുന്നു. ഒന്നാം വിള കഴിഞ്ഞാൽ നെൽപ്പാടങ്ങൾ കാലിമേക്കാനുള്ള ഇടമായിരുന്നു. ഭൂവുടമകളുടെ പുരയിടങ്ങളുടെ കുറെ ഭാഗങ്ങൾ കന്നുകാലികളുടെ തീറ്റ സ്ഥലങ്ങളായി മാറ്റിവച്ചിരുന്നു. പച്ചിലവളത്തിനായി ഉപയോഗിച്ചിരുന്ന കുന്നിൻപ്രദേശങ്ങളും മലമ്പ്രദേശങ്ങളും കന്നുകാലികളുടെ മേച്ചിൽ സ്ഥലമായി ഉപയോഗിച്ചിരുന്നു. ഈ സ്ഥലങ്ങൾ കുറ്റിക്കാടുകൾ കൊണ്ടും ചെറുതരം വൃക്ഷലതാദികളെ കൊണ്ടും നിറഞ്ഞുനിന്നിരുന്നതുകൊണ്ട് ആടുകളെ മേയ്ക്കുന്നതിന് വളരെ ഉപകരിച്ചിരുന്നു. എല്ലാ വീടുകളിലും കാള, പോത്ത്, പശു, ആട്, പന്നി, കോഴി എന്നീ മൃഗങ്ങളെയാണ് വളർത്തിയിരുന്നത്. ഇവയെല്ലാം നാടൻ ഇനത്തിൽപെട്ടതായിരുന്നു. കന്നുകാലികളുടെ എണ്ണക്കൂടുതൽ സമ്പന്നതയുടെ അളവുകോലായും കണക്കാക്കിയിരുന്നു.

നെൽകൃഷിക്ക് വേണ്ടിയുള്ള ജോലികൾ കഴിഞ്ഞാൽ കർഷകർ കൂടുതൽ സമയവും കാലി സംരക്ഷണത്തിനുവേണ്ടിയാണ് വിനിയോഗിച്ചിരുന്നത്. കാലിത്തീറ്റകൾ വിലയ്ക്കു വാങ്ങി ഉപയോഗിച്ചിരുന്നില്ല. സമ്പന്ന കുടുംബങ്ങളിലെ കാലികളെ മേയ്ക്കുന്നതിന് കർഷകതൊഴിലാളികളുടെ കുട്ടികളെയാണ് ജോലിക്ക് വിനിയോഗിച്ചിരുന്നത്. സമ്പന്ന കുടുംബങ്ങളിലെ പശുക്കുട്ടികളെ പാവപ്പെട്ടവർക്ക് വളർത്താൻ ഏല്പിക്കുന്ന രീതിയും നിലവിലിരുന്നു. ഇതനുസരിച്ച് വളർത്താൻ ഏറ്റെടുക്കുന്ന പശുവിന്റെ ആദ്യപ്രസവത്തിലെ കുട്ടി വളർത്തുകാരന്റേതാകും. രണ്ടാം പ്രസവം നടന്നാലുടൻ പശുവിനെയും കുട്ടിയെയും ഉടമയെ ഏല്പിച്ചുകൊള്ളണം. ഈ സമ്പ്രദായം ആടുകളുടെ കാര്യത്തിലുമുണ്ടായിരുന്നു. നാട്ടിൽ ഉണ്ടാക്കുന്ന പാൽ ഉല്പന്നങ്ങളും മാംസവും മുട്ടയുമെല്ലാം നാട്ടിൽ തന്നെ ഉപയോഗിച്ചിരുന്നു. ഇന്നത്തെ പോലെ ഇതിന്റെയെല്ലാം വില്പന സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല.

കാർഷിക മേഖലയിൽ വന്ന ഭൂവുടമാസമ്പ്രദായങ്ങളിലും, കൃഷി രീതികളിലും, ഭൂവിനിയോഗരീതികളിലും മാറ്റം സംഭവിച്ചതോടൊപ്പം തന്നെ കാലിവളർത്തൽ സമ്പ്രദായത്തിലും രീതിയിലും മാറ്റം ഉണ്ടായി. ഇന്നും മാറാടിയിലെ ഭൂരിപക്ഷം കർഷക കുടുംബങ്ങളിലും പശു, ആട്, എരുമ, പട്ടി എന്നീ മൃഗങ്ങളെയും കോഴികളെയും വളർത്തുന്നുണ്ട്. ഇതൊരു മുഖ്യ തൊഴിലായി സ്വീകരിച്ചിട്ടില്ല. ഒരു ഉപതൊഴിലും വരുമാനമാർഗ്ഗവുമെന്നനിലയിൽ ഇതിന്റെ പ്രാധാന്യം ഒട്ടുംതന്നെ കുറച്ചു കാണുവാൻ നിവൃത്തിയില്ല. പഞ്ചായത്തിൽ മൊത്തം 3072 വളർത്തു മൃഗങ്ങളാണ് ഉള്ളത്. വളർത്തുമൃഗങ്ങളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ താഴെപറയും വിധമാണ്.

| | |
|---|---|
| 1. പശു - നാടൻ | 144 എണ്ണം. |
| 2. പശു - സങ്കരം | 1595 " |
| 3. എരുമ | 133 " |
| 4. പോത്ത് | 117 " |

428

| | |
|---|---|
| 5. ആട് | 606 " |
| 6. പട്ടി | 477 " |
| ആകെ | 3072 " |

ഇതിൽ പ്രകടമായ ഒരു പ്രത്യേകത മൊത്തം 1739 പശുക്കളിൽ 1595 എണ്ണം സങ്കര ഇനത്തിൽ അത്യുല്പാദനശേഷിയുള്ളവയാണ്. നാടൻ പശുക്കൾ 144 എണ്ണമേയുള്ളു. ഇത് ഈ രംഗത്ത് വന്ന വലിയൊരു മാറ്റമാണ്. കന്നുകാലി സെൻസസ് അനുസരിച്ച് പഞ്ചായത്തിൽ കാളകളെ ഒന്നും തന്നെ വളർത്തുന്നില്ല. അര നൂറ്റാണ്ടിനു മുമ്പുള്ള സ്ഥിതിയുമായി തട്ടിച്ചുനോക്കുമ്പോൾ ഈ രംഗത്തെ മാറ്റം ശ്രദ്ധേയം ആണ്. അന്ന് കാളകളായിരുന്നു വളർത്തുമൃഗങ്ങളിൽ അധികവും. അതുപോലെതന്നെ നാടൻ പശുക്കൾ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. സങ്കരയിനം പശുക്കളുടെ വരവോടെ ക്ഷീരോല്പാദനരംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടായിട്ടുണ്ട്.

ഭൂരിഭക്ഷം കർഷകകുടുംബങ്ങളിലും കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം 4317 കോഴികളും 413 താറാവുകളും മറ്റു വളർത്തുപക്ഷികളായി 59 എണ്ണവുമാണ് ഉള്ളത്. മൊത്തമുള്ള കോഴികളിൽ 808 എണ്ണം പൂവൻ കോഴികളും താറാവുകളിൽ 67 എണ്ണം ആൺ താറാവുമാണ്.

2777 കുടുംബങ്ങളും 13570 ജനസംഖ്യയും ഉള്ള മാറാടിയെ സംബന്ധിച്ചിടത്തോളം മേൽകാണിച്ചിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത് മൃഗസംരക്ഷണ വികസന രംഗത്തുള്ള സാധ്യതകൾ ഇവിടെ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നതാണ്. മൃഗസംരക്ഷണത്തിന്റെ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്താൽ ഈ മേഖല ഇവിടെ സംപുഷ്ടമാക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തേ മതിയാകൂ. താഴെ പറയുന്ന കാരണങ്ങളാൽ ഇതിന്റെ പ്രാധാന്യം മനസിലാക്കാം.

1. ചുരുങ്ങിയ മുതൽമുടക്കിൽ ഹ്രസ്വകാലം കൊണ്ട് വരുമാനം.
2. അധികം നഷ്ടം സംഭവിക്കാതെ ഏതവസരത്തിലും നിർത്താവുന്ന പദ്ധതി.
3. തൊഴിലവസരങ്ങൾ - തൊഴിലുള്ളവർക്ക് ഉപ തൊഴിൽ,തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിൽ.
4. മുട്ട, പാൽ, മാംസം തുടങ്ങിയ പോഷകപ്രധാനമായ ആഹാരവസ്തുക്കളുടെ ഉല്പാദന വർദ്ധനവ്.
5. ബയോഗ്യാസ് തുടങ്ങിയ പാരമ്പരേതര ഊർജ്ജ സ്രോതസുകളുടെ ആവിർഭാവം.
6. പരിസ്ഥിതിക്കനുയോജ്യമായ മൃഗശക്തി.
7. ജൈവവളങ്ങൾ.
8. മനുഷ്യർക്ക് ഉപയോഗ യോഗ്യമല്ലാത്ത ഭക്ഷണസാധനങ്ങളെയും, വ്യാവസായികാവശിഷ്ടങ്ങളെയും പോഷകമൂല്യമുള്ള മാംസാഹാരമായി പരിവർത്തനം ചെയ്യുക.
9. ജനതയുടെ ആരോഗ്യ പരിപോഷണം.
10. പാൽ, മുട്ട, മാംസം എന്നിവയിൽനിന്നുണ്ടാക്കാവുന്ന ഉല്പന്നങ്ങളും വിപണനവും അധിക വരുമാനവും.

മൃഗസംരക്ഷണരംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനം മാറാടി മൃഗാശുപത്രിയാണ്. ഇതു കൂടാതെ ഒരു കൃത്രിമ ബീജദാന കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. മൃഗാശുപത്രി 1995ലാണ് സ്ഥാപിതമായത്. ഈ സ്ഥാപനങ്ങൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഈ സ്ഥാപനത്തിൽ സ്ഥിരമായി മൃഗഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. ഇപ്പോൾ മൂന്ന് നാല് ആശുപത്രികളുടെ ചാർജ്ജുള്ള ഒരു ഡോക്ടറാണ് ഉള്ളത്. ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ, പരിശോധനാ ലാബറട്ടറികൾ, കന്നുകാലികളെ നിർത്തി പരിശോധിക്കാൻ ''ട്രെവിസ്" എന്നിവ ഇല്ല. മൃഗചികിത്സക്ക് വേണ്ടുന്ന മരുന്നുകളും ലഭ്യമല്ല. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങളും, രോഗനിർണ്ണയ സംവിധാനങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

മൃഗചികിത്സാ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നൂതനവിദ്യകൾ പ്രയോഗിക്കുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ മൃഗസംരക്ഷണ കേന്ദ്രവികസന സമിതി രൂപീകരിച്ച് പ്രവർത്തിക്കണം. പഞ്ചായത്ത് പ്രസിഡണ്ട് ഇതിന്റെ അധ്യക്ഷനാകണം. മൃഗഡോക്ടർ, കർഷകർ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, ബാങ്കുകൾ, ക്ഷീരോല്പാദക സഹകരണ സംഘം പ്രധിനിധികൾ തുടങ്ങിയവർ ഇതിൽ അംഗങ്ങൾ ആകാവുന്നതാണ്.

1994 ലെ പഞ്ചായത്ത് രാജ് ആകട് അനുസരിച്ച് മൃഗാശുപത്രികൾ പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വരുന്നതാണ്.

ഈ പഞ്ചായത്തിലെ കന്നുകാലികൾക്ക്

സാധാരണ കണ്ടുവരുന്ന രോഗങ്ങൾ ദഹനസംബന്ധമായവ, ശ്വസകോശസംബന്ധമായവ, ഉപാപചയസംബന്ധം,ത്വക്ക് രോഗങ്ങൾ ,ധാതു ലവണങ്ങളുടെ അഭാവം, പരാദ രോഗങ്ങൾ , പ്രത്യുൽപാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ, വന്ധ്യത, അകിടു വീക്കം, മുടന്തൻ പനി, എന്നിവയാണ് പ്രധാനമായും കണ്ടുവരുന്നത്. ഇതിൽ ദഹനസംബന്ധമായും ശ്വാസകോശ സംബന്ധമായും ധാതുലവണങ്ങളുടെ അഭാവം, അകിടു വീക്കം, പരാധ രോഗങ്ങൾ എന്നിവയാണ് കൂടുതലുള്ളത്.കോഴികൾക്ക് പ്രധാനമായിക്കണ്ടുവരുന്ന രോഗങ്ങൾ ധാതു ലവണങ്ങളുടെ അഭാവം മൂലം കണ്ടുവരുന്ന രോഗങ്ങളും പരാദ രോഗങ്ങളുമാണ്.

ഈ പഞ്ചായത്തിൽ 477 പട്ടികളാണുള്ളത്.ഇതിൽ 118 എണ്ണത്തിന് മാത്രമേ പേ വിഷബാധക്കുള്ള പ്രതിരോധകുത്തിവയ്പ് എടുത്തിട്ടുള്ളൂ.പട്ടികൾക്ക് ലൈസൻസിംഗ് സമ്പ്രദയം ഇവിടെയില്ല. പേ വിഷബാധ ഒഴിവാക്കുന്നതിന് പ്രതിരോധകുത്തിവയ്പുകളും ലൈസൻസിംഗ് സമ്പ്രദായവും നടപ്പിലാക്കണം. അത് പോലെതന്നെ അലഞ്ഞു തിരിഞ്ഞ് നടക്കുന്ന പട്ടികളെ നശിപ്പിക്കാനുള്ള നടപടികൾ പഞ്ചായത്തിൽ നിന്നും സ്വീകരിക്കണം.

പഞ്ചായത്തിൽ ഒരു കൃത്രിമ ബീജദാന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. അത്യുൽപാദന ശേഷിയുള്ള സങ്കര ഇനം പശുക്കളും എരുമകളും കൂടുതൽ ഉണ്ടാവുക എന്നുള്ളതാണ് ഇതിന്റെ ലക്ഷ്യം . കൃത്രിമ ബീജദാന പരിപാടികൾ നിലവിൽ വരുന്നതിന് മുമ്പ് നാടൻ മൂരികളുമായി ഇണ ചേർത്ത് പശുക്കൾക്ക് ഗർഭധാരണം വരുത്തുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. ഇതിന് വേണ്ടി ചില കുടുംബങ്ങളിൽ വിത്തുകാളകളെ വളർത്തിയിരുന്നു.ഇപ്രകാരം ഇണ ചേരുന്നതിന് ഫീസും ഈടാക്കിയിരുന്നു.ഇന്ന് ഈ സമ്പ്രദായം ചുരുക്കമായേ നടക്കുന്നുള്ളൂ.കൃത്രിമ ബീജദാന പരിപാടി വന്നതോടുകൂടി ഇവിടെയും ഇതിന്റെ പ്രയോജനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.ആകെ 1939 പശുക്കൾ ഉള്ളതിൽ 486 എണ്ണത്തിനും 59 കിടാരികൾക്കും 12 എരുമകൾക്കും കഴിഞ്ഞവർഷം ഈ കേന്ദ്രത്തിൽ നിന്നും ബീജദാനം നടത്തുകയുണ്ടായിട്ടുണ്ട്. ഇതു മൂലം സങ്കര ഇനം പശുക്കളുടെയും എരുമകളുടെയും വർഗ്ഗം സൃഷ്ടിക്കുന്നതിനും പാൽ ഉൽപാദന രംഗത്ത് വർദ്ധനവ് കൈവരുന്നതിനും ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. മാറാടിയിലുള്ള കേന്ദ്രം കൂടാതെ മൂവാറ്റുപുഴയിലുള്ള ബീജദാന കേന്ദ്രത്തിന്റെ പ്രയോജനവും ഇവിടെയുള്ള കർഷകർ പ്രയോജനപ്പെടുത്തുന്നുണ്ട്.

കന്നുകാലിവളർത്തലിന്റെ മുഖ്യ പ്രശ്നം തീറ്റച്ചെലവിന്റെ അമിതവർദ്ധനയാണ്. ഇത് ഈ രംഗത്തുള്ള കർഷകന് താങ്ങാനാവത്ത വിധം വർദ്ധിച്ചിരിക്കുകയാണ്. ഇത് മൂലം കാലിവളർത്തൽ ആദായകരമല്ലാത്തതും അത് കൊണ്ട് ഈ രംഗത്ത് നിലവിലുള്ള കർഷകരിൽ പലരും രംഗം വിടുകയും ചെയ്തു വരുന്ന പ്രവണതയും കണ്ട് വരുന്നു. കന്നുകാലി തീറ്റക്കുള്ള തുറസ്സായ സ്ഥലങ്ങളുടെ അഭാവം മൂലം വിലകൊടുത്ത് വാങ്ങിക്കുന്ന തീറ്റകളെയാണ് കൂടുതലും ആശ്രയിക്കുന്നത്. കർഷകർ സാധാരണ കൊടുത്തുവരുന്ന തീറ്റകൾ വൈയ്ക്കോൽ, പിണ്ണാക്ക്, മാർക്കറ്റിൽ നിന്നും വാങ്ങിക്കുന്ന വിവിധ സ്വകാര്യ കമ്പനികൾ നിർമ്മിക്കുന്ന തീറ്റകൾ ഇവയാണ്. നെൽകൃഷിയുടെ ശോഷണം മൂലം വൈക്കോലിന്റെ ലഭ്യതയും വിലയും വർദ്ധിച്ചിരിക്കുകയാണ്. പിണ്ണാക്ക്, മറ്റുതീറ്റകളുടെ വിലയും ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. കറവ പശുക്കളെയും മറ്റും വളർത്തുന്നവരിൽ ബഹുഭൂരിഭക്ഷവും കർഷകതൊഴിലാളികളും പരിമിത കൃഷിക്കാരുമാണ്. ഇവരുടെ കൈവശത്തിൽ ഭൂമി വളരെ കുറവായതിനാൽ തീറ്റപ്പുൽ കൃഷിക്കുള്ള സാദ്ധ്യതയും കുറവാണ്. അതുപോലെ തന്നെ മേൽത്തരം ഗുണമേന്മയുള്ള തീറ്റപ്പുൽകൃഷി ചെയ്യുന്ന സമ്പ്രദായവും നിലവിൽ വന്നിട്ടില്ല. ഡയ്റി ഡവലപ്മെന്റ് വകുപ്പിൽ നിന്നും മൃഗസംരക്ഷണ വകുപ്പിൽ നിന്നും ഇതിന് ധനസഹായ പരിപാടികൾ ഉണ്ടെങ്കിലും അത് പ്രയോജനപ്പെടുത്തുവാൻ കർഷകർ മുന്നോട്ട് വന്നിട്ടില്ല. ഭൂരിഭാഗം കൃഷിക്കാരും സങ്കര ഇനത്തിൽപ്പെട്ട പശുക്കളെ വളർത്തുന്നത്കൊണ്ട് അവയ്ക്ക് കൂടുതൽ തീറ്റയും സംരക്ഷണവും, പരിചരണമുറകളും ശ്രദ്ധയും നാടനെ അപേക്ഷിച്ച് കൂടുതൽ വേണം. ഇതിന് കർഷകർക്ക് പരിശീലനവും ശാസ്ത്രീയ അറിവുകളും കൂടിയേ തീരൂ. ഇതിനുള്ള സംവിധാനവും ഒരുക്കേണ്ടിയിരിക്കുന്നു..

മറ്റൊന്ന് നമ്മുടെ നാടിന് അനുയോജ്യമായ ജനസ്സുകളിൽപ്പെട്ട പശുക്കളും, എരുമകളും, ആടുകളും പ്രാദേശികമായി ലഭ്യമല്ലായെന്നുള്ളതാണ് ഇത് ന്യായമായവിലക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ വരണം. സംസ്ഥാനതലത്തിലോ സംസ്ഥാനത്തിന് പുറത്ത് മറ്റ് സമീപ സംസ്ഥാനത്തോ ഉണ്ടെങ്കിൽതന്നെ അത് പ്രയോജനപ്പെടുത്തുവാൻ സാധാരണ കർഷകർക്ക് സാധിക്കുകയുമില്ല. ഇപ്പോൾ നിലവിലുള്ളത് ഉരുക്കളെ കർഷകർ വിലക്ക് കൈമാറുന്ന രീതിയാണ്.

അതുകൊണ്ട് കാലിത്തീറ്റയും, കോഴിത്തീറ്റയും നല്ല ഈ പശുക്കളുടെയും കോഴികളുടെയും ലഭ്യതയും പഞ്ചായത്തടിസ്ഥാനത്തിൽ സൗകര്യപ്പെടുത്തുന്നതിന് ഈ സംവിധാനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന് വേണ്ടുന്ന ധനസഹായങ്ങളും പഞ്ചായത്തിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ

നിന്നും ലഭ്യമാക്കണം. ഈ സംവിധാനങ്ങൾ ഒരുക്കാതെ ഉല്പാദ വർദ്ധനയിൽ ഉല്പാദക്ഷമതയിൽ ഉണ്ടാക്കുവാൻ സാധിക്കുകയില്ല.

വേറൊരു പ്രശ്നം ഉല്പന്നങ്ങളുടെ വിപണനമാണ്. ഇന്ന് മാറാടിയിൽ മൂന്ന് ക്ഷീരോല്പാദക സഹകരണസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങൾ മുഖേനയാണ് ഇവിടെ ഉല്പാദിപ്പിക്കുന്ന പാലിൽ ഭൂരിഭാഗവും വിറ്റുവരുന്നത്. ഇത് കൂടാതെ നാട്ടിലെ ഹോട്ടലുകളിലും ചായക്കടകളിലും പാല് ആവശ്യമുള്ള വീടുകളിലും പ്രാദേശികമായി വില്പന നടത്തിവരുന്നുണ്ട്. സഹകരണ സംഘങ്ങൾ പാൽ വാങ്ങിക്കുന്നത് കൂടാതെ കാലിത്തീറ്റയും വിതരണം ചെയ്യുന്നുണ്ട്. സഹകരണസംഘങ്ങളിൽ പാലിന്റെ വില നിശ്ചയിക്കുന്നത് പാലിന്റെ കൊഴുപ്പിന്റെ അടിസ്ഥാനത്തിൽ ഗവർമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലുമാണ്. ഉല്പാദനച്ചിലവുമായി തട്ടിച്ചുനോക്കുമ്പോൾ പാലിന്റെ വിലക്കുറവും ആദായകരവുമല്ല. സൗത്ത് മാറാടി ക്ഷീരോല്പാദക സഹകരണസംഘത്തിൽ പ്രതിദിനം 260 ലിറ്റർ പാലും ഈസ്റ്റ് മാറാടി സംഘത്തിൽ 120 ലിറ്റർ പാലുമാണ് പ്രതിദിനം വാങ്ങുന്നത്. ഇതിൽ പ്രതിദിനം 40 ലിറ്റർ പാൽ പ്രാദേശികമായി ബാക്കിയുള്ളത് പുറത്തേക്ക് കൊടുക്കുകയുമാണ് ചെയ്യുന്നത്. മേല്പറഞ്ഞ കണക്കുകൾ സൂചിപ്പിക്കുന്നത് സംഘങ്ങളുടെ പ്രവർത്തനം ശോഷിച്ചതും തൃപ്തികരമല്ലായെന്നതുമാണ്. കൂടുതൽ കർഷകരെ ക്ഷീരോല്പാദക മേഖലയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമം സംഘത്തിന്റേയും പഞ്ചായത്തിന്റേയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. മാറാടിയിലെ എല്ലാ പ്രദേശങ്ങളിലും സംഘങ്ങളുടെ പ്രവർത്തനം വ്യാപിച്ചിട്ടില്ല. ഉദാ. കായനാട് പ്രദേശം.

കോഴിവളർത്തലിന്റെ കാര്യത്തിലും മാറാടിയിലെ സാധ്യതകൾ വിനിയോഗിച്ചിട്ടില്ല. ഇറച്ചിക്കോഴികളുടേയും മുട്ടക്കോഴികളുടേയും വ്യവസായികാടിസ്ഥാനത്തിൽ വളർത്തൽ ഇവിടെ ഇല്ലാ എന്ന് പറയാം. വീടുകളിൽ തന്നെ വ്യവസായിക അടിസ്ഥാനത്തിലല്ലാതെ വളർത്തുന്നതിന് ധാരാളം സാധ്യതകൾ ഉണ്ട്. ഈ സാധ്യതകൾ ഉപയോഗിച്ചിട്ടില്ലാ എന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. 2770 കുടുംബങ്ങളുള്ള പഞ്ചായത്തിൽ 4137 കോഴികളെ ഉള്ളു. എല്ലാ കുടുംബങ്ങളിലും കോഴികളെ വളർത്തുന്നതിന് വ്യവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളേയും മുട്ടക്കോഴികളേയും വളർത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

ക്ലബ്ബിന്റെ ചുമതല.

**(IV) മുട്ടക്കോഴി വളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ:-**

സാമ്പത്തിക ശേഷിയുള്ള കർഷകർ, സാധാരണക്കാർ തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ച് മുട്ട ഉൽപ്പാദന സഹകരണസംഘങ്ങൾ സ്ഥാപിക്കാം. കോഴിത്തീറ്റ ഉൽപ്പാദനം സംഘം ഏറ്റെടുത്ത് നടത്തണം. 5000 കോഴികളെങ്കിലും ഉണ്ടാകണം. മുട്ട ഉൽപ്പാദന കാലശേഷം ഇവയെ ഇറച്ചിക്ക് ഉപയോഗിക്കാം.

**(V) ഇറച്ചിക്കോഴി വളർത്തൽ:-**

പ്രത്യേക പ്രജനന പ്രക്രിയകൾ വഴി മാംസോൽപ്പാദനത്തിന് മാത്രം വികസിപ്പിച്ചെടുത്ത വർഗ്ഗത്തെയാണ് ബ്രോയിലർ കോഴികൾ എന്ന് പറയുന്നത്. ഇവ 7 മുതൽ 8 ആഴ്ചക്കുള്ളിൽ ഉപയോഗത്തിനും വിപണനത്തിനും യോഗ്യമാകുമെന്നതിനാൽ വർഷം അഞ്ചുതവണ ഇറച്ചിക്കോഴികളെ വളർത്തിയെടുക്കാൻ സാധിക്കും. ഗ്രാമീണ വനിതകൾക്കുള്ള ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ ആരംഭിക്കാം. പഞ്ചായത്തിൽ 10 ഗ്രാമീണ വനിതകൾ അടങ്ങിയ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ഗ്രാമ വികസന വകുപ്പിന്റെ DWCRA പദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

**6. ആടുവളർത്തൽ :-**

പാവപ്പെട്ടവരുടെ പശുവാണ് ആട്. Goat is Gold എന്നാണ് പഴമൊഴി. കുറഞ്ഞ മൂലധനത്തിൽ ഏറെ വികേന്ദ്രീകൃതമായി വളർത്തുന്നതാണ്. വീട്ടമ്മമാരുടേയും, കുട്ടികളുടേയും അദ്ധ്വാനശക്തി പ്രയോജനപ്പെടുത്തി2 ആടുകളുടേയോ 5 ആടുകളുടേയോ യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളിൽ ആരംഭിക്കാവുന്നതാണ്.

**7. പന്നി വളർത്തൽ:-**

5 പെൺപന്നികളും ഒരു ആൺപന്നിയും അടങ്ങിയ ഒരു യൂണിറ്റോ മാംസാ വശ്യത്തിനായി 2 പന്നിക്കുഞ്ഞുങ്ങളടങ്ങിയ ഒരു യൂണിറ്റൊ തുടങ്ങാം. ഇത് തുടങ്ങുന്നതിന് വേണ്ടത്ര സൗകര്യങ്ങളും സാഹചര്യങ്ങളും ഉള്ളിടത്തു വേണം തുടങ്ങാൻ. ഹോട്ടൽ അവശിഷ്ടങ്ങൾ, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങൾ മുതലായവ പന്നിത്തീറ്റയായി ഉപയോഗിക്കാം.

**8. സമ്മിശ്ര മൃഗപരിപാലനം:-**

മൃഗപരിപാലനത്തോടൊപ്പം കൃഷി, മത്സ്യം വളർത്തൽ, പശുവളർത്തൽ, കോഴിവളർത്തൽ, താറാവ് വളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യ

മായ കൃഷിസ്ഥലം പൂർണ്ണമായി ഉപയോഗപ്പെടുത്തി ലാഭം കൂട്ടുകയാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള കാർഷിക വിളകൾക്കൊപ്പം 3 പശുക്കൾ, 3 ആട്ടിൻ കുട്ടികൾ, 5+1 പന്നികൾ 25 കോഴി എന്നിവയെ വളർത്തുകയും പുല്ല് കൃഷി ചെയ്യുകയുമാണ് രീതി. കോഴി കാഷ്ഠം പന്നിക്ക് തീറ്റയായും , പന്നി കാഷ്ഠം കുളത്തിലെ മത്സ്യം വളർത്തലിനും ഉപയോഗപ്പെടുത്താം. പശുവിന്റെ ചാണകം ഗോബർ ഗ്യാസ് പ്ലാന്റിനും അതിന്റെ മട്ട് കാർഷിക വിളകൾക്കും പുൽക്കൃഷിക്കും, പുല്ല് പശുവിനും ഉപയോഗിക്കാം.

### 9. കാളക്കുട്ടി പരിപാലനം:

രണ്ട് മൂന്ന് മാസം പ്രായമായ 5 കാളക്കുട്ടികളെ തെരഞ്ഞെടുത്ത് 12 മാസം വരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കുന്നു. 10. മുയൽ വളർത്തൽ:-

10 പെൺ മുയലുകളും 2 ആൺമുയലുകളും അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഹൈസ്കൂളിൽ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന 50 കുട്ടികളെ വീതം ഓരോ വർഷവും തെരഞ്ഞടുത്ത് അവർക്ക് ഒരു ആൺ മുയലും 2 പെൺ മുയലുകളുമടങ്ങുന്ന ഓരോ യൂണിറ്റ് വീതം നൽകുന്നു. പത്താം ക്ലാസ്സിലെത്തുമ്പോൾ അവർ ഒരു ജോടി മുയൽ കുഞ്ഞുങ്ങളെ പഞ്ചായത്തിന് തിരികെ നൽകണം. അവയെ വീണ്ടും വിതരണം ചെയ്യാം.

### 11. ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ:

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം നടത്താവുന്നതാണ്.

മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ കൂടുതൽ സമ്പുഷ്ടമാക്കുമെന്ന് വ്യക്തമാണ്. ഈ മേഖലയിലേക്ക് കടന്നുവരാനുള്ള വിമുഖത, ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപ്പര്യക്കുറവ്, ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉൽപ്പാദനച്ചെലവ്, അത്യുൽപ്പാദനശേഷിയുള്ള തനതായ കാലിക ജനുസ്സുകളുടെ സ്വയം പര്യാപ്തതക്കുറവ്, തീറ്റപ്പുൽക്കൃഷിയിലുണ്ടായ മാന്ദ്യത കാലിത്തീറ്റ ഉൽപ്പാദനത്തിനാപശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ് തുടങ്ങിയവയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ. ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങളും ഒപ്പം കന്നുകാലികൾക്കും, കോഴികൾക്കും വേണ്ട കാലിത്തീറ്റ ഉൽപ്പാദിപ്പിക്കാനുള്ള പുതിയ സംരഭങ്ങളും ഉണ്ടാകണം.

## പ്രശ്നങ്ങൾ:

1. മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത.
2. മേച്ചിൽ സ്ഥലങ്ങളുടെ അഭാവം.
3. കാലിത്തീറ്റയുടെ വിലവർദ്ധനവ്.
4. കോഴിത്തീറ്റയുടെ വിലവർദ്ധനവ്.
5. പാലിന്റെ വില അപര്യാപ്തത.
6. പാൽ വിപണന സൗകര്യക്കുറവ്.
7. കോഴിവളർത്തൽ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്നില്ല.
8. നിലവിലുള്ള മൃഗാശുപത്രിയിൽ ഡോക്ടറില്ല.
9. മൃഗാശുപത്രിയിൽ കന്നുകാലികളെ ചികിത്സിക്കുന്നതിന് രോഗനിർണ്ണയ സംവിധാനങ്ങളുടെ അപര്യാപ്തത.
10. നല്ലയിനം ജനുസ്സുകളിൽ പെട്ട പശുക്കൾ ലഭ്യമല്ല.
11. നല്ല ഇനം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
12. നടപ്പ് സർക്കാർ പദ്ധതികളെ സംബന്ധിച്ചുള്ള അറിവില്ലായ്മ.
13. പേപ്പട്ടിശല്യം.
14. കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവക്ക് പരിശീലന പരിപാടിയില്ല.
15. കാലി വളർത്തൽ മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവർ പരിമിതമാണ്.
16. തീറ്റപ്പുൽക്കൃഷി വ്യാപകമായിട്ടില്ല.

## സാദ്ധ്യതകൾ:

I. നിലവിലുള്ള മൃഗാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും മെച്ചപ്പെടുത്തുകയും ഡോക്ടറുടെ സേവനം സ്ഥിരമായി ഉണ്ടാക്കുകയും ചെയ്യുക.

II. മൃഗസംരക്ഷണമേഖലയിൽ ജനകീയയിടപെടലുകൾ സാദ്ധ്യമാക്കുന്നതിനും ജനപങ്കാളിത്തത്തോടുകൂടി സ്കീമുകൾ നടപ്പിലാക്കുന്നതിനും മൃഗസംരക്ഷണകേന്ദ്രം വികസന സമിതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ആശുപത്രി

ഡോക്ടർ കൺവീനറും ഈ മേഖലയുമായി ബന്ധപ്പെട്ടവർ അംഗങ്ങളുമായി വേണം വികസന സമിതി രൂപീകരിക്കുവാൻ.

III. പഞ്ചായത്തിന്റേയും ധനകാര്യസ്ഥാപനങ്ങളുടെയും ധനസഹായത്തോടുകൂടി താഴെ പറയുന്ന സ്കീമുകൾ നടപ്പിലാക്കേണ്ടതുമാണ്.

1) പാൽ ഉൽപ്പാദനം - ഡയറിയൂണിറ്റുകൾ:-

കർഷകത്തൊഴിലാളികളേയും നാമമാത്ര കർഷകരേയും വീട്ടമ്മമാരേയും പങ്കെടുപ്പിച്ചു കൊണ്ട് സൗകര്യമുള്ള വീടുകളിൽ നല്ല ഇനം പശുക്കളെ വളർത്തുക.

2) മിനി ഡയറിയൂണിറ്റുകൾ: 3 പശുക്കൾ അടങ്ങുന്നതാണ് ഈ യൂണിറ്റ്.

3) വനിതാ സംരംഭകർക്കുള്ള പശു വളർത്തൽ:-

DWCRA പദ്ധതി പ്രകാരം 10 വനിതകളെ സംഘടിപ്പിച്ച് ധനസഹായത്തോടെ പശുക്കളെ വളർത്തുക.

4) കിടാരി വളർത്തൽ യൂണിറ്റ് :-

ധനകാര്യ സ്ഥാപനങ്ങളുടേയും പഞ്ചായത്തിന്റെയും ധനസഹായത്തോടുകൂടി നടപ്പിലാക്കുക.

5) വീട്ടുമുറ്റത്തെ കോഴിവളർത്തൽ:-

കുറഞ്ഞത് 1000 യൂണിറ്റുകൾ സംഘടിപ്പിക്കുക.

6) എഗ്ഗർ നഴ്സറി:-

ഒന്നോ രണ്ടോ യൂണിറ്റ് സംഘടിപ്പിക്കുക.

7) സ്കൂൾ പൗൾട്രി ക്ലബ്ബ്:-

ഹൈസ്കൂളുകളിൽ സംഘടിപ്പിക്കുക.

8) മുട്ടക്കോഴി വളർത്തൽ വ്യവസായികാടിസ്ഥാനത്തിൽ:-

ഒന്നോ രണ്ടോ എണ്ണം പഞ്ചായത്തിൽ ആരംഭിക്കുക. സഹകരണസംഘം രൂപീകരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

9) ഇറച്ചിക്കോഴി വളർത്തൽ.:-

DWCRA പദ്ധതിയുടെ ധന സഹായത്തോടുകൂടി 10 വനിതകളെ സംഘടിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

10) ആടു വളർത്തൽ:-

രണ്ട് ആടുകൾ ഒരു യൂണിറ്റ് എന്ന അടിസ്ഥാനത്തിൽ 250 യൂണിറ്റുകൾക്ക് രൂപം കൊടുക്കുക.

11) പന്നി വളർത്തൽ:-

5 പെൺ പന്നികളും ആൺ പന്നിയും അടങ്ങിയ ഒരു യൂണിറ്റോ, രണ്ട് പന്നിക്കുഞ്ഞുങ്ങളടങ്ങിയ ഒരു യൂണിറ്റോ തുടങ്ങുക. 40 യൂണിറ്റുകൾക്ക് പഞ്ചായത്തിൽ രൂപം കൊടുക്കുക.

12) സമ്മിശ്ര മൃഗപരിപാലനം:-

കൃഷി, മത്സ്യംവളർത്തൽ, പശു വളർത്തൽ, കോഴി വളർത്തൽ, താറാവു വളർത്തൽ,തീറ്റപ്പുൽക്കൃഷി, ഗോബർഗ്യാസ് എന്നിവയെല്ലാം സംയോജിപ്പിച്ച്

പരസ്പര പൂരകങ്ങളായി വരത്തക്കവണ്ണം സംഘടിപ്പിക്കുക.

13) മുയൽ വളർത്തൽ:-

സ്കൂൾ കുട്ടികളേയും വീട്ടമ്മമാരേയും ഉൾപ്പെടുത്തി പദ്ധതിക്ക് രൂപം കൊടുക്കുക.

14) പേ വിഷബാധ - നിയന്ത്രണം :-

അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളുടെ നശീകരണം, പ്രതിരോധ കുത്തിവയ്പുകൾ, പട്ടികൾക്ക് ലൈസൻസിംഗ് സമ്പ്രദായം തുടങ്ങിയ കാര്യങ്ങൾ സമയാധിഷ്ഠിതമായി നടപ്പിലാക്കുക.

15) ചെറുകിട കാലിത്തീറ്റ നിർമാണ യൂണിറ്റ്:-

പഞ്ചായത്തിൽ ഒരു ചെറുകിട കാലിത്തീറ്റ നിർമാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

IV. നിലവിലുള്ള 3 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും മൃഗസംരക്ഷണ വികസന രംഗത്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.

V. തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിന് കർഷകരെ പ്രോത്സാഹിപ്പിക്കുകയും അതിന് ധനസഹായം നൽകുകയും ചെയ്യുക.

VI. മൃഗസംരക്ഷണ മേഖലയിലുള്ള കർഷകർക്ക് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുതകത്തക്ക വിധത്തിൽ പരിശീലന പരിപാടികൾ വർഷം തോറും സംഘടിപ്പിക്കുക.

VII. വർഷം തോറും കന്നുകാലി പ്രദർശനവും, പാൽ ഉൽപ്പന്നങ്ങളുടെ പ്രദർശനവും മത്സരങ്ങളും, നല്ല കാലി കർഷകർക്ക് പുരസ്കാരങ്ങളും സർട്ടിഫിക്കറ്റുകളും നൽകി ആദരിക്കുകയും ചെയ്യുക.

VIII. കന്നുകാലികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുക. അതുപോലെ തന്നെ കോഴികൾക്കും.

IX. ക്ഷീരോൽപ്പാദന മേഖലയിൽ സ്വീകാര്യമായ

**ചില നിർദ്ദശങ്ങൾ ചുവടെ ചേർക്കുന്നു.**

1) പഞ്ചായത്തിൽ തരിശു കിടക്കുന്ന തരിശുഭൂമിയിലോ, സ്വകാര്യ ഭൂമി പാട്ടത്തിനെടുത്തോ സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി ചെയ്ത് കർഷകർക്ക് വിതരരണം ചെയ്യുക.ക്ഷീര വിപണന സംഘങ്ങൾ ഇതിന് മുൻ കൈയെടുക്കണം.

2) ക്ഷീരസംഘങ്ങൾ വഴി പോഷകാഹാര പ്രദമായ യൂറിയ ചേർത്ത വയ്ക്കോൽ, സൈലേജ് ഹേ തുടങ്ങിയവ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ്.

ഇതിലൂടെ തന്നെ പുൽവിത്ത്, പുൽക്കടകൾ, പുല്ല് എന്നിവ ലഭ്യമാക്കാവുമന്നതാണ്.

3) ഗുണഭോക്താക്കളെ തന്നെ കറവ ജോലിക്ക് പ്രേരിപ്പിക്കുകയും വേണ്ട പരിശീലനം നൽകുകയും വഴി കൂടുതൽ ആദായകരമാക്കാം.

4) കർഷകന്റെ പറമ്പിൽ തന്നെ പോഷകഗുണമുള്ള നേപ്പിയർ, ഗിനി, ചോളം തുടങ്ങിയവ കയ്യാലയിലോ ഇടവിളയായിട്ടോ കൃഷിചെയ്യുവാൻ പ്രോത്സാഹിപ്പിക്കണം.

5) പാടശേഖരങ്ങളുടെ വരമ്പുകളിൽ സ്റ്റൈല്ലോസാന്തസ് പോലുള്ള പുല്ല് വച്ചുപിടിപ്പിക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുക.

6) പാലക്കാടുനിന്നും വയ്ക്കോൽ സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ വഴി കൂട്ടായി വാങ്ങി മദ്ധ്യവർത്തികളെ ഒഴിവാക്കി കർഷകർക്ക് വിതരണം ചെയ്യുക.

7) പഞ്ചായത്ത് തല വിജ്ഞാനവ്യാപനത്തിലൂടെ കർഷക ക്ലബ്ബുകൾ വഴി സാങ്കേതിക അറിവുകൾ കർഷകരിലേക്ക് എത്തിച്ചുകൊടുക്കുക.

8) ഇപ്പോൾ ഈ മേഖലയിൽ പശുവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കർഷകർ കൂടുതൽ പ്രോത്സാഹനമർഹിക്കുന്നു. കൂടുതൽ പശുക്കളെ അവരുടെ യൂണിറ്റുകളിൽ ഉൾപ്പെടുത്തുവാൻ സഹായിക്കേണ്ടതാണ്.

9) വനിതാസംരഭകരെ സംഘാടിസ്ഥാനത്തിൽ യോജിപ്പിച്ച് ക്ഷീരഗ്രാമങ്ങ ൾ സൃഷ്ടിക്കുക.

10) പഞ്ചായത്തിലെ അത്യുൽപ്പാദന ശേഷിയുള്ള എല്ലാ പശുക്കളേയും മാസ്റ്റർ ഇൻഷുറൻസ് പോളിസിയിൻ കീഴിൽ കൊണ്ടുവരികയും ഇതിലേക്ക് വേണ്ടിവരുന്ന തുക ഭാഗികമായി പഞ്ചായത്തിൽ നിന്നും വഹിക്കുക.

11) കാലികർഷകർക്ക് അവരുൽപ്പാദിപ്പിക്കുന്ന പാലിനനുസൃതമായി കാലിത്തീറ്റക്ക് പഞ്ചായത്ത് തലത്തിൽ സബ്സിഡി നൽകണം.

12) പഞ്ചായത്തിലെ എല്ലാ സങ്കരഇനം പശുക്കളേയും രജിസ്റ്റർ ചെയ്യുകയും ഊർജ്ജിത കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഏർപ്പെടുത്തി ആനുകൂല്യം നൽകേണ്ടതാണ്.

13) ഉൽപ്പാദനക്ഷമത കുറഞ്ഞതും ലാഭകരമല്ലാത്തതുമായ പശുക്കളെ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

14) ക്ഷീര കർഷകർ ഓരോ ഉരുക്കളുടേയും വിവരങ്ങൾ രേഖപ്പെടുത്തിയ ഹെർഡ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

15) പഞ്ചായത്തിൽ ക്ഷീരവിപണനത്തിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ സ്വതന്ത്രസംഘങ്ങളെ നിലവിലുള്ള സംഘങ്ങളുടെ കളക്ഷൻ സെന്ററുകളോ തുടങ്ങണം.

16) ക്ഷീരവിപണനത്തിന് ഒരു ശൃംഖല ഏർപ്പെടുക അഭികാമ്യമായിരിക്കും.

17) പഞ്ചായത്ത് തലത്തിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ വരാവുന്ന പ്രധാന പ്രശ്നം നല്ലയിനം പശുക്കളുടെ ദൗർലഭ്യമാണ്. പ്രാദേശികമായി ലഭിക്കാതെ വന്നാൽ നല്ലഇനം പശുക്കളെ താഴെ പറയുന്ന ഏജൻസികളുമായി ബന്ധപ്പെട്ടാൽ ലഭിക്കുന്നതാണ്.

1. ഊട്ടി എച്ച്. എഫ് ബ്രീഡേഴ്സ് അസ്സോസിയേഷൻ, ഊട്ടി.
2. കർണ്ണാടക എച്ച്. എഫ് ബ്രീഡേഴ്സ് അസ്സോസിയേഷൻ, ബാംഗ്ളൂർ, കോരമംഗല.
3. ജർമ്മൻ കൗ പ്രോജക്ട്, ബാംഗ്ളൂർ.



# വിദ്യാഭ്യാസം

ഒരു കാർഷിക സാംസ്ക്കാരിക പാരമ്പര്യത്തിന്റെ പിൻതുടർച്ചക്കാർ നിവസിക്കുന്ന മാറാടി വിദ്യാഭ്യാസ രംഗത്ത് മുൻ പന്തിയിലായിരുന്നില്ല.1915 ൽ സ്ഥാപിച്ച കുരുക്കുന്നപുരം ലോവർ പ്രൈമറി സ്കൂളും 1945 സ്ഥാപിച്ച ഗ്രാമോദ്ധാരണ വായന ശാലയുമായിരുന്നു സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് ഇവിടെ ഉണ്ടായിരുന്ന വിദ്യാഭ്യാസ സാംസ്ക്കാരിക സ്ഥാപനങ്ങൾ. മാറാടിയിലെ മുഴുവൻ വിദ്യാർത്ഥികളും പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നത് ഈ സ്കൂളിൽ നിന്നാണ്. കായനാട് പ്രദേശത്തുള്ളവർ പാമ്പാക്കുടയിലുള്ള സ്കൂളിലായിരുന്നു പഠിച്ചിരുന്നത്. കുരുക്കുന്ന പുരം സ്കൂൾ സ്ഥാപിച്ചത് മാറാടി സെന്റ് മേരീസ് യാക്കോബായ പള്ളിയുടെ ആഭിമുഖ്യത്തിലായിരുന്നു. പിന്നീട് ഗവൺമെന്റിന് വിട്ടുകൊടുത്തു. ഉന്നത വിദ്യാഭ്യാസത്തിന് മൂവാറ്റുപുഴ, വടകര,. പാമ്പാക്കുട തുടങ്ങിയ സ്ഥലങ്ങളിലുണ്ടായിരുന്ന ഹൈസ്കൂളുകളേയും മലയാളം ഹയർ സ്കൂളുകളേയുമാണ് ആശ്രയിച്ചിരുന്നത്. ദൂരെയുള്ള സ്കൂളുകളിൽ പോയിരുന്നത് എട്ടും പത്തും മൈൽ നടന്നാണ്. സ്വാതന്ത്ര്യാനന്തരമാണ് ഇന്ന് മാറാടിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ വന്നത്. ഉന്നതവിദ്യാഭ്യാസം സിദ്ധിച്ചവരുടെ കാര്യത്തിലും മാറാടി പിന്നോക്കമാണ്.

ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകൾ താഴെപറയുന്നവയാണ്.

1. ലോവർ പ്രൈമറി സ്കൂളുകൾ

1) കുരുക്കണപുരം ലോവർ പ്രൈമറി സ്കൂൾ

2) കായനാട് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ.

3) സൗത്ത് മാറാടി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ - എൽ.പി. വിഭാഗം.

4) മീങ്കുന്നം ലിറ്റിൽ ഫ്ളവർ ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ.-സ്വകാര്യ മേഖലയിലുള്ള എയിഡഡ് സ്കൂൾ.

2. അപ്പർ പ്രൈമറി സ്കൂൾ.

1) സൗത്ത് മാറാടി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾ .

2) കായനാട് ഇമ്മാനുവേൽ അപ്പർ പ്രൈമറി സ്കൂൾ.

3) മാറാടി ഗവ. ഹൈസ്കൂൾ - യു. പി. വിഭാഗം.

3. ഹൈസ്കൂൾ

1) മാറാടി ഗവ. ഹൈസ്കൂൾ

2) വിദ്യാധിരാജ ഹൈസ്കൂൾ - അംഗീകൃതസ്കൂൾ - അൺ എയ്ഡഡ്.

4. നേഴ്സറി സ്കൂളുകൾ

1) കുണ്ടഞ്ചിറ പഞ്ചായത്ത് നേഴ്സറി സ്കൂൾ.

2) കാക്കുച്ചിറ പഞ്ചായത്ത് നേഴ്സറി സ്കൂൾ.

3) ഈസ്റ്റ് മാറാടി മഹിളാസമാജം ബാലവാടി.

4) സെട്രൽ മാറാടി മഹിളാസമാജം ബാലവാടി.

5) വിദ്യാധിരാജ സ്കൂൾ - നേഴ്സറി സ്കൂൾ.

ഇതിൽ ഒരു യു.പി സ്കൂളും ഒരു എൽ.പി. സ്കൂളും ഒഴിച്ചാൽ ബാക്കി എല്ലാം ഗവൺമെന്റ് സ്കൂളുകളാണ്. (വിദ്യാധിരാജ ഹൈസ്കൂൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.) കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ സ്കൂളുകളുടെ എണ്ണത്തിൽ മാറ്റം സംഭവിച്ചിട്ടില്ല. നേഴ്സറി സ്കൂൾ രണ്ടെണ്ണം പഞ്ചായത്ത് വകയും 2 എണ്ണം മഹിളാസമാജം (ബ്ലോക്കിന്റെ സഹായത്തോടെ) ഒരെണ്ണം സ്വകാര്യമേഖലയിലുമാണ്. ഇതുകൂടാതെ ഗവ. എൽ. പി. എസ്സിലും, മാറാടി യു. പി എസ്സിലും, കായനാട് ഗവ. എൽ. പി. എസ്സിലും അതാത് സ്കൂളിലെ പി.റ്റി. എ യുടെ ആഭിമുഖ്യത്തിൽ നേഴ്സറി സ്കൂളുകൾ അടുത്തയിടെ തുടങ്ങിയിട്ടുണ്ട്.

എല്ലാസ്കൂളിലും കൂടി (വിദ്യാധിരാജ ഹൈസ്കൂൾ ഒഴികെ) 846 കുട്ടികളാണ് പഠിക്കുന്നത്. ഇതിൽ 452 ആൺകുട്ടികളും 394 പെൺകുട്ടികളുമാണ്. ഓരോ സ്കൂളിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം താഴെ പട്ടികപ്പെടുത്തിയിരിക്കുന്ന പ്രകാരമാണ്.

| | സ്കൂളിന്റെ പേര് | L.P. | | | U.P. | | | H.S. | | | Total | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B. | G. | T. | B. | G. | T. | B. | G. | T. | B. | G. | T. |
| 1 | G.H.S. മാറാടി | – | – | – | 67 | 29 | 96 | 89 | 57 | 146 | 156 | 86 | 242 |
| 2 | G.U.P.S. മാറാടി (സൗത്ത് മാറാടി) | 67 | 55 | 122 | 46 | 48 | 94 | – | – | – | 113 | 103 | 216 |
| 3. | ഇമ്മാനുവൽ U.P.S. കയനാട് | – | – | – | 26 | 29 | 55 | – | – | – | 26 | 29 | 55 |
| 4 | G.L.P.S. കയനാട് | 34 | 46 | 80 | – | – | – | – | – | – | 34 | 46 | 80 |
| 5 | G.L.P.S. കുരുക്കുന്നപുരം | 27 | 28 | 55 | – | – | – | – | – | – | 27 | 28 | 55 |
| 6 | L.F.L.P.S. മീങ്കുന്നം | 96 | 102 | 198 | – | – | – | – | – | – | 96 | 102 | 198 |
| | ആകെ | 224 | 231 | 455 | 139 | 106 | 245 | 89 | 57 | 146 | 452 | 394 | 846 |

മുകളിൽ കാണിച്ചിരിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. രണ്ട് ഗവൺമെന്റ് എൽ. പി. സ്കൂളുകളായ കുരുക്കുന്ന പുരം സ്കൂളിലും കായനാട് സ്കൂളിലും യഥാക്രമം 55 ഉം 80 ഉം കുട്ടികളേയുള്ളു എന്നാണ്. കുട്ടികൾ വർഷം തോറും കുറഞ്ഞുവരുന്നു. മറ്റ് ഗവ. സ്കൂളുകളുടേയും നില കുട്ടികളുടെ എണ്ണത്തിൽ മെച്ചമല്ല. ജനസംഖ്യാ വർദ്ധനവിൽ വന്നകുറവാണ് കുട്ടികളുടെ എണ്ണം കുറയാൻ കാരണമെന്ന് പറഞ്ഞുകൂടാ. ഈ സ്കൂളുകളുടെ അടുത്ത് താമസിക്കുന്ന കുട്ടികൾ മറ്റു സ്കൂളുകളിലേക്ക് പോകുന്നു എന്നതാണ് കുറയാൻ പ്രധാനകാരണം. ഇവിടെ നിന്നും കുട്ടികൾ മൂവാറ്റുപുഴയിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കും സമീപസ്ഥലങ്ങളിലുള്ള സ്കൂളുകളിലേക്കുമാണ് പോയിക്കൊണ്ടിരിക്കുന്നത്. ഇപ്രകാരം പോകുന്ന കുട്ടികൾക്ക് വാഹന സൗകര്യം സ്കൂളുകാർ ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്. കൂടാതെ സമീപസ്ഥലങ്ങളിലുള്ള സ്വകാര്യമേഖലയിലുള്ള സ്കൂളുകാർ കുട്ടികളുടെ രക്ഷകർത്താക്കളെ പ്രേരിപ്പിച്ചാണ് കൂടുതലും ചെയ്യുന്നത്. ഇപ്രകാരം ചെയ്യുന്നത് അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനാണ്. മറ്റൊന്ന് ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള പ്രിയമാണ്. ഒരു പ്രധാനകാരണം സർക്കാർ സ്കൂളുകളിലെ പഠനനിലവാരം മോശമാണെന്നുള്ള ധാരണയാണ്. അദ്ധ്യാപകരുടെ സേവന തൽപ്പരതയിലും ജനങ്ങളുടെ ധാരണ മെച്ചപ്പെട്ടതല്ല.

പഞ്ചായത്തുവക രണ്ട് നേഴ്സറി സ്കൂളുകളിലും കുട്ടികൾ 4 വീതമാണുള്ളത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ നേഴ്സറി സ്കൂൾ തുടർന്ന് കൊണ്ടുപോകാൻ പറ്റാത്ത വിധത്തിൽ എത്തിയിരിക്കുകയാണ്. കുട്ടികൾ കുറഞ്ഞുപോകാൻ ഉള്ള കാരണങ്ങളെപ്പറ്റി സമഗ്രമായ പഠനം നടത്തി ദുസ്ഥിതി പരിഹരിക്കേണ്ടതാണ്. പഞ്ചായത്തിലെ കുട്ടികളുടെ പഠനനിലവാരം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

436

| | സ്കൂളിന്റെ പേര് | L.P., U.P. H.S. | 30% താഴെ | 30% to 40% | 40% to 50% | 50% to 60% | 60% ന് മേൽ |
|---|---|---|---|---|---|---|---|
| 1 | G.H.S. മാറാടി | H.S. | 52 | 21 | 9 | 8 | 10 |
| 2 | G.H.S. മാറാടി (സൗത്ത് മാറാടി) | U.P. | 39 | 26 | 22 | 6 | 6 |
| 3 | G.U.P.S. മാറാടി (സൗത്ത് മാറാടി) | U.P. | 19 | 20 | 27 | 24 | 20 |
| 4 | G.U.P.S. മാറാടി (സൗത്ത് മാറാടി) | L.P. | 23 | 16 | 23 | 14 | 23 |
| 5. | ഇമ്മാനുവൽ U.P.S. കയനാട് | U.P. | 32 | 11 | 27 | 13 | 16 |
| 6 | G.L.P.S. കയനാട് | L.P. | 10 | 18 | 14 | 10 | 47 |
| 7 | G.L.P.S. കുരുക്കുന്നപുരം | L.P. | 12 | 20 | 24 | 16 | 28 |
| 8 | L.F.L.P.S. മീങ്കുന്നം | L.P. | 10 | 21 | 18 | 23 | 28 |

മാറാടി ഗവ. ഹൈസ്കൂളിലെ കഴിഞ്ഞ 4 വർഷത്തെ S.S.L.C വിജയശതമാനം.

1. 1992 - 93 = 62%
2. 1993 - 94 = 52.7%
3. 1994 - 95 = 69.2%
4. 1945 - 96 = 71.4%

മേൽകാണിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത് നല്ലൊരുശതമാനം കുട്ടികൾ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരായി കാണുന്നു. മാറാടി ഗവൺമെന്റ് ഹൈസ്കൂളിൽ 146 കുട്ടികളിൽ 52% പേർ 30% താഴെ മാർക്ക് വാങ്ങിക്കുന്നവരാണ്. അതുപോലെ തന്നെ മറ്റ് സ്കൂളുകളുലേയും സ്ഥിതി മെച്ചമല്ല എന്നു കാണുന്നു.

ഹൈസ്കൂളിൽ S.S.L.C പരീക്ഷാ വിജയ ശതമാനത്തിൽ ക്രമാനുഗതമായ പുരോഗതി കാണുന്നുണ്ട്. എന്നാൽ ഇപ്പോൾ പഠിക്കുന്ന കുട്ടികളുടെ നിലവാരം വച്ചു നോക്കുമ്പോൾ ഈ പുരോഗതി നിലനിർത്താൻ സാധിക്കുമോ എന്ന് സംശയിക്കുന്നു.

സ്കൂളുകളുടെ പാഠാനുബന്ധ പ്രവർത്തനങ്ങൾ വളരെ മോശമാണ്. സംസ്ഥാന മത്സരങ്ങളിൽ സ്ഥാനങ്ങൾ ഒന്നും കിട്ടിയിട്ടില്ല. ജില്ലാതലത്തിൽ നടന്ന മത്സരത്തിൽ പ്രവർത്തി പരിചയ മേളയിൽ പങ്കെടുത്ത സൗത്ത് മാറാടി യു.പി സ്കൂളിലെ 4 കുട്ടികൾ സമ്മാനാർഹരായിട്ടുണ്ട്. ജില്ലാതലത്തിൽ നടന്ന കായിക മത്സരങ്ങളിൽ ഗവ. ഹൈസ്കൂളിൽ നിന്നും പങ്കെടുത്ത 2 കുട്ടികൾ സമ്മാനാർഹരായി. ഈ സ്കൂളിൽ നിന്നും രണ്ടു കുട്ടികൾ ശാസ്ത്രപ്രദർശനത്തിലും സമ്മാനാർഹരായിട്ടുണ്ട്. ഗവ. ഹൈസ്കൂളിൽ നിന്ന് ഒരു കുട്ടിക്കും, സൗത്ത് മാറാടി യു.പി സ്കൂളിൽ നിന്ന് ഒരു കുട്ടിക്കും സ്കോളർഷിപ്പ് ലഭിക്കുക ഉണ്ടായിട്ടുണ്ട്. പൊതുവെ പരിശോധിക്കുമ്പോൾ പഞ്ചായത്തിലുള്ള സ്കൂളുകളുടെ പഠാനാനുബന്ധ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടതാണെന്നു പറയുവാൻ വയ്യ.

എല്ലാ സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃ സംഘടന പ്രവർത്തിക്കുന്നുണ്ട്. മാതൃസംഗമം കായനാട് ഇമ്മാനുവൽ യു.പി. എസ്. ഒഴിച്ച് എല്ലാ സ്കൂളുകളിലും ഉണ്ട്. ക്ലാസ്സ് റൂം പി.റ്റി. എ ഒരു സ്കൂളിലുമില്ല. ഈ സംഘടനകളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. രക്ഷകർത്താക്കളുടെ സഹകരണക്കുറവാണ് ഒരു കാര്യം. വളരെ സാധാരണക്കാരുടെ കുട്ടികളാണ് ഈ സ്കൂളുകളിൽ എത്തുന്നത്.

ക്ലാസ്സ് റും പി.റ്റി.എ സംഘടിപ്പിച്ചു കൊണ്ട് രക്ഷ കർത്താക്കളുടെ യോഗങ്ങൾ കൂട്ടി തങ്ങളുടെ കുട്ടികളുടെ പാഠനിലവാരം ചർച്ചചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

സൗത്ത് മാറാടി ഗവ. യു. പി. സ്കൂൾ ഒഴികെ മറ്റെല്ലാ സ്കൂളുകൾക്കും കെട്ടിടം ആവശ്യത്തിനുണ്ട്. കെട്ടിടങ്ങളുടെ മെയിന്റെനൻസ് കാലാകാലങ്ങളിൽ നടക്കുന്നില്ല. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, ചുറ്റുമതിൽ, ക്ലാസ്സ് മുറികളുടെ വേർതിരിവ്. കുട്ടികൾക്കുള്ള ആഹാരം പാകം ചെയ്യുന്നതിനുള്ള സ്ഥലം , കളിസ്ഥലങ്ങൾ, ലാബ്രട്ടറികൾ, പഠനോപകരണങ്ങൾ തുടങ്ങിയ ഭൗതീക സാഹചര്യങ്ങൾ എല്ലാ സാകൂളിലും തന്നെയില്ല. എല്ലാ സ്കൂളിലും ലൈബ്രറി സൗകര്യങ്ങളും കുറവാണ്. എല്ലാ സ്കൂളുകളിലേയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി ആകർഷക മാക്കേണ്ടിയിരിക്കുന്നു. ഇതിന് P.T.A യുടെ പങ്ക് വലുതാണ്.

ഇപ്പോൾ സ്കൂളുകളിൽ അദ്ധ്യാപികമാരാണ് കൂടുതൽ. അദ്ധ്യാപകരുടെ ഒഴിവുകളിൽ നിയമനത്തിൽ വരുന്ന കാലതാമസം കുട്ടികളുടെ പഠനത്തെ വളരെയധികം ബാധിക്കുന്നുണ്ട്. ഇപ്പോൾ സ്കൂളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ ഇല്ലാത്തതാകുന്നു. പഞ്ചായത്തിലുള്ള നെഴ്സറി സ്കൂളുകളുടേയും ബാലവാടികളുടേയും ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല. കുട്ടികൾക്കുള്ള കളി ഉപകരണങ്ങൾ മറ്റ് സാമഗ്രികൾ ഒന്നും തന്നെ ഈ സ്കൂളുകളില്ലാ. ഇവയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഈ സ്കൂളിലെ അദ്ധ്യാപികമാരുടെ താൽപ്പര്യവും കഴിവും പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ സ്കൂളുകളുടെ പ്രവർത്തനങ്ങൾ സമഗ്രമായി പഠിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി കൂടുതൽ കുട്ടികളെ ആകർഷിക്കുന്ന വിധം സംവിധാനം ചെയ്യേണ്ടിയിരിക്കുന്നു.

അനൗപചാരിക വിദ്യാഭ്യാസ മേഖല മാറാടിയിൽ സമ്പുഷ്ടമായിട്ടില്ല. ഈ പഞ്ചായത്തിൽ 3 വായനശാലകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പഞ്ചായത്ത് പബ്ലിക് ലൈബ്രറി, കായനാട് പബ്ലിക് ലൈബ്രറി, സൗത്ത് മാറാടി വായനശാല. 1945 സ്ഥാപിച്ച ഗ്രാമോധാരണ വായനശാലയാണ് ഇപ്പോൾ പഞ്ചായത്ത് പബ്ലിക് ലൈബ്രറിയായി മാറിയിരിക്കുന്നത്. ഈ വായനശാല തുടക്കത്തിൽ നന്നായി പ്രവർത്തിച്ചിരുന്നതും ധാരാളം ചെറുപ്പക്കാരെ ആകർഷിച്ചിരുന്നതുമാണ്. ജനങ്ങളിൽ വായനാശീലം വളർത്തുന്നതിനും ഈ പ്രദേശത്തെ കലാകായിക പ്രവർത്തലങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും ഇതിനു കഴിഞ്ഞിരുന്നു. ധാരാളം പുസ്തകങ്ങളും, ആനുകാലിക പ്രസിദ്ധീകരണങ്ങളും ഇതിൽ ഉണ്ടായിരുന്നു. പിന്നീട് ഇതിന്റെ പ്രവർത്തനങ്ങൾ ശോഷിക്കുകയും പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായും വന്നു. ഇപ്പോഴത്തെ ഈ വായനശാലയുടെ സ്ഥിതി മെച്ചപ്പെട്ടതല്ല. മറ്റ് രണ്ട് വായനശാലയുടേയും പ്രവർത്തനം തൃപ്തികരമല്ല. വായനശാലയുടെ ഭൗതീക സാഹചര്യം മെച്ചപ്പെട്ടതല്ല. വായനക്കാരുടെ എണ്ണം വളരെക്കുറവാണ്. പുതിയ പുസ്തകങ്ങൾ വായനശാലയിൽ വളരെക്കുറവാണ്. ഈ വായനശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ആകർഷകമാക്കുകയും, ഇവിടുത്തെ കലാകായിക സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ ഇവയെ പ്രാപ്തമാക്കേണ്ടിയു മിരിക്കുന്നു. നിരക്ഷരതാ നിർമ്മാർജ്ജനപരിപാടിയിൽ മാറാടി പഞ്ചായത്ത് സജീവമായി പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി സാക്ഷരതാ നിലവാരം 90% ത്തോളമാക്കാൻ കഴിഞ്ഞു. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമായിട്ട് നടക്കുന്നില്ല. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനനിരതമല്ല. ഇത് പ്രവർത്തനക്ഷമ മാക്കേണ്ടിയിരിക്കുന്നു. സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനത്തിൽ ധാരാളം യുവതീയുവാക്കൾ സേവന തൽപ്പരരായി മുന്നോട്ടു വരുകയും നിസ്വാർത്ഥസേവനം കാഴ്ചവക്കുകയും ചെയ്തു. ഇവരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിക്ക് സമഗ്ര വിദ്ധ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. സമഗ്ര വിദ്ധ്യാഭ്യാസ പദ്ധതിക്ക് 3 മുഖ്യധാരകൾ ഉണ്ട്.

1) അക്കാദമിക് പ്രവർത്തനങ്ങൾ

2) പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ

3) ജനകീയ പ്രവർത്തനങ്ങൾ

### (1) അക്കാദമിക് പ്രവർത്തനങ്ങൾ :-

(a) അനുപൂരക വിദ്യാഭ്യാസം :- പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ.

(b) പ്രതിമാസ അധ്യാപക സംഗമം :- അധ്യാപകർ തമ്മിൽ ആശയങ്ങൾ, അറിവുകൾ, ഉപകരണങ്ങൾ പങ്കുവയ്ക്കൽ , സബ്ജക്ട് കൗൺസിലുകൾ തുടങ്ങിയവ ഇതിൽപ്പെടുന്നു.

(c) നഴ്സറിയും ഒന്നാം ക്ലാസ്സും ഒന്നാംതരമാക്കുക:- ആദ്യമായി സ്കൂളിലെത്തുന്ന കുട്ടികൾക്ക് സ്കൂളിനോടുള്ള ആഭിമുഖ്യമുണ്ടാക്കുന്നതിന് അവരെ ശരീരികവും മാനസീകവുമാക്കി തയ്യാറാക്കുക.

(d) അധ്യാപക പുന:പരിശീലനം :- പുതിയ പുതിയ അറിവുകൾ അധ്യാപകർക്ക് കൈമാറുക, പഠന ബോധപ്രവർത്തനം രസകരമാക്കുക.

(e) സമഗ്രമായ മൂല്യനിർണ്ണയം :- ഇന്നു നടക്കുന്ന പരീക്ഷാരീതി ഒട്ടും ശാസ്ത്രീയമല്ല, വെറും ഓർമ്മപരീക്ഷമാത്രം. ഇത് സമഗ്രമായി പരിഷ്ക്കരിക്കണം.

(f) മോണിറ്ററിംഗ് :- പഠനരംഗത്തെ പുരോഗതി വിലയിരുത്താം. റിപ്പോർട്ടിംഗ്, അക്കാദമിക് സന്ദർശനം, ഹിയർ മോണിറ്ററിംഗ് മുതലായ ഇതിൽപ്പെടുന്നു.

2. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ :-

സാഹിത്യ സമാജം, കൈയ്യെഴുത്തു മാസിക, ക്ലബ്ബുകൾ, ലൈബ്രറി, പഠനയാത്ര, മാസ് ഡ്രിൽ, പരിസര ശുചീകരണം, പ്രവർത്തി പരിചയം, അസംബ്ലി, ദേശീയ ദിനാചരണങ്ങൾ, സ്കൂൾ വാർഷികം, കലോത്സവങ്ങൾ, കലാകായിക മത്സരങ്ങൾ, അവാർഡുകൾ, സ്കൗട്ടുകൾ, എൻ. സി. സി മുതലായവ ഇതിൽ പെടുന്നു.

3. ജനകീയ ഇടപെടൽ :-

പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസ മേഖല പുതിയ പഞ്ചായത്ത് രാജ് ആക്റ്റ് അനുസരിച്ച് പഞ്ചായത്തുകളുടെ ചുമതലയിലാണ്. അതുകൊണ്ടു തന്നെ ജനകീയ ഇടപെടലുകൾ എളുപ്പമാക്കുന്നു.

(1) പഞ്ചായത്തുതല സമിതി :-

പഞ്ചായത്തിലെ ഔപചാരിക, അനൗപചാരിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപീകരിക്കേണ്ടതാണ്.

(2) സ്കൂൾ തല സമിതികൾ :-

അതാത് സ്കൂൾ തലത്തിൽ സംഘടിപ്പിക്കണം.

(3) അദ്ധ്യാപക രക്ഷാകർത്തൃ സംഘടന

(4) മാതൃ സംഗമം

(5) ക്ലാസ്സ് കം പി.റ്റി.എ

ഇവകളുടെ പ്രവർത്തനം സചേതനമാക്കണം.

4. ഭൗതീക സാഹചര്യങ്ങൾ

സ്കൂൾ ആകർഷകമാക്കൽ, പാഠസാമഗ്രികൾ, ക്ലാസ്സ് റൂം അകർഷകമാക്കൽ, യാത്രാസൗകര്യം മെച്ചപ്പെടുത്തൽ മുതലായവ ഇതിൽപ്പെടുന്നു.

രണ്ട് ഹൈസ്കൂളും 5 പ്രൈമറി സ്കൂളുമുള്ള പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. നിലവിലുള്ള ഗവ. ഹൈസ്കൂളിൽ ഇത് തുടങ്ങുന്നതിനുള്ള കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും നിലവിലുള്ളതാകുന്നു. സാങ്കേതിക വിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെ പരിമിതമാണ്. ഈ കുറവ് പരിഹരിക്കാൻ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1) പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ ഗണ്യമായി കുറയുന്നു.
2) വിദ്യാഭ്യാസ ഗുണനിലവാരത്തിൽ കുറവുണ്ടാകുന്നു.
3) പഞ്ചായത്തിലെ സ്കൂളുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും ആകർഷകമല്ലാതാകുന്നു.
4) സമീപ നഗരത്തിലും പഞ്ചായത്തിലുമുള്ള ദൂരെയുള്ള സ്കൂളുകളിലേക്ക് കുട്ടികൾ പോകുന്നതു കൊണ്ട് രക്ഷിതാക്കൾക്ക് വിദ്യാഭ്യാസ ചെലവ് കൂടുന്നു. ഇവിടത്തെ സ്കൂളുകളിൽ കുട്ടികൾ കുറയുന്നു.
5) P.T.A, മാതൃസംഗമം, ക്ലാസ്സ് റൂം P.T.A തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
6) സ്കൂൾ ഭൗതീക സാഹചര്യങ്ങൾ മെച്ചമല്ല.
7) യാത്രാസൗകര്യങ്ങൾ വേണ്ടത്ര ഇല്ല.
8) സർക്കാർ സ്കൂളുകൾ മോശമാണെന്ന ധാരണ.
9) ഇംഗ്ലീഷ് സ്കൂൾ വിദ്യാഭ്യാസത്തോടുള്ള പ്രിയം.
10) സാങ്കേതിക വിദ്ധ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
11) ലൈബ്രറി കളുടെ പ്രവർത്തനം മെച്ചപ്പെട്ടതല്ല.
12) സാക്ഷരതാ പ്രവർത്തനം നടക്കുന്നില്ല.
13) ബാലവാടികളുടേയും നഴ്സറികളുടേയും പ്രവർത്തനം തൃപ്തികരമല്ല.
14) സ്കൂൾ വിധ്യാർത്ഥികളുടെ നിരക്ഷരത ഗണ്യമായ അളവിൽ നിലനിൽക്കുന്നു.

15) സ്കൂളിലെ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.

16) ജനകീയ ഇടപെടലുകൾ ഉണ്ടാകുന്നില്ല.

17) വിദ്യാഭ്യാസ വികസനസമിതിയും സ്കൂൾ തല വികസന സമിതിയും രൂപീകരിച്ചിട്ടില്ല.

18) സ്കൂൾ കോംപ്ലക്സ് പദ്ധതി നടപ്പിലാക്കിയിട്ടില്ല.

19) സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തിട്ടില്ല.

## സാദ്ധ്യതകൾ

1) സർക്കാർ സ്കൂളുകളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

കെട്ടിടങ്ങൾ, കുടിവെള്ളം, മൂത്രപ്പുര, കക്കൂസുകൾ, ചുറ്റുമതിൽ, കളിസ്ഥലം, ഉപകരണങ്ങൾ, ലാബ്രട്ടറി, ലൈബ്രറി, ഉദ്യാനം, കളിക്കോപ്പുകൾ എന്നിവ P.T.A യുമായി ബന്ധപ്പെടുത്തി സൗകര്യപ്പെടുത്തി കൊടുക്കുക. സ്കൂൾ ആകർഷകമാക്കുക.

2) പഠന ഗുണനിലവാരം മെച്ചപ്പെടുത്തുക.

1. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിപാടികൾ.
2. പ്രതിമാസ അദ്ധ്യപക സംഗമം.
3. നഴ്സറിയും ഒന്നാം ക്ലാസ്സും ഒന്നാം തരമാക്കുക.
4. അദ്ധ്യാപക പുനഃപരിശീലനം.
5. സമഗ്രമായ മൂല്യനിർണ്ണയം.
6. മോണിറ്ററിംഗ്.
7. സാഹിത്യ സമാജം കൈയ്യെഴുത്തു മാസിക, ക്ലബ്ബുകൾ ലൈബ്രറി, പഠനയാത്ര, മാസ്ഡ്രിൽ, പരിസര ശുചീകരണം, അസംബ്ലി, കലോത്സവങ്ങൾ, കലാകായിക മത്സരം, സ്കൂൾ വാർഷികം, കരിയർ ഗൈഡൻസ്, N.C.C, സ്കൗട്ട്, അവാർഡുകൾ തുടങ്ങിയവ എല്ലാ സ്കൂളിലും നടപ്പിലാക്കുക.
8. പഞ്ചായത്ത് തല വിദ്യാഭ്യാസ സമിതി , സ്കൂൾ തല വികസന സമിതി എന്നിലയിലൂടെ ജനകീയ ഇടപെടലുകൾ സാദ്ധ്യമാക്കി തീർക്കുക.

3. P.T.A, മാതൃസംഗമം, ക്ലാസ്സ് റൂം P.T.A തുടങ്ങിയ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4. കുട്ടികൾക്ക് യൂണിഫോം നിഷ്കർഷിക്കുക. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും കുട്ടികൾക്ക് ഒരേ യൂണിഫോം.

5. യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

6. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സുകൾ ആരംഭിക്കണം.

7. ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുക. ഈസ്റ്റ് മാറാടിയിൽ ഒരു ലൈബ്രറി തുടങ്ങുക.

8. ഗവൺമെന്റിന്റെ ഹൈസ്കൂളിൽ ഒരു ടെക്നിക്കൽ സ്കൂൾ സ്ഥാപിക്കുക.

9. സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമാക്കുക. ജനവിദ്യാ കേന്ദ്രം പ്രവർത്തന നിരതമാക്കുക.

10. അംഗൻ വാടികൾ ഈസ്റ്റ് മറാടി പള്ളിക്കവല , ഈസ്റ്റ് മാറാടി, മണിയങ്കല്ല്, പാറത്തട്ടാൽ, മണ്ണത്തൂർക്കവല, കയനാട്, വിരിപ്പ് കണ്ടം, മകിടുപാറ എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുക.

11. സർക്കാർ സ്കൂളുകൾ ആകർഷകമാക്കുന്നതോടൊപ്പം മോശമാണെന്നുള്ള ധാരണ മാറ്റുന്നതിന് പ്രചാരണ ഉപാധികൾ സ്വീകരിക്കുക.

12. പൊതു വിദ്യാഭ്യാസത്തിന്റെ മേന്മയും പ്രസക്തിയും ജനങ്ങളിൽ എത്തിക്കുക.

13. കലാവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ ഏർപ്പെടുത്തുക.

14. സ്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾ ശക്തമാക്കണം.

# കുടിവെള്ളവും പൊതുജനാരോഗ്യവും

## പൊതുജനാരോഗ്യം

ലോകാരോഗ്യ സംഘടനയുടെ നിർവചനമനുസരിച്ച് ഒരു മനുഷ്യന്റെ ആരോഗ്യമെന്നു പറഞ്ഞാൽ ശാരീരികവും മാനസികവും സാമൂഹ്യപരമായ സ്ഥിതിയുമാണ്. സാമ്പത്തിക, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ ആരോഗ്യമുള്ള ജനതയുടെ സൃഷ്ടിക്ക് തടസ്സമാണ്. സാമ്പത്തിക പുരോഗതിയല്ല ഒരു ജനതയുടെ പുരോഗതി കണക്കാക്കുന്നതിനുള്ള മാനദണ്ഡം. ശിശുമരണ നിരക്ക്, മരണ നിരക്ക്, ജനന നിരക്ക്, ആയുർ ദൈർഘ്യം, വിദ്യാഭ്യാസം മുതലായവയാണ് പുരോഗതിയുടെ അളവുകോൽ. ആ നിലയിൽ നമ്മുടെ സംസ്ഥാനവും നമ്മുടെ പ്രദേശവും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നിലാണ്.

മാറാടിയിലെ ജനസംഖ്യ 13570 ഉം ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 635ഉംമാണ്. വീടോന്നിന് 4.91 ആളുകൾ വീതമാണുള്ളത്. മാറാടിയിലെ ജനനനിരക്ക് 1000ന് 18 എന്ന നിരക്കിലും മരണ നിർക്ക 3.89 എന്ന നിരക്കിലുമാണ്. മാതൃമരണങ്ങൾ ഇല്ലായെന്ന് തന്നെപറയാവുന്ന സ്ഥിതിയിലാണ്. അതുപോലെ തന്നെ ശിശുമരണ നിരക്കും വളരെ കുറവാണ്. ജനനനിരക്ക് ഒഴിച്ച് ബാക്കിയെല്ലാം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. ജനനനിരക്ക് സംസ്ഥാന ശരാശരിയാക്കാൾ ഒരു ശതമാനം കൂടുതലാണ്. ഈസ്റ്റ് മാറാടി, ഉല്ലാപ്പിള്ളി എന്നീ പ്രദേശങ്ങളിലാണ് ജനനനിരക്ക് കൂടുതലായി കാണുന്നത്. ജനനവും മരണവും കൂടുതലായി വെളിയിലുള്ള സ്ഥലങ്ങളിലെ ആശുപത്രികളിൽ നടക്കുന്നതുകൊണ്ട് കൃത്യമായി കണക്ക് ലഭ്യമല്ല. ഏതാണ്ട് 80% ആളുകളും ജനന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണ്.

ആറ് വയസ്സിന് താഴെ 1507 കുട്ടികളാണ് ഉള്ളത്. പോഷകാഹാരക്കുറവു അനുഭവപ്പെടുന്ന കുട്ടികൾ ഒരു ശതമാനത്തിൽ കൂടുതൽ വരുന്നില്ല. എല്ലാ കുട്ടികളും തന്നെ മാരകമായ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തവരാണ്. വൃദ്ധജനങ്ങളുടെ അനുപാതം കൂടുതലാണ് ഇവിടെ. ഇതിനുള്ള കാരണം ആയുർ ദൈർഘ്യത്തിൽ വന്ന മാറ്റമാണ്.

ഈ പഞ്ചായത്തിൽ അംഗവൈകല്യം ബാധിച്ചവർ 105 ആണ്. ഇതിൽ 59 പുരുഷന്മാരും 46 സ്ത്രീകളുമാണ്. ഇത് ആയിരത്തിന് 7.7 എന്ന നിരക്കിലാണ്. ഇതിൽ അന്ധർ, മൂകർ, ബധിരർ, ചലന വൈകല്യം സംഭവിച്ചവർ എന്നിങ്ങനെയുള്ള അംഗവൈകല്യർപ്പെടുന്നു.

ഒരു വർഷം 6420 ഓളം എണ്ണം ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ മാറാടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ചികത്സയ്ക്ക് വരുന്നുണ്ട്. ഇതിൽ സ്ഥായിയായ രോഗമുള്ളവർ 160 എണ്ണമാണ്. രക്ത സമ്മർദ്ദം 55, പ്രമേഹം 43, ക്യാൻസർ 4, കുഷ്ഠം 6, ക്ഷയം 17, ഹൃദ്രോഗം 35 എന്നിങ്ങനെയാണ് ഇതിന്റെ തരം തിരിവ്, ഇതു കൂടാതെ ത്വക്ക് രോഗികൾ 15, വാതരോഗം 153, പകർച്ചവ്യാധികൾ 407 എന്നിങ്ങനെയും തരം തിരിച്ചിട്ടുണ്ട്.

മാറാടിയിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രവും ഒരു ഹോമിയോ ആശുപത്രിയും രണ്ട് കുടുംബ ക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. 1972 ൽ തുടങ്ങിയ പ്രാഥമികാരോഗ്യകേന്ദ്രം സ്വന്തം

കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ കേന്ദ്ര ത്തിൽ 11 ജീവനക്കാർ ജോലി ചെയ്തു വരുന്നു. 1993 ൽ തുടങ്ങിയ ഹോമിയോ ആശുപത്രി പഞ്ചാ യത്താഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. അവിടെ ഒരു ഡോക്ടറും 2 ജീവനക്കാരുമുണ്ട്. ആശുപത്രിക്ക് സ്വന്തമായി കെട്ടിടമില്ലാത്തതാകുന്നു. പഞ്ചായത്തിലെ ഒന്നും, രണ്ടും, മൂന്നും വാർഡുക ളിൽപ്പെട്ട ഭൂരിപക്ഷ രോഗികളും മൂവാറ്റുപുഴയിലുള്ള ആശുപത്രികളെയാണ് ചികത്സയ്ക്ക് ആശ്രയിക്കു ന്നത്. സാമീപ്യം കൊണ്ടും വാഹനസൗകര്യങ്ങൾ കൊണ്ടും മൂവാറ്റുപുഴയിലാണ് ഈ വാർഡുകളിലെ ആളുകൾക്ക് സൗകര്യം. പഞ്ചായത്തിന്റെ ഭൂമിശാ സ്ത്രമായ കാരണങ്ങളാൽ നിലവിലുള്ള അലോ പ്പതി, ഹോമിയോ ആശുപത്രികളുടെ സാമീപ്യവും സേവനവും പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും താമസിക്കുന്നവർക്ക് കിട്ടുന്നില്ല.

ആരോഗ്യരംഗത്തെ പറ്റി ചിന്തിക്കുമ്പോൾ ശുചിത്വത്തിന്റെ പ്രധാന്യം കുറച്ചു കാണുവാൻ നിവൃത്തിയില്ല. വീടും പരിസരവും പൊതുസ്ഥല ങ്ങളും ശുചിയായി സൂക്ഷിക്കുകയും ശുദ്ധമായ വെള്ളം ലഭ്യമാക്കുകയും ചെയ്താൽ ഇന്നു കാണുന്ന പല മാരക രോഗങ്ങളും ഇല്ലാതാക്കുവാൻ സാധിക്കും. വയറിളക്കം, വയറുകടി, സന്നിപാത ജ്വരം, പിള്ളവാതം, മഞ്ഞപ്പിത്തം, വിഷൂചിക മുത ലായ മാരകമായ പകർച്ചവ്യാധികൾ കുടിക്കുന്ന വെള്ളത്തിലൂടെയും കഴിക്കുന്ന ആഹാരത്തിലൂടെ യുമാണ് പകരുന്നത്. ജലവും ആഹാരവും മലിന മാക്കാതിരുന്നാൽ ഇവയിൽ നിന്നും വിമുക്തി നേടാം. അതുപോലെ തന്നെ പരിസരശുചിത്വ ത്തിന്റെ അഭാവത്തിൽ എലികളുടെയും, കൊതുകി ന്റെയും ശല്ല്യമുണ്ടാകുകയും എലിപ്പനി, മന്ത്, മലേ റിയ തുടങ്ങിയ രോഗങ്ങൾക്ക് കാരണമാകുന്നു.

പരിസരമലിനീകരണം തടയുവാൻ ഏറ്റവും പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടത് എല്ലാ വീടുകളിലും സാനിട്ടറി കക്കൂസുകൾ ഉണ്ടാ ക്കുകയെന്നതാണ്. ഇന്ന് പഞ്ചായത്തിൽ ഏതാണ്ട് 552 വീടുകൾക്ക് കക്കൂസുകൾ ഇല്ലാത്തതായാണ് കണക്ക്. ഇതിൽ സാമ്പത്തികമായി കക്കൂസുകൾ ഉണ്ടാക്കാൻ കഴിവുള്ളവരും ഇല്ലാത്തവരുമുണ്ട്. എല്ലാ വീടുകളിലും കക്കൂസുകൾ ഉണ്ടാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുക്കണം. ഒരു സർവ്വേ നടത്തി കക്കൂസ് ഇല്ലാത്ത വീടുകളും അവ രുടെ സാമ്പത്തിക സ്ഥിതി വിവരങ്ങളും ശേഖരി ക്കണം. സാമ്പത്തിക ശേഷിയുള്ളവർ അവരവർ തന്നെയും, കുറച്ചുകൂടി സാമ്പത്തിക ശേഷി കുറ ഞ്ഞവർക്ക് ബാങ്കിൽ നിന്ന് വായ്പയും ഭാഗികമായി സബ്സിഡിയും, തീരെ പാവപ്പെട്ടവർക്ക് മുഴുവൻ ബ്സിഡിയുമായുള്ള സമയാധിഷ്ഠിത പദ്ധതി ന്ന് രൂപം നൽകേണ്ടത്.

ാഠ. സന്ന് ക്കാന്ത

വീടും പരിസരങ്ങളും ശുചിയായി സൂക്ഷി ക്കുന്നതിനും കിണറും പരിസരങ്ങളും ശുചിയായി ടുന്നതിനും പൊതുസ്ഥലങ്ങൾ ശുചിയാക്കുന്ന തിനും പദ്ധതികൾക്ക് രൂപം നൽകണം. മാലിന്യ ങ്ങൾ നീക്കം ചെയ്യുന്നതിനും അടുക്കളയിലെ മലിന ജലവും, അവശിഷ്ടങ്ങൾ നശിപ്പിക്കുന്നതിനും സംവിധാനങ്ങൾ ഉള്ളത് ചുരുക്കം വീടുകൾക്കേയു ള്ളൂ. എല്ലാ വീടുകളും പരിസരങ്ങളും പൊതുസ്ഥ ലങ്ങളും

ശുചിയായി സൂക്ഷിക്കുന്നതിന് പൊതുജ നങ്ങളെ അവബോധമുള്ളവരാക്കി

തീർക്കുന്നതിന് ക്യാമ്പയിനുകളും ആരോ ഗ്യവിദ്യാഭ്യാസ പരിപാടികളും സംഘടിപ്പിക്കണം.

ആരോഗ്യവിദ്യാഭ്യാസത്തിന് വാർഡുകൾ തോറും മഹിളാക്യാമ്പുകൾ വർഷത്തിൽ ഒന്ന് എന്ന കണക്കിന് പഞ്ചായത്ത് ധനസഹായത്തോടെ സംഘടിപ്പിക്കേണ്ടതാണ്. രോഗം വന്നിട്ട് ചികിത്സി ക്കുന്നതിനേക്കാൾ പ്രാധാന്യം രോഗം വരാതിരിക്കു ന്നതിന് കൊടുക്കണം. അതിന് ആരോഗ്യവിദ്യാ ഭ്യാസ പരിപാടികളും പ്രചരണപരിപാടികളും ഉപ കരിക്കും.

രോഗപ്രതിരോധകുത്തിവയ്പു കൾ,ശുചിത്വം, പോഷകാഹാരം, ഇലക്കറികളുടെ ഗുണം, അതിന്റെ പാചകവിധികൾ തുടങ്ങിയ കാര്യ ങ്ങളെപ്പറ്റി സ്ത്രീകൾക്ക് അവബോധം കിട്ടത്തക്ക വിധം ബോധവൽക്കരണ ക്ലാസ്സുകളും ചർച്ചകളു മാണ് സംഘടിപ്പിക്കേണ്ടത്.

അതു പോലെ തന്നെ ക്യാൻസർ ഡിറ്റ ക്ഷൻ ക്യാമ്പുകൾ, മദ്യപാനം, പുകവലി, മയക്കു മരുന്ന് ഉപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾക്കെതി രെയുള്ള

ബോധവൽക്കരണ പരിപാടികൾക്കും രൂപം നൽകണം. എയ്ഡ്സ് രോഗത്തിനെതിരെയുള്ള ആരോഗ്യവിദ്യാഭ്യാസവും പ്രചരണവും സംഘടിപ്പി ക്കേണ്ടിയിരിക്കുന്നു. ഈപരിപാടികൾ പഞ്ചായ ത്തിന്റെ ഒരു പദ്ധതിയായി മാറണം.

## പ്രശ്നങ്ങളും സാദ്ധ്യതകളും -

1.) നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സാഹചര്യങ്ങളും രോഗനിർണ്ണയ സംവിധാനങ്ങളും മെച്ചപ്പെടുത്തുക. രോഗി കളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗക ര്യങ്ങൾ ഏർപ്പെടുത്തുക. ഡോക്ടറുടെ സേവനം രാത്രികാലങ്ങളിലും ലഭ്യമാക്കുന്ന തിനുള്ള ഏർപ്പാടുകൾ ചെയ്യുക.

2.) ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക. ഇപ്പോൾ പ്രവർത്തിക്കുന്നത് പഞ്ചായത്താഫീസ് കെട്ടിടത്തിന്റെ ഒരു ചെറിയ മുറിയിലാണ്. ഇതിന്റെ ഭൗതീകസാഹചര്യങ്ങൾമെച്ചപ്പെടുത്തുക.

3.) നിലവിലുള്ള രണ്ട് കുടുംബക്ഷേമ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. അവയുടെ പ്രവർത്തനം മോണിറ്ററിംഗ് നടത്തുക.

4.) ഈസ്റ്റ് മാറാടിയിലുള്ള പഞ്ചായത്ത് വക കെട്ടിടത്തിൽ ആയുർവ്വേദാശുപത്രി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5.) എല്ലാ വീടുകൾക്കും കക്കൂസുകൾ എന്ന ലക്ഷ്യം വച്ച് അടുത്തു മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകത്തക്കവിധം സ്കീം തയ്യാറാക്കി നടപ്പിൽ വരുത്തുക.

6.) ആരോഗ്യവിദ്യാഭ്യാസം വിപുലമാക്കുക. ക്യാമ്പുകൾ, ക്യാമ്പെയിനുകൾ, പ്രചരണം, മുതലായവ ജനപങ്കാളിത്തത്തോടെ വിപുലമായി സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുക.

7.) സ്കൂൾ കുട്ടികളുടെ ആരോഗ്യപരിശോധന നടത്തുകയും രോഗപ്രതിരോധനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

8.) മദ്യപാനം, പുകവലി, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുഃശ്ശീലങ്ങൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

അതു പോലെ തന്നെ ക്യാൻസർ ഡിറ്റക്ക്ഷൻ ക്യാമ്പുകൾ, എയ്ഡ്സ് രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ തുടങ്ങിയവയെപ്പറ്റിയുള്ള അറിവുകൾ പൊതുജനങ്ങളിൽ എത്തിക്കുക.

9.) പൊതുസ്ഥലങ്ങളുടെ പരിസരമലനീകരണം ദുരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഈസ്റ്റ് മാറാടി ടൗൺ പ്രദേശം, ഈസ്റ്റ് മാറാടി പള്ളിക്കവല, മണ്ണത്തൂർ കവല, ഇരട്ടിയാനിക്കുന്ന്, പള്ളിത്താഴം, ഉല്ലാപ്പിള്ളി തുടങ്ങിയ സ്ഥലങ്ങളിലെ പരിസരമലനീകരണം ഒഴിവാക്കാനും പരിസരശുചിത്വത്തിനുള്ള നടപടികളും സ്വീകരിക്കണം.

10.) എലി, പട്ടി, കൊതുക് ശല്ല്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11.) എല്ലാ വീടുകളിലേയും കിണറുകൾ ശുദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. അതുപോലെത്തന്നെ പൊതുകിണറുകളും ശുദ്ധീകരിക്കുക.

12.) നിലവിലുള്ള മാർക്കറ്റുകളിൽ നടത്തുന്ന കശാപ്പുശാലകളിൽ നിന്നുമുള്ള ദുർഗന്ധം പരിസരവാസികൾക്ക് ശല്ല്യമായിതീരുന്നു. ഇത് ദുരീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.

13.) റബ്ബർ ഷീറ്റ് അടിക്കുന്ന സ്ഥലങ്ങളിൽ നിന്നുള്ള മലിനജലം മൂലം കൊതുകുകൾ വർദ്ധിക്കുന്നതിനും ദുർഗന്ധം മൂലവും ജീവിതം ദുസ്സഹമാകുന്നു.

14.) നിലവിലുള്ള റബ്ബർ ഫാക്ടറികളിൽ നിന്നുള്ള ദുർഗന്ധവും മലനീകരണവും മൂലം പരിസരവാസികൾക്ക് വളരെയധികം വിഷമം അനുഭവപ്പെടുന്നു.

15.) ഈസ്റ്റ് മാറാടി, മണ്ണത്തൂർ കവല തുടങ്ങിയ സ്ഥലങ്ങളിൽ പൊതു കക്കൂസുകളും, മൂത്രപ്പുരകളും ഉണ്ടാക്കുക.

16.) മാറാടി പഞ്ചായത്തിന് സമഗ്രമായ ഒരു സമഗ്ര ആരോഗ്യനയത്തിന് രൂപം കൊടുക്കുക.

# കുടിവെള്ളം

ആരോഗ്യപുരോഗതിയുടെ മുഖ്യസൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. മാറാടിയിലെ മുഖ്യ കുടിവെള്ള സ്ത്രോതസ്സുകൾ സ്വകാര്യ കിണറുകളും പൊതു കിണറുകളും പൈപ്പ് വെള്ളവുമാണ്.

ഭൂരിപക്ഷം കുടുംബങ്ങളിലും കിണറുകളുണ്ട്.കിണറുകളില്ലാത്ത വീട്ടുകാർ അയൽപക്കത്തെ കിണറുകളിലെ വെള്ളം ഉപയോഗിക്കുന്നു. ഉയർന്ന പ്രദേശങ്ങളിൽ വർഷക്കാലത്തും ജനുവരി ഫെബ്രുവരി മാസം വരെയും കിണറുകളിൽ വെള്ളം കാണും.മാർച്ച് മുതൽ മെയ് വരെയുള്ള മാസങ്ങളിൽ ഈ കിണറുകളിലെ വെള്ളം വറ്റിപ്പോകുന്നു.താഴ്ന്ന പ്രദേശങ്ങളിലുള്ള കിണറുകളിൽ എല്ലാകാലങ്ങളിലും വെള്ളം സുലഭമായി ഉണ്ടാകും. ഉയർന്നപ്രദേശങ്ങളിലും പാറയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും ആണ് വേനൽക്കാലത്ത് വെള്ളത്തിന്റെ ദൗർലഭ്യമനുഭവപ്പെടുന്നത്.

പൊതുകിണറുകൾ 15 എണ്ണമാണ് മാറാടിയിലെ പല പ്രദേശങ്ങളിലായി ഉള്ളത്.ഈ കിണറുകൾ ഭൂരിഭാഗവും റോഡ് സൈഡുകളിലാണ്. വേനൽക്കാലത്ത് വീടുകളിലുള്ള കിണറുകളിലെ വെള്ളം ഇല്ലാതാകുന്ന അവസരത്തിലാണ് പൊതു കിണറുകൾ ഉപയോഗിക്കുന്നത്.വീടുകളിലെന്ന പോലെ ഈ പൊതുകിണറുകളിൽ പലതിലും വേനൽക്കാലത്ത് വെള്ളം ഇല്ലാതാകുന്നു. അതിന് ഒരു കാരണം ഈ കിണറുകളിലെ അറ്റകുറ്റപ്പണികൾ തീർത്ത് ശരിയായി സംരക്ഷിക്കപ്പെടുന്നില്ല എന്നതാണ്.

പൈപ്പിൽ കൂടിയുള്ള വെള്ളമാണ് കുടിവെള്ളത്തിനുള്ള മറ്റൊരു ഉപാധി. മൂവാറ്റുപുഴ വാട്ടർ സപ്ലൈ സ്കീം, രാമമംഗലം ജലവിതരണ പദ്ധതി, ആരക്കുഴ ജലവിതരണ പദ്ധതി എന്നീ മൂന്ന് പദ്ധതികളിലൂടെയാണ് മാറാടിയുടെ വിവിധ ഭാഗങ്ങളിൽ വെള്ളമെത്തിക്കുന്നത്.ആരക്കുഴ ജലവിതരണ പദ്ധതിയിൽ നിന്നും മണിയങ്കല്ല് ഭാഗത്തും, രാമമംഗലം ജലവിതരണ പദ്ധതിയിൽ നിന്നും 7-ാം വാർഡിലെയും 8-ാം വാർഡിലെ ചില ഭാഗങ്ങളിലും വെള്ളമെത്തുന്നുണ്ട്. ബാക്കിയുള്ള ഭാഗങ്ങളിലെല്ലാം മൂവാറ്റുപുഴ മുനിസിപ്പൽ ജലവിതരണ പദ്ധതിയിൽ നിന്നും നിന്നാണ് വെള്ളം വിതരണം ചെയ്യുന്നത്. ഈ പദ്ധതികളും മാറാടി പഞ്ചായത്തിനെ മുഴുവൻ കണ്ടു കൊണ്ട് സമഗ്രമായ ഒരു പ്ലാനിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതല്ല. അതുകൊണ്ട് മാറാടിയുടെ എല്ലാ ഭാഗത്തും വെള്ളമെത്തിക്കുന്ന സംഗതി സാധിച്ചിട്ടില്ല. പൈപ്പിട്ട സ്ഥലങ്ങളിൽ പല കാലത്തും വേനൽക്കാലത്ത് വെള്ളം ലഭിക്കാറുമില്ല.

**രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ താഴെ പറയുന്നവയാണ്.**

1. ചാരപ്പുറം ഹരിജൻ കോളനി.
2. ലക്ഷം വീട് കോളനി. — 1-ാം വാർഡ്
3. ഇല്ലത്തുമല കോളനി.

4. ലക്ഷം വീട് കോളനി.
5. ഉന്ന കുപ്പ — 2-ാം വാർഡ്
6. തേവർക്കാട്

7. മാറാടി കണ്ണണ്ടാടി റോഡിന് ഇരുവശവും
8. വെള്ളിലാത്തടം റോഡിന് ഇരുവശവും
9. വണ്ടന്രപ്ര പാറ പ്രദേശം — 3-ാം വാർഡ്
10. മൊടോമറ്റം പ്രദേശം
11. മാണിയങ്കല്ല് കനാൽ റോഡിനിരുവശവും

12. പാമ്പേലിഭാഗം
13. ഹൈസ്കൂൾ പുള്ളോർക്കുടി ഭാഗം 4-ാം വാർഡ്

14. മണിയങ്കല്ല്
15. മുടക്കുപാറ
16. കാഞ്ഞരക്കാട് ഭാഗം
17. ഊളക്കുന്ന് — 5-ാം വാർഡ്
18. പാറത്തട്ടാൻ ഭാഗം
19. മാരപ്പിള്ളിപാറ
20. ഹൈസ്ക്കൂൾ ജങ്ഷൻ
21. വരപ്പുറത്ത് ഭാഗം
22. ഐക്കരക്കിടി ഭാഗം
23. കൊല്ലാറമല

24. മാന്തോട്ടം
25. കണിയാങ്കണ്ടം
26. ശൂലം

27. ലക്ഷം വീട്

28. കാക്കാലം പാറ

29. വെള്ളിലാന്തടം 6-ാം വാർഡ്

30. മേളക്കുത്ത്

31. നാലാം മൈൽ

32. എഞ്ചൽക്കുന്ന്

33. കക്കാട്ടുപാറ

34. കൊള്ളക്കാട്ടുശ്ശേരി.

35. പാത്തിക്കുഴി

36. തേണ്ടൽ ഭാഗം 7-ാം വാർഡ്

37. കോട്ടപ്പുറം

38. തട്ടാൻകുടി

39. കുഴിക്കനാം കണ്ടം ഭാഗം

40. കണ്ണേക്കാട് ഭാഗം

41. തൊപ്പിൽകുന്നേൽ ഭാഗം

42. കാര്യത്തടത്തിൽ ഭാഗം

43. ലക്ഷം വീട് കോളനി 8-ാം വാർഡ്

44. പടിഞ്ഞാറെ മല

45. വിലങ്ങുപാറ

46. പാറമല

47. വിരിപ്പുക്കണ്ടം

ഈ പ്രദേശങ്ങളിലുള്ള ഏതാണ്ട് 1000 കുടുംബങ്ങൾക്ക് വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വരൾച്ചക്കാലത്ത് ലോറിക്ക് വെള്ളം ഈ പ്രദേശങ്ങളിൽ എത്തിച്ചു കൊടുക്കാറുണ്ട്. ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയോ അതിന് സാദ്ധ്യതയില്ലെങ്കിൽ ആ പ്രദേശത്തേക്ക് മാത്രമായി മിനി വാട്ടർ സപ്ലൈസ്കീമിന് രൂപം കൊടുക്കണം. ഇത് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കണം.

മാറാടി പഞ്ചായത്തിൽ അഞ്ച് കുഴൽക്കിണറുകൾ ഉണ്ടെങ്കിലും അത് ഉപയോഗശൂന്യമായി ക്കിടക്കുന്നു.

8-ാം വാർഡിൽ കോലത്തുക്കുടി പറമ്പിലുള്ള നീരുറവ ഉപയോഗപ്പെടുത്തിയാൽ ആ പ്രദേശത്തുള്ള കുറെ വീട്ടുകാർക്ക് കുടിവെള്ളമെത്തിച്ചു കൊടുക്കാൻ സാധിക്കും. അതുപോലെതന്നെ ശൂലം അണക്കെട്ടിന്റെ അറ്റകുറ്റപ്പണികൾ തീർത്ത് സംരക്ഷിച്ചാൽ സമീപപ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ സാധിക്കും. മീങ്കുന്നം കത്തോലിക്കാപള്ളിക്ക് സമീപം ഉപയോഗശൂന്യമായി ഒഴുകിപ്പോകുന്ന ജലം ശുദ്ധീകരിച്ച് ഉന്നകുപ്പയിലുള്ള ടാങ്കിൽ എത്തിച്ചാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

മാറാടി പഞ്ചായത്തിലെ ജലക്ഷാമം പരിഹരിക്കാൻ പഞ്ചായത്തിന് വേണ്ടി മാത്രം തനതായ ഒരു പദ്ധതിക്ക് രൂപം കൊടുത്ത് പ്രാവർത്തികമാക്കേണ്ടതാണ്.

കാർഷികാവശ്യങ്ങൾക്കും മറ്റ് ഗാർഹികാവശ്യങ്ങൾക്കുമുള്ള ജലസ്രോതസ്സുകൾ മാറാടിയിലൂടെയൊഴുകുന്ന മൂവാറ്റുപുഴയാറ്, 6 പ്രധാന റോഡുകൾ, 2 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലൂടെ ലഭിക്കുന്ന ജലം, കുളങ്ങൾ, പൊതുകിണറുകൾ, സ്വകാര്യകിണറുകളും കുളങ്ങളും എന്നിവയാണ്.തോടുകളിലെയും മിക്ക കുളങ്ങളിലെയും വെള്ളം വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്.ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന മൂവാറ്റുപുഴ നദീതട പദ്ധതിയുടെ ജലം ലഭിച്ചാൽ മാറാടി പഞ്ചായത്തിലെ ജലലഭ്യതയിൽ ഒട്ടേറെ മാറ്റം വരുന്നതാണ്.മൂവാറ്റുപുഴയാറിൽ ധാരാളം ജലമുള്ളതിനാൽ മാറാടിയിലെ കുടിവെള്ള വിതരണ പദ്ധതിക്ക് പുഴയിലെ ജലം ഉപയോഗിക്കാവുന്നതാണ്.കൂടാതെ താഴ്ന്ന പാടങ്ങളിൽ കുളം കുഴച്ചാലും ജലലഭ്യതക്ക് പ്രയാസം നേരിടുകയില്ല.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. മാറാടി പഞ്ചായത്തിന് തനതായ ഒരു കുടിവെള്ളവിതരണ പദ്ധതിക്ക് രൂപം കൊടുക്കണം. ഇപ്പോൾ മൂവാറ്റുപുഴ മുനിസിപ്പാലിറ്റി, രാമമംഗലം, ആ രക്കുഴ, ശുദ്ധജല വിതരണ പദ്ധതികളുടെ ഭാഗമാണ് ഇവിടത്തെ വാട്ടർ സപ്ലൈ സ്ക്കീം.

2. ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥലങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഈ പ്രദേശങ്ങളിലേക്ക് നിലവിലുള്ള പൈപ്പുകൾ നീട്ടുകയോ അതിന് സാദ്ധ്യതയില്ലെങ്കിൽ അതാത് പ്രദേശങ്ങളിലേക്കായി പൊതുജന പങ്കാളത്തത്തോടുകൂടി തനതായ മിനി വാട്ടർ സപ്ലൈ സ്ക്കീമുകൾക്ക് രൂപം കൊടുത്ത് നടപ്പാക്കുക.

3. നിലവിലുള്ള പൊതുകിണറുകൾ സംരക്ഷിക്കുന്നതിന് സമീപമുള്ള താമസക്കാർക്ക് ജലസൗ

കര്യമുണ്ടാക്കുക.

4. നിലവിലുള്ളപൈപ്പുകളുടെയും ടാപ്പുകളുടെയും അറ്റകുറ്റപ്പണി തീർത്ത് ജലം പാഴായിപ്പോകുന്നത് തടയുക.

5. ടാപ്പിൽ നിന്ന് ജലമെടുത്ത് കന്നുകാലികളെ കുളിപ്പിക്കുക, വസ്ത്രം അലക്കുക, വാഹനങ്ങൾ കഴുകുക തുടങ്ങിയ ജലദുർവിനിയോഗം തടയുക. ഇതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള പരിപാടികൾക്ക് രൂപം കൊടുക്കുക.

6. പഞ്ചായത്തിലാകെ ജലസംരക്ഷണപ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

7. പുതിയ ടാപ്പുകൾ അനുവദിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.


8. മീങ്കുന്നം കാത്തോലിക്കാ പള്ളിക്ക് സമീപമുള്ള നീരുറവകളിൽ നിന്നും

ഉപയോഗശൂന്യമായി ഒഴുകിപ്പോകുന്ന ജലം ശുദ്ധീകരിച്ച് ഉണക്കുപ്പയിൽ ഉള്ള ടാങ്കിൽ എത്തിച്ചാൽ ജലക്ഷാമം ഒരു പരിധിവെരെ പരിഹരിക്കാൻ സാധിക്കും.

9. ശൂലം അണക്കെട്ട് സംരക്ഷിച്ച് ജലം സംരക്ഷിച്ച് നിർത്തിയാൽ അതിന് സമീപമുള്ള ആളുകൾക്ക് പ്രയോജനപ്രദമായിരിക്കും.

10. 8-ാം വാർഡിൽ കോലത്തുകുടിപറമ്പിലുള്ള നീരുറവ ഉപയോഗപ്പെടുത്തിയാൽ സമീപമുള്ള താമസക്കാർക്ക് ജലസൗകര്യമുണ്ടാക്കുവാൻ സാധിക്കും. ഇത് പരിശോധിക്കേണ്ടതാണ്.

11. പഞ്ചായത്തിന് സമഗ്രമായ ഒരു ജലനയത്തിന് രൂപം നൽകുക.



# വ്യവസായം

കൃഷിയും കൃഷിയോടനുബന്ധിച്ചുള്ള തൊഴിലുകളിലും ഏർപ്പെട്ടുകഴിയുന്ന മാറായി, വ്യവസായ മേഖലയിൽ വളരുന്ന പിന്നോക്കമാണ്. ഇവിടെത്തെ ജനങ്ങൾക്ക് ഒരു വ്യവസായ ചരിത്രമോ പാരമ്പര്യമോ ഇല്ല. ഇന്ന് മാറാടിയിൽ നാമമാത്രമായ വ്യവസായങ്ങളെയുള്ളു.

പാരമ്പര്യകുയുൽ വ്യവസായരംഗത്ത് ഏതാണ്ട് 15 ഓളം കുടുംബങ്ങൾ ഭാഗീകമായി തൊഴിലിൽ ഏർപ്പെട്ടുവരുന്നുണ്ട്. കുട്ട, വട്ടി, പനമ്പ് തുടങ്ങിയ സാധനങ്ങൾ ഈറ്റയും ചൂരലും ഉപയോഗിച്ച് നെയ്ത് ഉണ്ടാക്കണതൊഴിലുകളിലാണ് ഇവർ ഏർപ്പെട്ടിട്ടുള്ളത്. ഏതാണ്ട് 30ഓളം പേർക്ക് ഭാഗീകമായ തൊഴിലുണ്ട്. ഈ മേഖലയിൽ 'പറയ' സമുദായത്തിൽപെട്ടവരാണ് മുഖ്യമായും ഇതിൽ ഏർപ്പെട്ടിട്ടുള്ളവർ. ഈറ്റ, ചൂരൽ, മുതലായ അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവും ഉല്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ ഇല്ലാത്തതുമൂലവും അത് ക്ഷയിച്ചുകൊണ്ടിരിക്കുകയാണ് ഇവിടെ.

**താഴെ കാണുന്ന വ്യവസായങ്ങളാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.**

1. മെറ്റൽ ക്രഷർ - തൊഴിലാളികൾ 5 എണ്ണം
2. മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് 80 എണ്ണം
   സഹകരണ സംഘം വക റബ്ബർ ക്രാംബ് ഫാക്ടറി
3. മഹിമാ റബ്ബർ ഫാക്ടറി 5 ,,
4. തീപ്പെട്ടി ഫാക്ടറി 10 ,,
5. ഇഷ്ടിക നിർമ്മാണം 50 ,,

ഇതുകൂടാതെ കൂടുതൽ തൊഴിലാളികളെ ഉപയോഗിക്കാതെ തൊഴിലുടമ നടത്തുന്ന ചെറിയ സംരംഭങ്ങളുമുണ്ട്.

| | എണ്ണം | തൊഴിലുടമകളുടെ എണ്ണം |
|---|---|---|
| 1. റൈസ് മില്ലുകൾ | 9 | 9 |
| 2. ഓയിൽ മിൽ | 5 | 5 |
| 3. പൊടി മിൽ | 3 | 3 |
| 4. തോണ്ടാവെട്ട് | 2 | 2 |
| 5. ഫർണിച്ചർ നിർമ്മാണം | 3 | 6 |
| 6. ടെയിലറിംഗ് സെന്ററുകൾ | 3 | 3 |
| 7.സൈക്കിൾ റിപ്പയറിംഗ് | 1 | 1 |
| 8. ബേക്കറി | 3 | 3 |
| 9. ഫോട്ടോഗ്രാഫി | 1 | 1 |
| 10. ടി.വി. റിപ്പയർ | 1 | 1 |
| 11. വെൽഡിംഗ് യൂണിറ്റ് | 3 | 3 |
| 12. മോട്ടോർ റിപ്പയറിംഗ് | 2 | 2 |
| 13. തടിമില്ല് | 2 | 8 |
| 14. ഹോളോ ബ്രിക്സ് നിർമ്മാണം | 2 | 10 |
| | 40 | 53 |

എന്നീ ഉടമകൾ മാത്രം തൊഴിൽ ചെയ്യുന്നന ചെറിയ സ്വയം തൊഴിൽയൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വൻകിട ഫാക്ടറികളൊന്നും ഇവിടെ പ്രവർത്തിക്കുന്നില്ല.

ഏറ്റവും വലിയ വ്യവസായ യൂണിറ്റ് മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം വകയായുള്ള ക്രംബ് ഫാക്ടറിയാണ്. ഇതിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഭൂരിഭാഗവും മാറാടിക്ക് വെളിയിലുള്ളവരാണ്. സഹകരണ സംഘവും പ്രവർത്തിക്കുന്നത് മൂവാറ്റുപുഴയിലാണ്. കൂടുതൽ തൊഴിൽ സൗകര്യങ്ങൾ ഉള്ള ഇഷ്ടിക നിർമ്മാണം നടത്തുന്നത് കായനാടിലാണ്. ഈ നിർമ്മാണ യൂണിറ്റിന്റെ ഉടമസ്ഥരും തൊഴിലാളികളും ഇവിടുത്തെ പഞ്ചായത്തിലുള്ളവരല്ല. ഇവിടുത്തെ തൊഴിലാളികൾ മുഴുവൻ തന്നെയും തമിഴ് നാട്ടിൽ നിന്നുമുള്ളവരാണ്. ഇവിടെ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകൾക്കുള്ള അസംസ്കൃത വസ്തുക്കൾ ഇവിടെതന്നെയുള്ളതാണ്. പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലി നിരക്ക് വളരെ മെച്ചപ്പെട്ടതാണ്. തീപ്പെട്ടി കമ്പനിയിൽ കൂടുതൽ സ്ത്രീകളാണ്. ഇവരുടെ കൂലി നിരക്ക് മെച്ചപ്പെട്ടതല്ല. എല്ലാം തന്നെ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

വ്യവസായ വികസനത്തെപ്പറ്റി ചിന്തിക്കുമ്പോൾ സ്വയം തൊഴിൽ പദ്ധതികളും, ചെറുകിട വ്യവസായങ്ങളും തമ്മിൽ വേർതിരിച്ച് കാണുവാൻ ശ്രമിക്കുന്നത് നല്ലതാണ്.

വിഭവങ്ങൾ കുഴിച്ചെടുത്ത് വില്കുന്നതിലല്ല മറിച്ച് മൂല്യമേറിയ ഉല്പന്നങ്ങൾ (Value added Product) നിർമ്മിച്ച് വിദൂര കമ്പോളങ്ങളിൽ എത്തിക്കുന്നതിലാണ് താല്പര്യം ഉണ്ടാകേണ്ടത്. മാനവ ശേഷി, സാങ്കേതികവും വാണിജ്യപരവുമായ അറിവും എന്നിവയുടെ ബലത്തിലാണ് ഇത്തരം സംരംഭങ്ങൾ വിജയിപ്പിക്കുക. വൻകിട വ്യവസായ ശാലകൾ കെട്ടിപ്പടുക്കുമ്പോൾ ഇത്തരം പ്രശ്നങ്ങൾ ഒരളവുവരെ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞേക്കും. എന്നാൽ ചെറുകിട സ്ഥാപനങ്ങളുടെ കാര്യത്തിൽ പദ്ധതിയെപ്പറ്റിയുള്ള ആശയം (Project idea) മുതൽ വിപണനം (Marketing) വരെ പൊതുവായ നിയന്ത്രണത്തിലൂടെ മാത്രം പോംവഴി കണ്ടെത്താനാവുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉണ്ട്. സംരംഭകരുടെ ദാരിദ്ര്യം സർക്കാർ ജോലിക്ക് വേണ്ടിയുള്ള പരക്കം പാച്ചിൽ ഉദ്യോഗാർത്ഥികളെ പടച്ചുവിടുന്ന വിദ്യാഭ്യാസം തുടങ്ങിയ സാമൂഹികപ്രശ്നങ്ങൾ ഇതിനുപരിയാണ്. വ്യവസായത്തിന്റെ സുപ്രധാനഘടകങ്ങൾ വ്യക്തികളുടെ ഗുണവും സ്ഥാപനങ്ങൾ നടത്തുവാനുള്ള ആണെന്നുള്ള കാര്യം നാം അംഗീകരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ മാർഗ്ഗനിർദ്ദേശം സാമൂഹികമായ ഉത്തേജനം. അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരേസമയം ലക്ഷ്യം വച്ചുകൊണ്ടുള്ള പഞ്ചായത്തുതല വികസനം നടത്തേണ്ടിയിരിക്കുന്നു.

**പഞ്ചായത്തുതല വ്യവസായ വത്കരണം നേരിടാവുന്ന ഏതാനു പ്രശ്നങ്ങൾ**

1. ഉല്പാദന സാദ്ധ്യതകളെ പറ്റിയുള്ള അറിവില്ലായ്മ
2. സ്ഥിതിവിവരകണക്കുകളുടെ അഭാവം
3. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവം.
4. എല്ലാ സർക്കാർ സംവിധാനങ്ങളുടെ നിയന്ത്രണ മനോഭാവവും പ്രോത്സാഹപരമായ സമീപനത്തിന്റെ അഭാവവും.
5. വിപണിക്കനുസതമായ രീതിയിൽ ഉല്പന്നങ്ങളുടെ ഗുണമേന്മ, രൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്തുവാനുള്ള കെല്പില്ലായ്മ.
6. സർക്കാർ ഉദ്യോഗത്തിന് വേണ്ടിയുള്ള അഭിവാഞ്ഛ
7. സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള താല്പര്യമില്ലായ്മ
8. വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം.

**ചെയ്യാവുന്ന ചില പ്രവർത്തികൾ**

1. വ്യവസായ വികസന സമിതിയുടെ രൂപീകരണം പഞ്ചായത്തിലെ ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ (വ്യവസായം, ഗ്രാമവികസനം, വൈദ്യുതി) എന്നിവർ ഉൾക്കൊള്ളുന്ന ഭരണസമിതി രൂപീകരിക്കാം. പ്രാദേശിക വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുക എന്നതായിരിക്കണം ഇതിലെ പ്രധാന ലക്ഷ്യം.
2. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ സാദ്ധ്യതയുള്ള വ്യവസായിക പ്രവർത്തനങ്ങൾ വിഭാവന ചെയ്യുക.
3. സെമിനാറുകൾ, വ്യവസായ സംരംഭക പരിശീലനങ്ങൾ, പ്രദർശന വേളകൾ എന്നിവയിലൂടെ ഉല്പാദന രംഗത്തെ വിവിധ സാധ്യതകളെപ്പറ്റി പൊതുജനങ്ങൾക്ക് അറിവ് നൽകുക.
4. വ്യവസായ സംബന്ധമായ വിവരങ്ങൾ ശേഖരിച്ച് വേണ്ടവിധത്തിൽ വിതരണം ചെയ്യുക.
5. വ്യവസായ സമൂഹം " Out Worker" ഉല്പാദന

സമ്പ്രദായം തുടങ്ങിയ കൂട്ടായ പ്രയത്നങ്ങൾ നടപ്പിലാക്കുക.

6. വ്യവസായ വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സംരക്ഷണം കണക്കിലെടുത്തുകൊണ്ടുള്ളതാണെന്ന് ഉറപ്പുവരുത്തുന്നു.
7. വിപണി, അസംസ്കൃതസാധനങ്ങൾ, സാങ്കേതിവിദ്യ, സാമ്പത്തിക സഹായം എന്നിവയുമായി ബന്ധപ്പെട്ട പുതിയ കണ്ണികൾ രൂപപ്പെടുത്തുക.
8. പ്രദേശിക സമൂഹത്തിൽ വ്യവസായ സംരംഭകത്വ സ്വഭാവവും വളർത്തിയെടുക്കുക.

ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ വ്യവസായങ്ങൾ തുടങ്ങുന്നതിന് സർക്കാരിൽ നിന്നും ഒട്ടേറെ ആനുകൂല്യങ്ങൾ ഉണ്ട്. പ്രൈം മിനിസ്റ്റേഴ്സ് ഓസ്കാർ യോജന, സ്ത്രീ വ്യവസായ സംരംഭകർക്കുള്ള പ്രത്യേക ആനുകൂല്യങ്ങളുള്ള പദ്ധതികൾ,

ഐ.ആർ.ഡി.പി., DWCRA തുടങ്ങിയ വ്യവസായവകുപ്പും ഗ്രാമവികസന വകുപ്പും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ് ഇതിൽ പ്രധാനം. കൂടാതെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് റബ്ബർ ബോർഡും, ഗ്രാമീണ വ്യവസായങ്ങൾക്ക് ഖാദി ബോർഡും സാമ്പത്തിക-സാങ്കേതിക സഹായങ്ങൾ നൽകിവരുന്നുണ്ട്.

റബ്ബർ, നാളികേര ഉൽപ്പന്നങ്ങൾ, പൈനാപ്പിൾ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വ്യവസായങ്ങൾ തുടങ്ങുന്നതിന് ലഭ്യമാണ്.

വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളോടുംകൂടിയ സ്ഥലങ്ങൾ ഈ പഞ്ചായത്തിലില്ല. എല്ലാ സൗകര്യങ്ങളോടുംകൂടിയ സ്ഥലം പഞ്ചായത്തിൽനിന്നും സൗകര്യപ്പെടുത്തുന്നത് വ്യവസായെ തുടങ്ങുന്നതിന് പ്രോത്സാഹജനകമായിരിക്കും. വായ്പാ സൗകര്യങ്ങൾക്ക് ഇവിടെ നിലവിലുള്ള സഹകരണബാങ്ക്, വാണിജ്യബാങ്കുകൾ എന്നിവയുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

ഇപ്പോൾ മാറാടിയിൽ പ്രവർത്തിക്കുന്ന മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിംഗ് സഹകരണസംഘം വക ക്രംബ് ഫാക്ടറിയിൽനിന്നുള്ള ദുർഗ്ഗന്ധവും മലിനജലവും സമീപവാസികൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നു. അതുപോലെതന്നെ ആരക്കുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റബ്ബർ ഫാക്ടറിക്ക് സമീപം താമസിക്കുന്ന മാറാടി പഞ്ചായത്തിലെ രണ്ടാംവാർഡിൽപ്പെട്ടവർക്കും ഇതേ അനുഭവം ഉണ്ടാകുന്നുണ്ട്. ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് വേണ്ടത് ചെയ്യേണ്ടതാണ്. കായനാടുള്ള ഇഷ്ടിക നിർമ്മാണത്തോടനുബന്ധിച്ച് നെൽപ്പാടങ്ങൾ കുഴിക്കുന്നതുമൂലവും പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. വ്യവസായം തുടങ്ങുവാനുള്ള പറ്റിയ സ്ഥലസൗകര്യം പഞ്ചായത്തിലില്ല.
2. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ താമസം നേരിടുന്നു.
3. ലൈസൻസുകൾ ലഭിക്കുവാൻ താമസം നേരിടുന്നു.
4. വ്യവസായ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.
5. വിദഗ്ദ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
6. പരമ്പരാഗത വ്യവസായങ്ങൾക്ക് അസംസ്ത പദാർത്ഥങ്ങൾ വേണ്ടത്ര കിട്ടാനില്ല.
7. വ്യവസായസംരംഭകർ മുന്നോട്ടുവരുന്നില്ല.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ ഒരു വ്യവസായഎസ്റ്റേറ്റ് സ്ഥാപിക്കുക. അവിടെ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുക.
2. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
3. സംരംഭകത്വ പരിശീലനം ഏർപ്പെടുത്തുക.
4. സഹകരണമേഖലയിൽ പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കുക.
5. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിൽ വ്യവസായവികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.
6. പഞ്ചായത്ത് തലത്തിൽ വ്യവസായിക സമിതി രൂപീകരിക്കുക.
7. ഉൽപാദന സാധ്യതകളെപ്പറ്റി അറിവ് ലഭ്യമാക്കുക.
8. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുക.
9. മുകളിൽപ്പറഞ്ഞ കാര്യങ്ങൾക്ക് വ്യവസായസെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക.
10. വനിതാ വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് സ്ത്രീകളെ വ്യവസായരംഗത്തേക്ക് കൊണ്ടുവരുക.

11. അഭ്യസ്തവിദ്യരായ യുവാക്കളിൽ സ്വയംതൊഴിലുകളുടെ സാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

12. മീങ്കുന്നം വെള്ളച്ചാട്ടം, ശൂലം വെള്ളച്ചാട്ടം എന്നീ സ്ഥലങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങൾക്കായി വികസിപ്പിക്കാനുള്ള സാദ്ധ്യതകൾ പരിശോധിക്കുക.

13. റബ്ബർ, നാളികേര ഉൽപ്പന്നങ്ങൾ, പൈനാപ്പിൾ അധിഷ്ഠിതമായ വ്യവസായങ്ങൾ ആരംഭിക്കുക.

14. വ്യവസായരംഗത്ത് വിജയിച്ചിട്ടുള്ളവരുമായി ഇടപെടാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.




## ഗതാഗതം

ഗതാഗതസൗകര്യങ്ങൾ വികസിത പുരോഗതിയുടെ ജീവനാഡിയും, മുൻ ഉപാധിയുമാണ്. മാറാടിയെ സംബന്ധിച്ചിടത്തോളം റോഡ് ഗതാഗതമാണ് പ്രാധാനം. കൂടാതെ മൂവാറ്റുപുഴയാറിലെ മാറാടിഭാഗത്തുള്ള കടത്തുകളും ഇതിൽപ്പെടുന്നു. റോഡുകളുടെ നിർമ്മാണവും മെയിന്റൻസും നടത്തുവാനുള്ള സർക്കാർ ഏജൻസികൾ, സർക്കാർ പൊതുമരാമത്ത് വകുപ്പ്, ഗ്രാമവികസ ബ്ലോക്ക്, പഞ്ചായത്തുകൾ എന്നിവയാണ്. പൊതു മരാമത്തു വകുപ്പിന്റെ റോഡുകൾ, പഞ്ചായത്തുകളുളുടെ റോഡുകൾ എന്നിങ്ങനെ രണ്ടായിട്ട് തിരിച്ചിട്ടുണ്ട്. പൊതുമരാമത്തു വകുപ്പിന് ബഡ്ജറ്റു വിഹിതമായി കിട്ടുന്ന ഫണ്ടുകൾ, DRDAയേയിൽ നിന്നും ബ്ലോക്ക് മുഖേന ലഭിക്കുന്ന ജവഹർ തൊഴിൽ ദാന പദ്ധതി ഫണ്ടുകൾ, വെള്ളപ്പൊക്ക്, വരൾച്ചാ ദുരിതാശ്വാസ ഫണ്ടുകൾ, പഞ്ചായത്തു ഫണ്ടുകൾ, അൺടൈഡ് ഫണ്ട്, ഗ്രാമീണറോഡു മെയിന്റൻസ് ഫണ്ടുകൾ മുതലായവ ഉപയോഗിച്ചാണ് റോഡു നിർമ്മാണവും മെയിന്റൻസും നടത്തുന്നത്. പൊതുമരാമത്തു എൻജിനിയർമാരും, പൊതുമരാമത്ത് ലോക്കൽ ബോഡിസ് വിഭാഗം എൻജിനീയർമാരും, ബ്ലോക്കിലെ എൻജിനീയർമാരുമാണ് റോഡു പണികളുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത്. ഗ്രാമപഞ്ചായത്തും, ജില്ലാ പഞ്ചായത്തും ഗതാഗത സൗകര്യങ്ങളുടെ കാര്യത്തിൽ പങ്കുവഹിക്കുന്നു.

സ്വാതന്ത്ര്യ ലബ്ദിക്ക് ശേഷം റോഡ് വികസന കാര്യത്തിൽ വമ്പിച്ച നേട്ടം കൈവരിക്കുകയുണ്ടായി. ഉൾപ്രദേശങ്ങളിലേക്കുള്ള റോഡുകളുടെ കാര്യത്തിൽ ആളുകളുടെ ആഗ്രഹവീക്ഷണത്തിലും മാറ്റമുണ്ടായിട്ടുണ്ട്. ഇന്ന് എല്ലായിടത്തേക്കും ടാറിട്ട റോഡുകളാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. PWD റോഡുകൾക്കും JRY ഫണ്ടുപയോഗിച്ച് ചെയ്യുന്ന റോഡുകൾക്കും 8 മീറ്റർ വീതി നിർബന്ധമായും നിഷ്കർഷിക്കുന്നു. വാഹന ഗതാഗതത്തിന്റെ തിരക്ക് പരിശോധിക്കുമ്പോൾ മുമ്പ് നിർമ്മിച്ച പല റോഡുകൾക്കും വീതിയുടെ പോരായ്മ അനുഭവപ്പെടുന്നു.

മാറാടി പഞ്ചായത്തിൽ 6 PWD റോഡുകളാണുള്ളത്. ഇതിന് മൊത്തം 29 കിലോമീറ്റർ നീളം വരും. പഞ്ചായത്തു റോഡുകളുടെ നീളം 69.57 കിലോമീറ്ററാണ്. പഞ്ചായത്തു റോഡുകൾ 5.32 കി.മീ. ടാർ ചെയ്തതും 2.5 കി.മീ. മെറ്റലിട്ടതും ബാക്കി 61.750 കി.മീ. മൺപാതയുമാണ്.

പഞ്ചായത്തിന്റെ ഒരു വശത്ത് കൂടി ഒഴുകുന്ന മൂവാറ്റുപുഴ ആറിന്റെ മാറാടി പഞ്ചായത്ത് ഭാഗത്ത് 6 കടത്തുകൾ ഉണ്ട്.

1. പാലപ്പുറത്ത് കടവ്
2. മറ്റപ്പാടം - റാക്കാട് PWD വക

3. ഓണേലി വയൽ

4. പാറത്തോട്ടത്തിൽ

5. വരപ്പുറത്ത് കടവ് പഞ്ചായത്തു വക

6. പാണാർ തോട്

എന്നിവയാണ് കടത്തുകൾ

മെയിൻ സെൻട്രൽ റോഡ്, പിറവം - മൂവാറ്റുപുഴ റോഡ്, മാറാടി - രാമമംഗലം റോഡ്, മാറാടി മണ്ണത്തൂർ - വാളിയപാടം റോഡ്, എം.സി. റോഡ് പിറവം റോഡ്, മാറാടി കുരുക്കുന്ന പുരം ചർച്ച് റോഡ് എന്നീ റോഡുകളാണ് PWD റോഡുകൾ. ഭൂരിഭാഗം പഞ്ചായത്തു റോഡുകൾക്കും വേണ്ടത്ര വീതിയില്ലാത്തതും മൺ റോഡുകളുമാണ്. ഈ റോഡുകളിൽ മെയിന്റൻസ് പണികൾ കാലാകാലങ്ങളിൽ നടക്കുന്നില്ല. റോഡിന് അരികിൽ കൂടിയുള്ള ഓടകൾ ഒന്നിനും തന്നെയില്ല. ഉള്ള ഓടകൾ തന്നെ മെയിന്റനൻസ് നടത്തി സംരക്ഷിക്കുന്നില്ല. റോഡിന്റെ മെയിന്റനൻസ് പ്രവർത്തനങ്ങൾ നടത്തുന്നതിന് ജനപങ്കാളിത്തത്തിനുള്ള ശ്രമങ്ങൾ നടത്തിട്ടില്ല.

കടത്തുകളുടെ പ്രവർത്തനവും തൃപ്തികരമല്ല. പുഴയിൽ സർക്കാരിൽ നിന്നും ഒരു ചെക്ക് ഡാം പണിത് വാളകം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നതിനുള്ള പണിയുടെ ഉത്ഘാടനം നടന്നെങ്കിലും പണികൾ തുടങ്ങിയിട്ടില്ലാത്തതാകുന്നു.

ഈസ്റ്റ് മാറാടിയിലും മണ്ണത്തൂർ കവലയിലും വണ്ടികളും ഓട്ടോറിക്ഷകളും പാർക്ക് ചെയ്തിരിക്കുന്നത് റോഡ് സൈഡിലാണ്. ഇതു മൂലം ഗതാഗതത്തിന് തടസ്സം നേരിടുന്നുണ്ട്. ഈ രണ്ടു സ്ഥലങ്ങളിലും ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ ഉണ്ടാക്കേണ്ടതാണ്.

അതുപോലെ തന്നെ യാത്രക്കാരുടെ സൗകര്യത്തിന് MC റോഡിൽ ഈസ്റ്റ് മാറാടി കത്തോലിക്കാ പള്ളിത്താഴം, പള്ളിക്കവല, പിറവം റോഡിൽ ഏയ്ഞ്ചൽവോയ്സ് പടി എന്നീ സ്ഥലങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ചില സ്ഥലങ്ങളിൽ റോഡു സൗകര്യങ്ങൾ ഇല്ല.
2. നിലവിലുള്ള റോഡുകളുടെ നിലവാരം വളരെ മോശമാണ്.
3. എല്ലാ റോഡുകൾക്കും തന്നെ ഓടകൾ ഇല്ല.
4. മഴക്കാലത്ത് കയറി നിൽക്കാൻ വെയിറ്റിംഗ് ഷെഡുകൾ ഇല്ല.
5. റോഡുകൾക്ക് പൊതുവേ വീതി വളരെ കുറവാണ്.
6. റോഡുകളിൽ കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താറില്ല.
7. കടത്തുവള്ളങ്ങൾ അടുക്കുവാൻ സൗകര്യങ്ങളില്ല.
8. ഓട്ടോറിക്ഷാ സ്റ്റാൻഡുകൾ ഇല്ല.
9. റോഡുജോലികൾക്ക് സന്നദ്ധപ്രവർത്തനം പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല.

## സാദ്ധ്യതകൾ

**1. പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ**

1) ചിരട്ടയോലി റോഡ്
2) മാളികത്താഴം പത്തടിറോഡ് *ഒന്നാം വാർഡ്*

3) താണിക്കുന്ന് മല റോഡ്
4) കോക്കാപ്പിള്ളി റോഡ്
5) എടമനപെട്ട റോഡ് *രണ്ടാം വാർഡ്*

6) മാറാടി കണയംപാടത്ത് MC റോഡിൽ നിന്നും കിഴക്കോട്ട ഒരു ഫാം റോഡ്
7) മൊടൊമറ്റം വാവുങ്കൽ റോഡ്
8) കുറുങ്ങാട്ട് ഹരിജൻ കോളനി റോഡ്
9) മണിയൻക്കല്ല് (മണ്ണാത്തിപ്പാറ ഭാഗം) റോഡ് *മൂന്നാം വാർഡ്*

10) പുൽപ്പറമ്പ് - മണിയങ്കല്ല്
11) മാറ്റക്കോട് - ഏയ്ഞ്ചൽവോയ്സ് റോഡ്
12) ഈസ്റ്റ് മാറാടി - ചങ്ങാലിമറ്റം റോഡ്
13) കുരുക്കുന്നപുരം - ആനിപ്പുറത്താഴം റോഡ് *നാലാം വാർഡ്*

14) കുഞ്ഞാണി- നാഥേലി റോഡ്
15) മുറിത്തോട്ടത്തിപ്പാലം - വരപ്പുറത്ത് റോഡ്
16) പാറത്തട്ടാൽ - ഊളക്കുന്ന് റോഡ് *അഞ്ചാം വാർഡ്*

17) ശൂലം - പൊട്ടക്കാട് റോഡ്

18) വിരിപ്പുകണ്ടം - കളപ്പുറം റോഡ്

19) തേക്കലക്കാട് റോഡ്

*എട്ടാം വാർഡ്*

**പുനരുദ്ധാരണ ജോലികൾ ചെയ്യേണ്ട റോഡുകൾ**

1. ലക്ഷം വീട് കോളനി റോഡ്
2. കൈതക്കുളം റോഡ്
3. തിരുമധുരക്കടവ് റോഡ്
4. മുറിത്തോട്ടം ക്രോസ് റോഡ്
5. പുൽക്കുടിത്താഴം - ചാരപ്പുറം റോഡ്
6. ഇഞ്ചപ്പിള്ളി ഉന്നക്കുപ്പ റോഡ്
7. ചാരപ്പുറം ഹരിജൻ കോളനി റോഡ്

*ഒന്നാം വാർഡ്*

8. തേവർക്കാട്ട് -പുളിച്ചി റോഡ്
9. ഉന്നക്കുപ്പ - കോക്കാപ്പിള്ളി റോഡ്
10. കാക്കാച്ചിറ തേവർക്കാട്ട് - ഉല്ലാപ്പിള്ളി റോഡ്
11. ലക്ഷം വീട് കോളനി റോഡ്

*രണ്ടാം വാർഡ്*

12. കപ്പേള -ഇല്ലിച്ചോട് റോഡ്

13 പാമ്പേലി - ആരക്കുഴ റോഡ്

14 സാറ്റലൈറ്റ്-മണിയംകല്ല് റോഡ്

15 ആരക്കുഴ - മാറാടി റോഡ്

16 ജൂബിലി റോഡ്

*മൂന്നാം വാർഡ്*

17. അന്ത്യാളം - കലുങ്ക് പാലം റോഡ്
18. ഹൈസ്കൂൾ - പോസ്റ്റാഫീസ് റോഡ്.
19. ആനിപ്പുറത്താഴം റോഡ്
20. മനയ്ക്കത്തോട്ടത്തിൽ കടവ് റോഡ്
21. തോട്ടിപ്പാലം റോഡ്
22. തൈക്കാവ് - ഏയ്ഞ്ചൽവോയ്സ് റോഡ്

*നാലാം വാർഡ്*

23. സാറ്റലൈറ്റ് - ശൂലം റോഡ്
24. മാരാപ്പിള്ളിപ്പാറ ഹരിജൻ കോളനി റോഡ്
25. ഹൈസ്കൂൾ - ഇരട്ടിയാനിക്കുന്ന് റോഡ്
26. കൊല്ലാറ - കുന്താണി റോഡ്
27. കോനാൽതുരുത്ത് റോഡ്
28. ചാക്കാപ്പിള്ളിക്കടവ് റോഡ്
29. വരപ്പുറത്ത് കടവ് റോഡ്
30. മുടക്കുപാറ - കോട്ടക്കകം റോഡ്
31. കാരിക്കുഴി റോഡ്
32. ഊളൻകുന്ന് റോഡ്

*അഞ്ചാം വാർഡ്*

33. പാറത്തട്ടേൽ - മാന്തോട്ടം റോഡ്
34. ഐക്കരപ്പടി -സൺഡേസ്കൂൾ റോഡ്
35. മാന്തോട്ടം - ചന്തപ്പാറ റോഡ്
36. പുഞ്ചക്കര - അഞ്ചക്കുന്ന് റോഡ്
37. മടത്തിക്കടവ് റോഡ്
38. സൺഡേസ്കൂൾ കായനാട് യു.പി.എസ്. റോഡ്
39. ഇരട്ടിയാനിക്കുന്ന് ലക്ഷം വീട് കോളനി റോഡ്
40. കോട്ട റോഡ്
41. പാറക്കടവ് റോഡ്
42. FWS റോഡ്

*ആറാം വാർഡ്*

43. കോട്ടപ്പുറം - വെള്ളിയമ്മാരി റോഡ്
44. റേഷൻകടപ്പടി -കൊള്ളിക്കാട്ട്ശേരി റോഡ്
45. കായനാട് ഗണപതി റോഡ്
46. അയ്യങ്ങലം പുഞ്ചറോഡ്
47. ആനിക്കാവയൽ - മറ്റപ്പാടം റോഡ്
48. പനച്ചിത്തോട്ടം റോഡ്
49. മറ്റപ്പാടം ഫെറി റോഡ്

*ഏഴാം വാർഡ്*

50. ശൂലം കണ്ടംചിറ റോഡ്
51. സംസ്കൃതി റോഡ്

52. മരട്ടിച്ചോട് ലക്ഷം വീട് കോളനി റോഡ്
53. ഓണിയേലി വയൽ -കാക്കേത്തുമല റോഡ്
54. വിരിപ്പുകണ്ടം വേള്ളാരപ്പാറ റോഡ്
55. കണ്ണേക്കാട് - കങ്ങൻചിറ റോഡ്
56. വെള്ളിയമ്പാരി - കങ്ങൻചിറ റോഡ്
57. കുഴിക്കനാ കണ്ടം -അമ്പാട്ടുതാഴം റോഡ്
58. വിരിപ്പുകണ്ടം - പിറമാടം റോഡ്

2. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം നടത്തണം.
3. ബഹുജന സഹകരണത്തോടെ പുതിയ റോഡുകളും അറ്റകുറ്റപണികളും നടത്തണം.
4. പ്രധാനപ്പെട്ട എല്ലാ റോഡുകളും ടാർ ചെയ്യുക.
5. റോഡു സംരക്ഷണത്തിന് പ്രാദേശിക സംരക്ഷണ സമിതികൾ ഉണ്ടാക്കുക.
6. നീർക്കെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള കലുങ്കുകൾ പണിയുക.
7. വീതികുറഞ്ഞ റോഡുകൾ വീതി കൂട്ടിയ ശേഷം അറ്റകുറ്റപണികൾ നടത്തുക.
8. ഈസ്റ്റ് മാറാടി, മണ്ണത്തൂർ കവല എന്നീ സ്ഥലങ്ങളിൽ ഓട്ടോസ്റ്റാൻഡുകൾ സ്ഥാപിക്കുക.
9. M.C. റോഡിൽ ഈസ്റ്റ് മാറാടി കത്തോലിക്കാ പള്ളിത്താഴം, പള്ളിക്കവല, ഉന്നക്കുപ്പയിലും പിറവം റോഡിൽ ഏയ്ഞ്ചൽവോയ്സ് മഞ്ചേരിക്കപ്പടി എന്നീ സ്ഥലങ്ങളിലും വെയിറ്റിംഗ് ഷെഡുകൾ പണിയുക.
10. കടത്തുകടവിൽ വള്ളം അടുക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

# ഊർജ്ജം

നമ്മുടെ വെല്ലുവിളികളിൽ ഒന്ന് ഊർജ്ജ പ്രതിസന്ധിയാണ്. ഈ പ്രതിസന്ധിയെ നേരിടുന്നതിന് തക്കതായ തയ്യാറെടുപ്പുകൾ വേണ്ടി വരുന്നു. ഈ പ്രശ്നം സംസ്ഥാനതലത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്.

ഊർജ്ജം എന്നതുകൊണ്ട് വൈദ്യുതി എന്ന് സാധാരണ നാം അർത്ഥമാക്കുന്നു. സൗരോർജ്ജം, വിറക്, ചപ്പുചവറുകൾ, ജൈവവാതകം, മണ്ണെണ്ണ, പാചകവാതകം, പെട്രോൾ എന്നിവയാണ് നമ്മുടെ പ്രധാന ഊർജ്ജസ്രോതസ്സുകൾ. നമ്മുടെ നാട്ടിൽ മുമ്പും ഇന്നും വ്യാപകമായി വിറകാണ് കൂടുതലായി ഉപയോഗിക്കുന്നത്. അടുത്തകാലത്തായി മണ്ണെണ്ണയിലേക്കും പാചകവാതകത്തിലേക്കും കുറഞ്ഞ അളവിൽ വൈദ്യുതി, ഗോബർഗ്യാസിലേക്കും മാറിക്കൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ 607 വീടുകളിൽ ഇന്നും വൈദ്യുതി എത്തിയിട്ടില്ല.

എല്ലാ വീടുകളിലും വിറക് അടുപ്പുണ്ട്. എന്നാൽ വിറകു ലാഭമുള്ള പുകയില്ലാത്ത അടുപ്പുകൾ വെറും 100ൽ താഴെ വീടുകളിൽ മാത്രമേയുള്ളൂ. ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതിക്കും അതിന്റെ നടത്തിപ്പിനുവുള്ള ANERT ന്റെ ഈ കാര്യത്തിലുള്ള സഹായം നമ്മൾ പ്രയോജനപ്പെടുത്തുന്നില്ല.

ഊർജ്ജം പുതുക്കാവുന്നതും പുതുക്കാൻ കഴിയാത്തവയുമാണ്. വിറക്, വൈദ്യുതി, ജൈവഇന്ധനം തുടങ്ങിയവ പുതുക്കാവുന്നതും പെട്രോൾ, മണ്ണെണ്ണ, കൽക്കരി തുടങ്ങിയവ പുതുക്കാൻ കഴിയാത്തവയുമാണ്. പുതുക്കാൻ കഴിയാത്തവയുടെ ഉപയോഗം കർശനമായി നിയന്ത്രിച്ചില്ലെങ്കിൽ നമ്മളും നമ്മുടെ രാജ്യവും പ്രതിസന്ധിയിലാവും. പുതുക്കാവുന്ന ഊർജ്ജസ്രോതസ്സുകളും ഉപയോഗിക്കുന്നതിന്ന നിയന്ത്രണം വേണം. വനനശീകരണവുംമറ്റും ഇതിന്റെ ലഭ്യതയിൽ കുറവു വരുത്തിയിരിക്കുന്നു.

ഊർജ്ജാസൂത്രണത്തിൽ പരമപ്രധാനം ഊർജ്ജ ഉപയോഗമല്ല. അതുമൂലം കിട്ടുന്ന ഫലമാണ്. നമ്മുടെ ഊർജ്ജഉപകരണങ്ങൾ ക്ഷമത വളരെ കുറഞ്ഞവയാണ്. അത് ഊർജ്ജനഷ്ടത്തിന് കാരണമാകുന്നു. നമ്മുടെ വിറകടുപ്പുകൾക്ക് വെറും 8-9 % മാത്രമാണ് ക്ഷമത. ബാക്കി 91 - 92 % ഊർജ്ജം നഷ്ടപ്പെടുന്നു. ഇന്ധന നഷ്ടം മാത്രമല്ല സ്ത്രീകളുടെ ആരോഗ്യം, വീടുകളുടെ ഭംഗി തുടങ്ങിയ രംഗങ്ങളിലെല്ലാം പ്രശ്നമുണ്ടാക്കുന്നു. നമ്മുടെ വൈദ്യുത ലൈനുകൾ ആസൂത്രിതമല്ലാത്ത

തിനാൽ വളരെയധികം ഊർജ്ജം നഷ്ടപ്പെടുന്നു. വൈദ്യുതി ഉപകരണങ്ങളുടെ കാര്യക്ഷമതയില്ലായ്മ (ഉദാ. മോട്ടോർ, ബൾബ്) വളരെയധികം നഷ്ടത്തിന് കാരണമാകുന്നു. വേണ്ടത്ര സാമൂഹ്യബോധമില്ലാത്ത ജീവിതക്കാരും ഉപഭോക്താക്കളും ഈ രംഗത്തെ പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുന്നു. അനാവശ്യമായ ആർഭാടത്തിനും മറ്റും ഊർജ്ജം വൻതോതിൽ നഷ്ടമാകുന്നു.

വൻകിടപദ്ധതികളുടെ രൂപീകരണവും നടത്തിപ്പും കൽക്കരി, പെട്രോൾ തുടങ്ങിയ ഉല്പന്നങ്ങളുടെ ഖനനവും വിതരണവും കേന്ദ്ര സംസ്ഥാനസർക്കാരുകൾക്ക് ആയതിനാൽ പഞ്ചായത്തുകൾക്ക് നിയന്ത്രണമില്ല. പ്രാദേശിക ഇന്ധന ഉപയോഗം കാര്യക്ഷമമാക്കുകയാണ് പഞ്ചായത്തുകൾക്ക് ചെയ്യുവാൻ കഴിയുന്നത്. പ്രാദേശിക ഊർജ്ജാസൂത്രണത്തിൽ ഒട്ടനവധി മാതൃകകൾ ചൂണ്ടിക്കാണക്കുവാൻ സാധിക്കും.

പഞ്ചായത്തിലെ വീടുകളിൽ ഏറിയപങ്കും പാചകത്തിന് വിറകും തെങ്ങുല്പന്നങ്ങളും ഉപയോഗിക്കുന്നു. ബഹഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിന് ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ. ചുരുക്കം വീടുകളിൽ മണ്ണെണ്ണ ഇപ്പോഴും ഉപയോഗിക്കുന്നു.

പാചകവാതകം ലഭ്യമാക്കാൻ തുടങ്ങിയിട്ട് ഏതാണ്ട് 8 വർഷത്തോളമായി. ചുരുക്കം ചില സമ്പന്ന കുടുംബങ്ങളിലാണ് പാചകവാതകം ഉപയോഗിക്കുന്നത്. ഇങ്ങനെ പാചകവാതകം ഉപയോഗിക്കുന്ന വീടുകളിലും വിറകടുപ്പുകളാണ് ഭൂരിഭാഗം പാചകാവശ്യത്തിന് ഉപയോഗിക്കുന്നത്.

## പ്രശ്നങ്ങൾ

1. വോൾട്ടേജ് കുറവ്
2. വിറക് ക്ഷാമം, വിലവർദ്ധനവ്
3. അടുക്കളയിലെ പുക - ആരോഗ്യപ്രശ്നങ്ങൾ
4. പാരമ്പര്യേതര ഊർജ്ജത്തെക്കുറിച്ചുള്ള അറിവില്ലായ്മ

## സാധ്യതകൾ

1. ദക്ഷത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക.
2. കച്ചിപ്പെട്ടി, പ്രഷർകുക്കർ തുടങ്ങിയ ദക്ഷത കൂടിയ ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
3. വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യവനവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക.
4. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറച്ചുമാറ്റുന്നതിനുള്ള സന്നദ്ധ പ്രവർത്തനം.
5. ഊർജ്ജലാഭമുള്ള വൈദ്യുത ദീപങ്ങൾ പ്രചരിപ്പിക്കുക.
6. കാറ്റ്, സൗരോർജ്ജം എന്നിവ വഴി പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.
7. പഞ്ചായത്തിൽ സമഗ്ര ഊർജ്ജാസൂത്രണ പരിപാടിക്ക് രൂപം കൊടുക്കുക.
8. ശൂലം വെള്ളച്ചാട്ടം, മീൻകുന്നം വെള്ളച്ചാട്ടം എന്നിവ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കുക.
9. ഊർജ്ജ ഉപയോഗം സംബന്ധിച്ച് ബോധവത്കരണം.
10. നിലവിലുള്ള പ്രധാന റോഡുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ളത് കത്തിക്കുകയും ചെയ്യുക.
11. മണിയൻകല്ലിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
12. ലക്ഷംവീട് കോളനികളിൽ ഹരിജൻസങ്കേതങ്ങൾ എല്ലാം വൈദ്യുതികരിക്കുക.
13. കണക്ഷൻ കിട്ടാൻ കാലതാമസം ഒഴിവഎത്താത്ത സ്ഥലങ്ങളിലെല്ലാം വൈദ്യുതി എത്തിക്കുക.
14. വൈദ്യുതി എത്താത്ത സ്ഥലങ്ങളിലെല്ലാം വൈദ്യുതി എത്തിക്കുക



# പാർപ്പിടവും സാമൂഹ്യക്ഷേമവും

പഞ്ചായത്തിൽ മൊത്തം 3926 വീടുകളിൽ 1177 കോൺക്രീറ്റ് കെട്ടിടങ്ങളും 1914 എണ്ണം ഓടുകൾ മേഞ്ഞതുമാണ്. 835 എണ്ണം കുടിലുകളാണ്. ഈ കണക്കുകൾ സൂചിപ്പിക്കുന്നത് ഓടുമേഞ്ഞവയാണ് കൂടുതലെന്നാണ്. കെട്ടിടങ്ങളുടെ സ്വാഭാവം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | ഇരുനില കെട്ടിടം | കോൺക്രീറ്റ് | ഓടു മേഞ്ഞത് | ഓല വൈക്കോൽ മേഞ്ഞത് | ആകെ |
|---|---|---|---|---|---|
| 1 | 24 | 150 | 266 | 101 | 541 |
| 2 | 9 | 135 | 285 | 78 | 507 |
| 3 | 14 | 164 | 284 | 109 | 571 |
| 4 | 25 | 155 | 232 | 103 | 515 |
| 5 | 11 | 95219 | 105 | 430 | |
| 6 | 15 | 170 | 314 | 114 | 613 |
| 7 | 7 | 70 | 177 | 60 | 314 |
| 8 | 9 | 124 | 137 | 165 | 435 |
| | 114 | 1063 | 1914 | 835 | 3926 |

പഞ്ചായത്തിൽ ശരാശരി ഒരു വർഷം 150 വീടുകളോളം ചെറുതും വലുതുമായി പണിയുന്നുണ്ട്. രണ്ടു രീതിയിലുള്ളവരാണ് കൂടുതലായി പണിയുന്ന കെട്ടിട ഉടമകൾ 1. പഴയ കെട്ടിടം പൊളിച്ച് മേന്മ കൂട്ടി പണിയുന്നവർ 2. പുതിയ ദമ്പതികൾ നിലവിലുള്ള കുടുംബത്തിൽ നിന്നും വേറെ താമസിക്കുവാൻ ആഗ്രഹിക്കുന്നവർ. വേറൊരു വേർതിരിവ് ദുർബലർ, ഇടത്തരക്കാർ സാമ്പത്തിക കഴിവുള്ളവർ എന്നിങ്ങനെയാണ്. ഭവന നിർമ്മാണത്തിന് ഇവരെല്ലാം ധനസഹായം ആവശ്യപ്പെടുന്നുണ്ട്. റോഡ് പുറമ്പോക്കിലും മറ്റു സ്ഥലങ്ങളിലുമായി താമസിക്കുന്ന വീടില്ലാത്തവരുടെ എണ്ണം പഞ്ചായത്തിൽ 150 ൽ താഴെയേ വരികയുള്ളു. മൊത്തം പഞ്ചായത്തിൽ വീട് ആവശ്യമുള്ളവരുടെ എണ്ണം 250 ആയി കണക്കാക്കാം.

ഭവന നിർമ്മാണണത്തിന് ധനസഹായം നൽകുന്ന പല ഏജൻസികളും ഉണ്ട്. സഹകരണ സംഘങ്ങൾ, ഭവന നിർമ്മാണ ബോർഡ്, ബാങ്കുകൾ, ബ്ലോക്കാഫീസ്, പഞ്ചായത്താഫീസ്, പട്ടികജാതി വികസന ആഫീസ്, പട്ടികജാതി വികസന കോർപ്പറേഷൻ തുടങ്ങിയവയാണ്. പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾക്ക സൗജന്യമായി വീട് പണിതു കൊടുക്കുന്ന പരിപാടികൾ ബ്ലോക്കിൽ നിന്നും പഞ്ചായത്തിൽ നിന്നും JRY ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ സംഘങ്ങളും ബാങ്കുകളും മതിയായ ജാമ്യത്തിൻമേൽ വായ്പകൾ സൗകര്യപ്പെടുത്തുന്നണ്ട്.

മാറാടി പഞ്ചായത്ത് ഭവന നിർമ്മാണ സഹകരണസംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. മൂവാറ്റുപുഴ ഹൗസിംഗ് സംഘത്തിന്റെ പ്രവർത്തന പരിധിയിൽ മാറാടി ഉൾപ്പെടുന്നു. കഴിഞ്ഞ വർഷം ബ്ലോക്കിൽ നിന്നും 7 വീടുകളും മൂവാറ്റുപുഴ സഹകരണ സംഘം മൂവാറ്റുപുഴ

കാർഷിക സഹകരണ ബാങ്ക് 6 എണ്ണത്തിനും വായ്പ അനുവദിച്ചിട്ടുണ്ട്. ഈ സഹകരണ സംഘങ്ങൾ ദുരബല വിഭാഗത്തിൽപ്പെട്ടവർക്കല്ല വായ്പ കൊടുത്തിരിക്കുന്നത്.

കെട്ടിട നിർമ്മാണം നടത്തുന്നത് അവനവന്റെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ ആർഭാടമായ രീതിയിലാണ്. അനാവശ്യമായ ചിലവുകൾ വരുന്നുണ്ട്. ചിലവുകുറഞ്ഞ നിർമ്മാണശൈലിക്ക് വേണ്ടത്ര പ്രചാരം കിട്ടിയിട്ടില്ല.

കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് പ്രയാസം നേരിടുന്നില്ല. പക്ഷെ ഈ സാമഗ്രികളുടെ വില സാധാരണക്കാരന് താങ്ങാനാവാത്ത വിധം വർദ്ധിച്ചിരിക്കുകയാണ്.

ഭവന നിർമ്മാണരംഗത്ത് അനുഭപ്പെടുന്ന പ്രധാന പ്രശ്നം വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യവും കൂലി വർദ്ധനവുമാണ്. 1985, 90 വർഷങ്ങളിലെ കൂലി നിരക്കുകൾ താരതമ്യം ചെയ്താൽ ഇന്ന് അന്നുള്ളതിന്റെ ഇരട്ടിയായിട്ടുണ്ട്. ഇന്ന് അവർ പറയുന്ന കൂലി കൊടുക്കേണ്ട സ്ഥിതിയിലെത്തിയിരിക്കുകയാണ്.

വീടുകൾ സാധാരണ പണിയുന്നത് നിർമ്മാണ സാമഗ്രികൾ ഉടമസ്ഥർ വാങ്ങിക്കൊടുത്ത് ചെറിയ കോൺട്രാക്ട് അടിസ്ഥാനത്തിലാണ് പണിയിക്കുന്നത്

### നടപ്പു പദ്ധതികൾ

1. ബ്ലോക്കിൽ നിന്നും സൗജന്യമായി പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും വീട് പണിതു കൊടുക്കുന്നു. വീടുകൾ ഗുണഭോക്താക്കളാണ് പണിയേണ്ടത്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായിരിക്കണം ഗുണഭോക്താക്കൾ. സ്വന്തമായി സ്ഥലം ഉണ്ടായിരിക്കണം. പഞ്ചായത്ത് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നു.
2. മൈത്രി ഭവന നിർമ്മാണ പദ്ധതി

30000 രൂപയുടെ പദ്ധതി. 21000 രൂപ വായ്പ, 8000 രൂപ സബ്സിഡി, 1000 രൂപ സന്നദ്ധസംഘടനയുടെ സംഭാവന. വായ്പ ദീർഘകാലംകൊണ്ട് അടച്ചുതീർത്താൽ മതി. ജില്ലാപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നു.

3. പട്ടികജാതി വികസന കോർപ്പറേഷൻ പട്ടികജാതി വിഭാഗത്തിലുള്ളവർക്ക് വീടുവയ്ക്കുന്നതിനുള്ള സഹായപദ്ധതിയുമുണ്ട്.
4. ഹൗസിംഗ് സഹകരണസംഘം മുഖേനയുള്ള വായ്പകൾ
5. കാർഷിക വികസന ബാങ്കുകൾ മുഖേനയുള്ള വായ്പകൾ
6. ബാങ്കുകൾ ഭവന നിർമ്മാണത്തിൽ മതിയായ ജാമ്യത്തിൽ വായ്പ നൽകുന്നു
7. ഹൗസിംഗ് ബോർഡിൽ നിന്നുമുള്ള വായ്പകൾ.
8. പഞ്ചായത്തിന്റെ അൺടൈഡ് ഫണ്ടുപയോഗിച്ച് ദുർബല വിഭാഗങ്ങൾക്ക് സഹായം നൽകുന്നുണ്ട്.
9. പട്ടികജാതി വികസന വകുപ്പിൽ നിന്ന് ചുരുങ്ങിയ തോതിൽ വീടുകൾ അനുവദിക്കാറുണ്ട്.

## പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും ദൗർലഭ്യം, വിലക്കയറ്റം
2. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം.
3. വായ്പകൾ ലഭിക്കാനുള്ള ബുദ്ധിമുട്ട്.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ
5. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ദരുടെ ആഭാവം.

### സാദ്ധ്യതകൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകുറയ്ക്കാനുള്ള പരിപാടികൾ വേണം.
2. ചെലവുകുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരണം.
3. തൊഴിലാളികളുടെ, വൈദഗ്ദ്യം ഉയർത്തുവാനുള്ള പരിശീലനം
4. ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവന പദ്ധതികൾ.
5. ദുർവ്യയ ഭവന നിർമ്മാണം നിരുത്സാഹപ്പെടുത്തുവാൻ ഉതകുന്ന നികുതി സംവിധാനം.
6. പരമ്പരാഗത വാസ്തു ശില്പ മാതൃകകളുടെ സംരക്ഷണം.
7. പുതിയ ആസൂത്രിത കോളനികൾക്കുള്ള സാദ്ധ്യതകൾ.
8. വാതിലുകൾക്ക് പകരം ജൈവ വേലികൾ പ്രചരിപ്പിക്കുക.
9. സ്ഥിരജോലിയില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ കൊടുക്കുവാൻ ബാങ്കുകൾ വിസമ്മതിക്കുന്നു.

10. പഞ്ചായത്തിലെ വീടു വക്കുവാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി കൊടുക്കുന്ന പദ്ധതികൾ നടപ്പിലാക്കുക.

11. കെട്ടിട മെയിന്റനൻസിനുവേണ്ടിയുള്ള സർവ്വീസ് സംഘങ്ങൾ രൂപീകരിക്കണം.

12. ലക്ഷം വീട് കോളനികളിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സഹായങ്ങൾ നൽകുക.

13. ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് സഹായിക്കാൻ പഞ്ചായത്തിൽ പ്രത്യേക പദ്ധതി രൂപീകരിക്കുക.

# സാമൂഹ്യക്ഷേമം

ഇൻഡ്യയിൽ ഏറ്റവും വിപുലമായ സാമൂഹ്യസുരക്ഷിതത്വശൃംഖലയുള്ളത് കേരളത്തിലാണ്. അസംഘടിത മേഖലയിൽപെട്ടവരെകൂടി ഇതിന്റെ പരിധിയിൽപെടുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 60 വയസ്സിന് മുകളിലുള്ള ജനസംഖ്യയുടെ 30% ത്തോളം പേർ വിവിധപെൻഷൻ സഹായങ്ങൾ വാങ്ങുന്നവരാണ്.

നമ്മുടെ നാട്ടിലെ ദുർബല വിഭാഗങ്ങളെ സഹായിക്കുന്നതിനുള്ള നിരവധി പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ലക്ഷ്യം ദുർബലവിഭാഗക്കാരുടെ ദാരിദ്ര്യ നിർമ്മാർജ്ജനമാണ്. ദാരിദ്ര്യ നിർമ്മാർജ്ജന സമീപനങ്ങൾ താഴെ കൊടുക്കുന്നു.

1. വരുമാന ജനകമായ സ്വയംതൊഴിൽ പദ്ധതികൾ - IRDP പദ്ധതികൾ

2. ഗ്രൂപ്പടിസ്ഥാനത്തിലുള്ള വരുമാനദായക പദ്ധതികൾ- DWCRA പദ്ധതികൾ

3. തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം - ട്രൈസം

4. കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്ന നിർമ്മാണ പ്രവർത്തനങ്ങൾ - ജവഹർ തൊഴിൽദാനപദ്ധതി

5. പാവപ്പെട്ടവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാനുതകുന്ന പദ്ധതികൾ

ഈ പദ്ധതികൾ ഗ്രാമവികസന വകുപ്പ് ബ്ലോക്കുകൾ വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളെ മെച്ചപ്പെടുത്തി രേഖക്ക് മുകളിലെത്തിക്കണമെന്നതാണ് ഈ പദ്ധതികളുടെ ലക്ഷ്യം. ഇപ്പോൾ ഈ പദ്ധതികളുടെ നടത്തിപ്പുചുമതല പഞ്ചായത്തിൽ നിക്ഷിപ്തമാണ്.

നമ്മുടെ പഞ്ചായത്തിൽ IRDP സർവ്വേ പ്രകാരം 744 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയാണ് എന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ IRDP സഹായം ലഭിച്ചവർ 127 ആണ്. അതിൽ പകുതി പേർ മാത്രമെ അതിൽ പകുതിപേരെ മാത്രമേ ദാരിദ്ര്യരേഖക്ക് മുകളിലെത്തിക്കുവാൻ സാധിച്ചിട്ടുള്ളു.

നമ്മുടെ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്ക് താഴെ വരുന്നവർ പരിമിതകർഷകർ, കർഷകത്തൊഴിലാളികൾ, കാർഷികേതര തൊഴിലാളികൾ, കരകൗശലവിദഗ്ധതൊഴിലാളികൾ, പട്ടികജാതി പട്ടികവർഗ്ഗക്കാർ മുതലായവരാണ്.

സ്ത്രീകൾക്കുവേണ്ടിയുള്ള DWCRA പരിപാടിയിൽ ഒരു യൂണിറ്റ് -10 സ്ത്രീകൾ അടങ്ങിയതിന് സഹായം നൽകുകയുണ്ടായി. ഇത് ഫലപ്രദമായി നടക്കുന്നില്ല.

സ്വയംതൊഴിൽ കണ്ടെത്തുന്നതിനുവേണ്ടിയുള്ള ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽപെട്ട യുവതിയുവാക്കൾക്ക് സാമ്പത്തിക സഹായത്തോടുകൂടി തൊഴിൽപരിശീലനം കൊടുക്കുന്ന പരിപാടിയാണ് ട്രൈസം പരിശീലനം. ആ പദ്ധതിയിൽ 62 പേർ ഈ പഞ്ചായത്തിൽ നിന്നും പരിശീലനം ലഭിച്ചവരായിട്ടുണ്ട്. ഇതിൽ പകുതിയിൽ താഴെയുള്ളവർക്കേ സ്വയം തൊഴിൽ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്.

## DRCA ബ്ലോക്കുകൾ

തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ഗ്രാമീണ സമ്പദ്ഘടനയെ മെച്ചപ്പെടുത്തുന്നതിനുതകുന്ന സാമൂഹിക ആസ്തികൾ സൃഷ്ടിക്കുകയും ചെയ്യുകയെന്ന ലക്ഷ്യമാണ് ജവഹർ തൊഴിൽദാന പദ്ധതി പഞ്ചായത്തുകൾ എന്നീ ഗവൺമെന്റ് സ്ഥാപനങ്ങളാണ് ഇത് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഇതനുസരിച്ച് പഞ്ചായത്തിൽ റോഡുകൾ, കുളങ്ങൾ, പട്ടികജാതി വിഭാഗക്കാർക്ക് കിണറുകൾ, വീടുകൾ, കക്കൂസുകൾ മതലായവ ഉണ്ടാക്കുന്നതിന് സാധിച്ചിട്ടുണ്ട്. തികച്ചും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കേണ്ട പരിപാടിയാണിത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി സ്വയം തൊഴിൽ ചെയ്ത് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക. കൂലിക്ക് ജോലി ചെയ്യാൻ സന്നദ്ധതയുള്ളവർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യം വച്ച് കൊണ്ടുള്ള പദ്ധതികളാണ് IRDP യും ജവഹർ തൊഴിൽ ദാന പദ്ധതിയും. സ്വയം തൊഴിൽ ചെയ്യുവാൻ കഴിവില്ലാത്തവരും കൂലിപ്പണിയെടുക്കാൻ കഴിവില്ലാത്തവരുമായ അനേകം ആളുകൾ ഉണ്ട്. അവരെ ഉദ്ദേശിച്ചിട്ടുള്ളതാണ് സാമൂഹ്യസുരക്ഷിതത്വ പദ്ധതികൾ. തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ , വിധവാ പെൻഷൻ, കുഷ്ഠരോഗികൾക്കും , ക്ഷയരോഗികൾക്കും, ക്യാൻസർ രോഗികൾക്കുമുള്ള സഹായപദ്ധതികൾ, വിധവകളുടെ പെൺമക്കളുടെ വിവാഹസഹായങ്ങൾ,

ഭൂരഹിതകർഷകത്തൊഴിലാളികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതികൾ, വികലാംഗർക്കായിട്ടുള്ള നിരവധി ക്ഷേമ പ്രവർത്തനങ്ങളും സഹായങ്ങളും ഇവയെല്ലാമാണ് സാമൂഹിക സുരക്ഷിതത്വപരിപാടികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതനുസരിച്ച് അഗതി പെൻഷനായി 7 പേർക്കും വിധവാ പെൻഷനായി 9 പേർക്കും വികലാംഗർക്ക് സഹായമായി 14 പേർക്കും വാർദ്ധ്യകാല പെൻഷനായി 6 പേർക്കും ക്ഷയരോഗികളുടെ പെൻഷനായി ഒരാൾക്കും തൊഴിലില്ലായ്മ വേതനമായി 7 പേർക്കും മാറാടി പഞ്ചായത്തിൽ കൊടുക്കുക ഉണ്ടായിട്ടുണ്ട്. അർഹരായ എല്ലാവർക്കും ഇത് ലഭിച്ചിട്ടില്ലാത്തതാകുന്നു.

**സാമൂഹ്യക്ഷേമ വകുപ്പുവഴി വികലാംഗർക്കായി ഒട്ടേറേ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.**

1. വികലാംഗർക്കുള്ള യാത്രാബത്ത
2. വിലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
3. തൊഴിൽ പരിശീലനത്തിനുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പൻഡ് പദ്ധതികൾ
4. വികലാംഗ സംരക്ഷണ ഭവനങ്ങൾക്കുള്ള ധന സഹായം
5. മിശ്രവിവാഹിതർക്കുള്ള സഹായപദ്ധതി
6. വികലാംഗർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായപദ്ധതി
7. വികലാംഗക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധസംഘടനകൾക്കുള്ള ക്ഷേമപദ്ധതി
8. വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി

നമ്മുടെ പഞ്ചായത്തിൽ 105 പേരാണ് വികലാംഗരായിട്ടുള്ളത്.

**പഞ്ചായത്തിരാജ് ആക്ടിലെ മൂന്നാം പട്ടികപ്രകാരം നടത്താവുന്ന ക്ഷേമപ്രവർത്തനങ്ങൾ**

1. പ്രീ.സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകൽ
2. ശിശുക്ഷേമ പദ്ധതികൾ
3. അംഗൻവാടികൾ
4. അംഗൻവാടി കെട്ടിട നിർമ്മാണം.
5. കള്ളക്കടത്ത് , കരിഞ്ചന്ത , നികുതി വെട്ടിപ്പ് തുടങ്ങിയ വിപത്തുകൾക്കെതിരെ പ്രവർത്തനം.
6. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെയുള്ള പ്രചരണം.
7. വനിതാ ക്ഷേമപദ്ധതികൾ
8. വനിതകൾക്കുള്ള പ്രത്യേക നിയമ സംരക്ഷണങ്ങൾ
9. പൊതുവിതരണ സംവിധാനത്തെ നിയന്ത്രിക്കുകയും പരാതികളിന്മേൽ നടപടിയെടുക്കുകയും

10. അപകടങ്ങളെക്കുറിച്ച് ബോധവത്കരണവും നട പടികളും തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പാക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ കുറച്ച് കുടും ബങ്ങൾക്കെ പ്രയോജനപ്പെടുന്നുള്ളു.
2. ഈ പദ്ധതികൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല.
3. ഇടത്തട്ടുകാരുടെ ചൂഷണം, അഴിമതി
4. ബോധവത്കരണ കുറവ്
5. ലഭിക്കുന്ന സഹായം ശരിയായി വിനിയോഗിക്കു ന്നില്ല. അവരുടെ താല്പര്യക്കുറവ്
6. ജനപങ്കാളിത്തക്കുറവ്
7. ക്ഷേമപദ്ധതിളെപ്പറ്റി പൊതുജനങ്ങളുടെ അറിവി ല്ലായ്മ.

## സാദ്ധ്യതകൾ

1. IRDP ലിസ്റ്റ് സമഗ്രമായ സർവ്വേയ്ക്ക് ശേഷം പുതുക്കി തയ്യാറാക്കുക.
2. IRDP പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക,.
3. പദ്ധതിപ്രകാരം കിട്ടുന്ന സഹായങ്ങൾ ഗുണഭോ ക്താക്കൾ ശരിയായി വിനിയോഗിക്കുന്നുണ്ടോ എന്നുള്ള പരിശോധനയും മോണിറ്ററിംഗ് ശക്തിപ്പെടുത്തുക. ദുർവിനിയോഗങ്ങൾക്ക് എതിരെ നിയമനടപടികൾ നടത്തുക.
4. IRDP സഹായങ്ങൾ ലഭിക്കുന്നതിനുള്ള കാലതാ മസവും അഴിമതിയും തടയുന്നതിന് ജനകീയ ഇടപെടൽ ഉണ്ടാക്കുക.
5. DWCRA യൂണിറ്റുകൾ എല്ലാ വാർഡിലും രൂപീ കരിക്കുക. ഇതിന് തിരഞ്ഞെടുക്കുന്ന ആളു കൾ, സ്കീം, ബോധവത്കരണം തുടങ്ങിയ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. ജന പങ്കാളിത്തം ഉറപ്പുവരുത്തണം.
6. ട്രൈസം തൊഴിൽ പരിശീലനവും ബന്ധപ്പെട്ട പരിപാടികളും വേണ്ടത്ര ഫലപ്രദമാകുന്നില്ല. പരിശീലനം ലഭിച്ചവരെ സെറ്റിൽ ചെയ്യുന്നതിന് സാധിച്ചിട്ടില്ല. തൊഴിൽ സാധ്യതകളുള്ള ട്രേഡു കളിലല്ലാ പരിശീലനം ലഭിച്ചിട്ടുള്ളത്. പരിശീ ലന മുറകളും തൃപ്തികരമല്ല. ഇത് സമഗ്രമായ പരിശോധനക്ക് വിധേയമാക്കണം.
7. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഗ്രാമ സഭകളെ ഉപയോഗപ്പെടുത്തുന്നില്ല.
8. വിവിധ പെൻഷൻ പദ്ധതികളും ക്ഷേമപ്രവർത്ത നങ്ങളെ സംബന്ധിച്ചും പൊതു ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല. ഇതിന് സമഗ്രമായ ബോധ വത്കരണ പരിപാടികൾ നടപ്പിലാക്കണം. പഞ്ചായത്തിൽ നിന്നും വിവിധ ഡിപ്പാർട്ടുമെന്റു കളിൽ നിന്നും നടപ്പിലാക്കുന്ന ക്ഷേമപ്രവർത്ത നങ്ങളുടെ വിശദാംശങ്ങളും അവ എങ്ങനെ പ്രയോജനപ്പെടുത്തണമെന്നും കാണിക്കുന്ന ഒരു ബുക്ക്ലെററ് തയ്യാറാക്കി വിതരണം ചെയ്യണം.
9. ഭൂരഹിത കർഷകർക്കും IRDP ഗുണഭോക്താ ക്കൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതികളും മറ്റ് ഇൻഷ്വറൻസ് സ്കീമുകളെ സംബന്ധിച്ചും ബോധവത്കരണം നടത്തണം.
10. മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവ ശക്തമാക്കുകയും അവയെ കേന്ദ്രികരിച്ച് ക്ഷേമ പ്രവർത്തനങ്ങൾ പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള പ്രകർത്തനങ്ങൾ കാര്യക്ഷ മമാക്കണം.
11. സമഗ്രശിശു സംരക്ഷണ പദ്ധതിക്ക് മൂവാറ്റുപുഴ ബ്ലോക്ക് തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും ഇതു വരെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. സമഗ്ര മായ ഒരു പദ്ധതിക്ക് ഈ പഞ്ചായത്തിൽ രൂപം കൊടുക്കണം.
12. പഞ്ചായത്തിൽ നടപ്പിലാക്കുന്ന പരിപാടികൾ വിജയപ്രദമാക്കുന്നതിനും ഇത് നടപ്പിലാക്കുന്ന തിനുള്ള വിവിധ ഏജൻസികളെ സമന്വയിപ്പി ക്കുന്നതിനും ഒരു ജനകീയ സമിതിക്ക് രൂപം കൊടുക്കണം.



# സംസ്കാരം

മാറാടിക്ക് തനതായ സാംസ്കാരിക പൈതൃകമുണ്ട്. ഇത് മുഖ്യമായും കാർഷിക സംസ്കാരത്തിലൂന്നിയുള്ളതാണ്. സമ്പന്ന ഭൂവുടമകളും അവരുടെ ആശ്രിതരും കർഷകത്തൊഴിലാളികളും ചെറുകിട കർഷകും അടങ്ങിയതായിരുന്നു സാമൂഹ്യഘടന. സവർണ്ണരും അവർണ്ണരും ഉണ്ടായിരുന്നു. തൊട്ടുകൂടായ്മയും തീണ്ടലും അയിത്തവും നിലനിന്നിരുന്നു. ഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ എന്നിവയാണ് പ്രധാന മതവിഭാഗങ്ങൾ. ഹിന്ദുക്കളിൽ ഉപജാതികളും ഉണ്ട്. ജാതിയുടെ അടിസ്ഥാനത്തിൽ തൊഴിൽ വിഭജനവും ഉണ്ടായിരുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരം വളരെ വലുതായിരുന്നു. ഓരോ ജാതിക്കും പ്രത്യേക ആചാരാങ്ങൾക്കും അനുഷ്ടാനക്രമങ്ങളും ഉണ്ടായിരുന്നു. ഈ വൈരുദ്ധ്യങ്ങൾക്കിടയിൽ നിലനിന്നിരുന്ന ഒരു വസ്തുത മനുഷ്യർ തമ്മിലുള്ള പര്സപര സ്നേഹവും സൗഹാർദ്ദതയുമായിരുന്നു. അത് ഇന്നും നിലനിൽക്കുന്നു.

വിവിധമതവിഭാഗങ്ങളുടെ വലുതും ചെറുതുമായ 17 ആരാധനാകേന്ദ്രങ്ങൾ ഇന്ന് മാറാടിയിൽ ഉണ്ട്. ഇതിൽ ചിലതിന് ഒരു നൂറ്റാണ്ടിൽ കൂടുതൽ പഴക്കവും പാരമ്പര്യവുമുണ്ട്. ഈ പള്ളികളിലേയും ക്ഷേത്രങ്ങളിലേയും ഉത്സവങ്ങൾ, പെരുന്നാളുകൾ ഇന്നും എല്ലാവരുടേയും പെരുന്നാളും ഉത്സവങ്ങളുമാണ്. ഈ ഉത്സവങ്ങളോടും പെരുന്നാളുകളോടും അനുബന്ധിച്ച് നടത്തിപ്പോരുന്ന കലാപരിപാടികളിലും മറ്റു ചടങ്ങുകളിലും ജാതി വ്യത്യാസങ്ങൾക്കതീതമായി നാട്ടിലെ എല്ലാ വിഭാഗത്തിൽപ്പെടുന്നവരും പങ്കെടുത്തുപോരുന്നു. അതുപോലെ തന്നെ വിവാഹചടങ്ങുകൾ, മരണാനന്തര ചടങ്ങുകൾ എന്നിവയിൽ എല്ലാ വിഭാഗം ജനങ്ങളും പരസ്പരം കൂടിച്ചേർന്നുവരുന്നുണ്ട്.

പരിചമുട്ടുകളി, കോലുകളി, കാളകളി, കുറവൻപാട്ട്, പുള്ളവൻ പാട്ട്, കളംപ്പാട്ട് , നടീൽപാട്ട്, കൊയ്ത്ത് പാട്ട്, തേക്ക് പാട്ട് (ഈണത്തിൽ തേകി എണ്ണുന്നത്) എന്നീ കലാരൂപങ്ങളും, പാട്ടുകളും, കാവടിയാട്ടം, തൂക്കം, ഗരുഡൻതൂക്കം, മുടിയാട്ടം തുടങ്ങിയ ക്ഷേത്രക്കലകളും ഒരു കാലത്ത് വളരെ പ്രചാരത്തിലിരുന്നതാണ്. ഇന്ന് അതെല്ലാം ക്ഷയിച്ച് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

ഇന്ന് പഞ്ചായത്തിൽ മുഖ്യ സാംസ്കാരിക സ്ഥാപനങ്ങളായി 3 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. 1945ൽ സ്ഥാപിതമായ മാറാടി ഗ്രാമോദ്ധാരണ വായനശാല മാറാടിയുടെ സാംസ്കാരിക ചരിത്രത്തിൽ സുപ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കലാ, സാഹിത്യ പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചക്ക് ഈ വായനശാലയുടെ സംഭാവന വളരെ വലുതാണ്. നന്നായിട്ട് പ്രവർത്തിച്ചിരുന്ന ഈ വായനശാലയുടെ പ്രവർത്തനങ്ങൾ പിന്നീട് മന്ദീഭവിക്കുകയും അതേ തുടർന്ന് പഞ്ചായത്ത് ഏറ്റെടുത്ത് പഞ്ചായത്ത് പബ്ലിക് ലൈബ്രറി എന്ന പേരിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. ഇപ്പോൾ ഈ ലെബ്രറിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. മറ്റൊന്ന് കായനാട് ഗ്രാമീണ വായനശാലയാണ്. 2 ദശാംബ്ദം ഈ വായനശാലയുടെപ്രവർത്തനവും ആശാവഹമായ രീതിയിലല്ലാ. ഈ രണ്ടു വായനശാലകളും D ഗ്രേഡിൽപ്പെടുന്നു. സൗത്ത് മാറാടി വായനശാല അടുത്തകാലത്താണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സമയമായിട്ടില്ല. മാറാടി വായനശാ

ലയിലും കായനാട് വായനശാലയിലും ഓരോ ടെലിവിഷൻ സെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2 പത്രങ്ങൾ വായനശാലയിൽ വരുന്നുണ്ട്. മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ എണ്ണം വളരെ കുറവാണ്. ഏറ്റവും മോശമായ പ്രവണത പുസ്തക വായനക്കാരുടെ എണ്ണം കുറഞ്ഞു വരുന്നതാണ്. വനിതാ വായനക്കാരുടെ എണ്ണം വളരെ കുറവാണ്.

ഈ പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള പത്രങ്ങൾ മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി. ദീപിക, ദേശാഭിമാനി എന്നിവയാണ്. ഇതിൽ മലയാളമനോരമയാണ് ഏറ്റവും കൂടുതൽ പ്രചാരത്തിലുള്ളത്. സ്ത്രീകളുടെ ഇടയിൽ കൂടുതൽ വായിക്കുന്നത് മനോരമ, മംഗളം തുടങ്ങിയ ആഴ്ചപ്പതിപ്പുകളാണ്. മാറാടിയിൽ നിന്ന് പ്രസിദ്ധീകരണങ്ങൾ ഒന്നും പ്രസിദ്ധീകരിക്കുന്നില്ല.

പ്രധാനമായും കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന 3 ക്ലബ്ബുകളാണുള്ളത്. ഈ ക്ലബ്ബുകളുടെ പ്രവർത്തനവും സജീവമല്ല. പ്രസിദ്ധ സംഗീത ട്രൂപ്പായ ഏയ്ഞ്ചൽവോയ്സ് മൂവാറ്റുപുഴ കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നതെങ്കിലും ഈ പഞ്ചായത്തിലാണ് അതന്റെ ആഫീസും സംഗീത അഭ്യസനവും മറ്റും നടക്കുന്നത്. ഇതു കൂടാതെ 3 മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നു. കലാകായിക രംഗത്ത് ഈ ക്ലബ്ബുകൾ ഒന്നും ചെയ്യുന്നില്ല.

ഇന്ന് ടെലിവിഷൻ സെറ്റുകൾ ഏകദേശം 10% കുടുംബങ്ങളിൽ ഉണ്ട്. ഏകദേശം 60% കുടുംബങ്ങളില്ല റേഡിയോ സൗകര്യമുണ്ട്. അതുപോലെ തന്നെ ടെലിഫോൺ സൗകര്യങ്ങളും ഇവിടെ വർദ്ധിച്ചിട്ടുണ്ട്. സിനിമാ ശാലകൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങളുടെ വരവ് നമ്മുടെ സാംസ്കാരിക രംഗത്ത് വളരെയേറെ മാറ്റങ്ങൾ വരുത്തുവാൻ ഇടയായിട്ടുണ്ട്.

## കായിക സംസ്കാരം

ഒരു സമൂഹത്തിൽ നടത്തുന്ന വിവിധകായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിടയെടുക്കാൻ കഴിയുന്ന സ്വഭാവ വിശേഷങ്ങളുടെ ആകെ തുകയാണ് നാം കായിക സാംസ്കാരം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. കായികപ്രവർത്തനങ്ങളുടെ ജനപങ്കാളിത്തമാണ് അതിന്റെ മുഖമുദ്ര. സാർവ്വത്രികമായ കായികപരിശീലനമെന്നതായിരിക്കണം അതിന്റെ ഉദ്ദേശം. സ്പോർട്ട്സ് ശരീരത്തെ ശക്തിപ്പെടുത്തുന്നതോടൊപ്പം ധൈര്യവും ദൃഢചിത്തതയും സംഘപ്രവർത്തന മനസ്ഥിതിയും വ്യക്തികളിൽ സൃഷ്ടിക്കുന്നു. കായിക സംസ്കാരവും സ്പോർട്ട്സും വ്യക്തികളുടെ നേരായ ജീവിതത്തിൽ ഒരു നല്ല പങ്കു വഹിക്കുന്നു. ചാമ്പ്യന്മാരെ സൃഷ്ടിക്കുകയും മെഡൽ നേടലുമല്ല കായിക പ്രവർത്തനത്തിന്റെ മുഖ്യ ലക്ഷ്യം. നമ്മുടെ നാട്ടിൽ ഇതഃപര്യന്തം നടന്നിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ കായിക പ്രവർത്തനങ്ങൾ ഒരു കായിക സംസ്കാരം ജനതയിൽ വളർത്താൻ സഹായകരമായിരുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങളില്ല. വിദ്യാലയങ്ങളോടനബന്ധിച്ച് മാറാടി ഗവൺമെന്റ് ഹൈസ്കൂളിലുള്ള കളിസ്ഥലംമാത്രമാണുള്ളത്. മറ്റു സ്കൂളുകളിൽ കളിസ്ഥലങ്ങൾ പ്രത്യേകിച്ചില്ല. മാറാടിയിൽ ആദ്യകാലത്തുണ്ടായിരുന്ന പ്രധാനകളി നാടൻ പന്തുകളിയായിരുന്നു. ഒട്ടേറെ പ്രഗത്ഭരായ കളിക്കാർ ഇവിടെയുണ്ടായിരുന്നു. നാടൻ പന്തുകളി ടൂർണമെന്റുകൾ ഈ പ്രദേശത്തെ ആളുകളെ മുഴുവൻ തന്നെ ആകർഷിച്ചിരുന്നു. മാരിക്കണ്ടങ്ങളിലായിരുന്നു അന്ന് കളികൾ നടത്തിയിരുന്നത്. മാരിക്കണ്ടങ്ങളെല്ലാം പുരയിടങ്ങളായതോടെ കളിസ്ഥലങ്ങളുടെ അഭാവം ഉണ്ടാകുകയും അതു കാരണം ഈ കളി നാട്ടിൽ നിന്ന് അപ്രത്യക്ഷമാകുകയും ചെയ്തു. ഇന്ന് നിലവിലുള്ള കളികൾ ഫുട്ബോൾ,വോളിബോൾ, ടെന്നീസ്, ക്രിക്കറ്റ് എന്നിവയാണ്. വേനൽക്കാലത്ത് കൊയ്ത്തിനു ശേഷം നെൽപ്പാടങ്ങളിലാണ് ഇത് ചുരുക്കമായി നടക്കുന്നത്. കളിസ്ഥലങ്ങളുടെ അഭാവം കളികളുടെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നു. ഓണാഘോഷത്തോടനുബന്ധിച്ച് പഞ്ചായത്തിൽ പല ഭാഗങ്ങളിലായി കലാ കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. അതു കൂടാതെ കേരളോത്സവത്തോടനുബന്ധിച്ച് കലാകായിക മത്സരങ്ങൾ എല്ലാ വർഷവും നടത്തുന്നുണ്ട്. ഇതു കൂടാതെ സാംസ്കാരിക ഘോഷയാത്രകളും വർഷംതോറും സംഘടിപ്പിച്ചുവരുന്നു. ഇതിൽ ധാരാളമാളുകൾ പങ്കെടുക്കുന്നുണ്ട്.

1994ൽ പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് സ്റ്റേഡിയവും കളിസ്ഥലങ്ങളും ഉണ്ടാക്കുകയും കായിക വിനോദങ്ങളും കളികളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് പഞ്ചായത്തിന്റെ ചുമതലകളാണ്.

## പ്രശ്നങ്ങളും സാദ്ധ്യതകളും

1. നിലവിലുള്ള ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വൈവിധ്യവത്കരിക്കുകയും ചെയ്യുക.
2. ഈസ്റ്റ് മാറാടിയിൽ ഒരു ലൈബ്രറി സ്ഥാപിക്കുക.
3. പ്രാദേശികമായ ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.
4. കലാ വിനോദങ്ങൾക്ക് പ്രോത്സാഹനം കൊടു

ക്കുക.

5. കലാ, കായിക, സാഹിത്യ മത്സരങ്ങൾ നടത്തുക
6. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക.
7. പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുക
8. ഗ്രാമീണ കലാകായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക
9. മേന്മേയേറിയ കായിക സംസ്കാരം സമൂഹത്തിൽ രൂപീകൃതമാകുന്ന തുകൊണ്ട് സമൂഹത്തിന് ഉണ്ടാകുന്ന ഗുണത്തെക്കുറിച്ച് വ്യാപകമായ ബോധവത്കരണം നടത്തുക.
10. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി കായികപ്രവർത്തനങ്ങൾ മാറണം. എല്ലാ വിദ്യാർത്ഥികളും എന്തെങ്കിലും തരത്തിലുള്ള കായികപ്രവർത്തനങ്ങൾ നിർബന്ധമായും പങ്കെടുക്കണം.
11. എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലങ്ങളോ തുറസ്സായ സ്ഥലങ്ങളോ ഉണ്ടാകണം.
12. അദ്ധ്യാപകരും കായികപ്രവർത്തനങ്ങളിൽ ഒരു നിശ്ചിത സമയം പങ്കെടുക്കണമെന്ന് നിബന്ധന വേണം.
13. ഗ്രാമീണതലത്തിൽ കായികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് ജനകീയ കമ്മറ്റികളെ ചുമതലപ്പെടുത്തുക.
14. പെൺകുട്ടികൾക്കും സ്ത്രീകൾക്കും കായികപരിശീലനത്തിന്റെ പൊതുധാരയിലേക്ക് എത്തിച്ചേരാൻ പ്രത്യേക സഹായങ്ങൾ ചെയ്യുക.
15. പ്രൈമറി സ്കൂളുകളിലും സെക്കൻഡറി സ്കൂളിലുമെല്ലാം സ്പോർട്ട്സ് പാഠങ്ങൾ കൂടി ഉൾപ്പെടുത്തണം.
16. വർഷംതോറും പഞ്ചായത്തിൽ കായികമേളകൾ സംഘടിപ്പിക്കുക.
17. എല്ലാവർക്കും ഒരേപോലെ അവസരം നൽകാൻ പുതുവത്സര ഓട്ടമത്സരമോ സൈക്കിൾ റൈസോ സംഘടിപ്പിക്കുക.
18. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് നടത്താവുന്ന കായികമത്സരങ്ങൾക്ക് പ്രോത്സാഹനം ചെയ്യുക. ഉദാ. തെങ്ങുകയറ്റ മത്സരം.
19. കായികക്ഷമത പ്രകടിപ്പിക്കുന്ന ആളുകളെ അംഗീകരിക്കാനും ആദരിക്കുവാനും വേദികളുണ്ടാകണം.
20. മൗലീകമായ കായികപ്രതിഭകളെ കുഞ്ഞുന്നാളിലെ കണ്ടുപിടിച്ച് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം കൊടുക്കണം.
21. സ്പോർട്ട്സ് തൊഴിൽ സമ്പാദനത്തിനുള്ള ഒരു ഉപകരണമാക്കി മാറ്റുന്നതിന് ഇന്നുള്ള പ്രവണത മാറ്റിയെടുക്കണം. എല്ലാവരുടേയും ആരോഗ്യ സംരക്ഷണത്തിന് കായിക പ്രവർത്തനങ്ങൾ ആവശ്യമാണത്ത എന്ന ബോധം സമൂഹത്തിൽ മൊത്തം വ്യാപിപ്പിക്കുന്നനും ഉള്ള പ്രവർത്തനം സംഘടിപ്പിക്കണം.
22. യുവജന ക്ലബ്ബുകൾക്ക് പ്രോത്സാഹനം കൊടുക്കണം. നിലവിലുള്ള ക്ലബ്ബുകളെ പുനരുദ്ധരിച്ച് കലാ കായിക പ്രവർത്തനങ്ങൾക്ക് സജ്ജമാക്കണം.
23. ഗ്രാമസഭകളിലെ അംഗങ്ങളെ സംഘടിപ്പിച്ച് വിനോദയാത്രകൾ നടത്തുക.
24. സംഗീതവും വാദ്യോപകരണങ്ങളും അഭ്യസിപ്പിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.
25. താഴെ പറയുന്ന സ്ഥലങ്ങളിൽ ടി.വി.സെറ്റുകൾ സ്ഥാപിക്കുക.
    1. ലക്ഷംവീട് കോളനി 2ാം വാർഡ്
    2. ചങ്ങാലിമറ്റം കോളനി 4ാം വാർഡ്
    3. കൊല്ലാറ മല, ഊളൻകുന്ന്, ട്രൈബൽ കോളനി 5ാം വാർഡ്
    4. ഇരട്ടിയാനിക്കുന്ന് ലക്ഷംവീട് കോളനി 6ാം വാർഡ്
    5. വെള്ളാരപ്പാറ 8ാം വാർഡ്



# വനിത

കേരള വികസന പ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നതാണ്. 9ാം പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്ന് ഈ പോരായ്മ തിരുത്തുകയാണ്. മാറാടി പഞ്ചായത്തിൽ 13570 ജനസംഖ്യയിൽ 6871 പുരുഷന്മാരും 6699 സ്ത്രീകളുമാണ്. പുരുഷന്മാരേക്കാൾ 162 സ്ത്രീകൾ കുറവ്. ഈ സ്ഥിതി സംസ്ഥാനത്ത് മറിച്ചാണ്. സ്ത്രീകൾ കൂടുതലും പുരുഷന്മാർ കുറവും. വിദ്യാഭ്യാസമേഖലയിൽ സ്ത്രീകളുടെ നില പിന്നോക്കമാണ്. സാക്ഷരതയിൽ 5830 പുരുഷന്മാർ സാക്ഷരരായിട്ടുള്ളപ്പോൾ 5321 സ്ത്രീകളെ സാക്ഷരരായിട്ടുള്ളു. പഞ്ചായത്തു സ്കൂളുകളിൽ പഠിക്കുന്ന 846 കുട്ടികളിൽ 452 ആൺ കുട്ടികളും 394 പെൺകുട്ടികളുമാണുള്ളത്. രോഗാതുരതയുടെ കാര്യത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതലാണ്. തൊഴിൽ പങ്കാളിത്ത നിരക്ക് നോക്കിയാലും സ്ത്രീകൾ പിന്നോക്കാവസ്ഥയിലാണ്.

തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിലും അന്തരം ഉണ്ട്. പുരുഷകർഷകത്തൊഴിലാളികൾക്ക് 80 മുതൽ 90 രൂപവരെ കിട്ടുമ്പോൾ സ്ത്രീ കർഷകത്തൊഴിലാളിക്ക് 60 മുതൽ 70 വരെയെ കിട്ടുന്നുള്ളു. മാസശമ്പളം വാങ്ങിക്കുന്ന തൊഴിലാളികളുടെ കാര്യത്തിൽ സ്ത്രീ പുരുഷ വ്യത്യാസമില്ല. മൊത്തം പണിയെടുക്കുന്നവരിൽ സ്ത്രീകളുടെ പങ്കാളിത്ത നിരക്ക് കുറയുന്നതിനുള്ള കാരണം സ്ത്രീകളുടെ വീടുകളിലുള്ള പണികൾ കണക്കിലെടുക്കുന്നില്ല. കുടുംബത്തിൽ ഭർത്താവ് പണിയാൻ പോകുമ്പോൾ കുട്ടികളെ നോക്കുന്നതിനും വീട്ടിലെ മറ്റ് ജോലികൾ ചെയ്യുന്നതിനും ഭാര്യയുടെ സമയം വിനിയോഗിക്കുന്നു. ഇങ്ങനെ സംഭവിക്കുന്നത് ധാരാളം കുടുംബങ്ങളിലുണ്ട്. ഒരു വശത്ത് സ്ത്രീകളുടെ തൊഴിലില്ലായ്മ നിലനിൽക്കുമ്പോൾ കാർഷികപണികളായ നടീൽ,കൊയ്ത്ത് തുടങ്ങിയപണികൾക്ക് സ്ത്രീ തൊഴിലാളികളുടെ അഭാവം അനുഭവപ്പെടുന്നു. ഇതിനു കാരണം. കാർഷിക മേഖലയിൽ പണിയെടുത്തിരുന്ന സ്ത്രീകൾ തടിപ്പണി, മണൽവാരൽ, കെട്ടിടനിർമ്മാണജോലികൾ എന്നീ മേഖലയിലേക്ക് കൂടുതൽ പോകുന്നു എന്നതാണ്. കുട്ടികളെ പരിചരിക്കുക പാചകം തുടങ്ങിയ വീട്ടുജോലികൾക്ക് പുറമെ വീട്ടിലെ കൃഷിപ്പണികളിലും ആടുമാടുകളെ വളർത്തുന്നതിലും മറ്റും ധാരാളം ജോലികളിൽ അവർ ഏർപ്പെടുന്നുണ്ട്.

സ്ത്രീകൾ കുടുംബനാഥകളായിരിക്കുന്ന കുടുംബങ്ങൾ വളരെക്കുറച്ച് മാത്രമാണ്. വിധവാ പെൻഷൻ, വിധവകളുടെ പെൺമക്കളുടെ വിവാഹ. ധനസഹായം മുതലായ സർക്കാരിൽ നിന്നുള്ള സഹായം അർഹതപ്പെട്ടിട്ടുള്ളവർക്കെല്ലാം ലഭിക്കുന്നില്ല.

തൊഴിൽ എടുക്കുന്ന സ്ത്രീയുടേയും പുരുഷന്റെയും വരുമാനത്തിന്റെ വിനിയോഗം പരിശോധിച്ചാൽ പുരുഷന്റേത് 60% വും സ്ത്രീയുടേത് 80% വും വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണാം.

വ്യവസായരംഗത്തും, സ്വയംതൊഴിൽ പ്രോത്സാഹന പദ്ധതികളിലും സ്ത്രീകൾക്ക് പ്രത്യേക പരിഗണനയും കൂടുതൽ സാമ്പത്തികസഹായങ്ങളും ഉണ്ടായിട്ടുണ്ട്. സ്ത്രീകൾ ഈ രംഗത്തേയ്ക്ക് വരുന്നില്ലാ എന്നതാണ് പ്രശ്നം. ഗ്രാമവികസന വകുപ്പിൽ നിന്നും നടപ്പിലാക്കുന്ന DWCRA പദ്ധതിപ്രകാരമുള്ള സഹായങ്ങളും വ്യവസായവകുപ്പിൽ നിന്നുള്ള പ്രത്യേകസഹായങ്ങളും പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ മാറാടിയിലെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ സാങ്കേതികരംഗത്ത് തൊഴൽ സാദ്ധ്യതകൾ പ്രത്യേകിച്ച് കംപ്യൂട്ടർ ഇലക്ട്രോണിക് മേഖലകളിൽ സ്ത്രീകൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

ബഹുജനസംഘടനകളിലും സാമൂഹ്യരാഷ്ട്രീയ പ്രവർത്തനരംഗത്തും സ്ത്രീകളുടെ അദൃശ്യത കാണുന്നു. പൊതുരംഗത്തേക്ക് വരുന്നതിന് സ്ത്രീകൾ വളരെ വിമുഖരാണ്. ഇത് അഭ്യസ്തവിദ്യരായ സ്ത്രീകളുടെ കാര്യത്തിലും ഭിന്നമല്ല. സ്ത്രീകളുടെ നാനാവിധ ഉന്നമനത്തെലാക്കാക്കി രൂപികരിച്ചുട്ടുള്ള മൂന്ന് മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സ്ത്രീ പീഡനവും സ്ത്രീകളോടുള്ള അതിക്രമവും എടുത്ത് പറയത്തക്ക പ്രശ്നങ്ങളല്ലാ ഇവിടെ. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടെന്ന് മാത്രം. ചാരായനിരോധനം പലവിധത്തിൽ സ്ത്രീകൾക്ക് സന്തോഷകരമായ ഒന്നായിരുന്നു. ഭർത്താവിന്റെ മദ്യപാനം, മയക്കുമരുന്ന് ഉപയോഗം മൂലം കഷ്ടത അനുഭവിക്കുന്ന സ്ത്രീകൾ കുറെയുണ്ടെന്ന് പറയാതെ വയ്യ. ഇതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. ഇത്തരം സാമൂഹ്യ പ്രശ്നങ്ങൾ സ്ത്രീകൾതന്നെ മുന്നോട്ട് വന്ന് നേതൃത്വം കൊടുത്ത് പരിഹരിക്കേണ്ടതാണ്. പക്ഷേ സ്ത്രീകൾ സംഘടിക്കുകയും നേതൃത്വനിരയിലേക്ക് വരുകയും ചെയ്യുന്നില്ലെന്നതാണ് പ്രധാനപ്രശ്നം. ഇതാണ് ഇവരെ ബോധപൂർവ്വം കൊണ്ടുവന്ന് പരിശീലനവും നേതൃത്വവും കൊടുക്കേണ്ടിവരും. പുതിയ പഞ്ചായത്ത് സമിതി അംഗത്വത്തിലും ഭാരവാഹിത്വത്തിലും സംവരണം ഏർപ്പെടുത്തിയിട്ടുള്ളത് ഈ ദിശയിലുള്ള ഒരു നേട്ടമാണ്.

# പ്രശ്നങ്ങളും സാദ്ധ്യതകളും

## പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തക്കുറവ്.
3. മിക്ക തൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് അവസരം ലഭിക്കുന്നില്ല.
4. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിത ശ്രമങ്ങൾ വളരെക്കുറവാണ്.
5. രാഷ്ട്രിയ പാർട്ടികളിൽ പോലും സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം കിട്ടുന്നില്ല.
6. സ്ത്രീധനം പോലുള്ള അനാചാരങ്ങൾ
7. സ്ത്രീ പീഠനം

## സാദ്ധ്യതകൾ

1. സ്ത്രീകൾക്ക് വരുമാനദായക തൊഴിലുകൾ സൃഷ്ടിക്കുക. ഇതിന് താഴെ കാണുന്നവ പരിഹരിക്കാവുന്നവയാണ്.

1)വീടുകളിൽ ഡയറി യൂണിറ്റുകൾ തുടങ്ങുക.

2) 10 സ്ത്രീകൾ സംഘടിച്ച് DWCRA പദ്ധതി സഹായത്തോയെ ഡയറിയൂണിറ്റുകൾ വ്യവസായ സംരംഭങ്ങൾ സേവന മേഖലയിലുള്ള ജോലികൾ സംഘടിത രൂപത്തിൽ തുടങ്ങുക.

3) സ്ത്രീ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസായങ്ങൾ തുടങ്ങുക.

4) ആട് വളർത്തൽ

5) മുയൽ വളർത്തൽ

6) തേനീച്ച വളർത്തൽ

7) കോഴി വളർത്തൽ വീട്ടുമുറ്റത്ത് കോഴി വളർത്തൽ

8) പുഷ്പകൃഷി

9) അലങ്കാര സസ്യകൃഷി

10) കൂൺ വളർത്തൽ

11) ഔഷധകൃഷി

12) റെഡിമേയ്ഡ് വസ്ത്ര നിർമ്മാണം.

13) സർവ്വീസ് മേഖലകൾ പ്രയോജനപ്പെടുത്തൽ

2. എല്ലാ വാർഡുകളിലും മഹിളകളെ സംഘടിപ്പിച്ച് മഹിളാസമാജങ്ങൾ തുടങ്ങുക. നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
3. എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകൾ തുടങ്ങുക.
4. സ്ത്രീ പീഠനത്തെക്കുറിച്ച് പരാതികൾ കേൾക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള ഉന്നതാധികാരകമ്മറ്റി പഞ്ചായത്ത് തലത്തിൽ രൂപികരിക്കുക. ഇതിൽ വനിതാ പഞ്ചായത്തംഗങ്ങൾ

ഉൾക്കൊണ്ടിരിക്കണം.

5. സ്ത്രീകളെ അപമാനിക്കുന്ന അശ്ലീല പ്രദർശനങ്ങളെ തടയുക.
6. സ്ത്രീകൾക്കും പ്രത്യേകിച്ച് മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും പ്രത്യേകം ആരോഗ്യ വിദ്യാഭ്യാസം. അവരുടെ ക്യാമ്പുകൾ സംഘടിപ്പിച്ച് ക്ലാസ്സുകൾ നടത്തുക.
7. സ്ത്രീധനം പോലുള്ള അനാചാരങ്ങൾക്കെതിരെ ബോധവത്ക്കരണം.
8. നിർദ്ധരരായ സ്ത്രീകൾക്ക് വിവാഹസഹായം. സമൂഹ വിവാഹ പരിപാടികൾ സംഘടിപ്പിക്കാം.
9. വിധവാ പെൻഷൻ വിധവകളുടെ പെൺകുട്ടികളുടെ വിവാഹസഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
10. IRDP പോലുള്ള ദാരിദ്ര്യനിർമ്മാർജ്ജന പരിപാടിക്ക് സ്ത്രീകൾക്ക് മുൻതൂക്കം കൊടുക്കുകയും അത് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്യുക.
11. അംഗനവാടികളുടെയും ബാലവാടികളുടെയും നെഴ്സറികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.
12. വായനശാലപ്രവർത്തനം കലാഭ്യാസം, കായികാഭ്യാസം കായികസംസ്കാരം എന്നിവയിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കണം.
13. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.
14. സ്ത്രീകൾക്ക് പ്രത്യേക നേതൃത്വപരിശീലനം സൗകര്യപ്പെടുത്തുക.
15. സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന കൊടുക്കുക.
16. സ്ത്രീ പുരുഷ സമത്വബോധം വളർത്താൻ ഉതകുന്ന വിദ്യാഭ്യാസ മേഖലയുടെ ഇടപെടലുകൾ
17. ബാലികാ വിവാഹം തുടങ്ങിയ നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് ബോധവത്കരണം നടത്തുക.
18. സ്വയം തൊഴിൽ പദ്ധതികളായ IRDP, ട്രൈസം, Prime Ministers Roseghar Yojana തുടങ്ങിയ പദ്ധതികളുടെ പ്രയോജനം ഇവിടുത്തെ വനിതകൾക്ക് സൗകര്യമാക്കുക വേണ്ട ബോധവത്കരണ പരിപാടികൾക്ക രൂപം കൊടുക്കുക.
19. വനിതാ വ്യവസായ സംരംഭകർക്കുള്ള പ്രത്യേക പരിശീലന പദ്ധതി നടപ്പാക്കുക.
20 വനിതകൾക്കുള്ള സാക്ഷരതാ പ്രവർത്തനം ശക്തമാക്കുക.

466



# സഹകരണമേഖല

മാറാടിയിലെ സഹകരണപ്രസ്ഥാനത്തിന്റെ ആരംഭം 1961ൽ മാറാടി സഹകരണ സംഘം ക്ലിപ്തം E 857 ന്റെ ആരംഭത്തോടുകൂടിയാണ്. 1960ന് മുമ്പ് മാറാടി പഞ്ചായത്തിൽ യാതൊരു ധനകാര്യ സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നില്ല. മൂവാറ്റുപുഴയിലുള്ള വാണിജ്യബാങ്കുകളുമായിട്ടാണ് ഇവിടെയുള്ള ആളുകൾ പണമിടപാടുകൾ നടത്തിയിരുന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ ചിട്ടികൾ നടത്തുന്ന പതിവുണ്ടായയിരുന്നു. നെൽച്ട്ടികൾ, അരി ചിട്ടികൾ, പണചിട്ടികൾ എന്നിങ്ങനെ പലതരത്തിലുള്ള ചിട്ടികൾ ഉണ്ടായിരുന്നു. ഈ ചിട്ടികൾ മിച്ചം വരുത്തുന്നത് സമ്പാദ്യമാക്കുന്നതിനും ആവശ്യക്കാർക്ക് കാര്യസാധ്യത്തിനും ഉപകരിച്ചിരുന്നു. ധനകാര്യ സ്ഥാപങ്ങളുടെ വളർച്ചയോടെ ഇത്തരം ചിട്ടികൾ അപ്രത്യക്ഷമാകുകയും ആളുകളിൽ ബാങ്കിംഗ് സ്വഭാവം വളരുകയും ചെയ്തു.

ഇന്ന് മാറാടിയുലുള്ള ധനകാര്യസ്ഥാപനങ്ങൾ മാറാടി സർവ്വീസ് സഹകരണ ബാങ്കും ട്രാവൻകൂർ സ്റ്റേറ്റ് ബാങ്കിന്റെ മാറാടി ശാഖയുമാണ്. ഇതു കൂടാതെ മൂവാറ്റുപുഴയിലുള്ള യൂണിയൻ ബാങ്കിന്റെയും ഫെഡറൽ ബാങ്കിന്റെയും ശാഖകളുടെ പ്രവർത്തന പരിധി മാറാടി പഞ്ചായത്തിലും വരുന്നുണ്ട്. പഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകൾ യൂണിയൻ ബാങ്കിന്റെ 6,7,8 വാർഡുകൾ ഫെഡറൽ ബാങ്കിന്റെയും 3,4,5 എന്നീ വാർഡുകൾ ട്രാവൻകൂർ ബാങ്കിന്റെ മാറാടി ശാഖയുടേയും പ്രവർത്തന പരിധിയിൽ വരുന്നു. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധി മാറാടി പഞ്ചായത്ത് മുഴുവനുമാണ്.

**മാറാടിയിലുള്ള സഹകരണ സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്:**

1. മാറാടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം E 57
2. മാറാടി ഹരിജൻ സർവ്വീസ് സഹകരണ സംഘം
3. മാറാടി ഗിരിജൻ സർവ്വീസ് സഹകരണ സംഘം
4. ഈസ്റ്റ് മാറാടി ക്ഷീരോല്പാദക സഹകരണ സംഘം
5. സൗത്ത് മാറാടി ക്ഷീരോല്പാദക സഹകരണ സംഘം

ഇത് കൂടാതെ മൂവാറ്റുപുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിങ്ങ് സഹകരണ സംഘം, മൂവാറ്റുപുഴ ജനറൽ മാർക്കറ്റിങ്ങ് സഹകരണ സംഘം, മൂവാറ്റുപുഴ കാർഷിക വികസന ബാങ്ക്, മൂവാറ്റുപുഴ ഹൗസിംഗ് സഹകരണ സംഘം എന്നീ സർവ്വീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തന പരിധിയിൽ മാറാടിയും ഉൾപ്പെടുന്നു.

മാറാടി സഹകരണ ബാങ്കാണ് പഞ്ചായത്തിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്ഥാപനം. ഈ സ്ഥാപനം 1961ലാണ് പ്രവർത്തനം ആരംഭിച്ചത്. ഇതന്റെ ആദ്യത്തെ അംഗം ശ്രീ.വി.റ്റി.ജോൺ, കുറ്റിപ്പുഴയാണ്. ആദ്യം സഹകരണ സംഘമായും 1965 ൽ സർവ്വീസ് സഹകരണ സംഘമായും അതിന് ശേഷം സർവ്വീസ് ബാങ്കുമാ

യതാണ് ഇതിന്റെ പരിണാമ കാലഘട്ടം. കഴിഞ്ഞ 35 വർഷത്തിനുള്ളിൽ ബാങ്കിന് തളർച്ചയുടെയും വളർച്ചയുടെയും കാലങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

| | |
|---|---|
| ഇപ്പോഴത്തെ അംഗങ്ങൾ | - 5829 |
| ഒരു ഓഹരിയുടെ വില | -10 രൂപ |
| അംഗീകൃത ഓഹരി മൂലധനം | -20 ലക്ഷം |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | 10,57,450 രൂപ |
| സർക്കാർ ഓഹരി | -13500 രൂപ |
| നിക്ഷേപങ്ങൾ: | |
| സ്ഥിരം | 7122923രൂപ |
| ഹ്രസ്വകാലം | 2936941രൂപ |
| | 10059864 രൂപ |

## കാർഷിക വായ്പകൾ

| | നില്പ് |
|---|---|
| ഹ്രസ്വകാലം | 7850641 |
| മദ്ധ്യകാലം | 1413654 |
| സാധാരണ വായ്പകൾ | 4541508 |
| സെക്യേർഡ് വായ്പകൾ | 929700 |
| സ്വർണ്ണ പണയത്തിൽ | 561880 |
| | 15297383 രൂപ |

| | |
|---|---|
| കുടിശിഖ | 1839146 |
| ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ | 9325945 രൂപ |
| കഴിഞ്ഞ വർഷം കൊടുത്ത വായ്പ | 16810946 രൂപ |

ബാങ്ക് 40000 രൂപ സലയുള്ള രണ്ടു ചിട്ടികളും വളം കീടനാശിനി വിതരണവും നടത്തുന്നുണ്ട്. 95-96 വർഷത്തിൽ 11.76 ലക്ഷം രൂപയുടെ വളവും കീടനാശിനിയുമാണ് വിതരണം ചെയ്തിട്ടുള്ളത്. സംഘം ആഫീസ് കെട്ടിടത്തിലുള്ള വളം ഡിപ്പോ ഈസ്റ്റ് മാറാടിയിലുള്ള സംഘം വക കെട്ടിടത്തിലുമാണ് വളം വിതരണം ചെയ്യുന്നത്.

ബാങ്ക് ഭരണ സമിതിയിൽ 9 പേരാണുള്ളത്. ഇപ്പോഴത്തെ പ്രസിഡന്റ് ശ്രീ. എം.പി.ഹുസൈൻ ആര്യപ്പിള്ളിൽ ആണ്. ബാങ്ക് ജീവനക്കാരനായി 5 പേരാണുള്ളത്. സെക്രട്ടറി ശ്രീ.റ്റി.കെ. കുര്യാക്കോസാണ്.

മാറാടി ഹരിജൻ സഹകരണ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. മാറാടി പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന സംഘത്തിന് ഓഹരി മൂലധനമായും പ്രവർത്തന മൂലധനമായും സർക്കാരിൽ നിന്ന് ധനസഹായം കൊടുത്തിട്ടുണ്ട്. കൂടാതെ പട്ടികജാതി വിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനായി ഒരു അച്ചടി യന്ത്രവും കൊടുത്തിട്ടുണ്ട്. ഈ സംഘം പ്രവർത്തനക്ഷമമാക്കേണ്ടിയിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഒരു ഗിരിജൻ സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

ഈസ്റ്റ് മാറാടി ക്ഷീരോല്പാദക സഹകരണ സംഘം സൗത്ത് മാറാടി ക്ഷീരോല്പാദക സംഘം എന്നിങ്ങനെ രണ്ട് സംഘങ്ങൾ ക്ഷീര വിപണന രംഗത്ത് പ്രവർത്തിക്കുന്നു. രണ്ടു സംഘങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. അംഗങ്ങളുടെ എണ്ണം, പാലിന്റെ വിപണനം എല്ലാം വളരെ പരിമിതമായ തോതിലാണ്. സൗത്ത് മാറാടി സംഘത്തിൽ 6983 ലിറ്ററും ഈസ്റ്റ് മാറാടി സംഘത്തിൽ 2880 ലിറ്ററും പ്രതിമാസം വിപണനം നടത്തുന്നു. ഈ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിച്ച് കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

മൂവാറ്റുപുഴ കാർഷിക വികസന ബാങ്കിൽ നിന്നും 23 പേർക്ക് 870260 രൂപ ദീർഘകാല വായ്പയായും മൂവാറ്റുപുഴ ഭവന നിർമ്മാണ സഹകരണ സംഘത്തിൽ നിന്ന് 3 പേർക്കായി 177500 രൂപയും വായ്പയായി മാറാടി പഞ്ചായത്ത് നൽകിയിട്ടുണ്ട്.

വിപണന രംഗത്ത് മൂവാറ്റുപുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൂവാറ്റുപുഴ റബ്ബർ മാർക്കറ്റിങ്ങ് സഹകരണ സംഘവും, മൂവാറ്റുപുഴ ജനറൽ മാർക്കറ്റിങ്ങ് സംഘവും പ്രവർത്തിക്കുന്നുണ്ട്. റബ്ബർ സഹകരണ സംഘത്തിന്റെ വക ഒരു ക്രമ്പ് ഫാക്ടറി മാറാടിയിലാണ് പ്രവർത്തിക്കുന്നത്. ഇത് വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

മാറാടിയുടെ സാമ്പത്തിക വളർച്ചക്ക് മുകളിൽ പറഞ്ഞ സംഘങ്ങളും ബാങ്കുകളും കാര്യമായ സംഭാവന നൽകിയിട്ടുണ്ട്. ഒരു പ്രധാന പ്രശ്നം പഞ്ചായത്തിന്റെ പൊതുവായ കാർഷിക, വ്യവസായിക, വാണിജ്യ വികസനത്തിന് ഈ സ്ഥാപനങ്ങളും പഞ്ചായത്തും പരസ്പര പൂരകങ്ങളായി

468

കൂട്ടായി പ്രവർത്തിക്കുന്നതിനുള്ള സംവിധാനമിന്നില്ല. അതുണ്ടാകേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ
2. ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം
3. സങ്കുചിതമായ കക്ഷിരാഷ്ട്രീയ അടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
4. അഴിമതി സ്വജനപക്ഷപാതം
5. ദുർവ്യയം
6. പുതിയ പ്രവർത്തനമേഖലയിലേക്ക് കടന്നുചെല്ലാനുള്ള ആത്മധൈര്യമില്ലായ്മ
7. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവ്
8. സാങ്കേതിക നവീകരണത്തിന്റെ അഭാവം

## സാദ്ധ്യതകൾ

1. വനിതാ വ്യവസായ സഹകരണം സംഘം രൂപീകരിക്കുക.
2. അയൽക്കൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.
3. പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം
4. തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസ്സുകൾ
5. സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വൈവിധ്യവത്ക്കരിക്കുക.
6. ജനറൽബോഡികൾ മുടങ്ങാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.
7. സഹകരണ ബാങ്കിൽ അംഗങ്ങളുടെ ആവശ്യമനുസരിച്ച് സ്കീമുകൾ തയ്യാറാക്കാൻ ശ്രമിക്കുക.
8. മാറാടി ഹരിജൻ സഹകരണ സംഘം പുനരുദ്ധരിക്കുക.
9. ഈസ്റ്റ് മാറാടിയിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ സ്ഥാപിക്കുക.
10. ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
11. കുടിശിഖ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
12. ഉല്പാദന വർദ്ധനവ് ലക്ഷ്യമാക്കി സ്കീമുകളുടെ അടിസ്ഥാനത്തിൽ വായ്പാ നയം രൂപപ്പെടുത്തണം.
13. **പഞ്ചായത്തിന്റെ പൊതു വികസന പദ്ധതികളിൽ സഹകരണ സംഘങ്ങളുടെ പങ്ക് നിർണായകമാക്കുക**
14. **വ്യവസായം, വിപണനം, അത്യാവശ്യ സാധനങ്ങളുടെ വിതരണം എന്നീ നിലകളിൽ സഹകരണ ബാങ്കിന്റെ പങ്ക്.**



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ചരിത്രപരവും സാമൂഹ്യപരവുമായ കാരണങ്ങളാൽ പട്ടികജാതി /വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നിലായിരുന്നു. ഇന്നും ആ നിലയ്ക്ക് വലിയ മാറ്റം വന്നിട്ടില്ല. അതുകൊണ്ട് തന്നെ വികസന പരിപാടികളിൽ ഈ വിഭാഗത്തിന് പ്രത്യേക പരിഗണന കൊടുത്തേ മതിയാകൂ.

മാറാടി പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർ 965 ആണ്. ഇതിൽ 487 പുരുഷന്മാരും 478 സ്ത്രീകളുമാണ്. ഇവർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 7.11% വരും. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ 59 ആണ്. ഇതിൽ 32 പുരുഷന്മാരും 27 സ്ത്രീകളുമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 0.43% വരുന്നതാണ്.

ഈ പഞ്ചായത്തിൽ 2 പട്ടികജാതി കോളനികളാണുള്ളത്. കൊള്ളിക്കാട്ട്ശേരി പട്ടികജാതി കോളനി, ചാരപ്പുറം പട്ടികജാതി കോളനി. ഈ കോളനികളിൽ വീടുകളെല്ലാംതന്നെ ബ്ലോക്കിൽ നിന്നുള്ള ധനസഹായത്തോടെ പണി കഴിച്ചിട്ടുള്ളതാണ്. വെള്ളം, വൈദ്യുതി, റോഡ്, എന്നീ സൗകര്യങ്ങൾ കൊള്ളിക്കാട്ട്ശേരി കോളനിയിൽ എത്തിയിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരിഭാഗംപേരും കർഷകത്തൊഴിലാളികളാണ്. കുട്ടികളെല്ലാവരും സ്കൂളിൽപോകുന്നുണ്ട്. പോകുന്ന കുട്ടികൾ ഇടക്ക് വച്ച് പഠനം നിർത്തുന്ന പ്രവണത കാണുന്നില്ല. ഈ വിഭാഗത്തിൽപ്പെട്ട പ്രായം ചെന്നവരിൽ നല്ലപങ്കും നിരക്ഷരരായിരിന്നു. സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിൽ ഇവരിൽ ഭൂരിഭാഗത്തെയും സാക്ഷരതാ പരിപാടികളിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞിരുന്നു.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി ഒരു ഹരിജൻ സർവ്വീസ് സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. സർക്കാരിൽ നിന്നും ഓഹരി മൂലധനമായി പ്രവർത്തന മൂലധനമായും ധനസഹായം ആ സംഘത്തിന് ലഭിച്ചിരുന്നു. ഒരു പ്രിന്റിംഗ് പ്രസ്സ് ലഭിച്ചിരുന്നു. ഇപ്പോൾ കുറെ വർഷങ്ങളായി സംഘം പ്രവർത്തിക്കുന്നില്ല. ഇത് പുനരുദ്ധരിക്കേണ്ടിയിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനം ലാക്കാക്കി ഒരു ഗിരിജൻ സർവ്വീസ് സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഈ അടുത്തയിടെ തുടങ്ങിയിട്ടുള്ളതിനാൽ ഇതിന്റെ പ്രവർത്തനം വിലയിരുത്തുവാൻ സമയമായിട്ടില്ല.

ഓരോ ഡിപ്പാർട്ടുമെന്റും ചിലവഴിക്കുന്ന തുകയുടെ 10%ത്തിൽ കുറയാത്ത തുക പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി വിനിയോഗിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾ കൈകാര്യംചെയ്യാൻ പട്ടികജാതി വികസനവകുപ്പ് പ്രവർത്തിക്കുന്നത് കൂടാതെ ഇവരുടെ ഉന്നമനത്തിനായി പട്ടികജാതി കോർപ്പറേഷൻ തൃശൂരിൽ പ്രവർത്തിച്ചുവരുന്നു.

## നടപ്പുപദ്ധതികൾ

1. കൃഷിഭവൻ മുഖേനയുള്ള വിവിധ ധനസഹായ പദ്ധതികളുണ്ട്. സൗജന്യമായി നടീൽ വസ്തുക്കൾ, കാർഷിക ഉപകരണങ്ങൾ മുതലായവ.
2. IRDP, ട്രൈസം, ജവഹർതൊഴിൽദാനപദ്ധതി തുടങ്ങിയ പദ്ധതികളിലൂടെയുള്ള ധനസഹായം.
3. സൗജന്യമായി വീട് നിർമ്മിച്ചുകൊടുക്കൽ
4. വിദ്യാഭ്യാസത്തിനുള്ള ധനസഹായം
5. പട്ടികജാതി വികസന വകുപ്പുകൾ നടപ്പാക്കുന്ന സ്കീമുകൾ
6. പട്ടികജാതി വികസന കോർപ്പറേഷന്റെ പദ്ധതികൾ

## ഗ്രാമപഞ്ചായത്തിൽ നിന്നുംചെയ്യാവുന്നവ

1. വയോജന വിദ്യാഭ്യാസം
2. വീടുകൾ ഓല മേയുന്നതിനുള്ള സഹായം
3. കോളനികളിൽ കിണറ്, ടാപ്പുകൾ, തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
4. വിവാഹം, വൈദ്യസഹായം, ഉപരിപഠനം, ഇന്റർവ്യൂവിന് യാത്രപ്പടി ഇവ നൽകുക.
5. തൊഴിൽ സംരംഭം ആരംഭിക്കുന്നതിനും നടപ്പിലാക്കുന്നതിനും സഹായിക്കുക.
6. കുട്ടികൾക്ക് ക്ഷേമപദ്ധതികൾ നടപ്പിലാക്കുക.

## ബ്ലോക്ക് -പഞ്ചായത്ത്

1. പട്ടികജാതി/വർഗ്ഗത്തിന് ഭവന നിർമ്മാണത്തിന് ധനസഹായം ചെയ്യുക
2. ഭൂരഹിതരെയും ഭവന രഹിതരെയും പുനരധിവസിപ്പിക്കുക
3. ഭവന നിർമ്മാണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
4. സംയോജിത വാസസ്ഥല വികസന പരിപാടി നടപ്പിലാക്കുക.
5. വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുക.
6. കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. കോളനി നിവാസികൾക്ക് ആരോഗ്യ പിരപാടികൾ നടപ്പിലാക്കുക.

## ജില്ലാ - പഞ്ചായത്ത്

1. പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളിൽ മിടുക്കരായവർക്ക് കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുക.
2. ബാലവാടികൾ, നേഴ്സറി സ്കൂളുകൾ, ഡോർമെറ്ററി എന്നിവയുടെ നടത്തിപ്പ്
3. സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

## പ്രശ്നങ്ങൾ

1. പഞ്ചായത്ത് തലത്തിൽ പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
2. കോളനികളുടെ അടിസ്ഥാന ആവശ്യങ്ങളുടെ അപര്യാപ്തത
3. വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥ
4. അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ

## സാദ്ധ്യതകൾ

1. പഞ്ചായത്തിലെ പട്ടികജാതി/വർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി വികസന പദ്ധതികൾക്ക് തുക നീക്കി വയ്ക്കണം.
2. കുടുംബങ്ങളുടെ വരുമാന വർദ്ധനവിനായി കുടുംബാടിസ്ഥാനത്തിലുള്ള സ്കീമുകൾ നടപ്പിലാക്കുക.
3. ചെറുകിട ജലസേചനം, വൈദ്യുതീകരണം, മണ്ണ് സംരക്ഷണം തുടങ്ങിയവയുടെ വികസനം.
4. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന തുറകളിലെ സ്കീമുകൾ നടപ്പിലാക്കുക.
5. ക്ഷേമപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക
6. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുക.
7. ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
8. വാർഡു തലത്തിലും പഞ്ചായത്തടിസ്ഥാനത്തിലും പട്ടികജാതി/വർഗ്ഗ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. സമഗ്രമായ ഒരു സർവ്വെയിലൂടെ ഇവരുടെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ,ആരോഗ്യ തൊഴിൽപരമായ വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വികസന പരിപാടികൾ ആസൂത്രണം ചെയ്യുക.

9. ഇതപര്യാന്തം ഈ വിഭാഗക്കാർക്ക് കൊടുത്തിട്ടുള്ള സഹായങ്ങൾ പ്രയോജനപ്രദമായിരുന്നോ എന്ന് വിലയിരുത്തിയതിനുശേഷം ഭാവി പരിപാടികൾക്ക് രൂപം നൽകുക.

10. നിലിവിലുള്ള ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച് ആനുകൂല്യങ്ങളെ സംബന്ധിച്ചും ഇതിന്റെ ഉപഭോക്താക്കൾക്ക് ബോധവത്കരണ ക്യാമ്പുകൾ നടത്തുക.

11. സ്വകാര്യ, പൊതു, സർക്കാർ മേഖലകളിലുള്ള തൊഴിൽ സാധ്യതകളെക്കുറിച്ച് അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് ബോധവത്കരണം നടത്തുക.

12. ഹൈസ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസിനുള്ള സംവിധാനം ഏർപ്പെടുത്തുക.

13. വിവിധ ഡിപ്പാർട്ടുമെന്റുകൾ ഇപ്പോൾ നടത്തിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ പഞ്ചായത്തുമുഖേന നടപ്പിലാക്കേണ്ടതാണ്.

14. വീട്, കക്കൂസ്, പുകയില്ലാത്ത അടുപ്പ്, ഗോബർഗ്യാസ് എന്നിവ എല്ലാ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യമായി സൗകര്യപ്പെടുത്തി കൊടുക്കുക.



# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് വരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ്. ഇതിന് പ്രധാന കാരണം വ്യവസായങ്ങൾ, സിനിമാശാലകൾ തുടങ്ങിയ നികുതി ലഭിക്കുവാൻ സാധ്യതകളുള്ള സ്ഥാപനങ്ങളുടെ അഭാവമാണ്. മാറാടി പഞ്ചായത്ത് മൂന്നാം ഗ്രേഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**പഞ്ചായത്തിന്റെ വരുമാനം 95-96 വർഷം**

| | |
|---|---|
| 1. കെട്ടിട നികുതി - | 147000 |
| 2. തൊഴിൽ നികുതി - | 60500 |
| | **207500** |
| 3. ചന്തലേലം വരവ് - | 16000 |
| 4. ലൈസൻസ് ഫീസ് - | 2400 |
| 5. മണൽലേലം - | 625000 |
| 6. മറ്റുള്ളവ - | 2200 |
| | **645600** |
| **ആകെ** | **853100** |

**സംസ്ഥാന സർക്കാരിൽ നിന്നുള്ള നികുതി വിഹിതം**

| | |
|---|---|
| 1. വസ്തുകൈമാറ്റ നികുതി 75% - | 51000 |
| 2. അടിസ്ഥാന നികുതി 75% - | 42000 |
| | **93000** |

**സർക്കാരിൽ നിന്നുള്ള ഗ്രാൻഡുകൾ**

| | |
|---|---|
| 1. വില്ലേജ് റോഡ് മെയിന്റനൻസ് - | 23100 |
| 2. മൈനർ ഇറിഗേഷൻ - | 119003. |
| 3. വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ | 188500 |
| 4. അൺടൈഡ് ഫണ്ട് - | 212000 |
| 5. ജവഹർ തൊഴിൽദാനപദ്ധതി - | 81800 |
| **ആകെ** | **617300** |

**സർക്കാർ വകുപ്പുകളിൽ നിന്നും**

| | |
|---|---|
| 1. കൃഷിവകുപ്പ് | - 202414 |
| 2. മൃഗസംരക്ഷണം - | 2500 |
| 3. ആരോഗ്യം - | 9673 |
| 4. PWD - | 30890 |
| 5. ഹരിജന ക്ഷേമം - | 500 |
| മറ്റുള്ളവ- | 11839 |
| **ആകെ -** | **257816** |

## ചെലവ്

| | |
|---|---|
| 1. ഭരണച്ചെലവ് - | 447300 |
| 2. പൊതുമരാമത്ത് - | 169600 |
| 3. വിദ്യാഭ്യാസം - | 24600 |
| 4. ജലവിതരണം - | 43700 |
| 5. തെരുവ് വിളക്ക് - | 26500 |
| 6. ആരോഗ്യം - | 11700 |
| 7. സാമൂഹ്യക്ഷേമം | 23300 |
| 8. കടത്ത - | 3300 |

## വരുമാനം

പഞ്ചായത്തിലെ പ്രധാന നികുതികൾ കെട്ടിടനികുതിയും തൊഴിൽ നികുതിയും മാത്രമാണ്. കെട്ടിട നികുതിയിനത്തിൽ 147000 രൂപയും തൊഴിൽ നികുതിയിനത്തിൽ 60500 രൂപയുമാണ് 95-96 വർഷത്തിൽ പഞ്ചായത്തിന് ലഭിച്ചത്. ചെറുതും വലുതുമായ 3886 കെട്ടിടങ്ങളുടെ നികുതിയാണിത്. ഇത് ശരാശരി ഒരു കെട്ടിടത്തിന് 38 രൂപ നിരക്കിലെ ആവുന്നുള്ളു. രൂപയുടെ മൂല്യശോഷണം കണക്കിലെടുത്ത് കഴിഞ്ഞ 10 വർഷത്തെ ഈ ഇനത്തിലുള്ള വർദ്ധനവ് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് ഈ രംഗത്ത് സാധ്യതകൾ മുഴുവൻ വർദ്ധനവിനെ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ്. കെട്ടിടനികുതിയിനത്തിൽ കൂടുതൽ തുക സമാഹരിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ തൊഴിൽ നികുതിയുടെ കാര്യത്തിലും ഇത്തരം പരിശോധന വേണ്ടിയിരിക്കുന്നു.

പുഴയിൽ നിന്നും മണൽ വാരുന്നതിനുള്ള അവകാശം ലേലം ചെയ്ത വകയിൽ 625000 രൂപയും 2 മാർക്കറ്റ് ലേലം ചെയ്തതിൽ 16000 രൂപയും ലഭിക്കുകയുണ്ടായി. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ ഇനത്തിലുള്ള വർദ്ധനവ് വളരെ കൂടുതലായിട്ടുണ്ട്. പക്ഷെ ഈ വർദ്ധനവ് സ്ഥായിയായിട്ട് നിലനില്കുമോ എന്ന് പരിശോധിക്കണം. കാരണം മണൽ വാരുമ്പോൾ ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും മറ്റും കണക്കിലെടുത്ത് ഇത് എത്ര കാലത്തേക്ക് തുടരാൻ സാധിക്കും എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. മാർക്കറ്റുകളെ സംബന്ധിച്ചാണെങ്കിൽ കശാപ്പൊഴിച്ച് മാർക്കറ്റുകൾ പ്രവർത്തിക്കുന്നില്ല. മാർക്കറ്റിനു വേണ്ട സൗകര്യങ്ങൾ ഒന്നു തന്നെ ചെയ്തിട്ടില്ല. മാർക്കറ്റിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കുകയും അങ്ങനെ കൂടുതൽ തുകക്ക് ലേലത്തിൽ പോകുന്നതിനുള്ള കാര്യം പരിശോധിക്കാവുന്നതുമാണ്. കൂടാതെ പുതിയ പഞ്ചായത്ത് രാജ് ആക്ടിന് വിധേയമായി പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മേഖലകളെ സംബന്ധിച്ച് പഠനം നടത്തി സാധാരണക്കാർക്ക് ബുദ്ധിമുട്ട്കൂടാതെ പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്.

## ചെലവിനങ്ങൾ

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ചെലവു വരുന്നത് ഭരണച്ചെലവിനാണ്. കഴിഞ്ഞ വർഷം 447300 രൂപയാണ് ഭരണച്ചെലവിനായി വിനിയോഗിച്ചത്. കഴിഞ്ഞ 10 വർഷത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ഈ ഇനത്തിലുള്ള വർദ്ധനവ് വളരെ അധികമാണ്. ജീവനക്കാരുടെ ശമ്പളം, യാത്രാ ബത്ത, പഞ്ചായത്ത് സമിതി അംഗങ്ങൾക്കുള്ള അലവനൻസുകൾ എന്നീ ഇനങ്ങളിലുള്ള വർദ്ധനവാണ് ഭരണച്ചെലവ് വർദ്ധിക്കാനുള്ള കാരണങ്ങൾ. ഇത് സംസ്ഥാനസർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായതുകൊണ്ട് പഞ്ചായത്തിന് കാര്യമായിട്ടൊന്നും ചെയ്യാൻ സാധിക്കുകയില്ല.

ഇവിടെ എടുത്തു പറയേണ്ടുന്ന കാര്യം നികുതിയിനത്തിൽ 207500 ലഭിക്കുമ്പോൾ ഭരണച്ചെലവിനായി മാത്രം 447300 രൂപ ചെലവാകുന്നു എന്നതാണ്. അവിടെയാണ് നികുതിയിനത്തിലുള്ള വരുമാനവർദ്ധനവിന്റെ പ്രസക്തിയും ചെലവുചുരുക്കുന്നതിനുള്ള പ്രസക്തിയും വരുന്നത്.

അടുത്ത പ്രധാന ഇനം ചെലവ് പൊതുമരാമത്ത് വേലകൾക്ക് വേണ്ടിവരുന്ന ചെലവാണ്. ഇന്ന് പൊതുമരാമത്ത് വേലകൾ ചെയ്യുന്നത് ടെണ്ടർ സിസ്റ്റത്തിലാണ്. എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതൽ തുകക്കാണ് ടെണ്ടർപ്രകാരം കരാറുകാരൻ പണികൾ നടത്തുന്നത്. പണികളുടെ ഗുണനിലവാരവും മെച്ചപ്പെട്ടതല്ലാ അതുകൊണ്ട് പണികൾ തരംതിരിച്ച് പരിശോധിച്ച് എസ്റ്റിമേറ്റ് തുകക്ക് ജോലിയുടെ ഗുണഭോക്താക്കളുടെ ഒരു കമ്മറ്റിയെക്കൊണ്ട് ജനപങ്കാളിത്തത്തോടെ ജോലികൾ നടത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ ചിലവാകുന്ന തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ പരസ്യം ചെയ്യേണ്ടതുമാണ്. അങ്ങനെ അതിന്റെ സുതാര്യത ഉറപ്പാക്കാം.

പഞ്ചായത്തിന് ലഭിക്കുന്ന അൺടൈഡ് ഫണ്ടുപയോഗിച്ചും ജവഹർതൊഴിലാദാന പദ്ധതിയുടെ ഫണ്ടുകളുപയോഗിച്ചും ചെയ്യുന്ന പണികൾ ടെണ്ടർ സിസ്റ്റത്തിലല്ല നടക്കുന്നത്. പഞ്ചായത്ത് നേരിട്ടും ഗുണഭോക്താക്കളുടെ തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റികളുമാണ് ഈ ഫണ്ടുപയോഗിച്ചുള്ള പണികൾ ചെയ്യുന്നത്. പുതിയ റോഡുകൾ റോഡിന്റെ

മെയിന്റനൻസ് ജോലികൾ തുടങ്ങിയവക്ക് പൊതുജനങ്ങളിൽ നിന്നും (ഗുണഭോക്താക്കൾ) ചെലവിന്റെ ഒരു വിഹിതം ഉണ്ടാക്കേണ്ടതാണ്. ജോലിയുടെ ഗുണനിലവാരം ജനകീയ ഇടപെടലുകളിലൂടെ മെച്ചപ്പെടുത്താൻ കഴിയും. ചെലവ് കുറക്കുക എന്നത് വരുമാനം വർദ്ധിപ്പിക്കുന്നതിന് തുല്യമാണ്.

മറ്റ് ചിലവുകൾ, ജലവിതരണം 43700 രൂപ, തെരുവ് വിളക്ക് 26500 രൂപ, വിദ്യാഭ്യാസം 24500 രൂപ, സാമൂഹ്യക്ഷേമം 23314 രൂപ എന്നിങ്ങനെയാണ്. ഈ ഇനത്തിൽ ചെലവഴിക്കുന്ന തുകക്ക് അനുസൃതമായി പൊതുജനങ്ങൾക്ക് പ്രയോജനം കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചോർച്ചകൾ ഒഴിവാക്കുകയും പ്രയോജന രഹിതമായവ നീക്കം ചെയ്ത് കാര്യക്ഷമമാക്കുകയും ചെയ്യണം. ഉല്പാദന വർദ്ധനവിനും ഉല്പാദന ക്ഷമത കൈവരിക്കാനുമുള്ള രംഗങ്ങളിൽ തുകകൾ ഒന്നും ചെലവഴിച്ചതായി കാണുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ 2 പ്രധാന ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. മാറാടി സർവ്വീസ് സഹകരണ ബാങ്ക്
2. ട്രാവൻകൂർ സ്റ്റേറ്റ് ബാങ്കിന്റെ മാറാടി ശാഖ

കൂടാതെ യൂണിയൻ ബാങ്കിന്റേയും ഫെഡറൽ ബാങ്കിന്റെയും മൂവാറ്റുപുഴയിലുള്ള ശാഖകളുടെ പ്രവർത്തന പരിധിയിൽ മാറാടി ഉൾപ്പെടുന്നുണ്ട്. മൂവാറ്റുപുഴ കാർഷിക വികസന ബാങ്കിന്റേയും ഭവന നിർമ്മാണ സഹകരണ സംഘത്തിന്റേയും പ്രവർത്തന പിരിധിയൽ മാറാടി പഞ്ചായത്ത് വരുന്നു. പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി മാറാടി ഹരിജൻ സർവ്വീസ് സഹകരണസംഘം, മാറാടി ഗിരിജൻ സർവ്വീസ് സഹകരണ സംഘങ്ങളുമുണ്ട്. ഇതിൽ മാറാടി ഹരിജൻ സർവ്വീസ് സഹകരണസംഘം പ്രവർത്തന രഹിതമാണ്. ഗിരിജൻ സർവ്വീസ് സഹകരണസംഘം പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മാറാടി സർവ്വീസ് സഹകരണ ബാങ്ക് മാറാടി മുഴുവൻ പ്രവർത്തന പരിധിയുള്ളതാണ്. ഇതിന്റെ അംഗസംഖ്യ 5829ഉം ഓഹരി മൂലധനം 1057450 ആണ്. നിക്ഷേപം 10059864 രൂപയും നില്പ് വായ്പ 15297383 രൂപയുമാണ്. കാർഷിക വായ്പകൾ, കാർഷികേതര വായ്പകൾ, സാധാരണ വായ്പകൾ എന്നിങ്ങനെയുള്ള വായ്പകളാണ് കൊടുത്തുവരുന്നത്. കഴിഞ്ഞ വർഷം വിവിധ വായ്പകളായി 16810946 രൂപ കൊടുക്കുകയുണ്ടായിട്ടുണ്ട്. ഇവിടെ പ്രവർത്തന പരിധിയുള്ള വാണിജ്യ ബാങ്കുകളും കാർഷിക വികസന ബാങ്കും ഭവന നിർമ്മാണ സഹകരണ സംഘവും കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കായി ദീർഘകാല വായ്പയും ഹ്രസ്വകാല വായ്പയും കൊടുത്തു വരുന്നു. മാറാടിയിലെ സാമ്പത്തിക വളർച്ചയിൽ ഈ ധനകാര്യ സ്ഥാപനങ്ങൾ നല്ല പങ്കു വഹിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പൊതുവായ കാർഷിക വ്യവസായിക വാണിജ്യ വികസന പദ്ധതികളുമായി പഞ്ചായത്തും ധനകാര്യ സ്ഥാപനങ്ങളും പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. സംഭാവനയുടെ അടിസ്ഥാനത്തിലും സന്നദ്ധ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലും നടത്താവുന്ന വികസന പ്രവർത്തനങ്ങളുടം സാദ്ധ്യതകളും പഞ്ചായത്തിൽ പ്രയോജനപ്പെടുത്തുവാൻ ശ്രമിച്ചിട്ടില്ല.


## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടില്ല.
2. ഭരണച്ചെലവ് വർദ്ധന
3. കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും ഉണ്ടാക്കുന്ന ലാഭം.
4. പ്രാദേശികാടിസ്ഥാനത്തിൽ സ്കീമുകൾ ഉണ്ടാക്കുന്നതിനുള്ള അസൗകര്യങ്ങൾ
5. വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം
6. സന്നദ്ധ പ്രവർത്തനങ്ങളുടെ താല്പര്യക്കുറവ്
7. സുതാര്യത കുറവ്

## സാദ്ധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കുക, വെട്ടിപ്പ് തടയൽ
2. പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ് ഈടാക്കൽ
3. നികുതിയുടെ നിരക്ക് ഉയർത്തൽ
4. ഭരണച്ചെലവ് കുറയ്ക്കൽ
5. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
6. സന്നദ്ധപ്രവർത്തനങ്ങൾ
7. വിദ്യാഭ്യാസ ആരോഗ്യ പ്രവർത്തലങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ
8. ധനകാര്യസ്ഥാപനങ്ങൾക്കുവേണ്ടി സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം
9. പഞ്ചായത്തിനൊരു ക്രെഡിറ്റ പ്ലാൻ

10. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കൽ നടപടി
11. സന്നദ്ധസംഘടനകൾക്കായുള്ള സഹായധനപദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതി
12. മനുഷ്യ വിഭവ ബാങ്ക് രൂപീകരണം.
13. പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളുമായി ധനകാര്യസ്ഥാപനങ്ങളെ കൂട്ടിയിണക്കൽ.
14. മണൽ ലേലം ശാസ്ത്രീയമാക്കൽ
15. ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണം.
16. കമ്മ്യൂണിറ്റി ഹാൾ ഉണ്ടാക്കുക.




മാറാടി പഞ്ചായത്ത്

വാർഡുകൾ